# ഋഗ്വേദസംഹിത

## വാല്യം III

വിവർത്തകൻ.

വള്ളത്തോൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ṚGVEDA-SAMHITA

Vol: III

MANDALAM

VI VII VIII

*Translated*
*By*
**VALLATHOL**

*Commentary*
*By*
C. GOVINDAKURUP

April 1957

Published under the auspices of the Sahitya Akademi, India.

Digitized By Kerala Sahitya Akademi

Price
Rupees Fourteen

Copies
2000.

*All rights reserved by:*
C. MADHAVAKURUP.

*Publishers:*
**Vallathol Grandhalayam,**
CHERUTHURUTHY.
KERALA STATE

---

Printed at
The Vallathol Printing & Publishing House, Trichur.
Kerala State.

Digitized By Kerala Sahitya Akademi

# ഋഗ്വേദസംഹിത

## വാല്യം 3.

ആറും ഏഴും എട്ടും

മണ്ഡലങ്ങൾ.


വിവർത്തകൻ:

**വള്ളത്തോൾ**

ടിപ്പണീകാരൻ:

**സി. ഗോവിന്ദക്കുറുപ്പ്**



1132 മീനം

ഇന്ത്യൻ സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ

പ്രസിദ്ധപ്പെടുത്തുന്നത്.


Digitized By Kerala Sahitya Akademi

വില
പതിനാലുറുപ്പിക.

കോപ്പി
രണ്ടായിരം.

പകൎപ്പവകാശം:
സി. മാധവക്കുറപ്പിന്നു്

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി
കേരള സ്റ്റെയിറ്റ്.

അച്ചടി:
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്, തൃശ്ശിവപേരൂർ.
കേരള സ്റ്റെയിറ്റ്.

Digitized By Kerala Sahitya Akademi



75th YEAR

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ഋഗ്വേദം

## ആറാം മണ്ഡലം.

### നാലാമഷ്ടകം.

### നാലാമദ്ധ്യായം.

മണ്ഡലം 6. അനുവാകം 1.

സൂക്തം 1.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

(കാകളി)

അഗ്നേ, മനംകട്ട മുഖ്യനല്ലോ, ഭവാൻ;
നിക്രതുവിന്നു ഹോതാവായ്, സുശ്രുവ, നീ.
ർദ്ദുത്തമമാം കെല്പേട്ടത്തിതെ,ന്പാടുമേ
ശക്തരെയെല്ലാമമർത്താൻ വൃഷാവു നീ. 1

---

സൂക്തം 1.

1. മനംകട്ട—ദേവകളുടെ മനസ്സ് അപഹരിച്ച; അഗ്നിയിങ്കലാണല്ലോ, ദേവന്മാരുടെ മനസ്സു പറ്റിനില്ക്കുന്നത്. ക്രതു=കർമ്മം. ഹോതാവ്—ദേവകളെ വിളിക്കുന്നവൻ. ശക്തർ—പ്രബലരായ ശത്രുക്കൾ.

Digitized By Kerala Sahitya Akademi

സ്തുത്യഹോതാവായ് സ്ഥിതിചെയ്തു, വേദിമേ-
ലുദ്യൽസ്പൃഹം മുഖ്യനായഷ്ടാവു നീ;
വിത്തസമ്പത്തിനാ നിന്നെയറിഞ്ഞനു-
വർത്തിച്ചുപോന്നിതു, ദേവകാമർ നരർ. 2

ഇന്നു, വൻസമ്പത്തുമായ് മാർഗ്ഗത്തിലൂടെ പോ-
കുന്ന സുരൂപനാം നിന്നെയഗ്നേ, നരർ
ദ്രവ്യമർപ്പിച്ചു സേവിപ്പൂ. വപാഢ്യനായ്-
സ്സ്വതാ കത്തും മഹാനാം സുവർണ്ണനെ. 3

ദേവ, നിൻസ്ഥാനത്തവിസ്സമായ്ച്ചെന്നിട്ടു,
മാൽ വരാത്തനാം ലഭിച്ചിതന്വേഷികൾ;
ചൊല്ലിനാരുദാരങ്ങൾ നാമങ്ങളും
കല്യാണമാം ഭവദ്ദർശനത്തിൽ മുദാ. 4

ആളിപ്പൂ, വേദിമേൽ നിന്നെ, നിനക്കതാ-
നാളുകൾതൻ ദ്വിവിധാർത്ഥങ്ങളും നരർ;
സ്തുത്യനാം നീയാണു പാലകൻ, താരക;
മർത്ത്യർക്കു തായും തകപ്പനും, നീ സദാ! 5

അഗ്നി ഹോതാവായിരുന്നാൻ, പ്രജകളി-
ലധ്വരാർഹൻ മദനീയനർച്ച്യൻ പ്രിയൻ;

---

2. ഉദ്യൽസ്പൃഹം—പശുപുരോഡാശാദികളിൽ ആഗ്രഹത്തോടേ. വിത്തസമ്പത്ത്=ധനസമൃദ്ധി.

3. മാർഗ്ഗം—ദ്യാവാപൃഥിവീമധ്യം. വപാഢ്യൻ—ഹോമിക്കപ്പെട്ട 'വപ'യോടുകൂടിയവൻ. സുവർണ്ണൻ=നല്ല നിറത്തോടുകൂടിയവൻ; നിന്നെ എന്നതിന്റെ വിശേഷണം.

4. മാൽ വരാത്ത—അന്യരാൽ ഉപദ്രവിക്കപ്പെടാത്ത. നാമങ്ങൾ—വൈശ്വാനരൻ, ജാതവേദസ്സ് മുതലായ പേരുകൾ. കല്യാണം=മംഗളകരം. ഭവദ്ദർശനത്തിൽ മുദാ=അങ്ങയെ കണ്ടതിൽ സന്തോഷത്തോടേ.

5. ആളുകൾ—യജമാനന്മാർ. ദ്വിവിധാർത്ഥങ്ങളും—പശുവും അപശുവുമായ രണ്ടുതരം ദ്രവ്യങ്ങളും. ആളിപ്പൂ—വർദ്ധിപ്പിക്കുന്നു. നരർ—അദ്ധ്വര്യുപ്രഭൃതികൾ. താരക—ദുഃഖങ്ങളിൽനിന്നു കേററുന്നവനേ. മർത്ത്യർക്ക്—സ്തോതാക്കളായ ഞങ്ങൾക്ക് എന്നു വിവക്ഷ. തകപ്പൻ=അച്ഛൻ.

Digitized By Kerala Sahitya Akademi

ഇഷ്ട്യാലയത്തിൽപ്പടൎന്നാളുമാ നിങ്കൽ,
മുട്ടുകുത്തിപ്പണിഞ്ഞെത്തുമാറാകി,വർ!
ശുദ്ധാശയർ ദേവകാമരാമെങ്ങളാ
സ്തുത്യനാം നിന്നൊടൎത്ഥിപ്പിതഗ്നേ, സുഖം:
മെത്തിയ തേജസ്സോടുജ്ജ്വലിയ്ക്കുന്ന നി-
യെത്തിയ്ക്ക, വിണ്ടലത്തഗ്നേ, പ്രജകളെ! 7

നിത്യം പ്രജകൾക്ക നാഥൻ, പ്രവൎഷകൻ,
മൎത്ത്യരിൽച്ചെല്ലുവോന,ന്നകാരൻ, കവി,
ശത്രുജിത്ത,ഗ്നി സമുജ്ജ്വലൻ, പാവകൻ,
വിത്തലബ്ധിയ്ക്കു യജിയ്ക്കപ്പെടേണ്ടവൻ! 8

ആർ നിന്നെയഗ്നേ, യജിയ്ക്കും, പുകഴ്ത്തിടു-
മാർ തേ ചമതയോടേകം, ഹവിസ്സിനെ;
ആർ നമിച്ചാഹുതിയൎപ്പിയ്ക്കു;-മപ്പുമാ-
നാകെ നേടും ധനം, നിൻപരിപാലനാൽ! 9

ഈ വന്ദ്യനാം നിന്നെ ഞങ്ങളോരോം ഭജി-
യ്ക്കാവൂ, ഹവിസ്സാൽ, നമസ്സാൽ,ച്ചമതയാൽ;
ചൊല്ലാവൂ, വേദിയിലഗ്നേ, സ്തവോക്തങ്ങൾ;
നല്ലൻപു തേ തോന്നുകെങ്ങളിൽശ്ശുകതിജ! 10

പൃത്ഥ്വ്യംബരങ്ങളിൽപ്പാകിയല്ലോ, മഹാ-
സ്സത്താരകൻ സ്തവാസ്തുത്യനഗ്നേ, ഭവാൻ:
ഉത്തമാന്നങ്ങളും മെത്തിയ വിത്തവു-
മൊത്തു ഞങ്ങൾക്കായ് വിശേഷാൽജ്ജ്വലിയ്ക്ക, നീ! 11

---

6. മദനീയൻ—സോമംകൊണ്ടു മത്തുപിടിപ്പിയ്ക്കപ്പെടേണ്ടവൻ. അദ്ധ്വൎയ്യൻ—യജനീയൻ. ഇഷ്ട്യാലയം=യജ്ഞഗൃഹം, യാഗശാല. ഇവർ—ഞങ്ങൾ. പ്രജകളെ—സ്തുതിയ്ക്കുന്ന ഞങ്ങളെ.

8. മൎത്ത്യർ—സ്തുതിയ്ക്കുന്ന മനുഷ്യർ. അന്നകാരൻ=അന്നങ്ങളെ ഉൽപാദിപ്പിയ്ക്കുന്നവൻ. കവി—ക്രാന്തദൎശി.

9. തേ=അങ്ങയ്ക്കു് ആകെ നേടും ധനം—എല്ലാസ്സമ്പത്തും നേടും. നിൻപരിപാലനാൽ—അങ്ങു് രക്ഷിയ്ക്കുകയാൽ.

11. പൃത്ഥ്വ്യംബരങ്ങളിൽ=ഭൂമിയിലും ആകാശത്തും.

Digitized By Kerala Sahitya Akademi

അർത്ഥ,മാളൊ,ട്ടേറെ മാടെന്നിവയെ നി
പുത്രപൌത്രക്കായ്സ്സദാ വെയ്ക്കുകെങ്ങളിൽ;
തൃപ്തി നല്കും വിശുദ്ധാന്നവും ധാരാള-
മെത്തട്ടെ, ഞങ്ങൾക്ക നല്ല പേരും വസോ! 12
അഗ്നേ, പുരാനേ, ഭവാന്റെ വിചിത്രമാ-
മർത്ഥമേറ്റം ലഭിച്ചാഢ്യനാകാവു, ഞാൻ:
സ്ഥാരാഭ, നിങ്കലുണ്ടല്ലോ, സ്വഭക്തനു
ഭൂരിവരേണ്യനാമഗ്നേ, ബഹുധനം! 13

നാലാമദ്ധ്യായം സമാപ്തം.

## അഞ്ചാമദ്ധ്യായം.

### സൂക്തം 2.

ഭരദ്വാജൻ ഋഷി; അനുഷ്ടുപ്പും ശക്വരിയും ഛന്ദസ്സ്; അഗ്നി ദേവത.

(അന്നനട)

പൊറുപ്പിയ്ക്കുമന്നമണയുവോനല്ലോ,
ശരിയ്ക്കു കാണും നീ, സുഹൃത്തുപോലഗ്നേ;
അതുമൂലമന്നത്തെയും പുഷ്ടിയെയു-
മഭിവർദ്ധിപ്പിപ്പൂ, തിരുവടി വസോ! 1
ഭവാനെത്താനല്ലോ, ഭജിയ്ക്കുന്നു മർത്ത്യർ
സവനങ്ങൾകൊണ്ടും, സ്തവനങ്ങൾകൊണ്ടും;

---

12. അർത്ഥം=ധനം. ആൾ—ഭൃത്യാദികൾ. മാട്—പശുമുതലായവ. എങ്ങളിൽ വെയ്ക്കുക—ഞങ്ങൾക്ക തരിക. പേര്=യശസ്സ്

13. വിചിത്രം=വിവിധം. അർത്ഥം=ധനം. ആഢ്യൻ=ധനികൻ. സ്ഥാരാഭ=ശോഭയേറിയവനേ. സ്വഭക്തനു—തന്നെപ്പരിചരിയ്ക്കുന്നവനു കൊടുക്കാൻ.

സൂക്തം 2.

1. അന്നം—ഹവിസ്സോടുകൂടിയ യജമാനഗൃഹമെന്നു നിഷ്കൃഷ്ടാർത്ഥം. ശരിയ്ക്കു കാണും—ലോകത്തെയെല്ലാം വഴിപോലെ കാണുന്ന.

Digitized By Kerala Sahitya Akademi

ഒരല്ലലും പെടാതണയുന്നു, നിങ്കൽ–
ശ്ശരിയ്ക്കു കാണ്മോനാം പ്രവർഷകൻ സൂർയ്യൻ! 2

സുഖകാംക്ഷിയായ മനുഷ്യനങ്ങളെ
മഖത്തിങ്കലെയ്ക്കു വിളിയ്ക്കുന്നനേരം,
ഒരുപോലൻപാർന്നു വളർത്തുന്നു, സ്തുതി–
കരരധ്വരത്തിൻ ധ്വജമായ നിന്നെ! 3

സുദാനനായുദാരനാമവിടെയ്ക്കായ്
ക്രതു ചെയ്തു വാഴ്ത്തും നരൻ പ്രവൃദ്ധനായ്
കടക്കുമേ രിപുക്കളെ,പ്പാപങ്ങളെ–
ക്കണക്കദ്ദീപ്തനാം ഭവാന്റെ രക്ഷയാൽ! 4

സുവിശുദ്ധാഹുതി ചമതയോടൊപ്പം
ഭവാങ്കലർപ്പിയ്ക്കും, നരനെവനഗ്നേ;
അവനുടെ ഗൃഹം പല ശാഖകളോ–
ത്തഭിവൃദ്ധിപ്പെടും, ശതായുസ്സമാകും! 5

പരിജ്വലിയ്ക്കും നിൻ തെളിവുക വാനിൽ.
പ്പരന്നു പാവക, മുകിലായ്ത്തീരുന്നു;
പ്രകടതേജസ്സായ് വിളങ്ങുന്നുവല്ലോ,
പകലവൻപോലേ സ്തുതനാകും ഭവാൻ! 6

നരക്കു കീർത്തിയ്ക്കപ്പെടേണ്ടവൻ; ഞങ്ങൾ–
ക്കരുമപ്പെട്ടവന,തിഥിപോലവേ;

---

2. സവനം=യജ്ഞം. സ്തവനം=സ്തുതി. നിങ്കൽ അണയുന്നു—സൂർയ്യൻ സായംകാലത്ത് അഗ്നിയിൽ പ്രവേശിയ്ക്കുമെന്നു പ്രസിദ്ധം.

3. ഒരുപോലൻപാർന്നു—സമാനപ്രീതിയോടേ. സ്തുതികരർ—സ്തോതാക്കൾ.

4. ഉദാരൻ—മഹാൻ. ക്രതു=കർമ്മം. രിപുക്കളെപ്പാപങ്ങളെക്കണക്ക കടക്കും—ശത്രുക്കളെയും പാപങ്ങളെയും പിന്നിടും.

ശതായുസ്സമാകും—അവന്റെ ഗൃഹത്തിൽ ജനിച്ചവരെല്ലാം ഒരു നൂററാണ്ടു ജീവിച്ചിരിയ്ക്കും; ആയുശ്ശബ്ദത്തിന്ന് അന്നമെന്ന് അർത്ഥം കല്പിച്ചാൽ, വളരെ അന്നങ്ങളോടുകൂടിയതാകും എന്നും വ്യാഖ്യാനിയ്ക്കാം.

Digitized By Kerala Sahitya Akademi

അരമനയിലെക്കിഴവൻപോലാപ്തൻ;
പരിപാലനീയൻ, സുതൻപോലെ ഭവാൻ! 7

മരം കടയുമ്പോഴാം വെളിപ്പെടുന്നു, നീ;
ഭരം വഹിക്കുന്നു, കുതിരപോലഗ്നേ;
മരുദ്ഗതി നീയെ ഗ്രഹവുമന്നവും;
പിറപ്പിൽത്താനശ്വപ്പടിയ്ക്കണിഞ്ഞോട്ടം! 8

ഉറപ്പേറിയന്നവയെയും തിന്നു,-
മൊരു മേഷം പശുകണക്കഗ്നേ, ഭവാൻ:
ജരാപേത, കത്തിപ്പടർന്ന നിൻ തേജ-
സ്സരണ്യത്തിൽക്കൊയ്ത്തു നടത്തുന്നുണ്ടല്ലോ! 9

ക്രതുപ്രവൃത്തർതൻ ഗൃഹേ ഹോതാവായി-
ക്കൊതികൊൾവോനല്ലോ, തിരുവടിയഗ്നേ:
വിശാംപതേ, ഞങ്ങൾക്കഭിവൃദ്ധി നല്കാ—
നശിച്ചാലും, ഭവാൻ ഹവിസ്സംഗിരസ്സേ! 10

ഹിതദ്യുതേ, രോദഃസ്ഥിതനങ്ങുതൻ
സ്തുതി ദേവന്മാരോടരുൾക,ഗ്നേ ദേവ.
സ്ഥിരശുഭാവാസം തരികി,സ്തോതാക്കൾ,-
ക്കരാതികളെയും ദുരിതങ്ങളെയും
തരണംചെയ്യേ,ങ്ങൾ തവ സംരക്ഷയാൽ-
ത്തരണംചെയ്യേ,ങ്ങൾ, തരണംചെയ്യേ,ങ്ങൾ! 11

---

അരമനയിലെക്കിഴവൻ—വൃദ്ധനായ രാജാവ്. ആപ്തൻ—ഹിതോപദേഷ്ടാവ്. പരിപാലനീയൻ—ഗാർഹപത്യാഗ്നിയെ കെടാതെ നോക്കണമല്ലോ.

8. മരം—അരണി. ഭരം—ഹവിർഹരണാദി. മരുദ്ഗതി=വായുവിന്നു തുല്യമായ ഗമനത്തോടുകൂടിയവൻ. അശ്വപ്പടിയ്ക്ക്=കുതിരപോലെ.

9. ഉറപ്പേറിയന്നവയെയും തിന്നും—കനത്ത മരത്തടിയെപ്പോലും ദഹിപ്പിയ്ക്കും. പശു=മാട്. ജരാപേത—ജരയില്ലാത്തവനേ. കൊയ്ത്ത്—ചുട്ടെരിയ്ക്കൽ.

10. കൊതി—ഹവിസ്സുണ്ണാൻ. വിശാംപതേ=പ്രജാപാലക. അംഗിരസ്സ്—അംഗിരോഗോത്രജാതൻ.

11. ഹിതദ്യുതേ=മനുഷ്യർക്കനുകൂലമായ തേജസ്സുള്ളവനേ. രോദഃസ്ഥിതൻ =ദ്യാവാപൃഥിവികളിൽ വർത്തിയ്ക്കുന്നവൻ. അങ്ങ്=ഭവാൻ. ദേവന്മാരോടരുൾക—ദേവന്മാരെ അറിയിയ്ക്കുക. സ്ഥിരശുഭാവാസം=നാശമില്ലാത്ത നല്ല പാർപ്പിടം. ഇസ്തോതാക്കൾ—ഞങ്ങൾ. തരണംചെയ്യ—കടക്കുമാറാകട്ടെ.

Digitized By Kerala Sahitya Akademi

## സൂക്തം 3.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

(കാകളി)

മിത്രാവരുണരൊത്തൊപ്പം തെളിഞ്ഞൊരെ-
യസ്താഘനാക്കി രക്ഷിയ്ക്കുമോ, ദേവ, നീ;
അദ്ദേവകാമൻ മഖോദിതൻ യജ്ഞപൻ
സ്വസ്ഥനായ്, നിന്നുരുജ്യോതിസ്സിലെത്തുമേ! 1
വിത്തസമൃദ്ധനാമഗ്നിയ്ക്കു നല്കിയോൻ
സത്രം നടത്തി, വ്രതത്താൽ പ്രശാന്തനായ്;
സുപ്രസിദ്ധൻ പിറക്കാതിരിയ്ക്കില്ലവ:-
നപ്പുമാനെത്തൊടാ, പാപവും ദർപ്പവും! 2
സൂരന്റെപോലച്ഛ-മഗ്നിതൻ ദർശനം;
ഘോരമായ്പ്പാളുന്നു, ദീപ്തജ്ജ്വാലകൾ;
ഇങ്ങല്ലിലേകുന്നു, കൂററിടും ഗോക്കളെ;-
യെങ്ങോ രമിപ്പൂ, നിവാസഭൂതൻ വനേ! 3
പൊള്ളിയ്ക്കു,മീയുജ്ജ്വലാംഗന്റെ പോക്കു; വാ-
യ്ക്കുള്ളിടക്കം, കതിരാകണക്കിവൻ;

---

### സൂക്തം 3.

1. ഒപ്പം തെളിഞ്ഞ്—സമാനപ്രീതിയോടേ. അസ്താഘനാക്കി—പാപമററത്. മഖോദിതൻ=യജ്ഞത്തിന്നായി ജനിച്ചവൻ. യജ്ഞപൻ=യാഗപാലകൻ. സ്വസ്ഥനായ്—സുഖേന നീണാൾ ജീവിച്ച്, ഒടുവിൽ. ഉരുജ്യോതിസ്സിലെത്തുമേ—സൂര്യാഖ്യമായ ഭവാന്റെ ജ്യോതിസ്സിൽ ലയിയ്ക്കും, മുക്തിയടയും.

2. അഗ്നിയ്ക്കു ഹവിസ്സു നല്കിയോൻ എല്ലായാഗവും ചെയ്തുകഴിഞ്ഞു; വ്രതങ്ങൾകൊണ്ടുണ്ടാകുന്ന ശാന്തിയും നേടിക്കഴിഞ്ഞു. സുപ്രസിദ്ധൻ—പുകൾപ്പെട്ട മകൻ. ദർപ്പം=ഗർവ്.

3. സൂരന്റെപോലെ—സൂര്യദർശനംപോലെ. അച്ഛം=നിർമ്മലം, പാപരഹിതം. ദീപ്തജ്ജ്വാലകൾ=തിളങ്ങുന്ന അവന്റെ (അഗ്നിയുടെ) ജ്വാലകൾ. അല്ല്—രാത്രിചാരികളായ രാക്ഷസാദികൾ. കൂററ്=ഒച്ച. രക്ഷസ്സുകൾ രാത്രിയിൽ ഗോക്കളെ പിടിയ്ക്കുമല്ലോ. നിവാസഭൂതൻ—എല്ലാവർക്കും ആധാരമായിരിയ്ക്കുന്നവൻ, അഗ്നി. വനേ എങ്ങോ രമിപ്പൂ—കാട്ടിൽ കടന്നാൽ മലമുകളിലോ മറേറാ വിളയാടും.

Digitized By Kerala Sahitya Akademi

വെട്ടുമേ, നാക്കിനാൽ വെണ്മഴുപോലവേ;
തട്ടാൻകണക്കെയെരിച്ചുരുക്കും, മരം! 4

എയ്യുവോൻപോലെ തൊടുത്തിടും, ജ്വാലക-
ളെയ്യുവാൻ കത്തികൾപോലണയ്ക്കു,മിവൻ;
പൊന്തിപ്പറന്നു പലേതരം പാളൽ പൂ-
ണ്ടന്തിയ്ക്കു പക്ഷിപോലേറും, തരുക്കളിൽ! 5

ജ്വാലയുടുക്കുന്നു, ഭാനുമാൻപോ;-ലനു-
കൂലതേജസ്വിവനാക്കുന്നു, കത്തലാൽ;
അല്ലിൽ,ത്തിളങ്ങുമിദ്ദേവനിറക്കുന്നി,-
തഹ്നിപോലാൾകളെ—യഹ്നിപോലാൾകളെ! 6

ഹേളിപോലംശു വിരിച്ചിരമ്പു,മിവൻ—
ആളിയിരമ്പും, ചെടികളിൽ വർഷകൻ;
ദീപ്തി പൊന്തിച്ചാശു ചെന്നടക്കി,ധനം
ചാർത്തും, സുപത്നികളായ ഭർത്താക്കളിൽ! 7

ഉജ്ജ്വലിക്കു,മുപേതാശ്വങ്ങൾപോലെയാ-
മർച്ച്യദ്യുതികളാൽ വിദ്യുത്തുപോലിവൻ;
തേർച്ചിൽ വരുത്തും, മരുദ്ബലംപോലിവൻ;
പാർച്ചിൽ പൂണ്ടു,ഷ്ണാംശുപോലേ വിളങ്ങിടും! 8

---

4. കതിരകണക്ക്—കതിരപോലെ തൃണാദികൾ കടിച്ചുതിന്നും. നാക്കിനാൽ—ജ്വാലകൊണ്ടു പൊന്തയും മരവും വെട്ടും. തട്ടാൻകണക്കേ—പൊൻപണിക്കാരൻ സ്വർണ്ണവും മററും ഉരുക്കുന്നതുപോലേ.

5. എയ്യുവോൻ—അമ്പെയ്യുന്ന വില്ലാളി. അണയ്ക്കും=മൂർച്ചകൂട്ടും. ജ്വാലകളെ ശരങ്ങളാക്കിക്കല്പിച്ചിരിയ്ക്കുന്നു. പക്ഷിപോലെ—അന്തിയ്ക്കു പക്ഷികൾ വൃക്ഷനീഡങ്ങളിൽ ചെന്നുകൂടുമല്ലോ.

6. ഭാനുമാൻ=സൂര്യൻ. ആക്കുന്നു—ഇരമ്പുന്നു. അല്ലിൽ, അഹ്നിപോലെ ഇറക്കുന്നു—പകൽസ്സമയത്തെന്നപോലെ ആളുകളെ സ്വസ്വകാര്യങ്ങളിൽ വ്യാപരിപ്പിയ്ക്കുന്നു. ആദരത്തിന്നത്രേ, ആവൃത്തി.

7. ഹേളി=സൂര്യൻ. അംശു=രശ്മി. അടക്കി—ശത്രുക്കളെ. ധനം—ശത്രുക്കളുടെ. സുപത്നികൾ—നല്ല ഭർത്താവോടുകൂടിയവർ.

8. ഉപേതാശ്വങ്ങൾപോലെയാം—സ്വയം പൂട്ടിനിന്ന അശ്വങ്ങൾക്കൊത്ത. വിദ്യുത്ത്=മിന്നൽ. മരുദ്ബലംപോലെ—മരുത്തുക്കൾ എല്ലാററിനെയും ചുഴിയ്ക്കുമല്ലോ. ഉഷ്ണാംശു=സൂര്യൻ.

Digitized By Kerala Sahitya Akademi

## സൂക്തം 4.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ഹോതാവു നീ യജിച്ചല്ലോ, മനുവിന്റെ
മേധത്തിലഗ്നേ, ഹവിസ്സാൽബ്ബലാത്മജ;
അർച്ചിയ്ക്കുക,പ്പടിയ്ക്കസ്മന്മഖത്തിലി–
ന്നി,ച്ഛതാവും സമാമർത്ത്യരെയിച്ഛയാ! 1
സ്വദാനവാൻ, ജാതവേദസ്സ,തിഥി,യേ—
ത്വ്യയൻ മർത്ത്യരിൽക്കാലത്തുണരുമോ;
ആ വേദ്യനഗ്നി ദിവാകരസുപ്രഭൻ
കൈവരുത്തട്ടേ, നമുക്ക നവ്യാശനം! 2
സ്തോതാക്കൾ വാഴ്ത്തുന്നതാരുടെ മേന്മയോ;
ജ്യോതിസ്സുടക്കനാ, സൂര്യശുഭ്രനവൻ;
വ്യാപ്തപ്രകാശനപ്പാവകൻ നിർജ്ജരൻ
വാഗ്ഘ്നിയോടെന്റേയും പൂർസ്സത്തുടയ്ക്കുമേ! 3
സ്തുത്യനല്ലോ, നീ. ബലോത്ഥ: ഗൃഹാന്നങ്ങൾ
സദ്യജ്ഞിയനഗ്നി ജാത്യാ കൊടുക്കുമേ;

---

### സൂക്തം 4.

1. യജിച്ചല്ലോ—ദേവകളെ. മേധം=യാഗം. അസ്മന്മഖത്തിൽ=ഞങ്ങളുടെ യജ്ഞത്തിൽ. ഇച്ഛതാവും—യജ്ഞകാമന്മാരായ. സമാമർത്ത്യരെ—തനിയ്ക്കു തുല്യരായ അമർത്ത്യരെ, ഇന്ദ്രാദികളെ. ഇച്ഛയാ—യജ്ഞകാമത്താൽ.

2. അവ്യയൻ—മരണമില്ലാത്തവൻ. കാലത്തുണരുമോ—പ്രഭാതത്തിലാണല്ലോ, അഗ്നിയെ ജ്വലിപ്പിയ്ക്കുക. വേദ്യൻ=അറിയപ്പെടേണ്ടവൻ. നവ്യാശനം=സ്തുത്യമായ അന്നം.

3. സൂര്യശുഭ്രൻ=സൂര്യൻപോലെ ദീപ്തൻ. വാഗ്ഘ്നിയോടെന്റേയും—രാക്ഷസാദികളുടെപോലും. പൂർസ്സത്ത്=പൂർവ്വസനാതത്

4. ഗൃഹാന്നങ്ങൾ എന്നു തുടങ്ങിയ വാക്യം പരോക്ഷം: സദ്യജ്ഞ°—യജ്ഞവിഭവങ്ങൾ ഭുജിപ്പാൻ. ജാത്യാ—സ്വഭാവേന. കൊടുത്തിടും—യജമാനന്മാ



Digitized By Kerala Sahitya Akademi

നല്ക, ഞങ്ങൾക്കശ്വവാനന്നാമന്നാദ;
വെല്ക, പുരാൻപോലി;-രിയ്ക്ക, സുഖാലയേ! 4
അന്നമുണ്ണോനാ,വനംശ്ശു മിന്നിപ്പവ-
നല്ലിനെത്തള്ളുവോൻ, വായുപോലീശ്വരൻ;
വീഴ്ത്താവൂ, ഞങ്ങൾ നിനക്കു തരാത്തോരെ;
നേർത്ത മാററാരെ ഹയംപോലെ കൊല്ക, നീ! 5
അച്ഛ്രാംശുകൊണ്ടർക്കനെന്നപോലാ,ഭയാ-
ലഗ്നേ, മായ്ക്കുന്നു, വാനൂഴികളെ നീ;
പൂഷാവുപോലെ പന്ഥാവിൽ നടന്നൊളി
പൂശ്ശുമിപ്പൂജ്യനോടിയ്ക്ക,മിരുട്ടിനെ! 6
അഗ്നേ, ത്രിലോകം സ്തുത്യനായ നിന്നെ സ്തുതി-
ച്ചർച്ചിയ്ക്കുമെങ്ങൾതൻ വൻനുതി കേൾക്ക, നീ:
കെല്പിനാൽക്കാററായ ദേവതയാം നിന-
ക്കർപ്പിപ്പിതി,ന്നനുപോലെന്നാമഗ്രിമർ! 7
അഗ്നേ, ധനം തന്ന,ചോരമാർഗ്ഗേണ നീ-
യക്ലേശമെങ്ങളെപ്പാപം കടത്തണം:
സൂരിദേയം സുഖം നല്ക, വാഴ്ത്തിയ്ക്കുടൻ;
നൂറാണ്ടു മത്താടുകെങ്ങൾ സുവീരരായ്! 8

---

ക്ക്. വെല്ക—അസുരവൈരികളെ ഒരു രാജാവുപോലെ ജയിച്ചാലും. സുഖാലയേ—നിർബ്ബാധമായ ഞങ്ങളുടെ അഗ്നിഗൃഹത്തിൽ.

5. അന്നം—ഹവിസ്സ്. ഈശ്വരൻ—സ്വശക്തൻ. ഉത്തരാർദ്ധം പ്രത്യക്ഷം: നിനക്കു തരാത്തോരെ—അങ്ങയ്ക്കു ഹവിസ്സർപ്പിയ്ക്കാത്ത ആളുകളെ ഞങ്ങൾ വീഴ്ത്താവൂ, വധിയ്ക്കുമാറാകണം. നേർത്ത=എതിർത്ത. ഹയംപോലെ—ഒരുത്തമാശ്വം യുദ്ധത്തിൽ എതിരാളികളെ കൊല്ലുന്നതുപോലെ.

6. ഉത്തരാർദ്ധം പരോക്ഷം: പൂഷാവ്=സൂര്യൻ. പന്ഥാവ്—സ്വമാർഗ്ഗം.

7. വൻനുതി=വലിയ സ്തോത്രം. കെല്പിനാൽക്കാററായ—വായുതുല്യബലനായ. ദേവത=ദേവതാത്മാവ്. അഗ്രിമർ=തലവന്മാർ, ഋത്വിക്കുകൾ.

8. അചോരമാർഗ്ഗേണ=കള്ളന്മാരില്ലാത്ത വഴിയിലൂടേ. അക്ലേശം=ക്ലേശരഹിതമാംവണ്ണം, സുഖേന. സൂരിദേയം=സ്തോതാക്കൾക്കു കൊടുക്കേണ്ടതായ. വാഴ്ത്തിയ്ക്ക്—വാഴ്ത്തുന്ന എനിയ്ക്ക്. ഞങ്ങൾ നല്ല വീരന്മാരോടുകൂടി, നൂറു സംവത്സരം മത്താടുക—ആഹ്ലാദിച്ചു ജീവിച്ചിരിയ്ക്കുമാറാകട്ടെ.

Digitized By Kerala Sahitya Akademi

## സൂക്തം 5.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

മംഗളസ്തോത്ര, ഫലദ, ബലോത്ഥനാ-
മങ്ങയെ വാഴ്ത്തി വിളിപ്പൂ, യവിഷ്ഠ, ഞാൻ:
എത്തിയ്ക്കുമല്ലോ, സമസ്തകാമ്യം ധന-
മദ്രോഹി, ഭൂരിവരേണ്യൻ, പ്രമതി നീ! 1

വിത്തങ്ങൾ നിങ്കലണയ്ക്കുന്നു, യഷ്ടാക്കൾ
വിസ്തീർണ്ണസൈന്യ, ഹോതാവേ, ദിവാനിശം:
നിന്നിലല്ലോ, ധനം പ്രാണികളൊക്കയും
മന്നിൽക്കണക്കെ നിക്ഷേപിച്ചു, പാവക! 2

വർത്തിച്ചു, നീയനുമിന്നും പ്രജകളിൽ;
സ്വത്തണച്ചോനുമായ്, കർമ്മത്തിനാൽബ്ഭവാൻ;
എന്നതുമൂലമയപ്പൂ, ഭജിപ്പവ-
നൊന്നും ധനം വിജ്ഞ, ജാതവേദസ്സ് നീ! 3

ശുദ്ധമായ്നിന്നു വലയ്ക്കുന്നവനെയും
കൂടിവാണെങ്ങളെക്കളുന്നവനെയും

---

### സൂക്തം 5.

1. മംഗളസ്തോത്ര—അങ്ങയെ സ്തുതിയ്ക്കുന്നതു ശുഭകരമാണെന്നൎത്ഥം. യവിഷ്ഠ=അതിയുവാവേ. എത്തിയ്ക്കും—സ്തോതാക്കൾക്ക കിട്ടിയ്ക്കും. അദ്രോഹി=അഹിംസാപരൻ. പ്രമതി—പ്രകൃഷ്ടജ്ഞാനൻ.

2. വിത്തങ്ങൾ—ഹവിസ്സുകൾ. യഷ്ടാക്കൾ=യജമാനന്മാർ. വിസ്തീർണ്ണസൈന്യ—പരന്ന സൈന്യങ്ങൾ, ജ്വാലകൾ ഉള്ളവനേ. പ്രാണികളൊക്കെ ധനം മന്നിൽ നിക്ഷേപിയ്ക്കുന്നതുപോലെ, ദേവകൾ നിന്നിലാണ്, ധനം സൂക്ഷിച്ചിരിയ്ക്കുന്നത്. ദേവകൾ എന്ന കർത്തൃപദം അധ്യാഹരിയ്ക്കണം.

3. വർത്തിച്ചു—വൈശ്വാനരനായി സ്ഥിതിചെയ്തു. സ്വത്തണച്ചോൻ—യഷ്ടാക്കൾക്ക്.

Digitized By Kerala Sahitya Akademi

ഈട്ടാ നിൻവൃഷാർച്ചിസ്സാൽപ്പൊരിയ്ക്കു, നീ
ചൂടാളുമഗ്നേ, മഹസ്സിൻ, ഹിതത്ര്യതേ! 4

ആർ നിന്നൊയ്ക്ക് ഗ്രസ്തവങ്ങളാൽസ്സേവിയ്ക്കു,-
മാർ ബലസൂനോ, മഖത്താൽ,ച്ചമതയാൽ;
മർത്ത്യരിൽവെച്ചുരുജ്ഞാനനായ്ത്തീർന്ന്,വൻ
ധനത്താൽസ്സുകീർത്തിയാൽശ്ശോഭിയ്ക്കു,മവ്യയ! 5

അബ്ബവാനഗ്നേ, ദ്രുതം ചെന്നു ചെയ്കിതു:
കെല്പാലമിത്രരെക്കൊല്ലു; കെല്പാറ നീ;
സ്തോതാവു നിന്നൊയ്ക്കുച്ചത്തിൽ സ്തുതിയ്ക്കുന്ന
ഗാഥ കേൾക്കേണമേ, തേജസ്സു തേച്ച നീ! 6

നേടാവു, ഞങ്ങളീ വാഞ്ഛ നിൻപാലനാൽ:
നേടാവു, സദ്വീരവിത്തമഗ്നേ, ധനിൻ;
നേടാവു, ഭോജ്യങ്ങൾ ഭോജ്യൈഷികൾ ഞങ്ങൾ;
നേടാവു, നിർജ്ജര, നിൻസ്ഥിരകീർത്തിയും! 7

---

സൂക്തം 6.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

പുത്തൻക്രതുവുമായ് പ്രാപിപ്പൂ രക്ഷോഘ്നി
നത്യർഹനാം ബലപുത്രനെ,ദ്ദിവ്യനെ,

---

4. കത്തുക—ദ്രോഹിയ്ക്കുക. വൃഷാർച്ചിസ്സാൽ—വൃഷാവായ, വൃഷ്ടിജനകമായ തേജസ്സുകൊണ്ട്. പൊരിയ്ക്കു—നശിപ്പിച്ചാലും എന്നർത്ഥം.

6. ഗാഥ—സ്തുതി. തേച്ച—എണ്ണ തേയ്ക്കുന്നതുപോലെ, തേജസ്സു ദേഹത്തിൽ തേച്ചവനായ.

7. സദ്വീരവിത്തം=നല്ല വീരന്മാരോടുകൂടിയ സമ്പത്ത്. ധനിൻ=ധനവാനേ. നല്ല വീര(പുത്ര)ന്മാരെയും, വിത്തവും, അന്നവും, നശിയ്ക്കാത്ത കീർത്തിയും ഭവാൻ ഞങ്ങൾക്ക തരുമാറാകണം,

Digitized By Kerala Sahitya Akademi

കാട്ടുവെട്ടുന്നോനെ,യൂർദ്ധ്വധാവള്യനെ,-
ക്കാന്തയഷ്ടാവിനെ,ക്കൃഷ്ണവർത്മാവിനെ. 1

വെൺനിറംപൂണ്ടന്തരിക്ഷസ്ഥനാമഗ്നി-
യുന്നദന്നിർജ്ജരന്മാരൊത്തിരമ്പിടും;
നന്നായ് വളർന്ന വളരെത്തടിമരം
തിന്നു നടക്കും, യവിഷ്ഠനപ്പാവകൻ! 2

കാറോറു പാടേ പടരുന്നു, ദിവ്യങ്ങൾ
മാററുള്ള നിന്മയൂഖങ്ങളഗ്നേ, ശുചേ!
അദ്ഭുതപ്പോക്കോടനേകത്ര ചെന്നവ
കെല്പാലൊടിച്ചു തിന്നുന്നു, വനങ്ങളെ! 3

മുക്താശ്വതുല്യങ്ങൾ നിൻതെളിരശ്മികൾ
പൃത്ഥ്വിയെ മൊട്ടച്ചിയാക്കുന്നു, ദീപ്തിമൻ;
പിന്നീടു ചുററിനടന്നവ ചെന്നേറി
മിന്നുന്നു, മന്നിന്റെ തുംഗസ്ഥലങ്ങളിൽ! 4

പേർത്തുപേർത്തോടുന്നു, വർഷിതൻനാവു, പൈ-
ച്ചാർത്തിൽപ്പൊരുതോന്റെ വജ്രംകണക്കിനേ;

---

സൂക്തം 6.

1. വെട്ടുന്നോനെ—ചുട്ടെരിക്കുന്നവനെ. ഊർദ്ധ്വധാവള്യനെ=ധാവള്യം (വെളുപ്പ്) പൂണ്ടവനെ. കാന്തയഷ്ടാവിനെ—കാന്തങ്ങൾ (പ്രിയവസ്തുക്കൾ)കൊണ്ടു ദേവകളെ യജിക്കുന്നവനെ.

2. ഉന്നദന്നിർജ്ജരന്മാരൊത്ത്—ഉച്ചത്തിൽ ശബ്ദിക്കുന്ന നിർജ്ജരന്മാരോടു, മരുത്തുക്കളോടുകൂടി.

3. മാററ്—നിറപ്പൊലിമ. അനേകത്ര—ബഹുവസ്തുക്കളിൽ; ലതകളിലും മററും.

4. മുക്താശ്വതുല്യങ്ങൾ—അഴിച്ചുവിട്ട കുതിരകൾപോലെ അങ്ങിങ്ങു നടക്കുന്നവ. മൊട്ടച്ചിയാക്കുന്നു—ഭൂമിയുടെ ചെടികളും മരങ്ങളുമാകുന്ന തലമുടിയെല്ലാം ദഹിപ്പിക്കുന്നു. തുംഗസ്ഥലങ്ങൾ=ഉയർന്ന പ്രദേശങ്ങൾ, പർവ്വതാദികൾ.

5. വർഷി—വൃഷ്ടിക്കു കാരണഭൂതനായ അഗ്നി. നാവ്—ജ്വാല. പൈച്ചാർത്തിൽപ്പൊരുതോന്റെ—പണികളാൽ അപഹരിക്കപ്പെട്ട ഗോവൃന്ദത്തിൽ, അ

Digitized By Kerala Sahitya Akademi

ശൂരന്റെ കെട്ടുപോലാണ,ഗ്നിതൻ ജ്വാല;
ഘോരനെരിയ്ക്കുന്നു, ദുർവ്വാരനായ് വനം! 5

പാരിൻവഴിയിൽപ്പരത്തുന്നു, വൻചാട്ടു-
വാറിന്റെ ധർഷകമായ തേജസ്സു നീ;
ദൂരീകരിയ്ക്കൂ, ഭയങ്ങളാ നീ ബലാൽ—
വൈരിയെക്കൊന്നു, വധിയ്ക്കുക, ഹിംസ്രരെ! 6

മൃത്തേകി വാഴ്ത്തുമെങ്ങൾക്കു വെയ്ക്കൂ, പെരും-
സ്വത്തന്നദം, പുരുവീരം, പ്രകാശകം,
ചിത്രം, സുചിത്ര,മാഹ്ലാദക,മാഹ്ലാദ-
കൃത്തേ, വിചിത്ര, ചിത്രൌജസ്സനഭ്രവാൻ! 7

---

സൂക്തം 7.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; വൈശ്വാനരാഗ്നി ദേവത.

വിണ്ണിന്റെ തല, മന്നിന്റെ ഉടമസ്ഥൻ, കവി, സമ്രാട്ട്,
ജനങ്ങളുടെ അതിഥി, തിരുവായിലെടുക്കുന്നവൻ—ഇങ്ങനെയുള്ള വൈ
ശ്വാനരാഗ്നിയെ ഋത്വിക്കുകൾ യാഗത്തിനുവേണ്ടി ഉൽപാദിപ്പിച്ചു. 1

---

തിനെ വീണ്ടെടുപ്പാൻ യുദ്ധംചെയ്യുന്നവന്റെ, ഇന്ദ്രന്റെ. ശൂരന്റെ കെട്ടുപോലാണ്—ഒരു ശൌര്യവാനാൽ കൃതമായ ബന്ധനംപോലെ അന്യർക്കു ദുസ്സഹമാകുന്നു.

6. പാരിൻവഴിയിൽ—ഭൂമിയുടെ ഗമ്യപ്രദേശങ്ങളിൽ. വൻചാട്ടുവാറ്—ചലിയ്ക്കുന്ന ജ്വാലയെ ചമ്മട്ടിയാക്കിയിരിയ്ക്കയാണ് വഴിപോക്കർ ഇരുട്ടത്തു പന്തം വീശുന്നതോർക്കുക. ഹിംസ്രർ=ഹിംസകർ.

7. മൃത്തേകി—ഞങ്ങൾക്കു സന്തോഷം വരുമാറ്. അന്നദം=അന്നങ്ങളെ തരുന്നത് പുരുവീരം=വളരെ വീരന്മാരോടുകൂടിയത് പ്രകാശകം—വെളിപ്പെടുത്തുന്നത്; ധനംകൊണ്ടാണല്ലോ, മനുഷ്യൻ പൊതുവിൽ അറിയപ്പെടുന്നത് ചിത്രം=പൂജനീയം. സുചിത്രം=അത്യാശ്ചര്യഭൂതം. ആഹ്ലാദകം=ആഹ്ലാദിപ്പിയ്ക്കുന്നത്. ഇങ്ങനെയുള്ള പെരുംസ്വത്തു ഞങ്ങൾക്കു വെയ്ക്കൂ—ഞങ്ങൾക്കു തരാൻ നീക്കിവെച്ചാലും. ആഹ്ലാദകൃത്തേ=ഹേ ആഹ്ലാദകര. വിചിത്ര=പൂജനീയ. ചിത്രൌജസ്സൻ=വിചിത്രബലൻ.

സൂക്തം 7.

1. ജനങ്ങൾ—യജമാനർ. തിരുവായിലെടുക്കുന്നവൻ—ഹവിസ്സിനെ. ഉൽപാദിപ്പിച്ചു—അരണി കടഞ്ഞ്.

Digitized By Kerala Sahitya Akademi

യജ്ഞങ്ങളുടെ മുരട്, ധനങ്ങളുടെ ഈട്ടുവെപ്പ്, ഒരു വലിയ
കുട്ടകം, യാഗങ്ങളുടെ തേരാളി, അധ്വരത്തിന്റെ കൊടിമരം—ഇങ്ങ
നെ സംസ്തൂയമാനനായ വൈശ്വാനരനെ സ്തുതികൾ ഉൽപാദി
പ്പിച്ചു. 2

അഗ്നേ, അന്നവാൻ അങ്ങയിങ്കൽനിന്നു മേധാവിയായിച്ചമ
യുന്നു; അങ്ങയിങ്കൽനിന്നു, കീഴമർത്തുന്ന വീരന്മാർ പിറക്കുന്നു. വൈ
ശ്വാനര, തമ്പുരാനേ, അവിടുന്നു സ്പൃഹണീയങ്ങളായ ധനങ്ങൾ ഞ
ങ്ങളിൽ വെച്ചാലും! 3

അമൃത, പിറക്കുമ്പോഴെയ്ക്കും ഭവാങ്കൽ രശ്മികളെല്ലാം, ഒരു കി
ടാവിങ്കലെന്നപോലെ വന്നുചേരുന്നു. വൈശ്വാനര, അങ്ങനെ അ
ച്ഛനമ്മമാരുടെ ഇടയിൽ വിളങ്ങുന്ന അങ്ങയ്ക്കായി കർമ്മങ്ങളനുഷ്ഠിച്ചവർ
അമൃതത്വമടയുന്നു! 4

അഗ്നേ, വൈശ്വാനര, അങ്ങയുടെ ആ മഹിച്ച കർമ്മങ്ങളെ
ആരും എതിർക്കില്ല: അങ്ങ് അച്ഛനമ്മമാരുടെ ഇടയിൽ നടന്നു, കതി
രവനെ കണ്ടുപിടിച്ചുവല്ലോ! 5

വർഷസൂചകമായ വൈശ്വാനരന്റെ തേജസ്സിനാൽ വാനി
ന്റെ മുകൾവശങ്ങൾ വിരചിയ്ക്കപ്പെട്ടു; ഭുവനങ്ങളെല്ലാം തന്തിരുവടി
യുടെതന്നെ മൂർധാവിൽ കുടികൊള്ളുന്നു; ശാഖകൾപോലെ സപ്തനദി
കളും മുളയ്ക്കുന്നു. 6

---

2. കുട്ടകം—മഴവെള്ളത്തിന്നു മുറ്റത്തു വെയ്ക്കുന്ന ഒരുതരം പാത്രം; അതു മഴവെള്ളത്തെ എന്നപോലെ, അഗ്നി ആഹുതികളെ ഉൾക്കൊള്ളുന്നു. തേരാളി—നേതാവ്, കൊണ്ടുനടക്കുന്നവൻ.

3. അന്നവാൻ—അങ്ങയ്ക്കു ഹവിസ്സർപ്പിച്ചവൻ മേധാവിയായിച്ചമയുന്നു; അവന്നു വീരപുത്രന്മാർ പിറക്കുന്നു.

4. ഒരു കിടാവിങ്കലെന്നപോലെ—കുട്ടിയെ കാണാൻ ബന്ധുക്കൾ ചെല്ലുന്നതുപോലെ. അച്ഛനമ്മമാർ—ദ്യാവാപൃഥിവികൾ. അമൃതത്വം=ദേവത്വം.

5. കതിരവനെ—രാഹുവിനാൽ മറയ്ക്കപ്പെട്ട സൂര്യനെ.

6. വാനിന്റെ മുകൾവശങ്ങൾ—നക്ഷത്രഗോളങ്ങൾ; അല്ലെങ്കിൽ, ധൂമത്തിന്റെ വികാരമായ മേഘങ്ങൾ. ഭുവനങ്ങൾ=ജലങ്ങൾ. മൂർധാവിൽ—മേഘമായി പരിണമിച്ച ധൂമത്തിൽ. ഭുവനങ്ങൾ (ലോകങ്ങൾ) വൈശ്വാനരനാകുന്ന പരബ്രഹ്മത്തിന്റെ ഉപരിഭാഗത്തു കുടികൊള്ളുന്നു എന്നും അർത്ഥം കല്പിയ്ക്കാം. ശാഖകൾപോലെ—വൃക്ഷത്തിന്മേൽ കൊമ്പുകൾ മുളയ്ക്കുന്നതുപോലെ. മുളയ്ക്കുന്നു—മഴമൂലം ഉദ്ഭവിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

യാതൊരു സുകൎമ്മാവായ കവി ജലങ്ങളെയും, വാനിൻെറ തി
ളക്കങ്ങളെയും വിരചിച്ചുവോ; യാതൊരുവൻ ഭുവനമെല്ലാം തഴപ്പിച്ചു
വോ; ആ വൈശ്വാനരൻ ബാധയെന്നിയേ ഒരു കാവല്ക്കാരനായി,
അമൃതം രക്ഷിച്ചുപോരുന്നു! 7

---

### സൂക്തം 8.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അന്നവാനായി വൃഷാവായി വിളങ്ങുന്ന ജാതവേദസ്സിൻെറ
ബലം ഞാൻ യജ്ഞത്തിൽ ചിക്കെന്നു വൎണ്ണിയ്ക്കാം; വൈശ്വാനരാഗ്നി
യെപ്പററി, പരിശുദ്ധവും മനോജ്ഞവുമായ ഒരതിനൂതനസ്തവവും,
സോമനീർപോലെ ഇററിററു വീഴും. 1

കൎമ്മപാലകനായ വൈശ്വാനരാഗ്നി പരമവ്യോമത്തിൽ പ്രാദു
ൎഭവിച്ചു, കൎമ്മങ്ങളെ സംരക്ഷിയ്ക്കുന്നു. അന്തരിക്ഷത്തെയും വിരചിച്ച
ആ സുകൎമ്മാവു മഹത്ത്വംകൊണ്ടു സ്വൎഗ്ഗത്തെ സ്പൃശിച്ചു! 2

മിത്രനായ, അദ്ഭുതരൂപനായ വൈശ്വാനരൻ ദ്യാവാപൃഥി
വികളെ ഉറപ്പിച്ചു; വെളിച്ചംകൊണ്ട് ഇരുളിനെ കഴിച്ചുമൂടി; വാനൂഴി
കളെ, രണ്ടു തോലുകളെപ്പോലെ പരത്തി. എല്ലാ വീൎയ്യവുമുണ്ട്,
അവിടെയ്ക്ക്! 3

വൈശ്വാനരാഗ്നിയെ അന്തരിക്ഷത്തിൽ മരുത്തുക്കൾ കണ്ടറി
ഞ്ഞു; പ്രജകൾ പരിപൂജ്യനായ തമ്പുരാനെ സ്തുതിച്ചു. അദ്ദേഹത്തെ
ദൂതനായ വായു ദൂരത്തുനിന്ന്—സൂൎയ്യങ്കൽനിന്ന്—ഇങ്ങോട്ടു കൊണ്ടു
പോന്നു. 4

---

7. വാനിൻെറ തിളക്കങ്ങൾ—നക്ഷത്രങ്ങൾ. അമൃതം=ജലം.

സൂക്തം 8.

1. ഇററിററുവീഴും—ഞാൻ ഒരു സ്തവവും ചൊല്ലാം.

2. പരമവ്യോമം=ഉൽകൃഷ്ടാകാശം. അന്തരിക്ഷത്തെയും—മൂന്നു ലോകത്തെയും എന്നൎത്ഥമെടുക്കണം. മഹത്ത്വംകൊണ്ട്—വൈശ്വാനരൻെറ മഹത്ത്വം (തേജസ്സ്) സ്വൎഗ്ഗത്തിലെത്തി.

3. മിത്രൻ—എല്ലാവൎക്കും സുഹൃത്ത്.

4. കണ്ടറിഞ്ഞു—വൈദ്യുതാഗ്നി ഇതുതന്നെയാണെന്ന്. സൂൎയ്യൻെറ അടുക്കലായിരുന്നു, വൈശ്വാനരൻ.

Digitized By Kerala Sahitya Akademi

അഗ്നേ, യജ്ഞാൎഹനായ ഭവാനെ കാലേ കാലേ പുതുമയിൽ സ്തുതിയ്ക്കുന്നവൎക്ക ധനവും പുകഴ്പ്പെടുന്ന പുത്രനെയും കല്പിച്ചു നല്കുക; ജരയേശാത്ത തമ്പുരാനേ, അനൎത്ഥം പുലമ്പുന്നവനെ, ഒരു മരത്തെയെന്നപോലെ, അവിടുന്നു തേജസ്സുകൊണ്ടു, വജ്രംകൊണ്ടെന്നപോലെ വെട്ടി കമിഴ്ത്തിവീഴിച്ചാലും! 5

അഗ്നേ, ഹവിഷ്കൎത്താരായ ഞങ്ങളിൽ അവിടുന്ന് ഇടിവും മുടിവും വരാത്ത സുവീൎയ്യമായ ധനം നിക്ഷേപിച്ചാലും. അഗ്നേ, വൈശ്വാനര, ഞങ്ങൾ ഭവാന്റെ രക്ഷയാൽ നൂറുമായിരവുമായി അന്നം നേടുമാറാകണം! 6

യജനീയ, മൂന്നിടങ്ങളിലിരിയ്ക്കുന്നവനേ, അവിടുന്ന് അഹിംസിതങ്ങളായ സ്വരക്ഷകൾകൊണ്ടു ഞങ്ങളുടെ സ്തോതാക്കളെ പാലിച്ചാലും; അഗ്നേ, വൈശ്വാനര, സ്തുതിയ്ക്കപ്പെടുന്ന നിന്തിരുവടി ഞങ്ങളുടെ ബലം നിലനിൎത്തുകയും വൎദ്ധിപ്പിയ്ക്കുകയുംചെയ്താലും! 7

---

സൂക്തം 9.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ദ്വിപദാവിരാട്ടും ഛന്ദസ്സുകൾ; വൈശ്വാനരാഗ്നി ദേവത.

കറുത്ത രാവും വെളുത്ത പകലും സ്വസ്വപ്രവൃത്തികളോടേ വാനൂഴികളിൽ ചുററുന്നു. വൈശ്വാനരാഗ്നി, ഒരരചൻപോലെ ആവിൎഭവിച്ചു തേജസ്സിനാൽ ഇരുട്ടുകളെ അററുതിപ്പെടുത്തുന്നു! 1

ജനപ്രവൎത്തകർ യാതൊന്നു നെയ്തുണ്ടാക്കുന്നുവോ, ആ നൂലും ഊടും എനിയ്ക്കറിഞ്ഞുകൂടാ. ഇവിടെ ആരുള്ളു, അങ്ങിരിയ്ക്കുന്നവന്റെ ഇങ്ങിരിയ്ക്കുന്ന അച്ഛൻ അരുളേണ്ടുന്നവ പറഞ്ഞുതരാൻ? 2

---

5. പുതുമയിൽ സ്തുതിയ്ക്കുന്നവൎക്ക—പുതിയ സ്തോത്രം ചൊല്ലുന്ന ഞങ്ങൾക്ക.

7. മൂന്നിടങ്ങൾ—ത്രിലോകങ്ങളോ, ആഹവനീയാദിസ്ഥാനങ്ങളോ.

സൂക്തം 9.

1. ദിനരാത്രിപ്രവൎത്തനം വൈശ്വാനരാഗ്നിയുടെ ആജ്ഞയാലാണെന്ന്.

2. യജ്ഞത്തിന്നു വസ്ത്രത്വം കല്പിച്ചിരിയ്ക്കുന്നു: അങ്ങിരിയ്ക്കുന്നവന്റെ—സൂൎയ്യന്റെ. ഇങ്ങിരിയ്ക്കുന്ന അച്ഛൻ—അഗ്നി. അഗ്നിയ്ക്കു ഇതുപദേശിയ്ക്കാൻ ത്രാണിയുള്ളു. അഗ്നിയുടെ പുത്രനാണ് സൂൎയ്യൻ എന്നു പ്രമാണാന്തരമുണ്ട്. പ്രപഞ്ചമാകുന്ന വസ്ത്രത്തിന്റെ നിൎമ്മാണം ദുൎജ്ഞേയമാണെന്നും വ്യാഖ്യാനിയ്ക്കാം.



Digitized By Kerala Sahitya Akademi

തന്തിരുവടിയ്ക്കു ഈ രണ്ടും ഉടനും അറിഞ്ഞുകൂട്ടു; അവിടുന്നു,
വേണ്ടപ്പോളൊക്കെ അരുളിച്ചെയ്യും, അരുളിച്ചെയ്യുന്നേതു: താഴേ
സഞ്ചരിയ്ക്കുന്നവനും, മീതേ മറ്റൊരു രൂപം പൂണ്ടു് ഇതൊക്കെ തൃക്കൺ
പാർത്തിരിയ്ക്കുന്നവനുമാണല്ലോ, അമൃതപാലകനായ തന്തിരുവടി! 3

ഒന്നാമത്തെ ഹോതാവാണിതു്: നോക്കുവിൻ, ഇദ്ദേഹത്തെ.
ഈ അമൃതമായ ജ്യോതിസ്സ് മർത്ത്യരിൽ വർത്തിയ്ക്കുന്നു. ഈ സുസ്ഥിര
നായ സർവ്വവ്യാപി അമർത്ത്യനെങ്കിലും ഉടൽപൂണ്ടു് അവതരിയ്ക്കുന്നു;
വളരുകയും ചെയ്യുന്നു! 4

നിശ്ചലമായ മനസ്സിനെക്കാൾ വേഗമുള്ള ജ്യോതിസ്സ് ജംഗ
മങ്ങളുടെ ഉള്ളിൽ ദർശനത്തിനായി വെയ്ക്കപ്പെട്ടിരിയ്ക്കുന്നു; ദേവകളെ
ല്ലാം ഒരേമനസ്സോടും ഒരേപ്രജ്ഞയോടുംകൂടി ഏകനായ കർത്താവിനെ
വഴിപോലെ പ്രാപിയ്ക്കുകയും ചെയ്യുന്നു. 5

എന്റെ ചെവികളും, കണ്ണുകളും, ഹൃദയത്തിൽ വെയ്ക്കപ്പെട്ടി
ട്ടുള്ള ഈ ജ്യോതിസ്സും പലമട്ടിൽപ്പായുന്നു; ദൂരഭാവനമായ എന്റെ
മനസ്സും പലമട്ടിൽ പെരുമാറുന്നു. ഞാൻ എന്തു പറയേണ്ടു? ഇപ്പോൾ
എന്തു ചിന്തിയ്ക്കേണ്ടു? 6

അഗ്നേ, ഇരുളിലിരിയ്ക്കുന്ന നിന്തിരുവടിയെ ദേവകളെല്ലാം
ഭയംമൂലം നമസ്കരിച്ചുപോരുന്നു. അമർത്ത്യനായ വൈശ്വാനരൻ
**നമ്മെ രക്ഷകൊണ്ടു കാത്തരുളട്ടെ—നമ്മെ രക്ഷകൊണ്ടു കാത്തരുളട്ടെ!** 7

---

3. താഴേ സഞ്ചരിയ്ക്കുന്നവൻ—പാർത്ഥിവാഗ്നിരൂപൻ. മീതേ മറ്റൊരു രൂപം പൂണ്ടു്—സൂര്യാത്മാവായി. ഇതൊക്കെ—ജഗത്തെല്ലാം.

4. ഒന്നാമത്തെ—മനുഷ്യൻ രണ്ടാമത്തെ ഹോതാവാണു് ആളുകളോടു പറയുന്നതാണിതു്

5. ദർശനം—ജ്ഞാനം. ജ്യോതിസ്സിന്നു ബ്രഹ്മചൈതന്യമെന്നും, ദേവ കൾക്കു് ഇന്ദ്രിയങ്ങളെന്നും അർത്ഥം കല്പിച്ചു്, ആദ്ധ്യാത്മികമായും ഈ ഋക്കു് വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ടു്.

6. ജ്യോതിസ്സ്—ബുദ്ധിതത്ത്വം. വൈശ്വാനരന്റെ ഗുണങ്ങൾ കേൾപ്പാനും, രൂപഭംഗികൾ കാണാനും, അദ്ദേഹത്തെ അറിയാനും ഞാൻ വെമ്പൽപ്പെടുന്നു. ദൂരഭാവനം—ദൂരസ്ഥവസ്തുവിനെ ഭാവനംചെയ്യുന്നതു്.

7. ഭയംമൂലം—ഇരുളിനെ പേടിച്ചു്. അനന്തരവാക്യം പരോക്ഷം:

Digitized By Kerala Sahitya Akademi

## സൂക്തം 10.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; അഗ്നി ദേവത.

ആഹ്ലാദിപ്പിയ്ക്കുന്നവനും ദിവ്യനും തീരെ നിർദ്ദോഷനുമായ അ
ഗ്നിയെ നിങ്ങൾ നിർബ്ബാധമായി നടക്കുന്ന യജ്ഞത്തിൽ മുൻനിർത്തു
വിൻ—ഉക്ഥങ്ങൾകൊണ്ടും മുൻനിർത്തുവിൻ: ആ സ്തീതരോചിസ്സായ
ജാതവേദസ്സ് നമ്മുടെ യജ്ഞത്തെ ശോഭനമാക്കുമല്ലോ! 1

ദീപ്തിമൻ, ബഹുസേന, ഹോതാവേ, അഗ്നേ, അവിടുന്ന്
അഗ്നികളോടൊപ്പം ഉജ്ജ്വലിച്ചു, മനുഷ്യന്റെ സ്തോത്രം കേട്ടാലും:
തെളിനെയ്യുപോലെ സുഖകരമായ ഇതു തന്തിരുവടിയ്ക്കായി മനനശീ
ലർ മമതയെന്നപോലെ വെട്ടപ്പിൽ ചൊല്ലുന്നു! 2

അഗ്നിയ്ക്കു യാതൊരു മേധാവി സ്തുതിച്ചുംകൊണ്ടു നല്കുമോ, അ
വൻ മനുഷ്യരിൽവെച്ചു പ്രവൃദ്ധനാകും; അവനെ ചിത്രഭാനു വിചി
ത്രരക്ഷകൾകൊണ്ടു പൈത്തൊഴുത്തിന്നുടമയാക്കും! 3

യാതൊരു കൃഷ്ണവർത്മാവു പിറപ്പിൽത്തന്നേ, അകലെക്കാണാ
വുന്ന കാന്തികൊണ്ടു വാനൂഴികളെ നിറച്ചുവോ, ആ പാവകൻ പെരു
ത്ത രാവിരുട്ടിനെപ്പോലും പ്രഭകൊണ്ടു തട്ടിനീക്കി പ്രകാശിയ്ക്കുന്നു! 4

അഗ്നേ, അവിടുന്നു ഹവിസ്സമ്പന്നരായ ഞങ്ങൾക്ക്, അന്നമേ
റിയ രക്ഷകളോടേ, പൂജനീയമായ ധനം ചിക്കെന്നു തന്നരുളിയാലും—
അർത്ഥംകൊണ്ടും അന്നംകൊണ്ടും നല്ല വീര്യംകൊണ്ടും അന്യരെ കവി
ച്ചുനിന്നു കീഴമർത്തുന്നവരെയും! 5

---

## സൂക്തം 10.

1. ഋത്വിക്കുകളോട്: സ്തീതരോചിസ്സ്=തേജസ്സേറിയവൻ.

2. സേനയ്ക്കു ജ്വാല എന്നർത്ഥം. അഗ്നികൾ—സ്വന്തം അവയവങ്ങളാ
യ മററഗ്നികൾ. തെളിനെയ്യുപോലെ—അഗ്നിയ്ക്കു ഇതേറ്റം പ്രിയപ്പെട്ടതാണല്ലോ,
നെയ്യ് ചരു—സ്തോത്രം. മമത—ദീർഘതമസ്സ് എന്ന ഋഷിയുടെ അമ്മ.

3. നല്കുമോ—ഹവിസ്സ് ചിത്രഭാനു=അഗ്നി. ഉടമയാക്കും—വളരെ ഗോ
ക്കളെ കൊടുക്കും.

5. അർത്ഥം=ധനം. കീഴമർത്തുന്നവരെയും—ശത്രുക്കളെ കീഴമർത്തുന്ന പുത്ര
ന്മാരെയും. തന്നരുളിയാലും.

Digitized By Kerala Sahitya Akademi

അഗ്നേ, അങ്ങെയ്ക്കായി ഹവിഷ്മാൻ ഇരുന്നു ഹോമിയ്ക്കുന്ന ഈ യാഗാന്നം, കൊതിപൂണ്ട ഭവാൻ അകത്താക്കിയാലും; ഭരദ്വാജരുടെ നിരവദ്യമായ സ്തുതിയും അകത്താക്കിയാലും. അവരെ അനാലംബ്യിയ്ക്കായി രക്ഷിച്ചാലും! 6

അങ്ങ് വിദ്വേഷികളെ ആട്ടിപ്പായിയ്ക്കണം; അന്നം വർദ്ധിപ്പിയ്ക്കണം. ഞങ്ങൾ നല്ല വീരരോടുകൂടി ഒരു നൂറാണ്ടു മത്തടിയ്ക്കട്ടെ! 7

---

## സൂക്തം 11.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, ഹോതാവേ, മികച്ച യഷ്ടാവായ ഭവാൻ ഇപ്പോൾ പ്രാർത്ഥന കൈക്കൊണ്ടു യജ്ഞത്തിൽ ദേവഗണത്തെ യജിച്ചാലും; മിത്രൻ, വരുണൻ, അശ്വികൾ, ദ്യാവാപൃഥിവികൾ എന്നിവരെയും ഞങ്ങളുടെ യാഗത്തിന്നു കൊണ്ടുവന്നാലും! 1

അഗ്നേ, അതീവ സ്തുത്യനും ഞങ്ങളെ ദ്രോഹിയ്ക്കാത്തവനും ദേവനുമായ ഭവാൻ മനുഷ്യരുടെ ഇടയിൽ യാഗത്തിന്നു ഹോതാവാകുന്നു. തിരുമുഖമായ പരിപാവനജ്വാലകൊണ്ടു, വഹ്നിയായ ഭവാൻ സ്വന്തം ദേഹത്തെയും യജിച്ചാലും! 2

അംഗിരസ്സുകളിൽവെച്ചു മികച്ച സ്തോതാവായ മേധാവി യാഗത്തിൽ മത്തുപിടിപ്പിയ്ക്കുന്ന ഛന്ദസ്സു ചൊല്ലുന്നതെപ്പൊഴോ; അപ്പോൾ ധന്യയായ സ്തുതി, തിരുവവതാരം പാടുന്ന ദേവയഷ്ടാവിന്നു വേണ്ടി അങ്ങയെ കാമിയ്ക്കുന്നു! 3

---

6. യാഗാന്നം—ഹവിസ്സ്

7. അന്നം—ഞങ്ങളുടെ.

സൂക്തം 11.

1. പ്രാർത്ഥന—ഞങ്ങളുടെ.

2. ദ്രോഹിയ്ക്കാത്തവൻ—സ്നേഹിയ്ക്കുന്നവൻ എന്നർത്ഥം. തിരുമുഖം—ദേവന്മാരുടെ മുഖം. വഹ്നി—ഹവിർവാഹി. സ്വന്തം ദേഹം—സ്വിഷ്ടകൃത്ത് എന്ന സ്വശരീരം.

3. മേധാവി—ഭരദ്വാജൻ, ഞാൻ. ഛന്ദസ്സ്—സ്തോത്രം. തിരുവവതാരം—അങ്ങയുടെ ജനനം. ദേവയഷ്ടാവ്—യജമാനൻ.

Digitized By Kerala Sahitya Akademi

പരിണതപ്രജ്ഞൻ ഒളിതിങ്ങി വിളങ്ങുന്നു: യാതൊരു ശോഭ
നാന്നനെ, മനുഷ്യനെയെന്നപോലെ, പഞ്ചജനങ്ങൾ ഹവ്യം നല്കി,
ഹവിസ്സാടിയ്ക്കുന്നുവോ; അഗ്നേ, ആ നീന്തിരുവടി വിശാലകളായ ദ്യാ
വാപൃഥിവികളെ യജിച്ചാലും! 4

ഹവിസ്സോടുകൂടി അഗ്നിയുടെ അടുക്കൽ ദർഭ മുറിയ്ക്കുക; നിരവ
ദ്യമായ നൈസ്രുവം കൊണ്ടുവെയ്ക്കുക; ഭൂമിയുടെ സ്ഥാനത്തു വേദി
യിൽ ചെല്ലുക—ഇത്രയുമായാൽ, യജ്ഞം (യഷ്ടാവിനോടു), തേജസ്സു
സൂര്യനോടെന്നപോലെ ചേരും. 5

ബഹുസേന, ഹോതാവേ, അഗ്നേ, അങ്ങ് അഗ്നിദേവന്മാരോ
ടൊപ്പം കത്തിജ്ജ്വലിച്ച്, ഞങ്ങൾക്കു സമ്പത്തു തന്നാലും: ബലത്തി
ൻെറ മകനേ, പുതപ്പിയ്ക്കുന്ന ഞങ്ങൾ പരിപന്ഥിയെ എന്നപോലെ
പാപത്തെയും പിന്നിട്ടുമാറാകണം! 6

---

സൂക്തം 12.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഹോതാവായ, അധ്വരത്തിൻെറ അരചനായ അഗ്നി തപഃക്ലി
ഷ്ടൻെറ ഗൃഹത്തിൽ, ദ്യാവാപൃഥിവികളെ യജിപ്പാൻ ഇരുന്നരുളുന്നു:
ഇതാ, ആ ബലപുത്രനായ സത്യവാൻ, സൂര്യനെന്നപോലെ, ദൂരത്തു
നിന്നുതന്നേ വെളിച്ചം പരത്തുന്നു! 1

യജനീയനായ തമ്പുരാനേ, പരിണതപ്രജ്ഞനായ തിരുമേനി
യെ ഓരോ സ്തോതാവും ചിക്കെന്നു യജിയ്ക്കുന്നുണ്ടല്ലോ; ആ ത്രിസ്ഥാ

---

4. പരിണതപ്രജ്ഞൻ=ബുദ്ധിയ്ക്കു പരിപാകം വന്നവൻ, അഗ്നി. അവശി
ഷ്ടം പ്രത്യക്ഷോക്തി: മനുഷ്യൻ—അതിഥി. പഞ്ചജനങ്ങൾ—ഋത്വിക്പ്രഭൃതികൾ.
ഹവിസ്സാടിയ്ക്കുക—ഹവിസ്സുകൊണ്ടഭിഷേകംചെയ്യുക.

5. നൈസ്രുവം=ഘൃതം നിറച്ച സ്രുക്ക്.

6. അഗ്നിദേവന്മാർ—മററഗ്നികൾ. പുതപ്പിയ്ക്കുന്ന—അങ്ങയെ ഹവിസ്സു
കൊണ്ടു മൂടുന്ന. പരിപന്ഥി=ശത്രു.

സൂക്തം 12.

1. തപഃക്ലിഷ്ടൻ—യജമാനൻ.

Digitized By Kerala Sahitya Akademi

നസ്ഥനായ ഭവാൻ മനുഷ്യരുടെ മഹനീയഹവിസ്സുകൾ കൊണ്ടുകൊടു
പ്പാൻ, കതിരവൻപോലെ വേഗത്തിൽ ഗമിച്ചാലും! 2

ആരുടെ പാളൽ കാട്ടിൽ തുടലോം കളികൊണ്ടു വിളങ്ങുമോ;
ആ തിരുവടി വളൎന്നു, സൂൎയ്യൻപോലെ സ്വൎമ്മാൎഗ്ഗത്തിൽ പ്രകാശിയ്ക്കു
ന്നു. വായുവിനൊത്ത ആ അമൎത്ത്യൻ വനങ്ങളിൽ പാഞ്ഞുനടന്ന്,
അനിവാൎയ്യനായി, സ്വയം വെളിപ്പെടുത്തുന്നു! 3

ആ ജാതവേദസ്സായ അഗ്നിയെപ്പറ്റി, യാഗശാലയിൽ നമ്മു
ടെ കൂട്ടർ ഒരു യാചകൻേറതുപോലെ സുഖകാമമായ സ്തോത്രം പാടുന്നു—
മരമുണ്ണാൻ കാട്ടിലണഞ്ഞ്, ഒരു കൂററൻപോലേ പാഞ്ഞുനടക്കുന്ന
തന്തിരുവടി യജമാനരാൽ സ്തുതിയ്ക്കപ്പെടുന്നു! 4

വൻകാടിനെ നിഷ്പ്രയാസം ചെത്തിക്കുറച്ചുംകൊണ്ടു സഞ്ചരി
യ്ക്കുന്ന തന്തിരുവടിയുടെ രശ്മികൾ ഇവിടെ പൃകൎഷപ്പെടുന്നു. ഓരോടുന്ന
കള്ളൻപോലെ തടവില്ലാതെ വെക്കം ഇളകിപ്പായുന്ന തന്തിരുവടി
മരുനിലം കടന്നു പരിലസിയ്ക്കുന്നു. 5

ഗമനശീലനായ അഗ്നേ, അങ്ങ് ഞങ്ങളെ നിന്ദകരിൽനിന്നു
രക്ഷിയ്ക്കുക; എല്ലാ അഗ്നികളോടുംകൂടി വളൎന്നു ധനം കിട്ടിയ്ക്കുക; ദുഃഖ
കാരികളെ ആട്ടിപ്പായിയ്ക്കുക. ഞങ്ങൾ നല്ല വീരന്മാരോടുകൂടി ഒരു നൂ
റാണ്ടു മത്താടുമാറാകട്ടെ! 6

---

സൂക്തം 13.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

സുഭഗ, അഗ്നേ, സമ്പത്തുകളെല്ലാം ഭവാങ്കൽനിന്നു, വൃക്ഷ
ത്തിന്മേൽനിന്നു കൊമ്പുകൾപോലെ പുറപ്പെടുന്നു; പശുസംഘം,

---

2. കൊണ്ടുകൊടുക്കാൻ—ദേവന്മാൎക്ക്.

3. ആരുടെ—ദാവാഗ്നിരൂപനായ. സ്വൎമ്മാൎഗ്ഗം—അന്തരിക്ഷം.

4. യാചകൻേറതുപോലെ—പ്രായേണ പിച്ചക്കാരുടെ പാട്ടു നന്നായി
രിയ്ക്കും. കൂററൻ—വിത്തുകാള.

5. ഇവിടെ—ഈ ലോകത്തിൽ.

Digitized By Kerala Sahitya Akademi

പററലർപ്പോരിൽ ബലം, അന്തരിക്ഷത്തിൽനിന്നുള്ള മഴ എന്നിവയും
വെക്കം ഭവാങ്കൽനിന്നുതന്നെ. 'അങ്ങനെ സ്തുത്യനായി ഭവാൻ തണ്ണീർ
പൊഴിയ്ക്കുന്നു! 1

അഗ്നേ, ഭഗനായ നിന്തിരുവടി ഞങ്ങൾക്ക രത്നം കൊണ്ടുവ
ന്നാലും: ദശനീയതേജസ്സായ ഭവാൻ, വായുപോലെ വാണരുളുന്നു.
ദേവ, മിത്രനെന്നപോലെ മഹത്തായ ജലവും, വളരെസ്സമ്പത്തും നല്കു
ന്നവനാണ്, വിടുന്ന്! 2

അഗ്നേ, പ്രചേതസ്സ്, യജ്ഞത്തിന്നായിപ്പിറന്നവനേ, ജല
പുത്രനോടു ചേൎന്ന് അവിടുന്ന് ആരെ ധനത്തിന്നു പ്രേരിപ്പിയ്ക്കുമോ;
അവൻ സജ്ജനപാലകനായി, ശത്രുവിനെ ബലംകൊണ്ടു ഹനിയ്ക്കും;
മേധാവിയായി, പിശുക്കന്റെ കൊററു കീഴടക്കും! 3

ബലപുത്ര, അങ്ങയുടെ തീക്ഷ്ണതയെ യാതൊരുവൻ സ്തോത്ര
ങ്ങൾകൊണ്ടും ഉക്ഥങ്ങൾകൊണ്ടും ഹവിസ്സുകൾകൊണ്ടും വേദിയില
ണയ്ക്കുമോ; അഗ്നേ, ദേവ, ആ മനുഷ്യന്ന് എല്ലാദ്ധാന്യവും വേണ്ടു
വോളം കൈവരും; ധനങ്ങളും വന്നുചേരും! 4

അഗ്നേ, ബലപുത്ര, ബലവാനായ അവിടുന്നു വളരെ ഗവ്യാ
ന്നങ്ങൾ പിശുക്കനും മുടിയനുമായ ശത്രുവിന്നു കൊടുത്തിട്ടുണ്ടല്ലോ;
ആ സുവീരാന്വിതങ്ങളായ ശോഭനാന്നങ്ങൾ പുഷ്ടിയ്ക്കായി നേതാക്കൾ
ക്കു തന്നാലും! 5

---

## സൂക്തം 13.

1. ബലം—പററലരോടുള്ള പോരിൽ ജയിപ്പാൻ. പുറപ്പെടുന്നു എന്ന
തു രണ്ടാം വാക്യത്തിലും ചേൎക്കുക. തണ്ണീർ പൊഴിയ്ക്കുന്നു: 'അഗ്നൌ പ്രാസ്താഹുതി
സ്സമ്യഗാദിത്യമുപതിഷ്ഠതേ। ആദിത്യാജ്ജായതേ വൃഷ്ടിർവൃഷ്ടേരന്നം തതഃ പ്രജാഃ'
മനുസ്മൃതി.

2. ഭഗൻ=ഭജനീയൻ; ഭഗതുല്യൻ.

3. പ്രചേതസ്സ്=പ്രകൃഷ്ടജ്ഞാനൻ; വരുണൻ. ജലപുത്രൻ—വൈദ്യുതാ
ഗ്നി. പിശുക്കൻ—ദേവകൎമ്മമനുഷ്ഠിയ്ക്കാത്ത ധനികൻ.

4. തീക്ഷ്ണതയെ വേദിയിലണയ്ക്കുക—ജ്വലിപ്പിയ്ക്കുക എന്നൎത്ഥം.

5. ഗവ്യാന്നങ്ങൾ—ക്ഷീരാദികൾ. മുടിയൻ—കൎമ്മധ്വംസി. നേതാക്കൾ
ക്കു—സ്തുതികൎമ്മം നടത്തുന്ന ഞങ്ങൾക്കു.

Digitized By Kerala Sahitya Akademi

അഗ്നേ, ബലപുത്ര, മഹാനായ നിന്തിരുവടി ഞങ്ങൾക്ക് ഉപദേഷ്ടാവാകണം; പുത്രപൌത്രരെയും അന്നവും ഞങ്ങൾക്ക തരണം; ഞാൻ എല്ലാ സ്തുതികൾകൊണ്ടും പൂർത്തിയടയണം. ഞങ്ങൾ നല്ല വീരരോടുകൂടി ഒരു നൂറാണ്ടു മത്താടുമാറാകട്ടെ! 6

---

സൂക്തം 14.

ഭരദ്വാജൻ ഋഷി; അനുഷ്ടുപ്പും ശക്വരിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

(അന്നനട)

നരനെവനഗ്നിയ്ക്കനുഷ്ഠിച്ചീടുമോ,
പരിചരണവും സ്തുതികർമ്മങ്ങളും,
അവൻ മുമ്പുള്ളവർക്കുപരി ശോഭിയ്ക്കും;
ജവാൽ നേടും, രക്ഷിയ്ക്കുവാനന്നത്തെയും! 1
പരമവിജ്ഞാനയുതനഗ്നിതന്നേ;
പെരിയ കർത്താവാമൃഷിയുമാണഗ്നി;
ക്രതുവിലുമ്പരെ വിളിയ്ക്കുമഗ്നിയെ
സ്തുതിച്ചുപോരുന്നു, യജിപ്പോൻെറയാൾക്കാർ! 2
അരാതിതൻ സമ്പത്തുകളഗ്നേ, വേറു-
പിരിഞ്ഞു മത്സരിച്ചിടുന്നു, രക്ഷയിൽ;
മുടിപ്പോനെക്കൊന്നു, നരർ മഖങ്ങളാൽ
മുതിരുന്നു, മഖരഹിതനെ വെല്ലാൻ! 3

---

6. പൂർത്തി—അഭീഷ്ടസിദ്ധി.

സൂക്തം 14.

1. സ്തുതികർമ്മങ്ങൾ=സ്തുതിയും കർമ്മവും. രക്ഷിയ്ക്കുവാൻ, കുടുംബം പുലത്താൻ അന്നത്തെയും നേടും—ശത്രുക്കളിൽനിന്നു പിടിച്ചെടുക്കും.

2. കർത്താവ്—കർമ്മവാൻ. യജിപ്പോൻ=യജമാനൻ. ആൾക്കാർ—ഋത്വിക്കുകൾ.

3. വേറുപിരിഞ്ഞു—അരാതികളിൽനിന്നൊഴിഞ്ഞ്. രക്ഷയിൽ, അങ്ങയെ സ്തുതിയ്ക്കുന്നവരെ രക്ഷിയ്ക്കുക എന്ന വിഷയത്തിൽ മത്സരിച്ചിടുന്നു—'ഞാൻ രക്ഷിയ്ക്കും, ഞാൻ രക്ഷിയ്ക്കും' എന്നിങ്ങനെ സ്പർദ്ധിയ്ക്കുന്നു; ശത്രുസമ്പത്തുകൾ ഭവൽസ്തോതാക്കളിലെത്തിച്ചേരാൻ വെമ്പുന്നു!

Digitized By Kerala Sahitya Akademi

തരും കല്പിച്ചഗ്നി, കൃതകർത്തവ്യനാ-
യരിന്ദമനായ്സ്സൽപതിയാം വീരനെ:
അവനെക്കാണുകിൽ,ക്കരുത്ത പേടിച്ചി-
ട്ടരാതികൾ കിടുകിടുത്തിടുമല്ലോ! 4

എവനുടെ ഹവിസ്സനാച്ഛാദിതവും
സാധനത്തിൽപ്പരമസാമാന്യവുമാം,
ശരിയ്ക്കുമമർത്ത്യനെപ്പഴിക്കാരനിൽനി-
ന്നറിഞ്ഞു രക്ഷിയ്ക്കും, ബലവാനഗ്നിദേവൻ! 5

ഹിതവ്രത, രോദഃസ്ഥിതനങ്ങൾതൻ
സ്തുതി ദേവന്മാരോടതുൾക,ഗ്നേ, ദേവ;
സ്ഥിരശുഭാവാസം തരികി,സ്തോതാക്കൾ;-
ക്കരാതികളെയും ദുരിതങ്ങളെയും
തരണംചെയ്യു,ങ്ങൾ തവ സംരക്ഷയാൽ—
ത്തരണംചെയ്യുങ്ങൾ, തരണംചെയ്യു,ങ്ങൾ! 6

---

## സൂക്തം 15.

ആംഗിരസൻ വീതഹവ്യൻ ഋഷി; ജഗതിയും, ശക്വരിയും, അതിശക്വരിയും, അനുഷ്ടുപ്പും, ബൃഹതിയും, ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

സർവ്വപ്രജാപതിയായി അതിഥിയായിരിയ്ക്കുന്ന ഈ ഉഷർബ്ബുധനെത്തന്നേ നീ സ്തുതി ചാർത്തിയ്ക്കുക: ആ നിസർഗ്ഗശുദ്ധൻ വാനിൽനിന്നു വല്ലപ്പോഴും വന്നെത്തും; കുഞ്ഞായിട്ട് അനശ്വരവസ്തു നെടുനാൾ ഭുജിയ്ക്കും! 1

മരത്തിൽ വെയ്ക്കപ്പെട്ട യാതൊരു സ്തുത്യനായ ഊർദ്ധ്വരോചിസ്സിനെ ഭൃഗുക്കൾ ഒരു സ്നേഹിതനെയെന്നപോലെ ഇരുത്തിയോ, ആ

---

4. വീരനെ—പുത്രനെ.

5. അനാച്ഛാദിതം—രക്ഷസ്സുകളാലും മറവും മറയ്ക്കപ്പെടാത്തത്. പഴിക്കാരൻ=നിന്ദകൻ.

സൂക്തം 15.

1. ഋഷി തന്നോടുതന്നെ പറയുന്നു: ഉഷർബുധൻ=അഗ്നി. കുഞ്ഞ്—അരണികളുടെ. അനശ്വരവസ്തു—ഹവിസ്സ്



Digitized By Kerala Sahitya Akademi

നിന്തിരുവടി വീതഹവ്യങ്കൽ വഴിപോലെ പ്രസാദിച്ചാലും: അദ്ഭുത, അങ്ങയെ നാളിൽ നാളിൽ പുകഴ്ത്തിപ്പൂജിയ്ക്കുന്നുണ്ടല്ലോ. 2

ആ നിസ്സപത്നനായ ഭവാൻ കർമ്മകുശലനെ വളൎത്തുന്നു; അകലത്തും അരികത്തുമുള്ള ശത്രുവിനെ പിന്നിടുന്നു. അതിനാൽ ബലപുത്ര, എങ്ങും തഴച്ച—എങ്ങും തഴച്ച—നിന്തിരുവടി മനുഷ്യരിൽവെച്ച ഭരദ്വാജനായ വീതഹവ്യന്നു ധനവും ഗൃഹവും കല്പിച്ചുതന്നാലും! 3

ദീപ്തിമാനും, നിങ്ങളുടെ അതിഥിയും, സ്വൎഗ്ഗനേതാവും, മനുവിന്റെ ഹോതാവും, ശോഭനയജ്ഞനും, ഒരു പണ്ഡിതനെന്നപോലെ ഉജ്ജ്വലഭാഷണനും, ഹവ്യവാഹനും, സ്വാമിയുമായ അഗ്നിദേവനെ നീ നല്ല സ്തുതികൾ ചാൎത്തിയ്ക്കുക: 4

അദ്ദേഹം ഉണർവുണ്ടാക്കുന്ന പാവനപ്രഭകൊണ്ടു, പുലരിവെളിച്ചംകൊണ്ടെന്നപോലെ ഭൂമിയിൽ വിലസുന്നു; യുദ്ധത്തിൽ കൊല്ലുന്ന ഒരുവൻപോലെ, അദ്ദേഹം ഏതശന്നുവേണ്ടി പോരിൽ പെട്ടെന്നുജ്ജ്വലിച്ചു; ദാഹമേറിയവനുമാണ്, ഈ നിജ്ജരൻ! 5

സ്തുത്യനായ അഗ്നിയെ, അഗ്നിയെ, നിങ്ങളുടെ പ്രിയനായ, പ്രിയനായ അതിഥിയെ, നിങ്ങൾ ചമതകൊണ്ടു പരിചരിയ്ക്കുവിൻ: അമൃതനെ നിങ്ങൾ സ്തുതിച്ചു സേവിയ്ക്കുവിൻ: ദേവകളിൽദ്ദേവൻ വേണ്ടതു കൈക്കൊള്ളുമല്ലോ—ദേവകളിൽദ്ദേവൻ നമ്മുടെ പരിചരണം കൈക്കൊള്ളുമല്ലോ! 6

ചമതകൊണ്ടു വളൎത്തപ്പെട്ട അഗ്നിയെ, ശുചിയെ, പാവകനെ, യജ്ഞത്തിൽ മുമ്പനെ, സുസ്ഥിരനെ ഞാൻ പുകഴ്ത്തിപ്പാടുന്നു; മേധാവിയും ഹോതാവും ബഹുവരേണ്യനും അദ്രോഹിയും കവിയുമായ ജാതവേദസ്സിനെ ഞങ്ങൾ സുഖദസ്തോത്രങ്ങൾകൊണ്ടു സേവിയ്ക്കുന്നു. 7

അഗ്നേ, അമൃതനും സമയത്തു സമയത്തു ഹവ്യം വഹിയ്ക്കുന്നവനും രക്ഷകനും സ്തുത്യനുമായ നിന്തിരുവടിയെ ദേവകളും മനുഷ്യരും

---

2. മരം—അരണി. ഇരുത്തി—ഗൃഹത്തിൽ വസിപ്പിച്ചു. വീതഹവ്യൻ—ഞാൻ.

4. തന്നോടുതന്നേ പറയുന്നത്:

5. ദാഹമേറിയവനുമാണ്—സൎവഭക്ഷകനാണ്

6. സ്തോതാക്കളോട്: ദേവകളിൽദ്ദേവൻ—ദേവന്മാരിൽവെച്ചു ശ്രേഷ്ഠനായ ദേവൻ.

Digitized By Kerala Sahitya Akademi

ദൂതനാക്കിവെച്ചു; ആ ജാഗരൂകനും വിഭുവുമായ പ്രജാപാലനെ വണങ്ങിസ്സേവിച്ചുംപോന്നു! 8

അഗ്നേ, ഇരുകൂട്ടരെയും ചമയിയ്ക്കുന്ന ഭവാൻ ഓരോ യാഗത്തിലും ദേവകളുടെ ദൂതനായി വാനൂഴികളിൽ സഞ്ചരിയ്ക്കുന്നു. അങ്ങയ്ക്കായി കർമ്മവും സ്തുതിയും അനുഷ്ഠിയ്ക്കുന്നുണ്ടല്ലോ, ഞങ്ങൾ; അതിനാൽ, ത്രിസ്ഥാനസ്ഥനായ ഭവാൻ ഞങ്ങൾക്കു സുഖം തന്നരുളിയാലും! 9

നല്ല തിരുവുടലും നല്ല കാഴ്ചയും നല്ല നടത്തവുമുള്ള ആ പരമപണ്ഡിതനെ അറിവില്ലാത്ത ഞങ്ങൾ പരിചരിയ്ക്കുമാറാകണം. സർവ്വവിഷയജ്ഞനായ അഗ്നി യജിച്ചരുളട്ടെ; ഹവിസ്സിനെപ്പററി അമർത്ത്യരോടു പറയട്ടെ! 10

അഗ്നേ, ശൂര, യാവനൊരുത്തൻ കവിയായ ഭവാനെ സ്തുതിയ്ക്കുകയോ വെട്ടപ്പുറ ഹവിസ്സർപ്പിയ്ക്കുകയോ ഉജ്ജ്വലിപ്പിയ്ക്കുകയോ ചെയ്യുമോ, അവനെ അങ്ങ് രക്ഷിയ്ക്കും; പൂർണ്ണകാമനാക്കും; അവനെത്തന്നേ ബലംകൊണ്ടും ധനംകൊണ്ടും നിറയ്ക്കും! 11

അഗ്നേ, ബലവാനേ, അങ്ങ് ഞങ്ങളെ ഹിംസകങ്കൽനിന്നും അങ്ങതന്നേ പാപത്തിൽനിന്നും രക്ഷിയ്ക്കണം. നിർദ്ദോഷമായ അന്നം വഴിപോലെ ഭവാങ്കലണയട്ടെ; സ്പൃഹണീയമായ ആയിരംധനം ഞങ്ങളിലും! 12

ഹോതാവും ഗൃഹപതിയും രാജാവുമാണ്, അഗ്നി: സർവ്വഭൂതങ്ങളെയും ആ ജാതവേദസ്സറിയുന്നു; ദേവകളുടെയും മനുഷ്യരുടെയും ഇടയിൽ മികച്ച യഷ്ടാവായ ആ യജ്ഞവാൻ പ്രകർഷേണ യജിച്ചരുളട്ടെ! 13

അഗ്നേ, അധ്വരത്തിന്റെ ഹോതാവേ, പാവനാർച്ചിസ്സേ, ഇപ്പോൾ മനുഷ്യന്റെ കർമ്മം ഭവാൻ ഇച്ഛിച്ചാലും. യജ്വാവാണല്ലോ, അങ്ങ്; അതിനാൽ യജ്ഞത്തിൽ യജിച്ചാലും. യുവതമ, മഹിമകൊ

---

8. അന്തിമവാക്യം പരോക്ഷം:

9. ഇരുകൂട്ടർ—ദേവകളും മനുഷ്യരും. ചമയിയ്ക്കുന്ന—ശോഭിപ്പിയ്ക്കുന്ന.

10. പരമപണ്ഡിതനെ—അഗ്നിയെ. യജിച്ചരുളട്ടെ—ദേവന്മാരെ. പറയട്ടെ—'നിങ്ങൾക്കായി ഹവിസ്സൊരുക്കിയിരിയ്ക്കുന്നു; വരുവിൻ' എന്ന്.

12. അന്നം—ഹവിസ്സ്. ഞങ്ങളിലും—അണയട്ടെ.

Digitized By Kerala Sahitya Akademi

ണ്ടു വിട്ടവായ ഭവാൻ, ഇപ്പോഠം ഭവാനുള്ള ഹവിസ്സുകഠം കൈക്കൊണ്ടാലും! 14

അഗ്നേ, ശരിയ്ക്കു വെയ്ക്കപ്പെട്ട അന്നങ്ങഠം ഭവാൻ കാണുന്നുണ്ടല്ലോ: ദ്യാവാപൃഥിവികളെ യജിപ്പാൻ അങ്ങയെ വെച്ചിരിയ്ക്കുന്നു. മഘവാവേ, അങ്ങ് യുദ്ധത്തിൽ ഞങ്ങളെ രക്ഷിച്ചാലും: ഞങ്ങഠം ദുരിതമെല്ലാം കടക്കമാറാകണം—അങ്ങയുടെ രക്ഷയാൽ കടക്കമാറാകണം, കടക്കമാറാകണം! 15

അഗ്നേ, ശോഭനസേന, അങ്ങ് എല്ലാദ്ദേവകളോടുംകൂടി, ആട്ടിൻരോമംകൊണ്ടു കരവെച്ചതും ഘൃതയുക്തവും പക്ഷിക്കൂടിനൊത്തതുമായ സ്വസ്ഥാനത്ത് ഒന്നാമനായി ഇരുന്ന്, അപ്പുകനായ യജമാനൻെറ ഹവിസ്സു വഴിപോലെ കൊണ്ടുപോയാലും! 16

ചാടിപ്പോയ യാതൊരഗ്നിജ്ഞനെ ഇരുട്ടിൽനിന്നു കൊണ്ടുപോന്നുവോ, ആ ഈ അഗ്നിയെ കർമ്മികഠം, അഥർവാവെന്നപോലെ കടയുന്നു. 17

അങ്ങ് യജ്ഞത്തിൽ ദേവകാമൻെറ ക്ഷേമത്തിന്നായി പിറന്നാലും: യജ്ഞത്തെ വളൎത്തുന്ന അമൎത്ത്യരായ ദേവന്മാരെ കൊണ്ടുവന്നാലും; ഹവിസ്സു ദേവന്മാരിലെത്തിച്ചാലും! 18

അഗ്നേ, യജ്ഞപാലക, ഭവാനെ ജനങ്ങളുടെഇടയിൽ ഞങ്ങഠംതന്നെയാണ്, ചമതകൊണ്ടു വളൎത്തിയത് അതിനാൽ ഞങ്ങളുടെ ഗൃഹനാഥത്വം വളരെക്കതിരകളുള്ള വണ്ടിയായിച്ചമയട്ടെ! അങ്ങ് ഞങ്ങളെ കട്ടംതേജസ്സുകൊണ്ടു വഴിപോലെ അണച്ചാലും! 19

---

14. വിട്ട=വ്യാപിച്ചവൻ.

15. അന്നങ്ങഠം—ഹവിസ്സുകഠം. ദ്യാവാപൃഥിവികളെ—തത്തദ്ദേവകളെ. വെച്ചിരിയ്ക്കുന്നു—യജമാനൻ.

16. കരവെച്ച—വക്കത്ത് കറിയാട്ടിൻരോമങ്ങഠം നിരത്തിയ. സ്വസ്ഥാനം—ഉത്തരവേദി. കൊണ്ടുപോയാലും—ദേവകളുടെ അടുക്കലെയ്ക്ക്.

17. അഗ്നി ഒളിച്ച കഥ മുമ്പുണ്ട് അഥർവാവ്—ഒരൃഷി. കടയുന്നു—അരണിമഥനംകൊണ്ടുൽപാദിപ്പിയ്ക്കുന്നു.

19. വണ്ടിയായിച്ചമയട്ടെ—പുത്രപശുധനാദിപൂൎണ്ണമായിത്തീരട്ടെ എന്നു സാരം. അണയ്ക്കുക=മൂച്ച്കൂട്ടുക, ഉത്തേജിപ്പിയ്ക്കുക.

Digitized By Kerala Sahitya Akademi

## സൂക്തം 16.

ഭരദ്വാജൻ ഋഷി; വർദ്ധമാനഗായത്രിയും, അനുഷ്ടുപ്പും, ത്രിഷ്ടുപ്പും, ഗായത്രിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, എല്ലാ യജ്ഞങ്ങൾക്കും ഹോതാവായി മനുഷ്യരിൽ ദേവകളാൽ വെയ്ക്കപ്പെട്ടവനാണ്, ഭവാൻ. 1

ആ നിന്തിരുവടി ഇമ്പപ്പെടുത്തുന്ന ജ്വാലകൾകൊണ്ടു മഹാന്മാരെ യജിച്ചാലും—ദേവന്മാരെ കൊണ്ടുവന്നു യജിച്ചാലും! 2

വിധാതാവേ, സുകർമ്മാവേ, അഗ്നിദേവ, അവിടെയ്ക്കു നേരേ അറിയാമല്ലോ, യാഗങ്ങളിൽ വൻവഴികളും ചെറുവഴികളും! 3

അഗ്നേ, യജനീയനായ നിന്തിരുവടിയെ ഭരതൻ ഇരുസുഖങ്ങൾക്കായി ഋത്വിക്കുകളോടുകൂടി സ്തുതിച്ചു; യജ്ഞവും ചെയ്തു! 4

നിന്തിരുവടി ഈ ബഹുധനങ്ങൾ, സോമം പിഴിഞ്ഞ ദിവോദാസനെന്നപോലെ, ഹവിസ്സർപ്പിയ്ക്കുന്ന ഭരദ്വാജനു നല്കിയാലും! 5

അമർത്ത്യനായ ഭവാൻ മേധാവിയുടെ ശോഭനസ്തുതി ശ്രവിച്ചു, ദൂതനായി ദേവകളെ കൊണ്ടുവന്നാലും! 6

അഗ്നേ, ശോഭനധ്യാനരായ മനുഷ്യർ ദേവന്മാരെ ഊട്ടാൻ, ദേവനായ അങ്ങയെ യജ്ഞങ്ങളിൽ സ്തുതിച്ചുപോരുന്നു. 7

ശോഭനദാനനായ ഭവാന്റെ തേജസ്സിനെയും കർമ്മത്തെയും ഞാൻ പൂജിയ്ക്കുന്നു: എല്ലാവരും ലബ്ധകാമരായി സേവിയ്ക്കാറുണ്ടല്ലോ. 8

---

### സൂക്തം 16.

2. മഹാന്മാർ—ദേവന്മാർ.

3. മാർഗ്ഗഭ്രഷ്ടനായ യഷ്ടാവിനെ വീണ്ടും മാർഗ്ഗത്തിലാക്കിയാലും എന്നു ഹൃദയം.

4. ഭരതൻ—ദുഷ്ഷന്തപുത്രനായ രാജാവ്. ഇരുസുഖങ്ങൾ—ഇഷ്ടപ്രാപ്തിയും അനിഷ്ടപരിഹാരവും.

ഭരദ്വാജന്ന്—എനിയ്ക്ക്.

6. മേധാവിയുടെ—എന്റെ.

8. ലബ്ധകാമരായി—ഭവാങ്കൽനിന്ന് അഭീഷ്ടങ്ങൾ നേടി.

Digitized By Kerala Sahitya Akademi

അഗ്നേ, മനുവിനാൽ ഹോതാവാക്കപ്പെട്ടവനും, വായ്ക്കൊള്ളുന്നവനും, വലിയ വിദ്വാനുമാണല്ലോ, അവിടുന്ന്; അങ്ങ് വിണ്ണവരെ യജിച്ചാലും! 9

അഗ്നേ, അമരന്മാർക്കു ഹവിസ്സു കൊണ്ടുകൊടുപ്പാനും വരിക: സ്തുതിയ്ക്കപ്പെടുന്ന ഭവാൻ ഹോതാവായി ദർഭയിലിരുന്നാലും! 10

അംഗിരസ്സേ, ആ നിന്തിരുവടിയെ ഞങ്ങൾ ചമതകൊണ്ടും നെയ്കൊണ്ടും വളർത്താം; യുവതമ, ഏറാവും ഉജ്ജ്വലിച്ചാലും! 11

ദേവ, അഗ്നേ, ആ നിന്തിരുവടി ഞങ്ങൾക്കു പൃഥുലവും പ്രശംസനീയവും നല്ല വീര്യത്തോടുകൂടിയതും മഹത്തുമായ (ധനം) അയച്ചുതന്നാലും! 12

അഗ്നേ, അങ്ങയെ അഥർവാവു വിശ്വത്തെ വഹിയ്ക്കുന്ന ശിരസ്സായ താമരയിലയിൽ കടഞ്ഞുൽപാദിപ്പിച്ചു. 13

ആ വൃത്രഘ്നനും പുരന്ദരനുമായ അങ്ങയെ അഥർവാവിന്റെ പുത്രൻ ദധ്യംഗ് എന്ന ഋഷി ജ്വലിപ്പിച്ചു. 14

ദസ്യുക്കളെ കൊന്നൊടുക്കുന്നവനും യുദ്ധത്തിൽ യുദ്ധത്തിൽ ധനഞ്ജയനുമായ ആ അങ്ങയെത്തന്നേ പാഥ്യനായ വൃഷാവ് സമുജ്ജ്വലിപ്പിച്ചു. 15

അഗ്നേ, വരിക: അങ്ങയ്ക്കായി ഞാൻ ഇങ്ങനെ മറ്റു സ്തുതികളും ചൊല്ലാം. അങ്ങ് സോമം കുടിച്ചു വളർന്നാലും! 16

അങ്ങയുടെ തിരുവുള്ളം ആരിലെങ്കിലും പതിഞ്ഞാൽ, അവന്നു ഭവാൻ മികച്ച ബലം നല്കും; പാപ്പുമുറപ്പിയ്ക്കും. 17

---

9. വായ്ക്കൊള്ളുന്നവൻ—ഹവിസ്സുകളെ. വായ്—ജ്വാല.

12. പൃഥുലം=വിശാലം.

13. താമരയിലയിലത്രേ, പ്രജാപതി ഭൂമിയെപ്പുരത്തിയത്; ഭൂമി സർവജഗദാധാരവുമാണല്ലോ. അതിനാലാണ്, താമരയിലയ്ക്കു വിശ്വധാരകത്വം.

14. വൃത്രഘ്നൻ=ശത്രുഹന്താവ് പുരന്ദരൻ—അസുരപുരങ്ങളെ പിളർത്തവൻ. ദധ്യംഗ്—ദധീചൻ (?)

15. ധനഞ്ജയൻ—ശത്രുധനങ്ങളെ കീഴടക്കുന്നവൻ. പാഥ്യനായ വൃഷാവ്—ഒരൃഷി.

16. മററു സ്തുതികൾ—അസുരന്മാരാൽ ഉണ്ടാക്കപ്പെട്ട സ്തുതികൾ.

17. പാപ്പുമുറപ്പിയ്ക്കും—അവന്റെ അടുക്കൽ.

Digitized By Kerala Sahitya Akademi

ഭവാന്റെ തേജഃപൂരം കണ്ണുകളെ അഞ്ചിയ്ക്കരുതേ! ചുരുക്കം
പേരെമാത്രം വസിപ്പിയ്ക്കുന്നവനേ, ഭവാൻ (ഞങ്ങളുടെ) പരിചര്യ
സ്വീകരിച്ചാലും! 18

ദിവോദാസന്റെ വൈരികളെ വധിച്ച സൽപതിയും ബഹു
ജ്ഞനും ഭാരതനുമായ അഗ്നി വന്നുചേരും! 19

മഹത്ത്വംകൊണ്ടു ചുട്ടെരിയ്ക്കുന്നവനും, എതിർക്കപ്പെടാത്തവ
നും, ദ്രോഹിയ്ക്കപ്പെടാത്തവനുമായ തന്തിരുവടി ഭൂമിയിലെ സമ്പത്തെ
ല്ലാം തന്നരുളട്ടെ! 20

അഗ്നേ, ആ നിന്തിരുവടി പഴതെങ്കിലും ഇപ്പോഴും പുതുതായ,
വ്യാപിയായ, തിളങ്ങുന്ന തേജസ്സുകൊണ്ട് അന്തരിക്ഷത്തിന്നു വീതി
കൂട്ടുന്നു! 21

സഖാക്കളേ, ധർഷകനായ, വിധാതാവായ അഗ്നിയ്ക്കു നിങ്ങൾ
സ്തോത്രം പാടുവിൻ; ഹവിസ്സും അർപ്പിയ്ക്കുവിൻ. 22

തന്തിരുവടി ഇരുന്നരുളട്ടെ: മനുഷ്യൻ യാഗംചെയ്യുന്ന കാല
ത്തോളം, ഹോതാവും ദൂതനും ഹവ്യവാഹനുമാണല്ലോ, ആ ക്രാന്തപ്ര
ജ്ഞൻ! 23

ആ വിശുദ്ധകർമ്മാക്കളായ ഇരുരാജാക്കന്മാരെയും, ആദിത്യരെ
യും, മരുദ്ഗണത്തെയും, ദ്യാവാപൃഥിവികളെയും, വസോ, ഭവാൻ
ഇവിടെ യജിച്ചാലും! 24

അഗ്നേ, ബലത്തിന്റെ മകനേ, അമൃതനായ അങ്ങയുടെ പ്ര
ശംസനീയമായ പ്രകാശം മനുഷ്യന്ന് അന്നം നല്കിപ്പോരുന്നു. 25

---

18. അഞ്ചിയ്ക്കരുതേ—ഞങ്ങൾക്കു ദർശനശക്തി തരിക എന്നു ഹൃദയം. ചുരുക്കംപേരെമാത്രം—മിക്കവർക്കും ഈ ഭാഗ്യമുണ്ടാകില്ലല്ലോ!

19. ബഹുജ്ഞൻ=വളരെ വിഷയങ്ങൾ അറിയുന്നവൻ; സർവജ്ഞൻ എന്നർത്ഥം. ഭാരതൻ—ഹവിർവാഹി.

20. ചുട്ടെരിയ്ക്കുന്നവൻ—മരങ്ങളെയോ, ശത്രുക്കളെയോ.

22. ഋത്വിക്കുകളോട്:

23. ഇരുന്നരുളട്ടെ—ദർഭയിൽ ഉപവേശിയ്ക്കട്ടെ.

24. ഇരുരാജാക്കന്മാർ—മിത്രനും വരുണനും.

Digitized By Kerala Sahitya Akademi

അഗ്നേ, ദേവ, അങ്ങയെ യാഗത്തിന്ന് തികച്ചും കൊണ്ടുപോരുന്ന സുശീലരായ അശ്വങ്ങളെ പൂട്ടിയാലും! 43

നിന്തിരുവടി ഞങ്ങളുടെ അടുക്കലെയ്ക്കു വന്നാലും—അന്നമുണ്ണാനും സോമം കുടിപ്പാനും ദേവന്മാരെ കൊണ്ടുവന്നാലും! 44

അഗ്നേ, ഭാരത, അവിടുന്ന് ഉയരെ ജ്വലിയ്ക്കുക; നിജ്ജര, ദ്യുലോകം വിളങ്ങുന്ന ഭവാൻ അച്ഛിന്നമായ തേജസ്സുകൊണ്ടു വെളിച്ചം വീശുക! 45

ഒരു ദേവന്ന് അന്നം നിവേദിയ്ക്കുമ്പോഴ്, ആ ഹവിഷ്മാനായ മനുഷ്യൻ അധ്വരത്തിൽ അഗ്നിയെ സ്തുതിയ്ക്കണം—ദ്യാവാപൃഥിവികളുടെ ഹോതാവായ സത്യയഷ്ടാവിനെ കൈതൊഴുതു നമസ്കരിച്ചു പരിചരിയ്ക്കണം. 46

അഗ്നേ, ഞങ്ങൾ മനസ്സുകൊണ്ടു പാകപ്പെടുത്തിയ ഋക്കാകുന്ന ഹവിസ്സ് അവിടെയ്ക്കു കാണിയ്ക്കവെയ്ക്കാം: അത് അവിടെയ്ക്കു യുവവൃഷഭങ്ങളും പൈക്കളുമായിത്തീരട്ടെ! 47

ആർ സമ്പത്തു വീണ്ടെടുത്തുവോ, ബലത്താൽ രക്ഷസ്സുകളെ ഹനിച്ചുവോ; പാപങ്ങളെ തീരെ നശിപ്പിയ്ക്കുന്ന ആ അഗ്രിമനായ അഗ്നിയെ ദേവകൾ ജ്വലിപ്പിച്ചുപോരുന്നു! 48

അഞ്ചാമധ്യായം സമാപ്തം.

## ആറാമധ്യായം.

### സൂക്തം 17.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ത്രിപദാത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.
(കാകളി)

ഏതിനായ് വീണ്ടു, നുതൻ നീ പെരിയ ഗോ-
യൂഥത്തെ;-യസ്സോമമിന്ദ്ര, കുടിയ്ക്ക, നീ:

46. ഹോതാവ്=വിളിയ്ക്കുന്നവൻ. സത്യയഷ്ടാവ്—അഗ്നി.

47. പാകപ്പെടുത്തിയ—പചിച്ച, വെടുപ്പുവരുത്തിയ. യുവവൃഷഭങ്ങളും—അങ്ങയ്ക്കു ഭക്ഷിപ്പാൻ.

48. സമ്പത്ത്— അസുരന്മാരപഹരിച്ച ധനം.

Digitized By Kerala Sahitya Akademi

എല്ലാം മാച്ചു രിപുവെമ്പലാൽക്കൊന്നു-
വല്ലോ, ഭവാനുഗ്ര, വജ്രിൻ, പ്രധൃഷ്ക! 1
ആർ താരക,നാർജ്ജീഷവാ,നാർ നതി
ചെയ്യുവർക്ക് വൃഷാ,വാർ ശോഭനഹനു,
ആർ ഗോത്രഭിത്താ,ർ സവജ്ഞൻ ഹരിസ്ഥിത,-
നാ നീ തരികി,ന്ദ്ര, ചിത്രഭോജ്യങ്ങളെ! 2
ഇന്ദ്ര, കുടിയ്ക്കു, മുൻമട്ടിതി;-മ്പപ്പെട്ട-
കി;-നുതി കേൾക്കുക; വായ്ക്കുക, വാഴ്ത്തലാൽ;
സൂരനെക്കാട്ടുകി;-ങ്ങന്നം നിറയ്ക്കുക;
വൈരിയെക്കൊല്ലു; വരുത്തുക, ഗോക്കളെ! 3
അന്നാവൻ, നീ കുടിയ്ക്കിന്ദ്ര: സുദീപ്തനാം
നിന്നെ മുക്കട്ടെ,യീ മത്തിയററും മധു—
ഇമ്പപ്പെടുത്തട്ടെ, വായ്പുററ വമ്പനെ,-
സ്സമ്പൂർണ്ണനെ,ക്കീഴമപ്പോനെ,യാഢ്യനെ! 4
നീയിതിൻമത്തുകൊണ്ടല്ലോ, തമസ്സററ-
ത്തീയുഷസ്സൂര്യരെയിന്ദ്ര, വാഴിച്ചതും,
ചൊററുമിടംവിട്ടിളകാത്ത, ഗോക്കളെ-
ച്ചൂററുമടച്ച പെരുംകുന്നടച്ചതും! 5

---

സൂക്തം 17.

1. ഏതിനായ്—യാതൊന്നു കുടിപ്പാൻ. നുതൻ—അംഗിരസ്സുകളാൽ സ്തുതിയ്ക്കപ്പെട്ടവൻ. ഗോയൂഥത്തെ=ഗോസമൂഹത്തെ. വീണ്ടു—വീണ്ടെടുത്തു. രിപു—വൃത്രൻ.

2. താരകൻ—ശത്രുപ്പുഴ കടത്തുന്നവൻ. വൃഷാവ്—അഭീഷ്ടവർഷി. ചിത്രഭോജ്യങ്ങൾ=വിവിധാന്നങ്ങൾ.

3. ഇത്—സോമം. ഇന്നുതി—ഞങ്ങളുടെ സ്തുതി. വാഴ്ത്തലാൽ വായ്ക്കുക—സ്തുതികൊണ്ടു വൎദ്ധിച്ചാലും. സൂരനെക്കാട്ടുക—സൂൎയ്യനെ ഞങ്ങൾക്കു കാണുമാറാക്കുക. ഗോക്കൾ—അസുരന്മാർ അപഹരിച്ച.

4. അന്നവൻ= ഹേ അന്നയുക്ത. ഉത്തരാൎദ്ധത്തിലെ ദ്വിതീയാന്തപദങ്ങളെല്ലാം നിന്നെ എന്നതിന്റെ വിശേഷണങ്ങൾ.

5. ഉഷസ്സൂൎയ്യർ=ഉഷസ്സും സൂൎയ്യനും. വാഴിച്ചതും—സ്വസ്ഥാനത്തു നിൎത്തിയതും. ഇടംവിട്ട്—നില്ക്കുന്നേടത്തുനിന്ന്.

Digitized By Kerala Sahitya Akademi

നിൻപ്രജ്ഞയാൽ, നിൻക്രിയാകൌശലങ്ങളാൽ
നിൎത്തുന്നു, പക്വമാം പാൽ നീയപക്വയിൽ;
കട്ടിക്കതക് തുറന്നു പുറത്തേയ്ക്കു
വിട്ടു, ഗോശ്രേണിയെസ്സാംഗിരസ്സായ നീ! 6

വന്മനിതിന്ദ്ര, നിറച്ചു, മഹാൻ ഭവാൻ;
കൎമ്മവാസ്സാലുറപ്പിച്ചു, വാൎവിണ്ണിനെ;
നിൎത്തീ, സുരക്ഷം ജലത്തിനും താഴ്ത്തളാ,-
മസ്തോകമാരാം പഴയ ഭൂദ്യോക്കളെ! 7

ഇന്ദ്ര, കരുത്താളുമേകനാമങ്ങയെ
മുൻനിൎത്തി, യുദ്ധത്തിനനുചരേവരും:
നേരിട്ടുവല്ലോ, നിലിമ്പരെദ്ദൈത്യ:—ന-
ല്പോരിങ്കലിന്ദ്രനിലെത്തീ, (മരുത്തുകൾ). 8

വന്നൊതിൎത്തീടുന്ന വൃത്രനെസ്സൎവാന്ന-
നിന്ദ്രനുറങ്ങാൻ നിഹനിച്ചവേളയിൽ
ആ വിണ്ണുലകം കുനിഞ്ഞുപോയ്, നിൻക്രോധ-
ഭാവവും വജ്രവും കണ്ടു പേടിയ്ക്കയാൽ! 9

ത്വഷ്ടാവു തീൎത്താൻ, മഹാനാം നിനക്കുഗ്ര,
മൊട്ടു്നൂറുള്ളോരു വജ്രമൃജീഷവൻ:
ആയിരംവായ്ത്തലചേരുമതെത്തല്ലി
നീയരച്ചൂ, കിണഞ്ഞാൎത്തേറ വൃത്രനെ! 10

---

6. ക്രിയാകൌശലം=കൎമ്മസാമൎത്ഥ്യം. അപക്വ—മൂപ്പെത്താത്ത പശു. കട്ടിക്കതക്=ഉലോം ഉറപ്പിയ്ക്കപ്പെട്ടിരുന്ന ഗുഹാദ്വാരം. സാംഗിരസ്സ്=അംഗിരസ്സുകളോടുകൂടിയവൻ.

7. നിറച്ചു—സസ്യാദികൾകൊണ്ട് കൎമ്മവാസ്സ്—വലിയ കൎമ്മം. അസ്തോകമാർ=അനല്പകൾ, മഹതികൾ.

8. ദൈത്യൻ—വൃത്രൻ. മരുത്തുകൾ ഇന്ദ്രനിലെത്തീ—സഹായിപ്പാൻ; മററു ദേവന്മാർ ഓടിപ്പോവുകയാണ് ചെയ്തത്

9. സൎവാന്നൻ=എല്ലാ അന്നങ്ങളോടുംകൂടിയവൻ. ഉറങ്ങാൻ—ദീൎഘനിദ്രയ്ക്ക്. പൂൎവാൎദ്ധം പരോക്ഷം.

10. തീൎത്താൻ=നിൎമ്മിച്ചു.

Digitized By Kerala Sahitya Akademi

ഇന്ദ്ര, സമപ്രീതരുമ്പരെല്ലാം വള-
ൎത്തുന്ന ഭവാനായ്പ്പചിച്ചു, നൂൎപോത്തിനെ;
വിഷ്ണുപൂഷാക്കൾ പകൎന്നു, മുപ്പാത്രത്തിൽ
വൃത്രഘ്നമായ മത്തേകുന്ന സോമനീർ! 11

ആറുകൾക്കായ് വിട്ടു, ചുറ്റും മറച്ച വൻ-
നീരത്തെ—വെള്ളപ്പരപ്പിനെ—യിന്ദ്ര, നീ;
താഴ്ത്തിയുണ്ടാക്കി,യവയ്ക്കു വഴികളും;
ചേൎത്തു, കുതിക്കും ജലങ്ങളെയാഴിയിൽ! 12

ഇമ്മട്ടതൊക്കെയും ചെയ്ത സുവീരനെ,-
കമ്രാസ്ത്രവജ്രനെ,യുഗ്രനെ,യിന്ദ്രനെ—
നിൎജ്ജരനായ് മഹാനായ ബലദനാം
നിന്നെ—രക്ഷയ്ക്കിങ്ങണയ്ക്കും, നവസ്തവം! 13

അബ്ബുവാനിന്ദ്ര, കെല്പന്നംധനംയശ-
സ്സപ്പിയ്ക്കു; ധീ വായ്ച്ച ദീപ്തരാമെങ്ങളിൽ;
ഇന്ദ്ര, ഭരദ്വാജനാൎയ്യഭൃത്യാഢ്യനാ-
കി;-ന്ദ്ര, നീ നാളെയും രക്ഷിയ്ക്കു, ഞങ്ങളെ! 14

ചേരുകി,തുകൊണ്ടു ദേവാന്നമെങ്ങളിൽ;
നൂറാണ്ടു മത്താടുകെ,ങ്ങൾ സുവീരരായ്! 15

---

11. വളൎത്തുന്ന—സ്തുതികൊണ്ടു വൎദ്ധിപ്പിയ്ക്കുന്ന. മുപ്പാത്രം—ദ്രോണകലശം, പൂതഭൃത്ത്, ആധവനീയം. വൃത്രഘ്നം—ശത്രുക്കളെ കൊല്ലുന്നത്; ഇന്ദ്രന്നു ശത്രുവധശക്തിയുണ്ടാകുന്നതു സോമപാനത്താലാണെന്നൎത്ഥം.

12. മറച്ച—വൃത്രനാൽ മറയ്ക്കപ്പെട്ടിരുന്ന. വൻനീരത്തെ=മഹത്തായ ജലത്തെ. അവ—നദികൾ.

13. സുവീരൻ—നല്ല വീരന്മാരോടു(മരുത്തുക്കളോടു)കൂടിയവൻ. കമ്രാസ്ത്രവജ്രൻ=കമനീയങ്ങളായ ആയുധങ്ങളോടും വജ്രത്തോടുംകൂടിയവൻ. നവസ്തവം—ഞങ്ങളുടെ പുതിയ സ്തോത്രം.

14. ധീ വായ്ച്ച—മേധാവികളായ. ദീപ്തർ=തേജസ്വികൾ. ഭരദ്വാജൻ—ഞാൻ. ആൎയ്യഭൃത്യാഢ്യനാക—ആൎയ്യരോടും(കൎമ്മികളായ പുത്രന്മാരോടും), ഭൃത്യരോടുംകൂടിയവനാകട്ടെ. നാളെയും—മേലിലും.

15. ഇത്—ഈ സ്തുതി. ദേവാന്നം—ദേവനാൽ (ഇന്ദ്രനാൽ) ദത്തമായ അന്നം.

Digitized By Kerala Sahitya Akademi

സൂക്തം 18.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

കീഴമൎത്തുന്ന കരുത്തുള്ള നിഹന്താവും അഹിംസിതനുമായ പുരുഹൂതനുണ്ടല്ലോ; ആ ഇന്ദ്രനെത്തന്നേ നീ സ്തുതിയ്ക്കുക—കീഴമൎത്തപ്പെടാത്തവനും കീഴമൎത്തുന്നവനും മനുഷ്യൎക്കു വൃഷാവുമായ ഉഗ്രനെ ഈ സ്തുതികൾകൊണ്ടു വളൎത്തുക. 1

പെരികെപ്പൊടി പൊങ്ങിച്ച് ആൎത്തുപൊരുതുന്ന യോദ്ധാവും, ബലവാനും, ദാതാവും, വളരെ വസ്തുക്കൾക്കു സ്നിഗ്ദ്ധത വരുത്തുന്നവനും, ഋജീഷിയുമായ ആ ഏകൻ മനുഷ്യപ്രജകളിൽ ചെല്ലും; ഒപ്പം മത്തടിയ്ക്കും! 2

ആ ഏകനായ ഭവാൻ ദസ്യുക്കളെ അടക്കി; കൎമ്മിയ്ക്ക് ആൾക്കാരെ കൊടുത്തു—ഇന്ദ്ര, അങ്ങയ്ക്കുണ്ടോ, ആ വീൎയ്യം? ഇല്ലായിരിയ്ക്കും! അത് അവസരത്തിലവസരത്തിൽ അരുളിച്ചെയ്താലും! 3

ബലവാനേ, വളരെയിടങ്ങളിൽ പിറന്ന, ദ്രോഹിയ്ക്കുന്നവനെ ഹനിയ്ക്കുന്ന, ഉഗ്രനായ, പ്രവൃദ്ധനായ, വശപ്പെടാത്ത, വശത്താക്കേണ്ടുന്നവരെ വധിയ്ക്കുന്ന നിന്തിരുവടിയ്ക്ക് ആ ഉഗ്രവും ഉയൎന്നതുമായ ബലം ഉണ്ടെന്നുതന്നേ ഞാൻ വിചാരിയ്ക്കുന്നു! 4

'അങ്ങും ഞങ്ങളും തമ്മിലുള്ള ആ സഖ്യം നീണാൾ നില്ക്കട്ടെ' എന്നരിയാടുന്ന അംഗിരസ്സുകളോടുകൂടി, ദൎശനീയ, വീഴാത്തവയെയും വീഴ്ത്തുന്ന ഭവാൻ പൊരുതുന്ന വലനെ വധിച്ചു; അവന്റെ പുരികളും വാതിലുകളുമെല്ലാം പൊളിച്ചു! 5

---

സൂക്തം 18.

1. തന്നോടുതന്നേ പറയുന്നത്: ഉഗ്രൻ=ഓജസ്വി.

2. സ്നിഗ്ദ്ധത—മഴയാൽ.

3. ദസ്യുക്കൾ—കൎമ്മരഹിതർ. ആൾക്കാർ—പുത്രഭൃത്യാദികൾ. ഇന്ദ്രനെ സ്തുതിച്ചിട്ടും കണ്ടുകിട്ടാഞ്ഞതിനാൽ ഋഷി സംശയിച്ചു ചോദിയ്ക്കുന്നു:

4. ഋഷി സ്വയം തീൎച്ചപ്പെടുത്തുന്നു: വളരെയിടങ്ങളിൽ പിറന്ന—അനേകയജ്ഞങ്ങളിൽ ആവിൎഭവിച്ച. വശപ്പെടാത്ത—ശത്രുക്കൾക്ക്. വശത്താക്കേണ്ടുന്നവർ—ശത്രുക്കൾ.

5. സഖ്യം—സ്തുത്യസ്തോതൃരൂപമായ മൈത്രി.

Digitized By Kerala Sahitya Akademi

വമ്പിച്ച പോരിൽ സ്തുതിച്ചു വിളിയ്ക്കപ്പെടേണ്ടവനാകുന്നു, ആ ശേഷിനല്കുന്ന ഉഗ്രൻ; അങ്ങനെതന്നേ, പുത്രപൌത്രലാഭത്തിന്നും. യുദ്ധങ്ങളിൽ വിശേഷിച്ചും വന്ദനീയനാണ്, ആ വജ്രപാണി! 6

അദ്ദേഹം കമ്പിട്ടുവിയ്ക്കുന്ന അക്ഷയബലംകൊണ്ടു മനുഷ്യജാതിയെ അതിശയിച്ചിരിയ്ക്കുന്നു; നേതൃമുഖ്യനായ അദ്ദേഹം യശസ്സിലും, അദ്ദേഹം സമ്പത്തിലും, അദ്ദേഹം വീര്യത്തിലും ഒരുപോലെ മേന്മയുള്ളവനാകുന്നു! 7

ഇന്ദ്രൻ മോഹാലസ്യപ്പെട്ടില്ല; വെറുതേ വല്ലതും ചെയ്തില്ല. ആ പ്രഖ്യാതനാമാവു പുരികളെ ക്ഷിപ്രം പൊളിപ്പാനും ഉറക്കാനുമായി, ചുമുരി, ധുനി, പിപ്രു, ശംബരൻ, ശുഷ്ണൻ എന്നിവരെ പൊതുക്കി! 8

ഇന്ദ്ര, മെലിയിയ്ക്കുന്ന അതിസ്തുത്യമായ കെല്പയന്ന് നിന്തിരുവടി വൈരിവധത്തിന്നു തേരിൽക്കേറുക: വലംതൃക്കയ്യിൽ വജ്രമെടുക്കുക; വളരെസ്സമ്പത്തുള്ളവനേ, നേരിട്ടു മായകളെ കൊന്നൊടുക്കുക! 9

ഇന്ദ്ര, കൊടിയ ഇടിത്തീയിന്നൊത്ത ഭവാൻ, അഗ്നി ഉണക്കക്കാടിനെയെന്നപോലെ, രക്ഷസ്സിനെ ആയുധംകൊണ്ടു ചുട്ടെരിച്ചാലും: ആ ദുർദ്ധർഷമായ മഹാവജ്രംകൊണ്ടു ചതയ്ക്കുകയും, അലറുകയും, ദുരിതങ്ങളെ പിളർത്തുകയും ചെയ്യുവനാണല്ലോ, ഭവാൻ! 10

ബഹുവിത്ത, ബലപുത്ര, ഇന്ദ്ര, നിന്തിരുവടി കെല്പേറിയ ഒരായിരം വാഹനങ്ങളിലൂടേ ഇങ്ങോട്ടെഴുന്നള്ളിയാലും: പുരുഹൂത, ഒരസുരനും ആളാകില്ലല്ലോ, അങ്ങയെ പിന്മാററാൻ! 11

ആ വളർന്ന ധർഷകനായ ബഹുവിത്തന്റെ മഹിമാവു വിണ്ണിനെയും മന്നിനെയും കവിച്ചിരിയ്ക്കുന്നു: കീഴമർത്തുന്ന മഹാപ്രജ്ഞനായ അവിടെയ്ക്ക് ഒരു ശത്രുവില്ല, തുല്യനില്ല, ആശ്രയമില്ല! 12

---

6. പുത്രപൌത്രലാഭത്തിന്നും വിളിയ്ക്കപ്പെടേണ്ടവനാകുന്നു.

7. കമ്പിട്ടുവിയ്ക്കുന്ന—എതിരാളികളെ.

8. മോഹാലസ്യപ്പെട്ടില്ല—യുദ്ധത്തിൽ. പുരികൾ—ശത്രുക്കളുടെ. ഉറക്കുക—കൊല്ലുക. ചുമുരിമുതൽ അഞ്ചുപേരും അസുരന്മാരാണ്.

9. മെലിയിയ്ക്കുന്ന—ശത്രുക്കളെ ശോഷിപ്പിയ്ക്കുന്ന. മായകൾ—അസുരന്മാർ എന്നർത്ഥം.

10. ചതയ്ക്കുകയും—ശത്രുക്കളെ.

11. ബലപുത്ര—ഓജസ്സിൽനിന്നു ജനിച്ചവനേ.

12. ആശ്രയമില്ല—താനാണ്, എല്ലാററിന്നും ആശ്രയം.

Digitized By Kerala Sahitya Akademi

അവിടുന്ന് അച്ചെയ്തത് ഇന്നും പ്രസിദ്ധമാണ്: കത്സനെയും ആയുവിനെയും ദിവോദാസനെയും രക്ഷിച്ചുവല്ലോ; ഭൂമിയിൽ പാഞ്ഞെ ലഞ്ഞ ദിവോദാസനെ വജ്രംകൊണ്ടു കരയേറ്റി, അനേകായിരം നല്കുകയുംചെയ്തു! 13

ദേവ, ഇപ്പോഴും സ്തോതാക്കളെല്ലാം, മേഘത്തെപ്പിളത്താൻ വേണ്ടി, കവികളിൽവെച്ചു മഹാകവിയായ നിന്തിരുവടിയെ സ്തുതിച്ചുപോരുന്നു: പുകഴ്ത്തപ്പെടുന്ന നിന്തിരുവടി ദുഃഖിതനായ സ്തോതാവിന്നും മകനും ധനം കല്പിച്ചുനല്കിയല്ലോ! 14

ഇന്ദ്ര, ഭവാന്റെ ആ ബലത്തെ ദ്യാവാപൃഥിവികളും അമർത്ത്യരായ ദേവകളും അനുസരിച്ചുപോരുന്നു. ബഹുകർമ്മാവേ, ഇനി, ഭവാൻ ചെയ്തിട്ടില്ലാത്തതു കല്പിച്ചു ചെയ്യുക— യജ്ഞങ്ങളിൽ ഒരു പുതിയ സ്തോത്രവും ഉളവാക്കുക! 15

---

സൂക്തം 19.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഒരു രാജാവുപോലെ ആളുകളുടെ അഭീഷ്ടം പൂരിപ്പിക്കുന്ന മഹാനായ ഇന്ദ്രൻ വന്നണയട്ടെ: ബലങ്ങളാൽ ഹിംസിക്കപ്പെടാത്ത ആ ഇരുലോകത്തലവൻ നമുക്കുവേണ്ടി വീരകർമ്മത്തിന്നു മുതിരും; തടിച്ചു തഴച്ച തന്തിരുവടിയെ കർമ്മികൾ പരിചരിക്കുന്നു! 1

മഹാൻ, ഗമനശീലൻ, അജരൻ, യുവാവ്, അമർത്തപ്പെടാത്ത ബലംകൊണ്ടു വളൎന്നവൻ— ഇങ്ങനെയുള്ള ഇന്ദ്രനിൽത്തന്നെയാണ്,

---

13. ആയു—പുരൂരവഃപുത്രൻ. അനേകായിരം—ശംബരന്റെ ധനം.

14. മേഘത്തെപ്പിളത്താൻ—മഴപെയ്യാൻ. ദുഃഖിതൻ—ദാരിദ്ര്യാദികളാൽ.

15. ഇതുവരെ ചെയ്തതൊക്കെ സ്തുതിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

സൂക്തം 19.

1. ഇരുലോകത്തലവൻ—വിണ്ണിന്റെയും മന്നിന്റെയും മേലാൾ. തഴച്ച—ഗുണപ്രവൃദ്ധനായ.

Digitized By Kerala Sahitya Akademi

സ്തുതി ദാനാൎത്ഥം ചെല്ലുന്നത്  പിന്നപ്പോൾത്തന്നെ തികച്ചും വള
ൎന്നവല്ലോ, താൻ! 2

ഇന്ദ്ര, നിന്തിരുവടി തടിച്ച, പണിയെടുക്കുന്ന, വളരെ കൊ
ടുക്കുന്ന തൃക്കൈകൾ, അന്നം തരാൻ ഞങ്ങളുടെ നേൎക്കു നീട്ടിയാലും;
ദാനതൽപരനായ അവിടുന്നു യുദ്ധത്തിൽ ഞങ്ങളെ, ഒരിടയൻ മാടിൻ
കൂട്ടത്തെയെന്നപോലെ മുമ്പോട്ടു തെളിയ്ക്കണം! 3

ശത്രുസൂദനനായി, തന്റെ ശക്തരോടു ചേൎന്നവനായിരിയ്ക്കുന്ന
ആ ഇന്ദ്രനായ നിന്തിരുവടിയെ ഇപ്പോൾ ഇവിടെ അന്നാകാംക്ഷിക
ളായ ഞങ്ങൾ സ്തുതിച്ചുകൊള്ളുന്നു: പണ്ടത്തെ സ്തോതാക്കൾ അനി
ന്ദ്യരും അനാവൃത്യരും അനുപദ്രവരുമായിത്തീൎന്നുവല്ലോ! 4

കൎമ്മവാനും, സോമംകൊണ്ടു വളൎന്നവനും, വരണീയമായ ശ്രേ
ഷ്ഠധനം നല്കുന്നവനും, ബഹ്വന്നനുമാണല്ലോ, തന്തിരുവടി: തന്തി
രുവടിയിൽത്തന്നെയാണ്, വേണ്ടുന്ന സമ്പത്തുകൾ, നദികൾ സമുദ്ര
ത്തിലെന്നപോലെ ചെന്നുചേരുന്നത്! 5

ശൂര, കീഴമൎത്തുന്നവനേ, അവിടുന്നു ഞങ്ങൾക്കു ബലിഷ്ഠമായ
ബലവും, കടുത്ത ഓജിഷ്ഠമായ ഓജസ്സും കൊണ്ടുവരിക; ഹൎയ്യശ്വ, മനു
ഷ്യൎക്കു വീൎയ്യമുളവാക്കുന്ന വിഭൂതികൾ ഏവയോ, അവയെല്ലാം തന്നു
ഞങ്ങളെ ആഹ്ലാദിപ്പിയ്ക്കുക! 6

ഇന്ദ്ര, പടയെ കീഴമൎത്തുന്ന അഹിംസിതമായ ഒരിമ്പമുണ്ട
ല്ലോ, അങ്ങയുടെപക്കൽ; പ്രവൃദ്ധമായ അതു ഞങ്ങൾക്കു കൊണ്ടുവ
ന്നാലും: ഇതൊന്നുകൊണ്ടു, ഞങ്ങൾ ഭവാനാൽ രക്ഷിയ്ക്കപ്പെട്ടു വിജ
യം നേടി, പുത്രപൌത്രലബ്ധിയ്ക്കായി സ്തുതിയ്ക്കുമാറാകണം! 7

---

2. അമൎത്തപ്പെടാത്ത—ശത്രുക്കളാൽ. ദാനാൎത്ഥം—ധനം കിട്ടാൻ. താൻ—തന്തിരുവടി.

4. തന്റെ ശക്തർ—മരുത്തുക്കൾ. പണ്ടത്തെ സ്തോതാക്കൾക്കു കിട്ടിയ നന്മ ഞങ്ങൾക്കും കിട്ടട്ടേ എന്നു ധ്വനി.

6. ബലിഷ്ഠം, ഓജിഷ്ഠം എന്നിവയ്ക്കു ഉലോം മികച്ച എന്നൎത്ഥം.

7. പടയെ—ശത്രുസേനയെ. ഒരിമ്പം—ലഹരിപിടിച്ച ഒരു വീൎയ്യം. ഇത്—അങ്ങ് കൊണ്ടുവരുന്ന ഇമ്പം.



Digitized By Kerala Sahitya Akademi

ഇന്ദ്ര, വർഷകവും ധനരക്ഷകവും പ്രവൃദ്ധവും നല്ല ശേഷിയുള്ളതുമായ ബലം ഞങ്ങൾക്കു കൊണ്ടുവരിക: എന്നാൽ ഞങ്ങൾക്കു ഭവാന്റെ രക്ഷകൾകൊണ്ടു യുദ്ധങ്ങളിൽ ശത്രുക്കളെ ഹനിയ്ക്കാം—ബന്ധുക്കളെയും അബന്ധുക്കളെയും പാട്ടിൽനിർത്താം! 8

ഇന്ദ്ര, അങ്ങയുടെ വർഷകമായ ബലം പടിഞ്ഞാറുനിന്നോ, വടക്കുനിന്നോ, തെക്കുനിന്നോ, കിഴക്കുനിന്നോ വന്നെത്തട്ടെ—എല്ലാ ദിക്കിൽനിന്നും ഇങ്ങോട്ടു വരട്ടെ: അവിടുന്നു ഞങ്ങൾക്കു സുഖകരമായ ധനം തരിക! 9

ഇന്ദ്ര, ആൾക്കാരും യശസ്സും ചേർന്ന ധനവും, തുലോം ത്രാണിയുള്ള രക്ഷയും ഭവാങ്കൽനിന്നു ഞങ്ങൾക്കു കിട്ടുമാറാകണം: തമ്പുരാനേ, ഇരുസമ്പത്തിന്റെയും ഉടമയാണല്ലോ, അവിടുന്ന്; വിപുലവും വിശിഷ്ടവും മഹത്തുമായ രത്നം കല്പിച്ചുതന്നാലും! 10

മരുത്ത്വാനും, വൃഷാവും, തഴച്ചവനും, കൊള്ളാവുന്നവരോടു പൊരുതുന്നവനും, തേജസ്വിയും ശാസിതാവും, ഉലകടക്കിയവനും, ഉഗ്രനും, ബലപ്രദനുമായ ആ ഇന്ദ്രനെ ഞങ്ങൾ ഇവിടെ പുതിയ രക്ഷയ്ക്കായി സ്തുതിയ്ക്കുന്നു. 11

വജ്രിൻ, ഞാൻ യാവചിലരിൽ പെട്ടവനോ, ആ മനുഷ്യരിൽ മീതേ ഗണിയ്ക്കപ്പെടുന്ന ആളെ അങ്ങ് പാട്ടിലാക്കണം: ഇനി, ഭൂമിയിൽ യുദ്ധം വന്നാൽ, ഞങ്ങൾ മകനും ഗോക്കൾക്കും വെള്ളത്തിനുംവേണ്ടി അങ്ങയെ വിളിയ്ക്കും! 12

പുരുഹൂത, ഈ സഖ്യംകൊണ്ടു ഞങ്ങൾ അങ്ങയോടൊന്നിച്ച് ഇരുവൈരികളെ വധിച്ചു, ശത്രുവിനെ ശത്രുവിനെ കവിച്ചുനില്ക്കുമാറാകണം; ശൂര, ഞങ്ങൾ ഭവാനാൽ രക്ഷിയ്ക്കപ്പെട്ടു, വമ്പിച്ച സമ്പത്തിനാൽ മത്തടിയ്ക്കുമാറാകണം! 13

---

8. ശേഷി=ത്രാണി. ബലം—സേന. എന്നാൽ—അതു കിട്ടിയാൽ.

10. ഇരുസമ്പത്ത്—ഭൌമ–ദിവ്യസമ്പത്തുകൾ.

11. കൊള്ളാവുന്നവരോട്—മോശക്കാരോടു പൊരുതില്ല.

13. ഇരുവൈരികൾ—ബന്ധുക്കളും അബന്ധുക്കളുമായ ശത്രുക്കൾ. ശത്രുവിനെ ശത്രുവിനെ—ഓരോ ശത്രുവിനെയും.

Digitized By Kerala Sahitya Akademi

സൂക്തം 20.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും വിരാട്ടും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, യാതൊരു ധനം പടകളിൽ പററലരെ, സൂര്യൻ ഭുവനങ്ങളെയെന്നപോലെ, കെല്പുകൊണ്ടു കീഴടക്കുമോ, അതിനെ—കൃഷിനിലങ്ങളുള്ളവനും ആയിരം കെട്ടിവെയ്ക്കുന്നവനുമായ അരിന്ദമനെ—ബലസൂനോ, ഭവാൻ ഞങ്ങൾക്കു തന്നാലും! 1

ഇന്ദ്ര, ഋജീഷിൻ, അങ്ങയ്ക്കു, സൂര്യനൊന്നപോലെ, വിപുലമായ യഥാൎത്ഥബലം സ്തോതാക്കളാൽ ഉളവാക്കപ്പെട്ടു: ഇതുൎകൊണ്ടാണല്ലോ, ഭവാൻ വിഷ്ണുവിനോടൊന്നിച്ചു, ജലങ്ങളെ മാച്ച അഹിയായ വൃത്രനെ വധിച്ചതു്! 2

നിഹന്താവും, ഓജിഷ്ഠനും, ബലവാനെക്കാൾ ബലവാനും, സ്തുതിയ്ക്കപ്പെട്ടവനും, തേജസ്സു തഴച്ചവനുമായ ഇന്ദ്രൻ പുരികളെല്ലാം പിളൎത്തുന്ന(വജ്രം)കൈവന്നതോടേ, സോമത്തേനിന്റെ സ്വാമിയായി! 3

ഇന്ദ്ര, ഈ യുദ്ധത്തിൽ, മേധാവിയായ ഹവിസ്സമൃദ്ധകൽനിന്നു പണികൾ നൂറുനൂറോടേ പാഞ്ഞുപോയി; അങ്ങു് ശേഷി തികഞ്ഞ ശുഷ്ണന്റെ മായകളെ ആയുധങ്ങൾകൊണ്ടു മുച്ചൂട്ടും മുടിച്ചു; കൊററും ഒരിററു ബാക്കിവെച്ചില്ല! 4

വജ്രമേററതോടേ ശുഷ്ണൻ നടകൊണ്ടു! ആ പെരുംദ്രോഹിയുടെ പടയുമൊക്കെ പായിയ്ക്കപ്പെട്ടു. പിന്നീടു് ഇന്ദ്രൻ സാരഥിയ്ക്കു, സൂൎയ്യനോടെതിപ്പാൻ പോന്ന ഒരു തേർ കല്പിച്ചുകൊടുത്തു. 5

---

സൂക്തം 20.

1. ധനം—പുത്രൻ.

2. സ്തോതാക്കളാൽ—സ്തുതിയാലത്രേ, ദേവതയ്ക്കു ബലമുണ്ടാകുന്നതു് അഹി—വൃത്രന്റെ മറെറാരു പേർ; വന്നു ഹനിയ്ക്കുന്നവൻ എന്നു ശബ്ദാൎത്ഥം.

3. സോമത്തേൻ—മധുരമായ സോമരസം.

4. ഹവിസ്സമൃദ്ധൻ—കുത്സൻ. പണികൾ—അസുരന്മാർ. നൂറുനൂറോടേ—ശതശതസൈന്യങ്ങളോടുകൂടി. കൊററും—ശുഷ്ണന്റെ സ്വത്തും നിശ്ശേഷം കീഴടക്കി.

5. നടകൊണ്ടു—മരണത്തിലെയ്ക്കു്. സാരഥി—കുത്സൻ: ശുഷ്ണയുദ്ധത്തിൽ ഇന്ദ്രനു കുത്സനായിരുന്നു, സൂതൻ.

Digitized By Kerala Sahitya Akademi

പരുന്തും മത്തുണ്ടാക്കുന്ന സോമം താന്തിരുവടിയ്ക്കു കൊണ്ടുവന്നു.
അവിടുന്നു മൂടിയനായ നമുചിയുടെ തല ചതച്ച്, ഉറങ്ങുന്ന സപ്യപുത്ര
നായ നമിയെ രക്ഷിച്ചു; അക്ഷയമായ സമ്പത്തും അന്നവും കല്പിച്ചു
കൊടുക്കുകയുംചെയ്തു! 6

വജ്രപാണേ, അവിടുന്നു കൊല്ലുന്ന മായകളുള്ള പിപ്രുവിന്റെ
ഉറപ്പുറ്റ പുരികൾ ബലത്താൽ പിളർത്തി; ശോഭനദാന, അവന്റെ
അധൃഷ്യമായ ധനം ഹവിസ്സർപ്പിച്ച ഋജിശ്വാവിന്നു നല്കുകയുംചെയ്തു! 7

വേണ്ടുന്ന സുഖങ്ങൾ നല്കുന്ന ആ ഇന്ദ്രൻ പെരുംചതിയനായ
വേതസുവിനെയും, ദശോണിയെയും, തൂതുജിയെയും, തുഗ്രനെയും, ഇഭ
നെയും, മകനെ അമ്മയെന്നപോലെ, ദ്യോതനന്ന് എന്നേയ്ക്കുമായി
കീഴ്പ്പെടുത്തി! 8

തൃക്കയ്യിൽ വൃത്രഘാതിയായ വജ്രമെടുക്കുന്ന എതിരറ്റ ഇന്ദ്രൻ
വൈരികളെ വധിയ്ക്കുന്നു; ഒരു യോദ്ധാവു തേരിലെന്നപോലെ, ഇരു
ഹരികളിൽ കേറുന്നു: വാക്കാൽ പൂട്ടപ്പെടുന്ന അവ ആ മഹാനെ വ
ഹിയ്ക്കുന്നു. 9

ഇന്ദ്ര, അങ്ങയുടെ രക്ഷയാൽ ഞങ്ങൾക്കു പുതുതു കിട്ടുമാറാക
ണം! മനുഷ്യർ ഇങ്ങനെ യജ്ഞംകൊണ്ടു സ്തുതിയ്ക്കുന്നു: വിധ്വംസക
രെ വധിച്ചു, പുരുകുത്സന്നു ധനം കൊടുത്ത ഭവാൻ ശരത്ത് എന്നവ
ന്റെ ഏഴു പുരികൾ വജ്രംകൊണ്ടു പിളർത്തിയല്ലോ! 10

ഇന്ദ്ര, ധനേച്ഛയാൽ വളർത്തുന്ന പുരാതനനായ അവിടുന്നു ന
വവാസ്ത്വനെ നിഹനിച്ചു, കവിപുത്രനായ ഉശനസ്സിന്റെ മകനെ, ആ
മഹാനായ അച്ഛന്നു വീണ്ടുകൊടുത്തു! 11

---

6. പരുന്ത്—സുപർണ്ണൻ. നമി—ഒരൃഷി.

7. ഋജിശ്വാവ്—ഒരു രാജാവ്

8. വേതസു തുടങ്ങി നാലുപേരും അസുരന്മാർ. ദ്യോതനൻ—ഒരു രാജാവ്.

10. പുതുത്—പുതിയ ധനം. വിധ്വംസകർ—കർമ്മം മുടിയ്ക്കുന്ന ശത്രുക്കൾ. പുരുകുത്സൻ—ഒരു രാജാവ് ശരത്ത്—ഒരസുരൻ.

11. വളർത്തുന്ന—സ്തോതാക്കളെ. നവവാസ്ത്വൻ—ഒരസുരൻ. മകനെ യുദ്ധത്തിൽ അസുരന്മാർ പിടിച്ചുവെച്ചിരിയ്ക്കുകയായിരുന്നു.

Digitized By Kerala Sahitya Akademi

ഇന്ദ്ര, വിറപ്പിയ്ക്കുന്ന ഭവാൻ ധുനിയാൽ നിരോധിയ്ക്കപ്പെട്ട ജലങ്ങളെ, നദികളെപ്പോലെ ഒഴുകാൻ വിട്ടു. ശൂര, അങ്ങ് സമുദ്രത്തിന്റെ മറുകരയിൽ ചെന്നു, തുർവശനെയും യദുവിനെയും സുഖേന കടത്തി! 12

ഇന്ദ്ര, യുദ്ധത്തിൽ അതെല്ലാം അങ്ങയുടെതന്നെ: അങ്ങ് ധുനിയെയും ചുമുരിയെയും കിടത്തിയുറക്കിയല്ലോ; അങ്ങയ്ക്കായി സോമം പിഴിഞ്ഞ, ചമത കൊണ്ടുവന്ന, ഹവിസ്സു പചിച്ച ദഭീതി ഉജ്ജ്വലിയ്ക്കുയുമായി! 13

---

## സൂക്തം 21.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

വീര, വളരെയെണ്ണം വാഞ്ഛിയ്ക്കുന്ന സ്തോതാവിന്റെ ഈ ശ്ലാഘ്യസ്തുതികൾ ആഹ്വാതവ്യനും രഥസ്ഥനും അജരനും അതിനൂതനനുമായ നിന്തിരുവടിയെ വിളിയ്ക്കുന്നു; പുകഴ്ത്തപ്പെടേണ്ടുന്ന ഒരു വിഭൂതിയായ ധനം ഉപഗമിയ്ക്കുകയും ചെയ്യുന്നു. 1

വിദ്വാനും, സ്തോത്രങ്ങൾകൊണ്ടു വിളിയ്ക്കപ്പെടേണ്ടവനും, യജ്ഞങ്ങൾകൊണ്ടു വളൎന്നവനുമായ ഇന്ദ്രനെത്തന്നേ ഞാൻ പാടിപ്പുകഴ്ത്തുന്നു: വിണ്ണിനെയും മന്നിനെയും വലുപ്പംകൊണ്ടു കവിച്ചതാണല്ലോ, ആ പുരുപ്രജ്ഞന്റെ മഹത്ത്വം! 2

തന്തിരുവടിതന്നെയാണല്ലോ, പരത്തപ്പെട്ട വെളിവില്ലാക്കൂരിരുട്ടിനെ സൂൎയ്യനെക്കൊണ്ടു വെളിവുറ്റതാക്കിച്ചതു്! ബലവാനേ, അ

---

12. വിറപ്പിയ്ക്കുന്ന—ശത്രുക്കളെ. ധുനി—അസുരൻ; അവനെ കൊന്നു ജലനിരോധം നീക്കി.

13. അതു്—കൎമ്മം. കിടത്തിയുറക്കുക—കൊല്ലുക. ദഭീതി എന്ന രാജാവിന്നുവേണ്ടിയത്രേ, ഇന്ദ്രൻ ധുനി–ചുമുരികളെ കൊന്നതു്.

സൂക്തം 21.

1. വിഭൂതി—ജഗദുദ്ഭവഹേതു. ധനം—ഹവിസ്സ്. ഉപഗമിയ്ക്കുകയും ചെയ്യുന്നു—അങ്ങയെ പ്രാപിയ്ക്കുകയുംചെയ്യുന്നു.

Digitized By Kerala Sahitya Akademi

മുതനായ നിന്തിരുവടിയുടെ ഇരിപ്പിടത്തെ യജിപ്പാനിച്ഛിയ്ക്കുന്ന മനുഷ്യർ ഒരിയ്ക്കലും ഹിംസയിൽ ഏപ്പെട്ടില്ല! 3

അതൊക്കെ ചെയ്ത ഇന്ദ്രൻ ഇപ്പോഠം എവിടെയാണ്? ഏതു രാജ്യത്ത്, ഏതാളുകളിൽ, സഞ്ചരിയ്ക്കുന്നു? ഇന്ദ്ര, എന്തു യജ്ഞമാണ്, അങ്ങയ്ക്ക് മനസ്സുഖമുണ്ടാക്കുക? ഏതൊരു മന്ത്രത്തെ, ഏതൊരു ഹോതാവിനെ അങ്ങ് കൈക്കൊള്ളും? 4

ബഹുകർമ്മാവേ, പണ്ടേത്തെപ്പഴമക്കാർ ഇപ്പോളെന്നപോലെ കർമ്മപ്രാപ്തിയ്ക്ക് അങ്ങയുടെ സഖാക്കളായി വർത്തിച്ചു; അങ്ങനെതന്നെ, ഇടക്കാലക്കാരും പുതിയവരും. അതിനാൽ പുരുഹൂത, ഇന്നോത്തവനായ എന്റെയും (സ്തോത്രം) അങ്ങ് കേട്ടറിയണം! 5

വീര, മന്ത്രങ്ങഠംകൊണ്ടു വിളിയ്ക്കപ്പെടേണ്ടവനേ, ഇന്ദ്ര, അർവാചീനർ നിന്തിരുവടിയെ സ്തുതിച്ചു, ഭവാന്റെ ആ പഴയ പ്രശസ്തകഥകഠം നിബന്ധിച്ചിട്ടുണ്ട്; ഞങ്ങളും, അറിഞ്ഞിട്ടുള്ളവകൊണ്ടു മഹാനായ നിന്തിരുവടിയെ സ്തുതിച്ചുകൊള്ളുന്നു. 6

രാക്ഷസപ്പട ഭവാനെ നേരിട്ടു നില്ക്കുന്നു: ഭവാനും പരന്നു വെളിപ്പെട്ട അതിനെ നേരിട്ട്, ഉറച്ചുനില്ക്കുക; ധർഷക, ഭവാന്റെ ഒരു പഴയ കീഴ്ത്തോഴനായ വജ്രംകൊണ്ട് അതിനെ തട്ടിനീക്കുക! 7

സ്തോതാക്കളെത്താങ്ങുന്നവനേ, വീര, ഇന്ദ്ര, ഒരു നൂതനൻ ചൊല്ലാൻതുടങ്ങുന്ന സ്തോത്രം അവിടുന്ന് ഉടൻ കേട്ടരുളണം: യജനത്തിൽ ശോഭനാഹ്വാനനായ ഭവാൻ പണ്ടു വളരെക്കാലം പിതാക്കളുടെ ബന്ധുവായിരുന്നുവല്ലോ! 8

വരുണൻ, മിത്രൻ, ഇന്ദ്രൻ, മരുത്തുക്കഠം, പൂഷാവ്, വിഷ്ണു, ബഹുകർമ്മാവായ അഗ്നി, സവിതാവ്, ഓഷധികഠം, പർവതങ്ങഠം എ

---

3. പരത്തപ്പെട്ട—വൃത്രനാൽ. വെളിവുററതാക്കിയത്—ഇരുട്ടകററി, വെളിവുവരുത്തിയത് ഇരിപ്പിടത്തെ—സ്വർഗ്ഗത്തിലെ ദേവന്മാരെ.

4. ഇന്ദ്ര എന്നു തുടങ്ങി പ്രത്യക്ഷോക്തി:

5. പഴമക്കാർ—അംഗിരഃപ്രഭൃതികഠം. പുതിയവർ—ഇന്നുള്ളവർ.

6. നിബന്ധിച്ചിട്ടുണ്ട്—കഥകളവലംബിച്ചു കാവ്യങ്ങഠം ചമച്ചിട്ടുണ്ട്.

7. കീഴ്ത്തോഴൻ—വശഗനായ ചങ്ങാതി. അതിനെ—രാക്ഷസപ്പടയെ.

8. നൂതനൻ—അധുനാതനനായ ഞാൻ. പിതാക്കഠം—അംഗിരസ്സുകഠം.

Digitized By Kerala Sahitya Akademi

ന്നിവരെ നീ ഇപ്പോഠം നമ്മുടെ തപ്പ്ണത്തിനും രക്ഷണത്തിന്നുമായി ഇങ്ങോട്ടു നോക്കിയ്ക്കുക! 9

ശക്തിയേറിയവനേ, പ്രയഷ്ടവ്യ, നിന്തിരുവടിയെ ഇതാ, സ്തോതാക്കഠം മന്ത്രങ്ങഠംകൊണ്ടു സ്തുതിയ്ക്കുന്നു. പുകഴ്ത്തപ്പെടുന്ന ഭവാൻ ഈ ചൊല്ലുന്ന സ്തോത്രവും കേട്ടരുളണം: അമൃത, മറ്റൊരുവനില്ലല്ലോ, ഭവാനെപ്പോലെ! 10

യജ്ഞത്തിൽ സംബന്ധിയ്ക്കുന്ന അഗ്നിജിഹ്വർ, എവരോ, എവർ ദസ്യുക്കളെ മുടിപ്പാൻ മനുവിനെ ഉയത്തിനിത്തിയോ; ആ യജനീയരെല്ലാവരോടുംകൂടി, ബലത്തിന്റെ മകനേ, വിദ്വാനായ ഭവാൻ എന്റെ സ്തോത്രത്തിലെയ്ക്കു ശീഘ്രം വന്നാലും! 11

ഇന്ദ്ര, വഴികഠം നിമ്മിച്ച വിപശ്ചിത്തായ ഭവാൻ സുഗമങ്ങളിലും ദുഗ്ഗമങ്ങളിലും ഞങ്ങഠംക്കു മുൻനടക്കുന്നവനാകണം! വാട്ടംതട്ടാത്ത വലിയ വാഹനങ്ങളുണ്ടല്ലോ, അങ്ങയ്ക്ക്; അവയിലൂടേ ഞങ്ങഠംക്ക് അന്നം കൊണ്ടുവന്നാലും! 12

---

സൂക്തം 22.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

ആരൊരാളോ, മനുഷ്യക്ക് ആഹ്വാതവ്യൻ; വൃഷാവും, ബലവാനും, സത്യഭൂതനും ദാതാവും, ബഹുപ്രജ്ഞനും, കീഴമത്തുന്നവനും, അധിപതിയും ആരോ; ആ ഇന്ദ്രനെ ഞാൻ ഇങ്ങനെ സ്തുതിച്ചുകൊള്ളുന്നു. 1

എതിത്തവരെ അമത്തുന്ന, കടക്കുന്ന, മലകളിൽ മരുവുന്ന, അലംഘ്യശാസനനായ, ബലിഷ്ഠനായ തന്തിരുവടിയെത്തന്നെയാണ

---

9. തന്നോടുതന്നേ പറയുന്നു: ഇങ്ങോട്ടു നോക്കിയ്ക്കുക—അഭിമുഖീകരിയ്ക്കുക.

10. ഈ ചൊല്ലുന്ന—എന്റെ.

11. അഗ്നിജിഹ്വർ=അഗ്നിയാകുന്ന നാവോടുകൂടിയവർ. യജനീയർ—ദേവന്മാർ.

12. വിപശ്ചിത്ത്—വിദ്വാൻ. വാഹനങ്ങഠം—അശ്വങ്ങഠം.

സൂക്തം 22.

1. അധിപതി—ലോകങ്ങളുടെ.

Digitized By Kerala Sahitya Akademi

ല്ലോ, ഞങ്ങളുടെ ‘ പൂർവ്വപിതാക്കന്മാർ—മേധാവികളായ ഏഴു നവഗ്വ
ന്മാർ—അന്നമൊരുക്കി സ്തുതിച്ചത് 2.

ആ ഇന്ദ്രനോടു ഞങ്ങൾ വളരെ വീരരോടും ആൾക്കാരോടും
വളരെ യശസ്സോടുംകൂടിയ ധനം യാചിയ്ക്കുന്നു: ഹര്യശ്വ, അങ്ങ് അ
ച്ഛിന്നവും അക്ഷീണവും സുഖകരവുമായ അതു ഞങ്ങളെ ആഹ്ലാദിപ്പി
യ്ക്കാൻ കൊണ്ടുവന്നാലും! 3

ഇന്ദ്ര, പണ്ട് അങ്ങയെ സ്തുതിച്ചവർ ഒരു സുഖം നേടിയല്ലോ;
അതു ഞങ്ങൾക്കു പറഞ്ഞുതരിക! ദുർധര, പരന്തപ, പുരുഹൂത, പുരു
ധന, അസുരഘ്നനായ ഭവാനുള്ള ഭാഗം ഏതാണ്, അന്നം ഏതാണ്? 4

വജ്രമേന്തി തേരിലിരിയ്ക്കുന്ന ആ ഇന്ദ്രനെ, ബഹുഗ്രഹീതാവി
നെ, ബഹുകർമ്മാവിനെ, ബലപ്രദനെ ആരുടെ കർമ്മയുക്തമായ വർണ്ണ
നാസ്തവം പൂജിയ്ക്കുന്നുവോ; അവൻ അന്നം നേടും, അമിത്രനെ എ
തിർക്കും! 5

സ്വാതം ഓജസ്സും നല്ല തേജസ്സുമുള്ള മഹാനേ, ആ മായകൊ
ണ്ടു വളൎന്ന അവനെയും, മുറുകെ ഉറപ്പിയ്ക്കപ്പെട്ട അക്ഷയ(പുരി)കളെ
യും അങ്ങ് മനോവേഗമുള്ള ധൃഷ്ണമായ വജ്രംകൊണ്ടുടച്ചുവല്ലോ! 6

ബലിഷ്ഠനായ ആ പഴയ ഭവാനെ പഴമക്കാർപോലെ, ഞാൻ
അതിനൂതനമായ സ്തുതികൊണ്ടു വലുപ്പംവെപ്പിയ്ക്കാൻ നോക്കാം: ആ
അപ്രമേയനും ശോഭനവാഹനനുമായ ഇന്ദ്രൻ ഞങ്ങളെ എല്ലാദുർഗ്ഗങ്ങളും
കടത്തട്ടെ! 7

വൃഷാവേ, അങ്ങ് ദ്രോഹികളുടെ ദിവ്യഭൌമാന്തരിക്ഷവസതി
കളിൽ തീ വെച്ചാലും—എല്ലാടത്തും അവരെ തേജസ്സുകൊണ്ടു ചുട്ടാ
ലും—ബ്രഹ്മദ്വേഷികൾക്കായി, ഭൂമിയും അന്തരിക്ഷവും കത്തിച്ചാലും! 8

---

2. കടക്കുന്ന—ശത്രുക്കളെ പിന്നിടുന്ന. നവഗ്വന്മാർ—അംഗിരസ്സുകൾ. അന്നം—ഹവിസ്സ്.

3. ഒടുവിലെ വാക്യം പ്രത്യക്ഷോക്തി: അതു—ധനം.

5. അമിത്രൻ=ശത്രു.

6. അവൻ—വൃത്രൻ.

7. രണ്ടാംവാക്യം പരോക്ഷം:

8. ദിവ്യഭൌമാന്തരിക്ഷവസതികൾ—ദ്യോവിലും ഭൂവിലും അന്തരിക്ഷത്തിലുമുള്ള പാർപ്പിടങ്ങൾ. ബ്രഹ്മദ്വേഷികൾക്കായി—ബ്രഹ്മദ്വേഷികളെ ചുട്ടെരിപ്പാൻ.

Digitized By Kerala Sahitya Akademi

ജ്വലിയ്ക്കുന്ന കാഴ്ചയുള്ളവനേ, ഇന്ദ്ര, വിണ്ണിലും മന്നിലുമുള്ള
ജനങ്ങളുടെ രാജാവാണല്ലോ, നിന്തിരുവടി: ജരയേശാത്തവനേ, വജ്രം
വലംകയ്യിലെടുക്കുക; എല്ലാ മായകളെയും അരിയുക! 9
ഇന്ദ്ര, ഞങ്ങൾക്കു പാറലരെ പിന്നിടാൻ, അഹിംസിതമായി
ഇണങ്ങിച്ചേരുന്ന മഹാക്ഷേമത്തെ കൊണ്ടുവന്നാലും: വജ്രിൻ, ഇതു
കൊണ്ടാണല്ലോ, അങ്ങ് കർമ്മരഹിതമായ മനുഷ്യവർഗ്ഗത്തെ കർമ്മയുക്ത
മാക്കിയതും, വൈരികളെ ശോഭനമാംവണ്ണം വധിച്ചതും! 10
പുരുഹൂത, വിധാതാവേ, പ്രയഷ്ടവ്യ, അവിടുന്നു വിശ്വവരേ
ണ്യങ്ങളായ അശ്വങ്ങളിലൂടേ ഞങ്ങളിൽ വന്നാലും—അസുരനാലോ
സുരനാലോ തടയപ്പെടാത്ത അവയിലൂടേ വേഗത്തിൽ എന്റെ അടു
ക്കലെയ്ക്കു പോന്നാലും! 11

---

## സൂക്തം 23.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, സോമം പിഴിഞ്ഞു മററത്തായ സ്തോത്രവും ഉക്ഥവും
ചൊല്ലുമ്പോളാണല്ലോ, മഘവൻ, ഇന്ദ്ര, നിന്തിരുവടി സജ്ജനായിട്ട്
ഇരുഹരികളെ പൂട്ടി, തൃക്കയ്യിൽ വജ്രവുമെടുത്ത് എഴുന്നള്ളുക! 1
ഇന്ദ്ര, അപ്പോളാണല്ലോ, വിണ്ണിൽ ശൂരസേവ്യമായ യുദ്ധ
ത്തിൽ ചെല്ലുണ്ടിയിരിയ്ക്കേ, ഭവാൻ പിഴിഞ്ഞവനെ രക്ഷിയ്ക്കുന്നതും;
ഇന്ദ്ര, അപ്പോളാണല്ലോ, ഒരുമ്പെടുന്ന ദസ്യുക്കളെ ഭവാൻ ഭയമെന്നി
യേ, ഭയപ്പെടുന്ന കർമ്മകുശലനു കീഴ്പ്പെടുത്തുന്നതും! 2
സ്തോതാവിനെ നേർവഴിയ്ക്കു കൊണ്ടുനടക്കുന്ന കരുത്തനായ
ഇന്ദ്രൻ സോമനീർ നുകരട്ടെ; പിഴിഞ്ഞ യജ്ഞകുശലനു ലോകം കല്പി
യ്ക്കട്ടെ; പുകഴ്ത്തുന്ന സ്തോത്രകാരനും ധനം നല്കട്ടെ! 3
സോമം കുടിയ്ക്കുന്ന ഗോപ്രദനായ വജ്രപാണി ഇരുഹരികളി
ലൂടേ ഇത്രയും സവനങ്ങളിൽ എഴുന്നള്ളട്ടെ; മനുഷ്യഹിതനായി ബഹു

---

10. ഇതു—ക്ഷേമം.

സൂക്തം 23.

2. പിഴിഞ്ഞവൻ—സോമം.

7*

Digitized By Kerala Sahitya Akademi

വീരാന്വിതനായ പുത്രനെ കല്പിച്ചുനല്കട്ടെ; സ്തോത്രങ്ങൾകൊണ്ടു
വരുത്തപ്പെടേണ്ടവൻ പാടുന്നവന്റെ സ്തുതി കേട്ടരുളട്ടെ! 4

നമ്മെ പോററിപ്പോരുന്ന പുരാതനനായ ഈ ഇന്ദ്രന്നു വേണ്ടു
ന്നതു യാതൊന്നോ, അതു ഞങ്ങൾ ചെയ്യുന്നു: ഇന്ദ്രന്നായി സോമം
പിഴിഞ്ഞു സ്തുതിയ്ക്കുന്നു; ഉക്ഥം ചൊല്ലി, വളച്ചു വരുത്തുന്ന ഹവിസ്സും
അർപ്പിയ്ക്കുന്നു. 5

ഇന്ദ്ര, അവിടുന്നു സ്തോത്രങ്ങളെ വർദ്ധകങ്ങളാക്കിയിട്ടുണ്ടല്ലോ;
അപ്രകാരമുള്ളവ ഞങ്ങൾ ആലോചിച്ചു ചൊല്ലിക്കൊള്ളുന്നു—നിർന്ന
കരുന്നവനേ, ഞങ്ങൾ സോമം പിഴിഞ്ഞ്, അതീവ സുഖകരങ്ങളും
രമണീയങ്ങളുമായ സ്തോത്രങ്ങളും ഹവിസ്സുകളും അർപ്പിയ്ക്കാം. 6

ഇന്ദ്ര, ആ വിളയാടുന്ന ഭവാൻ ഞങ്ങളുടെ പുരോഡാശം നോ
ക്കുക; തയിരും മാവും ചേർത്ത സോമനീർ കുടിയ്ക്കുക; യജമാനന്റെ ഈ
ദർഭയിലിരിയ്ക്കുക; ഭവൽകാമന്റെ ലോകം വലുതാക്കുക! 7

ബലിഷ്ഠ, അങ്ങനെ അവിടുന്നു യഥേഷ്ടം മത്തടിയ്ക്കുക: ഞങ്ങ
ളുടെ ഈ സോമങ്ങളും ഈ സ്തോത്രങ്ങളും പുരുഹൂതനായ ഭവാനെ പ്രാ
പിയ്ക്കട്ടെ; ഇന്ദ്ര, ഈ സ്തുതി, രക്ഷയ്ക്കുവേണ്ടി, ഭവാങ്കലണയട്ടെ! 8

സഖാക്കളേ, നിങ്ങൾ സോമം പിഴിഞ്ഞ്, ഈ ദാതാവായ
ഇന്ദ്രനെ വേണ്ടുവോളം നിറയ്ക്കുവിൻ: വളരെക്കൂട്ടം അവിടെയ്ക്കിരിയ്ക്ക
ട്ടേ, നമ്മെപ്പുലർത്താൻ; പിഴിഞ്ഞവനെ രക്ഷിപ്പാൻ ഇന്ദ്രൻ മടിയ്ക്കില്ല! 9

ഹവിർദ്ധനന്ന് കരീശ്വരനായ ഇന്ദ്രനെ, സോമം പിഴിഞ്ഞ
പ്പോൾ, ഭരദ്വാജൻ ഇങ്ങനെ സ്തുതിച്ചു: സ്തോതാവിനെ ഇന്ദ്രൻ നല്ല
വഴിയ്ക്കുയയ്ക്കണം; വിശ്വവരേണ്യങ്ങളായ ധനങ്ങളും നല്കണം! 10

---

4. ഇത്രയും—മൂന്ന് കല്പിച്ചുനല്കട്ടെ—യജമാനന്ന് വരുത്തപ്പെടേണ്ടവൻ—ഇന്ദ്രൻ.

5. ഇന്ദ്രന്നു വേണ്ടുന്നത്—ഇന്ദ്രൻ ഇച്ഛിയ്ക്കുന്ന സ്തോത്രവും മററും.

6. വർദ്ധകങ്ങൾ—തനിയ്ക്കു വളച്ചുവരുത്തുന്നവ.

7. ഭവൽകാമന്റെ—അങ്ങയ്ക്കായി യജ്ഞംചെയ്യുന്നവന്റെ.

8. രക്ഷയ്ക്കുവേണ്ടി—ഞങ്ങളുടെ.

9. സ്തോതാക്കളോട്:

Digitized By Kerala Sahitya Akademi

## സൂക്തം 24.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

സോമയാഗങ്ങളിൽ ഇന്ദ്രന്റെ മത്തും സ്തോത്രവും ഉക്ഥവും
വർഷകമായിത്തീരുന്നു: മനുഷ്യർ ഉക്ഥങ്ങൾകൊണ്ടു സ്തുതിയ്ക്കേണ്ടവ
നാകുന്നു, സോമപായിയും ഋജീഷവാനുമായ മഘവാവ്; സ്തുതികളുടെ
രാജാവാണ്, അക്ഷീണരക്ഷനുമാണ്, ആ സ്വർഗ്ഗസ്ഥൻ! 1

നിഹന്താവും, വീരനും, വിശുദ്ധജ്ഞാനനും, മനുഷ്യഹിതനും,
നരർക്കു സ്തുത്യനും, സ്തുതി കേൾക്കുന്നവനും, സ്തോതാവിനെ പരക്കെ
രക്ഷിയ്ക്കുന്നവനും—സ്തുതികാരനെ താങ്ങുന്നവനും—വസുവുമായ ആ
അന്നവാൻ യജ്ഞത്തിൽ സ്തുതിയ്ക്കപ്പെട്ടാൽ അന്നം കല്പിച്ചുതരും! 2

ശൂര, മഹാനായ പുരുഹൂത, അച്ചുതണ്ട് ഇരുചക്രങ്ങളെയെ
ന്നപോലെ, അങ്ങയുടെ മഹിമ വാനൂഴികളെ കവിച്ചുനില്ക്കുന്നു; ഇന്ദ്ര,
അങ്ങയുടെ ബഹുരക്ഷകൾ, വൃക്ഷത്തിന്റെ കൊമ്പുകൾപോലെ മുള
ച്ചുവരുന്നു! 3

ബഹുകർമ്മാവേ, ബുദ്ധിമാനായ ഭവാന്റെ ശക്തികൾ, ഗോക്ക
ളുടെ മാർഗ്ഗങ്ങൾപോലെ പരക്കുന്നവയാകുന്നു; ശോഭനദാനനായ ഇന്ദ്ര,
പൈക്കിടാങ്ങളുടെ നെട്ടുംകയറുകൾപോലെ ബന്ധകങ്ങളുമാകുന്നു, ബ
ന്ധിയ്ക്കപ്പെടാത്തവയുമാകുന്നു! 4

---

സൂക്തം 21.

1. വർഷകം=വൃഷ്ടിജനകം. അക്ഷീണരക്ഷൻ=ഒരിയ്ക്കലും ക്ഷയിയ്ക്കാത്ത രക്ഷകളോടുകൂടിയവൻ.

2. നിഹന്താവ്—ശത്രുക്കളെ ഹനിയ്ക്കുന്നവൻ. വസു—വാസസ്ഥാനം നല്കുന്നവൻ.

4. ശക്തികൾ=കഴിവുകൾ. പരക്കുന്നവയാകുന്നു—മാടുകൾ മേഞ്ഞുമേഞ്ഞ് അകലത്തെയ്ക്കു പോകുമല്ലോ. നീണ്ട ഓരോ കയറിന്മേലും അനേകം പൈക്കുട്ടികളെ കെട്ടും; അതുപോലെ, ഭവാന്റെ ഓരോ ശക്തിയും അനേകശത്രുക്കളെ ബന്ധിയ്ക്കുന്നു. അവയ്ക്കു (ശക്തികൾക്കു) ബന്ധനം (തടവു) വരില്ലതാനും.

Digitized By Kerala Sahitya Akademi

ഇന്ദ്രൻ, ഇന്നൊന്നു, നാളെ മറ്റൊന്ന്, ഇങ്ങനെ നല്ലതും ചീത്തയും പേൎത്തു പേൎത്തു ചെയ്യും. മിത്രൻ, വരുണൻ, പൂഷാവ്, സവിതാവ് എന്നിവരും ഇവിടെ നമുക്കു കാമ്യഫലം കിട്ടിയ്ക്കട്ടെ! 5

ഇന്ദ്ര, ഉക്ഥം, ഹവിസ്സ് എന്നിവകൊണ്ട് (ആളുകൾ) ഭവാങ്കൽനിന്നു, മലമുകളിൽനിന്നു വെള്ളമെന്നപോലെ, (ഇഷ്ടം) നേടിയിരിയ്ക്കുന്നു. സ്തോത്രവാഹ്യ, ആ ഭവാങ്കൽ അന്നേച്ഛുക്കൾ ഈ ശോഭനസ്തുതികളാൽ, കുതിരകൾ യുദ്ധത്തിലെന്നപോലെ അണയുന്നു! 6

ഈ ഇന്ദ്രനെ സംവത്സരങ്ങളോ മാസങ്ങളോ കിഴവനാക്കില്ല; ദിവസങ്ങളും മെലിയിയ്ക്കില്ല. തടിച്ചതെങ്കിലും തന്റെ തിരുവുടൽ സ്തോമോക്ഥസ്തുതിമൂലം തടിയ്ക്കട്ടെ! 7

സ്തുതിയ്ക്കപ്പെടുന്ന ഇന്ദ്രൻ ദൃഢഗാത്രനോ, സ്ഥിരനോ, ഒരു പെടുന്ന ദസ്യുപ്രേരിതനോ വണങ്ങില്ല: അവിടെയ്ക്കു മാമലകളും സുഗമങ്ങളാണ്; ആഴത്തിലും നില കിട്ടും! 8

ബലവാനേ, സോമം നുകരുന്നവനേ, അവിടുന്ന് ആഴവും പരപ്പുമുള്ള (മനസ്സാൽ) ഞങ്ങൾക്കു കൊററും കെല്പും തരിക; ഉപദ്രവിയ്ക്കാതെ, അഹസ്സിലും അല്ലിലും രക്ഷിപ്പാൻ ഒരുങ്ങിനില്ക്കുകയും ചെയ്യുക! 9

ഇന്ദ്ര, അങ്ങ് നേതാവിനെ യുദ്ധത്തിൽ രക്ഷിപ്പാൻ വന്നുചേരണം; ഇവിടെയും അകലത്തുമുള്ള ശത്രുവിൽനിന്നു രക്ഷിയ്ക്കണം—ഇദ്ദേഹത്തെ ഭവനത്തിലും വനത്തിലും ശത്രുവിൽനിന്നു രക്ഷിയ്ക്കണം! ഞങ്ങൾ നല്ല വീരന്മാരോടുകൂടി ഒരു നൂറാണ്ടു മത്തടിയ്ക്കുമാറാകട്ടെ! 10

---

5. നല്ലത്—മഴ പെയ്യിയ്ക്കലും മററും. ചീത്ത—ഇടിത്തീയ്യു വീഴ്ത്തലും മററും. ഇന്ദ്രന്റെ വരുതിയിലുള്ളവരാണല്ലോ, മിത്രാദികൾ.

7. തടിയ്ക്കട്ടെ—വീണ്ടും വളരട്ടെ. ഇന്ദ്രൻ നിത്യതരുണനും, പ്രവൃദ്ധനുമാണെന്നു സാരം.

8. സ്ഥിരൻ—യുദ്ധത്തിൽ ഉറച്ചുനില്ക്കുന്നവൻ. ദസ്യുപ്രേരിതൻ=ദസ്യുക്കളാൽ, കൎമ്മരഹിതരാൽ പ്രചോദിതൻ.

10. നേതാവ്—കൎമ്മി, സ്തോതാവ്.

Digitized By Kerala Sahitya Akademi

## സൂക്തം 25.

ഋഷിച്ഛന്ദോദേവതകാ മുമ്പേത്തവ.

ബലവാനേ, ഇന്ദ്ര, താന്നതും മികച്ചതും ഇടത്തരവുമായ രക്ഷ
കളുണ്ടല്ലോ, ഭവാങ്കൽ; അവകൊണ്ടു യുദ്ധത്തിൽ ഞങ്ങളെ രക്ഷിച്ചാ
ലും; ഉഗ്ര, മഹാനായ ഭവാൻ ഈ അന്നങ്ങളും ഞങ്ങൾക്കു തരണം! 1

ഇന്ദ്ര, ഇവകൊണ്ടു ഭവാൻ (ഞങ്ങളുടെ) കൊല്ലുംപടയെ വല
യ്ക്കാതെ, അരാതിയുടെ അരിശം അറുത്തുകളയണം; ഇവകൊണ്ട്,
എങ്ങുമുള്ള എതിരാളികളായ വിധ്വംസകരെയെല്ലാം അങ്ങ് കർമ്മിയ്ക്കു
വേണ്ടി കൊന്നൊടുക്കണം! 2

ഇന്ദ്ര, ജ്ഞാതികളോ അജ്ഞാതികളോ എതിർത്തുകേറി ദ്രോഹി
പ്പാനൊരുമ്പെട്ടാൽ, അവരുടെ ബലം ഭവാൻ അകററണം, വീര്യം
കെടുക്കണം, പിന്തിരിപ്പിയ്ക്കണം! 3

രണ്ടു ഭാസുരാംഗന്മാർ പുത്രന്നോ പൌത്രന്നോ ഗോക്കൾക്കോ
വെള്ളത്തിന്നോ കൃഷിനിലങ്ങൾക്കോ വേണ്ടി, അട്ടഹസിച്ചും വാദിച്ചും
പൊരുതിത്തുടങ്ങിയാൽ, അവരിൽ അശ്ശൂരൻതന്നെയും ശൂരനെ അടി
ച്ചിടിച്ചു കൊന്നുകളയും! 4

ഇന്ദ്ര, അങ്ങയോട് ഒരു ശൂരനോ, ഒരു ഹന്താവോ, ഒരു ധൎഷ
കനോ, അങ്ങയോട് ഒരു ക്രോധംപൂണ്ട യോധനോ പൊരുതിയിട്ടില്ല.
ഇവരിൽ ആരുമില്ല, അങ്ങയ്ക്കൊത്തവൻ. ജനിച്ചിട്ടുള്ള അക്കൂട്ടരെയെ
ല്ലാം അങ്ങ് കീഴടക്കിയിരിയ്ക്കുന്നു! 5

മഹത്തായ നിരോധത്തിന്നോ, ആൾക്കാരോടുകൂടിയ ഗൃഹ
ത്തിന്നോ ഒരുമ്പെട്ടു പൊരുതുന്ന രണ്ടുപേരിൽവെച്ചു, ധനത്തിന്ന് ഉട

---

സൂക്തം 25.

1. ഭവാങ്കൽ=അങ്ങയുടെപക്കൽ.

2. ഇവ—ഞങ്ങളുടെ സ്തുതികൾ. കൊല്ലുംപട—ശത്രുക്കളെ കൊല്ലുന്ന സൈന്യം. വലയ്ക്കാതെ—രക്ഷിച്ച് എന്നൎത്ഥം. വിധ്വംസകർ—കൎമ്മനാശകർ.

3. ജ്ഞാതികൾ=ശേഷക്കാർ.

4. അങ്ങ് അനുഗ്രഹിച്ചാൽ അശ്ശൂരൻപോലും ശൂരനെ കൊല്ലും.

Digitized By Kerala Sahitya Akademi

മസ്ഥനാകുന്നത്, ആരുടെ യജ്ഞത്തിൽ കർമ്മികൾ സ്തുതിയ്ക്കുന്നുവോ, അവനത്രേ! 6

ഇന്ദ്ര, അങ്ങയുടെ ആളുകൾ വിറച്ചുപോയാൽ, അങ്ങ് ചെന്ന് അവരെ രക്ഷിയ്ക്കണം; ഇന്ദ്ര, ഞങ്ങളെ എത്തിയ്ക്കുന്ന നേതൃമുഖ്യന്മാർ, ഞങ്ങളെ പുരസ്കരിച്ച സ്തോതാക്കൾ എന്നിവരെയും! 7

ഇന്ദ്ര, യജനീയ, മഹാനായ അങ്ങയുടെ ഐശ്വര്യത്തിനായി അങ്ങയ്ക്കു നല്കപ്പെട്ടിരിയ്ക്കുന്നു—വൃത്രവധത്തിന്നു, യുദ്ധത്തിൽ വീര്യം, ബലം എന്നിതെല്ലാം ദേവന്മാരാൽ സത്യമായി അങ്ങയ്ക്കു നല്കപ്പെട്ടിരിയ്ക്കുന്നു! 8

ഇന്ദ്ര, ഇങ്ങനെ അവിടുന്നു ഞങ്ങളുടെ സേനകളെ യുദ്ധങ്ങളിലിറക്കുക; ദ്രോഹിയ്ക്കുന്ന അസുരരെ കീഴടക്കുക. ഇന്ദ്ര, നിന്തിരുവടിയെ സ്തുതിയ്ക്കുന്ന ഭരദ്വാജർ അന്നവും പാർപ്പിടവും തീർച്ചയായി നേടുമാറാകണം! 9

---

## സൂക്തം 26.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, കേൾക്കുക: അങ്ങയെ നീരാടിയ്ക്കുന്ന ഞങ്ങൾ മഹത്തായ അന്നത്തിന്നുവേണ്ടി വിളിയ്ക്കുന്നു. ആളുകൾ യുദ്ധത്തിൽ ഒത്തുചേർന്നാൽ, അങ്ങ് കടുക്കത്തെ ദിവസത്തിൽ ബലവത്തായ രക്ഷ ഞങ്ങൾക്കരുളണം! 1

ഇന്ദ്ര, ഹവിസ്സോടുകൂടിയ വാജിനീപുത്രൻ, കിട്ടേണ്ടുന്ന മഹത്തായ അന്നത്തിന്നുവേണ്ടി അങ്ങയെ സ്തുതിയ്ക്കുന്നു; ഉപദ്രവം വരു

---

6. സ്തുതിയ്ക്കുന്നു—ഇന്ദ്രനെ. പിണങ്ങിയ രണ്ടുപേരിൽ ഇന്ദ്രസ്തുതിപ്രവർത്തകൻ ആരോ, ആയാൾക്കാവും, ധനലബ്ധി.

7. വിറച്ചുപോയാൽ—ശത്രുഭയംമൂലം. എത്തിയ്ക്കുന്ന—ഭവാങ്കലണയ്ക്കുന്ന. എന്നിവരെയും—രക്ഷിയ്ക്കണം.

9. ഭരദ്വാജർ—ഭരദ്വാജഗോത്രക്കാർ.

സൂക്തം 26.

1. നീരാടിയ്ക്കുന്ന—സോമനീർകൊണ്ടഭിഷേചിയ്ക്കുന്ന.

Digitized By Kerala Sahitya Akademi

മ്പോൾ സജ്ജനപാലകനും (ദുർജ്ജന) നാശകനുമായ അങ്ങയെ സ്തുതി
ക്കുന്നു; ഗോക്കൾക്കുവേണ്ടി, മുഷ്ടിയുദ്ധം ചെയ്യുമ്പോൾ അങ്ങയെ നോ
ക്കുന്നു! 2

അങ്ങ് ഉശനസ്സിനെ അന്നലാഭത്തിനായച്ചു; അങ്ങ്(ഹവിസ്സ്)
നല്കിയ കുത്സനുവേണ്ടി ശുഷ്ണനെ അരിഞ്ഞു; അങ്ങ് അതിഥിഗ്വന്നു
സുഖം വരുത്താൻ 'മർമ്മരഹിത'ന്റെ തല കൊയ്തു! 3

ഇന്ദ്ര, അങ്ങ് ഒരു വമ്പിച്ച പടത്തേർ കൊണ്ടുവന്നു, പത്തു
നാൾ പൊരുതിയ വൃഷഭനെ രക്ഷിച്ചു; അങ്ങ് തുഗ്രനെ വേതസുവോ
ടൊപ്പം വധിച്ചു; അങ്ങ് സ്തുതിച്ച തുജിയെ തഴപ്പിച്ചു! 4

ഇന്ദ്ര, നിഹന്താവായ ഭവാൻ അച്ചെയ്തതു സ്തുത്യം തന്നെ: ശൂര,
അങ്ങ് നൂറുമായിരവും പേരെ പിളർത്തിയല്ലോ; അങ്ങ് മലമേൽനി
ന്നിറങ്ങിയ മുടിയനായ ശംബരനെ വധിച്ചു; അങ്ങ് വിചിത്രരക്ഷകൾ
കൊണ്ടു ദിവോദാസനെ രക്ഷിച്ചു! 5

ഇന്ദ്ര, അങ്ങ് ശ്രദ്ധകൊണ്ടും സോമംകൊണ്ടും ഇമ്പംപൂണ്ടു,
ദഭീതിയ്ക്കുവേണ്ടി ചുമുരുവിനെ ഉറക്കി; അങ്ങ് പിഠീനസ്സിന്നു രജിയെ
കൊടുക്കാൻ, ബുദ്ധികൌശലത്താൽ അറുപതിനായിരത്തിനെ ഒപ്പം
കൊന്നു! 6

വീരരോടുകൂടിയവനേ, അതിബലവാനേ, ഇന്ദ്ര, മുപ്പാരിന്നുട
മയും തടവിലാക്കുന്നവനുമായ ഭവാനാൽ (നല്കപ്പെട്ട) യാതൊന്നിനെ
വീരന്മാർ സ്തുതിയ്ക്കുന്നുവോ; ഭവാന്റെ ആ മികച്ച സുഖവും ബലവും
ഞാനും സ്തോതാക്കളോടൊന്നിച്ച് അനുഭവിയ്ക്കുമാറാകണം! 7

---

2. വാജിനി—ഭരദ്വാജന്റെ അമ്മ. നോക്കുന്നു—സാഹായ്യത്തിന്ന്.

3. അയച്ചു—ലബ്ധാന്നനാക്കി. അതിഥിഗ്വൻ=ദിവോദാസൻ. മർമ്മരഹിതന്റെ—തന്റെ ദേഹത്തിൽ മർമ്മമില്ലെന്നു, താൻ മരിയ്ക്കില്ലെന്നു, കരുതിപ്പോന്ന ശംബരന്റെ.

4. വൃഷഭൻ—ഒരു രാജാവ്. തുഗ്രനും വേതസുവും—അസുരന്മാർ. തുജി—ഒരു രാജാവ്

5. നൂറുമായിരവുംപേരെ—ശംബരന്റെ അനുചരന്മാരെ. മുടിയൻ—കർമ്മനാശകൻ.

6. ശ്രദ്ധ—സാദരമനുഷ്ഠിച്ച കർമ്മങ്ങൾ. ദഭീതി—ഒരു രാജാവ്. ഉറക്കി—കൊന്നു. പിഠീനസ്സ്—ഒരു രാജാവ് (?). രജി—ഒരു കന്യകയുടെയോ രാജ്യത്തിന്റെയോ പേർ.

7. തടവിലാക്കുന്നവൻ—ശത്രുക്കളെ. വീരന്മാർ—സ്തോതാക്കൾ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, പൂജനീയ, അങ്ങയുടെ സഖാക്കളായ ഞങ്ങൾക്ക്, ഈ ധനത്തിന്നുള്ള സ്തോത്രത്തിൽ പ്രിയം പെരുകമാറാകണം. പ്രതർദ്ദനന്റെ പുത്രൻ ക്ഷത്രശ്രീ ശത്രുനിഗ്രഹത്തിലും വിത്തസംഗ്രഹത്തിലും മികച്ചവനായിത്തീരട്ടെ! 8

---

### സൂക്തം 27.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രനും ദാനവും ദേവത.

ഇന്ദ്രൻ ഇതിനാൽ മത്തു പൂണ്ടിട്ട് എന്തു ചെയ്തു? ഇതു കുടിച്ചിട്ട്
എന്തു ചെയ്തു? ഇതിനോടിണങ്ങിയിട്ട് എന്തു ചെയ്തു? ഇതിന്റെ ഇട
ത്തിൽ മുമ്പു സ്തുതിച്ചവർ ഭവാങ്കൽനിന്ന് എന്തു കിട്ടി? ഇന്നേത്തവ
ർക്ക് എന്തു കിട്ടി? 1

ഇന്ദ്രൻ ഇതിനാൽ മത്തു പൂണ്ടിട്ട നല്ലതു ചെയ്തു; ഇതു കുടിച്ചിട്ട
നല്ലതു ചെയ്തു; ഇതിനോടിണങ്ങിയിട്ട നല്ലതു ചെയ്തു. ഇതിന്റെ ഇട
ത്തിൽ മുമ്പു സ്തുതിച്ചവർ ഭവാങ്കൽനിന്നു നല്ലതു കിട്ടി; ഇന്നേത്തവ
ർക്കും നല്ലതു കിട്ടി! 2

മഘവൻ, ഇന്ദ്ര, അങ്ങയുടെ മഹത്ത്വമൊന്നും ഞങ്ങൾക്കറി
ഞ്ഞുകൂടാ; മഘവത്ത്വവും അറിഞ്ഞുകൂടാ—അങ്ങയുടെ സ്തുത്യമായ ഏ
തൊരു ധനവും അറിഞ്ഞുകൂടാ: ആർ കണ്ടു, അങ്ങയുടെ മിടുക്ക്? 3

ഇന്ദ്ര, അങ്ങ് വരശിഖന്റെ പുത്രന്മാരെ വധിച്ചുവല്ലോ, അ
ങ്ങയുടെ ആ വീര്യം (ഞങ്ങൾക്ക്) അറിയാം: അങ്ങ് ആഞ്ഞുവിട്ട വജ്ര
ത്തിന്റെ ശബ്ദത്താൽത്തന്നേ കേമൻ പിളന്നുപോയി! 4

---

8. ക്ഷത്രശ്രീ എന്ന രാജാവിന്റെ പുരോഹിതനത്രേ, ഭരദ്വാജൻ.

സൂക്തം 27.

1. ഫലം കിട്ടാൻ വൈകുന്നതിൽ അക്ഷമനായിട്ട് ഋഷി ഇന്ദ്രനെ ആക്ഷേപിയ്ക്കുന്നു: ഇത്—സോമനീർ. ഇതിന്റെ ഇടം—യാഗശാല; ഇതുമുതൽ പ്രത്യക്ഷോക്തി:

2. ഇന്ദ്രൻ ഋഷിയുടെ അഭീഷ്ടം നിറവേററി; തന്മൂലം സന്തുഷ്ടനായ ഋഷി ആക്ഷേപം പിൻവലിയ്ക്കുന്നു:

3. മഘവത്ത്വം=ധനികത്വം.

4. വരശിഖൻ—ഒരസുരൻ. കേമൻ—വരശിഖപുത്രന്മാരിൽവെച്ചു മുന്തിയവൻ.

Digitized By Kerala Sahitya Akademi

ഇന്ദ്രൻ ചായമാനസൂനുവായ അഭ്യാവൎത്തിക്കു (ധനം) നല്കാനാ
ണ്, വരശിഖന്റെ പുത്രന്മാരെ വധിച്ചതു്: ഹരിയൂപീയയുടെ കിഴക്കേ
വൃചീവാന്മാരെ കൊന്നതോടേ, പടിഞ്ഞാറുകാരൻ പേടിച്ചു പിളൎന്നു
പോയി! 5

ഇന്ദ്ര, പുരുഹൂത, കൊററിനുവേണ്ടി കൊല്ലാൻ പാഞ്ഞണഞ്ഞു
പാത്രങ്ങളുടച്ചു, ചട്ടയിട്ടിരുന്ന വൃചീവാന്മാർ നൂററിമുപ്പതുപേരും ഒപ്പം
യവ്യാവതിയിൽവെച്ചു നിശ്ശൂന്യതയടഞ്ഞു! 6

ആരുടെ തിളങ്ങുന്ന രണ്ടു കുതിരകൾ നല്ല പുല്ലു തേടിത്തിന്നും
കൊണ്ടു് അന്തരിക്ഷത്തിൽ മേയുന്നുവോ, അദ്ദേഹം വൃചീവാന്മാരെ ദേ
വവാതവംശ്യന്നു കീഴ്പെടുത്തിയിട്ടു, സൃഞ്ജയന്നു തുൎവശുവിനെ കൊടുത്തു. 7

അഗ്നേ, ധനവാനും സമ്രാട്ടുമായ ചായമാനപുത്രൻ അഭ്യാവ
ൎത്തി തേരുകളെയും സ്ത്രീകളെയും ഇരുപതു ഗോമിഥുനങ്ങളെയും എനി
ക്കു തന്നിരിക്കുന്നു: നശിപ്പിക്കാവുന്നതല്ല, പൃഥുവംശ്യന്റെ ദക്ഷിണ! 8

---

5. ചായമാനസൂനു—ചായമാനനെന്ന രാജാവിന്റെ മകൻ. അഭ്യാവൎത്തി—മകനായ രാജാവിന്റെ പേർ. ഹരിയൂപീയ—ഒരു നദിയോ, നഗരിയോ. വൃചീവാന്മാർ—വരശിഖന്റെ ഒരു പൂൎവനായ വൃചീവാന്റെ വംശത്തിൽ ജനിച്ചവർ, വരശിഖപുത്രന്മാർ. പടിഞ്ഞാറുകാരൻ—ഹരിയൂപീയയുടെ പടിഞ്ഞാറു ഭാഗത്തു പാൎത്തിരുന്ന കേമൻ.

6. കൊല്ലാൻ—അങ്ങയെ. പാത്രങ്ങൾ—യാഗത്തിന്നുള്ളവ. യവ്യാവതി—ഹരിയൂപീയയുടെ മറെറാരു പേർ. നിശ്ശൂന്യത—മരണം.

7. ദേവവാതവംശ്യൻ—ദേവവാതന്റെ വംശത്തിൽ ജനിച്ച അഭ്യാവൎത്തി. സൃഞ്ജയൻ—ഒരു രാജാവു് തുൎവശുവിനെ കൊടുത്തു—സഹായിപ്പാൻ.

8. അഭ്യാവൎത്തിയുടെ ദാനശീലത്വം ഋഷി അഗ്നിയെ അറിയിക്കുന്നു: ഗോമിഥുനങ്ങൾ—പൈക്കളും കാളകളും. പൃഥുവംശ്യന്റെ—പൃഥുവിന്റെ കുലത്തിൽ പിറന്നവനായ അഭ്യാവൎത്തിയുടെ.



Digitized By Kerala Sahitya Akademi

## സൂക്തം 28.

ഭരദ്വാജൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ;
ഗോവും ഇന്ദ്രനും ദേവത.

ഗോക്കൾ വരട്ടെ; ശുഭം തരട്ടെ; തൊഴുത്തിൽ കിടക്കട്ടെ; ന
മ്മെ സ്നേഹിയ്ക്കട്ടെ. കിടാങ്ങളോടുകൂടിയ വളരെ നാനാവൎണ്ണകൾ ഇ
വിടെ പുലർകാലത്ത് ഇന്ദ്രന്നായി കറക്കപ്പെടുമാറാകണം! 1
ഇന്ദ്രൻ യജിയ്ക്കുന്നവന്നും സ്തുതിയ്ക്കുന്നവന്നും (ധനം) കല്പിച്ചുകൊ
ടുക്കും.—സദാ അരികിൽച്ചെന്നുതന്നേ കൊടുക്കും; അപഹരിയ്ക്കില്ല.
അവരുടെ ധനം വീണ്ടും വീണ്ടും വൎദ്ധിപ്പിച്ച്, ആ ദേവകാമന്മാരെ
അഭേദ്യവും അപ്രാപ്യവുമായ സ്ഥലത്തു പാൎപ്പിയ്ക്കും. 2
ആ ഗോക്കൾ പോയ്ക്കളയരുത്; കള്ളൻ ഉപദ്രവിയ്ക്കരുത്;
അവയ്ക്കു ശത്രുവിന്റെ ആയുധമേല്ക്കരുത്. അവയെക്കൊണ്ടു ദേവന്മാ
രെ യജിയ്ക്കുകയും കൊടുക്കുകയും ചെയ്യുന്ന ഉടമസ്ഥൻ നെടുനാൾ അ
വയോടുകൂടി വസിയ്ക്കട്ടെ! 3
പൊടി പൊന്തിയ്ക്കുന്ന കുതിര ആ ഗോക്കളെ സമീപിയ്ക്കരുത്;
വിശസനസംസ്കാരം അവയെ സ്പൃശിയ്ക്കരുത്. അവ ആ യജിയ്ക്കുന്ന
മനുഷ്യന്റെ വിസ്തൃതമായ അഭയസ്ഥലത്തെയ്ക്കു നടകൊള്ളട്ടെ! 4
ഗോക്കൾതന്നേ ധനം; എനിയ്ക്ക് ഇന്ദ്രൻ ഗോക്കളെ തരട്ടെ!
ഗോക്കളാണ്, മുഖ്യമായ സോമത്തിന്റെ ഭക്ഷ്യം. ആളുകളേ, ഈ
ഗോക്കളാകുന്നു, ഇന്ദ്രൻ; ആ ഇന്ദ്രനെ ഞാൻ ഹൃദയംകൊണ്ടും മനസ്സു
കൊണ്ടും ഇച്ഛിയ്ക്കുന്നു. 5

---

### സൂക്തം 28.

1. വരട്ടെ—ഞങ്ങളുടെ ഗൃഹത്തിൽ. നാനാവൎണ്ണകൾ—നാനാനിറംപൂണ്ട പൈക്കൾ.

2. ആ ദേവകാമന്മാരെ—യഷ്ടാവിനെയും സ്തോതാവിനെയും.

3. കൊടുക്കുകയും—ഇന്ദ്രന്നായി.

4. കുതിരയെ കണ്ടാൽ ഗോക്കൾ പേടിയ്ക്കും. വിശസനസംസ്കാരം—യാഗത്തിന്നു കൊല്ലാൻ ചെയ്യപ്പെടുന്ന കൎമ്മം; പൈക്കളെ വിശസിച്ചുകൂടാ.

5. സോമത്തിന്റെ ഭക്ഷ്യം—സോമനീരിൽ ഗോരസങ്ങൾ ചേൎക്കുമല്ലോ.

Digitized By Kerala Sahitya Akademi

ഗോക്കളേ, നിങ്ങ൦ മെലിഞ്ഞവനെയും തടിപ്പിയ്ക്കുവിൻ; ശ്രീ
യില്ലാത്തവനെയും സുന്ദരനാക്കുവിൻ. മംഗളമായി ശബ്ദിയ്ക്കുന്ന നി
ങ്ങ൦ ഗൃഹത്തെ മംഗളമാക്കുവിൻ! നിങ്ങളുടെ മഹത്തായ അന്നമാ
ണ്, സഭകളിൽ വർണ്ണിയ്ക്കപ്പെടുന്നത് 6

നിങ്ങ൦ സന്താനവതികളാകുവിൻ; നല്ല പുല്ലു തിന്നുവിൻ;
നല്ല കുളത്തിലെ തെളിവെള്ളം കുടിയ്ക്കുവിൻ. നിങ്ങളെ കള്ളൻ കൈ
ക്കലാക്കരുത്; പുലിയും മററും പിടിയ്ക്കരുത്; രുദ്രൻെറ ആയുധവും
നിങ്ങളിലേല്ക്കരുത്! 7

ഇത് ഈ ഗോക്കളെ തഴപ്പിയ്ക്കട്ടെ—ഇന്ദ്ര, അങ്ങയുടെ വീര്യ
ത്തിന്നു, കാളയുടെ രേതസ്സിനെയും തഴപ്പിയ്ക്കട്ടെ! 8

ആറാമധ്യായം സമാപ്തം.

---

## ഏഴാമധ്യായം.

### സൂക്തം 29.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

നിങ്ങളുടെ ആളുക൦ സഖ്യത്തിന്നായി, വലിയതനുഷ്ഠിച്ചു
സ്തുതി ചൊല്ലിക്കൊണ്ട് ഇന്ദ്രങ്കൽ ചെല്ലുന്നു: വലിയതു നല്കുന്നവനാ
ണല്ലോ, വജ്രഹസ്തൻ; ആ രമണീയനായ മഹാനെത്തന്നേ നിങ്ങ൦
രക്ഷയ്ക്കായി യജിയ്ക്കുവിൻ. 1

---

6. സഭക൦—യാഗപരിഷത്തുക൦. അന്നം—പാലും മററും. വർണ്ണി
യ്ക്കപ്പെടുന്നത്—ഉപയോഗിയ്ക്കപ്പെടുന്നതെന്നു സാരം.

7. പ്രത്യക്ഷോക്തിതന്നെ: രുദ്രൻ—കാലസ്വരൂപനായ പരമേശ്വരൻ.

8. ഇത്—ഈ സൂക്തം. രേതസ്സിനെയും—ചിനയുണ്ടാക്കുന്ന കൂററന്റെ
രേതസ്സു തഴച്ചാലേ, പൈക്ക൦ പെറുകയുള്ളൂ; പൈക്ക൦ പെററാലേ, ക്ഷീരാദി
ഹവിസ്സുകളാൽ ഇന്ദ്രൻ വീര്യവാനാകയുമുള്ളൂ.

സൂക്തം 29.

1. യജമാനരോട്; വലിയത്—മഹത്തായ കർമ്മം; അടുത്ത വാക്യ
ത്തിലെ വലിയതിന്നു മഹത്തായ ധനം എന്നർത്ഥം.

Digitized By Kerala Sahitya Akademi

തന്റെ കയ്യിൽ നിറയെയുണ്ട്, മനുഷ്യൎക്കു വേണ്ടുന്നവ. തേ
രാളിയായ താൻ പൊന്നിൻതേരിലിരിയ്ക്കും: കടിഞ്ഞാണുകൾ തടിച്ച
കൈകളിലടക്കും; പൂട്ടപ്പെട്ട യുവാശ്വങ്ങൾ വഴിയിൽ നടക്കും. 2
നേതാവേ, വിഭൂതിയ്ക്കായി, പരിചരണം തൃക്കാല്ക്കൽ അൎപ്പി
യ്ക്കുന്നു. ബലത്താൽ കീഴമൎത്തുന്നവനും വജ്രിയും ദക്ഷിണായുക്തനുമാ
യ ഭവാൻ കാഴ്ചയ്ക്കായി നല്ല വടിവു പൂണ്ടു, സൂൎയ്യൻപോലെ സഞ്ചരി
യ്ക്കുന്നു. 3
യാതൊന്നു പിഴിയുമ്പോളാണോ, പുരോഡാശവും മററും പ
ചിയ്ക്കുന്നതും, പൊരിയവിലൊരുക്കുന്നതും, അന്നം ചമയ്ക്കുന്ന നേതാ
ക്കൾ സ്തുതിച്ചുകൊണ്ടും ഉക്ഥം ചൊല്ലിക്കൊണ്ടും ദേവകളെ ഉപഗമി
യ്ക്കുന്നതും; ആ സോമം ഇന്ദ്രനോടു തുലോം ചേരുന്നു! 4
അങ്ങയുടെ ബലത്തിന്റെ അററം കണ്ടെത്തിയിട്ടില്ല: അതു
മഹത്ത്വംകൊണ്ടു വാനൂഴികളെ ചിക്കെന്നു പേടിപ്പിച്ചു; അതിനെ,
സ്തോതാവു വെമ്പലോടേ ഹവിസ്സുകൊണ്ടു യജിച്ചു, വെള്ളത്തിൽ ഗോ
ഗണത്തെയെന്നപോലെ തൃപ്തിപ്പെടുത്തുന്നു! 5
ഇത്രയും മഹാനായ ഇന്ദ്രൻ സുഖാഹ്വാതവ്യനായി ഭവിയ്ക്കട്ടെ:
പച്ചയണക്കടയുള്ള താൻ വന്നാലും വരാഞ്ഞാലും ധനം നല്കും; ഇങ്ങ
നെയുള്ള നിസ്തുല്യബലൻ വളരെ രക്ഷസ്സുകളെയും ദസ്യുക്കളെയും നി
ഹനിയ്ക്കട്ടെ! 6

---

### സൂക്തം 30.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്രൻ വീരകൎമ്മങ്ങൾക്കായി വളരെ വളരെ വളൎന്നു; ആ അ
പീഡ്യനായ ഏകൻ ധനം നല്കുന്നു. തന്തിരുവടി ദ്യോവിനെയും ഭൂവി

---

2. വേണ്ടുന്നവ—ധനങ്ങൾ.

3. പ്രത്യക്ഷോക്തി: അൎപ്പിയ്ക്കുന്നു—ഭരദ്വാജൻ. ദക്ഷിണായുക്തൻ—ദക്ഷി ണയോടു, സ്തോതാക്കൾക്കു കൊടുക്കേണ്ടുന്ന ധനത്തോടു, കൂടിയവൻ.

5. അതു—ബലം. വെള്ളത്തിൽ—വെള്ളത്തിലിറങ്ങിയ ഗോഗണത്തെ ഇടയൻ വെള്ളം കുടിപ്പിയ്ക്കുന്നതുപോലെ.

6. പച്ചയണക്കട—ഹരിതവൎണ്ണങ്ങളായ ഹനുക്കൾ. നല്കും—സ്തോതാ ക്കൾക്ക്.

Digitized By Kerala Sahitya Akademi

നെയ്യും കവിച്ചു: തൻെറ പകുതി മതി, വാനൂഴികൾ രണ്ടിനോടും കിട നില്പാൻ! 1

ഞാനിപ്പോൾ തന്തിരുവടിയുടെ തഴച്ച ബലത്തെ സ്തുതിയ്ക്കുന്നു. താൻ ചെയ്തവയെ ആരും തള്ളില്ല: ആ സുകർമ്മാവു സൂര്യനെ നാളിൽ നാളിൽ കാണുമാറാക്കി; ഉലകങ്ങൾക്കു വലുപ്പം കൂട്ടി! 2

ഇന്ദ്ര, നദികൾക്കായി കല്പിച്ചുചെയ്തത് ഇന്നും അന്നും നില നില്ക്കുന്നു: അങ്ങ് അവയ്ക്കു വഴി തോണ്ടിയല്ലോ! മലകൾ, ഉണ്ണാനിരിയ്ക്കുന്നവർപോലെ അനങ്ങാതായി! സുകർമ്മാവേ, അങ്ങനെ ഭവാൻ ഭുവനങ്ങളെ ഉറപ്പിച്ചു. 3

ഇന്ദ്ര, വാസ്തവംതന്നെ, അങ്ങയെപ്പോലെയോ മീതെയോ മറെറാരു ദേവനില്ല, മനുഷ്യനില്ല: അങ്ങു വെള്ളം മൂടിക്കിടന്ന മേഘത്തെ പിളർത്തി; ജലങ്ങളെ സമുദ്രത്തിലെയ്ക്കു വിട്ടു! 4

ഇന്ദ്ര, അങ്ങ് മേഘത്തിൻെറ ഉറപ്പുടച്ചു, തടയപ്പെട്ടിരുന്ന ജലങ്ങളെ എങ്ങും ഒഴുകിച്ചു; സൂര്യനെയും ആകാശത്തെയും ഉഷസ്സിനെയും ഒപ്പം വെളിപ്പെടുത്തി, ലോകത്തിലെ പ്രജകൾക്കു പെരുമാളുമായി! 5

---

## സൂക്തം 31.

ഭരദ്വാജൻ സുഹോത്രൻ ഋഷി; ത്രിഷ്ടുപ്പും ശക്വരിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(കാകളി)

മുഖ്യസമ്പത്തുകൾക്കേകനാം സ്വാമി നീ;
തൃക്കയ്യിൽ വെച്ചിരിയ്ക്കുന്നു, നീ ലോകരെ;
പുത്രനും, വീരപൌത്രനും, തണ്ണീർക്കുമായ്
നൽസ്തവമുണ്ടിന്ദ്ര, ചൊല്ലുന്നു മാനുഷർ! 1

---

സൂക്തം 30.

1. അപീഡ്യൻ=പീഡിപ്പിയ്ക്കാനശക്യൻ.

3. ഉണ്ണാനിരിയ്ക്കുന്നവർ നിശ്ചലരാകുമല്ലോ.

സൂക്തം 31.

1. മുഖ്യസമ്പത്തുകൾ—ധനങ്ങളിൽവെച്ചു മികച്ച ധനങ്ങൾ. പുത്രനു— പുത്രനും വീരനായ പൌത്രനും തണ്ണീരുമുണ്ടാകാൻ. നൽസ്തവം—അങ്ങയെക്കുറിച്ച്,

Digitized By Kerala Sahitya Akademi

അങ്ങയെപ്പേടിച്ചൊഴുകുന്നി,തെമ്പാടു-
മന്തരിക്ഷത്തിൽനിന്നക്ഷോഭ്യതോയവും;
ഇന്ദ്ര, നീ ചെല്ലേ നടുങ്ങുന്നു, വാന്നുഴി,
കുന്നുകൾ, കാടു—മാപ്പുറാതൊക്കയും! 2

ശൂരനാം ശുഷ്ണനോടിന്ദ്ര, സകുത്സനായ്-
പ്പോരാടി നീ; രണേ കൊന്നു, കുയവനെ;
സൂരന്റെ തേർവട്ടടരിൽക്കവെന്നു നീ;
ദൂരീകരിച്ചു, ദുരിതകാരികളെ! 3

വിധ്വംസിയാം ശംബരന്റെയൊരുനൂറു
ദുർദ്ധർഷമാം പുരമൊട്ടുക്കുടച്ചു, നീ
സോമകൃത്താം ദിവോദാസനു,മീരിത-
സ്തോമനാകും ഭരദ്വാജനുമപ്പൊഴേ,
സോമനീരാകും വിലയ്ക്കു വാങ്ങപ്പെട്ട
ധീമൻ, ധനം നല്കിയല്ലോ, മതിബലാൽ! 4

സത്യയോധാന്വിതനബ്ഭുവാൻ വൻപോരി-
നത്യുഗ്രമാം തേരിലേറുക,രുധന;
ഉത്തമാധ്വാവേ, സരക്ഷനായെങ്ങൾ വ-
ന്നൊത്തുക; കീർത്തിമൻ, കേൾപ്പിയ്ക്കു, ലോകരെ! 5

---

സൂക്തം 32.

സുഹോത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
(കാകളി)

ഏറെപ്പുകഴ്ത്തപ്പെടേണ്ടുന്ന വിദൂത-
കാരിയും, വജ്രിയും, വായ്പുററ കെല്പനും,

---

2. തോയം=ജലം.

3. സകുത്സനായ്—കുത്സനോടുകൂടി. കുയവൻ—ഒരസുരൻ. ദുരിതകാരികൾ—രാക്ഷസാദികൾ.

4. സോമകൃത്ത്—സോമം ഉണ്ടാക്കിവെച്ചവൻ. ഈരിതസ്തോമൻ—സ്തോത്രം ചൊല്ലിയവൻ. മതിബലാൽ—ബുദ്ധിമിടുക്കിനാൽ.

5. സത്യയോധാന്വിതൻ=യഥാർത്ഥഭടരോടുകൂടിയവൻ. ഉത്തമാധ്വാവേ—മികച്ച മാർഗ്ഗമുള്ളവനേ. സരക്ഷൻ=രക്ഷയോടുകൂടിയവൻ. കേൾപ്പിയ്ക്കു ലോകരെ—ഞങ്ങളെ ലോകവിശ്രുതരാക്കിയാലും.

Digitized By Kerala Sahitya Akademi

വീരനുമാമീ മഹാനു സുഖപ്രദം
ഭൂരിനവ്യസ്തവം ചൊല്ലുന്നതുണ്ടു ഞാൻ: 1
അദ്രി പിളൎത്തക്കവിസ്തുതൻ വീശിച്ചി,-
തക്കനെക്കൊണ്ടൊളി രണ്ടുതായാരിലും;
ഗോക്കൾതൻ കെട്ടുമറുത്താൻ, ശുഭധ്യാന-
മാൎഗ്ഗരാം സ്തോതാക്കൾ മേന്മേൽബ്ഭുജിക്കയാൽ. 2
സൎവദാ മുട്ടു മടക്കിപ്പുകഴ്ത്തിയ
ഹവ്യദരൊത്തു ഗോക്കൾക്കായ്ജ്ജയിച്ചവൻ
വീഴ്ത്തി, കെല്പറ്റ പുരങ്ങൾ കവിമിത്ര-
മൈത്രീച്ഛയാൽക്കവിയായപ്പുരുക്രിയൻ. 3
സ്തുത്യഭിഗമ്യ, വൃഷാവേ, പ്രജകൾതൻ
മധ്യേ പുകഴ്ത്തുന്നവങ്കൽശ്ശുഭത്തിനായ്,
പുത്തൻബഡബാഗണത്തിലൂടെ വരി-
കുത്തമമന്നങ്ങളും വൻകെല്പുമേന്തി നീ! 4
അത്തുരാഷാട്ടിന്ദ്രനത്യുൽബലൻ ഹയ-
യുക്തൻ പൊഴിക്കുന്നു നീർ ദക്ഷിണായനേ;
ഇത്ഥം പൊഴിച്ച നീരക്ഷോഭ്യമാമിട-
ത്തെത്തുന്നു, നിത്യം തിരിച്ചുപോരാപ്പടി. 5

---

സൂക്തം 32.

1. വിദ്രുതകാരി—വേഗത്തിൽ ചെയ്യുന്നവൻ.

2. അദ്രി—ഗോക്കളെ ഒളിപ്പിച്ചിരുന്ന മല. കവിസ്തുതൻ—കവികളാൽ, അംഗിരസ്സുകളാൽ, സ്തുതിക്കപ്പെട്ട ഇന്ദ്രൻ. രണ്ടുതായാരിലും—ദ്യാവാപൃഥിവികളിൽ ഒളി വീശിച്ചു. സ്തോതാക്കൾ—അംഗിരസ്സുകൾ.

3. മുട്ടു മടക്കി—വണങ്ങി. ഹവ്യദർ—അംഗിരസ്സുകൾ, പുരങ്ങൾ—അസുരരുടെ. കവിമിത്രമൈത്രീച്ഛയാൽ—കവികളായ മിത്രങ്ങളുടെ (അംഗിരസ്സുകളുടെ) മൈത്രിക്കുവേണ്ടി. പുരുക്രിയൻ—ബഹുകൎമ്മാവ്

4. സ്തുത്യഭിഗമ്യ—സ്തുതികൾകൊണ്ടു പ്രാപ്യനായുള്ളോവേ. പുകഴ്ത്തുന്നവങ്കൽ—സ്തോതാവിന്റെ അടുക്കൽ വരിക. ബഡബ=പെൺകുതിര. ഏന്തി—തങ്ങൾക്കു തരാൻ.

5. തുരാഷാട്ട്—ഇന്ദ്രപൎയ്യായം: ഹിംസകരെ അമൎത്തുന്നവൻ. ദക്ഷിണായനേ—ദക്ഷിണായനകാലത്തു നീർ പൊഴിക്കുന്നു, മഴ പെയ്യുന്നു. അക്ഷോഭ്യമാമിടത്ത്—സമുദ്രത്തിൽ. തിരിച്ചുപോരാപ്പടി—തിരിയേപോരലില്ലാതെ.

Digitized By Kerala Sahitya Akademi

## സൂക്തം 33.

ഭരദ്വാജൻ ശുനഹോത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

(കാകളി)

സ്വശ്വനായ്പ്പോരിൽ നല്ലശ്വത്തെ വീഴ്ത്തണം;
വെച്ചമർത്തേണ,മെതിർത്ത ശത്രുക്കളെ;
അത്ര കെല്പുള്ളോനെ നല്കി,ന്ദ്ര, ഞങ്ങൾക്ക
ഭദ്രനെ, ത്യാഗിയെ,സ്സൂരിയെ, വർഷക! 1

അങ്ങയെയല്ലോ പുകഴ്ത്തി വിളിക്കുന്നു,
സംഗരേ ത്രാണനത്തിനിന്ദ്ര, മാനുഷർ:
കൊന്നാൻ, പണികളെ മേധാവ്യരൊത്തു നീ;
കൊററു നിൻരക്ഷയിൽ നില്ക്കിലേ കൈവരൂ! 2

ശൂര, നീ കൊന്നു, മുടിക്കുന്ന ശത്രുക്ക-
ളാര്യരാം ഛാദകരീയിരുകൂട്ടരെ;
കാടുകളെപ്പോലറുക്കമേ, ശസ്ത്രങ്ങൾ
ഗാഢമയച്ചിന്ദ്ര, നേതൃനേതാവു നീ! 3

ഏറെയാം പോകാത്ത പോരിൽപ്പൊരുതെങ്ങൾ
ശൂര, ധനാർത്ഥം ഭവാനെ വിളിക്കുവേ

---

## സൂക്തം 33.

1. സ്വശ്വൻ=നല്ല കുതിരകളോടുകൂടിയവൻ. അശ്വത്തെ—ശത്രുക്കളുടെ കുതിരകളെ. കെല്പുള്ളോനെ—ബലവാനായ പുത്രനെ. ഭദ്രൻ—ശോഭനാശയൻ. ത്യാഗി=ദാതാവ്, അങ്ങയ്ക്കു ഹവിസ്സു നല്കുന്നവൻ. സൂരി—സ്തോതാവ് വർഷക—ഹേ അഭീഷ്ടവർഷിൻ.

2. സംഗരേ=യുദ്ധത്തിൽ. ത്രാണനം=രക്ഷണം. പണികൾ—ഗോക്കളെ അപഹരിച്ച അസുരന്മാർ. മേധാവ്യർ—അംഗിരസ്സുകൾ. അങ്ങയാൽ രക്ഷിക്കപ്പെടാത്തവന്ന് അന്നം കിട്ടില്ല.

3. മുടിക്കുന്ന (കർമ്മനാശകരായ) ശത്രുക്കൾ, ആര്യ(കർമ്മവാന്മാ)രായ ഛാദകർ(മറച്ച വിശ്വരൂപനും മററും), ഈ രണ്ടുകൂട്ടരെയും നീ കൊന്നു. അറുക്കമേ—മററു ശത്രുക്കളെയും. നേതൃനേതാവ്=നേതാക്കളിൽവെച്ചു നേതാവ്.

4. ഏറെയാം പോകാത്ത—മിക്കവെക്കും ക്ലേശമുണ്ടാകുമല്ലോ, പോരിലി

Digitized By Kerala Sahitya Akademi

സദ്രക്ഷയാൽക്കാക്കകെ,ങ്ങളെപ്പൊന്തിച്ചു;
സഖ്യവും കൊൾകിന്ദ്ര, സർവതോഗാമി നീ! 4
ഞങ്ങടെയാകി,നുമിന്ദ്ര, നീ പിന്നെയും—
തുംഗനാം നീ സുഖിപ്പിയ്ക്ക, വന്നൊങ്ങളെ—
ഇത്ഥം പുകഴ്ത്തുന്ന ഞങ്ങൾ ഗോവൃദ്ധി പൂ-
ണ്ടെത്താവു, മാലറ്റം നിൻസുഖദീപ്തിയിൽ! 5

---

## സൂക്തം 34.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

നിങ്കലേ വന്നെത്തി,യിന്ദ്ര, മുൻഗാഥകൾ;
നിങ്കൽനിന്നുണ്ടായ്‌വരുന്നു, വൻചിന്തകൾ.
അന്നുമിന്നുമൃഷിസ്തോത്രവുമുക്ഥവു—
മിന്ദ്രങ്കലെത്താൻ പൊരുതി, പരസ്പരം! 1
ഏകൻ മഹാൻ പുരുത്സാഹിതനേവനോ;
യാഗസ്ഥരാൽപ്പുരുഹൂതൻ പുരുസ്തുതൻ;
ആയിന്ദ്രനെപ്പെരുംകെല്പിന്നു, തേരുപോ—
ലായോജനംചെയ്തു വാഴ്ത്തുമാറാക, നാം! 2

---

റങ്ങാൻ. ധനാർത്ഥം—ശത്രുക്കളുടെ ധനം കീഴടക്കാൻ. പൊന്തിച്ചു—വളർത്തി, ജയിപ്പിച്ചു. സർവതോഗാമി=എല്ലാടത്തും പോകുന്നവൻ.

5. ഇന്നും പിന്നെയും(മേലിലും) നീ ഞങ്ങടെയാക—ഞങ്ങളുടെ സ്വന്തമാളായാലും. തുംഗൻ—മഹാൻ. ഗോവൃദ്ധി പൂണ്ട്—വളരെ ഗോക്കളെ നേടി. സുഖദീപ്തി—സുഖപ്രകാശം; ദീപ്തമായ സുഖത്തിൽ എത്താവു!

സൂക്തം 34.

1. മുൻഗാഥകൾ—പൂർവസ്തുതികൾ. വൻചിന്തകൾ—വലിയ ആശയങ്ങൾ. ഋഷിസ്തോത്രം=ഋഷിമാരുടെ സ്തോത്രങ്ങൾ. പരസ്പരം പൊരുതി—'ഞാൻ മുമ്പേ, ഞാൻ മുമ്പേ' എന്നു തമ്മിൽ മത്സരിച്ചു. ഉത്തരാർദ്ധം പരോക്ഷകഥനമാകുന്നു.

2. പുരുത്സാഹിതൻ—വളരെയാളുകളാൽ ഉത്സാഹിപ്പിയ്ക്കപ്പെട്ടവൻ. പുരുഹൂതൻ= വളരെ വിളിയ്ക്കപ്പെട്ടവൻ. പുരുസ്തുതൻ=വളരെ സ്തുതിയ്ക്കപ്പെട്ടവൻ. ആയോജനംചെയ്തു=പൂട്ടിനിർത്തി.



Digitized By Kerala Sahitya Akademi

ഭക്തിയും സ്തോത്രവും നോവിച്ചിടാ, നതി–
സക്തനാമിന്ദ്രനെച്ചെന്നു വളൎത്തുമേ:
ഗാഥ പാടുന്നതുണ്ടല്ലോ, ശതം ശതം
സ്തോത്രജാതങ്ങ;–ളുവന്നു സൌഖ്യദം! 3
ഇന്ദ്രന്നുതന്നെയാണി,ന്നു, ജലം കൂട്ടി
നന്നായളന്നതാം സോമവും സ്തോത്രവും;
തന്നെ വളൎത്തി ഹവിസ്സും സ്തവനവും,
തണ്ണീർപ്രവാഹം മരുസ്ഥനെപ്പോലവേ. 4
ഈയിന്ദ്രനെപ്പററിയീ മഹത്താം സ്തവ—
മീയിന്ദ്രനെപ്പററിയിന്നതി—ചൊല്ലിനാർ,
കനിച്ച യുദ്ധത്തിൽ വിശ്വസഞ്ചാരിയാ–
മിന്ദ്രൻ വളൎത്തു രക്ഷിയ്ക്കുവാനായ്ബ്ബുധർ. 5

---

## സൂക്തം 35.

ഭാരദ്വാജൻ നരൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

സ്തോത്രങ്ങൾ എപ്പോൾ പള്ളിത്തേരിൽ ചെന്നെത്തും? ആയി
രംപേരെപ്പുലൎത്താനുള്ള വക സ്തോതാവിന്നു ഭവാൻ എപ്പോൾ തരും?
ഇവൻെറ സ്തോത്രത്തെ ഭവാൻ എപ്പോൾ ധനത്തിൽ പാൎപ്പിയ്ക്കും?
ഭവാൻ എപ്പോൾ കൎമ്മങ്ങളെ അന്നംകൊണ്ടു രമണീയങ്ങളാക്കും? 1

---

3. അന്യരുടെ ഭക്തി(സപൎയ്യ)യും സ്തുതിയും ദാനശക്തിയില്ലാത്തവന്നേ വേദനയുളവാക്കു. നേരേമറിച്ചാണല്ലോ ഇന്ദ്രൻെറ സ്ഥിതി. ഗാഥ—സ്തുതി. അതു—സ്തുതിഗാനം.

4. നന്നായ്—മന്ത്രം ജപിച്ചുകൊണ്ട്. തന്നെ—അദ്ദേഹത്തെ, ഇന്ദ്രനെ. മരുസ്ഥൻ—നിൎജ്ജലപ്രദേശസ്ഥിതൻ; ഇവന്നു വെള്ളം കിട്ടിയാൽ വളൎച്ച (സംതൃപ്തി) വരുമല്ലോ.

5. ബുധർ=സൂരികൾ, സ്തോതാക്കൾ.

## സൂക്തം 35.

1. പ്രത്യക്ഷോക്തി: സ്തോതാവിന്ന്—എനിയ്ക്ക്. ഇവൻെറ—എൻെറ. ധനത്തിൽ പാൎപ്പിയ്ക്കും—ലബ്ധധനമാക്കും. കൎമ്മങ്ങൾ—അഗ്നിഹോത്രാദികൾ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, എന്നായിരിയ്ക്കും, അങ്ങ് ആരംക്കാരെ ആരംക്കാരോടും, വീരന്മാരെ വീരന്മാരോടും ഏററുമുട്ടിയ്ക്കുകയും, പോരിൽ ജയിയ്ക്കുകയും, എതിരാളികളുടെ കാവൽപ്പൈക്കളെ കീഴടക്കുകയും, ഞങ്ങരംക്കു സാവിത്രികമായ ധനം തരികയും ചെയ്യുക? 2

ഇന്ദ്ര, ബലിഷ്ഠ, എന്നായിരിയ്ക്കും, അങ്ങ് സ്തോതാവിന്നു ബഹുവിധമായ അന്നം ഏർപ്പെടുത്തുക; എന്നായിരിയ്ക്കും അങ്ങ് കർമ്മങ്ങളെയും സ്തുതികളെയും സ്വീകരിയ്ക്കുക? എന്നായിരിയ്ക്കും, അങ്ങ് ഗോപ്രദങ്ങളായ സ്തോത്രങ്ങളിൽ വന്നണയുക? 3

ഇന്ദ്ര, എന്നാൽ അവിടുന്നു സ്തോതാവിന്നു ഗോക്കളെ നല്കുന്ന, അശ്വങ്ങളെക്കൊണ്ടാഹ്ലാദിപ്പിയ്ക്കുന്ന, ബലംകൊണ്ടു പുകഴ്ത്തപ്പെട്ട അന്നങ്ങരം ഭരദ്വാജരിൽ വെച്ചാലും—അന്നങ്ങളെയും നല്ല കാവല്പയ്യിനെയും തഴപ്പിച്ചാലും; സൽപ്രഭകൊണ്ടുദ്ഭാസിപ്പിച്ചാലും! 4

ശക്ര, ആ പുതിയ ദ്രോഹിയെ ഭവാൻ മറെറാരു മട്ടിലാക്കണം! ശൂരനായ, പിളത്തുന്നവനായ ഭവാനെ സ്തുതിയ്ക്കുന്ന ഞാൻ വെൺപാൽ ചുരത്തുന്ന പയ്യികൽനിന്നകലരുത് മേധാവിൻ, അവിടുന്ന് ആംഗിരസരെ അന്നംകൊണ്ട് ആനന്ദിപ്പിച്ചാലും! 5

---

## സൂക്തം 36.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

സത്യമായും അങ്ങയുടെ മത്തും, സത്യമായും അങ്ങയുടെ ത്രൈലോക്യസമ്പത്തും വിശ്വജനീനമാകുന്നു; സത്യമായും, അന്നങ്ങരം

---

2. ആരംക്കാരെ ആരംക്കാരോടും—ഞങ്ങളുടെ ആളുകളെ ശത്രുജനങ്ങളോടും. വീരന്മാരെ വീരന്മാരോടും—ഞങ്ങളുടെ പുത്രന്മാരെ ശത്രുപുത്രന്മാരോടും.

3. ഗോപ്രദങ്ങരം—ഗോലബ്ധിയാകുന്ന ഫലമുളവാക്കുന്ന.

4. ഭരദ്വാജരിൽ—ഭരദ്വാജപുത്രന്മാരായ ഞങ്ങളിൽ.

5. മറെറാരു മട്ടിലാക്കണം—മരിപ്പിയ്ക്കണം. പിളത്തുന്നവനായ—ശത്രുക്കളെ. പയ്യ്—ഭവത്തയായ ധേനു. ആംഗിരസർ—അംഗിരോഗോത്രക്കാരായ ഞങ്ങരം.

Digitized By Kerala Sahitya Akademi

പകക്കുന്നവനാണ്, ഭവാൻ; ദേവകളിൽവെച്ചു ബലവാനാണല്ലോ,
അങ്ങ്! 1

തന്തിരുവടിയുടെ ബലത്തെ ആളുകൾ തുലോം പൂജിയ്ക്കുന്നു;
സത്യമായും, വീരകർമ്മത്തിന്നു മുൻനില്ക്കുന്നു; സദാ എതിൎക്കുന്നവരെ
പിടിച്ചു കൊല്ലുന്ന ആ പ്രധൎഷകനു, മുടക്കിയെ മുടിയ്ക്കാൻ, കർമ്മവുമനു
ഷ്ഠിയ്ക്കുന്നു! 2

ആ ഇന്ദ്രനെ രക്ഷകളും വീൎയ്യങ്ങളും ബലങ്ങളും പെൺകുതിര
കളും ഒന്നിച്ചുനിന്നു സേവിയ്ക്കുന്നു; നദികൾ സമുദ്രത്തിലെന്നപോലെ,
ഉക്ഥാദിസ്തുതികൾ ആ വിദൂരവ്യാപ്തനിൽ ചെന്നുചേരുന്നു! 3

ഇന്ദ്ര, അങ്ങനെ സ്തുതിയ്ക്കപ്പെട്ടുന്ന ഭവാൻ വളരെപ്പേരെ ആ
ഹ്ലാദിപ്പിയ്ക്കുന്ന, പൊറുപ്പിയ്ക്കുന്ന ധനം ഇങ്ങു വൎഷിച്ചാലും: പ്രാണി
കൾക്ക് ഒരു നിസ്തുല്യനായ നാഥനാണല്ലോ—ഉലകിന്നൊക്കെ ഒററ
പ്പെരുമാളാണല്ലോ—നിന്തിരുവടി. 4

അതിനാൽ, വളരെശ്ശത്രുസമ്പത്തുകളെ സൂൎയ്യൻപോലെ കീ
ഴടക്കുന്ന പരിചരണേച്ഛുവായ ഭവാൻ ശ്രോതവ്യം ക്ഷണേന ശ്രവിച്ചാ
ലും; സ്തൂയമാനനായി കാലേ കാലേ ഹവിസ്സുകൊണ്ടറിയപ്പെട്ടുന്ന ബല
വാനായ ഭവാൻ ഞങ്ങളുടെയായിത്തീരുമാറാകണം! 5

---

സൂക്തം 37.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

(കാകളി)

പൂട്ടിയ വാജികളിങ്ങണയ്ക്കട്ടെ, കെ–
ല്പോറുമുള്ളിന്ദ്ര, നിൻ വിശ്വകാമ്യം രഥം:

---

സൂക്തം 36.

1. മത്ത്—സോമപാനമദം. വിശ്വജനീനം=സൎവ്വജനഹിതം. പ്രത്യക്ഷ
കഥനമാണിത്

2. പരോക്ഷകഥനം: മുൻനില്ക്കുന്നു—ഇന്ദ്രനെ. മുടക്കി—വിഘ്നകാരി.

5. സൂൎയ്യൻപോലെ—സൂൎയ്യൻ ഭുവനങ്ങളെയെന്നപോലെ. പരിചരണേ
ച്ഛു—ഞങ്ങളുടെ പരിചരണമിച്ഛിയ്ക്കുന്നവൻ. ശ്രോതവ്യം—കേൾക്കേണ്ടത്, സ്തുതി.

Digitized By Kerala Sahitya Akademi

നിന്നെ വിളിയ്ക്കുന്നു, നല്ലനാം സ്തോതാവു;
നിന്നൊടൊത്തൻപാന്നു വായ്ക്കുകെ,ങ്ങളിനി! 1

പച്ചനീരെങ്ങൾതൻ കർമ്മത്തിൽ വന്നാണ-
ഞ്ഞച്ഛമായ് നേരേ പൊഴിഞ്ഞു, കുടങ്ങളിൽ:
ഒന്നാസ്വദിയ്ക്കുമാറാകി,ത്തു വിൺവാഴ-
മിന്ദ്രൻ, പുരാതനൻ, സോമമത്തിൻ പുരാൻ! 2

നേരേ പരിതശ്ചരിയ്ക്കും രഥാശ്വങ്ങൾ
തേരിലിരിയ്ക്കുന്ന കെല്പാകുമിന്ദ്രനെ
ഹവ്യത്തിലെയ്ക്കിങ്ങു കൊണ്ടുവരേണമേ:
ദിവ്യമിതിനു കാറ്റൊറ്റു വററീടൊലാ! 3

ഏതിനാൽപ്പോക്കുമോ, തിരു നീ വജ്രവൻ;
സ്തോതൃധനങ്ങൾ കൊടുക്കയുംചെയ്യുമോ;
അദ്ദാനമീ ഹവിഷ്ഷാന്നായയ്ക്കും, ബഹു-
കൃത്യശതൻ ധൃഷ്ണുവിന്ദ്രൻ മഹത്തരൻ! 4

ഇന്ദ്രൻ സുതേജസ്വി നല്കട്ടെ, വൻകരു;-
ത്തിന്ദ്രനഭിജ്ഞൻ വളരട്ടെ, വാഴ്ത്തലാൽ;
ഇന്ദ്രൻ പ്രമാഥി കൊല്ലട്ടേ, മുടക്കിയെ;—
ത്തന്നരുളട്ടേ, തിടുക്കമോടദ്ധനം! 5

---

സൂക്തം 37.

1. നല്ലൻ=നല്ലവൻ.

2. പച്ചനീർ—പച്ചനിറം പൂണ്ട സോമനീർ. അച്ഛമായ്—വെടിപ്പു വരുത്തപ്പെട്ട്. നേരേ—ചെരിയാതെ; ചെരിഞ്ഞാൽ നിലത്തു വീഴുമല്ലോ. കുടങ്ങളിൽ—ദ്രോണകലശങ്ങളിൽ.

3. നേരേ—വളയാതെ. പരിതശ്ചരിയ്ക്കും—ചുഴലെ നടക്കുന്ന. കെല്പാകും—സർവ്വം ബലഭൃതനായ. ദിവ്യം—അനശ്വരമെന്നു സാരം. ഇതു—ഹവിസ്സായ സോമനീർ.

4. സ്തോതൃധനങ്ങൾ—സ്തോതാക്കളായ പുത്രന്മാരെയും ധനവും. ഉത്തരാർദ്ധം പരോക്ഷം:

5. വാഴ്ത്തലാൽ—നമ്മുടെ സ്തുതികൾകൊണ്ട്. പ്രമാഥി—ശത്രുമർദ്ദനൻ.

Digitized By Kerala Sahitya Akademi

## സൂക്തം 38.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ഞങ്ങൾതൻ സോമമിതുണ്ണുക,ത്യദ്ഭുത;-
നംഗീകരിയ്ക്കു, മഹോജ്ജ്വലേന്ദ്രസ്തവം;
ദിവ്യർക്കു ചെയ്യും പ്രശംസ്യമാം യജ്ഞവും
ഹവ്യവും വാങ്ങട്ടെ, ഭവ്യവിശ്രാണനൻ! 1
ഇന്ദ്രന്റെ കണ്ണുകൾ ദൂരത്തുനിന്നുമേ
വന്നെത്തു:-മൊച്ചപരത്തുന്നു, വാഴ്ത്തുവോൻ;
ഈയിന്ദ്രനെക്കൊണ്ടുപോരട്ടെ,യെങ്കലെ-
യ്ക്കീയയയ്ക്കപ്പെട്ടും ദേവഹൂതിസ്തുതി! 2
ഇന്ദ്ര, പുരാതനനിർജ്ജരനാം നിന്നെ-
യുന്നതമായ് സ്തുതിച്ചന്നാമർപ്പിച്ചു, ഞാൻ:
ഇന്ദ്രങ്കലല്ലോ, ഹവിസ്സും സ്തവങ്ങളും
ചെന്നുചേരുന്നതും, വൻനതി വായ്പതും! 3
വായ്പിപ്പൂ, യജ്ഞവും സോമവുമിന്ദ്രനെ;
വായ്പിപ്പൂ, ഹവ്യസ്തവോക്ഥമന്ത്രങ്ങളും;
വായ്പിപ്പൂ, രാവിന്റെ പോക്കിലുഷസ്സുകൾ;
വായ്പിപ്പൂ, നാൾ, തിങ്ങ,ളാണ്ടുമീയിന്ദ്രനെ! 4
ഇത്ഥം വെളിപ്പെട്ടമത്താൻ സമഗ്രമായ്
വർദ്ധിയ്ക്കുമുഗ്രനാം വമ്പാളുമങ്ങയെ,
യുദ്ധത്തിൽ വിശ്രുതസ്വത്തിനാം രക്ഷയ്ക്കു-
മദ്യ ഭജിയ്ക്കാവു, ഞങ്ങൾ മഹാമതേ! 5

---

സൂക്തം 38.

1. ഉണ്ണുക—നുകരട്ടെ. മഹോജ്ജ്വലേന്ദ്രസ്തവം=മഹത്തും ഉജ്ജ്വലവുമായ ഇന്ദ്രസ്തവം. ദിവ്യർ—ദേവകൾ. ഭവ്യവിശ്രാണനൻ=ശോഭനദാനൻ.

2. വന്നെത്തും—സ്തോത്രം കേൾപ്പാൻ. ദേവഹൂതിസ്തുതി—ഇന്ദ്രനെ വിളിയ്ക്കലാകുന്ന സ്തുതി. കൊണ്ടുപോരട്ടെ—ഒരു ദൂതിപോലെ എന്നു ധ്വനി

3. ഉന്നതമായ്=ഉൽക്കൃഷ്ടമാംവണ്ണം. ഉത്തരാർദ്ധം പരോക്ഷോക്തി:

5. അമത്താൻ—ശത്രുക്കളെ. അദ്യ=ഇപ്പോൾ.

Digitized By Kerala Sahitya Akademi

## സൂക്തം 39.

ഋഷിച്ഛന്ദോദേവതകൾ മുമ്പത്തവ.

(കാകളി)

ദിവ്യ,മുഗ്രം, ഫലവാഹി, വിപ്രസ്തുതം,
നവ്യം, നിഷേവ്യ,മീ ഞങ്ങൾതൻ സോമനീർ
ദേവ, കുടിയ്ക്കു, മത്തിന്നായ്; സ്തുതിപ്പോരു
കൈവരുത്തീടുക, ഗോപ്രധാനാന്നവും! 1

സത്യകർമ്മാക്കളോടൊത്തു നുതനിന്ദ്ര-
നദ്രിപര്യന്തസ്ഥഗോക്കളെ നേടുവാൻ
കുത്തിപ്പൊളിച്ചാൻ, വലന്റെ കട്ടിമല;
യുദ്ധവും ചെയ്താൻ, പണികളോടേറിവൻ! 2

പണ്ടുമ്പരിന്ദു, ദിനധ്വജമാക്കുക-
കൊണ്ടീയൊരിന്ദുവഹോരാത്രികളെയും
പക്ഷമാസാബ്ദങ്ങളേയും വിളങ്ങിപ്പി;-
ച്ഛച്ഛോദയവുമാക്കനു, പുലരിയെ! 3

പോക്കനു, ദീപ്തനായ്നിന്നിവനല്ലിനെ;—
ച്ചേർക്കനു, തേജസ്സുഷസ്സുകൾക്കുമിവൻ;
സ്തോത്രയുക്താശ്വമാം സ്വത്തണിത്തേരേറി
യാത്രചെയ്വൂ, നരാഭീഷ്ടപൂർത്തിയ്ക്കിവൻ! 4

---

### സൂക്തം 39.

1. ഉഗ്രം=വീര്യമുള്ളത് വിപ്രസ്തുതം=മേധാവികളാൽ സ്തുതിയ്ക്കപ്പെട്ടത്. നവ്യം=സ്തുത്യം. ഗോപ്രധാനാന്നം—ഗോരസപ്രധാനമായ അന്നം.

2. സത്യകർമ്മാക്കൾ—അംഗിരസ്സുകൾ. നുതൻ—അംഗിരസ്സുകളാൽ സ്തുതൻ. പണികൾ—വലന്റെ കൂട്ടാളികളായ അസുരന്മാർ.

3. ദിനധ്വജം—ദിവസങ്ങളുടെ അടയാളം. ഇന്ദു—ചന്ദ്രാത്മനാ വർത്തിയ്ക്കുന്ന സോമം. അച്ഛോദയം=നിർമ്മലമായ ഉദയത്തോടുകൂടിയത്; സ്വതേജസ്സുകൊണ്ടു പുലരിയെ (ഉഷസ്സിനെ) പരിശുദ്ധിപ്പെടുത്തുന്നു. 'സോമംതന്നെ, ചന്ദ്രൻ എന്നാശയം.

4. ദീപ്തനായ്നിന്ന്—സൂര്യാത്മനാ വർത്തിച്ച്. ഇവൻ—ഇന്ദ്രൻ. സ്തോത്രയുക്താശ്വം=സ്തോത്രങ്ങൾകൊണ്ടു കുതിരകളെപ്പൂട്ടിയത്. സ്വത്തണിത്തേര്—സ്തോതാക്കൾക്കു കൊടുക്കാൻ ധനങ്ങൾ വെച്ചിട്ടുള്ള രഥം.

Digitized By Kerala Sahitya Akademi

ത്വദ്ദാനപാത്രമാം സൂരിയ്ക്കു ബഹ്വന്ന-
മെത്തിയ്ക്ക, പൂവ്, പുരാനേ, നുതൻ ഭവാൻ;
അർച്ചകനേകുക, നല്ക്കാടു, നീർ, സസ്യ,-
മശ്വങ്ങൾ, ഗോക്ക,ളാൾക്കാരിവയും ദ്രുതം! 5

---

## സൂക്തം 40.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

നിന്മത്തിനിന്ദ്ര, പിഴിഞ്ഞതു സേവിയ്ക്ക;
നിർത്തി വിടുക, ചങ്ങാതിഹരികളെ;
കൂട്ടത്തിലിങ്ങിരുന്നോരു പാടീടുക;
കൂട്ടുക, വാഴ്ത്തുന്ന യഷ്ടാവിനന്നാവും! 1
ഇന്ദ്ര, കുടിയ്ക്ക, പിറപ്പിലേ ജോലിയ്ക്കു-
മിമ്പത്തിനുമായ്ക്കുടിച്ചതുദാര, നീ:
പാൽവെള്ളമമ്മിനേതാക്കളീയിന്ദുവെ
പ്രാപിച്ചിരിപ്പൂ, ഭവാനു കുടിയ്ക്കുവാൻ! 2
അഗ്നി വളർന്നു, പിഴിഞ്ഞു സോമം: കരു-
ത്തൊക്കുമശ്വങ്ങളിങ്ങെത്തിയ്ക്കുക,ങ്ങയെ.
ഇന്ദ്ര, കൊതിച്ചു വിളിയ്ക്കുന്നു, നിന്നെ ഞാൻ—
വന്നാലു,മെങ്ങൾക്കു വൻനല്ലിനിന്ദ്ര, നീ! 3

---

5. സൂരി—സ്തോതാവ്. പൂവ്—പുരാതന. അർച്ചകൻ—സ്തോതാവ്. നല്ക്കാട്—രക്ഷകമായ വനം; ചൂതപനസാദിവൃക്ഷത്തോപ്പ്. നീർ—വർഷജലം.

സൂക്തം 40.

1. ചങ്ങാതികളായ ഹരികളെ (രണ്ടശ്വങ്ങളെ) നിർത്തിയിട്ട് അഴിച്ചുവിടുക. കൂട്ടം—ഞങ്ങളുടെ സ്തോതൃസംഘം. ഏററുപാടീടുക—കൊണ്ടാടുക, പ്രശംസിയ്ക്കുക. കൂട്ടുക—ഏർപ്പെടുത്തുക, കൊടുക്കുക.

2. ജോലി—വൃത്രവധാദികർമ്മം. കുടിച്ചത്—സോമം. ഉദാര—മഹാനായുള്ളോവേ. നേതാക്കൾ—അധ്വര്യുക്കൾ. ഇന്ദു=സോമം.

3. വൻനല്ലിന്—വലിയ നന്മ ഉളവാക്കാൻ.

Digitized By Kerala Sahitya Akademi

വന്നാലു,മന്നൊക്കെ വന്നപോലിന്ദ്ര, നീ
വൻനെഞ്ചിലിച്ഛയാ സോമം കുടിക്കുവാൻ;
കേൾക്കുകി, ഞങ്ങൾതൻ സ്തോത്രവും; നിൻതിരു-
മൈക്കഥ യജ്ഞവാനന്നമർപ്പിക്കുമേ! 4
ദൂരത്തു വിണ്ണിലാം, മററിടത്താം, നിജാ-
ഗാരത്തിലാ—മെങ്ങുനിന്നുമേ സാശ്വനായ്
വന്നെങ്ങൾതൻ സോമമുൺക, മതി വരാ-
നിന്ദ്ര, മരുത്ത്വൻതൻ സ്തോത്രൈഷി നീ മുദാ! 5

---

## സൂക്തം 41.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ഇന്ദ്ര, വരികി,ടയാതെ യജ്ഞേ; ഭവാ-
നിന്നു പിഴിഞ്ഞരിച്ചീടിന നീരുകൾ
പൂകുന്നു, തന്നിടം വജ്രവൻ, ഗോക്കൾപോ;-
ലാഗമിച്ചാലും, മഖാർഹരിൽ മുമ്പിൽ നീ! 1
ഇന്ദ്ര, നീ നൽത്തേനജസ്രം കുടിക്കുന്ന
നിൻനാവിനുണ്ടു, വലുപ്പവും ഭംഗിയും;

---

1. അന്നൊക്കെ—മുമ്പു പലപ്പോഴും. വൻനെഞ്ച്=വിശാലമായ മനസ്സ്. മൈക്ക്—ദേഹപുഷ്ടിക്ക്. അഥ—സ്തോത്രശ്രവണാനന്തരം. യജ്ഞവാൻ—യജമാനൻ. അന്നം—ഹവിസ്സ്, സോമം.

നിജാഗാരം=സ്വഗൃഹം. എങ്ങുനിന്നുമേ—എവിടെനിന്നെങ്കിലും. ഉൺക=ഭുജിച്ചാലും. സ്തോത്രൈഷി=സ്തുതിതൽപരൻ.

സൂക്തം 41.

1. ഇടയാതെ=അരിശപ്പെടാതെ. തന്നിടം—ദ്രോണകലശാദി. ഗോക്കൾപോലെ—ഗോക്കൾ തന്നിടം (തൊഴുത്ത്) പൂകുന്നതുപോലെ. മഖാർഹരിൽ മുമ്പിൽ—മററു മഖാർഹർ (ദേവന്മാർ) വരുന്നതിന്നുമുമ്പ്.



Digitized By Kerala Sahitya Akademi

സേവിയ്ക്കിതുകൊണ്ടു; നില്ക്കയായധ്യുഷ്ടം;
താവകവജ്രമണയട്ടെ, ഗോവിനായ്! 2

ഇഷ്ടങ്ങൾ പെയ്യുമിന്ദ്രനിതാ, സജ്ജമായ്,
വൃഷ്ടാഭിലാഷം വിചിത്രമാം സോമനീർ:
പണ്ടേ ഭവാനാടേതാമിബ്ഭൂവദനാ_
മുണ്ടുകൊൾക,ഗ്ര, ഹര്യശ്വ, താങ്ങേ, ഭവാൻ! 3

കേമം, പിഴിയാത്തതെക്കാൾ,പ്പിഴിഞ്ഞൊരി_
സ്സോമം;—മഭിജ്ഞനു വായ്പിയ്ക്കുമിമ്പവും;
ഇന്ദ്ര, കടക്കും ഭവാനീ ഹവിസ്സിങ്കൽ
വന്നു നിറച്ചുകൊൾകെ,ല്ലാബ്ബലത്തെയും! 4

നിന്നെ വിളിയ്ക്കുന്നു, ഞങ്ങൾ—വരികിങ്ങു:
നിന്നുടല്ക്കു തികഞ്ഞീടട്ടെ, സോമനീർ;
നീരിതശിച്ചു രസിയ്ക്ക, ശതക്രതോ;
പോരിലും നാട്ടിലും പാലിയ്ക്കുകെ,ങ്ങളെ! 5

---

## സൂക്തം 42.

ഭരദ്വാജൻ ഋഷി; അനുഷ്ടുപ്പും ബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.
('താമരക്കണ്ണൻ'പോലെ)

നേതാവായ് വിശ്വവേത്താവായ്പ്പിബാ_
കാതെത്തും പൂർണ്ണയാത്രനായ്

---

2. നൽത്തേൻ—മധുരസോമം. സേവിയ്ക്ക=കുടിച്ചാലും. ഇതു—നാവ്. നില്ക്കയായ്—സ്വസ്ഥാനത്തു കാത്തുനില്ക്കുന്നു. അണയട്ടെ—ശത്രുക്കളിൽ ചെല്ലട്ടെ. ഗോവിനായ്—ശത്രുക്കളുടെ ഗോക്കളെ പിടിച്ചടക്കാൻ.

3. വൃഷ്ടാഭിലാഷം=അഭീഷ്ടവർഷി. വിചിത്രം=വിവിധരൂപം. ഉഗ്ര=ബലമേറിയവനേ. താങ്ങേ=സർവ്വാധാരമേ.

4. ഈ സോമം പിഴിയാത്ത മററു സോമത്തെക്കാൾ മികച്ചതാണ്; അഭിജ്ഞന് (വിദ്വാനായ ഭവാന്) ഇമ്പം വായ്പിയ്ക്കുന്നതുമാണ്. കടക്കും—ശത്രുക്കളെ പിന്നിടുന്ന. നിറയ്ക്കുക=പൂർത്തിപ്പെടുത്തുക. സോമപാനം ഭവാന്റെ ബലത്തെ പൂർണ്ണമാക്കും.

5. **തികഞ്ഞീടട്ടെ—വേണ്ടുവോളം തൃപ്തി വരുത്തട്ടെ.**

Digitized By Kerala Sahitya Akademi

പാനലോലുപനായ തന്തിരു-
മേനിയ്ക്കു കൊണ്ടുവെയ്ക്കൂ, നീ. 1
സോമംകൊണ്ടേതാം നീരാസ്വദിയ്ക്കു-
മീ മഹൌജസ്സാമിന്ദ്രങ്കൽ
ചെന്നണയുവിൻ, നേരിട്ടു നിങ്ങ-
ളിന്ദുനീർപ്പാത്രച്ചാർത്തുമായ് 2
നൽത്തെളിസോമനീരുമായ് നിങ്ങ-
ളധ്വര്യുക്കൾച്ചെല്ലുകിൽ,
ബുദ്ധിമാനറിഞ്ഞീടുമേ, സർവ്വ-
മുട്ടിഷ്ടമതാതേകുമേ! 3
അദ്ദേഹത്തിന്നതന്നൊയർപ്പിയ്ക്കൂ,-
കധ്വര്യോ, താങ്കൾ സോമനീർ,
ഉദ്യുക്താമിത്രന്മാരുടെയെല്ലാം
കുത്തിൽനിന്നൊന്നും രക്ഷിപ്പാൻ! 4

---

സൂക്തം 43.

ഭരദ്വാജൻ ഋഷി; ഉഷ്ണിക് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
('താമരക്കണ്ണൻ'പോലെ)

അന്നേതിൻമത്തിൽശ്ശംബരനെ നീ
കൊന്നുവോ ദിവോദാസനായ്;

---

സൂക്തം 42.

1. അധ്വര്യുവിനോട്: വിശ്വവേത്താവ്=സർവ്വജ്ഞൻ. പിമ്പാകാതെ—എല്ലാവരെക്കാളും മുമ്പേ. എത്തും—യാഗങ്ങളിൽ ചെന്നുചേരുന്ന. പൂർണ്ണയാത്രൻ—ഇടയ്ക്കു നിൽക്കാതെ യാത്ര മുഴുമിപ്പിയ്ക്കുന്നവൻ. പാനലോലുപൻ—സോമപാനേച്ഛു. തന്തിരുമേനി—ഇന്ദ്രൻ. കൊണ്ടുവെയ്ക്കൂ—സോമം.

2. അധ്വര്യുക്കളോട്: ഇന്ദുനീർപ്പാത്രച്ചാർത്ത്—സോമനീർ നിറച്ച ചമസാദിപാത്രസമൂഹം

3. സർവ്വം—നിങ്ങളുടെ അഭിലാഷമെല്ലാം.

4. കുത്ത്—ദ്രോഹം.

Digitized By Kerala Sahitya Akademi

അസ്സോമത്തിൻെറ നീരിതാ, നിന-
ക്കാ;—സ്വാദിച്ചാലു,മിന്ദ്ര, നീ! 1

ഏതിൻമത്തേകും തീവ്രനീർ നിന്നാൽ
ത്രാതമായ്, മധ്യാന്തങ്ങളിൽ;
അസ്സോമത്തിൻെറ നീരിതാ, നിന-
ക്കാ;-സ്വാദിച്ചാലു,മിന്ദ്ര, നീ! 2

നേർക്കേതിൻമത്തിൽശ്ശൈലാന്തബദ്ധ-
ഗോക്കളെ മോചിപ്പിച്ചു, നീ;
അസ്സോമത്തിൻെറ നീരിതാ, നിന-
ക്കാ;—സ്വാദിച്ചാലു,മിന്ദ്ര, നീ! 3

ഏതന്നത്താലോ രക്ഷിച്ചേന്തുന്നു,
നീ ത്തുരാഷാട്ടിൻകെല്പിനെ;
അസ്സോമത്തിൻെറ നീരിതാ, നിന-
ക്കാ;—സ്വാദിച്ചാലുമിന്ദ്ര, നീ! 4

---

സൂക്തം 44.

ബൃഹസ്പതിപുത്രൻ ശംയു ഋഷി; അനുഷ്ടുപ്പും വിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രൻ ദേവത.

('താമരക്കണ്ണൻ'പോലെ)

യാതൊന്നോ പുരുവിത്തം, വിത്തവൻ,
ജ്യോതിസ്സാലതിഭാസുരം;

---

സൂക്തം 43.

1. ഏതിൻമത്തിൽ—യാതൊന്നു കുടിച്ചു ലഹരി പിടിച്ച്.

2. തീവ്രനീർ—രാവിലത്തെ കടുംനീർ. ത്രാതം=രക്ഷിതം. മധ്യാന്തങ്ങളിൽ—മധ്യാഹ്നസവനത്തിലും, സായംസവനത്തിലും.

3. ശൈലാന്തബദ്ധഗോക്കൾ—വലനുണ്ടാക്കിയ പാറക്കെട്ടിനുള്ളിൽ കെട്ടപ്പെട്ട അസുരാപഹൃതകളായ ഗോക്കൾ.

4. തുരാഷാട്ടിൻകെല്പ്=ഇന്ദ്രൻേറതായ ബലം; 'അങ്ങയ്ക്ക് ഉഗ്രത്വം കിട്ടിയതു സോമപാനത്താലാണെന്നർത്ഥം.

Digitized By Kerala Sahitya Akademi

അന്നേശ, പിഴിഞ്ഞിട്ടുണ്ടസ്സോമം,
നിന്നുടെയിമ്പത്തിന്നിന്ദ്ര! 1

യാതൊന്നോ ബഹുസൌഖ്യ, സൌഖ്യദം,
സ്തോതാക്കൾക്കൎത്ഥദായകം;
അന്നേശ, പിഴിഞ്ഞിട്ടുണ്ടസ്സോമം,
നിന്നുടെയിമ്പത്തിന്നിന്ദ്ര! 2

യാതൊന്നാൽത്തഴച്ചാ,ത്തിയരക്ഷോ-
പേതനായ്ക്കെല്പാൽക്കൊല്ലും നീ;
അന്നേശ, പിഴിഞ്ഞിട്ടുണ്ടസ്സോമം,
നിന്നുടെയിമ്പത്തിന്നിന്ദ്ര! 3

നേതാവു, കെല്പിൻപാലക,നതി-
ദാതാവു, സവ്യധഷ്ടകൻ,
ആകെക്കാണ്മവോ,നൻപുറ്റോൻ—നിങ്ങ-
ളായിന്ദ്രനെത്താൻ വാഴ്ത്തുവിൻ! 4

ശത്രുവിത്താപഹാരി യാതൊന്നു
വൎദ്ധിയ്ക്കുന്നവോ, വാഴ്ത്തലാൽ;
അത്തദ്ബലത്തെപ്പൂജിപ്പൂ, ദ്യോവും
പൃഥ്വിയുമായ ദേവിമാർ! 5

ഭാവൽക്കസ്തോത്രത്തിന്റെ മാഹാത്മ്യം
കൈവളൎത്തുവിനി,ന്ദ്രങ്കൽ:
ത്രാണങ്ങൾ കൂടിച്ചേൎന്നങ്കുരിപ്പോ-
നാണല്ലോ, ധീമാനിദ്ദേഹം! 6

---

സൂക്തം 44.

1. പുരുവിത്തം=വളരെദ്ധനത്തോടുകൂടിയത് റിത്തവൻ=ധനവാനായുള്ളോവേ. ജ്യോതിസ്സ്—യശഃപ്രകാശം. അന്നേശ=അന്നപാലക. ഇമ്പം—മത്ത്

2. ബഹുസൌഖ്യ=സുഖമേറിയോനേ. അൎത്ഥദായകം=ധനപ്രദം.

3. കൊല്ലും—ശത്രുക്കളെ.

4. ഋത്വിക്കുകളോട്: ആകെക്കാണ്മവോൻ=സൎവ്വദ്രഷ്ടാവ് അൻപുറ്റോൻ—ഭക്താനുഗ്രഹപരൻ.

5. തദ്ബലം=ഇന്ദ്രന്റെ ബലം.

6. ഭാവൽക്കസ്തോത്രം=ഭവാന്മാരുടേതായ സ്തോത്രം. ത്രാണങ്ങൾ—രക്ഷകൾ ഇന്ദ്രങ്കൽ, കൊമ്പുകൾ വൃക്ഷത്തിന്മേലെന്നപോലെ മുളച്ചുകൊണ്ടിരിയ്ക്കും!

Digitized By Kerala Sahitya Akademi

(കേക)

അറിയും, കുശലനെ;—യാസ്വദിച്ചിട്ടത്തോഴൻ
കരുതിവെയ്ക്കും, ധനം സ്തോതാക്കൾക്കതിസ്തുത്യൻ;
ചീർത്ത പെൺകുതിരച്ചാർത്തൊടൊത്തു, സഖാക്കളെ-
ക്കാത്തരുളാനായ് വന്നു, സംരക്ഷിയ്ക്കുകയുംചെയ്യും! 7

കർത്താവു നുകരട്ടെ,യധ്വരാധ്വാവിൽ:ത്തന്റെ
ഹൃത്തിതിൽച്ചെല്ലാറല്ലോ, കർമ്മികൾ കർമ്മം ചെയ്വൂ;
താണുനിർത്തിയ്ക്കും മഹത്താകിയ തിരുവുടൽ
കാണുമാറാക്കേണമേ, നുതനക്കമനീയൻ! 8

ചേർക്കുകെ,ങ്ങളിൽക്കത്തിയാളുന്ന കരുത്തിനെ;-
പ്പോക്കുക, ജനങ്ങൾതൻ ബഹുപരിപ്പടകളെ;
ഋദ്ധമാമന്നം കല്പിച്ചേകുക, മതിബലാൽ;
വിത്തസിദ്ധിയിലാക്കുകെ,ങ്ങളെത്തിരുവടി! 9

അങ്ങയ്ക്കു തരുന്നവരാകാവൂ, മഘവാവേ,
ഞങ്ങൾ—നിന്തിരുവടി ഹര്യശ്വ, വെറുക്കൊല്ലേ:
കണ്ടീലാ, മനുഷ്യരിലൊരു ബന്ധുവെ; മറ്റെ-
ന്തുണ്ടിന്നു? ധനദനൊന്നങ്ങയെയല്ലോ, ചൊല്വൂ! 10

വൃഷഭ, വിട്ടേയ്ക്കരുതെങ്ങളെ ദ്രോഹിയ്ക്കു:—ല്ലൽ
വസുമൻ, നിൻസഖ്യത്തിൽ നില്ക്കുമെങ്ങൾക്കേശൊല്ലാ;

---

കുശലൻ—കർമ്മസമർത്ഥൻ, യഷ്ടാവ്. ആസ്വദിച്ചിട്ട്—സോമം നുകർന്നിട്ട്. അത്തോഴൻ—യജമാനനു സഖാവായിത്തീർന്ന ഇന്ദ്രൻ. ചീർത്ത=തടിച്ച. സഖാക്കൾ—സ്തോതാക്കൾ.

8. കർത്താവ്—വിധാതാവായ ഇന്ദ്രൻ. അധ്വരാധ്വാവ്=യജ്ഞമാർഗ്ഗം. തന്റെ—അദ്ദേഹത്തിന്റെ. ഇതിൽ—സോമത്തിൽ. താണുനിർത്തിയ്ക്കും—ശത്രുക്കളെ കുമ്പിടുവിയ്ക്കുന്ന.

9. ജനങ്ങൾതൻ—സ്തോതാക്കളായ ഞങ്ങളുടെ. വിത്തസിദ്ധിയിലാക്കുക—ധനലാഭത്തിലെത്തിയ്ക്കുക.

10. തരുന്നവർ—ഹവിസ്സ്. മറ്റെന്തുണ്ട്—വിശേഷാൽ പറയാനൊന്നുമില്ല. ധനദൻ=ധനം കൊടുക്കുന്നവൻ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, നിൻ പല വിലങ്ങുണ്ടല്ലോ, രിപുക്കളിൽ;-
ക്കൊന്നൊടുക്കുക, പിഴിയാത്തോരെ,ത്തരാത്തോരെ! 11

ഇടിവെട്ടുന്നോൻ പയോദങ്ങളെക്കണക്കിന്ദ്രൻ
വടിവിൽപ്പൊന്തിയ്ക്കുന്നു, ഗോവാജിധനങ്ങളെ:
അരങ്ങുന്നു പണ്ടേ താങ്ങായ് നില്ക്കുന്നു സ്തുതികാര;-
ക്കങ്ങയെ വലയ്ക്കായ്ക, ധനികപ്പിശുക്കന്മാർ! 12

അധ്വര്യോ, പിഴിഞ്ഞതു പെരുമപ്പെട്ടമിന്ദ്ര-
ന്നൊത്തിയ്ക്കുകി,തിൻ പുരാനവിടുന്നല്ലോ, വീര:
അദ്ദേഹം പ്രവൃദ്ധനാ,മൃഷിമാർ പാടീടുന്ന
പുത്തനും പഴയതുമാകിയ നുതികളാൽ! 13

അറിവോനിന്ദ്രനിതിൻമത്തിനാലല്ലോ കൊന്നു,
മറച്ചുനിന്ന പല മാററരെയെതിരെന്യേ;
തെല്ലേറെയിനിയ്ക്കുമിസ്സോമമേ ഹോമിച്ചാലും
നല്ലണക്കടയുള്ളാ വീരനു കുടിപ്പാൻ നീ! 14

ഇന്ദ്രനാസ്വദിയ്ക്കട്ടേ, പിഴിഞ്ഞ സോമം; മറ-
യ്ക്കുന്നോനെ വധിയ്ക്കട്ടേ, മത്താന്റെ കുലിശത്താൽ;
മേധത്തിൽ വന്നെത്തട്ടേ, ദൂരത്തുനിന്നായാലും,
ധാതാക്കൾക്കൊരു താങ്ങാം കർമ്മരക്ഷകൻ വസു! 15

---

11. വൃഷഭ—അഭീഷ്ടവർഷിൻ. ദ്രോഹിയ്ക്കു വിട്ടേയ്ക്കുരുത്—ഉപദ്രവി പ്പാൻ. വസുമൻ=ധനവാനേ. വിലങ്ങ്=തടവ് അങ്ങയ്ക്കു സോമം പിഴിയാത്ത വരെയും, ഹവിസ്സപ്പിയ്ക്കാത്തവരെയും കൊന്നൊടുക്കുക.

12. പൂർവാർദ്ധം പരോക്ഷകഥനം: ഇടിവെട്ടുന്നോൻ—പർജ്ജന്യൻ. പൊന്തിയ്ക്കുന്നു—സ്തോതാക്കൾക്ക കൊടുക്കാൻ. ധനികപ്പിശുക്കന്മാർ—ധനമുണ്ടായിരിയ്ക്കെ, പിശുക്കമൂലം അങ്ങയെ യജിയ്ക്കാത്തവർ.

13. പ്രവൃദ്ധനാം=വർദ്ധിയ്ക്കും.

14. അധ്വര്യുവിനോടുതന്നെ: അറിവോൻ=വിദ്വാൻ. ഇത്—സോമം. മറച്ചുനിന്ന—ജലാദികളെ. മാററർ—വൃത്രാദിശത്രുക്കൾ. ഇനിയ്ക്കും=മധുരിയ്ക്കുന്ന.

15. മറയ്ക്കുന്നോനെ—മറയ്ക്കുന്ന ശത്രുവിനെ. കുലിശം=വജ്രം. മേധം=യാഗം. ധാതാക്കൾ—സ്തോതൃകർത്താക്കൾ. വസു—എല്ലാവരെയും വസിപ്പിയ്ക്കുന്നവൻ.

Digitized By Kerala Sahitya Akademi

ഇന്ദ്രന്നു കുടിയ്ക്കുവാൻ തക്കതി,പ്പേയദ്രവ്യ-
മിന്ദ്രനാസ്വദിയ്ക്കുകീയാരോമലമൃതിനെ;
സന്മനസ്സിനായിട്ടു മത്താർന്നിരുവടി
നമ്മിൽനിന്നകറ്റട്ടേ, ദ്രോഹിയെപ്പാപത്തെയും! 16
നീ തുലച്ചാലു,മിതിൻമത്താർന്നു മഘവാവേ,
ജ്ഞാതിയുമജ്ഞാതിയുമായ ഹിംസ്രാരാതിയെ;
പടയൊത്തെതിർത്തസ്ത്രം നേർക്കു ചാട്ടുന്നോരെയു-
മുടച്ചു പായിയ്ക്കി,ന്ദ്ര; ശൂര, കൊല്ലുകയുംചെയ്ക! 17
മഘവൻ, ഞങ്ങളുടെയിപ്പടകളിലിന്ദ്ര,
സുഗമമാക്കേണമേ, വന്മുതലെങ്ങൾക്കു നീ!
പുത്രപൌത്രന്മാരെയുമുദകത്തെയും നേടാൻ
ശക്തരാക്കുക, വാഴ്ത്തും ഞങ്ങളെബ്ഭവാനിന്ദ്ര! 18
വൃഷ്ടികാരിയാം തേരിൽ സ്വയമേ നന്നായ്പ്പൂട്ട-
പ്പെട്ടു, വർഷകക്കടിഞാണിട്ടു വൃഷാശ്വങ്ങൾ
ഞങ്ങൾക്കുനേരേ കൊണ്ടുപോരട്ടേ, വൃഷമത്തി-
ന്നങ്ങയെ നില്ക്കാതോട്ടും തരുണർ, ധൃതവജ്രർ! 19
നിന്മരത്തേരിൽച്ചേർന്നു, വർഷക, തണ്ണീർ പാറു-
മംബുധിത്തിരപോലേ മത്താട്ടും വൃഷാശ്വങ്ങൾ:
(കർമ്മികൾ) യുവാവായ വർഷിയാമങ്ങയ്ക്കായി-
ട്ടമ്മിയാൽപ്പിഴിഞ്ഞൊരു സോമമുണ്ടൊരുക്കുന്നു! 20
വൃഷഭൻ വിണ്ണിന്നു നീ; മന്നിന്നു വൃഷാവു നീ;
വൃഷഭനാറിന്നു നീ;-യേവർക്കും വൃഷാവു നീ;

---

16. ആരോമലമൃത്—പ്രിയപ്പെട്ട സോമനീർ. സന്മനസ്സ്—അനുഗ്രഹബുദ്ധി.

17. പ്രത്യക്ഷകഥനം: ഹിംസ്രാരാതി=ഹിംസകനായ ശത്രു. അസ്ത്രം=ആയുധം.

18. സുഗമം=സുഖപ്രാപ്യം.

19. ഇന്ദ്രന്റെ രഥം, കുതിരകൾ മുതലായവയും അഭീഷ്ടവർഷികളാണെന്ന്: വൃഷമത്ത്—അഭീഷ്ടവർഷിയായ സോമം കുടിച്ചാലുണ്ടാകുന്ന മത്ത്. ധൃതവജ്രർ—രഥത്തിൽവെയ്ക്കപ്പെട്ട വജ്രാദ്യായുധങ്ങളെ വഹിയ്ക്കുന്നവ.

20. കർമ്മികൾ—അധ്വര്യുക്കൾ.

Digitized By Kerala Sahitya Akademi

മൂറിയ വൃഷാവാകുമങ്ങയ്ക്കായ് പ്രവർഷക,
പൊഴുന്നു, തേനിനൊപ്പമിനിയ സോമത്തിൻനീർ! 21

ഇന്ദ്രനാം സഖാവൊത്തു പിറന്നു തിളങ്ങുമീ-
യിന്ദു നിശ്ചലനാക്കീ, പണിയെബ്ബലത്താലേ;
ഇതുതാൻ കവൎന്നല്ലോ, സ്വത്തിനെക്കാക്കുന്നോനാം
പ്രതികൂലൻതൻ ശസ്ത്രൌഘത്തെയും മായയെയും! 22

ഇതുഷസ്സിനെയെല്ലാം ശുഭഭർത്തൃകയാക്കീ;
ഇതു തേജസ്സപ്പിച്ചൂ, സൂൎയ്യമണ്ഡലമദ്ധ്യേ;
ഇതു വിണ്ണിലെ മൂന്നാമത്തെ രോചനത്തിങ്കൽ
സ്ഥിതർതൻ ശ്രദ്ധാമൃതം മൂന്നാമട്ടിലായ് നേടീ! 23

ഇതുറപ്പിച്ചൂ, നാനാമട്ടിൽ വാനൂഴികളെ;-
യിതു സപ്താശ്വപ്പുള്ളിത്തേരിനെക്കൂട്ടിച്ചേർത്തു;
പകപദ്ഗുഘത്തെബ്ബുദ്ധ്യാ നിത്തി, പൈക്കളിലിതു;
പത്തുപാത്രത്തിൽപ്പകരുന്നു, നീരിനെസ്സോമം! 24

---

സൂക്തം 45.

ശംയു ഋഷി; ഗായത്രിയും അതിനിചൃത്തും അനുഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രനും ബൃബു എന്ന തക്ഷാവും ദേവത.

യദ്ദതുവ്ശരെദ്ദൂരദിക്കിൽനിന്നു സുഖേനതാൻ
കൊണ്ടുപോന്നു, യുവാവിന്ദ്രൻ; സഖാവാക, നമുക്കവൻ! 1

---

21. വൃഷഭ—വൃഷശബ്ദങ്ങൾക്ക് അൎത്ഥം ഒന്നുതന്നെ: വൎഷിക്കുന്ന. ഇനിയ=മധുരമായ.

22. ഇന്ദു=സോമം. പണി—പണികളെന്ന അസുരന്മാരുടെ തലവനായ വലൻ. നിശ്ചലനാക്കീ—തടുത്തുനിൎത്തി. സ്വത്ത്—അപഹരിക്കപ്പെട്ട ഗോധനം. പ്രതികൂലൻ=അഹിതൻ, വലൻ.

23. ശുഭഭർത്തൃക=ശോഭനനായ ഭർത്താവോടു(സൂൎയ്യനോടു)കൂടിയവൾ. രോചനം—ഒരു ലോകത്തിന്റെ പേർ. സ്ഥിതർ—ദേവകൾ. മൂന്നുമട്ടിലായ്—സവനത്രയരൂപേണ.

24. ഇന്ദ്രന്റെ കൎമ്മങ്ങളാണിവയെല്ലാം; ഇവ സോമമദത്താൽ ചെയ്തവയാകകൊണ്ട്, ഇവയുടെ കർത്തൃത്വം സോമത്തിൽ ആരോപിച്ചിരിക്കുന്നു. സപ്താശ്വൻ=സൂൎയ്യൻ. പത്തുപാത്രങ്ങളിലത്രേ, സോമനീർ പകൎന്നുവെക്കുന്നത്.



Digitized By Kerala Sahitya Akademi

ഇന്ദ്രനസ്തോത്രകാരനാമവനും കരുതിവെയ്ക്കുമോ;
ഒരു മന്തക്കുതിരയെക്കൊണ്ടും മുതലടക്കുമോ! 2

മഹത്തായവന്റെ നേതൃത്വം; പ്രശസ്തികളനേകകളും;
ഇടിഞ്ഞുപോകുന്നവയല്ലൊ,ദ്ദേഹത്തിന്റെ രക്ഷകളും! 3

മന്ത്രാഭിഗമ്യനെപ്പറ്റിച്ചൊല്ലിൻ, പാട്ടും മുതിക്കുവിൻ:
മികച്ച വൻബുദ്ധി നമുക്കരുളുന്നല്ലോ, സഖാക്കളേ! 4

അവിടുന്നാണൊരുത്തനും, രണ്ടുപേർക്കു,മതേവിധം
ഞങ്ങളെപ്പോലെയുള്ളോർക്കും രക്ഷകൻ വൃത്രസൂദന! 5

പിൻതള്ളിയ്ക്കുന്നു, മാന്യരെ;—പ്പൊന്തിപ്പൂ, വാഴ്ത്തുവോരെ നീ;
സുവീരയുതനെന്നല്ലോ ചൊല്ലുന്നാളുകളങ്ങയെ! 6

മന്ത്രഗമ്യനെ, മേലാളെ,സ്സഖാവെ, സ്തവനാർഹനെ
കാക്കാൻ, പയ്യിനെപ്പോലെ വിളിയ്ക്കുന്നോൻ, പുകഴ്ത്തി ഞാൻ. 7

സൈന്യങ്ങളെക്കീഴമർത്തുമീ വീരന്റെ കയ്യിലാം,
ഇരുസമ്പത്തു മുഴുവനെന്നല്ലോ, ചൊല്ലി നിർഭരം! 8

---

സൂക്തം 45.

2. അസ്തോത്രകാരനും—സ്തുതിയ്ക്കാത്തവനും. പിന്നെ, സ്തുതിയ്ക്കുന്നവർക്കു കരുതിവെയ്ക്കുമെന്നു പറയാനുണ്ടോ? ഒരു മന്തക്കുതിര (ഗതിവേഗമില്ലാത്ത അശ്വം) മതി, അവിടെയ്ക്കു മുതൽ (ശത്രുക്കളുടെ സൂക്ഷിപ്പുധനം) അടക്കാൻ!

4. മന്ത്രാഭിഗമ്യൻ=മന്ത്രങ്ങൾകൊണ്ടു പ്രാപ്യൻ, ഇന്ദ്രൻ. ചൊൽവിൻ—ശസ്ത്രങ്ങൾ. പാട്ടു്—സ്തോത്രഗീതി. നമുക്കു വലിയ ബുദ്ധി തരുന്നതു് അദ്ദേഹമാണു്

5. പ്രത്യക്ഷോക്തി: എല്ലാവർക്കും രക്ഷിതാവു് എന്നർത്ഥം.

6. പിൻതള്ളിയ്ക്കുന്നു—ഞങ്ങളെക്കൊണ്ടു് പൊന്തിപ്പൂ—ഉയർത്തുന്നു; സമൃദ്ധരാക്കുന്നു. സുവീരയുതൻ—സ്തോതാക്കൾക്കു കൊടുക്കേണ്ടുന്ന നല്ല പുത്രാദികളോടുകൂടിയവൻ.

മേലാൾ—തലവൻ. കാക്കാൻ—എന്റെ അഭീഷ്ടങ്ങൾ കൈവരുത്താൻ.

8. സൈന്യങ്ങൾ—ശത്രുസേനകൾ. ഇരുസമ്പത്തു്—ദിവ്യ-ഭൗമസമ്പത്തുകൾ. നിർഭരം—തികച്ചും എന്നർത്ഥം.

Digitized By Kerala Sahitya Akademi

ജനങ്ങൾതൻ മായകളു,മുറപ്പുററവപോലുമേ
പൊളിയ്ക്കു, കുനിയാത്തോനേ, വജ്രവൻ, നീ ശചീപതേ! 9
ഇന്ദ്ര, സോമപ, സത്യാത്മൻ, ഭോജ്യങ്ങളുടെ രക്ഷക,
ആ നിന്നെത്താൻ വിളിയ്ക്കുന്നു, ഞങ്ങളന്നം ലഭിയ്ക്കുവാൻ. 10
ആരാറപാതവ്യനായ്, പണ്ടും വൈരിസമ്പത്തിന്നിപ്പൊഴും;
ആ നിന്നെത്താൻ വിളിയ്ക്കുന്നതൊന്നു കേൾക്കേണമേ, ഭവാൻ! 11
അശ്വങ്ങൾകൊണ്ടശ്വൗഘത്തെ,ശ്ശസ്താന്നത്തെ,ദ്ധനത്തെയും
മാനാരിൽനിന്നടക്കാവു, ഞങ്ങളിന്ദ്ര, ഭവൽസ്തവാൽ! 12
ഇന്ദ്ര, വീര, നുതിപ്രാപ്യ, മാനാരുടെ ധനത്തിനായ്
വളച്ചു പൂണ്ട പോരാടി നേടിയല്ലോ, ജയം ഭവാൻ! 13
ദ്യുലോകം കവിഞ്ഞുള്ളൊന്നല്ലോ, ഭവാൻെറ ഗതിലാഘവം;
അതെടുത്തൊരു തേരെങ്ങൾക്കയയ്ക്കു, രിപുസൂദന! 14
അനന്തരം ഞങ്ങളുടെ കീഴമർത്തുന്ന തേരിനാൽ
അടക്കുക, രിപുദ്രവ്യം ജിഷ്ണോ, രഥിതമൻ ഭവാൻ! 15
വിശേഷദർശിയായ് വഴികത്താവാമാരൊരുത്തനോ
അധീശനായി, പ്രജകൾ;-ക്കവനെത്താൻ സ്തുതിയ്ക്കു, നീ! 16
ബന്ധുവും സ്തുതികാരർക്കു സുഖദമേകും സഖാവുമായ്
വാണോനല്ലോ, ഭവാനിന്ദ്ര: സുഖിപ്പിയ്ക്കുക, ഞങ്ങളെ! 17

---

9. ജനങ്ങൾ—ശത്രുജനങ്ങൾ. ഉറപ്പുററവ—പുരികൾ. കുനിയാത്തോനേ—ആരുടെ മുമ്പിലും തലതാഴ്ത്താത്തവനേ.

11. പണ്ടും ഇപ്പോഴും വൈരിസമ്പത്തിന്, ശത്രുക്കളെ ജയിച്ച്, അവരുടെ ധനം കൈക്കലാക്കാൻ, ആരെ വിളിയ്ക്കേണമോ, ആ നിന്നെത്തന്നെ.

12. അശ്വങ്ങൾകൊണ്ട്—ഞങ്ങളുടെ. അശ്വൗഘത്തെ—ശത്രുക്കളുടെ അശ്വഗണത്തെ. ശസ്താന്നം=പ്രശസ്തമായ അന്നം. ഭവൽസ്തവാൽ—അങ്ങയെ സ്തുതിയ്ക്കയാൽ.

14. അതെടുത്ത്—ആ ഗതിലാഘവം (ഗമനവേഗം) ഉപയോഗിച്ച്.

15. രഥിതമൻ—മഹാരഥൻ.

16. സ്തോതാവിനോട്.

17. പ്രത്യക്ഷോക്തി: സ്തുതികാരർക്ക്—സ്തുതിയ്ക്കുന്ന ഞങ്ങൾക്ക്

Digitized By Kerala Sahitya Akademi

എടുക്ക, വജ്രം തൃക്കയ്യിലരക്കരെയരയ്ക്കുവാൻ;
കീഴമർത്തുകയുംചെയ്ക, വജ്രിൻ, നേർക്കമമിത്രരെ! 18

സ്തോതൃചോദകനെ,സ്സമ്പത്തേകുവോനെ,സ്സഖാവിനെ,
പുരാണനെ വിളിയ്ക്കുന്നേൻ,നിന്നെ മന്ത്രാഭിഗമ്യനെ. 19

ഏകനാമവിടുന്നല്ലോ, പാരിലെ സ്വത്തിനൊക്കയും
പെരുമാറാം, നതിസംസേവ്യൻ ഗതിയ്ക്കു തടവറ്റവൻ; 20

അതിനാലശ്വബഡബാഗോയുതാന്നസമൃദ്ധിയാൽ
ധൃഷ്ണു നീയെങ്ങൾതൻ കാമം പൂരിപ്പിയ്ക്കുക, ഗോപതേ! 21

പിഴിഞ്ഞു പാടുവിൻ, നിങ്ങളൊപ്പം, പയ്യിന്നുപോലവേ,
ശക്തൻ ദാതാവു പുരുഹൂതന്നു സൌഖ്യദമാം സ്തവം. 22

ഇസ്സ്തവങ്ങൾ ചെവിക്കൊണ്ടാൽ, പ്പൊറുപ്പിച്ചരുൾവോനവൻ
ബഹുഗോക്കളെയും കെല്പും നല്കൽ നിർത്താതിരിയ്ക്കുമേ! 23

കുവിത്സൻതൻ പൈത്തൊഴുത്തിലെഴുന്നള്ളി മനീഷയാൽ
തുറന്നരുളിനാനല്ലോ, നമുക്കായ്ദ്രസ്യുമർദ്ദനൻ! 24

ഭവാങ്കൽ വന്നുചേരുന്നു, പേർത്തുപേർത്തിസ്തവോക്തികൾ,
തള്ളപ്പൈക്കൾ കിടാവിങ്കൽപ്പോലെയിന്ദ്ര, ശതക്രതോ! 25

അഭംഗം, നിൻെറ ചങ്ങാതം: ഗോകാമന്നൊരു ഗോവു, നീ;
അശ്വേച്ഛുവിന്നാശ്വവുമായ്ച്ചമഞ്ഞീടുന്നു, വീര, നീ! 26

ആ നീയന്നം ഭുജിച്ചിമ്പംകൊണ്ടാലും, വൻധനത്തിനായ്:
പഴിപ്പോന്നു കൊടുക്കൊല്ലേ, പുകഴ്ത്തുന്നവനെബ്ബവാൻ! 27

---

18. നേർക്കം=എതിർക്കുന്ന.

19. സ്തോതൃചോദകൻ=സ്തോതാക്കളെ പ്രേരിപ്പിയ്ക്കുന്നവൻ. പുരാണൻ=പുരാതനൻ.

21. ബഡബ=പെൺകുതിര. കാമം=അഭീഷ്ടം.

22. സ്തോതാക്കളോട്: പയ്യിന്നുപോലവേ—പയ്യിന്നു പുല്ലെന്നപോലെ, പുരുഹൂതന്നു സുഖപ്രദമായ.

24. കുവിത്സൻ—ഒരു വമ്പിച്ച ജനദ്രോഹി; അവൻെറ ഗോക്കളെയൊക്കെ ഇന്ദ്രൻ സ്തോതാക്കൾക്ക കൊടുത്തു. മനീഷ=ബുദ്ധിശക്തി.

26. അഭംഗം=ഇടിവുപററാത്തത്, സുദൃഢം. ഗോകാമന്നു ഗോവിനെയും അശ്വകാമന്ന് അശ്വത്തെയും കൊടുക്കുന്നു.

27. അന്നം—സോമം. വൻധനത്തിനായ്—ഞങ്ങൾക്ക വലിയ സ്വത്തു തരാൻ. കൊടുക്കൊല്ലേ—വശപ്പെടുത്തരുതേ.

Digitized By Kerala Sahitya Akademi

ഇതാ, സ്തവാച്ച്യ, പിഴിയെപ്പിഴിയെ സ്തോത്രഗീരുകൾ
നിങ്കലെത്തുന്നു, കന്നിങ്കൽക്കറവപ്പൈക്കൾപോലവേ! 28

വളരെപ്പേരെ വാട്ടുന്ന (ഭവാനെ) യജനങ്ങളിൽ
ഹവിസ്സാൽബ്ബലവാനാക്കി വാഴ്ത്തുന്നു, പെരുതാളുകൾ. 29

അണയട്ടെ, ഉലോം നിങ്കലെങ്ങൾതൻ ധൃഷ്ണമാം സ്തവം:
കല്പിച്ചയയ്ക്ക, വമ്പിച്ച സമ്പത്തിന്നിന്ദ്ര, ഞങ്ങളെ! 30

കുടികൊണ്ടോൻ, പണികൾതന്നായൻ തലയിൽബ്ബൃബു,
ഗംഗാതീരത്തിലൊരു പുല്ക്കാടുപോലെ തഴപ്പൊടേ. 31

വായുപോലോടുമേവന്റെ ഭദ്രസാഹസ്രദാനമോ
യാചിപ്പവന്നുടൻതന്നേ നല്കിപ്പോരുന്നു, കാംക്ഷിതം; 32

അബ്ബൃബുവിനെ വാഴ്ത്തുന്നൂ നമ്മുടെ നതികാരരേവരും പതിവായ്,
ആയിരമെടുക്കുവോനെ,ബ്ബുധനെ,പ്പരമായിരം കൊടുപ്പോനെ. 33

---

## സൂക്തം 46.

ശംയു ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.
(പാന)

ഞങ്ങളനാർത്ഥമിന്ദ്ര, സത്രാതാവാ—
മങ്ങയെത്തന്നെ വാഴ്ത്തി വിളിയ്ക്കുന്നു;

---

28. സ്തവാച്ച്യ=സ്തോത്രങ്ങൾകൊണ്ടു പൂജിയ്ക്കപ്പെടേണ്ടവനേ. പിഴിയെ—സോമം. കന്ന്=പൈക്കുട്ടി.

29. വളരെപ്പേരെ—വൈരികളെ. വാട്ടുന്ന—ദുർബലരാക്കുന്ന.

30. ഉലോം അണയട്ടെ—ഏററവും ചേരട്ടെ. ധൃഷ്ണം—ഒരു കുതിരപോലെ വഹനശക്തിയുള്ളത്. സമ്പത്തിന്ന്—ധനം കിട്ടുന്ന പ്രവൃത്തിയ്ക്ക്.

31. ബൃബു—പണികളുടെ ആശാരിയുടെ പേർ. ഇദ്ദേഹം ഭരദ്വാജന്നു ഗോധനത്തെ കൊടുക്കുകയുണ്ടായി. അതിനാൽ ഋഷി മൂന്നൃക്കുകൾകൊണ്ടു ബൃബുവിനെ സ്തുതിയ്ക്കുന്നു. തലയിൽ കുടികൊണ്ടോൻ—ശിരസാ ശ്ലാഘിയ്ക്കപ്പെട്ടുപോന്നു.

32. ഭദ്രസാഹസ്രദാനം=ശുഭകരമായ ആയിരക്കണക്കിലുള്ള ദാനം, അത്യുദാരത.

33. നതികാരർ=സ്തോത്രകർത്താക്കൾ. ആയിരമെടുക്കുവോനെ—സഹസ്രസ്തോത്രങ്ങൾ കൈക്കൊള്ളുന്നവനെ. ബുധൻ=പ്രാജ്ഞൻ. പരം=ഏററവും.

Digitized By Kerala Sahitya Akademi

അങ്ങയെശ്ശത്രുബാധയിലന്യരു-
മങ്ങയെ ഹയം പാഞ്ഞണഞ്ഞേടത്തും! 1

ഇന്നുതിയാല,മത്ത്രം മഹാൻ ഭവാ-
നിന്ദ്ര, സംപൂജ്യ, വജ്രാശനിധര,
തന്നരുൾക, തേർവാജിയെ,ഗ്ഗോവിനെ,
വെന്നവനാ വൻകൊററുപോലെങ്ങൾക്കായ്! 2

ഉന്നതരെ വീഴ്ത്തുന്ന വിദ്രഷ്ടാവാ-
മിന്ദ്രനെത്തന്നെ ഞങ്ങൾ വിളിയ്ക്കുന്നു:
ലിംഗമായിരമുള്ള ധനാഢ്യ, നീ
ഞങ്ങളെപ്പോരിൽ വാഴ്ത്തിയ്ക്ക, സൽപതേ! 3

ക്കൂററനൊത്ത കോപത്താൽ വലച്ചാലും,
മാററരെപ്പോരിലൃക്സമരൂപ, നീ;
നിന്നുരക്ഷിയ്ക്ക, ഞങ്ങളെ, വന്മതൽ,
നന്ദനൻ, ജലം, സൂര്യനിവയ്ക്കായി! 4

ഏതിനാൽ നീ സുഹന്താ, നിയ്ക്കു,മീ
രോദസി രണ്ടുമാരാധ്യ, വജ്രവൻ,

---

സൂക്തം 16.

1. സത്രാതാവ്=സജ്ജനപാലകൻ. വാഴ്ത്തുന്നു എന്ന ക്രിയാപദം ഉത്തരാദ്ധത്തിലെ ഇരുവാക്യങ്ങളിലും ചേർക്കണം. അന്യരും വാഴ്ത്തുന്നു. ഹയം പാഞ്ഞണഞ്ഞേടം—യുദ്ധരംഗം; യുദ്ധത്തിന്നിറങ്ങിയവരും വാഴ്ത്തുന്നു.

2. അമത്ത്രം—ശത്രുക്കളെ. അശനി=ഇടിവാൾ. വെന്നവനു, പോരിൽ ജയിച്ചവനു, വൻകൊററ, വലിയ ഭോഗ്യവിഭവം, അവന്റെ സ്വാമി കൊടുക്കുമല്ലോ; അതുപോലെ.

3. ഉന്നതരെ—വമ്പിച്ച ശത്രുക്കളെ. വിദ്രഷ്ടാവ്—എല്ലാം വിശേഷേണ കാണുന്നവൻ. ഉത്തരാദ്ധം പ്രത്യക്ഷോക്തി: ലിംഗം—ഏതോ ഒരു സ്ത്രീയെ പ്രാപിച്ച ഇന്ദ്രൻ ഭോഗലോലുപതയാൽ സ്വശരീരത്തിൽ സന്ധിതോറും ലിംഗങ്ങളെ സൃഷ്ടിച്ചപോൽ. വാഴ്ത്തിയ്ക്ക—വളർത്തുക; ജയിപ്പിച്ചാലും.

4. ക്കൂററനൊത്ത—ഒരു കാളപോലെ ബലവത്തായ. ഋക്സമരൂപ=ഋക്കുകളിൽ പ്രതിപാദിയ്ക്കപ്പെട്ടതുപോലുള്ള രൂപത്തോടുകൂടിയവനേ. സൂര്യൻ—വെളിച്ചം. ഇവയ്ക്കായി—ഇവ ഞങ്ങൾക്കു കിട്ടാൻ.

Digitized By Kerala Sahitya Akademi

ഉന്നതൌജോനിദാനമാം ശ്രേഷ്ഠനാ-
മിന്ദ്ര, ധാരാളമെത്തിയ്ക്കുകെ,ങ്ങളിൽ! 5

ഉമ്പരിൽബ്ബലി, ശത്രുജിത്തങ്ങളെ-
ത്തമ്പുരാനേ, വിളിയ്ക്കുവോം, രക്ഷയ്ക്കായ്:
നോവിയാറുക, രാക്ഷസർക്കൊക്കെയും;
നീ വസോ, താഴ്ത്തുകെ,ങ്ങൾതൻ മാറ്റാരെ! 6

ഇന്ദ്ര, മൎത്ത്യരിലുള്ള കെല്പും, ധന-
വൃന്ദവും, പഞ്ചജാതിതന്നന്നവും,
ഉന്നതമായ പൌരുഷപ്രൌഢിയു-
മൊന്നൊഴിയാതെ കൊണ്ടുവരിക, നീ! 7

തൃക്ഷുവിങ്കലും, ദ്രുഹ്യുസംജ്ഞങ്കലും,
പൂരുവിങ്കലുമുള്ള കെല്പൊക്കെയും
ചേർക്കുകെ,ങ്ങളിൽ നീ മഘവൻ, പട
വായ്ക്കിൽ മാറ്റാരെപ്പോരിട്ടടയ്ക്കുവാൻ! 8

മൂന്നിനേയും തടുക്കുന്ന, കെട്ടാ-
പ്പാൎന്ന, മേഞ്ഞതാം മൂന്നിലമന്ദിരം
ഇന്ദ്ര, നീ നല്കെ,നിയ്ക്കും സയജ്ഞൎക്കും;
വന്നുവീഴായ്ക്ക,വരിൽശ്ശിതായുധം! 9

പൈക്കൊതിയാൽ വലയ്ക്കും പരനെയും,
ഢിക്കൊടേറിന്ദ്ര, പോരടിപ്പോരെയും

---

5. രോദസി രണ്ടും=ദ്യാവാപൃഥിവികൾ. ഉന്നതൌജോനിദാനം=വലിയ ഓജസ്സിനെ (ബലത്തെ) ഉളവാക്കുന്നത്.

6. ഉമ്പരിൽബ്ബലി=ദേവന്മാരിൽവെച്ചു ബലവാൻ. വിളിയ്ക്കുവോം—ഞങ്ങൾ വിളിയ്ക്കുന്നു. നോവിയാറുക—പീഡയുളവാക്കുക, ഹനിയ്ക്കുക. താഴ്ത്തുക—എളുപ്പത്തിൽ ജയിയ്ക്കാവുന്നവരാക്കുക എന്നൎത്ഥം.

8. തൃക്ഷുവും ദ്രുഹ്യുവും പൂരുവും രാജാക്കന്മാരാണ്. പട വായ്ക്കിൽ—യുദ്ധം വന്നാൽ.

9. മൂന്ന്—മഞ്ഞ്, വെയിൽ, മഴ. മൂന്നിലമന്ദിരം=മൂന്നുനിലയുള്ള ഗൃഹം. സയജ്ഞർ=യഷ്ടാക്കൾ. ശിതായുധം—ശത്രുക്കളുടെ മൂൎച്ചയുള്ള ആയുധം.

10. പൈക്കൊതിയാൽ വലയ്ക്കും പരൻ—പൈക്കളെ അപഹരിപ്പാ

Digitized By Kerala Sahitya Akademi

നീക്കി നീ തൊട്ടനില്ലെ,ങ്ങൾതന്നുടൽ
കാക്കവാൻ നുതിഗ്രാഹിൻ, മഘവാവേ! 10
കൂൎത്തു മൂൎത്ത ചിറകണിത്തീക്കണെ-
ച്ചാൎത്തുവാനിൽപ്പാറുന്നുതുടങ്ങിയാൽ,
പേൎത്തുയൎത്തേണമിന്ദ്ര, നീയെങ്ങളെ;-
ക്കാത്തുരക്ഷിയ്ക്കു, പോരിൽ നാഥനെയും! 11
ശൂരപൂരുഷർ നെഞ്ചവും തന്നച്ഛ-
ന്മാരുടെ പ്രിയസ്ഥാനവും കാട്ടുമ്പോൾ,
സ്പഷ്ടമാകാതെ മാറിനമുണ്ണിയ്ക്കും
ചട്ട നല്കു, നീ; പായിയ്ക്കു മാററരെ— 12
മൂറിയ മുതലിന്നൊരുങ്ങി, നിര-
പ്പാറ മന്നിലും വക്രമാൎഗ്ഗത്തിലും
ഇന്ദ്ര, നീയിരതേടിടും ശ്യേനരെ-
യെന്നപോലേ ഹയങ്ങളെപ്പായിയ്ക്കു— 13
പേടിയാൽച്ചിനക്കൂട്ടി, പാറിട്ടവ
മാടിനായ്ത്തീനിനണ്ഡജർപോലെയും,
താന്ന ദിക്കിലെക്കാറുകൾപോലെയും,
മാന്ദ്യമേശാതെ മണ്ടിത്തിരിയവേ! 14

---

നായി ഉപദ്രവിയ്ക്കുന്ന ശത്രു. ധീക്കൊട്—കുസലില്ലാതെ എന്നൎത്ഥം. നുതിഗ്രാഹിൻ=സ്തുതി സ്വീകരിയ്ക്കുന്നവനേ.

11. ചിറകണിത്തീക്കണെച്ചാൎത്ത്—ചിറകു വെച്ച, തീയ്യുപോലെ തിളങ്ങുന്ന ശത്രുശരനികരം. ഉയൎത്തേണം—വിജയികളാക്കണം. നാഥൻ—ഞങ്ങളുടെ നേതാവ്.

12. ശൂരന്മാർ സ്വാമിയുടെ വിജയത്തിന്നു ശത്രുപ്രയുക്തങ്ങളായ ആയുധങ്ങൾക്കു നെഞ്ചുകാട്ടുമ്പോൾ—പ്രാണാപായം ഗണിയ്ക്കാതെ പൊരുതുമ്പോൾ; സ്വപിതാക്കന്മാരുടെ പ്രിയസ്ഥാനവും കാട്ടുമ്പോൾ—അച്ഛന്മാർ നേടിയ ശൌൎയ്യയശസ്സും വെളിപ്പെടുത്തുമ്പോൾ, അച്ഛന്മാരെപ്പോലെതന്നെ ശത്രുക്കളോടു പൊരുതുമ്പോൾ. സ്പഷ്ടമാകാതെ—ശത്രുക്കളറിയാതെ. മാറിനം—ഞങ്ങളുടെ.

13. ഈ ഋക്കിന്റെയും 14-ാമത്തതിന്റെയും അന്വയം മുകളിലെത്തേതിനോടാകുന്നു: മുതലിന്ന്—പ്രതിപക്ഷധനം കീഴടക്കാൻ. ശ്യേനർ=പരുന്തുകൾ. ഹയങ്ങളെ—ഞങ്ങളുടെ കുതിരകളെ. പായിയ്ക്കു ചട്ട നല്കു എന്നന്വയം.

14. പറഞ്ഞതുതന്നെ ഒന്നുകൂടി വിസ്തരിയ്ക്കുന്നു: ചിനക്കൂട്ടി—നിലവിളിച്ച്. അവ—അശ്വങ്ങൾ. മാടിനായ്—ശത്രുക്കളെ ജയിച്ച്, പശുക്കളെ അപഹരിപ്പാൻ. അണ്ഡജർ=പക്ഷികൾ. മണ്ടിത്തിരിയവേ ചട്ട നല്കു.

Digitized By Kerala Sahitya Akademi

## സൂക്തം 47.

ഭരദ്വാജപുത്രൻ ഗർഗ്ഗൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഗായത്രിയും ദ്വിപദയും ബൃഹതിയും ജഗതിയും ഛന്ദസ്സുകൾ; സോമേന്ദ്രാദികൾ ദേവത.

ഇത് ആസ്വാദ്യമാകുന്നു; ഇതു മധുരമാകുന്നു; ഇതു തീവ്രമാകുന്നു; ഇതു സത്തുള്ളതുമാകുന്നു: ഇതു കുടിച്ച ഇന്ദ്രനെ യുദ്ധത്തിൽ ആരും
കീഴമർത്തില്ല! 1

ഇവിടെ ഇതു കുടിച്ചാൽ വലിയ മത്തുണ്ടാകും: ഇതുകൊണ്ടാണല്ലോ, ഇന്ദ്രൻ വൃത്രവധത്തിൽ മദംപൂണ്ടത്; ഇതാണല്ലോ, ശംബ
രന്റെ പെരുംപടയെയും, തഴച്ച തൊണ്ണൂറൊമ്പതിനെയും ഉടച്ചത്! 2

ഇതു കുടിച്ചാൽ എനിയ്ക്കു വാക്ക പുറപ്പെടും: ഇത് അരുമപ്പെട്ട ബുദ്ധിയെ പ്രകാശിപ്പിയ്ക്കും. ഇതത്രേ, ആറു പെരിയവയെ നിർമ്മിച്ച
ത്: അവയിലുൾപ്പെടാതെ ഒരുലോകമില്ല! 3

ഇതു ഭൂവിനെ പാർത്തി; ഇതു ദ്യോവിനെ ഉറപ്പിച്ചു; ഈ സോമം മികച്ച മൂന്നിൽ അമൃതു വെച്ചിരിയ്ക്കുന്നു; ഇതു വിശാലമായ അ
ന്തരിക്ഷത്തെ താങ്ങുന്നു! 4

ഇതു പാർപ്പിടത്തിൽ വെള്ളവീശുന്ന ഉഷസ്സുകളുടെ ഉദിപ്പിൽ, വിചിത്രദർശനമായ വെളിച്ചം കിട്ടിയ്ക്കുന്നു; മരുത്തുക്കളോടുകൂടിയ ഈ
വലിയ വർഷകാരി ഒരു വലിയ ഊന്നുകൊണ്ട് ആകാശത്തെ ഉറപ്പിച്ചു! 5

ശൂര, ഇന്ദ്ര, വൃത്രഹന്താവായ ഭവാൻ സമ്പത്സമരത്തിന്നു, കലശത്തിലെ സോമം ഉശിരുണ്ടാംവണ്ണം കുടിച്ചാലും; മധ്യാഹ്നസവനത്തിൽ വയർ നിറച്ചാലും. ധനനിധിയായ ഭവാൻ ഞങ്ങളിൽ ധനം
നിർത്തിയാലും! 6

---

### സൂക്തം 47.

1. ഇതുമുതൽ നാലൃക്കുകളുടെ ദേവത, സോമമാകുന്നു: ഇത്—സോമം.
2. ഇവിടെ—ഈ യാഗത്തിൽ. തൊണ്ണൂറൊമ്പത്—പുരികൾ.
3. ആറു പെരിയവ—ദ്യോവ്, ഭൂവ്, പകൽ, രാത്രി, വെള്ളം, സസ്യങ്ങൾ.
4. മൂന്നിൽ—സസ്യങ്ങളിലും, ജലത്തിലും, പൈക്കളിലും.
5. പാർപ്പിടം—അന്തരിക്ഷം. വർഷകാരി=മഴപെയ്യിയ്ക്കുന്നത്.
6. സമ്പത്സമരം—ശത്രുധനമടക്കാൻവേണ്ടിയുള്ള യുദ്ധം.



Digitized By Kerala Sahitya Akademi

ഇന്ദ്ര, മുമ്പിൽ നടക്കുന്നവനെന്നപോലെ, അവിടുന്നു ഞങ്ങളെ നോക്കണം; ഞങ്ങൾക്കു ധാരാളം ധനം കിട്ടിയ്ക്കണം; സുഖപ്രാപ്യനാകണം; ഞങ്ങളെ മറുകരയിലെത്തിയ്ക്കണം; നേരേ കൊണ്ടുനടക്കണം; വേണ്ടതു കൊണ്ടുവരണം! 7

ഇന്ദ്ര, വിദ്വാനായ ഭവാൻ ഞങ്ങളെ മഹത്തായ ലോകത്തിലെയ്ക്കു—സുഖകരവും ഭയരഹിതവുമായ ജ്യോതിസ്സിലെയ്ക്കു—നിർബ്ബാധം കൊണ്ടുപോയാലും: ഞങ്ങൾ അങ്ങയുടെ ദർശനീയങ്ങളായ തടിച്ചുരുണ്ട തൃക്കൈകളെ രക്ഷകരാക്കി സേവിയ്ക്കുമാറാകണം! 8

ഇന്ദ്ര, ശതധന, അവിടുന്നു ഞങ്ങളെ പരപ്പേറിയ പള്ളിത്തേരിലും, കെല്പേറിയ ഇരുകുതിരകളിലും കേറ്റിയിരുത്തിയാലും; അന്നങ്ങളിൽവെച്ചു തുലോം തഴച്ച അന്നം കൊണ്ടുവന്നാലും; മഘവാവേ, ഞങ്ങളുടെ ധനം മറ്റൊരു പണക്കാരൻ മുടിച്ചുകളയരുതു്! 9

ഇന്ദ്ര, നിന്തിരുവടി സുഖിപ്പിച്ചാലും: എനിയ്ക്കു ജീവനൌഷധം തരാനൊരുങ്ങിയാലും; ബുദ്ധി, കത്തിയുടെ വായ്ത്തലപോലെ മൂർച്ചപ്പെടുത്തിയാലും. ഭവൽകാമനായ ഞാൻ ഇങ്ങനെ വല്ലതും പറഞ്ഞേയ്ക്കും; അതു ഭവാൻ സ്വീകരിയ്ക്കണം. എന്നെയും ദേവസമേതനാക്കുക! 10

ഞാൻ ത്രാതാവായ ഇന്ദ്രനെ, ഞാൻ തർപ്പകനായ ഇന്ദ്രനെ, ഞാൻ ഓരോ ഹവനത്തിലും സുഖാഹ്വാതവ്യനും ശൂരനുമായ ഇന്ദ്രനെ, ഞാൻ ശക്രനും പുരുഹൂതനുമായ ഇന്ദ്രനെ വിളിയ്ക്കുന്നു: മഘവാവായ ഇന്ദ്രൻ നമുക്കു സ്വസ്തി നല്കട്ടെ! 11

സുത്രാമാവായ, ധനവാനായ ഇന്ദ്രൻ രക്ഷിച്ചു, നന്നായി സുഖിപ്പിയ്ക്കട്ടെ; വിശ്വവേദസ്സു വിദ്വേഷികളെ ഹനിയ്ക്കട്ടെ; അഭയം തരട്ടെ. നല്ല വീര്യത്തിന്നുടമകളാകണം, നമ്മൾ! 12

---

7. മാർഗ്ഗരക്ഷകൻ മുമ്പിൽ നടക്കും; പിന്നിൽ നടക്കുന്നവരെ രക്ഷിപ്പാൻ കൂടെക്കൂടെ തിരിഞ്ഞുനോക്കുകയും ചെയ്യും. മറുകരയിലെത്തിയ്ക്കണം—ശത്രുക്കളുടെ അപ്പുറത്താക്കണം. വേണ്ടതു—ഭോഗ്യവിഭവം.

9. ശതധന—വളരെദ്ധനമുള്ളവനേ.

10. സുഖിപ്പിച്ചാലും—ഞങ്ങളെ. ദേവസമേതൻ—രക്ഷകരായ ദേവന്മാരോടു ചേർന്നവൻ.

Digitized By Kerala Sahitya Akademi

ആ യജനീയന്റെ തിരുവുള്ളത്തിന്നും, ഭദ്രമായ സൌമനസ്യ ത്തിന്നും വിഷയമാകണം, നമ്മാം: സുത്രാമാവായ, ധനവാനായ ആ ഇന്ദ്രൻ വിദ്വേഷികളെ നമ്മളിൽനിന്നകലത്തുവെച്ചുതന്നേ മറയത്താ ട്ടി ചിതറിയ്ക്കട്ടെ! 13

ഇന്ദ്ര, സ്തോതാവിന്റെ ഉക്ഥങ്ങളും സ്തോത്രങ്ങളും, വളരെ ഹവിസ്സും വളരെസ്സോമനീരും ഭവാങ്കലെയ്ക്കു, ജലം നിമ്നസ്ഥലത്തെയ്ക്കു ന്നാപോലെ പായുന്നു; വജ്രപാണേ, അവിടുന്നു സോമത്തിൽ വെള്ളവും ഗോരസങ്ങളും വഴിപോലെ ചേർക്കുന്നു! 14

തന്തിരുവടിയെ ആർ സ്തുതിയ്ക്കും? ആർ കനിയിയ്ക്കും? ആർ യജിയ്ക്കും? സദാ കയക്കുമല്ലോ, മഘവാവ് താൻ ബുദ്ധികൊണ്ടു, നട ക്കുന്നവൻ കാലുകളെയെന്നപോലെ, മുമ്പനെ പിമ്പിലാക്കും, മറിച്ചു മാക്കും! 15

ഇന്ദ്രൻ വീരനാണെന്നു കേട്ടിട്ടുണ്ട്: കരുത്തനെ കരുത്തനെ അമർത്താൻ നോക്കും; ഒന്നാമനെ രണ്ടാമനും, മറിച്ചുമാവും, കൊണ്ടു പോവുക; തഴച്ചവരെ തളർത്തും; രണ്ടിന്റെയും രാജാവാണ് പരിചാ രിയ്ക്കുന്ന മനുഷ്യരെ തെരുതെരെ വിളിയ്ക്കും! 16

ഇന്ദ്രൻ പ്രധാനരോടു സഖ്യം ചെയ്യില്ല; അവരെ ഉപദ്രവിച്ചു കൊണ്ട്, അപ്രധാനരിൽ ചേരും—പരിചരിയ്ക്കാത്തവരെ തട്ടിനീക്കി ക്കൊണ്ടു വളരെസ്സംവത്സരം കഴിയ്ക്കും! 17

---

13. തിരുവുള്ളം—പ്രസാദം; സൌമനസ്യം—അനുഗ്രഹബുദ്ധി. രണ്ടും ഫലതാണ്ട് ഒന്നുതന്നെ.

14. ചേർക്കുന്നു—ഋത്വിക്കുകളുടെ കർമ്മം ഇന്ദ്രങ്കൽ ആരോപിച്ചിരിയ്ക്കു യാണ്.

15. സ്തുതിയ്ക്കും?—സ്തുതിപ്പാൻ ശക്തനാകും. മുമ്പനെ പിമ്പിലാക്കും— പ്രധാനനെ അപ്രധാനനാക്കും; മറിച്ചുമാക്കും—അപ്രധാനനെ പ്രധാനനുമാക്കും. നടക്കുമ്പോൾ, മുന്നിൽ വെച്ച കാൽ പിന്നിലും, പിന്നിൽവെച്ചതു മുന്നിലുമായി ക്കൊണ്ടിരിയ്ക്കുമല്ലോ.

16. കരുത്തനെ—ബലവാനായ ശത്രുവിനെ. തഴച്ചവരെ—കഴിവുണ്ടാ യിരിയ്ക്കെ, യജിയ്ക്കാത്തവരെ. രണ്ടിന്റെയും—ദിവ്യ-ഭൌമസമ്പത്തുകളുടെ. വി ളിയ്ക്കും—രക്ഷിയ്ക്കാൻ.

17. പരിചരിയ്ക്കുന്നവരോടേ സഖ്യം കൊള്ളുകയുള്ളു.

Digitized By Kerala Sahitya Akademi

പ്രതിരൂപനായ ഇന്ദ്രൻ ഓരോ രൂപം ധരിയ്ക്കുന്നു; തന്റെ ആ
രൂപം വെവ്വേറെ കാണാം. താൻ സങ്കല്പംകൊണ്ടു നാനാവടിവെടു
ത്ത് എഴുന്നാള്ളും: ഒരായിരമുണ്ടല്ലോ, തനിയ്ക്കു തേർക്കുതിരകൾ! 18

ആ തേജസ്വി തേരിന് ഇരുഹരികളെപ്പൂട്ടി, ഇവിടെ പലയി
ടങ്ങളിൽ പരിലസിയ്ക്കുന്നു: സ്തോതാക്കളിരിയ്ക്കെ, സദാ മറ്റാരുള്ളു, വി
ദ്വേഷികളെ വറുക്കാൻ? 19

ദേവന്മാരേ, ഞങ്ങൾ മാടുമേയാപ്രദേശത്തു പെട്ടുപോയി; പര
ന്ന ഭൂമി തട്ടിപ്പറിക്കാരെ തഴുകുന്നു. ബൃഹസ്പതേ, ഭവാൻ ഗോക്കളെ
ത്തിരയാൻ ഉപായവും, ഇന്ദ്ര, ഭവാൻ ഇങ്ങനെയിരിയ്ക്കുന്ന സ്തോതാവി
ന്നു വഴിയും പറഞ്ഞുതരിക! 20

വൃഷാവു നാൾതോറും സ്വസ്ഥാനത്തുനിന്നുദിച്ച്, ഏകരൂപക
ളായ കറുമ്പികളെ മറ്റേപ്പകുതിയ്ക്കുവേണ്ടി പിന്മാറുന്നു. മുടിയ്ക്കുന്ന,
മുതല്ക്കോതിയന്മാരായ വച്ചി–ശംബരന്മാരെ അദ്ദേഹം ഉദവ്രജത്തിൽ
വെച്ചു വധിച്ചു! 21

ഇന്ദ്ര, അങ്ങയുടെ ആരാധകനു പ്രസ്തോകൻ പത്തു പൊന്നറ
പ്പകളും പത്തു കുതിരകളെയും തൽക്ഷണം തന്നു! അതിഥിഗ്വനായ

---

18. പ്രതിരൂപൻ—രൂപങ്ങളുടെ പ്രതിനിധി. ഓരോ രൂപം—അഗ്ന്യാദി ദേവതാസ്വരൂപം. പരമാത്മാവു പ്രപഞ്ചാത്മനാ പരിണമിയ്ക്കുന്നു എന്ന അൎത്ഥത്തിലും ഈ ഋക്ക് വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ട്; ആ പക്ഷത്തിൽ, തേർക്കുതിരകൾ, ഇന്ദ്രിയവൃത്തികളാകുന്നു.

19. വറുക്കാൻ—നശിപ്പിയ്ക്കാൻ എന്നൎത്ഥം.

20. ഗൎഗ്ഗൻ ഒരിയ്ക്കൽ വഴിതെറ്റി ഒരു നിൎജ്ജനപ്രദേശത്തു പെട്ടുപോയി. അപ്പോൾ രക്ഷപ്പെടാൻ ദേവന്മാരെ സ്തുതിച്ചു: മാടുമേയാത്ത പ്രദേശം—പുല്ലുമില്ലാത്ത മരുഭൂമി. തഴുകുന്നു—തട്ടിപ്പറിക്കാരാണ്, ഇവിടെയുള്ളത്. തിരയാൻ—കാണാതായ പൈക്കളെ തിരഞ്ഞുനടക്കുന്നതിനിടയിലാണ്, ഗൎഗ്ഗൻ മരുഭൂമിയിൽ ചെന്നണഞ്ഞത്. ഇങ്ങനെയിരിയ്ക്കുന്ന—കഷ്ടത്തിലകപ്പെട്ട. സ്തോതാവിന്ന്—എനിയ്ക്ക്.

21. ഉദിച്ച്—സൂൎയ്യാത്മനാ പ്രാദുൎഭവിച്ച്. കറുമ്പികൾ—രാത്രികൾ. മറ്റേപ്പകുതി—പകൽ. മുടിയ്ക്കുന്ന—യജ്ഞകൎമ്മങ്ങളെ. വച്ചി—ഒരസുരൻ. ഉദവ്രജം—ഒരു ദേശം.

22. ഇതുമുതൽ നാലൃക്കുകളിൽ ദിവോദാസനെന്ന രാജാവിന്റെ ദാനശീലത്വം സ്തുതിയ്ക്കപ്പെടുന്നു: ആരാധകനു—എനിയ്ക്ക്. പ്രസ്തോകൻ—ദിവോദാസ

Digitized By Kerala Sahitya Akademi

ദിവോദാസങ്കൽനിന്നു, തനതായിത്തീൻ ആ ശംബരധനം ഞങ്ങാം സ്വീകരിച്ചു. 22

പത്തു കുതിരകാം, പത്തുറപ്പകാം, വിലയേറിയ പത്തു വസ്ത്രങ്ങാം, പത്തു സ്വർണ്ണക്കട്ടികാം എന്നിവ ദിവോദാസങ്കൽനിന്ന് എനിയ്ക്കു കിട്ടി. 23

പത്തു കുതിരത്തേരുകാം, നൂറു ഗോക്കാം എന്നിവയെ അശ്വഥൻ അധർവ്വഗോത്രക്കാക്കും പായുവിന്നും കൊടുത്തു. 24

വിശ്വജനീനമായ വലിയ ധനം കൊടുത്തു, സൃഞ്ജയപുത്രൻ ഭരദ്വാജരെ പൂജിച്ചു. 25

മരമേ, നീ ദൃഢഗാത്രമാകുക; നീ ഞങ്ങളെ സഖാക്കളാക്കി, നല്ല വീരന്മാരോടുംകൂടി വളർത്തുക; മൂരിത്തോൽകൊണ്ടു പൊതിയപ്പെട്ട നീ (ഞങ്ങളെ) ഉറപ്പിയ്ക്കുക. നിങ്കൽ കേറിയവൻ ജേതവ്യരെ ജയിയ്ക്കട്ടെ! 26

ദ്യോവിൽനിന്നും ഭൂവിൽനിന്നും എടുക്കപ്പെട്ട ഓജസ്സും, വൃക്ഷങ്ങളിൽനിന്നു സംഭരിയ്ക്കപ്പെട്ട ബലവും, ജലംപോലെ ജവനവും, മൂരിത്തോൽ ചുററിയതും, ഇന്ദ്രന്റെ വജ്രവുമായ രഥത്തെ ഭവാൻ ഹവിസ്സുകൊണ്ടു യജിച്ചാലും! 27

---

ന്റെ നാമാന്തരം. പൊന്നുറപ്പകാം—പൊൻനാണ്യം നിറച്ച ഉറപ്പകാം, ഒരുതരം വലിയ സഞ്ചികാം. തൽക്ഷണം—അങ്ങയെക്കുറിച്ചുള്ള സ്തുതി ചൊല്ലിയപ്പോാം ത്തന്നെ. തനതായിത്തീൻ—ശംബരനെ വധിച്ചു ഭവാൻ അദ്ദേഹത്തിന്നു കൊടുത്തതിനാൽ അദ്ദേഹത്തിൻേറതായിത്തീൻ.

24. അശ്വഥൻ—ദിവോദാസന്റെ മറെറാരു പേർ. പായു—ഗർഗ്ഗന്റെ ഭ്രാതാവ്.

25. സൃഞ്ജയൻ—ദിവോദാസന്റെ അച്ഛൻ.

26. തേരിൽക്കേറുമ്പോാം ജപിയ്ക്കേണ്ടുന്ന മന്ത്രം: മരമേ—ദാരുനിർമ്മിതമായ രഥമേ. രഥമാണ്, ഇതുമുതൽ മൂന്നൃക്കുകളുടെ ദേവത.

27. വൃക്ഷങ്ങാം ഭൂമിയുടെ സാരഭൂതങ്ങളാണ്; അവ ദ്യോവിലെ ജലം (മഴ)കൊണ്ടു വളരുന്നു. അതിനാലാണ്, ദാരുമയമായ രഥത്തെ വാനൂഴികളിൽനിന്നെടുത്ത ഓജസ്സാക്കിക്കല്പിച്ചിരിയ്ക്കുന്നത്. വജ്രം—വജ്രത്തിന്റെ ഒരംശം; വജ്രത്തിന്റെ ഒരു ഭാഗമത്രേ, രഥം. ഭവാൻ—അധ്വര്യുവിനോടു പറയുന്നതാണിത്,

Digitized By Kerala Sahitya Akademi

ഇന്ദ്രന്റെ വജ്രം, മരുത്തുക്കളുടെ മുൻഭാഗം, മിത്രന്റെ ഗർഭം, വരുണന്റെ പൊക്കിൾ—ഇങ്ങനെയുള്ള ഭവാൻ, ദേവ, രഥമേ, ഞങ്ങളുടെ യജ്ഞത്തിൽ വന്നു, ഹവിസ്സു സ്വീകരിച്ചാലും! 28

പടഹമേ, ഭവാൻ മന്നിനെയും വിണ്ണിനെയും ആശ്വസിപ്പിയ്ക്കുക: ചരാചരാത്മകമായ ജഗത്തു ഭവാനെ പലമട്ടിൽ അറിയട്ടെ. ആ ഭവാൻ ഇന്ദ്രനോടും ദേവകളോടുംകൂടി, ശത്രുക്കളെ ദൂരദൂരത്തെയ്ക്കോടിച്ചാലും! 29

പടഹമേ, ഭവാൻ നിലവിളിപ്പിയ്ക്കുക; ഞങ്ങൾക്കു സൈന്യത്തെയും ബലത്തെയും തരിക; ദുരിതങ്ങളെ തട്ടിനീക്കിക്കൊണ്ടു ശബ്ദിയ്ക്കുക. വിദ്രോഹികളെ ഇവിടെനിന്നു പായിയ്ക്കുക. ഇന്ദ്രന്റെ മുഷ്ടിയാണല്ലോ, ഭവാൻ; (ഞങ്ങളെ) ഉറപ്പിച്ചാലും! 30

ഇന്ദ്ര, അവിടുന്നു് ഇവയെ വീണ്ടെടുക്കുക, ഇവയെ പിന്തിരിപ്പിയ്ക്കുക. അടയാളമായി പടഹം ഒലിമുഴക്കുന്നു: ഞങ്ങളുടെ ആളുകൾ കുതിരപ്പുറത്തു കേറി സഞ്ചരിയ്ക്കുമ്പോൾ, ഞങ്ങളുടെ തേരാളികൾ ജയിയ്ക്കട്ടെ! 31

ഏഴാമധ്യായം സമാപ്തം.

---

28. മുൻഭാഗം—അതിന്നൊത്ത ഗതിവേഗമുള്ളതു്. ഗർഭം—അന്തർവ്വത്തി: പകലാണല്ലോ, തേർ നടക്കുക; പകലിന്റെ അധിദേവത, മിത്രനാണു് നാഭി—വരുണന്റേതായ രാത്രിയിൽ, ദേഹമധ്യത്തിൽ പൊക്കിളെന്നപോലെ, നിശ്ചലമായി വർത്തിയ്ക്കുന്നതു്.

29. ഇതുമുതൽ മൂന്നൃക്കുകൾക്കു പെരുമ്പറയാണു്, ദേവത. ആശ്വസിപ്പിയ്ക്കുക—ജയഘോഷംകൊണ്ടു്

30. നിലവിളിപ്പിയ്ക്കുക—ഞങ്ങളുടെ ശത്രുക്കളെ കരയിച്ചാലും. മുഷ്ടി—മുഷ്ടിപോലെ ശത്രുക്കളെ മട്ടിയ്ക്കുന്നതു്

31. ഇവയെ—ശത്രുക്കളുടെ പക്കൽപ്പെട്ട ഗോക്കളെ. സഞ്ചരിയ്ക്കുമ്പോൾ—ശത്രുക്കളോടു യുദ്ധംചെയ്യുമ്പോൾ.

Digitized By Kerala Sahitya Akademi

## എട്ടാമധ്യായം

സൂക്തം 48.

ബൃഹസ്പതിപുത്രൻ ശംയു ഋഷി; ബൃഹതീസതോബൃഹതീമഹാസതോ
ബൃഹത്യാദികൾ ഛന്ദസ്സുകൾ; അഗ്നിമരുദാദികൾ ദേവത.
(മാകന്ദമഞ്ജരി)

വാഴ്ത്തുവിൻ, വാഴ്ത്തുവിൻ, യജ്ഞത്തിൽ യജ്ഞത്തിൽ—
വായ്ക്കുമമർത്ത്യനാമീയഗ്നിയെ;
മിത്രംപോലിഷ്ടനാം ജാതവേദസ്സിനെ-
യത്ര പുകഴ്ത്തിടാ,മെങ്ങളുമേ. 1

നമ്മളെയിച്ഛിപ്പോനല്ലോ, ബലാത്മജൻ;
നല്കുകീ, ഹവ്യവാഹനനാ നാമും.
പോർകളിൽക്കാക്കട്ടേ, വാഴ്വു വരുത്തട്ടേ;
മൈകൾക്കും രക്ഷ ചെയ്യട്ടെ,യവൻ! 2

അർച്ചിസ്സാൽശ്ശോഭിപ്പോനല്ലോ, വൃഷാവായ
നിർജ്ജരനൽക്കൃഷ്ടനങ്ങുന്നഗ്നേ:
അർച്ചിനാകാന്ത്യാ വിളങ്ങും നീ തന്നാല്യ-
മുജ്ജ്വലതപത്താൽ വെളിച്ചം ശുചേ! 3

ഉത്തമദേവയഷ്ടാവേ, യജിയ്ക്ക നീ
പ്രത്യഹം: രക്ഷയ്ക്കവരെയെല്ലാം
ബുദ്ധിയാൽക്കർമ്മത്താലെത്തിയ്ക്കുകി,ങ്ങഗ്നേ;
ഭുക്തി കൊടുക്ക; ഭുജിയ്ക്ക, നീയും! 4

---

സൂക്തം 48.

1. ഇഷ്ടൻ=പ്രിയൻ.
2. വാഴ്വ്=വളച്ച, വിജയം.
3. ഉൽക്കൃഷ്ടൻ—ഗുണാധികൻ. ശുചി=അഗ്നി.
4. ഉത്തമദേവയഷ്ടാവ്=മഹാന്മാരായ ദേവന്മാരെ യജിയ്ക്കുന്നവൻ. യജിയ്ക്ക—ആ ദേവന്മാരെ. ബുദ്ധിയാൽക്കർമ്മത്താൽ—ബുദ്ധികൊണ്ടും കർമ്മംകൊണ്ടും. ഭുക്തി—അവർക്കുള്ള ഹവിസ്സ്.

Digitized By Kerala Sahitya Akademi

അത്തോയഗർഭത്തെയൂട്ടുന്നു, നിർഭര-
മബ്ധിനീര,ഭ്രങ്ങൾ, കാടുകളും;
നേതാക്കൾ കെല്പിൽ മഥിയ്ക്കപ്പിറക്കുന്നു,
മേദിനിതന്നുയർസ്ഥാനത്തവൻ. 5

വാർദ്ധി രണ്ടും നിറയ്ക്കുന്നു, തേജസ്സാൽ;
വാനിങ്കൽപ്പാറിപ്പൂ, ധൂമമവൻ;
കൂരിരുൾ നീക്കി വിളങ്ങുന്നു, രാവുമായ്-
ച്ചേരും വൃഷാവു കറുത്ത രാവിൽ. 6

അഗ്നേ, യുവാഗ്ര്യ, ഭരദ്വാജനിൽദ്ദേവ,
നൽക്കാന്ത്യാ വായ്ച നീ വന്മഹസ്സാൽ
കത്തുകെ,ങ്ങൾക്കു ധനത്തിനായ്പ്പാവക—
കത്തുക, തേജസ്സിനായിശ്ശുചേ! 7

അഗ്നേ, യുവാഗ്ര്യ, മനുഷ്യപ്രജാവലി-
യ്ക്കൊക്കെഗ്ഗൃഹേശ്വരനല്ലോ, ഭവാൻ:
നേരേ വളത്തിപ്പോരുന്നോനെ നീയൊരു
നൂറാവനത്താൽ നൂറാണ്ടുകാലം
പാതകം പാറാതെ പാലിയ്ക്കവേണമേ,
സ്തോതാക്കന്മാർക്കു നല്കുന്നോരെയും! 8

കിട്ടിയ്ക്കുകെ,ങ്ങൾക്കു രക്ഷയും വിത്തവും
ദ്രഷ്ടവ്യനായ നീയഗ്നേ, വസോ;
ഇദ്ധനത്തിൻെറ നേതാവു നീയെങ്ങൾതൻ
പുത്രൎക്കും ചേൎക്കുക,റപ്പു വെക്കം! 9

5. അത്തോയഗർഭത്തെ—ആ ജലാന്തർവ്വർത്തിയായ അഗ്നിയെ: ബാഡബാഗ്നി,വൈദ്യുതാഗ്നി, ദാവാഗ്നി. ഉയർസ്ഥാനത്ത്—ഉയൎന്ന (ഉൽകൃഷ്ടമായ) സ്ഥാനത്ത്, യജ്ഞസ്ഥലത്ത്.

7. തേജസ്സിന്നായി—ഞങ്ങൾക്കു തേജസ്സുണ്ടാകാൻ. ശംയുവിൻെറ ഭ്രാതാവത്രേ, ഭരദ്വാജൻ.

8. വളത്തിപ്പോരുന്നോനെ—അങ്ങയെ ജ്വലിപ്പിയ്ക്കുന്ന എന്നെ. നല്കുന്നോരെയും—ധനം കൊടുക്കുന്ന ഉദാരന്മാരെയും പാലിയ്ക്കവേണമേ.

9. ദ്രഷ്ടവ്യൻ=ദർശനീയൻ. ഇദ്ധനം—ലോകത്തിലെ സമ്പത്ത്. ഉറപ്പു ചേൎക്കുക—ധനം നല്കി.

Digitized By Kerala Sahitya Akademi

രക്ഷിയ്ക്കക,ഗ്നേ, സമേതമാം നിബ്ബാധ-
രക്ഷയാൽ നീ പുത്രപൌത്രന്മാരെ;
ദേവകോപത്തെയും മൎത്ത്യദ്രോഹത്തെയും
വേർപെടുക്കെ,ങ്ങളിൽനിന്നു ഭവാൻ! 10

നൂതനസ്തോത്രരായ്ച്ചെല്ലുവിൻ, സഖാക്കളേ,
പാൽ തരും പയ്യിനാടുകൾ നിങ്ങൾ;
പൈതലിനോടിടചേൎക്കയുംചെയ്യുവിൻ,
ബാധയേശാത്തപടിയ്ക്കവളെ: 11

തന്നൊളി വീശും ബലിഷ്ഠമരുദ്ഗണ-
ത്തിന്നമൎത്ത്യാന്നം കൊടുപ്പോളവൾ;
ശീഘ്രമരുത്സുഖതൽപരയാമവൾ
സൌഖ്യാൎത്ഥം തണ്ണീരൊത്താഗമിപ്പോൾ! 12

എല്ലാം ചുരത്തും പയ്യെ,ല്ലാൎക്കുമുള്ളന്നം,
രണ്ടും ഭരദ്വാജനേകീടുവിൻ! 13

ഐന്ദ്രസൽക്കൎമ്മവും, വാരുണപ്രജ്ഞയു,-
മൎയ്യമാവിന്റെ സൂനൃതയും,
വിഷ്ണുവിൻ ശ്രീവായ്പും ചേരുമാ മാരുത-
വൎഗ്ഗത്തെ വാഴ്ത്തുന്നേൻ, വാങ്ങാനായ്‌ ഞാൻ! 14

---

10. സമേതം—കൂടിച്ചേൎന്ന. രക്ഷയാൽ—രക്ഷകൾകൊണ്ട്‌.

11. അധ്വൎയ്യുക്കളോട്‌: നൂതനസ്തോത്രരായ്—പുതിയ സ്തോത്രത്തോടേ; സ്തോത്രത്തിന്നിവിടെ വിളി എന്നാണൎത്ഥം. പൈതൽ—പശുക്കുട്ടി. മരുത്തുക്കളാണ്‌, ഇതുമുതൽ അഞ്ച്വൃക്കുകളുടെ ദേവത.

12. അമൎത്ത്യാന്നം—മരണരാഹിത്യസാധകമായ അന്നം. അവൾ—പയ്യ്‌. ശീഘ്രമരുത്സുഖതൽപര=വേഗവാന്മാരായ മരുത്തുക്കളുടെ സുഖത്തിൽ താൽപൎയ്യമുള്ളവൾ. തണ്ണീർ—വൎഷജലം.

13. എല്ലാം—സൎവ്വകാമങ്ങളും. എല്ലാൎക്കുമുള്ളന്നം—എല്ലാവൎക്കും തികയുന്ന അന്നം. രണ്ടും—പയ്യിനെയും അന്നത്തെയും. ഭരദ്വാജന്ന്‌—എന്റെ ഭ്രാതാവിന്ന്‌. ഏകീടുവിൻ—മരുത്തുക്കളോടു പ്രത്യക്ഷോക്തി.

14. ഇന്ദ്രന്റെ സൽക്കൎമ്മവും, വരുണന്റെ പ്രജ്ഞയും, അൎയ്യമാവിന്റെ സൂനൃതയും, വിഷ്ണുവിന്റെ ശ്രീമത്ത്വവും മരുത്തുക്കൾക്കുണ്ടെന്ന്‌. വാങ്ങാൻ—എന്റെ ഹവിസ്സ്‌ അവർ സ്വീകരിപ്പാൻ.

13*

Digitized By Kerala Sahitya Akademi

ആരുമെതിക്കില്ലാ;–ത്തിരമ്പും തുലോം;
വാരൊളി വീശും; പുലത്തിപ്പോരും—
ഇപ്പടിയുള്ള മരുത്ബലം മർത്ത്യക്കി–
ന്നൊപ്പം തരിക, നൂറായിരങ്ങൾ:
കാട്ടട്ടേ, ഗൂഢസമ്പത്തിനെ; ഞങ്ങൾക്കു
കിട്ടുമാറാക്കട്ടേ, സമ്പത്തിനെ! 15
ഭൂരിശ്രീപൂഷാവേ, വനാല്യമെങ്കൽ നീ:
പോരിടാൻ പാഞ്ഞെല്ലാം പാറലരെ
പാരം വലച്ചരുളേണമേ; നിൻചെവി–
ച്ചാരത്തു നിന്നു പുകഴ്ത്തുന്നോൻ, ഞാൻ! 16
കാകരെപ്പോറും മരത്തെപ്പുഴക്കൊല്ലു;
കൊല്ലുകയും വേണം, നീ കൊള്ളാത്തോരെ;
പാറലർ കേറിപ്പിടിയ്ക്കുകയുംചെയ്യായ്ക,
പക്ഷിയെപ്പാശം വിരിപ്പോൻപോലെ! 17
സ്വൈരമായ്ക്കിട്ടട്ടേ, നിൻസഖ്യം, തൈർ തിങ്ങും
ചോരാത്ത തൈർത്തോൽത്തുരുത്തിയ്ക്കൊപ്പം! 18
മർത്ത്യരിൽ മീതെയാണല്ലോ, നീ; ദേവന്മാ–
ർക്കൊത്തവൻ, സമ്പത്താൽപ്പൂഷാവേ, നീ;
യുദ്ധത്തിൽ നോക്കുക, കാക്കുക, ഞങ്ങളെ–
യദ്യ, പണ്ടേത്തോരെയെന്നപോലെ! 19
മർത്ത്യനോ ദേവനോ പൂജിച്ചാൽ നല്ലേകും
ഭദ്രയാം നിങ്ങൾതൻ സൂനൃതോക്തി

---

15. മർത്ത്യക്ക്—മനുഷ്യരായ ഞങ്ങൾക്ക്. നൂറായിരങ്ങൾ—ധനം.

16. ഇതുമുതൽ നാലൃക്കുകളുടെ ദേവത, പൂഷാവാകുന്നു: ശ്രീ=കാന്തി.

17. കാകരെപ്പോറും മരത്തെ—പുത്രപൌത്രാദികളെയും മററു പലരെയും പുലത്തിപ്പോരുന്ന എന്നെ. കൊള്ളാത്തോർ—അസത്തുക്കൾ. എന്നെ ശത്രുക്കൾ പിടിയ്ക്കുകയും ചെയ്യരുത്. പാശം (വല) വിരിപ്പോൻ—വേടൻ.

18. തയിർ നിറച്ച തോൽത്തുരുത്തി സദാ പൂഷാവിൻെറ തേരിലുണ്ടായിരിയ്ക്കും; അതിന്നൊത്ത സഖ്യം ഞങ്ങൾക്കും കിട്ടട്ടെ.

19. നോക്കുക—അനുഗ്രഹദൃഷ്ടികൊണ്ട്. അദ്യ=ഇന്ന്.

Digitized By Kerala Sahitya Akademi

കൊണ്ടുവരട്ടേ, വരേണ്യത്തെ മൈവിറ-
യുണ്ടാക്കും യാജ്യമരുത്തുക്കളേ! 20

ഏവർതൻ കർമ്മം പൊടുന്നനെച്ചുററുന്നു,
ദ്യോവിനെ,ദ്ദേവനാം സൂര്യൻപോലേ;
കമ്പിടുവിയ്ക്കുന്ന യജ്ഞാർഹമാം ബലം
സംഭരിച്ചോർ, മരുത്തുക്കളവർ.
വൃത്രഘ്നമായി വിളങ്ങുവൊന്നാ,ബ്ബലം;
വൃത്രഘ്നമബ്ബലം മേത്തരമേ! 21

ദ്യോവൊരുവട്ടമേ ജാതയായിട്ടുള്ളു;
ഭൂവൊരുവട്ടമേ ജാതയായി;
പൃശ്നിതൻ പാലൊരുവട്ടമത്രേ കറ-
ന്നിട്ടുള്ളു; മററൊന്നുണ്ടാകില്ലേ,വം! 22

---

## സൂക്തം 49.

ഭരദ്വാജഗോത്രൻ ഋജിശ്വാവ് ഋഷി; ത്രിഷ്ടുപ്പും ശക്വരിയും ഛന്ദസ്സുകൾ;
വിശ്വേദേവകൾ ദേവത.

(കാകളി)

സദ്വ്രതരെപ്പുതുച്ചൊല്ലാൽ സ്തുതിപ്പു ഞാൻ
സ്വസ്തി കാംക്ഷിയ്ക്കും വരുണമിത്രരെയും:

---

20. ഈ ഋക്കിന്റെയും അടുത്തതിന്റെയും ദേവത, മരുന്മാതാവായ പൃശ്നിയാകുന്നു: സൂനൃതോക്തി—മാധ്യമികയായ പ്രിയസത്യവാക്ക്. വരേണ്യം—ധനമെന്നർത്ഥം. യാജ്യർ=യജനീയർ.

21. കമ്പിടുവിയ്ക്കുന്ന—ശത്രുക്കളെ. വൃത്രഘ്നം—വൃത്രാദ്യസുരരെ ഹനിച്ചത്. മേത്തരമേ=മികച്ചതുതന്നെ.

22. ഒരുവട്ടം—ഒരു പ്രാവശ്യം. കറന്നിട്ടുള്ളു—പൃശ്നിയുടെ പാൽ രണ്ടാമതു കറക്കപ്പെട്ടില്ല; ആ പാലിൽനിന്നു മരുത്തുക്കൾ ജനിയ്ക്കുക എന്നതും രണ്ടാമതുണ്ടാവില്ല. മരുത്തുക്കൾ നിസ്തുല്യരാണെന്നു സാരം. പൃശ്നിയുടെ പാലിൽനിന്നത്രേ മരുത്തുക്കൾ ജനിച്ചത്.

Digitized By Kerala Sahitya Akademi

ഇങ്ങെഴുന്നള്ളട്ടെ, കേട്ടരുളട്ടെ,യാ
മംഗളൌജസ്സർ വരുണമിത്രാഗ്നികൾ! 1
യജ്ഞേ നരനു നരന്നീഡ്യ,നന്മിഷൽ-
പ്രജ്ഞൻ, യുവതിദ്വയത്തോടു ചേരുവോൻ,
വാനിൻകിടാ,വിഷ്ടികേതു, കെല്പിൻമകൻ,
പീനാഭനഗ്നിയെപ്പൂജിച്ചിടുന്നു, ഞാൻ. 2
സൂരന്റെ രണ്ടു വിഭിന്നപുത്രികളിൽ-
ത്താരാന്വിതയൊന്നി,നാന്വിത മറ്റവൾ:
തമ്മിൽപ്പിണങ്ങിപ്പിരിയും പുനാനമാർ
കമ്രസ്തവം ശ്രവിക്കട്ടേ, പ്രണുതമാർ! 3
വിശ്വവരേണ്യനായ്ത്തേർ നിറയ്ക്കും പുരു-
വിത്തനാം വായുവിൽച്ചെല്ലട്ടെ, വൻനുതി:
സൽക്കരിച്ചാലും, കവിയെ പ്രയഷ്ടവ്യ,
ശുക്രയാനൻ നിയുന്നാഥൻ കവി ഭവാൻ! 4

---

## സൂക്തം 49.

1. സദ്വ്രതർ—സുകർമ്മാക്കളായ ദേവന്മാർ. പുതുചൊല്ലാൽ—പുത്തൻ സ്തോത്രംകൊണ്ട്. സ്വസ്തി—സ്തോതാക്കൾക്കു ക്ഷേമം. കേട്ടരുളട്ടെ—നമ്മുടെ സ്തുതികൾ. മംഗളൌജസ്സർ=ശോഭനബലന്മാർ.

2. നരനു നരന്ന്—ഓരോ മനുഷ്യന്നും. യുവതിദ്വയം—ദ്യാവാപൃഥിവികൾ. വാനിൻകിടാവ്—ഒന്നാമതു ദ്യോവിൽ ജനിച്ചവൻ. ഇഷ്ടികേതു=യാഗത്തിന്റെ കൊടിമരം.

3. അഹോരാത്രിസ്തുതി: വിഭിന്നപുത്രികൾ—കറുത്തും വെളുത്തുമിരിക്കുന്ന പുത്രികൾ, രാപ്പകലുകൾ. താരാന്വിത=നക്ഷത്രസമേത. ഒന്ന്—രാത്രി. ഇനാന്വിത=സൂര്യസമേത. മറ്റവൾ—പകൽ. പിരിയും—രാത്രിവരുമ്പോൾ പകലും, പകൽ വരുമ്പോൾ രാത്രിയും പോകുന്നതിനെ പിണങ്ങിപ്പിരിയലാക്കിയിരിക്കയാണ്. പുനാനമാർ=പരിപാവനികൾ. കമ്രസ്തവം=മനോഹരമായ സ്തോത്രം. പ്രണുതമാർ=സ്തുതിക്കപ്പെട്ടവർ.

4. വായുസ്തുതി: തേർ നിറയ്ക്കും—സ്തോതാക്കളുടെ രഥത്തെ ധനംകൊണ്ടു നിറയ്ക്കുന്ന. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: കവിയെ സൽക്കരിച്ചാലും—സ്തോത്രകാരന്നു ധനം നല്കിയാലും. ശുക്രയാനൻ=തിളങ്ങുന്ന വാഹനത്തോടുകൂടിയവൻ. നിയുന്നാഥൻ—നിയുത്തുകളെന്ന പെൺകുതിരകളുടെ ഉടമ. കവി—ക്രാന്തദർശി.

Digitized By Kerala Sahitya Akademi

മൂടട്ടെ,യെന്നുടൽ നേതൃനാസത്യർതൻ
പ്രൌഢപ്രഭം, മനംകൊണ്ടു പൂട്ടും രഥം:
ചെല്ലുതിതിലൂടെയല്ലോ, ഗൃഹേ നിങ്ങ-
ളുശ്വിമാരേ, സുതതാതഹിതത്തിനായ്! 5

വൃഷ്ടിദർ നിങ്ങൾ പജ്ജന്യവായുക്കളേ,
കിട്ടിയ്ക്ക, വാനിൽനിന്നാവശ്യമാം ജലം.
സത്യശ്രുവർ വിപ്രർ വിശ്വംഭരർ നിങ്ങൾ
സൽ്ഭുതപ്രിയനാക്കുവിൻ, സൂരിയെ! 6

ആ വീരപത്നി സരസ്വതി ചിത്രാന്ന
പാവനി കമ്മം നടത്തട്ടെ, സുന്ദരി;
ഛന്ദോവതി തെളിഞ്ഞേകട്ടെ, വാഴ്ത്തിയ്ക്കു
ചോരാത്ത ദുദ്ധഷ്ധാമവും ക്ഷേമവും! 7

പൂജ്യനായധ്വാവിനധ്വാവിനീശനാം
പൂഷാവിനെപ്പുകഴ്ത്തട്ടേ, ഫലോത്സുകൻ:
നമ്മൾക്കു നല്കട്ടെ, പൊന്നാണിപ്പൈക്കളെ;-
ക്കമ്മമെല്ലാം നിറവേറട്ടെ, നേർക്കവൻ! 8

മുന്നേ പകുക്കും പുകഴ്ന്ന വൻദേവനെ,-
യന്നദാതാവിനെ,സ്സദ്ഭുജാപാണിയെ,

---

5. ഈ ഋക്കിന്ന് അശ്വികളാകുന്നു, ദേവത. മൂടട്ടെ—തേജസ്സുകൊണ്ട്. നേതൃനാസത്യർതൻ=നേതാക്കളായ അശ്വികളുടെ. ഉത്തരാദ്ധം പ്രത്യക്ഷോക്തി: ഗൃഹേ—സ്തോതാവിൻെറ ഗൃഹത്തിൽ; അവിടെ മകനും അച്ഛനും നന്ന വരുത്താൻ.

6. പൂവ്വാദ്ധത്തിന്നു പജ്ജന്യവായുക്കൾ ദേവത; ഉത്തരാദ്ധത്തിന്നു മരുത്തുക്കൾ. സത്യശ്രുവർ—യഥാത്ഥസ്തോത്രം കേൾക്കുന്നവർ. വിപ്രർ=മേധാവികൾ. സൂരി—സ്തോതാവ്.

7. സരസ്വതി ദേവത: വീരപത്നി=വീരൻെറ, പ്രജാപതിയുടെ, പത്നി. ചിത്രാന്ന=വിവിധാന്നങ്ങളോടുകൂടിയവൾ. കമ്മം—നമ്മുടെ യജ്ഞം. ഛന്ദോവതി—ഗായത്ര്യാദിച്ഛന്ദസ്സമേത. വാഴ്ത്തിയ്ക്കു=സ്തോതാവിന്നു. ദുദ്ധഷ്ധാമം—ശീതവാതാദികൾക്ക് ആക്രമിയ്ക്കാവതല്ലാത്ത ഗൃഹം.

8. പൂഷാവ് ദേവത: അധ്വാവ്=മാഗ്ഗം. അവൻ—പൂഷാവ്.

9. ത്വഷ്ടാവ് ദേവത: മുന്നേ പകുക്കും—ഉൽപത്തികാലത്തുതന്നേ ജീവങ്ങളെ പുംസ്ത്രീരൂപേണ വേർതിരിയ്ക്കുന്ന. വൻദേവൻ=മഹാനായ ദേവൻ. സദ്ഭു

Digitized By Kerala Sahitya Akademi

ത്വഷ്ടാവിനെ,സ്സുഖാഹ്വാതവ്യനെ യജി-
ക്കട്ടെ, ഹോതാവഗ്നി ദീപ്തൻ ഗൃഹേജ്യനെ! 9
പാരു പോററും മഹാരുദ്രനെ വാഴ്ത്തുകി,-
ഗ്ഗീരാലഹസ്സിൽ നീ, രുദ്രനെയല്ലിലും:
മൃഢാംഗനെസ്സൽസുഖനെയജരനെ
സ്തുത്യാ വളർത്താം, കവീരിതരെങ്ങളും! 10
ധീരർ നിങ്ങൾ മരുത്തുക്കളേ, യാജ്യരേ,
സൂരിസ്തുതിക്കു വരുവിൻ, യുവാക്കളേ:
മീതേ പരന്നു വളർന്നംഗിരസ്തുല്യർ
രോതാക്കൾ നിങ്ങൾ തരിശിനും പുഷ്ടിദർ! 11
വീരബലിഷ്ഠസുശീഘ്രരിലെത്തിക്ക,
ഗോരക്ഷി ഗോക്കളെയാലയിൽപ്പോലെ നീ:
താരകൾ വാനത്തുപോല,വക്ക ഹൃദി
ചേരട്ടെ, ചൊല്ലും കവിതൻ സ്തവോക്തികൾ! 12
മന്നുലകങ്ങളളന്നുവല്ലോ, വിഷ്ണു
മർദ്ദിതനായ മനുവിനായ് മൂന്നിനാൽ;
അബ്ഭുവാൻ തന്ന ഗൃഹത്തിൽ മത്താടാവു,
കെല്പൊടും സ്വത്തൊടും ഞങ്ങൾ മകനൊടും! 13

---

ജാപാണി=നല്ല കൈകളോടും കൈപ്പടത്തോടുംകൂടിയവൻ. ഗൃഹേജ്യൻ=ഗൃഹത്തിൽ (ഗൃഹസ്ഥരാൽ) യഷ്ടവ്യൻ.

10. രുദ്രൻ ദേവത: മഹാരുദ്രൻ=മഹാനായ രുദ്രൻ. ഗീര്—സ്തോത്രം. നീ—സ്തോതാവിനോടു പറയുന്നതാണിത്. മൃഢാംഗൻ=സുന്ദരരൂപൻ. കവീരിതർ=കവിയാൽ (രുദ്രനാൽ) പ്രേരിതർ.

11. ധീരർ=ധീമാന്മാർ. സൂരിസ്തുതിക്കു—സ്തോതാവിന്റെ സ്തവം കേൾക്കാൻ. മീതേ—അന്തരിക്ഷത്തിൽ. അംഗിരസ്തുല്യർ—അംഗിരസ്സുകൾപോലെ ശീഘ്രഗാമികൾ. പുഷ്ടിദർ—മഴകൊണ്ടു സസ്യപുഷ്ടി വരുത്തുന്നവർ.

12. സ്തോതാവിനോട്: വീര–സുശീഘ്ര–ബലിഷ്ഠർ—മരുത്തുക്കൾ. എത്തിക്ക—സ്തുതികളെ. ഹൃദി=ഹൃത്തിങ്കൽ, ഹൃദയത്തിൽ. കവി—മേധാവിയായ സ്തോതാവ്.

13. വിഷ്ണു ദേവത: മന്നുലകങ്ങൾ—ത്രിലോകങ്ങൾ എന്നർത്ഥം. മർദ്ദിതൻ—അസുരപീഡിതൻ. മൂന്നിനാൽ—മൂന്നു കാൽവെപ്പുകൊണ്ട്. ഉത്തരാർദ്ധം പ്രത്യക്ഷവചനം: മത്താടാവു—ആഹ്ലാദിക്കത്തക്ക ഗൃഹം തരിക എന്നു സാരം.

Digitized By Kerala Sahitya Akademi

അച്ഛിതനാമഹിർബുധ്ന്യൻ നമുക്കേകു-
ക,ന്നോദകങ്ങൾ സവിതാവുമിന്ദ്രനും;
സദ്ദാനശീലരും ധാന്യങ്ങളൊത്തവ;
വിത്തലബ്ധിയ്ക്കിറക്കട്ടെ, ധീമാൻ ഭഗൻ! 14
പാരാതെ, ഭൂരിവീരാഢ്യമായ്, മർത്ത്യർക്ക
പോരുവോനായ്, മഹായജ്ഞസംരക്ഷിയായ്,
തേരുമിണങ്ങിയ വിത്തവും, വാർദ്ധകം
കേറാത്ത വേശ്മവും ഞങ്ങൾക്ക നല്കുവിൻ:
ശത്ര്വസുരന്മാരെ നേർത്തമർത്താം, മഖോ-
ദ്യുക്തരിൽച്ചെന്നിടാ,മെങ്ങളിതുകളാൽ! 15

---

സൂക്തം 50.

ഋജിശ്വാവ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ബഹുദേവന്മാർ ദേവത.

നിങ്ങളുടെ അദിതിദേവിയെയും വരുണനെയും മിത്രനെയും അഗ്നിയെയും, അരിസൂദനനായ, ശോഭനസുഖനായ അര്യമാവിനെയും, സവിതാവിനെയും, ഭഗനെയും—രക്ഷിതാക്കളായ ദേവന്മാരെയെല്ലാം—ഞാൻ സുഖത്തിന്നുവേണ്ടി, വണങ്ങി സ്തുതിയ്ക്കുന്നു. 1

സുപ്രഭ, സൂര്യ, തേജസ്സു തെളിഞ്ഞ ദക്ഷദൌഹിത്രരായ ദേവന്മാരെ ഭവാൻ ദോഷം ചെയ്യാത്തനിലയിൽ നിർത്തണം: ഇരുലോകങ്ങളിൽ വെളിപ്പെടുന്നവരും, യജ്ഞങ്ങളിൽ സംബന്ധിയ്ക്കുന്നവരും, സത്യശീലരും, ധനികരും, യഷ്ടവ്യരും അഗ്നിജിഹ്വരുമാണല്ലോ, അവർ! 2

---

14. അനേകർ ദേവത: അച്ഛിതൻ—സ്തുതൻ. സദ്ദാനശീലർ—വിശ്വേദേവന്മാർ. ധാന്യങ്ങളൊത്തവ—ധാന്യസമേതങ്ങളായ അന്നോദകങ്ങൾ ഏകുക, നല്കട്ടെ. ഇറക്കട്ടെ—നമ്മെ പ്രേരിപ്പിയ്ക്കട്ടെ.

15. ദേവന്മാരോട്: പാരാതെ—ഉടനേ നല്കുവിൻ. വാർദ്ധകം കേറാത്ത—പഴക്കം തട്ടാത്ത. മഖോദ്യുക്തർ=യജ്ഞപ്രവൃത്തർ. ഇതുകളാൽ—വിത്തവും വേശ്മ(ഗൃഹ)വുംകൊണ്ട്.

സൂക്തം 50.

1. നിങ്ങളുടെ—അമ്മയായ.

2. ദക്ഷദൌഹിത്രർ=ദക്ഷന്റെ മകളുടെ, അദിതിയുടെ, പുത്രന്മാർ. ഇരുലോകങ്ങളിൽ—സ്വർഗ്ഗത്തിലും ഭൂമിയിലും.

Digitized By Kerala Sahitya Akademi

ദ്യാവാപൃഥിവികളേ, നിങ്ങൾ ഞങ്ങൾക്കു കനത്ത കരുത്തുളവാക്കുവിൻ; രോദസികളേ, സുസുഖകളേ, നിങ്ങൾ ഞങ്ങൾക്കു വലിയ ഗൃഹം, വളരെദ്ധനമുണ്ടാകുമാറ്, തന്നരുളുവിൻ; ധിഷണമാരേ, നിങ്ങൾ ഞങ്ങളെ പാപം പററാതെ പാപ്പിയ്ക്കുവിൻ! 3

ചെറുതോ വലുതോ ആയ യുദ്ധത്തിൽ നില്ക്കുന്ന ഞങ്ങൾ മരുദ്ദേവകളെ എപ്പോഴും വിളിയ്ക്കുമോ; അപ്പോഴും, വിളിയ്ക്കപ്പെട്ട ആ വസുക്കളും അബാധിതരുമായ രുദ്രപുത്രന്മാർ ഞങ്ങളുടെ അടുക്കലെയ്ക്കിറങ്ങട്ടെ! 4

രോദസീദേവി യാവചിലരിൽ ചിക്കെന്നു ചെല്ലുമോ, സമൃദ്ധി വരുത്തി പൂജിയ്ക്കുന്ന പൂഷാവും സേവിയ്ക്കുമോ; മരുത്തുക്കളേ, ആ നിങ്ങൾ ഞങ്ങളുടെ വിളി കേട്ട് ഇങ്ങോട്ടു വരുമ്പോഴും, ഓരോ വഴിയിലും ജീവജാലം വിറച്ചുപോകും! 5

സ്തോതാവേ, ആ സ്തോത്രം കൈക്കൊള്ളുന്ന വീരനായ ഇന്ദ്രനെ ഭവാൻ ഒരു പുതിയ സ്തവംകൊണ്ടു പൂജിയ്ക്കുക: പുകഴ്ത്തപ്പെട്ടവൻ സ്തുതി കേൾക്കുകതന്നെ ചെയ്യും; വാഴ്ത്തപ്പെട്ടവൻ വളരെ അന്നവും തരും! 6

തണ്ണീരുകളേ, മനുഷ്യഹിതകളായ നിങ്ങൾ പുത്രനും പൌത്രനും അഹിംസിതമായ അന്നവും സുഖവും ശാന്തിയും തരുവിൻ: ചരാചരങ്ങളെയെല്ലാം പ്രസവിച്ച നിങ്ങൾ അമ്മമാരിലും കവിഞ്ഞ ഭിഷക്കുകളാണല്ലോ! 7

രക്ഷകനായ, സുവർണ്ണപാണിയായ, യഷ്ടവ്യനായ സവിതൃദേവൻ നമ്മുടെ അടുക്കൽ വന്നെത്തട്ടെ: ഉഷസ്സുദിച്ചപോലെ, ഹവിർദ്ദാതാവിന്നു വരണീയങ്ങളെ വെളിപ്പെടുത്തുന്ന ധനവാനാണല്ലോ, അവിടുന്ന്! 8

ബലപുത്ര, അങ്ങ് ഇപ്പോൾ ഞങ്ങളുടെ ഈ യാഗത്തിൽ ദേവന്മാരെ കൊണ്ടുവന്നാലും: ഞാൻ എന്നും അങ്ങയുടെ ദാനത്തിൽ വ

---

3. ധിഷണമാർ=ധാരയിത്രികൾ; ദ്യാവാപൃഥിവികളുടെ ഒരു പര്യായം.

5. രോദസി—രുദ്രപത്നി. സമൃദ്ധി വരുത്തി പൂജിയ്ക്കുന്ന—സ്തോതാക്കളെ സമ്പത്സമൃദ്ധരാക്കി മാനിയ്ക്കുന്ന.

7. ഭിഷക്കുകൾ=വൈദ്യന്മാർ.

8. വരണീയങ്ങൾ—ധനങ്ങൾ.

Digitized By Kerala Sahitya Akademi

ത്തിയ്ക്കമാറാകണം; അഗ്നേ, അങ്ങയുടെ രക്ഷയാൽ ഞാൻ നല്ല വീര
ന്മാരോടുകൂടിയവനുമാകണം! 9

മേധാവികളായ നാസത്യരേ, ആ നിങ്ങഠം എൻെറ കൎമ്മസ
ഹിതമായ സ്തോത്രത്തിൽ ശീഘ്രം വന്നെത്തുവിൻ: നേതാക്കളേ, അ
ത്രിയെ കൂരിരുളിൽനിന്നു മോചിപ്പിച്ചപോലെ (ഞങ്ങളെ) യുദ്ധത്തിൽ
ദുഃഖത്തിൽനിന്നു കരയേററുവിൻ! 10

ദേവന്മാരേ, ആ നിങ്ങഠം ഞങ്ങഠംക്കു തേജസ്സും ഓജസ്സും ആഠം
ക്കാരും ചേൎന്ന ബഹുസ്തുത്യമായ ധനം തന്നരുളുവിൻ; ദിവ്യരും ഭൌമ
രും ഗോജാതരും അന്തരിക്ഷോൽപന്നരുമായ നിങ്ങഠം ദാനംകൊണ്ടു
സുഖിപ്പിയ്ക്കുകയുംചെയ്യുവിൻ! 11

ആ വൎഷകർ—രുദ്രനും, സരസ്വതിയും, വിഷ്ണുവും, വായുവും,
ഋഭുവിഭ്വവാജന്മാരും, ദേവഹിതനായ വിധാതാവും—സമാനപ്രീതി
യോടേ നമ്മെ സുഖിപ്പിയ്ക്കട്ടെ; പൎജ്ജന്യനും വായുവും നമുക്ക് അന്നം
വൎദ്ധിപ്പിയ്ക്കട്ടെ! 12

ആ ദേവൻ സവിതാവും, ഭഗനും, സമ്പത്തു നിറയ്ക്കുന്ന സലി
ലപുത്രനും, ദേവന്മാരോടും തൽപത്നിമാരോടുംകൂടിയ ത്വഷ്ടാവും, ദേവ
ന്മാരോടുകൂടിയ ദ്യോവും, സമുദ്രങ്ങളോടുകൂടിയ ഭൂവും സമാനപ്രീതിയോ
ടേ നമ്മെ രക്ഷിയ്ക്കട്ടെ! 13

അഹിൎബുധ്ന്യനും, അജനായ ഏകപാത്തും, ഭൂമിയും, സമുദ്ര
വും നമ്മുടെ സ്തോത്രം കേഠംക്കട്ടെ; കവികളാൽ ശസ്ത്രം ചൊല്ലപ്പെട്ട,
സ്തുതിയ്ക്കപ്പെട്ട, വിളിയ്ക്കപ്പെടുന്ന, മന്ത്രപ്രതിപാദ്യരായ, യജ്ഞവൎദ്ധക
രായ ദേവന്മാരെല്ലാം രക്ഷിയ്ക്കട്ടെ! 14

---

9. വീരന്മാർ—പുത്രാദികഠം.

11. ദിവ്യർ—ആദിത്യർ. ഭൌമർ—വസുക്കഠം. ഗോജാതർ—പൃശ്നിപുത്ര
രായ മരുത്തുക്കഠം. അന്തരിക്ഷോൽപന്നർ—രുദ്രന്മാർ. ദാനംകൊണ്ടു—അഭീഷ്ട
ങ്ങഠം തന്ന്.

12. വിധാതാവ്—പ്രജാപതി.

13. സലിലപുത്രൻ—വൈദ്യുതാഗ്നി.

14. അജനായ ഏകപാത്ത്—ഒരു ദേവൻ. കവികഠം—ഋഷിമാർ.



Digitized By Kerala Sahitya Akademi

ഇങ്ങനെ, എന്റെ പുത്രന്മാരായ ഭരദ്വാജഗോത്രക്കാർ അച്ഛനസാധനങ്ങളായ സ്തോത്രങ്ങൾകൊണ്ടു സ്തുതിച്ചുപോരുന്നു: യജനീയരേ, തപ്പിയ്ക്കപ്പെട്ട, വസുക്കളായ, അധൃഷിതരായ നിങ്ങളെല്ലാവരും, ദേവപത്നിമാരും പുകഴ്ത്തപ്പെടുവിൻ! 15

---

സൂക്തം 51.

ഋജിശ്വാവ് ഋഷി; ത്രിഷ്ടുപ്പും ഉഷ്ണിക്കും അനുഷ്ടുപ്പും ഛന്ദസ്സുകൾ; വിശ്വദേവകൾ ദേവത.

കണ്ണായ, മഹത്തായ, മിത്രാവരുണന്മാൎക്കു പ്രിയമായ, അബാധിതമായ, സ്വച്ഛമായ, ദശനീയമായ സൂൎയ്യതേജസ്സ് എമ്പാടും ഉയരുന്നു: ഉദയത്തിൽ ദ്യോവിന്ന് ഒരാഭരണമെന്നപോലെ വിളങ്ങുന്നു. 1

മേധാവിയായ സൂൎയ്യൻ മൂന്നിടങ്ങളെയും, ഈ ദേവന്മാരുടെ നിഗൂഢമായ പിറവിയെയും അറിയുന്നു; മനുഷ്യരിലെ നന്മതിന്മകൾ നോക്കിക്കാണുന്നു; അധിപതിയായിനിന്നു പ്രാപ്തവ്യങ്ങളെ പ്രകാശിപ്പിയ്ക്കുന്നു. 2

മഹത്തായ യജ്ഞത്തെ രക്ഷിയ്ക്കുന്ന നിങ്ങളെ ഞാൻ സ്തുതിയ്ക്കുന്നു—സുജാതരായി അബാധിതകൎമ്മാക്കളായി ധനികരായി പരിപാവനരായിരിയ്ക്കുന്ന അദിതിവരുണമിത്രന്മാരെയും അൎയ്യമഭഗന്മാരെയും ഞാൻ നേരിട്ടു വാഴ്ത്തുന്നു. 3

ദ്രോഹികളെത്തട്ടിനീക്കുന്ന, സജ്ജനപാലകരായ, അബാധിതരായ, മഹാരാജന്മാരായ, നല്ല പാൎപ്പിടം നല്കുന്നവരായ, യുവാക്കളായ, ശോഭനബലരായ, ഈശ്വരരായ, ദ്യോവിന്റെ നേതാക്കന്മാരായ, (നമ്മുടെ) പരിചരണമിച്ഛിയ്ക്കുന്ന ആദിത്യന്മാരെയും അദിതിയെയും ഞാൻ അഭിഗമിയ്ക്കുന്നു. 4

---

15. പുകഴ്ത്തപ്പെടുവിൻ—എന്റെ (ഋജിശ്വാവിന്റെ) പുത്രന്മാരായ സുഹോത്രാദികളാൽ സ്തുതിയ്ക്കപ്പെടുവിൻ.

സൂക്തം 51.

2. മൂന്നിടങ്ങൾ—ത്രിലോകങ്ങൾ. പ്രാപ്തവ്യങ്ങൾ=ലഭിയ്ക്കേണ്ടുന്നവ.

4. അഭിഗമിയ്ക്കുക—മുമ്പിൽച്ചെല്ലുക.

Digitized By Kerala Sahitya Akademi

പിതാവായ ദ്യോവേ, കനിവുററ മാതാവായ ഭൂവേ, ഭ്രാതാവായ അഗ്നേ, വസുക്കളേ, നിങ്ങറം ഞങ്ങളെ സുഖിപ്പിച്ചാലും; ആദിത്യന്മാരേ, അദിതേ, നിങ്ങളെല്ലാം ഒപ്പം പ്രസാദിച്ചു ഞങ്ങറംക്കു വലിയ ഗൃഹം തന്നാലും! 5

യജനീയരേ, നിങ്ങറം ഞങ്ങളെ ചെന്നായയ്ക്കോ, പെൺചെന്നായയ്ക്കോ—ഏതൊരു ഹിംസകന്നും—വിട്ടുകൊടുക്കരുതേ: ഞങ്ങളുടെ ശരീരത്തിന്റെ നേതാക്കളാണല്ലോ, നിങ്ങറം; ബലത്തിന്റെയും വാക്കിന്റെയും നേതാക്കളാണല്ലോ, നിങ്ങറം! 6

വസുക്കളേ, നിങ്ങളുടെ ഞങ്ങറംക്ക് അന്യർ ചെയ്ത പാപം അനുഭവപ്പെടരുത്; നിങ്ങളെ കോപിപ്പിയ്ക്കുന്നതൊന്നും ഞങ്ങറം ചെയ്തുപോകരുത്. വിശ്വദേവന്മാരേ, വിശ്വശന്മാരാണല്ലോ, നിങ്ങറം; ശത്രു താൻതന്നേ സ്വശരീരം നശിപ്പിയ്ക്കട്ടെ! 7

നമസ്കാരംതന്നെ ബലവത്തരമാണ്; ഞാൻ നമസ്കാരത്തെ പരിചരിയ്ക്കുന്നു. നമസ്കാരമാണ്, ദ്യാവാപൃഥിവികളെ താങ്ങുന്നത്. ദേവന്മാൎക്കു നമസ്കാരം! നമസ്കാരം ഇവരെ കീഴടക്കും! ചെയ്തുപോയ പാപവും ഞാൻ നമസ്കാരംകൊണ്ടു നീക്കുന്നു. 8

യജനീയരേ, നിങ്ങളുടെ യജ്ഞത്തിന്റെ നേതാക്കളായ, യജനഗൃഹത്തിലിരിയ്ക്കുന്ന, വിശുദ്ധബലരായ, അബാധിതരായ, കാഴ്ചയേറിയ, തലവന്മാരായ, മഹാന്മാരായ ആ നിങ്ങളെ ഞാൻ നേരിട്ടു നമസ്കാരങ്ങറംകൊണ്ടു വണങ്ങുന്നു. 9

മികച്ച തേജസ്സും നല്ല ഓജസ്സുമുള്ളവരും, സത്യകൎമ്മാക്കളും, സ്തോതാക്കറംക്കു യഥാൎത്ഥഭൂതരുമാണല്ലോ, വരുണനും മിത്രനും അഗ്നിയും; അവർ നമ്മുടെ ദുരിതമെല്ലാം മാറിലാക്കട്ടെ! 10

ഇന്ദ്രനും പൃഥിവിയും പൂഷാവും ഭഗനും അദിതിയും പഞ്ചജനങ്ങളും നമ്മുടെ വാസഭൂമിയെ വൎദ്ധിപ്പിയ്ക്കട്ടെ; നല്ല സുഖവും നല്ല അ

---

5. ഭ്രാതാവായ—സ്നേഹമുള്ള.

7. നിങ്ങളുടെ—ഭവദീയരായ.

8. നിങ്ങളുടെ മാഹാത്മ്യം ഇരിയ്ക്കട്ടെ: നിങ്ങളെ നമസ്കരിയ്ക്കുന്നതുതന്നെ അത്യുൽകൃഷ്ടമാകുന്നു!

9. നിങ്ങളുടെ—നിങ്ങറംക്കായിച്ചെയ്യപ്പെടുന്ന.

Digitized By Kerala Sahitya Akademi

നാവും നല്ല നടപ്പും നല്കട്ടെ; നമ്മെ നന്നായി രക്ഷിച്ചു, നന്നായി കാക്കട്ടെ! 11

ദേവന്മാരേ, സ്തുതിയ്ക്കുന്ന ഭാരദ്വാജൻ വേഗത്തിൽ ദിവ്യസ്ഥാനമടയട്ടെ: തിരുവുള്ളം തെളിയണമെന്നപേക്ഷിയ്ക്കുന്നു; ഇരിയ്ക്കുന്ന യജ്ഞാർഹരോടൊന്നിച്ചു യാഗമനുഷ്ഠിച്ചുകൊണ്ടു ദേവഗണത്തെ ധനലബ്ധിയ്ക്കായി വന്ദിയ്ക്കുന്നു. 12

അഗ്നേ, ആ പാപംചെയ്യുന്ന കുടിലനെ—ദുരാശയനായ ദ്രോഹിയെ—അങ്ങ് അതിദൂരത്തെയ്ക്കു തള്ളണം; സജ്ജനപാലക, സുഖം തരിക! 13

സോമമേ, ഞങ്ങളുടെ അമ്മികൾ സഖ്യമിച്ഛിയ്ക്കുന്നു. കൊടുക്കാത്ത തിന്മനെ ഭവാൻ മുടിയ്ക്കുക: തട്ടിയെടുക്കുന്നവനാണല്ലോ, അവൻ! 14

ശോഭനദാനന്മാരേ, കഴിവുള്ളവരാണല്ലോ, തേജസ്വിയന്ന ഇന്ദ്രാദികളായ നിങ്ങൾ: വഴിയിൽ ഞങ്ങളെ കൂടെനിന്നു കാത്തു, സുഖപ്പെടുത്തുവിൻ! 15

യാതൊന്നിലൂടേ നടന്നാവൻ വിദ്രോഹികളെയെല്ലാം പോക്കി, ധനം നേടുമോ; ഞങ്ങൾ ആ സുഗമവും അനഘവുമായ മാർഗ്ഗത്തിലെത്തിച്ചേരാം! 16

---

സൂക്തം 52.

ഋജിശ്വാവ് ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ജഗതിയും ഛന്ദസ്സുകൾ; വിശ്വദേവകൾ ദേവത.

അതു ദ്യോവിനോടോ, ഭൂവിനോടോ, യജ്ഞത്തോടോ, ഈ കർമ്മങ്ങളോടോ ചേൎന്നതാണെന്നു ഞാൻ സമ്മതിയ്ക്കില്ല: അയാളെ

---

11. പഞ്ചജനങ്ങൾ—ദേവന്മാർ, ഗന്ധൎവ്വർ, അപ്സരസ്സുകൾ, മനുഷ്യർ, പിതൃക്കൾ.

12. ഭാരദ്വാജൻ—ഋജിശ്വാവായ ഞാൻ. ഇരിയ്ക്കുന്ന—സത്രോപവിഷ്ടരായ. യജ്ഞാർഹർ—മററു യജമാനന്മാർ.

14. സഖ്യം—ഭവാന്റെ സഖ്യം. കൊടുക്കാത്ത—ദാതൃത്വമില്ലാത്ത. തിന്മൻ—സ്വയം തിന്നുന്നവൻ.

16. അന്യദിക്കിൽനിന്നു തിരിച്ചെത്തിയാൽ ജപിയ്ക്കേണ്ടുന്ന മന്ത്രമത്രേ, ഇത്.

Digitized By Kerala Sahitya Akademi

വമ്പിച്ച പർവ്വതങ്ങൾ ചതയ്ക്കട്ടെ; അതിയാജനെ യജിപ്പിയ്ക്കുന്നവൻ അധമനായിത്തീരട്ടെ! 1

മരുത്തുക്കളേ, ഞങ്ങളെക്കാൾ മീതെയാണെന്നഭിമാനിയ്ക്കുന്നവൻ ആരോ; ഞങ്ങളുടെ സ്തോത്രത്തെ നിന്ദിപ്പാൻ ആർ മുതിരുമോ; അവനെ തേജസ്സുകൾ വലയ്ക്കട്ടെ—ആ ബ്രഹ്മദ്വേഷിയെ സൂര്യൻ ദഹിപ്പിയ്ക്കട്ടെ! 2

സോമമേ, അങ്ങ് കർമ്മരക്ഷകനാണെന്നു പറയുന്നു; ഞങ്ങളെ പഴിക്കാരിൽനിന്നു രക്ഷിയ്ക്കുന്നവനാണെന്നും പറയുന്നു. എന്നാൽ ഞങ്ങൾ നിന്ദിയ്ക്കപ്പെടുന്നതു കാണുന്നില്ലേ? ബ്രഹ്മദ്വേഷിയുടെ നേർക്ക് പൊള്ളിയ്ക്കുന്ന ആയുധം ചാട്ടുക! 3

ഉദിയ്ക്കുന്ന ഉഷസ്സുകൾ എന്നെ രക്ഷിയ്ക്കട്ടെ; തടിച്ച നദികൾ എന്നെ രക്ഷിയ്ക്കട്ടെ; അനക്കമില്ലാത്ത മലകൾ എന്നെ രക്ഷിയ്ക്കട്ടെ; യജ്ഞത്തിലെ പിതൃക്കളും എന്നെ രക്ഷിയ്ക്കട്ടെ! 4

ഞങ്ങളുടെ മനസ്സു സദാ നന്നായിരിയ്ക്കണം; ഞങ്ങൾ ഉദിയ്ക്കുന്ന സൂര്യനെ കാണുകയുംചെയ്യണം. ഉൽക്കൃഷ്ടധനാധിപതി ഹവിസ്സു ദേവന്മാർക്കു കൊണ്ടുകൊടുപ്പാൻ ശരിയ്ക്കു വന്നിട്ട്, അപ്രകാരം ചെയ്തരുളട്ടെ! 5

രക്ഷയോടുകൂടി ഇന്ദ്രനും, സലിലസമൃദ്ധയായ സരസ്വതിയും തൊട്ടടുക്കൽ വന്നണയട്ടെ; പർജ്ജന്യൻ ഓഷധികളോടുകൂടി നമ്മെ

---

സൂക്തം 52.

1. അതിയാജൻ എന്നൊരു ഋഷി, ഋജിശ്വാവിനെക്കാൾ മീതെയാകണമെന്നു നിശ്ചയിച്ച്, യാഗം തുടങ്ങി. ആ യാഗത്തെ ഋജിശ്വാവു നിരസിയ്ക്കുന്നു: അതു—അതിയാജന്റെ യജനം. ദ്യോവിനോടോ ഭൂവിനോടോ—ദിവ്യ-ഭൌമദേവന്മാരോടോ. യജ്ഞത്തോടോ—ഞാനനുഷ്ഠിച്ചിട്ടുള്ള യാഗത്തോടോ. ചേർന്നത്—യുക്തം, സദൃശം. പർവ്വതങ്ങൾ—ഇന്ദ്രനാലയയ്ക്കപ്പെട്ട ഗിരികൾ.

3. പറയുന്നു—പഴമക്കാർ.

4. തടിച്ച—വെള്ളം പരന്ന. പിതൃക്കൾ—പിതൃദേവതകൾ.

5. ഉൽകൃഷ്ടധനാധിപതി—അഗ്നി. അപ്രകാരം—മുൻവാക്യങ്ങളിൽ പറയപ്പെട്ടത്.

Digitized By Kerala Sahitya Akademi

സുഖിപ്പിയ്ക്കട്ടെ; അഗ്നി, അച്ഛനെന്നപോലെ സുഖസ്തുത്യനും സുഖാഹ്വാതവ്യനുമായിബ്ഭവിയ്ക്കട്ടെ! 6

ദേവന്മാരേ, നിങ്ങളെല്ലാവരും വരുവിൻ: എന്റെ ഈ വിളി കേൾക്കുവിൻ; ഈ ദർഭവിരിപ്പിലിരിയ്ക്കുവിൻ! 7

ദേവന്മാരേ, നിങ്ങളെ ആർ നെയ്യു തൂകിയ ഹവിസ്സുകൊണ്ടു പരിചരിയ്ക്കുമോ; അവരുകൽ ചെല്ലുമല്ലോ, നിങ്ങളെല്ലാവരും. 8

മരണരഹിതന്റെ മക്കൾ നമ്മുടെ സ്തുതി കേൾക്കട്ടെ; നമുക്കു നല്ല സുഖം തന്നരുളട്ടെ! 9

യജ്ഞം വർദ്ധിപ്പിയ്ക്കുന്ന, സമയങ്ങളിൽ സ്തോത്രം കേൾക്കുന്ന ദേവന്മാരെല്ലാം തയിർ ചേർത്ത ചുടുപാൽ നുകരട്ടെ! 10

ഇന്ദ്രനും, മരുദ്ഗണവും, ത്വഷ്ടാവും, മിത്രനും, അര്യമാവും നമ്മുടെ സ്തോത്രവും ഈ ഹവിസ്സും ആസ്വദിയ്ക്കട്ടെ! 11

ഹോതാവായ അഗ്നേ, ദേവഗണത്തെ അറിയുന്ന ഭവാൻ ഞങ്ങളുടെ ഈ യജ്ഞം അറിയപ്പെട്ട ക്രമത്തിൽ നടത്തിയാലും! 12

വിശ്വദേവന്മാരേ, നിങ്ങൾ എന്റെ ഈ വിളി കേൾക്കുവിൻ: അന്തരിക്ഷത്തിലും, അന്തികത്തിലും, വാനിലും വസിയ്ക്കുന്ന അഗ്നിജിഹ്വരായ യജനീയർ ഈ ദർഭയിലിരുന്ന് ഇമ്പംകൊള്ളുവിൻ! 13

യജ്ഞാർഹരായ ദേവന്മാരെല്ലാവരും ദ്യാവാപൃഥിവികളും ജലപുത്രനും എന്റെ സ്തോത്രം കേട്ടരുളട്ടെ: നിങ്ങൾക്കു രുചിയ്ക്കാത്തതൊന്നും ഞാൻ ചൊല്ലരുതേ; ഞങ്ങൾ തുലോം അടുത്ത്, നിങ്ങളുടെ സുഖങ്ങളിൽത്തന്നേ മത്താടുമാറാകണം! 14

മഹാന്മാരായ, മന്നിലും വിണ്ണിലും അന്തരിക്ഷത്തിലും പിറന്ന, നിശിതജ്ഞാനരായ ദേവന്മാർ നമ്മുടെ പുത്രാദികൾക്ക് എല്ലാ അന്നവും രാപ്പകൽ തന്നരുളട്ടെ! 15

---

6. സരസ്വതി—നദി.
9. മരണരഹിതന്റെ മക്കൾ—പ്രജാപതിയുടെ പുത്രന്മാർ, ദേവന്മാർ.
10. സമയങ്ങളിൽ—യജ്ഞാവസരങ്ങളിൽ.
12. ക്രമത്തിൽ—ഇന്നിന്ന ദേവന്മാർക്ക് ആദ്യമാദ്യം എന്ന മുറയ്ക്ക്.
13. അന്തികം—അന്തരിക്ഷത്തിന്നടുത്ത സ്ഥാനം, ഭൂലോകം.
14. ജലപുത്രൻ—വൈദ്യുതാഗ്നി. നിങ്ങളുടെ—നിങ്ങൾ തന്ന.

Digitized By Kerala Sahitya Akademi

അഗ്നിപജ്ജന്യന്മാരേ, നിങ്ങറം എന്റെ കമ്മത്തെ രക്ഷിയ്ക്കു
വിൻ; സുഖാഹ്വാതവ്യരേ, ഈ യജ്ഞത്തിൽ ഞങ്ങളുടെ നല്ല സ്തുതി
കേറംക്കുവിൻ. ഒരാറം അന്നം ഉൽപാദിപ്പിയ്ക്കുന്നു; മറ്റാറം ഗഭ്വും.
ആ നിങ്ങറം അന്നവും സന്തതിയും ഞങ്ങറംക്കു തരുവിൻ! 16

വിശ്വദേവന്മാരേ, ഞാൻ ദഭ വിരിച്ച്, അഗ്നിയെ ജ്വലിപ്പിച്ചു,
സൂക്തംകൊണ്ടും വലിയ നമസ്കാരംകൊണ്ടും പരിചരിച്ചുവല്ലോ: യജ
നീയരേ, നിങ്ങറം ഇന്നു ഞങ്ങളുടെ ഈ യജ്ഞത്തിൽ ഹവിസ്സുകൊണ്ട്
ഇമ്പംകൊള്ളുവിൻ! 17

---

## സൂക്തം 53.

ഭരദ്വാജൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകറം; പൂഷാവ് ദേവത.
('ദ്വാരകാമന്ദിരം' പോലെ.)

നിന്നെ,യൊരു തേരിനെപ്പോ,-
ലന്നാപ്തിയ്ക്കും കമ്മത്തിന്നും
പൂട്ടിനിത്തീടുന്നു, ഞങ്ങറം
പൂഷാവേ, മാഗ്ഗാധിപതേ! 1

മത്ത്യഹിതം ധനം നേടാ-
നെത്തിച്ചാലു,മെങ്ങളെ നീ,
ശുദ്ധദ്രവിണനാം വീയ്യ-
മൊത്തൊരു നൽഗ്ഗൃഹസ്ഥങ്കൽ! 2

---

16. ഒരാറം—പജ്ജന്യൻ; മഴകൊണ്ട് അന്നം ഉൽപാദിപ്പിയ്ക്കുന്നു. മ
റ്റാറം—അഗ്നി ഗഭം ഉൽപാദിപ്പിയ്ക്കുന്നു: പുരുഷനാൽ ഭുജിയ്ക്കപ്പെട്ട അന്നം ജാഠാ
ഗ്നിയാൽ ദഹിപ്പിയ്ക്കപ്പെട്ടു, ശുക്ലമായി പരിണമിച്ചു, സ്ത്രീകളിൽ സംക്രമിച്ചു ഗ
ഭമായിത്തീരുന്നു.

17. സൂക്തം—സ്തോത്രം.

സൂക്തം 53.

1. പൂട്ടിനിത്തീടുന്നു—അഭിമുഖീകരിയ്ക്കുന്നു എന്നു സാരം. മാഗ്ഗം രക്ഷി
യ്ക്കുന്ന ദേവതയത്രേ, പൂഷാവ്.

2. നല്ല ഗൃഹസ്ഥങ്കൽ കൊണ്ടാക്കപ്പെട്ട ഞങ്ങറംക്ക് അദ്ദേഹം ധനംത
രുമെന്ന് ആശയം.

Digitized By Kerala Sahitya Akademi

പ്രേരിപ്പിയ്ക്ക, തരാൻ പൂഷൻ,
തീരെക്കൊടാത്തോനെയും നീ:
ഉദ്യുദ്ധ്യതേ, ലുബ്ധന്റെയും
ചിത്തം മയപ്പെടുത്തുക! 3

നോക്കിവെയ്ക്ക, ധനാജ്ജന-
മാഗ്ഗം ഭവാൻ ബലവാനേ;
പോക്കുക, വിദ്രോഹികളെ;-
ക്കായ്ക്കട്ടേ, ഞങ്ങൾതൻ യത്നം! 4

ലുബ്ധരുടെ നെഞ്ചം നീളെ-
ച്ചെത്തീടുക, തോലുളിയാൽ;
അങ്ങു കവേ, പിമ്പവരെ
ഞങ്ങൾക്കു കീഴ്പ്പെടുത്തുക! 5

തോലുളിയാൽത്തുരന്നനു-
കൂലം വെയ്ക്ക, ലുബ്ധനെഞ്ചിൽ;
അങ്ങു പൂഷൻ, പിമ്പവരെ
ഞങ്ങൾക്കു കീഴ്പ്പെടുത്തുക! 6

ചെത്തുകാ,കെ നേർപ്പിയ്ക്കുക,
ലുബ്ധരുടെ നെഞ്ചങ്ങളെ;
അങ്ങു കവേ, പിമ്പവരെ
ഞങ്ങൾക്കു കീഴ്പ്പെടുത്തുക! 7

ആവിർദ്യുതേ, തൃക്കയ്യിലെ-
ച്ചോർ വിളമ്പും തോലുളിയാൽ
ലുബ്ധരുടെയെല്ലാം നെഞ്ചം
ചെത്തി നേപ്പിയ്ക്കുക, പൂഷൻ! 8

---

3. മയപ്പെടുത്തുക—ദാനതൽപരമാക്കുക എന്നത്ഥം.
4. ഞങ്ങൾ ഏതിലൂടേ പോയാൽ ധനം കിട്ടുമോ, ആ മാഗ്ഗം നോക്കിവെച്ചാലും. കായ്ക്കട്ടേ—സഫലമാകട്ടെ.
5. ചെത്തീടുക—കാഠിന്യം കുറയ്ക്കാൻ.
6. അനുകൂലം—ഞങ്ങൾക്കു ധനം തരേണമെന്ന അനുകൂലവിചാരം.
7. നേർപ്പിയ്ക്കുക—മൃദുകരിയ്ക്കുക എന്നു സാരം.
8. ആവിർദ്യുതേ—ദീപ്തിമൻ.

Digitized By Kerala Sahitya Akademi

ഗോധനോപാസിതം, പശു-
സാധകം, നിൻതുത്തോലുളി;
തംഗദ്ദ്യതേ, യാചിയ്ക്കുന്നു,
ഞങ്ങളതിന്നുടെ സൌഖ്യം! 9

ഗോക്കളെയുമശ്വത്തെയു-
മാൾക്കാരെയുമന്നത്തെയും
കയ്യിലെത്തിയ്ക്കുന്ന കർമ്മം
ചെയ്യുകെ,ങ്ങൾക്കുണ്ണുവാൻ നീ! 10

---

## സൂക്തം 54

ഭരദ്വാജൻ ഋഷി; ഗായത്രി ഛന്ദസ്സ്; പൂഷാവ് ദേവത.
('ദ്വാരകാമന്ദിരം'പോലെ.)

ഏവൻ നേരേ ചൊല്ലിത്തരു;-
മേവ,നിതാ, എന്നുരയ്ക്കും;
ആ വിജ്ഞങ്കലണച്ചാലും,
ഹേ പൂഷാവേ, ഞങ്ങളെ നീ! 1

ഏവനിടം ചൊല്ലിത്തരു;-
മേവ,നിതാ, എന്നുമോതും;
ആയവങ്കലണയാവൂ
പൂഷാവിൻെറയൻപാലെങ്ങൾ! 2

പൂഷാവിൻെറ ചക്രത്തിന്നു
ദോഷം വരില്ല;-റ കീറാ;

---

9. പൂഷാവിൻെറ കയ്യിൽ ഒരു തോലുളി എപ്പോഴും ഉണ്ടായിരിയ്ക്കും. അതിന്നുടെ—തോലുളിയുടെ പക്കലുള്ള.

10. ഉണ്ണുവാൻ—ഭക്ഷണം കഴിച്ചു ജീവിപ്പാൻ.

സൂക്തം 54.

1. പോയ മുതൽ കിട്ടാൻ ജപിയ്ക്കേണ്ടുന്ന മന്ത്രം: ചൊല്ലിത്തരും—നഷ്ടധനപ്രാപ്ത്യുപായം. ഇതാ എന്നുരയ്ക്കും—നഷ്ടധനം കാട്ടിത്തരും.

2. ഇടം—നഷ്ടധനമിരിയ്ക്കുന്ന ഗൃഹം. അൻപാൽ=ദയയാൽ.



Digitized By Kerala Sahitya Akademi

തീച്ച്,യതിൻ വായ്ത്തലയ്ക്കു
മൂച്ച് കുറയുകയില്ല! 3
പൂഷാവിനെ ഹവ്യംകൊണ്ടു
പൂജിപ്പോനാദ്ദേഹം തെല്ലും
ആടൽ വരുത്തുകില്ല;–വൻ
നേട്ടം, ധനമൊന്നാമനായ്! 4
മേയ്ക്കട്ടേ, പൂഷാവിങ്ങുനമ്മൽ–
ഗോക്കളെ;–യശ്വങ്ങളെയും
കാക്കട്ടേ, പൂഷാവു; നമ്മിൽ–
ച്ചേർക്കട്ടേ, പൂഷാവന്നവും! 5
നീർ തൂകം യഷ്ടാവിൻേറയും
ഗാഥ ചൊല്ലും ഞങ്ങടെയും
മാടുകളെ രക്ഷിപ്പാനായ്–
ക്കൂടെച്ചെല്ലു, പൂഷാവേ, നീ! 6
പോയ്പ്പോകൊല്ലാ; കൊലപ്പെടാ–
യ്ക്കാ;–പ്പെടൊല്ലാ, കിണർകളിൽ;
ആടലൊന്നും പററാത്തവ–
യോടുകൂടി വന്നാലും, നീ! 7
കേൾപ്പോൻ, പൂഷാവില്ലായ്മയെ–
ത്തീപ്പോ,നനശ്വരധനൻ;
അപ്പെരുമാളൊടു സമ്പ–
ത്തഭ്യർത്ഥിച്ചീടുന്നു, ഞങ്ങൾ. 8
പൂഷാവേ, നിന്നുടെ കർമ്മം
പൂണ്ട ഞങ്ങളൊരിയ്ക്കലും

---

3. ചക്രം—ചക്രായുധം. ദോഷം—കേട്.

6. നീർ—സോമം. ഗാഥ—സ്തുതിഗീതി.

7. ആപ്പെടൊല്ലാ—വീണുപോകരുത്. പററാത്തവ—പററാത്ത ഗോക്കൾ. വന്നാലും—വൈകുന്നേരം തിരിച്ചുവരിക.

8. കേൾപ്പോൻ—സ്തോത്രങ്ങൾ കേൾക്കുന്നവൻ. ഇല്ലായ്മയെത്തീപ്പോൻ=ദാരിദ്ര്യനാശനൻ.

Digitized By Kerala Sahitya Akademi

പീഡിതരാകാസ്സി;-ഞങ്ങാം
പാടിപ്പുകഴ്ത്തുന്നു, നിന്നെ! 9
അപ്പുറത്തെയ്ക്കൊന്നു നീട്ട-
കി,പ്പൂഷാവു വലംകരം:
ഞങ്ങളുടെ പോയ മുത-
ലിങ്ങു തിരിച്ചണയട്ടെ! 10

---

## സൂക്തം 55.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

('ദാരകാമന്ദിരം' പോലെ.)

ഉന്നാതാഭ, ധാതൃപുത്ര,
വന്നാലും, നീ:-യൊന്നിയ്ക്കു, നാം;
ഞങ്ങളുടെയധ്വരത്തെ-
ബ്ഭംഗ്യാ നടത്തുക, ഭവാൻ! 1
വമ്പുററ നേതാവായ്, മഹാ-
സമ്പത്തിൻെറ പെരുമാളായ്
മിത്രമായ കപർദ്ദിയോ-
ടർത്ഥിയ്ക്കുന്നു, ധനം ഞങ്ങാം. 2
സ്വത്തിൻമഴ, നീയജാശ്വ;
വിത്തത്തിൻെറ കുന്നാരം, നീ;

---

9. നിന്നുടെ—നിന്നെ ഉദ്ദേശിച്ചുള്ള.

10. അപ്പുറത്തെയ്ക്ക്—അഗമ്യപ്രദേശത്തെയ്ക്ക്; ചോരവ്യാഘ്രാദികളുള്ള സ്ഥലത്തെയ്ക്കു പോകുന്ന ഗോക്കളെ തടയാൻ.

സൂക്തം 55.

1. ധാതൃപുത്ര—പ്രജാപതിസുത. ഒന്നിയ്ക്കു നാം—അങ്ങും സ്തുതിയ്ക്കുന്ന ഞാനും കൂടിച്ചേരുക.

2. കപർദ്ദി—പൂഷാവ്.

Digitized By Kerala Sahitya Akademi

വാഴ്ത്തുവോനാം, വാഴ്ത്തുവോനു
ദീപ്തിമാനേ, സഖാവു, നീ! 3

മേഷാശ്വനായനാവനാം
പൂഷാവിനെ സ്തുതിയ്ക്ക, നാം:
പെങ്ങളുടെ ജാരനാണെ-
ന്നിങ്ങു ചൊല്ലാറുണ്ടവനെ! 4

നമ്മൾ ചൊല്ലും സ്തവം കേൾക്ക-
ക്കംബാരതൻ സ്വസൃജാരൻ;
എന്നുടെ സഖാവാകട്ടെ,-
യിന്ദ്രനുടെ സഹോദരൻ! 5

കത്തുചേർന്നക്കോലാടുകൾ
ത്തേരിലിങ്ങെത്തിയ്ക്കട്ടേ,
സേവകരിലെഴുന്നള്ളും
ദേവനായ പൂഷാവിനെ! 6

---

സൂക്തം 56.

ഭരദ്വാജൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; പൂഷാവ് ദേവത.
('ദ്വാരകാമന്ദിരം' പോലെ'.)

ആജ്യസിക്തമലർപ്പൊടി-
യാസ്വദിപ്പോനെന്നിങ്ങനെ
ഇപ്പൂഷാവെ സ്തുതിപ്പവ-
നീഢ്യനാകാ, മററു ദേവൻ! 1

---

3. സ്വത്തിൻമഴ—സ്തോതാവിന്നു ധനം വഷിച്ചുകൊടുക്കുന്നവൻ. അജാശ്വ—ആടുകളാകുന്ന അശ്വ(വാഹന)ങ്ങളോടുകൂടിയവനേ.

4. പെങ്ങൾ—ഉഷസ്സ്

5. അംബാരതൻ—മാതാവായ രാത്രിയുമായി രമിയ്ക്കുന്നവൻ.

6. സേവകരിലെഴുന്നള്ളും—സ്തോതാക്കളുടെ അടുക്കൽ പതിവായി ചെല്ലുന്ന.

സൂക്തം 56.

1. ആജ്യസിക്തം=നെയ്യുകൊണ്ടു നനച്ചത്. മററു ദേവൻ ഈഢ്യനാകാ—പൂഷാവിങ്കൽനിന്നുതന്നേ അഭീഷ്ടം കൈവരും.

Digitized By Kerala Sahitya Akademi

സത്സംരക്ഷാവിധായക-
നിസ്സഖാവോടൊന്നിച്ചല്ലോ,
ശത്രുവധം നടത്തുന്നാ-
ത്യുത്ര മഹാരഥനിന്ദ്രൻ! 2

പോരാ, മഹാരഥനാമീ-
ശ്ശൂരനപ്പൊന്മയചക്രം
നേരിട്ടാഞ്ഞുവിട്ടാനല്ലോ,
സ്സാരഭാസ്സാം പകലോങ്കൽ! 3

ഇന്നോതിന്നോ ബോധവാനേ,
സുന്ദരാംഗ, ഞങ്ങൾ നിന്നൊ
വാഴ്ത്തുവതു;-സ്സ്വത്തെങ്ങളിൽ-
ച്ചേർത്താലും, നീ പുരുസ്തുത! 4

ഇഗ്ഗവാന്വേഷകരെയു-
മെങ്ങളുടെ ലാഭത്തിനായ്
സാധിപ്പിയ്ക്കു: പൂഷാവേ, നീ
ഖ്യാതനല്ലോ, വിദൂരത്തും! 5

തിന്മ ദൂരേ, ധനം ചാരേ—
ഇമ്മട്ടാം നിൻത്രാണം ഞങ്ങൾ
ഇന്നു സർവ്വാപ്തിയ്ക്കഭ്യർത്ഥി-
യ്ക്കുന്നു, നാളെസ്സർവ്വാപ്തിയ്ക്കും. 6

---

2. സത്സംരക്ഷാവിധായകൻ—സജ്ജനപാലകൻ; ഇന്ദ്രന്റെ വിശേഷണം. ഇന്ദ്രനും സഹായഭൂതനാണ്, പൂഷാവ്.

3. ഇശ്ശൂരൻ—പൂഷാവ്. സ്സാരഭാസ്സാം—ശോഭയേറിയ.

4. ബോധവാൻ=ജ്ഞാനി.

5. ഗവാന്വേഷകർ—ഗോക്കളെ തിരയുന്നവർ. സാധിപ്പിയ്ക്കു—സിദ്ധകാര്യരാക്കുക.

6. സർവ്വാപ്തി—സർവ്വഭോഗ്യങ്ങളും കിട്ടാൻ.

Digitized By Kerala Sahitya Akademi

## സൂക്തം 57.

ഭരദ്വാജൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രനും പൂഷാവും ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

ഇന്ദ്രൻ, പൂഷാവെന്നിവരെ-
യിന്നും വിളിയ്ക്കുക, നമ്മൾ
അന്യൂനമാം സഖ്യത്തിനു-
മനുഗ്രഹത്തിനുമായി. 1

രണ്ടു മരപ്പലകകൾ-
കൊണ്ടു പിഴിയുന്ന സോമം
ആസ്വദിപ്പാൻ വരു,മൊരാ;-
ളന്യൻ മലർപ്പൊടിപ്രിയൻ! 2

ആടൊരാൾക്കു വാഹനം; മററാൾ-
ക്കീടേറിയ രണ്ടശ്വങ്ങൾ;
തത്രഭവാനിവയെക്കൊ-
ണ്ടത്രേ, കൊല്ലൂ ശത്രുക്കളെ! 3

പാരം വർഷിപ്പവനിന്ദ്രൻ
പായും പെരുവെള്ളങ്ങളെ
പാരിൽപ്പൊഴിയ്ക്കുമ്പോൾത്തുണ-
ക്കാരനതിൽപ്പൂഷാവത്രേ. 4

ഇന്ദ്രപൂഷാക്കന്മാരുടെ-
യനൽത്തിരുമനസ്സിനെ,
സാലത്തിന്റെ വൻകൊമ്പിനെ-
പ്പോലേ പിടിയ്ക്കുന്നു, ഞങ്ങൾ. 5

---

### സൂക്തം 57.

2. ഇന്ദ്രപൂഷാക്കളിൽ ഒരാൾ—ഇന്ദ്രൻ. അന്യൻ—പൂഷാവ്

3. ഒരാൾക്കു—പൂഷാവിന്ന്. മററാൾക്ക്—ഇന്ദ്രന്ന്. ഈടേറിയ—തടിച്ച എന്നു സാരം. തത്രഭവാൻ=അവിടുന്ന്, ഇന്ദ്രൻ.

4. പായും—ഊക്കിലൊഴുകുന്ന.

5. അനന്മനസ്സിനെ—ആ (പ്രസിദ്ധമായ) നന്മനസ്സിനെ, അനുഗ്രഹബുദ്ധിയെ. സാലം=വൃക്ഷം. വൻകൊമ്പ്—ഉറപ്പുള്ള കൊമ്പ്. പിടിയ്ക്കുന്നു—അവലംബിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ഇന്ദ്രനെപ്പിടിച്ചുവലി–
യ്ക്കുന്നു, ഞങ്ങഠം പൂഷാവെയും
ചേണാറ രക്ഷയ്ക്കായ്, കടി–
ഞാണകളെസ്സൂതൻപോലേ! 6

---

സൂക്തം 58.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകഠം; പൂഷാവ് ദേവത.

(കേക.)

നിന്നുടെ വെളുപ്പൊന്നു, നിന്നുടെ കറുപ്പൊന്നു—
ഭിന്നാഹന്നിശകളെച്ചമപ്പൂ, സൂര്യ്യാഭൻ നീ:
പൂർണ്ണമാം പ്രജ്ഞാനത്തിൻ പാലകനല്ലോ, ഭവാൻ;
പൂഷാവേ, ധൃതാന്ന, നിൻനൽദ്ദാനമിങ്ങാവട്ടേ! 1

മേഷവാഹനൻ പൂഷാവ്, അന്നവദ്ഗൃഹൻ, സ്തോതൃ-
തോഷദൻ ഗോപൻ പാരിലൊട്ടുക്ക നിർത്തപ്പെട്ടോൻ
തോലുളിയെടുത്തഴച്ചുയർത്തി, ലോകത്തിങ്ക–
ലാലോകമരുളിക്കൊണ്ടെഴുനാളുന്നു ദേവൻ. 2

നിൻപൊന്നുകപ്പലുകഠം പൂഷാവേ, നഭസ്സിലു–
മംഭോധിനടുവിലും സഞ്ചരിയ്ക്കുന്നുണ്ടല്ലോ;

---

6. കടിഞാണകഠം—രശ്മികളെ.

സൂക്തം 58.

1. ഭിന്നാഹന്നിശകഠം—വ്യത്യാസപ്പെട്ട, വെളുത്തതും കറുത്തതുമായ, പകലും, രാത്രിയും. ധൃതാന്ന—അന്നങ്ങളെ വഹിയ്ക്കുന്നവനേ. ഇങ്ങ്—ഞങ്ങളിൽ. നിന്റെ ദാനത്തിന്നു ഞങ്ങഠം പാത്രീഭവിയ്ക്കട്ടെ.

2. അന്നവദ്ഗൃഹൻ=അന്നസഹിതമായ ഗൃഹമുള്ളവൻ. ഗോപൻ=ഗോക്കളെ പാലിയ്ക്കുന്നവൻ. നിർത്തപ്പെട്ടോൻ—പ്രജാപതിയാൽ പോഷകത്വേന സ്ഥാപിതൻ. ആലോകം=നോട്ടം, പ്രകാശം.

3. അവയാൽ—പൊൻകപ്പലുകളിൽ കേറി. ദൂതനായ്—ഒരിയ്ക്കൽ ദേവന്മാരോടുകൂടി അസുരവധത്തിന്നു പോയ സൂര്യ്യൻ, തന്റെ വിയോഗത്തിൽ ഉൽകണ്ഠി

Digitized By Kerala Sahitya Akademi

അവയാൽപ്പകലോന്റെ ദൂതനായ്ഗ്ഗമിച്ചു, നീ;
ഹവിസ്സിച്ഛിയ്ക്കും നിന്നൊസ്സസ്പൃഹർ വശത്താക്കി! 3

സസ്പൃഹർ വശത്താക്കിവെച്ച ദാതാവാമേതു
കെല്പനെയയച്ചിതോ, ദേവകൾ സൂര്യയ്ക്കായി;
അപ്പൂഷാവഭിരൂപൻ, വിണ്ണിനും പൃഥിവിയ്ക്കും
സദ്ബന്ധുഭൂതൻ, സുഷ്ഠുസഞ്ചാര,നന്നാധീശൻ! 4

---

സൂക്തം 59.

ഭരദ്വാജൻ ഋഷി; ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രാഗ്നികൾ ദേവത.
('താമരക്കണ്ണൻ' പോലെ)

ഇന്ദ്രാഗ്നികളേ, നിങ്ങൾതൻ വീര്യ-
മൊന്നൊന്നായ്ച്ചൊല്പൻ, യാഗത്തിൽ:
കൊന്നല്ലോ, നിങ്ങൾ ഹിംസ്രാസുരരെ;-
യെന്നാൽ നിങ്ങളോ, ജീവിപ്പൂ! 1

നേർതാൻ, നിങ്ങൾതൻ പ്രാഭവ:-മച്ഛൻ,
സ്തോതവ്യനേകൻ രണ്ടാൾക്കും;
പാർതന്നിരട്ടമക്കളാം നിങ്ങൾ
ഭ്രാതാക്ക,ളഗ്നീന്ദ്രന്മാരേ! 2

തിന്മാൻ രണ്ടശ്വംപോലൊപ്പം നിങ്ങൾ
സമ്മേളിയ്ക്കുവിൻ, സോമത്തിൽ:

---

തയായിത്തീർന്ന പതിയെ ആശ്വസിപ്പിയ്ക്കാൻ, പൂഷാവിനെയാണ്, ദൂതനാക്കി യയച്ചത്. സസ്പൃഹർ—ശ്രേയസ്സാഗ്രഹിയ്ക്കുന്ന സ്തോതാക്കൾ.

4. സൂര്യയ്ക്കായി—അശ്വികൾക്കുവേണ്ടി സൂര്യപുത്രിയെ വരിപ്പാൻ. അഭിരൂപൻ=സുന്ദരൻ.

സൂക്തം 59.

1. ജീവിപ്പൂ—അസുരന്മാരിൽനിന്ന് അപായമൊന്നും പററാതെ.

2. സ്തോതവ്യൻ—പ്രജാപതി; രണ്ടുപേരും പ്രജാപതിയുടെ പുത്രന്മാരാണ്. പാർതന്നിരട്ടമക്കൾ—പാർ(ഭൂമി)തന്നെയായ അദിതി ഇരട്ടപെററ മക്കൾ.

Digitized By Kerala Sahitya Akademi

ഇന്നെങ്ങൾ വിളിയ്ക്കുന്നു, രക്ഷയ്ക്കി-
ങ്ങിന്ദ്രാഗ്നിവജ്രിദേവരെ. 3

രോർ വളപ്പോരേ, വല്യതും ചൊല്ലും
പാഴ്വാഴ്ത്തിയുടെ സോമനീർ
ഉച്ചകൈസ്തവഗ്രാഹികൾ നിങ്ങ—
ളുണ്ണില്ലി,ന്ദ്രാഗ്നിദേവരേ! 4

ഏതൊരാളറിയുന്നു, നിങ്ങൾതൻ
ചെയ്തിയിന്ദ്രാഗ്നിദേവരേ?
ഏകൻ വിദേശപാശങ്ങളെപ്പൂട്ടി,-
പ്പോകു,മെമ്പാടും തേരൊന്നിൽ! 5

കാലില്ലാത്തുഷസ്സിന്ദ്രാഗ്നികളേ,
കാലുള്ളോരെക്കാൾ മുന്നെത്തും;
നിശ്ശീർഷ നാക്കാൽശ്ശബ്ദിച്ചു നട-
ന്നൊട്ടയാമത്തെപ്പിന്നിടും! 6

ഇന്ദ്രാഗ്നികളേ, കൈവില്ലു കുല-
യ്ക്കുന്നാളുണ്ടല്ലോ, മാനുഷർ:
സംഗരമിതിൽഗ്ഗോമാർഗ്ഗണത്തി-
ലെങ്ങളെ നിങ്ങൾ തള്ളൊല്ലേ! 7

വന്നൊതിത്തന്നായിട്ടലട്ടുന്നു-
ണ്ടി,ന്ദ്രാഗ്നികളേ, മാററാന്മാർ;

---

3. ഉത്തരാർദ്ധം പരോക്ഷോക്തി: ഇന്ദ്രാഗ്നിവജ്രിദേവർ=ഇന്ദ്രനും അഗ്നിയുമാകുന്ന വജ്രികളായ (സായുധരായ) ദേവന്മാർ.

4. പാഴ്വാഴ്ത്തി=പൊട്ടസ്തോതാവ് ഉച്ചകൈസ്തവഗ്രാഹികൾ=മികച്ച സ്തോത്രം സ്വീകരിയ്ക്കുന്നവർ.

5. ഏകൻ—സൂര്യരൂപനായ ഇന്ദ്രൻ.

6. കാലുള്ളോരെക്കാൾമുമ്പ്—മനുഷ്യാദികൾ ആ സമയത്ത് ഉറങ്ങുകയായിരിയ്ക്കുമല്ലോ. നിശ്ശീർഷ—തലയില്ലാത്തവൾ. നാക്കാൽ—പ്രാണികളുടെ. എട്ടയാമം—അറുപതുനാഴിക, ഒരു ദിവസം. ഇതൊക്കെ നിങ്ങളിരുവരും ചെയ്യിയ്ക്കുന്നതാണ്!

7. മാനുഷർ—യോദ്ധാക്കൾ. ഗോമാർഗ്ഗണം—ഗോക്കളെ തിരയൽ.

16∗

Digitized By Kerala Sahitya Akademi

ഇക്കക്ശരെപ്പായിപ്പിൻ, നിങ്ങ–
ളർക്കങ്കൽനിന്നകററുവിൻ! 8
നിങ്ങളിലല്ലോ, ഇന്ദ്രാഗ്നികളേ,
നില്ക്കുന്നൂ, വിൺമൺവിത്തങ്ങൾ;
ആൾകളെപ്പോററാൻ പോരുന്ന ധന–
മേകുവിനി,ങ്ങു ഞങ്ങൾക്കായ്! 9
ഇന്ദ്രാഗ്നികളേ, സ്തോത്രവാഹ്യരാ–
മിന്നിങ്ങൾ വിളി കേൾപ്പോരേ,
ശസ്ത്രസ്തോത്രങ്ങളെല്ലാം കൈക്കൊണ്ടി–
ങ്ങെത്തുവിൻ, സോമം സേവിപ്പാൻ! 10

---

## സൂക്തം 60.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ബൃഹതിയും അനുഷ്ടുപ്പും
ഛന്ദസ്സുകൾ; ഇന്ദ്രാഗ്നികൾ ദേവത.

(കാകളി)

ഒട്ടേറെ വിത്തത്തിനീശരായ്,ക്കെല്പിനാ–
ലിട്ടമർത്തുന്നവരായ,ന്നകാമരായ്,
ധൃഷ്ടരാമിന്ദ്രാഗ്നികളെപ്പൂജിപ്പവൻ
വെട്ടു,മമിത്രനെ; നേടും, ബലത്തെയും! 1
അഗ്നീന്ദ്രരേ, നിങ്ങൾ പോരാടി, ഗോവുഷ–
സ്സ്വർക്കോദകങ്ങളെക്കണ്ടുപിടിക്കുവാൻ;

---

8. കക്ശർ=നിർദ്ദയർ, ദ്രോഹികൾ. അർക്കങ്കൽനിന്നകററുവിൻ—സൂര്യദർശനരഹിതരാക്കുവിൻ, മരിപ്പിക്കുവിൻ.

9. വിൺമൺവിത്തങ്ങൾ—ദിവ്യ–ഭൌമസമ്പത്തുകൾ. ആൾകളെ—കുടുംബത്തെ. ഇങ്ങു—ഈ യജ്ഞത്തിൽ.

10. സ്തോത്രവാഹ്യർ=സ്തുതികൾകൊണ്ടു വഹനീയർ.

സൂക്തം 60.

1. ഇട്ടമർത്തുന്നവർ—ശത്രുക്കളെ. അന്നകാമർ—ഹവിഃകാംക്ഷികൾ. ധൃഷ്ടർ—ധർഷകർ. വെട്ടും—വധിക്കും.

Digitized By Kerala Sahitya Akademi

അഗ്നീന്ദ്രരേ, സ്വാശ്വർ നിങ്ങൾ വിട്ടുവിച്ചു,
ദിക്കെഴുന്നസ്സൂയ്യചിത്രോദകഗോക്കളെ! 2

വൃത്രഘ്നർ നിങ്ങൾ വൃത്രഘ്നബലാന്നങ്ങ-
ളൊത്തിവിടെയ്ക്കു വരുവി,നഗ്നീന്ദ്രരേ—
ഉത്തമാനല്പധനങ്ങളെടുത്തുവ-
ന്നൊത്തുവിനെ,ങ്ങളിൽ നിങ്ങളഗ്നീന്ദ്രരേ! 3

ഇമ്മുൻകൃതങ്ങൾ വാഴ്ത്തപ്പെട്ടമഗ്നീന്ദ്രർ-
തമ്മെ വിളിപ്പു ഞാൻ: ദ്രോഹിയ്ക്കുകില്ലവർ! 4

ഞങ്ങൾ വിളിപ്പൂ, രിപുഘ്നരാം കെല്പാളു-
മഗ്നീന്ദ്രരെ—ക്കനിവി,ങ്ങവരെങ്ങളിൽ! 5

പോക്കു,മാര്യാർത്തനം; പോക്കും, ഖലാർത്തനം;
പോക്കു,മിസ്സന്നാഥർ മാററരെയൊക്കയും! 6

സൂരികൾ നേക്കിതാ, വഴ്ത്താന്നു, നിങ്ങളെ:
നീരശിപ്പിൻ, സുഖം നല്കുമഗ്നീന്ദ്രരേ! 7

ദത്തവാങ്കൽ, സ്വകാമ്യാശ്വങ്ങളേറി വ-
ന്നൊത്തുവിൻ, നേതാക്കൾ നിങ്ങളഗ്നീന്ദ്രരേ— 8

ക്ലൃപ്തമിസ്സോമമുണ്ണാന,വയേറി വ-
ന്നൊത്തുവിൻ, നേതാക്കൾ നിങ്ങളഗ്നീന്ദ്രരേ! 9

---

2. ഗോവ്—അസുരാപഹൃതകളായ ഗോക്കൾ. വിട്ടുവിച്ചു—അസുരകൃത നിരോധത്തിൽനിന്നു മോചിപ്പിച്ചു. ചിത്രം=പൂജനീയം.

3. വൃത്രഘ്നബലാന്നങ്ങളൊത്ത്—വൃത്രരെ (ശത്രുക്കളെ) കൊല്ലുന്ന ബലത്തോടും, ഞങ്ങൾക്കു തരേണ്ടുന്ന അന്നത്തോടുംകൂടി.

4. ദ്രോഹിയ്ക്കുകില്ല—രക്ഷിയ്ക്കുയേ ചെയ്യു.

5. ഇങ്ങ്—ഈ യുദ്ധത്തിൽ.

6. ആര്യാർത്തനം—കർമ്മികൾ ചെയ്യുന്ന ഉപദ്രവം. ഖലാർത്തനം—ഖലർ, കർമ്മഹീനർ, ചെയ്യുന്ന ഉപദ്രവം. സന്നാഥർ=സജ്ജനപാലകർ.

7. നീര്—സോമരസം.

8. ദത്തവാൻ—ഹവിർദ്ദാതാവ്. സ്വകാമ്യാശ്വങ്ങൾ=സ്വന്തം സ്പൃഹണീയങ്ങളായ അശ്വങ്ങൾ.

9. ക്ലൃപ്തം=കൃതം, പിഴിയപ്പെട്ട. അവ—അശ്വങ്ങൾ.

Digitized By Kerala Sahitya Akademi

നാളമാം നാക്കാലരണ്യങ്ങളെ നക്കി
നീളെക്കറുപ്പിയ്ക്കുവോനെ സ്തുതിയ്ക്കു, നീ! 10
ഇന്ദ്രനു ഹുത്വാന്നമഗ്നിയിലർപ്പിയ്ക്കി–
ല്ല,വാരനന്നാം കിടയ്ക്കും, സുവൃഷ്ടിയാൽ! 11
ഞങ്ങൾക്കു നല്കുവിൻ, ബല്യാന്നവും ദ്രുതാ–
ശ്വങ്ങളേയും വഹനത്തിനാഗ്നീന്ദ്രരേ! 12
രണ്ടാൾക്കുമാഹുതിയ്ക്കഗ്നീന്ദ്രരേ—നിങ്ങൾ
രണ്ടാളെയും ഹവിസ്സോപ്പമൂട്ടീടുവാൻ
രണ്ടാളെയും വിളിയ്ക്കുന്നിത,ന്വൈഷി ഞാൻ:
രണ്ടാളുമന്നാധനദരല്ലോ, സമം! 13
ഗോഗണാശ്വധനൌഘത്തോടൊത്തെങ്ങളി–
ലാഗമിച്ചീടുവിനിന്ദ്രാഗ്നിദേവരേ:
സഖ്യത്തിനായിട്ടു ഞങ്ങൾ വിളിയ്ക്കുന്നു,
സൌഖ്യദരായ സഖാക്കളാം നിങ്ങളെ! 14
ഇന്ദ്രാഗ്നികളേ, മഖിതൻ വിളി കേൾക്കുക:
വന്നിച്ഛയാ സോമനീർത്തേൻ കുടിയ്ക്കുവിൻ! 15

---

സൂക്തം 61.

ഭരദ്വാജൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ;
സരസ്വതി ദേവത.

(കേക)

ദത്തഹവ്യനാം വധ്ര്യശ്വന്നിവൾ കടം വീട്ടും
സത്വരനായ ദിവോദാസനെ നല്കിക്കൊണ്ടാൾ;

---

10. കറുപ്പിയ്ക്കുവോനെ—കരിയ്ക്കുന്ന അഗ്നിയെ. സ്തോതാവിനോടു പറയുന്നതാണിതു്.

12. ബല്യാന്നം=ബലകരമായ അന്നം. വഹനത്തിനു—നിങ്ങളിൽ ഹവിസ്സെത്തിപ്പാൻ.

13. സമം=ഒരുപോലെ.

15. മഖി—യജമാനൻ.

Digitized By Kerala Sahitya Akademi

എത്രയോ തന്നൊപ്പോററിപ്പിശുക്കന്മാരെത്തിന്നാഠം—
ഉത്തമങ്ങളാം,താ,നാ നിൻദാനങ്ങളാം സരസ്വതി! 1

വളർവീചികളാംകൊണ്ടു പവ്വതച്ചെരിവുകളാം
കിളയ്ക്കു,മൊരു മൃണാളൈഷിപോലിവളാം കെല്പാൽ;
തീരയുഗ്മത്തിൽത്തല്ലുമിസ്സരസ്വതിയെ നാ–
മാരാധിയ്ക്കുക, രക്ഷയ്ക്കായ് നുതികമ്മങ്ങളാൽ! 2

ദേവനിന്ദകന്മാരെ നീ സരസ്വതി, കൊന്നു,
മൈ വായ്ച മായാവിയാം ത്വഷ്ടാവിൻ മകനെയും;
മത്ത്യക്കായ് നിലങ്ങളാം വീണ്ടെടുത്തു, ധൃതാന്നേ, നീ;-
യത്രയല്ലി,വക്കായിട്ടൊഴുക്കി, തണ്ണീർകളും! 3

സ്തുതികൃത്സംരക്ഷിണി സാന്നയാം സരസ്വതി
മതിയാവോളം നമുക്കേകട്ടെ,യന്നാം ദേവി! 4

പോരിൽ വിത്താത്ഥം ദേവി, നിന്നെയിന്ദ്രനെയെന്നാ–
പോലെ വാഴ്ത്തുന്നോനെ നീ (കാക്കേണം) സരസ്വതി! 5

---

സൂക്തം 61.

1. വധ്ര്യശ്വൻ—ഒരു ഋഷി. ഇവളാം—സരസ്വതി. കടം—ദേവഷിപിതൃകടങ്ങളും, ലൌകികമായ ഋണവും. സത്വരൻ—ക്ഷിപ്രകാരി. ദിവോദാസൻ—ദിവോദാസനെന്ന പുത്രൻ. തിന്നാഠം—നശിപ്പിച്ചാഠം. നാലാംപാദം പ്രത്യക്ഷോക്തി.

2. നദീരൂപയായ സരസ്വതിയെപ്പററി: മൃണാളൈഷിപോലെ=താമരവളയമിച്ഛിയ്ക്കുന്നവൻ ചളി കിളയ്ക്കുന്നതുപോലെ. കിളയ്ക്കും—പിളത്തും. തീരയുഗ്മത്തിൽത്തല്ലും—ഇരുകരകളിലും അലയടിയ്ക്കുന്ന. നുതികമ്മങ്ങളാൽ=സ്തുതികൊണ്ടും കമ്മംകൊണ്ടും.

3. മൈ വായ്ച—തടിച്ച. ത്വഷ്ടാവിൻ മകൻ—വൃത്രൻ; നിൻെറ സാഹായ്യത്താലാണ്, വൃത്രനെ ഇന്ദ്രൻ കൊന്നതെന്നത്ഥം. നിലങ്ങളാം—അസുരന്മാർ കൈവശപ്പെടുത്തിയ കൃഷിഭൂമികളാം. ഇവർ—മത്ത്യർ.

4. പരോക്ഷകഥനം: സ്തുതികൃത്സംരക്ഷിണി=സ്തുതിയ്ക്കുന്നവരെ രക്ഷിയ്ക്കുന്നവൻ. സാന്ന=അന്നവതി.

5. പ്രത്യക്ഷോക്തി:

Digitized By Kerala Sahitya Akademi

നീ സരസ്വതീദേവി, പാലിയ്ക്കു, പോരിൽക്കെല്പാൽ;
പൂഷാവുപോലേ കുറിച്ചരുളുകെ,ങ്ങൾക്കു ധനം! 6
പൊൽത്തേരിലേറും ശത്രുനാശിനി സരസ്വതി-
യത്യുഗ്ര കാംക്ഷിയ്ക്കട്ടേ, നമ്മുടെ നൽസ്തോത്രത്തെ! 7
അഹതപ്രചാരമായ്,സ്സത്യമായ്,സ്സജലമാ-
യറുതിയില്ലാത്തതാമേതൊരുവൾതൻ ബലം
അവഭാസിയ്ക്കുന്നിതോ, നിതരാമിരമ്പിക്കൊ;- 8
ണ്ടവളും സഹജമാരിതരനദികളും
പകയർകളെയെല്ലാം കടത്തീടട്ടേ നമ്മെ,-
പ്പകലുകളെസ്സഞ്ചരിഷ്ണുവാം സൂര്യൻപോലേ! 9
പരമപ്രിയ, സപ്തസോദരി സരസ്വതി,
പരിസേവിത നമുക്കീഡ്യയായ്വരേണമേ! 10
പാലിയ്ക്കു പഴിപ്പോനിൽനിന്നു,രുഭൂലോകങ്ങൾ-
പോലവേ വാനും നിറച്ചീടുമസ്സരസ്വതി; 11
മുപ്പാരിൽ വാഴ്വോ,ളഞ്ചു ജാതിയെ വളർത്തുവോൾ,-
സപ്താംഗി പോരിൽപ്പോരിൽ വിളിയ്ക്കപ്പെടേണ്ടവൾ! 12
ഉച്ചൈഃപ്രഭാവയാളീ,യന്യനദികളിൽ-
വെച്ചതിവേഗവതി, വിജ്ഞാത, യശസ്വിനി,

---

6. കുറിച്ചരുളുക—ഇത്രയിത്ര എന്നു രേഖപ്പെടുത്തിവെയ്ക്കുക; തരിക എന്നു സാരം.

7. പരോക്ഷവചനം: അത്യുഗ്ര—ശത്രുക്കൾക്കു ഭയങ്കരി.

8. അഹതപ്രചാരം=തടയപ്പെടാത്ത ഗമനത്തോടുകൂടിയത്. സജലം—ജലപ്രദമെന്നർത്ഥം. അവഭാസിയ്ക്കുക=ശോഭിയ്ക്കുക.

9. സഹജമാർ=സോദരിമാർ. ഇതരനദികൾ—ഗംഗാദ്യുകൾ. പകയർകളെയെല്ലാം കടത്തീടട്ടേ—എല്ലാശ്ശത്രുക്കളേടെയും മറുകരയിലെത്തിയ്ക്കട്ടെ.

10. സപ്തസോദരി—ഏഴു ഛന്ദസ്സുകളോ, നദികളോ ആകുന്ന സോദരിമാരോടുകൂടിയവൾ. പരിസേവിത—പുരാതനർഷികളാൽ. ഈഡ്യ=സ്തുത്യ.

11. ഉരുഭൂലോകങ്ങൾ—പരന്ന മന്നലങ്ങൾ. നിറച്ചീടും—തന്റെ തേജസ്സുകൊണ്ടു നിറയ്ക്കുന്നു.

12. സപ്താംഗി—ഏഴു ഛന്ദസ്സുകളോ നദികളോ ആകുന്ന അവയവങ്ങളോടുകൂടിയവൾ.

Digitized By Kerala Sahitya Akademi

തേരുപോലുരുപ്രൌഢി ചേർത്തു സൃഷ്ടിയ്ക്കപ്പെട്ടോരേ,
സൂരികളം ചാരേ സ്തുതിയ്ക്കേണ്ടവരാം, സരസ്വതി! 13
എത്തിയ്ക്ക, സമ്പത്തേങ്ങൾക്കി;-ടിവു വരുത്തരു-
ത;-ത്തൽ ചേക്കൊല്ലം,ഭസ്സാലെങ്ങൾക്കു സരസ്വതി;
ഞങ്ങൾതൻ പ്രവേശവും സഖ്യവും കൈക്കൊൾക, നീ;
ഞങ്ങൾക്കു വേണ്ടാ, നിങ്കൽനിന്നു പാഴ്വയലൊന്നും! 14

എട്ടാമധ്യായം സമാപ്തം.

നാലാമഷ്ടകം സമാപ്തം.

---

# അഞ്ചാം അഷ്ടകം.

## ഒന്നാമധ്യായം

### സൂക്തം 62.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.
(കാകളി)

മന്നിനാധീശർ വിൺനേതാക്കൾ ദസ്രരെ
മന്ത്രങ്ങൾ ചൊല്ലി സ്തുതിപ്പാൻ വിളിപ്പൂ, ഞാൻ:
രാവിനൊടുവിലകററുമല്ലോ, ക്ഷണാൽ-
ബ്ഭൂവിൽനിന്നുഗ്രതമസ്സീ നിവാരകർ! 1
തേരുമേറെത്തിളങ്ങിയ്ക്കും, മഖത്തിന്നു
പോരുന്നതിന്നാവരച്ഛമാം കാന്തിയാൽ;

---

13. ഉച്ചൈഃപ്രഭാവയാഃ=ഉയൎന്ന മഹിമാവുള്ളവർ. വിജ്ഞാത—പരക്കെ അറിയപ്പെട്ടവർ. തേരുപോലെ—തേര് ഒരാശാരിയാലെന്നപോലെ, പ്രജാപതിയാൽ സൃഷ്ടിയ്ക്കപ്പെട്ടവർ. ഉരുപ്രൌഢി=വലിയ മേന്മ, ഗുണാധിക്യം.

14. അംഭസ്സാൽ—വെള്ളപ്പൊക്കംകൊണ്ട്. പ്രവേശം—സമീപിയ്ക്കലെന്നത്ഥം. പാഴ്വയലൊന്നും വേണ്ടാ—നല്ല കൃഷിനിലങ്ങൾ തരണം.

സൂക്തം 62.

1. നിവാരകർ—ശത്രുക്കളെ തടുക്കുന്നവർ.

Digitized By Kerala Sahitya Akademi

ഭൂരിവെളിച്ചം പരത്തി, ഹയങ്ങളെ
നീരിനുവേണ്ടി മരുക്കളും കടത്തിടും! 2
ഉഗ്രരേ, ഹവ്യപ്രദൻെറ നിസ്പാലയം
പുക്ക ഭവാന്മാരുറക്ക,മമിത്രനെ
ഇത്ഥം സ്തുതിപ്പോരെയെപ്പൊഴും കൊണ്ടുപോം,
ചിത്തവേഗങ്ങളാം കാമ്യഹയങ്ങളാൽ! 3
അശ്വങ്ങളെച്ചേൎത്തു, പുഷ്ടിരസങ്ങളൊ-
ത്തസ്സലാമന്നമെടുത്തിരുപേരുമേ
എത്തും, നവസ്തോത്രവാങ്കൽ: യജിയ്ക്കട്ടെ,
മിത്രം പഴയ ഹോതാവാ യുവാക്കളെ! 4
ശസ്ത്രവും സ്തോത്രവും ഗാഥയും ചൊല്ലൊക്ക
ചിത്രദാനരൊവർ നൽസ്സൌഖ്യമേകുമോ;
അദ്ഭുതരെ,പ്പുരുകൃത്യരെ, ശ്രീലരെ-
പ്പുത്തൻസ്തവത്താൽബ്ഭജിപ്പേൻ, പുരാണരെ. 5
നീരജസ്സാകിയ മാൎഗ്ഗത്തിലൂടവേ
പാറിപ്പറക്കുന്ന തേൎത്തുരംഗങ്ങളാൽ
പാഥോധിയിൽനിന്നു കേറിയല്ലോ, പരി-
പാലിച്ചു നിങ്ങളുഗ്രാത്മജൻ ഭുജ്യുവെ! 6
അദ്രിയടച്ചു, ജയത്തേരിനാൽ നിങ്ങൾ;
വധ്രിമതിതൻ വിളി കേട്ടു, വൎഷകർ;

2. നീര്‍—വൎഷജലം.

3. നിസ്പാലയം=നിഃസ്നമായ ഗൃഹം. ഉറക്കം—മരിപ്പിയ്ക്കും. കൊണ്ടുപോം—സ്വൎഗ്ഗത്തിലെയ്ക്ക്

4. ചേൎത്തു—തേരിനു പൂട്ടി. പുഷ്ടിരസങ്ങൾ=പുഷ്ടിയും (പോഷകത്വവും) രസവും. എടുത്തു—നമുക്കു തരാൻ. നവസ്തോത്രവാങ്കൽ=പുതിയ സ്തുതി ചൊല്ലുന്നവൻെറ അടുക്കൽ. പഴയ ഹോതാവ്—അഗ്നി.

5. ഗാഥ—മററു സ്തുതി. ചിത്രദാനർ=വിചിത്രമായ ദാനത്തോടുകൂടിയവർ. പുരുകൃത്യർ=ബഹുകൎമ്മാക്കൾ. ശ്രീലർ=ശോഭയേറിയവർ. ഭജിപ്പേൻ—ഞാൻ പരിചരിയ്ക്കുന്നു. പുരാണർ=പുരാതനർ.

6. നീരജസ്സാകിയ മാൎഗ്ഗം—പൊടിയില്ലാത്ത അന്തരിക്ഷമാൎഗ്ഗങ്ങൾ. ഉഗ്രാത്മജൻ=ഉഗ്രൻെറ പുത്രനായ.

Digitized By Kerala Sahitya Akademi

പാൽ വളർത്തി, ശയുഗോവിന്നു ദാതാക്കൾ;
ഏവം സ്തുതർ നിങ്ങൾ യജ്ഞം ഭരിയ്ക്കുവിൻ! 7
വാനൂഴികളേ, വസുക്കളേ, രുദ്രന്റെ
സൂനുക്കളേ, പ്രതാരാകമാദിത്യരേ,
മർത്ത്യരിലുമ്പർക്ക വൻക്രോധമുണ്ടാകി,-
ലത്തിയ്യരക്കത്തലവകൾ വീഴ്ത്തുവിൻ! 8
ഇപ്പാരരചരെക്കാലേ ഭജിപ്പോനെ-
യപ്പൊഴേ തേറും, വരുണനും മിത്രനും:
മെത്തുമരക്കനിൽച്ചാട്ടു,മസ്ത്രമവൻ,
മർത്ത്യന്റെ വിദ്രോഹവാക്കിന്റെ നേർക്കുമേ! 9
ഊടാർന്ന് വട്ടൊത്ത മിന്നും ഹയത്തേരി-
ലൂടേ, സുതന്നായ് വരിക, നിങ്ങൾ ഗൃഹേ;
മൂടിവെയ്ക്കപ്പെട്ട രോഷത്തൊടാളുകൾ-
ക്കാടൽ ചേർപ്പോരുടെ ശീർഷവും കൊയ്യുവിൻ! 10
ഉത്തമം, മധ്യമം, ഹീന,മീ വ്യത്യാസ-
മൊത്ത വാഹങ്ങളിലൊന്നിലിങ്ങെത്തുവിൻ:
കെല്പുററ മാടിൻതൊഴുത്തും തുറക്കുവിൻ;
അദ്ഭുതവസ്തുക്കൾ ഗായകന്നേകുവിൻ! 11

---

7. അദ്രി—വഴിയിലെ മല. വധ്രിമതിതൻവിളി—വധ്രിമതി എന്നവൾ പുത്രലബ്ധിയ്ക്കായി വിളിച്ചത്. വർഷകർ—അഭീഷ്ടവർഷികൾ. ശയുഗോവിന്നു—ശയു എന്ന ഋഷിയുടെ പേറു നിലച്ച പയ്യിന്ന്

8. രുദ്രന്റെ സൂനുക്കൾ—മരുത്തുക്കൾ. പ്രതർ=പുരാതനർ. അത്തിയ്യ്—തീപോലെ പൊള്ളിയ്ക്കുന്ന ദേവകോപം.

9. ഇപ്പാരരചരെ—ലോകത്തിന്റെ രാജാക്കന്മാരായ ഇവരെ, അശ്വികളെ. തേറും=അറിയും. മെത്തും—തടിച്ച, കെല്പേറിയ. അസ്ത്രം=ആയുധം. അവൻ—ഭജിയ്ക്കുന്നവൻ.

10. സുതന്നായ്—പുത്രനെ തരാൻ. ഗൃഹേ—ഞങ്ങളുടെ ഗൃഹത്തിൽ.

11. ഹീനം=അധമം. വാഹങ്ങൾ=വാഹനങ്ങൾ. കെല്പുററ മാടിൻ തൊഴുത്തും—ഉറപ്പിലടയ്ക്കപ്പെട്ട പശുത്തൊഴുത്തുപോലും. ഗായകന്ന്—സ്തുതികൾ പാടുന്ന എനിയ്ക്ക്.



Digitized By Kerala Sahitya Akademi

### സൂക്തം 63.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ഏകപദാത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
അശ്വികൾ ദേവത.

യാതൊന്നു നാസത്യരെ ഇങ്ങോട്ടു കൊണ്ടുവന്നിരുന്നുവോ; ആ ഹവിര്യുക്തമായ സ്തോത്രം, ഒരു ദൂതനെന്നപോലെ, ആ അഴകരാം പുരുഹൂതന്മാരെ ഇപ്പോൾ എവിടെ കണ്ടെത്തും? ഇയ്യാളുടെ സ്തോത്രം ഉലോം പ്രിയമാണല്ലോ, നിങ്ങൾക്ക് 1

എന്റെ ഈ വിളിയ്ക്കു തികച്ചും വന്നെത്തുവിൻ: സ്തുതിയ്ക്കപ്പെടുന്ന നിങ്ങൾ സോമം കുടിയ്ക്കുവിൻ. ദ്രോഹിയുടെ ആ ഗൃഹം വളയുവിൻ: അകലത്തുള്ളവനോ അയൽപക്കത്തുള്ളവനോ ഉപദ്രവിയ്ക്കരുത്! 2

നിങ്ങൾക്കു സോമം യഥാവിധി പിഴിയപ്പെട്ടിരിയ്ക്കുന്നു; ഏററവും പതുപ്പുള്ള ദർഭയും വിരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഭവൽകാമൻ കൈകൂപ്പി സ്തുതിയ്ക്കുന്നു; നിങ്ങളിലണഞ്ഞ് അമ്മികൾ എമ്പാടും നീരൊഴുക്കിക്കഴിഞ്ഞു! 3

അഗ്നി നിങ്ങൾക്കായി എഴുന്നേററു ചെല്ലുന്നു; നെയ്യുപസ്തരിച്ച സ്രുക്ക് ധനമെടുക്കുന്നു. നാസത്യരെ വിളിച്ച ഹോതാവു വളരെ കർമ്മങ്ങളിൽ ഉദ്യുക്തനായിരിയ്ക്കുന്നു. 4

കൈ തടിച്ചവരേ, സൂര്യപുത്രി ചേരാൻവേണ്ടി, ബഹുപ്രയാണമായ തേരിൽ വന്നുകേറിയല്ലോ: പ്രാജ്ഞരായ നേതാക്കളേ, നിങ്ങൾ കൌശലംകൊണ്ട് ഈ ദേവന്മാരുടെ മുമ്പിൽ നൃത്തംവെപ്പിൻ! 5

---

### സൂക്തം 63.

1. പുരുഹൂതരെ—വളരെയാളുകളാൽ വിളിയ്ക്കപ്പെട്ട അശ്വികളെ. ഇയ്യാളുടെ—ഈ സ്തോതാവിന്റെ. ഒടുവിലെ വാക്യം പ്രത്യക്ഷം.

2. ഉപദ്രവിയ്ക്കരുത്—ഞങ്ങളെ.

3. പതുപ്പ്=മാർദ്ദവം. നീര്—സോമരസം.

4. നിങ്ങൾക്കായി—നിങ്ങളെ യജിപ്പാൻ. ചെല്ലുന്നു—ആഹവനീയസമീപത്തെയ്ക്ക്. ധനം—ഹവിസ്സ്. ഒടുവിലെ വാക്യം പരോക്ഷം;

5. ചേരാൻവേണ്ടി—നിങ്ങളോട്.

Digitized By Kerala Sahitya Akademi

നിങ്ങാം ഈ ദർശനീയമായ സൌന്ദര്യം സൂര്യപുത്രിയുടെ നന്മ യ്ക്കു പൂർത്തിപ്പെടുത്തി; അശ്വങ്ങാം ശോഭയ്ക്കു നിങ്ങളെ അനുവർത്തിച്ചു. സ്തുത്യർഹരേ, നന്നായി ചൊല്ലപ്പെട്ട സ്തുതി നിങ്ങളിലണഞ്ഞു! 6

നാസത്യരേ, അതിധൂരീണങ്ങളായ അശ്വങ്ങാം നിങ്ങളെ ഹ വിസ്സിലെയ്ക്കു കൊണ്ടുവരട്ടെ: നിങ്ങളുടെ മനോജവമായ രഥം തേടേണ്ട വരും കിട്ടേണ്ടവയുമായ വളരെ അന്നങ്ങാംക്കായി അയയ്ക്കാറുണ്ടല്ലോ! 7

കൈ തടിച്ചവരേ, നിങ്ങളുടെ പക്കൽ വളരെയുണ്ടല്ലോ, ധനം; വിട്ടുപോകാത്ത ഒരു സ്പൃഹണീയയായ പശ്വിനെ ഞങ്ങാംക്കു തരു വിൻ. ആഹ്ലാദകരേ, സ്തോതാക്കളുണ്ട്, നല്ല സ്തുതിയുണ്ട്; നിങ്ങളുടെ ദാനത്തെ കാംക്ഷിച്ചു വന്ന സോമരസങ്ങളുമുണ്ട്! 8

പുരയങ്കൽനിന്നു നേർനടയുള്ള രണ്ടു ഗതിവേഗിനികളും സുമീ ള്ഹങ്കൽനിന്നു നൂറും, പേരുകങ്കൽനിന്നു പകാന്നങ്ങളും എനിയ്ക്കു കിട്ടി; ശാണ്ഡൻ പൊന്നണിഞ്ഞ പ്രശസ്തരൂപങ്ങളെയും, വശഗരും കീഴമർത്തുന്നവരുമായ പത്തു ദർശനീയന്മാരെയും തന്നു! 9

നാസത്യന്മാരേ, നിങ്ങളെ സ്തുതിച്ചവന്നു നൂറുമായിരവും അശ്വ ങ്ങളെ പുരുപന്ഥാവു കൊടുത്തുവരുന്നു; വീരന്മാരേ, സ്തുതിയ്ക്കുന്ന ഭരദ്വാ ജന്നും വേഗത്തിൽ തരട്ടെ! ബഹുകർമ്മാക്കളേ, രക്ഷസ്സുകാം വധിയ്ക്ക പ്പെടണം! 10

ഞാൻ സൂരികളോടുകൂടി നിങ്ങളുടെ വിശാലമായ സുഖത്തിലെ ത്തുമാറാകണം! 11

---

6. ചൊല്ലപ്പെട്ട—ഋഷിമാരാൽ.

7. അന്നങ്ങാം—സോമങ്ങാം.

8. സ്തോതാക്കളുണ്ട്—നിങ്ങാം സ്തോതാക്കളുടെ നല്ല സ്തുതി കേട്ടു, സോ മനീർ കുടിച്ചു, സ്തോതാക്കാംക്ക് അഭീഷ്ടങ്ങാം നല്കുവിൻ എന്നു ഭാവം.

9. പുരയൻ—ഒരു രാജാവ്. ഗതിവേഗിനികാം—പെൺകുതിരകാം. സു മീള്ഹൻ—മറെറാരു രാജാവ്. നൂറം—നൂറുഗോക്കളെ. പേരുകനും രാജാവുതന്നെ. ശാണ്ഡൻ—രാജാവ്. പ്രശസ്തരൂപങ്ങാം—അഴകൊത്ത രഥങ്ങളോ, അശ്വങ്ങളോ. കീഴമർത്തുന്നവർ—ശത്രുക്കളെ. ദർശനീയന്മാർ—സുരൂപരായ ഭടന്മാർ. തന്നു—അ ശ്വികളെ സ്തുതിച്ച എനിയ്ക്ക്.

10. പുരുപന്ഥാവ്—ഒരു രാജാവ്.

11. സൂരികാം—വിദ്വാന്മാരായ പുത്രാദികാം. നിങ്ങളുടെ—നിങ്ങാം തന്ന.

Digitized By Kerala Sahitya Akademi

## സൂക്തം 64.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ് ദേവത.

(കാകളി)

വെണ്മയിൽ മിന്നുമുഷസ്സുകൾ പൊങ്ങുന്നു,
വെള്ളത്തിരകളെപ്പോലൊളി വീശുവാൻ:
മാർഗ്ഗങ്ങളെല്ലാം സുഗമങ്ങളാക്കുന്നു;
ഫേക്യായ്, ശ്ലാഘ്യ മഘോനി സമൃദ്ധിയും! 1
ഭദ്രയായ്ക്കാണായി, വായ്ച്ചു ലസിപ്പൂ നീ:
ശുദ്ധമാം നിൻകതിർ പൊങ്ങുന്നിതംബരേ;
മാറു വെളിപ്പെടുത്തുന്നു, തെളിഞ്ഞൊളി
പാറുന്ന നീയുഷോദേവി, മഹസ്സിനാൽ! 2
നേരേ വഹിയ്ക്കുന്നു, നൽച്ചെങ്കതിരുകൾ
വാരാളുമീ വളരുന്ന സുഭഗയെ;
ശൂരൻകണക്കടിച്ചോടിപ്പൂ, നോവിപ്പൂ,
വൈരിയെ ക്ഷിപ്രയോദ്ധാവുപോലല്ലിനെ! 3
ഗമ്യസന്മാർഗ്ഗം, നിനക്കദ്രിദുർഗ്ഗവു;-
മംബരം പിന്നിടും, നീ ദേവി, സുപ്രഭേ;
നന്മുതൽ കൊണ്ടുവന്നാലു,മെങ്ങൾക്കു നീ
വിണ്മകളേ, പൃഥുസ്യന്ദനേ, സുന്ദരി! 4

---

## സൂക്തം 64.

1. വെള്ളത്തിരകളെപ്പോലെ പൊങ്ങുന്നു. മഘോനി—ഉഷസ്സ്.

2. പ്രത്യക്ഷോക്തി: ഭദ്ര=മംഗളവതി. അംബരേ=അന്തരിക്ഷത്തിൽ. മാറ്—സ്വന്തം രൂപം.

3. പരോക്ഷോക്തി: വാരാളും—വിശാലയായ്. ഉഷസ്സ് അല്ലിനെ (ഇരുട്ടിനെ) ഒരു ശൂരൻപോലെ അടിച്ച് (ആയുധംകൊണ്ടു പ്രഹരിച്ച്) ഓടിയ്ക്കുന്നു; ഒരു ക്ഷിപ്രയോദ്ധാവു (വേഗേന പോരിടുന്നവൻ) വൈരിയെ എന്നപോലെ, ഇരുട്ടിനെ നോവിയ്ക്കുന്നു—നശിപ്പിയ്ക്കുന്നു.

4. പ്രത്യക്ഷോക്തി: അദ്രിദുർഗ്ഗംപോലും നിനക്കു നടക്കാവുന്ന നല്ല വഴിയാണ്. പൃഥുസ്യന്ദനേ=വിശാലമായ തേരുള്ളവളേ.

Digitized By Kerala Sahitya Akademi

കൊണ്ടുവരികെ,തിരെന്ന്യേ വൃഷങ്ങളെ-
ക്കൊണ്ടൻപിനായ് വഹിപ്പിയ്ക്കും ധനത്തെ നീ:
വിൺനന്ദിനിയാമുഷോദേവി, കാണായി-
വന്നുവല്ലോ, പ്രഥമാഹ്വാനപൂജ്യ നീ! 5
നിന്നുദിപ്പിൽപ്പതംഗങ്ങൾ നികേതത്തിൽ-
നിന്നു പുറപ്പെട്ടു,മന്നൈഷിമർത്ത്യരും:
ദത്തവാനാം സമീപസ്ഥമർത്ത്യനുരു-
സമ്പത്തു കൊണ്ടുവരാറുണ്ടു,ഷോദേവി, നീ! 6

---

സൂക്തം 65.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

രാവിൻതമിസ്രവും താരങ്ങളും മറ-
ച്ചാവിർഭവിയ്ക്കും, സുദീപ്താക്കനൊത്തെവൾ;
ദ്യോവിന്മകളാമവളുണ്ടിതാ, നമു-
ക്കായ് വന്നുദിച്ചൊ,ളി വീശുന്നു മർത്ത്യരിൽ! 1
ചെങ്കുതിരമണിത്തേരിൽച്ചരിയ്ക്കുന്നു,
വൻക്രതുവപ്പോൾത്തുടങ്ങിച്ചുഷസ്സുകൾ;
ചിത്രമാംവണ്ണം പ്രശോഭിച്ചുകൊണ്ടവ-
രത്തൽപ്പെടുത്തുന്നു, രാവിൻതമസ്സിനെ! 2

---

5. അൻപിനായ്—സ്തോതാവിനെ പ്രീതിപ്പെടുത്താൻ. പ്രഥമാഹ്വാനപൂജ്യ=ഒന്നാമത്തെ ആഹ്വാനത്തിൽ (പ്രാതരനുവാകത്തിൽ) പൂജനീയ.

6. പതംഗങ്ങൾ—പക്ഷികൾ. നികേതം=പാർപ്പിടം. അന്നൈഷിമർത്ത്യരും—ആഹാരം തേടുന്ന (പ്രവൃത്തിയ്ക്കൊരുങ്ങിയ) മനുഷ്യരും. ദത്തവാനാം—ഹവിസ്സു തന്ന.

സൂക്തം 65.

1. തമിസ്രം=ഇരുട്ട് സുദീപ്താക്കനൊത്ത്=സുദീപ്തനായ സൂര്യനോടുകൂടി. അവൾ—ഉഷസ്സ്.

2. ചെങ്കുതിരമണിത്തേർ—ലോഹിതാശ്വങ്ങളെ പൂട്ടിയ വിളങ്ങുന്ന തേർ. വൻക്രതുവപ്പോൾ—പ്രഭാതത്തിലാണല്ലോ, മഹത്തായ യാഗം തുടങ്ങുക. അത്തൽപ്പെടുത്തുന്നു—അടിച്ചോടിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

അപ്പ്കനാം നരന്നന്നം, രസം, കീത്തി,
കെല്പിവ കൊണ്ടുപോകുന്ന ഭവതിമാർ
തന്നാലു,മന്നാത്ഥവീരരെസ്സേവക-
ന്നിന്നു, മഘോനികളാമുഷസ്സുകളേ! 3
ഇപ്പൊഴേ സേവകന്നി,പ്പൊഴേ വീരനാ-
മപ്പകന്നി,പ്പൊഴേ വാഴ്ത്തും നരന്നുമേ
സമ്പത്തു നിങ്ങളിലുണ്ടു,ഷസ്സുകളേ;
മുമ്പും സ്തുതിയ്ക്കുന്ന മാദൃശനോകുവോർ! 4
ആദൃതൌജസ്സാമുഷസ്സേ, വിട്ടം, പശ്വ-
വ്രാതത്തെയിപ്പൊഴേ നിന്നാംഗിരസ്സുകൾ;
ശസ്തസ്തുതിയാലിരുട്ടമകറ്റുമേ:
സിദ്ധമായ്, നേതാക്കൾ ചെയ്ത ദേവസ്തവം! 5
ആഢ്യേ, പുലരുകെ,ങ്ങൾക്കു മുമ്പട്ടിൽ നീ;
വാഴ്ത്തിബ്ഭജിയ്ക്കും ഭരദ്വാജതുല്യനിൽ
ചേക്ക്, വിൺകുഞ്ഞേ, സുവീരസമ്പത്തു;-രു
ഗ്ലാഘ്യമാമന്നവും നല്കുകെ,ങ്ങൾക്കു നീ! 6

---

സൂക്തം 66.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മരുത്തുക്കൾ ദേവത.

കമ്പിട്ടുവിയ്ക്കുന്നതും സന്തോഷിപ്പിയ്ക്കുന്നതും സഞ്ചരിയ്ക്കുന്നതും ഒരേ മട്ടിലുള്ളതുമായ ആ രൂപം വിജ്ഞനു ക്ഷിപ്രം വെളിപ്പെടട്ടെ:

---

3. അപ്പകൻ—ഹവിസ്സപ്പിയ്ക്കുന്നവൻ. അന്നാത്ഥവീരരെ—അന്നത്തെയും അത്ഥ(ധന)ത്തെയും വീരരെയും; വീരർ—പുത്രപൌത്രാദികൾ. സേവകന്ന്—എനിയ്ക്ക്.

4. വീരൻ—പ്രേരകൻ. മാദൃശന്നേകുവോർ—എന്നെപ്പോലുള്ളവന്നു നിങ്ങൾ നല്കാറുണ്ട്.

5. ആദൃതൌജസ്സ്=ആദരിയ്ക്കപ്പെട്ട ഓജസ്സോടുകൂടിയവൾ. വിട്ടം=മോചിപ്പിയ്ക്കും; നിന്നാംഗിരസ്സുകൾ—നിന്റെ പ്രസാദം ലഭിച്ച അംഗിരസ്സുകൾ. ശസ്തസ്തുതി=നല്ല സ്തോത്രം. സിദ്ധമായ്—ഫലിച്ചു. നേതാക്കൾ—അംഗിരസ്സുകൾ.

6. ആഢ്യേ=മഘോനി. ഭരദ്വാജതുല്യനിൽ—ഭരദ്വാജനെപ്പോലെയുള്ള എങ്കൽ; ഇതു മറെറാരു ഭരദ്വാജനാണ്. സുവീരസമ്പത്ത്=നല്ല വീരന്മാരോടുകൂടിയ സമ്പത്ത്. ഉരുശ്ലാഘ്യം=ബഹുസ്തുത്യം.

Digitized By Kerala Sahitya Akademi

അു മനുഷ്യലോകത്തിൽ മാറു വസ്തുക്കളെ, കാക്കാൻതക്കവെണ്ണം തഴപ്പിയ്ക്കുന്നു; അന്തരിക്ഷം ഒരിയ്ക്കൽ ശുഭ്രജലം ചുരത്തുന്നു! 1

ഈ മരുത്തുക്കൾ, വളർത്തപ്പെട്ട അഗ്നികൾപോലെ തിളങ്ങും; രണ്ടും മൂന്നാം ഇരട്ടി വലുപ്പംവെയ്ക്കും; പൊടിപാറാത്തവയും പൊന്നണിഞ്ഞവയുമാണ്, ഇവരുടെ (തേരുകൾ). സ്വത്തോടും കരുത്തോടും കൂടിയത്രേ, ഇവർ പിറന്നത്! 2

• സേക്താവായ രുദ്രന്റെ പുത്രന്മാരാണിവർ. ഇവരെ അന്തരിക്ഷമേ താങ്ങു. ഈ മഹാന്മാരുടെ അമ്മയായ മഹതി വിദിതയാണല്ലോ; നമുക്കുവേണ്ടിയത്രേ, ആ പൃശ്നി ഗർഭം ധരിച്ചത് 3

ഇവർ വാഹനത്തിൽ ആളുകളുടെ അടുക്കലെയ്ക്കു പോകാറില്ല: ഹൃദയത്തിലിരുന്നു പാപങ്ങൾ നീക്കുന്നു. ഈ ഉജ്ജ്വലന്മാർ ഇഷ്ടാനുസാരേണ ചുരത്തും; ശോഭയോടേ പരക്കെ നനയ്ക്കും! 4

ഇവരെ സമീപിച്ചു, പ്രധൃഷ്കമായ മാരുതം ചൊല്ലുന്നവക്ക് അഭീഷ്ടം വേഗത്തിൽ കൈവരും: കട്ടെടുത്തു കടന്നുകളയുന്ന വമ്പന്മാരെവരോ, ആ ഉഗ്രന്മാരെ ഹവിദ്ദാതാവ് അടക്കിക്കൊള്ളും! 5

ഈ ബലമിയന്ന ധൃഷ്കസൈന്യരായ ഉഗ്രന്മാർ സുരൂപകളായ ദ്യാവാപൃഥിവികളെ തമ്മിലിണക്കുന്നു. രോദസി ഇവരിൽ സ്വയം വിളങ്ങുന്നു: ഈ കരുത്തരെ ആരും ഉപദ്രവിയ്ക്കില്ല! 6

---

സൂക്തം 66.

1. കമ്പിടുവിയ്ക്കുന്നതും—ഉറച്ചേറിയവയെപ്പോലും കനിയിയ്ക്കുന്നതും. രൂപം—മരുത്തുക്കളുടെ. വിജ്ഞൻ—വിദ്വാനായ സ്തോതാവ്. മറുവസ്തുക്കൾ—വൃക്ഷസസ്യാദികൾ. കറക്കാൻ—പൈക്കളിൽനിന്നു പാലെന്നപോലെ, അഭീഷ്ടം കറന്നെടുക്കാൻ. ഒരിയ്ക്കൽ—ആണ്ടിലൊരിയ്ക്കൽ, മഴക്കാലത്ത്. ചുരത്തുന്നു—മരുത്തുക്കളുടെ നിർദ്ദേശത്താൽ.

3. സേക്താവ്—വീര്യസേചനംചെയ്തവൻ. നമുക്കുവേണ്ടി—മനുഷ്യരുടെ.

4. ഹൃദയത്തിലിരുന്നു—മനുഷ്യരുടെ ഹൃദയത്തിൽ പ്രാണങ്ങളായി വത്തിച്ചു. ഇഷ്ടാനുസാരേണ—സ്തോതാക്കളുടെ. ചുരത്തും—ജലം വഷിയ്ക്കും. പരക്കെ—ഭൂമി മുഴവൻ.

5. മാരുതം—മരുച്ഛസ്ത്രം, സ്തോത്രം. അടക്കിക്കൊള്ളും—മരുൽപ്രസാദത്താൽ.

6. രോദസി—രുദ്രപത്നി. ഉപദ്രവിയ്ക്കില്ല—ദ്രോഹിപ്പാനാളാകില്ല.

Digitized By Kerala Sahitya Akademi

മരുത്തുക്കളേ, നിങ്ങളുടെ പള്ളിത്തേർ, പാപം നീങ്ങുമാറു
പ്രാദുർഭവിയ്ക്കട്ടെ: ഇതു സൂതനില്ലാതെയും തെളിയ്ക്കപ്പെടുന്നു; കുതിരയും
കടിഞ്ഞാണും വഴിത്തീറ്റയുമില്ലാതെയും, വെള്ളം ഉകി നിറവേററി
ക്കൊണ്ടു, വാനൂഴിമാർഗ്ഗങ്ങളിൽ നടക്കുന്നു! 7

മരുത്തുക്കളേ, യുദ്ധത്തിൽ ആരെ നിങ്ങൾ രക്ഷിയ്ക്കുമോ അവ
നെ ആരും വെട്ടുവിളിയ്ക്കില്ല, ദ്രോഹിയ്ക്കില്ല; അവൻ പുത്രനോ പൌ
ത്രനോ ഗോക്കൾക്കോ വെള്ളത്തിനോവേണ്ടി പൊരുതിയാൽ, ഉജ്ജ്വ
ലൻെറയും തൊഴുത്തു തുറന്നുകളയും! 8

അഗ്നേ, വെമ്പൽ പൂണ്ടിരമ്പുന്ന കരുത്തരായ മരുത്തുക്കൾക്കു
നിങ്ങൾ ദർശനീയമായ ഹവിസ്സൊരുക്കുവിൻ: ബലത്താൽ (ശത്രു)ബ
ലത്തെ അമർത്തുന്നവരാണല്ലോ, ഇവർ; ഈ പൂജനീയർമൂലം ഭൂമി
വിറകൊള്ളുന്നു! 9

അധ്വരത്തിന്നെന്നപോലെ വിദ്യോതിയ്ക്കുന്നവരും, അഗ്നിര
ശ്മികൾപോലെ തിളങ്ങുന്നവരും, ശീഘ്രഗമനരും, പൂജനീയരും, വീര
ന്മാർപോലെ വിറപ്പിയ്ക്കുന്നവരും, ദീപ്തശരീരരും, അധൃഷിതരുമാകുന്നു,
മരുത്തുക്കൾ! 10

ആ വർദ്ധിയ്ക്കുന്ന, ചുരിക മിന്നുന്ന രുദ്രപുത്രന്മാരെ ഞാൻ സ്തു
തിച്ചു പരിചരിയ്ക്കുന്നു. ഈ മരുദ്ബലത്തെക്കുറിച്ചു സ്തോതാവുച്ചരിച്ച
പരിശുദ്ധസ്തുതികൾ, നീർകൊണ്ട കാർകൊണ്ടലുകൾപോലെ ഉശിർ
പിടിച്ചു മത്സരിയ്ക്കുന്നു! 11

---

## സൂക്തം 67.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണന്മാർ ദേവത.

നല്ലവരിലെല്ലാംവെച്ചു മികച്ച മിത്രാവരുണന്മാരേ, ഞാൻ നി
ങ്ങളെ സ്തുതികൊണ്ടു വളർത്താം: ഈ ഒരേ വടിവിലല്ലാത്ത രണ്ടു മുഖ്യ

---

7. തെളിയ്ക്കപ്പെടുന്നു—സ്തോതാവിനാൽ. വെള്ളം—വർഷജലം. നിറവേ
ററിക്കൊണ്ടു—സ്തോതാക്കളുടെ അഭിലാഷങ്ങളെ.

8. ഉജ്ജ്വലൻെറയും—വീര്യംകൊണ്ടു കത്തുന്ന ശത്രുവിൻെറപോലും. തുറ
ന്നുകളയും—ഗോക്കളെ സ്വന്തമാക്കും.

9. ഒരുക്കുവിൻ—അങ്ങും ഋത്വിക്കുകളുംകൂടി. വിറകൊള്ളുന്നു—പേടിച്ച്.

11. മത്സരിയ്ക്കുന്നു—ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്നു സ്പർദ്ധിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

യന്താക്കാ ജനങ്ങളെ സ്വന്തം കൈകൊണ്ടു, കടിഞ്ഞാണുകൊണ്ടെന്ന
പോലെ നിയന്ത്രിയ്ക്കുന്നു! 1

അരുമപ്പെട്ട മിത്രാവരുണന്മാരേ, എന്റെ ഈ സ്തുതി നിങ്ങളെ
മൂടുന്നു; ഹവിസ്സോടേ യജ്ഞത്തിലണയുകയും ചെയ്യുന്നു. ശോഭനദാന
ന്മാരേ, മാവുള്ള അധൃഷ്യമായ ഗൃഹമുണ്ടല്ലോ, നിങ്ങളുടെ പക്കൽ;
അതു ഞങ്ങൾക്കു തരുവിൻ! 2

മിത്രാവരുണന്മാരേ, അതിശോഭനമായി സ്തുതിച്ചു വിളിയ്ക്കപ്പെ
ടുന്ന പ്രിയരായ നിങ്ങൾ ഇവിടെ വന്നെത്തുവിൻ: യശഃകാമരായ ജന
ങ്ങളോടു, കർമ്മാധികൃതൻ കർമ്മത്തോടെന്നപോലെ ചേരുന്നവരാണ
ല്ലോ, മഹത്ത്വമുള്ള നിങ്ങൾ! 3

രണ്ടു കുതിരകൾപോലെ ബലിഷ്ഠരും, പരിശുദ്ധസ്തോത്രരും,
സത്യശീലരുമാണിവർ. ഇവരെ അദിതി ഗർഭത്തിൽ വഹിച്ചു—ജനിച്ച
പ്പോൾത്തന്നേ വളരെ വളർന്ന, ശത്രുവായ മനുഷ്യന്നു ഘാതകരായി
ത്തീർന്ന ഇവരെ ധരിച്ചു. 4

പ്രീതിപൂണ്ട ദേവന്മാരെല്ലാം നിങ്ങളെ മഹത്ത്വംമൂലം സ്തുതി
ച്ചതിനാലത്രേ, ബലം നേടിയത്; നിങ്ങൾ വലിയ വാനൂഴികളെയും
കീഴടക്കി. അഹിംസിതരും അമൂഢരുമായ ചാരന്മാരുണ്ട്, നിങ്ങൾക്ക്! 5

നാൾതോറും കെല്പേടുക്കുന്നവരാണല്ലോ, നിങ്ങൾ. നിങ്ങൾ
അന്തരിക്ഷത്തിന്റെ മേൽബ്ഭാഗത്തെ തൂണുപോലെ താങ്ങുന്നു: മേഘം
അന്തരിക്ഷത്തിലണയുന്നു; സൂര്യനും മനുഷ്യന്റെ ഹവിസ്സശിച്ചു, ദ്യു
ദ്യോവുകളെ പരത്തുന്നു! 6

നിങ്ങൾ തിരുവയർ നിറപ്പാൻ പ്രാജ്ഞനെ താങ്ങുന്നു: സഹ
കർമ്മികൾ യാഗശാല നിറയ്ക്കുന്നു. വിശ്വത്തെ പ്രീതിപ്പെടുത്തുന്നവരേ,

---

സൂക്തം 67.

1. രണ്ടാംവാക്യം പരോക്ഷം: കടിഞ്ഞാണുകൊണ്ടെന്നപോലെ—കടിഞ്ഞാ
ണുകൊണ്ടു കുതിരകളെ എന്നപോലെ.

4. പരോക്ഷകഥനം: ധരിച്ചു—വയററിൽ.

5. പ്രത്യക്ഷോക്തി: അഹിംസിതർ—ആരാലും ഉപദ്രവിയ്ക്കപ്പെടാത്ത
വർ. അമൂഢർ=വിദ്വാന്മാർ.

6. മേഘം—ഇതൊക്കെ നിങ്ങളുടെ ഏർപ്പാടാലാണ്!



Digitized By Kerala Sahitya Akademi

നിങ്ങളുടെ ജലത്താൽ, യുവതികൾ പൊടിയമന്റ, വരൾച്ച വിട്ടു വളരുന്നു! 7

ആ നിങ്ങളോടു മേധാവി ഇതു നിത്യം നാവുകൊണ്ടു യാചിയ്ക്കുന്നു. നിങ്ങളിലണഞ്ഞവൻ യാഗത്തിൽ നിഷ്ഠപടനായിത്തീരും; അന്നവന്മാരേ, നിങ്ങളുടെ ആ മഹത്ത്വം നിലനില്ക്കട്ടെ! നിങ്ങൾ ഹവിർദ്ദാതാവിന്റെ പാപം നശിപ്പിയ്ക്കുവിൻ— 8

മിത്രാവരുണന്മാരേ, യാവചിലർ ഭവൽകൃതങ്ങളായ പ്രിയകർമ്മങ്ങളെ സ്വബുദ്ധിമൂലം തള്ളുന്നുവോ; യാവചില ദേവന്മാരോ മനുഷ്യരോ സ്തോത്രം ചൊല്ലില്ലയോ; യാവചില കർമ്മികൾ യജ്ഞമനുഷ്ഠിയ്ക്കില്ലയോ; യാവചിലർ പുത്രന്മാരല്ലയോ; അവരെയും! 9

മേധാവികൾ സ്തോത്രമുച്ചരിയ്ക്കുകയും, ചിലർ സ്തുതിച്ചു നിവിത്തുകൾ ചൊല്ലുകയും ചെയ്യുമ്പോൾ, ഞങ്ങൾ നിങ്ങളെപ്പററി യഥാർത്ഥങ്ങളായ ഉക്ഥങ്ങൾ ഉരുവിടും: മഹിമാവുകൊണ്ടു നിങ്ങൾ ദേവകളോടു ചേരില്ല! 10

മിത്രാവരുണന്മാരേ, സ്തോത്രങ്ങൾ പുറപ്പെടുകയും, യജ്ഞത്തിൽ ഋജുഗാമിയും ധർഷകവും വർഷകവുമായ സോമം ഒരുക്കപ്പെടുകയും ചെയ്യുമ്പോൾ, രക്ഷിതാക്കളായ നിങ്ങളെ ഗൃഹത്തിന്നായി ഉപഗമിച്ചവരിൽ നിങ്ങളുടെ (ആ ദാനം) മുറിയാറില്ല, വാസ്തവം! 11

---

## സൂക്തം 68.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; ഇന്ദ്രാവരുണന്മാർ ദേവത.

മഹാന്മാരായ ഇന്ദ്രാവരുണന്മാരേ, നിങ്ങൾക്കു ക്ഷിപ്രകാരിയായ സോമം ഇപ്പോൾ ഒന്നിച്ച് ഒരുങ്ങിയിരിയ്ക്കുന്നു: ഇതാണല്ലോ, മനു

---

7. പ്രാജ്ഞനെ—സോമനീരപ്പിയ്ക്കുന്ന യജമാനനെ. നിറയ്ക്കുന്നു—ഹവിസ്സുകൾകൊണ്ട്. യുവതികൾ—ദിക്കുകൾ.

8. ഇതു—ജലം.

9. പുത്രന്മാരല്ലയോ—പുത്രകൃത്യമനുഷ്ഠിയ്ക്കുന്നില്ലയോ—അവരെയും നശിപ്പിയ്ക്കുവിൻ.

10. സ്തുതിച്ചു—അഗ്ന്യാദികളെ. നിവിത്തുകൾ—ഒരുതരം സ്തോത്രങ്ങൾ. ദേവകളോടു ചേരില്ല—അവരെക്കാൾ മഹത്ത്വമേറിയവരാണ്, നിങ്ങൾ!

11. ഗൃഹത്തിന്നായി—ഗൃഹശ്രേയസ്സിന്നുവേണ്ടി. മുറിയാറില്ല—നിരന്തരമുണ്ടാകും.

Digitized By Kerala Sahitya Akademi

വിനൊന്നപോലെ ദർഭ വിരിച്ചവന്ന് അന്നത്തിന്നും മഹത്തായ സുഖ
ത്തിന്നുംവേണ്ടി യജിപ്പാൻ നിങ്ങളെ വരുത്തുന്നത്! 1

ശ്രേഷ്ഠന്മാരും, യാഗത്തിൽ ധനം നല്കുന്നവരും, ശൂരരിൽവെ
ച്ച ബലവാന്മാരും,—അത്യൂർജ്ജിതന്മാരും—ദാതാക്കളിൽവെച്ച മുന്തിയ
വരും, സത്യംകൊണ്ട ശത്രുക്കളെ ഹനിയ്ക്കുന്നവരും, സമഗ്രസൈന്യരു
മാണല്ലോ, നിങ്ങൾ! 2

ശ്ലാഘ്യമായ ബലംകൊണ്ടും സുഖംകൊണ്ടും പുകഴ്ത്തപ്പെടുന്ന
ആ ഇന്ദ്രാവരുണന്മാരെ നീ സ്തുതിയ്ക്കുക: അവരിലൊരാൾ വൃത്രനെ വ
ജ്രംകൊണ്ട കൊല്ലും; മറേറപ്രാജ്ഞൻ ഉപദ്രവം നീക്കാൻ കരുത്തോടേ
ചെല്ലും! 3

മനുഷ്യരിൽ സ്ത്രീകളും പുരുഷന്മാരുമെല്ലാം സ്വയമൊരുങ്ങി
സ്തുതിച്ച വളൎത്തുമ്പോൾ, ഇന്ദ്രാവരുണന്മാരേ, നിങ്ങൾ മഹത്വ
ത്താൽ ഇവൎക്കായി കഴിവുകൊള്ളണം; ദ്യോവേ, ഭൂവേ, മഹതികളായ
നിങ്ങളും! 4

ഇന്ദ്ര, വരുണ, യാവനൊരുത്തൻ നിങ്ങൾക്ക സ്വയം (ഹവി
സ്സ്) തരുന്നുവോ അവൻതന്നേ, ശോഭനദാനൻ: അവന്ന വിത്തവും
യജ്ഞവും കൈവരും; ആ ദാതാവിങ്കൽ ചെന്നുചേരും, ദ്രോഹികളുടെ
അന്നം; ധനവും ധനികരായ ആളുകളും അവന്നുണ്ടായിവരും! 5

ഇന്ദ്രാവരുണദേവന്മാരേ, പുഷ്ടിപ്പെടുന്ന, പുകളേറിയ യാതൊ
രു ധനം നിങ്ങൾ ഹവിൎദ്ദാതാവിന്നു നല്കിവരുന്നുവോ; അതു—ദ്രോഹി
കൾ ഉണ്ടാക്കിത്തീൎത്ത അകീൎത്തിയെ ഉടയ്ക്കുന്ന അതു—ഞങ്ങളിലെത്തു
മാറാകണം! 6

---

സൂക്തം 68.

1. ക്ഷിപ്രകാരി—വേഗത്തിൽ ഫലമുളവാക്കുന്നത് ഒന്നിച്ച്—ഋത്വിക്കു
കളോടുകൂടി. ദർഭ വിരിച്ചവൻ—യജമാനൻ.

3. ഋഷി, തന്നോടുതന്നെ പറയുന്നു: ഒരാൾ—ഇന്ദ്രൻ. മറേറപ്രാജ്ഞൻ
—വരുണൻ. ഉപദ്രവം—സ്തോതാക്കൾക്കുണ്ടാകുന്ന പീഡ.

4. ഇവൎക്കായി—സ്തോതാക്കൾക്കായി. കഴിവുകൊള്ളണം—രക്ഷണശ
ക്തിയെടുക്കണം. നിങ്ങളും—കഴിവുകൊള്ളണം.

5. ദ്രോഹികളുടെ—ജയിയ്ക്കപ്പെട്ട വിദ്വേഷികളുടെ. ആളുകൾ—പുത്ര
ന്മാർ.

Digitized By Kerala Sahitya Akademi

അത്രമാത്രമല്ല, ഇന്ദ്രാവരുണന്മാരേ, നല്ല രക്ഷയോടുകൂടിയ—ദേവന്മാർ കാവൽനില്ക്കുന്ന—ധനം സ്തോതാക്കളായ ഞങ്ങൾക്കുണ്ടാകണം: ഞങ്ങളുടെ ബലം യുദ്ധങ്ങളിൽ കീഴമർത്തിയും, ഹനിച്ചും, യശസ്സിനെ ഉടനടി തട്ടിനീക്കണം! 7

ഇന്ദ്രാവരുണദേവന്മാരേ, സ്തുതിയ്ക്കപ്പെടുന്ന നിങ്ങൾ ഉടനേ ഞങ്ങൾക്ക നല്ല കേൾവിയ്ക്കുവേണ്ടി ധനം തന്നരുളുവിൻ; മഹാന്മാരായ നിങ്ങളുടെ ബലത്തെ ഇപ്രകാരം പാടിപ്പുകഴ്ത്തുന്ന ഞങ്ങൾ, പുഴ തോണികൊണ്ടെന്നപോലെ, പാപം കടക്കുകയുംചെയ്യണം! 8

മഹിമയും മനീഷയുമുള്ള, ജരയില്ലാത്ത യാതൊരു മഹാകർമ്മാവു തേജസ്സിനാൽ വാനൂഴികളെ ശോഭിപ്പിയ്ക്കുന്നുവോ, ആ വലിയ സമ്രാട്ടായ വരുണദേവന്നു നീ ഒരു സുവിശാലമായ മനോഹരസ്തോത്രം ചൊല്ലുക! 9

നീർ നുകരുന്ന ഇന്ദ്രാവരുണന്മാരേ, ഈ പിഴിഞ്ഞ മദകരമായ സോമം നിങ്ങൾ കുടിയ്ക്കുവിൻ: ധൃതവ്രതരേ, ദേവപാനത്തിന്നും സഭാപാനത്തിന്നുംവേണ്ടി യാഗത്തിന്നു പോരാറുള്ളതാണല്ലോ, നിങ്ങളുടെ തേർ! 10

ഇന്ദ്രാവരുണന്മാരേ, വൃഷാക്കളായ നിങ്ങൾ ഈ അതിമധുരവും വർഷകവുമായ സോമം ഭുജിച്ചാലും: നിങ്ങൾക്കായി പകർന്നുവെച്ചതാണ്, ഈ ഹവിസ്സ്; ഈ ദർഭയിലിരുന്ന് ഇമ്പംകൊള്ളുവിൻ! 11

---

## സൂക്തം 69.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാവിഷ്ണുക്കൾ ദേവത.

ഇന്ദ്രാവിഷ്ണുക്കളേ, നിങ്ങളെ ഞാൻ കർമ്മംകൊണ്ടും ഹവിസ്സുകൊണ്ടും പ്രേരിപ്പിയ്ക്കുന്നു: ഈ കർമ്മത്തിന്റെ അവസാനത്തിൽ നി

---

7. യശസ്സിനെ—ശത്രുക്കളുടെ കീർത്തിയെ.

9. സ്തോതാവിനോട്:

10. നീർ—സോമരസം. ധൃതവ്രതർ—കർമ്മവാന്മാർ.

Digitized By Kerala Sahitya Akademi

ങ്ങൾ യജ്ഞത്തിലെഴുന്നള്ളണം; ഞങ്ങളെ നിരുപദ്രവമാൎഗ്ഗങ്ങളിലൂടേ മറുകരയിലാക്കി, ധനം തന്നരുളുകയും ചെയ്യണം! 1

ആ ഇന്ദ്രാവിഷ്ണുക്കൾ എല്ലാ സ്തുതികളും ഉൽപാദിപ്പിയ്ക്കണം; രണ്ടു സോമക്കുടങ്ങളുമായിത്തീരണം! സ്തോതാക്കൾ ചൊല്ലുന്ന ശസ്ത്രങ്ങളും, പാടുന്ന സ്തോത്രങ്ങളും നിങ്ങളിലെത്തട്ടെ! 2

ഇന്ദ്രാവിഷ്ണുക്കളേ, മദങ്ങളിൽവെച്ച് മികച്ച മദത്തിന്റെ അധിപതികളായ നിങ്ങൾ ധനങ്ങളുമെടുത്ത് സോമത്തിലെയ്ക്കു വിരുവിൻ: സ്തോതാക്കൾ ഉക്ഥങ്ങളോടുകൂടി ഉച്ചരിയ്ക്കുന്ന സ്തോത്രങ്ങൾ നിങ്ങളെ തേജസ്സു തേപ്പിയ്ക്കട്ടെ! 3

ഇന്ദ്രാവിഷ്ണുക്കളേ, ദ്രോഹികളെ അമൎത്തുന്ന, കൂപ്പം ഇമ്പപ്പെട്ടുന്ന കുതിരകൾ നിങ്ങളെ കൊണ്ടുവരട്ടെ: സ്തോതാക്കളുടെ എല്ലാ സ്തുതികളും നിങ്ങൾ കൈക്കൊള്ളണം; എന്റെ സ്തോത്രങ്ങളും ശസ്ത്രങ്ങളും കേൾക്കുവിൻ! 4

ഇന്ദ്രാവിഷ്ണുക്കളേ, അതു സ്തുത്യംതന്നെ: നിങ്ങൾ സോമത്തിന്റെ മത്തിൽ വാരുറ്റ ചുവടുകൾ വെച്ചു; അന്തരിക്ഷത്തിന്നു വലുപ്പം കൂട്ടി; ഞങ്ങൾക്കു ജീവിപ്പാൻ, ലോകങ്ങളും വിശാലങ്ങളാക്കി! 5

ധൃതാന്നരായ ഇന്ദ്രാവിഷ്ണുക്കളേ, ഹവിസ്സുകൊണ്ടു വളരുന്ന, തെളിസോമം നുകരുന്ന, നമസ്കാരപൂൎവ്വം ഹവിസ്സൎപ്പിയ്ക്കപ്പെടുന്ന നിങ്ങൾ ഞങ്ങൾക്കു ധനം തന്നാലും: നിങ്ങൾ സമുദ്രമാണ്; സോമകലശമാണ്! 6

---

സൂക്തം 69.

1. പ്രേരിപ്പിയ്ക്കുന്നു—ഇങ്ങോട്ടു വരാൻ. മറുകരയിലാക്കി—പൂൎണ്ണയജ്ഞരാക്കി.

2. അന്തിമവാക്യം പ്രത്യക്ഷോക്തി: സോമക്കുടങ്ങളുമായിത്തീരണം—കുടങ്ങളിൽ സോമനീർ പകൎന്നുവെയ്ക്കുന്നതുപോലെ, ഉദരങ്ങളിൽ സോമനീർ നിറയ്ക്കണം.

3. തേപ്പിയ്ക്കട്ടെ—എണ്ണ തേപ്പിയ്ക്കുന്നതുപോലെ.

5. മുപ്പാരളക്കാൻ ചുവടുകൾ വെച്ചതു വിഷ്ണുവാണെങ്കിലും, രണ്ടുപേരുടെയും പ്രയോജനം ഒന്നാകയാൽ, ഇന്ദ്രനെയും ഉൾപ്പെടുത്തിയിരിയ്ക്കുന്നു.

6. തെളിസോമം—സോമനീരിന്റെ തെളിഞ്ഞ മേൽബ്ഭാഗം. സമുദ്രമാണ്—സോമനീർപ്പുഴകൾ നിങ്ങളിൽ ചേൎന്നുകൊണ്ടിരിയ്ക്കും. സോമകലശം—രണ്ടാമുക്കിന്റെ ടിപ്പണി നോക്കുക.

Digitized By Kerala Sahitya Akademi

ദർശനീയരായ ഇന്ദ്രാവിഷ്ണുക്കളേ, ഈ മത്തുപിടിപ്പിയ്ക്കുന്ന സോമം നിങ്ങൾ കുടിയ്ക്കുവിൻ, തിരുവയർ നിറയ്ക്കുവിൻ: മദകരമായ അന്നം നിങ്ങളിലണയട്ടെ; എന്റെ സ്തോത്രവും വിളിയും കേൾക്കുവിൻ! 7

നിങ്ങളിരുവരും ജയിയ്ക്കുയേ ചെയ്യൂ, തോല്ക്കാറില്ല—നിങ്ങളിലൊരാളും തോല്ക്കുകയുണ്ടായിട്ടില്ല. വിഷ്ണോ, ഇന്ദ്രനും അങ്ങും യാതൊന്നിനായി (അസുരന്മാരോട്ടു) പൊരുതിയോ, ആ ത്രിവിധമായ ആയിരത്തെ കല്പിച്ചളന്നു! 8

---

## സൂക്തം 70.

ഭരദ്വാജൻ ഋഷി; ജഗതി ഛന്ദസ്സ്; ദ്യാവാപൃഥിവികൾ ദേവത.

തിളങ്ങുന്നവർ, ജീവജാലത്തിന്നാധാരഭൂതകൾ, വിശാലകൾ, പ്രഥിതകൾ, ജലം പൊഴിയ്ക്കുന്നവർ, സുരൂപകൾ, വരുണൻ താങ്ങുകയാൽ ഉറപ്പാറവർ, ജരാരഹിതകൾ, രേതസ്സേറിയവർ—ഇങ്ങനെയുള്ളവരാകുന്നു, ദ്യാവാപൃഥിവികൾ. 1

വേറിട്ടുനില്ക്കുന്ന, ധാരകളേറിയ, ശുചിവ്രതകളായ ഈ പയസ്വിനികൾ ശോഭനകർമ്മാവിന്നു ജലം ചുരത്തുന്നു. ദ്യാവാപൃഥിവിക

---

7. അന്നം—സോമരസം.

8. ഒരാളും—വിഷ്ണുവോ, ഇന്ദ്രനോ. ആ ത്രിവിധമായ ആയിരം—അപരിമിതമായ ലോകം, വേദം, വാക്ക്. യുദ്ധത്തിൽ അസുരന്മാരെ ജയിച്ചതിന്നുശേഷം ഇന്ദ്രൻ അവരോട്ടു പറഞ്ഞു:—“നമുക്ക ലോകം പങ്കിടാം: വിഷ്ണു മൂന്നടിയളക്കും; അതിൽപ്പെട്ടതു ഞങ്ങൾക്ക; ബാക്കിയെല്ലാം നിങ്ങൾക്കും.” അസുരന്മാർ സമ്മതിച്ചു. വിഷ്ണുവാകട്ടേ, ഒന്നാമത്തെ അടികൊണ്ടുതന്നേ ലോകങ്ങൾ അളന്നു; രണ്ടും മൂന്നും അടികൾകൊണ്ടു വേദങ്ങൾ, വാക്കുകൾ എന്നിവയും അളന്നു. (അസുരന്മാക്ക് ഒന്നുമില്ലാതായി!) ഐതരേയബ്രാഹ്മണത്തിലുള്ളതത്രേ, ഈ ഇതിവൃത്തം. കല്പിച്ചളന്നു—അളന്നു സ്വന്തമാക്കി.

### സൂക്തം 70.

1. രേതസ്സേറിയവർ—വളരെ പ്രജകളെ ഉൽപാദിപ്പിയ്ക്കുന്നവർ എന്നർത്ഥം.

2. ധാരകൾ—ദ്യോവിൽ വൃഷ്ടിധാര, ഭൂവിൽ രസ(ആവി)ധാര. പയ

Digitized By Kerala Sahitya Akademi

ളേ, ഈ ഭുവനത്തിന്റെ റാണിമാരായ നിങ്ങൾ ഞങ്ങളിൽ മനുഷ്യഹി
തമായ രേതസ്സ് പകരുവിൻ! 2

ധിഷണകളായ ദ്യാവാപൃഥിവികളേ, നിങ്ങളുടെ സുഖഗമന
ത്തിന്നു യാതൊരു മനുഷ്യൻ (ഹവിസ്സ്) നല്കുന്നുവോ, അവൻ സിദ്ധ
കാമനാകും; സന്താനങ്ങളെക്കൊണ്ടു വളരും. കർമ്മത്തിന്നുമേൽ, നി
ങ്ങൾ പകന്ന (രേതസ്സുകൾ) നാനാവർണ്ണങ്ങളായി സമാനകർമ്മങ്ങളോ
ടേ ജനിയ്ക്കുന്നു. 3

ഉദകം ചുരന്നവരും, ഉദകത്തിൽ നില്ക്കുന്നവരും, ഉദകത്തോടു
ചേർന്നവരും, ഉദകത്തെ വർദ്ധിപ്പിയ്ക്കുന്നവരുമാകുന്നു, വിശാലപ്രഥിത
കളായ ദ്യാവാപൃഥിവികൾ; യജ്ഞത്തിൽ പുരസ്കരിയ്ക്കപ്പെട്ട ഇവരോടു
തന്നെയാണ്, പ്രാജ്ഞന്മാർ യജനത്തിന്നായി സുഖം യാചിയ്ക്കുന്നത്! 4

ജലമുണ്ടാക്കുന്ന, ജലം ചുരത്തുന്ന, ജലം പൊഴിയ്ക്കുന്ന ദ്യാവാ
പൃഥിവികൾ—നമുക്കു യജ്ഞവും ധനവും വലിയ യശസ്സും അന്നവും
നല്ല വീര്യവും നല്കുന്ന ഇരുദേവതകൾ—നമ്മളിൽ ജലം പകരട്ടെ! 5

അച്ഛനും അമ്മയുമായ ദ്യോവും ഭൂവും നമുക്ക് അന്നം തരട്ടെ—
വിശ്വജ്ഞകളായി, വിശിഷ്ടവ്രതകളായി, വിശേഷോൽപാദികകളായി
വിളയാടുന്ന ദ്യാവാപൃഥിവികൾ നമുക്കു വേണ്ടുന്ന ബലവും ധനവും
അയയ്ക്കട്ടെ! 6

---

## സൂക്തം 71.

ഭരദ്വാജൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; സവിതാവ് ദേവത.

ആ സുകർമ്മാവായ ദേവൻ സവിതാവ് ദാനത്തിന്നായി പൊ
ന്നുകൈകൾ പൊക്കുന്നു—മഹനീയനും സുയജ്ഞനും ഉലകത്തെ

---

സ്വപിനികൾ—നല്ല പയസ്സു(ജലം, പാൽ)ള്ളവർ. രണ്ടാംവാക്യം പ്രത്യക്ഷോക്തി:
മനുഷ്യഹിതമായ—പ്രജോൽപാദനശക്തമായ.

3. സമാനകർമ്മങ്ങളോടേ ജനിയ്ക്കുന്നു—ഒരേമട്ടിൽ പ്രാണികളായി പിറ
ക്കുന്നു.

4. സുഖം യാചിയ്ക്കുന്നത്—സുഖാവസരത്തിലേ യാഗം നടക്കുകയുള്ളു
വല്ലോ.

Digitized By Kerala Sahitya Akademi

ത്താങ്ങുന്നവനുമായ ആ യുവാവു ജലപൂൎണ്ണങ്ങളായ കൈപ്പടങ്ങൾ നീട്ടുന്നു! 1

സവിതൃദേവൻെറ അനുജ്ഞയ്ക്കും ശ്രേഷ്ഠമായ ധനദാനത്തിന്നും നാം പാത്രീഭവിയ്ക്കുക: നിന്തിരുവടിയാണല്ലോ, എല്ലാ ഇരുകാലികളെയും വളരെ നാല്ക്കാലികളെയും നിലനിൎത്തുന്നതും, അനുജ്ഞ നല്കുന്നതും! 2

സവിതാവേ, നിന്തിരുവടി അഹിംസിതവും സുഖകരവുമായ തേജസ്സുകൊണ്ട് ഇപ്പോൾ ഞങ്ങളുടെ ഗൃഹം പരിപാലിച്ചാലും. ഹിതമൃഭാഷിയായ ഭവാൻ പുതിയ സുഖം തന്നു രക്ഷിച്ചാലും; അനൎത്ഥം നേരുന്നവൻ ഞങ്ങളെ കീഴ്പെടുത്തരുത്! 3

പൊന്നുകൈപ്പടവും, പൊന്നണക്കടയും, മധുരഭാഷണവും ചേൎന്ന ദാനതൽപരനായ സവിതൃദേവൻ രാവറുതിതോറും പള്ളിയുണരട്ടെ: ഈ യജനീയനാണല്ലോ, ഹവിൎദ്ദാതാവിന്നു വളരെധനം കല്പിച്ചയയ്ക്കുന്നത്! 4

യാതൊരുവൻ ഭൂമിയിൽനിന്ന് അന്തരിക്ഷത്തിൻെറ മുകളിലെയ്ക്കു കേറുകയും, യാത്രയിൽ വലുതിനെയെല്ലാം രമിപ്പിയ്ക്കുകയും ചെയ്യുന്നുവോ; ആ സവിതാവ്, ഒരു വക്കീൽപോലെ, അഴകൊത്ത പൊന്നുകൈകൾ പൊക്കട്ടെ! 5

സവിതാവേ, ഭവാൻ ഞങ്ങൾക്കു ധനം ഇന്നും, ധനം നാളെയും, ധനം നിച്ചലും അനുവദിയ്ക്കണം: ദേവ, വളരെ പൊറുപ്പുമതലുണ്ടല്ലോ, അങ്ങയ്ക്ക്; അതിനാൽ, ഞങ്ങൾ ഈ സ്തുതികൊണ്ടു ധനവാന്മാരാകണം! 6

---

സൂക്തം 71.

3. അനൎത്ഥം നേരുന്നവൻ—ശത്രു.

5. വലുതിനെ—മറവിലുള്ള മഹാവസ്തുവിനെ. രമിപ്പിയ്ക്കുക—പ്രകാശിപ്പിയ്ക്കുക എന്നൎത്ഥം. വക്കീൽപോലെ—നമ്മുടെ കാൎയ്യം സംസാരിപ്പാൻ.

Digitized By Kerala Sahitya Akademi

## സൂക്തം 72.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാസോമന്മാർ ദേവത.

ഇന്ദ്രാസോമന്മാരേ, വലുതുതന്നെ, നിങ്ങളുടെ മഹത്ത്വം: നി
ങ്ങൾ വലിയ മികച്ചവയെ നിൎമ്മിച്ചു; നിങ്ങൾ സൂൎയ്യനെയും നിങ്ങൾ
വെള്ളവും കിട്ടിച്ചു; എല്ലാത്തമസ്സുകളെയും നിന്ദകരെയും നശിപ്പിച്ചു! 1
ഇന്ദ്രാസോമന്മാരേ, നിങ്ങൾ ഉഷസ്സിനെ പുലൎത്തി; സൂൎയ്യനെ
തേജസ്സോടേ ഉദിപ്പിച്ചു; ദ്യോവിനെ ഊന്നുകൊണ്ടുറപ്പിച്ചു; അമ്മയായ
ഭൂമിയെ വലുപ്പംവെപ്പിച്ചു! 2
ഇന്ദ്രാസോമന്മാരേ, ജലങ്ങളെ ചുഴന്നുനിന്ന ദ്രോഹിയായ വൃത്ര
നെ നിങ്ങൾ വധിച്ചു; അതിൽ ദ്യോവ് നിങ്ങളെ കൊണ്ടാടി. നി
ങ്ങൾ നദികൾക്കു വെള്ളം അയച്ചു; വളരെസ്സമുദ്രങ്ങൾ നിറച്ചു! 3
ഇന്ദ്രാസോമന്മാരേ, നിങ്ങൾ മൂപ്പെത്താത്ത പൈക്കളുടെ അകി
ടുകളിൽ കൊഴുത്ത പാൽ വെച്ചു; നാനാവൎണ്ണകളായ ധേനുക്കളുടെ കെ
ട്ടുറപ്പില്ലാത്ത വെണ്പാൽ അകത്തു നിൎത്തിച്ചു! 4
ഇന്ദ്രാസോമന്മാരേ, മറുകരയിലെത്തിയ്ക്കുന്ന സന്തതിയും സമ്പ
ത്തും നിങ്ങൾ ചിക്കെന്നു നീക്കിവെയ്ക്കുന്നു; കരുത്തരേ, നിങ്ങൾ മനുഷ്യ
ഹിതവും പോരാളർപ്പടയെ അമൎത്തുന്നതുമായ ബലം മനുഷ്യരിൽ പര
ത്തുന്നു!

---

## സൂക്തം 73.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ബൃഹസ്പതി ദേവത

ഒന്നാമതു ജനിച്ചവനും, ആംഗിരസനായിത്തീൎന്നവനും, പാറ
ക്കെട്ടു പൊളിച്ചവനും, സത്യവാനും, ഹവിസ്സുകനും, രണ്ടിടങ്ങളിൽ

---

സൂക്തം 72.

1. വലിയ മികച്ചവയെ—ഭൂതങ്ങളെ, ലോകങ്ങളെ. നിന്ദകർ—അസുരർ.

4. കെട്ടുറപ്പില്ലാത്ത—ആരാലും കെട്ടിനിൎത്തപ്പെട്ടതല്ലാത്ത. നിൎത്തിച്ചു—നിലത്തുചോൎന്നു വീഴാത്തവണ്ണം.

5. നീക്കിവെയ്ക്കുന്നു—ഞങ്ങൾക്കു തരാൻ വേറെ വെയ്ക്കുന്നു.



Digitized By Kerala Sahitya Akademi

മുഴക്കെ നടക്കുന്നവനും, തൂലോം തിളങ്ങുന്നേടത്തു മേവുന്നവനും, നമ്മുടെ രക്ഷകനും, യാതൊരാളോ; ആ ബൃഹസ്പതി മഴയ്ക്കായി വാനൂഴികളിൽ ഇടി മുഴക്കുന്നു! 1

ഈ ബൃഹസ്പതി, ഉപഗമിയ്ക്കുന്ന യജ്ഞവത്തികൾക്കു ലോകം ഏർപ്പെടുത്തുന്നു; തമസ്സുകളെ തടുത്തു പോരിൽ ശത്രുക്കളെ ജയിച്ച്— അമിത്രരെ കീഴമത്ത്—പുരികൾ പിളത്തുന്നു. 2

ഈ ബൃഹസ്പതിദേവൻ ധനങ്ങളും വലിയ പൈത്തൊഴുത്തുകളും കീഴടക്കി: ബൃഹസ്പതി എതിരില്ലാതെ ജലം നേടാൻവേണ്ടി സ്വൎഗ്ഗശത്രുവിനെ മന്ത്രംകൊണ്ടു വധിച്ചുകളയും! 3

---

## സൂക്തം 74

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സോമാരുദ്രന്മാർ ദേവത.

സോമാരുദ്രന്മാരേ, നിങ്ങൾ അസുരന്മാരുടെ കെല്പു കല്പിച്ചുതരുവിൻ: ഓരോ ഗൃഹത്തിലെയും യജ്ഞങ്ങൾ തികച്ചും നിങ്ങളിലണയട്ടെ. നിങ്ങൾ സപ്തരത്നങ്ങളെടുത്തു ഞങ്ങളെ സുഖിപ്പിയ്ക്കുവിൻ—ഇരുകാലികളെയും നാല്ക്കാലികളെയും സുഖിപ്പിയ്ക്കുവിൻ! 1

സോമാരുദ്രന്മാരേ, വിഷൂചീരോഗം ഞങ്ങളുടെ ഗൃഹത്തിൽ കടന്നാൽ, അതിനെ നിങ്ങൾ വേർപെടുത്തണം; അലക്ഷ്മിയെ തിരി

---

സൂക്തം 73.

1. ആംഗിരസനായിത്തീൎന്നവൻ—കെട്ട അംഗാരങ്ങൾ (തീക്കനലുകൾ) വീണ്ടും ജ്വലിപ്പിയ്ക്കപ്പെട്ടപ്പോൾ രണ്ടാമതു ജനിച്ചവൻ. പാറക്കെട്ട്—പണികൾ ഗോക്കളെ ഒളിപ്പിച്ച ശിലോച്ചയം. രണ്ടിടങ്ങളിൽ—സ്വൎഗ്ഗത്തിലും, ഭൂമിയിലും. തൂലോം തിളങ്ങുന്നേടത്തു—അത്യുജ്ജ്വലമാണ്, തന്റെ വാസസ്ഥാനം.

2. ഉപഗമിയ്ക്കുന്ന=സമീപിയ്ക്കുന്ന. ലോകം—സ്വൎഗ്ഗാദി. പുരികൾ—അസുരപുരികൾ.

3. ധനങ്ങളും—പണികളുടെ.

സൂക്തം 74.

1. തരുവിൻ—ഞങ്ങളെ അസുരതുല്യബലരാക്കുവിൻ. സപ്തരത്നങ്ങൾ—ഏഴ് മഹാർഘവസ്തുക്കൾ. (?)

Digitized By Kerala Sahitya Akademi

ച്ചോടിയ്ക്കണം. ഞങ്ങൾക്കു ശോഭനമായ അന്നവും യശസ്സും ഉണ്ടായി വരട്ടെ! 2

സോമാരുദ്രന്മാരേ, നിങ്ങൾ ആ മരുന്നുകളെല്ലാം ഞങ്ങളുടെ ദേഹത്തിൽ വെയ്ക്കുവിൻ: ഞങ്ങളുടെ ദേഹത്തിൽ കെട്ടിയിട്ടുള്ള പാപം നിങ്ങൾ ഞങ്ങളിൽനിന്ന് അഴിച്ചുനീക്കുവിൻ! 3

സോമാരുദ്രന്മാരേ, തിളങ്ങുന്ന വില്ലും തീക്ഷ്ണശരവുമുള്ള സുഖപ്രദരായ നിങ്ങൾ ഞങ്ങളെ ഇവിടെ നല്ലോണം സുഖിപ്പിയ്ക്കണം; ഞങ്ങളെ വരുണപാശത്തിൽനിന്നു വിടുത്തണം; ശോഭനസ്തോത്രതൽപരരേ, ഞങ്ങളെ കാത്തുരക്ഷിയ്ക്കണം! 4

---

## സൂക്തം 75.

ഭാരദ്വാജൻ പായു ഋഷി; ത്രിഷ്ടുപ്പും ജഗതിയും അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; കവചാദിയുദ്ധാംഗങ്ങൾ ദേവത.

(കാകളി)

കാറുപോലായ്പുരും, ചട്ടയൊന്നിട്ടിട്ടു
പോരിൻനിലത്തെയ്ക്കു പോകുവോൻതന്നുടൽ:
കായത്തിനു പരിക്കേല്ക്കാതെ വെല്ക നീ;
കാക്കട്ടെ, നിന്നെയച്ചട്ടതൻ പ്രാഭവം! 1

വില്ലാൽപ്പശുക്കളെ വെല്ക, വില്ലാലടർ;
വില്ലാൽ,ത്തിമക്കും കുറുമ്പരെ വെല്ക, നാം:
വില്ലു കെടുക്കുമേ, മാററാന്റെ കാംക്ഷയെ;
വില്ലാൽജ്ജയിയ്ക്കാം, നമുക്കു ദിക്കൊക്കെയും! 2

---

2. വിഷൂചീരോഗം—പകച്ചവ്യാധി.

## സൂക്തം 75.

1. യുദ്ധത്തിന്നു പുറപ്പെട്ട രാജാവിനെ പുരോഹിതൻ മന്ത്രം ചൊല്ലി കവചാദികൾ ധരിപ്പിയ്ക്കുന്നു. ഇതു കവചമന്ത്രമാണ്. കാറുപോലായ്പുനും—ചട്ട ഇരുമ്പുകൊണ്ടാകയാൽ, കറക്കും. നീ—രാജാവ്.

2. ധനുർമ്മന്ത്രം: പശുക്കളെ വെല്ക—ശത്രുക്കളുടെ മാട്ടുകളെ കീഴടക്കുക. അടർ—വെല്ക. കുറുമ്പരെ—ഗർവ്വിഷ്ഠരായ ശത്രുക്കളെ. കാംക്ഷ—ജയാശ.

Digitized By Kerala Sahitya Akademi

വില്ലിലുടക്കിയ ഞാണിതു കൌതുകം
സല്ലപിപ്പാൻപോലെ കർണ്ണമണഞ്ഞിടും;
നല്ലാർകണക്കെ പ്രിയനെപ്പുണർന്നൊലി-
ക്കൊള്ളും; പടയിൽ മറുകരയ്ക്കാക്കിടും! 3

കൂർ വായ്പ പെൺപോലെ പാർശ്വേ പെരുമാറു-
മീ വിൽത്തലകൾ, തായ് പുത്രനെപ്പോലവേ
ചാരെ നിർത്തട്ടേ; മടിയ്ക്കാതരികളെ-
പ്പാരമെയ്യട്ടെ; കൊല്ലട്ടെ,യമിത്രരെ! 4

ഒട്ടേറെ മക്കളുള്ളച്ഛൻ, പിറകിലായ്-
ക്കെട്ടിയ ബാണധി ചിച്ചെന്നൊലിയിടും;
യുദ്ധത്തിലെത്തിയാലെയ്തു ജയിച്ചിടു,-
മൊത്തുചേർന്നാർക്കുന്ന സൈന്യത്തെയൊക്കയും! 5

തേരിൽ വാണിഷ്ടസ്ഥലങ്ങളിൽക്കൊണ്ടുപോം,
സാരഥിവര്യൻ പുരോയുക്താശ്വങ്ങളെ:
ഓർത്തവണ്ണമടക്കുന്നു, പിൻവാറുകൾ;
വാഴ്ത്തുവിനാ,ക്കയർച്ചാർത്തിൻ മഹിമയെ! 6

---

3. ധനുർജ്യാമന്ത്രം: കൌതുകം—രസകരമായിട്ടുള്ളത്. കർണ്ണമണഞ്ഞിടും—ആഞ്ഞുവലിക്കുമ്പോൾ. പ്രിയനെ—ബാണമാകുന്ന വല്ലഭനെ.

4. ധനുഷ്കോടിമന്ത്രം: കൂർ വായ്പ—സ്നേഹമേറിയവൾ ഭർത്തൃസമീപം വിട്ടുപോവില്ലല്ലോ; അതുപോലെ, പാർശ്വേ (ഇരുവശത്തും) പെരുമാറുന്നു. ചാരെ നിർത്തട്ടെ—ഈ രാജാവിനെ.

5. നിഷംഗമന്ത്രം: മക്കൾ—ബാണങ്ങൾ; അവയെ രക്ഷിക്കുന്നതിനാൽ ബാണധി(ആവനാഴി)യെ അച്ഛനാക്കിയിരിക്കുന്നു. ഒലിയിടും—ബാണങ്ങൾ വലിച്ചെടുക്കുമ്പോൾ, 'ചിച്ച്' എന്ന ശബ്ദം പുറപ്പെടുവിക്കും. സൈന്യത്തെ—ഈ രാജാവിന്റെ ശത്രുസേനയെ.

6. പൂർവ്വാർദ്ധം സൂതമന്ത്രം: ഉത്തരാർദ്ധം കടിഞാൺമന്ത്രം: പുരോയുക്താശ്വങ്ങളെ—തേരിൻമുമ്പിൽക്കെട്ടിയ കുതിരകളെ. പിൻവാറുകൾ—തേരിൻപിന്നിലെയ്ക്കു നീട്ടിക്കെട്ടിയ തോല്ക്കയറുകൾ. ഓർത്തവണ്ണം—സാരഥിയുടെ നിനവിനൊത്ത്. അടക്കുന്നു—അശ്വങ്ങളെ നിയന്ത്രിക്കുന്നു. വാഴ്ത്തുവിൻ—രാജാവിന്റെ ആളുകളേ, നിങ്ങൾ സ്തുതിക്കുവിൻ.

Digitized By Kerala Sahitya Akademi

പാരം പൊടി പറപ്പിയ്ക്കും കുളമ്പൊടേ
തേരും വലിച്ചുക്കിലോടും കുതിരകൾ
ചീറിച്ചിനയ്ക്കും; മടിയ്ക്കാതെ ഹിംസ്രരാം
മാറ്റരെക്കാലാൽച്ചവുട്ടിമെതിച്ചിടും! 7

തേരിലെ ദ്രവ്യമിവന്നു ഹവിസ്സുതാൻ:
പോരായുധംചട്ട വെയ്ക്കുന്നതേതിലോ,
സൌഖ്യദമാകുമത്തേരിനെ പ്രാപിയ്ക്ക,
നാൾക്കുനാൾ നമ്മൾ തെളിഞ്ഞ മനസ്സുമായ്! 8

പാലകർ നല്ലന്നമുണ്ണുവോര,ന്നദർ,
വേലേന്തിയോര,പായങ്ങൾ കൂസാത്തവർ,
ദുർദ്ധർഷരു,രുവീര്യർ, ചിത്രസൈന്യർ, ഗണ–
മർദ്ദകർ, വമ്പർ, ഗഭീരർ, ശരബലർ! 9

നേർ മുതിർക്കും പിതൃബ്രഹ്മസോമാർഹരും
ക്ഷേമം തരട്ടെ, നിഷ്പാപഭൂദ്യോക്കളും;
പൂഷാവഘം പോക്കി രക്ഷിയ്ക്ക, നമ്മളെ;–
ദ്ദോഷം കഥിപ്പോന്റെ കീഴിലാകായ്ക, നാം! 10

ചേണാറ്റ പത്രവും, തേടുന്ന പല്ലുമായ്,
ഞാണിൽത്തൊടുത്തെയ്തുകൊള്ളിയ്ക്കുമമ്പുകൾ,
വേറെയുമൊന്നിച്ചുമാളുകൾ പായുന്ന
പാരിൽ നമുക്കു സുഖം വരുത്തേണമേ! 11

---

7. അശ്വമന്ത്രം:

8. രഥമന്ത്രം: ഇവൻ (രാജാവു) ശത്രുക്കളെ ജയിച്ചു, തേരിൽക്കൊണ്ടു വരുന്ന ധനം ഹവിസ്സുതന്നെയാകും—രാജാവ് ആ ധനംകൊണ്ടു യാഗം കഴിയ്ക്കും. പോരായുധംചട്ട—യുദ്ധായുധങ്ങളും ചട്ടകളും.

9. രഥരക്ഷകമന്ത്രം: പാലകർ—തേർക്കാവല്ക്കാർ. നല്ലന്നം—രാജശത്രുക്കളെ തോല്പിച്ചു കൈക്കലാക്കിയ അന്നം. ഉരുവീര്യർ=വീര്യമുയർന്നവർ. ചിത്രസൈന്യർ=ദർശനീയമായ സൈന്യത്തോടുകൂടിയവർ. ഗണമർദ്ദകർ— വൈരിഗണത്തെ മർദ്ദിയ്ക്കുന്നവർ.

10. പിതൃബ്രഹ്മസോമാർഹർ=പിതാക്കളും ബ്രാഹ്മണരും സോമാർഹരും. അഘം=പാപം. ദോഷം കഥിപ്പോന്റെ—പാപം ചുമത്തുന്ന ശത്രുവിന്റെ.

11. ശരമന്ത്രം: പത്രം=ചിറകുകൾ. തേടുന്ന—ശത്രുക്കളെ തിരയുന്ന. പല്ല്—കൂർപ്പ് എന്നർത്ഥം. വേറെയും ഒന്നിച്ചും—വേർപിരിഞ്ഞും, കൂടിച്ചേർന്നും. ആളുകൾ പായുന്ന പാരിൽ—പോർക്കളത്തിൽ. സുഖം—ജയജന്യമായ സുഖം.

Digitized By Kerala Sahitya Akademi

പാടേ വളക്ക, നീയെങ്ങളെബ്ബാണമേ:
പാറയായ്ത്തീരട്ടെ, ഞങ്ങൾതൻ വിഗ്രഹം!
സോമനയത്തിപ്പറയട്ടെ, നമ്മളെ!
ക്ഷേമമുളവാക്കിടട്ടെ,യദിതിയും! 12

യാതൊന്നിനാലടിയ്ക്കുന്നു, തുടകളിൽ;
വൈദഗ്ദ്ധ്യശാലികൾ തല്ലുന്നു പിന്നിലും;
ആ നീ തെളിയ്ക്കുക, ചാട്ടവാറേ, ശരി-
യ്ക്കായോധനങ്ങളിലിത്തുരംഗങ്ങളെ! 13

പേർത്തുപേർത്തുള്ള ഞാൺതല്ല് തടുക്കവാൻ
കൈത്തണ്ടമേൽപ്പാമ്പുപോലെ ചുററുന്നതായ്,
ജ്ഞാതവ്യമെല്ലാമറിഞ്ഞതായ്,പ്പൌരുഷോ-
പേതമാം കയ്യുറ കാക്കുന്നു, ധന്വിയെ! 14

കാരിരിമ്പാം മുന, മാൻകൊമ്പിനാൽച്ചമ-
ച്ചോരു തുമ്പോ,വമായ്, നഞ്ഞു തേച്ചുള്ളതായ്,
കാറിൻെറ വീര്യത്തിൽനിന്നു പിറന്നതാം
വാരാളുമമ്പായ ദേവിയ്ക്കിതാ, നതി! 15

പോരിക, പോക, നീ മന്ത്രശിതാസ്ത്രമേ;
കേറുക മാററിൽ;-ശ്ശേഷിയായ്ക്കാരുമേ! 16

അസ്ത്രങ്ങൾ, മൊട്ടക്കിടാങ്ങൾപോലോടിവ-
ന്നൊത്തുമിടങ്ങളിലാ ബ്രഹ്മണസ്പതി

---

12. പാറ—ശത്രുക്കൾക്കു പിളർത്താവതല്ലാത്തത്. വിഗ്രഹം=ശരീരം. ഉയത്തിപ്പറയട്ടെ—പ്രശംസിയ്ക്കട്ടെ.

13. ചമ്മട്ടിമന്ത്രം: തുടകളിൽ—അശ്വങ്ങളുടെ. വൈദഗ്ദ്ധ്യശാലികൾ—വിദഗ്ദ്ധരായ അശ്വചോദന്മാർ.

14. കൈത്തണ്ടയുറയെക്കുറിച്ചുള്ള മന്ത്രം: ഞാൺതല്ല്—വില്ലിൻെറ ഞാൺ വന്നടിയ്ക്കുന്നത്. ജ്ഞാതവ്യം—യുദ്ധവിദ്യ. ധന്വി=വില്ലാളി.

15. ശരമന്ത്രംതന്നെ: തുമ്പ്—അഗ്രഭാഗം. കാറിൻെറ വീര്യം—പജ്ജന്യൻെറ രേതസ്സ്, മഴ; അമ്പുണ്ടാക്കുന്ന അമപ്പുല്ല് മഴകൊണ്ടാണല്ലോ, മുളയ്ക്കുന്നത്. വാരാളും—മഹതിയായ. നതി=നമസ്കാരം.

16. പോരിക—കാര്യം സാധിച്ചു തിരിയേവന്നാലും. മന്ത്രശിതാസ്ത്രമേ—മന്ത്രജപംകൊണ്ടു മൂർച്ച വന്ന ശരമേ. ആരുമേ—ശത്രുക്കളിൽ ഒരാൾപോലും.

Digitized By Kerala Sahitya Akademi

നമ്മൾക്കു സൌഖ്യം തരട്ടെ,യദിതിയും—
നമ്മൾക്കു സൌഖ്യം തരട്ടെ,യനുദിനം! 17
നിൻമർമ്മമെല്ലാം മറയ്ക്കുവൻ, ചട്ടയാൽ;
നിങ്കൽപ്പൊഴിയ്ക്കുക,മൃത സോമൻ പുരാൻ!
നിർഭരസൌഖ്യം വരുണൻ തരട്ടെ, തേ;
നിൻജയത്തെയഭിനന്ദിയ്ക്കു, ദേവകൾ! 18
കൂറു വെടിഞ്ഞ തന്നാളെയും, നമ്മളെ-
ദ്ദൂരത്തുനിന്നു വിദ്രോഹിച്ചവനെയും
മർദ്ദിച്ചരുളട്ടെ, ദേവകളേവരും;
മന്ത്രമാം ചട്ടയുണ്ടെ,ന്നൊത്തുണർയ്ക്കുവാൻ! 19

ആറാംമണ്ഡലം സമാപ്തം.

## ഏഴാം മണ്ഡലം.

സൂക്തം 1.

വസിഷ്ഠൻ ഋഷി; വിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.
(കാകളി)

ദൂരത്തുനിന്നു കാണാവും ഗൃഹേശനായ്
സൈ്വരം ചരിയ്ക്കും പ്രശസ്തനാമഗ്നിയെ
രണ്ടരണികളിൽനിന്നു ജനിപ്പിച്ചു-
കൊണ്ടാർ, മഖോദ്യതർ കൈവിരൽച്ചേഷ്ടയാൽ. 1

---

17. മൊട്ടക്കിടാങ്ങൾ=മുണ്ഡിതശിരസ്കരായ കുട്ടികൾ. ഇടങ്ങളിൽ—യുദ്ധരംഗങ്ങളിൽ.

18. നിൻ—രാജാവിന്റെ.

19. തന്നാളെയും—ജ്ഞാതിയെയും.

സൂക്തം 1.

1. മഖോദ്യതർ=യാഗത്തിന്നൊരുങ്ങിയവർ.

Digitized By Kerala Sahitya Akademi

എന്നൊന്നുമേ ഗൃഹത്തിങ്കലഭ്യർച്ച്യനായ്–
വന്ന സുമംഗളാലോകനാമഗ്നിയെ
ആലയത്തിൽ പ്രതിഷ്ഠിച്ചാർ, വസിഷ്ഠരേ–
താപത്തിൽനിന്നും പരിത്രാണനത്തിനായ്. 2

അന്യൂനമേധിതനാകിയ നീയവി–
ച്ഛിന്നമാം ജ്വാലയോടഗ്നേ, യുവതമ,
മുന്നിലെങ്ങൾക്കായ്ജ്ജ്വലിച്ചരുളേണമേ:
നിന്നിലണയുന്നു, ഭൂരിഹവിസ്സുകൾ! 3

ഏവരിൽ വാഴ്കു, സുജാതരാം നേതാക്ക–
ളാ;–വഹ്ന്യധികപ്രകാശരാമഗ്നികൾ
ഭദ്രരാം വീരരെക്കല്പിച്ചനല്കുവോർ
കത്തിപ്പടന്നു വിളങ്ങുന്നു, നിർഭരം! 4

വിദ്വേഷി വന്നൊരു നാശപ്പെടുത്താത്ത
ഭദ്രസമ്പത്തും സുപുത്രപൌത്രരെയും
തന്നരുളേണം, സ്തുതിയ്ക്കുന്ന ഞങ്ങൾക്ക,
വെന്നമത്താൻ കഴിവൊക്കമഗ്നേ, ഭവാൻ! 5

ഇക്കരുത്തങ്കലെത്തുന്നു, യുവതിയാം
സ്രുക്ക ഹവിസ്സേന്തി രാവഹസ്സുകളിൽ;
വന്നണയുന്നുണ്ടിവങ്കൽ,ധനം കൊട്ട–
ക്കുന്നതിലുത്സുകയായ തൻദീപ്തിയും! 6

അട്ടഹാസക്കാരെയിട്ടെരിയ്ക്കുന്നതാം
തിട്ടിനാൽ നീയെതിരാളരെയൊക്കയും

---

2. സുമംഗളാലോകൻ=ശുഭദർശനൻ. വസിഷ്ഠർ—വസിഷ്ഠനും തദ്ഗോത്രക്കാരും.

3. അന്യൂനമേധിതൻ—പ്രകർഷേണ വർദ്ധിതൻ.

4. നേതാക്കൾ—യജ്ഞാനുഷ്ഠായികൾ. വഹ്ന്യധികപ്രകാശർ—ലൌകികാഗ്നികളെക്കാൾ പ്രകാശമുള്ളവർ. അഗ്നികൾ—ആഹവനീയാദികൾ. വീരർ—പുത്രാദികൾ. നിർഭരം=ഏററവും.

5. വെന്നമത്താൻ—എതിരാളികളെ.

6. പരോക്ഷോക്തി: ഇക്കരുത്തൻ—അഗ്നി. യുവതി=ചേരുന്നവൾ; യുവതി എന്നും. കൊട്ടക്കുന്നതിൽ—സ്തോതാക്കൾക്ക്.

Digitized By Kerala Sahitya Akademi

ചുട്ടുപൊട്ടിയ്ക്കേണ,മഗ്നേ; മനോവ്യഥ
വിട്ടുപോംവണ്ണം മുടിയ്ക്ക, രോഗത്തെയും! 7
തൂവെണ്മ പൂണ്ടു വിളങ്ങുമഗ്നേ, ശരി-
യ്ക്കേവൻ വരേണ്യ, നിൻദീപ്തി വളർത്തുമോ;
പാവക, നീയവനൊന്നപോലാവുകി,-
ങ്ങേവം സ്തുതിച്ചുപാടുന്ന ഞങ്ങൾക്കുമേ! 8
അഗ്ര്യരാം മർത്ത്യർ പിതൃഹിതന്മാരെവ-
രഗ്നേ, പലേടം ഭജിച്ചു, നിൻദീപ്തിയെ;
അങ്ങയ്ക്കവരിൽക്കണക്കി,ങ്ങു വാഴ്ത്തുന്ന
ഞങ്ങളിലും തിരുവുള്ളമുണ്ടാകണം! 9
ഏവർ പുകഴ്ത്തുന്നു, മേത്തരമെൻകർമ്മ;-
മാ വിക്രമോപേതരായ മർത്ത്യരിവർ
ആയോധനങ്ങളിൽക്കീഴമർത്തട്ടെ, നേ-
ക്കാസുരമായാപ്രയോഗങ്ങളൊക്കയും! 10
ശൂന്യഗേഹത്തിലാക്കൊല്ലേ,ങ്ങൾതന്നിരി-
പ്പ,ന്യഗേഹത്തിലുമഗ്നേ, ഗൃഹഹിത:
ഞങ്ങളപുത്രരവീരർ നിന്നെബ്ഭജി-
ച്ചിങ്ങു പാർക്കാവൂ, സസന്താനമാം ഗൃഹേ! 11
അഗ്നി നിത്യം മഖത്തിന്നണഞ്ഞെഴുന്നള്ളു;-
മഗ്ഗൃഹം, സുപ്രജാഭൃത്യാദിസംയുതം,*
ഔരസപുത്രനെക്കൊണ്ടഭിവൃദ്ധമായ്-
ത്തീരുവൊന്നൊങ്ങൾക്കു (തന്നരുളേണമേ)! 12

---

7. പ്രത്യക്ഷവചനം: അട്ടഹാസക്കാർ—രക്ഷസ്സുകൾ. ത്വിട്ട്=തേജസ്സ്.

8. അവന്നെന്നപോലാവുക—അവനെയെന്നപോലെ, ഞങ്ങളെയും അനുഗ്രഹിച്ചാലും. ഇങ്ങ്—ഈ യജ്ഞത്തിൽ.

10. ഇവർ—എങ്കൽ സ്നേഹമുള്ളവർ.

11. ശൂന്യഗേഹം—പുത്രനും മററുമില്ലാത്ത ഗൃഹം. അന്യഗേഹത്തിലും—അന്യഗൃഹത്തിലുമാക്കൊല്ല. ഗൃഹഹിത=ഗൃഹത്തിന്നു നന്മ വരുത്തുന്നവനേ. പുത്രരും വീരരായ ആൾക്കാരുമില്ലാത്ത ഞങ്ങൾ ഭവദ്ഭജനത്താൽ സസന്താനമായ ഗൃഹത്തിൽ വസിയ്ക്കുന്നവരായിത്തീരണം.

12. അഗ്നി നിത്യം യാഗത്തിന്നു വന്നുചേരുന്നതും മററുമായ ഗൃഹം.



Digitized By Kerala Sahitya Akademi

ഒന്നും കൊടാത്ത പാപേച്ഛുവാം ഹിംസ്രകൽ-
നിന്നെങ്ങളെക്കാത്തരുളുകഗ്നേ, ഭവാൻ;
വല്ലാത്ത രക്ഷസ്സിൽനിന്നുമേ രക്ഷിയ്ക്കു;
വെല്ലാവു, മാററാരെ നിൻതുണകൊണ്ടു ഞാൻ! 13

ആയിരം സ്ഥാനവുമൌജ്ജിത്യവും ദൃഢ-
മായ കരവുമുള്ളോനാം തനൂഭവൻ
അക്ഷയസ്തോത്രമോടാരിലുണയു;-മാ-
യഗ്നിതാൻ മീതെയാക,ഗ്ന്യന്തരങ്ങളിൽ! 14

ആരു കാക്കും, വളപ്പോനെയുപദ്രവ—
ക്കാരിൽനിന്നും, മഹാപാപത്തിൽനിന്നുമേ;
ആരെപ്പരിചരിച്ചീടും, സുജാതരാം
വീര;-രദ്ദേഹമാണ,ഗ്നിത്തിരുവടി! 15

ധാരിതഹവ്യനായെയശപയ്യതൽപര-
നാരെ വേണ്ടുംവിധമുജ്ജ്വലിപ്പിയ്ക്കുമോ;
ആരു ഹോതാവായ്ച്ചരിയ്ക്കും, മഖങ്ങളി;-
ലായഗ്നിയാഹുതൻ, ഭൂരിദേശങ്ങളിൽ! 16

നിത്യകമ്മങ്ങൾ കഴിച്ചും, വിളിയ്ക്കുവാൻ
യുക്തമാം സ്തോത്രവും ശസ്ത്രവും ചൊല്ലിയും,
എത്രയോ ഹവ്യം ഭവാങ്കൽപ്പൊഴിയ്ക്കാവു,
വിത്തേശരായെങ്ങളഗ്നേ, മഖങ്ങളിൽ! 17

കൊണ്ടാടിടേണ്ടുമീ ഹവ്യങ്ങളമ്പക്ക
കൊണ്ടുപോയാലുമജസ്രമഗ്നേ, ഭവാൻ;

---

13. ഒന്നും കൊടാത്ത—അരാധിത്തുക്കനായ.

14. ആയിരം സ്ഥാനം—അനേകമിടങ്ങൾ. ഔജ്ജിത്യം=ബലം. അഗ്ന്യന്തരങ്ങളിൽ—മററ് (അന്യരുടെ) അഗ്നികളെക്കാൾ. സമത്ഥനായ പുത്രനുള്ളവന്റെ അഗ്നിയേ അന്യരുടെ അഗ്നികളെ അതിശയിയ്ക്കൂ.

15. വളപ്പോൻ—ഉജ്ജ്വലിപ്പിയ്ക്കുന്നവൻ. വീരർ—സ്തോതാക്കൾ.

16. ധാരിതഹവ്യനായ്=ഹവിസ്സെടുത്ത്. ഹോതാവ്—ദേവന്മാരെ വിളിയ്ക്കുന്നവൻ. ആഹുതൻ—ഹോമിയ്ക്കപ്പെട്ടവരുന്നു.

17. വിത്തേശരായ്—ധനികന്മാരായിത്തീന്നിട്ട്.

Digitized By Kerala Sahitya Akademi

അഗ്ഗ്ണത്തിങ്കലോരോരുത്തനും കൊതി–
യുററുകൊണ്ടിടട്ടെ,യീ നല്ല വസ്തുക്കളിൽ! 18

വിട്ടുകൊടുക്കരുത,ഗ്നേ, ക്ഷയത്തിനോ,
പൊട്ടമുണ്ടിനോ, പശിയ്ക്കോ, പിശാചിനോ,
സത്ത്വവൻ, നിസ്സുതത്വത്തിനോ ഞങ്ങളെ:–
ബ്ബുദ്ധിമുട്ടിയ്ക്കൊല്ല, വീട്ടിലും കാട്ടിലും! 19

അഗ്നേ, വെട്ടപ്പാക്കുക,ന്നമെനിയ്ക്കാശു;
സൽക്രതുക്കാറക്കുമെയയ്ക്കു, ദേവ, ഭവാൻ:
ത്വദ്ദാനപാത്രങ്ങളാകി,രുക്കൂട്ടരും;
സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ! 20

ശോഭയോടഗ്നേ, ജ്വലിയ്ക്കു, ബലാത്മജ,
ശോഭനാഹ്വാനൻ മനോജ്ഞരൂപൻ ഭവാൻ;
ചൂടണയ്ക്കാതേ തുണയ്ക്കു, തനൂജനെ;
വാടരുതെ,ങ്ങറതൻ മർത്ത്യഹിതൻ സുതൻ! 21

ഞങ്ങളെക്കൃച്ഛ്രേണ പോററാൻ കഥിയ്ക്കുരു–
തി,ങ്ങൃതച്ചിഗിദ്ധാഗ്നികളോടു തോഴർ നീ;
അഗ്നേ, ബലാത്മജ, ദേവ, തീണ്ടൊല്ല, നി–
നുഗ്രഭാവം പ്രമാദത്തിലും ഞങ്ങളെ! 22

അഗ്നേ, സുതേജസ്സു, ഹവ്യമമർത്ത്യനാ–
മങ്ങയ്ക്കു ഹോമിച്ച മർത്ത്യൻ ധനാഢ്യനാം!

---

18. അജസ്രം=നിത്യം. അഗ്ഗ്ണം—ദേവഗണം.

19. ഞങ്ങറക്കു ക്ഷയവും മററും വരുത്തരുത്. പൊട്ടമുണ്ട്—വരുതി എന്നത്ഥം. നിസ്സുതത്വം=പുത്രനില്ലായ്ക.

20. വെട്ടപ്പാക്കുക—എനിയ്ക്കു തരാൻ നല്ല അന്നം കരുതുക. സൽക്രതുക്കാറ—യജ്ഞവാന്മാർ. ഇരുക്കൂട്ടരും—സ്തുതിയ്ക്കുന്നവരും, യജിയ്ക്കുന്നവരും. പാലിപ്പിൻ—അങ്ങും, അങ്ങയുടെ പരിവാരങ്ങളും രക്ഷിപ്പിൻ.

22. ഋതച്ചിഗിദ്ധാഗ്നികാറ=ഋത്വിക്കുകളാൽ ജ്വലിപ്പിയ്ക്കപ്പെട്ട അഗ്നികാറ. കൃച്ഛ്രേണ (കഷ്ടിച്ച്) പോററാൻ പറഞ്ഞാൽപ്പോരാ; തികച്ചും പോററാൻ പറയണം. തോഴർ—ഞങ്ങളുടെ സഖാവായ. ഉഗ്രഭാവം—നിഗ്രഹബുദ്ധി.

Digitized By Kerala Sahitya Akademi

അർത്ഥിയാം സ്തോതാവു ചോദിച്ചറിഞ്ഞാ,രി-
ലെത്തു,മവൻ ദേവതാവാപ്തവിത്തനാം! 23
ഞങ്ങൾതൻ പ്രൌഢസൽക്കർമ്മമറിഞ്ഞ നീ-
യിങ്ങു പുകഴ്ത്തുവോക്കെത്തിയ്ക്ക, വന്മുതൽ:
ഞങ്ങളിതിനാൽബ്ബലിഷ്ഠ, മത്താടാവു,
ഭംഗമറാ,ഗ്നേ, ചിരായുസ്സുവീരരായ്! 24
അഗ്നേ, വെട്ടപ്പാക്കക,നാമെനിയ്ക്കാശു;
സൽക്രതുക്കൾക്കമയയ്ക്ക, ദേവ, ഭവാൻ:
ത്വദ്ദാനപാത്രങ്ങളാകി,യുക്കൂട്ടരും;
സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ! 25

ഒന്നാമദ്ധ്യായം സമാപ്തം.

---

## രണ്ടാമദ്ധ്യായം

സൂക്തം 2.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സമിദ്ധാദ്യഗ്നികൾ ദേവത.

അഗ്നേ, അങ്ങ് ഇപ്പോൾ ഞങ്ങളുടെ ചമതയിലിരുന്നാലും:
യജനീയമായ രമണീയധൂമം പ്രസരിപ്പിച്ച്, ഏറ്റവും ഉജ്ജ്വലിച്ചാലും;
ചുടുനാളങ്ങൾകൊണ്ട് ആകാശം സ്പർശിച്ചാലും; സൂര്യരശ്മികളോടു ചേ
ന്നാലും! 1
സുപ്രജ്ഞരായ, തേജസ്വികളായ, കർമ്മങ്ങളെ നിലനിർത്തുന്ന
വരായ യാവചിലർ രണ്ടുതരം ഹവിസ്സുകളും ആസ്വദിയ്ക്കുമോ; ആ ദേ

---

23. ചോദിച്ചറിഞ്ഞ്—ആരുടെ അടുക്കൽച്ചെന്നാൽ ധനം കിട്ടും എന്ന ന്വേഷിച്ചറിഞ്ഞ്. അവൻ—ആ ഉദാരൻ. ദേവതാവാപ്തവിത്തനാം=ദേവതകളിൽ നിന്നു സമ്പത്തു ലഭിച്ചവനായിത്തീരും.

24. ഇതിനാൽ—ത്വദ്ദത്തമായ വന്മുതലിനാൽ. ഭംഗം=ഇടിവ്. ചിരായുസ്സുവീരരായ്—ദീർഘായുസ്സോടും നല്ല വീരന്മാരോടും(പുത്രാദികളോടും)കൂടി.

സൂക്തം 2.

1. സമിദ്ധാഗ്നിയോട്:

Digitized By Kerala Sahitya Akademi

വന്മാരിൽവെച്ചു യജ്ഞാർച്ചനീയനായ നരാശംസൻെറ മഹിമാവിനെ ഞങ്ങൾ സ്തുതിയ്ക്കുന്നു. 2

സ്തുത്യനും, ബലവാനും, സുപ്രജ്ഞനും, വാന്ഴികൾക്കിടയിൽ ദൂതനും, മനുഷ്യരാലെന്നപോലെ മനുവിനാൽ വളൎത്തപ്പെട്ടവനുമായ സത്യഭാഷിയെ നിങ്ങൾ യാഗത്തിനായി സദാ പൂജിയ്ക്കുവിൻ! 3

സപൎയ്യാതൽപരർ കാൽമുട്ടുകൾ മടക്കിനിന്ന്, അഗ്നിയിൽ ദൎഭയും ഹവ്യവും പ്രക്ഷേപിയ്ക്കുന്നു—അധ്വൎയ്യുക്കളേ, നിങ്ങൾ നൈ തളിച്ചതായ, പുള്ളികൾ വീണ ദൎഭയും ഹവിസ്സും ഹോമിച്ചു പരിചരിയ്ക്കുവിൻ! 4

രഥമിച്ഛിയ്ക്കുന്ന സുകൎമ്മാക്കളായ ദേവകാമന്മാർ യാഗശാലയുടെ വാതില്ക്കലെത്തി. തുമ്പു കിഴക്കോട്ടായ (ഇരുസ്രുക്കുകൾ), തള്ളപ്പൈക്കൾ കുട്ടിയെ എന്നപോലെ, (അഗ്നിയെ) നക്കുന്നു; നദികൾപോലെ, (അധ്വൎയ്യുക്കൾ) നൈ പുരട്ടിയ്ക്കുന്നു. 5

യുവതികളായി, ദിവ്യകളായി, മഹതികളായി, ദൎഭസ്ഥിതകളായി, ബഹുസ്തുതകളായി, യജ്ഞാൎഹകളായി, ധനവതികളായിരിയ്ക്കുന്ന അഹോരാത്രികൾ നല്ല കാവല്പയ്യുപോലെ, നമ്മളിൽ നന്മയ്ക്കായി ചേൎന്നിരിക്കട്ടെ! 6

മേധാവികളായ ജാതവേദസ്സുകളേ, മനുഷ്യരുടെ യാഗങ്ങളിൽ കൎമ്മം ചെയ്യുന്ന നിങ്ങളിരുവരെയും ഞാൻ യജനത്തിനായി സ്തുതിയ്ക്കുന്നു: ആ നിങ്ങൾ സ്തുതിയ്ക്കുന്ന ഞങ്ങളുടെ യാഗത്തെ മേല്പോട്ടു കൊണ്ടുപോകുവിൻ; ദേവന്മാരുടെ ധനം നിങ്ങൾക്കധീനമാണല്ലോ! 7

---

2. രണ്ടുതരം ഹവിസ്സുകൾ—സോമനീരും പുരോഡാശവും. യജ്ഞാൎച്ചനീയൻ—യജ്ഞങ്ങൾ(ഹവിസ്സോ, സ്തോത്രമോ)കൊണ്ടു പൂജനീയൻ. നരാശംസൻ—ഒരഗ്നി.

3. മനുഷ്യരാലെന്നപോലെ—ഇപ്പോൾ മനുഷ്യർ ചെയ്യുന്നതുപോലെ, പണ്ടു മനു വളൎത്തിയവനും. സത്യഭാഷി—അഗ്നി.

5. നദികൾപോലെ—നദികൾ വയലിനെ നനയ്ക്കുന്നതുപോലെ.

7. രണ്ടു ദൈവ്യാഗ്നികളെപ്പററി: മേല്പോട്ടു—ദേവന്മാരുടെ അടുക്കലെയ്ക്കു്. നിങ്ങൾക്കധീനമാണല്ലോ—അതു ഞങ്ങൾക്കു തരുവിൻ എന്നു ഹൃദയം.

Digitized By Kerala Sahitya Akademi

ഭാരതികളോടൊന്നിച്ച് ഭാരതിയും, മനുഷ്യദേവന്മാരോടൊന്നി
ച്ച് ഇളയും, അഗ്നിയും, സാരസ്വതരോടൊന്നിച്ച് സരസ്വതിയും ഇ
ങ്ങോട്ടെഴുന്നള്ളട്ടെ; ദേവിമാർ മൂവരും ഈ ദർഭയിൽ ഉപവേശിയ്ക്കട്ടെ! 8

ദേവ, ത്വഷ്ടാവേ, വിളയാടുന്ന ഭവാൻ ആ താരകമായ പോ
ഷകം പകർന്നാലും: എന്നാൽ, വീരനും കർമ്മകുശലനും ബലവാനും
അമ്മിക്കുഴയെടുക്കുന്നവനുമായ ദേവകാമൻ പിറക്കുമല്ലോ! 9

വനസ്പതേ, ഭവാൻ ദേവകളെ ഇവിടെ വരുത്തുക. അഗ്നിയും
പശുവിനെ സംസ്കരിച്ച്, ഹവിസ്സ് ദേവകൾക്കെത്തിയ്ക്കട്ടെ. ആ സ
ത്യസ്വരൂപനായ ഹോതാവുതന്നെ യജിയ്ക്കട്ടെ: അവിടെയ്ക്കറിയാമല്ലോ,
ദേവന്മാരുടെ ജനനങ്ങൾ! 10

അഗ്നേ, സമുജ്ജ്വലനായ ഭവാൻ ഇന്ദ്രനോടും സത്വരരായ
ദേവന്മാരോടുംകൂടി ഒരേതേരിൽ ഇങ്ങോട്ടു വന്നാലും! പുത്രസഹിതയായ
അദിതി ഞങ്ങളുടെ ദർഭയിലിരിയ്ക്കട്ടെ! സ്വാഹാ, അമർത്ത്യരായ ദേവ
ന്മാർ ഇമ്പംകൊള്ളട്ടെ! 11

---

## സൂക്തം 3.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

യാതൊരു ദേവൻ മനുഷ്യരിൽ എന്നൊന്നും കുടികൊള്ളുന്നവ
നും, പൊള്ളിയ്ക്കുന്ന തേജസ്സുള്ളവനും, അന്നവാനും, പാവകനുമാകുന്നു
വോ; ആ മികച്ച യഷ്ടാവിനെ — അഗ്നികളോടു സഹിതനായ അഗ്നി
യെ — നിങ്ങൾ അധ്വരത്തിൽ ദൂതനാക്കുവിൻ! 1

തീററ തിന്നു ചിനയ്ക്കുന്ന ഒരു കുതിരപോലെ, അദ്ദേഹം വലിയ
തടവു വിട്ടു സ്ഥിതിചെയ്യുമ്പോൾ, അദ്ദേഹത്തിൻെറ ജ്വാല പടരുക
യായി; ഉടനേ, അങ്ങയുടെ മാർഗ്ഗം കറുത്തിരുളും! 2

---

8. ഇതുമുതൽ 4 ഋക്കുകൾ രണ്ടാമഷ്ടകം എട്ടാമധ്യായത്തിലുണ്ട്; അതി
നാൽ, ഇവിടെ ടിപ്പണി എഴുതേണ്ടതില്ല.

സൂക്തം 3.

1. ദേവന്മാരോട്: അഗ്നികൾ — മററഗ്നികൾ.

2. സ്ഥിതിചെയ്യുമ്പോൾ — വൃക്ഷങ്ങളിൽ ദാവാഗ്നിയായി വർത്തിയ്ക്കു
മ്പോൾ. ഒടുവിലെ വാക്യം പ്രത്യക്ഷസ്തുതി.

Digitized By Kerala Sahitya Akademi

അഗ്നേ, പുതുതായി വെളിപ്പെട്ട ഭവാൻെറ തളരാത്ത ജ്വാലകൾ ഉയരുന്നതെപ്പോഴോ, അപ്പോൾ നിറന്ന പുക ആകാശത്തണയും; അഗ്നേ, അവിടുന്നു ദൂതനായി ദേവന്മാരെ പ്രാപിയ്ക്കുകയുംചെയ്യും! 3

അങ്ങയുടെ തേജസ്സ് നിലത്തു പടന്നിട്ട്, അന്നങ്ങളെ പല്ലുകൾകൊണ്ടു ചിക്കെന്നു കടിച്ചുതിന്നും; അങ്ങയുടെ ജ്വാല, ഒരുങ്ങിയ ഒരു സേനപോലെ നടക്കും. ദശനീയ, ഭവാൻ യവമെന്നപോലെ, ജ്വാലകൊണ്ടു ഭക്ഷിയ്ക്കുന്നു! 4

ആ അതിയുവാവായ, അതിഥിയായ അഗ്നിയെത്തന്നേ മനുഷ്യർ ഇരവുപകൽ തൽസ്ഥാനത്ത് ഉജ്ജ്വലിപ്പിച്ച്, അജസ്രഗാമിയായ ഒരശ്വത്തെയെന്നപോലെ പരിചരിച്ചുപോരുന്നു; ആഹുതനായ വൃഷാവിൻെറ ജ്വാല തിളങ്ങുകയുംചെയ്യുന്നു! 5

സുതേജസ്സ്, പൊന്നുപോലെ അരികത്തു വിളങ്ങുമ്പോൾ, നിന്തിരുവടിയുടെ രൂപം എത്ര ദശനീയം! അങ്ങയുടെ ബലം, വാനിൽനിന്ന് ഇടിവാൾപോലെ പുറപ്പെടും. അങ്ങ്, വിചിത്രനായ സൂര്യൻപോലെ പ്രഭ പരത്തുന്നു! 6

അഗ്നിയായ നിന്തിരുവടിയ്ക്കു സ്വാഹാ! ഞങ്ങൾ പാലും നെയ്യും ചേന്ന ഹവിസ്സുകൾകൊണ്ടു പരിചരിയ്ക്കുമാറാകണം; അഗ്നേ, അതിന്നു നിന്തിരുവടി എണ്ണമില്ലാത്ത തേജസ്സുകൾകൊണ്ടു, നൂറുപൊന്നിൻപുരികൾകൊണ്ടെന്നപോലെ ഞങ്ങളെ സംരക്ഷിച്ചാലും! 7

ബലത്തിൻെറ മകനേ, ജാതവേദസ്സേ, ദാതാവായ അവിടെയ്ക്ക് അപ്രധൃഷിതങ്ങളായ ജ്വാലകളുണ്ട്; പ്രജകളെ പാലിയ്ക്കുന്ന അരുളപ്പാടുകളുമുണ്ട് അവകൊണ്ടു, സ്തുതിയ്ക്കുന്ന പ്രശസ്തസൂരികളെയും ഞങ്ങളെയും ഭവാൻ സംരക്ഷിയ്ക്കണം! 8

തൻെറ തഴച്ച കാന്തികൊണ്ടു തിളങ്ങുന്ന ശുചി, അണയ്ക്കപ്പെട്ട മഴുപോലെ പുറത്തെയ്ക്കു പോന്നാൽ ദേവയജനത്തിന്നുള്ളവനായി: രണ്ട

---

3. നിറന്ന—നിറമിയന്ന.

4. അന്നങ്ങളെ—മരത്തടി മുതലായവയെ. പല്ലുകൾ—ജ്വാലകൾ. ഭക്ഷിയ്ക്കുന്നു.—വനത്തെ; യവം തിന്നുന്നതുപോലെ.

5. തൽസ്ഥാനത്ത്—ആഹവനീയസ്ഥാനത്ത്. വൃഷാവ്—അഭീഷ്ടവഷിയായ അഗ്നി.

7. നൂറ്—അസംഖ്യങ്ങളായ.

Digitized By Kerala Sahitya Akademi

മ്മമാരിൽനിന്നു ജനിച്ചവനാണല്ലോ, കമനീയനും സുകർമ്മാവുമായ ഈ പാവകൻ! 9

അഗ്നേ, അങ്ങ് ഈ സൌഭാഗ്യങ്ങൾ ഞങ്ങൾക്കു തന്നരുളുക. കർമ്മിയായ ശോഭനജ്ഞാനൻ ഞങ്ങൾക്കു ജനിയ്ക്കണം. സകലവും ഉണ്ടായിവരട്ടെ, പുകഴ്ത്തുന്നവർക്കും പാടുന്നവർക്കും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 10

---

സൂക്തം 4.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ആർ ദേവകളും മനുഷ്യരുമാകുന്ന പ്രജകളുടെയെല്ലാമിടയിൽ അറിഞ്ഞു നടക്കുന്നുവോ, ആ വെൺനിറം പൂണ്ടു വിളങ്ങുന്ന അഗ്നിയ്ക്കു നിങ്ങൾ പരിശുദ്ധമായ ഹവിസ്സും സ്തുതിയും ഒരുക്കുവിൻ! 1

അമ്മയിൽനിന്ന് അതിയുവാവായിത്തന്നേ ജനിച്ച ആ മേധാവിയായ അഗ്നി മറുകരയണയ്ക്കുന്നവനാകുന്നു. താൻ തെളിഞ്ഞ പല്ലുകൾകൊണ്ടു കാടുകൾ കടിച്ചെടുക്കും; ഒരുപാടന്നങ്ങൾ ഉടനടി തിന്നുതീർക്കും! 2

ഈ ദേവന്റെ മുഖ്യസ്ഥാനത്തു യാതൊരു ധവളവർണ്ണനെ ആളുകൾ പ്രതിഷ്ഠിയ്ക്കുന്നുവോ; യാതൊരുവൻ മനുഷ്യരുടെ സ്തുതി കൈക്കൊള്ളുന്നുവോ; ആ അഗ്നി മർത്ത്യന്നുവേണ്ടി ദുദ്ധർഷമാംവണ്ണം ഉജ്ജ്വലിയ്ക്കുന്നു! 3

---

9. ശുചി=അഗ്നി. പുറത്തെയ്ക്കു പോന്നാൽ—മരത്തടികളെ വിട്ടുപോന്നാൽ. രണ്ടമ്മമാർ—രണ്ടരണികൾ.

10. ശോഭനജ്ഞാനൻ—നല്ല ജ്ഞാനമുള്ള പുത്രൻ.

സൂക്തം 4.

1. ഋത്വിക്കുകളോട്:

2. അമ്മ—അരണി. മറുകര—യജ്ഞങ്ങളുടെ. പല്ലുകൾ—ജ്വാലകൾ. അന്നങ്ങൾ—വൃക്ഷാദികൾ.

3. ധവളവർണ്ണനെ—അഗ്നിയെ.

Digitized By Kerala Sahitya Akademi

ഈ ക്രാന്തദർശിയും പ്രകാശകനും അമർത്ത്യനുമായ അഗ്നി ക്രാ
ന്തദർശികളല്ലാത്ത മർത്ത്യരിൽ കുടികൊള്ളുന്നു! ഞങ്ങളുടെ മനസ്സ് എ
പ്പോഴും അങ്ങിൽ തെളിഞ്ഞുനില്ക്കേണമേ, ബലവാനേ, ആ നിന്തിരു
വടി ഞങ്ങളെ ഇവിടെ കഷ്ടപ്പെടുത്തരുതേ! 4

ദേവകളാൽ നിർദ്ദിഷ്ടമായ സ്ഥാനത്രേ, അഗ്നിയിരിക്കുന്നത്:
അമർത്ത്യരെ തുണയ്ക്കുന്നവനാണല്ലോ, താൻ. ഈ വിശ്വംഭരനെ ഓഷ
ധികളും വൃക്ഷങ്ങളും ഭൂമിയും ഗർഭത്തിൽ ധരിക്കുന്നു! 5

അഗ്നിക്കു കഴിവുണ്ടല്ലോ, അന്നം വളരെത്തരാൻ; നല്ല വീര്യം,
ധനം എന്നിവ തരാനും കഴിവുണ്ട്, ബലവാനേ. പുത്രനോടുകൂടാതെ
യാകരുത്, അഴകോടുകൂടാതെയാകരുത്, പരിചാരണത്തോടുകൂടാതെയാ
കരുത്, ഞങ്ങളുടെ ഇരിപ്പ്! 6

കടമില്ലാഞ്ഞാൽ മതിയാവുമല്ലോ, മുതൽ: ഉറച്ച ധനത്തി
ന്റെ ഉടമകളാകണം, ഞങ്ങൾ! അഗ്നേ, അന്യപ്രജ സ്വസന്താനമാ
കില്ല; വിഡ്ഢിമാർഗ്ഗത്തിനു വീതി കൂട്ടരുതേ! 7

എത്ര സുഖിപ്പിക്കപ്പെട്ടാലും ഇണങ്ങാത്ത അന്യജാതനെ കൈ
ക്കൊള്ളാൻ മനസ്സിൽ വിചാരിക്കയേ വയ്യ: അവൻ സ്വസ്ഥാനത്തെ
ക്കുതന്നേ തിരിച്ചുപോയ്ക്കളയും. അതിനാൽ, അന്നവാനും കീഴമർത്തു
ന്നവനുമായ നവീനൻ ഞങ്ങൾക്കു പിറക്കട്ടെ! 8

അഗ്നേ, അങ്ങ് ഞങ്ങളെ ദ്രോഹിയിൽനിന്നും, ബലവാനേ,
അങ്ങ് പാപത്തിൽനിന്നും പരിപാലിക്കണം. നിർദ്ദോഷമായ ഹവിസ്സ്
വഴിപോലെ ഭവാങ്കലെത്തട്ടെ; സ്പൃഹണീയമായ ആയിരംധനം ഞങ്ങ
ളിലും! 9

---

5. വിശ്വംഭരൻ—ഉലകെല്ലാം താങ്ങുന്നവൻ.

6. രണ്ടാംവാക്യം പ്രത്യക്ഷോക്തി:

മതിയാവും—കാലക്ഷേപത്തിന്ന് ഉറച്ച—കടച്ചുമതലയില്ലാത്ത. അന്യപ്രജയെ സ്വസന്താനമാക്കലും മററും വിഡ്ഢികളുടെ വഴിയാണ്; അതിന്നു വീതി കൂട്ടിക്കൂടാ. ഞങ്ങളെയും ആ വഴിയിലൂടേ നടത്തരുതേ എന്നർത്ഥം.

8. അന്യപ്രജ സ്വസന്താനമാകില്ല എന്നു മുൻഋക്കിൽ പറഞ്ഞതു വിവരിക്കുന്നു: സ്വസ്ഥാനം—താൻ ജനിച്ച ഗൃഹം. നവീനൻ—പുതിയ പുത്രൻ.

21*

Digitized By Kerala Sahitya Akademi

അഗ്നേ, അങ്ങ് ഈ സൌഭാഗ്യങ്ങൾ ഞങ്ങൾക്ക തന്നരുളുക: കൎമ്മിയായ ശോഭനജ്ഞാനൻ ഞങ്ങൾക്ക ജനിയ്ക്കണം; സകലവും ഉണ്ടായിവരട്ടേ, പുകഴ്ത്തുന്നവൎക്കും പാടുന്നവൎക്കും. നിങ്ങൾ 'സ്വസ്തി'യാൽ പ്പാലിപ്പിനെ,പ്പോഴുമെങ്ങളെ! 10

---

സൂക്തം 5.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വൈശ്വാനരാഗ്നി ദേവത.

ആർ എല്ലാ അമൎത്ത്യരുടെയും ഇരിപ്പിടത്തിൽ, ആ ജാഗരൂകരോടൊപ്പം വളരുന്നുവോ; വാനിലും മന്നിലും നടക്കുന്ന ബലവാനായ ആ വൈശ്വാനരാഗ്നിയെ നിങ്ങൾ സ്തുതിയ്ക്കുവിൻ! 1

നദികളെ നയിയ്ക്കുന്നവനും ജലങ്ങളെ പൊഴിയ്ക്കുന്നവനുമായ യാതൊരഗ്നി ദ്യോവിലും ഭൂവിലുംവെച്ചു പൂജിയ്ക്കപ്പെടുന്നുവോ; ആ വൈശ്വാനരൻ ഹവിസ്സുകൊണ്ടു വളൎന്നു, മനുഷ്യപ്രജകൾക്കായി പ്രകാശിയ്ക്കുന്നു! 2

വൈശ്വാനരാഗ്നേ, അങ്ങ് പൂരുവിന്നുവേണ്ടി പുരികൾ പൊളിച്ചു, കത്തിജ്ജ്വലിയ്ക്കുയുണ്ടായല്ലോ; അന്ന് അങ്ങയെപ്പേടിച്ചു കറുമ്പന്മാർ വേറുപിരിഞ്ഞു, മുതലും വെടിഞ്ഞു, കുതിച്ചുപാഞ്ഞു! 3

വൈശ്വാനരാഗ്നേ, അങ്ങയ്ക്കായുള്ള കൎമ്മത്തെ അന്തരിക്ഷവും ഭൂവും ദ്യോവും ആദരിയ്ക്കുന്നു: നിത്യതേജസ്സുകൊണ്ടു വിളങ്ങുന്ന ഭവാൻ ശോഭകൊണ്ടു വാനൂഴികൾക്ക വീതി കൂട്ടുന്നു! 4

അഗ്നേ, പ്രജകളുടെ സ്വാമിയും, ധനങ്ങളുടെ നേതാവും, ഉഷസ്സിന്റെയും പകലിന്റെയും കൊടിമരവും, വൈശ്വാനരനുമായ അങ്ങയെ അശ്വങ്ങൾ സ്പൃഹയോടേ സേവിയ്ക്കുന്നു; (പാപത്തെ) പാപ്പിയ്ക്കുന്ന, നെയ്യോടുകൂടിയ സ്തുതികളും! 5

---

സൂക്തം 5.

1. സ്തോതാക്കളോട്. ഇരിപ്പിടം—യാഗശാല. ആ ജാഗരൂകർ—ഉണർവു പൂണ്ട അമൎത്ത്യന്മാർ.

3. പൂരു—രാജാവ്. പുരികൾ—ശത്രുനഗരികൾ. കറുമ്പന്മാർ—രാക്ഷസർ.

5. നെയ്യ്—ഹവിസ്സ്.

Digitized By Kerala Sahitya Akademi

മിത്രങ്ങളെ പൂജിയ്ക്കുന്ന അഗ്നേ, അങ്ങയിലാണ്, ദേവന്മാർ ബലം വെച്ചിരിയ്ക്കുന്നത്: അവർ അങ്ങയ്ക്കുള്ള കർമ്മത്തിൽ ചേർന്നവല്ലോ. അങ്ങു കർമ്മവാന്മാരുകനത്ത തേജസ്സുളവാക്കി, കർമ്മഹീനരെ സ്ഥാനത്തുനിന്നോടിച്ചു! 6

ആ ഭവാൻ അത്യുന്നതമായ ആകാശത്തുദിച്ചു, വായുപോലെ ജലം ഉടനടി നുകരുന്നു; ജാതവേദസ്സേ, അങ്ങ് തണ്ണീരുകളെ ഉൽപാദിപ്പിച്ച്, ഉണ്ണിയ്ക്കു വേണ്ടതു കൊടുപ്പാൻ ഇടിമുഴക്കുന്നു! 7

വൈശ്വാനരാഗ്നേ, വിശ്വവരേണ്യ, ജാതവേദസ്സേ, ഭവാൻ യാതൊന്നുകൊണ്ടു ധനവും, ഹവിർദ്ദാതാവായ മനുഷ്യന്നു വിപുലമായ യശസ്സും നിലനിർത്തുന്നുവോ, ആ തിളങ്ങുന്ന മഴയെ ഞങ്ങൾക്കയച്ചാലും! 8

അഗ്നേ, ആ അന്നസമൃദ്ധമായ ധനവും, കേൾവിയ്ക്കുതകുന്ന ബലവും ഭവാൻ ഹവിർദ്ദാതാക്കളായ ഞങ്ങളിൽ ചേർത്തുവെച്ചാലും; അഗ്നേ, വൈശ്വാനര, അങ്ങ് രുദ്രരോടും ദേവകളോടുംകൂടി, ഞങ്ങൾക്കു മഹത്തായ സുഖം തന്നാലും! 9

---

## സൂക്തം 6.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

പിളർത്തവനെ ഞാൻ വന്ദിയ്ക്കുന്നു: വന്ദിച്ചുകൊണ്ടു, പ്രവൃദ്ധനും ബലവാനും വീര്യവാനും ആളുകൾക്കു സ്തുത്യനുമായ ആ സമ്രാട്ടിൻെറ പ്രശസ്തിയും പ്രവൃത്തിയും, ഇന്ദ്രൻേറതെന്നപോലെ വർണ്ണിയ്ക്കുന്നു. 1

കവിയും, കൊടിമരവും, ആധാരിയ്ക്കുന്നവനെ താങ്ങുന്നവനും, പ്രകാശകനും, സുഖപ്രദനുമായ വാനുഴിപ്പെരുമാളിനെ (ആളുകൾ) പ്രീ

---

7. ഉദിച്ച്—സൂര്യാത്മനാ. വായുപോലെ—വായു യജ്ഞത്തിൽ ഒന്നാമത്തെ സോമം നുകരുന്നതുപോലെ. ജലം—ഭൂമിയിലെ വെള്ളം. ഉണ്ണിയ്ക്കു—പുത്രൻപോലെ പാലനീയനായ യജമാനന്ന്. ഇടിമുഴക്കുന്നു—വൃഷ്ടിയ്ക്കൊരുങ്ങുന്നു.

സൂക്തം 6.

1. പിളർത്തവനെ—അസുരപുരികൾ പിളർത്ത വൈശ്വാനരനെ. പ്രവൃത്തി=കർമ്മം.

Digitized By Kerala Sahitya Akademi

തിപ്പെടുത്തുന്നു. ആ പുരന്ദരനായ അഗ്നിയുടെ വമ്പിച്ച പൂർവകർമ്മ
ങ്ങളെ ഞാൻ പുകഴ്ത്തട്ടെ! 2

തൊഴിലും യജ്ഞവുമില്ലാത്ത, തെറി പുലമ്പുന്ന, അവിശ്വാ
സികളായ, വളർത്താത്ത ഹുണ്ടികക്കാരെ—ആ ദസ്യുക്കളെ—അഗ്നി
ആട്ടിപ്പായിയ്ക്കും; മുമ്പനായിനിന്നു യജ്ഞംഹീനരെ ഇടിച്ചുതാഴ്ത്തും! 3

യാതൊരു മികച്ച ഹോതാവ് ഇരുണ്ട തമസ്സിൽ മയങ്ങിയവരെ,
ബോധം നല്കി നേരേ നടത്തിയോ; ആ ധനപതിയായ അഗ്നിയെ,
തലകുനിയ്ക്കാത്തവനെ, യുദ്ധക്കൊതിയരെ അടക്കിനിർത്തുന്നവനെ
ഞാൻ സ്തുതിച്ചുകൊള്ളുന്നു. 4

ആർ തടിച്ചവയെ ആയുധങ്ങൾകൊണ്ടു കുനിയിച്ചുവോ, ആർ
സൂര്യപത്നികളായ ഉഷസ്സുകളെ ഉദിപ്പിച്ചുവോ; ആ മഹാനായ അഗ്നി
പ്രജകളെ ബലംകൊണ്ടടക്കി, നഹുഷനു കപ്പം കൊടുപ്പിച്ചു! 5

ആളുകളെല്ലാം സുഖത്തിന്നായി, ആരുടെ നന്മനസ്സിനെ പ്രാ
ർത്ഥിച്ചു, ഹവിസ്സുമായി അരികേ നില്ക്കുന്നുവോ; ആ വൈശ്വാനരാഗ്നി
അച്ഛനമ്മമാരായ ദ്യാവാപൃഥിവികളുടെ മികച്ച മടിത്തട്ടിൽ ഇരുന്നരു
ളുന്നു! 6

ദേവനായ വൈശ്വാനരാഗ്നി സൂര്യോദയത്തിൽ അന്തരിക്ഷ
ത്തിലെ ഇരുട്ടു നീക്കുന്നു: അന്തരിക്ഷത്തിൽനിന്നും താഴത്തുനിന്നും നീ
ക്കുന്നു—ദ്യോവിൽനിന്നും ഭൂവിൽനിന്നും നീക്കുന്നു! 7

---

## സൂക്തം 7.

### ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

കീഴമർത്തുന്നവനും, ഒരു കുതിരപോലെ കെല്പനും, അഗ്നിദേവ
നുമായ നിന്തിരുവടിയ്ക്കു ഞാൻ സ്തുതികൾ അയയ്ക്കുകതന്നെ ചെയ്യുന്നു:
അഭിജ്ഞനായ നിന്തിരുവടി ഞങ്ങളുടെ യാഗത്തിൽ ദൂതനായാലും!

---

2. കൊടിമരം—ലോകത്തിന്റെ.
3. വളർത്താത്ത—അഗ്നിയെ ജ്വലിപ്പിയ്ക്കാത്ത.
5. തടിച്ചവയെ—അസുരമായകളെ. നഹുഷൻ—ഒരു രാജാവ്.
6. മടിത്തട്ടിൽ—അന്തരിക്ഷത്തിൽ.
7. താഴത്തുനിന്നും—ഭൂമിയിൽനിന്നും.

Digitized By Kerala Sahitya Akademi

ന്തിരുവടി സ്വയം വൃക്ഷങ്ങളെ ദഹിപ്പിച്ചവനായി ദേവന്മാരിൽ അറിയപ്പെടുന്നു. 1

അഗ്നേ, ദേവന്മാരോടു സഖ്യംകൊള്ളുന്ന സ്തുത്യനായ ഭവാൻ തേജസ്സിനാൽ ഭൂമിയുടെ ഉന്നതപ്രദേശത്തെ ഒലിപ്പെടുത്തിക്കൊണ്ടു, കാടെല്ലാം കൊതിയോടേ കടിച്ചുതിന്നിട്ട്, സ്വമാർഗ്ഗങ്ങളിലൂടേ വന്നാലും! 2

യജ്ഞം ശരിയ്ക്കാരംഭിയ്ക്കപ്പെടുന്നു: ദർഭ വിരിച്ചിരിയ്ക്കുന്നു; അഗ്നിയും സ്തുതിയാൽ പ്രസാദിച്ചരുളുന്നു. യുവതമ, അങ്ങ് നല്ല സുഖത്തോടേ പിറന്നപ്പോൾ, ഹോതാവു വിശ്വവരേണ്യകളായ രണ്ടമ്മമാർക്ക് ഹോമിപ്പാനും തുടങ്ങി. 3

വിശുദ്ധപ്രജ്ഞരായ മനുഷ്യർ യജ്ഞനേതാവിനെ ഉടനടി ഉൽപാദിപ്പിയ്ക്കുന്നു: അവരുടെ ഈ അഗ്നി, പ്രജാപാലകൻ, ആഹ്ലാദകരൻ, മധുരവചനൻ, സത്യവാൻ, പ്രജകളുടെ ഗൃഹത്തിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു. 4

ഹവിസ്സു വഹിയ്ക്കുന്ന, ഉലകം താങ്ങുന്ന, തലവനായ അഗ്നി വരിയ്ക്കപ്പെട്ടാൽ വന്നണഞ്ഞു മനുഷ്യന്റെ സ്ഥാനത്തിരിയ്ക്കും: ഈ വിശ്വവരേണ്യനെ ദ്യോവും ഭൂവും വളർത്തുന്നു; ഹോതാവു യജിയ്ക്കുകയും ചെയ്യുന്നു. 5

യാവചിലമനുഷ്യർ തികഞ്ഞ മന്ത്രം നിർമ്മിച്ചുവോ; യാവചിലർ സ്തോത്രം കേൾപ്പിച്ചു വളർത്തിയോ; യാവചിലർ ഈ സത്യരൂപനെ സമുജ്ജ്വലിപ്പിച്ചുവോ; അവർ—എന്റെ ഈ ആളുകൾ—എല്ലാരെയും അന്നംകൊണ്ടു പുലർത്തുന്നു! 6

അഗ്നേ, ബലപുത്ര, ധനങ്ങളുടെ അധിപതിയായ ഭവാനോടു ഞങ്ങൾ, വസിഷ്ഠർ ഇപ്പോൾ യാചിയ്ക്കുന്നു: സ്തോതാക്കൾക്കും ഹവിർദ്ദാ

---

സൂക്തം

1. വൃക്ഷങ്ങളെ ദഹിപ്പിച്ചവനായി—ദാവാഗ്നിയായി.
2. ഉന്നതപ്രദേശത്തെ—ശൈലാരണ്യത്തെ.
3. ഒടുവിലെ വാക്യം പ്രത്യക്ഷസ്തുതി: രണ്ടമ്മമാർ—ദ്യാവാപൃഥിവികൾ.
4. യജ്ഞനേതാവ്—അഗ്നി.
5. മനുഷ്യന്റെ സ്ഥാനം—ഹോതാവിന്റെ ഇരിപ്പിടം.
6. കേൾപ്പിച്ച്—ഉച്ചരിച്ച്.

Digitized By Kerala Sahitya Akademi

താക്കൾക്കും അങ്ങ് അന്നം കിട്ടിക്കണം; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

## സൂക്തം 8.

ഋഷിച്ഛന്ദോദേവതകൾ മുമ്പത്തവ.

സ്വാമിയായ രാജാവു സ്തുതികളോടേ വളൎത്തപ്പെടുന്നു—ആരുടെ തിരുമെയ്യിൽ നെയ്യു ഹോമിക്കപ്പെടുന്നുവോ, ആരെ ഹവിസ്സമേതരായ ആളുകൾ തിക്കിനിന്നു സ്തുതിക്കുന്നുവോ, ആ അഗ്നി ഉഷസ്സിന്നു മുമ്പിൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നു. 1

ഹോതാവും ആഹ്ലാദകരനും മഹാനുമായ ഈ അഗ്നി മനുഷ്യന്ന് അതിമഹാനാണെന്ന് അറിയപ്പെട്ടിരിക്കുന്നു: ഈ കൃഷ്ണവൎത്മാവു (വാനിൽ) ഒളി വീശുന്നു; ഭൂമിയിലിറങ്ങിയിട്ട് ഓഷധികളാൽ വളരുന്നു! 2

അഗ്നേ, അങ്ങ് ഏതൊരു ഹവിസ്സുകൊണ്ടു ഞങ്ങളുടെ സ്തുതി സ്വീകരിക്കും? സ്തൂയമാനനായ ഭവാൻ ഏതൊരു ഹവിസ്സു കൈക്കൊള്ളും? ശോഭനപ്രദാന, ഭജിക്കുന്ന ഞങ്ങൾ എപ്പോൾ ദുസ്തരവും സമീചീനവുമായ സമ്പത്തിന്റെ ഉടമകളാകും? 3

യഷ്ടാവു ധാരാളം കേട്ടിട്ടുണ്ട്, സൂൎയ്യൻപോലെ വലിയ കാന്തിയോടേ വിളങ്ങുന്ന ഈ അഗ്നിയെ: ഇദ്ദേഹം പൂരുവിനെ പോരിൽ അമൎത്തി; ദേവന്മാരുടെ അതിഥിയായി കത്തിജ്ജ്വലിച്ചു! 4

അഗ്നേ, വളരെ ഹവിസ്സുകൾ ഭവാങ്കൽത്തന്നെ ചേരുന്നു: ഭവാൻ എല്ലാക്കൂട്ടരോടുംകൂടി പ്രസാദിച്ചാലും! സ്തോത്രം കേട്ടരുളുക; സുജന്മാവേ, സ്തൂയമാനനായ ഭവാൻ ദേഹം സ്വയം തടിപ്പിക്കുക! 5

നൂറുമായിരവും ചേൎന്ന് വിത്ത്യാകൎമ്മവാൻ അഗ്നിക്കായി ഈ സ്തോത്രം ഉണ്ടാക്കിയിരിക്കുന്നു: ഉജ്ജ്വലമായ ഇതു സ്തോതാക്കളെയും

---

സൂക്തം 8.

1. രാജാവ്—അഗ്നി.
3. ദുസ്തരം—ശത്രുക്കൾക്ക് അലംഘ്യം.
4. യഷ്ടാവ്—യജിക്കുന്ന ഞാൻ. പൂരു—ഒരസുരൻ.
5. കൂട്ടർ—പരിവാരാഗ്നികൾ. തടിപ്പിക്കുക—ഹവിൎഭുക്തികൊണ്ട്.

Digitized By Kerala Sahitya Akademi

കൂറുകാരെയും സുഖിപ്പിയ്ക്കും, രോഗങ്ങളെ തടുക്കും, രക്ഷസ്സുകളെ
ഒടുക്കും! 6
അഗ്നേ, ബലപുത്ര, ധനങ്ങളുടെ അധിപതിയായ ഭവാനോടു
ഞങ്ങൾ, വസിഷ്ഠർ ഇപ്പോൾ യാചിയ്ക്കുന്നു: സ്തോതാക്കൾക്കും ഹവിർദ്ദാ
താക്കൾക്കും അങ്ങ് അന്നം കിട്ടിയ്ക്കണം; നിങ്ങൾ 'സ്വസ്തിയാൽപ്പാ
ലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

## സൂക്തം 9.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ജാരനായി, ആഹ്ലാദകരനായി, അതിപ്രാജ്ഞനായി, ഹോതാ
വായിരിയ്ക്കുന്ന പാവകൻ ഉഷസ്സിന്റെ മദ്ധ്യത്തിൽ പള്ളിയുണരുന്നു:
ഇരുതരംപ്രാണികൾക്കും വെളിവും, ദേവന്മാർക്കു ഹവിസ്സും, സുകർമ്മാ
ക്കൾക്കു ധനവും കല്പിച്ചുനല്കുന്നു! 1
പണികളുടെ കതകുകൾ തുറന്നു, നമുക്കു പൂജനീയകളായ പയ
സ്വിനികളെ കൊണ്ടുവന്ന ആ സുകർമ്മാവ്—ആഹ്ലാദകരനും ദാനതൽ
പരനുമായ ഹോതാവ്—ആളുകൾക്കു രാവിരുട്ടകററി കാണായിവരുന്നു! 2
മൌഢ്യമില്ലാത്ത പ്രാജ്ഞനും, അദീനനും, ദീപ്തിമാനും, ശോ
ഭനസ്ഥാനനും, മിത്രനും, അതിഥിയും, നമുക്കു നന്മ നല്കുന്നവനുമായ
ചിത്രഭാനു ഉഷസ്സുകൾക്കു മുമ്പിൽ ഉദ്ഭാസിയ്ക്കുന്നു; തണ്ണീരിന്റെ ഗർഭ
മായിട്ട് ഓഷധികളിൽ ഉൾപ്പുകുന്നു! 3
അങ്ങ് മനുഷ്യയുഗങ്ങളിൽ സ്തോതവ്യനാകുന്നു: ആർ യുദ്ധങ്ങ
ളിലിറങ്ങി സമുജ്ജ്വലിയ്ക്കുന്നുവോ—ശുഭദർശനമായ തേജസ്സുകൊണ്ടു വി

---

6. നൂറുമായിരവും ചേർന്ന—വളരെ വളരെ ഗോക്കൾ അരികത്തുള്ള. വിദ്യാകർമ്മവാൻ—വിദ്യയും കർമ്മവുമേറിയ വസിഷ്ഠൻ.

സൂക്തം 9.

1. ജാരൻ—പ്രാണികൾക്കൊക്കെ ക്രമേണ ജര (വാർദ്ധക്യം) വരുത്തുന്നവൻ. ഇരുതരംപ്രാണികൾ—മനുഷ്യരും തിര്യക്കുകളും.

2. പയസ്വിനികൾ—കറവപ്പൈക്കൾ. ആ സുകർമ്മാവ്—അഗ്നി.

3. മിത്രൻ=മരണത്തിൽനിന്നു രക്ഷിയ്ക്കുന്നവൻ, ചിത്രഭാനു=അഗ്നി.

Digitized By Kerala Sahitya Akademi

ളുങ്ങുന്നുവോ—ആ വളൎത്തപ്പെടുന്ന ജാതവേദസ്സിനെ സ്തുതികൾ ഉണ
ൎത്തുന്നു. 4

അഗ്നേ, അങ്ങ് ദൂത്യംകൊള്ളുക, ദേവന്മാരുടെ അടുക്കലെയ്ക്കു
പോവുക: കൂട്ടത്തോടേ സ്തുതിയ്ക്കുന്നവരെ വലയ്ക്കരുതേ! സരസ്വതി,
മരുത്തുക്കൾ, അശ്വികൾ, ജലം എന്നീ ദേവന്മാരെയെല്ലാം, രത്നം
തരുമാറ് യജിയ്ക്കുകയുംചെയ്യുക. 5

അഗ്നേ, അങ്ങയെ വസിഷ്ഠൻ ജ്വലിപ്പിയ്ക്കുന്നു: അങ്ങ് പരു
ഷദ്രാഷിയെ പായിയ്ക്കുക; ഹവിർദ്ധനനുവേണ്ടി ദേവഗണത്തെ യജി
യ്ക്കുക; ജാതവേദസ്സേ, ബഹുസ്തോത്രങ്ങൾകൊണ്ടു സ്തുതിയ്ക്കുക. നിങ്ങൾ
'സ്വസ്തിയാൽപ്പാലിപ്പിൻ,പ്പൊഴുമെങ്ങളെ!' 6

---

## സൂക്തം 10.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഹരിയും വൃഷാവുമായ ശുചി, ഉഷസ്സിന്റെ ജാരൻപോലെ
വിപുലമായ തേജസ്സു വഹിയ്ക്കുന്നു—കത്തുന്നു, ജ്വലിയ്ക്കുന്നു, തിളങ്ങുന്നു;
കൎമ്മങ്ങളെ പ്രേരിപ്പിച്ചുകൊണ്ടു പ്രഭയാൽ പ്രകാശിയ്ക്കുന്നു; പ്രജകളെ
ഉണൎത്തുന്നു! 1

അഗ്നി അഹസ്സിൽ, ഉഷസ്സിനുമുമ്പിൽ, സൂൎയ്യൻപോലെ
ശോഭിയ്ക്കുന്നു: യജ്ഞമനുഷ്ഠിയ്ക്കുന്ന ഭക്തന്മാർ സ്തുതിയ്ക്കുകയുംചെയ്യുന്നു.
ജനനങ്ങളറിയുന്ന, ദൂതനായി ദേവന്മാരുടെ അടുക്കലെയ്ക്കു പോകുന്ന,
അതിദാതാവായ ദേവൻ പലതരത്തിൽ പായുന്നു! 2

---

4. മനുഷ്യയുഗങ്ങളിൽ—എല്ലാക്കാലത്തും.

5. രത്നം തരുമാറ്—ഞങ്ങൾക്കു മികച്ച സമ്പത്തു തരത്തക്കവണ്ണം.

6. സ്തുതിയ്ക്കുക—ദേവഗണത്തെ.

സൂക്തം 10.

1. ഹരി—ഹവിസ്സുകൾ കൊണ്ടുപോകുന്നവൻ. ഉഷസ്സിന്റെ ജാരൻ—സൂൎയ്യൻ.

2. ജനനങ്ങൾ—ദേവകളുടെ ഉൽപത്തികൾ. പായുന്നു—ജ്വാലകളുടെ പാച്ചലിനെ പാച്ചിലാക്കിയിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ദേവകാമങ്ങളായ സ്തുതിവാക്യങ്ങൾ ദ്രവ്യമിരന്നുകൊണ്ടു, ശുഭദ
ൎശനനും, സുരൂപനും, സുഷ്ഠുഗമനനും, ഹവ്യവാഹനനും, മനുഷ്യരുടെ
നാഥനുമായ അഗ്നിയുടെ മുമ്പിലെയ്ക്കു നടകൊള്ളുന്നു! 3
അഗ്നേ, അങ്ങ് ദേവന്മാരോടു ചേൎന്ന് ഇന്ദ്രനെയും, രുദ്രന്മാ
രോടു ചേൎന്നു മഹാനായ രുദ്രനെയും, ആദിത്യരോടു ചേൎന്നു വിശ്വജനീ
നയായ അദിതിയെയും, സ്തുത്യരായ അംഗിരസ്സുകളോടു ചേൎന്നു വിശ്വ
വരേണ്യനായ ബൃഹസ്പതിയെയും ഞങ്ങൾക്കുവേണ്ടി കൊണ്ടുവന്നാലും! 4
ആഹ്ലാദകരനും ആഹ്വാതാവും അതിയുവാവുമായ അഗ്നിയെ
ഭക്തജനങ്ങൾ യാഗങ്ങളിൽ സ്തുതിച്ചുപോരുന്നു: ഹവിൎദ്ദാനന്മാൎക്കു ദേ
വന്മാരെ യജിപ്പാൻ മടികൂടാതെ ദൂതനായിച്ചമഞ്ഞവനാണല്ലോ, രാത്രി
യിൽ പൂജിയ്ക്കപ്പെടുന്ന തന്തിരുവടി! 5

---

## സൂക്തം 11.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അഗ്നേ, യജ്ഞത്തിൻെറ അടയാളമായ മഹാനാണ്, ഭവാൻ:
ഭവാനെക്കൂടാതെ അമൎത്ത്യന്മാർ ഇമ്പംകൊള്ളില്ല. അങ്ങ് ദേവകളെ
ല്ലാവരോടുംകൂടി, ഒരേതേരിൽ വന്നെത്തുക; ഇവിടെ മുഖ്യഹോതാ
വായി ഇരിയ്ക്കുകയുംചെയ്യുക! 1
അഗ്നേ, പ്രകൃഷ്ടഗമനനായ ഭവാനോടു ഹവിസ്സമേതരായ മനു
ഷ്യർ സദാ ദൂത്യത്തിന്നു പ്രാൎത്ഥിയ്ക്കുന്നു: അങ്ങ് ദേവകളോടൊന്നിച്ച്
ആരുടെ ദൎഭയിലിരിയ്ക്കുമോ, അവന്നു ദിവസങ്ങൾ സുദിനങ്ങളായി
ത്തീരും! 2

---

3. സ്തുതികൾ അഗ്നിയുടെ അടുക്കലെയ്ക്കു പോകുന്നു.

5. ആഹ്വാതാവ്—ദേവന്മാരെ വിളിയ്ക്കുന്നവൻ. രാത്രിയിൽ—രാത്രിയിലാണ്, അഗ്നിയ്ക്ക് അഗ്നിഹോത്രം.

### സൂക്തം 11.

1. അടയാളം—അഗ്നിനിഷ്പാദനമാണല്ലോ, യാഗത്തിൽ പ്രഥമം.

2. സുദിനങ്ങളായിത്തീരും—ഏതൊരു ദിവസവും സുദിനമായിരിയ്ക്കും.



Digitized By Kerala Sahitya Akademi

അഗ്നേ, പകൽ മൂന്നുരു ഭവാങ്കൽ ഹവിസ്സൎപ്പിയ്ക്കുന്ന മനുഷ്യന്നു വേണ്ടി (ഋത്വിക്കുകൾ) അറിയിയ്ക്കുന്നു: അങ്ങ് ഇവിടെ, മനുവിന്നെന്നപോലെ ദൂതനായിട്ട്, ദേവന്മാരെ യജിച്ചാലും; ഞങ്ങളെ പഴിക്കാരനിൽനിന്നു പാലിച്ചാലും! 3

വലിയ യാഗത്തിന്നും, സംസ്കരിയ്ക്കപ്പെട്ട സൎവ്വഹവിസ്സിന്നും അഗ്നിയത്രേ, അധിപതി: തന്തിരുവടിയുടെ കൎമ്മത്തിൽ ദേവകൾ സംബന്ധിയ്ക്കുമല്ലോ; അമൎത്ത്യർ ഹവ്യവാഹനനുമാക്കിയിരിയ്ക്കുന്നു! 4

അഗ്നേ, അങ്ങ് ഹവിസ്സുണ്ണാൻ ദേവന്മാരെ കൊണ്ടുവരിക: ഇന്ദ്രാദികൾ ഇവിടെ മത്തടിയ്ക്കട്ടെ! അല്ലെങ്കിൽ, ഈ ഹവ്യം സ്വൎഗ്ഗത്തിൽ ദേവന്മാൎക്കെത്തിയ്ക്കുക. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 5

## സൂക്തം 12.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ആർ സ്വസ്ഥാനത്തു വളൎത്തപ്പെട്ട് ഉജ്ജ്വലിയ്ക്കുന്നുവോ, വിശാലങ്ങളായ വാനൂഴികളുടെയിടയിൽ വൎത്തിയ്ക്കുന്ന ആ യുവതമനും സമ്യഗാഹുതനും സൎവ്വതോഗാമിയുമായ ചിത്രഭാനുവിങ്കൽ നാം വലിയ നമസ്കാരത്തോടേ ചെല്ലുക! 1

മഹത്ത്വംകൊണ്ടു ദുരിതമെല്ലാം നശിപ്പിയ്ക്കുന്ന യാതൊരുവൻ യാഗശാലയിൽ സ്തുതിയ്ക്കപ്പെടുന്നുവോ, ആ ജാതവേദസ്സായ അഗ്നി നമ്മെ—പുകഴ്ത്തിപ്പാടുന്ന നമ്മെയും, ഹവിസ്സൎപ്പിയ്ക്കുന്ന നമ്മെയും—പാപത്തിൽനിന്നും തിന്മയിൽനിന്നും പാലിച്ചരുളട്ടെ! 2

---

3. മൂന്നുരു—മൂന്നു സവനങ്ങളിൽ. ഇവിടെ—ഈ യജ്ഞത്തിൽ.

സൂക്തം 12.

1. ഋത്വിക്പ്രഭൃതികളോട്:
2. സ്തുതിയ്ക്കപ്പെടുന്നുവോ—നമ്മളാൽ.

Digitized By Kerala Sahitya Akademi

അഗ്നേ, അവിടുന്നു വരുണനാണ്, മിത്രനുമാണ്  അങ്ങയെ വസിഷ്ഠർ സ്തുതികളാൽ വളർത്തുന്നു. ഭവാങ്കലെ ധനങ്ങൾ എളുപ്പത്തിൽ കിട്ടുമാറാകട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

---

സൂക്തം 13.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വൈശ്വാനരാഗ്നി ദേവത.

ഉലകിൽ ഒളി വീശുന്ന, കർമ്മങ്ങൾ നടത്തുന്ന, അസുരരെ ഹനിയ്ക്കുന്ന അഗ്നിയ്ക്കു നിങ്ങൾ സ്തോത്രവും കർമ്മവും സംഭരിയ്ക്കുവിൻ; ഞാൻ അഭീഷ്ടപ്രദനായ വൈശ്വാനരനെ പ്രീതിപ്പെടുത്തുവാൻ ഹവിസ്സു ദർഭയിൽ വെയ്ക്കാം. 1

അഗ്നേ, അങ്ങ് ജനിച്ചപ്പോൾത്തന്നെ കത്തുന്ന തേജസ്സുകൊണ്ടു വാനൂഴികൾ നിറച്ചു; വൈശ്വാനര, ജാതവേദസ്സേ, അങ്ങ് മഹത്ത്വത്താൽ ദേവന്മാരെ മാറ്റലരിൽനിന്നു മോചിപ്പിച്ചു! 2

അഗ്നേ, സ്വാമിയായ ഭവാൻ ഉദിച്ചു, ചുററിനടന്ന്, ഇടയൻ മാട്ടുകളെയെന്നപോലെ, ഭുവനങ്ങളെ നോക്കുന്നുണ്ടല്ലോ; വൈശ്വാനര, അപ്പോൾ സ്തുതിയുടെ വഴി കണ്ടുവെച്ചാലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

---

സൂക്തം 14.

വസിഷ്ഠൻ ഋഷി; ബൃഹതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

ജാതവേദസ്സിനെ ചമതകൊണ്ടും, ദേവനെ ദേവസ്തവങ്ങൾ കൊണ്ടും, ധവളപ്രഭനായ അഗ്നിയെ അന്നവാന്മാരായ നാം ഹവിസ്സുകൾകൊണ്ടും പരിചരിയ്ക്കുക! 1

---

3. കിട്ടുമാറാകട്ടെ—ഞങ്ങൾക്ക്.

സൂക്തം 13.

1. കൂട്ടുകാരോട്:

3. ഉദിച്ച്—സൂര്യരൂപേണ. വഴി—ഫലപ്രാപ്തി എന്നർത്ഥം,

സൂക്തം 14.

1. ദേവൻ—അഗ്നി.

Digitized By Kerala Sahitya Akademi

അഗ്നേ, അങ്ങയെ ഞങ്ങൾ ചമതകൊണ്ടു പരിചരിയ്ക്കാം; യജനീയ, അങ്ങയ്ക്കു ഞങ്ങൾ നല്ല സ്തോത്രമപ്പിയ്ക്കാം; യാഗത്തിന്റെ ഹോതാവേ, ഞങ്ങൾ നെയ്യുകൊണ്ടും, മംഗളജ്വാലനായ ദേവ, ഞങ്ങൾ ഹവിസ്സുകൊണ്ടും പരിചരിയ്ക്കാം! 2

അഗ്നേ, അങ്ങ് ദേവകളോടൊന്നിച്ച്, ഹവിസ്സ് സ്വീകരിപ്പാൻ ഞങ്ങളുടെ യാഗത്തിൽ വന്നാലും: ഞങ്ങൾ ദേവനായ ഭവാനെ പരിചരിയ്ക്കട്ടെ! നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

---

## സൂക്തം 15.

വസിഷ്ഠൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

ആ വരുത്തപ്പെടേണ്ടുന്നാ വൃഷാവിൻ തിരുവായയിൽ
സ്രുകവിൻ ഹവ്യ:—മഭ്യർണ്ണബന്ധുവല്ലോ, നമുക്കവൻ! 1

പഞ്ചജാതികളെത്തൃക്കൺപാർത്തുകൊണ്ടു ഗൃഹേ ഗൃഹേ
യുവാവെവനിരിയ്ക്കുന്നൂ, മനീഷി ഭവനാധിപൻ; 2

നമുക്കൊരയൽപക്കസ്വത്താകുമായഗ്നിയെങ്ങുമേ
കാത്തുരക്ഷിയ്ക്ക—പാപത്തിൽനിന്നു പാലിയ്ക്ക, നമ്മളെ! 3

വിണ്ണിൻപരുന്താമഗ്നിയ്ക്കു പുതുതാം സ്തോത്രമൊന്നു ഞാൻ
ഉണ്ടാക്കിനേൻ: നല്ക, നമുക്കവിടുന്നരുവാം ധനം! 4

യജ്ഞേ കിഴക്കുഭാഗത്തു കത്തുമാരുടെ കാന്തിയോ,
സപുത്രന്റെ ധനംപോലെ കൊതിപ്പിയ്ക്കുന്നു, കണ്ണിനെ; 5

---

### സൂക്തം 15.

1. വൃഷാവിൻ തിരുവായയിൽ—കാമവർഷിയായ അഗ്നിയുടെ ജ്വാലയിൽ. അഭ്യർണ്ണബന്ധു—അരികത്തിരിയ്ക്കുന്ന ബന്ധു.

3. അയൽപക്കസ്വത്ത്—സമീപസ്ഥധനം.

4. വിണ്ണിൻപരുന്ത്—സ്വർഗ്ഗത്തിൽ പരുന്തുപോലെ ശീഘ്രം സഞ്ചരിയ്ക്കുന്നവൻ.

5. സപുത്രന്റെ (മക്കളുള്ളവന്റെ) ധനം സ്പൃഹണീയമാണല്ലോ.

Digitized By Kerala Sahitya Akademi

ആ യഷ്ടൃതമനാമഗ്നിയീ നമ്മുടെ വഷട്കൃതി
ഭുജിയ്ക്കട്ടേ; ശ്രവിയ്ക്കട്ടേ, സ്തോത്രവും ഹവ്യവാഹനൻ! 6
ഞങ്ങൾ സംസേവ്യ, ഹുതനാമഗ്നേ, ദേവ, വിശാംപതേ,
ഉജ്ജ്വലിപ്പിച്ചിരുത്തായ്ക, സജ്ജനം വാഴ്ത്തുമങ്ങയെ! 7
ജ്വലിയ്ക്ക, രാവും പകലും: ഞങ്ങൾ നിന്നാൽശ്ശുഭാഗ്നികൾ;
സജ്ജനസ്തുതനായ് വാഴ്കെ,ങ്ങളിൽക്കൂറിയന്നു നീ! 8
നേട്ടത്തിനായിക്കർമ്മത്താൽ പ്രാജ്ഞർ നേതാക്കളങ്ങയെ
പ്രാപിയ്ക്കുന്നൂ, ക്ഷതിപെടാത്തായിരം സ്ഥവനങ്ങളും! 9
വെണ്മ പൂണ്ടു വിളങ്ങുന്നോൻ നിർമ്മലാത്മാവു പാവകൻ
അമർത്ത്യനഗ്നി മര്ത്ത്യഘ്നമത്തട്ടെ,യരക്കരെ! 10
അത്തമ്പുരാനായ ഭവാൻ ബലപുത്ര, വിഭൂതികൾ
കൊണ്ടുവന്നാലു,മെങ്ങൾക്ക; തരട്ടേ, ഭഗനും ധനം! 11
അന്നത്തെയും വീരരെയുമഗ്നേ, (തന്നീടണം), ഭവാൻ;
തരട്ടെ, വിത്തം ദിതിയും, ഭഗൻ, സവിതൃദേവനും! 12
നീയഗ്നേ, ദേവ, പാപത്തിൽനിന്നു പാലിയ്ക്കകെ,ങ്ങളെ;
അജരൻ നീ കടുംചൂടാലെരിയ്ക്ക, കൊലയാളരെ! 13
ഞങ്ങൾക്കാൾക്കാരെ രക്ഷിപ്പാന,പ്രധൃഷിതനാം ഭവാൻ
പരം പരന്ന പെരിയോരിരിമ്പുപുരിയാകണം! 14
അഹിംസ്യ, രാത്രിയെ മറയ്ക്കുന്നോനേ, നീയഹന്നിശം
പാപത്തിൽനിന്നും പാപകൻനിന്നും പാലിയ്ക്കകെ,ങ്ങളെ! 15

---

6. വഷട്കൃതി=ആഹുതി.

7. വിശാംപതേ=പ്രജാപാലക.

8. നിന്നാൽ=ഭവാനെക്കൊണ്ട്. ശുഭാഗ്നികൾ=നല്ല അഗ്നിയോടുകൂടിയവർ.

9. നേട്ടം—ധനലാഭം. ക്ഷതി=ഹാനി.

10. നിർമ്മലാത്മാവ്=വിശുദ്ധൻ.

11. വിഭൂതികൾ=സമ്പത്തുകൾ.

12. ദിതി—ഒരു ദേവി.

13. കൊലയാളർ=ഹിംസകർ.

14. ആൾക്കാരെ—സ്വന്തം ആളുകളെ.

15. രാത്രിയെ മറയ്ക്കുന്നോനേ—തമോനാശന. പാപൻ=ദുഷ്ടൻ, ദ്രോഹി,

Digitized By Kerala Sahitya Akademi

സൂക്തം 16.

വസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

(പാന.)

ബോധകൻ, പ്രിയൻ, അവ്യയൻ, വക്കം
ദൂതൻ, ഈശൻ, സുയജ്ഞൻ, ബലാത്മജൻ—
ഈദൃശനാകുമഗ്നിയെ ഞാൻ നുതി-
ഗാഥയാൽ വിളിയ്ക്കുന്നേൻ, ഭവാന്മാക്കായ്. 1

വിശ്വരക്ഷിതേജസ്കൻ സമാഹൂത-
നശ്ലഭസ്തവനോടിനടക്കയാം;
സ്വത്തിൽവെച്ചുജ്ജ്വലിപ്പോരു സമ്പത്താം,
മർത്ത്യജാതിയ്ക്കു യാജ്യനസ്സുവ്രതൻ! 2

ആഹുതികളിലീ വൃഷാവിൻ മഹ-
സ്സാഞ്ഞുയരുന്നു; ദീപ്തമാം ധൂമവും
പൊങ്ങി വാനിലുരുമ്മുന്നു; നേതാക്കൾ
ഭംഗിയിൽജ്ജ്വലിപ്പിപ്പിതിയഗ്നിയെ. 3

ദൂതനാക്കുന്നു, ഞങ്ങൾ നിന്നെ:-ബ്ബലോ-
ദ്ഭൂത, കൊണ്ടുവരികു,ണ്ണിനമ്പരെ;

---

സൂക്തം 16.

1. ബോധകൻ=ഉണർവുണ്ടാക്കുന്നവൻ. അവ്യയൻ—മരണരഹിതൻ. എ വക്കം—യജമാനന്മാക്കെല്ലാം. നുതിഗാഥ=സ്തോത്രഗീതി. ഭവാന്മാക്കായ്=നിങ്ങൾക്കുവേണ്ടി.

2. വിശ്വരക്ഷിതേജസ്കൻ—വിശ്വത്തെ രക്ഷിയ്ക്കുന്ന തേജസ്സോടുകൂടിയവൻ. സമാഹൂതൻ=വഴിപോലെ ആഹൂതൻ. അശ്ലഭസ്തവൻ—ആരെ സ്തുതിയ്ക്കുന്നതു മംഗളകരമോ, ആ അഗ്നി. ഓടിനടക്കയാം—യജ്ഞത്തിൽ ദേവകളെ കൊണ്ടുവരാൻ. സ്വത്തിൽവെച്ച്—ധനങ്ങളിൽവെച്ച്, എല്ലാദ്ധനങ്ങളെക്കാളും. സമ്പത്താം—സമ്പത്താണ്; മർത്ത്യജാതിയ്ക്കു (മനുഷ്യർക്ക്, യജമാനർക്കു) ധനംപോലെ പ്രിയനാണ്. യാജ്യൻ=യജനീയൻ. സുവ്രതൻ=ശോഭനകർമ്മാവ്

3. ഭംഗിയിൽ—വഴിപോലെ. നേതാക്കൾ—ഋത്വിക്കുകൾ.

Digitized By Kerala Sahitya Akademi

മൎത്ത്യഭോഗ്യങ്ങളൊക്കയും നല്കു, നീ-
യൎത്ഥികളായ ഞങ്ങൾക്ക കീൎത്തിമൻ! 4

ധീ മികച്ച വീര്യഗ്നേ, ഗൃഹാധിപൻ;
ഹോമകൃത്തു,മെങ്ങൾക്ക മഖത്തിൽ നീ;
ലോകസംസേവ്യ, നീതന്നെ പോതാവും;
തൂകുക, ഹവിസ്സു;-ങ്കയുംചെയ്ക നീ! 5

രത്നമേകുക, യാഗകൎത്താവിനു:
രത്നദായകനല്ലോ, സുയജ്ഞ, നീ;
മൂച്ച കൂട്ടുക,ൎത്വിക്കുകൾക്കൊക്കെ നീ,
വായ്ചു വാഴ്ത്തുന്നവനുമസ്മന്മഖേ! 6

പ്രീതിയുണ്ടായ്വരട്ടെ,യവിടെയ്ക്കി-
സ്തോത്രവൎഗ്ഗത്തിലഗ്നേ, സമാഹൂത,
മാനുഷൎക്ക ഗോവൃന്ദത്തെ നല്കുന്ന
ദാനശീലരാം വിത്തവാന്മാരിലും! 7

ഏവർതൻ ഗൃഹേ നെയ്യു കൈക്കൊണ്ടിള
വാഴ്വു, പൂൎണ്ണയായ്;-ക്കെല്പാലവരെ നീ
കാക്കണം, ദ്രോഹിനിന്ദകരിൽനിന്നു;
ദീൎഘമാം സുഖമെങ്ങൾക്ക നല്കണം! 8

അൻപിയലുന്ന വായയാം ജ്വാലയാ-
ലന്നമേന്തും ബുധാഗ്ര്യൻ ഭവാനഗ്നേ,

---

4. ബലോദ്ഭൃത=ബലപുത്ര. ഊണിന്—ഹവിസ്സുണ്ണാൻ. മൎത്ത്യഭോഗ്യങ്ങൾ—ധനങ്ങൾ.

5. ധീ മികച്ച=ഉൽകൃഷ്ടബുദ്ധിയായ. ഹോമകൃത്ത്=ഹോതാവ്. പോതാവ്—ഒരു ൎത്വിക്ക്: തൂകുക—ദേവന്മാൎക്കായി.

6. യാഗകൎത്താവിനു—യഷ്ടാവായ എനിയ്ക്ക്. മൂച്ച—തീക്ഷ്ണമായ ശ്രദ്ധ. വായ്ച്ചു=വളൎന്ന്, ഉന്മേഷത്തോടേ. അസ്മന്മഖേ=ഞങ്ങളുടെ യാഗത്തിൽ.

7. മാനുഷൎക്ക—ഞങ്ങളുടെ ആളുകൾക്ക്.

8. ഇള—അന്ന(ഹവ്യ)രൂപയായ ദേവി. ദ്രോഹിനിന്ദകർ=ദ്രോഹിയും നിന്ദകനും.

Digitized By Kerala Sahitya Akademi

വിത്തമെത്തിക്കു, ഹവ്യാഢ്യരാമെങ്ങൾ-
ക്കു;-ധ്വരിക്കു വരുത്തുക,സ്സാഹവും! 9
വായ്ച കീർത്തിയെക്കാംക്ഷിച്ചു തക്കതാം
വാജിസംപത്തു നല്കുവോരെബ്ബുധാൻ
കാക്കുക,ഹംസ്സിൽനിന്നു യുവതമ,
നോർക്കതിന്നൊത്ത രുഭുപുരികളാൽ! 10
ദേവനാം ദ്രവിണോദസ്സു കാമിപ്പൂ,
ദേയപൂർണ്ണയാം നിങ്ങൾതൻ സ്രുക്കിനെ;
ഇങ്ങെടുത്തു പകരുവിൻ, ഹോമിപ്പിൻ:
നിങ്ങളെദ്ദേവനപ്പൊഴേ താങ്ങുമേ! 11
ആ മനീഷിയാമഗ്നിയെദ്ദേവകൾ
ഹോമവാഹിയും ഹോതാവുമാക്കിനാർ:
ഹവ്യമർപ്പിച്ചു സേവിപ്പവർക്കവൻ
ഭവ്യവീര്യവും രത്നവും നല്കുമേ! 12

---

## സൂക്തം 17.

വസിഷ്ഠൻ ഋഷി; ദ്വിപദാത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, അങ്ങ് നല്ല ചമതകൊണ്ടു സമുജ്ജ്വലിച്ചാലും! ദർ
ഭപ്പുല്ലു പരത്തി വിരിക്കുവിൻ! 1

---

9. അൻപിയറുന്ന—ദേവന്മാരെ സന്തോഷിപ്പിക്കുന്ന. അന്നം—ഹവിസ്സ്. ബുധാഗ്ര്യൻ=മികച്ച വിദ്വാൻ. അധ്വരി=യജ്ഞവാൻ, യജമാനൻ.

10. വാജിസമ്പത്ത്=അശ്വങ്ങളാകുന്ന ധനം. അംഹസ്സ്=പാപം. അതിന്നൊത്ത—രക്ഷയ്ക്കു മതിയായ.

11. ദേയപൂർണ്ണ—ഹവിസ്സു നിറഞ്ഞ. പകരുവിൻ—സോമരസം പാത്രത്തിലാക്കുവിൻ. ഋത്വിക്കുകളോടു പറയുന്നതാണിത്.

12. ഹോമവാഹി—ഹവ്യവാഹൻ. ഭവ്യവീര്യം=നല്ല വീര്യം.

സൂക്തം 17.

1. രണ്ടാം വാക്യം കൂട്ടുകാരോട്;

Digitized By Kerala Sahitya Akademi

കാമിയ്ക്കുന്ന കതുകുകളെ തുറക്കുവിൻ. അങ്ങ് കാമിയ്ക്കുന്ന ദേവന്മാരെ ഇവിടെ കൊണ്ടുവന്നാലും! 2

അഗ്നേ, ജാതവേദസ്സേ, ഭവാൻ ചൊല്ലുക: ദേവന്മാരെ ഹവിസ്സൂട്ടുക; ശോഭനയജ്ഞന്മാരാക്കുക! 3

ജാതവേദസ്സ് മരണമില്ലാത്ത ദേവന്മാരെ ശോഭനയജ്ഞരാക്കട്ടെ, യജിയ്ക്കട്ടെ; പ്രീതിപ്പെടുത്തുകയുംചെയ്യട്ടെ! 4

പ്രചേതസ്സേ, ഭവാൻ എല്ലാധനങ്ങളും തരിക: ഞങ്ങളുടെ ആശകൾ ഇന്നു യഥാർത്ഥങ്ങളായിത്തീരട്ടെ! 5

അഗ്നേ, ബലപുത്രനായ അങ്ങയെത്തന്നെയാണല്ലോ, ആ ദേവന്മാർ ഹവ്യവാഹനാക്കിയിരിയ്ക്കുന്നത്! 6

ദേവനായ നിന്തിരുവടിയ്ക്ക് ആ ഞങ്ങൾ ഹവിസ്സർപ്പിയ്ക്കാം; യാചിയ്ക്കുന്ന ഞങ്ങൾക്കു മഹാനായ നിന്തിരുവടി രത്നങ്ങൾ കല്പിച്ചു തരിക! 7

---

### സൂക്തം 18.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

(കാകളി)

ഇന്ദ്ര, നിന്നെത്താൻ സ്തുതിച്ചല്ലയോ നേടി,
നന്ദ്യങ്ങളൊട്ടുക്ക ഞങ്ങൾതൻ താതരും?
നിങ്കലുണ്ടോ,മൽക്കറവുപയ്യശ്വങ്ങൾ;
നീ ദേവകാമനു നല്കും, തുലോം ധനം! 1
ഭൂരിഭാര്യൻ പുരാൻപോലെ നീ ദീപ്തിമാൻ;
ദൂരദശി മഘവാവേ, മനീഷി നീ

---

2. കാമിയ്ക്കുന്ന—ദേവന്മാർ അകത്തു കടക്കണമെന്നിച്ഛിയ്ക്കുന്ന. ഈ വാക്യം കൂട്ടുകാരോടാണ്; അടുത്ത വാക്യം അഗ്നിയോട്. കാമിയ്ക്കുന്ന—യജ്ഞത്തെ.
7. ആ—പ്രസിദ്ധരായ.

സൂക്തം 18.

1. നന്ദ്യങ്ങൾ—ധനങ്ങൾ.



Digitized By Kerala Sahitya Akademi

സ്തോതാവിനേകുക, പൊന്നശ്വഗോക്കളെ;—
ബ്ഭൂതിയ്ക്കണയ്ക്ക, നീ തപ്പൽക്കാമരെങ്ങളെ! 2

ഇന്ദ്ര, ഭവാങ്കലിണക്കത്തൊടെത്തുന്നു,
നന്ദിയ്ക്കുമിദ്ദേവകാമസ്തവോക്തികൾ:
ഇങ്ങോട്ടണയട്ടെ, നിൻധനത്തിൻ വഴി;
ഞങ്ങൾ സുഖത്തിലെത്താവൂ, ഭവൽസ്തവാൽ! 3

വിട്ടു വസിഷ്ഠൻ സ്തവത്തെ, നൽപ്പുല്ലിലെ-
ഗ്ഗൃഷ്ടിയെപ്പോലേ ഭവാനെക്കറക്കുവാൻ.
എൻനരരൊക്കെ, നീ ഗോപതിയെന്നോതു;-
മിന്ദ്രൻ വരട്ടെ,യി നമ്മുടെ വാഴ്ത്തലിൽ! 4

ആഴം നികത്തിസ്സുതരമാക്കി, പെരും-
തോയത്തെയും സ്തുത്യനിന്ദ്രൻ സുദാസ്സിനായ്;
ഏററു വലച്ച ശാപാപവാദങ്ങളെ
മാററി,യുചഥൻറായർകളിലെയ്ക്കവൻ! 5

ക്രതുഭിജ്ഞൻ പുരോഗാമിയാം തുർവ്വശൻ
സ്വത്തിനായ് മത്സ്യം നിരോധിയ്ക്കെ, യോധരും

2. ഒരു രാജാവിന്നു വളരെബ്ഭാര്യമാരെന്നപോലെ, അങ്ങയ്ക്കു വളരെ ദീപ്തി (ജ്വാല)കളുണ്ട്. ഭൂതിയ്ക്ക്—സമ്പത്തു നേടാൻ. അണയ്ക്ക=മൂച്ചുകൂട്ടുക.

3. നന്ദിയ്ക്കും=മോദിയ്ക്കുന്ന. ഇങ്ങോട്ട്—ഞങ്ങളുടെ മുമ്പിലെയ്ക്ക്. ഭവൽസ്തവാൽ=ഭവാനെ സ്തുതിയ്ക്കുന്നതിനാൽ.

4. നൽപ്പുല്ലിലെ (ധാരാളം പുല്ലിട്ടിട്ടുള്ള തൊഴുത്തിൽ നില്ക്കുന്ന) ഗൃഷ്ടിയെ (പെററ പയ്യിനെ) കറക്കാൻ പൈക്കുട്ടിയെ വിടുന്നതുപോലെ, യാഗശാലയിൽ മേവുന്ന ഭവാനെക്കറക്കുവാൻ (ഭവാങ്കൽനിന്ന് അഭീഷ്ടം നേടാൻ) വസിഷ്ഠൻ സ്തവത്തെ വിട്ടു. എൻനരർ=എന്റെ ആളുകൾ. ഗോപതി=ഗോക്കളുടെ ഉടമസ്ഥൻ. ഓതും—പറയാറുണ്ട്. നാലാംപാദം പരോക്ഷസ്തുതി: വാഴ്ത്തലിൽ—സ്തോത്രം കേൾപ്പാനെന്നർത്ഥം.

5. സുതരം=സുഖേന കടക്കാവുന്നത് പെരുംതോയം—ശത്രുക്കൾ കരവെട്ടിപ്പിളത്ത പരുഷ്ണിനദിയിൽനിന്നുണ്ടായ വെള്ളപ്പൊക്കം. സുദാസ്സ്—രാജാവ്. ശാപാപവാദങ്ങൾ—വിശ്വാമിത്രന്റെ ശാപവും അപവാദവും. ഉചഥൻ—ഒരിന്ദ്രഭക്തൻ. ഇന്ദ്രനെ ബാധിച്ച ബ്രഹ്മഹത്യയെ നദികളിലും മററും പകുത്തി, ഇന്ദ്രൻ പാപമുക്തനായി എന്ന കഥയായിരിയ്ക്കാം, ഇതിൽ സൂചിപ്പിയ്ക്കപ്പെട്ടത്. അവൻ—ഇന്ദ്രൻ.

Digitized By Kerala Sahitya Akademi

നന്നായ്ത്തുണച്ചു, ഭൃഗുക്കളും; കോറിനാൻ,
വന്ന രണ്ടാളിൽസ്സഖാവെസ്സഖാവിവൻ! 6

നന്ദി പൂണ്ടാര്യന്റെ ഗോക്കളെദ്ദുഷ്ടരിൽ-
നിന്നാടർചെയ്താനയിച്ച ഹന്താവിനെ
വാഴ്ത്തിവരുന്നു, സുമുഖർ പഠിപ്പവർ
വായ്ചവർ കൊമ്പു കൈക്കൊണ്ടോർ ശിവങ്കരർ! 7

ദുഷ്ടാശയർ മൂഢർ വെള്ളം കയറുവാൻ
വെട്ടിപ്പിളത്താർ, തഴച്ച പരുഷ്ണിയെ;
ശിഷ്ടൻ നിലം പൂകി; ചായമാനൻ കവി
വിട്ടു മണ്ടി,പ്പശുപോലേ കിടക്കയായ്! 8

നേരേ പിഴയ്ക്കാതൊഴുകീ, പരുഷ്ണി; പോയ്-
ച്ചേരേണ്ടിടത്തെത്തി, പള്ളിക്കുതിരയും;
ഇന്ദ്രൻ സുദാസ്സിന്നു കീഴ്പ്പെടുത്തീ, ഭുവി
നിന്നു പുലമ്പും സപുത്രരാം മാററരെ! 9

---

6. കൃതചദിജ്ഞൻ—യജ്ഞകുശലൻ. പുരോഗാമി=മുമ്പൻ. തുവ്ശൻ—രാജാവ്. സചത്തിനായ്—ധനലാഭത്തിന്ന്. മത്സ്യം—മത്സ്യമെന്ന രാജ്യം. യോധരും ഭൃഗുക്കളും മത്സ്യരാജ്യം വളഞ്ഞ തുവ്ശനെ തുണച്ചു. ഒടുവിൽ മത്സ്യരാജാവും തുവ്ശനും രക്ഷയ്ക്ക് ഇന്ദ്രനെ പ്രാപിച്ചു; ആ രണ്ടുപേരിൽ സഖാവിനെ (തുവ്ശനെ) ഇവൻ (ഇന്ദ്രൻ) കോറിനാൻ—യുദ്ധാപത്തിൽനിന്നു കരയേററി.

7. ആര്യന്റെ—കർമ്മശീലന്റെ. ആനയിച്ച—വീണ്ടുകൊണ്ടുപോന്ന. ഹന്താവിനെ—ദുഷ്ടരെ വധിച്ച ഇന്ദ്രനെ. ഇന്ദ്രൻ യുദ്ധത്തിൽ ശത്രുക്കളെ വധിച്ചാണ്, ഗോക്കളെ ആനയിച്ചത് വായ്ചവർ—തപഃപ്രവൃദ്ധർ. കൊമ്പു കൈക്കൊണ്ടോർ—ചൊറിയാൻ കൃഷ്ണമൃഗക്കൊമ്പു കയ്യിൽ വെച്ച ദീക്ഷിതന്മാർ. ശിവങ്കരർ—യജ്ഞംകൊണ്ടു ലോകത്തിന്നു നന്മയുളവാക്കുന്നവർ.

8. ദുഷ്ടാശയർ—സുദാസ്സിന്റെ ശത്രുക്കൾ. ശിഷ്ടൻ—ഇന്ദ്രപ്രസാദത്താൽ ശ്രേയസ്സു നേടിയ സുദാസ്സ്. നിലം പൂകി—വെള്ളക്കയററത്തിൽ പെട്ടുപോയില്ല. ചായമാനൻ കവി—ചയമാനന്റെ പുത്രനായ കവി, സുദാസ്സിന്റെ വൈരി; കവി എന്നാണ്, അയാളുടെ പേർ. വിട്ടു—പോർക്കളത്തിൽനിന്ന്. പശു—യാഗത്തിൽ വധിയ്ക്കപ്പെട്ട പ്രാണി. കിടക്കയായ്—സുദാസ്സിനാൽ വധിയ്ക്കപ്പെട്ടു.

9. ഇന്ദ്രൻ പരുഷ്ണിയുടെ പിളർത്ത തീരങ്ങൾ കൂട്ടിച്ചേർത്തു. പള്ളിക്കുതിര—സുദാസ്സിന്റെ അശ്വം.

Digitized By Kerala Sahitya Akademi

നൽപ്പുല്ലിനായ്ഗ്ഗോപനില്ലാത്ത ഗോക്കൾപോ-
ല,പ്പൃശ്നി വിട്ട മരുത്തുക്കൾ കൂട്ടമായ്
തൻപ്രതിജ്ഞയ്ക്കൊത്തണഞ്ഞു, സഖാവിങ്ക;-
ലിമ്പമോടെത്തീ, നിയുത്തുക്കളും ദ്രുതം! 10

രാജാവവൻ യശസ്സിന്നി,രുവൈകർണ്ണ-
രാജ്യത്തിലെയിരുപത്തൊന്നു പേരുമായ്,
സാരൻ ഗൃഹേ ദർഭയെപ്പോലരിയവേ
ശൂരനിന്ദ്രനിവർക്കേകി,യനുജ്ഞയും! 11

അത്രയല്ലിന്ദ്രൻ ശ്രുതനെ,ക്കവഷനെ,
വൃദ്ധനെ, ദ്രുഹ്യുവെ വെള്ളത്തിൽ മുക്കിനാൻ;
തൽക്കാമരപ്പോൾസ്സഖാക്കളുമായ്ത്തീർന്നു,
സഖ്യലബ്ധിയ്ക്കായ്ബ്ഭുവാനെ സ്തുതിയ്ക്കയാൽ! 12

അക്കൂട്ടർതന്നുറപ്പുററ പുരങ്ങളും
ചിക്കെന്നുടച്ചാൻ, ബലാലിന്ദ്രനേഴൊടേ;
ആനവൻതൻ ധനം തൃത്സുവിന്നേകിനാൻ;
ആജിയിൽ വെല്ക, മുഷ്ടോത്തും നരനെ നാം! 13

---

10. പൃശ്നി വിട്ട—അമ്മ പറഞ്ഞയച്ചു. തൻപ്രതിജ്ഞയ്ക്കൊത്ത്—വേണ്ടപ്പോൾ ഇന്ദ്രനെ സഹായിച്ചുകൊള്ളാമെന്ന തങ്ങളുടെ പ്രതിജ്ഞയനുസരിച്ച്. സഖാവിങ്കൽ (ഇന്ദ്രങ്കൽ) അണഞ്ഞു; നല്ല പുല്ലുള്ളേടത്തു മേയാൻ, ഇടയനില്ലാത്ത മാടുകൾ സച്ഛന്ദം അണയുന്നതുപോലെ. നിയുത്തുക്കൾ—മരുത്തുക്കളുടെ അശ്വങ്ങൾ.

11. രാജാവവൻ—പൊരുതുന്ന സുദാസ്സ്. യശസ്സിന്ന്—കീർത്തി കാംക്ഷിച്ച്. ഇരുവൈകർണ്ണരാജ്യം—പരുഷ്ണിയുടെ ഇരുകരകളിലുള്ള വൈകർണ്ണമെന്ന രണ്ടു രാജ്യം. സാരൻ—കെല്പൻ; യുവാവായ അധ്വര്യു ഗൃഹേ (യാഗശാലയിൽ) ദർഭ അരിയുന്നതുപോലെ, സുദാസ്സ് ശത്രുക്കളെ അരിയവേ. ഇവർക്ക്—മരുത്തുക്കൾക്ക്. അനുജ്ഞയും ഏകി—സുദാസ്സിനെ സഹായിപ്പാനായി പൊരുതിക്കൊൾവാൻ അനുമതികൊടുക്കുകയും ചെയ്തു.

12. ശ്രുതൻ, കവഷൻ, വൃദ്ധൻ, ദ്രുഹ്യു എന്നിവർ സുദാസ്സിന്റെ ശത്രുക്കളാണ് ഉത്തരാർദ്ധം പ്രത്യക്ഷസ്തുതി:

13. അക്കൂട്ടർ—ശ്രുത-കവഷ-വൃദ്ധ-ദ്രുഹ്യുക്കൾ. ഏഴൊടേ—ഏഴു മതിലുകളോടുകൂടി; മതിലുകളും ഉടച്ചു. ആനവൻ—അനുവിന്റെ പുത്രൻ; അനു ഒരസുരൻ. തൃത്സു—ഒരു രാജാവ് നാം—ഇപ്രകാരം ഇന്ദ്രനെ സ്തുതിക്കുന്ന നമ്മൾ മുഷ്ടോത്തും നരനെ (വൈരിയെ) ആജിയിൽ (യുദ്ധത്തിൽ) വെല്ലുമാറാകണം!

Digitized By Kerala Sahitya Akademi

ആറുമറുപതും ചേരുമറുപത്തി-
യാറായിരംപേരനുദ്രുഹ്യുവീരരും
ഒന്നിച്ചുറങ്ങി, ഗോക്കൾക്കായ്ക്കൃതാച്ശങ്കൽ
വന്നിട്ടി;—തൊക്കയുമിന്ദ്രന്റെ വീര്യമാം! 14
ദുസ്സഖ്യവും വൻദുരയും നിമിത്തമ-
ത്തൃത്സുക്കളിന്ദ്രനോടേറ്റൊരുമ്പാടൊടേ,
കീഴ്പ്പോട്ടൊലിയ്ക്കും ജലങ്ങൾപോലോടിനാർ;
കോപ്പൊക്കെ വിട്ടാർ, സുദാസനെതിക്കയാൽ! 15
കാച്ചിനാ,നിന്ദ്രനെക്കൂസാതൊരുമ്പെട്ട,
കാച്ചുപാൽ മോന്തുന്ന വീരവിദ്രോഹിയെ;
മൂച്ച് കെടുത്തിനാനിന്ദ്രനമിത്രനു;
പാച്ചിലിൻപാതയിൽക്കേറി, തിരിച്ചവൻ! 16
നിസ്വനെക്കൊണ്ടു ചെയ്യിച്ചു, മഹാദാന;-
മാടിനെക്കൊണ്ടു കൊല്ലിച്ചു, സിംഹാഗ്ര്യനെ;
കോണകൾ തുശിയാൽച്ചെത്തിച്ചു, വജ്രവാൻ;
വേണ്ടുന്നതൊക്കെസ്സുദാസ്സിന്നു നല്കിനാൻ! 17

---

14. അനുവിന്റെയും ദ്രുഹ്യുവിന്റെയും അറുപത്താറായിരത്തിഅറുപത്താറ് വീരന്മാരും (ഭടന്മാരും) ഗോക്കൾക്കായ് (ഗോഹരണത്തിന്നായി) കൃതാച്ശങ്കൽ (ഇന്ദ്രനെ പൂജിച്ച സുദാസ്സിന്റെ അടുക്കൽ) വന്നിട്ട് (യുദ്ധത്തിനു വന്നിട്ട്) ഒന്നിച്ചുറങ്ങി—കൊല്ലപ്പെട്ടു.

15. ഇന്ദ്രനാൽ അനുഗ്രഹിയ്ക്കപ്പെട്ട തൃത്സുക്കൾ ദുസ്സഖ്യ(ദുർജ്ജനസമ്പർക്ക)ത്താലും വലിയ ദുരയാലും പിന്നീടൊരിയ്ക്കൽ ഇന്ദ്രനോടു യുദ്ധത്തിനേററു; എന്നിട്ടോ, തോററ് ഒരുമ്പാടൊടേ ഓടി: സുദാസൻ എതിർത്തതിനാൽ കോപ്പൊക്കെ (മുതലെല്ലാം) ത്യജിയ്ക്കുക(സുദാസ്സിന്നു സമർപ്പിയ്ക്കുക)യുംചെയ്തു.

16. വീരവിദ്രോഹി (വീരനായ സുദാസനെ ഉപദ്രവിച്ചിരുന്നവൻ) ഇന്ദ്രനെക്കൂസാതെ (യജ്ഞംചെയ്യാതെ) കാച്ചുപാൽ (കുറുക്കിയ പാൽ) സ്വയം മോന്തുന്നവനായിരുന്നു; ഒരുമ്പെട്ട (യുദ്ധോദ്യുക്തനായ) അവനെ ഇന്ദ്രൻ കാച്ചിനാൻ—കൊന്നുകളഞ്ഞു. അമിത്രനു മൂച്ച് കെടുത്തിനാൻ—ശത്രുവിനെ ചുണകെട്ടവനാക്കി. അവൻ (ശത്രു) തിരിച്ചു പാച്ചിലിൻപാതയിൽ കേറി—പാഞ്ഞുതുടങ്ങി.

17. ഇന്ദ്രന്റെ അദ്ഭുതകർമ്മങ്ങൾ: നിസ്വൻ=ദരിദ്രൻ. സിംഹാഗ്ര്യൻ—സിംഹങ്ങളിൽ വയസ്സുകൊണ്ടു മുമ്പൻ, വൃദ്ധസിംഹം. കോണകൾ—യൂപത്തിന്റെയും മറും. വേണ്ടുന്നതൊക്കെ—സർവ്വഭോഗ്യങ്ങളും.

Digitized By Kerala Sahitya Akademi

കീഴ്പെട്ടുവല്ലോ, വളരെ പ്രതീപർ തേ;
കീഴിലാക്കുകൊ,രമ്പെട്ട ഭേദനെയും:
വാഴ്ത്തും ജനങ്ങളെ ദ്രോഹിപ്പതു,ണ്ടവൻ;
വീഴ്ത്തുക,വങ്കൽക്കൂടുംവജ്രമിന്ദ്ര, നീ! 18
മോദപ്പെടുത്തീ, യമുന, തൃത്സുക്കളും
ഭേദനെയിപ്പോരിൽ മട്ടിച്ച വജ്രിയെ;
ശിഗ്രുജയക്ഷുപ്രജകൾ തദാ തിരു-
മുല്ക്കാഴ്ചവെച്ചാർ, തുരംഗത്തലകളെ! 19
എത്രയെന്നില്ലിന്ദ്ര, തേ പണ്ടുമിന്നുമു-
ള്ളത്ഥവുമൻപു,മുഷസ്സുകൾപോലവേ:
മട്ടിതനായ്, മന്യമാനജൻ ദേവക;-
നദ്രൌ സ്വയം കൊന്നു, നീ ശംബരനെയും! 20
ത്വൽകാമരായ് വാഴ്ത്തിവന്നുവല്ലോ, ഗൃഹം
പുക്ക പരാശരൻ, ശക്തി, വസിഷ്ഠനും:
രക്ഷിയാം നിൻ നതി വിസ്മരിയ്ക്കില്ലിവ;-
രച്ഛദിനങ്ങൾ വരുന്നു, സൂരികളിൽ! 21
ദേവവൽപൌത്രൻ സുദാസ്സു പൈജവനൻ
സ്ത്രീവദ്ധം രണ്ടിരുന്നൂറുഗോവൊട്ടും

18. പ്രതീപർ=ശത്രുക്കൾ. തേ=അങ്ങയ്ക്ക്. ഭേദൻ—സുദാസ്സിൻെറ ഒരു ശത്രു. വാഴ്ത്തും—ഭവാനെ സ്തുതിയ്ക്കുന്ന.

19. യമുന—യമുനാതീരത്തിലെ ആളുകളും. മട്ടിച്ച—വധിച്ച. ശിഗ്രുജയക്ഷുപ്രജകൾ=ശിഗ്രു, അജം, യക്ഷു എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ. തദാ—ഭേദവധാവസരത്തിൽ. തുരംഗത്തലകളെ—യുദ്ധത്തിൽ വധിയ്ക്കപ്പെട്ട കുതിരകളുടെ തലകളെ ഇന്ദ്രന്നു തിരുമുല്ക്കാഴ്ചവെച്ചു.

20. തേ (അങ്ങയ്ക്കു) പണ്ടുമിന്നുമുള്ള അത്ഥവും (ധനവും) അൻപും (അനുഗ്രഹബുദ്ധിയും) എത്രയെന്നില്ല—ഉഷസ്സുകൾപോലെ അസംഖ്യേയങ്ങളാകുന്നു. മന്യമാനജൻ ദേവകൻ മട്ടിതനായ്—മന്യമാനൻെറ പുത്രൻ ദേവകൻ (ഒരു ശത്രു) അങ്ങയാൽ വധിയ്ക്കപ്പെട്ടു. അദ്രൌ—മലയിൽവെച്ച്.

21. നിൻനതി=അങ്ങയെ സ്തുതിയ്ക്കൽ, യജിയ്ക്കൽ. സൂരികളിൽ—ഈ സ്തോതാക്കളിൽ അച്ഛദിനങ്ങൾ (സുദിനങ്ങൾ) വരുന്നു; ഭവാനെ നിത്യം സ്തുതിയ്ക്കുന്നതിനാൽ പരാശരാദികൾക്കു സവ്വദിവസങ്ങളും സുദിനങ്ങളാകുന്നു.

22. ദേവവൽപൌത്രൻ—ദേവവാൻ എന്ന രാജാവിൻെറ പുത്രൻ, പിജവനൻ; പിജവനൻെറ പുത്രൻ (പൈജവനൻ) സുദാസ്സ്. സ്ത്രീവദ്ധം=സ്ത്രീകളോ

Digitized By Kerala Sahitya Akademi

തന്നതഗ്നേ, വലംവെയ്ക്കുവൻ, ഹോതാവു
മന്ദിരംപോലേ, സ്തുതിയ്ക്കയാൽത്തക്ക ഞാൻ! 22
ആകെ പ്രശസ്തമായ്പ്പൈജവനൻ സുദാ-
സ്സേകിയ നാലു പൊൻകോപ്പണിവാജികൾ,
പങ്കത്തിലുമുജ്ജ്വയാനർ ദൃഢാംഘ്രികൾ
കുഞ്ഞിൻ പുകൾക്കായ് വഹിപ്പൂ, കുഞ്ഞായ മാം! 23
തൻപുകൾ വൻനഭോഭൃക്കളിൽപ്പാകിയ,
മുമ്പനു മുമ്പനു വെച്ച വദാന്യനെ
പാരേഴുമിന്ദ്രനെപ്പോലെ സ്തുതിപ്പതു-
ണ്ടോ;—ആറുകൾ യുധ്യാമധിയെ വീഴ്ത്തീ, രണേ! 24
നേതൃമരുത്തുക്കളേ, ഇസ്സുദാസ്സില-
ത്താതദിവോദാസനിൽപ്പോലിണങ്ങുവിൻ:
കാക്കുവിൻ, പൈജവനൻെറ ഗേഹം; സദാ
വാഴ്ക്കട്ടെ, വാടാതെയച്ഛേച്ഛുവിൻ ബലം! 25

---

ട്ടകൂടിയ രഥം. വധൂസംയുക്തങ്ങളായ രണ്ടുതേരുകളും, ഇരുന്നൂറുഗോക്കളെയും, ഇന്ദ്രനെ സ്തുതിയ്ക്കയാൽ തക്ക (അർഹനായ) എനിയ്ക്കു സുദാസ്സ് തന്നു; അതിനെ (ആ ദാനത്തെ) ഞാൻ, മന്ദിരത്തെ (യജ്ഞഗൃഹത്തെ) ഹോതാവെന്നപോലെ വലംവെയ്ക്കുന്നു. ഇത് ഇവിടെ അഗ്നിയോടു പറഞ്ഞത്, അഗ്നിയുടെ സർവ്വദേവമുഖ്യത്വം പ്രതിപാദിപ്പാനാണ്: ഇന്ദ്രനാണല്ലോ, ഈ സൂക്തത്തിൻെറ ദേവത.

23. ആകെ പ്രശസ്തമായ്—ശ്രദ്ധമുതലായ ദാനാംഗങ്ങളുടെ തികവോടേ. പങ്കത്തിലുമുജ്ജ്വയാനർ—തീററ കിട്ടാഞ്ഞാലും (?) നേരേ നടക്കുന്നവ. ദൃഢാംഘ്രികൾ=കാലുകൾക്കുറപ്പുള്ളവ. കുഞ്ഞിൻ—മകൻെറ. കുഞ്ഞായ—മകനെന്നപോലെ പാലനീയനായ. മാം=എന്നെ, വസിഷ്ഠനെ.

24. മുമ്പനു മുമ്പനു വെച്ച—ശ്രേഷ്ഠന്മാർക്ക് ആദ്യമാദ്യം ധനം നീക്കിവെച്ച, കൊടുത്ത. വദാന്യൻ—ദാനശീലനായ സുദാസ്സ്. യുധ്യാമധിയെ (സുദാസ്സിൻെറ ഒരു ശത്രുവിനെ) രണേ (യുദ്ധത്തിനിടയിൽ) ആറുകൾ (നദികൾ) വീഴ്ത്തീ—കൊന്നു.

25. നേതൃമരുത്തുക്കൾ=നേതാക്കളായ മരുത്തുക്കൾ. അത്താതദിവോദാസൻ—സുദാസ്സിൻെറ അച്ഛനായ ദിവോദാസൻ: പിജവനൻെറ മറെറാരു പേരാണ്, ദിവോദാസൻ. അച്ഛേച്ഛുവിൻ—പരിചരണകാമനായ സുദാസ്സിൻെറ ബലം വാടാതെ (ക്ഷയിയ്ക്കാതെ) വാഴ്ക്കട്ടെ.

Digitized By Kerala Sahitya Akademi

## സൂക്തം 19.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
(കാകളി.)

കൊമ്പു കൂർത്ത വൃഷംപോലുഗ്രനേകനായ്-
സ്സംപതിപ്പിയ്ക്കും, സപത്നരെയൊക്കയും;
ലുബ്ധന്റെ ഭൂരിയാം സമ്പത്തടക്കിടും;
വിത്തമേകും, തുലോം നീർ പിഴിവോന്നു നീ! 1
നിയ്യിന്ദ്ര, രക്ഷിച്ചരുളിയല്ലോ, തിരു-
മെയ്യാലുപചരിച്ചാ,ജിയിൽക്കുത്സനെ:
ഇയ്യജ്ജുനീസുതന്നേകാൻ, വഴങ്ങിച്ചു,
നിയ്യേററവും ദാസശുഷ്ണകുയവരെ! 2
സർവ്വഥാ കാത്തുരക്ഷിച്ചു, ധൃഷ്ണോ, ഭവാൻ
ഹവ്യമർപ്പിച്ച സുദാസ്സിനെക്കെല്പിനാൽ;
പോരിൽ നീ പാലിച്ചു, പാടങ്ങൾ നേടുവാൻ
പൌരുകുത്സിത്രസദസ്യുപൂരുക്കളെ! 3
മാനുഷസ്നേഹിൻ, മരുദ്യുക്തനായ് രണേ
മാററരെയൊട്ടല്ല കൊന്നു, ഹര്യശ്വ, നീ:
ദസ്യുചുമുരിധുനികളെ ഹേതിയാൽ-
സ്സുസ്വാപരാക്കീ, ദഭീതിയ്ക്കുവേണ്ടി നീ! 4

---

### സൂക്തം 19.

1. പ്രത്യക്ഷോക്തി: വൃഷംപോലുഗ്രൻ—ഒരു കാളപോലെ ഭയങ്കരനായ നീ. സംപതിപ്പിയ്ക്കും—സ്ഥാനഭ്രഷ്ടരാക്കും. സപത്നർ=ശത്രുക്കൾ. ലുബ്ധന്റെ—അയഷ്ടാവിന്റെ. നീർ—സോമരസം.

2. ഉപചരിച്ച്=ശുശ്രൂഷിച്ച്, സഹായിച്ച്. അജ്ജുനി—കുത്സന്റെ അമ്മയുടെ പേർ. ദാസ-ശുഷ്ണ-കുയവർ—മൂന്നസുരന്മാർ. ഏകാൻ—ധനം കൊടുക്കാൻ.

3. പൌരുകുത്സിത്രസദസ്യുപൂരുക്കളെ—പുരുകുത്സപുത്രനായ ത്രസദസ്യുവിനെയും പൂരുവിനെയും.

4. ഒട്ടല്ല കൊന്നു=വളരെപ്പേരെ വധിച്ചു. ദസ്യു-ചുമുരി-ധുനികൾ—മൂന്നസുരന്മാർ. ഹേതി—വജ്രം. സുസ്വാപരാക്കീ=നന്നായുറക്കി, കൊന്നു. ദഭീതി—ഒരു രാജർഷി.

Digitized By Kerala Sahitya Akademi

അത്ര്യയാം വജ്രവൻ, നിൻബല:–മെണ്പതും
പത്തൊമ്പതും പുരമൊപ്പം (പിളൎത്തു) നീ
തത്ര നൂറാമതിൽക്കേറീ, വസിയ്ക്കുവാൻ!
വൃത്രനെക്കൊന്നു; നമുചിയെക്കൊന്നു നീ! 5

ഇന്ദ്ര, ബലവൻ, നശിയ്ക്കാ, മഖാന്നങ്ങൾ
തന്നാ സുദാസ്സിന്നു നീയേകിയ ധനം;
പൂട്ടാം, വൃഷൻ, തേ വൃഷാശ്വദ്വയത്തെ ഞാൻ;
സ്തോത്രങ്ങൾ നിങ്കലെത്താട്ടേ, ശതക്രതോ! 6

ഇത്ത്വദന്വേഷത്തിലെങ്ങൾ പരദ്രവ്യ-
ഹൎത്താക്കളാം കൊലയാളൎക്കടങ്ങൊലാ:
നിൎബ്ബാധമെങ്ങളെപ്പാലിയ്ക്കൂ, ഹൎയ്യശ്വ;
നിൻപ്രിയരാകെ,ങ്ങൾ വിജ്ഞരിലൂൎജ്ജിത! 7

അങ്ങയെത്തേടി സ്തുതിയ്ക്കുമെങ്ങൾ ഗൃഹേ
ചങ്ങാതിമാരായ് പ്രിയരായ്സ്സുഖിയ്ക്കണം!
തുൎവ്വശയാദ്വരെപ്പാട്ടിലാക്കേണമേ,
ഭവ്യം സുദാസ്സിന്നിയറ്റുവാനിന്ദ്ര, നീ! 8

നിന്നോതിരഞ്ഞു,ക്ഥദക്ഷരെങ്ങളുടൻ–
തന്നെ ചൊല്ലുന്നതുണ്ടു,ക്ഥങ്ങൾ സാമ്പ്രതം;

---

5. നിൻബലം അത്ര്യയാം—അത്ര മികച്ചതാണ്. എണ്പതും പത്തൊമ്പതും പുരം.—ശംബരന്റെ തൊണ്ണൂറ്റൊമ്പതു പുരികൾ.

6. മഖാന്നങ്ങൾ=യജ്ഞവും ഹവിസ്സും. വൃഷൻ—ഹേ വൃഷാവേ. തേ—അങ്ങയ്ക്ക് ഇങ്ങോട്ടു പോരാൻ. വൃഷാശ്വദ്വയത്തെ—വൃഷാക്കളായ ഹരികളെ ഞാൻ പൂട്ടാം.

7. ഇത്ത്വദന്വേഷത്തിൽ—ഞങ്ങൾ ഇങ്ങനെ സ്തോത്രങ്ങൾകൊണ്ട് അങ്ങയെ തേടുന്നതിനിടയിൽ. അടങ്ങൊലാ—കീഴ്പെട്ടുപോകരുത്. ഊൎജ്ജിത=ബലവാനേ. എങ്ങൾ വിജ്ഞരിൽ (സ്തോതാക്കളിൽവെച്ചു) നിൻപ്രിയരായിത്തീരട്ടെ.

8. ദിവോദാസിന് (ഞങ്ങളുടെ രാജാവായ ദിവോദാസനു) ഭവ്യം (നന്മ) ഏകുവാൻ നീ തുൎവ്വശൻ, യാദ്വൻ എന്നീ രാജാക്കന്മാരെ വശത്താക്കണം.



Digitized By Kerala Sahitya Akademi

ലുബ്ധരെക്കൊണ്ടുമേകിച്ചൂ ഭവൽസ്തവാൽ;
മിത്രതയ്ക്കേങ്ങളെക്കൈക്കൊള്ളുകി,ന്ദ്ര, നീ! 9

അങ്ങയ്ക്കു ഹവ്യങ്ങളേകുമീ നേതാക്ക-
ളെങ്ങളിൽച്ചേൎന്നിരിയ്ക്കുന്നു, നേതൃതമ:
മംഗളം നല്കുകി,വൎക്കി,ന്ദ്ര, പോരിൽ നീ;
ചങ്ങാതിയാക; രക്ഷിയ്ക്ക, ശൂരൻ ഭവാൻ! 10

അദ്യ വാഴ്ത്തപ്പെട്ടും നീ നുതി കേട്ടി,ന്ദ്ര,
വൎദ്ധിയ്ക്ക, രക്ഷയാൽശ്ശൂര, മെയ്യാലുമേ;
എത്തിയ്ക്കുകെ,ങ്ങൾക്കു കൊറവും ഗൃഹങ്ങളും;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 11

രണ്ടാമദ്ധ്യായം സമാപ്തം.

---

## മൂന്നാമദ്ധ്യായം

### സൂക്തം 20.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഓജസ്സും തേജസ്സുമിയന്ന ഇന്ദ്രൻ വീൎയ്യത്തിനാണ്, ജനിച്ചത്.
ചെയ്യാൻ നിശ്ചയിച്ചതു മനുഷ്യഹിതൻ ചെയ്യും. യുവാവു രക്ഷകളോ
ടേ യാഗശാലയിൽ വരും; വമ്പിച്ച പാപത്തിൽനിന്നുപോലും നമ്മെ
രക്ഷിയ്ക്കും! 1

---

9. ഉക്ഥദക്ഷർ—ഉക്ഥം ചൊല്ലുന്നതിൽ നിപുണന്മാരായ. ഞങ്ങൾ ഭവാനെ സ്തുതിച്ചു, ലുബ്ധരെക്കൊണ്ടും ഏകിച്ചു—ധനം കൊടുപ്പിച്ചു; ഭവൽസ്തുതിപ്രഭാവത്താൽ ഞങ്ങൾക്കു ലുബ്ധന്മാരും ധനം തന്നിരിയ്ക്കുന്നു. മിത്രത=സഖ്യം.

10. ചേൎന്നിരിയ്ക്കുന്നു—അനുകൂലരായിരിയ്ക്കുന്നു.

11. രക്ഷയാലും മെയ്യാലും വൎദ്ധിയ്ക്കു—രക്ഷയെയും ദേഹത്തെയും വളൎത്തുക.

സൂക്തം 20.

1. വീൎയ്യം—വീരകൎമ്മം. മനുഷ്യഹിതൻ, യുവാവ് എന്നിവ ഇന്ദ്രവിശേഷണങ്ങളാകുന്നു.

Digitized By Kerala Sahitya Akademi

ഇന്ദ്രൻ വളൎന്നു വൃത്രനെ കൊന്നു. വീരൻ സ്തോതാവിനെ ഉടൻ രക്ഷയാൽ പാലിച്ചു. സുദാസ്സിന്നു രാജ്യം നല്കി. ഹവിൎദ്ദാതാവിന്നു ധനം വീണ്ടും വീണ്ടും കൊടുത്തു. 2

പിന്മാറാതെ പോരാടുന്ന യോദ്ധാവു്, പൊരുതുന്ന ശൂരൻ, പ്രകൃത്യാ വളരെപ്പേരെ കീഴമൎത്തുന്നവൻ, കീഴമൎത്തപ്പെടാത്ത ബലവാൻ—ഇങ്ങനെയുള്ള ഇന്ദ്രൻ പടകളെ പതറിയ്ക്കും, പകയരെയെല്ലാം കൊല്ലും! 3

ഇന്ദ്ര, ബഹുധന, ഭവാൻ മഹത്ത്വംകൊണ്ടും കരുത്തുകൊണ്ടും വാനൂഴികളിരണ്ടിനെയും നിറച്ചിരിയ്ക്കുന്നു. ഹരിയുക്തനായ ഇന്ദ്രൻ വജ്രമെയ്തു, യജ്ഞങ്ങളിൽ ഹവിസ്സോടു ചേരുന്നു. 4

വൃഷാവു വൃഷാവിനെ ജനിപ്പിച്ചതു, യുദ്ധത്തിന്നത്രേ: ഈ മനുഷ്യഹിതനെ മഹിള പ്രസവിച്ചു; മനുഷ്യൎക്കു നേതാവും, ഈശ്വരനും, പരന്തപനും, ഗോക്കളെ തിരയുന്നവനും, ധൎഷകനുമാണു്, ഇദ്ദേഹം! 5

ഈ ഇന്ദ്രന്റെ ഘോരമായ ഹൃദയത്തെ ആർ യജ്ഞങ്ങൾകൊണ്ടാരാധിയ്ക്കുമോ, അവന്നു സ്ഥാനഭ്രംശം സംഭവിയ്ക്കില്ല; ക്ഷയവും വരില്ല. പരിചരണമനുഷ്ഠിയ്ക്കുന്നവന്നു് ആ യജ്ഞരക്ഷകൻ യജ്ഞത്തിൽ ആവിൎഭവിച്ചു, ധനം കല്പിച്ചുകൊടുക്കും. 6

ഇന്ദ്ര, കാരണവൻ അനന്തരവന്നു യാതൊന്നു കൊടുക്കുമോ; ജ്യേഷ്ഠൻ അനുജങ്കൽനിന്നു യാതൊന്നു നേടുമോ; (മകൻ) യാതൊന്നു കൊണ്ടു ദൂരത്തു ജീവിച്ചിരിയ്ക്കുമോ; പൂജനീയ, ആ പൂജനീയമായ ധനം ഭവാൻ ഞങ്ങൾക്കു കൊണ്ടുവന്നാലും! 7

ഇന്ദ്ര, വജ്രപാണേ, യാതൊരുവൻ അങ്ങയ്ക്കു (ഹവിസ്സു) നല്കുമോ, അവൻ പ്രിയപ്പെട്ട സഖാവായി അങ്ങയുടെ ദാനത്തിന്നു പാത്ര

---

3. പടകളെ—ശത്രുസൈന്യങ്ങളെ.

4. വജ്രമെയ്തു—വജ്രംകൊണ്ടു വൈരികളെ പായിച്ചു്.

5. വൃഷാവു്—കശ്യപൻ. വൃഷാവിനെ=ഇന്ദ്രനെ. മഹിള—കശ്യപപത്നിയായ അദിതി.

6. ഘോരമായ—ശത്രുക്കളുടെ നേൎക്കു്. ആ യജ്ഞരക്ഷകൻ—ഇന്ദ്രൻ.

7. യാതൊന്നുകൊണ്ടു്—അച്ഛങ്കൽനിന്നു യാതൊന്നു നേടി. ആ—മൂന്നുതരത്തിലുള്ള.

Digitized By Kerala Sahitya Akademi

മാകും. ഞങ്ങളും അഹിംസകനായ അങ്ങയുടെ ഈ നന്മനസ്സിനാൽ, ധാരാളം അന്നവുമായി, മനുഷ്യരക്ഷകമായ ഗൃഹത്തിൽ മരുവുമാറാകണം! 8

മഘവാവേ, ഇതാ, അങ്ങയ്ക്കായി പിഴിയപ്പെടുന്ന സോമം നിലവിളിയ്ക്കുന്നു; സ്തോതാവും ഒച്ച മുഴക്കുന്നു. ശക്ര, ഒരു ധനേച്ഛു അങ്ങയെ സ്തുതിയ്ക്കുന്ന എങ്കൽ വന്നു കൂടിയിരിയ്ക്കുന്നു; അങ്ങ് വേഗത്തിൽ ഞങ്ങൾക്കു സമ്പത്തു തരിക! 9

ഇന്ദ്ര, അങ്ങയുടെ ചോറുണ്ണുന്നവരാകണം, ഞങ്ങളും, അങ്ങയ്ക്കു സ്വയം ഹവിസ്സയയ്ക്കുന്നവരും; അങ്ങയെ സ്തുതിയ്ക്കുന്നവന്നു ശേഷിയും ഉണ്ടായിവരട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!'10

---

## സൂക്തം 21.

### ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഗവ്യം ചേർത്ത തെളിസോമം പിഴിഞ്ഞുകഴിഞ്ഞു: ഇതിൽ പ്രകൃത്യാ സംബന്ധിയ്ക്കുന്നവനാണല്ലോ, ഇന്ദ്രൻ. ഹര്യശ്വ, ഞങ്ങൾ അങ്ങയെ യജ്ഞംകൊണ്ട് ഉണർത്തുന്നു: അങ്ങ് സോമത്തിന്റെ മത്തിൽ ഞങ്ങളുടെ സ്തോത്രം ചെവിക്കൊണ്ടാലും! 1

(യഷ്ടാക്കൾ) യജ്ഞത്തിലെത്തുന്നു; ദർഭ വിരിയ്ക്കുന്നു; യാഗത്തിൽ അമ്മികൾ കനത്ത ശബ്ദം പുറപ്പെടുവിയ്ക്കുന്നു. ദൂരത്തും കേൾക്കുമാറു ശബ്ദിയ്ക്കുന്ന, പുകഴ്ന്ന അമ്മിക്കുഴകൾ നേതാക്കളാൽ ഗൃഹത്തിൽനിന്ന് എടുക്കപ്പെടുന്നു. 2

---

9. ചതയ്ക്കുമ്പോഴത്തെശ്ശബ്ദം, ഇന്ദ്രനെക്കാണാഞ്ഞു സോമം നിലവിളിയ്ക്കുന്നതാണെന്ന് ഉൽപ്രേക്ഷ. ഒച്ച മുഴക്കുന്നു—ഉറക്കെ സ്തോത്രം ചൊല്ലുന്നു.

10. അങ്ങയുടെ—അങ്ങ് തന്ന. സ്തുതിയ്ക്കുന്നവന്ന്—എനിയ്ക്ക്

സൂക്തം 21.

1. ഗവ്യം=ഗോരസം. ഹര്യശ്വ എന്നതുമുതൽ പ്രത്യക്ഷസ്തുതി: യജ്ഞം—ഹവിസ്സോ, സ്തോത്രമോ.

Digitized By Kerala Sahitya Akademi

ശൂരനായ ഇന്ദ്ര, അങ്ങ് വൃത്രനാൽ ആക്രമിയ്ക്കപ്പെട്ട വളരെ ജലങ്ങളെ ഒഴുകാൻ വിട്ടു; അവിടുന്നുമൂലം നദികഠം, തേരാളികഠംപോലെ നടകൊണ്ടു. ഉലകൊക്കെ പേടിച്ചു വിറച്ചു! 3

ഇന്ദ്രൻ മനുഷ്യർക്കു വേണ്ടതെല്ലാമറിഞ്ഞിട്ട്, ആയുധങ്ങളാൽ ഭയംകരനായി അവരെ വളഞ്ഞു; നേരിട്ടു വിറപ്പിച്ചു; ഇമ്പം പൂണ്ടു മഹിമയോടേ വജ്രമെടുത്തു വധിച്ചു! 4

ഇന്ദ്ര, രക്ഷസ്സുകഠം ഞങ്ങളെ ദ്രോഹിയ്ക്കില്ല; മഹാബല, രാക്ഷസർ ഞങ്ങളെ ആഠംക്കാരിൽനിന്നകററില്ല; നെറികെട്ട പ്രാണിയെ തന്തിരുവടി അടക്കിക്കൊള്ളും. ശിശ്നദേവന്മാർ ഞങ്ങളുടെ യാഗം പോക്കിക്കളയരുത്! 5

ഇന്ദ്ര, അങ്ങ് കർമ്മംകൊണ്ടു മന്നിനെ കീഴടക്കിയിരിയ്ക്കുന്നു: അങ്ങയുടെ മഹിമാവു ലോകങ്ങഠംക്കു ലഭ്യമല്ല. അങ്ങ് സ്വന്തം ബലംകൊണ്ടാണല്ലോ, വൃത്രനെ കൊന്നത്; യുദ്ധത്തിൽ അങ്ങയെ ഹനിപ്പാൻ ശത്രു ആളായതുമില്ല! 6

അസുരന്മാരുടെപോലും കെല്പും കൊലയും അളവിൽ അങ്ങയുടെ ബലത്തിനൊത്തില്ല! ഇന്ദ്രൻ പൊരുതി ധനം നല്കും; അന്നം കിട്ടാൻ ആളുകഠം ഇന്ദ്രനെ വിളിച്ചുവരുന്നു. 7

ഇന്ദ്ര, സ്തോതാവു രക്ഷയ്ക്കായി, ഈശ്വരനായ നിന്തിരുവടിയെ വിളിച്ചു; ഞങ്ങഠംക്കു വളരെസ്സൌഭാഗ്യം നിന്തിരുവടി തരികയും ചെയ്തു. ഒരുനൂറു രക്ഷകളുള്ളവനേ, നിന്തിരുവടിയെപ്പോലുള്ള ഒരുവൻ ദ്രോഹിപ്പാൻ വന്നാൽ, അവനെ തടുക്കുകകൂടിച്ചെയ്താലും! 8

ഇന്ദ്ര, അങ്ങയെ സ്തുതികൊണ്ടു വളർത്തുന്ന ഞങ്ങഠം എന്നും സഖാക്കളാകണം! മഹിമകൊണ്ടു മറുകരയണയ്ക്കുന്നവനേ, അങ്ങയുടെ രക്ഷയാൽ (സ്തോതാക്കഠം) യുദ്ധത്തിൽ ഹിംസകരായ ശത്രുക്കളുടെ എതിപ്പും കെല്പും കെടുത്തട്ടെ! 9

---

4. അവരെ—അസുരന്മാരെ.

5. നെറികെട്ട എന്നതുമുതൽ പരോക്ഷവചനം: ശിശ്നദേവന്മാർ—വ്യഭിചാരികഠം, ബ്രഹ്മചര്യരഹിതർ.

7. ഇന്ദ്രൻ എന്നതുമുതൽ പരോക്ഷോക്തി:

9. മറുകര—ശത്രുക്കളുടെയോ, പാപങ്ങളുടെയോ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, അങ്ങയുടെ ചോറുണ്ണുന്നവരാകണം, ഞങ്ങളും, അങ്ങയ്ക്കു
സ്വയം ഹവിസ്സർപ്പിയ്ക്കുന്നവരും; അങ്ങയെ സ്തുതിയ്ക്കുന്നവനു ശേഷിയും
ഉണ്ടായിവരട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങ
ളെ!' 10

---

## സൂക്തം 22.

വസിഷ്ഠൻ ഋഷി; വിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.
(മാകന്ദമഞ്ജരി)

ചേലിൽപ്പിഴിയുവോൻ കൈകൾകൊണ്ടശ്വത്തെ-
പ്പോലേ പിടിച്ചതാമമ്മിക്കഴ
ത്തുകിയ സോമം ഹര്യശ്വ, കുടിയ്ക്കുക-
ങ്ങേ:-കട്ടെ,യങ്ങയ്ക്കിതിമ്പമിന്ദ്ര! 1

യാതൊന്ന,വിടെയ്ക്കു ചേർന്നതാം നല്ലൊരു
മാദകം; ഹര്യശ്വ, ഭൂരിവസോ,
യാതൊന്നാൽ മാററാരെക്കൊല്വു, നി;-യസ്സോമ-
നീർ തവ മത്തുണ്ടാക്കട്ടെ,യിന്ദ്ര! 2

അങ്ങയെപ്പററി വസിഷ്ഠൻ വദിയ്ക്കുമി
മംഗളച്ചൊല്ലറിഞ്ഞാലും, ചെമ്മേ;
ഹേ മഘവാവേ, നീയംഗീകരിയ്ക്കുകി,
മാമകസ്തോത്രങ്ങളധ്വരത്തിൽ! 3

നീർ ത്തുകമമ്മിതന്നാഹ്വാനം കേൾക്ക നീ;
മേധാവി ചൊല്ലും സ്തവങ്ങളെയും

---

സൂക്തം 22.

1. അശ്വത്തെപ്പോലേ—കടിഞ്ഞാണുകൾകൊണ്ടു കുതിരയെയെന്നപോ
ലെ. അങ്ങ്=ഭവാൻ.

2. ചേർന്നതാം=അനുരൂപമായ. മാദകം—മദകരദ്രവ്യം. യാതൊന്നാൽ
—യാതൊന്നു കുടിച്ചിട്ട്.

3. വസിഷ്ഠൻ—ഞാൻ. മംഗളച്ചൊല്ല്—സ്തുതി.

Digitized By Kerala Sahitya Akademi

ബോധിയ്ക്കു; കൂടെനിന്നുറക്കാമ്പിൽ വെയ്ക്കുയും-
ചെയ്താലു,മിപ്പരിചയ്യകളെ! 4
നിന്നെപ്പുകഴ്ത്തൽ നിത്തില്ല, കായ്ക്കില്ല,
നിന്നുടെ വീയ്യമറിഞ്ഞവൻ ഞാൻ;
എപ്പൊഴും, ഹന്താവാം നിൻ തിരുനാമത്തെ
നല്ലകളുള്ളോനേ, ചൊല്ലുവൻ, ഞാൻ! 5
ധാരാളം തേ പിഴിയുന്നതുണ്ടാ,ളുകറ;
സൂരിയുമിന്ദ്ര, ഭവാനെത്തന്നേ
ധാരാളം വാഴ്ത്തുന്നുണ്ടേ;-ങ്ങളിൽനിന്നു നീ
ദൂരത്തു നില്ക്കൊരുതേറെനേരം! 6
ഇപ്പിഴിയുന്നതൊട്ടുക്കു നിനക്കതാ;-
നപ്പടി നിന്നെ വളത്താനായ് ഞാൻ
ചൊല്ലുന്നോൻ, സ്തോത്രവും; ശൂര, നീ മാനുഷ-
ക്കെല്ലാവിധത്തിലുമാഹ്വാതവ്യൻ! 7
സ്തുത്യനായുള്ള ഭവാൻെറ മഹത്ത്വമോ,
വിത്തമോ, താവകവീയ്യംതാനോ
ചിക്കെന്നു കൈവരികില്ലൊ,രുത്തനുമി-
ങ്ങുഗ്ര, ദശിയ്ക്കപ്പെടേണ്ടുമിന്ദ്ര! 8
അന്നുമിന്നും സ്തവം തീത്ത വിപ്രഷികറ-
ക്കെന്നപോലെങ്ങറക്കും നിൻനൽസ്സഖ്യം
സിദ്ധിയ്ക്കുമാറാക; ഞങ്ങളെയെപ്പൊഴും
'സ്വസ്തിയാൽപ്പാലിപ്പിനി,ന്ദ്ര, നിങ്ങറ!' 9

---

4. മേധാവി—ധീമാനായ ഞാൻ. ബോധിയ്ക്കു=അറിഞ്ഞാലും.

5. ഹന്താവ്—വൈരിഘ്നൻ.

6. തേ=അങ്ങയ്ക്കായി. സൂരി—സ്തോതാവ്.

7. ആഹ്വാതവ്യൻ=വിളിയ്ക്കപ്പെടേണ്ടവനാകുന്നു.

8. ഉഗ്ര—മഹാബല. ദശിയ്ക്കപ്പെടേണ്ടും=ദശനീയനായ.

9. അന്നുമിന്നും—പണ്ടും ഇപ്പോഴും. സ്തവം—ഭവൽസ്തോത്രം. വിപ്രഷീകറ=മേധാവികളായ ഋഷിമാർ.

Digitized By Kerala Sahitya Akademi

## സൂക്തം 23.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

(കാകളി)

സ്തോത്രങ്ങളിന്ദ്രന്നയപ്പിന,ന്നം തരാൻ;
പേർത്തു പൂജിക്ക, വസിഷ്ഠ, നീയും മഖേ;
പാരിൽപ്പരന്ന കെല്പുള്ള താൻ കേൾക്കട്ടെ,
ചാരത്തണഞ്ഞു ഞാൻ ചൊല്ലും സ്തവങ്ങളെ! 1

സൂരിയിൽനിന്നിന്ദ്ര, വിണ്ണോർക്കു ബന്ധുവാ-
മാരവം പൊങ്ങി, സസ്യങ്ങൾ തഴയ്ക്കവേ:
തേറുകില്ലല്ലോ, നിജായുസ്സു ലോകർ; നീ
കേറുമപ്പാപം കടത്തുക, ഞങ്ങളെ! 2

പൂട്ടാം, ഹരികളെഗ്ഗോദമാം തേരിൽ ഞാൻ:
സ്തോത്രങ്ങൾ ചെന്നെത്തി, സംസേവ്യമാനനിൽ.
ഇന്ദ്രഭോക്തൃക്കളിൽത്തിങ്ങും മഹത്ത്വമാ-
ന്നിന്ദ്രൻ വധിച്ചാനെ,തിരറ്റ മാറ്റരെ! 3

മെത്തി, വെള്ളങ്ങൾ പെറാപ്പൈക്കൾപോലവേ;
ത്വൽസ്തുതികാരികൾക്കിന്ദ്ര, കിട്ടീ, ജലം.
വന്നാലു,മശ്വവാൻ വായുപോലെങ്ങളി:-
ലന്നം സത്ത്വബുദ്ധ്യാ കൊടുക്കുമല്ലോ, ഭവാൻ! 4

---

### സൂക്തം 23.

1. ഒന്നാംപാദം ഋഷികളോടും, രണ്ടാംപാദം തന്നോടും: മഖേ=യജ്ഞത്തിൽ. താൻ—ഇന്ദ്രൻ.

2. അങ്ങ് മഴ പെയ്യിച്ചതിനാൽ സസ്യങ്ങൾ വളർന്നപ്പോൾ, ആളുകൾ യാഗം തുടങ്ങി: സൂരിയിൽ(സ്തോതാവിങ്കൽ)നിന്നു ദേവന്മാർക്കു ബന്ധുവായ (പ്രീതികരമായ) ആരവം (സ്തുതിഘോഷം) പൊങ്ങി. ലോകർ, നിജായുസ്സ് എത്രയുണ്ടെന്നറിയുന്നില്ലല്ലോ; അതിനാൽ, ഞങ്ങളെ കേറുമപ്പാപം (ആയുസ്സിനെ ക്ഷയിപ്പിപ്പാൻ വന്നുകേറുന്ന പാപം) കടത്തുക.

3. ഗോദം=ഗോക്കളെ നല്കുന്ന. തേരിൽ—ഇന്ദ്രരഥത്തിൽ. സംസേവ്യമാനനിൽ—പരിവാരങ്ങളാൽ സേവിക്കപ്പെടുന്ന (പരിവാരസമേതനായ) ഇന്ദ്രങ്കൽ.

4. മെത്തി=തടിച്ചു, തഴച്ചു; പെറാപ്പൈക്കൾ (മച്ചിപ്പൈക്കൾ) തടിക്കുമല്ലോ. കിട്ടീ—ത്വൽപ്രസാദത്താൽ. അശ്വവാൻ വായു—നിയുത്തുക്കളോടുകൂടിയ വായു.

Digitized By Kerala Sahitya Akademi

സോമനീരിന്ദ്ര, ഭവാനു മത്തേകട്ടെ;
ധീമാനു (നല്ല,) ധനാഢ്യനാം കെല്പനെ.
നീയൊരാളല്ലോ, ദയാലു സുരരിൽവെ;-
ച്ചീയധ്വരത്തിൽ മദം കൊൾക, ശൂര, നീ!
ഏവമച്ചിപ്പൂ, വസിഷ്ഠർ നതികളാ-
ലാ വജ്രഭൃത്താം വൃഷാവിനെ,യിന്ദ്രനെ;
പുത്രഗോവിത്തം തരട്ടേ, സ്തുതനവൻ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 24.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ഇന്ദ്ര, തീർത്തിട്ടുണ്ടിരിപ്പിടം തേ: മരു-
ദ്വൃന്ദത്തൊടും പുരുഹൂത; വരുക,യിൽ.
വർദ്ധനവുണ്ടാക്കി രക്ഷിയ്ക്കുകെ;-ങ്ങൾക്കു
വിത്തവും നല്ക; മദിയ്ക്ക, സോമങ്ങളാൽ! 1
ധാമദ്വയപ്രഭോ, കയ്യിലായ്, നിന്മനം:
സോമം പിഴിഞ്ഞു; മഘവൻ, പകന്നു, തേൻ.
മധ്യസ്വരോച്ചാര്യമാണം, ശുഭാന്തം,മി-
സ്സിദ്ധമാം സ്തോത്രം വിളിപ്പതുണ്ടി,ന്ദ്രനെ. 2

---

5. ധീമാനു—സ്തോതാവിനു. കെല്പനെ—ബലവാനായ പുത്രനെ. നല്ക എന്ന പദം അധ്യാഹരിച്ചതാണ്. മദം കൊൾക—സോമപാനത്താൽ.

6. പുത്രഗോവിത്തം=പുത്രന്മാരെയും ഗോക്കളെയും ധനവും.

സൂക്തം 24.

2. ധാമദ്വയം=രണ്ടു സ്ഥാനങ്ങൾ, സ്വർഗ്ഗവും ഭൂമിയും. കയ്യിലായ്—ഞങ്ങൾക്കു കിട്ടിപ്പോയി! പകന്നു—പാത്രങ്ങളിൽ. മധ്യസ്വരോച്ചാര്യമാണം=മധ്യസ്വരംകൊണ്ട് ഉച്ചരിയ്ക്കപ്പെടുന്നത് ശുഭാന്തം=നല്ല സമാപ്തിയോടുകൂടിയത് സിദ്ധം—ഒരുക്കപ്പെട്ടത്. ഉത്തരാർദ്ധം പരോക്ഷം.



Digitized By Kerala Sahitya Akademi

വിണ്ണിലോ മന്നിലോ നിന്നൃജീഷിൻ, മധു–
വുണ്ണാൻ വരൂ, ഭവാനീയസ്മദധ്വരേ:
മൽസ്തുതിയിങ്കലെയ്ക്കാനായിക്കട്ടെ, കെ–
ല്പൊത്ത ഭവാനെത്തുരംഗങ്ങൾ മത്തിനായ്! 3

വന്നാലു,മെങ്ങളിൽ സ്തോത്രം ശ്രവിച്ചുകൊ–
ണ്ടിന്ദ്ര, ഹര്യശ്വ, സമസ്തരക്ഷയൊടും,
വൃദ്ധരൊന്നിച്ചു ഹന്താവു നീയെങ്ങൾക്കു
ശക്തനാം വൎഷിയെ നല്കാൻ ശുഭഹനോ! 4

തേർമുന്നിൽ വാജിയെപ്പോലെ, കെല്പേകമി–
സ്തോമത്തെയുഗ്രനാം ധുൎയ്യനിൽപ്പൂട്ടിനേൻ:
ഇന്ദ്ര, മഹാൻ നിങ്കൽ വിത്താൎത്ഥി, വാഴ്ത്തുവോ;–
നന്നം, ദിവി ഭാനുപോലാളുകെ,ങ്ങളിൽ! 5

ഇങ്ങനെ സ്വത്താൽ നിറയ്ക്കിന്ദ്ര, ഞങ്ങളെ:–
യങ്ങയ്ക്കു തോന്നാവൂ, വൻകനിവെങ്ങളിൽ;
സദ്വീരമന്നാം ഹവിഷ്മാനു നല്കൂ, നീ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

---

## സൂക്തം 25.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഓജസ്വിൻ, ഇന്ദ്ര, അരിശത്തോടേ പടകൾ അടുക്കുമ്പോൾ, മനുഷ്യഹിതനും മഹാനുമായ അങ്ങയുടെ തൃക്കയ്യിലെ ആയുധം രക്ഷ

---

3. ഋജീഷിൻ—ഋജീഷം (സോമച്ചണ്ടി) കയ്യിലുള്ളവനേ. മധു—സോമം. മൽസ്തുതി=എന്റെ സ്തുതി.

4. വൃദ്ധർ—മരുത്തുക്കൾ. ഹന്താവ്—വൈരിഘ്നൻ. വൎഷിയെ—അഭീഷ്ടവൎഷകനായ പുത്രനെ.

5. പൂൎവ്വാൎദ്ധം പരോക്ഷം: സ്തോമം=സ്തോത്രം. ഉഗ്രൻ=ഓജസ്വി. ധുൎയ്യനിൽ—ലോകത്തെ വഹിക്കുന്ന ഇന്ദ്രങ്കൽ. വാഴ്ത്തുവോൻ (സ്തോതാവു) മഹാനായ നിങ്കൽ വിത്താൎത്ഥിയാണ്, ധനം യാചിക്കുന്നു. ദിവി=ആകാശത്ത്. ഭാനു=സൂൎയ്യൻ. ആളുക=വിളങ്ങുമാറാകട്ടെ.

6. സദ്വീരം=നല്ല വീരന്മാരോടു(പുത്രാദികളോടു)കൂടിയത്.

Digitized By Kerala Sahitya Akademi

യ്ക്കായി പറന്നെത്തട്ടെ; അങ്ങയുടെ എങ്ങും നടക്കുന്ന മനസ്സും പോയ്ക്കളയരുത്! 1

ഇന്ദ്ര, യുദ്ധത്തിൽ ഞങ്ങളെ എതിർത്തു കീഴമർത്തുന്ന ശത്രുക്കളെ അങ്ങ് ചിതറിയ്ക്കണം; പഴിയ്ക്കാൻതുടങ്ങുന്നവന്റെ ആ പുലമ്പൽ അകററിക്കളയണം; ഞങ്ങൾക്ക ധാരാളം ധനവും കൊണ്ടുവരണം! 2

തൊപ്പി വെച്ചവനേ, അങ്ങയുടെ ഒരുനൂറു രക്ഷകളും, ഒരായിരം അഭിലാഷങ്ങളും, ധനവും ശോഭനദാനനായ എനിയ്ക്കു കൈവരട്ടെ! അങ്ങ് ഹിംസകന്റെ ആയുധം തെറിപ്പിച്ചാലും; ഞങ്ങൾക്ക് അന്നവും രത്നവും തന്നാലും! 3

ഇന്ദ്ര, അങ്ങയെപ്പോലുള്ളവന്റെ കർമ്മത്തിലും, ശൂര, അങ്ങയെപ്പോലുള്ള രക്ഷിതാവിന്റെ ദാനത്തിലും നില്ക്കുന്നവനാണല്ലോ, ഞാൻ: ബലവാനേ, തേജസ്വിൻ, ഭവാൻ എന്നെന്നും പാർപ്പിടം തരിക; ഹരിയുക്ത, ബുദ്ധിമുട്ടിയ്ക്കരുതേ! 4

ഈ ഞങ്ങൾ ഹര്യശ്വനു സുഖമുളവാക്കി, ഇന്ദ്രങ്കൽ ദേവന്മാർ വെച്ചിട്ടുള്ള ബലം യാചിച്ചു, മറുകരയണഞ്ഞു, കരുത്തു നേടുമാറാകണം: ശൂര, ഭവാൻ ശത്രുക്കളെ സദാ എളുപ്പത്തിൽക്കൊല്ലാവുന്നവരാക്കിയാലും! 5

'ഇങ്ങനെ സ്വത്താൽ നിറയ്ക്കിന്ദ്ര, ഞങ്ങളെ:–
യങ്ങയ്ക്കു തോന്നാവു, വൻകനിവെങ്ങളിൽ;
സദ്വീരമന്നം ഹവിഷ്മാനു നല്കു, നീ;
സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 6

---

## സൂക്തം 26.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മഘവാവായ ഇന്ദ്രനെ പിഴിയാത്ത സോമം തൃപ്തിപ്പെടുത്തില്ല; പിഴിഞ്ഞതും സ്തോത്രയുക്തമല്ലെങ്കിൽ തൃപ്തിപ്പെടുത്തില്ല. നമ്മുടേത്

---

സൂക്തം 25.

1. പടകൾ—വൈരിസൈന്യങ്ങൾ. പോയ്ക്കളയരുത്—ഞങ്ങളിൽത്തന്നേ നില്ക്കണം.

5. പ്രഥമവാക്യം പരോക്ഷം: സുഖമുളവാക്കി—സ്തുതിയാൽ. മറുകര—അപായങ്ങളുടെ.

Digitized By Kerala Sahitya Akademi

എങ്ങനെയായാൽ തന്തിരുവടി കൈക്കൊള്ളുമോ, എങ്ങനെയായാൽ ഒരു രാജാവുപോലെ കേട്ടരുളുമോ, അങ്ങനെയുള്ള ഒരു നവീനതരമായ ഉക്ഥം ഞാൻ ചൊല്ലാം. 1

ഉക്ഥം ഉക്ഥം ഉച്ചരിച്ചാലേ സോമം മഘവാവായ ഇന്ദ്രനെ തൃപ്തിപ്പെടുത്തൂ; സ്തോത്രം സ്തോത്രം ഉച്ചരിച്ചാലേ പിഴിഞ്ഞതു തൃപ്തിപ്പെടുത്തൂ. അതിനാൽ തന്തിരുവടിയെ ആളുകൾ ഒരേ ഉത്സാഹത്തോടേ തിക്കിനിന്ന്, അച്ഛനെ പുത്രന്മാരെന്നപോലെ തർപ്പണത്തിന്നായി സ്തുതിച്ചുപോരുന്നു. 2

സോമം പിഴിഞ്ഞു സ്തോത്രകാരന്മാർ ചൊല്ലുന്നവ എവയോ, അവ ഇന്ദ്രൻ ചെയ്തിരിയ്ക്കുന്നു; ഇനിയും വേറെ ചെയ്യും. അദ്ദേഹം ഒററയ്ക്ക് ഒരേ പെരുമാററത്തോടേ, ഭർത്താവു പത്നിമാരെയെന്നപോലെ, എല്ലാപ്പുരികളെയും ചുഴിഞ്ഞു നോക്കും! 3

തമ്മിലുരുമ്മുന്ന വളരെ രക്ഷകൾ ആർക്കുണ്ടോ, ആ ഇന്ദ്രൻ ഇങ്ങനെയുള്ളവനാണെന്നു പറയപ്പെട്ടിരിയ്ക്കുന്നു: അദ്ദേഹം തനിയേ ധനങ്ങൾ കൊടുക്കുമെന്നും, മറുകരയണയ്ക്കുമെന്നും കേൾക്കുന്നുണ്ട്; അരിയ നന്മകൾ നമ്മളിൽ വന്നെത്തട്ടെ! 4

ഇങ്ങനെ വസിഷ്ഠൻ മനുഷ്യരക്ഷയ്ക്കായി, പ്രജകൾക്കു വൃഷാവായ ഇന്ദ്രനെ സവനത്തിൽ പാടി സ്തുതിയ്ക്കുന്നു. നിന്തിരുവടി ഞങ്ങൾക്ക് ഒരായിരം അന്നം അളന്നാലും; നിങ്ങൾ, 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

---

സൂക്തം 26.

1. നമ്മുടേത്—നമ്മുടെ ഉക്ഥം.

2. ഉക്ഥം ഉക്ഥം—ഓരോ ഉക്ഥവും. ആളുകൾ—ഋത്വിക്കുകൾ. തർപ്പണം=തൃപ്തിപ്പെടുത്തൽ.

3. അവ—വൃത്രവധാദികൾ. പുരികൾ—ശത്രുനഗരികൾ. ചുഴിഞ്ഞുനോക്കും—ധനങ്ങളെടുക്കാൻ.

4. തമ്മിലുരുമ്മുന്ന—തിക്കുന്ന. മറുകര—ആപത്തുകളുടെ. അരിയ=പ്രിയപ്പെട്ട.

5. രണ്ടാംവാക്യംമുതൽ പ്രത്യക്ഷം.

Digitized By Kerala Sahitya Akademi

സൂക്തം 27.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

യുദ്ധനടത്തിപ്പിന്നു വേണ്ടുന്നതനുഷ്ഠിയ്ക്കുമ്പോഠം, നേതാക്കഠം പോരിലെയ്ക്കു് ഇന്ദ്രനെ വിളിയ്ക്കുകയായി; ആ ശൂരനായ നിന്തിരുവടി മനുഷ്യരിൽ സംബന്ധിച്ചും ബലമിച്ഛിച്ചും ഞങ്ങഠംക്ക ഗോവൃന്ദത്തെ കിട്ടിച്ചാലും! 1

ഇന്ദ്ര, മഘവാവേ, പുരുഹൂത, ഭവാൻെറ പക്കലുള്ള ബലം സഖാക്കളായ മനുഷ്യക്ക തന്നാലും; മഘവാവേ, ഉറപ്പുററവയും (പിളത്തിയ) വിവിക്തപ്രജ്ഞനായ ഭവാൻ ഇപ്പോഠം മറവിലിരിയ്ക്കുന്ന ധനം തുറന്നാലും! 2

ജംഗമങ്ങഠംക്കും, മനുഷ്യക്കും, ഭൂമിയിലെ നാനാദ്രവ്യങ്ങഠംക്കും അരചനാണ്, ഇന്ദ്രൻ; അതിനാൽ, ഹവിദ്ദാതാവിന്നു സമ്പത്തു നല്കിപ്പോരുന്നു. സ്തുതിയ്ക്കപ്പെട്ട തന്തിരുവടി ധനം ഇങ്ങോട്ടു കല്പിച്ചയയ്ക്കട്ടെ! 3

ആരുടെ തികഞ്ഞ വദാന്യത വന്നെത്തി, സഖാക്കളായ മനുഷ്യക്ക വേണ്ടതു ചുരത്തുന്നുവോ; ആ ദാതാവും മഘവാവുമായ ഇന്ദ്രൻ കൂട്ടിവിളിച്ച നമുക്ക രക്ഷയ്ക്കായി അന്നം ഇപ്പോഠം ഉടനടി ഏപ്പെടുത്തട്ടെ! 4

ഇന്ദ്ര, ഭവാൻ ഞങ്ങഠംക്ക നേട്ടത്തിന്നു ധനം ഉടനടി തന്നാലും: അങ്ങയുടെ മനസ്സിനെ ഞങ്ങഠം സ്തുതികൊണ്ടു് ഇങ്ങോട്ടു തിരിയ്ക്കാം. ഗോക്കഠം, അശ്വങ്ങഠം, തേരുകഠം എന്നിവയെ നല്കി, നിങ്ങഠം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

---

സൂക്തം 27.

1. രണ്ടാംവാക്യം പ്രത്യക്ഷം.

2. ഉറപ്പുററവയും—അസുരപുരികളുടെ സുദൃഢങ്ങളായ കതകുകഠംപോലും. തുറന്നാലും—ഞങ്ങഠംക്ക കാട്ടിത്തന്നാലും.

3. പരോക്ഷം:

4. വദാന്യത=ദാനശീലത. സഖാക്കഠം—സ്തോതാക്കഠം. ചുരത്തുന്നുവോ—പയ്യ് പാൽപോലെ. കൂട്ടി—മരുത്തുക്കളെയും ഉഠംപ്പെടുത്തി.

Digitized By Kerala Sahitya Akademi

## സൂക്തം 28.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, വിദ്വാനായ ഭവാൻ ഞങ്ങളുടെ സ്തോത്രത്തിൽ വന്നെത്തുക: അങ്ങയുടെ കുതിരകളെ ഇങ്ങോട്ടു പൂട്ടുക. വിശപ്പത്തെ പ്രീതിപ്പെടുത്തുന്നവനേ, മനുഷ്യരെല്ലാം അങ്ങയെ വിളിയ്ക്കുന്നുണ്ടാവും; എന്നാലും, ഞങ്ങളുടെ വിളിതന്നേ അങ്ങ് കേൾക്കുക! 1

ഇന്ദ്ര, ബലവാനേ, ഋഷികളുടെ സ്തോത്രത്തെ അങ്ങ് സംരക്ഷിയ്ക്കുമല്ലോ; അങ്ങയുടെ ആ മഹിമാവു സ്തോതാവിങ്കലെത്തട്ടെ. ഓജസ്വിൻ, വജ്രം തൃക്കയ്യിലെടുത്താൽക്കഴിഞ്ഞു, അവിടുന്നു കർമ്മംകൊണ്ടു ഘോരനായി, അനഭിഭൂതനുമായി! 2

ഇന്ദ്ര, ഭവാനെ തുലോം സ്തുതിയ്ക്കുന്ന മനുഷ്യരെ ഭവാൻ കൊണ്ടുനടന്നു, വാനൂഴികളിൽ വസിപ്പിയ്ക്കും. വലിയ ധനവും ബലവും നല്കാനാണല്ലോ, ഭവാൻ അവതരിച്ചത്; അതിനാൽ അയഷ്ടാവിനെ യഷ്ടാവ് തുലച്ചുകളയും! 3

ഇന്ദ്ര, ദുർജ്ജനങ്ങൾ എതിർത്താൽ, അങ്ങ് ഈ ദിവസങ്ങളിൽ ഞങ്ങൾക്കു തരിക. പാപം പോക്കുന്ന പ്രജ്ഞാവാനായ വരുണൻ ഞങ്ങളിൽ യാതൊരസത്യം കണ്ടെത്തുമോ, അതു രണ്ടായിപ്പൊളിഞ്ഞു പോകട്ടെ! 4

ആർ ഞങ്ങൾക്കു സാധകമായ വലിയ ധനം തന്നരുളിയോ, ആർ സ്തോതാവിൻെറ സ്തോത്രകൃതി സംരക്ഷിയ്ക്കുന്നുവോ, ആ മഘവാവായ ഇന്ദ്രനെത്തന്നേ ഞങ്ങൾ പുകഴ്ത്തുന്നു. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

---

സൂക്തം 28.

1. ഇങ്ങോട്ടു—ഇവിടെയ്ക്കു പോരാൻ.
2. കർമ്മം—ശത്രുവധാദി. അനഭിഭൂതൻ=അനാക്രാന്തൻ.
3. നല്കാൻ—യജമാനന്മാൎക്ക്.
4. തരിക—അവരുടെ ധനം. പൊളിഞ്ഞുപോകട്ടെ—വിട്ടുപോകട്ടെ.
5. സാധകം—കാൎയ്യസിദ്ധികരം.

Digitized By Kerala Sahitya Akademi

## സൂക്തം 29.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, ഇതാ, അങ്ങയ്ക്കായി സോമം പിഴിഞ്ഞിരിയ്ക്കുന്നു: ഹരിയുക്ത, അതിങ്കൽ നിവസിയ്ക്കുന്നവനായ ഭവാൻ വെക്കം വരിക; ഈ നല്ല നീർ വെക്കം നുകരുക. മഘവാവേ, യാചിയ്ക്കപ്പെട്ടുന്ന ഭവാൻ ധനം തന്നരുളുക! 1

പ്രഭോ, വീര, സ്തോത്രകൃതിയെ സ്വീകരിയ്ക്കുന്ന ഭവാൻ അശ്വങ്ങളിലൂടേ ഇങ്ങോട്ടു ശീഘ്രം എഴുന്നള്ളുക: ഈ സവനത്തിൽത്തന്നേ വഴിപോലെ ഇമ്പംകൊള്ളുക; ഞങ്ങളുടെ ഈ സ്തവങ്ങൾ അടുത്തു കേൾക്കുക! 2

മഘവാവേ, എങ്ങനെ വേണം, അങ്ങയെ സൂക്തം ചാത്തിയ്ക്കുക? എപ്പോളായിരിയ്ക്കും, ഞങ്ങൾ അങ്ങയെ പ്രസാദിപ്പിയ്ക്കുക? അങ്ങയെക്കുറിച്ചുതന്നേയാണ്, ഞാൻ എല്ലാ സ്തോത്രങ്ങളും ഉണ്ടാക്കുന്നത്; ഇന്ദ്ര, അതിനാൽ എന്റെ ഈ സ്തുതികൾ അങ്ങ് കേട്ടാലും! 3

മുമ്പു യാവചില ഋഷികളുടെ (സൂക്തം) അവിടുന്നു കേട്ടുവോ, അവർ മനുഷ്യഹിതരായിത്തന്നേ തീൎന്നുവല്ലോ; മഘവാവേ, അതിനാൽ ഞാൻ അങ്ങയെ അത്യന്തം സ്തുതിയ്ക്കുന്നു. ഇന്ദ്ര, അങ്ങ് ഞങ്ങൾക്ക് അച്ഛനെന്നപോലെ ബന്ധുവാണ്! 4

ആർ ഞങ്ങൾക്കു സാധകമായ വലിയ ധനം തന്നരുളിയോ, ആർ സ്തോതാവിന്റെ സ്തോത്രകൃതി സംരക്ഷിയ്ക്കുന്നുവോ, ആ മഘവാവായ ഇന്ദ്രനെത്തന്നേ ഞങ്ങൾ പുകഴ്ത്തുന്നു. നിങ്ങൾ 'സ്വസ്തിയാൽ പ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

---

## സൂക്തം 30.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ദേവ, ബലവാനേ, ഇന്ദ്ര, അവിടുന്നു ഞങ്ങളിൽ ബലത്തോടേ എഴുന്നള്ളുക: ഈ ധനം വൎദ്ധിപ്പിയ്ക്കുക; നല്ല വജ്രം കൈക്കൊണ്ടു

---

സൂക്തം 29.

1. **അതിങ്കൽ—സവനത്തിൽ.**

Digitized By Kerala Sahitya Akademi

തമ്പുരാനേ, ശൂര, കനത്ത കരുത്തും, ഹിംസകമായ വീര്യവും കല്പിച്ചു
തരിക! 1

ശൂരന്മാർ യുദ്ധത്തിൽ ദേഹരക്ഷയ്ക്കും ആയുർവൃദ്ധിയ്ക്കും വേണ്ടി,
ആഹ്വാതവ്യനായ ഭവാനെ വിളിയ്ക്കുന്നു. അങ്ങാണ്, എല്ലാരിലും
കവച്ചു പടയ്ക്കു തക്കവൻ. അവിടുന്നു വജ്രംകൊണ്ടു വൈരികളെ വഴ
ങ്ങിച്ചാലും! 2

ഇന്ദ്ര, എന്നാണോ, ദിവസം സുദിനമായി പുലരുക; എന്നാ
ണോ, ഭവാൻ യുദ്ധങ്ങളിൽ കൊടി അരികേ പിടിയ്ക്കുക; അന്നു, ബല
വാനും ഹോതാവുമായ അഗ്നി സൌഭാഗ്യത്തിന്നായി, ദേവന്മാരെ വി
ളിച്ച് ഇവിടെ ഇരിയ്ക്കും. 3

ഇന്ദ്ര, ദേവ, ശൂര, ഭവാന്റെയാണ്, ഞങ്ങളും, ഹവിസ്സു നല്കി
സ്തുതിയ്ക്കുന്നവരും. അങ്ങ് സ്തോതാക്കൾക്കു മികച്ച ഗൃഹം നല്കിയാലും:
അവർ സുഖമനുഭവിച്ചുകൊണ്ടു കിഴവരാകട്ടെ! 4

ആർ ഞങ്ങൾക്കു സാധകമായ വലിയ ധനം തന്നരുളിയോ,
ആർ സ്തോതാവിന്റെ സ്തോത്രകൃതി സംരക്ഷിയ്ക്കുന്നുവോ, ആ മഘവാ
വായ ഇന്ദ്രനെത്തന്നേ ഞങ്ങൾ പുകഴ്ത്തുന്നു. നിങ്ങൾ 'സ്വസ്തിയാൽപ്പാ
ലപ്പിനെപ്പൊഴുമെങ്ങളെ!' 5

---

## സൂക്തം 31.

വസിഷ്ഠൻ ഋഷി; ഗായത്രിയും വിരാട്ടും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം'പോലെ.)

സോമമുണ്ണും ഹര്യശ്വനാ-
മീ മഘവാവിന്നു തുലോം

---

സൂക്തം 30.

1. ഈ—ഞങ്ങൾക്കു തരാനുള്ള. ഹിംസകം—വൈരിഘ്നം.

3. കൊടി പിടിയ്ക്കുക—ജയം വെളിപ്പെടുത്തുക എന്നർത്ഥം. സൌഭാഗ്യ
ത്തിന്നായി—ഞങ്ങൾക്കു നല്ല ധനം കിട്ടാൻവേണ്ടി. ഇവിടെ—യജ്ഞത്തിൽ.

Digitized By Kerala Sahitya Akademi

മത്തുളവാംവിധം നിങ്ങൾ
മിത്രങ്ങളേ, പാടിടുവിൻ. 1

സത്യാത്മനാം സുദാനനാ-
യുദ്ദീപ്തം മാറുള്ളോർപോലേ
ഉക്ഥം ചൊല്ലിടുക, ഭവാ;-
നൊത്തുണ്ടാക്കാം ഞങ്ങളുമേ. 2

ഇന്ദ്ര, കനിഞ്ഞേകുകന്നം
തന്നാലും, നീ; ശതക്രതോ,
തന്നാലും, നീ ഗോവൃന്ദത്തെ;-
ത്തന്നാലും, നീ സുവർണ്ണം വസോ! 3

ത്വൽക്കാമരാമെങ്ങളിന്ദ്ര,
തക്കമെട്ടിൽപ്പുകഴ്ത്തുന്നു:
ഉൾക്കൊൾക,ങ്ങിയസ്മൽസ്തുതി
വെക്കം വസോ, വർഷിതാവേ! 4

നിന്ദിയ്ക്കുന്ന വായാടിയാ-
കുന്ന ലുബ്ധനീ,ശൻ ഭവാൻ,
ഞങ്ങളെക്കീഴ്പ്പെടുത്തരു-
ത;-ങ്ങയിലെത്തുകെ,ൻസ്തോത്രം! 5

ഞങ്ങൾക്കൊരു ചട്ട, ഭവാ-
നെങ്ങും വായ്ചോൻ, മുൻപോരാളി:
വൃത്രഘാതിൻ, നിൻതുണയാ-
ലുത്തരമുരയ്ക്കുവൻ ഞാൻ! 6

---

സൂക്തം 31.

1. സ്തോതാക്കളോട്:

2. ഒരു സ്തോതാവിനോട്: സത്യാത്മൻ=യഥാത്ഥധനൻ. സുദാനനായ്—ശോഭനദാനനായ ഇന്ദ്രനെക്കുറിച്ച് ഉദ്ദീപ്തം=ഉജ്ജ്വലം; ഉക്ഥത്തിന്റെ വിശേഷണം. ഒത്തുണ്ടാക്കാം—ഒപ്പം സ്തോത്രം നിമ്മിയ്ക്കാം.

6. ചട്ട—കവചംപോലെ ദേഹരക്ഷകൻ. മുൻപോരാളി=മുന്നണിയോദ്ധാവ്. ഉത്തരമുരയ്ക്കുവൻ—ശത്രുക്കളോടു മറുപടി പറയും; പ്രതികാരം ചെയ്യും.



Digitized By Kerala Sahitya Akademi

ഉന്നതനാമാണവിട്ടു-
ന്നി:-ന്ദ്ര, ഭവദോജസ്സിനെ
കൊണ്ടാടിപ്പോരുന്നുണ്ടല്ലോ,
കൊററുടയ വാനൃഴികൾ! 7

താദൃശനാകിയ നിന്നെ
സ്തോതാവിന്റെ സരസ്വതി
ഏതിടത്തും കൂടെപ്പോന്നു-
ദ്ദ്യോതിനിയായ്ക്കൈക്കൊള്ളട്ടെ! 8

കണ്ണിനിമ്പം കൊടുപ്പോനാം
വിണ്ണിൽ മേവും നിന്നെ നണ്ണി
ഉന്നമിച്ചീടുന്നു, സോമം;
സന്നമിച്ചീടുന്നു, ലോകർ! 9

വെപ്പിൻ, മുതൽ കൂട്ടും മഹാ-
ന്നി;-പ്രാജ്ഞനായ് സ്തവം തീൎപ്പിൻ:
പൂരകരാം ജനങ്ങളിൽ-
ച്ചേരുകി,ഷ്ടപൂരകൻ നീ! 10

സുവ്യാപ്തനാം മഹാനിന്ദ്ര-
നാവ്യവും സ്തോത്രവും പ്രാജ്ഞർ
നിൎമ്മിയ്ക്കുന്നു: തള്ളില്ലേതൽ-
കൎമ്മങ്ങളെ ധീരന്മാരും! 11

7. ഉന്നതൻ—മഹാൻ. കൊററുടയ=അന്നവതികളായ.

8. താദൃശൻ—അങ്ങനെയുള്ളവൻ. സരസ്വതി—സ്തുതി. ഉദ്ദ്യോതിനി=തേജസ്വിനി.

9. ഉന്നമിച്ചീടുന്നു—പതഞ്ഞുപൊങ്ങുന്നു. സന്നമിച്ചീടുന്നു—പ്രണമിയ്ക്കുന്നു.

10. പൂൎവ്വാൎദ്ധം കൂട്ടുകാരോട്: മുതൽ കൂട്ടും—ധനം വൎദ്ധിപ്പിയ്ക്കുന്ന. മഹാന്ന്—ഇന്ദ്രന്ന്. വെപ്പിൻ—സോമം പിഴിഞ്ഞുവെയ്ക്കുവിൻ. ഉത്തരാൎദ്ധം പ്രത്യക്ഷസ്തുതി: പൂരകർ—ഹവിസ്സു നിറയ്ക്കുന്നവർ.

11. അവ്യം=ഹവ്യം. ഏതൽക്കൎമ്മങ്ങൾ=ഇവന്റെ, ഇന്ദ്രന്റെ, കൎമ്മങ്ങൾ. ധീരന്മാരും—ധീര(പ്രാജ്ഞ)രായ ദേവന്മാർപോലും.

Digitized By Kerala Sahitya Akademi

ദുന്നിവാരക്രോധനാകു-
മിന്ദ്രനാം പുരാങ്കലല്ലോ
ചെന്നൊത്തി, സ്തോത്രങ്ങൾ കേല്പി-
നൊ;-നതിനാൽക്കുറവുകാരെ
ഉത്സാഹിപ്പിച്ചീടുകി, ഹ-
ര്യശ്വനെപ്പുകഴ്ത്താൻ നീയും! 12

---

സൂക്തം 32.

വസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതിയും ദ്വിപദാവിരാട്ടും
ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(പാന.)

ഞങ്ങളിൽനിന്നകലെയാം ദിക്കിൽവെ-
ച്ചങ്ങയെ രസിപ്പിയ്ക്കായ്ക, യഷ്ടാവും;
ദൂരവത്തിയായാലുമസ്മന്മഖേ
ചേരുകി;-ങ്ങുതാനാകിലും കേൾക്ക, നീ! 1
തേനിലീച്ചകൾപോലിതാ, വാഴ്ത്തികൾ
ചേന്നിരിപ്പൂ, ഭവാന്നായ്പ്പിഴിഞ്ഞതിൽ:
ഇസ്തുതികാർരിന്ദ്രങ്കൽ വെയ്ക്കുന്നു
വിത്തകാമം, രഥത്തിൽക്കഴൽപോലേ! 2
അച്ഛദാനനാം വജ്രിയെ വാഴ്ത്തുന്നേ-
ന,ച്ഛനെ മകൻപോലേ, ധനേച്ഛു ഞാൻ. 3

---

12. സ്തോതാവിനോട്°:

സൂക്തം 32.

1. പ്രത്യക്ഷസ്തുതി: ഭവാൻ മറെറാരു യഷ്ടാവിങ്കൽ പ്രീതനായി അകലത്തെങ്ങാനും വസിയ്ക്കരുത്°. കേൾക്ക—ഞങ്ങളുടെ സ്തുതി.

2. പിഴിഞ്ഞതിൽ—സോമനീരിൽ. വിത്തകാമം=ധനേച്ഛ. കഴൽ=കാൽ. ഉത്തരാദ്ധം പരോക്ഷസ്തുതിയാണ്°.

3. അച്ഛദാനൻ.=ശോഭനദാനൻ.

Digitized By Kerala Sahitya Akademi

ഇന്ദുനീരിതാ, തൈരും കലർത്തിയ-
തിന്ദ്രാ: വജ്രപാണേ, നികേതത്തിൽ
വന്നണകി,ത്തു സേവിച്ചു മത്തടി-
ക്കുന്നതിന്നു ഹരികളിലൂടെ നീ! 4

കേൾക്ക, സമ്പത്തിരക്കുന്ന നമ്മുടെ
വാക്കു തട്ടാച്ചു, കേൾവിച്ചെവിയുള്ളോൻ:
നൂറുനൂറുടൻതന്നേ കൊടുക്കാറു-
ണ്ടാ;-രുമേ വിലക്കില്ല തദ്ദാനത്തെ! 5

ആരവിടെക്കു വൃത്രഘ്നു, കേമമായ്
നീരുകൾ പിഴിഞ്ഞോടിയണയുമോ;
ഇന്ദ്രനാലെതിരറ്റവനും, നര-
സന്നിഷേവ്യനുമായ്വരു,മാ വീരൻ! 6

സാധുരക്കൊരു ചട്ടയാകി,ന്ദ്ര, നീ:
നേർത്തടുത്തോരെയാട്ടുവോനല്ലോ, നീ;
ത്വന്നിഹതന്റെ കോപ്പുകൾ നേടാവൂ;
തന്നരുൾക, ഗൃഹവുമഭംഗൻ നീ! 7

സോമപായിയാം വജ്രഭൃത്തിന്ദ്രനു
സോമനീർ സംഭരിപ്പിൻ; പ്രിയം ചെയ്വിൻ;

---

4. ഇന്ദുനീർ-സോമരസം. വജ്രപാണേ എന്നതുമുതൽ പ്രത്യക്ഷോക്തി: നികേതം—യജ്ഞഗൃഹം.

5. പരോക്ഷസ്തുതി: കേൾവിച്ചെവിയുള്ളോൻ—യാചനകേൾക്കലാകുന്ന ചെവിയുള്ള ഇന്ദ്രൻ. ഉടൻതന്നേ—യാചിക്കപ്പെട്ടാലപ്പോൾ. നൂറുനൂറ്—വളരെ വളരെധനം. തദ്ദാനം=അവന്റെ, ഇന്ദ്രന്റെ, ദാനം.

6. ഉത്തരാർദ്ധം പരോക്ഷം: ഇന്ദ്രനാൽ—ഇന്ദ്രന്റെ തുണയാൽ. നരസന്നിഷേവ്യൻ=ആൾക്കാരാൽസ്സേവിക്കപ്പെടേണ്ടവൻ, പ്രഭു.

7. സാധുരർ=യജ്ഞവാന്മാർ. നേർത്തടുത്തോരെ—ചെറുത്തുവന്ന ശത്രുക്കളെ. ആട്ടുവോൻ—പായിക്കുന്നവൻ. ത്വന്നിഹതന്റെ=അങ്ങയാൽ കൊല്ലപ്പെട്ട ശത്രുവിന്റെ. കോപ്പ്—സ്വത്ത്; ശത്രുവിനെ കൊന്ന്, അവന്റെ മുതൽ ഞങ്ങൾക്കു തരിക. അഭംഗൻ=നാശമേശാത്തവൻ.

Digitized By Kerala Sahitya Akademi

തപ്പൂർണാർത്ഥം പചിയ്ക്കുവിൻ, വേണ്ടതു;
തൽപരിഗ്രഹം സൌഖ്യദാനത്തിനാം! 8

നിർത്താലാ മഖം; യത്നിപ്പിൻ; സ്വത്തിനു
ശക്തനാം മഹാനിഷ്ടമനുഷ്ഠിപ്പിൻ:
വെല്ലുമഞ്ജസാ, വാഴും, തഴച്ചിടു;-
മില്ല, ചീത്തപ്രവൃത്തിയ്ക്കു ദേവകൾ! 9

ആരുമേ മാററിനിർത്താ, സുദാനൻെറ
തേരൊ,രുത്തൻ പിടിയ്ക്കയുംചെയ്തിടാ:
ഇന്ദ്രനോ മരുത്തുക്കളോ രക്ഷിയ്ക്കി-
ല,ന്നാരൻ പൈത്തൊഴുത്തിനാധീശനാം! 10

ഇന്ദ്ര, നീയാരെ രക്ഷിയ്ക്കു,മപ്പുമാ-
നുന്നതിയണച്ചുന്നാങ്ങൾ നേടുമേ:
ശൂര, രക്ഷിയ്ക്കുകെങ്ങൾതൻ തേർകളെ,
സ്വൈരമെങ്ങൾതൻ കൂട്ടരെയും ഭവാൻ! 11

ഇന്ദ്രനു വീതമേറുമല്ലോ, തുലോം
വെന്നവനു വിഭൂതികണക്കിനേ.
ആരിൽ വെയ്ക്കുമോ കെല്പിനെ ഹര്യശ്വ-
നാ, മഖവാനു വൈരിപീഡ വരാ! 12

---

8. കൂട്ടുകാരോട്: വേണ്ടതു—പുരോഡാശവും മററും. തൽപരിഗ്രഹം—ഇന്ദ്രൻ ഇവയെ സ്വീകരിയ്ക്കുന്നതു, നമുക്കു സുഖം തരാനാകുന്നു.

9. സ്വത്തിനു—ധനലബ്ധിയ്ക്ക്. ശക്തൻ—ധനദാനസമർത്ഥൻ. മഹാന്—ഇന്ദ്രന്. ഇഷ്ടമനുഷ്ഠിച്ച മനുഷ്യൻ അഞ്ജസാ വെല്ലും—ശത്രുക്കളെ. വാഴും—ഗൃഹത്തിൽ സുഖമായി വസിയ്ക്കും. തഴച്ചിടും—സന്താനാദികളാൽ പുഷ്ടിപ്പെടും. ദേവകൾ ചീത്തപ്രവൃത്തിയ്ക്കു വഴങ്ങില്ല; നേരേമറിച്ചു, സൽക്കർമ്മം അവരെ വശീകരിയ്ക്കും.

10. സുദാനൻ—യജമാനൻ.

11. ഉന്നതിയണച്ച്—അങ്ങയെ സ്തോത്രംകൊണ്ടുയർത്തി, ബലവാനാക്കി. കൂട്ടർ—പുത്രാദികൾ.

12. വെന്നവനു, പോരിൽ ജയിച്ച ഭടനു, വിഭൂതി (ധനം) ഏറെ കൊടുക്കപ്പെടുമല്ലോ; അതുപോലെ, ഇന്ദ്രനു യാഗത്തിൽ വീതം (ഹവിർഭാഗം) കൂടുതലുണ്ട്: എല്ലാസ്സവനങ്ങളിലുമുണ്ട്, ഇന്ദ്രനു സോമപാനം; മധ്യാഹ്നസവനമാകട്ടേ, മുഴുവനും ഇന്ദ്രനുള്ളതാണ്. മഖവാൻ—യജമാനൻ.

Digitized By Kerala Sahitya Akademi

അധ്വരാഹ്വരിൽവെച്ചു, സുരൂപമാ-
മുത്തമസ്തവം നന്നായ്ച്ചമയ്ക്കുവിൻ:
ഇന്ദ്രനു ഹിതനായ്ത്തീൎന്ന കൎമ്മിയ്ക്കു
വന്നുചേരില്ല, ബന്ധനമൊന്നുമേ! 13

ഇന്ദ്ര, നിന്നെയെമ്പാടും ഭജിപ്പോനെ
വന്നെതിക്കുവാനേവൻ മഘവാവേ?
ആരഭീഷവനാളിൽത്തവ ഹവി-
സ്സാദരിച്ചേക,മന്നവാനാ,മവൻ! 14

ആർ മഘവാവിനേകും, പ്രിയദ്രവ്യ;-
മാഹവച്ചുണക്കൂട്ടുക,വക്ക നീ.
നിന്നനുഗ്രഹാൽ,സ്സൂരികളൊത്തെങ്ങൾ
പിന്നിടുകേ,ത്തുപാപവും ഹര്യ്യശ്വ! 15

നിൻേറതാ,നിന്ദ്ര, താന്നതരംധനം;
നീയിടത്തരത്തേയും പുലൎത്തുന്നു;
മേത്തരത്തിനുമൊട്ടുക്കരചൻ, നീ;
ഗോത്രകൾക്കായ്ത്തടയില്ലൊരാൾ നിന്നെ! 16

നീ വസു നല്കു,മേവൎക്കുമെന്നല്ലോ,
കേൾവി; യുദ്ധങ്ങളുണ്ടായ്വരുമ്പൊഴും:
അന്നമങ്ങയോടൎത്ഥിപ്പൂ, രക്ഷയ്ക്കായ്
മന്നിലുള്ളവരെല്ലാം പുരുഹൂത! 17

ദാനശീലനാമിന്ദ്ര, നീയെത്രയ്ക്കോ,
ഞാനുമത്രയ്ക്കധീശനാകേണമേ:

---

13. കൂട്ടുകാരോട്: അധ്വരാഹ്വരിൽവെച്ചു—ദേവകളിൽവെച്ച് ഇന്ദ്രനു കൂട്ടതലായി.

14. വന്നെതിക്കുവാനേവൻ—ഒരാളും വന്നെതിക്കില്ല.

15. മഘവാവിന്—മഘവാവായ ഭവാന്ന് പ്രിയദ്രവ്യം—ഹവിസ്സ്. ആഹവച്ചുണ=യുദ്ധത്തിൽ ഉശിര് സൂരികൾ—സ്തോതാക്കൾ.

16. ഇടത്തരത്തേയും—ഇടത്തരം ധനത്തെയും. മേത്തരത്തിനും—മേത്തരം ധനത്തിനും. ഗോത്രകൾക്കായ്—പൈക്കളെ അപഹരിപ്പാൻ.

17. വസു=ധനം. ഏവൎക്കും—സ്തോതാക്കൾക്കെല്ലാം. യുദ്ധങ്ങളുണ്ടായ്വരുമ്പൊഴും വസു നല്കും.

Digitized By Kerala Sahitya Akademi

വാഴ്ത്തുവോനെയേ പോററുകയുള്ളു ഞാൻ;
ചീത്തവേലയ്ക്കു ചൊറും കൊട്ടത്തിടാ! 18
'നിച്ചലും നല്കു,മെങ്ങോ കിടക്കുന്നൊ-
രച്ഛകജനത്തിനും ധനങ്ങൾ ഞാൻ.'
ഇല്ല, നീയൊഴിഞ്ഞെങ്ങൾക്കു ദായമൊ;-
ന്നില്ലൊ,രു നൽപ്പിതാവും മഘവാവേ! 19
സത്വരൻ നരനന്നങ്ങൾ നേടുമേ,
ബുദ്ധിതൻ മഹത്ത്വത്താൽപ്പുരുഹൂത:
ഗീരിനാലിന്ദ്ര, നിന്നെ വളയ്ക്കുന്നോൻ,
ദാരുനേമിയെത്തച്ചൻകണക്കെ ഞാൻ! 20
ദുസ്തവന്നു കിട്ടില്ലാ, മഘവാവേ;
വിത്തമെത്താ, വിലക്കം നരകലും;
മദ്വിധന്നു നീ സൌത്യനാളിൽത്തരു-
മദ്ധനം സുകർമ്മാവിനേ കൈവരു! 21
സർവദർശിയായിജ്ജംഗമേശനായ്
സ്ഥാവരേശനാമങ്ങയെ നിർഭരം
ഇന്ദ്ര, ശൂര, കറക്കാത്ത ധേനുക്ക-
ളെന്നപോലുള്ള ഞങ്ങൾ പുകഴ്ത്തുന്നു. 22

---

18. എത്രയ്ക്കോ—എത്ര സമ്പത്തിന്നോ. വാഴ്ത്തുവോനെയേ—അങ്ങയെ സ്തുതിയ്ക്കുന്നവനെമാത്രമേ. ചൊറും കൊട്ടത്തിടാ—ധനം.

19. പൂർവാർദ്ധം ഇന്ദ്രവചനമാണ്; അതു കേട്ടു സന്തോഷിച്ച് ഋഷി പറയുന്നതാണ്, ഉത്തരാർദ്ധം: ദായം—തറവാട്ടുമുതൽ.

20. സത്വരൻ—കർമ്മങ്ങളിൽ വെമ്പൽക്കൊള്ളുന്നവൻ. ഗീരിനാൽ—സ്തുതികൊണ്ട്—വളയ്ക്കുന്നോൻ—വശപ്പെടുത്തുന്നു എന്നു സാരം. തച്ചൻ ദാരുനേമിയെ (മരംകൊണ്ടുണ്ടാക്കുന്ന തേരുരുൾച്ചുററിനെ) വളയ്ക്കുന്നതുപോലെ.

21. ദുസ്തവന്ന്=ചീത്തയായി സ്തുതിയ്ക്കുന്നവന്ന്. കിട്ടില്ലാ—വിത്തം. വിലക്കം—ഇന്ദ്രനുള്ള കർമ്മങ്ങളെ തടയുന്ന നരകലും വിത്തം എത്താ; അവന്നും വിത്തം കിട്ടില്ല. മദ്വിധൻ=എന്നെപ്പോലെയുള്ളവൻ. സൌത്യനാളിൽ=അഭിഷവദിനത്തിൽ.

22. ഈ ജംഗമങ്ങളുടെയും സ്ഥാവരങ്ങളുടെയും ഈശനായ അങ്ങയെ, കറക്കാത്ത ധേനുക്ക(പൈക്ക)ളുടെ അകിടുകൾ പാൽകൊണ്ടു നിറഞ്ഞിരിയ്ക്കുമല്ലോ; അതുപോലെ സോമപൂർണ്ണചമസരായ ഞങ്ങൾ നിർഭരം (ഏററവും) പുകഴ്ത്തുന്നു.

Digitized By Kerala Sahitya Akademi

ത്വദ്വിധൻ പിറന്നിട്ടില്ല, വിണ്ണിൽത്താൻ,
പൃഥ്വിയിൽത്താൻ; പിറക്കയുമില്ലിന്ദ്ര;
ഞങ്ങൾ കെല്പിന്നു, ധേനുവിന്നു,ശ്വത്തി-
ന്നങ്ങയെ വിളിയ്ക്കുന്നു, മഘവാവേ! 23

ഇന്ദ്ര, കൊണ്ടുവന്നാലു,മത്തേട്ടനാ-
കുന്നു നീയനുജന്നു മഘവാവേ:
അർത്ഥവാനല്ലി, പണ്ടുതൊട്ടേ ഭവാ?-
നർച്ച്യനാമാണു, യജ്ഞത്തിൽ യജ്ഞത്തിൽ! 24

പോക്കുക, നീയമിത്രരെ;-സ്സുപ്രാപ-
മാക്കുകെങ്ങൾക്കു വിത്തം മഘവാവേ;
പോർക്കളത്തിൽ,സ്സഖാക്കളാമെങ്ങളെ-
ക്കാക്കുക, കൈവളർക്കയുംചെയ്ക, നീ! 25

ബോധമെങ്ങളിൽച്ചേർക്ക, പുരുഹൂത;
താതനാത്മജർക്കെന്നപോലിന്ദ്ര, നീ
ഏകുകെ,ങ്ങൾക്കു; ഞങ്ങളുയിർക്കൊണ്ടീ
യാഗകർമ്മത്തിലർക്കനെക്കാണാവൂ! 26

വന്നെതിർക്കൊലാ, ഞങ്ങളെ ക്രൂരരാം
ദുർന്നിനവുറ്റ ഗൂഢവിദ്രോഹികൾ;
അങ്ങയെക്കൊണ്ടു ശൂര, വണക്കമൊ-
ന്നെങ്ങൾ വെള്ളക്കയറ്റം കടക്കാവൂ! 27

---

23. ത്വദ്വിധൻ=അങ്ങയെപ്പോലുള്ളവൻ. കെല്പ്, ധേനു, അശ്വം എന്നിവ കിട്ടാൻ.

24. അങ്ങ് ജ്യേഷ്ഠൻ, ഞാൻ അനുജൻ; അതിനാൽ, അതു (ധനം) കൊണ്ടുവന്നാലും. അർത്ഥവാൻ=ധനവാൻ. അർച്ച്യൻ—ഹവിസ്സുകൊണ്ടു പൂജിയ്ക്കപ്പെടേണ്ടവൻ.

25. കൈവളർക്ക്—വിജയിപ്പിയ്ക്കുക എന്നു സാരം.

26. ബോധം=അറിവ് ഏകുക—ധനം തരിക. ഉയിർക്കൊണ്ട്—ദീർഘകാലം ജീവിച്ച്.

27. ദുർന്നിനവ്=ദുരുദ്ദേശം. അങ്ങയെക്കൊണ്ടു—അങ്ങയുടെ തുണയാൽ.

Digitized By Kerala Sahitya Akademi

## സൂക്തം 33.

വസിഷ്ഠനും വസിഷ്ഠപുത്രന്മാരും ഋഷികറം; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അവർതന്നെ ദേവത.

വെളുത്ത നിറവും വലത്തു കുടുമയുമുള്ള കമ്മപൂരകന്മാർ എന്നെ സന്തോഷിപ്പിച്ചുവല്ലോ; അതിനാൽ, യജ്ഞത്തിൽനിന്നെഴുന്നേറു ഞാൻ നേതാക്കളോടു പറയുന്നു—വസിഷ്ഠന്മാർ എങ്കൽനിന്ന് അകലെപ്പോകരുത് 1

ചമസത്തിലെ സോമനീർ കുടിച്ചിരുന്ന മഹാബലനായ ഇന്ദ്രനെ ദൂരത്തുനിന്നു, പാശദ്യുമ്നങ്കൽനിന്നു കൊണ്ടുപോന്നുവല്ലോ; ഇന്ദ്രനും വായതനെത്തള്ളി, പിഴിഞ്ഞ സോമത്തിന്നു വസിഷ്ഠരെ വരിച്ചു! 2

ഇപ്രകാരംതന്നേ സുദാസ്സ് ഇവരെക്കൊണ്ടു സിന്ധു സുഖേന കടന്നു; ഇപ്രകാരംതന്നേ, ഇവരെക്കൊണ്ടു ഭേദനെ സുഖേന വധിച്ചു. ഇപ്രകാരംതന്നേ, വസിഷ്ഠരേ, നിങ്ങളുടെ സ്തുതിയാൽ ഇന്ദ്രൻ സുദാസ്സിനെ പത്തരചപ്പടയിൽ സുഖേന രക്ഷിച്ചു! 3

നേതാക്കളേ, നിങ്ങളുടെ സ്തുതി പിതാക്കളെ പ്രീതിപ്പെടുത്തിയിരിയ്ക്കുന്നു. ഞാൻ അച്ചുതണ്ട് ഇളക്കുകയായി; നിങ്ങറം ക്ഷീണിയ്ക്കി

---

### സൂക്തം 33.

1. വലത്തു—ശിരസ്സിന്റെ വലത്തുവശത്തത്രേ, വസിഷ്ഠഗോത്രക്കാർ കുടുമ്മ വെയ്ക്കുക. വസിഷ്ഠന്മാർ—വസിഷ്ഠപുത്രന്മാർ.

2. പാശദ്യുമ്നൻ—ഒരു രാജാവ്. വായതൻ=വയതന്റെ പുത്രൻ, പാശദ്യുമ്നൻ. വസിഷ്ഠപുത്രന്മാർ സുദാസ്സെന്ന രാജാവിനെ യജിപ്പിയ്ക്കാൻ തുടങ്ങി; പാശദ്യുമ്നനും അന്നുതന്നേയാണ്, സോമയാഗത്തിലേപ്പെട്ടത്. ഇന്ദ്രൻ പാശദ്യുമ്നന്റെ യാഗത്തിൽ സോമം കുടിയ്ക്കുകയായിരുന്നു. അപ്പോറം വാസിഷ്ഠന്മാർ ഇന്ദ്രനെ മന്ത്രബലംകൊണ്ടു, തട്ടിക്കൊണ്ടുപോന്നു, സുദാസ്സിന്റെ യാഗത്തിലിരുത്തി. പിഴിഞ്ഞ—സുദാസ്സിന്റെ യജ്ഞത്തിൽ പിഴിഞ്ഞ.

3. ഇപ്രകാരംതന്നേ—ഇന്ദ്രനെ പാശദ്യുമ്നങ്കൽനിന്നു വരുത്തിച്ചതുപോലെ. ഇവർ—വസിഷ്ഠപുത്രന്മാർ. ഭേദൻ—സുദാസ്സിന്റെ ഒരു ശത്രു. പത്തരചപ്പട—പത്തു രാജാക്കന്മാരോടുള്ള യുദ്ധം.



Digitized By Kerala Sahitya Akademi

ല്ലല്ലോ? വസിഷ്ഠരേ, നിങ്ങൾ ഋക്കുകളിൽവെച്ചു മികച്ച ഒരു ഗാനം കൊണ്ട് ഇന്ദ്രങ്കൽ ബലമിയററുവിൻ! 4

ദാഹംമൂലം യാചിച്ചു, വൃതരായ വസിഷ്ഠർ പത്താരചപ്പടയിൽ ഇന്ദ്രനെ, സൂര്യനെയെന്നപോലെ പ്രാദുർഭവിപ്പിച്ചു: ഇന്ദ്രൻ വസിഷ്ഠന്റെ സ്തോത്രം കേട്ടരുളി; ഒരു വലിയ രാജ്യം തൃത്സുക്കൾക്കു കൊടുക്കുകയുംചെയ്തു! 5

ഭരതന്മാർ, മുടിങ്കോലുകൾപോലെ ചെത്തപ്പെട്ടു ചടച്ചുപോയിരുന്നു. അപ്പോഴെയ്ക്കും വസിഷ്ഠൻ പുരോഹിതനായി. അതോടേ തൃത്സുക്കളുടെ പ്രജകൾ തഴച്ചുതുടങ്ങി. 6

മൂന്നുപേർ ഉലകങ്ങളിൽ ഉദകമുളവാക്കുന്നു: അവയ്ക്ക് ആദിത്യപ്രഭൃതികളായി മൂന്നു ശ്രേഷ്ഠപ്രജകളുണ്ട്; ആ ഉജ്ജ്വലരായ മൂവ്വർ ഉഷസ്സിനോടു ചേരുന്നു. ഇതൊക്കെ ശരിയ്ക്കറിഞ്ഞവരാണ്, വസിഷ്ഠർ! 7

വസിഷ്ഠരേ, ഈ നിങ്ങളുടെ തേജസ്സ്, സൂര്യന്റേതുപോലെ ഭാസ്വരമാകുന്നു; മഹിമാവു, സമുദ്രത്തിന്റേതുപോലെ അഗാധമാകുന്നു; മന്ത്രഗണം, കാററിന്റെ വേഗമെന്നപോലെ അന്യന് അനുഗമിക്കാവതല്ലാത്തതാകുന്നു! 8

ഈ വസിഷ്ഠർ അജ്ഞേയമായ സംസാരത്തിൽ, അറിഞ്ഞുകൊണ്ടുതന്നേ പെരുമാറുന്നു: അവർ സർവ്വനിയന്താവിനാൽ നിവൃത്തപ്പെട്ട വസ്ത്രം നെയ്യുകൊണ്ട്, അപ്സരസ്സുകളിലണഞ്ഞു! 9

---

4. പിതാക്കൾ—വസിഷ്ഠൻ. അച്ചുതണ്ടിളക്കുകയായി—തന്റെ ആശ്രമത്തിലെയ്ക്കു തേർ നടത്തുകയായി. ഗാനം—സാമം.

5. യാചിച്ചു—മഴയിരന്ന്. വൃതർ—തൃത്സുക്കളെന്ന രാജാക്കന്മാരാൽ വരിയ്ക്കപ്പെട്ടവർ.

6. ഭരതന്മാർ=തൃത്സുക്കൾ. ചെത്തപ്പെട്ട—ശത്രുക്കളാൽ പീഡിപ്പിയ്ക്കപ്പെട്ട് എന്നർത്ഥം. മരച്ചില്ല മുറിച്ച് ഇലകൾ കളഞ്ഞു ചെത്തിയുണ്ടാക്കുന്നതാണല്ലോ, മാടുകളെ തെളിയ്ക്കുന്ന വടിയായ മുടിങ്കോൽ.

7. മൂന്നുപേർ—അഗ്നിയും വായുവും സൂര്യനും. ആദിത്യപ്രഭൃതികൾ—ആദിത്യർ, വസുക്കൾ, രുദ്രന്മാർ.

9. വസിഷ്ഠർ—വസിഷ്ഠൻ. വസ്ത്രം—ജനനമരണാദി. അപ്സരസ്സുകളിൽ—വസിഷ്ഠൻ പൂർവ്വദേഹം വെടിഞ്ഞ്, ഒരപ്സരസ്ത്രീയുടെ പുത്രനായി എന്നൊരിതിഹാസമുണ്ട്.

Digitized By Kerala Sahitya Akademi

വസിഷ്ഠ, മിന്നലിനൊത്ത തേജസ്സിനെ ഭവാൻ ത്യജിച്ചതു
മിത്രാവരുണന്മാർ കണ്ടു. ഉടനേ അഗസ്ത്യൻ അങ്ങയെ പൂർവസ്ഥാന
ത്തുനിന്നു കൊണ്ടുപോന്നു; അതത്രേ, അങ്ങയുടെ ഒരു ജന്മം! 10

വസിഷ്ഠ, മിത്രാവരുണന്മാരുടെ പുത്രനാണ്, ഭവാൻ—ബ്ര
ഹ്മൻ, അവർക്കു ശുക്ലം സ്രവിച്ചപ്പോൾ, ഉർവശിയുടെ മനസ്സിൽനിന്നു
ജനിച്ചവനാണ്, ഭവാൻ. ദേവന്മാരുടെ വേദരാശിയോടു ചേർന്ന ഭവാ
നെ വിശ്വേദേവകൾ താമരയിലെടുത്തു. 11

ആ ഉൽകൃഷ്ടജ്ഞാനനായ, രണ്ടിനെയും അറിഞ്ഞ വസിഷ്ഠൻ
സഹസ്രദാനനായിത്തീർന്നു—പോരാ, സർവദാനനായിത്തീർന്നു. അദ്ദേ
ഹം സർവനിയന്താവിനാൽ നിവൃത്തപ്പെട്ട വസ്ത്രം നെയ്തുകൊണ്ട്, അ
പ്സരസ്സിൽനിന്നു ജനിച്ചു. 12

സത്രത്തിലിരുന്ന മിത്രാവരുണന്മാർ സ്തുതിയ്ക്കപ്പെട്ടുകൊണ്ടു ശുക്ലം
ഒരു കുടത്തിൽ ഒപ്പം തുളിച്ചു; അതിന്റെ ഉള്ളിൽനിന്നു മാനൻ ഉത്ഥാ
നംചെയ്തു. വസിഷ്ഠർഷിയും അതിൽനിന്നു ജനിച്ചു എന്നു പറയുന്നു. 13

“തൃത്സുക്കളേ, നിങ്ങളുടെ അടുക്കലെയ്ക്കു വസിഷ്ഠൻ വരുന്നുണ്ട്:
ഇദ്ദേഹത്തെ നിങ്ങൾ മനംതെളിഞ്ഞുപചരിയ്ക്കുവിൻ. അദ്ദേഹം ശസ്ത്രം
ചൊല്ലുന്നവനെയും സാമം പാടുന്നവനെയും അമ്മിക്കുഴയെടുത്തവനെ
യും മുൻനിന്നു ഭരിയ്ക്കും, ഉപദേശിയ്ക്കും!” 14

---

### സൂക്തം 34.

വസിഷ്ഠൻ ഋഷി; ദ്വിപദാവിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
വിശ്വേദേവകൾ ദേവത.

നമ്മുടെ ഉജ്ജ്വലവും ഉദാരവുമായ സ്തോത്രം, ഒരു വെട്ടപ്പു വരു
ത്തപ്പെട്ട തേരുപോലെ വേഗത്തിൽ ചെന്നെത്തട്ടെ! 1

---

10. തേജസ്സിനെ—പൂർവദേഹത്തെ. മിത്രാവരുണന്മാർ കണ്ടു—‘വസിഷ്ഠൻ നാമിരുവരിൽനിന്നു ജനിയ്ക്കണ’മെന്നു സങ്കല്പിച്ചു. പുരാണപ്രസിദ്ധം.

12. രണ്ടിനെയും—ദ്യാവാപൃഥിവികളെ.

13. മാനൻ—കൃശഗാത്രൻ, അഗസ്ത്യൻ.

14. തൃത്സുക്കളോട് ഇന്ദ്രൻ പറയുന്നത്: **അമ്മിക്കുഴ**—സോമലത ചതയ്ക്കുവാൻ.

സൂക്തം 34.

1. ചെന്നെത്തട്ടെ—വിശ്വേദേവകളിൽ.

Digitized By Kerala Sahitya Akademi

ഒഴുകുന്ന തണ്ണീരുകൾ ഭൂവിൻെറയും ദ്യോവിൻെറയും ഉൽപ
ത്തിയറിയുന്നു; കേൾക്കുകയുംചെയ്യുന്നു. 2

തഴച്ച തണ്ണീരുകളും തന്തിരുവടിയെ സംതൃപ്തനാക്കുന്നു; ഉപ
ദ്രവങ്ങൾ വന്നാൽ, ഉഗ്രരായ ശൂരന്മാരും സ്തുതിയ്ക്കും! 3

ഈ ഇന്ദ്രൻെറ തേരിന്മുമ്പിൽ കുതിരകളെ കെട്ടുവിൻ: വജ്രിയും
കനകഹസ്തനുമാണല്ലോ, അവിടുന്ന്! 4

നിങ്ങൾ യജ്ഞത്തിൻെറ അടുക്കലെയ്ക്കു ചെല്ലുവിൻ: ഒരു യാ
ത്രക്കാരൻപോലെ, സ്വയം ആ വഴിയ്ക്കു നടക്കുവിൻ. 5

സ്വയം യുദ്ധങ്ങളിലിറങ്ങുവിൻ; ലോകത്തിന്നുവേണ്ടി, വീററാ
യജ്ഞത്തെ കൊടിയാക്കുവിൻ! 6

ഇതിൻെറ ബലത്താലാണ്, സൂര്യൻ ഉദിയ്ക്കുന്നത്; ഇതു, ഭൂമി
യെന്നപോലെ ഭൂതങ്ങളുടെ ഭാരം ചുമക്കുന്നു. 7

അഗ്നേ, നിയമയുക്തമായ യജ്ഞംകൊണ്ട് അഭീഷ്ടം സാധി
പ്പാനായി ഞാൻ ദേവന്മാരെ വിളിയ്ക്കുന്നു; കർമ്മവും അനുഷ്ഠിയ്ക്കുന്നു. 8

നിങ്ങൾ ഉജ്ജ്വലമായ കർമ്മം അനുഷ്ഠിപ്പിൻ; ദേവന്മാരെ ക്ഷേ
മമായി സ്തുതിയ്ക്കുവിൻ. 9

ഒരായിരം കണ്ണുള്ള രാജസ്വിയായ വരുണൻ ഈ നദികളിലെ
ജലം നോക്കിക്കൊണ്ടിരിയ്ക്കുന്നു! 10

രാജാക്കന്മാർക്കും രാജാവും, നദികളെ രൂപപ്പെടുത്തുന്നവനുമാ
ണ്, തന്തിരുവടി; അധൃഷിതവും അഖിലവ്യാപിയുമാകുന്നു, തൻെറ
ബലം! 11

---

2. ജലത്തെ സ്തുതിയ്ക്കുന്നു: കേൾക്കുക—സ്തോത്രങ്ങളെ.

3. ഇന്ദ്രനെ സ്തുതിയ്ക്കുന്നു: ഉഗ്രർ=ബലിഷ്ഠർ. സ്തുതിയ്ക്കും—ഇന്ദ്രനെ.

4. സ്തോതാക്കളോട്: കെട്ടുവിൻ—മന്ത്രബലംകൊണ്ട് കനകഹസ്തൻ=
പൊന്നണിഞ്ഞ കൈകളോടുകൂടിയവൻ.

5. യജ്ഞസ്തുതി: നിങ്ങൾ—ആളുകൾ.

6. വീററാ—വീര്യവത്തായ. യജ്ഞം ലോകത്തെ രക്ഷിച്ചുകൊള്ളും.

7. ഇത്—യജ്ഞം. ഭൂതങ്ങൾ=ദേഹികൾ.

8. ദേവസ്തുതി: കർമ്മം—ദേവപരിചരണം.

9. ആളുകളോട്:

10. വരുണസ്തുതി:

Digitized By Kerala Sahitya Akademi

നിങ്ങഠം എല്ലാ പ്രജകളിലുംവെച്ച് ഞങ്ങളെ രക്ഷിയ്ക്കുവിൻ; സ്തവത്തെ നിന്ദിയ്ക്കുന്നവനെ കെടുത്തുവിൻ! 12

ദ്രോഹികളുടെ ദുഃഖകരമായ ആയുധം നീളെ ചിതറിപ്പോകട്ടെ; ശരീരങ്ങളിലെ പാപം നിങ്ങഠം വേർപെടുത്തുവിൻ! 13

ഹവിസ്സുണ്ണുന്ന അഗ്നി നമസ്കാരങ്ങളാൽ തുലോം പ്രസാദിച്ച് നമ്മെ രക്ഷിയ്ക്കട്ടെ: അദ്ദേഹത്തെക്കുറിച്ച് സ്തോത്രം രചിയ്ക്കപ്പെട്ടിരിയ്ക്കുന്നു. 14

ദേവസമേതനായ ജലപുത്രനെ നിങ്ങഠം സഖാവാക്കുവിൻ: അദ്ദേഹം നമുക്കു സുഖം നല്കട്ടെ! 15

അന്തരിക്ഷത്തിൽ അംഭസ്സുകളിൽ മേവുന്ന പ്രഹന്താവായ ജലസൂനുവിനെ ഞാൻ ഉക്ഥങ്ങഠംകൊണ്ടു സ്തുതിയ്ക്കുന്നു. 16

അഹിബ്ബുധ്ന്യൻ നമ്മെ ഹിംസകന്നു വിട്ടുകൊടുക്കരുത്; യജ്ഞകാമൻെറ അധ്വരത്തിന്ന് ഇടിവു പററരുത്! 17

നമ്മുടെ ഈ ആളുകഠംക്ക് അവർ അന്നം കിട്ടിയ്ക്കട്ടെ; ധനത്തിന്നുഴറുന്ന വൈരികഠം തെക്കോട്ടു പായട്ടെ! 18

വമ്പിച്ച സൈന്യമുള്ളവരും ശത്രുവിനെ, സൂൎയ്യൻ ഭുവനത്തെയെന്നപോലെ ചുടുവിയ്ക്കുന്നത്, ഇവരുടെ ബലത്താലത്രേ! 19

പത്നിമാർ നമ്മളിൽ വന്നെത്തുമ്പോഠം, കൈപ്പുണ്യമുള്ള ത്വഷ്ടാവു വീരന്മാരെ തന്നരുളട്ടെ! 20

ത്വഷ്ടാവു നമ്മുടെ സ്തോത്രം സ്വീകരിയ്ക്കട്ടെ; തികഞ്ഞ ബുദ്ധിയുള്ള അദ്ദേഹം നമുക്കു ധനം തരാൻ കനിയട്ടെ! 21

---

12. ദേവന്മാരോട്: കെടുത്തുവിൻ—നശിപ്പിയ്ക്കുവിൻ.

14. അഗ്നിസ്തുതി: രചിയ്ക്കപ്പെട്ടിരിയ്ക്കുന്നു—നാം ഉണ്ടാക്കിയിട്ടുണ്ട്.

15. സ്തോതാക്കളോട്: ജലപുത്രൻ—അഗ്നി. സഖാവാക്കുവിൻ—സ്തുതിച്ച്, വശത്താക്കുവിൻ.

16. പ്രഹന്താവ്—മേഘങ്ങളെ തല്ലുന്നവൻ; വൈദ്യുതാഗ്നി.

17. അഹിർബുധ്ന്യൻ—അന്തരിക്ഷത്തിലെ ഒരഗ്നി.

18. ദേവസ്തുതി: അവർ—ദേവകഠം. തെക്കോട്ടു പായുക—ചാവുക.

19. പെരിയ പടയുള്ളവൎക്കും ഇവരുടെ—ദേവന്മാരുടെ—തുണ വേണം, ശത്രുക്കളെ പീഡിപ്പിയ്ക്കാൻ.

20. ദേവപത്നികളെയും ത്വഷ്ടാവിനെയും സ്തുതിക്കുന്നു: വീരന്മാർ—പുത്രാദികഠം.

Digitized By Kerala Sahitya Akademi

ദാനവതികൾ ആ ധനങ്ങൾ നമുക്കു നല്കട്ടെ; ദ്യാവാപൃഥിവികളും വരുണപത്നിയും ശ്രവിയ്ക്കട്ടെ; നിവാരിണികളോടൊപ്പം ശോഭനദാനനായ ത്വഷ്ടാവു നമുക്കു നല്ല പാർപ്പിടം തരട്ടെ; സമ്പത്തും കിട്ടിയ്ക്കട്ടെ! 22

ആ ധനം നമുക്കു പർവതങ്ങളും, അതു നമുക്കു ജലങ്ങളും, അതു നമുക്കു ദാനവതികളും, ഓഷധികളും, ദ്യോവും വനസ്പതികളും, അന്തരിക്ഷവും, ഇരുവാരുഴികളും കല്പിച്ചരുളട്ടെ! 23

ഞങ്ങൾക്കു കുടുംബം പുലർത്താൻ ധനം കൈവരണം; അതിന്നു വിശാലകളായ ദ്യാവാപൃഥിവികളും, തേജസ്സിന്റെ ഇരിപ്പിടമായ ഇന്ദ്രസഖൻ വരുണനും, കീഴമർത്തുന്ന എല്ലാ മരുത്തുക്കളും അനുമതിയരുളട്ടെ! 24

നമ്മുടെ ഈ സ്തോത്രം ഇന്ദ്രനും വരുണനും മിത്രനും അഗ്നിയും അംഭസ്സും ഓഷധികളും വൃക്ഷങ്ങളും ശ്രവിയ്ക്കട്ടെ; നമ്മൾ മരുത്തുക്കളുടെ അടുക്കൽ സുഖിച്ചു പാർക്കുമാറാകണം. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 25

---

സൂക്തം 35.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

ഇന്ദ്രാഗ്നികൾ രക്ഷകൊണ്ടു നമുക്കു ശാന്തി നല്കട്ടെ; ഹവിസ്സർപ്പിയ്ക്കപ്പെട്ട ഇന്ദ്രാവരുണന്മാർ നമുക്കു ശാന്തി നല്കട്ടെ; ഇന്ദ്രാസോമന്മാർ നമുക്കു നന്മയ്ക്കായി ശാന്തിയും സുഖവും നല്കട്ടെ; ഇന്ദ്രാപൂഷാക്കൾ അന്നലബ്ധിയ്ക്കായി നമുക്കു ശാന്തി നല്കട്ടെ! 1

ഭഗൻ നമുക്കു ശാന്തി നല്കട്ടെ; നരാശംസൻ നമുക്കു ശാന്തി നല്കട്ടെ; ബുദ്ധിപ്പരപ്പു നമുക്കു ശാന്തി നല്കട്ടെ; സമ്പത്തുകൾ ശാന്തി

---

22. ദാനവതികൾ—ഉദാരമാരായ ദേവപത്നിമാർ. ആ—നാമിച്ഛിച്ച. ശ്രവിയ്ക്കട്ടെ—നമ്മുടെ സ്തോത്രം. നിവാരിണികൾ—ഉപദ്രവങ്ങളെ തടുക്കുന്ന ദേവപത്നിമാർ.

23. ദാനവതികൾ—ദേവപത്നിമാർ.

24. കീഴമർത്തുന്ന—ശത്രുക്കളെ.

Digitized By Kerala Sahitya Akademi

നല്കട്ടെ; നല്ല യമം ചേൎന്ന സത്യത്തിന്റെ വചനം നമുക്ക ശാന്തി
നല്കട്ടെ; ബഹുജന്മാവായ അൎയ്യമാവു നമുക്ക ശാന്തി നല്കട്ടെ! 2

ധാതാവു നമുക്ക ശാന്തി നല്കട്ടെ; വരുണൻ നമുക്ക ശാന്തി
നല്കട്ടെ; ഭൂമിയും അന്നങ്ങളും നമുക്ക ശാന്തി നല്കട്ടെ; പെരിയ ദ്യാവാ
പൃഥിവികൾ നമുക്ക ശാന്തി നല്കട്ടെ; പൎവ്വതം നമുക്ക ശാന്തി നല്കട്ടെ;
നല്ല ദേവസ്തുതികൾ നമുക്ക ശാന്തി നല്കട്ടെ! 3

ജ്യോതിൎമ്മുഖനായ അഗ്നി നമുക്ക ശാന്തി നല്കട്ടെ; മിത്രാവരു
ണന്മാർ നമുക്ക ശാന്തി നല്കട്ടെ; അശ്വികൾ ശാന്തി നല്കട്ടെ; പുണ്യ
കൎമ്മാക്കളുടെ പുണ്യകൎമ്മങ്ങൾ നമുക്ക ശാന്തി നല്കട്ടെ; സദാഗതിയായ
വായു നമുക്ക ശാന്തി നല്കാൻ വീശട്ടെ! 4

മുമ്പേ വിളിയ്ക്കപ്പെട്ടുന്ന ദ്യാവാപൃഥിവികൾ നമുക്ക ശാന്തി ന
ല്കട്ടെ; അന്തരിക്ഷം ദൎശനത്തിന്നായി നമുക്ക ശാന്തി നല്കട്ടെ; ഓഷ
ധികളും വൃക്ഷങ്ങളും നമുക്ക ശാന്തി നല്കട്ടെ; ജഗൽപതിയായ ജിഷ്ണു
നമുക്ക ശാന്തി നല്കട്ടെ! 5

ഇന്ദ്രദേവൻ വസുക്കളോടുകൂടി നമുക്ക ശാന്തി നല്കട്ടെ; ശോഭ
നസ്തവനായ വരുണൻ ആദിത്യരോടുകൂടി ശാന്തി നല്കട്ടെ; സുഖസ്വ
രൂപനായ രുദ്രൻ രുദ്രരോടുകൂടി നമുക്ക ശാന്തി നല്കട്ടെ; ത്വഷ്ടാവു ദേ
വപത്നിമാരോടുകൂടി നമുക്ക ശാന്തി നല്കട്ടെ, ഇവിടെ കേൾക്കകയും
ചെയ്യട്ടെ! 6

സോമം നമുക്ക ശാന്തി നല്കട്ടെ; സ്തോത്രം നമുക്ക ശാന്തി
നല്കട്ടെ; അമ്മികൾ നമുക്ക ശാന്തി നല്കട്ടെ; യജ്ഞങ്ങൾ ശാന്തി ന
ല്കട്ടെ; യൂപങ്ങളുടെ അളവുകൾ നമുക്ക ശാന്തി നല്കട്ടെ; ഓഷധികൾ
നമുക്ക ശാന്തി നല്കട്ടെ; വേദി ശാന്തി നല്കട്ടെ! 7

തേജസ്സു പരന്ന സൂൎയ്യൻ നമുക്ക ശാന്തി നല്കാൻ ഉദിയ്ക്കട്ടെ;
നാലു പ്രദിക്കുകൾ നമുക്ക ശാന്തി നല്കട്ടെ; സുസ്ഥിരങ്ങളായ പൎവ്വത

---

സൂക്തം 35.

2. നരാശംസൻ—ഒരഗ്നി. യമം—മനസ്സംയമം. ബഹുജന്മാവ്=പല
വുരു ആവിൎഭവിയ്ക്കുന്നവൻ.

5. ജിഷ്ണു=ഇന്ദ്രൻ.

6. ഇവിടെ—യജ്ഞത്തിൽ. കേൾക്കുക—നമ്മുടെ സ്തോത്രം.

Digitized By Kerala Sahitya Akademi

ങ്ങൾ നമുക്ക ശാന്തി നല്ക്കട്ടെ; നദികൾ നമുക്ക ശാന്തി നല്ക്കട്ടെ; ജല
ങ്ങളും ശാന്തി നല്ക്കട്ടെ! 8

അദിതി കൎമ്മങ്ങളോടുകൂടി നമുക്ക ശാന്തി നല്ക്കട്ടെ; ശോഭന
സ്തോത്രരായ മരുത്തുക്കൾ നമുക്ക ശാന്തി നല്ക്കട്ടെ; വിഷ്ണു നമുക്ക ശാന്തി
നല്ക്കട്ടെ; പൂഷാവു നമുക്ക ശാന്തി നല്ക്കട്ടെ; അന്തരിക്ഷം നമുക്ക ശാന്തി
നല്ക്കട്ടെ; വായുവും ശാന്തി നല്ക്കട്ടെ! 9

സവിതാവായ ദേവൻ സംരക്ഷിച്ചുകൊണ്ടു, നമുക്ക ശാന്തി ന
ല്ക്കട്ടെ; പുലരുന്ന ഉഷസ്സുകൾ നമുക്ക ശാന്തി നല്ക്കട്ടെ; പൎജ്ജന്യൻ ന
മ്മുടെ പ്രജകൾക്ക ശാന്തി നല്ക്കട്ടെ; ശംഭുവായ ക്ഷേത്രപതി നമുക്ക
ശാന്തി നല്ക്കട്ടെ! 10

ബഹുസ്തോത്രരായ ദേവന്മാർ നമുക്ക ശാന്തി നല്ക്കട്ടെ; സര
സ്വതി സ്തുതികളോടുകൂടി ശാന്തി നല്ക്കട്ടെ; യഷ്ടാക്കൾ ശാന്തി നല്ക്കട്ടെ;
ദാതാക്കൾ ശാന്തി നല്ക്കട്ടെ; ദിവ്യരും ഭൌമരും നമുക്ക ശാന്തി നല്ക്കട്ടെ;
അന്തരിക്ഷജരും നമുക്ക ശാന്തി നല്ക്കട്ടെ! 11

സത്യപാലകന്മാർ നമുക്ക ശാന്തി നല്ക്കട്ടെ; അശ്വങ്ങൾ നമുക്ക
ശാന്തി നല്ക്കട്ടെ; ഗോക്കളും ശാന്തി നല്ക്കട്ടെ; കൈവിരുതുള്ള സുകൎമ്മാ
ക്കളായ ഋഭുക്കൾ നമുക്ക ശാന്തി നല്ക്കട്ടെ; സ്തുതിക്കപ്പെട്ട പിതൃക്കൾ
നമുക്ക ശാന്തി നല്ക്കട്ടെ! 12

അജനായ ഏകപാദ്ദേവൻ നമുക്ക ശാന്തി നല്ക്കട്ടെ; അഹിർബു
ധ്ന്യൻ നമുക്ക ശാന്തി നല്ക്കട്ടെ; സമുദ്രം ശാന്തി നല്ക്കട്ടെ; മറുകരയണ
യ്ക്കുന്ന അപാംനപാത്ത് നമുക്ക ശാന്തി നല്ക്കട്ടെ; ദേവരക്ഷിതയായ
പൃശ്നി നമുക്ക ശാന്തി നല്ക്കട്ടെ! 13

പുതുതായുണ്ടാക്കപ്പെടുന്ന ഈ സ്തോത്രം ആദിത്യരുദ്രവസുക്കൾ
സ്വീകരിയ്ക്കട്ടെ; ദ്യോവിലും ഭൂവിലും ഗോവിലും ജനിച്ച യജനീയരും
നമ്മുടെ (വിളി) കേൾക്കട്ടെ! 14

---

10. ശംഭു=സുഖകരൻ.

12. കൈവിരുത്—ശില്പകൌശലം.

13. ഏകപാദ്ദേവൻ=ഏകപാത്ത് എന്ന ദേവൻ. മറുകര—ഉപദ്രവങ്ങ
ളുടെ. അപാംനപാത്ത്—ഒരു ദേവൻ. പൃശ്നി—മരുന്മാതാവ്.

Digitized By Kerala Sahitya Akademi

യജനീയരായ ദേവന്മാരിൽവെച്ച് യജനീയരും, മനുവിന്നു
പോലും യഷ്ടവ്യരും, മരണരഹിതരും, സത്യജ്ഞരും ഏവരോ; അവർ
ഇപ്പോൾ നമുക്കു യശസ്വിയെ തന്നരുളട്ടെ! നിങ്ങൾ സ്വസ്തിയാൽ
പ്പാലിപ്പിനെപ്പോഴുമെങ്ങളെ! 15

മൂന്നാമധ്യായം സമാപ്തം.

---

## നാലാമധ്യായം.

### സൂക്തം 36.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

യജ്ഞസദനത്തിൽനിന്നു സ്തോത്രം ചെന്നണയട്ടെ: സൂര്യൻ
രശ്മികൾകൊണ്ടു വെള്ളം പൊഴിയ്ക്കുന്നു; പൃഥിവി ഉയർന്ന പ്രദേശങ്ങളോ
ടേ പരന്നുകിടക്കുന്നു; അഗ്നി വിശാലമായ ഭൂഭാഗത്തിൽ ജ്വലിയ്ക്കുന്നു. 1

ബലവാന്മാരായ മിത്രാവരുണന്മാരേ, നിങ്ങൾക്കു ഞാൻ ഹവി
സ്സെന്നപോലെ ഈയൊരു പുതുസ്തോത്രവും വിരചിയ്ക്കാം: നിങ്ങളിലൊ
രുവൻ, അഹിംസിതനായ പ്രഭു, സ്ഥാനം കല്പിയ്ക്കുന്നു; സ്തുതിയ്ക്കപ്പെടുന്ന
മിത്രൻ പ്രാണികളെ പ്രവർത്തിപ്പിയ്ക്കുന്നു! 2

സഞ്ചരിഷ്ണുവായ വായുവിന്റെ ഗതികൾ എന്നോടും വിളയാ
ടുന്നു; ചുരത്തുന്ന പൈക്കൾ പുളയ്ക്കുന്നു. മഹാനായ സൂര്യന്റെ മാർഗ്ഗ
ത്തിൽ പിറക്കുന്ന വൃഷഭൻ അവിടെ മുക്രയിടുന്നു! 3

---

15. യശസ്വിയെ—പുകളേറിയ പുത്രനെ.

സൂക്തം 36.

1. സ്തോത്രം—'സൂര്യൻ' ഇത്യാദി. ചെന്നണയട്ടെ—ദേവകളിൽ. ഭൂഭാഗം—യജ്ഞസ്ഥലം.

2. ഒരുവൻ—വരുണൻ. സ്ഥാനം—ധർമ്മാധർമ്മങ്ങൾക്ക്. പ്രവർത്തിപ്പിയ്ക്കുന്നു—സ്വസ്വകർമ്മങ്ങളിൽ.

3. വൃഷഭൻ മുക്രയിടുന്നു—പർജ്ജന്യൻ ഇടിമുഴക്കുന്നു.



Digitized By Kerala Sahitya Akademi

ശൂര, ഇന്ദ്ര, നല്ല നടയുള്ള ധുരീണരായ ഭവാന്റെ ഈ പ്രിയ ഹരികളെ ഇദ്ദേഹം സ്തുതിയാൽ പൂട്ടിയല്ലോ! വിദ്രോഹിയുടെ അരിശം ആർ കെടുത്തുമോ, ആ സുകർമ്മാവായ അര്യമാവിനെ ഞാൻ ഇങ്ങോട്ടു തിരിയിയ്ക്കാം! 4

ഹവിഷ്മാന്മാർ സ്വന്തം യജ്ഞസദനത്തിൽ പെരുമാറിക്കൊണ്ട് ആരുടെ സഖ്യത്തിന്നായി യജിയ്ക്കുന്നുവോ, നേതാക്കളാൽ സ്തൂയമാനനായ ആർ അന്നം കിട്ടിയ്ക്കുമോ; ആ രുദ്രന് ഇതാ, പ്രിയതരമായ നമസ്സ്! 5

ഏഴാമത്തവളായ യാതൊരു സരസ്വതിയാണോ, നദികളുടെ അമ്മ; സ്വന്തം പയസ്സുകൊണ്ടു തടിച്ച യാവചില സുദുഘകൾ അഴകിൽ ഒഴുകുന്നുവോ; ആ തൽപരകളായ യശസ്വിനികൾ ഒപ്പം വന്നണയട്ടെ! 6

ആ വേഗികളായ മരുത്തുക്കൾ തുഷ്ടിപൂണ്ടു നമ്മുടെ കർമ്മത്തെയും മകനെയും രക്ഷിയ്ക്കട്ടെ; ചരിയ്ക്കുന്ന അക്ഷരയും നമ്മെ വിട്ട് (അന്യരെ) നോക്കരുത് അവർ തക്കതായ നമ്മുടെ ധനം പെരുപ്പിയ്ക്കട്ടെ! 7

നിങ്ങൾ അനന്തയായ ഭൂമിയെയും യജ്ഞാർഹനും വീരനുമായ പൂഷാവിനെയും, നമ്മുടെ ഈ കർമ്മം കാത്തുരക്ഷിയ്ക്കുന്ന ഭഗനെയും, യജ്ഞത്തിൽ ദാനനിരതനും പുരധാരകനുമായ വാജനെയും വിളിയ്ക്കുവിൻ. 8

---

4. ഇദ്ദേഹം—യജമാനൻ. ഇദ്ദേഹത്തിന്റെ യാഗത്തിൽ വരിക എന്നു ഹൃദയം. തിരിയിയ്ക്കാം—സ്തുതികൊണ്ടു വരുത്താം.

5. നമസ്സ്=നമസ്കാരമോ, ഹവിസ്സോ.

6. സുദുഘകൾ—സുഖേന കറക്കാവുന്ന പൈക്കൾപോലുള്ള നദികൾ. പയസ്സിന്നു പാലെന്നും ജലമെന്നും അർത്ഥമെടുക്കാം. തൽപരകൾ—യജ്ഞകാംക്ഷിണികൾ. യശസ്വിനികൾ—സരസ്വതിയും മററു നദികളും.

7. അക്ഷര—വാഗ്ദേവത. അവർ—മരുത്തുക്കളും വാഗ്ദേവതയും.

8. സ്തോതാക്കളോട്: പുരധാരകൻ—പുരികളെ നിലനിർത്തുന്നവൻ. വാജൻ—ഋഭുക്കളിൽ മൂന്നാമൻ.

Digitized By Kerala Sahitya Akademi

മരുത്തുക്കളേ, ഈ ശ്ലോകം നിങ്ങളിലും, പകന്നു കടിയ്ക്കുന്ന രക്ഷാസമേതനായ വിഷ്ണുവിങ്കലും ശരിയ്ക്കെത്തട്ടെ; അദ്ദേഹം സ്തോതാവിന്നു സന്താനത്തെയും അന്നവും നല്കട്ടെ. നിങ്ങൾ 'സ്വസ്തിയാൽ പ്പാലിപ്പിൻ,പ്പൊഴുമെങ്ങളെ!' 9

---

സൂക്തം 37.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഋഭുക്കളേ, ഋഭുക്ഷാക്കളേ, വഹനശക്തവും സ്തുത്യവും പീഡയേല്ക്കാത്തതുമായ രഥം നിങ്ങളെ ഇങ്ങോട്ടു കൊണ്ടുവരട്ടെ: ശോഭനഹനുക്കളേ, നിങ്ങൾ സവനങ്ങളിൽ മത്തിന്നായി, മൂന്നു കൂട്ടിയ മഹാസോമംകൊണ്ടു വയർ നിറയ്ക്കുവിൻ! 1

ഋഭുക്ഷാക്കളേ, സ്വർഗ്ഗം കണ്ട നിങ്ങൾ ഹവിഷ്മാന്മാൎക്കായി, പീഡയേല്ക്കാത്ത രത്നം എടുക്കുവിൻ; ബലവാന്മാരായ നിങ്ങൾ യജ്ഞങ്ങളിൽ വഴിപോലെ കടിയ്ക്കുവിൻ; സ്തുതിയ്ക്കുന്ന ഞങ്ങൾക്കു ധനവും തരുവിൻ! 2

മഘവാവേ, വലുതും ചെറുതുമായ ധനം വീതിച്ചു കൊടുപ്പാൻ വകയുണ്ടല്ലോ, അവിടെയ്ക്കു്: ധനംകൊണ്ടു നിറഞ്ഞതാണ്, തൃക്കൈ രണ്ടും; അങ്ങയുടെ സൂനൃതോക്തി സമ്പത്തിനെ പിടിച്ചുനിൎത്തില്ല! 3

ഇന്ദ്ര, അസാമാന്യയശസ്സുള്ള ഋഭുക്ഷാവായ ഭവാൻ, സാധകമായ അന്നമെന്നപോലെ, സ്തോതാവിന്റെ ഗൃഹത്തിൽ വന്നാലും:

---

9. ശ്ലോകം—സ്തോത്രം. പകന്നു—ചമസങ്ങളിൽ പകന്ന സോമം.

സൂക്തം 37.

1. ഋഭുക്ഷാക്കൾ—വിശാലമായ തേജസ്സിന്നിരിപ്പിടമായിട്ടുള്ളവർ. ശോഭനഹനുക്കൾ=നല്ല അണകളടയുള്ളവർ. മൂന്നു കൂട്ടിയ—പാലും തയിരും മലർപ്പൊടിയും ചേൎത്ത.

2. പീഡ—ചോരാദ്യുപദ്രവം. കടിയ്ക്കുവിൻ—സോമം.

3. സൂനൃതോക്തി=സത്യവാക്ക്; സ്തോതാക്കൾക്കു ധനം ധാരാളം കൊടുക്കുമെന്ന പ്രതിജ്ഞ. ഈ പ്രതിജ്ഞയനുസരിച്ചു, ഭവാൻ കയ്യഴച്ചുകൊടുക്കുകതന്നെ ചെയ്യുന്നു.

Digitized By Kerala Sahitya Akademi

ഹര്യശ്വ, വസിഷ്ഠരായ ഞങ്ങൾ അങ്ങയ്ക്കു (ഹവിസ്സ്) നല്കി സ്തുതിയ്ക്കുമാറാകണം! 4

ഇന്ദ്ര, ഹരിഹയ, ഈ സ്തുതികളാൽ പരിവൃതനായ ഭവാൻ ഹവിർദ്ദാതാവിന്നും സമ്പത്തു നല്കും; എന്നായിരിയ്ക്കും ഞങ്ങൾക്കു ധനം തരിക? ഞങ്ങൾ അങ്ങയുടെ തക്ക രക്ഷകൾകൊണ്ടു സേവിയ്ക്കുമാറാകണം! 5

ഇന്ദ്ര, ഭവാൻ എന്നു കേൾക്കും, ഞങ്ങളുടെ സ്തുതി? ചൊല്ലുന്ന ഞങ്ങളെ ഭവാൻ ഇപ്പോൾ പാർപ്പിയ്ക്കുന്നുണ്ടല്ലോ. കെല്പുള്ള പള്ളിക്കുതിര ഇടവിടാതെ സ്തുതിയ്ക്കുന്ന ഞങ്ങളുടെ ഗൃഹത്തിൽ ധനവും നല്ല വീരന്മാരെയും അന്നവും കൊണ്ടുവരട്ടെ! 6

കഴിവുള്ള ഭൂദേവിയും, ശോഭനാന്നങ്ങളായ സംവത്സരങ്ങളും ഇന്ദ്രങ്കൽ അണയുന്നു; മനുഷ്യർ അദ്ദേഹത്തെ സ്വഗൃഹത്തിലിരുത്തില്ല; നല്ല ദഹനശക്തിയുണ്ട്, ആ ത്രിലോകബന്ധുവിന്ന്! 7

സവിതാവേ, സ്തുത്യമായ സമ്പത്തു ഞങ്ങളിലെത്തട്ടെ; പർവ്വതനും ധനം തരട്ടെ. ദിവ്യനായ രക്ഷകൻ ഞങ്ങളെ സദാ കാത്തരുളട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 8

---

സൂക്തം 38.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സവിതാവ് ദേവത.

(കാകളി.)

യാതൊരു സേവ്യനിന്നീഡ്യൻ, മനുഷ്യർക്കു;
യാതൊരു ഭൂതിമാൻ രത്നങ്ങളേകിടും;

---

4. ഋഭുക്ഷാവ്=ഋഭുക്കളുടെ സ്വാമി. സാധകം—എന്നും സാധിപ്പിയ്ക്കുന്നത്.

6. ചൊല്ലുന്ന—സ്തുതി. വീരന്മാർ=പുത്രന്മാർ.

മനുഷ്യർ—സ്തോതാക്കൾ. ഇരുത്തില്ല—യാഗത്തിൽ വരുത്തിക്കൊണ്ടിരിയ്ക്കും. ദഹനശക്തിയുണ്ട്—ഹവിസ്സ് എത്ര ഭുജിച്ചാലും ദഹിയ്ക്കും.

8. പർവ്വതൻ—ഇന്ദ്രന്റെ ഒരു സഖാവ് രക്ഷകൻ—ഇന്ദ്രൻ.

Digitized By Kerala Sahitya Akademi

അദ്ദേവനായ സവിതാവുയൎത്തുന്നു,
പൊൽത്തെളിവാൎന്നതാം തന്നുടെ കാന്തിയെ! 1

നീ സവിതാവേ, എഴുന്നേല്ക്കൂ—കേൾക്കി,തു
ഹേ സുവൎണ്ണകര, യജ്ഞം നടത്തുവാൻ:
പാരിച്ച കാന്തി പരക്കെ വീശുന്നു നീ;
സൂരികൾക്കേകുന്നു, മൎത്ത്യഭോഗ്യങ്ങളെ! 2

ദേവകൾപോലുമെപ്പോഴും പുകഴ്ത്തുന്ന
ദേവൻ സവിതാവു കേൾക്കട്ടെ, സൂക്തികൾ:
അന്നാമസ്സൽസ്തുതിയ്ക്കേകട്ടെ,യാ വന്ദ്യ-
നന്യൂനരക്ഷയാൽക്കാക്കട്ടെ, സൂരിയെ! 3

ദേവനാമിസ്സവിതാവിനെ വാഴ്ത്തുന്നു,
ദേവിയദിതിയനുജ്ഞ ലഭിയ്ക്കുവാൻ;
വൻപെരുമാക്കൾ വരുണാദ്യരും സമ-
മൻപാൎന്നു വാഴ്ത്തുന്നു, മിത്രാൎയ്യമാദ്യരും! 4

ദാനസ്ഥരാൎയ്യർ മേന്നോത്തനുഷ്ഠിയ്ക്കുന്നു,
വാനൂഴിബന്ധുവിനായ്പ്പരിചര്യകൾ;
കേൾക്കട്ടെ, നമ്മുടെ ഗീരഹിൎബുധ്ന്യനും;
കാക്കട്ടെ, വാഗ്ദേവിയുത്തമഗോക്കളാൽ! 5

---

സൂക്തം 38.

1. ഭൂതിമാൻ=വളരെസ്സമ്പത്തുള്ളവൻ. ഏകിടും—സ്തോതാക്കൾക്കു കൊടുക്കും. പൊൽത്തെളിവ്—സ്വൎണ്ണത്തിന്റെ സ്വച്ഛത.

2. എഴുന്നേല്ക്കൂ=ഉദ്ഗമിച്ചാലും. ഇതു—ഞങ്ങളുടെ സ്തോത്രം. സൂരികൾ—സ്തോതാക്കൾ.

3. സൂക്തികൾ—സ്തുതികൾ. അസ്സൽസ്തുതിയ്ക്ക്—നമ്മുടെ സ്തുതിയ്ക്കു പ്രതിഫലമായി. സൂരിയെ—സ്തോതാക്കളെ.

1. സമം=ഒരേമട്ടിൽ. അൻപ്=പ്രീതി.

5. ദാനസ്ഥർ—ദാനശീലർ എന്നൎത്ഥം. ആൎയ്യർ—യജമാനർ. വാനൂഴിബന്ധു—ദ്യാവാപൃഥിവികളുടെ ബന്ധുവായ സവിതാവ്. ഉത്തമഗോക്കളാൽ—മികച്ച ഗോക്കളെത്തന്ന്.

Digitized By Kerala Sahitya Akademi

ദേവൻ സവിതാവിരിക്കുന്ന നമ്മൾക്കു
കൈവരുത്തട്ടെ,യാ രത്നം പ്രജാധിപൻ:
പോറ്റുന്നോൻ വിളിപ്പൂ, ഭഗനെ സ്വരക്ഷയ്ക്കു;
താന്നോൻ ഭഗനോടിരക്കുന്നു, നൽധനം! 6

യാഗേ പുകഴ്ത്തും നമുക്കു സുഖം നല്കു,
പോകൽ ചുരുങ്ങും ശുഭദാനരാം വാജികൾ:
തട്ടിപ്പറിപ്പോന,രക്കനിവററിനെ–
ത്തട്ടി,പ്പുരാതനർ പോക്കട്ടെ, രോഗവും! 7

സ്വത്തിനായ്പ്പാലിപ്പിനെ,ങ്ങളെപ്പോർകളിൽ–
സ്സത്യജ്ഞർ മേധാഢ്യർ നിങ്ങൾ വാജികളേ;
ഇത്തേൻ കുടിയ്ക്കുവിൻ, മത്താടുവിൻ; സുര–
വർത്മാവിലൂടെ പോയ്ക്കൊൾവിൻ, സുതൃപ്തരായ്! 8

---

## സൂക്തം 39.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വദേവകൾ ദേവത.

അഗ്നി ഉയൎന്നു സ്തോതാവിന്റെ സ്തുതി കേൾക്കട്ടെ: ഉഷസ്സ്
നേരേ യജ്ഞത്തിലെത്തുകയായി. രണ്ടു ശ്രദ്ധായുക്തന്മാർ, ഇരുതേരാ
ളികൾപോലെ മാൎഗ്ഗമണയുന്നു; പ്രേരിതനായ നമ്മുടെ ഹോതാവു
യാഗം നടത്തട്ടെ! 1

---

6. ആ രത്നം—പ്രസിദ്ധമായ തന്റെ രമണീയധനം. പോറ്റുന്നോൻ—സ്തോത്രാണിയുള്ളവനും, താന്നവനും—രണ്ടുകൂട്ടരും—ഭഗനെ, ഭജനീയനായ സവിതാവിനെ ആശ്രയിക്കുന്നു.

7. പോകൽ ചുരുങ്ങും—ഏറെസ്സഞ്ചരിക്കാത്ത. വാജികൾ—ഒരുകൂട്ടം ദേവകൾ. തട്ടി—അകററി.

8. സ്വത്തിനായ്—ശത്രുധനപ്രാപ്തിക്കുതക്കവണ്ണം. തേൻ—മധുരസോമം. സുതൃപ്തരായ് (വയർ നിറച്ച്), സുരവർത്മാവിലൂടെ (ദേവകളുടെ വഴികളിലൂടെ) പോയ്ക്കൊൾവിൻ, തിരിയെ.

സൂക്തം 39.

1. രണ്ടു ശ്രദ്ധായുക്തന്മാർ—യജമാനനും പത്നിയും. മാൎഗ്ഗം—യജ്ഞപഥം.

Digitized By Kerala Sahitya Akademi

ഇവരുടെ നല്ല അന്നത്തോടുകൂടിയ ദർഭ വിരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇപ്പോൾ, നിയുത്സഹിതനായ വായുവും പൂഷാവുമാകുന്ന പ്രജാപാലകന്മാർ പ്രജകളുടെ ക്ഷേമത്തിനായി, രാത്രിയുടെ ഉഷസ്സിൽനിന്നു, മുൻവിളി കേട്ട് അന്തരിക്ഷത്തിലെത്തിച്ചേരട്ടെ! 2

വസുധയിലെ വസുക്കൾ ഇതിങ്കൽ വിളയാടട്ടെ: വിശാലമായ അന്തരിക്ഷത്തിലെ തേജസ്വികളും പരിചരിയ്ക്കപ്പെടുന്നു. അതിവേഗന്മാരേ, നിങ്ങൾ യാത്ര ഇങ്ങോട്ടാക്കുവിൻ: അഭിഗതനായ ഞങ്ങളുടെ ഈ ദൂതന്റെ (വിളി) കേൾക്കുവിൻ! 3

യജ്ഞങ്ങളിൽ യജനീയരും രക്ഷകരുമായ ആ ദേവന്മാരെല്ലാം ഒപ്പം ഇരിപ്പിടത്തിലെത്തിയിരിയ്ക്കുന്നുവല്ലോ: അഗ്നേ, യജ്ഞകാമരായ അവരെയെല്ലാം—ഭഗൻ, അശ്വികൾ, ഇന്ദ്രൻ എന്നിവരെയും—ഭവാൻ ശീഘ്രം യജിയ്ക്കുക! 4

അഗ്നേ, ഭവാൻ വിണ്ണിൽനിന്നും മന്നിൽനിന്നും സ്തോതവ്യരെ—മിത്രൻ, വരുണൻ, ഇന്ദ്രൻ, അഗ്നി, അര്യമാവ്, അദിതി, വിഷ്ണു എന്നിവരെ—ഇവർക്കുവേണ്ടി വിളിച്ചുവരുത്തുക; സരസ്വതി, മരുത്തുക്കൾ എന്നിവരും ഇമ്പംകൊള്ളട്ടെ! 5

യജ്ഞാർഹർക്കു ഹവിസ്സും സ്തോത്രവും അർപ്പിയ്ക്കപ്പെടുന്നു! മനുഷ്യരുടെ മനോരഥം തടയാതെ (അഗ്നി) വന്നെത്തട്ടെ. നിങ്ങൾ അക്ഷയ്യവും സദാ സേവ്യവുമായ ധനം തരുവിൻ: ഞങ്ങൾ കൂററുകാരോടെന്നപോലെ ദേവന്മാരോടു ചേരുമാറാകണം. 6

---

2. ഇവർ—യജമാനന്മാർ. നിയുത്സഹിതൻ—നിയുത്തുക്കളോടു, തന്റെ പെൺകുതിരകളോടുകൂടിയവൻ. രാത്രിയുടെ—രാത്രിയുടെ അന്ത്യയാമമായ.

3. വസുധ=ഭൂമി. വസുക്കൾ—വസുക്കളെന്ന ദേവന്മാർ. ഇതിങ്കൽ—യജ്ഞത്തിൽ. അന്തരിക്ഷത്തിലെ തേജസ്വികൾ—മരുത്തുക്കൾ. അതിവേഗന്മാരേ എന്നു തുടങ്ങുന്ന വാക്യങ്ങൾ വസുക്കളോടും മരുത്തുക്കളോടുമുള്ളവയാകുന്നു. അഭിഗതൻ—നിങ്ങളുടെ മുമ്പിൽ വന്നവൻ. ഈ ദൂതൻ—അഗ്നി.

4. ഇരിപ്പിടത്തിൽ—യാഗശാലയിൽ സ്വസ്വസ്ഥാനങ്ങളിൽ.

5. സ്തോതവ്യർ=സ്തുത്യർ. അഗ്നി—ദേവതാരൂപേണ സ്വർഗ്ഗത്തിൽ വസിയ്ക്കുന്ന അഗ്നി. ഇവർ—യജമാനന്മാർ. ഇമ്പംകൊള്ളട്ടെ—ഞങ്ങളുടെ സ്തോത്രങ്ങൾകൊണ്ടും ഹവിസ്സുകൾകൊണ്ടും.

6. യജ്ഞാർഹർ—ദേവന്മാർ. മൂന്നും നാലും വാക്യങ്ങൾ പ്രത്യക്ഷകഥനം: നിങ്ങൾ—ദേവന്മാർ.

Digitized By Kerala Sahitya Akademi

ഇപ്പോഠം വസിഷ്ഠന്മാർ ദ്യാവാപൃഥിവികളെയും, യജ്ഞനമേതരായ വരുണമിത്രാഗ്നികളെയും നേരിട്ടു സ്തുതിച്ചു: ആഹ്ലാദകാരികഠം ഞങ്ങഠംക്ക് ഉൽകൃഷ്ടമായ അന്നം നല്കട്ടെ. നിങ്ങഠം സ്വസ്തിയാൽ പാലിപ്പിൻ, എപ്പോഴുമെങ്ങളെ! 7

---

സൂക്തം 40.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

യാഗസ്തുതി വേഗത്തിൽ എത്തട്ടെ: ത്വരിതന്മാക്കു നാം സ്തോത്രം ചമയ്ക്കുക. ഇപ്പോഠം സവിതാവായ ദേവൻ യാതൊന്നയയ്ക്കുമോ, ആ ശ്രേഷ്ഠധനത്തിൽ നാം പങ്കുകാരാകണം! 1

വായുവും ഭഗനും യാതൊന്നു ചേത്തരുളുമോ, ആ സ്തോതൃസേവിതമായ ധനം നമുക്കു മിത്രനും വരുണനും ദ്യാവാപൃഥിവികളും ഇന്ദ്രനും അര്യമാവും നല്കട്ടെ; അദിതിദേവിയും തരട്ടെ! 2

പൃഷദശ്വരായ മരുത്തുക്കളേ, നിങ്ങഠം ആരെ രക്ഷിയ്ക്കുമോ, ആ മനുഷ്യൻ ഓജസ്വിയായിത്തീരട്ടെ; അവൻ ബലവാനായിത്തീരട്ടെ. അവനെ അഗ്നിയും സരസ്വതിയും പ്രവത്തിപ്പിയ്ക്കും; അവന്റെ ധനം ആരും നശിപ്പിയ്ക്കില്ല! 3

ഈ സത്യനേതാവായ വരുണൻ, മിത്രൻ, അര്യമാവ് എന്നീ രാജാക്കന്മാരും, ശോഭനാഹ്വാനയായ എതിരില്ലാത്ത അദിതിദേവിയും കമ്മം നടത്തിയ്ക്കുന്നു: അവർ നമ്മെ സുഖേന പാപം കടത്തട്ടെ! 4

---

7. ആഹ്ലാദകാരികഠം—ആഹ്ലാദിപ്പിയ്ക്കുന്നവരായ ദേവന്മാരെല്ലാം.

സൂക്തം 40.

1. യാഗസ്തുതി—യാഗത്തിൽ ഞങ്ങഠം ചൊല്ലുന്ന സ്തുതി. എത്തട്ടെ—ദേവന്മാരിൽ. ത്വരിതന്മാർ—യജ്ഞത്തിന്നു വരാൻ വെമ്പുന്ന ദേവന്മാർ.

2. ചേത്തരുളുമോ—നമ്മോടു ചേക്കുമോ, നമുക്കു കിട്ടിയ്ക്കുമോ.

3. പൃഷദശ്വർ=പുള്ളിമാനാകുന്ന വാഹനത്തോടുകൂടിയവർ.

4. പാപം കടത്തട്ടെ—പുഴ കടത്തുന്നതുപോലെ, പാപത്തിന്റെ മറുകരയണയ്ക്കട്ടെ.

Digitized By Kerala Sahitya Akademi

യജ്ഞത്തിൽ ഹവിസ്സുകൾകൊണ്ടു വരുത്തപ്പെടേണ്ടുന്ന ഈ അഭീഷ്ടവർഷിയായ വിഷ്ണുവിൻെറ ശാഖകളത്രേ, ദേവന്മാർ; രുദ്രൻ, തൻെറ സുഖത്തിലും മഹത്ത്വത്തിലും എത്തിയ്ക്കുമല്ലോ. അശ്വികളേ, നിങ്ങൾ അന്നവുമായി ഗൃഹത്തിൽ വരുവിൻ! 5

പ്രഭപൂണ്ട പൂഷാവേ, വാണിമാരും ദാനവതികളും യാതൊന്നു തരുമോ, അതിൽ ഭവാൻ മുടക്കമുണ്ടാക്കരുത്; സുഖകരരായ ദേവന്മാർ ഞങ്ങളെ തുലോം രക്ഷിയ്ക്കട്ടെ; ചുററിനടക്കുന്ന വായു മഴ തരട്ടെ! 6

ഇപ്പോൾ വസിഷ്ഠന്മാർ ദ്യാവാപൃഥിവികളെയും, യജ്ഞസമേതരായ വരുണമിത്രാഗ്നികളെയും നേരിട്ടു സ്തുതിച്ചു: ആഹ്ലാദകാരികൾ ഞങ്ങൾക്ക് ഉൽക്കൃഷ്ടമായ അന്നം നല്കട്ടെ. നിങ്ങൾ 'സ്വസ്തിയാൽ പ്പാലിപ്പിൻ,പ്പൊഴുമെങ്ങളെ!' 7

---

## സൂക്തം 41.

വസിഷ്ഠൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നീന്ദ്രാദികൾ ദേവത.

ഞങ്ങൾ പുലർകാലത്ത് അഗ്നിയെയും, പുലർകാലത്ത് ഇന്ദ്രനെയും, പുലർകാലത്തു മിത്രാവരുണന്മാരെയും, പുലർകാലത്ത് അശ്വികളെയും വിളിയ്ക്കുന്നു; ഞങ്ങൾ പുലർകാലത്തു ഭഗനെയും പൂഷാവിനെയും ബ്രഹ്മണസ്പതിയെയും, പുലർകാലത്തു സോമനെയും രുദ്രനെയും വിളിയ്ക്കുന്നു. 1

യാതൊരുവനെ സ്തുതിച്ചിട്ടു ദരിദ്രനും, ധനികനായ രാജാവും, 'ഇത്തിരി ധനം!' എന്നുരിയാടുമോ; പുലർകാലത്ത്, ആ ജേതാവായ, ഓജസ്വിയായ, ഭാരവാഹിയായ, അദിതിപുത്രനായ ഭഗനെ ഞങ്ങൾ വിളിയ്ക്കുന്നു. 2

ഭഗ, മികച്ചനേതാവായ ഭഗ, സത്യധനനായ ഭഗ, അവിടുന്നു ഞങ്ങൾക്കു തന്ന്, ഈ കർമ്മം സംരക്ഷിച്ചാലും: ഭഗ, ഗവാശ്വങ്ങളെ

---

5. എത്തിയ്ക്കുമല്ലോ—നമ്മെ. അന്തിമവാക്യം പ്രത്യക്ഷോക്തി.
6. ദാനവതികൾ—ദേവപത്നിമാർ.

സൂക്തം 41.

2. ഇത്തിരിധനം—തരിക. ഉരിയാടുമോ—യാചിയ്ക്കുമോ.



Digitized By Kerala Sahitya Akademi

കൊണ്ടു ഞങ്ങളെ തഴപ്പിച്ചാലും; ഭഗ, ഞങ്ങൾ നേതാക്കന്മാരോടും ആൾക്കാരോടുംകൂടിയവരാകണം! 3

പോരാ, ഇനി ഞങ്ങൾ പകലിന്റെ ആദിയിലും മദ്ധ്യത്തിലും ഭഗവാന്മാരായിബ്ഭവിയ്ക്കണം; ധനവാനേ, സൂര്യോദയത്തിൽ ഞങ്ങൾ ദേവന്മാരുടെ സന്മനസ്സിന്നും വിഷയമാകണം! 4

ദേവന്മാരേ, ഭഗൻതന്നെ ഭഗവാനായരുളട്ടെ: തത്തിരുവടിയെ കൊണ്ടു ഞങ്ങൾ ഭഗവാന്മാരാകണം! ഭഗ, ആ നിന്തിരുവടിയെ എല്ലാവരും പേർത്തു പേർത്തു വിളിയ്ക്കുന്നു: ഭഗ, ആ നിന്തിരുവടി ഇവിടെ ഞങ്ങളുടെ മുമ്പിൽ എഴുന്നള്ളുക! 5

സുഗമസ്ഥലത്തെയ്ക്കു ദധിക്രാവെന്നപോലെ, ഉഷസ്സുകൾ അധ്വരത്തിന്നു വന്നെത്തട്ടെ: അവർ, വേഗികളായ കുതിരകൾ തേരിനെയെന്നപോലെ, ധനം കിട്ടിയ്ക്കുന്ന ഭഗനെ നമ്മുടെ അടുക്കലെയ്ക്കു കൊണ്ടുവരട്ടെ! 6

എല്ലാംകൊണ്ടും തഴച്ച്, തണ്ണീർ ചുരത്തുന്ന, ശോഭനകളായ ഉഷസ്സുകൾ നമുക്ക നിത്യം അശ്വങ്ങളോടും ഗോക്കളോടും വീരന്മാരോടുംകൂടി പുലരുമാറാകട്ടെ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

## സൂക്തം 42.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

ബ്രഹ്മാക്കളായ അംഗിരസ്സുകൾ എങ്ങും പെരുമാറട്ടെ; പജ്ജന്യൻ സ്തോത്രത്തിൽ കൌതുകംകൊള്ളട്ടെ; നദികൾ വെള്ളം പാററിക്കൊണ്ടൊഴുകട്ടെ; ശ്രദ്ധായുക്തരിരുവരും യജ്ഞത്തെ രൂപപ്പെടുത്തട്ടെ! 1

---

3. തന്ന്—അഭീഷ്ടം. നേതാക്കന്മാർ—കൊണ്ടുനടക്കുന്നവർ, പുത്രാദികൾ.

4. ഭഗവാന്മാർ=ഭഗനോടുകൂടിയവർ.

5. ഭഗവാൻ=ധനവാൻ.

6. ദധിക്രാവ്—അശ്വം. അവർ—ഉഷസ്സുകൾ.

7. ഓരോ ഉഷസ്സു പുലരുമ്പോഴും നമുക്ക് അശ്വാദികൾ കൈവരട്ടെ.

സൂക്തം 42.

1 സ്തോത്രത്തിൽ—നമ്മുടെ സ്തുതിയിൽ. ശ്രദ്ധായുക്തർ—യജമാനനും പത്നിയും.

Digitized By Kerala Sahitya Akademi

അഗ്നേ, അങ്ങയുടെ ചിരന്തനമായ മാർഗ്ഗം സുഗമമായിബ്ഭവിയ്ക്കട്ടെ: യാഗശാലയിലെയ്ക്കു വീരനെ വഹിച്ചു വിളങ്ങുന്ന പച്ച-ചെമപ്പുപള്ളിക്കുതിരകളെ അങ്ങു് വഴിപോലെ പൂട്ടുക! ഞാൻ ഇരുന്നു ദേവഗണങ്ങളെ വിളിയ്ക്കുന്നു. 2

നിങ്ങൾക്കുള്ള യജ്ഞത്തെ പ്രണതന്മാർ വഴിപോലെ പൂജിയ്ക്കുന്നു; അരികേ സ്തുതി പാടുന്ന ഹോതാവു മികച്ചവനാണ്. ഭവാൻ ശരിയ്ക്കു യജിച്ചുകൊൾക. പുരുസൈന്യ, അങ്ങു് ദേവന്മാരെ യജ്ഞഭൂമിയിൽ കൊണ്ടുവന്നാലും! 3

സ്തുതിയ്ക്കുന്ന ഹവിഷ്മാന്റെ ഗൃഹത്തിൽ അതിഥിയായി പ്രത്യക്ഷമാംവണ്ണം സുഖേന പള്ളികൊള്ളുന്ന, യാഗശാലയിൽ നിഹിതനായി ഉല്ലോഭം പ്രീതിപ്പെടുന്ന അഗ്നി ഉപാസകന്നു വേണ്ടതു കല്പിച്ചുനല്കും! 4

അഗ്നേ, അവിടുന്നു ഞങ്ങളുടെ ഈ യജ്ഞത്തിൽ ചേരുക: മരുത്തുക്കളിലും ഇന്ദ്രങ്കലും ഞങ്ങളുടെ ഹവിസ്സെത്തിയ്ക്കുക. രാത്രിയും ഉഷസ്സും ദർഭയിലിരിയ്ക്കട്ടെ. തൽപരരായ മിത്രാവരുണന്മാരെ ഭവാൻ ഇവിടെ യജിച്ചാലും! 5

ഇങ്ങനെ, വസുകാമനായ വസിഷ്ഠൻ ധനം കിട്ടാൻ ബലപുത്രനായ അഗ്നിയെ സ്തുതിച്ചു: തിരുവടി ഞങ്ങൾക്കു് അന്നവും അർത്ഥവും കെല്പും വളർത്തട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

---

സൂക്തം 43.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

യാവചിലരുടെ നിസ്തുലസ്തോത്രങ്ങൾ, വൃക്ഷത്തിന്റെ കൊമ്പുകൾപോലെ ചുറ്റും പടരുന്നുവോ, ആ ദേവകാമന്മാരായ മേധാവികൾ

---

2. വീരനെ—വീരനായ അങ്ങയെ. പൂട്ടുക—തേരിന്നു കെട്ടുക.

3. ദേവന്മാരോടു്: പ്രണതന്മാർ—നമസ്കരിച്ച സ്തോതാക്കന്മാർ. ഭവാൻ എന്ന വാക്യം യജമാനനോടു്; പുരുസൈന്യ (വളരെ ജ്വാലകളുള്ളവനേ) എന്ന വാക്യം അഗ്നിയോടു്.

4. വേണ്ടതു്—ധനം.

5. തൽപരർ—യജ്ഞേച്ഛുക്കൾ.

6. വസുകാമൻ=ധനേച്ഛു.

Digitized By Kerala Sahitya Akademi

യജ്ഞങ്ങളിൽ നമസ്കരിച്ചുകൊണ്ടു നിങ്ങളെയും ദ്യാവാപൃഥിവികളെയും
അഭിഗമിപ്പാൻ അത്യന്തം സ്തുതിയ്ക്കുന്നു 1

യജ്ഞം, കുതിച്ചോട്ടുന്ന കുതിരപോലെ ചെന്നെത്തട്ടെ: നി
ങ്ങൾ ഒരേമനസ്സോടേ സ്രുക്കുകൾ പൊക്കിപ്പിടിയ്ക്കുവിൻ; അധ്വരത്തി
നു ഒരു വഴിപോലെ വിരിയ്ക്കുവിൻ. ദേവകാമങ്ങളായ ജ്വാലകൾ പൊ
ങ്ങിനില്ക്കട്ടെ! 2

അമ്മയുടെഅടുക്കൽ കൊച്ചുമക്കളെന്നപോലെ, ദേവന്മാർ
ഒരുയുടെ മുകൾവശത്തിരിയ്ക്കട്ടെ. അഗ്നേ, ജ്വാലയെ എമ്പാടും ജുഹു
നനയ്ക്കട്ടെ. അങ്ങ് ഞങ്ങൾക്കു യുദ്ധത്തിൽ കൊലയാളികളെ ഉണ്ടാ
ക്കരുതേ! 3

ജലത്തിന്റെ സുദുഘകളായ ധാരകളെ പൊഴിയ്ക്കുന്ന ആ യജ
നീയർ സപര്യ തികച്ചും കൈക്കൊള്ളട്ടെ: ഇന്നു ധനങ്ങളിൽവെച്ചു
മികച്ച ധനം വന്നെത്തട്ടെ. നിങ്ങൾ ഒരേ മനസ്സോടേ യജ്ഞത്തിലെ
ഴുന്നള്ളുവിൻ! 4

അഗ്നേ, ഇങ്ങനെ അവിടുന്നു പ്രജകളിൽവെച്ചു ഞങ്ങൾക്കു ത
ന്നാലും: ബലവാനേ, ഞങ്ങൾ അങ്ങയോടു പററിച്ചേർന്നു, നിത്യസമ്പ
ത്തോടേ നിർബാധരായി ഒപ്പം മത്തടിയ്ക്കുമാറാകണം! നിങ്ങൾ 'സ്വ
സ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 5

---

സൂക്തം 43.

1. ദേവകളോട്: അഭിഗമിയ്ക്കുക=അഭിമുഖമായി പ്രാപിയ്ക്കുക.

2. യജ്ഞം—നമ്മുടെ യാഗം. ചെന്നെത്തട്ടെ—ദേവന്മാരെ പ്രാപിയ്ക്കട്ടെ. നിങ്ങൾ—ഋത്വിക്കുകൾ. നാലാം വാക്യം അഗ്നിയോടുള്ളതാണ്.

3. കൊച്ചുമക്കൾ—വിശേഷേണ രക്ഷണീയരായ കുട്ടികൾ. ജ്വാലയെ—ഭവാന്റെ. ഉണ്ടാക്കരുതേ—കൊലപ്പെടാത്തവണ്ണം ഞങ്ങളെ രക്ഷിയ്ക്കണേ.

4. യജനീയർ—ഇന്ദ്രാദിദേവന്മാർ. സപര്യ—നമ്മുടെ പരിചരണം. ഒടുവിലെ വാക്യം പ്രത്യക്ഷോക്തി.

5. ഇങ്ങനെ—ഇപ്രകാരം സ്തുതനായ. പ്രജകളിൽവെച്ചു—കൂടുതൽ. തന്നാലും—ധനം. നിങ്ങൾ—ഈ സൂക്തത്തിൽ പറയപ്പെട്ട ദേവന്മാർ.

Digitized By Kerala Sahitya Akademi

സൂക്തം 44.

വസിഷ്ഠൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകറം; ദധിക്രാവ് ദേവത.

ഞാൻ നിങ്ങളുടെ രക്ഷയ്ക്കായി ഒന്നാമതു ദധിക്രാവിനെയും, അശ്വികളെയും, ഉഷസ്സിനെയും, ഉജ്ജ്വലിച്ച അഗ്നിയെയും, ഭഗനെയും, ഇന്ദ്രനെയും, വിഷ്ണുവിനെയും, പൂഷാവിനെയും, ബ്രഹ്മണസ്പതിയെയും, ആദിത്യന്മാരെയും, ദ്യാവാപൃഥിവികളെയും, തണ്ണീരുകളെയും, സൂര്യനെയും വിളിയ്ക്കുന്നു. 1

നാം ദധിക്രാവിനെ സ്തുതിച്ചുണർത്തി പ്രേരിപ്പിച്ചു, യാഗം തുടങ്ങി, ഇളാദേവിയെ ദർഭയിലിരുത്തി, ശോഭനാഹ്വാനരും മേധാവികളുമായ അശ്വികളെ വിളിയ്ക്കുക. 2

ഞാൻ ദധിക്രാവിനെ ഉണർത്തിയിട്ട്, അഗ്നിയെയും ഉഷസ്സിനെയും സൂര്യനെയും വാഗ്ദേവിയെയും, ഊററക്കാരെ നീറുന്ന വരുണന്റെ വലിയ തവിട്ടുനിറക്കുതിരയെയും സ്തുതിയ്ക്കാം: അവർ നമ്മളിൽനിന്നു ദുരിതമെല്ലാം വേർപെടുത്തട്ടെ! 3

ഉഷസ്സ്, സൂര്യൻ, ആദിത്യന്മാർ, വസുക്കറം, അംഗിരസ്സുകറം എന്നിവരോടിണങ്ങുന്ന, ഗതിവേഗമുള്ള ഒരു മുഖ്യാശ്വമായ ദധിക്രാവ് അറിഞ്ഞുംകൊണ്ടു തേരുകളുടെ മുൻവശത്തു നില്ക്കും! 4

ദധിക്രാവ് യജ്ഞമാർഗ്ഗത്തിൽ നടക്കാൻതുടങ്ങുന്ന നമ്മുടെ വഴി നനയ്ക്കട്ടെ! ദേവന്മാരുടെ ബലമായ അഗ്നി നമ്മുടെ (വിളി) കേറംക്കട്ടെ—അറിവുററ പെരിയോരെല്ലാം കേറംക്കട്ടെ! 5

---

സൂക്തം 45.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സവിതാവ് ദേവത.

ജീവജാലത്തെ വിശ്രമിപ്പിയ്ക്കുകയും വ്യാപരിപ്പിയ്ക്കുകയും ചെയ്യുന്ന, ശോഭനരത്നനായ, അന്തരിക്ഷം നിറയ്ക്കുന്ന ദേവൻ സവിതാവു

---

സൂക്തം 44.

2. ഇള—അന്നരൂപിണി.

3. ഊററക്കാരെ നീറുന്ന—ഗർവിഷ്ഠരായ ശത്രുക്കളെ നശിപ്പിയ്ക്കുന്ന. കുതിരയെ സ്തുതിയ്ക്കുന്നതു, വരുണനെ കൊണ്ടുവരാനാണ് അവർ—ദേവന്മാർ.

5. നനയ്ക്കട്ടെ—മഴവെള്ളംകൊണ്ട് പെരിയോർ—ദേവന്മാർ.

Digitized By Kerala Sahitya Akademi

മനുഷ്യൎക്ക വേണ്ടുന്നതു ധാരാളം തൃക്കയ്യിലെടുത്ത്, അശ്വങ്ങളാൽ വ
ഹിയ്ക്കപ്പെട്ടു വന്നെത്തട്ടെ! 1

ഇദ്ദേഹത്തിന്റെ അഴഞ്ഞ വലിയ പൊന്നുതൃക്കൈകൾ പൊ
ങ്ങി, അന്തരിക്ഷത്തിന്നു ചുററും എത്തിയിരിയ്ക്കുന്നു; ഇദ്ദേഹത്തിന്റെ
ആ മഹിമാവ് ഇന്നു സ്തുതിയ്ക്കപ്പെടുന്നു. സൂൎയ്യനും ഇദ്ദേഹത്തിന്നു ക
ൎമ്മേച്ഛയുളവാക്കട്ടെ! 2

ആ സൎവ്വാതിശായിതേജസ്കനും ധനപാലനുമായ സവിതൃദേ
വനത്രേ, നമുക്കു ധനം കല്പിച്ചയയ്ക്കുന്നത്; പ്രഭ പരത്തുന്ന അവിടുന്നു
നമുക്കിപ്പോൾ മനുഷ്യഭോഗ്യങ്ങൾ നല്കട്ടെ! 3

ഈ വാക്കുകൾ നല്ല നാക്കും നല്ല കരവും—നിറതൃക്കയ്യും—ഉള്ള
സവിതാവിനെ സ്തുതിയ്ക്കുന്നു: അദ്ദേഹം നമുക്കു പൂജനീയവും മഹത്തു
മായ അന്നം നല്കട്ടെ! നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിൻ,എപ്പോഴുമെ
ങ്ങളെ!' 4

---

സൂക്തം 46

വസിഷ്ഠൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; രുദ്രൻ ദേവത.

ഉറപ്പുററ വില്ലും ഓടുന്ന അമ്പും തീക്ഷ്ണായുധങ്ങളുമുള്ളവനായി,
അന്നവാനായി, കീഴമൎത്തപ്പെടാത്തവനായി, കീഴമൎത്തുന്നവനായി,
വിധാതാവായിരിയ്ക്കുന്ന രുദ്രദേവനെക്കുറിച്ച് ഈ സ്തുതികൾ നിങ്ങൾ
ചൊല്ലുവിൻ: അവിടുന്നു കേൾക്കട്ടെ! 1

---

സൂക്തം 45.

1. ശോഭനരത്നൻ=നല്ല രത്ന(രമ്യധന)ങ്ങളോടുകൂടിയവൻ. നിറയ്ക്കുന്ന—തേജസ്സുകൊണ്ട് വേണ്ടുന്നതു—ധനം. കയ്യിലെടുത്തു—നമുക്കു തരാൻ.

2. അഴഞ്ഞ—മുറുക്കംവിട്ട; ദാനപ്രവൃത്തങ്ങൾ എന്നൎത്ഥം.

3. സൎവ്വാതിശായിതേജസ്കൻ=എല്ലാററിനെയും കവിച്ച തേജസ്സുള്ളവൻ. മനുഷ്യഭോഗ്യങ്ങൾ—സമ്പത്തുകൾ.

4. നിറതൃക്കയ്യ്—ധനപൂൎണ്ണമായ കൈപ്പടം. നിങ്ങൾ—സവിതാവു മുതലായ ദേവന്മാർ.

സൂക്തം 46.

1. സ്തോതാക്കളോട്: കീഴമൎത്തപ്പെടാത്തവൻ—ആരാലും. കീഴമൎത്തുന്നവൻ—ശത്രുക്കളെ.

Digitized By Kerala Sahitya Akademi

ഭൂമിയിലെ ജനങ്ങൾക്ക് ഈശ്വരനെന്നറിയപ്പെട്ടുന്നവനാണ ല്ലോ, അവിടുന്ന്; ദിവ്യക്കും പെരുമാളെന്നറിയപ്പെട്ടുന്നു. രുദ്ര, നിന്തിരുവടി സ്തോതാക്കളെ രക്ഷിപ്പാൻ ഞങ്ങളുടെ ഗൃഹത്തിലെഴുന്നള്ളിയാലും; ഞങ്ങളുടെ ആളുകളെ അരോഗരുമാക്കിയാലും! 2

അങ്ങയുടെ ഇടിവാൾ അന്തരിക്ഷത്തിൽനിന്നു ഭൂമിയിൽ വീഴ്ത്തപ്പെട്ടാറുണ്ടല്ലോ; അതു ഞങ്ങളിലേല്ക്കരുത്. മരുൽപിതാവേ, ഒരായിരം മരുന്നുണ്ട്, അങ്ങയുടെ പക്കൽ; അങ്ങ് ഞങ്ങളുടെ പുത്രപൌത്രരെ വലയ്ക്കരുതേ! 3

രുദ്ര, അങ്ങ് ഞങ്ങളെ ഉപദ്രവിയ്ക്കരുത്, ഉപേക്ഷിയ്ക്കരുത്: ഞങ്ങൾ അങ്ങയുടെ അരിശത്തിൽ കുടുങ്ങിപ്പോകരുത്. ഞങ്ങളെ അങ്ങ് ആളുകൾക്കാശംസനീയമായ യാഗത്തിൽ പങ്കുകൊള്ളിയ്ക്കണം. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 4

---

സൂക്തം 47.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അപ്പുകൾ ദേവത.

അപ്പുകളേ, ദേവകാമന്മാർ മുമ്പേ ഭൂജാതമായ യാതൊരു രസത്തെ നിങ്ങളുടേതായ ഇന്ദ്രപാനമാക്കിയോ; നിങ്ങളുടെ പരിശുദ്ധവും പാപരഹിതവും മഴവെള്ളത്തെപ്പാറുന്നതും മധുരവുമായ അതിനെ ഞങ്ങൾ ഇപ്പോൾ സേവിയ്ക്കുമാറാകണം! 1

അപ്പുകളേ, നിങ്ങളുടെ ആ അതിമധുരമായ രസത്തെ ശീഘ്രഗമനനായ അപാംനപാത്ത് രക്ഷിയ്ക്കട്ടെ! ഇന്ദ്രൻ ദേവകളോട്ടുകൂടി

---

2. രുദ്ര എന്നതുമുതൽ പ്രത്യക്ഷോക്തി.

3. വലയ്ക്കരുതേ—ആരോഗ്യവാന്മാരാക്കണമെന്നർത്ഥം.

4. നിങ്ങൾ—രുദ്രാദിദേവന്മാർ.

സൂക്തം 47.

1 അപ്പുകൾ—ജലദേവതമാർ. ദേവകാമന്മാർ—യഷ്ടാക്കൾ. രസം—സോമം. ഇന്ദ്രപാനം=ഇന്ദ്രന്നു കുടിപ്പാനുള്ളത്.

Digitized By Kerala Sahitya Akademi

യാതൊന്നിൽ മത്തുകൊള്ളുന്നുവോ, നിങ്ങളുടേതായ അത് ഇന്നു ദേവ
കാമന്മാരായ ഞങ്ങൾക്കു കിട്ടുമാറാകണം! 2

വിശുദ്ധബഹുരൂപകളായ, അന്നംകൊണ്ട് ഇമ്പപ്പെടുത്തുന്ന
അബ്ദേവിമാർ ദേവന്മാരുടെ ഇരിപ്പിടത്തിലും ചെല്ലുന്നു; അവർ ഇന്ദ്ര
നുള്ള കർമ്മങ്ങൾ ഉൽപാദിപ്പിയ്ക്കുന്നു. നിങ്ങൾ അപ്പുകൾക്കു നെയ്യു
പസ്തരിച്ചു ഹവ്യം ഹോമിയ്ക്കുവിൻ 3

ഇവയെ സൂര്യൻ രശ്മികൾകൊണ്ടു പരത്തുന്നു; ഇന്ദ്രൻ ഇവയ്ക്കു
പോകാൻ വഴി തോണ്ടി. അങ്ങനെയുള്ള തണ്ണീരുകളേ, നിങ്ങൾ ഞ
ങ്ങൾക്കു ധനം തരുവിൻ! നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴു
മെങ്ങളെ!' 4

---

## സൂക്തം 48.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഋഭുക്കൾ ദേവത.

ഋഭുവിഭ്വാവാജന്മാരേ, നേതാക്കളേ, ധനവാന്മാരേ, നിങ്ങൾ
ഞങ്ങളുടെ സോമനീർകൊണ്ട് ഇമ്പംകൊള്ളുവിൻ: ഇപ്പോൾ നിങ്ങളു
ടെ യാത്രയ്ക്കുള്ള കർമ്മകുശലർ മനുഷ്യഹിതമായ രഥത്തെ ഇങ്ങോട്ടു കൊ
ണ്ടുവരട്ടെ! 1

ഞങ്ങൾ ഋഭുക്കളാൽ ഋഭുക്കളായും വിഭുക്കളാൽ വിഭുക്കളായും
തീർന്നു, (ശത്രു)ബലങ്ങളെ നിങ്ങളുടെ ബലത്താൽ കീഴമർത്തുമാറാക
ണം: ആജിയിൽ ഞങ്ങളെ വാജൻ രക്ഷിയ്ക്കട്ടെ; ഇന്ദ്രന്റെ തുണയാൽ
ഞങ്ങൾ വൈരിയെ വധിയ്ക്കുമാറാകണം! 2

---

2. അത്—സോമരസം.

3. അബ്ദേവിമാർ=ജലദേവതമാർ. നിങ്ങൾ—അധ്വര്യുക്കൾ. ഹവ്യം—പുരോഡാശവും മററും.

4. ഇവ—അപ്പുകൾ. പരത്തുന്നു—രശ്മികൾകൊണ്ടു ജലമെടുത്തു വർഷിയ്ക്കുന്നു. അങ്ങനെയുള്ള എന്നതുമുതൽ പ്രത്യക്ഷോക്തി:

സൂക്തം 48.

1. യാത്രയ്ക്കുള്ള കർമ്മകുശലർ—വാഹനങ്ങളായ അശ്വങ്ങൾ. രഥത്തെ—നിങ്ങളുടെ തേരിനെ.

2. ഋഭുക്കളാൽ—ഋഭുക്കളായ ഭവാന്മാരെക്കൊണ്ട്. ഋഭുക്കൾ=മഹാന്മാർ. ആജി=യുദ്ധം. വാജൻ—ഇളയ ഋഭു. ഇന്ദ്രന്റെ—പ്രായേണ ഋഭുക്കളും ഇന്ദ്രനോടു കൂടി സ്തുതിയ്ക്കപ്പെടുന്നു.

Digitized By Kerala Sahitya Akademi

അവർ വളരെപ്പേരെ ആജ്ഞയാൽ കീഴടക്കും; യുദ്ധത്തിൽ വൈരികളെയെല്ലാം വധിയ്ക്കും. ഇന്ദ്രനും ഋഭു-വിഭ-വാജന്മാരും നേ
ത്തണഞ്ഞു ശത്രുവിന്റെ ബലത്തെ ചതച്ചുവിടും! 3

ദേവന്മാരേ, നിങ്ങൾ ഇന്നു ഞങ്ങൾക്കു ധനം തരുവിൻ; മുവ്വ
രും ഒരേമട്ടിൽ പ്രസാദിച്ചു ഞങ്ങളെ രക്ഷിയ്ക്കുവിൻ; സ്തുത്യരേ, ഞങ്ങൾ
ക്ക് അന്നം തരണം. 'നിങ്ങൾ സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെ
ങ്ങളെ!' 4

---

സൂക്തം 49.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അപ്പുകൾ ദേവത.

ആഴിക്കീഴിലുള്ള യാവചില പാവനികൾ അന്തരിക്ഷമധ്യ
ത്തിൽനിന്നു, നില്ക്കാതെ നടകൊള്ളുന്നുവോ; വൃഷാവായ ഇന്ദ്രൻ വജ്രം
കൊണ്ട് എവയ്ക്കു വഴി തോണ്ടിയോ; ആ അബ്ദേവിമാർ ഇവിടെ എ
ന്നെ രക്ഷിയ്ക്കട്ടെ! 1

യാവചില അപ്പുകൾ ദിവ്യകളായി ഒഴുകുന്നുവോ; എവർ, കുഴി
ച്ചാൽ പുറപ്പെടുമോ; എവർ സ്വയംഭൂക്കളോ; എവർ സമുദ്രഗാമിനി
കളും ഭാസുരകളും പാവനികളുമോ; ആ അബ്ദേവികൾ ഇവിടെ എ
ന്നെ രക്ഷിയ്ക്കട്ടെ! 2

വരുണൻ എവരുടെ രാജാവായി, ആളുകളുടെ നേരും കള്ളവും നോക്കിക്കൊണ്ടു മധ്യമലോകത്തിൽ നടക്കുന്നുവോ; തേൻ തൂകുന്നവരും ഭാസുരകളും പാവനികളും എവരോ; ആ അബ്ദേവികൾ ഇവിടെ എ
ന്നെ രക്ഷിയ്ക്കട്ടെ! 3

---

3. അവർ—ഇന്ദ്രനും ഋഭുക്കളും. വളരെപ്പേരെ—നമ്മുടെ ശത്രുക്കളെ.

4. പ്രത്യക്ഷോക്തി: ദേവന്മാരേ—ഋഭുക്കളേ.

സൂക്തം 49.

1. പാവനികൾ=ശുദ്ധിപ്പെടുത്തുന്നവർ. നടകൊള്ളുന്നുവോ—വൃഷ്ടിരൂപേണ ഭൂമിയിലെയ്ക്കു പോരുന്നുവോ.

2. ദിവ്യകൾ—അന്തരിക്ഷജകൾ.

3. മധ്യമലോകം—അന്തരിക്ഷം. തേൻ—മധുരരസം.



Digitized By Kerala Sahitya Akademi

രാജാവു വരുണൻ എവരിലോ; സോമം എവരിലോ; ദേവകൾക്കെല്ലാം സത്ത്വ എവരിലോ; വൈശ്വാനരാഗ്നി എവരിലിരിയ്ക്കുന്നുവോ; ആ അബ്ദേവികൾ ഇവിടെ എന്നെ രക്ഷിയ്ക്കട്ടെ! 4

---

## സൂക്തം 50.

വസിഷ്ഠൻ ഋഷി; ജഗതിയും അതിജഗതിയും ഛന്ദസ്സുകൾ;
മിത്രാവരുണാദികൾ ദേവത.

മിത്രാവരുണന്മാരേ, ഇവിടെ എന്നെ രക്ഷിയ്ക്കുവിൻ: കൂടുകെട്ടിപ്പെരുകുന്ന (വിഷം) ഞങ്ങളെ തീണ്ടരുത്; അജകപോലെ ദുർദ്ദൃശമായ വിഷം മറഞ്ഞുപോകട്ടെ. പാമ്പ് എന്നെ കാലൊച്ചകൊണ്ട് അറിഞ്ഞുപോകരുത്! 1

പലതരം കമ്പുകളിലുണ്ടാകുന്നതും, കാൽമുട്ടുകളെയും ഞെരിയാണികളെയും വീപ്പിയ്ക്കുന്നതുമായ വന്ദനത്തെ ഉജ്ജ്വലനായ അഗ്നി ഇയ്യുള്ളവരിൽനിന്നകററട്ടെ; പാമ്പ് എന്നെ കാലൊച്ചകൊണ്ട് അറിഞ്ഞുപോകരുത്! 2

ഇലവ്, പുഴകൾ, ചെടികൾ എന്നിവയിലുണ്ടാകുന്ന വിഷത്തെ ദേവകളെല്ലാം ഇയ്യുള്ളവരിൽനിന്നോടിയ്ക്കട്ടെ. പാമ്പ് എന്നെ കാലൊച്ചകൊണ്ട് അറിഞ്ഞുപോകരുത്! 3

ചായ്വിലെയ്ക്കും, കീഴ്പ്പോട്ടും, മേല്പോട്ടും ഒഴുകുന്നവ, വെള്ളമുള്ളവ, വെള്ളമില്ലാത്തവ—തണ്ണീർകൊണ്ടു തഴപ്പിയ്ക്കുന്ന ഇത്തരം നദീദേവിമാരെല്ലാം നമുക്കു ശിപദം വരുത്താതെ ശിവം നല്കട്ടെ; ഉപദ്രവിയ്ക്കാതിരിയ്ക്കട്ടെ! 4

---

### സൂക്തം 50.

1. കൂടുകെട്ടിപ്പെരുകുന്ന വിഷം—കടന്നലിന്റെയും മററും. അജക—ഒരു രോഗം. ദുർദ്ദൃശം=കണ്ടുപിടിയ്ക്കാവതല്ലാത്ത. മറഞ്ഞുപോകട്ടെ—നശിയ്ക്കട്ടെ. അറിഞ്ഞുപോകരുത്—കണ്ടെത്തി കടിയ്ക്കരുത്.

2. വന്ദനം—ഒരു വിഷം.

4. തഴപ്പിയ്ക്കുന്ന—സസ്യാദികളെ. ശിപദം—ഒരു രോഗം. ശിവം=മംഗളം.

Digitized By Kerala Sahitya Akademi

## സൂക്തം 51.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ആദിത്യർ ദേവത.

ആദിത്യന്മാരുടെ പുതിയ രക്ഷയാൽ നമുക്ക് അതിസുഖദമായ ഗൃഹം കിട്ടുമാറാകണം: ആ ത്വരിതന്മാർ (സ്തോത്രങ്ങൾ) ചെവിക്കൊണ്ട്, ഈ യഷ്ടാവിനെ അനപരാധതയിലും അദീനതയിലും നിർത്തട്ടെ! 1

ആദിത്യന്മാരും അദിതിയും അതിസരളരായ മിത്രൻ, അര്യമാവ്, വരുണൻ എന്നിവരും സംതൃപ്തിയടയട്ടെ: ആ ഭുവനരക്ഷകന്മാർ നമ്മെ പരിപാലിയ്ക്കട്ടെ; ഇന്നു നമ്മെ രക്ഷിപ്പാൻ സോമം കുടിയ്ക്കട്ടെ! 2

എല്ലാ ആദിത്യന്മാരും, എല്ലാ മരുത്തുക്കളും, എല്ലാ ദേവന്മാരും, എല്ലാ ഋഭുക്കളും, ഇന്ദ്രനും, അഗ്നിയും, അശ്വികളും സ്തുതിയ്ക്കപ്പെട്ടു: നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 3

---

## സൂക്തം 52.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ആദിത്യരേ, ഞങ്ങൾ മുറിവേല്ക്കാത്തവരാകണം: ദേവകളിലെ വസുക്കൾ മനുഷ്യരെ രക്ഷിയ്ക്കട്ടെ! മിത്രാവരുണന്മാരേ, ഭജിയ്ക്കുന്ന ഞങ്ങൾക്കു (ധനം) കിട്ടുമാറാകണം! ദ്യാവാപൃഥിവികളേ, ഞങ്ങൾ അഭിവൃദ്ധിപ്പെടുമാറാകണം! 1

രക്ഷിതാക്കളായ മിത്രാവരുണന്മാർ ഞങ്ങൾക്കും പുത്രനും പൌത്രനും ആ സുഖം തന്നരുളട്ടെ! വസുക്കളേ, അന്യന്റെ പാപം നിങ്ങ

---

സൂക്തം 51.

1. ത്വരിതന്മാർ—യജ്ഞത്തിന്നു വെമ്പുന്നവർ. അദീനത—കഷ്ടപ്പാടില്ലായ്ക.
2. സംതൃപ്തി—സോമപാനത്താൽ.
3. നിങ്ങൾ എന്നുമുതൽ പ്രത്യക്ഷോക്തി.

സൂക്തം 52.

1. മുറിവ്—പരാജയമെന്നർത്ഥം.

Digitized By Kerala Sahitya Akademi

ളുടെ ഞങ്ങൾ അനുഭവിയ്ക്കേണ്ടിവരരുത്; യാതൊന്നിനാൽ നിങ്ങൾ
നശിപ്പിച്ചേയ്ക്കുമോ, അതു ഞങ്ങൾ ചെയ്തുപോകരുത്! 2

ത്വരിതരായ അംഗിരസ്സുകൾ യാചിച്ചു സവിതാവിങ്കൽനിന്നു
യാതൊരു രത്നം നേടിയോ; അതു നമുക്കു, വലിയ യജനശീലനായ
പിതാവും, എല്ലാദ്ദേവകളും ഒരേമനസ്സോടേ കിട്ടിയ്ക്കട്ടെ! 3

---

സൂക്തം 53.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ദ്യാവാപൃഥിവികൾ ദേവത.

യജനീയകളായ പെരിയ ദ്യാവാപൃഥിവികളെ ഞാൻ യജ്ഞം
കൊണ്ടും സ്തോത്രംകൊണ്ടും ഋത്വിക്കുകളിൽത്തിക്കിനിന്നു തുലോം സ്തു
തിയ്ക്കുന്നു: ആ മഹതികളായ ദേവമാതാക്കളെയും പണ്ടത്തെ കവികൾ
പുകഴ്ത്തിപ്പാടി, മുമ്പിൽ നിറുത്തിയല്ലോ! 1

പണ്ടേ ജനിച്ച, യാഗത്തിന്റെ ഇരിപ്പിടങ്ങളായ അച്ഛനമ്മ
മാരെ നിങ്ങൾ പുതുസ്തോത്രങ്ങൾകൊണ്ടു പുരസ്കരിയ്ക്കുവിൻ. ദ്യാവാപൃ
ഥിവികളേ, നിങ്ങൾ ദേവകളോടൊപ്പം ഞങ്ങളുടെ അടുക്കൽ വന്നാ
ലും: വലിയ സമ്പത്തുണ്ടല്ലോ, നിങ്ങൾക്ക്! 2

ദ്യാവാപൃഥിവികളേ, ഹവിസ്സു തന്നാവനു കൊടുക്കാൻ വളരെ
രത്നങ്ങളുണ്ടല്ലോ, നിങ്ങൾക്ക്; അത് ഇത്തിരിയല്ലാതെ ഞങ്ങൾക്കു
തരുവിൻ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

---

2. ആ—അവരുടേതായ. വസുക്കളേ എന്നതുമുതൽ പ്രത്യക്ഷകഥനം: നിങ്ങളുടെ—ഭവദീയരായ.

3. ത്വരിതർ—യജ്ഞാദികളിൽ സത്വരർ. രത്നം—രമണീയധനം. പിതാവ്—വസിഷ്ഠന്റെ അച്ഛൻ, വരുണൻ.

സൂക്തം 53.

1. കവികൾ—ഋഷിമാർ.

3. അതിൽ—രത്നഭാഗത്തിൽ.

Digitized By Kerala Sahitya Akademi

## സൂക്തം 54.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വാസ്തോഷ്പതി ദേവത.

വാസ്തോഷ്പതേ, അങ്ങ് ഞങ്ങളെ അറിയണം: ഞങ്ങളിൽ ശുഭമാംവണ്ണം നിവസിച്ചു, രോഗങ്ങളെ നീക്കുക; അങ്ങയോടു ഞങ്ങൾ യാചിയ്ക്കുന്നതു ഞങ്ങൾക്കു തരിക; ഞങ്ങളുടെ ഇരുകാലികൾക്കു സുഖം വരുത്തുക; നാല്ക്കാലികൾക്കും സുഖം വരുത്തുക! 1

വാസ്തോഷ്പതേ, ഭവാൻ ഞങ്ങൾക്കു സമ്പത്തുണ്ടാക്കി വർദ്ധിപ്പിച്ചാലും: ഇന്ദോ, അങ്ങയുടെ സഖ്യത്താൽ ഞങ്ങൾ ഗോവാജിസഹിതരായി ജരാരഹിതരായിബ്ഭവിയ്ക്കുമാറാകണം; അച്ഛൻ മക്കളിലെന്നപോലെ, അവിടുന്നു ഞങ്ങളിലിരുന്നാലും! 2

വാസ്തോഷ്പതേ, ഞങ്ങൾ അങ്ങയുടെ സുഖകരവും സുന്ദരവും സുസമ്പന്നവുമായ ഗൃഹത്തിൽ പാർക്കുമാറാകണം; അങ്ങ് ഞങ്ങളുടെ ധനം യോഗക്ഷേമങ്ങളാൽ രക്ഷിയ്ക്കുകയും ചെയ്താലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

---

## സൂക്തം 55.

വസിഷ്ഠൻ ഋഷി; ഗായത്രിയും ഉപരിഷ്ടാൽ ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; വാസ്തോഷ്പതിയും ഇന്ദ്രനും ദേവത.

('താമരക്കണ്ണൻ' പോലെ.)

ഹേ വാസ്തോഷ്പതേ, ഭൂരിരൂപങ്ങ-
ളാവഹിച്ചാ,മയഘ്നൻ നീ

---

### സൂക്തം 54.

1. വാസ്തോഷ്പതി—ഒരു ദേവൻ. അറിയണം—സ്വന്തം സ്തോതാക്കളാണെന്ന്. ഇരുകാലികൾ—പുത്രാദിമനുഷ്യർ.

2. ഇന്ദോ—സോമംപോലെ ആഹ്ലാദിപ്പിയ്ക്കുന്നവനേ. ഇരുന്നാലും—രക്ഷിതാവായി വർത്തിച്ചാലും.

3. അങ്ങയുടെ—അങ്ങ് തരുന്ന.

Digitized By Kerala Sahitya Akademi

ചങ്ങാതിയായിത്തന്നരുളേണ-
മെങ്ങൾക്കു നല്ല സൌഖ്യത്തെ! 1

തിന്നുമ്പോൾക്കിറിപ്പാട്ടിൽ വാൾപോലെ
മിന്നുമാറുള്ള പല്ലുകൾ
കാട്ടുന്നൂ, വെള്ളമഞ്ഞനായേ നീ;—
യോറാമുറങ്ങുകിന്നേരം! 2

കള്ളൻ, കവച്ചുക്കാരനിവരിൽ-
ച്ചെല്ലൂ, പേത്തോടും നായേ, നീ:
ഇന്ദ്രനെ വാഴ്ത്തുമെങ്ങളെ ദ്രോഹി-
യ്ക്കുന്നതെന്തിന്നു?-റങ്ങുക! 3

പന്നിയെക്കീറിക്കൊൾക നീ; നിന്നെ-
പ്പന്നിയോ കീറിക്കൊള്ളട്ടെ;
ഇന്ദ്രനെ വാഴ്ത്തുമെങ്ങളെ ദ്രോഹി-
യ്ക്കുന്നതെന്തിന്നു?-റങ്ങുക! 4

(അന്നനട)

ഉറങ്ങട്ടേ മാതാവു,റങ്ങട്ടേ താത,-
നുറങ്ങട്ടേ നായു,മുറങ്ങട്ടേ വരൻ,

---

സൂക്തം 55.

1. ആവഹിച്ച്=ധരിച്ച്. ആമയഘ്നൻ—രോഗങ്ങളെ ശമിപ്പിയ്ക്കുന്നവൻ. മൂന്നു ദിവസം യാതൊരാഹാരവും കിട്ടാതെ വലഞ്ഞ വസിഷ്ഠൻ നാലാം ദിവസം രാത്രി കക്കാൻ വരുണഗൃഹത്തിൽ ചെന്നു കേറി. അപ്പോൾ, അവിടത്തെ കാവൽനായ കുരച്ചുകൊണ്ടു കടിയ്ക്കാൻ പാഞ്ഞണഞ്ഞു. ആ നായയെയും, അവിടെയുള്ള ആളുകളെയും ഉറക്കാനായി അദ്ദേഹം ചൊല്ലിയ ഋക്കുകളാണിവ. പ്രസ്വാപിന്യുപനിഷത്തത്രേ, ഇത്; പ്രസ്വാപിനി=ഉറക്കുന്നത്.

2. കിറിപ്പാട്—ഓഷ്ഠപ്രാന്തം. കാട്ടുന്നു—എന്നെ കടിപ്പാൻ. വെള്ളമഞ്ഞനായേ—ചില അവയവങ്ങളിൽ വെളുപ്പും, ചില അവയവങ്ങളിൽ മഞ്ഞനിറവും ചേർന്ന ശ്വാവേ.

3. പേത്തോടും—പോയേടത്തെയ്ക്കുതന്നെ വീണ്ടും ഓടിപ്പോകുന്ന. എങ്ങളെ—എന്നെ.

Digitized By Kerala Sahitya Akademi

ഉറങ്ങട്ടേ ജ്ഞാതിജനങ്ങളുമെല്ലാം,–
മുറങ്ങട്ടേ നാലുവശത്തുള്ളവരും! 5

ഇരിയ്ക്കുന്നതെവൻ, നടക്കുന്നതെവൻ,
നിരീക്ഷിയ്ക്കുന്നതുമെവനിങ്ങെങ്ങളെ,
അവരുടെ കൺകളടയ്ക്കാറാകു ഞങ്ങ;–
ളുവരിമ്മാളികപ്പുരപോലാകട്ടെ! 6

ഒരായിരം കതിരൊട്ടും വൃഷാവെവൻ
തിരകടലിൽനിന്നുദിച്ചുപൊങ്ങുമോ,
അരിന്ദമനാമത്തിരുവടിയെക്കൊ–
ണ്ടരമുറക്കാറാകു, ജനങ്ങളെ ഞങ്ങൾ! 7

കിടക്കുന്നു, മാതരെവരിറയത്തും
കിടപ്പായിലും സ്വവാഹനത്തിലും;
പടത്തുന്നു, പുണ്യസുഗന്ധമേവ;–രാ
മടവാരെയൊട്ടുക്കുറക്കാറാകു, ഞങ്ങൾ! 8

---

സൂക്തം 56.

വസിഷ്ഠൻ ഋഷി; ദ്വിപദാവിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത.

(കാകളി.)

ആരിവർ, നേതാക്കൾ, ഭാസ്സുറാ രുദ്രജ–
ന്മാരേ,കവാസർ, സദശ്വർ, നരഹിതർ! 1

---

5. മാതാവ്—നായയുടെ അമ്മ. വരൻ—ജാമാതാവ്.

6. ഇമ്മാളികപ്പുരപോലാകട്ടെ—ഇക്കാണുന്ന മാളികയും മറവുംപോലെ നിശ്ചലരായി, ഉറങ്ങട്ടെ.

7. വൃഷാവ്—വൃഷ്ടിദാതാവായ സൂര്യൻ. തിരുവടിയെക്കൊണ്ട്—അദ്ദേഹത്തെ ധ്യാനിച്ചു, മന്ത്രം ജപിച്ച്. അരം=ഏററവും.

8. മാതർ=സ്ത്രീകൾ.

സൂക്തം 56.

1. മരുത്തുക്കളെ കണ്ട് ഋഷി ആശ്ചര്യപ്പെടുന്നു: ഏകവാസർ=ഒരേപാർപ്പിടമുള്ളവർ; എല്ലാവരും ഒരു ഗൃഹത്തിൽ വസിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ആരുണ്ടറിഞ്ഞിട്ടി,വർതൻ സമുല്പത്തി?
തേറുന്നു, തങ്ങളിൽമാത്രം പിറപ്പിവർ! 2
ഏറ്റുമുട്ടു,മിണക്കത്താന്തു തമ്മിലാ-
ക്കാറ്റൊച്ചയോടേ പറക്കും പരുന്തുകൾ! 3
പൃശ്നി മഹതി വയററിൽ വഹിച്ചവ-
രി,ശ്ശുഭ്രരെന്നതറിയും, മനീഷികൾ! 4
ആർ മരുദ്ഭക്തന,വൻ ചിരാൽക്കീഴമ-
ത്താ,പ്താർത്ഥനായി നേടട്ടേ, സുവീരരെ! 5
വേണ്ടുമിടത്തെയ്ക്കു പായുവോർ, പണ്ടങ്ങൾ
പൂണ്ടുജ്ജ്വലിപ്പോർ, ബലോഗ്രരാ, ശ്രീയുതർ! 6
കത്തട്ടെ, നിങ്ങൾതൻ തേജസ്സു;-റയ്ക്കട്ടെ
ശക്തി; വളർന്നുവാഴട്ടേ, മരുദ്ഗണം! 7
രുഷ്ടം, ഭവന്മനം; ശോഭമാനം, ബലം;
ധൃഷ്ടസംഘാകമ്പനപ്പോക്കൃഷിസമം! 8
ഞങ്ങളിൽച്ചാട്ടായ്കിന,ശ്ശാശ്വതായുധ;-
മിങ്ങാപതിയ്ക്കൊല്ല, നിങ്ങൾതൻ ക്രൌര്യവും! 9

---

2. തങ്ങളിൽമാത്രം തേറുന്നു—തങ്ങൾ രുദ്ര-പൃശ്നിപുത്രന്മാരാണെന്ന്, അവർക്കന്യോന്യം അറിയാം; മററാർക്കും അറിഞ്ഞുകൂടാ.

3. ഇണക്കത്ത്—സൌന്ദര്യാദികൾകൊണ്ടുള്ള കിടമത്സരം. കാറ്റൊച്ച=കാററിൻേറതിന്നൊത്ത ഇരമ്പൽ. ആ പരുന്തുകൾ—അത്ര വേഗമുള്ള മരുത്തുക്കൾ.

4. ഇശ്ശുഭ്രർ=ശ്വേതവർണ്ണരായ മരുത്തുക്കൾ. മനീഷികൾ—ശാസ്ത്രജ്ഞർ.

5. കീഴമത്ത്—ശത്രുക്കളെ. ആപ്താർത്ഥൻ=ധനം കിട്ടിയവൻ. സുവീരർ=നല്ല പുത്രന്മാർ.

7. പ്രത്യക്ഷോക്തി: ഒടുവിലെ വാക്യം പരോക്ഷം.

8. രുഷ്ടം—ശത്രുക്കളിൽ ക്രുദ്ധം. ധൃഷ്ടസംഘാകമ്പനപ്പോക്ക്=ധീരമായ സംഘത്തിൻെറ (മരുദ്ഗണത്തിൻെറ) ആകമ്പനമായ, വൃക്ഷാദികളെ ഇളക്കുന്ന, ഗമനം. ഋഷിസമം—സ്തോതാക്കൾപോലെ ബഹുവിധശബ്ദങ്ങളെ പുറപ്പെടുവിക്കുന്നത്.

9. അശ്ശാശ്വതായുധം—നിങ്ങളുടെ ആ സനാതനായുധം, ഇടിവാൾ. ഇങ്ങ്—ഈ കർമ്മത്തിൽ.

Digitized By Kerala Sahitya Akademi

വെമ്പുന്നു തൽപരർ നിങ്ങൾ മരുത്തുക്ക-
ളിമ്പപ്പെടാൻ പ്രിയപ്പേരിൽ വിളിപ്പൂ, ഞാൻ! 10
നല്ലായുധങ്ങളും നല്ലോപ്പുമൊത്തെഴു-
ന്നാളൂ;-മുടൽമോടി കൂട്ടും, സ്വയമവർ! 11
ശുദ്ധം ഹവിസ്സു, വിശുദ്ധരാം നിങ്ങൾക്ക-
ശുദ്ധയജ്ഞം വിശുദ്ധക്കയയ്ക്കുന്നു ഞാൻ:
സത്യേന സത്യം ഗമിപ്പോർ, ജലാർദ്രർ, ഭാ-
സ്സൊത്തോർ, സുജാതർ, മരുത്തുക്കൾ പാവനർ! 12
സാംഗദം, നിങ്ങൾതൻ തോൾ മരുത്തുക്കളേ;
തൂങ്ങുന്നു, മാറിൽത്തിളങ്ങുന്നു മാലകൾ;
മാരിയോടൊത്ത വിദ്യുത്തുകൾപോലൊളി
ചേരുവോർ, നിങ്ങൾ ശസ്ത്രത്താൽജ്ജലപ്രദർ! 13
വാനിൽപ്പരക്കുന്നു, നിങ്ങൾതൻ വാരൊളി;
വാഴ്ത്തിയ്ക്കുവിൻ, യജനീയർ നിങ്ങൾ ജലം!
ഹേ മരുത്തുക്കളേ, ഗൃഹ്യം ഗൃഹസ്ഥിത-
ക്കേകേണ്ടുമിയ്യായിരംപങ്കെടുക്കുവിൻ! 14
കേൾപ്പതുണ്ടല്ലോ, മരുത്തുക്കളേ, നിങ്ങൾ
കോപ്പുററ ധീമാൻെറയിസ്സാഹുതിസ്തവം;

---

10. പ്രിയപ്പേരിൽ—പ്രിയമായ പേർ ചൊല്ലി.

11. നല്ലോപ്പ്=നല്ല ആഭരണം.

12. വിശുദ്ധക്ക്—ശോഭമാനരായ നിങ്ങൾക്ക് സത്യേന സത്യം ഗമിപ്പോർ—സത്യംകൊണ്ടു സത്യത്തിലെയ്ക്കു ഗമിയ്ക്കുന്നവർ, സ്വധാ സത്യപരർ.

13. സാംഗദം=അംഗദത്തോടു, തോൾവളയോടുകൂടിയത് മാലകൾ—ഹാരങ്ങൾ. ശസ്ത്രത്താൽ ജലപ്രദർ—ആയുധംകൊണ്ടു മേഘത്തെ പിളൎന്നു ജലം തരുന്നവർ, വൃഷ്ടികൎത്താക്കൾ.

14. ഗൃഹ്യം=ഗൃഹസംബന്ധി. ഗൃഹസ്ഥിതക്ക്=ഗൃഹമേധികളായ നിങ്ങൾക്ക് ഇയ്യായിരംപങ്ക്—ഗൃഹത്തിലെ ഒരു വസ്തു നിങ്ങൾക്കു നിവേദിയ്ക്കപ്പെട്ടാൽ, അത് ഒരായിരമായിത്തീരുമെന്നു സാരം.

15. കോപ്പുററ—ഹവിസ്സാകുന്ന വിഭവത്തോടുകൂടിയ. ധീമാൻെറ—എൻെറ. സാഹുതിസ്തവം=ആഹുതിസഹിതമായ സ്തോത്രം. തെറെറന്ന്—വേഗം.



Digitized By Kerala Sahitya Akademi

തെററന്നു നല്കുവിൻ, നല്ല വീരരെയും,
മററാരാലും വൈരാലുടയ്ക്കാത്ത വിത്തവും! 15

അശ്വങ്ങൾപോലേ സുയാനർ, മരുത്തുക്ക-
ളുത്സവം കാണും മനുഷ്യർപോലുജ്ജ്വലർ,
ഉന്നതാഗാരക്കിടാങ്ങൾപോലുൽപ്രഭർ,
കന്നുകൾപോലേ കളിപ്പോർ, ജലപ്രദർ! 16

സുന്ദരക്ഷ്മാനഭഃപൂരകരാം നിങ്ങൾ
തന്നൊങ്ങളെസ്സുഖിപ്പിപ്പിൻ, മരുത്തുകൾ:
നീക്കുവിൻ, നിങ്ങൾതൻ ഗോനരഘ്നായുധം;
സൌഖ്യങ്ങളെങ്ങൾക്കണെപ്പിൻ, വസുക്കളേ! 17

ഹോതാവിരുന്നു വിളിക്കുന്നു നിങ്ങളെ,
സ്ഫീതമാം ദാനം പുകഴ്ത്തി വൃഷാക്കളേ;
നിർമ്മായനായ് മരുത്തുക്കളേ, വാഴ്ത്തുന്നു,
കർമ്മിയെക്കാപ്പോൻ സ്തവങ്ങളാൽ നിങ്ങളെ. 18

ഇമ്പമേകുന്നു, കർമ്മിയ്ക്കി മരുത്തുക്കൾ;
കമ്പിട്ടവിയ്ക്കുന്നു, കെല്പരെക്കൊല്പിനാൽ;

---

വീരർ—പുത്രന്മാർ. മററാരാലും വൈരാലുടയ്ക്കാത്ത—ഒരു വൈരിയ്ക്കും നശിപ്പിയ്ക്കാവതല്ലാത്ത.

16. സുയാനർ=ശോഭനഗമനന്മാർ. ഉത്സവം—ഉത്സവം കാണാൻ, നല്ല മോടിയിലാണല്ലോ, ആളുകൾ ചെല്ലുക. ഉന്നതാഗാരക്കിടാങ്ങൾ=ഉയൎന്ന തറവാട്ടിലെ കുട്ടികൾ. കന്നുകൾ=പൈക്കുട്ടികൾ.

17. സുന്ദരക്ഷ്മാനഭഃപൂരകർ—അഴകൊത്ത ഊഴിവാനങ്ങളെ സ്വമഹിമാവുകൊണ്ടു നിറയ്ക്കുന്നവർ. തന്ന്—ധനം. മരുത്തുകൾ—മരുത്തുക്കളായ നിങ്ങൾ; ഹേ മരുത്തുക്കൾ എന്നു സംബുദ്ധിയുമാക്കാം. ഗോനരഘ്നായുധം—മേഘസ്ഥജലങ്ങളെയും (ഗോശബ്ദത്തിന്ന്, ഇവിടെ ജലമെന്നാണൎത്ഥം.) ശത്രുനരരെയും ഹനിയ്ക്കുന്ന നിങ്ങളുടെ ആയുധം. നീക്കുവിൻ—ഞങ്ങളിൽ പതിപ്പിയ്ക്കരുത്. വസുക്കൾ=വാസയിതാക്കൾ.

18. സ്ഫീതം=പ്രവൃദ്ധം. ദാനം—നിങ്ങളുടെ ദാനം. കർമ്മിയെക്കാപ്പോൻ—നിങ്ങളെ വിളിയ്ക്കുന്നതുകൊണ്ടു യഷ്ടാവിന്റെ രക്ഷകനായിത്തീൎന്ന ഹോതാവ്.

Digitized By Kerala Sahitya Akademi

വിദ്രോഹിയിൽനിന്നു കാക്കുന്നു വാഴ്ത്തിയെ;
മെത്തുമൊരീറയുൾക്കൊൾവൂ, പിശുക്കനിൽ! 19

ശ്രീമാനെയും നിസ്വനേയുമിളക്കുവോ–
രീ, മരുത്തുക്കളെ,മർത്ത്യരാലീപ്സിതർ;
പോക്കുകിരുട്ടു; വൃഷാക്കൾ നിങ്ങളുള–
വാക്കുകെ,ങ്ങൾക്കു പുരുപുത്രപൌത്രരെ! 20

പോകൊലാ, പിന്നിൽപ്പെട്ടൊല്ലാ, ഭവദ്ദാന–
ഭാഗത്തിൽനിന്നെങ്ങൾ വർഷിരഥികരേ:
പങ്കുകൊള്ളിപ്പിൻ, മരുത്തുക്കളേ, നിങ്ങൾ,
തൻകാമ്യശോഭനസമ്പത്തിലെങ്ങളെ! 21

നാട്ടുകാക്കോ, പെരുംസസ്യത്തിനോ ശൂര–
ത്ത്വാറ്റമോടേറ്റുമുട്ടുമ്പൊളപ്പോർകളിൽ,
മാറ്റാങ്കൽനിന്നു ഭദ്രാത്മജന്മാർ നിങ്ങൾ
കാത്തരുൾവിൻ, മരുത്തുക്കളേ, ഞങ്ങളെ! 22

നിങ്ങൾ പണ്ടും പിതാക്കൾക്കു ചെയ്ത ബഹു–
മംഗളം ചെയ്യിൻ, മരുത്തുക്കളേ, സ്വയം:
പ്രൌഢനായ്പ്പോരിലമർത്തും, മരുൽപ്രിയൻ;
നേട്ടു,മന്നാം സമീപിച്ച മരുൽപ്രിയൻ! 23

---

19. വാഴ്ത്തി=സ്തോതാവ്   പിശുക്കൻ—ധനമുണ്ടെങ്കിലും യജിയ്ക്കാത്തവൻ.

20. ഇളക്കുവോർ—കർമ്മങ്ങൾക്കു പ്രേരിപ്പിയ്ക്കുന്നവർ. ഈപ്സിതർ=ഇച്ഛിയ്ക്കപ്പെട്ടവർ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി:

21. പോകൊലാ—ഭവദ്ദാനഭാഗത്തിൽനിന്നു, നിങ്ങളുടെ ദാനത്തിന്റെ പങ്കിൽനിന്നു, പുറത്താകരുത്; പിന്നിൽപ്പെട്ടൊല്ലാ—ഞങ്ങൾക്കു മുമ്പേ തരണമെന്നർത്ഥം. വർഷിരഥികരേ—വർഷിയ്ക്കുന്നവരും, തേരോട്ടക്കൂടിയവരുമായിട്ടുള്ളവരേ.

22. നാട്ടുകാക്കോ, പെരുംസസ്യത്തിനോ—നാട്ടുകാരെയോ വലിയ കൃഷിനിലത്തെയോ കീഴടക്കാൻവേണ്ടി. ഊറ്റം=അഭിമാനം.

23. ഞങ്ങളുടെ പിതാക്കന്മാർക്കു നിങ്ങൾ ബഹുമംഗളം (വളരെ നന്മ) ചെയ്തിട്ടുണ്ടല്ലോ; അതുപോലെ ഞങ്ങൾക്കും ചെയ്യുവിൻ. മരുൽപ്രിയൻ—മരുത്തുക്കളായ നിങ്ങളുടെ പ്രസാദത്തിന്നു പാത്രീഭവിച്ചവൻ. പ്രൌഢനായ്, ഓജസ്വിയായി. പോരിൽ അമർത്തും—ശത്രുക്കളെ. സമീപിച്ചു—സ്തുതികൾകൊണ്ടടുത്ത.

Digitized By Kerala Sahitya Akademi

ഹേ മരുത്തുക്കളേ, ജാതനാകെ,ങ്ങൾക്ക
ധീമാനരിന്ദമനോജസ്വി നന്ദനൻ:
സുസ്ഥിതിയ്യെ,ന്നാൽക്കടക്കാം, രിപുക്കളെ;
വത്തിയ്ക്ക, നിങ്ങൾതൻ ഞങ്ങൾ നിജാസ്പദേ! 24
ഇസ്തവം കേൾക്കട്ടെ,യിന്ദ്രൻ വരുണനും,
മിത്ര,നഗ്നി, ജലം, സസ്യവും, വൃക്ഷവും:
വത്തിയ്ക്കകെ,ങ്ങൾ സുഖേന മരുൽപദേ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 25

---

സൂക്തം 57.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മരുത്തുക്കൾ ദേവത.
(കാകളി)

വാത്രുഴിവാനും കലുക്കനു, ചുററുന്നു,
ഘോരരാമേവർ വളത്തുന്നു, കാറിനെ;
അബ്ഭുവാന്മാരുടെ മാരുതപ്പേർ മഖേ
കെല്പിൽപ്പുകഴ്ത്തുന്നു, ഹഷകർ യാജ്യരേ! 1
ആരായുമല്ലോ, മരുത്തുക്കൾ വാഴ്ത്തിയെ;-
പ്പൂരിതമാക്കും, മഖവാന്നഭീഷ്ടവും;
ഇന്നൻപൊടേ നിങ്ങളെങ്ങൾതൻ യാഗത്തിൽ
വന്നമരേത്തിന്നിരിയ്ക്കുവിൻ, ദർഭയിൽ! 2

---

24. ജാതനാക=ജനിയ്ക്കട്ടെ. സുസ്ഥിതി=സ്വാസ്ഥ്യം. എന്നാൽ—നന്ദനൻ ജനിച്ചാൽ. നിങ്ങൾതൻ=ഭവദീയരായ. നിജാസ്പദേ വത്തിയ്ക്ക—സ്വസ്ഥാനത്തു വസിയ്ക്കുമാറാകട്ടെ.

25. ഇസ്തവം—ഞങ്ങളുടെ സ്തുതി. മരുൽപദേ=മരുത്തുക്കളുടെ ഇരിപ്പിടത്തിൽ.

സൂക്തം 57.

1. വാത്രുഴിവാനും—വിശാലങ്ങളായ ഊഴിവാനങ്ങൾപോലും. ചുററുന്നു—എങ്ങും സഞ്ചരിയ്ക്കുന്നു. മാരുതപ്പേർ—മരുത്തുക്കളെന്ന നാമം. മഖേ=യജ്ഞത്തിൽ. ഹഷകർ=ഹഷിപ്പിയ്ക്കുന്നവർ, സ്തോതാക്കൾ. കെല്പിൽ—പ്രകഷേണ.

2. മഖവാൻ=യജമാനൻ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി:

Digitized By Kerala Sahitya Akademi

ഇത്ര വരില്ലാ, മരുത്തുക്കറ്റംപോലന്യർ:
ശസ്ത്രം വിളങ്ങുന്നു; ഭാസുരം, ഗാത്രവും;
അപ്പുരുശോഭർ വാനൂഴി മിന്നിച്ചുകൊ-
ണ്ടൊപ്പമണിയുന്നു, മോടിയ്ക്കണികളെ! 3

നിങ്ങൾതന്നായുധം നീങ്ങട്ടെ, യാജ്യരേ,
ഞങ്ങൾ, മനുഷ്യർ പിഴ ചെയ്തുപോകിലും:
ഏല്ക്കൊല്ലതേ,തും മരുത്തുക്കളേ, ഞങ്ങൾ;
വാഴ്കട്ടെ, നിങ്ങൾക്കു നന്മനസ്സങ്ങളിൽ! 4

ഇക്രതുവിങ്കലേ മോദിച്ചരുളട്ടെ,
ശുക്ലരദോഷർ പുനാനർ മരുത്തുകൾ:
ഞങ്ങളെപ്പാലിപ്പിന,ൻപിനാൽ യാജ്യരേ;
ഞങ്ങളെച്ചേർത്തു തന്നു പോററിവളത്തുവിൻ! 5

ഹവ്യങ്ങളാസ്വദിയ്ക്കട്ടേ, നതരായ
സർവാംബുയുക്തർ നേതാക്കൾ മരുത്തുകൾ:
ഞങ്ങൾതൻ മക്കൾക്കു കിട്ടിയ്ക്കുവിൻ, ജലം;
മംഗളവിത്തം ഹവിഷ്പ്രദനേകുവിൻ! 6

നമ്മെ സ്വയമെവർ നാറായ്പ്പെരുപ്പിയ്ക്കു,-
മമ്മരുത്തുക്കളെല്ലാരും സരക്ഷരായ്
എത്തട്ടെ, യജ്ഞത്തിൽ വാഴ്ത്തിയ വിജ്ഞരിൽ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

3. പരോക്ഷോക്തി: ഇത്ര വരില്ലാ—ധനം തരികയും മററം ചെയ്യില്ല. ശസ്ത്രം—മരുത്തുക്കളുടെ ആയുധങ്ങൾ. ഒപ്പം—എല്ലാവരും ഒന്നുപോലെ.

4. പ്രത്യക്ഷോക്തി: നീങ്ങട്ടെ—ഞങ്ങളിലേല്ക്കാതിരിയ്ക്കട്ടെ. മനുഷ്യർ—മനുഷ്യൎക്കു പ്രമാദം സുലഭമാണല്ലോ. അത്—ആയുധം.

5. ഇക്രതുവിങ്കലേ—നമ്മുടെ യാഗത്തിൽത്തന്നെ. ശുക്ലർ—ഉജ്ജ്വലർ. പുനാനർ=ശുദ്ധിപ്പെടുത്തുന്നവർ. ഉത്തരാൎദ്ധം പ്രത്യക്ഷോക്തി:

6. പൂൎവാൎദ്ധം പരോക്ഷോക്തി: സർവാംബുയുക്തർ=എല്ലാജ്ജലങ്ങളോടും കൂടിയവർ. മംഗളവിത്തം=ശോഭനമായ ധനം. ഹവിഷ്പ്രദൻ—യജമാനൻ.

7. സരക്ഷരായ്—രക്ഷകളോടുകൂടി. വിജ്ഞരിൽ—സ്തോതാക്കളുടെ അടുക്കൽ. നാലാംപാദം പ്രത്യക്ഷോക്തി:

Digitized By Kerala Sahitya Akademi

## സൂക്തം 58.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി.)

വിണ്ണിനെക്കാളും വളൎന്തായ്സ്സന്തതം
തണ്ണീർ പൊഴിയ്ക്കും ഗണത്തെപ്പുകഴ്ത്തുവിൻ:
ദ്യാവോൎവ്വികളെച്ചതയ്ക്കും, പെരുമയാൽ;
ദ്യോവിലെത്തും, നഭോഭൂക്കളിൽനിന്നിവർ! 1

ഉഗ്രരേ, പ്രാജ്ഞരേ, ഗന്താക്കളേ, മരു-
ത്തുക്കളേ, രുദ്രങ്കൽനിന്നാം, ഭവജ്ജനി:
പ്രൌഢതേജോബലർ നിങ്ങൾ നടക്കവേ
പേടിയ്ക്കു,മക്ഷ്ണെക്കാണുവോരൊക്കെയും! 2

ഹവ്യപ്രദൎക്കു പെരുതന്നമേകുവിൻ;
ഭവ്യമാമെങ്ങൾതൻ സ്തോത്രം ശ്രവിയ്ക്കുവിൻ!
വാട്ടാ, മരുത്തുക്കൾ പോം വഴി ജീവരെ:
വാഴ്പ്പിയ്ക്കു,മാശാസ്യരക്ഷയാൽ നമ്മെയും. 3

നിങ്ങൾ കാത്ത കവി നൂറു നേടും ധനം;
നിങ്ങൾ കാത്തോൻ ചെന്നമൎത്തു സഹസ്രിയാം;
നിങ്ങൾ കാത്തോൻ പെരുമാളാം, രിപുഘ്നനാം;
നിങ്ങൾതൻ സ്വത്തു വായ്ക്കട്ടെ, ധൂനാനരേ! 4

---

സൂക്തം 58.

1 ഗണം—മരുത്സംഘം. ദ്യാവോൎവ്വികൾ=ദ്യാവാപൃഥിവികൾ. പെരുമ=മഹത്ത്വം. ദ്യോവ്=സ്വൎഗ്ഗം. നഭോഭൂക്കൾ=അന്തരിക്ഷവും ഭൂമിയും.

2. ഉഗ്രർ=ഘോരർ. ഗന്താക്കൾ=ഗമനശീലർ. ഭവജ്ജനി=നിങ്ങളുടെ ജനനം. അക്ഷ്ണെക്കാണുവോർ—ജീവികൾ.

3. ഭവ്യം=ശോഭനം. മരുത്തുക്കൾ പോം (സഞ്ചരിയ്ക്കുന്ന) വഴി ജീവിയെ (പ്രാണിവൎഗ്ഗത്തെ) വാട്ടാ; നേരേമറിച്ചു, വൃഷ്ടിജലംകൊണ്ടു തഴപ്പിയ്ക്കും.

4. നിങ്ങൾ കാത്ത=ഭവദ്രക്ഷിതനായ. കവി—സ്തോതാവ്. അമൎത്തു—ശത്രുക്കളെ കീഴമൎത്ത്. സഹസ്രിയാം—സഹസ്രധനവാനായിത്തീരും. ധൂനാനർ—വൃക്ഷാദികളെ കുലുക്കുന്നവർ.

ആസ്ഥ വെപ്പൻ, വൃഷരുദ്രാത്മജരിൽ ഞാൻ:
പേർത്തുപേർത്തീക്ഷിയ്ക്ക, നമ്മെ മരുത്തുകൾ;
ക്ഷിപ്രക്ക രോഷം വരുമാറനുഷ്ഠിച്ച
വിസ്പഷ്ടഗൂഢപ്പിഴകൾ കെടുക്ക, നാം! 5
കീർത്തിച്ചുവല്ലോ, വിശിഷ്ടമാം സ്തോത്ര:-മി-
സ്സൂക്തി കേൾക്കട്ടേ, ധനാഢ്യർ മരുത്തുകൾ;
ശത്രുവെപ്പോക്കുവിൻ, നിങ്ങൾ വൃഷാക്കളേ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ.' 6

---

സൂക്തം 59.

വസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതിയും ത്രിഷ്ടുപ്പും ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; മരുത്തുക്കളും രുദ്രനും ദേവത.

ദേവന്മാരേ, നിങ്ങൾ ആരെ ഇതിൽനിന്നിതിൽനിന്നു രക്ഷി
യ്ക്കുമോ, ആരെ കൊണ്ടുനടക്കുകയും ചെയ്യുമോ; അവന്ന്, അഗ്നേ, വ
രുണ, മിത്ര, അര്യ്യമാവേ, മരുത്തുക്കളേ, നിങ്ങൾ സുഖം നല്കുവിൻ! 1
ദേവന്മാരേ, നിങ്ങളുടെ രക്ഷയാൽ, പ്രിയദിനത്തിൽ യജിയ്ക്കു
ന്നവൻ ശത്രുക്കളെ കടക്കും; യാവനൊരുത്തൻ നിങ്ങളെ നിർത്താൻ മിക
ച്ച ഹവിസ്സു തരുമോ, അവൻ ഗൃഹത്തെ അഭിവൃദ്ധിപ്പെടുത്തും! 2

---

5. വൃഷരുദ്രാത്മജരിൽ, വൃഷാക്കളായ (അഭീഷ്ടവർഷികളായ) രുദ്രപുത്രരിൽ (മരുത്തുക്കളിൽ) ഞാൻ ആസ്ഥ (ആദരം, ഭക്തി) വെപ്പൻ; പരിചരിയ്ക്കാമെന്നർത്ഥം. നമ്മെ ഈക്ഷിയ്ക്ക—നമ്മളിൽ അഭിമുഖരായിത്തീരട്ടെ. ക്ഷിപ്രർ—വേഗവാന്മാർ, മരുത്തുക്കൾ. അനുഷ്ഠിച്ച=ചെയ്തുപോയ. വിസ്പഷ്ടഗൂഢപ്പിഴകൾ=വെളിവിലും ഒളിവിലുമുള്ള അപരാധം. കെടുക്ക—മരുൽസ്തുതിയാൽ പരിഹരിയ്ക്കുക.

6. കീർത്തിച്ചു—ഞങ്ങൾ ചൊല്ലി. സൂക്തി—സ്തുതി. ഉത്തരാർദ്ധം പ്രത്യക്ഷകഥനം: ശത്രുവെ—ഞങ്ങളുടെ വൈരികളെ.

സൂക്തം 59.

1. ഇതിൽനിന്നിതിൽനിന്ന്—ഓരോ ഭയത്തിൽനിന്നും. കൊണ്ടുനടക്കുക—സന്മാർഗ്ഗത്തിലെയ്ക്ക്.

2. പ്രിയദിനം—നിങ്ങൾക്കു പ്രിയമായ ദിവസം. നിങ്ങളെ നിർത്താൻ—നിങ്ങൾ മറ്റൊരേടത്തെയ്ക്കു പോയ്ക്കളയാതിരിപ്പാൻ.

Digitized By Kerala Sahitya Akademi

നിങ്ങളിൽ താഴയുള്ളവനെപ്പോലും വിട്ടിട്ടില്ല, വസിഷ്ഠൻ സ്തു
തിയ്ക്കുന്നത്: മരുത്തുക്കളേ, ഇന്നു ഞങ്ങൾ പിഴിഞ്ഞതു തൽപരരായ
നിങ്ങളെല്ലാവരും ഒന്നിച്ചു പാനംചെയ്താലും! 3

നേതാക്കളേ, നിങ്ങൾ ആൎക്കു നല്കിയോ, അവന്നു നിങ്ങളുടെ
രക്ഷമൂലം പടയിൽ ഇടിവു വരില്ല. നിങ്ങളുടെ പുതിയ സന്മനസ്സു വ
ന്നെത്തട്ടേ; പിപാസുക്കളായ നിങ്ങളും വെക്കം വരുവിൻ! 4

തമ്മിലുരുമ്മുന്ന ധനമുള്ള നിങ്ങൾ ഹവിസ്സുണ്ണാൻ വരുവിൻ:
മരുത്തുക്കളേ, ഇതാ, നിങ്ങൾക്കു ഞാൻ തരുന്നുണ്ടല്ലോ, ഹവ്യങ്ങൾ;
നിങ്ങൾ മററങ്ങാനും പോയ്ക്കളയരുത്! 5

മരുത്തുക്കളേ, നിങ്ങൾ ഞങ്ങളുടെ ദൎഭയിലിരിയ്ക്കുവിൻ: ഞ
ങ്ങൾക്കു സ്പൃഹണീയങ്ങളായ ധനങ്ങൾ തരുവാൻ വരികയുംചെയ്യിൻ;
കനിവുററ നിങ്ങൾ ഇവിടെ സോമമധുവിനാൽ മത്തുകൊണ്ടാലും,
സ്വാഹാ! 6

മറവിലിരിയ്ക്കുന്ന അവർ തിരുമെയ്യിന്നു മോടി കൂട്ടി, നീലഹം
സങ്ങൾപോലെ പറന്നെത്തട്ടെ: ആ വിശാലമായ ഗണം എന്റെ
ചുററും, യജ്ഞത്തിൽ ഇമ്പംകൊള്ളുന്ന സുന്ദരമനുഷ്യർപോലെ ഉപ
വേശിയ്ക്കട്ടെ! 7

വസുക്കളായ മരുത്തുക്കളേ, തിരസ്കൃതനായ യാതൊരുവൻ കെ
ട്ടകോപം പൂണ്ടു ഞങ്ങളുടെ ഹൃദയങ്ങളെ മുറിപ്പെടുത്തുകയും വരുണപാ
ശങ്ങളിൽ കുടുക്കുകയും ചെയ്യുമോ; അവനെ നിങ്ങൾ പൊള്ളിയ്ക്കുന്ന
ആയുധംകൊണ്ടു കൊല്ലണം! 8

പൊള്ളിയ്ക്കുന്ന, ദ്രോഹികളെ പോക്കുന്ന മരുത്തുക്കളേ, ഇതാ,
ഹവിസ്സ്: സ്വന്തം രക്ഷയോടേ ഇതു നിങ്ങൾ സ്വീകരിച്ചാലും! 9

---

3. വസിഷ്ഠൻ നിങ്ങളെല്ലാവരെയും നിൎവിശേഷം സ്തുതിയ്ക്കുന്നു. തൽപ
രർ—സോമകാമർ.

4. നല്കിയോ—അഭീഷ്ടങ്ങൾ കൊടുത്തുവോ. വന്നെത്തട്ടെ—ഞങ്ങളിൽ.
പിപാസുക്കൾ—സോമപാനേച്ഛുക്കൾ.

5. തമ്മിലുരുമ്മുന്ന—ഇടതിങ്ങിയ.

7. പരോക്ഷകഥനം: ഗണം—മരുത്സംഘം. സുന്ദരമനുഷ്യർ—വസ്ത്രാഭ
രണഭൂഷിതരായിട്ടാണ്, ആളുകൾ യാഗത്തിന്നു വരിക. ഉപവേശിയ്ക്കുക=ഇരി
യ്ക്കുക.

Digitized By Kerala Sahitya Akademi

ഗൃഹമേധികളും ശോഭനദാനരുമായ മരുത്തുക്കളേ, നിങ്ങൾ
സ്വാന്തം രക്ഷയോടേ വന്നാലും; പോയ്ക്കളയരുത്! 10

സ്വാധീനബലരായി കവികളായി സൂൎയ്യവൎണ്ണരായിരിയ്ക്കുന്ന മ
രുത്തുക്കളേ, നിങ്ങൾക്കു ഞാൻ ഇവിടെത്തന്നേ യജ്ഞമനുഷ്ഠിയ്ക്കുന്നു. 11

സുമണം വീശുന്ന പുഷ്ടിവൎദ്ധനനായ ത്ര്യംബകനെ നാം യജി
യ്ക്കുക: ഞെട്ടിൽനിന്നു വെള്ളരിയ്ക്കയെയെന്നപോലെ, എന്നെ മുക്തിപ
ൎയ്യന്തം നിന്തിരുവടി മരണത്തിൽനിന്നു മോചിപ്പിച്ചാലും! 12

നാലാമദ്ധ്യായം സമാപ്തം.

## അഞ്ചാമദ്ധ്യായം.

സൂക്തം 60.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സൂൎയ്യനും മിത്രാവരുണന്മാരും ദേവതകൾ.

സൂൎയ്യ, ഉദിച്ചുയരുന്ന ഭവാൻ ഇപ്പോൾ ദേവന്മാരുടെ ഇടയിൽ
അരുളിച്ചെയ്യുമെങ്കിൽ, ഞങ്ങൾ സത്യമായും മിത്രവരുണൎക്ക് അനപ
രാധികളായിത്തീരും; അദിതേ, അൎയ്യമാവേ, സ്തുതിച്ചു ഭവാനു പ്രിയരു
മാകും! 1

മിത്രാവരുണന്മാരേ, ഇതാ, മനുഷ്യരെ നോക്കുന്നവനും—മ
ൎത്ത്യരുടെ നന്മതിന്മകൾ വീക്ഷിയ്ക്കുന്നവനും—ചരാചരങ്ങളുടെയെല്ലാം
കാവല്ക്കാരനുമായ ആ സൂൎയ്യൻ ദ്യാവാപൃഥിവികളുടെ നേരേ ഉദിച്ചു,
നടകൊള്ളുന്നു. 2

---

10. ഗൃഹമേധികൾ—മനുഷ്യഗൃഹങ്ങളിൽ ചെയ്യപ്പെടുന്ന മേധ(യാഗ)ത്തോടുകൂടിയവർ.

11. കവികൾ=ക്രാന്തദൎശികൾ.

12. സുമണം—പുണ്യയശസ്സ്. ത്ര്യംബകൻ=രുദ്രൻ. രണ്ടാംപാദം പ്രത്യക്ഷോക്തി: ദീൎഘായുഷ്കരമത്രേ, ഈ മന്ത്രം.

സൂക്തം 60.

1. അരുളിച്ചെയ്യുമെങ്കിൽ—'ഇവർ അപരാധികളല്ല' എന്ന്. അൎയ്യമാവ്=ദാതാവ്.

2. നടകൊള്ളുന്നു—അന്തരിക്ഷത്തിൽ ചരിയ്ക്കുന്നു.



Digitized By Kerala Sahitya Akademi

മിത്രാവരുണന്മാരേ, അന്തരിക്ഷത്തിൽ, സൂൎയ്യനെ വഹിയ്ക്കുന്ന ജലപ്രദങ്ങളായ ഏഴു പച്ചക്കുതിരകൾ പൂട്ടപ്പെട്ടിരിയ്ക്കുന്നു: ജഗത്തുകളെയും ജീവികളെയും, ഗോഗണങ്ങളെ എന്നപോലെ നോക്കുന്നവനാണല്ലോ, ആ ഭവൽക്കാമൻ! 3

നിങ്ങളിരുവൎക്കും മധുരാന്നങ്ങൾ തയ്യാറായി; മിത്രനും അൎയ്യമാവും വരുണനുമാകുന്ന അദിതിപുത്രന്മാർ തുല്യപ്രീതിയോടേ ആക്കു വഴിവെട്ടുന്നുവോ, ആ സൂൎയ്യൻ തെളിഞ്ഞ അന്തരിക്ഷത്തിൽ കേറുകയും ചെയ്യു. 4

ഈ മിത്രനും അൎയ്യമാവും വരുണനും പാരിച്ച പാപം നശിപ്പിയ്ക്കുന്നവരാണല്ലോ; ഈ അപീഡിതരും സുഖപ്രദരുമായ അദിതിപുത്രന്മാർ യജ്ഞസദനത്തിൽ വൎദ്ധിയ്ക്കും! 5

ഈ ദുൎദ്ധൎഷരായ മിത്രാൎയ്യമവരുണന്മാർ അജ്ഞനെപ്പോലും കുശലനാക്കും; വിജ്ഞനായ കൎമ്മിയെ പ്രാപിച്ചു, ദുഷ്കൃതം നീക്കി, നല്ല വഴിയിലൂടേ കൊണ്ടുപോകയും ചെയ്യും! 6

ഇവർ എന്നെന്നും ദ്യോവിന്റെയും ഭൂവിന്റെയും അജ്ഞാനം അറിഞ്ഞു, നേരേ നടത്തുന്നു; കുണ്ടുള്ളേടത്തും പുഴയുടെ ആഴം കുറയ്ക്കുന്നു. അവർ നമ്മുടെ ഈ കൎമ്മത്തെ മറുകരയിലണയ്ക്കട്ടെ! 7

അദിതിയും മിത്രനും വരുണനും രക്ഷയുള്ള യാതൊരു നല്ല ഗൃഹം ശോഭനദാനന്നു നല്കുമോ; വെമ്പൽക്കൊള്ളുന്നവരേ, അതിങ്കൽ പുത്രപൌത്രരെ പുലൎത്തുന്ന നമ്മൾ ദേവകളെ കോപിപ്പിയ്ക്കുന്നതൊന്നും ചെയ്തുപോകരുത്! 8

ആർ യാഗസാധനത്തെ സ്തുതികളോടു ചേൎക്കുന്നില്ലയോ, അവൻ വരുണനാൽ ഉപദ്രവിയ്ക്കപ്പെട്ടു ചില യാതനകൾ (അനുഭവിയ്ക്കും).

---

3. ഗോഗണങ്ങളെ എന്നപോലെ—ഒരിടയൻ മാടുകളെ നോക്കുന്നതുപോലെ. ഭവൽകാമൻ—ഭവാന്മാരിൽ താൽപൎയ്യമുള്ളവൻ.

4. മിത്രനും എന്നതുമുതൽ പരോക്ഷകഥനം:

5. വൎദ്ധിയ്ക്കും—സ്തുതികൊണ്ടും ഹവിസ്സുകൊണ്ടും.

6. കുശലൻ—കൎമ്മനിപുണൻ.

8. സ്വന്തം ആളുകളോട്: ശോഭനദാനന്ന്—ശോഭനദാനനായ എനിയ്ക്ക്. വെമ്പൽക്കൊള്ളുന്നവരേ—അങ്ങോട്ടു പോകാൻ വെമ്പുന്ന ആളുകളേ.

Digitized By Kerala Sahitya Akademi

അൎയ്യമാവു വിദ്വേഷികളെ അകററട്ടെ. വൃഷാക്കളേ, നിങ്ങളിരുവരും ശോഭനദാനന്നു മഹത്തായ ലോകം നല്കുവിൻ! 9

ഒളിഞ്ഞും തെളിഞ്ഞുമിരിയ്ക്കും, ഇവരുടെ ചേഷ്ടകൾ: ഇവർ നിഗ്ഗൂഢമായ ബലംകൊണ്ടു കീഴമൎത്തും. വൃഷാക്കളേ, (വിരോധികൾ) നിങ്ങളെപ്പേടിച്ചു വിറയ്ക്കുന്നു. നിങ്ങൾ കരുത്തിൻെറ കനത്താൽ ഞങ്ങളിൽക്കനിഞ്ഞാലും! 10

യാവനൊരുത്തൻ അന്നവും മികച്ച ധനവും ലഭിപ്പാൻ സ്തുതികൎമ്മത്തിൽ നന്നായി മനസ്സുവെയ്ക്കുമോ, ആ സ്തോതാവിൻെറ സ്തവത്തെ മംഗലവാക്കൾ മാനിയ്ക്കും; വലിയ ഗൃഹത്തിന്നു നല്ല നിലവും കല്പിച്ചുകൊടുക്കും! 11

മിത്രാവരുണദേവന്മാരേ, ഇതാ, നിങ്ങൾ യജ്ഞത്തിൽ പുരസ്കരിയ്ക്കപ്പെട്ടു: ആപത്തെല്ലാം തട്ടിനീക്കി ഞങ്ങളെ മറുകരയിലെത്തിയ്ക്കുവിൻ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 12

---

സൂക്തം 61.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണർ ദേവത.

മിത്രാവരുണദേവന്മാരേ, നിങ്ങളുടെ അഴകൊത്ത തേജസ്സിനെ പരത്തിക്കൊണ്ടാണ്, സൂൎയ്യൻ ഉദിയ്ക്കുന്നത്: ഉലകെല്ലാം തൃക്കൺപാൎക്കുന്ന തന്തിരുവടി മനുഷ്യരുടെ കൎമ്മം മനസ്സിലാക്കും! 1

മിത്രാവരുണന്മാരേ, സുകൎമ്മാക്കളേ, നിങ്ങൾ ആരുടെ സ്തോത്രങ്ങൾ രക്ഷിയ്ക്കുന്നുവോ, ആരുടെ കൎമ്മം ആണ്ടുകളായി നിറവേററി

---

9. കൎമ്മങ്ങളിൽ ദേവന്മാരെ സ്തുതിയ്ക്കാഞ്ഞാൽ വരുണൻ കോപിയ്ക്കും. വിദ്വേഷികളെ—നമ്മെ ഉപദ്രവിയ്ക്കുന്ന രാക്ഷസാദികളെ. ശോഭനദാനന്ന്—എനിയ്ക്ക്.

10. കീഴമൎത്തും—നമ്മുടെ ശത്രുക്കളെ.

11. മംഗലവാക്കൾ—അൎയ്യമാദികൾ. വലിയ ഗൃഹത്തിന്ന്—അവന്നു വലിയ ഗൃഹം നിൎമ്മിപ്പാൻ.

12. പുരസ്കരിയ്ക്കുക—സ്തുതികൊണ്ടു പൂജിയ്ക്കുക.

Digitized By Kerala Sahitya Akademi

പ്പോരുന്നുവോ, ആ നെടുനാറം കേട്ട യജ്ഞവാനായ മേധാവി നി
ങ്ങറംക്ക സ്തവങ്ങറം അയയ്ക്കുന്നു. 2

ശോഭനദാനരായ മിത്രാവരുണന്മാരേ, പരന്ന പാരിനെയും,
പെരുത്തും വലുതുമായ വിണ്ണിനെയും കവിച്ചവരാണ്, നിങ്ങറം. നേർ
വഴിയിൽ നടക്കുന്നവരെ സദാ രക്ഷിച്ചുകൊണ്ടു, നിങ്ങറം ഓഷധിക
ളിലും പ്രജകളിലും രൂപം നിത്തുന്നു! 3

ഏവരുടെ ബലം മഹത്ത്വത്താൽ വാനൂഴികളെ വേർതിരിച്ചു
വോ, ആ മിത്രവരുണന്മാരുടെ തേജസ്സിനെ ഭവാൻ സ്തുതിയ്ക്കുക: അയ
ജ്വാവിന്നു മാസങ്ങറം പുത്രനില്ലാതെ കഴിഞ്ഞുപോകട്ടെ; യജ്ഞനിരത
നോ, കെല്പു വദ്ധിപ്പിയ്ക്കട്ടെ! 4

വിജ്ഞരേ, വിഭുക്കളേ, വൃഷാക്കളേ, ഇതാ, നിങ്ങറംക്ക്: ഇ
തിൽ ആശ്ചര്യമൊന്നും കാണില്ല, മേന്മയും കാണില്ല. ആളുകളുടെ
നുണകറം ദുഷ്ടരേ കേറംക്കൂ. നിങ്ങറംക്കുള്ളവ നിഗൂഢങ്ങളായാലും
അറിയപ്പെടാതിരിയ്ക്കില്ല! 5

മിത്രാവരുണന്മാരേ, ഞാൻ നിങ്ങറംക്കുള്ള യജ്ഞത്തെ നമ
സ്കാരങ്ങറംകൊണ്ടു പൂജിയ്ക്കുന്നു—പീഡിതനായ ഞാൻ നിങ്ങളെ വിളി
യ്ക്കുന്നു. നിങ്ങളെ സേവിപ്പാൻ പുതിയ സ്തോത്രങ്ങറംക്ക കഴിവുണ്ടാക
ട്ടെ—ഈ നിമ്മിയ്ക്കപ്പെട്ട മേത്തരം സ്തവങ്ങറം (നിങ്ങളെ) പ്രീതിപ്പെ
ടുത്തട്ടെ! 6

മിത്രാവരുണദേവന്മാരേ, ഇതാ, നിങ്ങറം യജ്ഞത്തിൽ പുരസ്ക
രിയ്ക്കപ്പെട്ടു: ആപത്തെല്ലാം തട്ടിനീക്കി ഞങ്ങളെ മറുകരയിലെത്തിയ്ക്കു
വിൻ; നിങ്ങറം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

സൂക്തം 61.

2. കേട്ട—പാടിച്ച എന്നത്ഥം. മേധാവി—വസിഷ്ഠൻ.

3. പെരുത്ത്—ഗുണങ്ങറംകൊണ്ട് മഹത്ത് രൂപം നിത്തുന്നു—ഓരോ
രൂപവും നിലനിത്തുന്നതു നിങ്ങളാണ്

4. സ്തോതാവിനോട്:

5. ഇതാ—സ്തോത്രം. ഇതിൽ—ഞങ്ങളുടെ സ്തോത്രത്തിൽ. നുണകറം—
അസ്തുത്യരെക്കുറിച്ചുള്ള സ്തുതികറം. കേറംക്കൂ—ശിഷ്ടർ കേറംക്കില്ല. നിങ്ങറംക്കുള്ള
വ—നിങ്ങളെപ്പററിയുള്ള സ്തോത്രങ്ങറം.

Digitized By Kerala Sahitya Akademi

സൂക്തം 62.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സൂര്യനും മിത്രാവരുണന്മാരും ദേവതകൾ.

സൂര്യൻ എല്ലാ മനുഷ്യജാതികൾക്കുംവേണ്ടി, മുകളിൽ വളരെ വളരെക്കിരണങ്ങളോടു ചേരുന്നു; പകൽസ്സമയത്തു പരിദീപ്തനായി, ഏകരൂപനായി കാണപ്പെടുന്നു. നിയമിയ്ക്കപ്പെട്ട ഈ വിധാതാവു കർമ്മികളാൽ ഉത്തേജിപ്പിയ്ക്കപ്പെടുന്നു. 1

സൂര്യ, ആ നിന്തിരുവടി ഈ സ്തുത്യങ്ങളായ നാനാവർണ്ണാശ്വങ്ങളിലൂടേ ഞങ്ങൾക്കായി കിഴക്കുദിച്ചാലും; ഞങ്ങൾ അനപരാധികളാണെന്നു, മിത്രനോടും വരുണനോടും അര്യമാവിനോടും അഗ്നിയോടും പറയുകയും ചെയ്താലും! 2

ദുഃഖത്തെത്തടയുന്ന സത്യവാന്മാരായ വരുണനും മിത്രനും അഗ്നിയും ഞങ്ങൾക്ക് ആയിരം തരട്ടെ—ആ ആഹ്ലാദകന്മാർ ഞങ്ങൾക്കു സ്തുത്യവും പൂജനീയവുമായിട്ടുള്ളതു നല്കട്ടെ; സ്തുതിയ്ക്കുന്ന ഞങ്ങളുടെ അഭീഷ്ടം നിറവേററട്ടെ! 3

ദ്യാവാപൃഥിവികളേ, അദിതികളേ, മഹതികളേ, നിങ്ങൾ ഞങ്ങളെ രക്ഷിയ്ക്കണം: ജന്മഗ്രഹണത്താൽ ഞങ്ങൾ നിങ്ങളെ അറിഞ്ഞിരിയ്ക്കുന്നു. ഞങ്ങൾ വരുണന്റെയോ, വായുവിന്റെയോ, നേതാക്കൾക്ക് അത്യന്തം പ്രിയപ്പെട്ട മിത്രന്റെയോ അരിശത്തിൽ പെടരുത്! 4

മിത്രാവരുണന്മാരേ, നിങ്ങൾ ഞങ്ങളെ ജീവിപ്പിപ്പാൻ തൃക്കൈകൾ നീട്ടിയാലും: ഞങ്ങളുടെ മാട്ടമേച്ചിൽനിലം വെള്ളംകൊണ്ടു നനയ്ക്കുവിൻ. ഞങ്ങളെ ജനങ്ങളുടെയിടയിൽ വിശ്രുതരാക്കുവിൻ. യുവാക്കളേ, എന്റെ ഈ വിളി കേട്ടാലും! 5

---

സൂക്തം 62.

1. നിയമിയ്ക്കപ്പെട്ട—പ്രജാപതിയാൽ. വിധാതാവ്—സർവകർത്താവ് ഉത്തേജിപ്പിയ്ക്കപ്പെടുന്നു—സ്തുതികൊണ്ട്

3. ആയിരം—ധനം.

4. അദിതികൾ=അഖണ്ഡനീയകൾ.

5. ജീവിപ്പിപ്പാൻ—ധനം തന്ന്, അഥവാ ഹവിസ്സു സ്വീകരിച്ച്.

Digitized By Kerala Sahitya Akademi

മിത്രനും വരുണനും അൎയ്യമാവും ഇന്ദ്ര ഞങ്ങൾക്കും ഞങ്ങളുടെ
പുത്രനും ധനം തന്നരുളട്ടെ; ഞങ്ങൾക്കു മാൎഗ്ഗങ്ങളെല്ലാം സുഗമങ്ങളാ
കട്ടെ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

---

സൂക്തം 63.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മിത്രന്റെയും വരുണന്റെയും കണ്ണായ യാതൊരു ദേവൻ ഇരു
ട്ടിനെ, തോലിനെയെന്നപോലെ ചുരുട്ടുന്നുവോ; ആ മനുഷ്യസാധാര
ണനായ, വിശ്വദ്രഷ്ടാവായ, സുഭഗനായ സൂൎയ്യൻ ഉദിച്ചുയരുന്നു! 1

ജനങ്ങൾക്ക് അനുജ്ഞ നല്കുന്നവനും, മഹാനും, കൊടിമരവും
മഴ പെയ്യിയ്ക്കുന്നവനുമായ സൂൎയ്യൻ മുമ്പിൽ പൂട്ടപ്പെട്ട പച്ചക്കുതിരയാൽ
വലിയ്ക്കപ്പെടുന്ന സമാനമായ രഥം തിരിച്ചുകൊണ്ട് ഉദിച്ചുയരുന്നു! 2

ഏകരൂപമായ തേജസ്സിനെ മങ്ങിയ്ക്കാതെ മിന്നിത്തിളങ്ങുന്ന
സവിതാവ് സ്തോതാക്കളാൽ തോഷിപ്പിയ്ക്കപ്പെട്ടുകൊണ്ട്, ഉഷോമധ്യ
ത്തിൽ ഉദിയ്ക്കുന്നു; ഈ ദേവൻ എനിയ്ക്കനുകൂലനാകട്ടെ! 3

വളൎന്ന തേജസ്സോടേ വിളങ്ങുന്ന ദൂരഗാമിയായ തരണി അന്ത
രിക്ഷത്തിന് ഒരാഭരണമായി ഉദിയ്ക്കുന്നു: തീൎച്ചയായും, സൂൎയ്യനാൽ അ
നുജ്ഞാതരായിട്ടാണ്, പ്രാണികൾ കൎത്തവ്യകൎമ്മങ്ങൾ ചെയ്തുപോരു
ന്നത്. 4

തന്തിരുവടി അമൎത്ത്യരാൽ വഴി നിൎമ്മിയ്ക്കപ്പെട്ട അന്തരിക്ഷ
ത്തിൽ, ഒരു പറക്കുന്ന പരുന്തുപോലെ വന്നെത്തുന്നു! മിത്രാവരുണന്മാ
രേ, സൂൎയ്യനുദിയ്ക്കുമ്പോൾ, ഞങ്ങൾ നമസ്സുകൾകൊണ്ടും ഹവിസ്സുകൾ
കൊണ്ടും നിങ്ങളെ പരിചരിയ്ക്കാം. 5

---

സൂക്തം 63.

1. തോലിനെയെന്നപോലെ—പരത്തിയിട്ടിരുന്ന തോൽ ചുരുട്ടിവെയ്ക്കു
ന്നതുപോലെ. മനുഷ്യസാധാരണൻ—മനുഷ്യൎക്കെല്ലാം ഒന്നുപോലെയുള്ളവൻ.

2. അനുജ്ഞ—കൎമ്മാനുമതി. കൊടിമരം—എല്ലാററിന്റെയും അടയാ
ളം. സമാനം—സൎവ്വസാധാരണം.

4. തരണി=സൂൎയ്യൻ.

5. നമസ്സുകൾ—സ്തുതികൾ.

Digitized By Kerala Sahitya Akademi

മിത്രനും വരുണനും അൎയ്യമാവും ഇന്നു ഞങ്ങൾക്കും ഞങ്ങളുടെ പുത്രന്നും ധനം തന്നരുളട്ടെ; ഞങ്ങൾക്കു മാൎഗ്ഗങ്ങളെല്ലാം സുഗമങ്ങളാകട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

---

സൂക്തം 64.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണന്മാർ ദേവത.

അന്തരിക്ഷത്തിലും ഭൂമിയിലുമുള്ള ജലങ്ങളുടെ അധിപതികളേ, നിങ്ങളിരുവരുമാണല്ലോ, തണ്ണീർ തന്നരുളുന്നത്; മിത്രനും, സുജാതനായ അൎയ്യമാവും, നല്ല കെല്പുള്ള രാജാവായ വരുണനും ഞങ്ങളുടെ ഹവിസ്സു കൈക്കൊള്ളട്ടെ! 1

രാജാക്കന്മാരേ, മഹത്തായ യജ്ഞം രക്ഷിയ്ക്കുന്നവരേ, നദീപാലകരേ, ബലവാന്മാരേ, നിങ്ങൾ ഇങ്ങോട്ടു വന്നാലും; മിത്രാവരുണന്മാരേ, ക്ഷിപ്രദാനരായ നിങ്ങൾ അന്തരിക്ഷത്തിൽനിന്നു ഞങ്ങൾക്ക് അന്നവും മഴയും കല്പിച്ചയച്ചാലും! 2

മിത്രൻ, വരുണൻ, അൎയ്യമാവ് എന്നിദ്ദേവന്മാർ ഞങ്ങളെ ഏററവും നല്ല വഴികളിലൂടേ കൊണ്ടുപോകട്ടെ: അൎയ്യമാവ് ഞങ്ങളെപ്പററി ശോഭനദാനന്മാരോടരുളിച്ചെയ്യണം. ദേവശരണരായ ഞങ്ങൾ അന്നം കിട്ടി, ആഹ്ലാദിയ്ക്കുമാറാകണം! 3

മിത്രാവരുണന്മാരേ, ആർ നിങ്ങളുടെ ഈ രഥം മനസ്സുകൊണ്ടു നിൎമ്മിച്ചു, സ്തുതി ഉയൎത്തുകയും നിൎത്തുകയും ചെയ്യുമോ; രാജാക്കന്മാരേ, അവന്നു നിങ്ങൾ മഴ കിട്ടിയ്ക്കണം; നല്ല നിലങ്ങളും മതിയാവോളം കൊടുക്കണം! 4

വരുണ, മിത്ര, നിങ്ങൾക്കും അൎയ്യമാവിന്നും ഇതാ, ഒരു സ്തോത്രം, തെളിസോമംപോലെ ഉണ്ടാക്കപ്പെട്ടിരിയ്ക്കുന്നു: കൎമ്മം രക്ഷി

---

സൂക്തം 64.

3. ശോഭനദാനരോട്—ദേവന്മാരോട്. അരുളിച്ചെയ്യണം, 'ഇവർ ദയാർഹരാണെ'ന്ന്.

4. നിൎത്തുക—യാഗത്തിൽ.

Digitized By Kerala Sahitya Akademi

പ്പിൻ; സ്തവം കേൾക്കുവിൻ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,
പ്പൊഴുമെങ്ങളെ!' 5

---

## സൂക്തം 65.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

എവരുടെ തളരാത്ത മികച്ച് കരുത്തു നിറപടയിൽ എല്ലാരെ
യും വെല്ലുമോ; ആ വിശുദ്ധബലനായ വരുണനും മിത്രനുമാകുന്ന നി
ങ്ങളെ ഞാൻ സൂര്യോദയത്തിൽ സൂക്തങ്ങൾകൊണ്ടു വിളിയ്ക്കുന്നു. 1
അവർ ദേവന്മാരിൽവെച്ചു കരുത്തരാണല്ലോ: അവർ ഈശ്വ
രന്മാരാണല്ലോ: ആ നിങ്ങൾ ഞങ്ങളുടെ പ്രജകളെ വർദ്ധിപ്പിച്ചാലും.
മിത്രാവരുണന്മാരേ, ഞങ്ങൾ നിങ്ങളെ പ്രാപിയ്ക്കുമാറാകണം: എ
ന്നാൽ, ദ്യാവാപൃഥിവികളും അഹോരാത്രങ്ങളും (ഞങ്ങളെ) തടിപ്പിയ്ക്കു
മല്ലോ! 2
അവർ വളരെപ്പാശങ്ങളുള്ളവരും, അയജ്വാവിന്നു ചിറക്കെട്ടു
കളും, ശത്രുജനത്തിന്നു ദുർദ്ധർഷരുമാകുന്നു; മിത്രാവരുണന്മാരേ, ഞങ്ങൾ
നിങ്ങൾക്കുള്ള യജ്ഞത്തിന്റെ വഴിയിലൂടേ, തോണികൊണ്ടു പുഴയെ
ന്നപോലെ, ദുരിതങ്ങൾ കടക്കുമാറാകണം! 3
മിത്രാവരുണന്മാരേ, നിങ്ങൾ ഞങ്ങളുടെ യാഗത്തിൽ വന്നെ
ത്തുവിൻ: അന്നംകൊണ്ടും വെള്ളംകൊണ്ടും നിലം നനയ്ക്കുവിൻ;
ആരുള്ളൂ, നിങ്ങൾക്കു മികച്ചതപ്പിയ്ക്കുവാൻ? നിങ്ങൾ ആളുകൾക്കു നല്ല
ദിവ്യജലം നല്കിയാലും! 4

---

5. തെളിസോമം—അരിച്ചു വെടുപ്പുവരുത്തിയ സോമനീർ. കർമ്മം—ഞങ്ങളുടെ യജ്ഞം.

സൂക്തം 65.

1. നിറപട—ശൂരന്മാർ നിറഞ്ഞ യുദ്ധം.

2. ആദ്യവാക്യദ്വയം പരോക്ഷം: എന്നാൽ—പ്രാപിച്ചാൽ.

3. പാശങ്ങൾ—ബന്ധനസാധനങ്ങൾ. ചിറക്കെട്ടുകൾ—ബന്ധകർ എന്നർത്ഥം.

4. ആരുള്ളൂ—നിങ്ങൾക്കു മികച്ചതു (മുന്തിയ ഹവിസ്സോ, സ്തോത്രമോ) അപ്പിപ്പാൻ ആരും ആളാവില്ല.

Digitized By Kerala Sahitya Akademi

വരുണ, മിത്ര, നിങ്ങൾക്കും അൎയ്യമാവിന്നും ഇതാ, ഒരു സ്തോത്രം, തെളിസോമംപോലെ ഉണ്ടാക്കപ്പെട്ടിരിയ്ക്കുന്നു: കൎമ്മം രക്ഷിപ്പിൻ; സ്തവം കേൾക്കുവിൻ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

•

## സൂക്തം 66.

വസിഷ്ഠൻ ഋഷി; ഗായത്രിയും, ബൃഹതിയും, സതോബൃഹതിയും, പുരഉഷ്ണിക്കും ഛന്ദസ്സുകൾ; മിത്രാവരുണന്മാരും അദിതിയും സൂൎയ്യനും ദേവതകൾ.

('ദ്വാരകാമന്ദിരം' പോലെ.)

ആവിൎഭാവപ്രചുരരാ-
മാ വരുണമിത്രന്മാരിൽ
എത്തട്ടേ, നമ്മുടെ ഹവി-
സ്സോത്ത സുഖദമാം സ്തോത്രം! 1
നൽബ്ബലതേജസ്സുകളു-
ള്ളിബ്ബലദന്മാരെയല്ലോ,
കെല്പുപയോഗിയ്ക്കുവാനായ്-
ക്കല്പിച്ചുനിറുത്തി, വാനോർ! 2
അംഗഗൃഹപാലകരാ
നിങ്ങൾ മിത്രാവരുണരേ,
ചെമ്മേ വാഴ്ത്തും ഞങ്ങളുടെ
കൎമ്മം നിറവേറേണമേ! 3
മിത്രൻ, സവിതാവു, ഭഗൻ,
ധ്വസ്തപാപനൎയ്യമാവും

---

## സൂക്തം 66.

1. ആവിൎഭാവപ്രചുരർ=വളരെ പ്രാവശ്യം പ്രാദുൎഭവിച്ചവർ.

2. ഇബ്ബലദർ—ബലം നല്കുന്ന വരുണമിത്രന്മാർ. കെല്പുപയോഗിപ്പാൻ—അസുരയുദ്ധത്തിൽ.

3. അംഗഗൃഹപാലകർ—മനുഷ്യന്റെ ദേഹവും ഗൃഹവും രക്ഷിയ്ക്കുന്നവർ.



Digitized By Kerala Sahitya Akademi

കല്പിച്ചയയ്ക്കണ,മതി-
ങ്ങിപ്പോൾസ്സൂര്യോദയത്തിങ്കൽ! 4
ധ്വസ്തരാം തൻ പാപമക-
റ്റുന്നൊ നിങ്ങൾ പോകുംനേരം
നന്നായ് ക്ഷിപ്രം രക്ഷിതമാ-
കി,ന്നിവാസം സുദാനരേ! 5
അത്രയുമല്ല,ധീശരാ-
മപ്പുരാന്മാര,ദിതിയും
നിർമ്മഥിതമാകാത്ത വൻ-
കർമ്മത്തിന്നു ശക്തരല്ലോ! 6
മിത്രാവരുണരേ, സൂര്യ-
പ്രത്യുദയേ നിങ്ങളെ ഞാൻ
പ്രത്യേകം വാഴ്ത്തുന്നോൻ, ശത്രു-
ഭിത്താമര്യമാവിനെയും. 7
ഋതം നല്ല ധനത്തെയും
ദുർദ്ധർഷമാം ബലത്തെയും
എത്തിയ്ക്കട്ടേ, ധീമാന്മാരേ,
ഇസ്തുതി യജ്ഞാപ്തിയെയും! 8
നിങ്ങളുടെയായ് വരേണം,
ഞങ്ങളുമിസ്തോതാക്കളും:
എത്തുകെ,ങ്ങൾക്കന്നാംബുക്കൾ
മിത്രദേവവരുണരേ! 9

---

4. ധ്വസ്തപാപൻ=പാപനാശനൻ. ഈ പദം മിത്രാദികളുടെയും വിശേഷണമാകുന്നു. അത്—ഞങ്ങൾ അപേക്ഷിച്ച ധനം.

5. പോകുംനേരം ഇന്നിവാസം (ഞങ്ങളുടെ പാർപ്പിടം) നന്നായ് രക്ഷിതമാകട്ടെ; ഗൃഹരക്ഷയേർപ്പെടുത്തിയിട്ടേ, നിങ്ങൾ തിരിച്ചുപോകാവൂ.

6. അപ്പുരാന്മാർ—മിത്രവരുണാര്യമാക്കൾ. നിർമ്മഥിതം—പീഡിതം.

7. ശത്രുഭിത്ത്=ശത്രുക്കളെ പിളർത്തുന്നവൻ.

8. ഋതം—ഹിതമായ. എത്തിയ്ക്കട്ടേ—ഞങ്ങൾക്കു കിട്ടിയ്ക്കട്ടെ.

9. അന്നാംബുക്കൾ=അന്നവും വെള്ളവും.

Digitized By Kerala Sahitya Akademi

കെല്പിലമത്തലാൽപ്പെരും-
മുപ്പാരെവാടക്കിയോ;
അമ്മഹാന്മാരഗ്നിജിഹ്വർ,
കർമ്മം വാഴ്ത്തിപ്പോര,ക്കാളർ! 10·
ഏവർ തീർത്തു, കൊല്ലം, മാസം,
രാവു, പകൽ, യജ്ഞ,മൃക്കും;
മിത്രാര്യമവരുണരാ-
മദ്ദീപ്തരപ്രാപ്യബലർ! 11
മിത്രാര്യമവരുണരേ,
നിത്യായതോദകർ നിങ്ങൾ
ഉദ്വഹിപ്പതുഷസ്സിലി-
ന്നർത്ഥിപ്പോം, സൂക്തത്താലെങ്ങൾ. 12
യജ്ഞവാന്മാർ യജ്ഞജാതർ
യജ്ഞസംവർദ്ധകർ, ഘോരർ,
നേതാക്കന്മാരയജ്ഞഘ്നർ—
ഈദൃശരാം നിങ്ങളുടെ
തുംഗസൌഖ്യധനം കിട്ടു-
കെ,ങ്ങൾക്കുമിസ്തോതാക്കൾക്കും! 13
അന്തരിക്ഷാന്തികത്തിലാ-
ച്ചന്തമേറും മെയ്യുദിപ്പൂ:
ആക്കും കാഴ്ച നല്കുമതു
ശീഘ്രവിചിത്രാശ്വധൃതം. 14

---

10. അമ്മഹാന്മാർ—മിത്രവരുണാര്യമാക്കൾ. കർമ്മം—യജ്ഞം.

11. ഋക്ക്—മന്ത്രങ്ങൾ. അദ്ദീപ്തർ= ആ തേജസ്വികൾ. അപ്രാപ്യബലർ—അന്യൎക്കു കിട്ടാവുന്നതല്ലാത്ത ബലമുള്ളവർ.

12. നിത്യായതോദകർ=എന്നെന്നും വെള്ളം കൈവശമുള്ളവർ. ഉദ്വഹിപ്പത്—വഹിച്ചുപോരുന്ന ധനം. അർത്ഥിപ്പോം=യാചിയ്ക്കുന്നു.

13. യജ്ഞജാതർ=യജ്ഞത്തിന്നായി ജനിച്ചവർ. അയജ്ഞഘ്നർ=അയഷ്ടാക്കളെ ഹനിയ്ക്കുന്നവർ. തുംഗസൌഖ്യധനം—വലിയ സുഖമുളവാക്കുന്ന സമ്പത്ത്.

14. മെയ്യ്—സൂര്യമണ്ഡലം. ശീഘ്രവിചിത്രാശ്വധൃതം—ഗതിവേഗമുള്ള നാനാവർണ്ണാശ്വത്താൽ വഹിയ്ക്കപ്പെട്ടതാകുന്നു. അതു—മണ്ഡലം. സൂര്യന്നു നാനാവർണ്ണാശ്വങ്ങളുമുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

Digitized By Kerala Sahitya Akademi

സ്ഥാവരചരേശൻ സൂൎയ്യൻ
മേവിന തേർ തോളാൽത്തോളാൽ,
എല്ലാപ്പാരിൻെറയും ചാരേ
നല്ലതിനായ് വലിയ്ക്കുന്നു,
സ്വച്ഛന്ദഗാമികളേഴു
പച്ചവൎണ്ണക്കുതിരകൾ! 15

ആ വെണ്മയോടുദിയ്ക്കുന്ന
ദേവഹിതചക്ഷുസ്സിനെ
നൂററാണ്ടു കാണുക, ഞങ്ങൾ—
നൂററാണ്ടു ജീവിയ്ക്ക, ഞങ്ങൾ! 16

ഹേ വരുണ, മിത്രനും, ശ്രീ
കൈവളൎന്ന ഭവാനുമേ
സ്തോമം കേട്ടു വരൊത്തുവിൻ,
സോമമുണ്ണാനധൃഷ്യരേ! 17

മിത്രാവരുണരേ, കനി-
വൊത്ത നിങ്ങൾ സമ്പത്തുമായ്
വിണ്ണിൽനിന്നു വന്നു സോമ-
മുണ്ണുകെ,തിർസ്വത്തടക്കി! 18

മിത്രാവരുണരേ, ഹവ്യ-
ശ്രദ്ധ പൂണ്ടു വരൊത്തുവിൻ:
യാഗവൎദ്ധകരേ, സോമ-
നീർ കുടിപ്പിൻ, നേതാക്കളേ! 19

---

15. നല്ലത്=നന്മ.

16. ദേവഹിതചക്ഷുസ്സിനെ—ദേവകൾക്ക ഹിതനും, ലോകത്തിന്നു കണ്ണുമായിരിയ്ക്കുന്ന സൂൎയ്യനെ.

17. ശ്രീ കൈവളൎന്ന എന്നതു രണ്ടുപേരുടേയും വിശേഷണം. സ്തോമം=സ്തോത്രം.

18. എതിർസ്വത്ത്—ശത്രുക്കളുടെ ധനം.

19. ഹവ്യശ്രദ്ധ=ഹവിസ്സുകളിൽ താൽപൎയ്യം.

Digitized By Kerala Sahitya Akademi

### സൂക്തം 67.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികാം ദേവത.

സ്തുത്യരായ തമ്പുരാന്മാരേ, യാതൊന്നു നിങ്ങളെ ഒരു ദൂതനെ
ന്നപോലെ— മകൻ അച്ഛനമ്മമാരെയെന്നപോലെ—ഉണൎത്തുമോ, നി
ങ്ങളുടെ ആ രഥത്തോട്ടു ഞാൻ ഹവിഷ്കത്തമായ യജ്ഞാൎഹസ്തോത്രം
കൊണ്ടു സ്തുതിച്ചു നേരേ പറയുന്നു. 1

ഞങ്ങളാൽ വളൎത്തപ്പെട്ട അഗ്നി കത്തുകയായി: ഇരുട്ടിന്റെ
അററങ്ങാം കണ്ടുതുടങ്ങി: ശരി, കൊടിമരമായ കതിരവൻ വിണ്മകളു
ടെ മുന്നിൽ അഴകിന്നായി ആവിൎഭവിയ്ക്കുന്നു! 2

നാസത്യരായ അശ്വികളേ, നിങ്ങളെ ഇപ്പോഠം നന്നായിച്ചൊ
ല്ലുന്ന സ്തോതാവു സ്തോത്രങ്ങാംകൊണ്ടു സേവിയ്ക്കുന്നു: നിങ്ങാം ധന
സമേതമായ തേരോടിച്ചു, പതിവുവഴികളിലൂടേ ഇങ്ങോട്ടു വന്നാലും! 3

അശ്വികളേ, മധുവിദ്യാകുശലരേ, രക്ഷിതാക്കളായ നിങ്ങളുടെ
യാണ്, ഞാൻ; ഭവൽക്കാമനായ ഞാനിപ്പോഠം ധനേച്ഛയാൽ (സോമം)
പിഴിഞ്ഞു, നിങ്ങളെ സ്തുതിയ്ക്കുന്നു. തടിച്ച കതിരകാം നിങ്ങളെ കൊ
ണ്ടുവരട്ടെ: നിങ്ങളിരുവരും ഞങ്ങളുടെ വെട്ടപ്പിൽപ്പിഴിഞ്ഞ തേൻ
നുകരുവിൻ! 4

അശ്വിദേവന്മാരേ, എന്റെ ധനകാമമായ ഋജുസ്തോത്രത്തെ
നിങ്ങാം പീഡപററാതെ നേട്ടത്തിലെത്തിയ്ക്കുവിൻ; യുദ്ധത്തിലും ബു
ദ്ധികളെല്ലാം രക്ഷിയ്ക്കുവിൻ; കൎമ്മപാലകരേ, കൎമ്മംചെയ്യുന്ന ഞങ്ങാം
ക്കു (ധനം) തന്നരുളുവിൻ! 5

---

സൂക്തം 67.

1. ഉണൎത്തുമോ—ഞങ്ങളുടെ അടുക്കലെയ്ക്കു പോരാൻ. പറയുന്നു—നി
ങ്ങളെ കൊണ്ടുവരുവാൻ.

2. വിണ്മകാം—ഉഷസ്സ്.

3. സ്തോതാവ്—ഞാൻ.

4. അശ്വികളുടെ മധുവിദ്യാകുശലത്വം മുൻപു പ്രതിപാദിയ്ക്കപ്പെട്ടിട്ടു
ണ്ട്. തേൻ—മധുരസോമം.

5. നേട്ടത്തിലെത്തിയ്ക്കുക—സാഫല്യപ്പെടുത്തുക. ബുദ്ധികാം—വിജയ
ചിന്തകാം.

Digitized By Kerala Sahitya Akademi

അശ്വികളേ, നിങ്ങൾ ഈ കർമ്മങ്ങളിൽ ഞങ്ങളെ രക്ഷിയ്ക്കു
വിൻ: ഞങ്ങൾക്കു പ്രജോൽപാദനത്തിന്നു വററാത്ത രേതസ്സുണ്ടാകട്ടെ:
ഞങ്ങൾ, നിങ്ങൾ തന്ന പുത്രപൌത്രന്മാരെ പുലർത്തിക്കൊണ്ടു, ശോഭന
ധനരായിത്തീൎന്നു, യാഗം കഴിയ്ക്കുമാറാകണം! 6

മധുപ്രിയന്മാരേ, ഇതാ, നിങ്ങൾക്കായി ഞങ്ങൾ വെച്ച ആ
നിധി, സഖ്യത്തിന്നുള്ള ഒരു ദൂതനെന്നപോലെ, സ്ഥിതിചെയ്യുന്നു:
നിങ്ങൾ മനംതെളിഞ്ഞു, മനുഷ്യപ്രജകളുടെ ഹവിസ്സശിപ്പാൻ ഇങ്ങോട്ടു
വന്നാലും! 7

ഭരണകർത്താക്കളേ, ഇരുവരും ഒപ്പം ചേൎന്നാൽ നിങ്ങളുടെ രഥം
ഏഴുനദികളിലും നടകൊള്ളും: തുക്കൈകളാൽ മുന്നിൽ പൂട്ടപ്പെട്ടു നി
ങ്ങളെ വഹിയ്ക്കുന്ന പള്ളിക്കുതിരകൾ മന്ദിയ്ക്കാറില്ലല്ലോ! 8

യാവചില ധനവാന്മാർ ഹവിസ്സയയ്ക്കുന്നുവോ; യാവചിലർ
ഗവാശ്വസമ്പത്തു നല്കി, സൂനൃതോക്തികൾകൊണ്ടു ബന്ധുവിനെ വ
ൎദ്ധിപ്പിയ്ക്കുന്നുവോ; എങ്ങും തങ്ങാത്ത നിങ്ങൾ ആ ഹവിൎദ്ധനന്മാൎക്കുവേ
ണ്ടി നിലകൊള്ളണം! 9

യുവാക്കളേ, അശ്വികളേ, നിങ്ങൾ ഇപ്പോൾ എന്റെ വിളി
കേൾക്കുവിൻ: അന്നസഹിതമായ ഗൃഹത്തിൽ വരുവിൻ; രത്നങ്ങൾ
തരുവിൻ; സ്തോതാക്കളെ തഴപ്പിയ്ക്കുവിൻ; 'സ്വസ്തിയാൽപ്പാലിപ്പിനെ,
പ്പൊഴുമെങ്ങളെ!' 10

---

## സൂക്തം 68.

വസിഷ്ഠൻ ഋഷി; വിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

നല്ല കുതിരകളുള്ള തേജസ്വികളായ അശ്വികളേ, വരുവിൻ:
ദസ്രരേ, ഭവൽക്കാമന്റെ സ്തുതികൾ കേൾക്കുവിൻ; ഞങ്ങൾ ഒരുക്കിയ
ഹവിസ്സും ഭുജിയ്ക്കുവിൻ. 1

---

7. ആ നിധി—സോമം. മനുഷ്യപ്രജകൾ—ഞങ്ങൾ.

8. മുന്നിൽ—തേരിന്റെ മുമ്പിൽ.

9. അയയ്ക്കുന്നുവോ—നിങ്ങൾക്ക്. ഹവിൎദ്ധനന്മാർ—യജമാനന്മാർ.

10. അന്നസഹിതം—ഹവിസ്സമേതം.

Digitized By Kerala Sahitya Akademi

നിങ്ങൾക്കു, മത്തുണ്ടാക്കുന്ന അന്നം തയ്യാറായി: വേഗം വരുവിൻ, എന്റെ ഹവിസ്സു നുകരാൻ. നിങ്ങൾ ശത്രുവിന്റെ ഹവ്യം തിരസ്കരിച്ചു, ഞങ്ങളുടെ (വിളി) കേൾക്കുവിൻ! 2

സൂര്യയോടൊന്നിച്ചിരിയ്ക്കുന്ന അശ്വികളേ, ഒരുനൂറുരക്ഷകളുമായി ചേർന്ന മനോവേഗിയായ നിങ്ങളുടെ രഥം ഞങ്ങളുടെ അപേക്ഷയാൽ, ലോകങ്ങളെ പിന്നിട്ടു് ഇങ്ങോട്ടു പോരും! 3

ഇതാ, ഭവൽക്കാമമായ അമ്മിക്കുഴ നിങ്ങൾക്കായി സോമം ചതച്ചുകൊണ്ടു, മേല്പോട്ടു നോക്കി ശബ്ദിയ്ക്കുന്നു; സുന്ദരന്മാരായ നിങ്ങളെ മേധാവി ഹവിസ്സുകൊണ്ടു് ഇങ്ങോട്ടു തിരിയിയ്ക്കുകയുംചെയ്യുന്നു! 4

പൂജനീയമായ ധനമുണ്ടല്ലോ, നിങ്ങളുടെ പക്കൽ! നിങ്ങൾ അത്രിയെ ഉമിത്തീയിൽനിന്നു മോചിപ്പിച്ചു: അദ്ദേഹം നിങ്ങൾക്കു പ്രിയനായിത്തീർന്നു രക്ഷണസുഖമനുഭവിയ്ക്കുന്നു! 5

അശ്വികളേ, നിങ്ങൾക്കു ഹവിസ്സർപ്പിച്ചതിനാൽ, കിഴവനായിരുന്ന ച്യവനനു് അങ്ങനെ തിരിച്ചുകിട്ടി: അദ്ദേഹത്തിന്റെ രൂപം നിങ്ങൾ വീണ്ടെടുത്തുവല്ലോ! 6

അശ്വികളേ, ചങ്ങാതികളായിനിന്ന ദുഷ്ടപ്പുകാരാൽ കടൽനടുവിൽത്തള്ളപ്പെട്ട ഭുജ്യുവിനെ—അദ്ദേഹം ഭവൽക്കാമനായി ശരണം പ്രാപിച്ചതിനാൽ—നിങ്ങൾ കരയേറ്റി! 7

അശ്വികളേ, മെലിഞ്ഞുപോയ വൃകന്നു നിങ്ങൾ (ധനം) നല്കി. വിളി കേട്ടു നിങ്ങൾ ശയുവിന്റെ പേറുനിന്ന പയ്യിനെ കർമ്മംകൊണ്ടു ശക്തിപ്പെടുത്തി, (നദിയെ) വെള്ളംകൊണ്ടെന്നപോലെ (പാൽകൊണ്ടു) നിറച്ചു! 8

---

സൂക്തം 68.

2. അന്നം—സോമം. ശത്രു—ഞങ്ങളുടെ വൈരി.

3. സൂര്യ—സൂര്യപുത്രി.

4. ശബ്ദിയ്ക്കുന്നു—സ്തുതിയ്ക്കുയാണെന്നു തോന്നും!

5. രക്ഷണസുഖം—നിങ്ങളുടെ രക്ഷയാലുള്ള സുഖം.

6. തിരിച്ചുകിട്ടി—യൌവനം.

8. മെലിഞ്ഞുപോയ—കർമ്മാനുഷ്ഠാനങ്ങൾമൂലം. വൃകൻ—ഒരൃഷി. ഈ കഥകളൊക്കെ ഒന്നാംമണ്ഡലത്തിൽത്തന്നെയുണ്ടു്.

Digitized By Kerala Sahitya Akademi

ഇതാ, ആ സ്തോതാവ് ഉഷസ്സുദിപ്പിൽ ഉണൎന്നു, തെളിഞ്ഞ ബുദ്ധിയോടേ സൂക്തങ്ങൾകൊണ്ടു സ്തുതിയ്ക്കുന്നു: അവനെ പശു ക്ഷീരാന്നങ്ങൾകൊണ്ടു തഴപ്പിയ്ക്കട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 9

---

## സൂക്തം 69.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

വഴിയിൽ നെയ്യു തൂകുന്നതും, മധുപാത്രങ്ങൾകൊണ്ടു ഭാസുരവും, ഹവിൎവ്വാഹിയും, മനുഷ്യരുടെ സ്വാമിയും, അന്നയുക്തവും, ദ്യാവാപൃഥിവികളിൽ ചുററിനടക്കുന്നതുമായ നിങ്ങളുടെ പൊന്നിൻതേർ യുവാശ്വങ്ങളെപ്പൂട്ടി വന്നെത്തട്ടെ! 1

അശ്വികളേ, എങ്ങോട്ടെങ്കിലും എഴുന്നള്ളാനൊരുങ്ങിയ നിങ്ങൾ യാതൊന്നിലൂടെയാണോ, ദേവകാമന്മാരിൽ ചെല്ലുന്നത്; പഞ്ചഭൂതങ്ങളെ തഴപ്പിയ്ക്കുന്നതും മൂന്നു നുകത്തണ്ടുള്ളതുമായ അതു സ്തുതിയാൽ പൂട്ടപ്പെട്ടു വന്നെത്തട്ടെ! 2

ദസ്രരേ, നിങ്ങൾ നല്ല കുതിരകളോടും അന്നത്തോടുംകൂടി ഇങ്ങോട്ടു വരുവിൻ: മധുരമായ നിധി നുകരുവിൻ. വധുവോടുകൂടി സഞ്ചരിച്ച്, ആകാശപ്രാന്തങ്ങളെ വട്ടുകൾകൊണ്ടു ചതയ്ക്കാറുള്ളതാണല്ലോ, നിങ്ങളുടെ രഥം! 3

യുവതിയായ സൂൎയ്യപുത്രി രാത്രിയിൽ നിങ്ങളുടെ തേരിൽ കേറി. നിങ്ങൾ ദേവകാമനെ കൎമ്മംകൊണ്ടു കാത്തരുളുന്നു; അപ്പോൾ, തിളങ്ങുന്ന അന്നം രക്ഷയ്ക്കു നിങ്ങളിലണയുന്നു! 4

---

9. ആ സ്തോതാവ്—ഞാൻ, വസിഷ്ഠൻ. **ക്ഷീരാന്നങ്ങൾ=പാലാകുന്ന അന്നങ്ങൾ, നെയ്യും മററും.**

സൂക്തം 69.

1. മധുപാത്രങ്ങൾ—മധുയുക്തമാണ്, അശ്വികളുടെ രഥമെന്ന് ഒന്നാം മണ്ഡലത്തിൽത്തന്നേ പ്രതിപാദിച്ചിട്ടുണ്ട്. വന്നെത്തട്ടെ—ഞങ്ങളുടെ യാഗത്തിൽ.

2. ദേവകാമന്മാർ—യജമാനന്മാർ. അതു—നിങ്ങളുടെ രഥം. സ്തുതി—ഞങ്ങളുടെ സ്തോത്രം.

3. നിധി—സോമം. വധു—സൂൎയ്യ. വട്ടുകൾ=ചക്രങ്ങൾ.

4. അന്നം—സോമവും മററും.

Digitized By Kerala Sahitya Akademi

തേരാളികളായ അശ്വികളേ, നിങ്ങളുടെ ആ രഥം തേജസ്സുട്ടക്കനും; പൂട്ടപ്പെട്ട വഴിയിലെത്തുന്നു. നിങ്ങൾ അതിലൂടേ ഞങ്ങളുടെ ശാന്തിയ്ക്കും സുഖത്തിനുമായി, പുലർകാലത്ത് ഈ യജ്ഞത്തിൽ എഴുന്നള്ളിയാലും! 5

നേതാക്കളേ, നിങ്ങൾ ഒരു ഗൌരപ്പേടപോലെ, തിളങ്ങുന്ന സോമത്തെക്കുറിച്ചു ദാഹത്തോടേ ഇന്നു ഞങ്ങളുടെ സവനത്തിൽ വന്നു ചേന്നാലും: നിങ്ങളെ വളരെയിടങ്ങളിൽ സ്തുതിച്ചുപോരുന്നുണ്ടല്ലോ; എന്നാൽ മററു ദേവകാമന്മാർ നിങ്ങളെ പിടിച്ചുനിത്തരുത്! 6

അശ്വികളേ, നിങ്ങൾ സമുദ്രത്തിലെറിയപ്പെട്ട ഭുജ്യുവിനെ വെള്ളത്തിൽനിന്നു കോറി — ഇളപ്പവും തളച്ചയും ഇടച്ചയുമില്ലാത്ത കുതിരകളെക്കൊണ്ടും, വേലകൾകൊണ്ടും മറുകരയണച്ചു! 7

യുവാക്കളേ, അശ്വികളേ, നിങ്ങൾ ഇപ്പോൾ എന്റെ വിളി കേൾക്കുവിൻ: അന്നസഹിതമായ ഗൃഹത്തിൽ വരുവിൻ; രത്നങ്ങൾ തരുവിൻ; സ്തോതാക്കളെ തഴപ്പിയ്ക്കുവിൻ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 8

---

സൂക്തം 70.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വിശ്വവരേണ്യരായ അശ്വികളേ, വരുവിൻ: നിങ്ങളുടെ ഇരിപ്പു വേദിയിലാണെന്നു പറയപ്പെട്ടിരിയ്ക്കുന്നു. സുഖകരമായ മുതുകും വേഗവുമുള്ള കുതിര, നിങ്ങൾ ഇരിയ്ക്കുന്നേടത്തു, വാസസ്ഥാനത്തെന്നപോലെ നില്ക്കട്ടെ! 1

---

5. അത് — രഥം.

6. ഗൌരം — ഒരുതരം മാൻ. പിടിച്ചുനിത്തരുത് — അവരെ വിട്ടു, ഞങ്ങളുടെ അടുക്കൽത്തന്നെ വരണം.

7. വേലകൾ — ദേഹപ്രയത്നങ്ങൾ.

സൂക്തം 70.

1. വാസസ്ഥാനം — സ്വന്തം കുതിരലായം. സോമപാനം കഴിഞ്ഞാൽ, നിങ്ങൾക്ക തിരിച്ചുപോകാം; അതിന്നു കുതിര അടുക്കൽത്തന്നെ നിന്നുകൊള്ളട്ടെ.



Digitized By Kerala Sahitya Akademi

അതികമനീയമായ നല്ല സ്തോത്രം നിങ്ങളെ സേവിയ്ക്കുന്നു. മനുഷ്യഗൃഹത്തിൽ കലവും പഴുപ്പിയ്ക്കപ്പെട്ടുകഴിഞ്ഞു: അതു നിങ്ങളെ, രണ്ടു കുതിരകളെ നന്നായി പൂട്ടുന്നതുപോലെ പൂട്ടി, നദീസമുദ്രങ്ങളെ നിറയ്ക്കുമല്ലോ! 2

അശ്വികളേ, നിങ്ങൾ സ്വർഗ്ഗത്തിൽനിന്നു പോന്നു, വലിയ ഓഷധികളിലും മനുഷ്യരിലും സ്ഥിതിചെയ്യാറുണ്ടല്ലോ; ആ നിങ്ങൾ മേഘത്തിന്റെ മുകളിലിരുന്നു, ഹവിർദ്ദാതാവിന്ന് അന്നം അയച്ചുകൊടുത്താലും! 3

ദേവന്മാരേ, നിങ്ങൾ ഓഷധികളിലും ജലങ്ങളിലുംവെച്ച് അതികമനീയമായിട്ടുള്ളതും, ഋഷിമാരുടെ സ്തുതികളും കൈക്കൊള്ളും; ഞങ്ങൾക്കായി വളരെ രത്നങ്ങൾ കയ്യിൽ വെയ്ക്കും. മുമ്പേത്തെ ഇണകളെ പുകൾപ്പെടുത്തും. 4

അശ്വികളേ, നിങ്ങൾ കേട്ടുകൊണ്ട്, ഋഷിമാരുടെ വളരെ ശ്രേഷ്ഠകർമ്മങ്ങൾ തൃക്കൺപാർക്കാറുണ്ട്; അതിനാൽ മനുഷ്യന്റെ യജ്ഞത്തിൽ വരുവിൻ: നിങ്ങൾക്കു ഞങ്ങളിൽ അതികമനീയമായ നന്മനസ്സുണ്ടാകട്ടെ! 5

നാസത്യരേ, നിങ്ങളെ യാതൊരു യജ്ഞവാൻ ആളുകളോടുകൂടി, ഹവിസ്സർപ്പിച്ചു സ്തുതിയ്ക്കുന്നുവോ, നിങ്ങൾ ആ വരിഷ്ഠനായ വസിഷ്ഠങ്കൽ വന്നെത്തുവിൻ: ഇതാ, നിങ്ങൾക്കായി മന്ത്രങ്ങൾ ചൊല്ലപ്പെടുന്നു! 6

---

2. സ്തോത്രം—ഞങ്ങളുടെ. മനുഷ്യഗൃഹം—യജമാനന്റെ ഗൃഹം. കലം—പ്രവർഗ്ഗ്യമെന്ന മൺപാത്രം. പൂട്ടി—യജ്ഞത്തിൽ ബന്ധിച്ച് നിറയ്ക്കുമല്ലോ—മഴകൊണ്ട്.

3. മനുഷ്യർ—യജമാനന്മാർ.

4. ഓഷധികളിൽവെച്ച് അതികമനീയം—ചരുപുരോഡാശാദി. ജലങ്ങളിൽവെച്ച് അതികമനീയം—സോമരസം. ഋഷികളുടെ—ഋഷിയായ എന്റെ. മുമ്പേത്തെ ഇണകളെ—പൂർവ്വദമ്പതികളെ.

5. കേട്ടുകൊണ്ട്—സ്തോത്രങ്ങൾ.

6. ആളുകൾ—ഋത്വിക്കുകൾ.

Digitized By Kerala Sahitya Akademi

അശ്വികളേ, ഇതാ, സ്തോത്രം—ഇതാ, സ്തുതി: വൃഷാക്കളേ, ഈ ശോഭനസ്തവം നിങ്ങഠം കേഠംക്കുവിൻ. നിങ്ങളെക്കുറിച്ചുള്ള ഈ കൎമ്മങ്ങഠം നിങ്ങളിലണയട്ടെ! നിങ്ങഠം 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 7

### സൂക്തം 71.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

രാത്രി സോദരിയായ ഉഷസ്സിനെ വിട്ടുപോവുകയായി: ആ കറുമ്പി പകലിന്നു വഴിയൊഴിയ്ക്കുന്നു. അതിനാൽ ഞങ്ങഠം അശ്വധനരും ഗോധനരുമായ നിങ്ങളെ വിളിയ്ക്കുന്നു. നിങ്ങഠം പകലിരവു പകയനെ ഞങ്ങളിൽനിന്നകററുവിൻ! 1

അശ്വികളേ, നിങ്ങഠം തേരിൽ ഹവിൎദ്ദാതാവിന്നു ധനവും കൊണ്ടു വന്നെത്തുവിൻ; പട്ടിണിയും രോഗവും ഞങ്ങളിൽനിന്നു നീക്കുവിൻ; മധുമാന്മാരേ, പകലിരവു ഞങ്ങളെ പരിപാലിയ്ക്കുവിൻ! 2

സമീപിച്ചിരിയ്ക്കുന്ന പുലർകാലത്തു നിങ്ങളുടെ രഥത്തെ സുഖേന പൂട്ടപ്പെട്ട വൃഷാക്കഠം ഇങ്ങോട്ടു തിരിയ്ക്കട്ടെ—അശ്വികളേ, തുനിയ കടിഞ്ഞാണും ധനവുമുള്ള രഥത്തെ നിങ്ങഠം തണ്ണീരിയന്ന കുതിരകളെക്കൊണ്ടു വലിപ്പിയ്ക്കുവിൻ! 3

നൃപാലകരേ, മൂന്നു നുകത്തണ്ടോടും ധനത്തോടും കൂടിയ, പകലിലെയ്ക്കു പോകുന്ന പള്ളിത്തേരുണ്ടല്ലോ, നിങ്ങഠംക്ക്; നാസത്യന്മാരേ, അതിലൂടേ ഞങ്ങളിൽ വന്നെത്തുവിൻ: വസിഷ്ഠൻ നിങ്ങളെ സ്തുതിയ്ക്കുന്നു! 4

---

സൂക്തം 71.

1. കറുമ്പി—രാത്രി. അശ്വധനർ, ഗോധനർ—അശ്വങ്ങളെയും ഗോക്കളെയും നല്ലുന്നവർ എന്നൎത്ഥം. പകയൻ—പകയുള്ളവൻ, ദ്രോഹി.

3. വൃഷാക്കഠം—വൎഷകങ്ങളായ അശ്വങ്ങഠം. തണ്ണീരിയന്ന—ജലപ്രദങ്ങളായ എന്നൎത്ഥം..

4. നൃപാലകർ—യജമാനരക്ഷകർ.

Digitized By Kerala Sahitya Akademi

നിങ്ങൾ ച്യവനനെ വാൎദ്ധക്യത്തിൽനിന്നു മോചിപ്പിച്ചു; പേ
ദുവിന് ഒരു ശീഘ്രാശ്വത്തെ കല്പിച്ചുകൊടുത്തു; അത്രിയെ ഉമിത്തി
യ്യിൽനിന്നും ഇരുട്ടിൽനിന്നും കരയേററി; ജാഹുഷനെ കൈവിട്ടുപോയ
രാജ്യത്തു വീണ്ടും വാഴിച്ചു! 5

അശ്വികളേ, ഇതാ, സ്തോത്രം—ഇതാ, സ്തുതി: വൃഷാക്കളേ,
ഈ ശോഭനസ്തവം നിങ്ങൾ കേൾക്കുവിൻ. നിങ്ങളെക്കുറിച്ചുള്ള ഈ
കൎമ്മങ്ങൾ നിങ്ങളിലണയട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,
പ്പൊഴുമെങ്ങളെ!' 6

---

## സൂക്തം 72.

### ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

കമനീയമായ കാന്തികൊണ്ടും തിരുവുടൽകൊണ്ടും ശോഭിക്കുന്ന
നാസത്യരേ, നിങ്ങൾ സമ്പത്തേററിയ കാള-കുതിരത്തേരിലൂടേ വന്നാ
ലും: വളരെ സ്തുതികൾ നിങ്ങളെ സേവിക്കുന്നു! 1

നാസത്യരേ, നിങ്ങൾ ഒരേപ്രീതി പൂണ്ടു, ദേവന്മാരോടുകൂടി,
തേരിൽ ഞങ്ങളുടെ അടുക്കലെയ്ക്കു വരുവിൻ നിങ്ങളും ഞങ്ങളും തമ്മി
ലെസ്സഖ്യം അച്ഛൻവഴിക്കുള്ളതാണ്: ഒരാളാണ്, (നമ്മുടെ) പിതാമ
ഹൻ; അതു നിങ്ങൾ ഓൎക്കേണമേ! 2

സ്തോത്രങ്ങൾ അശ്വികളെയും, ബന്ധുക്കളായ പ്രൌഢകൎമ്മ
ങ്ങൾ ഉഷോദേവികളെയും ഉണൎത്തുന്നു. മേധാവി ഈ സ്തുത്യകളായ
ദ്യാവാപൃഥിവികളെ പരിചരിച്ചു, നാസത്യരെ നേരിട്ടു സ്തുതിക്കുന്നു 3

---

5. പേദു—ഒരു രാജാവ്: ഒന്നാംമണ്ഡലത്തിലുണ്ട്.

സൂക്തം 72.

1. കാള-കുതിരത്തേർ—കാളകളെയും കുതിരകളെയും പൂട്ടിയ രഥം.

2. അച്ഛൻ—അശ്വികളുടെ അച്ഛൻ, സൂൎയ്യനും വസിഷ്ഠൻെറ അച്ഛൻ, വരുണനുമാകുന്നു. ഒരാൾ—കശ്യപൻ: കശ്യപൻെറ പുത്രന്മാരാണ്, സൂൎയ്യവരുണന്മാർ; അതിനാൽ അശ്വികളുടെയും വസിഷ്ഠൻെറയും പിതാമഹൻ, കശ്യപൻ തന്നെ.

3. ബന്ധുക്കൾ—പ്രിയതരങ്ങൾ. മേധാവി—വസിഷ്ഠൻ.

Digitized By Kerala Sahitya Akademi

അശ്വികളേ, ഉഷസ്സ് പുലരുന്നു; നിങ്ങൾക്കായി സ്തോതാക്കൾ സ്തോത്രങ്ങൾ സംഭരിയ്ക്കുന്നു; ദേവൻ സവിതാവു തേജസ്സയയ്ക്കുന്നു; അഗ്നികളും ജ്വലിപ്പിയ്ക്കപ്പെട്ടു, ഋലോം സ്തുതിയ്ക്കപ്പെടുന്നു. 4

നാസത്യരേ, അശ്വികളേ, നിങ്ങൾ പടിഞ്ഞാറുനിന്നും, കിഴക്കുനിന്നും, തെക്കുനിന്നും, വടക്കുനിന്നും—എല്ലാടത്തുനിന്നും—പഞ്ചജനഹിതമായ സമ്പത്തോടേ വരണെത്തുവിൻ. നിങ്ങൾ 'സ്വസ്തിയാൽ പ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

---

## സൂക്തം 73.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ദേവകാമരായി സ്തോത്രം ചൊല്ലുന്ന ഞങ്ങൾ ഈ തമസ്സിൻെറ അപ്പുറത്തെത്തിച്ചേർന്നു: ബഹുകർമ്മാക്കളായി, പ്രവൃദ്ധരായി, പണ്ടേ ജനിച്ചവരായി, അമർത്ത്യരായിരിയ്ക്കുന്ന അശ്വികളെ സ്തോതാവു വിളിയ്ക്കുന്നു. 1

ഇതാ, പ്രിയഹോതാവായ മനുഷ്യൻ ഉപവിഷ്ടനായി: നാസത്യരേ, അശ്വികളേ, യജിയ്ക്കുകയും സ്തുതിയ്ക്കുകയും ചെയ്യുന്നവൻെറ മധു നിങ്ങൾ അരികത്തിരുന്നു നുകരുവിൻ! ഞാൻ അന്നമെടുത്തു നിങ്ങളെ യാഗത്തിലെയ്ക്കു വിളിയ്ക്കുന്നു. 2

വളരെച്ചൊല്ലുന്ന നമ്മൾ വരുന്നവൎക്കു ഹവിസ്സു കൂട്ടുക. വൃഷാക്കളേ, നിങ്ങളിരുവരും ഈ നല്ല സ്തോത്രം കേൾക്കുവിൻ: സ്തുതികൾ പാടുന്ന വസിഷ്ഠൻ, അയയ്ക്കപ്പെട്ട ഒരു ദൂതനെന്നപോലെ നിങ്ങളെ അറിയിയ്ക്കുന്നു. 3

---

## സൂക്തം 73.

1. തമസ്സിൻെറ അപ്പുറത്ത്—പ്രഭാതവെളിച്ചത്തിൽ. സ്തോതാവ്—വസിഷ്ഠൻ.

2. മധു—മധുരസോമം. അന്നം—ഹവിസ്സ്.

3. ഋത്വിക്കുകളോട്: ചൊല്ലുന്ന—സ്തോത്രം. വരുന്നവൎക്ക്—ദേവന്മാൎക്ക്. അനന്തരവാക്യങ്ങൾ പ്രത്യക്ഷോക്തി: അറിയിയ്ക്കുന്നു—വേഗം വരാൻ ക്ഷണിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

തടിച്ച്, കൈക്കരുത്തുള്ള, രാക്ഷസഘ്നരായ ആ ഹവിർവ്വാഹി
കൾ ഞങ്ങളുടെ ആളുടെ അടുക്കൽ വന്നെത്തട്ടെ: നിങ്ങളിരുവരും മത്തു
ണ്ടാക്കുന്ന അന്നങ്ങളിലെത്തുവിൻ; ഞങ്ങളെ വലയ്ക്കരുത്; മംഗളത്തോ
ടേ വരുവിൻ! 4

നാസത്യരേ, അശ്വികളേ, നിങ്ങൾ പടിഞ്ഞാറുനിന്നും, കിഴ
ക്കുനിന്നും, തെക്കുനിന്നും, വടക്കുനിന്നും—എല്ലാടത്തുനിന്നും—പഞ്ചജ
നഹിതമായ സമ്പത്തോടേ വന്നെത്തുവിൻ. നിങ്ങൾ 'സ്വസ്തിയാൽ
പ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

---

## സൂക്തം 74.

വസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ;
അശ്വികൾ ദേവത.

(പാന.)

അശ്വികളേ, വിളിയ്ക്കുന്നു, വിൺവാഴ്ച-
യ്ക്കിച്ഛയാളുമീയാളുകൾ നിങ്ങളെ.
ഞാനുമുണ്ടിതാ, കർമ്മസമ്പന്നരേ,
ത്രാണനാർത്ഥം വിളിയ്ക്കുന്നു, നിങ്ങളെ:
വന്ദ്യരാം നിങ്ങൾ മർത്ത്യങ്കൽ മർത്ത്യങ്കൽ
വന്നണയുവോരല്ലോ, വസുക്കളേ! 1
ചിത്രമാം ധനം നിങ്ങളിലുള്ളതി-
സ്സ്തവന്നു കൊടുപ്പിൻ, പുരോഗരേ;

---

4. ഹവിർവ്വാഹികൾ—അശ്വികൾ. ആളുടെ—ഋത്വിക്കിന്റെ. അടുത്ത വാക്യങ്ങൾ പ്രത്യക്ഷോക്തി: അന്നങ്ങൾ—സോമങ്ങൾ. മംഗളം=നല്ലത്; ധനമെന്നർത്ഥം.

സൂക്തം 74.

1. വിൺവാഴ്ച (സ്വർഗ്ഗവാസം) ആഗ്രഹിയ്ക്കുന്ന ഈ ആളുകൾ—ഋത്വിക്കുകൾ. കർമ്മസമ്പന്നർ—കർമ്മമാകുന്ന ധനത്തോടുകൂടിയവർ. ത്രാണനാർത്ഥം=രക്ഷയ്ക്കുവേണ്ടി.

Digitized By Kerala Sahitya Akademi

തേർ തെളിപ്പിനിങ്ങോട്ടൊരേഹത്തൊടേ;
മാധ്വരിയാർന്ന സോമം കുടിയ്ക്കുവിൻ! 2

വന്നരികത്തിരിപ്പിന,ശ്വികളേ;
ഇന്നറുംനീർ കുടിപ്പിൻ, ജിതാർത്ഥരേ;
നിങ്ങൾ വർഷകർ തണ്ണീർ കറക്കുവിൻ;
ഞങ്ങളെ വലയ്ക്കൊല്ല, വന്നെത്തുവിൻ! 3

അഗ്ര്യർ നിങ്ങൾക്ക ഹവ്യദൻെറ ഗൃഹ-
ത്തെയ്ക്ക കൊണ്ടുപോമശ്വങ്ങളുണ്ടല്ലോ;
ആ ഹയങ്ങളെപ്പായിച്ചു, ഞങ്ങളി-
ലീഹയോടശ്വിദേവരേ, വന്നാലും! 4

അന്നമുണ്ടൊരുക്കന്നു, നാസത്യരാ-
മശ്വികളേ, പ്രപന്നരാം സൂരികൾ;
ഹവ്യവിത്തരാമെങ്ങൾക്ക നല്കുവി,-
നവ്യയമാം യശസ്സും ഭവനവും! 5

ആൾകളിൽവെച്ചു കർമ്മിപാലരെവർ
തേർകൾപോലെത്തു,മന്യസ്വനിസ്സ്പൃഹർ;
തൻകരുത്താൽത്തഴയ്ക്കു,മാ നേതാക്കൾ;
തക്ക സദ്മത്തിൽ വാഴ്ക്കയും ചെയ്തിടും! 6

---

2. സുസ്തവൻ—നന്നായി സ്തുതിയ്ക്കുന്നവൻ. പുരോഗർ—നേതാക്കൾ. ഒരേഹത്തൊടേ—ഏകമനസ്സോടേ. മാധ്വരീ=മാധുര്യം.

3. ജിതാർത്ഥർ=അർത്ഥം (ശത്രുധനം) അടക്കിയവർ. തണ്ണീർ കറക്കുവിൻ—മഴ പെയ്യിയ്ക്കുവിൻ.

4. അഗ്ര്യർ—നേതാക്കളായ. ഈഹ=ഇച്ഛ.

5. പ്രപന്നർ—സ്തുതികൾകൊണ്ടു നിങ്ങളെ പ്രാപിച്ചവർ. സൂരികൾ—സ്തോതാക്കൾ. ഹവ്യവിത്തർ=ഹവിർദ്ധനന്മാർ. അവ്യയം=അനശ്വരം.

6. കർമ്മിപാലർ—ഋത്വിക്കുകളെ രക്ഷിയ്ക്കുന്നവർ. തേർകൾപോലെത്തും—സാമാനങ്ങൾ കേററിയ വണ്ടികൾ ഉടമസ്ഥങ്കലെന്നപോലെ, നിങ്ങളിൽ ഹവിസ്സുകളുമായി എത്തും. അന്യസ്വനിസ്സ്പൃഹർ=പരധനത്തിൽ കാംക്ഷയില്ലാത്തവർ. നേതാക്കൾ—യജമാനന്മാർ. സദ്മം=ഗൃഹം.

Digitized By Kerala Sahitya Akademi

## സൂക്തം 75.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ് ദേവത.
(കാകളി)

വാനിലുദിച്ചു പുലർന്നുഷസ്സ്, കതിർ-
ച്ചേണിനാൽ പ്രാഭവം കാട്ടി വന്നെത്തിനാൾ;
മാററാരെയും പാഴിരുട്ടിനേയും മുടി-
ച്ചേററം നടന്നു തുറന്നാൾ, വഴികളെ! 1

ഞങ്ങൾക്കുഷസ്സേ, മഹാസുഖം നല്കു, നീ;
തുംഗസൌഭാഗ്യത്തിലാക്കുകി,ന്നെങ്ങളെ;
ചിത്രം യശോധനം ചേർക്ക,'നരഹിതേ,
മർത്ത്യരാമെങ്ങളിൽദ്ദേവി, സാന്നാനെയും! 2

കാണപ്പെടേണ്ടുമുഷസ്സിന്റെ ചിത്രമാം
ഹാനിയില്ലാത്താക്കതിർച്ചാർത്തു വന്നിതാ,
ദേവകൾക്കുള്ള കർമ്മങ്ങൾ തുടങ്ങിച്ചു,
മൂവാനിടത്തിൽ നിറഞ്ഞു പരക്കയായ്! 3

പാരിനെപ്പാലിക്കുമാ വിൺമകളിതാ,
ദൂരത്തുനിന്നുമൊരുങ്ങി,പ്പൊടുന്നനെ,
ചുററിനടക്കുന്നു, ഭൂതങ്ങൾതൻ വെളി-
വുററുനോക്കിക്കൊണ്ടു പഞ്ചജനങ്ങളിൽ! 4

---

### സൂക്തം 75.

1. പ്രാഭവം— മഹത്ത്വം. മാററാർ—നമ്മെ ദ്രോഹിക്കുന്നവർ. തുറന്നാൾ—പ്രാണികളുടെ ജോലികൾക്ക്.

2. യശോധനം=യശസ്സോടുകൂടിയ ധനം. സാന്നനെയും ചേർക്ക—അന്നവാനായ പുത്രനെയും കിട്ടിക്കുക.

3. ഹാനിയില്ലാത്ത—അനശ്വരമായ. ആ—പ്രസിദ്ധമായ. തുടങ്ങിച്ചു—പ്രഭാതത്തിലാണല്ലോ, ദേവകർമ്മങ്ങൾ ആരംഭിക്കുക. മൂവാനിടത്തിൽ—അന്തരിക്ഷത്തിന്റെ വായു-മേഘ-പക്ഷികൾക്കാലംബങ്ങളായ മൂന്നിടങ്ങളിൽ.

4. വിണ്മകൾ—ഉഷസ്സ്. ഭൂതങ്ങൾ=പ്രാണികൾ. നോക്കിക്കൊണ്ടു—സാക്ഷിത്വേന.

Digitized By Kerala Sahitya Akademi

ഭൂര്യന്നയുക്ത, മഘോനി, ചിത്രധന,
സൂര്യന്റെ മങ്ക, വസുദ്രവിണോശ്വരി,
വാദ്ധക്യകർത്ത്രി,യൃഷിസ്തുത, യഷ്ടാക്കൾ
വാഴ്ത്തുമുഷസ്സു വെളിച്ചം വിതയ്ക്കുയായ്! 5
ആവിർഭവിച്ചു, വിളങ്ങുമുഷസ്സിനെ-
യാവഹിയ്ക്കും വിചിത്രോജ്ജ്വലവാജികൾ;
വൈവിധ്യമാന്ന തേരേറിഗ്ഗമിയ്ക്കുന്നു,
സേവകക്കായ് രത്നമേന്തി പ്രഭാവതി! 6
സത്യരും യാജ്യരുമായ വൻദേവരോ-
ടൊത്തിജ്യയാമുഷോദേവി സത്യവതി
സുസ്ഥിരവും പിളർത്തുകുന്നു, പൈക്കൾക്കു
വൃത്തി, പശുക്കൾ കൊതിയ്ക്കും പെരിയവൾ! 7
ഞങ്ങൾക്കുഷസ്സേ, തരിക, വീരാശ്വഗോ-
സംഗതമാം ധനം, ധാരാളമന്നവും;
മർത്ത്യരിൽ നിന്ദ്യമാകായ്കെ,ങ്ങൾതൻ മഖം;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 8

---

5. മഘോനി—ഉഷസ്സിന്റെ ഒരു പേർ. ഇത്തരം ശബ്ദങ്ങൾ മുമ്പു വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ട്. വസുദ്രവിണോശ്വരി—സാധാരണധനങ്ങളുടെയും ഉൽകൃഷ്ടസമ്പത്തിന്റെയും സ്വാമിനി.

6. ആവഹിയ്ക്കും—ഉഷസ്സിന്റെ തേർ വലിയ്ക്കുന്ന. സേവകക്കായ്—പരിചരിയ്ക്കുന്നവർക്കു കൊടുക്കാൻ.

7. വൻദേവർ=മഹാന്മാരായ ദേവന്മാർ. ഈജ്യ=യജനീയ. സുസ്ഥിരവും—ഉറപ്പേറിയ ഇരുട്ടുപോലും. വൃത്തി=ജീവനം, മേച്ചിൽപ്പുറം; രാവിലെയാണല്ലോ, പൈക്കൾ മേഞ്ഞുതുടങ്ങുക. പശുക്കൾ—മാടുകളും, ഇരുട്ടിലകപ്പെട്ട മററു പ്രാണികളും.

8. വീരാശ്വഗോസംഗതം=പുത്രരോടും അശ്വങ്ങളോടും ഗോക്കളോടും കൂടിയത്. പാലിപ്പിൻ—ഉഷസ്സുകളായ നിങ്ങൾ.



Digitized By Kerala Sahitya Akademi

ആളുകളഗ്നിയെസ്സംജ്വലിപ്പിയ്ക്കയാ;-
യാളിന തേജസ്സകറ്റീ തമസ്സിനെ! 1
പാരിന്നുനേരേ പരന്നുദിച്ചെത്തു,ജ്ജ്വല്യ-
മേറിയ വെൺപട്ടുടുത്തു തടിച്ചിയായ്,
പൊന്നാളിദർശനീയാംഗി, ഗോമാതാവു
മിന്നീ, പകലിനെക്കൊണ്ടുവരുന്നവൾ! 2
ദേവദൃക്കേന്തുമുഷസ്സു,ഴകേറിയ
തൂവെൺകുതിരയെക്കൊണ്ടുവരുന്നവൾ
രശ്മിയാൽ സ്പഷ്ടമേ കാണായ്, വിചിത്രാർത്ഥ,
വിശ്വത്തിന്നായിത്തടിച്ച സുഭഗയാൾ! 3
സ്വത്തണച്ചു,സ്തവിദ്വിട്ടായ്പ്പുലർന്നരുൾ-
ക;-ത്രാസമാക്കുകെ,ങ്ങൾക്ക വൻഗോനിലം;
ശത്രുവെപ്പായിയ്ക്കുകാ,ഹരിയ്ക്കു, ധനം;
സംസ്തവന്നെത്തിയ്ക്കു, വിത്തം മഘോനി, നീ! 4
തുംഗഭാസ്സോടേ പുലരുകെ,ങ്ങൾക്ക നീ:-
യെങ്ങൾക്കുഷോദേവി, വാഴ്പിയ്ക്കു, ജീവിതം;

---

സൂക്തം

1. അന്തികേ—സൂര്യസമീപത്ത്. മൈനക=ചെറുപ്പക്കാരി, യുവതി. വിളങ്ങിനാൾ—ഉഷസ്സ് തേജസ്സ്—അഗ്നിയുടെയോ, ഉഷസ്സിൻെറയോ.

2. വെൺപട്ട്—സ്വച്ഛതേജസ്സ്. തടിച്ചിയായ്—ദേഹപുഷ്ടി കൂട്ടുമല്ലോ, വസ്ത്രമുടുത്താൽ. ഗോമാതാവു—ഗോക്കളെ മേയാനയയ്ക്കുന്നതുകൊണ്ട്; ഗോക്കളുടെ (വാക്കുകളുടെ) ജനയിത്രി എന്നും അർത്ഥമെടുക്കാം. പുലർകാലത്താണല്ലോ, പക്ഷികളും മററും ശബ്ദം പുറപ്പെടുവിച്ചുതുടങ്ങുക.

3. ദേവദൃക്ക്—ദേവന്മാരുടെ കണ്ണായ തേജസ്സ്. തൂവെൺകുതിര—ഗമനശീലനായ സൂര്യൻ. വിചിത്രാർത്ഥ=വിചിത്രമായ ധനത്തോടുകൂടിയവൾ. വിശ്വത്തിനായി—ലോകവ്യവഹാരങ്ങൾക്കായി. തടിച്ച—വിശാലയായിച്ചമഞ്ഞ.

4. സ്വത്തണച്ച്—ധനം ഞങ്ങളുടെ അടുക്കലെത്തിച്ച് അസ്തവിദ്വിട്ടായ്—ഞങ്ങളുടെ ശത്രുവിനെ അകററി. വൻഗോനിലം—വലിയ മാടുമേച്ചിൽപ്പുറം. അത്രാസം=ഭയരഹിതം. ശത്രുവെ—ഞങ്ങളെ ദ്രോഹിയ്ക്കുന്നവനെ. ആഹരിയ്ക്കു, ധനം—ശത്രുവിൻെറ ധനം ഞങ്ങൾക്ക കൊണ്ടുവന്നാലും. സംസ്തവന്ന്—സ്തുതിയ്ക്കുന്ന എനിയ്ക്ക്.

Digitized By Kerala Sahitya Akademi

ഞങ്ങൾക്ക വിശ്വവരേണ്യ, രഥാശ്വഗോ-
സംഗതസമ്പത്തുമന്നവും നല്ക, നീ! 5
വിണ്ണിന്മകളാമുഷസ്സേ, സുജാതയാം
നിന്നെ വളൎപ്പൂ, വസിഷ്ഠർ നുതികളാൽ.
ഉദ്യന്മഹാധനം ചേൎക്ക, നീ ഞങ്ങളിൽ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

## സൂക്തം 78

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി.)

മുന്നടയാളങ്ങൾ കാണപ്പെടുന്നുണ്ടു:
മിന്നുന്നു, മേല്പോട്ടുഷസ്സിൻെറ രശ്മികൾ;
ഇങ്ങോട്ടു പോരും തിളങ്ങുന്ന വൻതേരി-
ലെങ്ങൾക്ക കൊണ്ടുവരുന്നു, സമ്പത്തിവൾ! 1
ദീപ്തിപൂണ്ടഗ്നി പടരുന്നു, ചുററുമേ;
സ്തോത്രങ്ങൾ പാടുന്നു, മേധാവിയാം ജനം;
യാത്രചെയ്വൂ, മഹസ്സാലിരുട്ടമഘ-
ച്ചാൎത്തുമശേഷം മുടിച്ചുഷോദേവിയാൾ! 2
കാണപ്പെടുന്നു, കിഴക്കുഭാഗത്തിതാ,
കാന്തി പരത്തിപ്പുലരുമുഷസ്സവൾ:
പെററാൾ, പകലോനെ, യജ്ഞത്തെ,യഗ്നിയെ;-
യററുപോയ്, ദ്രോഹിയും നീചവുമാമിരുൾ! 3

---

5. ജീവിതം വായ്പിക്കൂ—ആയുസ്സു വൎദ്ധിപ്പിച്ചാലും.
6. ഉദ്യന്മഹാധനം=വിളങ്ങുന്ന വലിയ സമ്പത്ത്

സൂക്തം 78.

2. യാത്രചെയ്വൂ—മേല്പോട്ടു പോകുന്നു. അഘച്ചാൎത്തും—നമ്മുടെ ദുരിതസമൂഹവും. അശേഷം=മുഴുവൻ.

3. പെററാൾ—പകലോനും യജ്ഞവും അഗ്നിയും ഉഷസ്സുദിപ്പിന്നുശേഷമാണല്ലോ, വെളിപ്പെടുന്നത്. ദ്രോഹി=ദ്രോഹിക്കുന്നത്. നീചം=നികൃഷ്ടം.

Digitized By Kerala Sahitya Akademi

ആവിർഭവിച്ചു, മഘോനി, വിണ്ണിന്മക;-
ളേവരും കാണ്മൂ, പുലരുമുഷസ്സിനെ;
സാധുയുക്തങ്ങളശ്വങ്ങൾ വലിയ്ക്കുന്ന
തേർതന്നിലന്നവും വെച്ചു കരേറിനാൾ! 4
അങ്ങയെയിന്നാൾതെളിഞ്ഞു പുകഴ്ത്തുന്നു,
ഞങ്ങൾതൻ കൂട്ടരും, ഹവ്യാഢ്യർ ഞങ്ങളും:
ഉദ്യദുഷസ്സുകളെണ്ണ തേപ്പിയ്ക്കുവിൻ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5.

---

## സൂക്തം 79.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ഭംഗ്യാ പുലന്നു ജഗൽപഥ്യയാമുഷ-
സ്സിങ്ങണ്വു ജാതിയ്ക്കുണച്ചവരുത്തിനാൾ;
ഭാനുവിൽച്ചെന്നാളൊ,ളി വായ്ച്ച ഗോക്കളാൽ;
വാനാഴികളെത്തെളിയിച്ചു, സൂര്യനും! 1
വാനിനു ചുററും പ്രഭ ചേർത്തുഷസ്സുകൾ,
സേനകൾപോലേ തുടങ്ങുന്നു, വിക്രമം:
നീക്കുന്നു, നിൻകതിരല്ലിനെ;-ദ്ദീപ്തിയെ
നീട്ടുന്നു, ഭാസ്കരൻ കൈകളെപ്പോലവേ! 2

---

4. സാധുയുക്തങ്ങൾ=വഴിപോലെ പൂട്ടപ്പെട്ട. അന്നം—ഞങ്ങൾക്ക തരാൻ.

5. കൂട്ടർ—ഋത്വിക്കുകൾ. ഹവ്യാഢ്യർ—ഹവിസ്സമ്പന്നർ. ഉദ്യദുഷസ്സുകൾ= പുലരുന്ന ഉഷസ്സുകളായ നിങ്ങൾ. എണ്ണ തേപ്പിയ്ക്കുവിൻ—ലോകത്തെ, എണ്ണ തേപ്പിച്ചതുപോലെ മിന്നിയ്ക്കുവിൻ.

സൂക്തം 79.

1. ജഗൽപഥ്യ—പ്രാണികൾക്കെല്ലാം പന്ഥാവിൽ (വഴിയിൽ) ഉപകരിയ്ക്കുന്നവൾ, സഞ്ചാരാനുകൂല. ഗോക്കളാൽ—ചെമന്ന ഗോക്കളാണ്, ഉഷസ്സിന്റെ വാഹനങ്ങൾ എന്ന് അനേകത്ര പ്രസ്താവിച്ചിട്ടുണ്ട്.

2. വിക്രമം തുടങ്ങുന്നു—തമസ്സിനെ ജയിപ്പാൻ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി:

Digitized By Kerala Sahitya Akademi

വിണ്ണിന്മകളാമുഷസ്സു മഹേശ്വരി-
യന്നം ചമച്ചാൾ, പുലർന്നു ശുഭത്തിനായ്;
ചെമ്മേ ചരിയ്ക്കും മഘോനിയാം ദേവി സൽ-
ക്കർമ്മശീലന്നരുളുന്നു, ധനങ്ങളെ! 3

എത്ര നീയേകി,യുഷസ്സേ, പുകഴ്ത്തുവോ-
ർക്കെത്ര ധനം നല്ക, വാഴ്ത്തുമെങ്ങൾക്കുമേ:
സ്തോത്രഘോഷംകൊണ്ടേറിയപ്പെട്ടനാ നീ
പോയ്ത്തുറന്നാല്ലോ, ദൃഢാദ്രിതൻ വാതിലും! 4

സൂരിയെസ്സൂരിയെ സ്വത്തിന്നിറക്കിയും,
സൂക്തികളെങ്ങൾക്കയച്ചും പുലർന്ന നീ
ശ്രദ്ധവെയ്ക്കേണമേ, ഞങ്ങൾക്ക നല്കുവാൻ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

---

## സൂക്തം 80.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

സ്തോത്രവാക്യങ്ങൾകൊണ്ടാ,ന്നാമരായ്നിന്നു
പേർത്തുണർത്തുന്നു, വസിഷ്ഠർ, മേധാവികൾ,
അററങ്ങളൊന്നായ വാനൂഴികൾ വിട്ട-
ത്തിട്ടു,ലകൊട്ടുക്ക കാട്ടുമുഷസ്സിനെ! 1

സ്വീയതേജസ്സാൽ നിഗൂഢതമസ്സറു-
ത്താ യൌവനസ്ഥയുഷസ്സിതാ, വ്യക്തയായ്:

---

3. ശുഭത്തിനായ് അന്നം ചമച്ചാൾ—വെളിപ്പെടുത്തി.

4. ദൃഢാദ്രി—പണികൾ ഗോക്കളെ ഒളിപ്പിച്ച ഉറപ്പുള്ള പർവതഗുഹ.

5. സൂരി—സ്തോതാവ്. സ്വത്തിന്ന്—ധനം നേടാൻ. നല്കുവാൻ—ധനം തരുവാൻ.

സൂക്തം 80.

1. ഒന്നാമരായ്നിന്നു—മററു യജമാനരെക്കാൾ മുമ്പെ. അററങ്ങളൊന്നായ—അററങ്ങളിൽ ഒട്ടിപ്പിടിച്ചിരുന്ന. വിട്ടത്തിട്ട്—വേർപെടുത്തി.

Digitized By Kerala Sahitya Akademi

ലാത്തുന്നു, മുന്നിൽ നില്ലുജ്ജയുവതിയായ്;–
പ്പേർത്തറിയിയ്ക്കുന്നു, യജ്ഞാഗ്നിസൂര്യരെ! 2
ഗോവാജിവീരരെ നല്കിയുമംഭസ്സു
ഛുവിയു,മെങ്ങും തഴച്ചും, ശുഭകളായ്
നിത്യം പുലരട്ടെ, ഞങ്ങൾക്കുഷസ്സുകൾ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

അഞ്ചാമധ്യായം സമാപ്തം.

## ആറാമധ്യായം.

### സൂക്തം 81.

റസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഉഷസ്സ് ദേവത.

(പാന.)

പേർത്തുഴന്നാളിവന്നു, വെളിച്ചവും
ചേർത്തുകാണായി, വിണ്ണുലകിൻമകൾ:
കൂരിരുട്ടിനെപ്പോക്കുന്നു, കാഴ്ചയ്ക്കായ്;
വാരൊളി പരത്തുന്നു, സുനേത്രിയാൾ! 1

സൂരനൊപ്പമയയ്ക്കുന്നു രശ്മികൾ;
താരകങ്ങൾക്കു ശോഭയരുളുന്നു.
അക്കുന്നമിവിടുന്നും പുലരുമ്പോ–
ളുന്നമെങ്ങൾക്കുഷസ്സേ, ലഭിയ്ക്കാവൂ! 2

---

2. യൌവനസ്ഥ=യുവതി. മുന്നിൽ—സൂര്യന്റെ. നിർല്ലജ്ജയുവതിയായ്—ഒരു ലജ്ജയില്ലാത്ത യുവതി ഭർത്താവിന്റെ മുമ്പിൽ ലാത്തുന്നതുപോലെ. യജ്ഞാഗ്നിസൂര്യരെ അറിയിയ്ക്കുന്നു—കർമ്മാരംഭം.

സൂക്തം 81.

1. സുനേത്രി=വഴിപോലെ നയിയ്ക്കുന്നവൾ.

2. ഒപ്പം—ഒന്നിച്ചുതന്നെ. താരകങ്ങൾ=നക്ഷത്രങ്ങൾ.

Digitized By Kerala Sahitya Akademi

ഭൂരികാമ്യങ്ങൾ കൊണ്ടുവന്നു,ധ്വരി-
യ്ക്കാരരുളുമോ, രത്നവും സൌഖ്യവും;
അമ്മഘോനിയാം നിന്നെയുണർത്താവൂ,
വിണ്മകളാമുഷസ്സേ, ദ്രുതരെങ്ങൾ! 3

കൂരിരുൾ മായ്ച്ചു,ണർച്ചയും കാഴ്ചയും
പാരിനേകമുദാരയാം നിന്നോടായ്
സ്വത്തിരക്കുന്നു, ഞങ്ങൾ മഹാദേവി;
പുത്രരമ്മയ്ക്കുപോലാക, ഞങ്ങൾ തേ! 4

ചിത്രവും ദീർഘകീർത്തികരവുമാം
സ്വത്തുഷസ്സേ, തരിക, വിൺപുത്രി, നീ:
മർത്ത്യഭോഗ്യങ്ങൾ നിൻപക്കലുള്ളവ-
യത്രയും നല്ക—ഞങ്ങൾ ഭുജിയ്ക്കാവൂ! 5

വാഴ്ത്തുമെങ്ങൾക്ക നല്കു; നീയക്ഷയ-
കീർത്തിയും, പാർപ്പിനനാഗോക്കളെയും;
മേധികൾക്കുണർവേകനാ സൂനൃതോ-
പേതയാമുഷസ്സോടിയ്ക്ക, മാററരെ! 6

---

സൂക്തം 82.

വസിഷ്ഠൻ ഋഷി; ജഗതി ഛന്ദസ്സ്; ഇന്ദ്രാവരുണന്മാർ ദേവത.

ഇന്ദ്രാവരുണന്മാരേ, നിങ്ങൾ ഞങ്ങളുടെ ആളുകൾക്ക യാഗ
ത്തിന വലിയ ഗൃഹം കല്പിച്ചുകൊടുക്കണം; ദീർഘയജ്ഞത്തിലേർപ്പെട്ട

---

ഭൂരികാമ്യങ്ങൾ—സ്പൃഹണീയങ്ങളായ ബഹുധനങ്ങൾ. അധ്വരി=
യജമാന　ദ്രുതർ—ക്ഷിപ്രകാരികൾ.

ഉദാര=ദാനശീല. ഞങ്ങൾ തേ (ഭവതിയ്ക്കു), പുത്രർ അമ്മയ്ക്കെന്ന
പോലെ　ഇഷ്ടപ്പെട്ടവരായിത്തീരട്ടെ.

പാർപ്പിന്ന്=വാസത്തിന്ന്, പൊറുപ്പിന്ന്. ഉത്തരാർദ്ധം പരോക്ഷോ
കതി: ദ　ികൾ=യഷ്ടാക്കൾ. സൂനൃതോപേത=പ്രിയസത്യവാക്കുകളോടുകൂടിയവൾ.

Digitized By Kerala Sahitya Akademi

വനെ യാവചിലർ ഉപദ്രവിയ്ക്കുമോ, ആ ദുർമ്മതികളെ ഞങ്ങൾ പൊരുതിത്തോല്പിയ്ക്കുമാറാകണം! 1

നിങ്ങളിൽ ഒരാൾ സമ്രാട്ടെന്നും, മററാൾ സ്വരാട്ടെന്നും പറയപ്പെടുന്നു: ഇന്ദ്രാവരുണന്മാരേ, മഹാന്മാരും മഹാധനന്മാരുമാണ്, നിങ്ങൾ. വൃഷാക്കളേ, വലിയ വാനത്തുവെച്ച് ദേവകളെല്ലാവരും ഓജസ്സും ബലവും നിങ്ങളിൽ ചേർത്തിരിയ്ക്കുന്നുവല്ലോ! 2

ഇന്ദ്രാവരുണന്മാരേ, നിങ്ങൾ വെള്ളത്തിൻെറ പഴുതുകൾ തുറന്നു; കതിരോനെ കഴിവുള്ളവനാക്കി വാനത്തെയ്ക്കയച്ചു. വെളിവുണ്ടാക്കുന്ന ഇതിൻെറ മത്തിൽ നിങ്ങൾ നിർജ്ജലനദികളെ നിറയ്ക്കുവിൻ; കർമ്മങ്ങളെ നനയ്ക്കുവിൻ! 3

ഇന്ദ്രാവരുണന്മാരേ, നിങ്ങളെത്തന്നെയാണല്ലോ, ചുമതലക്കാർ പോരുകളിലും പാറാലർപ്പടകളിലും വിളിയ്ക്കാറുള്ളത്; നിങ്ങളെത്തന്നെയാണല്ലോ, ക്ഷേമലബ്ധിയ്ക്കും മുട്ടുമടക്കി വിളിയ്ക്കാറുള്ളത് സ്തോതാക്കളായ ഞങ്ങളും ദിവ്യഭൌമസമ്പത്തുകളുടെ അധീശ്വരരായ, സുഖാഹ്വാതവ്യരായ നിങ്ങളെത്തന്നെ വിളിയ്ക്കുന്നു. 4

ഇന്ദ്രാവരുണന്മാരേ, നിങ്ങളാണല്ലോ, ലോകത്തിലെ ഈ ജീവജാലത്തെയെല്ലാം ബലംകൊണ്ടു നിർമ്മിച്ചത്: വരുണനെ മിത്രൻ ക്ഷേമാർത്ഥം സേവിയ്ക്കുന്നു; ഓജസ്വിയായ മററാൾ മരുത്തുക്കളോടൊന്നിച്ച്, ജലം പൊഴിയ്ക്കുന്നു! 5

മഹത്തായ ധനത്തിന്നുവേണ്ടി ഇരുവരും ഈ ഇന്ദ്രവരുണർക്കുള്ള തനതായ ശാശ്വതബലത്തെ ഉദ്ദീപിപ്പിയ്ക്കുന്നു: ഒരാൾ സ്തുതിയ്ക്കാത്ത ഹിംസകനെ ഹനിയ്ക്കും; മററാൾ അല്പംകൊണ്ട് അനേകരെ അമർത്തും! 6

---

സൂക്തം 82.

1. ആളുകൾ—പുത്രപൌത്രാദികൾ.

2. ഒരാൾ—വരുണൻ. ബലം—ശേഷി.

3. കതിരോനെ—രാഹുഗ്രസ്തനായ സൂര്യനെ. കഴിവ്=ത്രാണി. ഇത്—സോമം. നനയ്ക്കുവിൻ—സഫലീകരിയ്ക്കുവിൻ എന്നർത്ഥം.

4. സുഖാഹ്വാതവ്യർ=സുഖേന വിളിയ്ക്കപ്പെടാവുന്നവർ.

5. മററാൾ—ഇന്ദ്രൻ.

6. ഇരുവരും—യജമാനനും പത്നിയും. ഒരാൾ—വരുണൻ. മററാൾ—ഇന്ദ്രൻ. അനേകരെ—വളരെ വൈരികളെ.

Digitized By Kerala Sahitya Akademi

ഇന്ദ്രാവരുണദേവന്മാരേ, നിങ്ങഠം ആരുടെ യാഗത്തിൽ കാംക്ഷയോടേ എഴുന്നള്ളുമോ, ആ മനുഷ്യന്നു പാപം പററില്ല; ദോഷം വരില്ല; എന്തുകൊണ്ടും സന്താപമുണ്ടാകില്ല. ആ മനുഷ്യനെ ഒരുപദ്രവവും തീണ്ടില്ല! 7

നേതാക്കളായ ഇന്ദ്രാവരുണന്മാരേ, നിങ്ങഠംക്ക് എങ്കൽ പ്രീതിയുണ്ടെങ്കിൽ, ദിവ്യമായ രക്ഷയുംകൊണ്ട് ഇങ്ങോട്ടു വരുവിൻ; സ്തുതി കേഠംക്കുവിൻ. യാതൊരു സഖ്യവും ബന്ധുത്വവും നിങ്ങളുടെപക്കലുണ്ടോ, ആ സുഖസാധനം കല്പിച്ചുതരുവിൻ! 8

ആകൎഷകബലന്മാരായ ഇന്ദ്രാവരുണന്മാരേ, യുദ്ധത്തിൽ യുദ്ധത്തിൽ നിങ്ങഠം ഞങ്ങളുടെ മുന്നണിപ്പോരാളികളാകണം: നിങ്ങളാണല്ലോ, യുദ്ധത്തിൽ അനുദിനം നേതാക്കളാൽ വിളിയ്ക്കപ്പെടുന്നത്; അങ്ങനെതന്നേ, പുത്രപൌത്രലാഭത്തിന്നും! 9

ഇന്ദ്രനും വരുണനും മിത്രനും അൎയ്യമാവും ഞങ്ങഠംക്കു തിളങ്ങുന്ന ധനവും വലിയ വിശാലഗൃഹവും തന്നരുളട്ടെ; യജ്ഞത്തെ വളൎത്തുന്ന അദിതിയുടെ തേജസ്സു ദയചെയ്യട്ടെ; ഞങ്ങഠം സവിതാവായ ദേവന്നു സ്തോത്രം ചൊല്ലുന്നു! 10

---

സൂക്തം 83.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

നേതാക്കളായ ഇന്ദ്രാവരുണന്മാരേ, നിങ്ങളുടെ ബന്ധുത്വവും ഗോലാഭവുമിച്ഛിയ്ക്കുന്നവർ വീതിയുള്ള അശ്വപരശുവുമെടുത്തു കിഴക്കോട്ടു പോകുന്നു. മുടിയ്ക്കുന്നവരും കൎമ്മം നടത്തുന്നവരുമായ ഇരുശത്രുക്കളെയും നിങ്ങഠം ഹനിയ്ക്കണം; സുദാസ്സിനെ രക്ഷിയ്ക്കണം! 1

---

7. കാംക്ഷ—ഹവ്യേച്ഛ.

9. ആകൎഷകബലന്മാർ—എതിരാളികളെ വലിച്ചിഴയ്ക്കുന്ന ബലത്തോടുകൂടിയവർ.

10. ദയചെയ്യട്ടെ—ഞങ്ങളെ ദ്രോഹിയ്ക്കാതിരിയ്ക്കട്ടെ.

സൂക്തം 83.

1. ഇച്ഛിയ്ക്കുന്നവർ—യജമാനന്മാർ. അശ്വപരശു—കുതിരയെല്ലുകൊണ്ടുള്ള ഒരുതരം അരിവാഠം. പോകുന്നു—യാഗത്തിന്നു ദൎഭ കൊയ്തുകൊണ്ടുവരാൻ. സുദാസ്സിനെ—ഈ രാജാവിൻെറ പുരോഹിതനാത്രേ, വസിഷ്ഠൻ.

Digitized By Kerala Sahitya Akademi

യാതൊന്നിൽ ആളുകൾ കൊടി പൊങ്ങിച്ച് ഒത്തുകൂടുമോ, യാതൊന്നിൽ പ്രിയപ്പെട്ടതൊന്നും ഉണ്ടാകില്ലയോ, യാതൊന്നിൽ പ്രാണികളും സ്വർഗ്ഗം കാണുന്നവരും ഭയപ്പെടുമോ; ആ യുദ്ധത്തിൽ, ഇന്ദ്രാവരുണന്മാരേ, നിങ്ങൾ ഞങ്ങളെ പ്രശംസിയ്ക്കണം! 2

ഇന്ദ്രാവരുണന്മാരേ, ഭൂമിയുടെ അററങ്ങൾ ഉടയ്ക്കപ്പെട്ടുകാണുകയും, ആർപ്പ് ആകാശത്തു കേറുകയും, ആൾക്കാരുടെ എതിരാളികൾ എന്നോടടുക്കുകയും ചെയ്യുമ്പോൾ, നിങ്ങൾ വിളി കേട്ടു രക്ഷയുമായി ഇങ്ങോട്ടെഴുന്നള്ളണം! 3

ഇന്ദ്രാവരുണന്മാരേ, നിങ്ങൾ എതിരില്ലാത്ത ഭേദനെ കൊലയായുധംകൊണ്ടു വധിച്ചു, സുദാസ്സിനെ രക്ഷിച്ചു. വെല്ലുവിളിയിൽ ഈ തൃത്സുക്കളുടെ സ്തോത്രവും കേട്ടു. അതിനാൽ, എന്റെ പൌരോഹിത്യം ഫലിച്ചു! 4

ഇന്ദ്രാവരുണന്മാരേ, അരാതിയുടെ ആയുധങ്ങളും, എതിക്കുന്ന ദ്രോഹികളും എന്നെ കഷ്ടപ്പെടുത്തുമ്പോൾ, ആ ദിവസം കടക്കാൻ ഞങ്ങളെ നിങ്ങൾ കാത്തരുളണം: രണ്ടു സമ്പത്തിന്റെയും തമ്പുരാന്മാരാണല്ലോ, നിങ്ങൾ! 5

ഏവയിൽ പത്തരചന്മാരാൽ പരിപീഡിതനായ സുദാസ്സിനെയും തൃത്സുക്കളെയും നിങ്ങൾ സംരക്ഷിച്ചുവോ; ആ യുദ്ധങ്ങളിൽ ഇരുകൂട്ടരും ധനലബ്ധിയ്ക്ക് ഇന്ദ്രവരുണന്മാരായ നിങ്ങളെയാണ് വിളിച്ചത് 6

ഇന്ദ്രാവരുണന്മാരേ, യജ്ഞവിഹീനരായ പത്തു രാജാക്കന്മാർ ഒത്തൊരുമിച്ചിട്ടും സുദാസ്സിനോടു പൊരുതിയില്ലല്ലോ: നേതാക്കളായ ഋത്വിക്കുകളുടെ സ്തുതി സഫലമായി; അവരുടെ യാഗങ്ങളിൽ ദേവകൾ സംബന്ധിച്ചുപോന്നു! 7

---

2. സ്വർഗ്ഗം കാണുന്നവർ—യുദ്ധത്തിൽ ഹതരായി സ്വർഗ്ഗം പ്രാപിയ്ക്കുന്നവർ, വീരന്മാർ. പ്രശംസിയ്ക്കണം—വീഴ്ചം കൂടാതെ.

3. ഉടയ്ക്കപ്പെട്ടു—സൈനികരാൽ. ആൾക്കാർ—എന്റെ ഭടന്മാർ.

4. ഭേദൻ—സുദാസ്സിന്റെ ഒരു ശത്രു. വെല്ലുവിളി—യുദ്ധം. തൃത്സുക്കളും വസിഷ്ഠശിഷ്യരത്രേ.

5. അരാതി=ശത്രു. രണ്ടു—ദിവ്യവും ഭൌമവുമായ.

6. ഇരുകൂട്ടരും—സുദാസ്സും, കൂട്ടുകാരായ തൃത്സുക്കളും.

7. പൊരുതിയില്ലല്ലോ—പൊരുതാൻ ശക്തരായില്ലല്ലോ.

Digitized By Kerala Sahitya Akademi

ഇന്ദ്രാവരുണന്മാരേ, പത്തരചന്മാരാൽ എമ്പാടും പരിവൃതനായ സുദാസ്സിനെ നിങ്ങൾ പ്രബലനാക്കി: അവിടെ, നിർമ്മലരും ജടാധാരികളും കർമ്മികളുമായ ത്രത്സുക്കൾ ഹവിസ്സുകൊണ്ടും സ്തുതികൊണ്ടും പരിചരിച്ചിരുന്നുവല്ലോ! 8

ഇന്ദ്രാവരുണന്മാരേ, ഒരാൾ ശത്രുക്കളെ യുദ്ധങ്ങളിൽ കൊല്ലും; മററാൾ സദാ കർമ്മങ്ങളെ സംരക്ഷിയ്ക്കും. വൃഷാക്കളേ, ആ നിങ്ങളെ ഞങ്ങൾ വഴിപോലെ സ്തുതിച്ചു വിളിയ്ക്കുന്നു; നിങ്ങൾ ഞങ്ങൾക്കു സുഖം വരുത്തിയാലും! 9

ഇന്ദ്രനും വരുണനും മിത്രനും അര്യമാവും ഞങ്ങൾക്കു തിളങ്ങുന്ന ധനവും വലിയ വിശാലഗൃഹവും തന്നരുളട്ടെ; യജ്ഞത്തെ വളർത്തുന്ന അദിതിയുടെ തേജസ്സ് ദയചെയ്യട്ടെ; ഞങ്ങൾ സവിതാവായ ദേവന്നു സ്തോത്രം ചൊല്ലുന്നു! 10

---

## സൂക്തം 84.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാവരുണന്മാർ ദേവത.

തമ്പുരാന്മാരേ, ഇന്ദ്രാവരുണന്മാരേ, നിങ്ങളെ ഞാൻ ഹവിസ്സുകൊണ്ടും സ്തുതികൊണ്ടും യാഗത്തിൽ കൊണ്ടുവരാം: കയ്യിലെടുത്ത ജുഹു വിവിധരൂപരായ നിങ്ങളുടെ അടുക്കലെയ്ക്കു സ്വയം നടകൊള്ളുന്നു! 1

നിങ്ങളുടെ വലിയ രാജ്യമായ സ്വർഗ്ഗം പ്രീതികരമാകുന്നു. കയറില്ലാക്കെട്ടിൽ കുടുക്കുന്നവരാണല്ലോ, നിങ്ങൾ: വരുണന്റെ അരിശം ഞങ്ങളിലേശരുത്; ഇന്ദ്രനും ഞങ്ങൾക്കു വിശാലമായ ലോകം കല്പിയ്ക്കട്ടെ! 2

നിങ്ങൾ ഞങ്ങളുടെ ഗൃഹങ്ങളിലെ യജ്ഞം ശോഭനമാക്കുവിൻ; സൂരികളുടെ സ്തോത്രങ്ങൾക്കു മേന്മ വരുത്തുവിൻ. ദേവന്മാർ അയച്ച

---

9. ഒരാൾ—ഇന്ദ്രൻ. മററാൾ—വരുണൻ.

സൂക്തം 84.

2. പ്രീതികരം—മഴകൊണ്ട് എല്ലാവരെയും പ്രീണിപ്പിയ്ക്കുന്നത്. കയറില്ലാക്കെട്ട്—രോഗവും മററും. കുടുക്കുന്നവർ—പാപികളെ.

Digitized By Kerala Sahitya Akademi

സമ്പത്തു ഞങ്ങളിലെത്തട്ടെ. നിങ്ങറം സ്പൃഹണീയങ്ങളായ രക്ഷകറം
കൊണ്ടു ഞങ്ങളെ തഴപ്പിയ്ക്കണം! 3

ഇന്ദ്രാവരുണന്മാരേ, നിങ്ങറം ഞങ്ങറംക്ക സർവ്വവരേണ്യമായ
സമ്പത്തും, പാർപ്പിടവും, ധാരാളം അന്നവും തരുമാറാകണം: അദിതി
പുത്രനായ ശൂരൻ അസത്യശീലരെ ഹനിയ്ക്കും; (സ്തോതാക്കറംക്കോ,)
വളരെ ധനം നല്കും! 4

ഞാൻ അയയ്ക്കുന്ന ഈ സ്തുതി ഇന്ദ്രങ്കലും വരുണങ്കലുമെത്തട്ടെ;
പുത്രപൌത്രന്മാരെ പുലർത്തട്ടെ. ഞങ്ങറം നല്ല രത്നങ്ങറം നേടി, യാഗം
കഴിയ്ക്കുമാറാകണം. നിങ്ങറം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെ
ങ്ങളെ!' 5

---

സൂക്തം 85.

ഋഷിച്ഛന്ദോദേവതകറം മുമ്പേത്തവ.

ഇന്ദ്രാവരുണന്മാരേ, ഞാൻ നിങ്ങറംക്ക സോമം ഹോമിച്ച്,
ഉഷോദേവിയെപ്പോലെ ഉജ്ജ്വലിയ്ക്കുന്നതും, രക്ഷസ്സുകറം തീണ്ടിയിട്ടി
ല്ലാത്തതുമായ സ്തുതി വെട്ടപ്പിൽ ചൊല്ലുന്നു: അവരിരുവരും യുദ്ധയാ
ത്രയിൽ ഞങ്ങളെ രക്ഷിയ്ക്കട്ടെ! 1

ഇന്ദ്രാവരുണന്മാരേ, ഈ വെല്ലുവിളിയിൽ ശത്രുക്കറം മത്സരി
യ്ക്കുമല്ലോ: കൊടിക്കൂറകളിൽ ആയുധങ്ങറം വന്നുവീഴുമ്പോറം, നിങ്ങറം
അവരെ, പിന്തിരിയ്ക്കുകയും അങ്ങിങ്ങു പായുകയും ചെയ്യുമാറു, കൊല
യായുധംകൊണ്ടു പരിക്കേല്പിയ്ക്കണം! 2

സ്വയം പുകഴ്ന്ന, തിളങ്ങുന്ന തണ്ണീരുകറം ഇന്ദ്രനും വരുണനുമാ
കുന്ന ദേവതകളെ യാഗശാലകളിലിരുത്തുന്നു: ഒരാറം മനുഷ്യരെ വേ
റുതിരിച്ചുനിർത്തും; മററാറം എതിരില്ലാത്ത വൈരികളെ വധിയ്ക്കും! 3

---

3. ദേവന്മാർ—നിങ്ങളിരുവരും.

4. ശൂരൻ—വരുണൻ.

സൂക്തം 85.

1. ഒടുവിലെ വാക്യം പരോക്ഷം: അവർ—ഇന്ദ്രവരുണർ.

3. തണ്ണീരുകറം—സോമരസങ്ങറം. ഒരാറം—വരുണൻ. മനുഷ്യരെ—
പുണ്യവാന്മാരെയും പാപികളെയും. മററാറം—ഇന്ദ്രൻ.

Digitized By Kerala Sahitya Akademi

അദിതിപുത്രന്മാരേ, ആർ ബലവാന്മാരായ നിങ്ങളെ വണങ്ങുമോ, ആ സുകർമ്മാവായ ഹോതാവിന്നു തണ്ണീർ കിട്ടും; യാതൊരു ഹവിഷ്മാൻ നിങ്ങളെ തർപ്പണത്തിന്നു വരുത്തുമോ, അവൻ അന്നായുക്തനായി സൽഫലം നേടും! 4

ഞാൻ അയയ്ക്കുന്ന ഈ സ്തുതി ഇന്ദ്രങ്കലും വരുണങ്കലുമെത്തട്ടെ; പുത്രപൌത്രന്മാരെ പുലർത്തട്ടെ. ഞങ്ങൾ നല്ല രത്നങ്ങൾ നേടി, യാഗം കഴിയ്ക്കുമാറാകണം. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

---

സൂക്തം 86.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വരുണൻ ദേവത.

മഹത്ത്വംകൊണ്ടു ചിക്കെന്നു ധീരങ്ങളാകും, ഇദ്ദേഹത്തിന്റെ ജനനങ്ങൾ: ഇദ്ദേഹം വാരുററ വാനൂഴികൾ ഉറപ്പിച്ചു; വലിയ സൂര്യനെയും നക്ഷത്രത്തെയും രണ്ടായി കാണുമാറാക്കിപ്പെട്ടുത്തി; പാരിനെ പരത്തി! 1

ഞാൻ സ്വശരീരംകൊണ്ടു സംബന്ധിയ്ക്കുമോ? എന്നു ഞാൻ വരുണന്റെ മനസ്സിൽ പതിയും? എന്റെ ഹവിസ്സ് അരിശപ്പെടാതെ കൈക്കൊള്ളുമോ? സുഖപ്രദനെ എന്നു ഞാൻ മനംതെളിഞ്ഞു കണ്ടെത്തും? 2

വരുണ, കാണാൻ കൊതിയ്ക്കുന്ന ഞാൻ ആ പാപം (എന്തെന്നു) ചോദിയ്ക്കുന്നു. ചോദിപ്പാനായി ഞാൻ വിദ്വാന്മാരുടെ അടുക്കൽ പോവുകയുണ്ടായി; ആ ക്രാന്തദർശികൾ ഒരേമട്ടിലാണ്, എന്നോടു പറഞ്ഞത്:– 'ഈ വരുണൻ ഭവാനിൽ ക്രുദ്ധനായിരിയ്ക്കുന്നു!' 3

---

**സൂക്തം 86.**

1. ഇദ്ദേഹം—വരുണൻ.

2. സംബന്ധിയ്ക്കുമോ—വരുണനോട്. സുഖപ്രദനെ—സുഖം തരുന്ന വരുണനെ.

3. ആ പാപം—ഭവാന്നു ക്രോധം തോന്നത്തക്കവണ്ണം ഞാൻ ചെയ്ത പാപം.

Digitized By Kerala Sahitya Akademi

വരുണ, എന്തൊരു മഹാപരാധം ഞാൻ ചെയ്തുപോയി, സ്തോ
താവായ സഖാവിനെ ഹനിപ്പാൻ അവിടെയ്ക്കു തോന്നത്തക്കവിധം?
ദുർദ്ധർഷ, തേജസ്വിൻ, അതെന്നോടരുളിച്ചെയ്താലും: ഞാൻ സത്വരം
പാപം പോക്കി, നമസ്സോടേ അങ്ങയെ സമീപിയ്ക്കാം. 4

തമ്പുരാനേ, അങ്ങ് പൈതൃകങ്ങളായ ദ്രോഹങ്ങൾ മോചിപ്പി
ച്ചാലും; ഞങ്ങൾ ദേഹംകൊണ്ടു ചെയ്തുപോയവയും മോചിപ്പിച്ചാലും;
മാടുകളെ തീററാൻതുടങ്ങിയ കള്ളനെയെന്നപോലെയും, കയറിൽനി
ന്നു കന്നിനെയെന്നപോലെയും, വസിഷ്ഠനെ മോചിപ്പിച്ചാലും! 5

വരുണ, അതു സ്വന്തം ബലമല്ല, ദൈവഗതിയത്രേ: അതു
മദ്യമാണ്, ക്രോധമാണ്, ചൂതുകളിയാണ്, അജ്ഞാനമാണ് അനു
ജന്റെ അടുക്കൽ ഒരു ജ്യേഷ്ഠനുണ്ട് സ്വപ്നംപോലും പാപജനകമാ
യേയ്ക്കും! 6

ഞാൻ അനപരാധനായിട്ടു, വൃഷാവും ഭരിയ്ക്കുന്നവനുമായ ദേ
വനെ, ഒരു ദാസൻപോലെ തികച്ചും പരിചരിയ്ക്കുമാറാകണം: സ്വാ
മിയായ ദേവൻ അജ്ഞരെ വിജ്ഞരാക്കട്ടെ; മികച്ച കവി സ്തോതാവി
നെ ധനപ്രാപ്തിയ്ക്കിറക്കട്ടെ! 7

അന്നായുക്തനായ വരുണ, അങ്ങയ്ക്കുള്ള ഈ സ്തോത്രം തിരുവു
ള്ളത്തിൽ വഴിപോലെ പതിയട്ടെ: ഞങ്ങൾക്കു ക്ഷേമത്തിൽ ശാന്തി
വരട്ടെ; ഞങ്ങൾക്കു യോഗത്തിലും ശാന്തി വരട്ടെ. നിങ്ങൾ 'സ്വസ്തി
യാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 8

---

4. സഖാവിനെ—എന്നെ.

5. പൈതൃകങ്ങളായ—പിതാക്കന്മാർ ചെയ്തുപോയവയായ. മാടുകളെ തീററാൻ തുടങ്ങിയ കള്ളൻ—കട്ടതിന്നു പ്രായശ്ചിത്തം ചെയ്തിട്ടു, പശുക്കളെ രക്ഷിപ്പാൻ മുതിന്ന ചോരൻ.

6. ദൈവഗതിയാലാണ്, മനുഷ്യൻ ചെയ്യുന്നത്, സ്വന്തം ബലത്താലല്ല: അതു—ദൈവഗതി. അനുജന്റെ (അല്പനായ മനുഷ്യന്റെ) അടുക്കൽ ഒരു ജ്യേഷ്ഠൻ, ഈശ്വരൻ ഉണ്ട്. സ്വപ്നത്തിൽ ചെയ്തതും പാപമായിത്തീന്നേയ്ക്കും; അപ്പോൾ, ജാഗ്രത്തിൽ ചെയ്തതു പറയാനുണ്ടോ?

7. ദേവനെ—വരുണനെ. അജ്ഞരെ—ഞങ്ങളെ. കവി—പ്രാജ്ഞനായ വരുണൻ.

8. ക്ഷേമം—ലബ്ധരക്ഷണം. ശാന്തി—ഉപദ്രവമില്ലായ്മ. യോഗം—അലബ്ധലാഭം. നിങ്ങൾ—വരുണാദികളായ ദേവന്മാർ.

Digitized By Kerala Sahitya Akademi

## സൂക്തം 87.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വരുണൻ സൂൎയ്യന്നു വഴി വെട്ടി; അന്തരിക്ഷത്തിലെ അംഭസ്സു
കൾ നദികൾക്കയച്ചു; വിമുക്തമായ ഒരു കുതിര ബഡബകളിലെയ്ക്കു
ന്നപോലെ പാഞ്ഞുപോകാനൊരുങ്ങിയിട്ടു, വലിയ രാത്രികളെ പകലു
കളിൽനിന്നു വേർതിരിച്ചു! 1
വരുണ, അങ്ങയുടെയായ വായു പ്രാണനാകുന്നു; വൃഷ്ടികൎത്താ
വാകുന്നു; തീററ കിട്ടിയ മാടുപോലെ, ചോറു ഭാരം വഹിയ്ക്കുന്നവനാ
കുന്നു. ഈ വലിയ, മികച്ച വാനൂഴികൾക്കിടയിൽ അങ്ങയുടെ എല്ലാ
സ്ഥാനങ്ങളും പ്രീതികരങ്ങൾതന്നെ! 2
വരുണന്റെ പ്രേഷിതരായ പ്രശസ്തചാരന്മാർ വടിവൊത്ത
വാനൂഴികളെ നോക്കിപ്പോരുന്നു; കൎമ്മയുക്തരും യജ്ഞസക്തരും പ്രകൃ
ഷ്ടജ്ഞാനരും കവികളുമായ യാവചിലർ സ്തോത്രമയയ്ക്കുന്നുവോ, അവ
രെയും! 3
വരുണൻ ബുദ്ധിമാനായ എന്നോടരുളിച്ചെയ്തു:– 'ഇരുപത്തൊ
ന്നു പേരുകളുണ്ടു്, ഗോവിന്നു്' സ്ഥാനത്തിന്റെ രഹസ്യങ്ങളും അറി
വുററ ആ മേധാവി തക്ക അന്തേവാസിയായ എനിയ്ക്കുപദേശിച്ചുതന്നു! 4
മൂന്നു വിണ്ണുകൾ വരുണനിൽ വെച്ചിരിയ്ക്കുന്നു; ആറാവസ്ഥക
ളോടുകൂടിയ മൂന്നു ഭൂമികളും പാകിയിരിയ്ക്കുന്നു. ആ സ്തുത്യനായ തമ്പു

---

### സൂക്തം 87.

1. ഒടുവിലെ വാക്യത്തിൽ, അസ്തമിയ്ക്കുന്ന സൂൎയ്യനെത്തന്നെയാണു്, വരു ണനെന്നു പ്രതിപാദിച്ചിരിയ്ക്കുന്നതു്: അസ്തമയസൂൎയ്യനാണല്ലോ, രാത്രികളെ ജനിപ്പി യ്ക്കുന്നതു്. പാഞ്ഞുപോകാൻ—അസ്തംഗമിപ്പാൻ.

3. വാനൂഴികളെ—വാനൂഴികളിലെ സുകൃതി–പാപികളെ.

4. ഗോശബ്ദത്തിന്നു പശു് എന്നും, വാക്കു് എന്നും, ഭൂമി എന്നും അൎത്ഥ മെടുക്കാം; മൂന്നിന്നുമുണ്ടത്രേ, ഇരുപത്തൊന്നു പൎയ്യായപദങ്ങൾ. സ്ഥാനം—ബ്രഹ്മ ലോകം.



Digitized By Kerala Sahitya Akademi

രാനാണ്, അന്തരിക്ഷത്തിൽ ശോഭയ്ക്കായി ഈയൊരു പൊന്നൂഞ്ഞാ
ലുമിട്ടത്! 5

സൂര്യനൊത്ത വരുണനാണ്, സമുദ്രത്തെ നിയന്ത്രിച്ചത്:
നീർത്തുള്ളിപോലെ ധവളവർണ്ണനും, ഗൌരമൃഗംപോലെ ബലവാനും,
ഗഭീരസ്തോത്രനും, ഉദകനിർമ്മാതാവും, മറുകരയണയ്ക്കുന്ന സമ്പത്തുള്ള
വനും, ഇക്കാണുന്നതിന്റെ അരചനുമാകുന്നു, തന്തിരുവടി! 6

അപരാധം ചെയ്തവങ്കലും അവിടുന്നു കനിഞ്ഞരുളും: ഞങ്ങൾ
വരുണങ്കൽ അനപരാധരായി, ആ അദിതനന്നുള്ള കർമ്മങ്ങൾ കൈവള
ത്തുമാറാകണം; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

## സൂക്തം 88.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

യജനീയനും സഹസ്രധനനും വർഷകനുമായ ഈ മഹാനെ
ആർ നമുക്കഭിമുഖനാക്കുന്നുവോ; ആ വൃഷാവായ വരുണന്നു പ്രിയതര
മായ ഒരു പരിശുദ്ധസ്തോത്രം വസിഷ്ഠ, നീ അയച്ചാലും! 1

ഇപ്പോൾ ഈ വരുണന്റെ ദർശനം ലഭിപ്പാൻ ഞാൻ അഗ്നി
യുടെ സൈന്യത്തെ സ്തുതിയ്ക്കാം: അവിടുന്ന് അമ്മിമേലുള്ള സുഖകര
മായ അന്നം പെരികെ പാനംചെയ്യുമ്പോൾ, തിരുവുടൽ എനിയ്ക്കു
കാണുമാറാക്കുമല്ലോ! 2

---

5. മൂന്നു വിണ്ണുകൾ—ഉത്തമം, മധ്യമം, അധമം. ആറവസ്ഥകൾ—വസന്താദിഷഡൃതുജന്യങ്ങൾ. പാകിയിരിയ്ക്കുന്നു—വരുണനിൽ. പൊന്നൂഞ്ഞാൽ—ഇരുദിക്കുകളെ സ്പർശിയ്ക്കുന്ന സൂര്യൻ.

6. ഗഭീരസ്തോത്രൻ—ആളുകളാൽ കേമമായി സ്തുതിയ്ക്കപ്പെടുന്നവൻ. മറുകര—ദുഃഖത്തിന്റെ. ഇക്കാണുന്നതിന്റെ—ജഗത്തിന്റെ.

സൂക്തം 88.

1. ഋഷി തന്നോടുതന്നെ പറയുന്നു: ഈ മഹാനെ—സൂര്യനെ.

2. സൈന്യം—ജ്വാലാസംഘം. അവിടുന്ന്—വരുണൻ. അന്നം—സോമരസം. കാണുമാറാക്കുമല്ലോ—അഗ്നിജ്വാലകളുടെ വെളിച്ചത്തിൽ.

Digitized By Kerala Sahitya Akademi

വരുണനും ഞാനും ഒരു തോണിയിൽ കേറും; സമുദ്രമധ്യത്തി
ലെയ്ക്കു തുഴയും; വെള്ളത്തിന്നുമീതേ വള്ളങ്ങളിൽ സഞ്ചരിയ്ക്കും. അ
പ്പോൾ ഞങ്ങൾ അഴകിന്നായി ഊഞ്ഞാലാട്ടുകയാവും! 3

വരുണൻ വസിഷ്ഠനെ തോണിയിൽ കേററി; ഋഷിയെ തേജ
സ്സുകൊണ്ടു സുകർമ്മാവാക്കി; പോകുന്ന പകലുകളെയും പോകുന്ന രാത്രി
കളെയും പരത്തുന്ന മേധാവി സുദിനലബ്ധിയ്ക്കു സ്തോതാവുമാക്കി! 4

വരുണ, നമ്മുടെ ആ സഖ്യം എവിടെപ്പോയി? നാം പണ്ടേ
ത്തെ അഹിംസ്യമായ അതിനോടു ചേരുക. അന്നയുക്ത, ഞാൻ വലുതും
കണക്കവെച്ചിട്ടുള്ളതും ഒരായിരം വാതിലുള്ളതുമായ അങ്ങയുടെ ഗൃഹമ
ണയട്ടെ! 5

വരുണ, എന്നെന്നും ബന്ധുവായ യാവനൊരുത്തൻ പ്രിയനാ
യിരിയ്ക്കെ, അങ്ങയ്ക്കു് അപരാധം ചെയ്തുപോയോ, അവൻ സഖാവായി
ത്തീരട്ടെ: യജനീയ, അങ്ങയുടെ ഞങ്ങൾ പാപസഹിതരായി (ഭോഗം)
ഭുജിയ്ക്കരുത്; മേധാവിയായ സ്തോതാവിന്നു നല്ല ഗൃഹം തന്നാലും! 6

ഈ സ്ഥിരഭൂമികളിൽ നിവസിയ്ക്കുന്ന ഞങ്ങൾ അങ്ങയെ (സ്തുതി
യ്ക്കുന്നു): വരുണൻ ഞങ്ങളിൽനിന്നു കയർ അഴിച്ചുകളയും; അങ്ങനെ
ഞങ്ങൾ ഭൂമിയുടെ മടിയിൽനിന്നു രക്ഷണം നേടട്ടെ. നിങ്ങൾ 'സ്വ
സ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

3. വരുണൻ പ്രസാദിച്ചാൽ: ഊഞ്ഞാലാട്ടുകയാവും—നിമ്നോന്നതങ്ങളാ
യ തിരകളാൽ.

4. വരുണൻ പ്രസാദിച്ചു: പരത്തുന്ന മേധാവി—സൂര്യരൂപനായ വരു
ണൻ. സ്തോതാവുമാക്കി—വരുണനെ സ്തുതിയ്ക്കുന്നവന്നു ദിവസങ്ങൾ സുദിനങ്ങ
ളാവും.

5. അതിനോടു—സഖ്യത്തോടു്. കണക്ക—പ്രാണികളുടെയെല്ലാം.

6. ബന്ധു—ഔരസപുത്രൻ. അവൻ—വസിഷ്ഠൻ. സഖാവായിത്തീ
രട്ടെ—എന്റെ അപരാധം അങ്ങു് ക്ഷമിച്ചാലുമെന്നു ധ്വനി. സ്തോതാവിന്നു—എ
നിയ്ക്കു്.

7. ഈ ഋക്കു് ബന്ധമുക്തികരമത്രേ; ഇതു രാത്രിയിൽ ജപിയ്ക്കുന്നവന്നു
പിശാചുബാധയുണ്ടാകില്ല.

Digitized By Kerala Sahitya Akademi

സൂക്തം 89.

വസിഷ്ഠൻ ഋഷി; ഗായത്രിയും ജഗതിയും ഛന്ദസ്സുകൾ; വരുണൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

മൺപുരയിലല്ലൂർജ്ജസ്വിൻ,
പൊമ്പുരയിൽപ്പൂകേണം, ഞാൻ:
അൻപുകൊൾക, സുഖം നല്കു,
തമ്പുരാനേ, വരുണ, നീ! 1

കാററാൽ വീർത്ത തോല്ക്കുടംപോ-
ലേററം വിറച്ചെത്തുമെങ്കൽ
അൻപുകൊൾക, സുഖം നല്കു,
ശുംഭദ്ബല, സായുധ, നീ! 2

പൂതാത്മാവേ, ശേഷികേടാൽ-
ച്ചെയ്തുപോയേനകൃത്യം ഞാൻ;
അൻപുകൊൾക, സുഖം നല്കു,
സമ്പദ്വ്രത, സുബല, നീ! 3

പാഥോധിമദ്ധ്യത്തിൽ മേവും
സ്തോതാവിന്നു ദാഹം വായ്പൂ:
അൻപുകൊൾക, സുഖം നല്കു,
ശുംഭദ്ബല, തിരുവടി! 4

ഏതോ കുററമമർത്ത്യരിൽ-
ച്ചെയ്തിരിയ്ക്കാം, മർത്ത്യരെങ്ങൾ;
വന്മൌഢ്യത്താൽ വരുണ, നിൻ
ധർമ്മമുപേക്ഷിച്ചിരിയ്ക്കാം.
അത്തെററിനാലെങ്ങളെ നീ-
യത്തൽപ്പെടുത്തൊല്ലേ, ദേവ! 5

---

സൂക്തം 89.

1. ഊർജ്ജസ്വിൻ=ബലവാനേ.
2. വിറച്ച്—വരുണഭയത്താൽ. ശുംഭദ്ബല—ശോഭിയ്ക്കുന്ന ബലമുള്ളവനേ.
4. സ്തോതാവിന്നു—ഭവാനെ സ്തുതിയ്ക്കുന്ന എനിയ്ക്ക്.

Digitized By Kerala Sahitya Akademi

## സൂക്തം 90.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വായു ദേവത.

വായോ, വീരനായ ഭവാന്ന വിശുദ്ധവും മധുരവുമായ നീർ അധ്വര്യുക്കൾ നല്കുന്നു: ഭവാൻ നിയുത്തുക്കളെ പൂട്ടുക, ഇങ്ങോട്ടു വരിക; പിഴിയപ്പെട്ട സോമം മത്തിന്നായി കുടിയ്ക്കുക! 1

വായോ, ഈശ്വരനായ നിന്തിരുവടിയ്ക്കു മികച്ച ആഹുതിയും, വിശുദ്ധപായിൻ, നിന്തിരുവടിയ്ക്കു വിശുദ്ധമായ സോമവും ആർ അർപ്പിയ്ക്കുമോ, അവനെ നിന്തിരുവടി മനുഷ്യരിൽ മീതെയാക്കും; അവൻ ചെന്നേടത്തൊക്കെ വേണ്ടതു നേടും! 2

ഈ ദ്യാവാപൃഥിവികൾ ധനത്തിന്നായി ആരെ ജനിപ്പിച്ചുവോ, ആ ദേവനെ ദേവിയായ സ്തുതി ധനത്തിന്നായി പ്രേരിപ്പിയ്ക്കും. അപ്പോൾ തന്റെ നിയുത്തുക്കൾ വഴിയിൽ വിത്തം കൊടുക്കുന്ന ശ്വേതവർണ്ണനായ വായുവിന്റെ അടുക്കലെത്തും! 3

അവർക്കു പരിശുദ്ധകളായ ഉഷസ്സുകൾ സുദിനങ്ങളായി പുലർന്നു; അവർ തേജസ്വികളായിത്തീർന്നു, മഹത്തായ ജ്യോതിസ്സിനെ കണ്ടെത്തി; ആ കാമയമാനന്മാർ ഗോധനത്തെ നേടി; പണ്ടത്തെ പാഥസ്സുകൾ അവരെ അനുഗമിച്ചു! 4

---

## സൂക്തം 90.

1. നീർ—സോമരസം.

2. വേണ്ടതു—ധനം.

3. ആ ദേവനെ—വായുവിനെ. ദേവി—ഉജ്ജ്വല. അടുക്കലെത്തും—അദ്ദേഹത്തെ നമ്മുടെ യാഗത്തിന്നു കൊണ്ടുപോരാൻ.

4. അവർ—വായുവിനെ സ്തുതിച്ച അംഗിരസ്സുകൾ. സുദിനങ്ങളായി—സുദിനഹേതുക്കളായി. ജ്യോതിസ്സിനെ—സൂര്യനെ. ഗോധനത്തെ—പണികളാൽ അപഹൃതകളായ ഗോക്കളെ. പാഥസ്സുകൾ=ജലങ്ങൾ. അനുഗമിച്ചു—അവർക്കധീനങ്ങളായി. മറച്ചുനിന്ന അസുരനെ വായു ഹനിച്ചതിനാൽ, അംഗിരസ്സുകൾക്ക് ഉഷസ്സ്, വെളിച്ചം, വെള്ളം എന്നിവ വീണ്ടുകിട്ടി.

Digitized By Kerala Sahitya Akademi

ഇന്ദ്രവായുക്കളേ, യഥാൎത്ഥസ്തോത്രത്തോടും സൽകൎമ്മത്തോടും കൂടിയ തേജസ്വികൾ ഈശ്വരന്മാരായ നിങ്ങളുടെ വീരവാഹ്യമായ പള്ളിത്തേർ വലിയ്ക്കുന്നു; അന്നങ്ങളും അൎപ്പിയ്ക്കുന്നു! 5

ഇന്ദ്രവായുക്കളേ, യാവചില പ്രഭുക്കന്മാർ ഞങ്ങൾക്കു ഗവാശ്വധനങ്ങളും കനകങ്ങളും തന്നുവോ, ആ സൂരികൾ യുദ്ധങ്ങളിൽ കുതിരകളോടും വീരന്മാരോടുമൊന്നിച്ചു, വിപുലമായ അന്നം കീഴടക്കുമാറാകണം. 6

അന്നമിരക്കുന്ന, ബലേച്ഛുക്കളായ, കുതിരകൾപോലെയുള്ള ഞങ്ങൾ, വസിഷ്ഠർ, നല്ല രക്ഷയ്ക്കുവേണ്ടി, ഇന്ദ്രവായുക്കളെ ശോഭനസ്തുതികൾകൊണ്ടു വിളിയ്ക്കാം: നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

## സൂക്തം 91.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

പണ്ടു യാവചില സ്തോതൃവൃദ്ധന്മാർ പലവുരു പെട്ടെന്നു ചെയ്ത നമസ്സുകൊണ്ടു നിരവദ്യരായിത്തീൎന്നുവോ, അവർ ആളുകളുടെ ആപന്നിവൃത്തിയ്ക്കു വായുവിനെ (യജിപ്പാൻ) ഉഷസ്സിനെയും സൂൎയ്യനെയും ഉദിപ്പിച്ചു! 1

ഇന്ദ്രവായുക്കളേ, കാമയമാനരും ഗമനശീലരും രക്ഷിതാക്കളുമായ നിങ്ങൾ ഉപദ്രവിയ്ക്കരുത്; മാസങ്ങളിലും വളരെ സംവത്സരങ്ങ

---

5. തേജസ്വികൾ—യജമാനർ. വീരവാഹ്യം—വീൎയ്യമുള്ള അശ്വങ്ങളാൽ വഹിയ്ക്കപ്പെടേണ്ടുന്നത്. വലിയ്ക്കുന്നു—സ്വസ്വയജ്ഞത്തിലെയ്ക്കു കൊണ്ടുപോരുന്നു. അന്നങ്ങളും അൎപ്പിയ്ക്കുന്നു—യജ്ഞത്തിൽ ഹവിസ്സുകൾ നിങ്ങൾക്കു നിവേദിയ്ക്കുകയും ചെയ്യുന്നു.

6. അന്നം—ശത്രുക്കളുടെ.

7. കുതിരകൾപോലെയുള്ള—ഹവിസ്സു ചുമക്കുന്നവരായ. നിങ്ങൾ—വായുപ്രഭൃതികളായ ദേവന്മാർ.

സൂക്തം 91.

1. നമസ്സ്=നമസ്കാരമോ, സ്തോത്രമോ. ഉദിപ്പിച്ചു—പ്രഭാതത്തിലാണല്ലോ, വായുയജനം.

Digitized By Kerala Sahitya Akademi

ളിലും രക്ഷിച്ചരുളണം. ശോഭനമായ സ്തുതി നിങ്ങളിലണഞ്ഞു, സുഖവും പുതിയ സമ്പാദ്യവും യാചിയ്ക്കുന്നു! 2

നിയുത്സേവ്യനായ, ധവളവർണ്ണനായ മേധാവി ധാരാളം അന്നമുള്ള ധനവൃദ്ധന്മാരിൽ സംബന്ധിയ്ക്കുന്നു; ആ നേതാക്കൾ ഒരേ മനസ്സോടേ വായുവിനെ (യജിപ്പാൻ) നിലക്കൊള്ളുന്നു—ഉന്നതിയ്ക്കുതകുന്നതൊക്കെ ചെയ്യുന്നു. 3

ഇന്ദ്രവായുക്കളേ, തിരുവുടലിന്നു വേഗം എത്രയുണ്ടോ, ബലം എത്രയുണ്ടോ, ജ്ഞാനംകൊണ്ടുജ്ജ്വലിയ്ക്കുന്ന നേതാക്കൾ എത്രയുണ്ടോ; അത്രയ്ക്കു വിശുദ്ധസോമം വിശുദ്ധപായികളായ നിങ്ങൾ പാനംചെയ്യുവിൻ, ഞങ്ങളുടെ ഈ ദർഭയിലിരിയ്ക്കുവിൻ! 4

ഇന്ദ്രവായുക്കളേ, സ്പൃഹണീയമാംവണ്ണം സ്തുതിയ്ക്കപ്പെടുന്ന നിയുത്തുക്കളെ ഒരേതേരിന്നു പൂട്ടി, നിങ്ങൾ ഇങ്ങോട്ടു വന്നാലും: ഇതാ, നിങ്ങൾക്കു മധുവിന്റെ അഗ്രഭാഗം കൊണ്ടുവന്നിരിയ്ക്കുന്നു; ഇതിനാൽ പ്രീതിപൂണ്ടു, ഞങ്ങളെ മോചിപ്പിയ്ക്കുവിൻ! 5

ഇന്ദ്രവായുക്കളേ, വിശ്വവരേണ്യകളായ നിയുത്തുക്കൾ നൂറുമായിരവുമുണ്ടല്ലോ, നിങ്ങളുടെ അടുക്കൽ; നല്ല ധനം നല്കുന്ന അവയിലൂടേ നിങ്ങൾ ഇങ്ങോട്ടെഴുന്നള്ളുവിൻ. നേതാക്കളേ, കൊണ്ടുവരപ്പെട്ട മധു നുകരുവിൻ! 6

അന്നമിരക്കുന്ന, ബലേച്ഛുക്കളായ, കുതിരകൾപോലെയുള്ള ഞങ്ങൾ, വസിഷ്ഠർ, നല്ല രക്ഷയ്ക്കുവേണ്ടി, ഇന്ദ്രവായുക്കളെ ശോഭനസ്തുതികൾകൊണ്ടു വിളിയ്ക്കാം. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

2. സ്തുതി—ഞങ്ങളുടെ. സമ്പാദ്യം=സമ്പാദിയ്ക്കേണ്ടത്, ധനം.

3. മേധാവി—വായു. ധനവൃദ്ധന്മാർ—വലിയ പണക്കാർ.

4. വിശുദ്ധപായികൾ—വിശുദ്ധമായ സോമം കുടിയ്ക്കുന്നവർ.

5. മധു—മധുരസോമം. അഗ്രഭാഗം—ഒന്നാമത്തെപ്പാത്രം. മോചിപ്പിയ്ക്കുവിൻ—പാപത്തിൽനിന്ന്.

Digitized By Kerala Sahitya Akademi

സൂക്തം 92.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വിശുദ്ധപായിയായ വായോ, അങ്ങ് ഞങ്ങളുടെ അടുക്കൽ വന്നാലും: വിശ്വവരേണ്യ, ഒരായിരമുണ്ടല്ലോ, അങ്ങയ്ക്കു നിയുത്തുക്കൾ. മദകരമായ അന്നം അങ്ങയ്ക്കു പകൻവെച്ചിരിയ്ക്കുന്നു: ദേവ, അവിടു ന്നാണല്ലോ, ആദ്യം കുടിപ്പാൻ! 1

യജ്ഞങ്ങളിൽ വെമ്പലോടേ പിഴിയുന്നവൻ സോമം ഇന്ദ്രന്നും വായുവിന്നും കുടിപ്പാൻ കൊണ്ടുവെച്ചിരിയ്ക്കുന്നു: നിങ്ങളിരുവക്കുമാണ ല്ലോ, മധുവിൻെറ പ്രഥമഭാഗം ദേവകാമരായ അധ്വയ്യുക്കൾ ചമച്ചൊ രുക്കാറുള്ളത് 2

വായോ, അവിടുന്നു നിയുത്തുക്കളിലൂടേ, ശാലയിലിരിയ്ക്കുന്ന ഹവിദ്ദാതാവിൻെറ അടുക്കൽ യാഗത്തിന്നെഴുന്നള്ളാറുണ്ടല്ലോ: നല്ല അന്നത്തോടുകൂടിയ ധനം ഞങ്ങൾക്കു തരിക; പുത്രൻ, ഗവാശ്വസ മ്പത്ത് എന്നിവയും തരിക! 3

യാവചിലർ വായുവിനെയും ഇന്ദ്രനെയും സംതൃപ്തിപ്പെടുത്തു ന്നുവോ, ജാഗതം ചൊല്ലി ശത്രുവിനെ സംഹരിയ്ക്കുന്നുവോ; ആ സ്തോ താക്കളോടുകൂടി ഞങ്ങൾ യുദ്ധത്തിൽ ശത്രുഭടരെ ആൾക്കാരെക്കൊണ്ടു കീഴമത്തിച്ചു വൈരികളെ വധിയ്ക്കുമാറാകണം! 4

വായോ, അങ്ങ് നൂറുമായിരവും നിയുത്തുക്കളിലൂടേ, ഞങ്ങളുടെ ഹിംസാരഹിതമായ യാഗത്തിൽ വന്നുചേന്നാലും; ഈ സവനത്തിൽ മത്തു പൂണ്ടാലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെ ങ്ങളെ!' 5

---

സൂക്തം 92.

1. അന്നം—സോമം.
2. മധു—മധുരസോമം.
4. ജാഗതം—ജഗതീച്ഛന്ദസ്സിലുള്ള സാമസൂക്തം.

Digitized By Kerala Sahitya Akademi

സൂക്തം 93.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാഗ്നികൾ ദേവത.

ശത്രുഹന്താക്കളായ ഇന്ദ്രാഗ്നികളേ, ഒരു പരിശുദ്ധമായ പുതു സ്തോത്രം നിങ്ങൾ ഇപ്പോൾ വെക്കം കേൾക്കണം: സുഖാഹ്വാതവ്യരായ നിങ്ങളിരുവരെയും ഞാൻ പേർത്തുപേർത്തു വിളിയ്ക്കുന്നുണ്ടല്ലോ. ആ നിങ്ങൾ കാമയമാനന്ന് അപ്പോൾത്തന്നെ ബലം നല്കുവിൻ. 1

ഒപ്പം വളൎന്ന, കെല്പുകൊണ്ടു തഴയ്ക്കുന്ന, സേവനീയരായ നിങ്ങൾ ഒരു ബലംതന്നെയായിരുന്നുവല്ലോ; ധനത്തിന്റെയും വളരെ ഭോജ്യത്തിന്റെയും ഉടമസ്ഥരായ നിങ്ങൾ ധൃഷ്ടകമായ അന്നം ധാരാളം തന്നരുളുവിൻ! 2

യാവചില ഹവിഷ്മാന്മാരായ മേധാവികൾ തിരുവുള്ളമിച്ഛിച്ചു, ബുദ്ധിയാൽ യാഗത്തിലേപ്പെടുന്നുവോ; ആ നേതാക്കന്മാർ, കുതിരകൾ പോൎക്കളത്തിലെന്നപോലെ പെരുമാറി, ഇന്ദ്രാഗ്നികളെ പേർത്തുപേർത്തു വിളിയ്ക്കുന്നു. 3

ഇന്ദ്രാഗ്നികളേ, തിരുവുള്ളമിച്ഛിയ്ക്കുന്ന മേധാവി, മുമ്പുതന്നേ നേടേണ്ടിയിരുന്ന പുകൾപ്പെട്ട സമ്പത്തിന്നായി സ്തുതികൾ പാടുന്നു: വൃത്രഘ്നരേ, വജ്രികളേ, നിങ്ങൾ പുതിയ ധനങ്ങൾകൊണ്ടു ഞങ്ങളെ തഴപ്പിച്ചാലും! 4

തമ്മിൽ ആൎത്തലറി, ദേഹബലത്താൽ മത്സരിച്ചുപൊരുതുന്ന പെരിയ ഇരുകൂട്ടരെന്നപോലെ, നിങ്ങൾ അദേവകാമന്മാരെ ദേവകാമന്മാരെക്കൊണ്ടും, സോമം പിഴിയാത്തവരെ പിഴിഞ്ഞവരെക്കൊണ്ടും യുദ്ധത്തിൽ കൊല്ലിയ്ക്കണം! 5

---

സൂക്തം 93.

1. കാമയമാനൻ—യജമാനൻ.

2. ഒരു ബലം—ശത്രുനാശനമായ ശക്തി. ധൃഷ്ടകം—ശത്രുക്കളെ ആക്രമിയ്ക്കുന്നത്.

3. തിരുവുള്ളം—ഇന്ദ്രാഗ്നിപ്രസാദം.

4. മേധാവി—വസിഷ്ഠൻ, ഞാൻ.

5. ഇരുകൂട്ടരെന്നപോലെ—രണ്ടു സൈന്യങ്ങളിൽ അശക്തരെ ശക്തർ പോലെ.



Digitized By Kerala Sahitya Akademi

ഇന്ദ്രാഗ്നികളേ, ഞങ്ങളുടെ ഈ പിഴിഞ്ഞ സോമത്തിന്നുതന്നേ
നിങ്ങൾ മനം തെളിയുമാറു വന്നെത്തിയാലും; ഞങ്ങളെ വെടിയരുതേ!
നിങ്ങളെ ഞാൻ വളരെ അന്നങ്ങൾകൊണ്ടു് ഇങ്ങോട്ടു വരുത്തുന്നു. 6

അഗ്നേ, അങ്ങ് ഈ ഹവിസ്സുകൊണ്ടുജ്ജ്വലിച്ചിട്ടു, മിത്രനോടും
വരുണനോടും ഇന്ദ്രനോടും പറയണം: ഞങ്ങൾ എന്താനും പിഴചെയ്തു
പോയിട്ടുണ്ടെങ്കിൽ, അതിൽനിന്നു ഭവാൻ വഴിപോലെ രക്ഷിയ്ക്കണം;
അതു് അര്യമാവു്, അദിതി എന്നിവരും വിട്ടുതരട്ടെ! 7

അഗ്നേ, ഈ യജ്ഞങ്ങൾ ശീഘ്രം അനുഷ്ഠിയ്ക്കുന്ന ഞങ്ങൾ നി
ങ്ങളിൽനിന്നു് അന്നങ്ങൾ ഒപ്പം നേടുമാറാകണം: ഇന്ദ്രനും വിഷ്ണുവും
മരുത്തുക്കളും ഞങ്ങളെ ത്യജിച്ചേയ്ക്കരുതു് നിങ്ങൾ 'സ്വസ്തിയാൽപ്പാ
ലിപ്പിനെപ്പൊഴുമെങ്ങളെ!' 8

---

## സൂക്തം 94

വസിഷ്ഠൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രാഗ്നികൾ ദേവത.

('താമരക്കണ്ണൻ' പോലെ.)

ഇന്ദ്രാഗ്നികളേ, നിങ്ങളെക്കുറി-
ച്ചുന്നതസ്തോത്രമൊന്നിതാ,
ഇന്നുതിമാങ്കൽനിന്നുണ്ടായു്, കാറിൽ-
നിന്നൊരു മഴപോലവേ. 1

നാഥന്മാർ നിങ്ങളിന്ദ്രാഗ്നികളേ,
സ്തോതാവിൻ വിളി കേൾക്കുവിൻ;
ആദരിയ്ക്കുവിൻ സ്തോത്രവും; ഫലോ-
പേതമാക്കുവിൻ, കർമ്മത്തെ! 2

---

6. അന്നങ്ങൾ—ഹവിസ്സുകൾ.

7. പറയണം—'ഇയ്യാൾ നമ്മുടെ ആളാണു്, രക്ഷണീയനാണെ'ന്നു്. അ
തു്—പിഴ.

സൂക്തം 94.

1. ഇന്നുതിമാൻ=ഈ സ്തോതാവു്, വസിഷ്ഠൻ.

2. ഫലോപേതം=ഫലത്തോടു ചേർന്നതു്.

Digitized By Kerala Sahitya Akademi

ഇന്ദ്രാഗ്നികളേ, നേതാക്കന്മാരേ,
നിന്ദയ്ക്കോ, നീചവൃത്തിയ്ക്കോ,
പൊല്ലാപ്പുപേശലിന്നോ കീഴ്പ്പെടു-
ത്തൊല്ലേ, ഭവാന്മാരെങ്ങളെ! 3

ഇന്ദ്രനുമെങ്ങളഗ്നിയ്ക്കുമയ-
യ്ക്കുന്നു, വമ്പിച്ച ഹവ്യവും,
സുഷ്ഠുസ്തോത്രവും, കർമ്മവും, ദോഷാ-
സ്പൃഷ്ടമാം വാക്കും രക്ഷയ്ക്കായ്. 4

ആ രണ്ടുപേരെയേവം പുകഴ്ത്തി-
പ്പോരുന്നുണ്ടല്ലോ, ധീമാന്മാർ
അന്യോന്യം തിക്കിനിന്നനേകംപേ-
രന്നലബ്ധിയ്ക്കും രക്ഷയ്ക്കും! 5

അബ്ഭവാന്മാരെയാഹ്വാനംചെയ്വൂ,
കല്പിതാന്നരായ് സ്തോത്രത്താൽ,
അധ്വരാപ്തിയ്ക്കുമർത്ഥലബ്ധിയ്ക്കും
സ്തുത്യഭിരതന്മാരെങ്ങൾ. 6

ഇന്ദ്രാഗ്നികളേ, മാററാരെയമ-
ർത്തുന്നവർ നിങ്ങളെങ്ങൾക്കായ്
അന്നവും കൊണ്ടുവന്നാലും; ദുഷ്ടേർ
ത്തുന്നുവോനേശൊല്ലെ,ങ്ങളിൽ! 7

ഏതൊരു ശത്രുമാനുഷന്റെയും
ബാധ ഞങ്ങളെത്തീണ്ടൊല്ലേ:
ഇന്ദ്രാഗ്നികളേ, നിങ്ങൾ ഞങ്ങൾക്കു
തന്നരുളേണം, സൌഖ്യത്തെ! 8

---

3. നീചവൃത്തി=നികൃഷ്ടത.

4. വാക്ക്—സ്തുതി.

6. കല്പിതാന്നരായ്—ഹവിസ്സൊരുക്കി. അധ്വരാപ്തി=യജ്ഞസിദ്ധി. അർത്ഥലബ്ധി=ധനലാഭം. സ്തുത്യഭിരതന്മാർ=സ്തുതിതൽപരന്മാർ.

7. ദുഷ്ടേർത്തുന്നുവോൻ—ദോഷം ചുമത്തുന്നവൻ. ഏശൊല്ല—കീഴടക്കാൻ ശക്തനാകരുത്,

Digitized By Kerala Sahitya Akademi

പൊൻനിറ, തുരംഗങ്ങൾ, ഗോവുക-
ളെന്നിവ ചേരും സ്വത്തങ്ങൾ
ഇന്ദ്രാഗ്നികളേ, നിങ്ങളോടർത്ഥി-
ക്കുന്നതെങ്ങൾക്കു കിട്ടാവൂ! 9
സോമം പിഴിഞ്ഞുവെച്ചു, സപര്യാ-
കാമരാകിയ നേതാക്കൾ
ആഹ്വാനംചെയ്യുന്നുണ്ടല്ലോ, പ്രശ-
സ്താശ്വരാമിന്ദ്രാഗ്നികളെ. 10
ഉക്ഥങ്ങളാലും സ്തോത്രങ്ങളാലു-
മുദ്ഘോഷവിശേഷത്താലും
സേവിക്കപ്പെടുന്നുണ്ടല്ലോ, ഹർഷം
താവുമീ വൃത്രഹന്താക്കൾ. 11
ദുർവ്വാദി, കെല്പൻ, കയ്യേറിത്തിന്മോൻ,
ദുർവ്വിജ്ഞ—നിമ്മട്ടുള്ളോനെ
തച്ചുടയ്ക്കുവിന,സ്ത്രത്താൽ നിങ്ങൾ—
തച്ചുടയ്ക്കുവിൻ, കുംഭത്തെ! 12

---

സൂക്തം 95.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സരസ്വതി ദേവത.

ഒരിരിമ്പുപുരിപോലെ ധാരയിത്രിയായ ഈ സരസ്വതീനദി
ധാരകമായ തണ്ണീരോടേ പ്രവഹിക്കുന്നു—മഹിമാവുകൊണ്ടു മറ്റാപഗ
കളെയെല്ലാം അടിപെടുത്തി, ഒരു തേർവീഥിപോലെ നടകൊള്ളുന്നു! 1

---

9. തുരംഗങ്ങൾ=കുതിരകൾ.

10. സപര്യാകാമർ=പരിചരണതൽപരന്മാർ. നേതാക്കൾ—ഋത്വിക്കുകൾ. പ്രശസ്താശ്വർ—നല്ല കുതിരകളുള്ളവർ.

11. ഉദ്ഘോഷവിശേഷം—മററു സ്തോത്രഘോഷം. വൃത്രഹന്താക്കൾ—ശത്രുക്കളെ കൊല്ലുന്ന ഇന്ദ്രാഗ്നികൾ.

12. ദുർവ്വാദി—ദോഷം ചുമത്തുന്നവൻ. കെല്പൻ—കെല്പുമൂലം ഉപദ്രവിക്കുന്നവൻ. ദുർവ്വിജ്ഞൻ—ദുർവ്വിനീതൻ. അസ്ത്രം—ആയുധം. കുംഭത്തെ തച്ചുടയ്ക്കുവിൻ—കുടം തച്ചുടയ്ക്കുന്നതുപോലെ, ദുഷ്ടനെ നശിപ്പിക്കുവിൻ.

സൂക്തം 95.

1. ധാരയിത്രി=ധരിക്കുന്നവൾ, ഭാരവാഹിനി. ആപഗകൾ=നദികൾ, തേർവീഥിപോലെ—വിശാലയായി.

Digitized By Kerala Sahitya Akademi

നദികളിൽവെച്ച് വിശുദ്ധയായി, മലകളിൽനിന്നു സമുദ്രം വരെ ഗമിയ്ക്കുന്ന, അനേകജീവജാലത്തിന്നു സമ്പത്തരുളുന്ന, ഏക യായ സരസ്വതി ശരിയ്ക്കറിഞ്ഞു, നാഹുഷന്നു പാലും നെയ്യും ചുരത്തി ക്കൊടുത്തു! 2

മനുഷ്യഹിതനായി വൃഷാവായി വർഷിതാവായ യാതൊരു ശിശു യജനീയകളായ യോഷിത്തുകളുടെഇടയിൽ വളരുന്നുവോ, അവൻ ഹവിർദ്ധനന്മാൎക്കു ബലവാനെ കൊടുക്കുന്നു; നേട്ടത്തിന്നായി ശരീരം തോർത്തിത്തുടയ്ക്കുന്നു! 3

നമസ്കരണീയർ മുട്ടുമടക്കി ചെല്ലുന്ന, നിത്യധനയായ, സഖി കളെക്കാൾ മീതെയായ, ആ സുഭഗയായ സരസ്വതി ഈ യജ്ഞത്തിൽ നമ്മുടെ (സ്തോത്രം) പ്രീതിയോടേ കേട്ടരുളട്ടെ! 4

സരസ്വതി, ഞങ്ങൾ ഇവ ഹോമിച്ച് ഭവതിയെ നമസ്കരി യ്ക്കുന്നു: ഭവതി സ്തോത്രം കേട്ടാലും. ഞങ്ങൾ ഭവതിയുടെ പ്രിയതര മായ സുഖത്തിലിരുത്തപ്പെട്ട്, ഒരാശ്രയവൃക്ഷത്തെയെന്നപോലെ (ഭവ തിയെ) സേവിയ്ക്കുമാറാകണം! 5

സുഭഗേ, സരസ്വതി, ഇതാ, വസിഷ്ഠൻ ഭവതിയുടെ യജ്ഞ ത്തിന്റെ ഇരുവാതിലുകൾ തുറക്കുന്നു: ശുഭ്രവർണ്ണേ, വർദ്ധിച്ചാലും; സ്തോ

---

2. ആയിരംകൊല്ലത്തെയ്ക്ക് ഒരു യാഗം തുടങ്ങിയ നാഹുഷനെന്ന രാജാ വിനാൽ പ്രാർത്ഥിതയായ സരസ്വതീനദി അദ്ദേഹത്തിന്ന് ആ കാലത്തെയ്ക്കു വേണ്ട വോളം പാലും നെയ്യും കൊടുത്തു. ഇതാണ്, ഈ ഋക്കിൽ പറയുന്നത്: അറിഞ്ഞ് —പ്രാർത്ഥനയറിഞ്ഞ്.

3. സരസ്വാൻ എന്ന മധ്യസ്ഥാനവായുവിനെപ്പററി: വർഷിതാവ്=അഭീ ഷ്ടവർഷി. ശിശു—ജനനസമയത്തു കൃശനായി കാണപ്പെടുന്ന സരസ്വാൻ. യോഷി ത്തുകൾ—സ്വപത്നിമാരായ തണ്ണീരുകൾ. ബലവാനെ—ബലവാനായ പുത്രനെ. നേട്ടം—ധനാർജ്ജനം. ശരീരം—ഹവിർദ്ധനന്മാരുടെ, യജമാനരുടെ ദേഹം. തോർത്തി ത്തുടയ്ക്കുന്നു—വെടുപ്പും കെല്പുമുള്ളതാക്കുന്നു എന്നു സാരം; എന്നാലല്ലേ, ധനാർജ്ജന ത്തിന്നു ശേഷിയുണ്ടാകൂ?

4. നമസ്കരണീയർ—ദേവന്മാർ. മുട്ടുമടക്കി ചെല്ലുന്ന— ദേവന്മാർപോ ലും വണങ്ങിക്കൊണ്ടു സമീപിയ്ക്കുന്ന; വന്ദ്യൎക്കും വന്ദനീയ എന്നർത്ഥം. സഖി കൾ—മററു നദികൾ.

5. ഇവ—ഹവിസ്സുകൾ. ഒരാശ്രയവൃക്ഷത്തെ—പക്ഷികളെന്നപോലെ.

Digitized By Kerala Sahitya Akademi

താവിന്ന് അന്നം തന്നാലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,
പ്പൊഴുമെങ്ങളെ!' 6

---

### സൂക്തം 96.

വസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതിയും പ്രസ്താരപംക്തിയും
ഗായത്രിയും ഛന്ദസ്സുകൾ; സരസ്വതിയും സരസ്വാനും ദേവത.

വസിഷ്ഠ, നദികളിൽവെച്ചു ബലവതിയെക്കുറിച്ചു നീ വലിയ
സ്തോത്രം പാടുന്നുണ്ടല്ലോ: വാനൂഴികളിൽ വാഴുന്ന സരസ്വതിയെത്ത
ന്നേ നീ നല്ല സ്തുതികൾകൊണ്ടു പൂജിച്ചുകൊള്ളുക! 1

ശുഭ്രവേണ്ണേ, നിന്തിരുവടിയുടെ മഹിമാവിനാലാണല്ലോ, മനു
ഷ്യർക്ക് ഇരുതരം അന്നങ്ങൾ കിട്ടുന്നത് ആ മരുത്സഖയായ നിന്തി
രുവടി ഞങ്ങളെ രക്ഷിച്ചാലും; ഹവിഷ്മാന്മാർക്കു ധനം തന്നാലും! 2

മംഗളയായ സരസ്വതി മംഗളംതന്നേ വരുത്തട്ടെ: നന്ദിത
ഗമനയായ അന്നവതി സ്തോത്രം കേട്ടരുളട്ടെ; ജമദഗ്നിയാലെന്നപോ
ലെ പുകഴ്ത്തപ്പെടുന്ന തന്തിരുവടി വസിഷ്ഠനാനുരൂപമാംവണ്ണം സ്തുതി
യ്ക്കപ്പെടുകയും ചെയ്യട്ടെ! 3

പതിയെയും പുത്രന്മാരെയും ഇച്ഛിയ്ക്കുന്ന ഞങ്ങൾ ഇനു ശോ
ഭനദാനരായി സമീപിച്ചു സരസ്വാനെ വിളിച്ചുകൊള്ളുന്നു. 4

സരസ്വാനേ, മഴ പെയ്യുന്നവയാണല്ലോ, അങ്ങയുടെ മധുരജ
ലങ്ങൾ; അവകൊണ്ടു ഭവാൻ ഞങ്ങളെ രക്ഷിച്ചാലും! 5

---

6. തുറക്കുന്നു—യജ്ഞം ആവിഷ്കരിയ്ക്കുന്നു എന്നർത്ഥം. സ്തോതാവിന്ന്—
എനിയ്ക്ക്. നിങ്ങൾ—സരസ്വതിയും മററു നദികളും.

സൂക്തം 96.

1. വസിഷ്ഠൻ തന്നോടുതന്നേ പറയുന്നു:

2. ഇരുതരം—ദിവ്യവും ഭൌമവുമായ. മരുത്സഖ=മരുത്തുകൾ (മധ്യമ
സ്ഥാനദേവകൾ) ആകുന്ന സഖാക്കളോടുകൂടിയവൾ.

3. പുകഴ്ത്തപ്പെടുന്ന—വസിഷ്ഠനാൽ.

Digitized By Kerala Sahitya Akademi

സരസ്വാൻെറ സർവ്വദർശനീയമായ തടിച്ച സ്തനത്തെ ഞങ്ങൾ ആസ്വദിയ്ക്കുമാറാകണം; സന്തതി, അന്നം എന്നിവയെയും! 6

---

സൂക്തം 97.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രനും ഇന്ദ്രാബ്രഹ്മണസ്പതികളും ഇന്ദ്രാബൃഹസ്പതികളും ബൃഹസ്പതിയും ദേവത.

യാതൊന്നിൽ ദേവകാമന്മാരായ നേതാക്കൾ ഇമ്പംകൊള്ളുന്നുവോ; യാതൊന്നിൽ സോമം ഇന്ദ്രനായി പിഴിയുന്നുവോ; ഭൂമിയുടെ നേതൃസദനമായ ആ യജ്ഞത്തിൽ മത്തുപിടിപ്പാൻ (ഇന്ദ്രൻ) സ്വർഗ്ഗത്തിൽനിന്നു മുമ്പേ വന്നെത്തട്ടെ, പള്ളിക്കുതിരകളും! 1

സഖാക്കളേ, നമുക്കു ദിവ്യങ്ങളായ രക്ഷകൾ വരിയ്ക്കാം: ബൃഹസ്പതി നമ്മുടെ (ഹവിസ്സു) കൈക്കൊള്ളും. ദൂരത്തുനിന്നു (കൊണ്ടുവന്ന്) അച്ഛൻപോലെ നമുക്കു തരുന്ന ആ വൃഷാവിന്ന് അനപരാധരായിത്തീരണം, നമ്മൾ! 2

ആ മികച്ച, ശോഭനസുഖനായ ബ്രഹ്മണസ്പതിയെത്തന്നെ നമസ്സോടും ഹവിസ്സോടുംകൂടി ഞാൻ സ്തുതിയ്ക്കുന്നു. ദേവാർഹമായ സ്തോത്രം മഹാനായ ഇന്ദ്രങ്കലെത്തട്ടെ: സ്തോതാക്കന്മാരുടെ മന്ത്രത്തിൻെറ അരചനാണല്ലോ, അവിടുന്ന്! 3

വിശ്വവരേണ്യനായ, ഏററവും പ്രിയപ്പെട്ട ബൃഹസ്പതി നമ്മുടെ വേദിമേൽ വന്നിരിയ്ക്കട്ടെ: അവിടുന്നു ധനത്തിലും നല്ല വീര്യത്തിലുമുള്ള അഭിലാഷം നിറവേററട്ടെ; ഉപദ്രവമിയന്ന നമ്മെ നിർബ്ബാധരാക്കി മറുകരയണയ്ക്കട്ടെ! 4

---

6. സ്തനം—മേഘം. മഴ, സന്തതി, അന്നം എന്നിവയെ സരസ്വാൻ തന്നരുളട്ടെ.

സൂക്തം 97.

1. നേതൃസദനം—നേതാക്കളുടെ മേളനസ്ഥലം; നേതാക്കൾ—ഋത്വിക്കുകൾ.

2. സ്തോതാക്കളോട്: തരുന്ന—ധനം.

3. അവിടുന്ന്—ഇന്ദ്രനോ, ബ്രഹ്മണസ്പതിയോ.

4. അഭിലാഷം—നമ്മുടെ. മറുകര—ശത്രുക്കളുടെ അപ്പുറം.

Digitized By Kerala Sahitya Akademi

ആ ജീവനപര്യാപ്തമായ അന്നം നമുക്ക് ഈ പുരാതനരായ ദേവന്മാർ തരുമാറാകണം: പരിശുദ്ധസ്തോത്രനും, ഗൃഹികൾക്ക യജനീയനും, നിസ്സപത്നനുമായ ബൃഹസ്പതിയെ നാം വിളിയ്ക്കുക! 5

ആ പാർപ്പിടവും തറവാട്ടുമുള്ള ബലവാനായ ബൃഹസ്പതിയെ, കരുത്തും കാന്തിയും—സൂര്യനൊപ്പം വിളങ്ങുന്ന വടിവും—പൂണ്ട് ഒപ്പം വലിയ്ക്കുന്ന കുതിരകൾ കൊണ്ടുവരട്ടെ! 6

ആ ബൃഹസ്പതി പവിത്രനും പാവനനുമാകുന്നു; അവിടുന്നു കനകായുധനും, ഗമനശീലനും സ്വർഗ്ഗസ്ഥനുമാകുന്നു; നല്ല പാർപ്പിടമുള്ള ആ ദർശനീയൻ സഖാക്കൾക്ക വളരെ അന്നം കല്പിച്ചുകൊടുക്കും! 7

അമ്മമാരായ ദ്യാവാപൃഥിവീദേവികളാൽ വളർത്തപ്പെട്ടവനാകുന്നു, മഹാനായ ബൃഹസ്പതി: സഖാക്കളേ, നിങ്ങളും ഈ വർദ്ധനീയനായ ദേവനെ വർദ്ധിപ്പിച്ചാലും; മികച്ച അന്നത്തിന്നായി, സുഖേന ഇറങ്ങാവുന്നവയും സുഖേന കടക്കാവുന്നവയുമായ ജലങ്ങൾ അദ്ദേഹം തരും! 8

ബ്രഹ്മണസ്പതേ, ഇതാ, നിങ്ങൾക്ക്—അങ്ങയ്ക്കും വജ്രപാണിയായ ഇന്ദ്രനും—ഒരു ശോഭനമായ മന്ത്രസ്തോത്രം രചിയ്ക്കപ്പെട്ടു: നിങ്ങൾ കർമ്മങ്ങൾ രക്ഷിയ്ക്കുവിൻ; വളരെ സ്തവങ്ങൾ ചെവിക്കൊള്ളുവിൻ; സേവകരോടേറ്റുക്കുന്ന വൈരികളെ നശിപ്പിയ്ക്കുവിൻ! 9

ബൃഹസ്പതേ, നിങ്ങൾ—അങ്ങും ഇന്ദ്രനും—വിണ്ണിലും മന്നിലുമുള്ള സമ്പത്തിന്റെ ഉടമസ്ഥരാണല്ലോ: പുകഴ്ത്തുന്ന സ്തോതാവിന്നു ധനം തരുവിൻ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 10

---

## സൂക്തം 98.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രനും ഇന്ദ്രാബൃഹസ്പതികളും ദേവത.

അധ്വര്യുക്കളേ, ജനങ്ങളിൽവെച്ചു ശ്രേഷ്ഠനായ ഇന്ദ്രന്നു നിങ്ങൾ തിളങ്ങുന്ന സോമനീർ ഹോമിയ്ക്കുവിൻ: ദൂരസ്ഥമായ പേയവും

---

5. ആ—പുകഴ്ത്തി.
8. വർദ്ധിപ്പിച്ചാലും—സ്തുതികൾകൊണ്ടു വളർത്തിയാലും.
9. കർമ്മങ്ങൾ—ഞങ്ങളുടെ. സേവകരോട്—ഞങ്ങളോട്.

Digitized By Kerala Sahitya Akademi

ഗൌരമൃഗത്തെക്കാളേറെ അറിയുന്ന തന്തിരുവടി എപ്പോഴും സോമംപി
ഴിയുന്നാവനെ തേടി ചെല്ലും! 1

ഇന്ദ്ര, ഭവാൻ മുമ്പു യാതൊരു ശോഭനാന്നം തിരുവയററിലാക്കി
പ്പോന്നുവോ, അതു നാളിൽ നാളിൽ കുടിപ്പാൻ അങ്ങ് കാംക്ഷിയ്ക്കുന്നു
ണ്ടല്ലോ: കാമയമാനനായ ഭവാൻ ഹൃദയംകൊണ്ടും മനസ്സുകൊണ്ടും
സ്വീകരിച്ചു, കൊണ്ടുവന്നുവെയ്ക്കപ്പെട്ടിട്ടുള്ള സോമം കുടിച്ചാലും! 2

ഇന്ദ്ര, അവിടുന്നു ജനിച്ചപ്പോഠംത്തന്നെ കെല്പിന്നായി സോമം
നുകന്നു: അമ്മ പാകയുണ്ടായി, അങ്ങയുടെ മഹത്ത്വം. അങ്ങ് വിശാ
ലമായ അന്തരിക്ഷം നിറച്ചു; യുദ്ധംകൊണ്ടു ദേവന്മാക്കു ധനമുണ്ടാക്കി! 3

ഇന്ദ്ര, അവിടുന്നു വലിയ ഊററക്കാരോടു പൊരുതിയ്ക്കുകയാ
ണെങ്കിൽ, ഞങ്ങഠം കൈകൊണ്ടുതന്നെ ആ ഹിംസകരെ അമത്തും;
അതല്ലാ, നേതാക്കളാൽ പരിവൃതനായി ഭവാൻതന്നെ പൊരുതുകയാ
ണെങ്കിൽ, നല്ല യശസ്സുളവാക്കുന്ന ആ യുദ്ധത്തിൽ ഞങ്ങഠം ഭവാനാൽ
വിജയം നേടും! 4

ഇന്ദ്രൻ പണ്ടു ചെയ്തവയും, മഘവാവിൻെറ നൂതനകമ്മങ്ങളും
ഞാൻ വണ്ണിച്ചു. അദ്ദേഹം അസുരമായകളെ അമത്തി; അതോടേ
സോമം അവിടെയ്ക്കു ക്ലുപ്തലായി! 5

ഇന്ദ്ര, അങ്ങയുടെതന്നെയാണ്, പ്രാണിഹിതമായ ഈ ലോ
കമെല്ലാം: അവിടുന്നു സൂയ്യതേജസ്സുകൊണ്ടു നോക്കിപ്പോരുന്നു. അവിടു
ന്നൊരാളാണ്, ഗോപതി—സവ്വഗോക്കളുടെയും പതി; അവിടുന്നു
ഞങ്ങഠംക്കു ധനം തരുമാറാകണം! 6

ബൃഹസ്പതേ, നിങ്ങഠം—അങ്ങും ഇന്ദ്രനും—വിണ്ണിലും മന്നിലു
മുള്ള സമ്പത്തിൻെറ ഉടമസ്ഥരാണല്ലോ: പുകഴ്ത്തുന്ന സ്തോതാവിന്നു
ധനം തരുവിൻ; നിങ്ങഠം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

സൂക്തം 98.

3. അമ്മ പാകയുണ്ടായി—മുൻമണ്ഡലങ്ങളിലുണ്ട് നിറച്ചു—സ്വതേജസ്സുകൊണ്ട്. യുദ്ധംകൊണ്ട്—ശത്രുക്കളെ ജയിച്ച്.

4. നേതാക്കഠം—മരുത്തുക്കഠം. ഭവാനാൽ—ഭവാൻെറ സാഹായ്യത്താൽ.

5. ക്ലുപ്തലായി—സോമത്തോട് അസാധാരണസംബന്ധമുള്ളവായി.

6. നോക്കിപ്പോരുന്നു—ലോകത്തെ.



Digitized By Kerala Sahitya Akademi

സൂക്തം 99.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിഷ്ണുവും ഇന്ദ്രാവിഷ്ണുക്കളും ദേവത.

കണക്കിൽക്കവിഞ്ഞ തിരുമെയ്വളർച്ച പൂണ്ടവനേ, വിഷ്ണോ, അങ്ങയുടെ മഹിമാവ് അളക്കാവുന്നതല്ല: അങ്ങയുടെ രണ്ടു ലോകമേ—പൃഥിവിയും അന്തരിക്ഷവുമേ—ഞങ്ങൾ അറിഞ്ഞിട്ടുള്ളു; ദേവ, അപ്പുറം അങ്ങയ്ക്കേ അറിഞ്ഞുകൂടൂ! 1

ദേവ, വിഷ്ണോ, നിന്തിരുവടിയുടെ മഹിമാവിന്റെ അകന്ന അററം ജനിയ്ക്കുന്നവനോ ജനിച്ചവനോ കണ്ടെത്തില്ല: നിന്തിരുവടി ദർശനീയമായ വലിയ വിണ്ണുലകം ഉയർത്തിയുറപ്പിച്ചു; ഭൂമിയുടെ കിഴക്കേ ദ്ദിക്കും താങ്ങിനിർത്തി! 2

മനുഷ്യന്നു കൊടുപ്പാൻ അന്നങ്ങളെയും ഗോക്കളെയും നല്ല പുല്ലുകളെയും വഹിച്ചുപോന്ന ഈ വാനൂഴികളെ വിഷ്ണോ, അവിടുന്ന് ഇരുമട്ടിൽ താങ്ങിനിർത്തി; മന്നിനെ എമ്പാടും മലകൾകൊണ്ടുറപ്പിച്ചു! 3

നേതാക്കളേ, നിങ്ങൾ സൂര്യനെയും ഉഷസ്സിനെയും അഗ്നിയെയും വെളിപ്പെടുത്തി, യഷ്ടാവിന്നു മഹത്തായ ലോകം കല്പിച്ചു; വൃഷശിപ്രനെന്ന വിധ്വംസകന്റെ മായകളെ യുദ്ധങ്ങളിൽ നശിപ്പിച്ചു! 4

ഇന്ദ്രാവിഷ്ണുക്കളേ, നിങ്ങൾ ശംബരന്റെ ഉറപ്പുററ തൊണ്ണൂറെറാമ്പതു പുരികൾ തകർത്തു; വർച്ചി എന്ന അസുരന്റെ എതിരററ നൂറായിരംവീരന്മാരെയും കൂട്ടത്തോടേ കൊന്നു! 5

ഈ മഹത്തായ സ്തുതി ആ വിശാലവിക്രമരും ബലവാന്മാരുമായ മഹാന്മാരെ വർദ്ധിപ്പിയ്ക്കട്ടെ: വിഷ്ണോ, ഇന്ദ്ര, നിങ്ങൾക്കു ഞാൻ യജ്ഞങ്ങളിൽ സ്തോത്രം അർപ്പിയ്ക്കുന്നു; നിങ്ങൾ യുദ്ധങ്ങളിൽ അന്നം പെരുപ്പിച്ചാലും! 6

---

സൂക്തം 99.

1. മഹിമാവ്—മൂന്നടികൊണ്ടു മൂപ്പാരളന്നത്.
3. ഇരുമട്ടിൽ—ദ്യോവു കീഴ്പോട്ടും, ഭൂവു മേല്പോട്ടും നോക്കുമാറ്.
4. ലോകം—സ്വർഗ്ഗം. വൃഷശിപ്രൻ—ഒരസുരൻ.
5. വീരന്മാർ—ഭടന്മാർ.
6. പെരുപ്പിച്ചാലും—ഞങ്ങൾക്ക്

Digitized By Kerala Sahitya Akademi

വിഷ്ണോ, അങ്ങയ്ക്കു ഞാൻ വഷട്കാരം ഉച്ചരിയ്ക്കുന്നു: ശിപിവിഷ്ട, അങ്ങ് എന്റെ ഈ ഹവിസ്സു കൈക്കൊണ്ടാലും. എന്റെ നല്ല സ്തുതിവാക്യങ്ങൾ അങ്ങയെ വളർത്തട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

## സൂക്തം 100.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിഷ്ണു ദേവത.

ആർ ഉരുഗേയനായ വിഷ്ണുവിന്നു (ഹവിസ്സു) നല്കുമോ; ആർ ഇത്രയുംപോന്ന മനുഷ്യഹിതനെ കൂടെച്ചെല്ലുന്ന സ്തോത്രംകൊണ്ടു പൂജിയ്ക്കുകയും പരിചരിയ്ക്കുകയും ചെയ്യുമോ; ആ മനുഷ്യൻ ഇച്ഛിച്ച ധനം നേടും! 1

വിഷ്ണോ, കിട്ടേണ്ടതു കിട്ടിയ്ക്കുന്നവനേ, അങ്ങ് വിശ്വജനീനവും നിരവദ്യവുമായ നന്മനസ്സരുളിയാലും: ഞങ്ങൾ വഴിപോലെ നേടേണ്ടുന്ന, വളരെപ്പേരെ ആഹ്ലാദിപ്പിയ്ക്കുന്ന, അശ്വയുക്തമായ ഭൂരിസമ്പത്തോടു ചേരട്ടെ! 2

ഈ ദേവൻ ഒരുനൂറുരശ്മികളുള്ള ലോകങ്ങളെ മഹിമാവിനാൽ മൂന്നടികൊണ്ടളന്നുവല്ലോ. വളർന്നവനെക്കാൾ വളർന്നവനായ വിഷ്ണു നമ്മുടെ സ്വാമിയായി വരട്ടെ; തിളങ്ങുന്ന ഒന്നാണല്ലോ, ഈ പ്രവൃദ്ധന്റെ തിരുനാമം! 3

ദേവകൾക്കു പാർക്കാൻ കൊടുക്കാനത്രേ, വിഷ്ണു ഈ ലോകമെല്ലാം അളന്നത്. തന്തിരുവടിയെ സ്തുതിയ്ക്കുന്നവർക്ക് ഇളക്കം വരില്ല: സുജന്മാവായ അവിടുന്നു വലിയ പാർപ്പിടം കല്പിച്ചുകൊടുക്കും! 4

ശിപിവിഷ്ട, അങ്ങയുടെ ആ തിരുനാമത്തെ, ജ്ഞാതവ്യങ്ങളെ റിഞ്ഞ ഉടമസ്ഥനായ ഞാൻ ഇപ്പോൾ കീർത്തിച്ചുകൊള്ളുന്നു: ഈ ഉല

---

7. ശിപിവിഷ്ട—രശ്മികൾ ചേർന്നവനേ, തേജസ്വിൻ.

സൂക്തം 100.

2. കിട്ടിയ്ക്കുന്നവനേ—സ്തോതാക്കൾക്ക്. അരുളിയാലും—ഞങ്ങളിൽ,
3. നാമത്തിന്നു രൂപമെന്നും അർത്ഥമുണ്ട്.

Digitized By Kerala Sahitya Akademi

കിൻെറ അകലത്തു വസിയ്ക്കുന്ന ആ വലിയവനായ നിന്തിരുവടിയെ എളിയവനായ ഞാൻ പുകഴ്ത്തിപ്പാടുന്നു. 5

വിഷ്ണോ, 'ഞാൻ ശിപിവിഷ്ടനാണെ'ന്നല്ലേ, ഭവാൻ അരുളിച്ചെയ്തത്; ആ പേര് പറയാൻ കൊള്ളാമോ? ആ തിരുവുരു ഞങ്ങളിൽനിന്നു മറയ്ക്കരുത്: മറെറാരു രൂപം പൂണ്ടാണല്ലോ, അങ്ങ് യുദ്ധത്തിൽ വന്നത്! 6

വിഷ്ണോ, അങ്ങയ്ക്കു ഞാൻ വഷട്കാരം ഉച്ചരിയ്ക്കുന്നു: ശിപിവിഷ്ട, അങ്ങ് എൻെറ ഈ ഹവിസ്സു കൈക്കൊണ്ടാലും. എൻെറ നല്ല സ്തുതിവാക്യങ്ങൾ അങ്ങയെ വളർത്തട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

ആറാമധ്യായം സമാപ്തം.

---

## ഏഴാമധ്യായം.

### സൂക്തം 101.

അഗ്നിപുത്രൻ കുമാരനോ വസിഷ്ഠനോ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
പർജ്ജന്യൻ ദേവത.

ഈ മധു ചുരത്തുന്ന അകിടിനെ എവ കറക്കുമോ, ആ അഗ്രം തിളങ്ങുന്ന മൂന്നു വാക്കുകൾ നീ ഉച്ചരിയ്ക്കുക: ആ വൃഷഭൻ വത്സനെ ഓഷധികളുടെ ഗർഭമാക്കിക്കൊണ്ടു, ജനിച്ചപ്പോൾത്തന്നെ മുക്രയിടുന്നു! 1

---

5. ഉടമസ്ഥൻ—ഹവിസ്സുകളുടെ.

6. പണ്ടൊരിയ്ക്കൽ, വിഷ്ണു വേഷപ്രച്ഛന്നനായി വസിഷ്ഠനെ യുദ്ധത്തിൽ സഹായിച്ചു. ഇതറിഞ്ഞു വസിഷ്ഠൻ വിഷ്ണുവിനോടു പറയുന്നു: ആ പേര് പറയാൻ കൊള്ളാമോ?—ശിപിവിഷ്ടൻ എന്നതിന്ന് അശ്ലീലമായ ഒരർത്ഥമുണ്ട്. ആ തിരുവുരു—വൈഷ്ണവരൂപം.

സൂക്തം 101.

1. ഋഷി, തന്നോടുതന്നെ പറയുന്നു: മധു—ജലം. അകിട്—മേഘം. അഗ്രം തിളങ്ങുന്ന—പ്രണവപൂർവ്വകങ്ങളായ. മൂന്നു വാക്കുകൾ—ഋഗ്യജുസ്സാമസൂക്തങ്ങൾ; ഇവയാൽ പ്രസാദിച്ച പർജ്ജന്യൻ മേഘത്തെക്കൊണ്ടു മഴ പെയ്യിയ്ക്കുമെന്നർത്ഥം. ആ വൃഷഭൻ—വർഷിതാവായ പർജ്ജന്യൻ. വത്സനെ—വൈദ്യുതാഗ്നിയെ. ഓഷധികളുടെ ഗർഭമാക്കിക്കൊണ്ടു—സസ്യങ്ങളിൽ പ്രവേശിപ്പിച്ചുകൊണ്ടു—മുക്രയിടുന്നു—ഇടിവെട്ടുന്നു; വൃഷഭം (കാള) മുക്രയിടുമല്ലോ.

Digitized By Kerala Sahitya Akademi

ആർ ഓഷധികളെ, ആർ ജലങ്ങളെ തഴപ്പിയ്ക്കുമോ, ആർ ഉലകിന്നെല്ലാം ഉടയവനോ; ആ ദേവൻ നമുക്കു മൂന്നുനിലയുള്ള ഗൃഹവും, തേടേണ്ടുന്ന തേജസ്സും തന്നരുളട്ടെ! 2

തന്തിരുവടിയുടെ ഒരു രൂപം പേറു മാറിയ പയ്യാണ്; മറ്റൊരു രൂപം പെററ പയ്യം. ശരീരം യഥേഷ്ടമാക്കും, അവിടുന്ന്: അമ്മ അച്ഛങ്കൽനിന്നു തണ്ണീർ വാങ്ങുന്നു; അതുകൊണ്ട് അച്ഛനും, അതുകൊണ്ടുതന്നെ മക്കളും വളരുന്നു! 3

എല്ലാബ്ഭുവനവും മൂന്നു വിണ്ണുലകും ആരിൽ നില്ക്കുന്നുവോ; ആരിൽനിന്നു ജലം മൂന്നായി പുറപ്പെടുന്നുവോ; ആ മഹാനു ചുററും സേക്താക്കളായ മൂന്നുതരം മേഘങ്ങൾ തണ്ണീർ പൊഴിയ്ക്കുന്നു! 4

ഈ സ്തോത്രം സ്വയംപ്രകാശനായ പർജ്ജന്യന് ഉള്ളിൽത്തട്ടട്ടെ; അവിടുന്നു സ്വീകരിയ്ക്കട്ടെ. നമുക്കു സുഖകരമായ മഴയുണ്ടാകട്ടെ; ദേവൻ രക്ഷിച്ചുപോരുന്ന സസ്യങ്ങൾ ഫലസമൃദ്ധങ്ങളാകട്ടെ! 5

ആ വൃഷഭൻ വളരെപ്പേരിൽ രേതസ്സു തുകുന്നു. അവങ്കലാണ്, ചരാചരങ്ങളുടെ ശരീരം. ആ ജലം എന്നെ നൂറാണ്ടു ജീവിപ്പാൻ രക്ഷിയ്ക്കട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

---

2. ആ ദേവൻ—പർജ്ജന്യൻ.

3. പേറു മാറിയ പയ്യ് പാൽ കൊടുക്കില്ലല്ലോ; അതുപോലെ, വെള്ളമില്ലാത്തതാണ്, പർജ്ജന്യന്റെ ഒരു രൂപം. പെററ പയ്യം—വെള്ളമുള്ളത്. യഥേഷ്ടമാക്കും—നിർജ്ജലവുമാക്കും, സജലവുമാക്കും. അമ്മ—ഭൂവ്. · അച്ഛൻ—ദ്യോവ്. അതു ഹവിസ്സായി കിട്ടി അച്ഛൻ (ദ്യോവു) വളരുന്നു. അതുകൊണ്ടുതന്നെ—ആ തണ്ണീരിനാൽത്തന്നെ. മക്കൾ—ഭൂവിലെ പ്രാണികൾ.

4. മൂന്നായി—കിഴക്കോട്ടും, പടിഞ്ഞാട്ടും, കീഴ്പോട്ടുമായി. സേക്താക്കൾ—വെള്ളം പാററുന്നവ. മൂന്നുതരം—പൌരസ്ത്യ-പാശ്ചാത്യോ-ദീച്യങ്ങൾ.

5. ദേവൻ—പർജ്ജന്യൻ.

6. ഒരു കാള പൈക്കളിൽ രേതസ്സു (ശുക്ലം) തുകുന്നതുപോലെ പർജ്ജന്യൻ വളരെപ്പേരിൽ (ഓഷധികളിൽ) ജലം പൊഴിയ്ക്കുന്നു. 'ആ—പർജ്ജന്യൻ തന്നെ,

Digitized By Kerala Sahitya Akademi

## സൂക്തം 102.

വസിഷ്ഠൻ ഋഷി; ഗായത്രി ഛന്ദസ്സ്; പർജ്ജന്യൻ ദേവത.

മഴ പെയ്യിയ്ക്കുന്ന അന്തരിക്ഷപുത്രനായ പർജ്ജന്യനെപ്പററി പാടുവിൻ: അദ്ദേഹം നമുക്കു ഭക്ഷ്യം നല്കാൻ കനിയട്ടെ! 1

ഓഷധികൾക്കും പൈക്കൾക്കും ബഡബകൾക്കും മനുഷ്യസ്ത്രീകൾക്കും ഗർഭമുൽപ്പാദിപ്പിയ്ക്കുന്നാവനാണല്ലോ, പർജ്ജന്യൻ! 2

അദ്ദേഹത്തിന്നായി, സ്വാദേറിയ ഹവിസ്സു വായിൽ ഹോമിയ്ക്കുവിൻ: നമുക്കു പതിവായി അന്നം കല്പിച്ചുതരട്ടെ! 3

## സൂക്തം 103.

വസിഷ്ഠൻ ഋഷി; അനുഷ്ടുപ്പും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; മണ്ഡൂകങ്ങൾ ദേവത.

വ്രതമനുഷ്ഠിയ്ക്കുന്ന ബ്രാഹ്മണർപോലെ, ഒരാണ്ട് ഉറങ്ങിക്കിടന്ന തവളകൾ പർജ്ജന്യനെ പ്രീതിപ്പെടുത്തുന്ന വാക്കുകൾ ഉച്ചരിയ്ക്കുന്നു! 1

തോൽത്തുരുത്തികൾപോലെ ചുങ്ങി, പൊയ്കയിൽ കിടക്കുന്ന ഈ തവളകൾ, മഴവെള്ളം ദേഹത്തിൽ വീഴുന്നതോടേ, കന്നുകളോടു ചേൎന്ന പൈക്കളുടെ ഉമ്പവിളിയ്ക്കൊത്ത ശബ്ദം പുറപ്പെടുവിച്ചുതുടങ്ങും. 2

വർഷാരംഭത്തിൽ മഴ പെയ്താൽ, ദാഹിച്ചു കൊതിയ്ക്കുന്ന ഈ തവളകൾ 'അക്ഖല' എന്നു കരയുകയായി—ഒന്നു ശബ്ദിയ്ക്കുന്ന മറ്റൊന്നിന്റെ അടുക്കൽ, മകൻ അച്ഛനുകലെന്നപോലെ ചെല്ലും. 3

---

സൂക്തം 102.

1. സ്തോതാക്കളോട്:

2. പർജ്ജന്യദത്തമായ ജലത്താലാണല്ലോ, ഓഷധികൾക്കും മററും സന്താനമുണ്ടാകുന്നത്!

3. വായിൽ—ദേവന്മാരുടെ മുഖമായ അഗ്നിയിൽ.

സൂക്തം 103.

1. ഈ സൂക്തം ജപിച്ചാൽ മഴ കിട്ടും: വ്രതം—സംവത്സരസത്രം. ഒരാണ്ട്—ശരത്തുമുതൽ വർഷത്തുവരെ. തവളകളുടെ ശബ്ദം പർജ്ജന്യസ്തുതിയാക്കി കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

2. പൊയ്ക—വേനലിൽ വെള്ളം വററിയ സരസ്സ്.

3. കൊതിയ്ക്കുന്ന—വെള്ളം കിട്ടാൻ. 'അക്ഖല'—ശബ്ദാനുകരണം. ഒന്നു—ഒരു തവള.

Digitized By Kerala Sahitya Akademi

വൎഷത്താൽ ഹൎഷം പൂണ്ട ഇരുവരിൽ, ഒന്നു മറ്റൊന്നിനെ പിന്തുടൎന്നു പിടിയ്ക്കുന്നു; മഴയേററു കുതിച്ചുചാടുന്ന ഒരു തവിട്ടുതവള ഒരു പച്ചത്തവളയോടു സല്ലപിയ്ക്കുന്നു! 4

ഈ നിങ്ങളിൽ ഒന്നു മററതിൻെറ വാക്കിനെ, ശിഷ്യൻ ഗുരുവിൻേറതിനെയെന്നപോലെ ചൊല്ലുന്നു. വെള്ളത്തിൻമീതെ ചാടുന്ന ശോഭനവചനരായ നിങ്ങളുടെ മുഴച്ചിരുന്ന ദേഹമെല്ലാം തഴച്ചുകഴിഞ്ഞു! 5

ഇവയിൽ ഒന്നിൻെറ ഒച്ച പയ്യിൻേറതുപോലെ; മററൊന്നിൻെറ ഒച്ച ആടിൻേറതുപോലെ. ഒന്നു തവിട്ടുനിറത്തിൽ, മറെറാന്നു പച്ചനിറത്തിൽ—ഇങ്ങനെ നാനാരൂപരെങ്കിലും ഒരേപേർ വഹിയ്ക്കുന്ന ഇവ പലേടങ്ങളിലും ഒലികൂട്ടിക്കൊണ്ടു വെളിപ്പെടുന്നു! 6

തവളകളേ, അതിരാത്രമെന്ന സോമയാഗത്തിൽ ബ്രാഹ്മണരെന്നപോലെ, നിറപൊയ്കയ്ക്കു ചുററും നിലവിളി കൂട്ടുന്ന നിങ്ങൾ ഒരാണ്ടിൽ വൎഷാകാലദിവസങ്ങളിൽ പരക്കെ കാണായിവരുന്നു. 7

സാംവത്സരികസ്തോത്രം ചൊല്ലുന്ന സോമയുക്തരായ ബ്രാഹ്മണർപോലെ, ഇവ ശബ്ദം മുതിക്കുന്നു; ചിലവ, പ്രവൎഗ്ഗ്യമനുഷ്ഠിയ്ക്കുന്ന അധ്വൎയ്യുക്കൾപോലെ വിയൎത്തുകൊണ്ട്, ഇപ്പോൾ മറവിൽനിന്നു വെളിയിൽ വരുന്നു. 8

ഈ നേതാക്കൾ ദേവകളുടെ ഏൎപ്പാടിനെ രക്ഷിച്ചുപോരുന്നു—ഒരാണ്ടിലെ ഋതുക്കളെ തട്ടിനീക്കുന്നില്ല; ഒരാണ്ടു തികഞ്ഞു മഴക്കാലം വന്നാൽ, വേനൽച്ചൂടിൽ വലഞ്ഞ ഇവ വിടുതി നേടും. 9

---

4. ഇരുവരിൽ—രണ്ടു തവളകളിൽ. തവിട്ടുതവള=തവിടിൻനിറത്തിലുള്ള തവള. പച്ച—പച്ചനിറം. സല്ലപിയ്ക്കുന്നു—രണ്ടിൻെറയും ഒച്ച ഒന്നുപോലെയാകയാൽ, അതിന്നു സല്ലാപത്വം കല്പിച്ചിരിയ്ക്കയാണ്.

5. ഋഷി തവളകളോടായി പറയുന്നു: വാക്ക്—ഒച്ച.

8. ഇവ—തവളകൾ. പ്രവൎഗ്ഗ്യം—മഹാവീരമെന്ന കലം പഴുപ്പിയ്ക്കൽ, മയക്കൽ. ഇപ്പോൾ—മഴ പെയ്തപ്പോൾ. മറവിൽനിന്ന്—അനങ്ങാതെ കിടക്കുകയായിരുന്ന മടയിൽനിന്ന്.

9. ഈ നേതാക്കൾ—മണ്ഡൂകങ്ങൾ. ഏൎപ്പാടിനെ—ഇന്ന ഋതുവിൽ ഇന്ന മാതിരി എന്ന നിശ്ചയത്തെ. തട്ടിനീക്കുന്നില്ല—ഓരോ ഋതുവിന്നും വഴങ്ങുന്നു. വിടുതി നേടും—മടയിൽനിന്നു പുറത്തിറങ്ങും.

Digitized By Kerala Sahitya Akademi

പശ്വൊച്ചക്കാരനും, ആടൊച്ചക്കാരനും, തവിട്ടുനിറക്കാരനും,
പച്ചനിറക്കാരനും നമുക്കു ധനങ്ങൾ നല്കട്ടെ; മഴക്കാലത്തു മണ്ഡൂക
ങ്ങൾ നൂറുനൂറു ഗോക്കളെ തരട്ടെ; ആയുസ്സും വൎദ്ധിപ്പിയ്ക്കട്ടെ! 10

---

### സൂക്തം 104.

വസിഷ്ഠൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രാസോമാദികൾ ദേവത.

വൃഷാക്കളായ ഇന്ദ്രാസോമന്മാരേ, നിങ്ങൾ ഇരുട്ടിൽ വളരുന്ന
രാക്ഷസരെ തപിപ്പിയ്ക്കണം, ഹിംസിയ്ക്കണം, അടിച്ചമൎത്തണം—മൂഢ
രെ പിന്തിരിപ്പിയ്ക്കണം; ചുട്ടെരിയ്ക്കണം; കൊല്ലണം; ആട്ടിപ്പായി
യ്ക്കണം; തിന്മന്മാരെ ചടപ്പിയ്ക്കണം! 1

ഇന്ദ്രാസോമന്മാരേ, കുററം പറഞ്ഞു തട്ടിക്കേറുന്നവനെ നിങ്ങൾ
കീഴമൎത്തണം: അവൻ, തീയ്യിൽ വെച്ച ചരുപോലെ തിളച്ചുകുറുകട്ടെ.
'ഇനിയെന്ത്' എന്നിങ്ങനെ നടക്കുന്ന ഘോരാകാരനെ, ബ്രാഹ്മണ
ദ്വേഷിയായ ഇറച്ചിതീനിയെ നിങ്ങൾ നിരന്തരമായ അരിശത്തിന്നു
ലക്ഷ്യമാക്കുവിൻ! 2

ഇന്ദ്രാസോമന്മാരേ, നിങ്ങൾ ദുഷ്കൎമ്മികളെ നിരാലംബമായ
ഇരുട്ടിൽപ്പെടുത്തി പ്രഹരിയ്ക്കുവിൻ: അതിൽനിന്ന് ഒരുത്തനും പുറ
ത്തുപോരരുത്: കീഴമൎത്തുന്നതായിത്തീരട്ടെ, നിങ്ങളുടെ ക്രോധം കലൎന്ന
ബലം! 3

ഇന്ദ്രാസോമന്മാരേ, നിങ്ങൾ വിണ്ണിൽനിന്നു കൊലയായുധം
ഉണ്ടാക്കുവിൻ: കുററം പുലമ്പുന്നവനെ കൊല്ലാൻ മന്നിൽനിന്നും ഉണ്ടാ
ക്കുവിൻ. രാക്ഷസത്തടിയനെ വധിയ്ക്കാൻ മേഘങ്ങളിൽനിന്ന് ഇടി
വാളെടുക്കുവിൻ! 4

---

സൂക്തം 104.

1. തപിപ്പിയ്ക്കണം=പൊള്ളിയ്ക്കണം. മൂഢർ, തിന്മന്മാർ എന്നിവ രാക്ഷസവിശേഷണങ്ങൾതന്നെ.

2. ചരു—ഒരുതരം പായസം. 'ഇനിയെന്ത്' എന്നിങ്ങനെ—ഒന്നിനും കൂസലില്ലാതെ.

3. അത്—ഇരുട്ട്.

Digitized By Kerala Sahitya Akademi

ഇന്ദ്രാസോമന്മാരേ, നിങ്ങൾ വാനത്തുനിന്ന് എമ്പാടും ചാട്ട
വിൻ: ഏറ്റാൽപ്പൊള്ളുമാറു തീയ്യിൽപ്പഴുപ്പിച്ച, തുരുമ്പുപിടിയ്ക്കാത്ത
ഇരിമ്പായുധങ്ങൾകൊണ്ടു തിന്മന്റെ വാരിഭാഗം തുളയ്ക്കുവിൻ; അവർ
ഒച്ചയിടാതെ ഓടിപ്പോകട്ടെ! 5

ഇന്ദ്രാസോമന്മാരേ, ഞാൻ ബുദ്ധിയാൽ നിങ്ങൾക്കയയ്ക്കുന്ന ഈ
സ്തോത്രം ബലവാന്മാരായ നിങ്ങളെ വാറു കുതിരയെയെന്നപോലെ എ
മ്പാടും ചുറ്റട്ടെ: നിങ്ങൾ ഈ സ്തവങ്ങളെ, രണ്ടു രാജാക്കന്മാരെന്ന
പോലെ നിറയ്ക്കുവിൻ! 6

ഇന്ദ്രാസോമന്മാരേ, നിങ്ങൾ കുതിച്ചോടുന്ന കുതിരകളിലൂടേ
ഇങ്ങോട്ടു വരുവിൻ: മുടിച്ചു ദ്രോഹിയ്ക്കുന്ന രാക്ഷസരെ വധിയ്ക്കുവിൻ.
ഞങ്ങളെ യാതൊരു ദ്രോഹി വല്ലപ്പോഴും ഉപദ്രവിയ്ക്കുമോ, ആ പാപിയ്ക്കു
സുഖമുണ്ടാക്കരുത്! 7

ഇന്ദ്ര, മനശ്ശുദ്ധിയോടേ പെരുമാറുന്ന എങ്കൽ അസത്യവാദി
ത്വം ചുമത്തുന്നതെവനോ; ആ നുണയൻ, മുഷ്ടിയിലെടുത്ത വെള്ളം
പോലെ ഉതിർന്നുപോകട്ടെ! 8

പരിപക്വവചനനെ എവർ സ്വാതന്ത്ര്യപരതയാൽ പഴിയ്ക്കുമോ,
നല്ലവനെ പ്രബലരായ എവർ ദൂഷിയ്ക്കുമോ, അവരെ സോമൻ പാ
മ്പിന്നു കൊടുക്കട്ടെ; അല്ലെങ്കിൽ നിരൃതിയുടെ മടിയിലിരുത്തട്ടെ! 9

അഗ്നേ, ആർ നമ്മുടെ അന്നത്തിന്റെ, ആർ കുതിരകളുടെ,
ആർ ഗോക്കളുടെ, ആർ ശരീരത്തിന്റെ സത്തു കെടുത്താൻ നോക്കു
മോ, ആ കക്കുന്ന കള്ളനായ ദ്രോഹി കൊല്ലപ്പെടട്ടെ; അവന്റെ ദേ
ഹവും മകനും നശിച്ചുപോകട്ടെ! 10

ആർ ഞങ്ങളെ അഹസ്സിൽ, ആർ രാത്രിയിൽ കൊല്ലാൻ നോ
ക്കുമോ, അവൻ ദേഹത്തോടും പുത്രനോടും വേർപെടട്ടെ; ദേവന്മാരേ,
അവന്റെ യശസ്സ് ഉണങ്ങിപ്പോകട്ടെ! 11

---

5. ചാട്ടുവിൻ—ആയുധങ്ങൾ. അവർ—തിന്മന്മാർ, രാക്ഷസർ.

6. വാറ്—ബന്ധനരജ്ജു. നിറയ്ക്കുവിൻ—ഫലങ്ങൾകൊണ്ട്.

9. പരിപക്വവചനൻ—സത്യഭാഷി. പാമ്പിന്നു കൊടുക്കട്ടെ—പാമ്പി
നെക്കൊണ്ടു കടിപ്പിയ്ക്കട്ടെ. നിരൃതി—പാപദേവത.

11. വേർപെടട്ടെ—ചാകട്ടെ. യശസ്സ്=കീർത്തിയോ, അന്നമോ.

40*

Digitized By Kerala Sahitya Akademi

ഇത് അഭിജ്ഞൻക്ക് എളുപ്പത്തിൽ അറിയാം: നേരും നുണയും തമ്മിൽ മത്സരിയ്ക്കയാണ്; അവയിൽ സത്യവും സരളവുമായിട്ടുള്ള വാക്കിനെ സോമൻ രക്ഷിയ്ക്കും; അസത്യത്തെ തള്ളും! 12

പാപിയെയും, ഭോഷ്ക്ക് പറയുന്ന ബലവാനെയും സോമൻ വിട്ടയയ്ക്കില്ല; അരക്കനെ ഹനിയ്ക്കും, നുണയനെയും ഹനിയ്ക്കും. ഇരുവരും ഇന്ദ്രന്റെ തടവിൽ കിടക്കും! 13

അഗ്നേ, ഞാൻ അസത്യവാദിയാണെങ്കിൽ, ദേവന്മാരെ ഉപഗമിയ്ക്കുന്നതു വെറുതെയാകുമല്ലോ; ജാതവേദസ്സേ, അവിടുന്നു ഞങ്ങളിൽ അരിശപ്പെടുന്നതെന്തിന്? നുണയന്മാരെ വേണം, ഭവാൻ കൊല്ലുക! 14

ഞാൻ ഒരരക്കനാണെങ്കിൽ—മനുഷ്യന്റെ ആയുസ്സു കെടുത്തവനാണെങ്കിൽ—ഇന്നു മരിച്ചുകൊള്ളാം! എന്നെ ആർ വെറുതേ അരക്കനെന്നു വിളിച്ചുവോ, അവൻ ഒരു പത്തുപുത്രന്മാരോടു വേർപെടണം! 15

ആർ അരാക്ഷസനായ എന്നെ രാക്ഷസനെന്നു വിളിയ്ക്കുമോ, ഏതു രാക്ഷസൻ, 'ഞാൻ പരിശുദ്ധനാണെ'ന്നു പുലമ്പുമോ, അവനെ ഇന്ദ്രൻ വലിയ വജ്രംകൊണ്ടു വധിയ്ക്കട്ടെ; അവൻ എല്ലാ പ്രാണികളിലുംവെച്ച് അധമനായി കീഴ്പതിയ്ക്കട്ടെ! 16

യാതൊരുവൾ രാത്രിയിൽ ദ്രോഹിപ്പാൻ കോലം വെളിപ്പെടുത്തിക്കൊണ്ട്, ഒരു മൂങ്ങപ്പിടപോലെ നടക്കുമോ, അവൾ അററമില്ലാക്കുഴികളിൽ കമിഴ്ന്നുവീഴട്ടെ! അമ്മിക്കുഴകളും ശബ്ദംകൊണ്ട് അരക്കരെ ഹനിയ്ക്കട്ടെ! 17

മരുത്തുക്കളേ, നിങ്ങൾ പ്രജകളിൽ സ്ഥിതിചെയ്യുവിൻ: യാവചിലർ രാത്രികളിൽ പക്ഷികളായി പാറന്നുവരുമോ, യാവചിലർ ഉജ്ജ്വ

---

12. ഒരു രാക്ഷസൻ വസിഷ്ഠന്റെ നൂറുപുത്രന്മാരെ വധിച്ചിട്ടു, വസിഷ്ഠന്റെ രൂപം ധരിച്ചു, 'നീ രാക്ഷസനാകുന്നു, ഞാനാണ്, വസിഷ്ഠൻ' എന്നും പറഞ്ഞു. വസിഷ്ഠനെ കൊല്ലാനൊരുങ്ങി. അപ്പോൾ അവനോടു വസിഷ്ഠൻ ചെയ്ത ശപഥമാണ്, ഈ ഋക്ക് മുതൽ: നേര്—സത്യവചനം.

15. പുത്രന്മാരോടു—ബന്ധുക്കളോടൊക്കെ എന്നു ഹൃദയം.

17. അവൾ—ആ രാക്ഷസി. അമ്മിക്കുഴകൾ—സോമലത ചതയ്ക്കുന്ന.

Digitized By Kerala Sahitya Akademi

ലമായ യാഗത്തിൽ ഉപദ്രവിയ്ക്കുമോ, ആ രാക്ഷസരെ നിങ്ങൾ ഒരുങ്ങിപ്പിടിച്ചരയ്ക്കുവിൻ! 18

ഇന്ദ്ര, അങ്ങ് അന്തരിക്ഷത്തിൽനിന്ന് ഇടിവാൾ ചാട്ടുക; മഘവാവേ, സോമോത്തേജിതനെ വിശുദ്ധിപ്പെടുത്തുക; രാക്ഷസരെ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും വജ്രമെയ്ത് ആട്ടിപ്പായിയ്ക്കുക! 19

ഇതാ, അവർ നായ്ക്കളുമായി വന്നടുക്കുന്നു: യാവചില ഹിംസാശീലർ അഹിംസ്യനായ ഇന്ദ്രനെ ഹിംസിപ്പാൻ നോക്കുമോ, ആ കള്ളന്മാർക്ക ശക്രൻ ആയുധമണയ്ക്കും—തീർച്ചയായും, ഇടിവാൾ കൊലയാളികളിൽ വീഴ്ത്തും! 20

ഹവിസ്സു നശിപ്പിയ്ക്കാൻ നേരിട്ടണഞ്ഞ രാക്ഷസരെ ഇന്ദ്രൻ കൊലപ്പെടുത്തി: വന്ന രക്ഷസ്സുകളെ ശക്രൻ, മഴു മരങ്ങളെയെന്നപോലെ, മൺപാത്രങ്ങളെയെന്നപോലെ, പിളർത്തുകൊണ്ടെതിർക്കും! 21

മൂങ്ങയുടെ, ചെറുമൂങ്ങയുടെ, ശ്വാവിന്റെ, ചക്രവാകത്തിന്റെ, പരുന്തിന്റെ, കഴുകിന്റെ രൂപം ധരിച്ച രക്ഷസ്സിനെ ഇന്ദ്ര, അങ്ങ് ഹനിച്ചാലും—കല്ലുകൊണ്ടെന്നപോലെ ചതച്ചാലും! 22

രക്ഷസ്സു ഞങ്ങളോടടുക്കരുത്: ‘ഇതെന്ത്, ഇതെന്തെ’ന്നു നോക്കുന്ന രാക്ഷസമിഥുനങ്ങളെ (ഉഷസ്സ്) അകറ്റട്ടെ! ഞങ്ങളെ ഭൂമി ഭൂമിയിലെ പാപത്തിൽനിന്നു പാലിയ്ക്കട്ടെ; ഞങ്ങളെ അന്തരിക്ഷം വാനിലെ പാപത്തിൽനിന്നു പാലിയ്ക്കട്ടെ! 23

ഇന്ദ്ര, ആണായ അരക്കനെയും മായകൊണ്ടു വലയ്ക്കുന്ന പെണ്ണിനെയും അവിടുന്നു കൊല്ലണം: കൊലക്കളിക്കാർ കഴുത്തു മുറിഞ്ഞു നിലവിളിയ്ക്കട്ടെ; ഉദിയ്ക്കുന്ന സൂര്യനെ അവർ കാണരുത്! 24

---

19. സോമോത്തേജിതൻ=സോമത്താൽ മൂർച്ചകൂട്ടപ്പെട്ടവൻ, യജമാനൻ.

20. അവർ—രാക്ഷസർ. കള്ളന്മാർക്ക—കള്ളന്മാരെ കൊല്ലാൻ. അണയ്ക്കും=മൂർച്ചകൂട്ടും.

23. മിഥുനങ്ങൾ—സ്ത്രീപുരുഷർ.

24. കൊലക്കളിക്കാർ—കൊല്ലുക എന്ന കളി കളിയ്ക്കുന്നവർ.

Digitized By Kerala Sahitya Akademi

സോമ, അങ്ങും ഇന്ദ്രനും വെവ്വേറെ നോക്കണം, പലതരത്തിൽ നോക്കണം, ഉണൎന്നിരിയ്ക്കണം: കൊലയാളികളായ രാക്ഷസരുടെ നേൎക്ക് നിങ്ങൾ ഇടിവാളാകുന്ന ആയുധം ചാട്ടണം! 25

ഏഴാംമണ്ഡലം സമാപ്തം.

---

# എട്ടാം മണ്ഡലം.

സൂക്തം 1.

കണ്വഗോത്രൻ മേധാതിഥിയും, മേധ്യാതിഥിയും ഋഷിമാർ; ബൃഹതിയും സതോബൃഹതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(പാന)

അന്യനെ സ്തുതിയ്ക്കായ്വിൻ, സഖാക്കളേ—
ഖിന്നരാകൊലാ: നിങ്ങൾ പിഴിഞ്ഞൊപ്പം
വാഴ്ത്തുവിൻ, പെയ്യുമിന്ദ്രനെത്താൻ നിങ്ങൾ;
പേൎത്തുപേൎത്തുച്ചരിയ്ക്കുവിനുക്ഥവും! 1
കാളപോലേ വലിയ്ക്കുവോനെ, വൃഷം—
പോലിടർചേൎത്തു കീഴമൎത്തുന്നോനെ,
രണ്ടുമാചരിപ്പോനെ,യജരനെ,
രണ്ടുമുള്ള വദാന്യനെ,സ്സേവ്യനെ! 2

---

25. നോക്കണം—രാക്ഷസരെ.

സൂക്തം 1.

1. സ്തോതാക്കളോട്: ഖിന്നരാകൊലാ—മററാരെയെങ്കിലും സ്തുതിച്ചു വെറുതേ ക്ഷീണിയ്ക്കേണ്ടാ. പെയ്യും—അഭീഷ്ടവൎഷിയായ.

2. വലിയ്ക്കുവോനെ—കാള വണ്ടി വലിയ്ക്കുന്നതുപോലെ, ശത്രുക്കളെ വലിച്ചിഴയ്ക്കുന്നവനെ. ഇതിന്റെ ഒരു പ്രകാരാന്തരമാണ്, അടുത്ത പാദം. രണ്ടും—നിഗ്രഹവും, അനുഗ്രഹവും. രണ്ടുമുള്ള—ദിവ്യ-ഭൌമധനോപേതനായ. വദാന്യൻ=ദാനശീലൻ. ഈ ദ്വിതീയാന്തപദങ്ങളെല്ലാം മുൻഋക്കിലെ ഇന്ദ്രന്റെ വിശേഷണങ്ങളാകുന്നു.

Digitized By Kerala Sahitya Akademi

ഇന്നാരരവനത്തിനായ് വെവ്വേറെ
നിന്നു നിന്നെസ്തുതിപ്പതുണ്ടെങ്കിലും,
എന്നുമെന്നുമീ ഞങ്ങൾതൻ സ്തോത്രംതാ–
നിന്ദ്ര, നിന്നെ വളപ്പ്താതായ്ത്തീരട്ടെ! 3

അപ്പുറം പൂകുമല്ലോ, ചെറുത്തെതിർ–
നില്പവരെ വിറപ്പിച്ച സൂരികൾ;
അബ്ഭവാൻ വരികി,ങ്ങു മഘവാവേ;
തപ്പ്ണത്തിന്നണയ്ക്കു, വിചിത്രാന്നം! 4

വില്ക്കുകില്ല, ഞാൻ വൻവിലയ്ക്കും നിന്നെ,–
ത്തൃക്കരേ വജ്രമേന്തും ബഹുധന,
ആയിരത്തിനും, പത്തായിരത്തിനു,–
മാഹിതവജ്ര, നൂറായിരത്തിനും! 5

അച്ഛനെക്കാൾ വിലപ്പെട്ടവനെ,നി–
ഷ്കിച്ഛവെയ്ക്കാത്തൊരണ്ണനെക്കാളും നീ;
ഇന്ദ്ര, മാതാവുമങ്ങുമൊപ്പം വസോ;
തന്നരുൾക, മേ സമ്പത്തും മഹത്ത്വവും! 6

എങ്ങു നീ?–യെങ്ങു പോയി നീ? നിന്മന–
സ്സിങ്ങനേകരിലല്ലോ, പുരന്ദര;
വന്നണക, നീ പോരാട്ടം യോദ്ധാവേ;
വൻനുതിയുണ്ടു, പാടുന്നു പാട്ടുകാർ! 7

---

3. അവനം=രക്ഷണം.

4. സൂരികൾ—ഭവാനെ സ്തുതിക്കുന്നവർ. തപ്പ്ണത്തിന്ന്—ഭവാനെ തൃപ്തിപ്പെടുത്താൻ.

5. അപരിമിതമായ ധനത്തെക്കാളും എനിക്കു പ്രിയപ്പെട്ടവനാണ്, ഭവാൻ. ആഹിതവജ്ര—വജ്രം ധരിച്ചവനേ. വജ്രിപദദ്വിരുക്തി ആദരദ്യോതകമാകുന്നു.

6. ഇച്ഛവെയ്ക്കാത്ത—എന്റെ കായ്യത്തിൽ ശ്രദ്ധയില്ലാത്ത. മാതാവ്—എന്റെ അമ്മ.

7. അനേകരിൽ—വളരെ യഷ്ടാക്കളിൽ. യോദ്ധാവ്—യുദ്ധകുശലൻ. വൻനുതി=വലിയ സ്തുതി. പാട്ടുകാർ—ഞങ്ങളുടെ സ്തോതാക്കൾ.

Digitized By Kerala Sahitya Akademi

നല്ലൊടേ നിങ്ങൾ പാടുവിൻ, സേവ്യനാ-
മിപ്പുരന്ദരനായിട്ടു ഗായത്രം:
വജ്രവാൻ കണ്വപുത്രർതൻ യാഗത്തിൽ
വന്നുചേരാൻ, പുരങ്ങൾ പിളർത്തുവാൻ! 8

പത്തുപത്തും സഹസ്രവുമുണ്ടല്ലോ,
പത്തുയോജന പോകും ഹയങ്ങൾ തേ:
വിദ്രുതയാനരാമാ വൃഷാക്കളാ-
ലെത്തുകെ,ങ്ങളിൽ വെക്കം തിരുവടി! 9

ഇന്നു ഞാൻ വിളിക്കുന്നേൻ, സുദുഘയായ്
നന്ദ്യവേഗയാം പാലുറാ ധേനുവും,
തോയമേറിയ കാമ്യമാം മറ്റൊന്നു-
മായ പഥ്യാപ്തകാരിയാമിന്ദ്രനെ. 10

അക്കനേതശനാത്തൽ പെടുത്തവേ,
വക്രഗാമിവാതാശ്വദ്വയവുമായ്,
ആർജ്ജുനേയനാം കുത്സനൊത്തങ്ങർകോ-
നാഞ്ഞണഞ്ഞാന,ഹിംസ്യനാം സൂര്യനിൽ. 11

കേവലം മരുന്നില്ലാതെ, ശോണിതം
ഗ്രീവയിൽനിന്നൊലിപ്പതിൻമുന്നമേ

---

8. സ്തോതാക്കളോട്: ഗായത്രം—സാമം. കണ്വപുത്രർ—മേധാതിഥിയും, മേധ്യാതിഥിയും. പുരങ്ങൾ—ശത്രുനഗരങ്ങൾ.

9. പത്തുപത്ത്—നൂറ്. പത്തുയോജന പോകും—ഒരേപോക്കിൽ പത്തു യോജന വഴി പിന്നിടുന്ന. വിദ്രുതയാനർ=ശീഘ്രഗാമികൾ. വൃഷാക്കൾ—രേതസ്സേചനസമർത്ഥർ, യുവാക്കൾ.

10. ഇന്ദ്രനെ ധേനുരൂപത്തിലും വൃഷ്ടിരൂപത്തിലും സങ്കല്പിച്ചു സ്തുതിക്കുന്നു: മറ്റൊന്ന്—വൃഷ്ടി. പഥ്യാപ്തകാരി=തികച്ചും ചെയ്യുന്നവൻ.

11. ഇക്കഥ ഒന്നാം മണ്ഡലത്തിൽത്തന്നെയുണ്ട്: വക്രഗാമിവാതാശ്വദ്വയവുമായ്—വളഞ്ഞുതിരിഞ്ഞോടുന്ന വായുവേഗികളായ രണ്ടശ്വങ്ങളെ, ഹരികളെ, പൂട്ടിയ തേരിൽ. ആർജ്ജുനേയൻ=അർജ്ജുനി എന്നവളുടെ പുത്രൻ. ആഞ്ഞണഞ്ഞാൻ—യുദ്ധത്തിന്ന്. ഏതശൻ—ഒരു രാജാവ്; കുത്സൻ—അദ്ദേഹത്തിന്റെ പുരോഹിതനായ ഋഷി.

Digitized By Kerala Sahitya Akademi

ചേർത്തിണക്കും, മഘവാവു സന്ധികൾ;
പേർത്തു കൂട്ടും, മുറിപ്പാടുരുധനൻ! 12
എങ്ങൾ നീചർപോലാകൊലാ, നിന്നൻപാ;-
ലെങ്ങളിന്ദ്ര, വിഷണ്ണർപോലാകൊലാ;
നേർത്ത കാടുകൾപോലാകൊലാ, വജ്രിൻ;
സ്തോത്രമോതാവു, ഗേഹത്തിൽ വാണെങ്ങൾ! 13
വൃത്രസൂദന, വെമ്പലും തള്ളലു-
മെത്തിടാതെങ്ങൾ ശൂര, പുകഴ്ത്താവൂ—
സ്തോത്രമങ്ങയ്ക്കൊരിയ്ക്കലെന്നാകിലും
പേർത്തു ചൊല്ലാവു, വന്മുതലൊത്തെങ്ങൾ! 14
എൻനുതി കേൾക്കുമെങ്കിൽ മത്തേകട്ടെ,-
യിന്ദ്രനു ശീഘ്രമെ,ങ്ങൾതൻ സോമങ്ങൾ,
റാലരിപ്പിൽനിന്നിറ്റിറ്റു വീണവ,
മേലെ വെള്ളം പകർന്നു വളർത്തവ! 15
സേവകനാം സഖാവിൻ സഹസ്തുതി-
യ്ക്കായ് വിരഞ്ഞെഴുന്നള്ളുകി,പ്പോൾബ്ഭവാൻ:
നിങ്കലെത്തട്ടെ, യഷ്ടൃസ്തുതികളും;
നിന്നെ ഞാനും സ്തുതിയ്ക്കാവു, ഭംഗിയിൽ! 16
സോമമമ്മിക്കുഴയാൽപ്പിഴിയുവിൻ—
ളുമ കൂട്ടാൻ പകരുവിനംഭസ്സിൽ:

---

12. കേവലം മരുന്നില്ലാതെ—മുറിമരുന്നില്ലാതെതന്നെ. ശോണിതം=രക്തം. ഗ്രീവ=കഴുത്ത്. സന്ധികൾ ചേർക്കാനും, മുറി കൂട്ടാനും അവിടെയ്ക്കു മരുന്നു വേണ്ടാ!

13. നേർത്ത—കൊമ്പും മറവുമില്ലാതായി ക്ഷയിച്ച. കാടുകൾ—വൃക്ഷഗണങ്ങൾ. ഞങ്ങൾ പുത്രാദികളോടു വേർപെട്ടു, ക്ഷയിച്ച വൃക്ഷങ്ങൾപോലാകരുത്.

14. തള്ളൽ—ഗർവ്. വന്മുതലൊത്ത്—ഭവൽപ്രസാദത്താൽ വളരെ ധനം നേടി.

15. ഉത്തരാർദ്ധം സോമവിശേഷണങ്ങൾ. വെള്ളം—മന്ത്രം ജപിച്ച വസതീവരി എന്ന ജലം.

16. സഖാവ്—സ്തോതാവ്. സഹസ്തുതി—മറ്റൃത്വിക്കുകളോടുകൂടി ചൊല്ലുന്ന സ്തുതി: വിരഞ്ഞ്—വേഗം. യഷ്ടൃസ്തുതികൾ—യജമാനരുടെ സ്തുതികൾ.

Digitized By Kerala Sahitya Akademi

പൈത്തുകിലിനെപ്പോലുടുത്തു ജലം
ചോർത്തിടുന്നു, നേതാക്കൾ നദികൾക്കായ്! 17

മന്നിൽനിന്നോ, നഭസ്സിൽനിന്നോ, പെരും-
വിണ്ണിൽനിന്നോ ശുഭവ്രത, വന്നു നീ
കൈവളരുകീ,യെൻപൃഥുസ്തോത്രത്താൽ;-
ബ്ഭാവസംതൃപ്തി ചേർക്ക, ജനങ്ങളിൽ! 18

ഇന്ദ്രനു നിങ്ങൾ നന്നായ്പ്പിഴിയുവിൻ,
നന്ദനീയമാം മാദകസോമത്തെ:
പ്രേമദാഖിലകർമ്മാവാമീയന്ന-
കാമനെത്തഴപ്പിക്കുമല്ലോ, ഹരി! 19

സോമനീർ പേർത്തരിച്ചും സ്തുതിച്ചും ഞാ-
നീ മഖങ്ങളിൽ നിത്യമർത്ഥിപ്പതിൽ
ക്രോധിയായ്ക്ക, സിംഹാഭനാം സ്വാമി നീ:-
യേതൊരാളിരക്കില്ല,ധിനാഥങ്കൽ? 20

സ്വാദിയന്നതായ് സ്തോതാവയച്ചതാം
മാദകം (നുകരട്ടെ),യുഗ്രബലൻ:
ആ ലഹരിയിലേകുമല്ലോ നമു-
ക്കാ,രെയുമുങ്കടക്കിജ്ജയിപ്പോനെ! 21

---

17. അധ്വര്യുക്കളോട്: തൂമ—വെട്ടപ്പ്. അംഭസ്സിൽ—വസതീവരീജലത്തിൽ. ഉടുത്തു—മേഘത്തെ, പൈത്തുകിലിനെ (ഗോചർമ്മത്തെ) എന്നപോലെ ഉടുത്ത്. നേതാക്കൾ—മരുത്തുക്കൾ. നദികൾക്ക വെള്ളം പെയ്തുകൊടുക്കുന്ന മരുത്തുക്കൾ ഇന്ദ്രന്റെ അനുചരന്മാരാണല്ലോ; അതിനാൽ അദ്ദേഹത്തിനു സോമം പിഴിയുവിൻ.

18. നഭസ്സ്—അന്തരിക്ഷം. ശുഭവ്രത—ശോഭനകർമ്മാവേ. പൃഥു=വിശാലം. ഭാവസന്തൃപ്തി—അഭീഷ്ടപൂർത്തി. ജനങ്ങൾ—ഞങ്ങളുടെ ആളുകൾ.

19. അധ്വര്യുക്കളോട്: പ്രേമദാഖിലകർമ്മാവ്—എല്ലാക്കർമ്മങ്ങൾകൊണ്ടും പ്രീതിപ്പെടുത്തുന്നവൻ. ഈയന്നകാമൻ—യജമാനൻ. ഹരി=ഇന്ദ്രൻ.

20. സിംഹാഭൻ—സിംഹതുല്യൻ. എല്ലാവരും ഇരക്കും, സ്വാമിയുടെ അടുക്കൽ; ഞാനും സ്വാമിയായ ഭവാനോട് അർത്ഥിക്കുന്നു.

21. മാദകം—മത്തുണ്ടാക്കുന്ന സോമം. ആരെയും—ശത്രുക്കളെയെല്ലാം. ജയിപ്പോനെ—ജയിപ്പാൻ ശക്തനായ പുത്രനെ.

Digitized By Kerala Sahitya Akademi

അധ്വരേ ഹവിസ്സേകുന്ന മർത്ത്യനും,
നൽസ്തവം ചൊല്ലുവോനും, പിഴിവോനും
ഭൂരികാമ്യം കൊടുപ്പതുണ്ടു,ദ്ദേവൻ
സൂരികീർത്തിതൻ സഖ്കാര്യോദ്യതൻ! 22

വന്നുചേരുക, മത്തുപിടിയ്ക്കുക,
സുന്ദരധനംകൊണ്ടിന്ദ്രദേവ, നീ:
ഒപ്പമുണ്ടു സോമത്താൽ നിറച്ചാലും,
തൃപ്പെരുംകുമ്പ, പൊയ്കപോലേ ഭവാൻ! 23

ഇന്ദ്ര, പൊൻതേക്കു പൂട്ടിയ കേസര_
തുന്ദിലങ്ങൾ നൂറായിരമശ്വങ്ങൾ,
സ്തോമയുക്തങ്ങൾ കൊണ്ടുവരേണമേ,
സോമനീർ നുകരുന്നതിനാങ്ങയെ! 24

വെണ്മുതുകും, മയിൽനിറലിംഗവു—
മിമ്മട്ടാമിരുപൊൽത്തേർക്കുതിരകൾ
ആവഹിയ്ക്കട്ടെ,യിങ്ങോട്ടി,നിപ്പുറ
ഭാവനീയാന്നമുണ്ണുവാനങ്ങയെ! 25

സാധുരീത്യാ പിഴിഞ്ഞരിച്ചുള്ളതാം
സ്വാദുനീരിതു വായുപോലാശു നീ
സ്തുത്യഭിഗമ്യ, മുമ്പേ നുകന്നാലും:
മത്തിയാവുവൊന്നി,സ്സുഭഗാസവം! 26

---

22. ഭൂരികാമ്യം—വളരെദ്ധനം.

23. സുന്ദരധനംകൊണ്ട്—അഴകൊത്ത സോമം കുടിച്ച്. ഒപ്പം—മരുത്തുക്കളോടുകൂടി. പൊയ്കപോലെ—സരസ്സു വെള്ളംകൊണ്ടു നിറയ്ക്കുന്നതുപോലെ.

24. കേസരതുന്ദിലങ്ങൾ—ധാരാളം സ്കന്ധരോമങ്ങളുള്ളവ. സ്തോമയുക്തങ്ങൾ—ഞങ്ങളുടെ സ്തോത്രങ്ങളോടുകൂടിയവ, ഞങ്ങളാൽ സ്തുതിയ്ക്കപ്പെട്ടവ.

25. വെളുത്ത മുതുക്, മയിൽനിറത്തിലുള്ള ലിംഗം—ഇങ്ങനെയുള്ള, കനകത്തേരിനു പൂട്ടുന്ന രണ്ടു കുതിരകൾ, ഹരികൾ. ആവഹിയ്ക്കട്ടെ—കൊണ്ടുപോരട്ടെ. ഇനിപ്പുററ=മാധുര്യമുള്ള. ഭാവനീയാന്നം—വരണീയമായ സോമം.

26. സാധുരീത്യാ=വഴിപോലെ. സ്വാദുനീർ—രസവത്തായ സോമനീർ. വായുപോലെ—വായുവിന്നത്രേ, യാഗത്തിൽ ഒന്നാമതു സോമപാനം. സ്തുത്യഭിഗമ്യ=സ്തുതികൾകൊണ്ടു പ്രാപിയ്ക്കപ്പെടേണ്ടവനേ. ആസവം=മധു, സോമം.



Digitized By Kerala Sahitya Akademi

ആർ തനിച്ചടരാടിയടക്കിടും,
ചെയ്തിയാൽ മഹാൻ, നൽത്തൊപ്പിയിട്ടവൻ;
അത്തരസ്വി വരട്ടേ, പിരിഞ്ഞിടൊ-
ല്ലി;-സ്തവം ശ്രവിയ്ക്കട്ടേ, ത്യജിയ്ക്കൊല്ലാ! 27

ആയുധത്താലരച്ചുകളഞ്ഞല്ലോ,
നീയുഴറിനടന്ന ശുഷ്ണപുരം:
ഇന്ദ്ര, രണ്ടുകൂട്ടർക്കും വിളിയ്ക്കവേ-
ണ്ടുന്നവനായി, പിൻപാഭ പൂണ്ട നീ! 28

എൻനുതികൾ സൂര്യോദയത്തിങ്കലു-
മെൻനുതികൾ നട്ടുച്ചനേരത്തിലും,
എൻനുതികൾ സായാഹ്നത്തി,ലല്ലിലു-
മിങ്ങു കൊണ്ടുവരട്ടെ, നിന്നെ വസോ! 29

'വാഴ്ത്തുക, വാഴ്ത്തുകി:-യെങ്ങൾ തേ ധനം
സാർത്ഥരിൽവെച്ചു കൂടുതൽ തന്നല്ലോ;
അല്പിതാശ്വരായ് വമ്പരെക്കൊന്നവർ,
സൽപ്പഥസ്ഥിതരെ,ങ്ങൾ മേധ്യാതിഥേ! 30

പാട്ടിൽനില്ക്കും ഹയങ്ങളെ ശ്രദ്ധയാ
പൂട്ടിയല്ലോ, ഭവാന്റെ രഥത്തിൽ ഞാൻ:

---

27. അടക്കിടും—ശത്രുക്കളെ കീഴമർത്തും. ചെയ്തിയാൽ=കർമ്മംകൊണ്ട്. മഹാൻ—മുന്തിയവൻ. തരസ്വി=ബലിഷ്ഠൻ.

28. രണ്ടുകൂട്ടർക്കും—സ്തോതാക്കൾക്കും, യഷ്ടാക്കൾക്കും. പിൻപാഭ പൂണ്ട—ശുഷ്ണപുരദാരണാനന്തരം ഉജ്ജ്വലനായിത്തീർന്ന. ശുഷ്ണാസുരന്റെ നഗരം അവിടവിടെ മാറാപ്പെട്ടിരുന്നതുകൊണ്ടാവാം, ഉഴറിനടന്ന എന്ന വിശേഷണം.

30. ആസംഗൻ എന്ന രാജാവു മേധ്യാതിഥിയ്ക്കു വളരെദ്ധനം കൊടുത്തിട്ട്, തന്നെ സ്തുതിപ്പാൻ പ്രേരിപ്പിയ്ക്കുന്നു: വാഴ്ത്തുക—എന്നെ സ്തുതിയ്ക്കുക. സാർത്ഥരിൽവെച്ചു—മററ് അർത്ഥ(ധന)വാന്മാരെക്കാൾ. അല്പിതാശ്വരായ്—ശത്രുക്കളുടെ കുതിരകളെ തുച്ഛീകരിച്ച് വമ്പരെ—വലിയ വൈരികളെ. മേധ്യാതിഥേ, ഞാൻ ശത്രുജേതാവാണ്, സന്മാർഗ്ഗവർത്തിയാണ്; ഇതൊക്കെപ്പിടിച്ച്, ഭവാൻ എന്നെ സ്തുതിച്ചാലും.

31. പാട്ടിൽ നില്ക്കും—നല്ല മെരുക്കമുള്ള. ഞാൻ ഭവാന്നു തേർ തന്നു; കുതിരകളെയും പൂട്ടിത്തന്നു. ആദരാഹാർത്ഥദാനമറിഞ്ഞവൻ—ആദരണീയമായ

Digitized By Kerala Sahitya Akademi

ആദരാഹാത്ഥദാനമറിഞ്ഞവൻ,
യാദവ,നൊരു സൂക്ഷ്മസന്ദൎശി, ഞാൻ.' 31

'ജംഗമങ്ങളാം സ്വത്തുക്കളാരെനി-
യ്ക്കിങ്ങു നല്കിയോ, പൊൻതോൽവിരിപ്പൊടും;
തേരിരമ്പുമാസംഗനാമദ്ദേഹം
സ്സാരസമ്പത്തടക്കിയരുളട്ടെ!' 32

'അന്യരെക്കവിച്ചേകി, പത്തായിരം
തന്നെയഗ്നേ, പ്രയോഗജനാസംഗൻ:
പൊങ്ങി, മിന്നുമെൻകൂററർ പത്തായിരം,
പൊയ്കയിൽനിന്നു വേഴൽകറ്റപോലവേ!' 33

പേൎത്തു കാണായി,വൻെറ മുൻഭാഗത്തു
ചീൎത്തു ഞാന്നൊരെല്ലില്ലാത്ത വൻചിഹ്നം!
പാൎത്തുകണ്ടോതി, പത്നിയാം ശശ്വതി:—
'ചാൎത്തി, നീ നാഥ, നൽബ്ഭോഗസാധനം!' 34

---

അത്ഥം (ധനം) കൊടുക്കുന്നതിൽ കുശലൻ. യാദവൻ—യദുവംശജാതൻ. ഇങ്ങനെ എന്നെ സ്തുതിയ്ക്കുക.

32. മേധ്യാതിഥി ആസംഗനെ സ്തുതിയ്ക്കുന്നു: ജംഗമങ്ങളാം സ്വത്തുക്കൾ—ഗോക്കൾ. പൊൻതോൽവിരിപ്പൊടും—അവയുടെ മുതുകുകളിൽ സ്വൎണ്ണത്തോൽ വിരിപ്പുമുണ്ട്. തേരിരമ്പും—മഹാരഥൻ എന്നത്ഥം. സ്സാരസമ്പത്ത്—ശത്രുക്കളുടെ ബഹുധനം.

33. ആസംഗകൻ പ്രസാദിപ്പാൻ അഗ്നിയോടു പ്രാത്ഥിയ്ക്കുന്നു: പത്തായിരംതന്നെ—തികച്ചും പതിനായിരം ഗവാദികളെ. പ്രയോഗജൻ—പ്രയോഗനെന്ന രാജാവിൻെറ പുത്രൻ. എൻകൂററർ—എനിയ്ക്ക് ആസംഗൻ തന്ന വിത്തുകാളകൾ. വേഴൽകൾ—പൊയ്കയിലുണ്ടാകുന്ന വേഴൽപ്പുല്ലുകൾ; ഇവ പൊയ്കയിൽനിന്നു കൂട്ടംകൂട്ടമായി പൊങ്ങിവരുന്നതുപോലെ, കൂററന്മാർ ആസംഗകൽനിന്നാവിർഭവിച്ചു.

34. ഈ ആസംഗൻ ഒരിയ്ക്കൽ ദേവശാപംമൂലം നപുംസകമായിപ്പോയി. അതിൽ ഖിന്നയായ പത്നി, ശശ്വതി വമ്പിച്ച തപസ്സനുഷ്ഠിച്ചു; അവളുടെ തപസ്സാൽ ഭത്താവിന്നു പുരുഷത്വവും വീണ്ടുകിട്ടി. രാത്രിയിൽ അതറിഞ്ഞു സന്തുഷ്ടി പൂണ്ട ശശ്വതി ഭത്താവിനെ കൊണ്ടാടി: നാലാംപാദംമാത്രമാണ്, ശശ്വതീവാക്യം. ഇവൻ—ആസംഗൻ. വൻചിഹ്നം—വലിയ ലിംഗം. നാഥ, ഭത്താവേ, നീ നൽഃബ്ഭാഗസാധനം ചാൎത്തി, അണിഞ്ഞു—അങ്ങയ്ക്കു പുരുഷലിംഗം കിട്ടി. അംഗിരസ്സിൻെറ മകളത്രേ, ശശ്വതി.

Digitized By Kerala Sahitya Akademi

സൂക്തം 2.

മേധാതിഥിയും പ്രിയമേധനും ഋഷികൾ; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

ഇപ്പിഴിഞ്ഞൊരന്നം വസോ,
കല്പിച്ചു നുകർന്നു ഭവാൻ
നിർഭരം നിറയ്ക്കൂ, വയർ:
നിർഭയ, തരുന്നു ഞങ്ങൾ. 1

നേതാക്കളെടുത്തമ്മിതൻ
മീതേ കുത്തിപ്പിഴിഞ്ഞതായ്,
മേഷരോമഗാളിതമായ്,
മൈ നനച്ചൊരശ്വംപോലായ്, 2

സ്വാദുവായ സോമം ഗവ്യോ-
പേതമാക്കി യവംപോലെ
നിർമ്മിച്ചിരിയ്ക്കുന്നു, ഞങ്ങ-
ളിമ്മഖത്തിലങ്ങയ്ക്കിന്നു. 3

ഇന്ദ്രനേകൻ സോമമുണ്ണോൻ—
ഇന്ദ്രൻതന്നേ നീർ കുടിപ്പോൻ;
സർവ്വാന്നവാന,വിടുന്നു
ദിവ്യരിലും മർത്ത്യരിലും! 4

---

സൂക്തം 2.

1. അന്നം—സോമം. നിർഭയ=ഭയമില്ലാത്തവനേ. തരുന്നു—സോമം.

2. മേഷരോമഗാളിതം—കമ്പിളിയരിപ്പയിൽ അരിയ്ക്കപ്പെട്ടത്. മൈ നനച്ചൊരശ്വംപോലായ്—നനച്ചു തുടച്ച കുതിരപോലെ ശുചിയും ദീപ്തവുമായി.

3. ഗവ്യോപേതമാക്കി—പാലും മററും ചേർത്ത്. യവം—പുരോഡാശമെന്നർത്ഥം.

4. നീർ—സോമരസം. സർവ്വാന്നവാൻ=എല്ലാ അന്നങ്ങ(ഹവിസ്സുക)ളോടുംകൂടിയവൻ; ദിവ്യരിലും (ദേവകളിലും) മർത്ത്യരിലുംവെച്ചു, സോമപായിയും, സർവ്വാന്നവാനും, ഇന്ദ്രൻതന്നെ.

Digitized By Kerala Sahitya Akademi

ളുമ പൂണ്ട ദുഷ്പ്രാപമാം
സോമവും മററന്നങ്ങളും
പ്രീതനാക്കാതിരിയ്ക്കില്ലീ,
സ്ഫീതനായ സുചിത്തനെ! 5
വേറേചിലരിദ്ദേഹത്തെ,
വേടർ മൃഗത്തിനെപ്പോലെ,
ഗവ്യം കൈക്കൊണ്ടാരായുന്നു,
ചൊവ്വില്ലാതേ സ്തുതിയ്ക്കുന്നു! 6
നന്നായ്പ്പിഴിഞ്ഞതു നുക-
രുന്ന ദേവനാമിന്ദ്രനായ്
സോമം പിഴിയട്ടേ, നിജ-
ധാമത്തിങ്കൽ മൂന്നുവട്ടം! 7
മുപ്പാത്രത്തിൽപ്പകന്നു, നീ;-
രപ്പടി മുച്ചമസങ്ങൾ
സംപൂർണ്ണങ്ങളാക്കപ്പെട്ടു,
സംഭൃതമാം യജ്ഞമൊന്നിൽ! 8
ചേർത്തരിയ്ക്കപ്പെട്ട,നേക-
പാത്രസ്ഥമാം നിങ്കൽ മധ്യേ
ക്ഷീരം ചേർക്കപ്പെട്ടു, തൈരും:
ശൂരനെ മത്താടിയ്ക്കു, നീ! 9

---

5. സ്ഫീതൻ=പ്രവൃദ്ധൻ, എങ്ങും വ്യാപിച്ചവൻ. സുചിത്തൻ=ശോഭനഹൃദയൻ.

6. ചൊവ്വില്ലാതേ—ചീത്തയായി.

7. നന്നായ്പ്പിഴിഞ്ഞതു—ശുചിയായ സോമമേ ഇന്ദ്രൻ നുകരുകയുള്ളു. നിജധാമത്തിങ്കൽ—സ്വന്തം യജ്ഞഗൃഹത്തിൽ. മൂന്നുവട്ടം—സവനത്രയത്തിൽ.

8. മുപ്പാത്രം—മൂന്നു പാത്രങ്ങൾ: ദ്രോണകലശം, പൂതഭൃത്ത്, ആധവനീയം. നീർ—സോമരസം. മുച്ചമസങ്ങൾ—സവനത്രയത്തിലെ ചമസങ്ങൾ. സമ്പൂർണ്ണങ്ങളാക്കപ്പെട്ടു—സോമരസംകൊണ്ടു നിറയ്ക്കപ്പെട്ടു. സംഭൃതം—ഋത്വിക്കുകൾ വഴിപോലെ ഭരിച്ചത്.

9. സോമത്തോടു പറയുന്നു: മധ്യേ—ഇടയിൽ. മിത്രാവരുണന്മാർക്കുള്ള ചമസങ്ങളിൽ; തൈരും ചേർക്കപ്പെട്ടു—മൂന്നാംസവനത്തിൽ. ശൂരനെ—ശൂരനായ ഇന്ദ്രനെ.

Digitized By Kerala Sahitya Akademi

അത്ര ഞങ്ങൾ പിഴിഞ്ഞ, വ-
ന്മത്തേകുമിത്തെളിസോമം
നിന്നോടിന്ദ്ര, യാചിയ്ക്കുന്നു,
തന്നിൽച്ചേക്കം പദാത്ഥത്തെ. 10

ചേത്താലു,മതിസ്സോമത്തിൽ-
ച്ചേത്തു പുരോഡാശങ്ങളും:
നിൻപക്കലുണ്ടിന്ദ്ര, ഭൂരി-
സമ്പത്തെന്നു കേൾപ്പുണ്ടു മേ! 11

നിന്മനസ്സിൽ നിപീതങ്ങൾ,
ദുർമ്മധുമത്തകൾപോലേ
പോർ ചെയ്കയാണു;-കിടിനെ-
പ്പോലേ പുകഴ്ത്തുന്നു, പ്രാജ്ഞർ! 12

സ്വത്തുണ്ടാമേ, ഹര്യശ്വ, സ്വ-
ത്തൊത്ത നിന്നെ സ്തുതിയ്ക്കുകിൽ:
നിന്നെപ്പോലാം ഖ്യാതാഢ്യങ്കൽ-
നിന്നുപോലും കിട്ടും, മെച്ചം! 13

ഉക്ഥസ്തവം ചൊല്ലുന്നാളു,-
മിഗ്ഗായത്രം പാടുന്നാളും

---

10. തന്നിൽ, സോമത്തിൽ, ചേക്കം പദാത്ഥത്തെ—ക്ഷീരാദിയെ.

11. അത്—ക്ഷീരാദി. പുരോഡാശങ്ങളും സോമത്തിൽ ചേത്താലും—പുരോഡാശങ്ങൾ ഭക്ഷിച്ചിട്ടു, മീതേ സോമം കുടിച്ചാലുമെന്നത്ഥം. കേൾപ്പുണ്ടു മേ—ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ടാണ്, ഭവാനോടു ഞാൻ യാചിയ്ക്കുന്നത്.

12. നിപീതങ്ങൾ—കുടിയ്ക്കപ്പെട്ട സോമങ്ങൾ. നിന്മനസ്സിൽ—അങ്ങയുടെ ഉള്ളിൽ. ദുർമ്മധുമത്തകൾ=ചീത്ത മദ്യലഹരികൾ. പോർ ചെയ്കയാണ്—'ഇന്ദ്രനെ ഞാൻ മത്തുപിടിപ്പിയ്ക്കും, ഞാൻ മത്തുപിടിപ്പിയ്ക്കും' എന്നിങ്ങനെ തമ്മിൽത്തല്ലുകയാണ്. അത്രയ്ക്കു സോമം വയററിലാക്കിയ ഭവാനെ, പയ്യിന്റെ ക്ഷീരപൂർണ്ണമായ അകിടിനെയെന്നപോലെ പ്രാജ്ഞർ (സ്തോതാക്കൾ) സ്തുതിയ്ക്കുന്നു.

13. ഖ്യാതാഢ്യൻ—പ്രസിദ്ധനായ ധനികൻ. മററുധനികങ്കൽനിന്നുപോലും സ്തോതാവിന്നു മെച്ചം (വലിയ നേട്ടം) കിട്ടും; അപ്പോൾ, അങ്ങയെ സ്തുതിച്ചാൽ തീച്ചയായും സ്വത്തുണ്ടാവുമെന്നു പറയേണ്ടതില്ലല്ലോ!

Digitized By Kerala Sahitya Akademi

പാൎത്തറിഞ്ഞീടുവോനല്ലോ,
സ്തോത്രവിഹീനൻെറ വൈരി! 14

ഇന്ദ്ര, ശക്ത, ഹിംസകനോ,
വെന്നമൎത്ത്യമൊരുത്തനോ,
വിട്ടുകൊടുക്കൊല്ലെങ്ങളെ;-
പ്പുഷ്ടി ചേൎക്ക, ചെയ്തിയാൽ നീ! 15

തല്ക്കാമർ സഖാക്കളെങ്ങ-
ളുൾക്കാമ്പിതിൽത്തന്നെയുന്നി
ഉക്ഥങ്ങളാൽ സ്തുതിയ്ക്കുന്നു,
ശക്ര, നിന്നെക്കണ്വന്മാരും. 16

കൃത്യവാനാമങ്ങയ്ക്കൊരു
പുത്തൻയാഗം ചെയ്യുന്നു ഞാൻ
അന്യസ്തവം ചൊല്ലാ, വജ്രിൻ:
നിന്നെയേ ഞാനറിയുള്ളു! 17

തുഷ്ടികരം, പ്രിഴിയലാ-
ണി;-ഷ്ടമല്ലുമ്പക്ഷാക്കം;
എന്നതിനാലാ നിസ്തന്ദ്രർ
വന്നെത്തുമേ, വന്മത്തിന്നായ്! 18

അന്നവുമായ് വെക്കം വരി-
ക,ഞങ്ങളിൽ—നാണിയ്ക്കേണ്ടാ—

---

14. ദസ്തോത്രവിഹീനൻെറ വൈരി—സ്തുതിയ്ക്കാത്തവൻെറ ശത്രുവായ ഇന്ദ്രൻ. അതുകൊണ്ടു നാമും സ്തുതിയ്ക്കുക.

15. പുഷ്ടി ചേൎക്ക—ഞങ്ങൾക്ക ധാരാളം ധനം തരിക. ചെയ്തി=കൎമ്മം.

16. ഇത്—തല്സ്തുതി. കണ്വന്മാരും—ഞങ്ങളുടെ പുത്രാദികളായ കണ്വഗോത്രക്കാരും.

17. കൃത്യവാൻ=കൎമ്മവാൻ. നിന്നെയേ ഞാനറിയുള്ളു—എനിയ്ക്കു മറെറാരു സ്തുത്യനില്ല.

18. ഉറക്കം—മനുഷ്യൻെറ കൎമ്മമാന്ദ്യം ഉമ്പൎക്കിഷ്ടമല്ല. ആ നിസ്തന്ദ്രർ—ആലസ്യരഹിതരായ ദേവന്മാർ. വന്മത്തിന്നായ്—സോമം കുടിച്ചു മത്തടിപ്പാൻ.

19. അന്നവുമായ്—ഞങ്ങൾക്ക തരാൻ. നാണിയ്ക്കേണ്ടാ—'വലിയവനായ ഞാൻ ഈ എളിയവരിൽ എങ്ങനെ ചെല്ലും' എന്നു സങ്കോചപ്പെടേണ്ടാ.

Digitized By Kerala Sahitya Akademi

താരുണ്യോത്ഭൽപതിയുടെ
ചാരത്തൊരു മഹാൻപോലേ! 19

ദുസ്സഹപ്രഹാരൻ ഭവാ_
നസ്മൽ പാശ്വേ വരികിപ്പോഠം;
വൈകുന്നേരത്തെയ്ക്കാക്കൊല്ലേ,
വക്ത്തറാ വരൻപോലേ! 20

മൂവുലകിനുദ്ഭൂതനാ_
മീ വീരൻെറ ഹൃദയവും,
ഭൂരിദമാം നന്മനസ്സും
തേറുന്നാവരല്ലോ, ഞങ്ങഠം! 21

ഹോമിയ്ക്കു, സകണ്വനാശ്രു:
നാമറിയുന്നതില്ലല്ലോ,
അല്ലേതരരക്ഷനാമി_
ക്കെല്പെനെക്കാഠം കീത്തിമാനെ! 22

മത്ത്യഹിതനാകുമിന്ദ്ര_
നുത്തമമാം ചഷകത്തിൽ
വെയ്ക്കു, സോമം പിഴിവോനേ:
ശക്രവീരൻ നുകരട്ടേ! 23

സൌഖ്യദരാം സ്തോതാക്കളെ
നേക്കറിഞ്ഞിത്തിരുവടി

---

യുവതിയായ പതിയുടെ അടുക്കലെയ്ക്കു പോകാൻ മഹാനും (മേലേക്കിടയിലുള്ള ഭത്താവും) ലജ്ജിയ്ക്കാറില്ലല്ലോ.

20. ദുസ്സഹപ്രഹാരൻ—എതിരാളികഠംക്ക സഹിയ്ക്കാവതല്ലാത്ത പ്രഹാര (ആയുധപ്രയോഗ)ത്തോടുകൂടിയവൻ. അസ്മൽപാശ്വേ=ഞങ്ങളുടെ അടുക്കൽ. വക്ത്തറ (ഗുണഹീനനായ) വരൻ (ജാമാതാവ്) വീണ്ടും വീണ്ടും വിളിയ്ക്കപ്പെട്ടാലും സായംകാലത്തേ ഗൃഹത്തിൽ ചെല്ലു; അങ്ങ് അങ്ങനെയാകരുതേ!

21. മൂവുലകിനുദ്ഭൂതനാം—മൂപ്പാരിനുവേണ്ടി ജനിച്ച. ഭൂരിദം=ബഹുപ്രദം. നന്മനസ്സ്—അനുഗ്രഹബുദ്ധി.

22. അധ്വയ്യ്വവിനോട്: സകണ്വന്ന്—കണ്വസഹിതനായ ഇന്ദ്രന്നായി.

Digitized By Kerala Sahitya Akademi

വാജിഗോസമ്പന്നമന്നം
വാഴ്ത്തികൾക്കു (കൊടുക്കുമേ)! 24
സ്തുത്യസ്തുത്യമായ സോമ-
മെത്തിയ്ക്കുവിൻ, പിഴിവോരേ,
പാരമിമ്പപ്പെടുത്തേണ്ടും
വീരശൂരനാമിന്ദ്രനായ്! 25
നീരശിപ്പാൻ വന്നെത്തട്ടേ,
ദൂരേ നിന്നീടാതെങ്ങളിൽ;
(വൈരികളെ)യടക്കട്ടേ,
ഭൂരിത്രാണൻ വൃത്രാന്തകൻ! 26
കൊണ്ടുവരികിങ്ങു, മന്ത്രം-
കൊണ്ടു പൂട്ടും സുഖാശ്വങ്ങൾ
സ്തോത്രവിശ്രുതനാം ധൃത-
സ്തോത്രനമാം സഖാവിനെ! 27
വന്നാലും: സ്വാദുവായ്, സോമം;
വന്നാലും: ചേർന്നതായ്, സോമം;
ഒപ്പം മത്തിച്ചിപ്പോനി,വൻ
തൊപ്പിവെച്ച കർമ്മിൻ, സഖേ! 28
കർമ്മിയെ വളർത്തും സ്തോത്ര-
കർത്താക്കളും സ്തുതികളും

---

24. സൌഖ്യദർ—തനിയ്ക്കു സുഖം നല്കുന്നവർ.

25. സ്തുത്യസ്തുത്യം—അതിസ്തുത്യം.

26. നീരശിപ്പാൻ—സോമരസം കുടിപ്പാൻ. ഭൂരിത്രാണൻ=വളരെ രക്ഷകളുള്ളവൻ.

27. സുഖാശ്വങ്ങൾ—സുഖകരങ്ങളായ രണ്ടു ഹരികൾ. സ്തോത്രവിശ്രുതൻ=സ്തുതികൾകൊണ്ടു പുകഴ്ന്നവൻ. ധൃതസ്തോത്രൻ=സ്തോത്രങ്ങളെ എടുക്കു(സ്വീകരിയ്ക്കു)ന്നവൻ. സഖാവിനെ—ഇന്ദ്രനെ.

28. സോമം സ്വാദുവായ്—ആസ്വാദ്യമായിക്കഴിഞ്ഞു. ചേർന്നതായ്—പാലും മററും ചേർക്കപ്പെട്ടതായിക്കഴിഞ്ഞു. ഇവൻ (സ്തോതാവ്) ഒപ്പം (ഭവാനോടു കൂടി) മത്തുകൊള്ളാൻ ആഗ്രഹിയ്ക്കുന്നു. സഖേ=ഋഷിമാരോടു(സ്തോതാക്കളോടു)കൂടിയവനേ.



Digitized By Kerala Sahitya Akademi

വദ്ധിപ്പിപ്പൂ, കെല്പിന്നും വൻ–
സ്വത്തിന്നുമായ് നിന്നെയിന്ദ്ര! 29

അങ്ങയ്ക്കുള്ള സ്തുതികളു–
മങ്ങയ്ക്കുള്ള ശസ്ത്രങ്ങളും
ഒപ്പമുൽപാദിപ്പിയ്ക്കുന്നു,
കെല്പങ്ങയ്ക്കു സൂക്തിവാഹ്യ! 30

ഭൂരികർമ്മാവഗ്ര്യൻ വജ്ര–
ധാരിയാമിദ്ദേഹംതന്നേ
അന്നം കല്പിച്ചരുളുന്നു,
മുന്നേമുതല്ക്കുധർഷിതൻ! 31

നന്നായ് വലംതൃക്കൈകൊണ്ടേ
കൊന്നാനി,ന്ദ്രനാ വൃത്രനെ
വാരുററ ചെയ്തിയാൽ മഹാൻ,
ഭൂരിദിക്കിൽപ്പുരുഹൂതൻ! 32

ആരിൽ നില്പൂ, പ്രജകളെ–
പ്പേരും, കെല്പു,മമത്തലും;
അദ്ദേഹം കൊണ്ടാടുമല്ലോ,
വിത്തമർപ്പിയ്ക്കുന്നാവരെ! 33

ചെയ്തുകൊണ്ടാനിതെല്ലാമേ,
മീതെയെന്നു കേൾവിപ്പെട്ടോൻ;

---

29. കെല്പിന്നും വൻസ്വത്തിന്നുമായ്—ബലവും, വലിയ ധനവും ലഭിപ്പാൻ.

30. ശസ്ത്രങ്ങൾ—ഉക്ഥങ്ങൾ. സൂക്തിവാഹ്യ=സ്തുതികൾകൊണ്ടു വഹിയ്ക്കപ്പെടേണ്ടവനേ.

31. അഗ്ര്യൻ—ദേവന്മാരിൽവെച്ച് മുഖ്യൻ. കല്പിച്ചരുളുന്നു—സ്തോതാക്കൾക്ക നല്കിപ്പോരുന്നു.

32. ഭൂരിദിക്കിൽപ്പുരുഹൂതൻ—വളരെയിടങ്ങളിൽ വളരെയാളുകളാൽ വിളിയ്ക്കപ്പെട്ടവൻ.

33. അമത്തൽ—ശത്രുക്കളെ. ആരിൽ നില്പൂ—ആർക്കധീനമോ. വിത്തം—ഹവിസ്സ്.

Digitized By Kerala Sahitya Akademi

മേധാനുഷ്ഠായികൾക്കന്ന-
ദാതാവുമാണി,ന്ദ്രനിവൻ! 34

ഉൾപ്പാകഹീനങ്കൽനിന്നു-
മിപ്രഹത്താവാരെക്കാക്കും,
ക്ഷിപ്രനഗ്ഗോകാംക്ഷി ധനം
സുപ്രഭുവായ് നേടുമല്ലോ! 35

അശ്വഗാമി, നേതാക്കളൊ-
ത്തുൾശ്ശൌര്യാൽ വൃത്രനെക്കൊന്നോൻ
സത്യശീലൻ, സേവിപ്പോനെ-
സ്സംരക്ഷിപ്പോനി,മ്മേധാവി! 36

അധ്വരം ചെയ്താലും, സക്ത-
ചിത്തനായ് നീ പ്രിയമേധ,
ദത്തസോമംകൊണ്ടു നേരാം
മത്തുകൊള്ളുമീയിന്ദ്രനായ്! 37

വർണ്ണ്യയശസ്കനായ്,പ്പുരു-
തന്വാഢ്യനായ്,ത്തരസ്വിയ്ക്കായ്
അന്നൈഷിയ്ക്കായ്,സ്സൽപതിയ്ക്കായ്-
ക്കണ്വസൂനോ, പാടുക, നീ! 38

---

34. ഇതെല്ലാമേ—വൃത്രവധാദികൾ. മീതെ—ബലംകൊണ്ടു മികച്ചവൻ. മേധാനുഷ്ഠായികൾ—യാഗംചെയ്യുന്നവർ.

35. ഉൾപ്പാകഹീനൻ—മനഃപക്വതയില്ലാത്ത ശത്രു. ഇപ്രഹത്താവ്—രണകുശലനായ ഇന്ദ്രൻ. ക്ഷിപ്രൻ—ശീഘ്രകാരി. ഇന്ദ്രരക്ഷിതൻ ഗോധനങ്ങളെ നേടും; നല്ല പ്രഭുവുമാകും.

36. അശ്വഗാമി=അശ്വങ്ങളിലൂടെ ഗമിച്ച്. നേതാക്കളൊത്ത്—മരുത്സമേതനായി. ഇമ്മേധാവി—ഇന്ദ്രൻ.

37. ഋഷി, തന്നോടുതന്നെ പറയുന്നു: സക്തചിത്തനായ്—മനസ്സ് ഇന്ദ്രങ്കലുറപ്പിച്ച്. നേരാം=യഥാർത്ഥമായ.

38. വർണ്ണ്യയശസ്കൻ=വർണ്ണിയ്ക്കേണ്ടുന്ന യശസ്സുള്ളവൻ. പുരുതന്വാഢ്യൻ=വളരെ ശരീരങ്ങളുള്ളവൻ. തരസ്വി=വേഗവാൻ. അന്നൈഷി—ഹവിഃകാംക്ഷി. **സൽപതിയ്ക്കായ്**—സൽപതിയായ ഇന്ദ്രനെക്കുറിച്ചു. കണ്വസൂനോ—ഹേ മേധാതിഥേ.

Digitized By Kerala Sahitya Akademi

തേടാൻ തരമില്ലാതെയും
മാട്ടുകളെ നല്കിയല്ലോ,
ആശ തങ്കൽ വെച്ച മുമ്പ-
ക്കാര്യവ്രതൻ സഖാവിവൻ! 39
ഇത്ഥം സ്തുതിയ്ക്കുന്ന കണ്വ-
പുത്രനാം മേധ്യാതിഥിയെ
ആടായ്ച്ചെന്നു വഞ്ചിൻ, ഭവാൻ
കൂടെക്കൊണ്ടുപോന്നുവല്ലോ! 40
തന്നു, നാല്പതിനായിരം
സന്ദാതാവാം നീ വിഭിന്ദോ;
പില്പാടൊരെണ്ണായിരവും
കല്പിച്ചിവനേകിയല്ലോ! 41
തോയങ്ങളെ വളർത്തുന്നോർ,
ഗായകരെപ്പുലർത്തുന്നോർ —
ആയിരുതായാരൊസ്സിദ്ധി-
യ്ക്കായിപ്പുകഴ്ത്തുന്നോനിവൻ! 42

---

സൂക്തം 3.

മേധ്യാതിഥി ഋഷി; ബൃഹതിയും സതോബൃഹതിയും അനുഷ്ടുപ്പും
ഗായത്രിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, ഞങ്ങളുടെ ഗോരസം ചേർത്ത സ്വാദേറിയ നീർ നുകന്നു ഭവാൻ മത്തുകൊണ്ടാലും. ഒത്തൊരുമിച്ചു മത്തുപിടിപ്പിയ്ക്കേണ്ടുന്ന

---

39. മാട്ടുകളെ—പണികളാൽ അപഹരിയ്ക്കപ്പെട്ട ഗോക്കളെ. തേടാൻ തരമില്ലാതെയും—അവയുടെ കാൽപ്പാടുപോലും വഴിയിലില്ലായിരുന്നു, എന്നിട്ടും. നല്കി—വീണ്ടുകൊടുത്തു. ആർക്ക്? ആശ തങ്കൽ (ഇന്ദ്രങ്കൽ) വെച്ച മുമ്പക്ക്—നേതാക്കളായ ദേവന്മാർക്ക്. ആര്യവ്രതൻ—പ്രശസ്തകർമ്മാവ് സഖാവിവൻ—സഖാവായ ഇന്ദ്രൻ.

40. ഇന്ദ്രൻ മേഷരൂപം ധരിച്ചു ചെന്നു മേധ്യാതിഥിയെ കൊണ്ടുപോന്നു എന്നൊരിതിഹാസമുണ്ട്.

41. ഋഷി വിഭിന്ദുരാജാവിന്റെ ദാനത്തെ പ്രശംസിയ്ക്കുന്നു: നാല്പതിനായിരം—ധനം. സന്ദാതാവ്=ദാനശീലൻ.

42. ഗായകർ—സ്തോതാക്കൾ. ഇരുതായാരെ—ദ്യാവാപൃഥിവികളെ. സിദ്ധി—ധനലാഭം.

Digitized By Kerala Sahitya Akademi

ഭവാൻ ബന്ധുവായിനിന്നു ഞങ്ങളെ തഴപ്പിച്ചാലും: അങ്ങയുടെ തിരു
വുള്ളം ഞങ്ങളെ രക്ഷിയ്ക്കട്ടെ! 1

ഹവിഷ്മാന്മാരായ ഞങ്ങളിൽ അങ്ങയ്ക്കു നന്മനസ്സുണ്ടാകണം:
എതിരാളിയ്ക്കുവേണ്ടി അങ്ങ് ഞങ്ങളെ ദ്രോഹിയ്ക്കരുത്. പ്രാർത്ഥനീയ
ങ്ങളായ വിചിത്രരക്ഷകൾകൊണ്ടു ഞങ്ങളെ പാലിച്ചാലും; ഞങ്ങളെ
നീണ്ട സുഖത്തിലാക്കിയാലും! 2

ബഹുധന, എന്റെ ഈ സ്തുതികൾ അങ്ങയെ വർദ്ധിപ്പിയ്ക്കട്ടെ;
അഗ്നിയ്ക്കൊത്ത തേജസ്സുള്ള വിശുദ്ധരായ വിപശ്ചിത്തുക്കളും സ്തോത്ര
ങ്ങൾ പാടുന്നു. 3

ആയിരം ഋഷിമാരാൽ പ്രബലനാക്കപ്പെട്ട തന്തിരുവടി സമു
ദ്രംപോലെ പരന്നു: തന്റെ യഥാർത്ഥമായ മഹിമാവും കെല്പും യാഗ
ങ്ങളിൽ സ്തോത്രരാജ്യത്തു പുകഴ്ത്തപ്പെടുന്നു! 4

ഭജിയ്ക്കുന്ന ഞങ്ങൾ യാഗത്തിന് ഇന്ദ്രനെത്തന്നെ, യജ്ഞം
തുടങ്ങിയാൽ ഇന്ദ്രനെത്തന്നെ, യുദ്ധത്തിൽ ഇന്ദ്രനെത്തന്നെ, ധനം
കിട്ടാൻ ഇന്ദ്രനെത്തന്നെ വിളിച്ചുകൊള്ളുന്നു. 5

ഇന്ദ്രൻ ബലപ്പെരുമയാൽ വാനൂഴികളെ പരത്തി; ഇന്ദ്രൻ
സൂര്യനെ പ്രകാശിപ്പിച്ചു. ഇന്ദ്രങ്കൽ ഒതുങ്ങിനില്ക്കുന്നു, ഉലകെല്ലാം;
ഇന്ദ്രങ്കൽത്തന്നേ, പിഴിയുന്ന സോമവും! 6

ഇന്ദ്ര, മുമ്പേ കുടിപ്പാൻ അങ്ങയെ മനുഷ്യർ സ്തുതിച്ചുപോരുന്നു;
സമ്മിളിതരായ ഋഭുക്കളും പുകഴ്ത്തുന്നു; മരുത്തുക്കളും പുരാതനനായ
ഭവാനെ വാഴ്ത്തിപ്പാടുന്നു! 7

---

സൂക്തം 3.

1. നീർ—സോമരസം.

3. വിപശ്ചിത്തുക്കൾ=വിദ്വാന്മാർ, ഉദ്ഗാതാക്കൾ.

4. ഋഷിമാർ—അതീന്ദ്രിയജ്ഞരായ സ്തോതാക്കൾ. പ്രബലനാക്കപ്പെട്ട—സ്തുതികൾകൊണ്ടാണല്ലോ, ദേവതകൾക്കു ബലം വർദ്ധിയ്ക്കുന്നത്. തന്റെ—ഇന്ദ്രന്റെ. സ്തോത്രരാജ്യത്ത്—സ്തോത്രസംഘത്തിൽ, സ്തോതാക്കളുടെയിടയിൽ.

6. സോമവും ഇന്ദ്രങ്കൽത്തന്നേ, ഇന്ദ്രന്റെ വയററിൽത്തന്നേ ഒതുങ്ങിനില്ക്കുന്നു.

7. സമ്മിളിതർ—ഒത്തുചേൎന്നവർ.

Digitized By Kerala Sahitya Akademi

സോമത്തിന്റെ ലഹരി വ്യാപിച്ചാൽ, ഇന്ദ്രൻ ഇദ്ദേഹത്തിന്നു വീൎയ്യവും ബലവും വളൎത്തും: തന്റെ ആ മഹിമാവിനെ ആളുകൾ ഇപ്പോഴും മുമ്പേത്തെപ്പോലെ മുറയ്ക്കു പുകഴ്ത്തുന്നു! 8

അങ്ങ് യാതൊന്നുകൊണ്ടു യജ്ഞഹീനരിൽനിന്നു ധനം ഭൃഗുവിന്നു നല്കിയോ, യാതൊന്നുകൊണ്ടു കണ്വപുത്രനെ രക്ഷിച്ചുവോ; ആ സുവീൎയ്യവും, ആ അന്നവും മുമ്പേ കിട്ടാൻ ഞാൻ അങ്ങയോടു യാചിയ്ക്കുന്നു. 9

ഇന്ദ്ര, ഭവാൻ പെരുവെള്ളം കടലിലെയ്ക്കയച്ചുവല്ലോ; ഭവാന്റെ ആ ബലം വൎഷകമാകുന്നു. ഭൂമി യാതൊന്നിനാധീനമോ, ഇദ്ദേഹത്തിന്റെ ആ മഹിമാവ് ഉടനടി നേടാവുന്നതല്ല! 10

ഇന്ദ്ര, പുരാതന, ഞാൻ അങ്ങയോടു യാചിയ്ക്കുന്ന സുവീൎയ്യോപേതമായ ധനം ഞങ്ങൾക്കു തന്നാലും: സേവനേച്ഛുവായ ഹവിഷ്മാന്നു മുമ്പേ കൊടുക്കുക; സ്തോതാവിന്നും കൊടുക്കുക! 11

ഇന്ദ്ര, യാതൊന്നിനാൽ അങ്ങ് പുരുപുത്രനെ രക്ഷിച്ചുവോ, അതു ഞങ്ങളുടെ ഈ കൎമ്മനിരതന്നു കൊടുത്താലും; ഇന്ദ്ര, രുശമൻ, ശ്യാവകൻ, കൃപൻ എന്നിവരെ ഭവാൻ രക്ഷിച്ചുവല്ലോ, അപ്രകാരം ഈ സ്വൎഗ്ഗപ്രാപണീയനെ ശക്തനാക്കിയാലും! 12

ഇന്നേത്തെ വായാടിമനുഷ്യനുണ്ടോ, (ഇന്ദ്രനെ) വാഴ്ത്തുന്നു? പണ്ടേത്തെ സ്തോതാക്കൾതന്നെ ഇന്ദ്രന്റേതായ ഇദ്ദേഹത്തിന്റെ മഹത്ത്വത്തിൽ ചെന്നെത്തിയിട്ടില്ലല്ലോ! 13

---

8. ഇദ്ദേഹത്തിന്ന്—യജമാനന്ന്

9. യജ്ഞഹീനരിൽനിന്ന്—യജ്ഞമനുഷ്ഠിയ്ക്കാത്തവരിൽനിന്നു പിടിച്ചടക്കി.

10. വൎഷകം—അഭീഷ്ടവൎഷി. അന്തിമവാക്യം പരോക്ഷം:

11. ഹവിഷ്മാൻ—യജമാനൻ.

12. പുരു—ഒരു രാജാവ് കൎമ്മനിരതന്ന്—യജമാനന്ന്. രുശമനും, ശ്യാവകനും, കൃപനും രാജൎഷിമാർതന്നെ. സ്വൎഗ്ഗപ്രാപണീയനെ—സ്വൎഗ്ഗത്തിലെയ്ക്കു കൊണ്ടുപോകപ്പെടേണ്ടവനെ, യജമാനനെ. ശക്തനാക്കിയാലും—ധനസമൃദ്ധികൊണ്ടു യാഗാനുഷ്ഠാനത്തിന്നു കഴിവുള്ളവനാക്കിയാലും.

13. വാഴ്ത്തുന്നു—വാഴ്ത്താനാളാകുന്നു? അല്പബുദ്ധികൾക്കു പുകഴ്ത്താവുന്നവനല്ല, ഇന്ദ്രൻ! ഇന്ദ്രന്റേതായ—മററാൎക്കുമില്ലാത്ത. ചെന്നെത്തിയിട്ടില്ലല്ലോ—മഹത്ത്വമറിഞ്ഞു സ്തുതിപ്പാൻ ശക്തരായിട്ടില്ലല്ലോ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, ഏതു സ്തോതാക്കളുണ്ട്, ദേവയജനമിച്ഛിയ്ക്കുന്നു? ഏതൊരു മേധാവിയായ ഋഷി അങ്ങെത്തിയ്ക്കും? മഘവാവേ, ഭവാൻ എപ്പോഴും പിഴിയുന്നവൻെറ വിളിയിൽ, എപ്പോഴും പുകഴ്ത്തുന്നവൻെറ വിളിയിൽ, വന്നെത്തും? 14

ആ മധുരതരങ്ങളായ ശസ്ത്രങ്ങളും സ്തോത്രങ്ങളും, ഒപ്പം ജയിച്ച ധനം നേടിയ, രക്ഷയ്ക്കിടിവില്ലാത്ത, അന്നം തേടുന്ന തേരുകൾ പോലേ മേല്പോട്ടു പോകുന്നു! 15

കണ്വർപോലെ ഭൃഗുക്കൾ ആ ധ്യാനിയ്ക്കപ്പെട്ട വിഭുവിനെത്തന്നേ, സൂര്യരശ്മികൾപോലെ, പ്രാപിച്ചു; പ്രിയമേധരായ മനുഷ്യരും ഇന്ദ്രനെത്തന്നെ പൂജിച്ചു സ്തോത്രങ്ങൾ പാടി. 16

ഇന്ദ്ര, വൃത്രനെ അമ്പെകൊന്നവനേ, ഭവാൻ ഹരികളെ പൂട്ടുക: മഘവാവേ, മഹാബലനായ അങ്ങ് മരുത്തുക്കളോടുകൂടി, സോമം കുടിപ്പാൻ, ദൂരത്തുനിന്ന് ഇങ്ങോട്ടെഴുന്നള്ളുക! 17

ഇതാ, കർമ്മികളായ മേധാവികൾ അങ്ങയെ, യജ്ഞത്തിൽ സംബന്ധിപ്പാൻ, വീണ്ടും വീണ്ടും സ്തുതിയ്ക്കുന്നു: മഘവാവേ, ഇന്ദ്ര, സ്തോത്രവാഹ്യ, ആ ഭവാൻ, ഒരഭിലാഷിയെന്നപോലെ, ഞങ്ങളുടെ വിളി കേട്ടാലും! 18

ഇന്ദ്ര, അവിടുന്നു വൃത്രനെ വലിയ പള്ളിവില്ലുകൾകൊണ്ടു നിശ്ശേഷം നിഹനിച്ചു; മായാവിയായ അർബ്ബുദൻ, മൃഗയൻ എന്നിവരെയും നിഹനിച്ചു; മലയിൽനിന്നു ഗോക്കളെ പുറത്തിറക്കി! 19

ഇന്ദ്ര, അവിടുന്നു വൃത്രക്കുറാനെ അന്തരിക്ഷത്തിൽനിന്നു നിർഗ്ഗമിപ്പിച്ച്, ആ കരുത്തു കാണിച്ചപ്പോൾ, അഗ്നികളും, സൂര്യനും, ഇന്ദ്രനുള്ളതായ സോമാമൃതവും ആകെത്തിളങ്ങി! 20

---

14. ഇച്ഛിയ്ക്കുന്നവർതന്നെയില്ല; പിന്നെയല്ലേ, അനുഷ്ഠിയ്ക്കുന്നവർ? അങ്ങെത്തിയ്ക്കും—സ്തുതി ഭവാങ്കലണയ്ക്കും.

15. ഒപ്പം—ശത്രുക്കളെ ഒന്നിച്ച് മേല്പോട്ടു—ഭവാൻെറ അടുക്കലേയ്ക്ക്.

16. സൂര്യരശ്മികൾപോലെ—സൂര്യരശ്മികൾ ഭുവനത്തെ പ്രാപിയ്ക്കുന്നതുപോലെ. പ്രിയമേധർ=യജ്ഞതൽപരർ.

18. അഭിലാഷി=അഭിലാഷമുള്ളവൻ, വിളിയ്ക്കപ്പെടാനിച്ഛിയ്ക്കുന്നവൻ.

19. അർബ്ബുദൻ, മൃഗയൻ—രണ്ടസുരന്മാർ.

20. നിർഗ്ഗമിപ്പിച്ച്—പുറത്തെയ്ക്കിറക്കി. ആ കരുത്ത്—വൃത്രവധവീര്യം. സോമാമൃതം=അമൃതുപോലുള്ള സോമനീർ.

Digitized By Kerala Sahitya Akademi

എനിയ്ക്കു് ഇന്ദ്രനും മരുത്തുക്കളുമെന്നപോലെ, കുരയാണപുത്ര
നായ പാകസ്ഥാമാവും, എല്ലാററിലുംവെച്ചു, വാനിലോടുന്ന സൂര്യൻ
പോലെ സ്വയം തിളങ്ങുന്നതു ദാനംചെയ്തു! 21

എനിയ്ക്കു പാകസ്ഥാമാവു നല്ല ചുമലുള്ള, തടിച്ചു, ധനാർജ്ജന
ത്തിന്നുതകുന്ന ഒരു ചെംകുതിരയെ തന്നു! 22

അതിന്നുപകരം, പത്തു ധുരന്ധരങ്ങൾ, ഋഗ്രപുത്രനെ ഗൃഹ
ത്തിലെയ്ക്കു കുതിരകളെന്നപോലെ, (എന്നെ) വഹിച്ചുപോരുന്നു! 23

വിപുലമായ അന്നവും, വീതിയുള്ള വസ്ത്രവും, എണ്ണയും, കെ
ല്പും ആർ തന്നുവോ; ആ നാലാമനായ, ചെങ്കുതിരയെത്തന്ന, രക്ഷി
താവായ പാകസ്ഥാമാവിനെ ഞാൻ സ്തുതിച്ചു. 24

---

## സൂക്തം 4.

കണ്വഗോത്രൻ ദേവാതിഥി ഋഷി; ബൃഹതിയും സതോബൃഹതിയും
പുരഉഷ്ണിക്കും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, കിഴക്കും പടിഞ്ഞാറും വടക്കും തെക്കും ആളുകൾ അങ്ങ
യെ വിളിയ്ക്കുന്നുണ്ടു്; ശ്രേഷ്ഠ, അത്യന്തം കീഴമർത്തുന്നവനേ, എന്നാലും,
ഭവാൻ ആൾക്കാരാൽ ഋലോം സ്തുതിയ്ക്കപ്പെട്ടിട്ടു്, അനുപുത്രങ്കലും
തുർവ്വശങ്കലും എഴുന്നള്ളി! 1

---

21. കുരയാണപുത്രനായ പാകസ്ഥാമാവു്—കുരയാണന്റെ മകൻ, പാകസ്ഥാമാവെന്ന രാജാവു്. എല്ലാററിലും—സർവ്വധനങ്ങളിലും. തിളങ്ങുന്നതു—ഉജ്ജ്വലമായ ധനം.

23. ആ ഒരശ്വത്താൽ വഹിയ്ക്കപ്പെടുന്നതിനെ വഹിപ്പാൻ പത്തു കുതിരകൾ വേണം! ധുരന്ധരങ്ങൾ—ഭാരം ചുമക്കുന്ന അശ്വങ്ങൾ. ഋഗ്രപുത്രനെ—സമുദ്രത്തിൽ എറിയപ്പെട്ട ഭുജ്യുവിനെ.

24. നാലാമനായ—തന്റെ മുതുമുത്തച്ഛൻ, മുത്തച്ഛൻ, അച്ഛൻ എന്നീ മൂന്നുപേർപോലെതന്നെ സുചരിതനായ.

## സൂക്തം 4.

1. കീഴമർത്തുന്നവനേ—ശത്രുക്കളെ. ആൾക്കാരാൽ—അനുവിന്റെ പുത്രൻ, തുർവ്വശൻ എന്നീ രാജാക്കന്മാരുടെ സ്തോതാക്കളാൽ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, അവിടുന്ന് രുമൻ, രുശമൻ, ശ്യാവകൻ, കൃപൻ എന്നിവരുടെ അടുക്കൽ മത്തടിയ്ക്കുയായിരിയ്ക്കാം; എന്നാലും, അങ്ങയെ സ്തോത്രം ചൊല്ലുന്ന കണ്വന്മാർ മന്ത്രംകൊണ്ടു വരുത്തുന്നു. ഇന്ദ്ര, വന്നെത്തിയാലും! 2

ഒരു ദാഹം പൂണ്ട ഗൌരമൃഗം വെള്ളം നിറഞ്ഞ തടാകത്തിലെയ്ക്കു പോകുന്നതെപ്രകാരമോ, അപ്രകാരം അവിടുന്നു, ബന്ധുത്വം പൂണ്ടു, ഞങ്ങളുടെ അടുക്കലെയ്ക്കു വെക്കം വന്നാലും: കണ്വരിൽ, ഒന്നിച്ച് വഴിപോലെ പാനംചെയ്താലും! 3

ഇന്ദ്ര, മഘവാവേ, സോമം അങ്ങയെ, പിഴിഞ്ഞവന്നു ധനം കൊടുക്കാൻ ഇമ്പപ്പെടുത്തട്ടെ: ഇരുപലകകൾകൊണ്ടു പിഴിഞ്ഞതു കട്ടുകടിച്ചുവല്ലോ, ഭവാൻ; അതുനിമിത്തം, മികച്ച ബലം അവിടുന്നു വഹിയ്ക്കുന്നു! 4

അദ്ദേഹം വീരകർമ്മത്താൽ കീഴമർത്തു; കരുത്തുകൊണ്ട് അരിശം കെടുത്തു. മഹാനായ ഇന്ദ്ര, പടയ്ക്കൊരുവരെയെല്ലാം അവിടുന്നു വൃക്ഷങ്ങളെപ്പോലെ അടക്കിനിർത്തി! 5

ആർ സ്തുതി ഭവാനായയ്ക്കുമോ, അവൻ, ഒരായിരം പോരാളികളോടു ചേർന്നവനെപ്പോലെയാവും; ആർ സ്തോത്രം ചൊല്ലിക്കൊണ്ടു ഹവിസ്സർപ്പിയ്ക്കുമോ, അവന്നു യുദ്ധത്തിൽ ശത്രുക്കളെപ്പോക്കുന്നാവൻ പിറക്കും! 6

ബലിഷ്ഠനായ ഭവാൻെറ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു പിന്നെ ഭയം വേണ്ടാ, തളച്ച വേണ്ടാ; പ്രശംസനീയമാണ്, വൃഷാവായ

---

2. രുമൻ മുതലായ നാലുപേരും രാജാക്കന്മാരത്രേ. മത്തടിയ്ക്കുകയായിരിയ്ക്കാം—സോമം കുടിച്ച്.

3. കണ്വരിൽ—കണ്വപുത്രന്മാരുടെഇടയിൽ.

4. കട്ടു: ഇക്കഥ മുമ്പുണ്ട്.

5. ആദ്യഭാഗം പരോക്ഷകഥനം: കീഴമർത്തു—ശത്രുക്കളെ. അരിശം—ശത്രുക്കളുടെ. വൃക്ഷങ്ങളെപ്പോലെ—നിശ്ചലരാക്കി.

6. പോക്കുന്നാവൻ—ആട്ടിപ്പായിയ്ക്കുന്ന പുത്രൻ.

7. ഭയം വേണ്ടാ—ഭയപ്പെടേണ്ടിവരില്ല. തുർവശനും യദുവും ഭവൽപ്രസാദംമൂലം എത്ര സുഖത്തിലിരിയ്ക്കുന്നു!



Digitized By Kerala Sahitya Akademi

ഭവാന്റെ മഹാകർമ്മം; തുർവ്വശനെയും യദുവിനെയും ഞങ്ങൾ കണ്ടിട്ടുണ്ട്! 7

വൃഷാവ് ഇടത്തെ ആസനംകൊണ്ടു (ഭുവനത്തെ) മറയ്ക്കുന്നു. മുറിവുപെടുത്തുന്നവൻ ഇദ്ദേഹത്തെ പിടിപ്പിയ്ക്കില്ല. തേൻപോലെയുള്ള മധുരദ്രവ്യം ചേർത്തിരിയ്ക്കുന്നു, സോമത്തിൽ: അങ്ങ് വേഗം വരിക; ഒന്നോടുക; കുടിയ്ക്കുക! 8

ഇന്ദ്ര, അങ്ങയുടെ സഖാവ് എന്നെന്നും അശ്വ-രഥ-ഗോക്കളോടുകൂടിയവനും സുന്ദരാംഗനുമായിത്തീരും; ധനത്തോടും അന്നത്തോടും ചേരും; ആഹ്ലാദകനായി സഭയിൽ ചെല്ലും! 9

മഘവാവേ, അങ്ങ്, ദാഹമുള്ള ഒരു മരമാൻപോലെ, പാത്രങ്ങളിൽ കൊണ്ടുവന്നിട്ടുള്ള സോമത്തിന്റെ അടുക്കൽ വന്നാലും: വേണ്ടുവോളം കുടിച്ചാലും. ഇതുകൊണ്ടാണല്ലോ, അവിടുന്നു നാളിൽ നാളിൽ മഴപെയ്യിയ്ക്കുന്നതും, മഹത്തരമായ ബലം നേടുന്നതും! 10

അധ്വര്യോ, ഭവാൻ സോമം പിഴിയുക, ഇന്ദ്രന്നു കുടിപ്പാൻ: വൃഷാക്കളായ ഹരികളെ പൂട്ടിയിരിയ്ക്കും; വൃത്രഘ്നൻ വരികയുമായി! 11

നിന്തിരുവടി ആരിൽ സോമംകൊണ്ടു സംതൃപ്തനാകുമോ, ആ ഹവിർദ്ദാതാവ് സ്വയം അറിയും. ഇതാ, അങ്ങയ്ക്കു യോഗ്യമായ അന്നം പകർന്നുവെച്ചിരിയ്ക്കുന്നു: അതിങ്കൽ വരിക, ഓടുക; കുടിയ്ക്കുക! 12

അധ്വര്യുക്കളേ, നിങ്ങൾ തേരിലിരിയ്ക്കുന്ന ഇന്ദ്രന്ന്, അമ്മിമേൽ വെച്ച അമ്മിക്കുഴകൾകൊണ്ടു സോമം പിഴിയുവിൻ: യജ്ഞസാധനം പിഴിയുന്ന ഇവ വിശേഷേണ വിളങ്ങുന്നു! 13

---

8. മുറിവുപെടുത്തുന്നവൻ—യുദ്ധവിദഗ്ദ്ധൻ; ഒരു പോരാളിയും ആളാകില്ല, ഇന്ദ്രനെ പിടിപ്പിയ്ക്കാൻ. മധുരദ്രവ്യം—കറക്കിയ പാലും മററും.

9. സഖാവ്—സഖ്യം ലഭിച്ചവൻ.

10. ദാഹമുള്ള മരമാൻപോലെ—മരമാൻ തടാകത്തിൽ ചെല്ലുന്നതുപോലെ. ഇതു—സോമപാനം.

12. സ്വയം അറിയും—പരാപേക്ഷകൂടാതെ എല്ലാം മനസ്സിലാക്കും. അന്നം—സോമം.

13. ഇവ—അമ്മിയും അമ്മിക്കുഴയും.

Digitized By Kerala Sahitya Akademi

അന്തരിക്ഷത്തിൽ നടക്കുന്ന വൃഷാക്കളായ ഹരികൾ ഇന്ദ്രനെ കർമ്മങ്ങളിൽ കൊണ്ടുവരട്ടെ—(മററു) യജ്ഞസേവികളായ കുതിരകളും അങ്ങയെ സവനങ്ങൾക്ക് ഇങ്ങോട്ടു കൊണ്ടുവരട്ടെ! 14

പുരുവിത്തനായ പൂഷാവിനെ ഞങ്ങൾ സഖ്യത്തിന്നായി ഭജിയ്ക്കുന്നു: ശക്ര, പുരുഹൂത, വിമോചക, ആ നിന്തിരുവടി ഞങ്ങളെ ബുദ്ധികൊണ്ടു ധനത്തിന്നും (ശത്രു)നിഗ്രഹത്തിന്നും ശക്തരാക്കിയാലും! 15

വിമോചക, അങ്ങ് ഞങ്ങൾക്കു, ക്ഷൌരക്കത്തിയ്ക്കെന്നപോലെ മൂച്ച് വരുത്തിയാലും; സമ്പത്തും തന്നാലും. അങ്ങയുടെ പക്കലാണ്, ഞങ്ങൾക്ക് എളുപ്പത്തിൽക്കിട്ടാവുന്ന ഗോധനം: ഇതു ഭവാൻ മനുഷ്യന്നായയ്ക്കാറുണ്ടല്ലോ! 16

തേജസ്സുപൂണ്ട പൂഷാവേ, ഞാൻ അങ്ങയെ ചമയിയ്ക്കാനാഗ്രഹിയ്ക്കുന്നു, സ്തുതിയ്ക്കാനാഗ്രഹിയ്ക്കുന്നു. വസോ, സ്തോത്രങ്ങൾ സംഭരിച്ചു സ്തുതിയ്ക്കുന്ന സാമവാന്നു സുഖം നല്കാത്തവനെ സ്തുതിപ്പാൻ ഞാനാഗ്രഹിയ്ക്കുന്നില്ല! 17

തേജസ്സു പൂണ്ട പൂഷാവേ, ദേവ, പൈക്കൾ വല്ലപ്പോഴും പുല്ലു തേടി പോയേയ്ക്കും; ആ ധനം നിലനില്ക്കേണമേ! അവിടുന്നു ഞങ്ങളെ രക്ഷിച്ചു, സുഖപ്പെടുത്തണം; അന്നം ധാരാളം തരണം! 18

വിളങ്ങുന്ന സുഭഗനായ കുരുംഗരാജാവിന്റെ യാഗദാനാവസരത്തിൽ, ഞങ്ങൾക്ക് ആളുകളിൽവെച്ച്, മുന്നൂറശ്വങ്ങളോടുകൂടിയ വളരെദ്ധനം കിട്ടി. 19

---

14. കർമ്മങ്ങളിൽ—നമ്മുടെ. അടുത്ത വാക്യം പ്രത്യക്ഷം: യജ്ഞസേവികൾ=യജ്ഞത്തിൽ ചെല്ലുന്നവ.

15. ഇതുമുതൽ നാലൃക്കുകൾ പൂഷാവിനെയും ഇന്ദ്രനെയും പരാമർശിയ്ക്കുന്നവയത്രേ: പൂഷാവ്=പൂഷാവെന്ന ദേവൻ; ഇന്ദ്രപക്ഷത്തിൽ പോഷകൻ. ശക്ര—ശക്ത. പുരുഹൂത=വളരെ ആളുകളാൽ വിളിയ്ക്കപ്പെട്ടവനേ. വിമോചക—പാപത്തിൽനിന്നു മോചിപ്പിയ്ക്കുന്നവനേ.

16. ഇതു—ഗോധനം. മനുഷ്യന്ന്—സ്തുതിയ്ക്കുന്ന മനുഷ്യന്ന്.

17. സ്തുതിയ്ക്കുന്ന സാമജ്ഞന്നു സുഖം നല്കാൻ ഭവാനേ ഉള്ളു; അതിനാൽ, ഞാൻ മററൊരു ദേവനെ സ്തുതിപ്പാനാഗ്രഹിയ്ക്കുന്നില്ല.

18. പൈക്കൾ—ഞങ്ങളുടെ. ആ ധനം നിലനില്ക്കേണമേ—പൈക്കളെ പുലികൾ പിടിയ്ക്കുകയും മററും ചെയ്യാതെ നോക്കണമേ.

19. ഋഷി മൂന്നൃക്കുകൾകൊണ്ടു കുരുംഗരാജാവിന്റെ ദാനത്തെ സ്തുതിയ്ക്കുന്നു: യാഗദാനം—ദക്ഷിണ.

Digitized By Kerala Sahitya Akademi

ഹവിഷ്മാനായ കണ്വപുത്രന്റെ സ്തോതാക്കളും, തേജസ്സിയന്ന പ്രിയമേധരും വാങ്ങിയപോലെ, ഋഷിയായ ഞാനും അറുപതിനായിരം പരിശുദ്ധഗോക്കളെ മുഴുവൻ പ്രതിഗ്രഹിച്ചു. 20

എനിയ്ക്കു കിട്ടിയപ്പോഠം വൃക്ഷങ്ങളും പിറുപിറുത്തു:– 'ഇവക്ക മികച്ച ഗോക്കളെ കിട്ടി; ഇവക്ക മികച്ച കുതിരകളെ കിട്ടി!' 21

ഏഴാമധ്യായം സമാപ്തം.

## എട്ടാമധ്യായം.

### സൂക്തം 5.

കണ്വഗോത്രൻ ബ്രഹ്മാതിഥി ഋഷി; ഗായത്രിയും ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകഠം; അശ്വികഠം ദേവത.

ദൂരത്തുനിന്ന്, ഇവിടെയുള്ളവഠംപോലെ, യാതൊരു ഭാസുരാംഗി വെണ്മ വരുത്തിയോ—വെളിച്ചം വിവിധമായി പരത്തിയോ; 1

ആ ഉഷസ്സിനെ, ദസ്രരായ അശ്വികളേ, നിങ്ങഠം നേതാക്കളെന്നപോലെ, മനസ്സുകൊണ്ടു പൂട്ടുന്ന തേജസ്സേറിയ തേരിലൂടേ വഴിപ്പോലെ പ്രാപിയ്ക്കുന്നു! 2

അന്നധനാനചിതന്മാരേ, നോക്കുവിൻ, നിങ്ങഠംക്കുള്ള സ്തോത്രങ്ങഠം: ഞാൻ സ്തുതി, ഒരു ദൂതൻപോലെ കൊണ്ടുവരുന്നു! 3

---

20. കണ്വപുത്രൻ—മേധാതിഥി. പ്രിയമേധർ—പ്രിയമേധനും, കൂട്ടരും. ഇവക്കും കുരുംഗൻ കൊടുക്കുകയുണ്ടായി. പ്രതിഗ്രഹിച്ചു—സ്വീകരിച്ചു.

21. ഇവർ—ദേവാതിഥി മുതലായ ഋഷികഠം. 'നമുക്കൊന്നും കിട്ടിയില്ല' എന്നു വൃക്ഷങ്ങഠംപോലും പിറുപിറുത്തു—ഇലകളുടെ മർമ്മരശബ്ദമാണ്, ഈ പിറുപിറുക്കൽ.

സൂക്തം 5.

2. ആ ഉഷസ്സിനെ പ്രാപിയ്ക്കുന്നു—ഉഷസ്സുദിച്ചിന്നുശേഷമാണല്ലോ, അശ്വികളെ സ്തുതിയ്ക്കുക.

3. അന്നധനാനചിതന്മാരേ—സ്തോതാക്കഠംക്കു കൊടുപ്പാൻ അന്നവും ധനവുമെടുത്തവരേ. ദൂതൻപോലെ—ദൂതൻ സ്വാമിയുടെ ആജ്ഞ കൊണ്ടുവരുന്നതുപോലെ.

Digitized By Kerala Sahitya Akademi

വളരെപ്പേക്ക് പ്രിയപ്പെട്ട, വളരെ മത്തടിയ്ക്കുന്ന, വളരെധനമുള്ള അശ്വികളേ, ഞങ്ങളുടെ രക്ഷണത്തിന്നു കണ്വന്മാർ സ്തുതിയ്ക്കുന്നു. 4

പൂജനീയരേ, ബലം തുലോം നല്കുന്നവരേ, അന്നദാതാക്കളേ, ധനത്തിന്റെ ഉടമസ്ഥരേ, ഹവിർദ്ദാതാവിന്റെ ഗൃഹത്തിൽ ഗമിയ്ക്കുന്നവരേ, 5

ആ നിങ്ങൾ ദേവകളെ യജിയ്ക്കുന്ന ഹവിഷ്പ്രദനുവേണ്ടി, നല്ല യജ്ഞത്തോടുകൂടിയതും നിരപായവുമായ പൈമേച്ചിൽനിലം വെള്ളംകൊണ്ടു നനച്ചാലും! 6

അശ്വികളേ, നിങ്ങൾ പരുന്തുകൾക്കൊപ്പം പറക്കുന്ന കുതിരകളിലൂടെ ഞങ്ങളുടെ സ്തോത്രത്തിൽ ശീഘ്രം വന്നെത്തുവിൻ: 7

ഇവയിലൂടെയാണല്ലോ, നിങ്ങൾ ദൂരത്തുനിന്ന് എല്ലാ നക്ഷത്രങ്ങളിലും മൂന്നു പകലും മൂന്നു രാവും മുഴുവൻ ചുററിനടക്കാറുള്ളത്! 8

പ്രാതഃസ്തുത്യരേ, നിങ്ങൾ ഞങ്ങൾക്ക ഗോക്കളെയും അന്നവും സമ്പത്തും തരുവിൻ: ലാഭമാർഗ്ഗങ്ങൾ തുറന്നിടുവിൻ! 9

അശ്വികളേ, നിങ്ങൾ ഞങ്ങൾക്ക ഗോക്കൾ, അശ്വങ്ങൾ, നല്ല തേരുകൾ, നല്ല പുത്രന്മാർ എന്നിവയോടുകൂടിയ സമ്പത്തും അന്നവും കൊണ്ടുവരുവിൻ! 10

മോടിയുടെ ഉടമസ്ഥരായ ദസ്രരേ, പൊന്നിൻതേരുള്ള പ്രവൃദ്ധരായ നിങ്ങൾ സോമമധു നുകർന്നാലും! 11

അന്നധനാന്വിതന്മാരേ, നിങ്ങൾ ഹവിസ്സമ്പന്നരായ ഞങ്ങൾക്ക് എമ്പാടും വിശാലമായി അധൃഷ്യമായ ഗൃഹം തന്നാലും! 12

ആളുകളുടെ സ്തോത്രത്തിൽ ചെല്ലാറുള്ളവരാണല്ലോ, നിങ്ങൾ: വെക്കം വരുവിൻ; അന്യരുടെ അടുക്കലെയ്ക്കു പോകരുത്! 13

സ്തുത്യർഹരായ അശ്വികളേ, ഈ തന്ന മദകരവും മനോജ്ഞവുമായ മധു നുകർന്നാലും! 14

---

4. കണ്വന്മാർ—കണ്വഗോത്രന്മാർ. സ്തുതിയ്ക്കുന്നു—നിങ്ങളെ.

6. നല്ല യജ്ഞത്തോടുകൂടിയതും—പൈക്കളുടെ പുഷ്ടിയാലാണല്ലോ, യാഗം നടക്കുന്നത്.

7. പറക്കുന്ന—പായുന്ന.

8. ഇവ—മുകളിൽപ്പറഞ്ഞ കുതിരകൾ.

14. തന്ന—ഞങ്ങൾ തന്ന. മധു—മധുരസോമം,

Digitized By Kerala Sahitya Akademi

എല്ലാരെയും പുലർത്തത്തക്ക, ബഹുസ്തുത്യമായ, നൂറുമായിരവും ധനം നിങ്ങൾ ഞങ്ങൾക്കു കൊണ്ടുവരുവിൻ! 15

നേതാക്കളേ, അശ്വികളേ, നിങ്ങളെ വളരെയിടങ്ങളിൽ മനീഷികൾ വിളിയ്ക്കുന്നുണ്ടാവും; എന്നാലും, നിങ്ങൾ കുതിരകളിലൂടെ വരുവിൻ! 16

അശ്വികളേ, ആളുകൾ ദർഭ മുറിച്ചു, ഹവിസ്സൊരുക്കി, വട്ടമെല്ലാം കൂട്ടി നിങ്ങളെ വിളിയ്ക്കുന്നു! 17

അശ്വികളേ, ഇപ്പോൾ ഞങ്ങളുടെ ഈ സ്തോത്രം നിങ്ങളെ കൊണ്ടുവരാൻ നിങ്ങളുടെ തൊട്ടടുക്കലെത്തട്ടെ! 18

അശ്വികളേ, നിങ്ങളുടെ തേരിൽ വെച്ചിട്ടുണ്ടല്ലോ, ഒരു മധുത്തോൽത്തുരുത്തി; അതിൽനിന്നു കുടിയ്ക്കുവിൻ! 19

അന്നധനാന്വിതന്മാരേ, ഞങ്ങളുടെ നാല്ക്കാലികൾക്കും മക്കൾക്കും പൈക്കൾക്കും സുഖമുളവാകുമാറു, നിങ്ങൾ ഒരുപാടന്നം അതിൽ കൊണ്ടുവന്നാലും! 20

പ്രാതഃസ്തുത്യരേ, നിങ്ങൾ ഞങ്ങൾക്കു വാനിലെ അന്നം ഒരു തുളയിലൂടെയെന്നപോലെ പൊഴിയ്ക്കുവിൻ; നദികൾ നിർമ്മിയ്ക്കുവിൻ! 21

നേതാക്കളേ, നിങ്ങളെ കടലിലെറിയപ്പെട്ട തുഗ്രപുത്രൻ എപ്പോൾ സ്തുതിച്ചു? നിങ്ങളുടെ കുതിരത്തേർ ചെന്നപ്പോൾ! 22

നാസത്യരേ, നിങ്ങൾ മേടയിൽ പീഡിതനായ കണ്വന്നു വളരെ രക്ഷകൾ കൊടുക്കുകയുണ്ടായല്ലോ; 23

വർഷണധനന്മാരേ, ആ സുപ്രശസ്തങ്ങളായ നവീനരക്ഷകളോടേ വന്നെത്തുവിൻ: ഞാൻ നിങ്ങളെ വിളിയ്ക്കുന്നുണ്ടല്ലോ; 24

---

19. മധുത്തോൽത്തുരുത്തി—ഞങ്ങൾ തന്ന സോമനീർ നിറച്ച തോൽത്തുരുത്തി.

20. അതിൽ—തേരിൽ.

21. വാനിലെ അന്നം—മഴവെള്ളം.

22. എപ്പോൾ സ്തുതിച്ചു എന്ന ചോദ്യത്തിന്റെ മറുപടിയാണ്, അടുത്ത വാക്യം.

23. ഈ കഥ ഒന്നാംമണ്ഡലത്തിലുണ്ട്: പീഡിതൻ—അസുരന്മാരാൽ, കണ്വൻ—ഋഷി.

Digitized By Kerala Sahitya Akademi

അശ്വികളേ, നിങ്ങൾ കണ്വനെയും, പ്രിയമേധനെയും, ഉപസ്തുതനെയും, സ്തുതിച്ച അത്രിയെയും രക്ഷിച്ചുവല്ലോ; 25

ധനമിച്ഛിച്ച അംശുവിനെയും ഗോകാംക്ഷിയായ അഗസ്ത്യനെയും, അന്നൈഷിയായ സോഭരിയെയും നിങ്ങൾ രക്ഷിച്ചുവല്ലോ; 26

വർഷണധനന്മാരേ, അശ്വികളേ, അത്രയ്ക്കോ അതിലുമധികമോ സുഖം നിങ്ങളോടു ഞങ്ങൾ സ്തുതിച്ചു യാചിയ്ക്കുന്നു. 27

അശ്വികളേ, പൊന്നിൻനുകത്തണ്ടും പൊന്നിൻകടിഞ്ഞാണുമുള്ള, വാനിലുരുമ്മുന്ന തേരിലാണല്ലോ, നിങ്ങൾ ഇരിയ്ക്കാറുള്ളത്! 28

നിങ്ങളുടെ ഇരുപ്പടി പൊന്നുകൊണ്ട്, അച്ചുതണ്ട് പൊന്നുകൊണ്ട്, ഇരുചക്രങ്ങൾ പൊന്നുകൊണ്ട്— 29

അതിലൂടേ, അകലത്തുനിന്നായാലും നിങ്ങൾ ഞങ്ങളിൽ വന്നെത്തുവിൻ; വർഷണധനന്മാരേ, എന്റെ ഈ നല്ല സ്തുതിയെ സമീപിയ്ക്കുവിൻ! 30

അശ്വികളേ, അമൃതരേ, നിങ്ങൾ അസുരപുരികളുടച്ച്, അന്നങ്ങൾ ദൂരത്തുനിന്നു കൊണ്ടുവരണം! 31

വളരെപ്പൊന്നുള്ള നാസത്യരായ അശ്വികളേ, നിങ്ങൾ തിളങ്ങുന്ന അന്നങ്ങളോടും യശസ്സുകളോടുംകൂടി ഞങ്ങളിൽ വന്നെത്തിയാലും! 32

നിങ്ങളെ മെഴുക്കൊലിമെയ്യരായ, പക്ഷികൾക്കൊത്ത കുതിരകൾ ഇവിടെ യജ്ഞം ശരിയ്ക്കനുഷ്ഠിയ്ക്കുന്നവകലെയ്ക്കു കൊണ്ടുവരുമാറാകട്ടെ! 33

യാതൊന്നിൽ അന്നം വെച്ചിരിയ്ക്കുന്നുവോ, നിങ്ങളുടെ ആ സ്തുത്യമായ രഥത്തെ സൈന്യം എതിർത്തുപദ്രവിയ്ക്കില്ല! 34

---

25. ഉപസ്തുതൻ—ഋഷിതന്നെ.
27. അത്രയ്ക്ക്—അവർക്കു നിങ്ങളിൽനിന്നു കിട്ടിയേടത്തോളം.
28. വാനിലുരുമ്മുന്ന—അത്യുന്നതമായ.
30. അതിലൂടേ—അത്തേരിൽക്കേറി.
31. അമൃതർ=മരണരഹിതർ.
33. മെഴുക്കൊലിമെയ്യർ—മെഴുക്കൊലിയ്ക്കുന്നതായി തോന്നുന്ന, അത്ര സ്നിഗ്ദ്ധമായ ഉടലോടുകൂടിയവ.
34. സൈന്യം—ഏതൊരു ശത്രുസേനയും.

Digitized By Kerala Sahitya Akademi

നാസത്യരേ, കുതിച്ചോടുന്ന കുതിരകളെപ്പൂട്ടിയ പൊന്നിൻതേരിലൂടേ നിങ്ങൾ മനോവേഗേന വന്നാലും! 35.

വൎഷണധനന്മാരേ, നിങ്ങൾ ഉണർവുററ മൃഗനെ നിഹനിച്ചുവല്ലോ; ആ നിങ്ങൾ ഞങ്ങൾക്ക് അന്നവും ധനവും കിട്ടിയ്ക്കുവിൻ! 36

അശ്വികളേ, ആ നിങ്ങൾ എനിയ്ക്കു പുതിയ ധനം തരുവിയ്ക്കുവിൻ: ചേദിപുത്രൻ കശു നൂറൊട്ടകങ്ങളെയും പതിനായിരം പൈക്കളെയും തരികയുണ്ടായല്ലോ! 37

ഇദ്ദേഹം എനിയ്ക്കു പൊന്നൊളിതിരണ്ട പത്തരചന്മാരെ ദാസരാക്കിത്തന്നു: ചൈദ്യന്റെ കാല്ക്കീഴിലാണ്, പ്രജകൾ; ആളുകൾ പരക്കെ പയററുള്ളവരുമാണ്! 38

ആരും ആളാവില്ല, ഈ ചേദികൾ പോകുന്ന വഴിയിലൂടേ നടക്കാൻ: മററൊരാളില്ല, ഇത്ര വളരെ അറിഞ്ഞു കൊടുക്കാൻ! 39

---

സൂക്തം 6.

കണ്വപുത്രൻ വത്സൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ആർ ഓജസ്സുകൊണ്ടു, മഴ പെയ്യുന്ന പൎജ്ജന്യൻപോലെ മുന്തിനില്ക്കുന്നുവോ, ആ ഇന്ദ്രൻ വത്സന്റെ സ്തോത്രങ്ങൾകൊണ്ടു വൎദ്ധിയ്ക്കുന്നു! 1

സത്യത്തിന്റെ സന്താനത്തെ വാനം നിറയ്ക്കുന്ന വാജികൾ എപ്പോൾ വഹിയ്ക്കുമോ, അപ്പോൾ മേധാവികൾ യജ്ഞത്തിൽ വരുത്താൻ (സ്തുതിയ്ക്കുന്നു). 2

---

36. ഉണർവുററ—കൃത്യങ്ങളിൽ അമാന്തിയ്ക്കാത്ത. മൃഗൻ—ഒരസുരൻ.

37. ചേദിയുടെ മകൻ കശു എന്ന രാജാവു തന്നതു, നിങ്ങളുടെ പ്രേരണയാലാണല്ലോ; വീണ്ടും പുതിയ ധനങ്ങൾ മററു ധനവാന്മാരെക്കൊണ്ടു തരുവിയ്ക്കുവിൻ.

38. ഇദ്ദേഹം—കശു. ചൈദ്യൻ=ചേദിപുത്രൻ.

39. ചേദികൾ—കശുവിന്റെ അച്ഛൻ മുതലായവർ.

സൂക്തം 6.

1. വത്സന്റെ—എന്റെ.

2. സത്യത്തിന്റെ സന്താനം—ഇന്ദ്രൻ. വാനം നിറയ്ക്കുന്ന—വാനിലെങ്ങും ചെല്ലുന്ന.

Digitized By Kerala Sahitya Akademi

കണ്വന്മാർ സ്തോത്രങ്ങൾകൊണ്ട് ഇന്ദ്രനെ യജ്ഞസാധകനാക്കിയാൽ, ആയുധം ഇരട്ടിപ്പാണെന്നു പറയുന്നു! 3

ചെല്ലുന്ന പ്രജകളൊക്കെ ഇദ്ദേഹത്തിന്റെ ക്രോധത്തിന്നു, സമുദ്രത്തിന്നു നദികൾപോലെ വഴങ്ങുന്നു! 4

ഇന്ദ്രന്റെ ആ ബലം തിളങ്ങുന്നു: അവിടുന്നു വാനൂഴികൾ രണ്ടിനെയും തോലിനെപ്പോലെ പരത്തും, ചുരുട്ടും! 5

വിറപ്പിച്ച വൃത്രന്റെയും തല അദ്ദേഹം നൂറുമൊട്ടുള്ള വീര്യവത്തായ വജ്രംകൊണ്ടു കൊയ്തുവല്ലോ! 6

ഞങ്ങൾ സ്തോതാക്കളുടെ മുമ്പിൽവെച്ച്, അഗ്നിജ്വാലപോലെ തിളങ്ങുന്ന ഈ സ്തുതികൾ വീണ്ടും വീണ്ടും ചൊല്ലുന്നു! 7

ഗുഹയിലെ യാവചില സ്തുതികൾ സ്വയം ചെന്ന് ഉജ്ജ്വലിച്ചുവോ, അവ ചൊല്ലി കണ്വന്മാർ സോമം ഉകുന്നു. 8

ഇന്ദ്ര, ആ ഗവാശ്വയുക്തമായ സമ്പത്തും മികച്ച അന്നവും മുമ്പേ ഞങ്ങൾക്കു കിട്ടുമാറാകണം! 9

സംരക്ഷകനായ സത്യരൂപന്റെ നന്മനസ്സ് എനിയ്ക്കുതന്നെ കൈവന്നിരിയ്ക്കുന്നുവല്ലോ; അതിനാൽ ഞാൻ, സൂര്യൻപോലെ ആവിർഭവിച്ചു! 10

യാതൊന്നുകൊണ്ട് ഇന്ദ്രൻ ബലവാനാകുമോ; ആ സനാതന സ്തോത്രത്താൽ കണ്വനെന്നപോലെ, ഞാൻ വാക്കുകളെ അലംകരിയ്ക്കുന്നു! 11

ഇന്ദ്ര, അങ്ങയെ സ്തുതിയ്ക്കാത്തവരിലും, സ്തുതിച്ച ഋഷിമാരിലും വെച്ച് എന്റെ നല്ല സ്തുതിയാൽത്തന്നെ അവിടുന്നു വർദ്ധിച്ചാലും! 12

---

3. ആയുധം ഇരട്ടിപ്പാണ്—ആയുധകാര്യമെല്ലാം ഇന്ദ്രൻതന്നെ ചെയ്തുകൊള്ളും!

4. ചെല്ലുന്ന—സമീപിയ്ക്കുന്ന.

6. വിറപ്പിച്ച—ലോകത്തെ.

8. ഗുഹയിലെ—ഗുഹയിൽവെച്ചു ചൊല്ലപ്പെട്ട. ചെന്ന്—ഇന്ദ്രങ്കൽ.

9. മുമ്പേ—മററുള്ളവക്കു കിട്ടുന്നതിന്നുമുമ്പ്.

10. സൂര്യൻപോലെ—സൂര്യനൊത്ത ശോഭയോടേ.

11. കണ്വൻ—എന്റെ അച്ഛൻ. അലംകരിയ്ക്കുന്നു—ഇന്ദ്രവിഷയത്തിൽ പ്രയോഗിയ്ക്കപ്പെട്ടാൽ, വാക്കുകൾ അലംകൃതങ്ങളായി.



Digitized By Kerala Sahitya Akademi

തന്തിരുവടിയുടെ അരിശം വൃത്രനെ സന്ധിതോറും ചതച്ച്
അട്ടഹാസമിട്ടതോടേ, തണ്ണീരുകൾ കടലിലെയ്ക്കയയ്ക്കപ്പെട്ടു! 13
ഇന്ദ്ര, അവിടുന്നു ശുഷ്ണാസുരങ്കൽ തൃക്കയ്യിലെ വജ്രം ചാട്ടി:
ഓജസ്വിൻ, അങ്ങ് വൃഷാവാണെന്നാണല്ലോ, കേൾവി! 14
വിണ്ണുകളോ, അന്തരിക്ഷങ്ങളോ, മന്നുകളോ ബലംകൊണ്ടു
വജ്രപാണിയായ ഇന്ദ്രനോടടുക്കില്ല! 15
ഇന്ദ്ര, ആർ ഭവാന്റെ തഴച്ച തണ്ണീരിനെ സ്തംഭിപ്പിച്ചുകിടന്നാ
വോ, അവനെ അങ്ങ് കൊന്നു വെള്ളത്തിലിട്ടു! 16
ഈ തമ്മിൽച്ചേർന്ന വലിയ വാരാഴികളെ ആർ മൂടിക്കളഞ്ഞു
വോ, ഇന്ദ്ര, അവനെ അങ്ങ് ഇരുട്ടിൽപ്പൂഴ്ത്തി! 17
ഇന്ദ്ര, ഓജസ്വിൻ, അങ്ങയെ യതികളും ഭൃഗുക്കളും സ്തുതിച്ചു
വല്ലോ; എന്നാൽ, എന്റെ സ്തുതിതന്നെ അവിടുന്നു കേട്ടാലും! 18
ഇന്ദ്ര, ഭവാന്റെ ഈ പൈക്കൾ യജ്ഞത്തെ വളർത്തിക്കൊണ്ടു
കാച്ചുപാൽ ചുരത്തുന്നു: 19
ഈ പെററ പൈക്കൾ അങ്ങയുടെ വീര്യം ഭക്ഷിച്ചിട്ടാണല്ലോ,
സൂര്യരശ്മികൾ ജലമേററപോലെ ഗർഭം ധരിച്ചത്! 20
കെല്പിന്റെ ഉടമസ്ഥ, അങ്ങയെത്തന്നെ കണ്വർ ഉക്ഥംകൊ
ണ്ടു വർദ്ധിപ്പിയ്ക്കുന്നു; പിഴിഞ്ഞ സോമവും അങ്ങയെത്തന്നെ വർദ്ധിപ്പി
യ്ക്കുന്നു! 21
ഇന്ദ്ര, വജ്രപാണേ, ധനദാനങ്ങളിൽ അങ്ങയ്ക്കു തന്നെയാണ്,
മികച്ച സ്തുതിയും വിസ്തരിച്ച യജ്ഞവും! 22

---

13. അട്ടഹാസം—ഇടിയൊച്ച. തണ്ണീരുകൾ—മഴവെള്ളങ്ങൾ. അയയ്ക്കപ്പെട്ടു—തന്തിരുവടിയാൽ.

14. വൃഷാവ്—അഭീഷ്ടങ്ങൾ വർഷിച്ചുകൊടുക്കുന്നവൻ. എന്നിയ്ക്കും തരിക എന്നു ഹൃദയം.

16. അവനെ—വൃത്രനെ.

17. ഇരുട്ട്—മരണം.

18. യതികൾ—അംഗിരസ്സുകൾ.

19. കാച്ചുപാൽ—കറക്കി സോമത്തിൽ പകരാനുള്ള പാൽ. പൈക്കൾ പാൽ തരുന്നതിനാലാണ്, യജ്ഞം വളരുന്നത്.

20. വീര്യം—വൃത്രവധാനന്തരം ഓഷധ്യാദികളായിപ്പരിണമിച്ച വീര്യം, പുല്ലും മററും.

22. ദാനാവസരങ്ങളിൽ അങ്ങയെത്തന്നെ സ്തുതിയ്ക്കുന്നു, യജിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ഇന്ദ്ര, ഭവാൻ ഞങ്ങൾക്കു ഗോക്കളെയും, വലിയ അന്നവും, രക്ഷയും, സന്തതിയും, നല്ല വീൎയ്യവും തരാൻ കനിഞ്ഞാലും! 23

ഇന്ദ്ര, നാഹുഷൻെറ പ്രജകളിൽ, മുൻവശത്തു യാതൊരു ശീഘ്രാശ്വഗണം പ്രകാശിപ്പിയ്ക്കപ്പെട്ടുവോ, അതിനെയും (തന്നരുളുക). 24

ഇന്ദ്ര, പ്രാജ്ഞനായ ഭവാൻ ഇപ്പോൾ അരികേ കാണാവുന്നൊരു പൈത്തൊഴുത്തു പരത്തിയാൽ, ഞങ്ങളെ സുഖിപ്പിച്ചുകഴിഞ്ഞു! 25

അല്ലയോ ഇന്ദ്ര, ഒരു ബലംതന്നെയാണ്, ഭവാൻ; മനുഷ്യൎക്കു മഹാരാജാവാണ്, ഓജസ്സുകൊണ്ടു സൎവ്വാതീതനാണ്, അപാരനാണ്! 26

സോമങ്ങൾകൊണ്ടു വിസ്തീൎണ്ണജവനായ ആ നിന്തിരുവടിയെ ആളുകൾ ഹവിസ്സോരുക്കി രക്ഷയ്ക്കായി സ്തുതിയ്ക്കുന്നു! 27

പൎവ്വതപ്രാന്തത്തിലും നദീസംഗമത്തിലും കൎമ്മമനുഷ്ഠിച്ചാൽ, മേധാവി പ്രത്യക്ഷനാകും! 28

നന്നായി നുകരുന്നവൻ എവിടെ പെരുമാറുന്നുവോ, ആ ഉയരത്തിൽനിന്നറിഞ്ഞു സോമത്തെ മുഖം കനിച്ചു തൃക്കൺപാൎക്കും! 29

വിണ്ണിൻമുകളിൽ വിളങ്ങുന്നതോടേ ചിരന്തനനായ ഗന്താവിൻെറ തേജസ്സു പകൽമുഴുവൻ കാണപ്പെടുന്നു! 30

ഇന്ദ്ര, ബലവത്തര, അങ്ങയുടെ ബുദ്ധിയെയും പൌരുഷത്തെയും വീൎയ്യത്തെയും കണ്വരെല്ലാം വളൎത്തുകതന്നെചെയ്യുന്നു! 31

---

24. നാഹുഷരാജാവിനെ യുദ്ധത്തിൽ സഹായിപ്പാൻ, ഒരുകൂട്ടം ശീഘ്രാശ്വങ്ങളെ ഭവാൻ അയച്ചുകൊടുത്തുവല്ലോ; അത്തരം കുതിരകളെയും ഞങ്ങൾക്കു തന്നാലും.

25. പൈത്തൊഴുത്തു പരത്തിയാൽ—പൈക്കൾ നിറഞ്ഞ ഒരു വിശാലമായ തൊഴുത്തു തന്നാൽ.

26. സൎവ്വാതീതൻ=എല്ലാവരെക്കാളും മീതെയായവൻ.

27. സോമങ്ങൾകൊണ്ടു—സോമപാനങ്ങൾമൂലം. വിസ്തീൎണ്ണജവനായ—എങ്ങും വ്യാപിയ്ക്കുന്ന.

28. മേധാവി—ഇന്ദ്രൻ. അതിനാൽ നാമും ആ പ്രദേശങ്ങളിൽ യജിയ്ക്കുക.

29. നന്നായി നുകരുന്നവൻ—ഇന്ദ്രൻ. ആ ഉയരം—സ്വൎഗ്ഗലോകം. അറിഞ്ഞ്—യഷ്ടാക്കൾ സോമമൊരുക്കിയതറിഞ്ഞ്.

30. ഗന്താവിൻെറ—ഗമനശീലൻെറ, സൂൎയ്യാത്മനാ ചരിയ്ക്കുന്ന ഇന്ദ്രൻെറ,

Digitized By Kerala Sahitya Akademi

ഇന്ദ്ര, നിന്തിരുവടി എൻെറ ഈ നല്ല സ്തുതി കേൾക്കുക; എന്നെ പ്രകൎഷേണ സംരക്ഷിയ്ക്കുക; ബുദ്ധി തുലോം വൎദ്ധിപ്പിയ്ക്കുക! 32

തുലോം വളൎന്ന വജ്രപാണേ, മേധാവികളായ ഞങ്ങൾ ജീവനത്തിന്നുവേണ്ടി, അങ്ങയ്ക്കു സ്തോത്രങ്ങൾ നിൎമ്മിച്ചിരിയ്ക്കുന്നു. 33

കണ്വർ നേരേ സ്തുതിയ്ക്കുന്നു: ഈ സ്തുതി, കീഴ്പ്പോട്ടൊഴുകുന്ന വെള്ളംപോലെ ഇന്ദ്രങ്കലണയുന്നു! 34

അധൎഷിതക്രോധനും അജരനുമായ ഇന്ദ്രനെ ഉക്ഥങ്ങൾ, നദികൾ സമുദ്രത്തെയെന്നപോലെ വൎദ്ധിപ്പിയ്ക്കുന്നു! 35

ഇന്ദ്ര, അങ്ങ് അകലത്തുനിന്ന്, അഴകാററ ഹരികളിലൂടേ വന്നാലും: ഈ സോമനീർ നുകൎന്നാലും! 36

മികച്ച ശത്രുഹന്താവേ, അങ്ങയെത്തന്നെയാണല്ലോ, ദൎഭ മുറിച്ച ആളുകൾ ബലം കിട്ടാൻ വിളിച്ചുപോരുന്നത്! 37

വാനൂഴികൾ രണ്ടും അങ്ങയെ, തേർവട്ടു കുതിരയെയെന്നപോലെ അനുസരിയ്ക്കുന്നു; പിഴിഞ്ഞ സോമവും! 38

ഇന്ദ്ര, അവിടുന്നു ശൎയ്യണാവത്തിലെ യാഗത്തിൽ മത്തടിച്ചാലും; സേവകൻെറ സ്തുതികൊണ്ടും മത്തുകൊണ്ടാലും! 39

സോമം വളരെക്കുടിച്ചു വളൎന്നു, വജ്രംകൊണ്ടു വൃത്രനെ വധിച്ച വൃഷാവു വാനത്തു വലിയ ഗൎജ്ജനം കൂട്ടി! 40

ഇന്ദ്ര, ഋഷിയാണല്ലോ, മുമ്പേ ജനിച്ച ഭവാൻ: അവിടുന്ന് ഓജസ്സുകൊണ്ടു തനിയേ പെരുമാളായി; അങ്ങ് ധനം വീണ്ടും വീണ്ടും നല്കിപ്പോരുന്നു! 41

ഞങ്ങളുടെ സോമനീരും അന്നവും ഭുജിപ്പാൻ അങ്ങയെ നല്ല മുതുകുള്ള നൂറശ്വങ്ങൾ കൊണ്ടുവരട്ടെ! 42

---

32. ബുദ്ധി—എൻെറ.

33. വളൎന്ന—സ്തുതികൾകൊണ്ടു വൎദ്ധിച്ച.

37. ദൎഭ മുറിച്ച ആളുകൾ—ഋത്വിക്കുകൾ.

39. ശൎയ്യണാവത്ത്—കുരുക്ഷേത്രത്തിലെ ഒരു സരസ്സ്.

40. ഗൎജ്ജനം=ഇടിയൊച്ച.

41. മുമ്പേ—എല്ലാദ്ദേവന്മാരെക്കാളും. നല്കിപ്പോരുന്നു—സ്തോതാക്കൾക്ക്.

Digitized By Kerala Sahitya Akademi

പണ്ടേത്തവരുടെ ഈ മധുരോദകപ്രവൎദ്ധകമായ കൎമ്മത്തെ കണ്വർ ഉക്ഥംകൊണ്ടു കൈവളൎത്തുന്നു. 43

മികച്ച മഹാന്മാരിൽവെച്ച് ഇന്ദ്രനെത്തന്നെയാണ്, മനുഷ്യൻ യാഗത്തിൽ ഭജിയ്ക്കുന്നത്; ധനകാമനും രക്ഷയ്ക്ക് ഇന്ദ്രനെത്തന്നെ ഭജിയ്ക്കുന്നു! 44

പുരുസ്തുത, പ്രിയമേധരാൽ പുകഴ്ത്തപ്പെട്ട ഹരികൾ അങ്ങയെ സോമം കുടിപ്പാൻ ഇങ്ങോട്ടു കൊണ്ടുപോരട്ടെ! 45

ആളുകളുടെയിടയിൽ വെച്ചു, പരശുപുത്രനായ തിരിന്ദിരരാജാവിങ്കൽനിന്നു ഞാൻ നൂറുമായിരവും ധനം വാങ്ങിയിരിയ്ക്കുന്നു. 46

മുന്നൂറു കുതിരകളെയും, പതിനായിരം പൈക്കളെയും അവർ സാമജ്ഞനായ പജ്രന്നു നല്കി! 47

ഈ മഹാൻ നാലുഭാരം സ്വൎണ്ണമേന്തിയ ഒട്ടകങ്ങളെയും, യാദവജനങ്ങളെയും കൊടുത്തു, യശസ്സു സ്വൎഗ്ഗത്തിൽ പരത്തിയിരിയ്ക്കുന്നു! 48

---

## സൂക്തം 7.

കണ്വഗോത്രൻ പുനവ്വത്സൻ ഋഷി; ഗായത്രി ഛന്ദസ്സ്; മരുത്തുക്കൾ ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

ത്രിപ്രശസ്തമന്നം നിങ്ങൾ–
ക്കപ്പിച്ചല്ലോ, പുരുപ്രജ്ഞൻ;

---

43. പണ്ടേത്തവരുടെ—പിതാക്കന്മാരുടെ. മധുരോദകപ്രവൎദ്ധകം=മധുരമായ ജലത്തെ വൎദ്ധിപ്പിയ്ക്കുന്നത്, വൃഷ്ട്യുൽപാദകം.

44. മികച്ച മഹാന്മാർ—ദേവന്മാർ.

45. പ്രിയമേധർ—യജ്ഞപ്രിയർ, ഋഷിമാർ.

46. പരശു—തിരിന്ദിരന്റെ അച്ഛൻ.

47. എനിയ്ക്കുമാത്രമല്ല, തിരിന്ദിരൻ തന്നത്. അവർ—തിരിന്ദിരൻ; ബഹുമാനത്താൽ ബഹുവചനം. പജ്രൻ—കക്ഷീവാൻ.

48. യാദവജനങ്ങളെയും—ദാസത്വേന കൊടുത്തു—കക്ഷീവാന്ന് (?)

സൂക്തം 7.

1. ത്രിപ്രശസ്തം—മൂന്നു സവനങ്ങളിലും പ്രശസ്തമായ. അന്നം—സോമം.

Digitized By Kerala Sahitya Akademi

വിഭ്രാജിപ്പിൻ, ഗിരികളിൽ
നിർഭരം മരുത്തുക്കളേ! 1
കെല്പന്മാരാകിയ നിങ്ങ-
ളെപ്പോഴൊത്തുത്തേരൊരുക്കമോ,
അപ്പോളേററമുലഞ്ഞുപോം,
സുപ്രഭരേ, ഗിരികളും! 2
കാററുകളെക്കൊണ്ടി,രമ്പി-
ച്ചീററും പൃശ്നിതനൂജന്മാർ
മേല്പോട്ടു തള്ളീടും; ദേഹ-
വാച്ച്യുണ്ടാക്കമന്നം തുകം! 3
തേരിൽക്കാററുകളോടൊത്തു
കേറിക്കൊണ്ടാൽ മരുത്തുക്കൾ
ചാറും, മഴ; ശൈലങ്ങൾക്ക
പാരം വിറയുളവാക്കം! 4
നിങ്ങളുടെ ധാരകമാം
തുംഗബലത്തിനും തേർക്കും
കീഴടങ്ങിനില്ക്കും, സ്വയ-
മാഴികളുമദ്രികളും! 5
നിങ്ങളെ വിളിയ്ക്കും, രാവിൽ;
നിങ്ങളെ വിളിയ്ക്കും, പകൽ;
നിങ്ങളെ വിളിയ്ക്കും, രക്ഷ-
യ്ക്കുങ്ങൾ യാഗം നടക്കവേ! 6

---

പൃഥുപ്രജ്ഞൻ—സ്തോതാവ്. അതു നകന്ന നിങ്ങൾ ഗിരികളിൽ നിർഭരം(ഏററവും) വിഭ്രാജിപ്പിൻ—വിളങ്ങുവിൻ.

3. കാററുകൾ—തങ്ങളുടെ അവയവങ്ങളായ വായുക്കൾ. പൃശ്നിതനൂജന്മാർ—മരുത്തുക്കൾ. തള്ളീടും—മേഘത്തെയും മററും. ദേഹവാച്ച്=ശരീരപുഷ്ടി. തുകം—സ്തോതാക്കൾക്ക്.

5. പ്രത്യക്ഷോക്തി: ധാരകമാം—വിശ്വത്തെ താങ്ങുന്ന. നില്ക്കും—നിന്നനില്പിൽ നില്ക്കും, അതിർ കവിയ്ക്കില്ല.

6. പകൽ—പകൽനേരത്ത്. ഇരവുപകൽ നിങ്ങൾതന്നേ ഞങ്ങൾക്ക യജ്ഞരക്ഷകന്മാർ.

Digitized By Kerala Sahitya Akademi

വണ്ണനീയരപ്പാടല–
വണ്ണർ ചീറിക്കൊണ്ടു തേരിൽ
തിണ്ണം ചുററിനടക്കമേ,
വിണ്ണിൻമുകൾത്തട്ടിലൂടേ! 7

സൂരനു നടപ്പാൻ പര–
പ്പേറും മാർഗ്ഗമോജസ്സിനാൽ
നിർമ്മിപ്പോരാമവരെങ്ങും
തന്മഹസ്സു പരത്തുന്നു! 8

ഈയെൻസ്തവം മഹാന്മാരേ,
ഇസ്തോമം മരുത്തുക്കളേ,
നേർക്കെന്നുടെ വിളിയിതും
കേൾക്കകവേണമേ, നിങ്ങൾ! 9

ഇന്ദ്രനായി മുപ്പൊയ്ക്കക–
ളിന്ദുനീരാൽ നിറയ്ക്കുവാൻ
കാറിൽനിന്നു കറക്കുന്നു,
ചോരും വെള്ളം പൃശ്നിസുതർ. 10

ഹേ മരുത്തുക്കളേ, സുഖ–
കാമരെങ്ങൾ ഭവാന്മാരെ
വിണ്ണിൽനിന്നു വിളിക്കുന്നു;
തിണ്ണമിങ്ങു വന്നെത്തുവിൻ! 11

സദ്ദാനരേ, മഹാന്മാരേ,
രുദ്രജരേ, ശാലയിങ്കൽ
സോമമുണ്ടിട്ടല്ലോ, ജ്ഞാന–
ഭ്രമാവുൾക്കൊള്ളുന്നു, നിങ്ങൾ! 12

---

7. പരോക്ഷകഥനം: പാടലവണ്ണർ=ചെമന്നവർ.

8. നിർമ്മിപ്പോർ—നിർബാധമാക്കുന്നവർ. തന്മഹസ്സ്=സ്വതേജസ്സ്.

9. സ്തോമം=സ്തോത്രം.

10. ഇന്ദു=സോമം. മുപ്പൊയ്ക്കകൾ—ദ്രോണകലശം, ആധവനീയം, പൂതഭൃത്ത് എന്നീ മൂന്നു പാത്രങ്ങൾ.

12. സദ്ദാനർ=ശോഭനദാനന്മാർ. രുദ്രജർ=രുദ്രപുത്രന്മാർ. ശാല—യജ്ഞഗൃഹം. ജ്ഞാനഭ്രമാവ്=ജ്ഞാനാധിക്യം, ഉൽക്കൃഷ്ടജ്ഞാനം.

Digitized By Kerala Sahitya Akademi

വിണ്ണിൽനിന്നെത്തിപ്പിൻ, മദ-
ഖണ്ഡന,മനേകാവാസം,
എല്ലാരെയും പോററും ധന-
മെങ്ങൾക്കു മരുത്തുക്കളേ! 13
പർവ്വതങ്ങളുടെമീതേ
പള്ളിത്തേർകളൊരുക്കവേ
സോമനീരാൽ മദം കൊൾവൂ,
ശ്രീമാന്മാരാകിയ നിങ്ങൾ! 14
ഇത്രയും പോന്നവരാകു-
മരുദ്ധർഷന്മാരോടത്രേ
അർത്ഥിയ്ക്കേണ്ടൂ, സുഖം മർത്ത്യൻ
സ്തുത്യുച്ചാരത്തൊടുംകൂടി. 15
വാരിശീകരങ്ങൾപോലേ
വാനിനെയും മന്നിനെയും
വീർപ്പിയ്ക്കുന്നു, കാറിൽനിന്നു
വായ്പുററ നീർ കാന്നിവർ! 16
ആരവംകൊണ്ടുയരുന്നു;
തേരുകൊണ്ടും കാററുകൊണ്ടും
സ്തോമംകൊണ്ടുമുയരുന്നു,
ഗോമാതാവിൻ പുത്രരിവർ! 17

---

13. മദഖണ്ഡനം—ശത്രുക്കളുടെ ഗർവ്വടക്കുന്നത്. അനേകാവാസം—വളരെ പാർപ്പിടങ്ങളോടുകൂടിയത്: എല്ലാവരേയും പോററും—ഞങ്ങളുടെ ആളുകൾക്കെല്ലാം കഴിച്ചിലിന്നു മതിയാവുന്ന. ഇങ്ങനെയുള്ള ധനം നിങ്ങൾ എങ്ങൾക്കു വിണ്ണിൽനിന്ന് എത്തിപ്പിൻ—കൊണ്ടുവരുവിൻ.

14. ശ്രീമാന്മാർ—ശോഭയേറിയവർ.

15. പരോക്ഷകഥനം: സ്തുത്യുച്ചാരത്തൊടുംകൂടി—സ്തോത്രം ചൊല്ലിക്കൊണ്ട്.

16. വാരിശീകരങ്ങൾ=നീർത്തുള്ളികൾ. ഇവർ (മരുത്തുക്കൾ) വാനിലും മന്നിലും വർഷജലം നിറയ്ക്കുന്നു: വായ്പുററ—അക്ഷീണമായ.

17. സ്തോമം—നമ്മുടെ സ്തോത്രം. ഈ പൃശ്നിപുത്രന്മാൎക്കു വലിയ ശബ്ദമുണ്ട്, വലിയ തേരുണ്ട്, വലിയ കാററുണ്ട്; ഇവർ നമ്മുടെ സ്തോത്രത്താലും മഹത്ത്വപ്പെടുന്നു.

Digitized By Kerala Sahitya Akademi

തുർവ്വശനെ, യദുവിനെ,
ദ്രവ്യേച്ഛുവാം കണ്വനെയും
നിങ്ങൾ പാലിച്ചതു ഭൂതി-
യ്ക്കെങ്ങൾ നന്നായ് ധ്യാനിയ്ക്കാവൂ! 18

നെയ്യുപോലേ പുഷ്ടിദമാ-
മിയ്യന്നവും സുദാനരേ,
കണ്വജന്റെ നുതികളും
കൈവളക്ക്, ഭവാന്മാരെ! 19

എങ്ങു, ദർഭ കൊയ്യിയ്ക്കുന്ന
നിങ്ങളിപ്പോൾ മത്താടുന്നു?
ആർ നിങ്ങളെ സ്തുതികളാ-
ലാരാധിപ്പൂ, സുദാനരേ? 20

അന്യർക്കധീനമായ്പ്പോകാ:
മുന്നേ ദർഭ കൊയ്തു നിങ്ങൾ
വാഴ്ത്തി പ്രീണിപ്പതുണ്ടല്ലോ,
മേധ്യമാം മരുദ്ബലത്തെ! 21

മെത്തിയ ജലത്തെ,ദ്യാവാ-
പൃഥ്വികളെ,പ്പകലോനെ
നിർത്തിപ്പോരുവോരാമവ-
രസ്ത്രമെയ്താരേപ്പുതോറും: 22

---

18. പ്രത്യക്ഷകഥനം: ദ്രവ്യേച്ഛു=ധനകാംക്ഷി. ഭൂതിയ്ക്ക്—സമ്പല്ലാഭത്തിന്ന്.

19. ഇയ്യന്നം—സോമം. കണ്വജന്റെ—എന്റെ. കൈവളക്ക്=വളർത്തുമാറാകട്ടെ.

20. മരുത്തുക്കൾ വരാഞ്ഞതിനാൽ ഋഷി സന്ദേഹിയ്ക്കുന്നു: ദർഭ കൊയ്യിയ്ക്കുന്ന—ആളുകളെ യജ്ഞോദ്യുക്തരാക്കുന്ന. നിങ്ങൾ എവിടെയാണ്, ആരുടെ സ്തുതികൾ കൈക്കൊള്ളുന്നു? ഇങ്ങോട്ടു വരാത്തതെന്താണ്?

21. ഋത്വിക്കുകളോട്: നിങ്ങൾ മുമ്പുതന്നേ സ്തുതിയ്ക്കുന്നതിനാൽ, മേധ്യമായ (യാഗാർഹമായ) മരുദ്ബലം (മരുദ്ഗണം) അന്യർക്കധീനമാകില്ല—അന്യസ്തുതികളിൽ തങ്ങിനില്ക്കില്ല; ഇങ്ങോട്ടുതന്നെ വരും.

22. മെത്തിയ ജലത്തെ—സൂര്യരശ്മികളാൽ മുകളിലെയ്ക്കു വലിയ്ക്കപ്പെട്ടു തഴച്ച ജലത്തെയും, ദ്യാവാപൃഥിവികളെയും, പകലോനെയും. അസ്ത്രം=ആയുധം. ഏപ്പുതോറും—വൃത്രന്റെ ഓരോ അംഗസന്ധിയിലും.



Digitized By Kerala Sahitya Akademi

നിത്തുറതെയ്യാ,രേപ്പുതോറും
വൃത്രനെ,ശ്ശൈലങ്ങളെയും;
തൻബലവീര്യങ്ങൾ കാട്ടി-
ത്തമ്പുരാനില്ലാത്തോരവർ! 23

യുദ്ധംവെട്ടും ത്രിതനുടെ
ശക്തിയെയും മഖത്തെയും
ഒത്തുനിന്നു കാത്താര,വർ
വൃത്രപ്പോരിലിന്ദ്രനെയും! 24

മിന്നലുകൾ കൈക്കൊണ്ടൊ,ളി
ചിന്നി വിളങ്ങിടുമവർ
മിന്നിയ്ക്കുന്നു, ശിരസ്സിങ്കൽ-
പ്പൊന്നിൻതൊപ്പിയഴകിന്നായ്! 25

കാമിപ്പവർ നിങ്ങൾ ദൂരാൽ-
ത്തേർമദ്ധ്യത്തിൽക്കേറിയാറേ,
പേടിമൂലമുമ്പരുടെ
നാടും നിലവിളിച്ചുപോയ്! 26

ദേവന്മാരേ, കാല്കളിൽപ്പൊൻ
താവുമശ്വങ്ങളിലൂടേ
ആഗമിപ്പി,നെങ്ങളുടെ
യാഗം നിറവേററാൻ നിങ്ങൾ! 27

പെൺപുള്ളിമാൻചാത്തൊത്താശ്രു
ചെമ്പന്മാൻ വലിയ്ക്കും തേരിൽ

---

23. തമ്പുരാനില്ലാത്തോർ—ആരുടെയും കീഴിലല്ലാത്ത സ്വതന്ത്രന്മാർ.

24. ശത്രുക്കളോടു പൊരുതുന്ന ത്രിതനെന്ന രാജർഷിയുടെ ബലത്തെയും യജ്ഞത്തെയും അവർ രക്ഷിച്ചു; വൃത്രനോടുള്ള യുദ്ധത്തിൽ ഇന്ദ്രനെയും രക്ഷിച്ചു, സഹായിച്ചു.

25. മിന്നലുകൾ—ഉജ്ജ്വലായുധങ്ങൾ. പൊന്നിൻതൊപ്പി മിന്നിയ്ക്കുന്നു—അണിയുന്നു.

26. പ്രത്യക്ഷോക്തി: കാമിപ്പവർ—സ്തോതൃകാമന്മാർ. ഉമ്പരുടെ നാടും—സ്വർഗ്ഗംപോലും (സ്വർഗ്ഗികൾപോലും); പിന്നെ, ഭൂവാസികളുടെ കഥയെന്ത്!

27. പൊൻതാവും—സ്വർണ്ണാഭരണമിട്ട.

Digitized By Kerala Sahitya Akademi

ശുംഭദ്രൂപരവർ ഗമി–
ക്കുമ്പോഴ് മഴ പെയ്യും, നീളെ! 28

മുഖ്യരവരൃജീകാഖ്യ–
ദിക്കിലെശ്ശര്യ്യണാവത്തിൽ
അഗ്ര്യസോമം ചേൎന്ന ഗൃഹ–
ത്തെയ്ക്കിറങ്ങിച്ചെല്ലുമല്ലോ! 29

എന്നുവാൻ മരുത്തുക്കളേ,
വന്നുചേരും, ധനവുമായ്,
നിന്നേവം സ്തുതിച്ചു വിളി–
ക്കുന്ന മേധാവാങ്കൽ നിങ്ങൾ? 30

ഇന്ദ്രനെ ത്യജിച്ചു, നിങ്ങ–
ളെന്നതെന്നുണ്ടായി, നേരിൽ?
ആർ നിങ്ങൾതൻ സഖ്യം നേടും,
ഹേ നവനപ്രീതന്മാരേ? 31

പൊന്നുളി–വജ്രങ്ങൾ കയ്യിൽ
മിന്നും മരുത്തുക്കളെയും
അഗ്നിയെയും സ്തുതിയ്ക്കുവി,–
നസ്മൽകണ്വന്മാരേ, നിങ്ങൾ. 32

ചിത്രമായ സമ്പത്തുള്ളാ
ക്രതുഹൎത്താരാം വൃഷാക്കളെ

---

28. പരോക്ഷോക്തി: ചെമ്പന്മാൻ—ചെമന്ന മാൻ. ശുംഭദ്രൂപർ=ശോഭമാനാകാരന്മാർ.

29. മുഖ്യർ—നേതാക്കൾ. ഋജീകം—ഒരു പ്രദേശം. ശര്യ്യണാവത്തിൻ തീരത്തു യാഗം തുടങ്ങിയാൽ, മരുത്തുക്കൾ മികച്ച സോമം കുടിപ്പാൻ യാഗശാലയിലെയ്ക്ക്, ആകാശത്തുനിന്നിറങ്ങിച്ചെല്ലും.

30. മേധാവാങ്കൽ—മേധയുള്ളവങ്കൽ, എങ്കൽ.

31. നേരിൽ, വാസ്തവത്തിൽ, നിങ്ങൾ ഇന്ദ്രനെ ത്യജിച്ചു എന്നത് എന്നുണ്ടായി? ഒരിയ്ക്കലും ഉണ്ടായിട്ടില്ല; നിങ്ങൾ സദാ ഇന്ദ്രന്റെ സഖാക്കൾതന്നെ. നിങ്ങളുടെ സഖ്യം എളുപ്പത്തിൽ നേടാവുന്നതല്ല. നവനപ്രീതന്മാരേ=സ്തുതികൊണ്ടു പ്രസാദിയ്ക്കുന്നവരേ.

32. അസ്മൽകണ്വന്മാർ—ഞങ്ങളുടെ കണ്വഗോത്രന്മാർ.

Digitized By Kerala Sahitya Akademi

ഇങ്ങോട്ടു തിരിപ്പിയ്ക്കുവൻ,
മംഗളധനത്തിന്നായ് ഞാൻ! 33

ആയവർതൻ സ്പർശനത്തി-
ലാകുലരായ്ക്കുന്നുകളും
സ്വസ്ഥാനത്തുനിന്നിളകും;-
മദ്രികളുമടങ്ങുമേ! 34

നേത്രത്തെക്കാൾ വേഗത്തോടേ
യാത്രചെയ്യും പറവകൾ
വാനിൽനിന്നു കൊണ്ടുവരും,
വാഴ്ത്തുന്നവന്നന്നം നല്കാൻ! 35

അഗ്ര്യനല്ലോ, തേജസ്സിനാ-
ലഗ്നി, സേവ്യൻ രവി പോലേ;
പില്പാടവർ നിലക്കൊൾവൂ,
സുപ്രഭരായ്പ്പലമട്ടിൽ! 36

---

### സൂക്തം 8.

കണ്വഗോത്രൻ സധ്വംസൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.
('താമരക്കണ്ണൻ' പോലെ.)

വിശ്വരക്ഷയുമായ് വന്നെത്തുവി-
നശ്വികൾ നിങ്ങളെങ്ങളിൽ:

---

33. ക്രത്വഹർ—യജ്ഞാർഹന്മാർ. വൃഷാക്കളെ—വർഷകരായ മരുത്തുക്കളെ. മംഗളധനം—പ്രശസ്തധനം. ഞാൻ—പുനർവത്സൻ.

34. അദ്രികൾ—വലിയ മലകൾ. അടങ്ങും—മരുത്തുക്കളുടെ ഗതിവേഗത്തിന്നധീനങ്ങളായിത്തീരും.

35. നേത്രത്തെക്കാൾ—കണ്ണുകൾ അതിവേഗത്തിൽ ദൂരത്തെത്തുമല്ലോ. പറവകൾ—പക്ഷിസദൃശങ്ങളായ അശ്വങ്ങൾ. കൊണ്ടുവരും—മരുത്തുക്കളെ.

36. അഗ്ര്യൻ—ദേവകളിൽവെച്ചു മുമ്പൻ. പില്പാട്—അഗ്നിയ്ക്കുശേഷം. അവർ—മരുത്തുക്കൾ. യാഗത്തിൽ അഗ്നിയെ സ്തുതിച്ചുകഴിഞ്ഞാൽപിന്നെ മരുത്തുക്കളെയത്രേ, സ്തുതിയ്ക്കുക.

Digitized By Kerala Sahitya Akademi

ഹേമത്തേരിങ്കലേറും ദസ്രരേ,
സോമത്തേൻ നുകൎന്നീടുവിൻ! 1

തീൿഷ്ണയാൎഷ്വരിക,ശ്വികളേ, സൂ-
ൎയ്യാൎച്ചിസ്സാം തേരിലാ നിങ്ങഠം
ഉണ്ടോരേ, പൊന്നിൻകോപ്പണിഞ്ഞോരേ,
സമ്യൿജ്ഞാനരേ, സ്തുത്യരേ! 2

വാനിങ്കൽനിന്നോ മന്നിങ്കൽനിന്നോ
വന്നാലും, നിങ്ങഠം വാഴ്ത്തലാൽ:
ഉണ്ണുവിൻ, സോമത്തേനശ്വികളേ,
കണ്വഗോത്രൎതൻ യജ്ഞത്തിൽ! 3

വിൺനാട്ടിൽനിന്നോ വാനിങ്കൽനിന്നോ
വന്നാലും നിങ്ങഠം നുതിപ്രിയർ:
ഇങ്ങു പിഴിയുന്നുണ്ടു, കണ്വജൻ
നിങ്ങഠംക്കായ് നറുംസോമനീർ. 4

ആഗമിയ്ക്കുവിൻ, സ്വാഹാ, ഞങ്ങഠംതൻ
യാഗത്തിൽസ്സോമമുണ്ണുവാൻ,
സ്തോതൃകൎമ്മവദ്ധകർ, വിജ്ഞർ,
നേതാക്കഠം നിങ്ങഠം ദസ്രരേ! 5

മുമ്പൊക്കെയൃഷിമാരവനാൎത്ഥം
മുമ്പരേ, വിളിച്ചാലപ്പോഠം

---

സൂക്തം 8.

1. വിശ്വരക്ഷയുമായ്—എല്ലാ രക്ഷകളോടുംകൂടി. ഹേമത്തേർ=സ്വൎണ്ണരഥം. സോമത്തേൻ—മധുരമായ സോമം.

2. സൂൎയ്യാൎച്ചിസ്സ്=സൂൎയ്യനൊത്ത തേജസ്സുള്ളത്. ഉണ്ടോരേ—ഹവിസ്സശിയ്ക്കുന്നവരേ.

3. വാഴ്ത്തലാൽ—ഞങ്ങളുടെ സ്തുതിയാൽ.

4. വാന്—അന്തരിക്ഷം. നുതിപ്രിയർ=സ്തുതിപ്രിയർ.

5. ആഗമിയ്ക്കുവിൻ=വരുവിൻ. സ്തോതൃകൎമ്മവദ്ധകർ=സ്തോതാക്കളെയും, കൎമ്മവാന്മാരെയും (യഷ്ടാക്കളെയും) വളൎത്തുന്നവർ.

Digitized By Kerala Sahitya Akademi

വന്നിരുന്നല്ലോ, നിങ്ങൾ ദസ്രരേ;
വന്നാലും, മൽസ്തോത്രത്തിലും! 6
സ്വർവ്യോമങ്ങളിൽനിന്നാഗമിപ്പി,-
നിവ്വിളിനുതി കേട്ടടൻ,
വിൺകിട്ടിപ്പവർ കാമ്യവിജ്ഞാനർ
നിങ്ങളെങ്ങളിൽധീയോട്ടും! 7
ഞങ്ങളല്ലാതെയാരശ്വികളിൽ-
സ്സംഗതരാകും, സ്തോത്രത്താൽ?
വർണ്ണിച്ചു വാഴ്ത്തിച്ചല്ലോ, നിങ്ങളെ-
ക്കണ്വന്റെ പുത്രൻ വത്സർഷി. 8
ഇങ്ങു രക്ഷയ്ക്കായ്ധീമാൻ വിളിച്ചു,
നിങ്ങളെ സ്തുത്യാ ദസ്രരേ:
വൃത്രഘ്നതമർ നിഷ്പാപർ നിങ്ങ-
ളെത്തിപ്പിൻ, സുഖമെങ്ങളിൽ! 9
കേറിയിരുന്നാളല്ലോ, നിങ്ങൾതൻ
തേരിൽപ്പെൺതയ്യാൾ ദസ്രരേ;
എത്തിച്ചുതരികീ,പ്സിതമെല്ലാം
ക്രത്വംശധനരാ നിങ്ങൾ! 10
അങ്ങുനിന്നാശ്വിമാരേ, വന്നാലും,
ഭംഗിയേറിയ ത്തേരിൽ:

---

6. അവനാർത്ഥം=രക്ഷയ്ക്കായി. മുമ്പർ—നേതാക്കൾ. മൽസ്തോത്രം=എന്റെ സ്തുതി.

7. സ്വർവ്യോമങ്ങളിൽനിന്ന്=സ്വർഗ്ഗത്തിൽനിന്നും അന്തരിക്ഷത്തിൽനിന്നും. ഇവ്വിളിനുതി—ഈ വിളിയും സ്തുതിയും. ധീയോട്ടും ഞങ്ങൾക്ക തരാൻ ബുദ്ധിയുമെടുത്ത്.

8. ഞങ്ങൾ—കണ്വഗോത്രക്കാരല്ലാതെ, അന്യർ അശ്വികളെ സ്തുതിപ്പാൻ ശക്തരാകില്ല. വർണ്ണിച്ചു വാഴ്ത്തിച്ചല്ലോ=സ്തുതിച്ചു വളർത്തിയല്ലോ.

9. ധീമാൻ—സ്തോതാവ്. വൃത്രഘ്നതമർ=ഏററവും ശത്രുഹന്താക്കൾ.

10. പെൺതയ്യാൾ—സൂര്യ. ക്രത്വംശധനർ=യാഗഭാഗമാകുന്ന ധനത്തോടുകൂടിയവർ.

11. അങ്ങുനിന്ന്—നിങ്ങൾ എവിടെ വസിക്കുന്നുവോ, അവിടെനി

Digitized By Kerala Sahitya Akademi

നിങ്ങഠംക്കായ്ച്ചൊന്നാൻ, തേന്മൊഴി വത്സൻ,
തുംഗധി, കവിനന്ദനൻ! 11

സ്വത്തേറിയവർ, മത്തേറിയവർ,
വിത്തങ്ങഠം കൊടുക്കുന്നവർ,
ധത്താക്കളാകുമശ്വികളെൻറ-
യിസ്തുതി വന്നു കേഠംക്കട്ടേ! 12

ഏകുവിൻ, നാണിക്കേണ്ടാത്ത സമ്പ-
ത്താകെ ഞങ്ങഠംക്കശ്വികളേ;
ഋത്വഹ്ക്രിയരാക്കുവിൻ; നിന്ദാ-
കൃത്തിൻ കീഴാക്കൊല്ലെങ്ങളെ! 13

ദൂരത്തായേയ്ക്കാം, നാസത്യർ നിങ്ങഠം;
ചാരത്തുതന്നെയായേയ്ക്കാം;
അങ്ങുനിന്നാശ്വിമാരേ, വന്നാലും,
ഭംഗിയേറിയ ത്വത്തേരിൽ! 14

വത്സനീയൃഷി നിങ്ങളെ സ്തുത്യാ
വദ്ധിപ്പിച്ചല്ലോ, ദസ്രരേ;
ഏകുവിൻ, നിങ്ങളായാഠംക്കു തുണൈ
തൂകുന്ന നാനാത്രപാന്നം! 15

സൌഖ്യവും സ്വത്തുമോത്തശ്വികളേ,
നേർക്കെവൻ വാഴ്ത്തി, നിങ്ങളെ,
ആയാഠംക്കു നിങ്ങഠം ദാനാധീശരേ,
നെയ്യോലുമന്നം നല്കുവിൻ! 16

---

ന്നു. തേൻമൊഴി—മധുരസ്തോത്രം. തുംഗധീ=ഉയന്ന ബുദ്ധിയുള്ളവൻ. കവിനന്ദനൻ—കവി എന്ന ഋഷിയുടെ പുത്രൻ.

12. മത്തു്—സോമലഹരി. ധത്താക്കഠം—ഉലകെല്ലാം താങ്ങുന്നവർ.

13. നാണിക്കേണ്ടാത്ത—അന്യായാജ്ജിതം ലജ്ജാകരമാണല്ലോ. ഋത്വഹ്ക്രിയർ—ഋതുകാലത്തു വേണ്ടുന്ന ക്രിയയോടു, പ്രജോൽപാദനത്തോടു, കൂടിയവർ. നിന്ദാകൃത്തു്—നിന്ദകൻ.

15. സ്തുത്യാ=സ്തുതികൊണ്ടു്.

16. ഓത്തു്—ഇച്ഛിച്ചു്.

Digitized By Kerala Sahitya Akademi

ധ്വസ്തഹിംസ്രർ വൻഭോക്താക്കൾ നിങ്ങ–
ളെത്തുകീ,യസ്മൽസ്തോത്രത്തിൽ:
പുഷ്ടാർത്ഥരാക്കെങ്ങളെ;–യിവ
കിട്ടിപ്പിൻ, നിങ്ങൾ മുമ്പരേ! 17

യാഗത്തിൻ പുരാന്മാരാം, രക്ഷക–
ളാകവേ ചേർന്ന നിങ്ങളെ
മേധത്തിൽ വിളിച്ചാരല്ലോ, പ്രിയ–
മേധന്മാരശ്വിദേവരേ! 18

വർദ്ധിപ്പിച്ചല്ലോ, സ്തുത്യർ നിങ്ങളെ
വത്സൻ കർമ്മത്താൽ സ്തോത്രത്താൽ:
വന്നാലു,മെങ്ങൾക്കാരോഗ്യസൌഖ്യം
തന്നീടാൻ നിങ്ങൾ ദസ്രരേ! 19

കണ്വനും, ശയുവിന്നു,മാ വശ–
നെന്ന ദശവ്രജനുമേ
മേധാതിഥിക്കുംപോലെ, ഞങ്ങൾക്ക–
മേകുവിൻ, രക്ഷ മുമ്പരേ! 20

സ്വശ്വത്തോക്കം ത്രസദസ്യുവെ ത്രാണ–
യുക്തനാക്കിയപോലവേ
പാലിപ്പിന,ന്നത്തിന്നെങ്ങളെയും
മേലാളർ നിങ്ങൾ ദസ്രരേ! 21

നിങ്ങളെ വളർത്തട്ടേ, മന്ത്രവും
മംഗളോക്തിയും ദസ്രരേ:
ഭൂരികാമ്യരാകെ,ങ്ങൾക്ക നിങ്ങൾ,
ഭൂരിപാലകർ, വൈരിഘ്നർ! 22

---

17. ധ്വസ്തഹിംസ്രർ—ഹിംസകരെ നശിപ്പിയ്ക്കുന്നവർ. വൻഭോക്താക്കൾ—ഹവിസ്സു വളരെ ഭുജിയ്ക്കുന്നവർ. പുഷ്ടാർത്ഥർ—അർത്ഥം (ധനം) വർദ്ധിച്ചവർ. ഇവ—ഈ സൌമധനങ്ങൾ. മുമ്പരേ—നേതാക്കളേ.

18. മേധം=യാഗം. പ്രിയമേധന്മാർ—പ്രിയമേധരെന്ന ഋഷിമാർ.

19. സ്തുത്യർ നിങ്ങളെ—സ്തുത്യരായ നിങ്ങളെ.

20. ദശവ്രജൻ—ദശവ്രജദേശക്കാരൻ (?).

21. സ്വശ്വത്തോക്കം—ധനകാംക്ഷിയായ: ത്രാണയുക്തനാക്കിയപോലവേ—രക്ഷിച്ചതുപോലെ. അന്നത്തിന്ന്—അന്നലബ്ധിയ്ക്ക്.

22. മംഗളോക്തി—നല്ല സ്തോത്രം. ഭൂരികാമ്യരാക—ഏററവും സ്പൃഹണീയരാകുവിൻ. ഭൂരിപാലകർ—ബഹുജനരക്ഷകർ.

Digitized By Kerala Sahitya Akademi

പാടേ കാണായി, തശ്വികളുടെ
ഗൂഢമായ് നിന്ന മൂവൃതം:
അത്തോയദത്താൽ, ദ്രഷ്ടാക്കൾ നിങ്ങ-
ളെത്തുവിനി,ങ്ങിജ്ജീവരിൽ! 23

---

സൂക്തം 9.

ശശകർണ്ണൻ ഋഷി; ബൃഹതിയും ഗായത്രിയും കകുപ്പും ത്രിഷ്ടുപ്പും വിരാട്ടും
ജഗതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

അശ്വികളേ, നിങ്ങൾ തീർച്ചയായും വത്സനെ രക്ഷിപ്പാൻ വ
ന്നെത്തുവിൻ; ഇയ്യാൾക്ക നിർബ്ബാധമായ വലിയ ഗൃഹം നല്കുവിൻ;
ശത്രുക്കളെപ്പോക്കുവിൻ! 1
അന്തരിക്ഷത്തിലും സ്വർഗ്ഗത്തിലും പഞ്ചജനങ്ങളിലും യാതൊ
ന്നു യാതൊന്നുണ്ടോ, അശ്വികളേ, ആ ധനം തന്നരുളുവിൻ! 2
അശ്വികളേ, മേധാവികൾ നിങ്ങളെ പരിചരിച്ചുപോരുന്നു
ണ്ടല്ലോ; അതുപോലെ ഗണിയ്ക്കുവിൻ, കണ്വപുത്രന്റെ കർമ്മവും! 3
അശ്വികളേ, ഇതാ, നിങ്ങൾക്കായി കലത്തിൽ ഒന്നാംതരം
പാൽ പകരുന്നു. അന്നധനന്മാരേ, ഇതാ, മധുരമായ സോമവും:
ഇതുകൊണ്ടാണല്ലോ, നിങ്ങൾ വൃത്രനെ അറിഞ്ഞത്! 4
ബഹുകർമ്മാക്കളായ അശ്വികളേ, വെള്ളത്തിലും വൃക്ഷങ്ങളിലും
സസ്യങ്ങളിലും നിങ്ങൾ എന്തെന്തു നിർമ്മിച്ചിരിയ്ക്കുന്നുവോ, അവകൊ
ണ്ട് എന്നെ രക്ഷിയ്ക്കുവിൻ! 5

---

23. മൂവൃതം—തേരിന്റെ മൂന്നു ചക്രം. അശ്വിരഥം ത്രിചക്രോപേത മാണെന്നു, നാലാംമണ്ഡലത്തിലും മററും പറഞ്ഞിട്ടുണ്ട്. അത്തോയദത്താൽ—ആ ജലപ്രദമായ തേരിലൂടേ. ദ്രഷ്ടാക്കൾ—ക്രാന്തദർശികൾ. ഇജ്ജീവരിൽ—ഞങ്ങളുടെ അടുക്കൽ.

സൂക്തം 9.

1. വത്സൻ—സ്തോതാവ്, ഞാൻ.
3. കണ്വപുത്രന്റെ—എന്റെ.
4. കലം—മഹാവീരമെന്ന പാത്രം. അറിഞ്ഞത്—ഹനിച്ചതാണെന്ന്.
5. എന്തെന്ത്—മരുന്ന്.



Digitized By Kerala Sahitya Akademi

നാസത്യന്മാരേ, നിങ്ങൾ പുലത്തിപ്പോരുന്നു; ദേവന്മാരേ, നിങ്ങൾ രോഗം ശമിപ്പിയ്ക്കുന്നു. ആ നിങ്ങളെ ഈ വത്സൻ സ്തുതികൾ കൊണ്ടു കണ്ടെത്തില്ല: ഹവിഷ്മാങ്കൽ ചെല്ലുന്നവരാണല്ലോ, നിങ്ങൾ! 6

തീർച്ചയായും, ഋഷി അശ്വികൾക്ക് ക്ഷേമമായി ചിന്തിച്ചു, സ്തോത്രം ചമയ്ക്കും; മാധുര്യമേറിയ സോമവും കാച്ചുപാലും അഗ്നിയിൽ ഹുതമാക്കുകയും ചെയ്യും! 7

അശ്വികളേ, നിങ്ങൾ തീർച്ചയായും ഗതിവേഗമിയന്ന തേരിൽ കേറുവിൻ: ഇതാ, എന്റെ സ്തോത്രങ്ങൾ സൂര്യനൊത്ത നിങ്ങളെ സമീപിയ്ക്കുന്നു! 8

നാസത്യരേ, ഞങ്ങളിപ്പോൾ നിങ്ങളെ ഉക്ഥങ്ങൾകൊണ്ടും മററു സ്തുതികൾകൊണ്ടും വരുത്തുകയാണ്; അശ്വികളേ, കണ്വപുത്രന്റെ ഈ കർമ്മം നിങ്ങളറിയണം! 9

അശ്വികളേ, നിങ്ങളെ എപ്രകാരം കക്ഷീവാൻ, എപ്രകാരം വ്യശ്വൻ, എപ്രകാരം ദീർഘതമസ്സെന്ന ഋഷി, എപ്രകാരം യാഗശാലയിൽ വേനപുത്രൻ പൃഥി വിളിച്ചുവോ; അപ്രകാരംതന്നെ ഇതും നിങ്ങൾ അറിയണം! 10

നിങ്ങൾ ഞങ്ങളുടെ ഗൃഹം രക്ഷിപ്പാൻ വന്നുചേരുവിൻ; ഞങ്ങളുടെ ജംഗമങ്ങളെയും ദേഹങ്ങളെയും രക്ഷിപ്പിൻ; പുത്രന്റെയും പൌത്രന്റെയും ഗൃഹത്തിൽ വരുവിൻ! 11

അശ്വികളേ, നിങ്ങൾ ഇന്ദ്രനോടൊരുമിച്ച് ഒരേ തേരിൽ സഞ്ചരിയ്ക്കുകയായിരിയ്ക്കാം; വായുവോടൊന്നിച്ച് ഒരേസ്ഥലത്തു വസിയ്ക്കുകയായിരിയ്ക്കാം; ആദിത്യരോടും ഋഭുക്കളോടുംകൂടി രസിയ്ക്കുകയായിരിയ്ക്കാം; വിഷ്ണുവിനാൽ അളക്കപ്പെട്ടേടങ്ങളിലിരിയ്ക്കുകയായിരിയ്ക്കാം! 12

---

6. പുലത്തിപ്പോരുന്നു—ജഗത്തിനെ. സ്തുതി മാത്രം പോരാ, ഹവിസ്സും വേണം, നിങ്ങളെ കണ്ടെത്താൻ.

7. കാച്ചുപാൽ—മഹാവീരത്തിലെ പാൽ. ഹുതമാക്കുക—ഹോമിയ്ക്കുക.

8. സൂര്യനൊത്ത—തേജസ്വികളായ.

10. പൃഥി—പൃഥു എന്ന രാജാവ്. ഇതും—എന്റെ വിളിയും.

11. ജംഗമങ്ങൾ—ഗോക്കളും മററും.

12. എവിടെനിന്നായാലും വരുവിൻ.

Digitized By Kerala Sahitya Akademi

ഇനും, ഞാൻ യുദ്ധത്തിനുവേണ്ടി, അശ്വികളെ വിളിയ്ക്കും: ശ്രേഷ്ഠമാണല്ലോ, പടകളിൽ കൊല്ലാൻ ത്രാണിയുള്ള അശ്വികളുടെ രക്ഷണം! 13

അശ്വികളേ, നിങ്ങൾ തിച്ച്യയായും വരുവിൻ: ഇതാ, നിങ്ങൾ ക്കു ഹവിസ്സുകൾ വെച്ചിരിയ്ക്കുന്നു—ഇതാ, നിങ്ങൾക്കു തുവ്ശൻെറയും യദുവിൻെറയും സോമങ്ങൾ; ഇതാ, കണ്വപുത്രരുടെയും. 14

പ്രകൃഷ്ടജ്ഞാനരായ നാസത്യരേ, ദൂരത്തും ചാരത്തുമുണ്ടല്ലോ, നിങ്ങളുടെ മരുന്നുകൾ; അവയോടുകൂടിയ ഒരു ഗൃഹം നിങ്ങൾ വിമദ നൊന്നപോലെ വത്സനും തിച്ച്യയായി നല്കണം! 15

ഞാൻ അശ്വികളെക്കുറിച്ചുള്ള ഉജ്ജ്വലവാക്കോടുംകൂടി ഉണ ൎന്നു: ദേവി, അവിടുന്നു സ്തുതിയ്ക്കായി പുലൎന്നാലും; മനുഷ്യൎക്കു ധനം കാട്ടിത്തന്നാലും! 16

ഉഷസ്സേ, ദേവി, സൂനൃതേ, മഹതി, അവിടുന്ന് അശ്വികളെ പള്ളിയുണൎത്തുക! യജ്ഞഹോതാവേ, ഭവാൻ ഇടവിടാതെ(സ്തുതിയ്ക്കുക): മത്തിന്നു പെരിയ അന്നം (ഒരുക്കിക്കഴിഞ്ഞു). 17

ഉഷസ്സേ, അവിടുന്നു ശോഭയോടേ നടക്കുന്നു, സൂൎയ്യനാൽ വിള ങ്ങിയ്ക്കപ്പെടുന്നു; അപ്പോൾ അശ്വികളുടെ രഥം നേതൃപാല്യമായ ഗൃഹ ത്തിലെത്തുമല്ലോ! 18

അശ്വികളേ, മഞ്ഞച്ച സോമലതകൾ, പൈക്കൾ അകിടു കൊണ്ടെന്നപോലെ(രസം)ചുരത്തുന്നു; ദേവകാമന്മാർ സ്തോത്രവും പാ ടുന്നു! 19

---

13. യുദ്ധത്തിനുവേണ്ടി—യുദ്ധത്തിൽ ജയിപ്പാൻ. കൊല്ലാൻ—ശത്രുക്കളെ.

14. കണ്വപുത്രർ— ഞങ്ങൾ.

15. വിമദൻ—ഒരു ഋഷി.

16. ഉജ്ജ്വലവാക്ക്—സ്തുതി. ദേവി—ഉഷസ്സേ. സ്തുതിയ്ക്കായി—എൻെറ സ്തുതി കേൾപ്പാൻ. മനുഷ്യൎക്ക്—സ്തുതിയ്ക്കുന്ന ഞങ്ങൾക്ക്.

17. സൂനൃതേ—വഴിപോലെ നയിയ്ക്കുന്നവളേ, സുനേത്രി. യജ്ഞഹോതാവ്—അഗ്നി. മത്തിന്നു—അശ്വികൾക്കു ലഹരിപിടിയ്ക്കാൻ. അന്നം—സോമം.

18. നേതൃപാല്യം—ഋത്വിക്കുകളാൽ പാലിയ്ക്കപ്പെടേണ്ടത്. ഗൃഹം—യജ്ഞസദനം.

19. അകിടുകൊണ്ട്—പാലെന്നപോലെ. ദേവകാമന്മാർ—ഋത്വിക്കുകൾ.

Digitized By Kerala Sahitya Akademi

പ്രകൃഷ്ടജ്ഞാനരേ, യശസ്സിന്നു്, ബലത്തിന്നു്, മനുഷ്യോചി
തമായ സുഖത്തിന്നു്, വളൎച്ചയ്ക്കു, ഞങ്ങളെ കാത്തരുളുവിൻ! 20

സ്തുത്യരേ, അശ്വികളേ, നിങ്ങൾ അച്ഛൻെറ വസതിയിൽ
ജോലിയെടുക്കുകയായിരിയ്ക്കാം; അല്ലെങ്കിൽ സുഖിയ്ക്കുകയായിരിയ്ക്കാം! 21

---

## സൂക്തം 10.

കണ്വപുത്രൻ പ്രഗാഥൻ ഋഷി; ബൃഹതിയും ജ്യോതിസ്സും അനുഷ്ടുപ്പും ആസ്താ
രപംക്തിയും, സതോബൃഹതിയും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

അശ്വികളേ, നിങ്ങൾ നെടിയ യാഗശാലകളിലായിരി
യ്ക്കാം; സ്വൎഗ്ഗത്തിലെ ആ രോചനത്തിലായിരിയ്ക്കാം; അഥവാ, അന്ത
രിക്ഷാലയത്തിലായിരിയ്ക്കാം. അവിടെനിന്നു വന്നെത്തുവിൻ! 1

മനുവിൻെറ യാഗം നിങ്ങൾ നടത്തിയല്ലോ; അതുപോലെ,
കണ്വഗോത്രൻേറതും അറിയുവിൻ. ബൃഹസ്പതിയെയും വിശ്വദേവക
ളെയും ഇന്ദ്രാവിഷ്ണുക്കളെയും ശീഘ്രാശ്വരായ അശ്വികളെയും ഞാൻ
വിളിയ്ക്കുന്നു. 2

സ്വീകരണത്തിന്നാവിൎഭവിച്ച സുകൎമ്മാക്കളായ അശ്വികളെ
ഞാൻ വിളിച്ചുകൊള്ളുന്നു: ദേവകളിൽ വെച്ചു്, ഇവരുടെ നേടേണ്ടുന്ന
സഖ്യം തുലോമുണ്ടല്ലോ, നമുക്കു്! 3

എവരിലാണോ, യജ്ഞങ്ങൾ കുടികൊള്ളുന്നതു്; സ്തോതാവില്ലാ
ത്തേടത്തും എവർ വാഴ്ത്തപ്പെടുന്നുവോ; എവർ സോമത്തേൻ നുകൎന്നു

---

21. അച്ഛൻ—ദ്യോവു്. എന്നാലും വരുവിൻ.

സൂക്തം 10.

1. രോചനം—ഒരിടത്തിൻെറ പേർ

2. അറിയുവിൻ—അറിഞ്ഞു നടത്തുവിൻ. ബൃഹസ്പതിയെയും എന്നു തു
ടങ്ങുന്ന വാക്യം പരോക്ഷം:

3. സ്വീകരണത്തിന്നായി—നമ്മുടെ ഹവിസ്സുകൾ സ്വീകരിപ്പാൻ.

4. കുടികൊള്ളുന്നതു്—മുറിയ്ക്കപ്പെട്ട യജ്ഞശിരസ്സു ചേൎത്തുവെച്ചതു്,

Digitized By Kerala Sahitya Akademi

പോരുന്നുവോ, ആ അഹിംസയജ്ഞാഭിജ്ഞരിരുവരെയും ഞാൻ സ്തുതിയ്ക്കുന്നു. 4

അശ്വികളേ, അന്നധനന്മാരേ, നിങ്ങൾ ഇപ്പോൾ പടിഞ്ഞാറേദിക്കിലാവാം; കിഴക്കേദിക്കിലാവാം; ദ്രുഹ്യുവിൻേറയോ, അനുപുത്രൻേറയോ, തുർവ്വശൻേറയോ, യദുവിൻേറയോ അടുക്കലാണെന്നും വരാം—ഞാൻ നിങ്ങളെ വിളിയ്ക്കുന്നു; ഉടനേ എങ്കൽ വരുവിൻ! 5

ധാരാളമുണ്ണുന്നവരേ, നിങ്ങൾ അന്തരിക്ഷത്തിൽ പാക്കുകയായിരിയ്ക്കാം; ഈ ദ്യാവാപൃഥിവികളിലായിരിയ്ക്കാം; അല്ലെങ്കിൽ തേജസ്സോടേ തേരിലിരിയ്ക്കയാവാം—അശ്വികളേ, അവിടെനിന്നു വരുവിൻ! 6

---

സൂക്തം 11.

കണ്വഗോത്രൻ വത്സൻ ഋഷി; പ്രതിഷ്ഠയും വർദ്ധമാനയും ഗായത്രിയും

ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

മർത്ത്യാമർത്ത്യരിൽവെച്ചഗ്നേ, കർമ്മരക്ഷകനാണു, നീ:
അതിനാൽദ്ദേവ, യജ്ഞത്തിൽ സ്തുതിയോഗ്യനുമാണു, നീ! 1
നന്ത്യഹൻ, കീഴമച്ചോനാമഗ്നേ, നീയധ്വരങ്ങളിൽ;
യജ്ഞങ്ങളെക്കൊണ്ടു നടക്കുന്നോനു,മവിടുന്നുതാൻ! 2
അതിനാൽ,ജ്ജാതവേദസ്സേ, പായിയ്ക്കു, പകയോരെയും
അദേവസൈന്യങ്ങളെയുമഗ്നേ, ഞങ്ങളിൽനിന്നു നീ! 3

---

അശ്വികളത്രേ. അഹിംസയജ്ഞാഭിജ്ഞർ—ഹിംസാരഹിതമായ യജ്ഞമറിയുന്ന അശ്വികളെ.

6. ഉണ്ണുന്നവരേ—ഹവിസ്സുകൾ ഭുജിയ്ക്കുന്നവരേ.

സൂക്തം 11.

2. കീഴമച്ചോനാം—ശത്രുക്കളെ കീഴമർത്തുന്ന അഗ്നേ, നീ അധ്വരങ്ങളിൽ നന്ത്യഹ(സ്തുത്യ)നാകുന്നു.

3. പകയോർ=ശത്രുക്കൾ. അദേവസൈന്യങ്ങൾ=അസുരപ്പടകൾ.

Digitized By Kerala Sahitya Akademi

അരികിൽത്തന്നെയായാലുമരിമൎത്ത്യന്റെയധ്വരം
തിരിഞ്ഞുനോക്കിടാ, ജാതവേദസ്സേ, നിയതം ഭവാൻ! 4

അമൎത്ത്യനാകുമങ്ങയ്ക്കായ് മൎത്ത്യരെങ്ങൾ മനീഷികൾ
രചിപ്പൂ, ജാതവേദസ്സേ, വളരെ സ്തുതിഗാഥകൾ. 5

ധീമാന്മാർ മൎത്ത്യരാം ഞങ്ങൾ ധീമാനാമഗ്നിദേവനെ
സ്തോത്രം ചൊല്ലി വിളിയ്ക്കുന്നു, രക്ഷയ്ക്കും തൃപ്തണത്തിനും. 6

മികച്ച പാൎപ്പിടത്തിങ്കൽനിന്നുപോലും ഭവന്മനം
അഗ്നേ, സമാകൎഷിയ്ക്കുന്നു, വത്സൻ തൽപരവാക്കിനാൽ! 7

ബഹുത്ര സമദൃക്കാം നീ പ്രജകൾക്കൊക്കെയീശ്വരൻ;
യുദ്ധങ്ങളിൽ വിളിയ്ക്കുന്നു, ഞങ്ങളത്തിരുമേനിയെ. 8

പോരിൽബ്ബലം തേടുമെങ്ങൾ വിളിപ്പൂ, രക്ഷണത്തിനായ്,
സംഗരങ്ങളിലാരാധ്യസമ്പത്തിയലുമഗ്നിയെ. 9

നീയീഡ്യനല്ലോ, സവനത്തിൽ മുന്നേ;
ഹോതാവുമായ് വാഴ്വിതു, പണ്ടുമിന്നും;
അഗ്നേ, തടിപ്പിയ്ക്ക, നിജാംഗവും നീ;-
യെങ്ങൾക്ക സൌഭാഗ്യവുമേകിയാലും! 10

എട്ടാമധ്യായം സമാപ്തം.

അഞ്ചാമഷ്ടകം സമാപ്തം.

---

4. അരിമൎത്ത്യന്റെ—ഞങ്ങളുടെ ശത്രുവായ മനുഷ്യന്റെ. നിയതം=തീൎച്ചയായും.

6. രക്ഷയ്ക്കും—ഞങ്ങളെ രക്ഷിപ്പാനും. തൃപ്തണത്തിനും—ഞങ്ങൾക്ക് അഗ്നിദേവനെ തൃപ്തിപ്പെടുത്താനും.

7. മികച്ച പാൎപ്പിടം—സ്വൎഗ്ഗം. സമാകൎഷിയ്ക്കുന്നു—ഇങ്ങോട്ടു വലിയ്ക്കുന്നു. വത്സൻ—ഞാൻ. തൽപരവാക്കിനാൽ—ഭവാനെ ഇച്ഛിയ്ക്കുന്ന സ്തുതികൊണ്ട്.

8. ബഹുത്ര—വളരെയിടങ്ങളിൽ. സമദൃക്ക്=സമദൎശി. അത്തിരുമേനിയെ=അങ്ങനെയുള്ള അങ്ങയെ.

9. സംഗരങ്ങളിലാരാധ്യസമ്പത്തിയലും—യുദ്ധങ്ങളിൽ ശത്രുക്കളെ ജയിച്ചടക്കിയ ആരാധ്യസമ്പത്തോടുകൂടിയ.

10. ഈഡ്യൻ=സ്തുത്യൻ. സവനം=യാഗം. തടിപ്പിയ്ക്ക—ഹവിൎഭക്ഷതിയാൽ.

Digitized By Kerala Sahitya Akademi

# ആറാം അഷ്ടകം.

## ഒന്നാമധ്യായം.

### സൂക്തം 12.

കണ്വഗോത്രൻ പർവ്വതൻ ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
(പാന.)

സോമമേററം നുകരുന്ന നിൻ മദം
ഹേ മഹാബല, കർമ്മവിശാരദം:
കൊന്നിടുന്നു, നീ തിന്മനെയേതിനാ-
ലിന്ദ്ര, ഞങ്ങളതിനോടിരക്കുന്നു! 1

അങ്ങ യാതൊന്നിനാലോ ദശഗ്വനാ-
മധ്രിഗുവെയു,മംബുരാശിയെയും
ആത്തകാന്തിയാംമാറു രവിയെയും
കാത്തു; ഞങ്ങളതിനോടിരക്കുന്നു! 2

തേർകളെപ്പോലെ, യാതൊന്നിനാൽപ്പെരും-
നീർകളെക്കടലിങ്കലെയ്ക്കു ഭവാൻ
നേർക്കയച്ചുവോ; യജ്ഞാധ്വസംപ്രാപ്തി
നോക്കി ഞങ്ങളതിനോടിരക്കുന്നു! 3

പ്രാർത്ഥിതസിദ്ധികാംക്ഷതകുന്നതാം
സ്തോത്രമൊന്നിതാ, നെയ്പോലെ സംശുദ്ധം:

---

### സൂക്തം 12.

1. കർമ്മവിശാരദം—വൃത്രവധാദികളിൽ സമർത്ഥമാകുന്നു. തിന്മനെ—രാക്ഷസാദിയെ. അതിനോട്—ആ മദത്തോട്. ഇരക്കുന്നു—ഞങ്ങളെ രക്ഷിപ്പാൻ.

2. ദശഗ്വപദം മുൻപു വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ട്. അധ്രിഗു—അംഗിരസ്സുകളിലൊരാം. അംബുരാശി=സമുദ്രം; സമുദ്രത്തെ രക്ഷിച്ചത്, അടുത്ത ഋക്കിൽ വിവരിയ്ക്കും. ആത്തകാന്തിയാംമാറ—നഷ്ടമായ പ്രകാശം വീണ്ടുകിട്ടത്തക്കവണ്ണം. അതിനോട്—ആ മദത്തോട്.

3. പെരുംനീർകളെ—വമ്പിച്ച വർഷോദകങ്ങളെ. യജ്ഞാധ്വസംപ്രാപ്തി നോക്കി—യജ്ഞമാർഗ്ഗപ്രാപ്തിയുദ്ദേശിച്ച്.

Digitized By Kerala Sahitya Akademi

അപ്പോഴേ കൊണ്ടുചെന്നിടുമല്ലോ, തൻ–
കെല്പിനാലാശു വജ്രപാണേ, ഭവാൻ! 4

തൽപ്പരനാവുകിന്ദ്ര, നീ വാരിധി–
യ്ക്കൊപ്പമേ വേലിയേറുമിസ്തോത്രത്തിൽ:
സ്തുത്യഭിഗമ്യ, സദ്രക്ഷയൊടു–
മൊത്തുതാൻ കൊണ്ടുവന്നിടുമല്ലോ, നീ! 5

ഏതുദേവൻ വിദൂരത്തുനിന്നു വ–
ന്നേകിനാനോ, സൗഹൃത്ത്യത്തിനെങ്ങൾക്കായ്;
അമ്പുവാനിച്ചുപെയ്യുമല്ലോ, മഴ–
യ്ക്കൊപ്പമായ്പ്പെരുപ്പിച്ചു ഭരിയ്ക്കുവാൻ! 6

ലഭ്യമെത്തിച്ചു ഞങ്ങൾക്കിവനുടെ
തൃപ്പതാകയും തൃക്കൈക്കലിശവും;
ഭാനുപോലേ വരുത്തിയല്ലോ, ഇവൻ
വാനാ,മൂഴിയിവയ്ക്കു വലുപ്പവും! 7

ആയിരം പെരുങ്കൂററരെ നിഷ്പ്രാണ–
രാക്കിയല്ലോ, മുതിന്ന നീ സൽപതേ:
ആയതോടേ മഹത്തായ്ച്ചമഞ്ഞേററ–
മായതമായി, നിന്നുടെ പൌരുഷം! 8

---

4. അപ്പോഴേ—ഈ സ്തോത്രംകൊണ്ടു സ്തുതിയ്ക്കപ്പെടുമ്പോൾത്തന്നെ. കൊണ്ടുചെന്നിടും—ഞങ്ങളെ പ്രാത്ഥിതസിദ്ധിയിലെത്തിയ്ക്കും.

5. ചന്ദ്രോദയത്തിൽ വാരിധിപോലെ വേലിയേറും—അങ്ങയുടെ ഗുണാധികൃത്താൽ ക്രമേണ വിശാലമായിത്തീരുന്ന. കൊണ്ടുവന്നിടും—ഞങ്ങൾക്ക ശ്രേയസ്സുകളെ കൊണ്ടുവരും.

6. വിദൂരത്തുനിന്നു—സ്വൎഗ്ഗത്തിൽനിന്ന്. ഏകിനാനോ—ധനങ്ങൾ തന്നുവോ. സൗഹൃത്ത്യം=സഖ്യം. മഴയ്ക്കൊപ്പമായ്പ്പെരുപ്പിച്ചു—ഞങ്ങളുടെ ധനം, മഴപോലെ വദ്ധിപ്പിച്ച്.

7. പരോക്ഷവാക്യം: ലഭ്യമെത്തിച്ചു—കിട്ടേണ്ടുന്ന നന്മ കിട്ടിച്ചു. ഇവൻ—ഇന്ദ്രൻ. കലിശം=വജ്രം. ഭാനു=സൂൎയ്യൻ.

8. കൂററരെ—അസുരന്മാരെ. നിഷ്പ്രാണരാക്കി—കൊന്നു. ആയതമായി—നീണ്ടു, പെരുകി.

Digitized By Kerala Sahitya Akademi

കാടിനങ്ങളെയഗ്നിയെന്നവിധം,
കൂടലർകളെസ്സൂര്യരശ്മികളാൽ
ചുട്ടെരിച്ചുകളയുന്നു, പേർത്തിന്ദ്ര;-
നിട്ടുകീഴമപ്പോനായ് വളരുന്നു! 9

നിങ്കലെത്തുന്നു, കാലയോഗ്യക്രതു-
വിങ്കലെത്തുലോം പുത്തനാമിസ്തവം:
സംഭൃതാച്ഛനമാമിതു നിർഭര-
മൻപിയററു,മളക്കയുംചെയ്യുമേ! 10

ദേവകാമനാമധ്വരദീക്ഷിതൻ
നീർ വെട്ടപ്പാക്കിടുന്നു, ക്രമത്താലേ;
ഇന്ദ്രനെ സ്തുതിഗാഥകളാൽ വള-
ത്തുന്നു; നോക്കിയളക്കയുംചെയ്യുമേ! 11

ഇന്ദ്രനിഷ്ടനു നല്കുവോൻ, നീർ പിഴി-
യുന്നവൻറയളിമുഖച്ചൊൽപോലേ
മൈത്തടി പൂണ്ടു, സോമം നുകരുവാൻ;
സ്തോത്രമോ, നേർക്കളക്കയുംചെയ്യുമേ! 12

ഉക്ഥമോതുന്ന മേധാവികാം നര-
രിത്തിരുവടിയ്ക്കിമ്പം വളത്തുന്നു;

---

9. ഇന്ദ്രൻ—സൂര്യാത്മാവായ ഇന്ദ്രൻ. ഇട്ടുകീഴമപ്പോൻ—ശത്രുക്കളെ.

10. പ്രത്യക്ഷനാകും. കാലയോഗ്യക്രതു=തക്കകാലത്തനുഷ്ഠിയ്ക്കുന്ന യജ്ഞം. സംഭൃതാച്ഛനമാമിതു—സാപ്ഷ്യയോടുകൂടിയ സ്തവം. അൻപിയററും—അങ്ങേയ്ക്കു പ്രീതിയുളവാക്കും. അളക്കുക—അങ്ങയുടെ ഗുണങ്ങളെ പരിച്ഛേദിയ്ക്കുക.

11. അധ്വരദീക്ഷിതൻ=യാഗദീക്ഷകൊണ്ടവൻ. നീർ—സോമരസം. അളക്ക—ഇന്ദ്രൻെറ ഗുണഗണത്തെ പരിച്ഛേദിയ്ക്കുക.

12. ഇഷ്ടൻ—സ്തോതാവ്. നല്കുവോൻ—ധനം. നീർ പിഴിയുന്നവൻെറ യളിമുഖച്ചൊൽപോലെ—യഷ്ടാവിൻെറ ആളിമുഖസ്തുതി ഇന്ദ്രൻെറ ഗുണബാഹുല്യത്താൽ വിശാലമായിത്തീരുന്നതുപോലെ. ഇന്ദ്രൻ സോമം നുകരുവാൻ, ധാരാളം കുടിപ്പാൻ, മൈത്തടി (വണ്ണം) പൂണ്ടു. അളക്ക—ഇന്ദ്രൻെറ മഹത്ത്വത്തെ പരിച്ഛേദിയ്ക്കുക.

47*

Digitized By Kerala Sahitya Akademi

അത്തിരുവായിൽ വീഴ്ത്തിടുന്നോ,നിവൻ
ശുദ്ധനെയ്യപോലുള്ള മഖദ്രവ്യം! 13

ദീപ്തി താൻതാൻ വഹിച്ചിടുമിന്ദ്രനായ്_
ത്തീൎത്തുകൊണ്ടാ,ളദിതിയവനാൎത്ഥം,
പേൎത്തുപേൎത്തു പുകഴ്ത്തപ്പെടേണ്ടതാം
സ്തോത്രരൂപമായോരു മഖദ്രവ്യം! 14

പാലനത്തിനും നമുക്കുമായ് വഴി_
പോലെ വാഴ്ത്തിനാര,ധ്വരനേതാക്കൾ:
ദേവ, നിന്നെയിന്നിമ്മഖദ്രവ്യത്തി_
ന്നാവഹിയ്ക്ക, ഹരികൾ ബഹുവ്രതർ! 15

ഇന്ദ്ര, നീ വിഷ്ണു ചെന്നിടത്തോ, ജല_
നന്ദനനാം ത്രിതന്റെയടുക്കലോ,
ആ മരുത്തുക്കളൊത്തോ കുടിയ്ക്കയാം
സോമ;_മെങ്കിലും, മത്താടുകി,ന്നീരാൽ! 16

അല്ലയെങ്കിലവിടുന്നു ദൂരത്തി_
ലുല്ലസിയ്ക്കുകയായ്വരാം, സോമത്താൽ;
എന്നിരിയ്ക്കിലും—ഞങ്ങൾ പിഴിഞ്ഞിരി_
യ്ക്കുന്നു—ശക്ര, രമിച്ചരുൾകി,ന്നീരാൽ! 17

---

13. അത്തിരുവായിൽ—ഇന്ദ്രന്റെ വായിൽ. വീഴ്ത്തുക=പകരുക. മഖദ്രവ്യം=യജ്ഞപദാൎത്ഥം, ഹവിസ്സ്.

14. ദീപ്തി=കാന്തി. താൻതാൻ—പരാപേക്ഷകൂടാതെ. തീൎത്തുകൊണ്ടാൾ=നിൎമ്മിച്ചാൾ. അദിതി—ഇന്ദ്രമാതാവ്. അവനാൎത്ഥം=രക്ഷയ്ക്ക്.

15. പ്രത്യക്ഷോക്തി: വാഴ്ത്തിനാർ—അങ്ങയെ. ആവഹിയ്ക്ക=കൊണ്ടുവരട്ടെ. ബഹുവ്രതർ—ബഹുവിധകൎമ്മാക്കളായ രണ്ടു ഹരികൾ.

16. വിഷ്ണു ചെന്നിടത്തോ—സോമപാനത്തിന്നു വിഷ്ണുചെന്നിട്ടുള്ള അന്യയാഗത്തിലോ. ജലനന്ദനൻ—ജലത്തിൽനിന്നു ജനിച്ചവൻ. ത്രിതൻ—ഒരു രാജൎഷി. ആ മരുത്തുക്കളൊത്തോ—മരുത്തുക്കൾ എത്തിച്ചേൎന്ന മറെറാരു യാഗത്തിലോ. സോമം കുടിയ്ക്കുകയായിരിയ്ക്കാം. എങ്കിലും, ഇന്നീരാൽ—ഞങ്ങളുടെ സോമരസത്താൽ—മത്താടുക.

17. ദൂരത്തിൽ—അകലത്തെങ്ങാനും. ഉല്ലസിയ്ക്കുക=ആഹ്ലാദിയ്ക്കുക.

Digitized By Kerala Sahitya Akademi

സൽപതേ, പിഴിയുന്ന യഷ്ടാവിനെ-
യഭ്യുദയപ്പെടുത്തുവോനാം ഭവാൻ
നന്ദികൊള്ളുകയാകാം, തദുക് ഥത്തി;-
ലെന്നിരിയ്ക്കിലും, മത്തേല്ലുകി,ന്നീരാൽ! 18

യുഷ്മദ്രക്ഷയ്ക്കു ദേവനെദ്ദേവനെ-
യുൽസ്തുതിപ്പു, ഞാനിന്ദ്രനെയിന്ദ്രനെ:
മന്ദിയാതിങ്ങെഴുന്നള്ളുമാറാവ
ചെന്നണയുന്നുമുണ്ടു, മഖാഹ്നങ്കൽ! 19

ത്തുമഖങ്ങളാലാ മഖപ്രാപ്യനെ,-
സ്സോമനീർകളാൽസ്സോമാതിപായിയെ
ഉന്നതിപ്പെടുത്തുന്നു, സ്തുതികളാൽ;-
ച്ചെന്നണയുന്നുമുണ്ട,വയിന്ദ്രങ്കൽ! 20

അത്യുദാരം,മവൻെറ കൊണ്ടുവരവ;-
ലെത്രയെന്നതില്ലാത്തൊന്നു, കീത്തിയും;
ഒന്നുപോലിവ ഹവ്യദാതാവിനായ്-
ച്ചെന്നണയുന്നു, സവ്സമ്പത്തിലും! 21

ഇന്ദ്രനെ വൃത്രനിഗ്രഹത്തിന്നായി
മുന്നിറുത്തിനാർ, ദേവപ്പരിഷകാം;

---

18. നന്ദി—പ്രീതി. തദുക് ഥത്തിൽ—ആ യഷ്ടാവിൻെറ ശസ്ത്രസ്തോത്രം കേട്ട്.

19. ഋത്വിഗ്യജമാനരോട്: യുഷ്മദ്രക്ഷയ്ക്കു—നിങ്ങളുടെ രക്ഷയ്ക്കു. ദേവൻ—ഇന്ദ്രൻ. ഇന്ദ്രൻ നാനാരൂപനായി ഒരേസമയത്ത് അനേകയജ്ഞങ്ങളിൽ സന്നിഹിതനാകും; അതുകൊണ്ടാണ്, ദേവശബ്ദത്തെയും, ഇന്ദ്രശബ്ദത്തെയും ഇരട്ടിപ്പിച്ചിരിയ്ക്കുന്നത് ഉൽസ്തുതിപ്പു—ഉറക്കെ സ്തുതിയ്ക്കുന്നു. മന്ദിയാതെ—ശീഘ്രം. ആവ—എൻെറ സ്തുതികാം. മഖാഹ്നൻ—യഷ്ടവ്യനായ ഇന്ദ്രൻ.

20. ത്തുമഖങ്ങാം—സച്ഛഹവിസ്സുകാം. മഖപ്രാപ്യൻ=യജ്ഞങ്ങാംകൊണ്ടു പ്രാപിയ്ക്കപ്പെടേണ്ടവൻ. സോമാതിപായി=സോമം അതീവ കുടിയ്ക്കുന്നവൻ. ഉന്നതിപ്പെടുത്തുന്നു—സ്തോതാക്കാം വളത്തുന്നു. അവ സ്തുതികാം.

21. അവൻെറ (ഇന്ദ്രൻെറ) കൊണ്ടുവരൽ, ധനാദായനം, അത്യുദാരം,. മഹത്താകുന്നു. കീത്തിയും എത്രയെന്നതില്ലാത്തൊന്നാണ്, അതിവിശാലമാണ്. അവ—കൊണ്ടുവരലും, കീത്തിയും. ഹവ്യദാതാവിന്നായ്—യജമാനനു നല്കാൻ, യജമാനനു സവ്സമ്പത്തും നല്കുന്നു എന്നത്ഥം.

Digitized By Kerala Sahitya Akademi

ഇന്ദ്രനെ സ്തുതിയ്ക്കുന്നു, മൊഴികളു-
മുന്നതമാം കരുത്തു വരുത്തുവാൻ! 22
ഞങ്ങ,ളാ വിളി കല്പിച്ചുകേൾപ്പോനെ,
ത്തുംഗതകൊണ്ടു സർവാതിശായിയെ,
സ്തോത്രശസ്ത്രങ്ങൾ ചൊല്ലി സ്തുതിയ്ക്കുന്നു,
മേത്തരമാം കരുത്തു വരുത്തുവാൻ! 23
തന്തിരുവടിയോടു പിരിയുകി-
ല്ല,ന്തരിക്ഷവുമൂഴിവാനങ്ങളും:
വജ്രഭൃത്താമിവൻെറ ബലത്താൽത്താ-
നുജ്ജ്വലിപ്പൂ, കരുത്തു വരുത്തുവാൻ! 24
മുന്നിവൃത്തിനാരല്ലോ, രണത്തിങ്ക-
ലിന്ദ്ര, ദേവപ്പരിഷകളങ്ങയെ;
എന്നാതോടേ വഹിയ്ക്കുയായ,ങ്ങയെ-
സ്സുന്ദരങ്ങളാം രണ്ടു തുരംഗങ്ങൾ! 25
കൊന്നുവല്ലോ, ജലങ്ങളെ രോധിച്ചു-
നിന്ന വൃത്രനെ വജ്രിൻ, ബലേന നീ;
എന്നാതോടേ വഹിയ്ക്കുയായ,ങ്ങയെ-
സ്സുന്ദരങ്ങളാം രണ്ടു തുരംഗങ്ങൾ! 26
താവകനായ വിഷ്ണു ബലത്താലേ
മൂവിടങ്ങളളന്നുവല്ലോ, സമം;
എന്നാതോടേ വഹിയ്ക്കുയാ,യങ്ങയെ-
സ്സുന്ദരങ്ങളാം രണ്ടു തുരംഗങ്ങൾ! 27
എന്നുമെന്നും വളൎന്നുവല്ലോ, തവ
സുന്ദരങ്ങളാം രണ്ടു തുരംഗങ്ങൾ;

---

22. മൊഴികൾ—സ്തോത്രരൂപവാക്കുകൾ. ഉന്നതം—വൃത്രവധത്തിന്നു പൎയ്യാപ്തം.

23. കേൾപ്പോനെ—ഇന്ദ്രനെ. തുംഗത—മഹത്ത്വം.

24. ഉജ്ജ്വലിപ്പൂ—ജഗത്തൊക്കെയും.

25. രണ്ടു തുരംഗങ്ങൾ—ഹരികൾ.

27. താവകൻ=ഭവദീയൻ, ഭവാൻെറ ഭ്രാതാവ്. മൂവിടങ്ങൾ—മൂന്നു സ്ഥാനങ്ങൾ, ലോകങ്ങൾ. സമം=ഒപ്പം.

Digitized By Kerala Sahitya Akademi

എന്നതോടേ സമസ്തഭുവനവും
സന്നിയന്ത്രിതമായ്ത്തീൎന്നിത,ങ്ങയാൽ! 28

ഇന്ദ്ര, നിന്നുടെയാളുകാർ മരുത്തുകൾ
സന്നിയന്ത്രിച്ചുവല്ലോ, ഭവാനാദി;
എന്നതോടേ സമസ്തഭുവനവും
സന്നിയന്ത്രിതമായ്ത്തീൎന്നിത,ങ്ങയാൽ! 29

നിൎമ്മലനായ് വിളങ്ങുമസ്സൂൎയ്യനെ-
യംബരത്തിൽ നിറുത്തിയല്ലോ, ഭവാൻ;
എന്നതോടേ സമസ്തഭുവനവും
സന്നിയന്ത്രിതമായ്ത്തീൎന്നിത,ങ്ങയാൽ! 30

അധ്വരത്തിങ്കലിന്ദ്ര, ഭവാനിതാ,
മുത്തുതകുന്ന ശോഭനസ്തോത്രത്തെ
ഭക്തിപൂൎവ്വമയയ്ക്കുന്നു, മേധാവി,
നൽസ്ഥലത്തെയ്ക്കു ബന്ധുവെപ്പോലവേ! 31

അധ്വരത്തിൽധരണിമദ്ധ്യേ മഖ-
വസ്തുവെക്കറക്കുന്നിടത്താളുകൾ
ഒത്തുകൂടിപ്പുകഴ്ത്തുന്നതുണ്ടല്ലോ,
ത്വദ്ദ്യുതിയെ പ്രഹൎഷപ്പെടുത്തുവാൻ: 32

നല്ല വീൎയ്യത്തെ, നല്ല ഹയങ്ങളെ,
നല്ല ഗോക്കളെ നല്കുകെ,ങ്ങൾക്കു നീ;
അത്ര മുല്പാടറിയിയ്ക്കയാണു ഞാ,-
നധ്വരത്തിലെ ഹോതാവുപോലിന്ദ്ര! 33

---

28. സന്നിയന്ത്രിതം—അടക്കിനിൎത്തപ്പെട്ടത്.

31. മുത്തുതകുന്ന—തുഷ്ടിപ്രദമായ. ഭക്തിപൂൎവ്വം—പരിചരണങ്ങളോടേ. ഒരു ബന്ധുവിനെ നല്ല പ്രദേശത്തെയ്ക്കയയ്ക്കുന്നതുപോലെ.

32. ധരണിമദ്ധ്യേ—വേദിയിൽ. മഖവസ്തുവെ കറക്കുന്നിടത്ത്—സോമം പിഴിയുന്നേടത്ത്. ത്വദ്ദ്യുതിയെ—ഇന്ദ്രന്റെ തേജസ്സിനെ.

33. മുല്പാടറിയിയ്ക്കയാണ്—അന്യരുടെ സ്തോത്രത്തെക്കാൾ മുമ്പേ ഞങ്ങളുടെ സ്തോത്രം കേൾപ്പിയ്ക്കയാണ്. പൂൎവ്വാൎദ്ധവാക്യത്തിന്റെ ആദിയിൽ, അതിനാൽ എന്നധ്യാഹരിയ്ക്കണം.

Digitized By Kerala Sahitya Akademi

## സൂക്തം 13.

കണ്വഗോത്രൻ നാരദൻ ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

സോമം പിഴിഞ്ഞാലു,ക്ഥേഷ്ടി
ശുമപ്പെട്ടത്തിയ്ക്കു,മിന്ദ്രൻ,
വർദ്ധകമാം ബലം കിട്ടാൻ:
അത്ര മഹാനാണല്ലോ, താൻ! 1

വാനവർതൻ പൃഥുവ്യോമ-
സ്ഥാനേ വാഴ്വെ വളർത്തുവോൻ,
സൽപ്പേരുറ്റോ,നവസാനി-
പ്പിപ്പോൻ, തണ്ണീർ വെന്നോനവൻ! 2

പോരിൽ നേടാൻ വിളിപ്പു,നാ-
സ്സാരവാനാമിന്ദ്രനെ ഞാൻ:
ചാരേ സുഖം നല്കു,ഞങ്ങൾക്കു;
പാരിപ്പിയ്ക്കു, സഖാവായ് നീ! 3

ഇന്ദ്ര, ഭവാനിതാ, പിഴി-
യുന്നവന്റെ ദാനം ചെല്ലു

---

## സൂക്തം 13.

1. ഉക്ഥേഷ്ടി—ഉക്ഥമെന്ന യജ്ഞം. ശുമപ്പെട്ടത്തിയ്ക്കും—യഷ്ടാവിനെക്കൊണ്ടു പരിശുദ്ധമാക്കിയ്ക്കും. എന്തിന്? വർദ്ധകമായ ബലം കിട്ടാൻ. താൻ—ഇന്ദ്രൻ.

2. പൃഥുവ്യോമസ്ഥാനേ—വിശാലമായ ആകാശസ്ഥാനത്ത്, സ്വർഗ്ഗത്തിൽ. വളർത്തുവോൻ—യഷ്ടാക്കളെ. അവസാനിപ്പിപ്പോൻ—ഉടങ്ങിയ കർമ്മത്തെ വഴിപോലെ മുഴമിപ്പിയ്ക്കുന്നവൻ. തണ്ണീർ വെന്നോൻ—വൃത്രാദികളെ വധിച്ച്, ജലം സ്വായത്തമാക്കിയവൻ.

3. നേടാൻ—ശത്രുസംഹാരബലം ലഭിപ്പാൻ. സാരവാൻ=ബലവാൻ. ഉത്തരാർദ്ധം പ്രത്യക്ഷകഥനം; ചാരേ—സമീപസ്ഥനായി. പാരിപ്പിയ്ക്കു—ഞങ്ങളെ വളർത്തുക.

Digitized By Kerala Sahitya Akademi

ഇമ്മഖത്തിൻ പുരാനാം നീ
സമ്മോദിയ്ക്കു, സ്തുതിസേവ്യ! 4
ഇന്ദ്ര, ഞങ്ങൾ പിഴിഞ്ഞർപ്പി-
ക്കുന്നതെങ്ങൾക്കേകേണമേ:
ചിത്രം, സർവസംസാധകം
സ്വത്തെങ്ങൾക്കാനയിക്കു, നീ! 5
കണ്ട സൂരി കെല്പേറുമാ-
റുണ്ടാക്കിയ നുതി നിന്നെ
സംപ്രാപിച്ചാൽ മുളയ്ക്കുമേ,
കൊമ്പുകൾപോലവേ നിങ്കൽ! 6
ചൊൽ തോന്നിയ്ക്കു, മുന്നെപ്പോലേ;
സ്തോതാവിൻെറ വിളി കേൾക്കു;
മത്തിൽ മത്തിൽക്കൊണ്ടുവരും,
ശസ്തകർമ്മാവിനു ഭവാൻ! 7
ഇന്നുതിയാൽച്ചൊല്ലപ്പെടും
സ്വന്നാഥൻെറ സൂനൃതങ്ങൾ
തത്തിക്കളിയ്ക്കുമേ, താന്നോ-
ടത്തൂടേ പോം നീർകൾ പോലേ! 8

---

4. ദാനം—സോമാഹുതി. ചെൽവൂ—ആഹവനീയസ്ഥാനത്തേയ്ക്കു ചെല്ലുന്നു. സമ്മോദിയ്ക്കു—സോമം കുടിച്ചു തൃപ്തിപൂണ്ടാലും.

5. പൂർവാർദ്ധത്തിൻെറ വിവരണമാണ്, ഉത്തരാർദ്ധം: ചിത്രം=പൂജനീയം.

6. കണ്ട—ശരിയ്ക്കു സങ്കല്പിച്ച. സൂരി—സ്തോതാവ്. കെല്പേറുമാറ്—ഭവാനു ബലം വർദ്ധിയ്ക്കത്തക്കവണ്ണം. സ്തുത്യങ്ങളായ ഗുണങ്ങളെല്ലാം, ഒരു വൃക്ഷത്തിന്മേൽ വളരെ കൊമ്പുകൾപോലെ, നിങ്കൽ മുളയ്ക്കും; സ്തുതിമൂലം ഭവാനു ഗുണങ്ങൾ പൊന്തിപ്പൊന്തി വരും.

7. ചൊൽ—സ്തുതി; സ്തുതിപ്പാൻ വേണ്ടുന്ന പദങ്ങൾ. മത്തിൽ മത്തിൽ—സോമപാനത്താൽ ലഹരി പിടിയ്ക്കുമ്പോളൊക്കെ, ഭവാൻ ശസ്തകർമ്മാവിനു, ശോഭനകർമ്മാവായ യജമാനന്ന്, അപേക്ഷിതഫലം കൊണ്ടുവരും.

8. ചൊല്ലപ്പെടും—പ്രതിപാദിയ്ക്കപ്പെടുന്ന. സ്വന്നാഥൻെറ—ഇന്ദ്രനെക്കുറിച്ചുള്ള. സൂനൃതങ്ങൾ=പ്രിയസത്യവചനങ്ങൾ. താന്നോടത്തൂടേ (നിമ്നോന്നതമാർഗ്ഗത്തിലൂടേ) പോകുന്ന വെള്ളം പൊന്തിയും താന്നും നൃത്തംവെയ്ക്കുമല്ലോ; അതുപോലെ തത്തിക്കളിയ്ക്കും, ഇന്ദ്രസ്തുതികൾ.

Digitized By Kerala Sahitya Akademi

ഏകൻ, വശി, നരക്ഷിശ-
നെന്നോവനെ രക്ഷൈഷികൾ
പാടിവാഴ്ത്തുന്നുവോ; വിള-
യാട്ടുകാ, നീ സോമനീരാൽ! 9

ഹവ്യദന്റെ ഗൃഹത്തിൽപ്പോ-
മവ്യഥങ്ങൾ രണ്ടശ്വങ്ങൾ
ഏവന്നുള്ള, വിളിപ്പെട്ടു-
ള്ളാ വിജ്ഞനെ സ്തുതിയ്ക്കു, നീ! 10

നൈമെയ്യുമായ്പ്പായുമശ്വ-
സ്തോമത്താൽ നീയധ്വരത്തിൽ
വെമ്പി വരിക;-ഞങ്ങൾക്കു
വൻഫലോൽക്ക, സുഖമല്ലോ! 11

സൽപതേ, കെല്പാളുമിന്ദ്ര,
സസ്തവരിൽച്ചേർക്ക, ധനം,
സൂരികളിലക്ഷയമാം
ദൂരവ്യാപിയശസ്സുമേ! 12

നിന്നെ വിളിയ്ക്കുന്നോന,ക്കൻ-
തന്നുദിപ്പിലു,ച്ചയ്ക്കും ഞാൻ:
നന്ദിച്ച,ശ്വങ്ങളിലൂടേ
വന്നെത്തുകെ,ങ്ങളിലിന്ദ്ര! 13

എത്തുകട,ന്നോട്ടുകടൻ:
മത്തേല്ക്കു, പാൽ ചേർത്ത നീരാൽ,

---

9. ഏകൻ=മുഖ്യൻ. വശി=വശത്താക്കുന്നവൻ. രക്ഷൈഷികൾ=രക്ഷ തേടുന്നവർ.

10. സ്തോതാവിനോട്: അവ്യഥങ്ങൾ—ശത്രുക്കളുടെ കേററത്തിൽ ക്ഷീണിയ്ക്കാത്തവ. രണ്ടശ്വങ്ങൾ—ഹരികൾ. ആ വിജ്ഞനെ—ഇന്ദ്രനെ.

11. പ്രത്യക്ഷോക്തി: നൈമെയ്യ്—സ്നിഗ്ദ്ധശരീരം. അശ്വസ്തോമം=കുതിരക്കൂട്ടം. അത്—അധ്വരം. വൻഫലോൽക്ക=വലിയ ഫലത്തിൽ താൽപര്യമുള്ള വനേ. സുഖം—സുഖകരം.

12. സസ്തവർ=സ്തവസഹിതർ, സ്തുതിയ്ക്കുന്നവർ. സൂരികൾ—സ്തോതാക്കൾ.

Digitized By Kerala Sahitya Akademi

പൂർവതന്ത്രം പരത്തുക,
പൂർത്തിയെനിയ്ക്കുണ്ടാകാൻ നീ! 14

ദൂരത്താകാം, ശക്ര, ഭവാൻ;
ചാരത്താകാം, വൃത്രവൈരിൻ;
അംബുധിയിലാകാ;-മെന്നാ-
ലന്നാട്ടുക്കായ്ക്കാപ്പാൻ, നീതാൻ! 15

ഇന്ദ്രനെ വാഴ്ത്തിയ്ക്കു,സ്മദ്വാ-
ക്കി,ന്ദ്രനെസ്സോമത്തിൻനീരും;
ഇന്ദ്രങ്കലേ, ഹവിസ്സൊരു-
ക്കുന്ന നാട്ടാർ വിളയാടീ! 16

ആയിന്ദ്രനെത്തന്നൊ,രക്ഷ-
യ്ക്കായിപ്പൂർണ്ണാഹുതികളാൽ
കൈവളർപ്പൂ, മേധാവികൾ;
ഭൂവുമെല്ലാം കൊമ്പുപോലെ! 17

ജീവനാകുമാരെസ്സുരർ
മൂവഹസ്സിൽ യാജ്യനാക്കി;
വർദ്ധിപ്പിയ്ക്കുക,സ്മദ്വാക്കാ
നിത്യവർദ്ധകനെത്തന്നേ! 18

സ്തോതാവങ്ങയ്ക്കുക്കും യോജി-
ച്ചോതുന്നതുണ്ടല്ലോ, കാലേ;

---

14. നീർ—സോമരസം. പൂർവതന്ത്രം—പൂർവന്മാരാൽ വിരചിതമായ തന്ത്രം, യജ്ഞം. തന്ത്രുവിന്നു നൂലെന്നും അർത്ഥമുണ്ട്; അതു പരത്തുക—നെയ്യുക.

15. അംബുധി=സമുദ്രം, അല്ലെങ്കിൽ അന്തരിക്ഷം. എന്നാൽ—എവിടെയായാലും. അന്നാട്ടുക്കായ്—സോമം ഭുജിച്ച്.

16. അസ്മദ്വാക്ക്—നമ്മുടെ സ്തുതി.

17. ഒരു വൃക്ഷത്തെ കൊമ്പുകളെപ്രകാരമോ, അപ്രകാരം ഭൂവുമെല്ലാം (സർവലോകങ്ങളും) അധീനങ്ങളായി വർത്തിച്ച്, ഇന്ദ്രനെ കൈവളർത്തുന്നു.

18. ജീവൻ—പ്രാണൻപോലെ പ്രിയതരൻ. മൂവഹസ്സ്—മൂന്നാളിപ്പ്പവികദിനങ്ങൾ. അസ്മദ്വാക്ക്—നമ്മുടെ സ്തുതി. ആ നിത്യവർദ്ധകനെ—സ്തോതാക്കളെ സദാ വളർത്തുന്ന ഇന്ദ്രനെ.

19. പ്രത്യക്ഷോക്തി: യോജിച്ച്—അനുകൂലകർമ്മാവായി. കാലേ—രാ



Digitized By Kerala Sahitya Akademi

അദ്ഭുതൻ, പാവനൻ, ശുദ്ധ്യ-
നദ്ദേഹമെന്നുരചെയ്വിൻ! 19
ആ മരുദ്ബലമേ, പ്രത്നാ-
ധാമങ്ങളിൽപ്പുലരുന്നു:
അത്ര പുകഴ്ത്തുന്നുണ്ടല്ലോ,
ശസ്തജ്ഞാനന്മാരിതിനെ! 20
കൈക്കൊള്ളാമെൻസഖ്യമെങ്കിൽ,
നേക്കുണ്ണുകീ,യന്നം ഭവാൻ:
എന്നാൽക്കടന്നിടുമല്ലോ,
ദ്രുഹ്യരെയെല്ലാമെങ്ങൾ! 21
എന്നാരീവ സുഖിതനാ,-
മിന്ദ്ര, നിന്നെ സ്തുതിപ്പവൻ?
എന്നാ,ശ്വഗോസ്വത്തെങ്ങൾക്ക
തന്നീടും, നീ നുതിസേവിൻ! 22
വാഴ്ത്തപ്പെട്ട വൃഷാശ്വങ്ങൾ
വാർദ്ധകം വരാത്ത നിൻ തേർ
എത്തിയ്ക്കുമേ: ഞങ്ങൾ തുലോം
മത്താളും നിന്നോടർത്ഥിപ്പു. 23
പ്രതാപൂർണ്ണാഹുതിചെയ്തു,-
പ്രഹൃഷ്ടനോടർത്ഥിപ്പു ഞങ്ങൾ:

---

രോ ഋജുവിലും. ഉത്തരാർദ്ധം പരോക്ഷം: അദ്ദേഹം—ഇന്ദ്രൻ. ഉരചെയ്വിൻ—സ്തോതാക്കൾ.

20. പ്രത്നധാമങ്ങൾ—ചിരന്തനങ്ങളായ പൃഥിവ്യാദിസ്ഥാനങ്ങൾ. പുലരുന്നു—വസിയ്ക്കുന്നു. ശസ്തജ്ഞാനന്മാർ=വിശിഷ്ടവിജ്ഞാനന്മാർ. ഇതിനെ—മരുദ്ബലത്തെ.

21. പ്രത്യക്ഷോക്തി: ഈയന്നം—സോമം. എന്നാൽ—ഭവാൻ സോമമുണ്ടാൽ, ഭവാന്റെ പ്രസാദത്താൽ. കടന്നിടും—പുഴ കടക്കുന്നതുപോലെ. ദ്രുഹ്യർ—ദ്രോഹികൾ.

22. നുതിസേവിൻ—സ്തുതികൾ സ്വീകരിയ്ക്കുന്നവനേ.

23. വൃഷാശ്വങ്ങൾ—അഭീഷ്ടവർഷികളായ ഹരികൾ. വാർദ്ധകം വരാത്ത—നിർജ്ജരനായ. എത്തിയ്ക്കുമേ—ഞങ്ങളുടെ അടുക്കൽ. അർത്ഥിപ്പു—ധനം.

Digitized By Kerala Sahitya Akademi

കൊണ്ടാട്ടം ദർഭയിൽ വാണു
രണ്ടുമുണ്ടു, പുരസ്തൻ! 24
വർദ്ധിയ്ക്ക, നീയൃഷികൃത-
സ്തുത്യുക്തിയാൽപ്പുരസ്തുത;
ഇങ്ങോട്ടുതിക്കയുംചെയ്ക-
കെ,ങ്ങൾക്കു ധാരാളമന്നം! 25
ഏവം സ്തുതിപ്പോരു രക്ഷി-
താവു, നീതാനിന്ദ്ര, വജ്രിൻ:
അധ്വരാൽ നേടുവൻ, ഞാനും
സ്തുത്യവാപ്യം ത്വൽപ്രസാദം! 26
കൂടെത്തപ്പിയ്ക്കേണ്ടും ധന-
പ്രൌഢരാമാ ഹരികളെ
നന്നായ്പ്പൂട്ടി വരികി,ങ്ങോ-
ട്ടിന്ദ്ര, സോമം കുടിപ്പാൻ നീ! 27
നേരേ പോരു സവനത്തിൽ-
ച്ചേരട്ടേ, നിൻ മരുത്തുക്കൾ;
രുദ്രപുത്രസമേതരാ-
മദ്ദിവ്യരുമന്നത്തിന്നായ്! 28
ഇന്ദ്രൻെറയാളുകളാമി-
സ്വർന്നിവാസർ നിഹന്താക്കൾ
യജ്ഞവേദിയണയുന്നു,
വിജ്ഞാനം മേ വരുമാറായ്! 29

---

24. പ്രത്നം—പണ്ടേ ഉള്ളത്. പ്രഷ്ഠൻ=ശ്രേഷ്ഠൻ. രണ്ടും—സോമവും, പുരോഡാശാദിയും.

25. ഋഷികൃതസ്തുത്യുക്തി=ഋഷിമാരാൽ രചിയ്ക്കപ്പെട്ട സ്തുതി.

26. അധ്വരാൽ=യജ്ഞത്താൽ. സ്തുത്യവാപ്യം=സ്തുതികൊണ്ടു നേടേണ്ടത്.

27. കൂടെ—ഭവാനോടൊന്നിച്ച് ധനപ്രൌഢർ—ധാരാളം ധനമുള്ളവ. പൂട്ടി—തേർമുന്നിൽ ബന്ധിച്ച്.

28. നിൻ—ഭവാൻെറ ആൾക്കാരായ. ദിവ്യർ—ദേവകൾ. അന്നത്തിന്നായ്—ഹവിസ്സുണ്ണാൻ.

29. സ്വർന്നിവാസർ=സ്വർഗ്ഗത്തിൽ വസിയ്ക്കുന്നവർ. നിഹന്താക്കൾ—ശത്രുക്കളെ കൊല്ലുന്നവർ.

Digitized By Kerala Sahitya Akademi

ശാലയിങ്കൽ യാഗം തുട-
ന്നാല,വിടുന്നാ യജ്ഞത്തെ
നോക്കിനടത്തുമേ, ക്രമാൽ
ദീർഘമായ ഫലത്തിനായ്! 30

വർഷി,യീ നിൻത്തേരിന്ദ്ര;
വർഷികളാം, നിൻഹരികൾ;
വർഷി,ഭവാൻ; ശതക്രതോ,
വർഷിതന്നേ, വിളിയ്ക്കലും! 31

വർഷി,യമ്മി; വർഷി, മദം;
വർഷി,യിപ്പിഴിഞ്ഞ സോമം;
വർഷി, ഭവാനെത്തും യജ്ഞം;
വർഷിതന്നെ, വിളിയ്ക്കലും! 32

വർഷി നിന്നെ വിളിയ്ക്കുന്നോൻ,
വർഷിയാം ഞാൻ ബഹുസ്തുത്യാ:
വജ്രിൻ, സ്തുതി, കേൾക്കുമല്ലോ,
വർഷി,യാഹ്വാതവ്യൻ ഭവാൻ! 33

---

സൂക്തം 14.

കണ്വഗോത്രരായ ഗോസൂക്തിയും അശ്വസൂക്തിയും ഋഷികൾ; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

ഇന്ദ്ര, ഭവാൻ പോലേ, ധന-
വൃന്ദത്തിനു ഞാനൊരാഢ്യേ

---

30. അവിടുന്ന്—ഇന്ദ്രൻ.

31. വർഷി—അഭീഷ്ടങ്ങളെ വർഷിയ്ക്കുന്നത്. വിളിയ്ക്കലും വർഷിതന്നെ—അങ്ങയെ വിളിച്ചവർക്ക് അഭീഷ്ടങ്ങൾ പെയ്തുകിട്ടും.

32. അമ്മി—സോമലത ചതയ്ക്കുന്ന.

33. വർഷി നിന്നെ—അഭീഷ്ടങ്ങളെ വർഷിയ്ക്കുന്നവനായ നിന്നെ. വർഷിയാം—ഹവിസ്സുകളെ വർഷിയ്ക്കുന്ന. ബഹുസ്തുത്യാ—ബഹുവിധസ്തുതികൊണ്ട്,

Digitized By Kerala Sahitya Akademi

നാഥനാകുമെങ്കിൽ, മമ
സ്തോതാവു ഗോക്കളെ നേടും! 1
ഇദ്ധീമാനു നല്കുന്നതിൽ
ശ്രദ്ധവെയ്ക്കും, കൊടുത്തീടും,
ഗോകുലത്തിനുടമസ്ഥ-
നാകുകിൽ ഞാൻ ശചീപതേ! 2
നിങ്കൽച്ചെയ്യും നതിയിന്ദ്ര,
നീർ പിഴിഞ്ഞ യഷ്ടാവിനെ
കൈവളർത്തും പയ്യായ്ത്തീന്നു
ഗോവാജിയെച്ചുരത്തുമേ! 3
സനുതനാം ഭവാൻ സ്വത്തെ-
ന്തൊന്നു നല്കാനൊരുങ്ങുമോ,
ആ വിത്തം വിലക്കാനിന്ദ്ര,
ദേവനില്ല, മത്ത്യനില്ല! 4
ഇന്ദ്രനെ വളത്തീ യജ്ഞഃ-
മെന്നതിനാലത്രേ, ഇവൻ
സ്വന്തം വീര്യം വാനിൽപ്പാകി,
സ്വാസ്ഥയാക്കി, ധരിത്രിയെ! 5
വിത്തമെല്ലാം വെന്നടക്കി
വദ്ധിയ്ക്കും നിന്തിരുവടി
കാത്തുരക്ഷിയ്ക്കണമെന്നായ്
പ്രാത്ഥിയ്ക്കുന്നു, ഞങ്ങളിന്ദ്ര! 6

---

സൂക്തം 14.

1. എനിയ്ക്കു പണം ധാരാളമുണ്ടാകുമെങ്കിൽ, എന്നെ സ്തുതിയ്ക്കുന്നവക്ക് ഞാൻ ഗോക്കളെ കൊടുക്കും.

2. മുൻ ഋക്കിലേതുതന്നെ, വിഷയം: ധീമാൻ—സ്തോതാവ്.

3. ഗോവാജിയെ—ഗോക്കളെയും വാജിക(അശ്വങ്ങ)ളെയും. അങ്ങയെ സ്തുതിച്ചാൽ, ഗവാശ്വാദികളെ കിട്ടും.

4. സനുതൻ=വഴിപോലെ സ്തുതിയ്ക്കപ്പെട്ടവൻ. അങ്ങയുടെ ദാനം ആരും തടയില്ല.

5. യജ്ഞം ഇന്ദ്രനെ വളത്തുന്നു; അതിനാലാണ്, ഇവൻ (ഇന്ദ്രൻ) സ്വവീര്യം വാനിൽപ്പരത്തിയതും, വൃഷ്ട്യാദിയാൽ ഭൂമിയെ സ്വാസ്ഥ്യപ്പെടുത്തിയതും.

6. വിത്തം—ശത്രുക്കളുടെ ധനം.

Digitized By Kerala Sahitya Akademi

സോമത്തിന്റെ ലഹരിയിൽ,
ശ്രീമത്താമന്തരിക്ഷത്തെ
ആവതോളം പരത്തിനാ,-
നാ വലനെപ്പിളത്തിന്ദ്രൻ! 7
വൻഗുഹയിലടച്ച ഗോ-
സംഘത്തെ വെളിപ്പെടുത്തി
അംഗിരസ്സുകൾക്കേകി;
മൺകപ്പിച്ചു, വലനെയും! 8
വിൺനാടിൻ തിളക്കങ്ങളെ-
യൊന്നാകെബ്ബലപ്പെടുത്തി,
കെട്ടാപ്പാലിളകാത്ത
മട്ടിൽ നിറുത്തിനാനിന്ദ്രൻ! 9
തണ്ണീരല തത്തിപ്പൊങ്ങും
വണ്ണം തുളുമ്പുന്നു, നുതി;
നിന്നുടെയ മത്തുകളും
മിന്നിത്തിളങ്ങുന്നുണ്ടിന്ദ്ര! 10
സ്തുത്യുച്ചാരാൽ വർദ്ധനീയ,—
നുക്ഥംകൊണ്ടും വർദ്ധനീയൻ,
സ്തോതാക്കൾക്കാക്കിന്നു, ശുഭ-
ധാതാവുമാണല്ലോ, ഭവാൻ! 11
സശിപ്രനാമീയിന്ദ്രനെ-
യധ്വരത്തിൽസ്സോമമുണ്ണാൻ
എത്തിയ്ക്കട്ടേ, സടത്തഴ-
പ്പൊത്ത രണ്ടു കുതിരകൾ! 12

---

7. വലൻ—പണികളെന്ന അസുരന്മാരുടെ സ്വാമി.
8. മൺകപ്പിച്ചു—കമിഴ്ത്തിവീഴിച്ചു കൊന്നു.
9. വിൺനാടിൻ തിളക്കങ്ങൾ—നക്ഷത്രങ്ങൾ.
10. നുതി—അങ്ങയെക്കുറിച്ചുള്ള സ്തോത്രം.
11. സ്തുത്യുച്ചാരാൽ=സ്തോത്രോച്ചാരണത്താൽ. ശുഭധാതാവ്=മംഗളകരൻ.
12. സശിപ്രൻ=ശോഭനധനൻ. സടത്തഴപ്പ്—തഴച്ച കുഞ്ചിരോമങ്ങൾ. രണ്ടു കുതിരകൾ—ഹരികൾ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, കടൽനുരയൊന്നാ-
ലന്നമുചിയുടെ തല
വെട്ടിത്തെറിപ്പിച്ചു; പക
പെട്ടവരെ വെന്തു, ഭവാൻ! 13
മായകൾകൊണ്ടുന്മദന്മാ-
രായിത്തീൎന്നു വിണ്ണിൽക്കേറാൻ
വന്ന ദസ്യുക്കളെബ്ഭവാ-
നിന്ദ്ര, മണ്ണുകപ്പിച്ചല്ലോ! 14
സോമപാനംകൊണ്ടുൽക്കൃഷ്ട-
ധാമാവായിച്ചമഞ്ഞു നീ
ഒന്നൊന്നായോടിച്ചോട്ടുക്ക,-
മിന്ദ്ര, പിഴിയാത്തവരെ! 15

---

സൂക്തം 15.

ഋഷിദേവതകൾ മുമ്പേത്തവ; ഉഷ്ണിക്ക് ഛന്ദസ്സ്.

('ദ്വാരകാമന്ദിരം' പോലെ)

പാടുവി,നാപ്പുരുസ്തുത-
നായ പുരുഹൂതന്നായ്ത്താൻ—
ഇന്ദ്രനായ പെരിയോനെ-
സ്സന്നുതിയാൽസ്സേവിയ്ക്കുവിൻ! 1

---

13. പണ്ടു യുദ്ധത്തിൽവെച്ച് ഇന്ദ്രൻ നമുചി എന്ന അസുരത്തലവന്റെ പിടിയിൽപ്പെട്ടുപോയി. അവൻ ഇന്ദ്രനോടു പറഞ്ഞു:—'രാത്രിയിലും പകലിലും, ഉണങ്ങിയ ആയുധംകൊണ്ടും, നനവുള്ള ആയുധംകൊണ്ടും ഭവാൻ എന്നെ കൊല്ലില്ലെങ്കിൽ, ഞാൻ വിട്ടയയ്ക്കാം' ഇന്ദ്രൻ അതു സമ്മതിച്ചു വിടുതി നേടിയിട്ട്, അഹോരാത്രസന്ധിയിൽ (സന്ധ്യാസമയത്ത്) ശുഷ്കവും ആർദ്രവുമല്ലാത്ത ഒരു കടൽനുരകൊണ്ടു നമുചിയുടെ തലയറുത്തു. പക പെട്ടവരെ—ശത്രുക്കളെ, അസുരന്മാരെ.

14. ദസ്യുക്കൾ—അസുരന്മാർ.

15. ഉൽക്കൃഷ്ടധാമാവ്=ഉൽക്കൃഷ്ടമായ തേജസ്സുള്ളവൻ. പിഴിയാത്തവരെ—സോമം പിഴിയാത്തവരെ, യജ്ഞരഹിതരെ.

സൂക്തം 15.

1. സ്തോതാക്കളോട്: പാടുവിൻ—സ്തോത്രം. സേവിയ്ക്കുവിൻ—പരിചരിയ്ക്കുവിൻ.

Digitized By Kerala Sahitya Akademi

രണ്ടിൻ മേലാളാമിവന്റെ
വൻകെല്പല്ലോ, വാനൂഴിയെ
നിർത്തി, പായും മലയെയും,
നീർകളെയും വീര്യത്തിനാൽ! 2
ആ നീ പുരുസ്തുത, പുരാ-
നാണിന്ദ്ര: നീയൊറ്റയ്ക്കുതാൻ
ശത്രുക്കളെക്കൊന്നൊടുക്കും,
സ്വത്തും പേരും കയ്യടക്കാൻ! 3
വജ്രിൻ, പോരിൽക്കീഴമർത്തും;
വർഷിച്ചീടു;-മിടം തീർക്കും—
ഇത്ഥം ഹരിസേവ്യമാം നിൻ
മത്തിനെ വാഴ്ത്തുന്നു, ഞങ്ങൾ: 4
ഈയാഹ്ലാദത്താലല്ലോ, നീ-
യായുവിന്നും മനുവിന്നും
ദ്യുവെളിച്ചം കിട്ടിച്ചതും,
യാഗേ കോയ്മ വഹിപ്പതും! 5
ഇന്നുമുണ്ടതിനെപ്പുക-
ഴ്ത്തുന്നു, മുന്നെപ്പോലുക്ഥികൾ;
വെല്ക നിത്യം, വൃഷപത്നി-
മാർകളാം തണ്ണീർകളെ നീ! 6
നിന്റെയാ വൻവീര്യത്തെയും,
നിൻകെല്പിനെ, കർമ്മത്തെയും,
മൂർച്ചപ്പെടുത്തുന്നു, മേന്മ
വായ്ച വജ്രത്തെയും സ്തുതി! 7

---

2. രണ്ടിൻ—സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും. ഇവൻ—ഇന്ദ്രൻ. പായും മല—പറന്നിരുന്ന പർവതങ്ങൾ.

3. സ്വത്തും പേരും—ശത്രുക്കളുടെ ധനവും യശസ്സും.

4. കീഴമർത്തും—ശത്രുക്കളെ. വർഷിച്ചീടും—അഭീഷ്ടങ്ങളെ. ഇടം തീർക്കും=സ്ഥാനം നിർമ്മിക്കും. ഇത്ഥം—ഇങ്ങനെയുള്ള. ഹരിസേവ്യം=ഹരികളാൽ, ഇരുകുതിരകളാൽ സേവ്യം.

5. ആഹ്ലാദം—മത്ത്. ആയു—ഉർവശീപുത്രനായ രാജാവ്. യാഗേ=യജ്ഞത്തിൽ.

6. ഉക്ഥികൾ—ഉക്ഥം ചൊല്ലുന്നവർ. വൃഷപത്നിമാർകൾ=പർജ്ജന്യന്റെ പത്നിമാർ. വെല്ക—സ്വായത്തങ്ങളാക്കുക.

Digitized By Kerala Sahitya Akademi

ദ്യോവു നിൻകെല്പുയൎത്തുന്നു,
ഭൂവു നിൻകീൎത്തിയുമിന്ദ്ര;
നിന്നെ പ്രീതിപ്പെടുത്തുന്നു,
തണ്ണീർകളും മലകളും! 8

നിന്നെ മഹാൻ, വസു വിഷ്ണു,
നിന്നെ മിത്രൻ വരുണനും
വൎണ്ണിയ്ക്കുന്നു; മത്താടുന്നു,
നിന്നോടൊപ്പം മരുദ്ബലം! 9

ഇന്ദ്ര, നീ വിണ്ണോരിൽവെച്ചു
വൻദാതാവായ് വെളിപ്പെടും;
സംവഹിയ്ക്കും, വൃഷാവു നീ
സത്സന്താനധനമെല്ലാം! 10

ഒററയ്ക്കു നീയമിത്രരെ-
യൊപ്പം കൊല്ലും, പുരുസ്തുത:
ഇത്രയേറെത്തൊഴിൽ ചെയ്യാ-
നിന്ദ്രനല്ലാതില്ലൊ,രുത്തൻ! 11

എങ്ങു നിന്നെ രക്ഷയ്ക്കോരോ
ഭംഗ്യാ വാഴ്ത്തി വിളിയ്ക്കുമോ;
അങ്ങിന്ദ്ര, വെല്കപ്പേരെയു-
മെങ്ങൾതൻ നേതാക്കൾക്കായ് നീ! 12

---

8. ഉയൎത്തുന്നു—വളൎത്തുന്നു.

9. വസു=വാസയിതാവ്, ലോകത്തെ വസിപ്പിയ്ക്കുന്നവൻ. വൎണ്ണിയ്ക്കുന്നു—സ്തുതിയ്ക്കുന്നു.

10. സത്സന്താനധനമെല്ലാം—നല്ല സന്താനങ്ങളെയും സമ്പത്തുകളെയുമെല്ലാം സംവഹിയ്ക്കും—സ്തോതാക്കൾക്കു കൊടുക്കാൻ കയ്യിൽവെയ്ക്കും.

11. തൊഴിൽ—വൃത്രവധാദികൎമ്മം.

12. ഓരോ ഭംഗ്യാ—ബഹുവിധമായി. അങ്ങ്—ആ യുദ്ധത്തിൽ. എല്ലാപ്പേരെയും—ശത്രുക്കളെയെല്ലാം. നേതാക്കൾ—സ്തോതാക്കൾ.



Digitized By Kerala Sahitya Akademi

നമ്മാംക്ക വൻഗൃഹത്തിന്നായ്,
നന്മയെല്ലാം വർണ്ണിച്ചോറം
മോദിപ്പിയ്ക്ക, വെൽവാൻ, ശചീ-
നാഥനാകുമിന്ദ്രനെ നീ! 13

---

സൂക്തം 16.

കണ്വഗോത്രൻ ഇരിംബിഠി ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

വാഴ്ത്തപ്പെടേണ്ടും മനുജപ്പെരുമാളാകുമിന്ദ്രനെ
സ്തുതിപ്പിൻ, കീഴമച്ചോനെ, നേതാവിനെ, വദാന്യനെ! 1
ഇവങ്കലല്ലോ വിളയാടുന്നു, ശസ്ത്രങ്ങളൊക്കയും,
അന്നങ്ങളും, സമുദ്രത്തിൽത്തണ്ണീരലകാംപോലവേ. 2
ചെമ്മേ വാഴ്ത്തിബ്ഭജിയ്ക്കുന്നോനാ ശ്രേഷ്ഠത്തമ്പുരാനെ ഞാൻ
പോരിൽ വൻതൊഴിൽചെയ്യോനെ,ബ്ബലവാനെദ്ധനത്തിനായ്. 3
ഗഭീരവും, താരകവും, വിശാലവു,മന്ദനവും
യുദ്ധത്തിലിമ്പമുള്ളൊന്നുമല്ലോ, തൻെറ മദോദയം! 4
സ്വത്തടക്കപ്പെടേണ്ടുമ്പോളിവനെത്തന്നെയാളുകാം
വിളിച്ചു, കൂട്ടിപ്പറയാ;-നാരിലിന്ദ്ര,നവൻ ജയി! 5
ഇന്ദ്രനെത്തന്നെ സേവിച്ചുമിന്ദ്രനെത്തന്നെ വാഴ്ത്തിയും
മേലാളാകുന്നു, മനുജ;-രവിടുന്നേകുമേ ധനം! 6

---

13. സ്തോതാവിനോട്: നന്മ—ഇന്ദ്രൻെറ ഗുണഗണം. വെല്വാൻ—ശത്രുധനമടക്കാൻ.

സൂക്തം 16.

1. സ്തോതാക്കളോട്: കീഴമച്ചോനെ—ശത്രുക്കളെ.

2. ശസ്ത്രങ്ങാം—ഉക്ഥങ്ങാം.

3. വൻതൊഴിൽ—വൃത്രവധവും മററും. ധനത്തിനായ്—ധനം കിട്ടാൻ.

4. താരകം—ശത്രുക്കളെ പിന്നിടുവിയ്ക്കുന്നത്. തൻെറ—ഇന്ദ്രൻെറ. മദോദയം—സോമപാനലഹരി.

5. സ്വത്ത്—ശത്രുധനം. കൂട്ടിപ്പറയാൻ—കവിഞ്ഞ പ്രശംസയ്ക്ക്. ആരിൽ—ആരുടെ പക്കിൽ, ജയി—ജയവാനാകും, ജയിയ്ക്കും.

6. ഏകുമേ—സ്തോതാക്കാംക്ക്.

Digitized By Kerala Sahitya Akademi

മികച്ചനില്ക്കുവോനിന്ദ്ര;–നൃഷി,യിന്ദ്ര;–നനേകരാൽ
തുലോം വിളിയ്ക്കപ്പെട്ടവോൻ; മഹാകർമ്മങ്ങളാൽ മഹാൻ! 7
അവൻ സ്തുത്യന,വൻ സത്യൻ, വിളിയ്ക്കപ്പെട്ടിടേണ്ടവൻ,
തളർത്തുവോൻ, ഭൂരികർമ്മാ,–വൊററയ്ക്കേ കീഴമപ്പവൻ! 8
ആയിന്ദ്രനെ യജുർഗ്ഗീരാല,വനെസ്സാമസൂക്തിയാൽ,
അവനെപ്പല ഗായത്രത്താലുയർത്തുന്നു, സൂരികൾ! 9
നേരേ ധനം കൊണ്ടുവരും; വെളിച്ചമരുളും, രണേ;
പോരാടിപ്പററലർകളെക്കീഴടക്കും ശരിയ്ക്കുവൻ. 10
പൂർത്തിപ്പെടുത്തുമായിന്ദ്രൻ പുരുഹൂതൻ യഥാസുഖം
തോണികൊണ്ടു കടത്തട്ടേ, നമ്മെ മാററാരെയൊക്കയും! 11
അബ്ഭുവാനിന്ദ്ര, കല്പിച്ചുതരികെങ്ങൾക്കു കെല്പിനാൽ;
കാംക്ഷിയ്ക്കു, വഴി കാട്ടാനു;–മെത്തിയ്ക്കു, സുഖമെങ്ങളിൽ! 12

---

സൂക്തം 17.

ഋഷിദേവതകൾ മുമ്പേത്തവ; ഗായത്രിയും ബൃഹതിയും
സതോബൃഹതിയും ഛന്ദസ്സുകൾ.

('ദ്വാരകാമന്ദിരം' പോലെ)

ഇന്ദ്ര, വരികെ:—ങ്ങൾ പിഴി–
യുന്നുണ്ടല്ലോ, ഭവാനായി;
ഇസ്സോമം കുടിയ്ക്കുകെ,ൻെറ–
യിദ്ദർഭയിലിരുന്നാലും! 1

---

7. ഋഷി—വിശദദർശി. അനേകർ—വളരെയാളുകൾ.

8. തളർത്തുവോൻ, കീഴമപ്പവൻ—ശത്രുക്കളെ.

9. യജുർഗ്ഗീരാൽ—യജുർമ്മന്ത്രംകൊണ്ട്. ഗായത്രം—ഗായത്രീച്ഛന്ദസ്സിലുള്ള മന്ത്രം.

10. വെളിച്ചം—ജയമെന്നർത്ഥം.

11. തോണി—തുണ.

12. കല്പിച്ചുതരിക—ധനം.

Digitized By Kerala Sahitya Akademi

മന്ത്രംകൊണ്ടു പൂട്ടും, സട
മുന്തിയ രണ്ടശ്വം നിന്നെ
കൊണ്ടുപോന്നീടട്ടേ: ചെവി-
ക്കൊണ്ടാലും, വനാസ്മൽസ്തോത്രം! 2
സോമികരാം ബ്രാഹ്മണരെങ്ങരാം
സോമം കുടിപ്പോനാം നിന്നെ,
ചോരുംവണ്ണം വിളിയ്ക്കുന്നു,
നീരു പിഴിഞ്ഞുവെച്ചിന്നു! 3
നന്നായ്പ്പിഴിഞ്ഞ ഞങ്ങളിൽ
വന്നെ,ങ്ങരാംതൻ നൽസ്തുതികരാം
കേട്ടു, സോമം നുകർന്നാലും,
ശ്രേഷ്ഠത്തൊപ്പിവെച്ച ഭവാൻ! 4
നിളെപ്പുകരുന്നോൻ, മധു
നിന്നിരുത്തക്ഷികളിൽ:
അംഗങ്ങളിലോടട്ടെ,യി-
തംഗീകരിയ്ക്കു, നീ നാക്കാൽ! 5
രമ്യമാവുക,വിടെയ്ക്കും
നിന്മെയ്യിന്നും നറുംസോമം;
സന്ദാതാവാം നിൻനെഞ്ചിന്നും
സഞ്ജനിപ്പിയ്ക്കട്ടേ, സൌഖ്യം! 6
പാൽമുതലായവ ചേർന്ന
സോമമിതു സ്വദ്രഷ്ടാവേ,

---

സൂക്തം 17.

2. സട മുന്തിയ—മികച്ച കുഞ്ചിരോമമുള്ള. രണ്ടശ്വം—ഹരികരാം. അസ്മൽസ്തോത്രം=ഞങ്ങളുടെ സ്തുതി.

3. സോമികരാം=സോമസഹിതർ.

5. മധു—സോമനീർ. ഇരുത്തക്ഷികരാം—വാർത്ത്രഘ്നം, മാഘോനം എന്നു രണ്ടു വയറുണ്ടത്രേ, ഇന്ദ്രന്ന്; അഥവാ, മേൽവയറും, അടിവയറും. ഇത് (സോമനീർ) നാക്കാൽ അംഗീകരിയ്ക്കു—നുകരുക.

6. സഞ്ജനിപ്പിയ്ക്കു=ഉളവാക്കുക,

Digitized By Kerala Sahitya Akademi

ഇന്ദ്ര, നിങ്കൽദ്ദയിതമാ_
രെന്നപോലെയണയട്ടെ! 7

ശുംഭദ്ഭുജൻ, പൃഥുകണ്ഠൻ,
കുമ്പയുമുള്ളവനിന്ദ്രൻ
സോമമത്തിലത്രേ, ശത്രു_
സ്തോമത്തെക്കൊന്നൊടുക്കുന്നു! 8

കെല്പാൽ വിശപ്പെരുമാളായ്_
നില്പോനാം നീയിന്ദ്ര, മുന്നിൽ
വന്നെത്തുക: വൃത്രവൈരിൻ,
കൊന്നൊടുക്ക, രിപുക്കളെ! 9

നീളട്ടേ, നിൻപള്ളിത്തോട്ടി:
നീയിതൊന്നുകൊണ്ടാണല്ലോ,
നീരു പിഴിയുന്ന യജ്ഞ_
കാരനോകുന്നതു, ധനം! 10

ഇന്ദ്ര, ഭവാന്നിതാ, സോമം
നന്നാക്കിദ്ദർഭയിൽ വെച്ചു:
വന്നെത്തുകൊ,ന്നോടുകി,പ്പോ_
ളിന്നീർ കുടിയ്ക്കുക, ഭവാൻ! 11

ഖ്യാതദ്യുതേ, ഖ്യാതാർച്ചന,
നീർ തവ സൌഖ്യത്തിന്നിതാ:
എന്നതിനാൽ വിളിയ്ക്കുന്നു,
നന്നായ് നിന്നെയാഖണ്ഡല! 12

---

7. സുദ്രഷ്ടാവ്—വഴിപോലെ കാണുന്നവൻ. ദയിതമാർ—വെള്ളവസ്ത്രം ധരിച്ച ഭാര്യമാർ എന്നർത്ഥം: ഉപമേയമായ സോമം പാലും മററും ചേർന്നതാണല്ലോ.

8. കുമ്പ—വളരെസ്സോമമൊതുങ്ങുന്ന വലിയ വയർ. ശത്രുസ്തോമം=വൈരിവൃന്ദം.

9. മുന്നിൽ—ഞങ്ങളുടെ മുമ്പിൽ.

10. തോട്ടി=അങ്കുശമെന്ന ആയുധം. യജ്ഞകാരൻ=യജമാനൻ.

11. നന്നാക്കി—അരിച്ചു വെടുപ്പുവരുത്തി.

12. ഖ്യാതം=പ്രസിദ്ധം. ഇതാ—പിഴിഞ്ഞുവെച്ചിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

നിന്നുടെ രക്ഷകമായ
കണ്വപായ്യക്രതുവിങ്കൽ
ഭംഗ്യാ മനംവെച്ചിരുന്നു,
ശൃംഗവൃഷാവിൻെറ സൂനോ. 13

വാസ്തോഷ്പതേ, തൂണുറയ്ക്കു;
മൈത്രാണം നേടുക,യധ്വരി;
നൈകപുരഭേദി സഖാ-
വാകൃ,ഷിമാക്കിന്ദ്രൻ, സോമി! 14

സപ്പംപോലേ തല പൊക്കി-
നില്പോൻ, യാജ്യൻ, ഗോലംഭകൻ,
ഒററയ്ക്കുതാനനേകരെ-
യിട്ടമപ്പോൻ, ഭരിപ്പവൻ—
ആയിന്ദ്രനെസ്സോമമുണ്മാ-
നായിട്ടൊ,രശ്വത്തെപ്പോലെ
കൊണ്ടുവരുന്നിതു, മുന്നിൽ
മണ്ടിച്ചെല്ലും പിടുത്തത്താൽ! 15

---

സൂക്തം 18.

ഇരിംബിഠി ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; ആദിത്യരും അശ്വികളും അഗ്നിയും
സൂയ്യനും വായുവും ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

ഇപ്പോഠംത്തന്നേ തീച്ചയായു-
മഭ്യത്ഥിയ്ക്കുവേണം, മത്ത്യൻ,

---

13. നിന്നുടെ—ഭവാനുള്ള. കണ്വപായ്യം—ഒരു യാഗം. ഭംഗ്യാ—വഴിപോലെ. വെച്ചിരുന്നു—കണ്വപായികളെന്ന ഋഷിമാർ. ശൃംഗവൃഷാവ്—ഒരു ഋഷി; ഇന്ദ്രൻ ഇദ്ദേഹത്തിൻെറ പുത്രനായി അവതരിച്ചപോൽ.

14. വാസ്തോഷ്പതി=ഗൃഹപതി, ഇന്ദ്രൻ. തൂണൊറയ്ക്കു—അധ്വരിയുടെ, യജമാനൻെറ, ഗൃഹസ്തംഭം ഉറപ്പിൽ നില്ക്കട്ടെ, ഗൃഹം വീഴാതിരിയ്ക്കട്ടെ. മൈത്രാണം=അംഗരക്ഷ. ഉത്തരാദ്ധം പരോക്ഷോക്തി: നൈകപുരഭേദി=അനേകശത്രുനഗരങ്ങഠം പിളത്തവൻ, ഇന്ദ്രൻ ഋഷിമാക്ക്—ഞങ്ങഠംക്ക്. സോമി=സോമവാൻ.

15. ഗോലംഭകൻ—അംഗിരസ്സുകഠംക്ക ഗോക്കളെ കിട്ടിച്ചവൻ. അനേകരെ—വളരെശ്ശത്രുക്കളെ. ഭരിപ്പവൻ—ലോകത്തെ. മണ്ടിച്ചെല്ലും പിടുത്തം—ക്ഷിപ്രഗാമിയായ സ്തോത്രം. സ്തോതാവ് ഇന്ദ്രനെ, ഒരശ്വത്തെയെന്നപോലെ, സ്തോത്രത്താൽ വലിച്ചു മുമ്പിൽ കൊണ്ടുവരുന്നു.

Digitized By Kerala Sahitya Akademi

പുത്രൻ സുഖമീയാദിത്യർ
ചിത്തം തെളിഞ്ഞരുളുവാൻ! 1

ഇയ്യാദിത്യർതൻ മാൎഗ്ഗങ്ങൾ-
ക്കില്ലെതിപ്പു,മില്ലിടിവും;
ആകയാലപ്പാലകങ്ങൾ
സൌഗമ്യത്തെ വളൎത്തട്ടേ! 2

മിത്രൻ, സവിതാവു, ഭഗ,-
നൎയ്യമാവു, വരുണനും
തന്നരുളുകെ,ങ്ങൾ യാചി-
ക്കുന്ന വിശാലമാം ഗൃഹം! 3

ഭൂരിപ്രിയേ, സുസുഖരാം,
സൂരിവാനോരുമായ്ച്ചെമ്മേ
വന്നാലു,മദിതേ, ദേവി,
നിൎന്നിരോധഭരണേ, നീ! 4

അധ്വംസകരദിതിതൻ
പുത്രരുരുക്രിയരവർ
പോക്കാൻ പൊന്നോരല്ലോ, വിദ്വേ-
ഷ്ടാക്കളെയും ദുഷ്ടരെയും. 5

അല്ലിലദിതിമാടിനെ-
യഹ്നി നേരുറോളദിതി
പാൎത്തുരക്ഷിയ്ക്കട്ടെ, നിത്യം
പാപത്തിൽനിന്നു നമ്മെയും! 6

---

സൂക്തം 18.

2. എതിപ്പും ഇടിവും—ശത്രുകൃതമായ നിരോധവും ഉപദ്രവവും. അപ്പാലകങ്ങൾ—രക്ഷകങ്ങളായ മാൎഗ്ഗങ്ങൾ. സൌഗമ്യം=സുഗമത.

4. സൂരിവാനോരുമായ്—പ്രാജ്ഞരായ, സ്വപുത്രരായ ദേവന്മാരോടുകൂടി. നിൎന്നിരോധഭരണേ—നിൎബ്ബാധമായി ഭരണം നടത്തുന്നവളേ.

5. അധ്വംസകർ—രക്ഷകന്മാർ. ഉരുക്രിയർ=വിശാലകൎമ്മാക്കൾ. വിദ്വേഷ്ടാക്കൾ— ദ്രോഹികൾ.

6. അദിതി മാടിനെ, നമ്മുടെ നാല്ക്കാലികളെ, അല്ലിലും അഹസ്സിലും പാൎത്തുരക്ഷിയ്ക്കട്ടെ. നേരുറോൾ—നിഷ്കപട.

Digitized By Kerala Sahitya Akademi

ആദ്ധ്യേയയദിതി കാപ്പാ-
നാഗമിയ്ക്ക, പകൽ നമ്മിൽ:
ചേക്കക, ശാന്തിദസൌഖ്യം;
പോക്കക, വിദ്വേഷികളെ! 7

അദ്ദേവവൈദ്യന്മാർ നമു-
ക്കശ്വികൾ നല്കട്ടേ, സുഖം;
പാപമകലത്താക്കട്ടേ;
പായിയ്ക്കട്ടേ, പററലരെ! 8

അഗ്നി, സാഗ്നി നല്ക ശമ,-
മക്കൻ നമുക്കിളംചൂട്ടം;
വായു സുഖമായ് വീശുക;
പായിയ്ക്ക, മാററാരെ സ്വച്ഛൻ! 9

പോക്കുവിൻ, രോഗത്തെ,പ്പീഡ
ചേക്കുവോനെ,ദ്ദുഷ്ടനെയും;
ആദിത്യരേ, പാപത്തിൽനി-
ന്നാമോചിപ്പിപ്പിനെ,ങ്ങളെ! 10

പായിപ്പിനെ,ങ്ങളിൽനിന്നു
പാപനെ,ദ്ദുർമ്മതിയെയും;
വിദ്വേഷിയെയകററുവിൻ,
വിശ്വജ്ഞരാമാദിത്യരേ! 11

പാപങ്ങളിൽനിന്നോതൊന്നോ
പാപിയെയും വേർപെടുത്തും
അസ്സുഖമേകുവിനെ,ങ്ങൾ-
ക്കാദിത്യരേ, സുദാനരേ! 12

---

7. ധ്യേയ=ധ്യാനിയ്ക്കപ്പെടേണ്ടുന്നവൾ.

8. സുഖം—രോഗശമനം.

9. സാഗ്നി—സ്വവിഭൂതികളായ അഗ്നികളോടുകൂടിയവൻ. ശമം—രോഗശാന്തി. സ്വച്ഛൻ—പാപരഹിതൻ.

10. പീഡ ചേക്കുവോൻ—ദ്രോഹി. ആമോചിപ്പിപ്പിൻ=വിട്ടുവിയ്ക്കുവിൻ.

11. പാപൻ—ഹിംസകൻ. വിശ്വജ്ഞർ=എല്ലാമറിഞ്ഞവർ.

12. പാപിയെയും—സ്തുതിച്ചാൽ പാപിയെപ്പോലും.

Digitized By Kerala Sahitya Akademi

ആരെങ്ങളെയരക്കനാ-
യാടൽപ്പെടുത്തുവാൻ നോക്കം
അന്നാരൻ നശിച്ചുപോട്ടേ,
തൻനടപ്പാൽത്തന്നേ മാഴ്കി! 13
ആരെങ്ങൾക്ക ദുഷ്ടീഢക,-
നാരിരട്ടത്തരക്കാരൻ;
ചോരട്ടെ,യാപ്പുകൾ കെട്ട
വൈരിമനുഷ്യകൽപ്പാപം! 14
ഉള്ളം രണ്ടുള്ളവനെയു,-
മല്ലാത്ത മനുഷ്യനെയും
പാർത്തറിയും, പകൽർ നിങ്ങൾ
പാപ്പിപ്പോരാം ദേവന്മാരേ! 15
അദ്രിജലങ്ങൾതൻ സുഖ-
വൃത്തി വരിയ്ക്കുന്നു, ഞങ്ങൾ
വാനേ, മന്നേ, ഞങ്ങളിൽനി-
ന്നേനസ്സകററുവിൻ, നിങ്ങൾ! 16
നിങ്ങളുടെ തോണിയാലാ
നിങ്ങളയി വസുക്കളേ,
ശോഭനസുഖമെങ്ങളെ-
പ്പാപമെല്ലാം കടത്തുവിൻ! 17
ഞങ്ങളുടെ പുത്രപൌത്ര-
ക്കിങ്ങുയിർക്കൊള്ളുവാൻ ചെമ്മേ

---

13. അരക്കനായ്—രാക്ഷസരൂപിയായി.

14. ദുഷ്ടീഢകൻ=കെട്ട ദ്രോഹി. ഇരട്ടത്തരക്കാരൻ—ഹിതം പറയും, അഹിതംചെയ്യും, ഇങ്ങനെയുള്ളവൻ. ആ വൈരിമനുഷ്യൻ പാപമനുഭവിയ്ക്കട്ടെ.

15. ഉള്ളം രണ്ടുള്ളവൻ—കപടശീലൻ. പകർ—പരിപക്വജ്ഞാനന്മാർ. പാപ്പിപ്പോർ—ലോകത്തെ വസിപ്പിയ്ക്കുന്നവർ.

16. ദ്യാവാപൃഥിവികളോട്: ഏനസ്സ്=പാപം

17. ആദിത്യരോടുതന്നെ: ശോഭനസുഖം=നല്ല സുഖത്തോടുകൂടുംവണ്ണം.



Digitized By Kerala Sahitya Akademi

ദീൎഘായുസ്സു വരുത്തുവിൻ,
ദീപ്താഭരാമാദിത്യരേ! 18
നിങ്ങൾക്കിഷ്ടിയടൎപ്പിച്ചു
ഞങ്ങളെസ്സുഖിപ്പിയ്ക്കുവിൻ:
നിങ്ങളിൽച്ചാൎച്ചക്കാരാവു-
കെ,ഞങ്ങളെന്നമാദിത്യരേ! 19
വാർവീടെങ്ങൾ വാനോർകോനാം
ദേവനോടും മരുത്തുക്കളോടും
മിത്രവരുണന്മാരോടു-
മൎത്ഥിയ്ക്കുന്നു, പൊറുതിയ്ക്കായ്! 20
മിത്രമരുദ്വരുണരേ,
നിങ്ങളെങ്ങൾക്കെയ്യമാവേ,
നവ്യം, ശാന്ത,മാൾക്കാരൊത്ത
നന്മുന്നിലവീടേകുവിൻ! 21
മൃത്യുവിൻ ചാൎച്ചക്കാരല്ലോ,
മൎത്ത്യരെങ്ങളാദിത്യരേ:
ഞങ്ങൾക്ക നീട്ടുവി,നായു-
സ്സിങ്ങിരിപ്പാൻ വഴിപോലെ! 22

---

സൂക്തം 19.

കണ്വഗോത്രൻ സോഭരി ഋഷി; കകപ്പും സതോബൃഹതിയും ദ്വിപദാവിരാട്ടും ഉഷ്ണിക്കും പംക്തിയും ഛന്ദസ്സുകൾ; അഗ്നിയും ആദിത്യരും ദേവത.

ഭവാൻ ആ സദ്വനേതാവിനെ സ്തുതിയ്ക്കുക: ഋത്വിക്കുകൾ സ്വാമിയായ ദേവങ്കൽ ചെല്ലുന്നു; ഹവിസ്സു ദേവകളിലെത്തിയ്ക്കുന്നു. 1

---

19. ഇഷ്ടി=യാഗം.

20. വാർവീട്=വിശാലഗൃഹം.

21. നവ്യം=സ്തുത്യം. ശാന്തം—നിരുപദ്രവം. നന്മുന്നിലവീട്=നല്ല, മൂന്നു നിലയുള്ള ഗൃഹം.

22. മൃത്യുവിൻ ചാൎച്ചക്കാർ—മരണശീലർ.

സൂക്തം 19.

1. സ്തോതാവിനോട്: ആ സദ്വനേതാവ്—അഗ്നി.

Digitized By Kerala Sahitya Akademi

വിപുലധനനായി, വിചിത്രപ്രഭനോയി, ഈ സോമയാഗത്തിന്റെ നിയന്താവായി, പുരാതനനായിരിയ്ക്കുന്ന ഈ അഗ്നിയെ, മേധാവിൻ, സോഭരേ, നീ യജ്ഞത്തിന്നായി സ്തുതിച്ചാലും. 2

മികച്ച യഷ്ടാവും, ദേവകളിൽവെച്ച ദേവനും, ഹോതാവും, മരണരഹിതനും, ഈ യജ്ഞം ശരിയ്ക്കു നടത്തുന്നവനുമായ ഭവാനെ ഞങ്ങൾ ഭജിയ്ക്കുന്നു. 3

അന്നരക്ഷകൻ, സുഭഗൻ, നല്ല വെളിച്ചം നല്കുന്നവൻ, പ്രശസ്തതേജസ്കൻ—ഇങ്ങനെയുള്ള ആ അഗ്നി നമുക്കവേണ്ടി, ദ്യോവിങ്കൽ മിത്രന്റെയും വരുണന്റെയും ജലങ്ങളുടെ സുഖത്തെ ലാക്കാക്കി യജിച്ചരുളട്ടെ! 4

ആർ ചമതകൊണ്ട്, ആർ ആഹുതികൊണ്ട്, ആർ വേദംകൊണ്ട്, ആർ വഴിപോലെ യജിച്ച ഹവിസ്സുകൊണ്ട് അഗ്നിയെ പരിചരിയ്ക്കുമോ; 5

ആ മനുഷ്യന്ന്, എങ്ങും ചെല്ലുന്ന കുതിരകൾ ഊക്കുണ്ടാക്കും; വളരെധനവും അന്നവും കിട്ടും. അവനെ ഒന്നുകൊണ്ടും ദേവകൃതമോ മനുഷ്യകൃതമോ ആയ ദ്രോഹം ബാധിയ്ക്കില്ല. 6

ബലത്തിന്റെ മകനേ, അന്നാധിപതേ, ഞങ്ങൾ അഗ്നികളാൽ ശോഭനാഗ്നികളായിത്തീരണം: സുവീരനായ ഭവാൻ ഞങ്ങളിൽ കനിഞ്ഞാലും! 7

സ്തൂയമാനനായ അഗ്നി, അതിഥിപോലെ സഖാക്കൾക്കു ഹിതനും, തേർപോലെ ലഭിയ്ക്കപ്പെടേണ്ടവനുമാകുന്നു. നല്ല ക്ഷേമങ്ങൾ അങ്ങയുടെ പക്കലുണ്ട്: സമ്പത്തുകളുടെ തമ്പുരാനാണ്,വിടുന്ന്! 8

അഗ്നേ, യാതൊരു മനുഷ്യൻ യജ്ഞമനുഷ്ഠിയ്ക്കുന്നുവോ, അവന്നു ഫലം ശരിയ്ക്കു കിട്ടട്ടെ; അവൻ സുഭഗനും ശ്ലാഘ്യനുമായിത്തീരട്ടെ; അവൻ സ്തുതിച്ചു സേവിയ്ക്കട്ടെ! 9

---

2. തന്നോടുതന്നെ പറയുന്നു:

3. പ്രത്യക്ഷോക്തി:

6. ഊക്ക്=ഗതിവേഗം.

7. പ്രത്യക്ഷോക്തി: അഗ്നികളാൽ—ഭവാന്റെ അവയവങ്ങളായ ഗാർഹപത്യാദികളെക്കൊണ്ട്. ശോഭനാഗ്നികൾ=നല്ല അഗ്നിയോടുകൂടിയവർ. സുവീരൻ—ശോഭനവീരോപേതൻ.

8. ആദ്യവാക്യം പരോക്ഷം;

Digitized By Kerala Sahitya Akademi

നിന്തിരുവടി ആരുടെ യജ്ഞത്തിന്നു മുതിന്നുനില്ക്കുമോ, അവൻ ക്രൂരരായ വീരന്മാരാൽ എന്തും സാധിയ്ക്കും—അവൻ കുതിരകളെക്കൊണ്ട്, അവൻ സ്തോതാക്കളെക്കൊണ്ട്, അവൻ ശൂരന്മാരെക്കൊണ്ടു നേടും! 10

അവന്റെ ഗൃഹത്തിൽ, വിശ്വവരേണ്യനായി വിളങ്ങുന്ന അഗ്നി സ്തോത്രവും അന്നവും സ്വീകരിയ്ക്കും; ഹവിസ്സുകൾ ദേവകളിലെത്തിയ്ക്കുകയുംചെയ്യും! 11

വസോ, ബലപുത്ര, മേധാവിയായ സ്തോതാവോ, തെരുതെരെ ദാനംചെയ്യുന്നവനോ ആയ വിജ്ഞന്റെ വചനത്തെ അവിടുന്നു ദേവകൾക്കുതാഴേ, മനുഷ്യർക്കുമീതെ, വ്യാപിപ്പിച്ചാലും! 12

ശോഭനബലനായി ജവനതേജസ്കനായിരിയ്ക്കുന്ന അഗ്നിയെ ഹവിസ്സർപ്പിച്ചും പ്രണമിച്ചും സ്തുതിച്ചും പരിചരിയ്ക്കുന്നവൻ (സമൃദ്ധനായിവരും). 13

മൂർത്ത്യന്തരങ്ങളോടുകൂടിയ അഖണ്ഡ്യനായ അഗ്നിയെ യാതൊരു മനുഷ്യൻ ചമതകൊണ്ടു പരിചരിയ്ക്കുമോ; അവൻ കർമ്മങ്ങളാൽ സുഭഗനായിച്ചമഞ്ഞു, യശസ്സുകൊണ്ടു സർവ്വജനങ്ങളെയും, സലിലങ്ങളെയെന്നപോലെ പിന്നിടും! 14

അഗ്നേ, യാതൊന്നു ഗൃഹത്തിലെ വല്ല തിന്മനെയും, ദുർജ്ജനത്തിന്റെ അമർഷത്തെയും തീരെയമർത്തുമോ, ആ ത്രാണി ഭവാൻ കൊണ്ടുവന്നാലും! 15

യാതൊന്നുകൊണ്ടു വരുണനും മിത്രനും അര്യമാവും, യാതൊന്നുകൊണ്ട് അശ്വികളും ഭഗനും വെളിച്ചം വീശുന്നുവോ; അങ്ങയുടേതായ അതിനെ ഞങ്ങൾ ബലേന തുലോം സ്തുതിജ്ഞരും, ഈശ്വരനായ ഭവാനാൽ രക്ഷിതരുമായിത്തീൎന്നു പരിചരിയ്ക്കുമാറാകണം! 16

---

10. നേടും—വിജയം.

12. ദേവകൾക്കുതാഴേ, മനുഷ്യർക്കുമീതേ—അന്തരീക്ഷത്തിലെങ്ങും.

13. ജവനതേജസ്കൻ—വേഗത്തിൽ കത്തിപ്പടരുന്നവൻ.

14. മൂർത്ത്യന്തരങ്ങൾ—മററു (ഗാർഹപത്യാദി)രൂപങ്ങൾ. സലിലങ്ങളെയെന്നപോലെ—പുഴ കടക്കുന്നതുപോലെ.

15. തിന്മൻ—രക്ഷസ്സും മററും.

16. അതിനെ—തേജസ്സിനെ.

Digitized By Kerala Sahitya Akademi

അഗ്നേ, മേധാവിൻ, ദേവ, മനുഷ്യരെ നോക്കുന്ന സുകൎമ്മാവായ നിന്തിരുവടിയെ യാവചില മേധാവികൾ പ്രതിഷ്ഠിയ്ക്കുമോ; അവർതന്നേ, ശോഭനധ്യാനന്മാർ! 17

സുഭഗ, എവർ അങ്ങയെ തുലോം അഭിലഷിയ്ക്കുമോ, അവർ വേദി തീൎക്കുന്നു; അവർ ഹോമിയ്ക്കുന്നു; അവർ നല്ല നാളിൽ പിഴിയാനൊരുങ്ങുന്നു; അവർ ബലംകൊണ്ടു വമ്പിച്ച സമ്പത്തടക്കുന്നു! 18

ആഹുതനായ അഗ്നി ഞങ്ങൾക്കു നന്മ തരട്ടെ; സുഭഗ, ദാനം നന്മ തരട്ടെ; യജ്ഞം നന്മ തരട്ടെ; സ്തുതികൾ നന്മ തരട്ടെ! 19

ഭവാൻ യുദ്ധത്തിൽ നല്ല മനസ്സു വെച്ചാലും: ഇതുകൊണ്ടാണല്ലോ, അവിടുന്നു പോരുകളിൽ കീഴമൎത്തുന്നത് ഉറപ്പുള്ളവയെങ്കിലും വളരെശ്ശത്രുപുരങ്ങൾ ഭവാൻ നിലംപൊത്തിച്ചാലും. ഞങ്ങൾ ഭവാങ്കൽനിന്ന് ഇഷ്ടഫലം നേടുമാറാകണം! 20

മികച്ച യഷ്ടാവും ഹവ്യവാഹനുമായ യാതൊരധീശനെ ദേവന്മാർ ദൂതിന്നയയ്ക്കുന്നുവോ, ആ മനുനിഹിതനെ ഞാൻ സ്തുതിയ്ക്കുന്നു. 21

യാതൊരഗ്നി പ്രിയവും സത്യവുമാംവണ്ണം സ്തുതിയ്ക്കപ്പെട്ടാൽ, നെയ്കൊണ്ടു ഹോമിയ്ക്കപ്പെട്ടാൽ, നല്ല വീൎയ്യം കിട്ടിയ്ക്കുമോ; ആ അഗ്നിയ്ക്കു—മൂൎത്ത പല്ലുകളോടേ വിളങ്ങുന്ന യുവാവിന്നു—ഭവാൻ അന്നം സമൎപ്പിയ്ക്കുക! 22

നെയ്കൊണ്ടു ഹോമിയ്ക്കപ്പെട്ടാൽ അഗ്നി ചീറുന്ന ജ്വാലയെ, സൂൎയ്യൻ വെളിച്ചത്തെയെന്നപോലെ, ഉയൎത്തുകയും താഴ്ത്തുകയും ചെയ്യും! 23

യാതൊരു മനുനിഹിതനായ ദേവൻ തുമണമിയന്ന തിരുവായകൊണ്ടു ഹവിസ്സുകൾ അയയ്ക്കുന്നുവോ; ആ സുയജ്ഞനായ, ഹോതാ

---

18. അഭിലഷിയ്ക്കുക—ആദരിച്ചു സ്തുതിയ്ക്കുക എന്നൎത്ഥം. സമ്പത്ത്—ശത്രുക്കളുടെ.

19. ഒന്നാംവാക്യം പരോക്ഷം.

20. കീഴമൎത്തുന്നത്—ശത്രുക്കളെ.

21. പരോക്ഷോക്തി: മനുനിഹിതനെ—മനുവിനാൽ പ്രതിഷ്ഠിയ്ക്കപ്പെട്ടവനെ, അഗ്നിയെ.

22. സ്തോതാവിനോട്: മൂൎത്ത—മൂച്ചയുള്ള. പല്ലുകൾ—ജ്വാലകൾ. അന്നം—ഹവിസ്സ്.

Digitized By Kerala Sahitya Akademi

വായ, മരണരഹിതനായ ദേവൻ സേവകന്നു വരണീയങ്ങൾ (കല്പിച്ചു കൊടുക്കും)! 24

അഗ്നേ, അനുകൂലപ്രകാശ, ബലപുത്ര, ഹോമിയ്ക്കപ്പെട്ടവനേ, മർത്ത്യനായ ഞാൻ അമർത്ത്യനായ നിന്തിരുവടിയായിത്തീരുമെങ്കിൽ! 25

വസോ, ഞാൻ അങ്ങയോടു മിഥ്യാപവാദത്തിന്നു നിലവിളിയ്ക്കരുത്. സംസേവ്യ, ദുഷ്ടതയ്ക്കുമരുത് അഗ്നേ, എനിയ്ക്കു ബുദ്ധികെട്ട സ്തോതാവുണ്ടാകരുത്; ശത്രുവുണ്ടാകരുത്, ദ്രോഹിയ്ക്കരുത്! 26

അച്ഛനാൽ മകനെന്നപോലെ വളർത്തപ്പെട്ടവൻ യാഗശാലയിൽ ഞങ്ങളുടെ ഹവിസ്സു ദേവകൾക്കയയ്ക്കട്ടെ! 27

അഗ്നേ, വസോ, നിന്തിരുവടിയുടെ രക്ഷകൾ തൊട്ടടുത്തുനില്ക്കുകയാൽ, മനുഷ്യനായ ഞാൻ സദാ ദേവനായ നിന്തിരുവടിയുടെ പ്രീതി നേടുമാറാകണം! 28

അഗ്നേ, ഞാൻ അങ്ങയ്ക്കു ഹവിസ്സർപ്പിച്ചും, അങ്ങയെ സ്തുതിച്ചും അങ്ങയെ പരിചരിയ്ക്കുമാറാകണം: അങ്ങുതന്നെയാണ്, ഉൽകൃഷ്ടാശയനെന്നു പറഞ്ഞുവരുന്നു; അങ്ങ് എനിയ്ക്കു തരുന്നതിൽ ഇമ്പം പൂണ്ടാലും! 29

അഗ്നേ, അങ്ങ് ആർക്കു സഖ്യം ആചരിയ്ക്കുമോ, അവൻ ഭവാന്റെ സുവീരകളും ബലവതികളുമായ രക്ഷകൾകൊണ്ടു വർദ്ധിയ്ക്കും! 30

സേചിയ്ക്കപ്പെടുന്നവനേ, അങ്ങയ്ക്കായി വണ്ടിയിൽ കൊണ്ടുവന്ന, ഒലികൊള്ളുന്ന, വിളങ്ങുന്ന, ഋതുജന്യമായ സോമം എടുക്കപ്പെ

---

24. അയയ്ക്കുന്നവോ—ദേവന്മാരുടെ അടുക്കലേയ്ക്ക്. വരണീയങ്ങൾ—ധനങ്ങൾ.

25. തീരുമെങ്കിൽ—വലിയ ഭാഗ്യമായി!

26. മിഥ്യാപവാദവും മററും എനിയ്ക്കുണ്ടാകരുത്. ദ്രോഹിയ്ക്കരുത്—ശത്രു എന്നെ ഉപദ്രവിയ്ക്കരുത്.

27. വളർത്തപ്പെട്ടവൻ—ഞങ്ങളാൽ ഹവിസ്സുകൊണ്ടു പോഷിതനായ അഗ്നി.

29. തരുന്നതിൽ—ധനം.

30. സുവീരകൾ—ശോഭനപുത്രോപേതകൾ, നല്ല പുത്രന്മാരെ നല്കുന്നവ.

Digitized By Kerala Sahitya Akademi

ടുന്നു. അങ്ങ് മഹതികളായ ഉഷസ്സുകൾക്കു പ്രിയപ്പെട്ടവനാകുന്നു; അങ്ങ് രാത്രിയിൽ വെളിച്ചം കൊടുക്കുന്നു! 31

ഒരായിരം പ്രകാശമുള്ളവനും ശോഭനാന്വേഷണനും ത്രസദസ്യുവിൻെറ ചാർച്ചക്കാരനുമായ ആ സമ്രാട്ടിനെ രക്ഷയ്ക്കുവേണ്ടി പ്രാപിച്ചവരാണ്, ഞങ്ങൾ, സോഭരികൾ. 32

അഗ്നേ, മററഗ്നികൾ അങ്ങയുടെ അടുക്കൽ കൊമ്പുകൾപോലെ നില്ക്കുന്നു: ആ അങ്ങയുടെ ബലം വളർത്തിക്കൊണ്ടു, മനുഷ്യരിൽ വെച്ചു ഞാൻ സ്തോതാക്കളെന്നപോലെ യശസ്സു നേടുമാറാകണം! 33

ദ്രോഹിയ്ക്കാത്ത ശോഭനദാനന്മാരായ ആദിത്യരേ, എല്ലാ ഹവിഷ്മാന്മാരിലുംവെച്ചു യാതൊരു മനുഷ്യനെ നിങ്ങൾ മറുകരയണയ്ക്കുമോ; (അവൻ ഫലം നേടും!) 34

അമിത്രരെ അമർത്തുന്ന തമ്പുരാക്കന്മാരേ, നിങ്ങൾ മനുഷ്യക്കു വേണ്ടി, ഏതൊരു ക്ഷയകാരിയെയും (ആക്രമിയ്ക്കാറുണ്ട്). അതിനാൽ, വരുണ, മിത്ര, അര്യമാവേ, ഞങ്ങൾ നിങ്ങൾക്കുള്ള യാഗത്തിന്നു തേരാളികളായിത്തീരണം! 35

മികച്ച ദാതാവും സ്വാമിയും സൽപതിയുമായ പുരുകുത്സപുത്രൻ ത്രസദസ്യു എനിയ്ക്കു് ഐമ്പതു പെണ്ണുങ്ങളെ തന്നിരിയ്ക്കുന്നു! 36

അത്രമാത്രമല്ല, അന്നവും രക്ഷയും തേടിയ എനിയ്ക്കു, സുവാസ്തുതീരത്തുവെച്ചു ധനവാനും ഗോപതിയുമായ ശ്യാവൻ ഇരുനൂററിപ്പത്തു പൈക്കളെ തന്നു! 37

---

31. സേചിയ്ക്കു—സോമനീരാടിയ്ക്കു ഋതുജനും=ഋതുവിൽ (യഥാകാലം) ജനിച്ചതു്. എടുക്കപ്പെടുന്നു—ഹോതാവിനാൽ. ഉഷസ്സുകൾക്കു്—പുലർകാലത്താണല്ലോ, ഹോമാഗ്നിയെ ജ്വലിപ്പിയ്ക്കുക.

32. ശോഭനാന്വേഷണൻ—അഗ്നിയെ തേടുന്നതു ശ്രേയസ്കരമാണല്ലോ. ആ സമ്രാട്ട്—അഗ്നി.

33. കൊമ്പുകൾ—വൃക്ഷത്തിൻെറ ശാഖകൾ. സ്തോതാക്കൾ—മററു സ്തുതികാരന്മാർ. ബലം വളർത്തുക എന്നതിന്നു സ്തുതിയ്ക്കുക എന്നർത്ഥം.

34. ദ്രോഹിയ്ക്കാത്ത—ദയാശീലരായ. മറുകര—കർമ്മസമാപ്തി.

35. ക്ഷയകാരി—ശത്രു. തേരാളികൾ—ശരിയ്ക്കു നടത്തുന്നവർ.

37. സുവാസ്തു—ഒരു നദി. ശ്യാവൻ—ഒരു രാജാവ്.

Digitized By Kerala Sahitya Akademi

### സൂക്തം 20.

സോഭരി ഋഷി; കകപ്പും സതോബൃഹതിയും ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത.

പ്രകൃഷ്ടഗമനന്മാരേ, നിങ്ങൾ വരുവിൻ; കഷ്ടപ്പെടുത്തരുത്; സമാനതേജസ്കന്മാരേ, ഉറപ്പുള്ളവയെപ്പോലും കുനിയിയ്ക്കുന്നവരേ, വിട്ടുനില്ക്കരുതേ! 1

മഹാന്മാരായ മരുത്തുക്കളേ, രുദ്രപുത്രന്മാരേ, ഉരുൾച്ചുററിന്നാപ്പുള്ള സുപ്രഭങ്ങളായ (തേരുകളിലൂടെ) വന്നെത്തുവിൻ—പുരുകാമ്യരേ, സോഭരിയിൽ കനിവുള്ള നിങ്ങൾ ഇപ്പോൾ ഞങ്ങളുടെ യജ്ഞത്തിൽ, അന്നവുമായി വന്നെത്തുവിൻ! 2

ഞങ്ങൾക്കറിയാം: മഴയെമ്പാടും പൊഴിയ്ക്കുന്ന കർമ്മവാന്മാരും രുദ്രപുത്രന്മാരുമായ മരുത്തുക്കളുടെ കരുത്ത് ഉഗ്രമാണ്! 3

ശോഭനായുധന്മാരേ, സ്വയംപ്രഭന്മാരേ, നിങ്ങൾ നടകൊള്ളുമ്പോൾ തുരുത്തുകൾ താഴും; സ്ഥാവരങ്ങളും വാനൂഴികൾ രണ്ടും ചാഞ്ചാടും. വെള്ളം കുതിച്ചോടും. 4

നിങ്ങൾ നടകൊള്ളുമ്പോൾ, വേരുറച്ചവപോലും—മലകൾ, മരങ്ങൾ എന്നിവപോലും—നിലവിളിയ്ക്കും; യാത്രകളിൽ പാർത്തലം കലുങ്ങും! 5

മരുത്തുക്കളേ, നിങ്ങളുടെ ബലവും ഗമനവും കരുതി, ദ്യോവ് അന്തരിക്ഷം വിട്ടു മേല്പോട്ടു പോയ്ക്കളയും: ഇവിടെവെച്ചാണല്ലോ, കൈക്കരുത്തുള്ള നേതാക്കൾ തിരുവുരു തിളങ്ങിയ്ക്കുന്നത്! 6

തേജസ്സും ഓജസ്സുമുള്ള, മഴപൊഴിയ്ക്കുന്ന, സരളരൂപരായ നേതാക്കൾ ഹവിസ്സിന്നുവേണ്ടി, വലിയ മോടി കൂട്ടും! 7

---

### സൂക്തം 20.

1. സമാനതേജസ്കന്മാർ—ഒരേതരം തേജസ്സുള്ളവർ. ഉറപ്പുള്ളവ—പർവ്വതാദികൾ. വിട്ടുനില്ക്കരുതേ—ഞങ്ങളെ വിട്ടു, മറെറങ്ങാനും നില്ക്കരുതേ.

2. സോഭരിയിൽ—എന്റെ പേരിൽ. അന്നവുമായി—ഞങ്ങൾക്കു തരാൻ അന്നമെടുത്ത്.

5. യാത്രകളിൽ—നിങ്ങളുടെ ഗമനങ്ങളിൽ.

6. കരുതി—പേടിച്ച്. ഉത്തരാർദ്ധം പരോക്ഷോക്തി: നേതാക്കൾ—മരുത്തുക്കൾ. തിരുവുരു=തിരുവുടൽ. തിളങ്ങിയ്ക്കുന്നത്—മോടിപ്പെടുത്തുന്നത്.

Digitized By Kerala Sahitya Akademi

പൊൻപള്ളിത്തേരിന്റെ നടുവിൽ ബാണത്തിന്മേൽ സോഭരികളുടെ ശബ്ദം പുരളുന്നു: ഗോവു പെറാ സുജാതരായ മഹാന്മാർ ഞങ്ങൾക്ക് അന്നവും ഭോഗവും പ്രീതിയും നല്കട്ടെ! 8

സോമം പകരുന്നവരേ, നിങ്ങൾ യാത്രയിൽ മഴ പൊഴിയ്ക്കുന്ന—വർഷകമായ—മരുദ്ബലത്തിന്നു ഹവിസ്സുകൾ കൊണ്ടുവരുവിൻ! 9

നേതാക്കളായ മരുത്തുക്കളേ, നിങ്ങൾ വർഷകമായ ചക്രത്തുളയുള്ള വർഷകരൂപമായ വൃഷാശ്വത്തേരിലൂടേ, പരുന്തുപക്ഷികൾപോലെ, നിഷ്പ്രയാസം ഞങ്ങളുടെ ഹവിസ്സുണ്ണുവാൻ വന്നെത്തുവിൻ! 10

ഒരേമട്ടിലാണ്, ഇവരുടെ ആഭരണം: മാറത്തു പൊന്നാരം മിന്നുന്നു; തോളത്തു ചുരിക തിളങ്ങുന്നു! 11

ഒരുങ്ങി മഴ പൊഴിയ്ക്കുന്ന ആ മഹാഭുജന്മാർ തിരുവുടൽ രക്ഷിയ്ക്കുന്നതിൽ പണിപ്പെടാറില്ല: നിങ്ങളുടെ തേരുകളിലുണ്ടല്ലോ, ഉറപ്പുള്ള വില്ലുകളും ആയുധങ്ങളും; അതിനാൽ മുന്നണിയിൽ ജയം നേടുന്നു! 12

വെള്ളംപോലെ പരന്നതും വിളങ്ങുന്നതുമായ ഈ ബഹുക്കളുടെ പേരൊന്നുതന്നെ, പോന്ന പൈതൃകസമ്പത്തുപോലെ ഭോഗപ്രദമാകുന്നു! 13

നീ ആ മരുത്തുക്കളെ വന്ദിയ്ക്കുക, അടുത്തു സ്തുതിയ്ക്കുക: ഉടമകൾക്ക് അടിമകളെന്നപോലെ, ആ വിറപ്പിയ്ക്കുന്നവർക്കുള്ളവരാണല്ലോ, നമ്മൾ; അതിനാൽ, ഇവരുടെ, അതിനാൽ ഇവരുടെ, ദാനങ്ങൾ വലിയവയായിരിയ്ക്കും! 14

---

8. ബാണം—മരുത്തുക്കളുടെ വീണ.

9. അധ്വര്യുക്കളോട്:

11. പരോക്ഷവചനം: ഇവർ—മരുത്തുക്കൾ. പൊന്നാരം=സ്വർണ്ണഹാരം.

12. പണിപ്പെടാറില്ല—ആരുമെതിർക്കില്ല, മറ്റുക്കളോടെന്നു താൽപര്യം. അടുത്ത വാക്യം പ്രത്യക്ഷം:

13. ഈ ബഹുക്കൾ—വളരെപ്പേരായ മരുത്തുക്കൾ. പോന്ന—ത്രാണിയുള്ള. ഭോഗപ്രദം—സ്തോതാക്കൾക്ക് അനുഭവിയ്ക്കാവുന്നത്.

14. ഋഷി, തന്നോടുതന്നെ പറയുന്നു: ആ വിറപ്പിയ്ക്കുന്നവർ—മരുത്തുക്കൾ. അതിനാൽ ഇവരുടെ എന്ന ദ്വിരുക്തി ആദരവാലാകുന്നു; പാദപൂരണത്തിന്നാണെന്നും പറയാം.



Digitized By Kerala Sahitya Akademi

മരുത്തുക്കളേ, കഴിഞ്ഞ ദിവസങ്ങളിൽ യാവനൊരുത്തൻ തി ച്ചയായും നിങ്ങളുടെയായിരുന്നുവോ, അവൻ നിങ്ങളുടെ രക്ഷകളിൽ സുഭഗനായി വർത്തിയ്ക്കുന്നു! 15

വിറപ്പിയ്ക്കുന്ന നേതാക്കളേ, നിങ്ങൾ യാതൊരന്നവാന്റെ ഹ വിസ്സുണ്ണാൻ വന്നെത്തുമോ, അവൻ യശസ്സുകൊണ്ടും അന്നലാഭംകൊ ണ്ടും നിങ്ങളുടെ സുഖം നേടും! 16

വർഷജലമുളവാക്കുന്ന യുവാക്കളായ രുദ്രപുത്രന്മാർ അന്തരിക്ഷ ത്തിൽനിന്നു (വന്നു) കാംക്ഷിയ്ക്കത്തക്കവണ്ണമായിത്തീരട്ടെ, ഇതു്! 17

ശോഭനദാനരായ യാവചിലർ ദേവന്മാരെ പൂജിയ്ക്കുന്നുവോ, യാവചിലർ വർഷകർത്താക്കളെ വഴിപോലെ യജിയ്ക്കുന്നുവോ; ആ ഞ ങ്ങളെ ഉദ്ദേശിച്ചു, യുവാക്കളായ നിങ്ങൾ ധനവത്തായ ഹൃദയത്തോടേ വന്നണയുവിൻ! 18

സോഭരേ, നീ യുവാക്കന്മാരും പരിപാവനരുമായ വൃഷാക്കളെ അതിനൂതനമായ സ്തോത്രംകൊണ്ടു, കൃഷിക്കാരൻ കാളകളെയെന്നപോ ലെ നന്നായി സ്തുതിച്ചുപാടുക! 19

യാവചിലർ എല്ലാ യുദ്ധങ്ങളിലും, പോരിന്നു വിളിയ്ക്കുന്നവരി ലും, കരാഹ്വാതവ്യനായ മല്ലൻപോലെ കീഴമർത്തുമോ; ആ വൃഷാക്ക ളും ആഹ്ലാദകരും മികച്ച യശസ്വികളുമായ മരുത്തുക്കളെത്തന്നെ നീ സ്തുതിച്ചു വന്ദിയ്ക്കുക! 20

ഒരേതേജസ്സിയന്ന മരുത്തുക്കളേ, പൈക്കളും ഒരേജാതിയാൽ ഒരേബന്ധുവോടുകൂടി, ദിക്കുകളിൽച്ചെന്നു പരസ്പരം നക്കുന്നു! 21

മാറത്തു പൊന്നണിഞ്ഞു നൃത്തംവെയ്ക്കുന്ന മരുത്തുക്കളേ, മനു ഷ്യനും നിങ്ങളുടെ ഭ്രാതാവായിത്തീരാറുണ്ടു് അതിനാൽ, ഞങ്ങളെ

---

16. അന്നവാൻ—ഹവിഷ്മാൻ, യജമാനൻ.

17. ഇതു്—സ്തോത്രം. കാംക്ഷിയ്ക്ക—സശ്രദ്ധം കേൾക്കുക എന്നു സാരം.

18. വർഷകർത്താക്കൾ—മരുത്തുക്കൾ. ധനവത്തായ ഹൃദയത്തോടേ— ധനം തരാൻ നിശ്ചയിച്ചു്.

19. തന്നോടുതന്നേ: വൃഷാക്കൾ—മരുത്തുക്കൾ.

21. പൈക്കൾ—നിങ്ങളുടെ അമ്മമാർ. ഒരേജാതിയാൽ—സജാതീയ ത്വംമൂലം.

Digitized By Kerala Sahitya Akademi

പുകഴ്ത്തിപ്പാടുവിൻ: എന്നെന്നുമുണ്ടല്ലോ, സ്തോത്രത്തിൽ നിങ്ങളുടെ ബന്ധുത്വം! 22

ശോഭനദാനന്മാരും സഖാക്കളും സഞ്ചരിഷ്ണുക്കളുമായ മരുത്തുക്കളേ, നിങ്ങൾ മാരുതൌഷധം ഞങ്ങൾക്കു കൊണ്ടുവന്നാലും! 23

സുഖമുളവാക്കുന്ന നിസ്സപത്നന്മാരേ, നിങ്ങൾ ഏവകൊണ്ടു സമുദ്രത്തെ രക്ഷിയ്ക്കുന്നുവോ, ഏവകൊണ്ടു ഹനിയ്ക്കുന്നുവോ, ഏവകൊണ്ടു കിണർ കൊടുക്കുന്നുവോ; ആ നല്ല രക്ഷകൾകൊണ്ടു ഞങ്ങൾക്കു സുഖം വരുത്തുവിൻ! 24

ശോഭനയജ്ഞന്മാരായ മരുത്തുക്കളേ, സിന്ധുവിലും, അസിക്നിയിലും, സമുദ്രങ്ങളിലും പർവതങ്ങളിലും ഏതൊന്നു മരുന്നുണ്ടോ, 25

അതെല്ലാം കണ്ടറിഞ്ഞവരായ നിങ്ങൾ ഞങ്ങൾക്കായി കൊണ്ടുവരുവിൻ; അതുകൊണ്ടു ഞങ്ങളെ ചികിത്സിയ്ക്കുവിൻ. മരുത്തുക്കളേ, ഞങ്ങളിലെ ആതുരന്നു രോഗം ശമിയ്ക്കത്തക്കവണ്ണം, രുഗ്ണാംഗത്തെ വീണ്ടും സ്വാസ്ഥ്യപ്പെടുത്തുവിൻ! 26

ഒന്നാമധ്യായം സമാപ്തം.

---

## രണ്ടാമധ്യായം.

### സൂക്തം 21.

സോഭരി ഋഷി; കകുപ്പും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

അഭിനവനായുള്ളോവേ, പോററിപ്പോരുന്ന ഞങ്ങൾ പോരിൽ രക്ഷയ്ക്കു, വിചിത്രരൂപനായ നിന്തിരുവടിയെത്തന്നെ, ഒരു വമ്പനെ എന്നപോലെ വിളിച്ചുകൊള്ളുന്നു. 1

---

22. ഭ്രാതാവ്—ഉററ സഖാവെന്നർത്ഥം. ഞങ്ങളെ—സ്തുതിയ്ക്കുന്ന മനുഷ്യരായ ഞങ്ങളെ.

23. മാരുതൌഷധം=മരുത്തുക്കളുടേതായ മരുന്ന്.

24. ഹനിയ്ക്കുന്നു—സ്തോതാക്കളുടെ ശത്രുക്കളെ. കിണർ—ഗോതമനെന്ന ഋഷിയ്ക്കു കിണറു കൊണ്ടുകൊടുത്തുവല്ലോ.

25. സിന്ധു—ഒരു നദം. അസിക്നി—ഒരു നദി.

26. ആതുരൻ=രോഗി. രുഗ്ണാംഗം=രോഗബാധിതമായ ശരീരം

സൂക്തം 21.

1. പോററിപ്പോരുന്ന—അങ്ങയെ സോമംകൊണ്ടു പോഷിപ്പിയ്ക്കുന്ന.

Digitized By Kerala Sahitya Akademi

ഞങ്ങൾ കർമ്മരക്ഷയ്ക്കു് അങ്ങയെ പ്രാപിയ്ക്കുന്നു: ആ ധർഷക
നും ഉഗ്രനുമായ യുവാവു ഞങ്ങളിലണയട്ടെ. ഇന്ദ്ര, സേവ്യനായ ഭവാ
നെത്തന്നെയാണല്ലോ, സഖാക്കളായ ഞങ്ങൾ രക്ഷിതാവാക്കി വരി
യ്ക്കുന്നത് 2
നിന്തിരുവടി വന്നാലും: ഇതാ, സോമനീർ; അശ്വപതേ,
ഗോപതേ, ഉർവ്വരാപതേ, സോമപതേ, സോമം നുകർന്നാലും! 3
ഇന്ദ്ര, ബന്ധുവില്ലാത്ത മേധാവികളായ ഞങ്ങൾ ബന്ധുയു
ക്തനായ ഭവാനെത്തന്നേ നിൎത്തുമാറാകണം: വൃഷാവേ, ഭവാൻ, ഭവാ
ന്റെ എല്ലാ രൂപങ്ങളോടുംകൂടി, സോമം കുടിപ്പാൻ വന്നാലും! 4
ഇന്ദ്ര, ഗോരസം ചേർത്തതും മത്തുണ്ടാക്കുന്നതും സമർത്ഥവു
മായ ഭവാന്റെ സോമത്തിന്നടുക്കൽ പക്ഷികൾപോലെ ഇരിയ്ക്കുന്ന
ഞങ്ങൾ ഭവാനെ പേർത്തുംപേർത്തും സ്തുതിയ്ക്കുന്നു; 5
ഈ സ്തോത്രംകൊണ്ടു ഞങ്ങൾ നേരിട്ടു പറയുകയും ചെയ്യുന്നു.
എന്തുകൊണ്ടാണ്, അവിടുന്നു കൂടെക്കൂടെ ചിന്തിയ്ക്കുന്നത്? ഹര്യശ്വ,
ഞങ്ങൾക്കു് അഭിലാഷങ്ങളുണ്ടു്: അങ്ങു് ദാതാവാണല്ലോ. അതി
നാൽ ഞങ്ങൾ വരുന്നു; ഞങ്ങളുടെ കർമ്മങ്ങളും സമീപിയ്ക്കുന്നു. 6
ഇന്ദ്ര, അങ്ങു് രക്ഷിച്ചതിനാൽ ഞങ്ങൾ പുതിയവരായിത്തീ
ൎന്നിരിയ്ക്കുന്നു: വജ്രിൻ, അവിടുന്നു് ഇത്ര മഹാനാണെന്നു, ഞങ്ങൾ
മുമ്പറിഞ്ഞിരുന്നില്ല! 7
ശൂര, അങ്ങയുടെ സഖ്യവും സമ്പത്തും ഞങ്ങൾക്കറിയാം: വ
ജ്രിൻ, അതു രണ്ടും ഞങ്ങൾ യാചിയ്ക്കുന്നു. വസോ, നല്ല തൊപ്പിവെ
ച്ചവനേ, അവിടുന്നു ഞങ്ങളെ ഗോസമേതമായ എല്ലാ അന്നവുംകൊ
ണ്ടു് ഉശിരുപിടിപ്പിച്ചാലും! 8
സഖാക്കളേ, മുമ്പ് ആർ നമുക്കു് ഈ ഈ പ്രശസ്തധനം കൊ
ണ്ടുവന്നുവോ, ആ ഇന്ദ്രനെത്തന്നേ നിങ്ങളുടെ രക്ഷയ്ക്കായി ഞാൻ സ്തു
തിയ്ക്കുന്നു. 9

---

2. ദ്വിതീയവാക്യം പരോക്ഷം: യുവാവ്—നിത്യതരുണനായ ഇന്ദ്രൻ.

3. ഉർവ്വര=സസ്യസമ്പന്നമായ നിലം.

4. നിൎത്തുമാറാകണം—ബന്ധുസ്ഥാനത്തു്.

5. സമർത്ഥം—സ്വർഗ്ഗപ്രാപണസമർത്ഥം.

9. ഋത്വിഗ്യജമാനരോടു്: ഈ ഈ എന്ന ദ്വിരുക്തി ആദരാധികൃത്താലാകുന്നു.

Digitized By Kerala Sahitya Akademi

ആർ തൃപ്തിയടഞ്ഞുവോ, അവൻ സൽപതിയും ശത്രുധർഷകനുമായ ഹര്യശ്വനെ സ്തുതിയ്ക്കുന്നുണ്ടല്ലോ; ആ മഘവാവു സ്തോതാക്കളായ നമുക്ക് ഒരുനൂറു ഗോക്കളെയും അശ്വങ്ങളെയും ക്ഷിപ്രം കൊണ്ടുവരട്ടെ! 10

വൃഷാവേ, ഒരു ഗോസമേതന്റെ എതിർപ്പിൽ, കിതയ്ക്കുന്ന അവനോടു ഞങ്ങൾ അങ്ങയുടെ തുണയാൽത്തന്നെ മറുപടി പറയുമാറാകണം! 11

പുരുഹൂത, ദ്രോഹിയ്ക്കുന്നവരെ ഞങ്ങൾ യുദ്ധത്തിൽ ജയിയ്ക്കണം; ദുരാത്മാക്കളെയും എതിർക്കണം; ശത്രുവിനെ നേതാക്കളോടൊന്നിച്ചു ഹനിയ്ക്കണം. എന്നിട്ട് (അങ്ങയെ) വർദ്ധിപ്പിച്ചുകൊള്ളാം; ഇന്ദ്ര, നിന്തിരുവടി ഞങ്ങളുടെ കർമ്മങ്ങൾ രക്ഷിച്ചാലും! 12

ഇന്ദ്ര, അങ്ങയ്ക്കു ജന്മനാതന്നെ ഭ്രാതാവില്ല, നേതാവില്ല; പണ്ടേ ബന്ധുരഹിതനാണ്, ഭവാൻ; സഖ്യം വേണമെന്നു തോന്നിയാൽ, പൊരുതും! 13

അങ്ങ് ഒരു പണക്കാരങ്കൽ ചങ്ങാതിത്തത്തിന്നു ചെല്ലില്ല; കള്ളുകുടിയന്മാർ അങ്ങയെ നിരസിയ്ക്കുന്നു. കർമ്മാനുഷ്ഠാനത്തിൽ അങ്ങ് പിശുക്കിനെ ആട്ടിപ്പായിയ്ക്കും; അതിനാൽ അങ്ങ് ഒരച്ഛൻപോലെ വിളിയ്ക്കപ്പെടുന്നു. 14

ഇന്ദ്ര, അങ്ങയുടെ ഞങ്ങൾ ഭവാദൃശന്റെ സഖ്യമറിയാത്തവരെന്നപോലെ, പിഴിയാത്തവരാകരുത്; ഞങ്ങൾ ഒപ്പം സോമത്തിൽ വർത്തിയ്ക്കുമാറാകണം! 15

---

10. ആർ തൃപ്തിയടഞ്ഞുവോ—ഇന്ദ്രങ്കൽനിന്നു ലഭിച്ച ധനത്താൽ.

11. ഗോസമേതൻ—ധനവാൻ എന്നർത്ഥം. കിതയ്ക്കുന്ന—ഞങ്ങളെക്കുറിച്ചുള്ള ക്രോധത്താൽ. മറുപടി പറയുക—നിരാകരിയ്ക്കുക.

12 നേതാക്കൾ—മരുത്തുക്കൾ. വർദ്ധിപ്പിച്ചുകൊള്ളാം—ഹവിസ്സുകൾകൊണ്ട്

13. പൊരുതും—സ്തോതാക്കൾക്കുവേണ്ടി.

14. പണക്കാരൻ—യജ്ഞമനുഷ്ഠിയ്ക്കാത്ത ധനികൻ. കള്ളുകുടിയന്മാർ—നാസ്തികത്വലഹരിപിടിച്ചവർ. അച്ഛൻ—രക്ഷിതാവ്.

15. സോമത്തിൽ വർത്തിയ്ക്കുമാറാകണം—സോമദാനത്താൽ ഭവാന്റെ സഖാക്കളായിത്തീരണം.

Digitized By Kerala Sahitya Akademi

ഗോദാതാവായ ഇന്ദ്ര, അങ്ങയുടെ ഞങ്ങൾ ധനത്തിൽനിന്നു പുറത്താകരുത്; അങ്ങയുടെ ഞങ്ങൾ വാങ്ങരുത്. സ്വാമിയായ ഭവാൻ ഉറച്ച മുതൽ തന്നു, പോററിയാലും: അമത്ത്യപ്പെടാവുന്നവയല്ലല്ലോ, ഭവാൻെറ ദാനങ്ങൾ! 16

ഹവിസ്സു നല്കിയവന്ന് ഇത്ര മഹനീയധനം തന്നത്, ഇന്ദ്രൻ തന്നെയോ? സുഭഗയായ സരസ്വതിയോ? ചിത്ര, ഭവാനോ? 17

മഴ പെയ്യുന്ന പജ്ജന്യൻപോലെ, ആയിരവും പതിനായിരവും കൊടുക്കുന്ന ചിത്രരാജാവ് ഈ സരസ്വതീതീരത്തിലെ മററു രാജാക്കന്മാരെ അല്പന്മാരാക്കിയിരിയ്ക്കുന്നു! 18

---

## സൂക്തം 22.

**സോഭരി ഋഷി; ബൃഹതിയും സതോബൃഹതിയും അനുഷ്ടുപ്പും കകുപ്പും ഛന്ദസ്സുകൾ; അശ്വികൾ ദേവത.**

ഓ അശ്വികളേ, ശോഭനാഹ്വാനരേ, സ്തൂയമാനമാഗ്ഗരേ, നിങ്ങളിരുവരും സൂൎയ്യപുത്രിയെ വരിപ്പാൻ യാതൊന്നിൽ കേറിയോ, ആ അതിദശനീയമായ പള്ളിത്തേരിനെ ഞാൻ ഇന്നു രക്ഷയ്ക്കായി വിളിയ്ക്കുന്നു. 1

പൂവ്വന്മാരെ പുലത്തിയ, ശോഭനാഹ്വാനമായ, പുരുസ്പൃഹണിയമായ, രക്ഷകമായ, യുദ്ധങ്ങളിൽ മുന്നണിയിൽ ചെല്ലുന്ന, സവ്വസേവ്യമായ, വിദ്വേഷിയായ, പാപരഹിതമായ (പള്ളിത്തേരിനെ) സോഭരേ, നീ നന്നായി സ്തുതിയ്ക്കുക! 2

---

16. വാങ്ങരുത്—ത്വദനുകൽനിന്നു ധനം വാങ്ങരുത്.

17. സരസ്വതീതീരത്തുവെച്ച് ഇന്ദ്രന്നു യാഗം ചെയ്ത ചിത്രനെന്ന രാജാവിങ്കൽനിന്നു വളരെദ്ധനം കിട്ടിയ ഋഷി, സോഭരി, ഇതാർ തന്നു എന്നു സന്ദേഹിയ്ക്കുന്നു: ഹവിസ്സു നല്കിയവന്ന്—ഇന്ദ്രന്നു ഹവിസ്സു ഹോമിച്ച എനിയ്ക്ക്.

സൂക്തം 22.

2. തന്നോടുതന്നെ പറയുന്നു: പൂവ്വന്മാർ—പണ്ടേത്തെ സ്തോതാക്കൾ. വിദ്വേഷി—ശത്രുദ്വേഷി.

Digitized By Kerala Sahitya Akademi

തുലോം കീഴമൎത്തും, ഹവിൎദ്ദാതാവിൻെറ ഗൃഹത്തിലെഴുന്നള്ളും
—ഇങ്ങനെയുള്ള അശ്വിദേവന്മാരെ ഞങ്ങൾ ഇതിൽ രക്ഷയ്ക്കായി സ്തു
തികൾകൊണ്ട് ഇങ്ങോട്ടു വരുത്തിക്കൊള്ളുന്നു. 3

നിങ്ങളുടെ തേരിൻെറ ഒരു ചക്രം ചുററിനടക്കും; മറേറതു
പ്രേരകരായ നിങ്ങളിലെത്തും. ഉദകപാലന്മാരേ, നിങ്ങളുടെ തിരു
വുള്ളം ഞങ്ങളുടെ അടുക്കലെയ്ക്ക്, ഒരു കറവപ്പയ്യുപോലെ പാഞ്ഞുവ
രട്ടെ! 4

അശ്വികളേ, മൂന്നിരുപ്പടികളും പൊന്നിൻകടിഞാണുകളുമുള്ള
തായ നിങ്ങളുടെ വിളിപ്പെട്ട പള്ളിത്തേർ വാന്ദഴികളെ ചുററും അല
ങ്കരിയ്ക്കുന്നു: നാസത്യരേ, അതിലൂടേ വരുവിൻ! 5

അശ്വികളേ, നിങ്ങൾ വാനിലെ പുരാതനജലം മനുവിന്നു
നല്കി, കലപ്പകൊണ്ടുഴുതു യവം വിതച്ചുവല്ലോ; ഉദകപാലകന്മാരേ, ആ
നിങ്ങളെ ഞങ്ങൾ ഇന്നു നല്ല സ്തോത്രങ്ങൾകൊണ്ടു തുലോം സ്തുതി
യ്ക്കുന്നു. 6

വൃഷാക്കളേ, നിങ്ങൾ എവയിലൂടേ ത്രസദസ്യുപുത്രനായ തൃ
ക്ഷിയെ വമ്പിച്ച സമ്പത്താൽ പ്രീതിപ്പെടുത്തിയോ; അന്നധനന്മാരേ,
ആ യജ്ഞമാൎഗ്ഗങ്ങളിലൂടേ ഞങ്ങളുടെഅടുക്കൽ വന്നാലും! 7

നേതാക്കളേ, വൎഷണധനന്മാരേ, ഇതാ, നിങ്ങൾക്ക് അമ്മി
യാൽ പിഴിഞ്ഞ സോമം: വരുവിൻ, സോമം കുടിപ്പാൻ; ഹവിൎദ്ദാ
താവിൻെറ ഗൃഹത്തിൽ കുടിയ്ക്കുവിൻ! 8

വൎഷണധനന്മാരായ അശ്വികളേ, നിങ്ങൾതന്നെ പൊൻ
തേരറയിൽ കേറുവിൻ; അന്നം വളരെ ചേൎക്കുവിൻ! 9

അശ്വികളേ, നിങ്ങൾ എവകൊണ്ടു പക്ഥനെ, എവകൊണ്ട്
അധ്രിഗുവിനെ, എവകൊണ്ടു പ്രീതിപ്പെടുത്തിയ ബഭ്രുവിനെ രക്ഷിച്ചു

---

3. കീഴമൎത്തും—ശത്രുക്കളെ. ഇതിൽ—ഈ യജ്ഞത്തിൽ.

4. മറേറതു—മറേറച്ചക്രം. പ്രേരകർ—വൃഷ്ടികൎത്താക്കൾ. നിങ്ങളിലെ
ത്തും—നിങ്ങളുടെ അടുക്കൽ വന്നുനില്ക്കും. കറവപ്പയ്യുപോലെ—നവപ്രസൂതയായ
പയ്യു കുട്ടിയ്ക്കു പാൽ കൊടുപ്പാനെന്നപോലെ, നിങ്ങളുടെ തിരുവുള്ളം (അനുഗ്രഹ
ബുദ്ധി) ഞങ്ങൾക്കു ധനം തരാൻ പാഞ്ഞുവരട്ടെ.

5. അലംകരിയ്ക്കുന്നു—ശോഭിപ്പിയ്ക്കുന്നു. അതിലൂടേ—ആ തേരിൽ കേറി.

8. വൎഷണധനന്മാർ=വൎഷിയ്ക്കുന്ന ധനത്തോടുകൂടിയവർ.

9. അറ—വിഹാരസ്ഥാനം. ചേൎക്കുവിൻ—ഞങ്ങളിലണയ്ക്കുവിൻ.

Digitized By Kerala Sahitya Akademi

വോ; അവയോടുകൂടി ഞങ്ങളുടെ അടുക്കൽ ശീഘ്രം—വേഗം—വരു
വിൻ; രോഗിയെ ചികിത്സിയ്ക്കുവിൻ: 10

വെമ്പൽക്കൊള്ളുന്ന മേധാവികളായ ഞങ്ങൾ വെമ്പൽക്കൊ
ള്ളുന്ന അശ്വികളെ ഈ പകൽപ്പിറപ്പിൽ സ്തോത്രങ്ങൾകൊണ്ടു വിളി
യ്ക്കുന്നുണ്ടല്ലോ! 11

വൃഷാക്കളേ, നിങ്ങൾ വിവിധരൂപവും വിശ്വവരേണ്യവുമായ
എന്റെ വിളിയിൽ അവയുമായി വന്നെത്തിയാലും—ഇച്ഛിയ്ക്കുന്നവരും,
മികച്ച ദാതാക്കളും, ഉല്ലോം കീഴമർത്തുന്നവരും, നേതാക്കളുമായ നി
ങ്ങൾ ഏവകൊണ്ടു കിണർ നിറച്ചുവോ, അവയുമായി വന്നെത്തി
യാലും! 12

ആ അശ്വികളെ ഞാൻ ഈ പകൽപ്പിറപ്പിൽ വന്ദിച്ചുകൊണ്ടു
ചെന്നു സ്തുതിയ്ക്കുന്നു; അവരോടുതന്നെ ഞങ്ങൾ സ്തോത്രങ്ങൾകൊണ്ടു
യാചിയ്ക്കുന്നു. 13

ഉദകപാലന്മാരായ സ്തൂയമാനമാർഗ്ഗന്മാരായ അവരെ രാത്രി
യിൽ, അവരെ ഉഷസ്സിൽ, അവരെത്തന്നേ അഹസ്സിൽ (ഞങ്ങൾ വി
ളിയ്ക്കുന്നു). അനാധനന്മാരേ, രുദ്രന്മാരേ, നിങ്ങൾ ഞങ്ങളെ ശത്രുവായ
മനുഷ്യന്നു വിട്ടേയ്ക്കരുതേ! 14

സേവ്യശീലരായ അശ്വികളേ, നിങ്ങൾ പ്രാതഃകാലത്തു പള്ളി
ത്തേരിൽ സുഖാർഹന്നു സുഖം കൊണ്ടുവന്നാലും: അതിന്നായി സോ
ഭരി, അച്ഛനെന്നപോലെ വിളിയ്ക്കുന്നു! 15

---

10. പക്ഥനും, അധ്രിഗുവും, ബഭ്രുവും രാജാക്കന്മാരത്രേ. പ്രീതിപ്പെടു
ത്തിയ—സോമം നല്കി പ്രസാദിപ്പിച്ച. അവ—ആ രക്ഷകൾ. രോഗിയെ—ഞങ്ങ
ളുടെയിടയിലുള്ള രോഗിയെ.

11. വെമ്പൽക്കൊള്ളുന്ന—കർമ്മങ്ങളിൽ സത്വരരായ. വെമ്പൽക്കൊള്ളു
ന്ന—ശത്രുവധത്തിൽ സത്വരരായ. അശ്വികളെ—നിങ്ങളെ. പകൽപ്പിറപ്പ്—
പ്രാതഃകാലം.

12. വിശ്വവരേണ്യം—എല്ലാദ്ദേവന്മാരാലും വരിയ്ക്കപ്പെടേണ്ടത്. അ
വയുമായി—ആ രക്ഷകളോടുകൂടി. ഇച്ഛിയ്ക്കുന്നവർ—ഹവിസ്സാഗ്രഹിയ്ക്കുന്നവർ.
കിണർ നിറച്ചതു, വന്ദനനെ ഉദ്ധരിപ്പാനാണ്.

14. രുദ്രന്മാർ—രോഗം മാററുന്നവർ.

15. സുഖാർഹന്ന്—സുഖമർഹിയ്ക്കുന്ന എനിയ്ക്ക്. അച്ഛനെന്നപോലെ—
എന്റെ അച്ഛൻ നിങ്ങളെ വിളിച്ചതുപോലെ.

Digitized By Kerala Sahitya Akademi

മനോവേഗികളേ, വൃഷാക്കളേ, വിരോധികളെ വീഴ്ത്തുന്നവരേ, ബഹുത്രാതാക്കളേ, നിങ്ങഠം ക്ഷിപ്രകാരിണികളായ അനേകരക്ഷക ളോടേ, ഞങ്ങളെ രക്ഷിപ്പാൻ അരികിൽത്തന്നെ നില്ക്കുവിൻ! 16

സോമം വളരെക്കുടിയ്ക്കുന്ന നേതാക്കളായ അശ്വികളേ, ദസ്ര ന്മാരേ, നിങ്ങഠം ഞങ്ങളുടെ ഗൃഹത്തെ അശ്വ-ഗോ-കനകസമേതമാക്കി വന്നെത്തുവിൻ! 17

അനാധനന്മാരേ, യാചിയ്ക്കേണമെന്നില്ലാത്ത, നല്ല വീയ്യമുള്ള, വഴിപോലെ വരിയ്ക്കേണ്ടുന്ന, അരക്കനാക്രമിയ്ക്കാത്ത എല്ലാസ്സമ്പത്തും നിങ്ങളുടെ ഈ വരവിൽ ഞങ്ങഠംക്കു കിട്ടുമാറാകണം! 18

---

സൂക്തം 23.

വ്യശ്വപുത്രൻ വിശ്വമനസ്സ് ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; അഗ്നി ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

നീ പുകഴ്ത്തുകെ,തിർപ്പോനെ,
നീളെപ്പുക പാറിപ്പോനെ;
ദുർഗ്രഹഭാസ്സിനെസ്സംപൂ-
ജിയ്ക്കു, ജാതവേദസ്സിനെ! 1
കൊണ്ടാടി സ്തുതിയ്ക്കു, വിശ്വം
കണ്ട വിശ്വമനസ്സേ, നീ
വൈരമെന്നതില്ലാത്തോന്നു
തേരുകഠം നല്കുമഗ്നിയെ! 2

---

16. ബഹുത്രാതാക്കഠം—അനേകജനരക്ഷകർ.
18. യാചിയ്ക്കേണമെന്നില്ലാത്ത—സ്വയം തരുന്ന.

സൂക്തം 23.

1. ഋഷി അന്തരാത്മാവിനോടു പറയുന്നു: എതിർപ്പോൻ—ശത്രുക്കളെ. ദുർഗ്രഹഭാസ്സ്—പിടിയ്ക്കാവതല്ലാത്ത പ്രകാശത്തോടുകൂടിയവൻ.
2. വൈരമെന്നതില്ലാത്തോന്ന—ജഗൽസ്നേഹിയായ യജമാനന്ന്. തേരുകഠം രഥാദിവിഭവങ്ങഠം.



Digitized By Kerala Sahitya Akademi

അന്നരസങ്ങൾ ധഷ്ടകൻ
വഹ്നി പിടിച്ചടക്കീടും;
നേരറിഞ്ഞു മന്ത്രപൂജ്യൻ
നേടിവെയ്ക്കും, ധനങ്ങളും! 3

ഇല്ലത്തെഴുന്നള്ളുവോന്റെ,
പൊള്ളിയ്ക്കും പല്ലുള്ളവന്റെ,
ഉജ്ജ്വാലിതനാമിവന്റെ
നൽജ്യോതിസ്സു പൊങ്ങീ നവ്യം! 4

നേരേ പാരും വളരൊളി
ചേരും ഭവാൻ ശുഭക്രതോ,
സ്തോത്രങ്ങൾ കേട്ടയന്നാലും,
ചീർത്തു കത്തും ജ്വാലയോടേ! 5

ഹവ്യമിടവിടാതേന്തി-
ബ്ഭൂവ്യസ്തുത്യാ ഗമിച്ചാലും:
ഹവ്യങ്ങളെ വഹിയ്ക്കുന്ന
ദിവ്യദൂതനല്ലോ, ഭവാൻ! 6

മർത്ത്യഹോതാവായ ഭവ-
ദഗ്നിയെ ഞാൻ വിളിച്ചീടാം;
വാഴ്ത്തിപ്പാടാം,മപ്പൂർവ്വനെ;-
കീർത്തിയ്ക്കാം, നിങ്ങൾക്കായേവം. 7

---

3\. അന്നരസങ്ങൾ—യജ്ഞവിഹീനരുടെ അന്നങ്ങളും പേയങ്ങളും. നേരറിഞ്ഞു—'ഇവർ ദേവകൾക്ക ഹവിസ്സർപ്പിയ്ക്കുന്നില്ല' എന്നു മനസ്സിലാക്കി. ധനങ്ങളും,—അവരുടെ സമ്പത്തും നേടിവെയ്ക്കും, പിടിച്ചടക്കും.

4\. ഇല്ലം—യജമാനഗൃഹം. പല്ല്—ജ്വാല. ഉജ്ജ്വാലിതൻ=ഉജ്ജ്വലിപ്പിയ്ക്കപ്പെട്ടവൻ. നവ്യം—ഹവിസ്സുകൾകൊണ്ടു വീണ്ടും വീണ്ടും വളർത്തപ്പെടുന്നതിനാൽ നൂതനമായിട്ടുള്ളത്.

5\. പ്രത്യക്ഷോക്തി:

6\. ഭൂവ്യസ്തുത്യാ=നല്ല സ്തോത്രത്തോടുകൂടി. ഗമിച്ചാലും—ഹവിസ്സു ദേവന്മാൎക്കു കൊടുക്കാൻ.

7\. യഷ്ടാക്കളോട്: ഭവദഗ്നി—നിങ്ങളുടെ, നിങ്ങൾ യജിയ്ക്കുന്ന, അഗ്നി. പൂർവൻ=പുരാതനൻ. നിങ്ങൾക്കായ്—നിങ്ങൾക്കവേണ്ടി. ഏവം=ഇങ്ങനെ, ഈ സൂക്തംകൊണ്ട്. കീർത്തിയ്ക്കാം=സ്തുതിയ്ക്കാം.

Digitized By Kerala Sahitya Akademi

മിത്രംപോലുള്ളീ വിചിത്ര-
വൃത്തനെസ്സമത്ഥേഷ്ടിയാൽ
തൃപ്തനാക്കിത്തീത്തിട്ടല്ലോ,
സത്രവാങ്കലുതിപ്പിപ്പൂ! 8
യജ്ഞത്തിൻ സാധനമാമീ
യജ്ഞസംയുതനെ നിങ്ങഠം
ഹവ്യസ്ഥാനേ പുകഴ്ത്തുവിൻ,
ചൊവ്വിൽ ക്രതുകാമന്മാരേ! 9
അംഗിരശ്ശ്രേഷ്ഠങ്കൽച്ചെല്ലു-
ക,സ്മദ്യജ്ഞം, വ്യവസ്ഥിതം:
മത്ത്യഹോതാവാമിദ്ദേഹ-
മുത്തമയശസ്വിയല്ലോ! 10
അഗ്നേ, ജരാഹീന, നിൻറ-
യദ്ദീപ്തോരുകിരണങ്ങഠം
ഇഷ്ടം പൊഴിച്ച,ശ്വങ്ങഠംതൻ-
മട്ടിൽബ്ബലം കാണിയ്ക്കുന്നു! 11
ഞങ്ങഠംക്കേകുക,നാപതേ,
തുംഗവീര്യം ധനമാ നീ;
യുദ്ധത്തിലും കാക്കുക,സ്മൽ-
പുത്രപൌത്രന്മാരിലും നീ! 12

---

8. വിചിത്രവൃത്തൻ=അദ്ഭുതകമ്മാവ്. സമത്ഥേഷ്ടിയാൽ—ഫലോൽപാദനസമത്ഥമായ യജ്ഞംകൊണ്ട്. സത്രവാൻ—യഷ്ടാവ്. ഉതിപ്പിപ്പൂ—അഭീഷ്ടങ്ങളെ വർഷിപ്പിയ്ക്കുന്നു. അധ്വര്യുക്കഠം എന്നു കർത്തൃപദം അധ്യാഹരിയ്ക്കണം.

9. യഷ്ടാക്കളോട്: ഹവ്യസ്ഥാനേ=ഹവിസ്സു വെച്ചേടത്ത്. ക്രതുകാമന്മാർ—യജമാനന്മാർ.

10. വ്യവസ്ഥിതമായ അസ്മദ്യജ്ഞം, നമ്മുടെ യാഗം, അംഗിരശ്ശ്രേഷ്ഠങ്കൽ, അഗ്നിയിങ്കൽ, ചെല്ലട്ടെ. മത്ത്യഹോതാവ്=മത്ത്യരിൽ ഹോമനിഷ്പാദകൻ.

11. അദ്ദീപ്തോരുകിരണങ്ങഠം=ആ തിളങ്ങുന്ന വലിയ രശ്മികഠം. അശ്വങ്ങഠംതൻമട്ടിൽ ബലം കാണിയ്ക്കുന്നു—കുതിരകഠംപോലെ പായുന്നു.

12. തുംഗവീര്യം—മികച്ച വീര്യത്തോടുകൂടിയത്. കാക്കുക—ധനം രക്ഷിച്ചാലും.

Digitized By Kerala Sahitya Akademi

മൎത്ത്യഗൃഹത്തിങ്കൽ പ്രീത്യാ
വൎത്തിയ്ക്കുന്നാ വിശാംപതി
തീക്ഷ്ണനഗ്നി തുരത്തുമേ,
രാക്ഷസന്മാരെപ്പേരെയും! 13

അഭൃഗ്രം മേ സ്തവം ശ്രവി–
ച്ചഗ്നേ, വീര, വിശാംപതേ,
പൊള്ളിച്ചു നീറാക്കേണമേ,
കള്ളരാക്ഷസരെബ്ഭുവാൻ! 14

അധ്വൎയ്യുക്കളോടൊത്തെവ .
നഗ്നിയ്ക്കൎപ്പിയ്ക്കുമോ, ഹവ്യം;
ആയവങ്കലാളാകില്ല,
മായകൊണ്ടും വൈരിമൎത്ത്യൻ! 15

വൃശന്വൃഷി, വൃഷകാമൻ
സ്വത്തേകമങ്ങയ്ക്കൻപോററി;
ഉജ്ജ്വലിപ്പിയ്ക്കാവൂ, ഞങ്ങ–
ളുച്ചസമ്പത്തിനാ നിന്നെ! 16

ഹോതാവാക്കിയല്ലോ, കവി–
ജാതനുശനസ്സു നിന്നെ—
മേധം മനുവിനായ്ച്ചെയ്യും
ജാതവേദസ്സായ നിന്നെ! 17

ദൂതനാക്കിയല്ലോ, സമു–
പേതരുമ്പർ നിന്നെത്തന്നെ;

---

13. വിശാംപതി=പ്രജാപാലകൻ. തീക്ഷ്ണൻ—ഉജ്ജ്വലൻ.

14. അഭൃഗ്രം=നൂതനം. കള്ളരാക്ഷസർ=മായാവികളായ രക്ഷസ്സുകൾ.

15. ആയവങ്കൽ—അവനെ കീഴടക്കാൻ.

16. പ്രത്യക്ഷകഥനം: വൃഷകാമൻ—വൃഷ്ടികൎത്താവിനെ ഇച്ഛിച്ച്. അൻ പോററി—ഹവിസ്സുകളാൽ പ്രീതി വരുത്തി. വൃശന്നെന്നപോലെ ഞങ്ങളും അങ്ങയെ ഉജ്ജ്വലിപ്പിയ്ക്കാവൂ.

17. കവിജാതൻ=കവിയുടെ പുത്രൻ. മേധം=യാഗം. മനുവിനായ്—മനുവിൻെറ ഗൃഹത്തിൽ.

Digitized By Kerala Sahitya Akademi

മുഖ്യനാമബ്ഭൂവാൻ ദേവ,
വെക്കം യജ്ഞാഹ്നാകേണം! 18

ഇമ്മഹാനെത്ര തനാക്കി,
കമ്മപടു മനുഷ്യനും
കൃഷ്ണവർത്മാവിനെ,ശ്ശുദ്ധി-
കൃത്തിനെ, നിമ്മരണനെ! 19

സ്രുക്കെട്ടത്താപ്പുരാണനാ-
മഗ്നിയെ വിളിപ്പൂ, ഞങ്ങൾ
കത്തിയാളും സുപ്രഭനെ,
മത്ത്യേഡ്യനെ, നിജ്ജരനെ. 20

ഋത്വിക്കുകളോടൊത്തേതു
മത്ത്യനിവന്നേകും, ഹവ്യം;
ഭൂരിപുഷ്ടി നേടു,മവൻ
വീരയുക്തയശസ്സമേ! 21

മുഖ്യൻ പൂവൻ ജാതവേദ-
സ്സഗ്നിയിങ്കലണയുന്നു,
സുക്രതുവിലവിസ്സേന്തും
സ്രുക്കു നമസ്കാരത്തോടേ! 22

അത്യുജ്ജ്വലതേജസ്കനാ-
മഗ്നിയെ നാം, വൃശ്വൻപോലേ
സേവിയ്ക്കാവൂ, മാന്യങ്ങളാ-
മീ വരിഷ്ഠസ്തവങ്ങളാൽ! 23

ഉൽകൃഷ്ടനും ഗ്രഹ്യനമാ-
മഗ്നിയെ സ്തവത്താലിപ്പോൾ

---

18. സമുപേതർ=ഒന്നിച്ചുകൂടിയവർ. യജ്ഞാഹ്നാകേണം—ദേവകൾക്കു ഹവിസ്സു കൊണ്ടുകൊടുക്കണമെന്നു താൽപര്യം.

19. പരോക്ഷവചനം: ശുദ്ധികൃത്ത്=ശുദ്ധിയുണ്ടാക്കുന്നവൻ. നിമ്മരണൻ=മരണരഹിതൻ.

20. പുരാണൻ=പുരാതനൻ. മത്ത്യേഡ്യൻ=മനുഷ്യരാൽ സ്തുതിയ്ക്കപ്പെടേണ്ടവൻ.

22. അവിസ്സ്=ഹവിസ്സ്.

Digitized By Kerala Sahitya Akademi

വൈയശ്വഷേ, പൂജിച്ചാലും,
നീയാസ്ഥൂരയൂപൻപോലേ! 24

മാനുഷക്ഷിതിഥി, വൃക്ഷ-
സൂനു, പുരാതനൻ,നഗ്നി;
അദ്ദേഹത്തെ സ്തുതിയ്ക്കുന്നു,
ബുദ്ധിമാന്മാരവനാൎത്ഥം. 25

സുസ്ഥമഹാന്മാൎക്കെല്ലാൎക്കും,
മൎത്ത്യഹവ്യങ്ങൾക്കുമായി
വൎത്തിച്ചാലും, ദൎഭപ്പുല്ലിൽ
സ്തുത്യതയാലഗ്നേ, ഭവാൻ! 26

നല്ല, പുരുവരേണ്യങ്ങൾ—
നല്ലേ,ങ്ങൾക്കു പുരുകാമ്യം,
സന്തതിസമൃദ്ധിയ്ക്കയശ-
സ്സംയുതമാം ധനം ഭവാൻ! 27

നീ വരേണ്യനഗ്നേ, വസോ,
യൌവനസ്ഥതമ, സദാ
ചേലിൽസ്സാമം ചൊല്ലും പെരു-
താളുകൾക്കയയ്ക്കൂ, ധനം! 28

നീയേ, നല്ല ദാതാവഗ്നേ:
നീയെങ്ങൾക്കു തുറന്നാലും,

---

24. യജമാനവാക്യം: ഗൃഹ്യൻ—ഗൃഹത്തിൽ അരണിമഥനത്താൽ ജാതൻ വൈയശ്വഷേ=ഹേ വൃശ്വപുത്രനായ ഋഷേ, വിശ്വമനസ്സേ. സ്ഥൂരയൂപൻ—ഒരൃഷി.

25. വൃക്ഷസൂനു—അരണിജാതൻ. അവനാൎത്ഥം=രക്ഷയ്ക്കുവേണ്ടി.

26. സുസ്ഥമഹാന്മാർ—സ്തുതിപ്പാൻ നില്ക്കുന്ന മഹാന്മാർ. വൎത്തിച്ചാലും=ഇരുന്നാലും. മഹാന്മാരുടെയെല്ലാം സ്തോത്രം കേൾപ്പാനും, മനുഷ്യരുടെ ഹവിസ്സു ഭുജിപ്പാനുമായി ഭവാൻ ദൎഭവിരിയിൽ ഇരുന്നാലും.

27. പുരുവരേണ്യങ്ങൾ—ഗോക്കൾ മുതലായ വളരെസ്സമ്പത്തുകൾ.

28. യൌവനസ്ഥതമ=അതിയുവാവേ.

Digitized By Kerala Sahitya Akademi

ഉത്തമസ്വത്തിലെദ്ദേയ-
വസ്തുവും ഗോവനങ്ങളും 29
ശ്രദ്ധമാം കെല്പാന്ന യജ്ഞ-
യുക്തരാം രണ്ടരചരെ—
മിത്രാവരുണരെ- പ്പുകഠം
മെത്തുമഗ്നേ, വിളിയ്ക്കു, നീ! 30

## സൂക്തം 24.

വിശ്വമനസ്സ് ഋഷി; ഉഷ്ണിക്കും അനുഷ്ടുപ്പും ഛന്ദസ്സുകഠം; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ)

തോഴന്മാരേ, സ്തവം ചൊല്ലു,
കീഴമൎത്തുമിന്ദ്രനായ് നാം:
വാഴ്ത്താം നിങ്ങഠംക്കായ് ഞാൻതന്നേ
വൻനേതാവാം വജ്രവാനെ. 1
വൃത്രവധാൽ ഖ്യാതനല്ലോ,
വൃത്രഘ്നനെന്നോജസ്വി നീ;
ശൂര, ധനവാനെക്കാളു-
മേറെദ്ധനം നല്കുന്നു, നീ! 2
ചിത്രാന്നാഢ്യം ധനമെങ്ങഠം-
ക്കെത്തിച്ചാലും, സ്തുതൻ ഭവാൻ:

---

29. ഉത്തമസ്വത്തിലെദ്ദേയവസ്തു—മഹത്തായ സമ്പത്തിൽ, കൊടുക്കാവുന്നതേതോ ആ വസ്തു.

30. പ്രായേണ കൎമ്മത്തിൽ മിത്രവരുണന്മാരോടുകൂടിയത്രേ, അഗ്നി വൎത്തിയ്ക്കുക.

സൂക്തം 24.

1. ഋത്വിക്കുകളോട്: കീഴമൎത്തും—ശത്രുക്കളെ.

2. വൃത്രഘ്നനെന്നു ഖ്യാതനല്ലോ. ഒരു ധനികൻ കൊടുക്കുന്നതിലുമധികം ധനം ഭവാൻ സ്തോതാക്കഠംക്കു നല്കാറുണ്ട്.

Digitized By Kerala Sahitya Akademi

പ്രസ്ഥാനത്തിൽത്താനോടിപ്പോൻ,<br>
സ്വത്തേകുവോൻ, ഹര്യശ്വ, നീ! 3<br>
ഓമന്മുതൽ തുറന്നാലും,<br>
നീ മനുഷ്യക്കിന്ദ്ര, ധൃഷ്ണോ;<br>
തന്നാലും, കൂസാതെങ്ങൾക്കു<br>
നന്നായ് വാഴ്ത്തപ്പെട്ടും ഭവാൻ! 4<br>
നിന്നിടംകൈ തട്ടുക്കില്ല,<br>
മുന്നണിക്കാർ വലംകയ്യും;<br>
ഇല്ല, ഗോമാർഗ്ഗണങ്ങളിൽ–<br>
സ്സൊല്ലക്കാരും ഹരിഹയ! 5<br>
വാക്കോടെത്തുന്നേൻ, ഞാൻ നിങ്കൽ,–<br>
ഗ്ഗോക്കളൊത്താലയിൽപ്പോലേ:<br>
പൂരിപ്പിയ്ക്ക, വജ്രിൻ, ഭവാൻ<br>
സൂരിതന്നാശയും ഹൃത്തും! 6<br>
വിശ്വമനസ്സാമെൻേറതിൽ–<br>
സ്സശ്രദ്ധനാകെ,ല്ലാററിലും<br>
വൃത്രഘാതിതമ, ഭവാൻ<br>
ശക്ത വസോ, വൻനേതാവേ! 7

---

3. ചിത്രാന്നാഢ്യം=വിവിധാന്നസമൃദ്ധം. സ്തുതൻ—ഞങ്ങളാൽ സ്തുതിയ്ക്കപ്പെട്ടവൻ. പ്രസ്ഥാനത്തിൽത്താൻ—യുദ്ധത്തിന്നു പുറപ്പെട്ടപ്പോൾത്തന്നെ. ഓടിപ്പോൻ—ശത്രുക്കളെ ആട്ടിപ്പായിയ്ക്കുന്നവൻ.

4. ഓമന്മുതൽ=പ്രിയപ്പെട്ട ധനം. മനുഷ്യക്ക്—സ്തുതിയ്ക്കുന്ന ഞങ്ങൾക്ക്. തന്നാലും—തുറക്കപ്പെട്ട, പ്രകാശിതമായ, ധനം.

5. മുന്നണിക്കാർ, യുദ്ധത്തിൽ മുമ്പിൽ നില്ക്കുന്ന എതിരാളികൾ, അങ്ങയുടെ ഇടംകയ്യും തട്ടുക്കില്ല; വലംകയ്യും തട്ടുക്കില്ല. ഗോമാർഗ്ഗണങ്ങളിൽ—പണികളാൽ അപഹരിയ്ക്കപ്പെട്ട ഗോക്കളെ തിരഞ്ഞുപിടിയ്ക്കുന്നതിൽ. സൊല്ലക്കാരും, ഉപദ്രവിയ്ക്കുന്നവരും, ഇല്ല. അങ്ങയെ തടയാനോ ഉപദ്രവിപ്പാനോ ശത്രുക്കൾ ശക്തരാകില്ല.

6. വാക്ക്—സ്തുതികൾ. ഒരിടയൻ ഗോക്കളോടുകൂടി ആലയിൽ (തൊഴുത്തിൽ) എത്തുന്നതുപോലെ, ഞാൻ സ്തുതികളോടുകൂടി നിങ്കലെത്തുന്നു. ഭവാൻ സൂരിയുടെ (സ്തുതിയ്ക്കുന്ന എൻെറ) ആശയും ഹൃത്തും ധനാദിദാനത്താൽ പൂരിപ്പിച്ചാലും.

7. എൻേറതിലെല്ലാററിലും—എൻെറ സ്തുതിയിലെല്ലാം ഭവാൻ സശ്രദ്ധനായാലും. വൃത്രഘാതിതമ=ഏററവും ശത്രുഹന്താവായുള്ളോവേ. ശക്ത=ബലിഷ്ഠ.

Digitized By Kerala Sahitya Akademi

വൃത്രഘ്നാതിൻ, പുരുഹൂത,
ലബ്ധമാകെ,ങ്ങൾക്ക ശൂര,
സിദ്ധികരം, കാമ്യം, പുതു-
പുത്തനാമിബ്ഭവദ്ധനം! 8

ദൂന്നിവാരമല്ലോ, നിൻകെ-
ല്പിന്ദ്ര, നൃത്തംവെപ്പിപ്പോനേ;
ഹവ്യദന്നു കൊടുപ്പതു-
മവ്യഥമേ, പുരുഹൂത! 9

ഉന്നതാത്മൻ, കുടിയ്ക്ക, നീ
വൻനേതാവേ, സംസിദ്ധിയ്ക്കായ്:
കെല്പുററതും പിളക്ക്, നീ
സ്വപ്രാപ്തിയ്ക്ക മഘവാവേ! 10

അന്യന്മാരിലായിരുന്നു,
മുന്നമെങ്ങൾക്കാശ വജ്രിൻ:
കാത്തുരക്ഷിച്ചേകുകെ,ങ്ങൾ-
ക്കാത്വദീയം മഘവൻ, നീ! 11

നൃത്തമാടിപ്പവനേ, ക-
ണ്ടെത്തുന്നില്ലാ, ത്വദന്യനെ
സ്തുത്യാരാധ്യ, പുകൾ, ബലം,
വിത്ത,മന്നമിവയ്ക്ക ഞാൻ! 12

---

8. പുതുപുത്തനാം, അതിനൂതനമായ ഈ ഭവദ്ധനം ഞങ്ങൾക്ക ലബ്ധമാക—കിട്ടുമാറാകട്ടെ.

9. നൃത്തംവെപ്പിപ്പോനേ—ലോകത്തെ ചേഷ്ടിപ്പിയ്ക്കുന്നവനേ. ഭവാൻ ഹവ്യദന്നു (യജമാനന്നു) കൊടുപ്പതും, നല്കുന്ന ധനവും അവ്യഥം(ശത്രുബാധാരഹിതം)തന്നെയാകുന്നു.

10. സംസിദ്ധിയ്ക്കായ്—ശത്രുസമ്പത്തടക്കാൻ കഴിവുണ്ടാകാൻ. സോമം കുടിച്ചാലും. കെല്പുററതും—ഉറപ്പേറിയ ശത്രുനഗരംപോലും. സ്വപ്രാപ്തി=ധനലബ്ധി.

11. അന്യദേവന്മാരിൽനിന്നു ഫലം കിട്ടില്ലെന്നു ഞങ്ങൾക്കിപ്പോൾ മനസ്സിലായി. അതിനാൽ, ആ ത്വദീയം, ശത്രുപുരവിദാരണലബ്ധമായ ഭവാന്റെ ധനം, എങ്ങൾക്ക് ഏകുക.

12. സ്തുത്യാരാധ്യ=സ്തുതികൊണ്ട് ആരാധിയ്ക്കപ്പെടേണ്ടവനേ. ഇവയ്ക്ക്—ഇവ തരാൻ.



Digitized By Kerala Sahitya Akademi

ഇന്ദ്രന്നിന്ദു പിഴിയുവിൻ:—
നിസ്സോമത്തേൻ നുകന്നവൻ
അന്നാദികളയയ്ക്കുമേ,
തന്നുടെ മഹത്ത്വത്താലേ! 13

വാഴ്ത്തുന്നോൻ ഞാൻ, കരുത്തിട—
ചേർത്തരുളും ഹരീശനെ:
വ്യശ്വപുത്രൻ സ്തുതിപ്പതു
ത്തുച്ചെവിക്കൊൾകിഹ ഭവാൻ! 14

മുന്നം പിറന്നിട്ടില്ലല്ലോ,
നിന്നെക്കാളൊരതിവീരൻ:
സ്വത്താലില്ലി,ല്ലടർപ്പോക്കാൽ,
സ്തുത്യതയാലില്ലൊരുത്തൻ! 15

അധ്വര്യോ, നീ പിഴിഞ്ഞാലും,
മത്തേററമുണ്ടാക്കും സോമം:
സംസ്തുതനാകുന്നുണ്ടല്ലോ,
നിത്യവർദ്ധകനാം വീരൻ! 16

ഇന്ദ്ര, ഹര്യശ്വാരൂഢ, പൂർവ്വ—
രുന്നയിച്ച നിൻനുതിയെ
ഒന്നതിക്രമിയ്ക്കില്ലാ,രും
നന്ദ്യത്താലോ, ബലത്താലോ! 17

ശ്രദ്ധായുക്തക്രതുക്കളാൽ
വർദ്ധനീയനന്നപതി—
നിങ്ങളുടെയദ്ദേഹത്തെ
ഞങ്ങൾ കൊററിന്നായ് വിളിയ്ക്കാം! 18

---

13. ഋത്വിക്കുകളോട്: ഇന്ദു=സോമം.

14. ഇടചേർത്തരുളും—മരുത്തുക്കളിൽ ചേർക്കുന്ന. ഹരീശൻ—പച്ചക്കുതിരകളുടെ ഉടമസ്ഥൻ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി.

15. അടർപ്പോക്ക്=യുദ്ധഗമനം.

16. സംസ്തുതൻ=വഴിപോലെ സ്തുതിയ്ക്കപ്പെട്ടവൻ. വീരൻ—ഇന്ദ്രൻ.

17. പൂർവ്വർ—പണ്ടേത്തെ ഋഷിമാർ; ഇന്നേത്തെ ഋഷിമാരും എന്നു ചേർക്കണം. നന്ദ്യം=നന്ദനീയം; ധനം.

18. നിങ്ങളുടെ—ഭവദീയനായ. അദ്ദേഹത്തെ—ഇന്ദ്രനെ. കൊററിന്ന്—അന്നം കിട്ടാൻ.

Digitized By Kerala Sahitya Akademi

മിത്രരേ, വരുവിൻ, വെക്കം:
സ്തുത്യൻ നേതാവിന്ദ്രനെ നാം
വാഴ്ത്തുക; മാററാരെയെല്ലാം
താഴ്ത്തുമല്ലോ, തനിച്ചിവൻ! 19
സ്തോത്രം വിലക്കാത്തവനായ്
സ്തോത്രേച്ഛുവാം തേജസ്വിയ്ക്കായ്
ഓതുവിൻ, തേൻനൈകളെക്കാളും
സ്വാദുവായ സാധുവാക്യം! 20
ഇല്ല,ളവു വീര്യങ്ങൾക്കു;
ദുർല്ലഭമിവൻെറ ധനം;
എല്ലാരെയുമാകെ മൂട-
മല്ലോ ദാനം, വാനംപോലെ! 21
വ്യശ്വൻപോലേ സ്തുതിയ്ക്കു, നീ
വശ്യനാം കെല്പുള്ളിന്ദ്രനെ:
സത്രവാനോകുമേ, നൽസ്വ-
ത്തുദ്ധർഷൻ തിരുവടി! 22
മർത്ത്യരുടെ പത്താം പ്രാണ,-
നത്യഭിജ്ഞ,നനുനമ്യൻ—
സ്തുത്യനാമദ്ദേഹത്തെത്താ-
നത്ര വാഴ്ത്തു, വൈയശ്വ, നീ! 23
വജ്രവൻ, നീ ദ്രോഹികളെ
വർജ്ജിപ്പാനറിവോനല്ലോ,

---

19. ഋത്വിക്കുകളോട്: താഴ്ത്തും—കീഴമർത്തും.

20. തേജസ്വി—ഇന്ദ്രൻ. സാധുവാക്യം—നല്ല സ്തോത്രം.

21. ദുർല്ലഭം—അന്യക്കു കിട്ടാവുന്നതല്ലാത്തത്. ഇവൻെറ ദാനം സ്തോതാക്കളെല്ലാരെയും മൂടും. വാനംപോലെ—സർവാച്ഛാദകമാണല്ലോ, ആകാശം.

22. തന്നോടുതന്നേ: വ്യശ്വൻ—എൻെറ അച്ഛൻ. വശ്യൻ സ്തോതാക്കൾക്കധീനൻ. സത്രവാൻ=യജമാനൻ.

23. പത്താംപ്രാണൻ—മനുഷ്യദേഹങ്ങളിൽ ഒമ്പതു പ്രാണങ്ങളുണ്ട്; പത്താംപ്രാണനാകുന്നു, ഇന്ദ്രൻ; മനുഷ്യക്കു പ്രാണഭൂതൻ എന്നർത്ഥം. അനുനമ്യൻ=നമസ്കരണീയൻ. വൈയശ്വ=വ്യശ്വപുത്ര.

Digitized By Kerala Sahitya Akademi

പക്ഷികളെപ്പകൽതോറും
പാറിയ്ക്കുവാൻ രവിപോലെ! 24

എത്തിയ്ക്കുകാ, രക്ഷയിന്ദ്ര—
കർത്താവായ കുത്സനായ് നീ
കൊന്നുവല്ലോ, രണ്ടുവട്ടം;
തന്നാലു,മതരിന്ദമ! 25

സ്തുത്യനാം നിന്നൊടുതാനി-
നാർത്ഥിപ്പൂ, സന്ന്യാസമെങ്ങൾ:
അസ്മദ്വൈരികളെയൊട്ട-
ക്കർദ്ദിപ്പോൻ, നീയരിന്ദമ! 26

ആരിലേശാ, രക്ഷോബാധ;-
യാരയയ്ക്കു,മേഴാർകളിൽ;
ആ നീ ദാസവധായുധ-
മാനമിപ്പിച്ചാലും, ശ്രീമൻ! 27

അർത്ഥികൾക്കു വരോ, നീ സ്വ-
ത്തപ്പിച്ചല്ലോ, സുഷാമാർത്ഥം:
അന്നാവതി, നീയും വ്യശ്വൻ-
തന്നുണ്ണിയ്ക്കു ശുഭധനേ! 28

---

24. പ്രത്യക്ഷോക്തി: സൂര്യനുദിച്ചാൽ പക്ഷികൾ കൂടു വിട്ടു പറന്നു തുടങ്ങുമല്ലോ; അതുപോലെ, ഭവാൻ നേരിട്ടാൽ ദ്രോഹികൾ അഞ്ചിഞ്ഞു പായും.

25. ആ രക്ഷ എന്നതിനെ വിവരിയ്ക്കുന്നു: കർത്താവായ—യാഗമനുഷ്ഠിച്ച. രണ്ടുവട്ടം=രണ്ടുതവണ. അതു്—ആ രക്ഷ.

26. സന്ന്യാസം—ശത്രുനിരസനം. അർദ്ദിപ്പോൻ—പീഡിപ്പിയ്ക്കുന്നവൻ, കീഴമർത്തുന്നവൻ.

27. ഏഴാർകൾ=സപ്തനദികൾ. അയയ്ക്കും—വെള്ളം. ദാസവധായുധം—അസുരവധത്തിന്നുള്ള ആയുധം. ആനമിപ്പിയ്ക്കുക—താഴ്ത്തുക; ചാട്ടുക എന്നർത്ഥം. ശ്രീമൻ=ശ്രീ, സമ്പത്തു്, ഏറിയവനേ.

28. വരു എന്ന രാജാവിന്റെ ദാനത്തെ സ്തുതിയ്ക്കുന്നവയാണു്, ഇതു മുതൽ മൂന്നൃക്കുകൾ. വരോ—വരുരാജാവേ. സുഷാമാർത്ഥം—അച്ഛനായ സുഷാമാവിന്നു പുണ്യലോകം കിട്ടാൻ. അന്നാവതി—ഹേ ഉഷസ്സേ. വ്യശ്വൻതന്നുണ്ണിയ്ക്കു—വിശ്വമനസ്സിന്നു്. സ്വത്തപ്പിച്ചാലും എന്നു് എടുത്തു ചേർക്കണം.

Digitized By Kerala Sahitya Akademi

വന്നൊത്തട്ടേ, സോമപാനാ-
മന്യപാത്മഭ്രവിൻ ദാനം,
നൂറുമായിരവുമായി-
സ്ഥാരാന്നവും വൈയശചങ്കൽ! 29
കൌതുകാൽ, 'യഷ്ടാവെങ്ങെ'ന്നു
ചോദിപ്പോനോട്ടുഷസ്സേ, നീ,
'സേവിതനാ നിരോധകൻ
വാഴ്വൂ, ഗോമതിയി'ലെന്നാം! 30

---

സൂക്തം 25.

വിശ്വമനസ്സ് ഋഷി; ഉഷ്ണിക്കും ഉഷ്ണിഗ്ഗർഭയും ഛന്ദസ്സുകൾ; മിത്രാവരുണന്മാരും വിശ്വേദേവകളും ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

പാരു കാപ്പോർ നിങ്ങൾ ദേവ-
ന്മാരിൽ യജ്ഞാർഹരാം ദേവർ:
ശുദ്ധബലന്മാരാമിരു-
സത്യസ്ഥരെ യജിപ്പൂ, നീ! 1
സ്വധ്വരനാം വരുണനും
മിത്രനും തേരുടയവർ,

---

29. സോമവാൻ—യജമാനൻ. അന്യപാത്മഭ്രവ്—സുഷാമപുത്രൻ വരു. സ്ഥാരാന്നം—വളരെയന്നം. വൈയശ്വങ്കൽ—വ്യശ്വപുത്രനായ എങ്കൽ.

30. കൌതുകാൽ—അറിയാൻവേണ്ടി. യഷ്ടാവ് എങ്ങെന്നു—യഷ്ടാവായ വരു എവിടെയാണെന്ന് ആരാനും ചോദിച്ചാൽ, 'ആ നിരോധകൻ (ശത്രുരോധി) ഗോമതീതീരത്തു വാഴുന്നു' എന്നാവും, നിൻെറ മറുപടി; വരുവിൻെറ വാസം ഗോമതിയുടെ തീരത്താണെന്നർത്ഥം. സേവിതൻ—ജനങ്ങളാൽ സേവിക്കപ്പെട്ടവൻ.

സൂക്തം 25.

1. ദേവന്മാരിൽ—ദേവന്മാരിൽവെച്ച്. ശുദ്ധബലന്മാർ=യഥാർത്ഥമായ കെല്പുള്ളവർ. ഉത്തരാർദ്ധം പരോക്ഷോക്തി: ഇരുസത്യസ്ഥരെ—സത്യശീലരായ മിത്രാവരുണന്മാരെ. നീ—വിശ്വമനസ്സ്.

Digitized By Kerala Sahitya Akademi

പുത്രർ, പണ്ടേ സുജാതന്മാർ,
വിത്തദന്മാർ, ധൃതവ്രതർ! 2
അത്തേജസ്വിവിശജ്ഞരെ–
ദ്ദിത്യാത്മജഹതിയ്ക്കത്രേ,
ഉത്തമയാമമ്മ പെററു,
സത്യവതിയാമദിതി! 3
ഉത്തമന്മാരീ വരുണ–
മിത്രദേവർ, പെരുമാക്കൾ,
സത്യവാന്മാർ, കരുത്തർ, വാ–
യ്പൊത്ത യജ്ഞം വിളങ്ങിപ്പൂ! 4
സ്വധ്വരന്മാർ, പെരുംകെല്പിൻ
പുത്രർ, വേഗതനൂജന്മാർ,
അവ്യാഹതപ്രദാനന്മാ–
രന്നനിലയത്തിൽ വാഴ്വൂ! 5
ദിവ്യപാൎത്ഥിവാന്നങ്ങളും
ദ്രവ്യങ്ങളും വഴിപോലേ
തന്നരുളുമാ നിങ്ങളിൽ
നിന്നീടട്ടേ, നീർമഴകൾ! 6
സത്യവാന്മാർ, മഖാന്നത്തിൽ–
സ്സുകതന്മാരിപ്പെരുമാക്കൾ
നോക്കുന്നു, വൻദേവകളെ,–
പ്പൈക്കൂട്ടത്തെയെന്നപോലെ! 7

---

2. സ്വധ്വരൻ=ശോഭനയജ്ഞൻ. പുത്രർ—അദിതിയുടെ. ധൃതവ്രതർ=കൎമ്മകരന്മാർ.

3. വിശജ്ഞർ=സൎവജ്ഞർ. ദിത്യാത്മജഹതി=ദൈത്യവധം.

5. പെരുംകെല്പിൻ പുത്രർ—മഹാബലത്താൽ ഉൽപാദിതർ. വേഗതനൂജന്മാർ—ബലത്തിൻെറ വേഗത്താൽ ഉൽപാദിതർ. രണ്ടിൻെറയും അൎത്ഥം ഒന്നു തന്നെ. അന്നനിലയം—ഹവിസ്ഥാനം.

6. പ്രത്യക്ഷോക്തി: ദിവ്യപാൎത്ഥിവാന്നങ്ങൾ=വിണ്ണിലും മന്നിലുമുള്ള അന്നങ്ങൾ. ദ്രവ്യങ്ങൾ=ധനങ്ങൾ. നിന്നീടട്ടേ—വേണ്ടുന്ന സമയത്തു മഴ പെയ്യുവിൻ.

7. മഖാന്നത്തിൽസ്സുകതർ—ഹവിഃപ്രിയന്മാർ. പൈക്കൂട്ടത്തെ—കാള എന്നപോലെ, വൻദേവകളെ നോക്കുന്നു—അസുരവധാനന്തരം നോക്കി സന്തോഷിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ധീമാന്മാരിസ്സത്യശീലർ
കോയ്മയ്ക്കായി നിലകൊണ്ടോർ:
ക്ഷത്രിയന്മാർ ധൃതവ്രത-
രുദ്വഹിച്ചാർ, കരുത്തിനെ! 8

കണ്ണിനെക്കാൾത്തുലോം വഴി
കണ്ടവര,ത്യനിമേഷർ
തേജസ്സൌമ്യതയാൽത്തുലോം
പൂജിതരായ്, തുലോം പൂർവർ! 9

നമ്മെദ്ദേവിയദിതിയും
നാസത്യരും പാലിയ്ക്കട്ടേ!
പാലിയ്ക്കട്ടേ, മഹാവേഗ-
ശാലികളാം മരുത്തുക്കൾ! 10

കാത്തരുൾവിൻ, നിങ്ങളഹോ-
രാത്രമെങ്ങളുടെ തോണി:
സത്രാണരാകാവൂ, ഞങ്ങൾ
സദ്ദാനരേ, നിബ്ബാധരേ! 11

നിബ്ബാധരായ് (സ്തുതിയ്ക്ക) നാം
സുപ്രദാനൻ വിഷ്ണുവിനെ:
താനേ പോം നീ കേൾക്ക, പൊഴി-
പ്പോനേ, സൌമ്യ, കർമ്മവാനായ്! 12

സപത്തേതൊന്നു കാത്തിടുമോ,
മിത്രവരുണാര്യമാക്കൾ;

---

8. ക്ഷത്രിയന്മാർ=ബലവാന്മാർ.

9. കണ്ണിനെക്കാൾ—കണ്ണിനുള്ളതിലേറെ കാഴ്ചയുണ്ട്,വക്ക്. പൂവർ=പുരാതനർ.

11. മരുത്തുക്കളോട്: തോണി—പാപതരണോപകരണമായ യജ്ഞം. സത്രാണർ=രക്ഷാസമേതർ. നിർബാധർ—ആരാലും ഉപദ്രവിയ്ക്കപ്പെടാത്തവർ.

12. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: താനേ പോം—യുദ്ധത്തിന്ന് ഏകനായി പോകുന്ന. പൊഴിപ്പോനേ—സ്തോതാക്കൾക്കു ധനം വർഷിയ്ക്കുന്നവനേ. കർമ്മവാനായ്—യഷ്ടാവിനുവേണ്ടി. കേൾക്ക—ഞങ്ങളുടെ സ്തുതി കേട്ടാലും.

Digitized By Kerala Sahitya Akademi

ഞങ്ങൾക്കതു കൈവരാവൂ,
തുംഗം, സേവ്യം, സുരക്ഷകം! 13
പൎജ്ജന്യൻ കാത്തരുളുക,-
തശ്വികൾ, മരുത്തുക്കളും,
ഒന്നിച്ചുചേൎന്നിഷ്ടം പെയ്യു-
മിന്ദ്രൻ, വിഷ്ണുവെന്നിവരും! 14
ആരാധ്യരാമന്നേതാക്ക-
ളാരുടെയുമഹന്തയെ
ഊക്കിൽച്ചെന്നുടയ്ക്കുമല്ലോ,
ശീഘ്രനീർക്കുത്തുകൾപോലേ! 15
ഉത്തമമാം ബഹുദ്രവ്യ-
മിത്ഥം നോക്കു,മതിലൊരാൾ;
അമ്മനുഷ്യപതിയ്ക്കെങ്ങൾ
കൎമ്മം ചെയ്യാം, നിങ്ങൾക്കായി. 16
ആ വരുണപ്പെരുമാളിൻ
പൂൎവ്വഗൃഹ്യകൎമ്മങ്ങളും,
ഉദ്യശസ്സാം മിത്രനുടെ
കൃത്യങ്ങളും ഭജിയ്ക്കു, നാം! 17
ഊഴി-നഭസ്സതിരിവൻ
ചൂഴെബ്ഭാസ്സാലളക്കുന്നു;
പാരാ,കാശം, രണ്ടിനെയും
പൂരിപ്പിപ്പൂ, പെരുമയാൽ! 18

---

13. അത്—ആ സ്വത്ത്. സുരക്ഷകം—എല്ലാവരെയും നന്നായി രക്ഷിക്കുന്നത്.

14. അതു—ഞങ്ങൾക്കു കിട്ടിയ ധനം.

15. ഇന്നേതാക്കൾ—ദേവന്മാർ. അഹന്ത=ഗൎവ്വ്. ശീഘ്രനീർക്കുത്തുകൾ പ്രതിബന്ധത്തെ തകൎക്കുന്നതുപോലെ.

16. ദേവന്മാരോട്: അതിലൊരാൾ—മിത്രവരുണരിൽവെച്ചു മിത്രൻ. നിങ്ങൾക്കായി=നിങ്ങൾക്കുവേണ്ടി.

17. പൂൎവ്വഗൃഹ്യകൎമ്മങ്ങൾ=പുരാതനഗൃഹ്യകൎമ്മങ്ങൾ. ഉദ്യശസ്സ്—ഉയൎന്ന കീൎത്തിയോടുകൂടിയവൻ.

18. ഊഴിനഭസ്സതിര്=ഭൂവിന്റെയും ദ്യോവിന്റെയും അതിര് ഇവൻ—മിത്രൻ. പാര്=ഭൂമി. പെരുമ=മഹിമാവ്.

Digitized By Kerala Sahitya Akademi

അസ്സവിയ്യൻ കതിരുക-
ളുൾക്കമാർഗ്ഗേ വിരിയ്ക്കുന്നു;
അഗ്നിപോലേ വളത്തപ്പെ-
ട്ടാ,ഹുതനായ്ത്തിളങ്ങുന്നു! 19

വാഴ്ത്തുക, വാർനെടുംഗൃഹേ
ഗോത്രായുതാന്നേശനെ നീ!
നിർദ്ദോഷാന്നം തരുവാനും
ശക്തനല്ലോ, തിരുവടി! 20

രാപകൽ ഞാനാ വീരനെ,
ദ്യോപൃഥ്വികളെയും വാഴ്ത്താം:
ദാതാക്കൾതൻ മുന്നിൽസ്സദാ
നീതാനയയ്ക്കുകെ,ങ്ങളെ! 21

ഉക്ഷഗോത്രജനായ് പ്രതി-
പക്ഷഹത്താം, സൌഷാമ്ണനാൽ
നേരേ പോകും യുക്തവെള്ളി-
ത്തേരെങ്ങൾക്കു നല്കപ്പെട്ടു: 22

ഉണ്ടലേക,മെന്നുടെയാ
രണ്ടു പച്ചക്കുതിരകൾ;
ഉണ്ടു,വയ്ക്കു പടുതവും;
കൊണ്ടുമണ്ടും, പോരാളരെ. 23

---

19. വളത്തപ്പെട്ട്—ഹവിസ്സുകൾകൊണ്ട്.

20. വാർനെടുംഗൃഹേ—വിശാലദീർഘമായ ഗൃഹത്തിൽ, യാഗശാലയിൽ. ഗോത്രായുതാന്നേശൻ—ഗോസമൂഹസമേതമായ അന്നത്തിന്റെ, പശുക്കളുടെയും അന്നത്തിന്റെയും, അധിപതിയായ വരുണനെ.

21. ആ വീരനെ—വരുണനെയും. ഉത്തരാർദ്ധം പ്രത്യക്ഷവചനം: ഞങ്ങളെ സദാ ദാതാക്കളുടെ അടുക്കലെയ്ക്കു നീതന്നെ അയച്ചാലും, ഞങ്ങൾക്കു ധനം കിട്ടാൻ.

22. വരുണന്റെ ദാനം വിവരിയ്ക്കുന്നു: ഉക്ഷഗോത്രജൻ=ഉക്ഷാവ് എന്നവന്റെ ഗോത്രത്തിൽ ജനിച്ചവൻ. പ്രതിപക്ഷഹത്ത്—ശത്രുക്കളുടെ ജീവിതവും ധനവും കവരുന്നവൻ. സൌഷാമ്ണൻ=സുഷാമപുത്രൻ, വരുരാജാവ്. യുക്തം—കുതിരകളെ പൂട്ടിയത്.

23. ആ—തേരിനു പൂട്ടിയ. ഉണ്ടലേകം—ശത്രുക്കൾക്കു ദുഃഖം വരുത്തും, പടുതം—യുദ്ധസാമർത്ഥ്യം.



Digitized By Kerala Sahitya Akademi

നൽക്കടിഞാൻ ചമ്മട്ടിയും,
വെക്കവും, ധീവിശേഷവും
ഒത്ത മഹദശ്വങ്ങളെ-
പ്പുത്തൻസ്തുത്യാ വാങ്ങിനേൻ, ഞാൻ! 24

---

സൂക്തം 26.

അംഗിരോഗോത്രൻ വ്യശ്വനോ, വിശ്വമനസ്സോ ഋഷി; ഉഷ്ണിക്കും ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; അശ്വികളും വായുവും ദേവത.

അബാധിതബലന്മാരേ, വൃഷാക്കളേ, വർഷകധനന്മാരേ, നിങ്ങളിരുവരുടെ രഥത്തെ ഞാൻ, സൂരികളുടെയിടയിൽ ഒപ്പം സ്തുതിപ്പാൻവേണ്ടി വഴിപോലെ വിളിച്ചുകൊള്ളുന്നു. 1

വരേം, (പറയു):-'വൃഷാക്കളേ, വർഷകധനന്മാരേ, നാസത്യരേ, നിങ്ങൾ സുഷാമാവിന്നു വമ്പിച്ച സമ്പത്തു നല്കാൻ രക്ഷകരുമായി വരികയുണ്ടായല്ലോ!' 2

അന്നയുക്തധനവാന്മാരേ, വളരെയന്നം തേടുന്ന ആ നിങ്ങളെ, ഞങ്ങൾ ഇന്നു പുലർകാലത്തു, ഹവിസ്സൊരുക്കി വിളിച്ചുകൊള്ളുന്നു. 3

നേതാക്കളായ അശ്വികളേ, വൻഭാരം വഹിയ്ക്കുന്നതായ നിങ്ങളുടെ പുകഴ്ന്ന രഥം വന്നെത്തട്ടെ: നിങ്ങൾ വെമ്പുന്നവന്റെ സ്തോത്രങ്ങൾ സമ്പദ്ദാനത്തിന്നായി മനസ്സിലാക്കുവിൻ! 4

---

24. ധീവിശേഷം—സ്വാമിയെ സന്തോഷിപ്പിയ്ക്കുന്ന ബുദ്ധിഗുണം. മഹദശ്വങ്ങൾ—മഹാനായ വരുവിന്റെ രണ്ടു കുതിരകൾ. പുത്തൻസ്തുത്യാ—മിത്രാദിദേവന്മാരെക്കുറിച്ചു പുതിയ സ്തോത്രം ചൊല്ലി. ഇതിന്നു പ്രതിഫലമായിട്ടാണ്, രാജാവ് ഋഷിയ്ക്കു പച്ചക്കുതിരത്തേർ കൊടുത്തത്.

സൂക്തം 26.

2. പറയു—അശ്വികളോട്. സുഷാമാവ്—എന്റെ അച്ഛൻ. വരികയുണ്ടായല്ലോ—അതുപോലെ എനിയ്ക്കും ധനം തരാൻ വരുവിൻ.

4. വെമ്പുന്നവൻ—സത്വരനായ സ്തോതാവ്. സമ്പദ്ദാനത്തിന്നായി—അവന്നു ധനം നല്കാൻ,

Digitized By Kerala Sahitya Akademi

വർഷകധനന്മാരായ അശ്വികളേ, വഞ്ചകന്മാരെയും നിങ്ങൾ നോക്കിയറിയണം: കരയിയ്ക്കുന്നവരേ, ആ ദ്രോഹികളെ അങ്ങേഅറ്റത്തോളം വലയ്ക്കുകയുംചെയ്യുവിൻ! 5

ദസ്രന്മാരേ, കർമ്മങ്ങളെ പ്രീതിപ്പെടുത്തുന്ന, മയക്കുന്ന മെയ്യൊളിയുള്ള, ഉദകപാലകരായ നിങ്ങൾ ജവനാശ്വങ്ങളിലൂടേ, നിരന്തരം (ഞങ്ങളുടെ) യജ്ഞത്തിൽത്തന്നെ വന്നെത്തുവിൻ! 6

അശ്വികളേ, വിശ്വപോഷകമായ വിത്തത്തോടുകൂടി ഞങ്ങളുടെഅടുക്കൽ എഴുന്നള്ളുവിൻ: നിങ്ങൾക്കു മുന്തിയ മുതലുണ്ട്; നല്ല മിടുക്കുണ്ട്; ഇടിച്ചിൽ വരില്ലതാനും! 7

ഇന്ദ്രാശ്വിദേവന്മാരേ, തുല്യം സേവ്യമാനരായ നിങ്ങൾ ദേവകളോടുകൂടി, ഇന്ന് ഈ എന്റെ യാഗത്തിൽ എഴുന്നള്ളുവിൻ! 8

വൃഷാക്കളെ തേടുന്ന ഞങ്ങൾ, വ്യശ്വനെന്നപോലെ നിങ്ങളെത്തന്നേ വിളിയ്ക്കുന്നു: മേധാവികളേ, നിങ്ങൾ അനുഗ്രഹബുദ്ധിയോടേ ഇങ്ങെഴുന്നള്ളുവിൻ! 9

ഋഷേ, അശ്വികളെ നന്നായി സ്തുതിയ്ക്കുക: അവർ നിന്റെ വിളി പലവുരു കേൾക്കട്ടെ; അയല്ക്കാരെയും പണികളെയും ഹനിയ്ക്കട്ടെ! 10

നേതാക്കളേ, വ്യശ്വപുത്രനായ എന്റെ (വിളി) കേൾക്കുവിൻ, സ്വീകരിയ്ക്കുവിൻ; വരുണൻ, മിത്രൻ, അര്യമാവ് എന്നിവരും ഒന്നിച്ചു (കേൾക്കട്ടെ!) 11

സ്തുത്യർഹരായ വൃഷാക്കളേ, നിങ്ങൾ സ്തോതാക്കൾക്കു കൊടുക്കാറുള്ളതും, നിങ്ങൾ കൊണ്ടുവരുന്നതും, യാതൊന്നോ; അതു നാളിൽ നാളിൽ എനിയ്ക്കു കല്പിച്ചുതരുവിൻ! 12

ആർ നിങ്ങൾക്കുള്ള യാഗം, ഒരു സ്ത്രീ മേലാടപോലെ ധരിയ്ക്കുമോ; അവനെ പൂജിച്ച്, അശ്വികൾ നല്ലതിൽ കൊണ്ടാക്കും! 13

---

5. കരയിയ്ക്കുന്നവരേ—യുദ്ധത്തിൽ ശത്രുക്കളെ.

6. മയക്കുന്ന=മാദകമായ.

9. വൃഷാക്കളെ—ധനാദികൾ വർഷിയ്ക്കുന്ന നിങ്ങളിരുവരെ.

10. തന്നോടുതന്നെ: അയല്ക്കാർ—അടുത്തുള്ള ശത്രുക്കൾ. പണികൾ—അസുരന്മാർ.

12. അത്—ആ ധനം.

13. രണ്ടാംവാക്യം പരോക്ഷം: പൂജിച്ച്—അഭീഷ്ടം നല്കി. നല്ലതിൽ—സമ്പത്തിൽ.

Digitized By Kerala Sahitya Akademi

അശ്വികളേ, പാത്രങ്ങളിൽ ധാരാളം പകന്ന നേതൃപേയം നല്ലാൻ ആക്കറിയാമോ; ഞങ്ങളിൽ കനിവുള്ള നിങ്ങഠം അവൻെറ ഗൃഹത്തിൽ എഴുന്നാള്ളുവിൻ! 14

വഷ്കധനന്മാരേ, നിങ്ങഠം നേതൃപേയത്തിനു ഞങ്ങളുടെ ഗൃഹത്തിൽ വഴിപോലെ എഴുന്നാള്ളുവിൻ: ഒരു ശരംപോലെ, യജ്ഞത്തെ എത്തിയ്ക്കുന്നവരാണല്ലോ, നിങ്ങഠം! 15

നേതാക്കളായ അശ്വികളേ, സ്തുതികളിൽവെച്ച് (എൻെറ) സ്തോത്രം, ഒരു ദൂതനായി തുലോം സമീപിച്ചു, നിങ്ങളെ വിളിയ്ക്കട്ടെ; നിങ്ങളെ പ്രീതിപ്പെടുത്തട്ടെ! 16

അമർത്ത്യന്മാരേ, നിങ്ങഠം വിണ്ണിൻെറ തണ്ണീരിടത്തിലോ, കാമയമാനൻെറ ഗൃഹത്തിലോ തിമർക്കുകയായിരിയ്ക്കാം; എന്നാൽ, എൻെറ (സ്തോത്രം) കേഠംക്കുകതന്നെ വേണം! 17

ഇതാ, കരകളിൽ കനകമുള്ള ശ്വേതയാവരീസരിത്തു നദികളിൽവെച്ചു നിങ്ങളെ തുലോം സമീപിയ്ക്കുന്നു! 18

ശോഭനഗമനന്മാരായ അശ്വികളേ, ഈ പോററിപ്പോരുന്ന വെൺനദി നിങ്ങളെ വഴിപോലെ പാടിപ്പുകഴ്ത്തുന്നു! 19

വായോ, തേർക്കുതിരകളെ ഭവാൻതന്നെ പൂട്ടുക—വസോ, തിരുമ്മി ചേക്കുക. എന്നിട്ടു ഞങ്ങളുടെ മധു കുടിയ്ക്കുക: ഞങ്ങളുടെ സവനങ്ങളിൽ വരിക! 20

---

14. നേതൃപേയം—നേതാക്കളായ നിങ്ങഠം പാനം ചെയ്യേണ്ടുന്ന സോമം. ഞങ്ങളിൽ—എങ്കൽ.

15. ഒരു ശരംപോലെ—വേടൻെറ അമ്പു മൃഗത്തെ ഉദ്ദിഷ്ടസ്ഥാനത്തണയ്ക്കുന്നതുപോലെ, യജ്ഞത്തെ സമാപ്തിയിലെത്തിയ്ക്കുന്നവരാണല്ലോ, നിങ്ങഠം.

17. കാമയമാനൻ—ഭവൽക്കാമൻ, യജമാനൻ.

18. ശ്വേതയാവരീസരിത്ത്=ശ്വേതയാവരി എന്ന നദി. ഈ നദി നിങ്ങഠംക്കു പ്രിയപ്പെട്ടതാകയാലാണ് ഇതിൻെറ തീരത്തുവെച്ചു ഞാൻ നിങ്ങളെ സ്തുതിച്ചത്.

19. അലയൊലിയെ സ്തുതിഗാനമാക്കിയിരിയ്ക്കയാണ്.

20. തിരുമ്മി—കുതിരകളുടെ കഴുത്തിൽ. ചേക്കുക—ഞങ്ങളുടെ യജ്ഞത്തിലണച്ചാലും. മധു—സോമം. സവനങ്ങളിൽ—മൂന്നുസവനത്തിലും.

Digitized By Kerala Sahitya Akademi

യജ്ഞപതേ, ബ്രഹ്മാവിൻെറ ജാമാതാവേ, വിചിത്രകർമ്മാവേ, വായോ, അങ്ങയുടെ രക്ഷകളെ ഞങ്ങഠം വരിയ്ക്കുന്നു! 21

ബ്രഹ്മാവിൻെറ ജാമാതാവായ, ഈശ്വരനായ വായുവിനോട്ടു, ഞങ്ങഠം സോമം പിഴിഞ്ഞു, ധനം യാചിയ്ക്കുന്നു: ഇയ്യുള്ളവൎക്കു സമ്പത്തുണ്ടാകട്ടെ! 22

വായോ, നിന്തിരുവടി വിണ്ണുലകിന്നു നമ്മ വരുത്തുക. നല്ല കതിരക്കൂട്ടത്തെ നടത്തുക; മഹാനായ അവിടുന്നു വാരിഭാഗങ്ങഠം തടിച്ച രണ്ടെണ്ണത്തെ തേരിന്നു പൂട്ടുക! 23

ഏററവും അഴകുള്ള മഹത്ത്വത്താൽ വ്യാപ്തദേഹനായ നിന്തിരുവടിയെത്തന്നേ, ഞങ്ങഠം യാഗങ്ങളിൽ അമ്മിയെയെന്നപോലെ വിളിച്ചുകൊള്ളുന്നു! 24

വായുദേവ, പുരോഗനായ നിന്തിരുവടി മനംകനിഞ്ഞു ഞങ്ങഠംക്കു മഴയും അന്നവും കൎമ്മങ്ങളും കല്പിച്ചുതരിക! 25

---

## സൂക്തം 27.

വൈവസ്വതമനു ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകഠം; വിശ്വേദേവകഠം ദേവത.

ഉക്ഥമയമായ അധ്വരത്തിൽ അഗ്നിയും അമ്മിയും ദൎഭയും മുമ്പിൽ വെയ്ക്കപ്പെട്ടുകഴിഞ്ഞു. ഞാൻ ഋക്കുകൊണ്ടു മരുത്തുക്കളോടും ബ്രഹ്മണസ്പതിയോടും ദേവകളോടും വരണീയമായ രക്ഷ യാചിയ്ക്കുന്നു. 1

---

21. ബ്രഹ്മാവിൻെറ പുത്രിയുടെ ഭൎത്താവത്രേ, വായു.

23. രണ്ടെണ്ണത്തെ—രണ്ടശ്വങ്ങളെ.

24. സോമലത ചതയ്ക്കാനുള്ള അമ്മിയെ സ്തുതിച്ചു വിളിയ്ക്കുക ചടങ്ങുകളിലൊന്നാണ്.

25. പുരോഗൻ—ദേവകളിൽ മുമ്പൻ.

സൂക്തം 27.

1. ഉക്ഥമയം—സ്തോത്രശസ്ത്രാത്മകം.

Digitized By Kerala Sahitya Akademi

പശു, പൃഥിവി, വൃക്ഷങ്ങറം, ലതകറം, ഉഷസ്സ്, രാത്രി എന്നിവയെ ഭവാൻ സ്തുതിയ്ക്കുക. വസുക്കളേ, വിശ്വവേദസ്സുകളേ, നിങ്ങളെല്ലാവരും ഞങ്ങളുടെ കർമ്മങ്ങളെ സംരക്ഷിച്ചാലും! 2

'ഞങ്ങളുടെ മുഖ്യമായ യജ്ഞം അഗ്നിയിങ്കലും, ദേവന്മാരിലും—ആദിത്യർ, സുകർമ്മാവായ വരുണൻ, വ്യാപ്തതേജസ്കരായ മരുത്തുക്കറം എന്നിവരിലും—വഴിപോലെ ചെന്നെത്തട്ടെ! 3

വിശ്വവേദസ്സുകളായ, രിപുകശ്നരായ വിശ്വേദേവകറം മനുവിനെ കൈവളർത്തട്ടെ: വിശ്വവേദസ്സുകളേ, നിങ്ങറം അഭംഗങ്ങളായ രക്ഷകളോടേ, ഞങ്ങറംക്ക് ഉപദ്രവരഹിതമായ ഗൃഹം കല്പിച്ചുതന്നാലും! 4

സമചിത്തന്മാരേ, നിങ്ങളെല്ലാവരും ഒത്തൊരുമിച്ച്, ഋക്ക കേറംപ്പാൻ ഇന്നു ഞങ്ങളുടെ അടുക്കൽ വന്നാലും! മരുത്തുക്കളേ, മഹതി, അദിതിദേവി, നിങ്ങറം ഞങ്ങളുടെ ഗൃഹത്തിലിരുന്നാലും! 5

മരുത്തുക്കളേ, നിങ്ങളുടെ അരുമക്കുതിരകളെ ഇങ്ങോട്ടു തെളിയ്ക്കുവിൻ; മിത്ര, ഹവിസ്സു കൈക്കൊള്ളുക; ഇന്ദ്രനും, വരുണനും, വെമ്പൽക്കൊള്ളുന്ന നേതാക്കളായ ആദിത്യന്മാരും ഞങ്ങളുടെ ദർഭയിൽ വന്നണയട്ടെ! 6

വരുണ, ഞങ്ങറം ദർഭ മുറിച്ച്, അന്നങ്ങറം പകർന്നുവെച്ചു, സോമം പിഴിഞ്ഞ്, അഗ്നിയെ ജ്വലിപ്പിച്ചു, നിങ്ങളെ മനുവെന്നപോലെ വിളിച്ചുകൊള്ളുന്നു. 7

മരുത്തുക്കളേ, വിഷ്ണോ, അശ്വികളേ, പൂഷാവേ, നിങ്ങറം എന്റെ സ്തുതിയാൽ വന്നുചേരുവിൻ; യാതൊരു വൃഷാവിനെ സേവനേച്ഛുക്കറം വൃത്രഹന്താവെന്നു വാഴ്ത്തുന്നുവോ, ആ ഒന്നാമനായ ഇന്ദ്രനും വന്നെത്തട്ടെ! 8

---

2. സ്തോതാവിനോട്: വസുക്കളേ എന്നു തുടങ്ങുന്ന വാക്യം വിശ്വേദേവകളോട്: വിശ്വവേദസ്സുകറം—എല്ലാധനവും, അഥവാ എല്ലാ ജ്ഞാനവുമുള്ളവർ.

4. രിപുകശ്നർ=ശത്രുക്കളെ ക്ഷയിപ്പിയ്ക്കുന്നവർ. മനുവിനെ—എന്നെ. അടുത്ത വാക്യം പ്രത്യക്ഷം:

5. ഋക്ക്—മന്ത്രസ്തുതി.

6. വെമ്പൽക്കൊള്ളുന്ന—ശത്രുക്കളെ വധിപ്പാൻ.

7. ഋത്വിഗ്വാക്യം: അന്നങ്ങറം—ഹവിസ്സുകറം.

8. ഒന്നാമൻ—ദേവന്മാരിൽ മുഖ്യൻ.

Digitized By Kerala Sahitya Akademi

ദ്രോഹിയ്ക്കാത്ത, വസുക്കളായ ദേവന്മാരേ, നിങ്ങറം ഞങ്ങറംക്കു നിബ്ബാധമായ—ദൂരത്തുനിന്നോ ചാരത്തുനിന്നോ ആരും ആക്രമിയ്ക്കാത്ത—വരണീയമായ ഗൃഹം തന്നരുളുവിൻ! 9

രിപുകർശനന്മാരായ ദേവന്മാരേ, സജാതീയത്വമുണ്ടല്ലോ, നിങ്ങറംക്ക്; ചാർച്ചയുമുണ്ട് ഞങ്ങറംക്ക് ഒന്നാമതഭ്യുദയവും, നൂതനതരമായ ധനവുമുണ്ടാകാൻ വെക്കം അരുളിച്ചെയ്യുവിൻ! 10

വിശ്വവേദസ്സുകളേ, അന്നകാമനായ ഞാൻ നിങ്ങളെക്കുറിച്ച് ഇപ്പോറംത്തന്നെ, അന്യാദൃശമായ ഒരു സ്തോത്രം, ഇപ്പോറംത്തന്നെ ധനം ലഭിപ്പാനായി നിർമ്മിയ്ക്കുന്നു. 11

ശോഭനസ്തോത്രന്മാരേ, നിങ്ങളിൽവെച്ച് ഉപരിഗന്താവായ, വരേണ്യനായ ആ സവിതാവ് എപ്പോറം ഉദിയ്ക്കുമോ; അപ്പോറം, ഇരുകാലികളും നാല്ക്കാലികളും പറവകളും സ്വസ്വകർമ്മങ്ങളിൽ ഏർപ്പെട്ടുകയായി! 12

ഞങ്ങറം ഉജ്ജ്വലസ്തവം പാടിക്കൊണ്ടു, നിങ്ങളിൽ ദേവനെ ദേവനെ രക്ഷയ്ക്കു, ദേവനെ ദേവനെ അഭീഷ്ടസിദ്ധിയ്ക്കു, ദേവനെ ദേവനെ അന്നലബ്ധിയ്ക്കു വിളിച്ചുകൊള്ളുന്നു. 13

ഒരേമനസ്സുകാരായ ദേവകളെല്ലാം ഒന്നിച്ചുതന്നെ മനുവിനു തന്നരുളട്ടെ: അവർ ഞങ്ങറംക്ക് ഇന്നും, അവർ നാളെയും, അവർ ഞങ്ങളുടെ മകന്നും ധനം കിട്ടിയ്ക്കട്ടെ! 14

അദ്രോഹികളേ, നിങ്ങളെ ഞങ്ങറം സ്തോത്രസ്ഥാനത്തു സ്തുതിച്ചുകൊള്ളുന്നു: മിത്ര, വരുണ, ആർ നിങ്ങളുടെ തേജസ്സുകളെ പരിചരിയ്ക്കുമോ, ആ മനുഷ്യന്നു ശത്രുബാധയുണ്ടാകില്ല! 15

---

9. ദ്രോഹിയ്ക്കാത്ത—നേരേമറിച്ചു, സ്തോതാക്കളെ സ്നേഹിയ്ക്കുന്ന.

10. സജാതീയത്വം=ഒരേ ജാതി എന്ന നില. ചാർച്ച—സ്തോതാവും സ്തുത്യരുംതമ്മിലെസ്സംബന്ധം; ഞാൻ സ്തോതാവ്, നിങ്ങറം സ്തുത്യർ. അരുളിച്ചെയ്യുവിൻ—അഭ്യുദയവും ധനവും തരുവിൻ എന്നർത്ഥം.

12. ഉപരിഗന്താവ്=മുകളിൽ ഗമിയ്ക്കുന്നവൻ. ഇരുകാലികറം—മനുഷ്യർ.

13. ഓരോ ദേവനെയും വിളിയ്ക്കുന്നു എന്നർത്ഥം.

14. തന്നരുളട്ടെ—ധനവും മററും.

15. സ്തോത്രസ്ഥാനത്ത്—യാഗശാലയിൽ ദേവസ്തുതിയ്ക്കുള്ള സ്ഥലത്ത്.

Digitized By Kerala Sahitya Akademi

ആർ ധനത്തിന്നായി നിങ്ങൾക്ക നല്കുമോ, അവൻ ഗൃഹവും വലിയ അന്നങ്ങളും വദ്ധിപ്പിയ്ക്കും; കമ്മംമൂലം സന്താനങ്ങളാൽ പരിവൃതനായിത്തീരും. എല്ലാവരും നിബ്ബാധം വളരും! 16

അയ്യമാവ്, മിത്രൻ, വരുണൻ എന്നീ സമാനദാനന്മാർ ഒന്നിച്ച് ആരെ രക്ഷിയ്ക്കുമോ, അവൻ യുദ്ധം കൂടാതെ നേട്ടും; നല്ല കുതിരകളാൽ യാത്ര ചെയ്യും! 17

നിങ്ങൾ ഇവന്ന് അധൃഷ്യത്തിലും പ്രവേശവും, ദുഗ്ഗത്തിലും സുഖഗമനവും ഉളവാക്കുവിൻ: ഈ ഇടിവാൾ ഇവങ്കൽനിന്നു വെക്കം പിന്തിരിയ്ക്കട്ടെ; അതു പരിക്കേല്പിയ്ക്കാതെ പൊലിഞ്ഞുപോകട്ടെ! 18

പ്രീതിപ്പെടുത്തുന്ന ബലമുള്ളവരേ, വിശ്വവേദസ്സുകളേ, ഇന്നു സൂയ്യൻ ഉണരുമ്പോഴോ, ഉദിയ്ക്കുമ്പോഴോ, അകലെപ്പോകുമ്പോഴോ, പകലിന്റെ നടുവിലോ നിങ്ങൾ ഗൃഹം കൊടുക്കുമല്ലോ; 19

വസുക്കളേ, വിശ്വവേദസ്സുകളേ, അഥവാ നിങ്ങൾ സന്നിഹിതരാകുമ്പോൾ, ഹവിസ്സപ്പിയ്ക്കുന്ന യഷ്ടാവിന്നു ഭവനം നല്കുമല്ലോ. ഞങ്ങൾ അതിന്നകത്ത് ഉപാസിയ്ക്കുമാറാകണം! 20

വിശ്വവേദസ്സുകളേ, ഇന്നു സൂയ്യൻ ഉദിയ്ക്കുമ്പോഴോ, മറയുമ്പോഴോ, ഉച്ചനേരത്തോ, ഹോമിയ്ക്കുന്ന മഹത്തരജ്ഞാനനായ മനുവിന്നു നിങ്ങൾ ധനം നല്കുമല്ലോ; 21

അതു ഞങ്ങൾ വരിച്ചുകൊള്ളുന്നു. പെരുമാക്കന്മാരേ, മക്കളെപ്പോലുള്ള ഞങ്ങൾ വളരെപ്പേക്കനുഭവിയ്ക്കാവുന്ന ധനം നിങ്ങളിൽനിന്നു നേടുമാറാകണം: ഹവിസ്സു ഹോമിയ്ക്കുന്ന ഞങ്ങൾ ധനികന്മാരായിത്തീരണം! 22

---

16. നല്കുമോ—ഹവിസ്സ്. നിങ്ങൾക്ക ഹവിസ്സപ്പിച്ചാൽ എല്ലാവരും വളരും.

17. നേട്ടും—ധനം. യാത്രയ്ക്കു നല്ല കുതിരകളുണ്ടാവും.

18 ഇവന്ന്—എനിയ്ക്ക്. അധൃഷ്യത്തിലും—ആക്രമിയ്ക്കാവതല്ലാത്ത ശത്രുനഗരത്തിൽപ്പോലും. ഇടിവാൾ—ശത്രു ചാട്ടുന്ന ആയുധം.

19. അകലെപ്പോകുമ്പോഴോ—സായംകാലത്തോ.

20. ഉപാസിയ്ക്കുമാറാകണം—ഹവിസ്സു നല്കി നിങ്ങളെ സേവിയ്ക്കുമാറാകണം.

Digitized By Kerala Sahitya Akademi

## സൂക്തം 28.

മനു ഋഷി; ഗായത്രിയും പുരഉഷ്ണിക്കും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

മുപ്പത്തിമൂന്നു ദേവന്മാരും ദർഭയിലിരിയ്ക്കട്ടെ; അവർ അറിഞ്ഞ്, ഇരുവട്ടം തന്നരുളട്ടെ! 1

ശോഭനദാനന്മാരോടിണങ്ങുന്ന വരുണ–മിത്രാ–ര്യമാക്കളും പത്നിമാരും അഗ്നികളും വഷട്കൃതരായല്ലോ; 2

അവർ എല്ലാ അനുചരന്മാരോടുംകൂടി നമ്മെ പടിഞ്ഞാറും, അവർ വടക്കും, തെക്കും, കിഴക്കും, മുകളിലും ചുവട്ടിലും നമ്മെ കാത്തരുളട്ടെ! 3

ദേവന്മാർ എപ്രകാരം ഇച്ഛിയ്ക്കുമോ, അപ്രകാരംതന്നെ വരും: അത് ആരും മാററിമറിയ്ക്കില്ല; പിശുക്കനും ഉദാരനായിത്തീരും! 4

ഏഴുകൂട്ടക്ക് ഏഴു ചുരികകളുണ്ട്; ഏഴാഭരണങ്ങളുമുണ്ട്; അവർ ഏഴു തേജസ്സുകളെ വഹിച്ചു! 5

---

## സൂക്തം 29.

മരീചിപുത്രൻ കശ്യപനോ, മനുവോ ഋഷി; ദ്വിപദാവിരാട്ട് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

(മാകന്ദമഞ്ജരി)

പോഷകനെ,ങ്ങും ചരിപ്പോൻ യുവാവു പൊൻ–
ഭൂഷ ചാർത്തുന്നു, സുനേതാവൊരാൾ! 1

---

### സൂക്തം 28.

1. ഇരുവട്ടം—പലവുരു എന്നർത്ഥം. തന്നരുളട്ടെ—ധനം.

2. ശോഭനദാനന്മാർ—യജമാനന്മാർ. വഷട്കൃതർ=സ്വാഹാകൃതർ; സ്തുതർ എന്നർത്ഥം.

4. ദേവന്മാരിച്ഛിച്ചാൽ, പിശുക്കൻപോലും ഉദാരനായി(ദാതാവായി)ത്തീരും.

5. ഏഴു കൂട്ടക്ക്—സപ്തമരുദ്ഗണങ്ങൾക്ക്. മരുത്തുക്കളെല്ലാവരും സമാനരൂപരാണ്.

### സൂക്തം 29.

1. ഒരാൾ—സോമൻ.



Digitized By Kerala Sahitya Akademi

വാനോരിൽവെച്ചു തിളങ്ങുമൊരാൾ നിജ-
സ്ഥാനത്തിരിക്കുന്നു, മേധായുക്തൻ! 2

വാനോരിൽവെച്ചുറപ്പേറുമൊരാളുടെ
പാണിയിലുണ്ടൊ,രിരിമ്പാമുളി! 3

തൃക്കരംതന്നിൽ വഹിക്കുന്നതുണ്ടൊ,രാൾ
ദുഷ്ടരന്മാരെ മുടിക്കും വജ്രം! 4

ക്രൂരമൊരായുധം കൈക്കൊണ്ടോ,രുജ്ജ്വല-
നാരോഗ്യദൌഷധനു,ഗ്രനൊരാൾ! 5

കാക്കുന്നു മാർഗ്ഗങ്ങൾ; തസ്കരൻപോലവേ
നോക്കിവെയ്ക്കുന്നു, നിധികളൊരാൾ! 6

എണ്ണിയളന്നാനൊ,രാളുരുഗാതവ്യൻ,
വിണ്ണവർ മത്താടും മുപ്പാരുകൾ! 7

രണ്ടുപേർ സാശ്വരായ്ച്ചുറ്റിനടക്കുന്നു,
തെണ്ടുവോർപോലൊരു പെണ്ണൊടൊപ്പം! 8

---

2. ഒരാൾ—അഗ്നി. മേധായുക്തൻ—സ്തോതാക്കൾക്കു മേധ കൊടുക്കുന്നവൻ എന്നർത്ഥം.

3. ഉറപ്പ്—യുദ്ധസ്ഥൈര്യം. ഒരാളുടെ—ത്വഷ്ടാവിന്റെ.

4. ഒരാൾ—ഇന്ദ്രൻ. ദുഷ്ടരന്മാർ—ദ്രോഹികൾ.

5. ഒരായുധം—പിനാകം. ആരോഗ്യദൌഷധൻ=ആരോഗ്യത്തെ കൊടുക്കുന്ന ഔഷധത്തോടുകൂടിയവൻ. ഉഗ്രൻ—ബലിഷ്ഠൻ. ഒരാൾ—രുദ്രൻ. രുദ്രന്റെ ഭിഷക്തമത്വം പ്രസിദ്ധം.

6. ഒരാൾ—പൂഷാവ്. തസ്കരൻ തട്ടിപ്പറിപ്പാൻ വഴികളിൽ കാവൽ നില്ക്കുകയും, നിധികൾ (നിക്ഷേപസ്ഥലങ്ങൾ) നോക്കിയറിഞ്ഞു മോഷ്ടിച്ചു കൂട്ടുകാൾക്കു കൊടുക്കുകയും ചെയ്യുമല്ലോ; അതുപോലെ പുണ്യപാപമാർഗ്ഗപാലകനും, നിധികളെടുത്തു സ്തോതാക്കൾക്കു നല്കുന്നവനുമാകുന്നു, പൂഷാവ്.

7. ഒരാൾ—വിഷ്ണു. ഉരുഗാതവ്യൻ=ബഹുസ്തുത്യൻ. മത്താടും—യജമാനദത്തമായ സോമം കുടിച്ചു മത്തടിക്കുന്ന.

8. രണ്ടുപേർ—അശ്വികൾ. സാശ്വരായ്=അശ്വസഹിതരായി. ഒരു പെണ്ണ്—സൂര്യപുത്രി.

Digitized By Kerala Sahitya Akademi

രണ്ടുപേരൊററമട്ടാന്ന പെരുമാക്ക-
ളുണ്ടു, നെയ്യുണ്ണമായ് വാഴ്വൂ വിണ്ണിൽ! 9
ഉൽകൃഷ്ടസാമം ചമച്ചഭിപൂജിച്ചാ;-
രക്കനെസ്സംശോഭിപ്പിച്ചാർ, ചിലർ! 10

---

## സൂക്തം 30.

മനു ഋഷി; ഗായത്രിയും പുരഉഷ്ണിക്കും ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകറം; വിശ്വേദേവകറം ദേവത.

ദേവന്മാരേ, നിങ്ങളുടെയിടയിൽ കുട്ടിയില്ല, കുമാരനുമില്ല: ഉ
ള്ളതിൽവെച്ചു മഹാന്മാരാണല്ലോ, നിങ്ങളെല്ലാവരും! 1

രിപുകശ്നന്മാരായ ദേവന്മാരേ, മനുവിന്നു യജനീയരായ നി
ങ്ങറം മുപ്പത്തിമൂന്നുപേരും ഇപ്രകാരം സ്തുതിയ്ക്കപ്പെട്ടനു! 2

ആ നിങ്ങറം ഞങ്ങളെ കാത്തരുളുവിൻ; ആ നിങ്ങറം രക്ഷി
യ്ക്കുവിൻ; ആ നിങ്ങറം ഞങ്ങളെ കോറിപ്പറയുവിൻ. മനുവിൻേറതായ
—അച്ഛൻേറതായ— വഴിയിൽനിന്നു ഞങ്ങളെ മാററരുത്; അകലത്തെ
യ്ക്കു നീക്കരുത്! 3

ദേവന്മാരേ, അഗ്നിമുഖരായ നിങ്ങളെല്ലാവരും ഇതിൽ വരുമ
ല്ലോ; ആ നിങ്ങറം ഞങ്ങറംക്കും ഗോക്കറംക്കും അശ്വങ്ങറംക്കും വിപു
ലമായ സുഖം കല്പിച്ചുതരുവിൻ! 4

---

9. രണ്ടുപേർ—മിത്രനും വരുണനും. നെയ്യുണ്ണമായ്—നെയ്യാകുന്ന ഹവിസ്സു ഭുജിച്ചുകൊണ്ടു്.

10. ചിലർ—അത്രികറം.

## സൂക്തം 30.

3. കാത്തരുളുവിൻ—ഉപദ്രവങ്ങളിൽനിന്നു്. രക്ഷിയ്ക്കുവിൻ—സമ്പത്തു് തന്നു്.

4. ഇതിൽ—ഞങ്ങളുടെ യാഗത്തിൽ.

Digitized By Kerala Sahitya Akademi

## സൂക്തം 31.

മനു ഋഷി; ഗായത്രിയും അനുഷ്ടുപ്പും പംക്തിയും പാദനിചൃത്തും ഛന്ദസ്സുകൾ;
യജ്ഞവും യഷ്ടാവും ദമ്പതിമാരും ദേവത.

യജിച്ചവൻ വീണ്ടും യജിയ്ക്കും: പിഴിയും, പചിയ്ക്കും; ഇന്ദ്രസ്തു
തിയിൽത്തന്നെ ഇച്ഛവെയ്ക്കും! 1
പുരോഡാശവും പാൽ പകർന്ന സോമവും ശക്രന്ന് ആർ ന
ല്കുമോ, അവനെ തന്തിരുവടി പാപത്തിൽനിന്നു രക്ഷിയ്ക്കുകതന്നെ
ചെയ്യും! 2
അവന്നു തിളങ്ങുന്ന തേർ ദേവന്മാരയച്ചുകൊടുക്കും: അവൻ
ശത്രുബാധയെല്ലാം ശമിപ്പിച്ച്, അഭിവൃദ്ധിയടയും! 3
അവന്റെ ഗൃഹത്തിൽ, സന്താനങ്ങളോടും കറവപ്പൈക്കളോ
ടുംകൂടിയ ഇള വിടാതെനിന്നു നാളിൽനാളിൽ ചുരത്തും! 4
ദേവന്മാരേ, ഏതു ദംപതിമാർ ഒരേമനസ്സോടേ പിഴിയുകയും
അരിയ്ക്കുകയും, പതിവായി പാൽ പകർന്നു (നല്കുകയും ചെയ്യുമോ), 5
അവരിരുവരും ഭക്ഷ്യങ്ങൾ നേടും; ഒന്നിച്ചു യാഗം ചെയ്യും;
അവർ അന്നങ്ങളിൽനിന്നകലുകയില്ല! 6
അവർ ദേവന്മാരിൽ വാക്കുമാറില്ല; തിരുവുള്ളം മറയ്ക്കില്ല;
മഹത്തായ അന്നം നിവേദിയ്ക്കും! 7
അവരിരുവരും പുത്രന്മാരോടു—കുമാരന്മാരോടു—കൂടി, പൊന്ന
ണിഞ്ഞു, പൂർണ്ണായുസ്സു നേടും! 8
അവർ പ്രീതികരമായ യജ്ഞംകൊണ്ടു ദേവകളെ സുഖിപ്പി
യ്ക്കും, പരിചരിയ്ക്കും, ധനം നല്കും; നിലനില്പിന്നായി ലിംഗം യോനി
യോടു ചേർക്കും! 9

---

### സൂക്തം 31.

1. വീണ്ടും യജിയ്ക്കും—ദേവന്മാരിൽനിന്നു ധനം കിട്ടുകയാൽ. പിഴിയും—സോമം. പചിയ്ക്കും—പശുപുരോഡാശാദി.

4. ഇള—ഗോദേവത. ചുരത്തും—സന്താനങ്ങളെയും കറവപ്പൈക്കളെയും കൊടുക്കും.

7. വാക്കു മാറില്ല—ഹവിസ്സു നല്കാമെന്നു നേർന്നിട്ടു, നല്കാതിരിയ്ക്കില്ല. തിരുവുള്ളം (നിങ്ങളുടെ പ്രസാദം) മറയ്ക്കില്ല; നേരേമറിച്ചു, വെളിവിൽ സ്തുതിയ്ക്കും.

8. കുമാരന്മാർ—പതിനാറോളം വയസ്സു ചെന്ന ഉണ്ണികൾ.

9. ധനം നല്കും—ദാനയോഗ്യർക്ക്. നിലനില്പ്—വംശസ്ഥിതി, സന്താനാഭിവൃദ്ധി.

Digitized By Kerala Sahitya Akademi

ഞങ്ങൾ പവ്വതങ്ങളുടെയും, നദികളുടെയും, (ദേവ)സഹിതനായ വിഷ്ണുവിൻെറയും സുഖം വരിച്ചുകൊള്ളുന്നു. 10

ധനം നല്കി തുലോം പോററിപ്പോരുന്ന സേവനീയനായ പൂഷാവു സുഖേന വന്നെത്തട്ടെ: മഹത്തായ മാൎഗ്ഗം ക്ഷേമം വരുത്തട്ടെ! 11

എതിരില്ലാത്ത പൂഷദേവനെ എല്ലാവരും ശ്രദ്ധവെച്ചു മതിയാംവരെ സ്തുതിയ്ക്കും: ആദിതേയന്മാരുടെ (ദാനം) അനഘമാണല്ലോ! 12

മിത്രൻ, അൎയ്യമാവ്, വരുണൻ എന്നിവർ നമ്മെ കാത്തരുളുമാറു, യജ്ഞമാൎഗ്ഗം സുഗമമായിത്തീരട്ടെ! 13

നിങ്ങളിൽ മുമ്പനും, പുരുപ്രിയനും, ഒരു സുഹൃത്തെന്നപോലെ കൎമ്മസാധകനുമായ അഗ്നിദേവനെ ഞങ്ങൾ ധനലബ്ധിയ്ക്കായി പരിചരിച്ചു സ്തുതിയ്ക്കുന്നു. 14

ദേവഭക്തൻെറ രഥം, ഒരു ശൂരൻ വല്ല പടയിലുമെന്നപോലെ പായും. യാതൊരു യഷ്ടാവു ദേവന്മാരെ പ്രസാദിപ്പിയ്ക്കാൻ നോക്കുമോ, അവൻ അയഷ്ടാക്കളെ കീഴമൎത്തും! 15

യഷ്ടാവേ, ഭവാനും, പിഴിയുന്നവനേ, ഭവാനും, ദേവകാമ, ഭവാനും ക്ഷയം വരില്ല: യാതൊരു യഷ്ടാവു ദേവന്മാരെ പ്രസാദിപ്പിയ്ക്കാൻ നോക്കുമോ, അവൻ അയഷ്ടാക്കളെ കീഴമൎത്തും! 16

യാതൊരു യഷ്ടാവു ദേവന്മാരെ പ്രസാദിപ്പിയ്ക്കാൻ നോക്കുമോ, അവൻ അയഷ്ടാക്കളെ കീഴമൎത്തും; അവനോടു കൎമ്മംകൊണ്ട് ആരും അടുക്കില്ല; അവന്നു വേറുപാടോ വീതംവെപ്പോ സംഭവിയ്ക്കില്ല! 17

അവന്നു നല്ല വീൎയ്യവും കുതിച്ചോടുന്ന കുതിരക്കൂട്ടവും കൈവരും; യാതൊരു യഷ്ടാവു ദേവന്മാരെ പ്രസാദിപ്പിപ്പാൻനോക്കുമോ, അവൻ അയഷ്ടാക്കളെ കീഴമൎത്തും! 18

രണ്ടാമധ്യായം സമാപ്തം.

---

10. പവ്വതങ്ങളുടെ സുഖം സ്ഥിരത; നദികളുടെ സുഖം തീരത്തു മുനികളുടെയും മററും ജപാനുഷ്ഠാനം; വിഷ്ണുവിൻെറ സുഖം ശത്രുവധം.

11. മാൎഗ്ഗം—പൂഷാവു വന്നാൽ, മാൎഗ്ഗം ക്ഷേമകരമായി!

14. ദേവന്മാരോടു പ്രത്യക്ഷോക്തി:

15. അയഷ്ടാക്കൾ—യജ്ഞംചെയ്യാത്തവർ.

16. പിഴിയുന്നവൻ—സോമം.

17. വേറുപാട്—സ്വസ്ഥാനവിയോഗം. വീതംവെപ്പ്—പുത്രാദികളുമായി സ്വത്തു ഭാഗിയ്ക്കൽ.

Digitized By Kerala Sahitya Akademi

## മൂന്നാമധ്യായം.

### സൂക്തം 32.

കണ്വഗോത്രൻ മേധാതിഥി ഋഷി: ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഋജീഷയുതനാമിന്ദ്രൻ സോമത്താൽ മത്തുടിയ്ക്കവേ
ചെയ്തുവെച്ചവയെപ്പാടിവാഴ്ത്തുവിൻ, നിങ്ങൾ കണ്വരേ: 1
സൃബിന്ദൻ, പിപ്രുവും, ദാസ,നനശ്നി, മഹീശുവൻ
ഇവരെക്കൊന്നുവല്ലോ, നീരൊഴുക്കാനുഗ്രനാമിവൻ! 2
തടുക്കന്ന പെരുംകാർതന്നിടം കുത്തിപ്പൊളിയ്ക്ക, നീ:
കല്പിച്ചുകാണിയ്ക്കണ,മൊന്നിന്ദ്ര, നീയപ്പരാക്രമം! 3
കേൾപ്പാൻ, നിങ്ങളെ രക്ഷിപ്പാൻ, തണ്ണീർക്കുട്ടത്തെയാംവിധം
വിളിയ്ക്കുവൻ, നല്ലണകളുള്ള വിക്രമവാനെ ഞാൻ! 4
ഒരൻപു തോന്നിയാൽശ്ശൂര, ഗോത്തരംഗത്തൊഴുത്തു നീ
തുറന്നരുളുമേ, സോമയോഗ്യർക്ക പുരിപോലവേ! 5
എൻവാഴ്ത്തലിൽത്താൻ നീരിൽത്താനിമ്പംകൊൾവവനെങ്കിൽ,നീ
ഭക്ഷ്യവും തരുവോനെങ്കിൽ,ദൂരാൽ വരിക, സാന്നനായ്! 6
നിന്നെ സ്തുതിപ്പതുണ്ടല്ലോ, ഞങ്ങളിന്ദ്ര, രതിപ്രിയ:
സോമം നുകരുവോനേ, നീയാമോദിപ്പിയ്ക്കുകെ,ങ്ങളെ! 7
ഞങ്ങൾക്ക കൊണ്ടുവന്നാലു,മക്ഷയാന്നം രസേന നീ:
മഘവാവേ, തിരുവടിയ്ക്കുണ്ടല്ലോ, വളരെദ്ധനം! 8

---

### സൂക്തം 32.

1. കണ്വർ—കണ്വഗോത്രർ.

2. സൃബിന്ദൻമുതൽ അഞ്ചുപേരും അസുരന്മാരാകുന്നു. നീരൊഴുക്കാൻ—മഴപെയ്യാൻ. ഉഗ്രൻ—തേജസ്വി.

3. തടുക്കന്ന —വെള്ളം പുറത്തെയ്ക്കു വിടാത്ത.

4. സ്തോതാക്കളോട്: കേൾക്കാൻ—സ്തുതികൾ. തണ്ണീർക്കുട്ടത്തെയാംവിധം—വെള്ളം കിട്ടാൻ മേഘത്തെ എന്നപോലെ. അണകൾ=അണക്കെട്ടുകൾ.

5. ഇന്ദ്രനോടു നേരിട്ട്: സോമയോഗ്യർ—യജമാനന്മാർ.

6. എൻെറ സ്തുതിയിലോ, നീരിലോ (സോമരസത്തിലോ). ദൂരാൽ=അകലത്തുനിന്ന്. സാന്നനായ്—അന്നത്തോടുകൂടി.

8. രസേന—പ്രീതിയോടേ.

Digitized By Kerala Sahitya Akademi

അശ്വത്തെയും ഗോവിനെയും പൊന്നുമെങ്ങൾക്കു നല്കു, നീ:
സമൃദ്ധരായ്ബ്ഭവിക്കാവൂ, ഞങ്ങളന്നങ്ങളാലുമേ! 9
താങ്ങാൻ തൃക്കൈകൾ നീട്ടുന്ന വിപുലസ്തവനാർഹനെ,
കാക്കാൻ തക്കതനുഷ്ഠിക്കുന്നോനെ ഞങ്ങൾ വിളിക്കുവോം! 10
അവിടുന്നാടരിൽബ്ഭൂരികർമ്മാവ,തതു ചെയ്യുവോൻ,
വൃത്രാന്തകൻ, സ്തുതിക്കുന്നോർക്കുസമ്പത്തു വെച്ചവൻ! 11
അശ്ശക്രനിന്ദ്രൻ ദാതാവു ശക്തരാക്കട്ടെ, നമ്മെയും;
അടയ്ക്കട്ടേ, പഴുതുകളെല്ലാരക്ഷകളാലുമേ! 12
ആർ സമ്പത്തു ഭരിക്കുന്നോൻ, മഹാൻ ശുഭസമാപനൻ,
പിഴിവോനു സഖാവാരാ,യിന്ദ്രന്നായ് നിങ്ങൾ പാടുവിൻ: 13
നിയന്താവു, മഹാൻ, പോരിൽ സ്ഥിര,നന്നാമടക്കുവോൻ,
ബലത്താൽത്തന്തിരുവടി ബഹുസ്വത്തിന്നധീശ്വരൻ! 14
അവന്റെ ശുഭകർമ്മങ്ങൾക്കില്ല, മേലാളിയായൊരാൾ;
അവനൗദാര്യമില്ലെന്നു മിണ്ടിപ്പോകില്ലൊരുത്തനും! 15
ഭുജിക്കുവാനായ്പ്പിഴിയും ബ്രാഹ്മണർക്കില്ലതാൻ, കടം;
വിത്തം വളരെയില്ലാത്ത മർത്ത്യൻ സോമം കുടിച്ചിടാ! 16
സ്തുത്യന്നേ പാടുവിൻ, ഛാരേ; സ്തുത്യന്നേ ചൊല്ലിനുക്ഥവും;
സ്തുത്യനുതന്നെയർപ്പിപ്പിൻ നിങ്ങളാഹുതിവസ്തുവും! 17

---

10. പരോക്ഷോക്തി: താങ്ങാൻ—ലോകത്തെ. വിപുലസ്തവനാർഹൻ—വലിയ സ്തുതിക്കർഹൻ. വിളിക്കുവോം=വിളിക്കുന്നു.

11. അതത്—ശത്രുവധാദി. സ്തുതിക്കുന്നോൎക്ക്—സ്തോതാക്കൾക്കു കൊടുപ്പാൻ.

12. പഴുതുകൾ—ആപൽപ്രവേശദ്വാരങ്ങൾ.

13. ശുഭസമാപനൻ—കർമ്മത്തെ ശുഭമാംവണ്ണം അവസാനിപ്പിക്കുന്നവൻ. ഇന്ദ്രന്നായ്—ഇന്ദ്രനെക്കുറിച്ച്

14. അടക്കുവോൻ—അധീനമാക്കുന്നവൻ.

16. കടം—ദേവകൾക്കു വീട്ടേണ്ടുന്ന ഋണം. സോമം കുടിച്ചിടാ—ബഹുധനവ്യയംകൊണ്ടേ സോമയാഗം സാധ്യമാകൂ.

17. സ്തോതാക്കളോട്: സ്തുത്യന്നേ—സ്തുത്യനായ ഇന്ദ്രനെക്കുറിച്ചുതന്നേ. പാടുവിൻ—സാമം. ഉത്തരാർദ്ധം അധ്വര്യുക്കളോട്: ആഹുതിവസ്തു—ഹവിസ്സ്.

Digitized By Kerala Sahitya Akademi

ആറുമായിരവുംപേരെ സ്തുത്യനിന്ദ്രൻ പിളർത്തുമേ;
എതിരില്ലാത്ത ബലവാൻ യജ്വാക്കളെ വളർത്തുമേ! 18

ഇന്ദ്ര, മർത്ത്യൻെറയന്നത്താലമേറ്റു കഴിക്കു, നീ;
സോമം കുടിക്കയുംചെയ്ക, സമാഹ്വാതവ്യനാം ഭവാൻ! 19

കറവപ്പയ്യിനാൽ മേടിച്ചതും, തണ്ണീർ പകർന്നതും,
നിൻെറതുമാമിസ്സോമത്തെ നുകർന്നരുളുകി,ന്ദ്ര, നീ! 20

ചൊടിച്ചു പിഴിയുന്നോനെ,യദേശേ പിഴിവോനെയും
കടന്നുപോരുക: നുകർന്നരുളുകീ,ത്തന്നാ നീർ ഭവാൻ! 21

മൂന്നിടത്തും വരണമേ, ദൂരാൽ: പഞ്ചജനങ്ങളെ
കടന്നു പോന്നുകൊണ്ടാലും, സ്തവനം കേട്ടറിഞ്ഞ നീ! 22

പൊഴിക്കു, സൂര്യൻ കതിർപോ;ലെൻെറ ചൊല്ലുകളൊപ്പമേ
നിങ്കലെത്തട്ടെ, തണ്ണീർകൾ നിമ്നസ്ഥാനത്തുപോലവേ! 23

അധ്വര്യോ, നീ സുഹനുവാം വീരന്നായ്പ്പകരു, ദ്രുതം:
കൊണ്ടുവന്നീടുക, പിഴിഞ്ഞുള്ള സോമം കുടിക്കുവാൻ. 24

ഇവൻ നീർക്കായ് മുകിൽ പിളർത്തംഭസ്സിങ്ങോട്ടൊഴുക്കിനാൻ;
പൈക്കളിൽപ്പക്വമായുള്ള പാലും നിർത്തീടിനാനിവൻ! 25

---

18. പേരെ—ശത്രുക്കളെ.

19. സമാഹ്വാതവ്യൻ=വഴിപോലെ വിളിക്കപ്പെടേണ്ടവൻ.

20. കറവപ്പയ്യിനാൽ—ഒരു കറവപ്പയ്യിനെ വിലയായിക്കൊടുത്ത്. നിൻെറത്—ഭവാന്നായി വെക്കപ്പെട്ടത്.

21. ചൊടിച്ചു—ക്രോധത്തോടേ. അദേശേ—കൊള്ളരുതാത്തേടത്ത്. കടന്നുപോരുക—അവരുടെ അടുക്കൽ നില്ക്കരുത്. ഈത്തന്ന നീർ—ഞങ്ങൾ തക്ക സ്ഥലത്തുവെച്ചു പിഴിഞ്ഞുതന്ന ഈ സോമരസം.

22. മൂന്നിടത്തും—മുമ്പിലും പിമ്പിലും പാർശ്വത്തിലും. സ്തവനം—ഞങ്ങളുടെ സ്തുതി.

23. സൂര്യൻ രശ്മി പൊഴിക്കുന്നതുപോലെ, ഭവാൻ എനിക്കു ധനം പൊഴിച്ചാലും. ചൊല്ലുകൾ—സ്തുതികൾ. നിമ്നസ്ഥാനം=താന്നേടം.

24. സുഹനു=നല്ല അണക്കടകളുള്ളവൻ. പകരു—പാത്രത്തിൽ കുടിക്കുവാൻ—ഇന്ദ്രന്ന്.

25. നീർക്കായ്—വെള്ളത്തിന്നുവേണ്ടി. അംഭസ്സ്—ജലം.

Digitized By Kerala Sahitya Akademi

തേജോയുതൻ വൃത്രനെയുമൌർണ്ണവാഭനെയും സ്വയം
അഹീശുവനെയും കൊന്നാൻ; മേഘം മഞ്ഞാൽപ്പിളർത്തിനാൻ! 26
ചെറുത്തുനിന്നുഗ്രനെവൻ കീഴമർത്തു കടന്നുപോം;
പാടുവിൻ, നിങ്ങളവനെപ്പററിദ്ദേവാപ്തമാം സ്തവം! 27
ഈയിന്ദ്രൻ, സോമപാനത്താലൊരു മത്തു പിടിയ്ക്കവേ
വെളിപ്പെടുത്തിനാനല്ലോ, കർമ്മമെല്ലാമമർത്ത്യരിൽ! 28
ദർപ്പമേ മത്തുകൊള്ളുന്നാപ്പൊൻകേസരഹരിദ്വയം
ഇങ്ങോട്ടു കൊണ്ടുപോരട്ടേ, ഹിതമാമന്നമുണ്ണുവാൻ! 29
യജ്ഞപ്രിയർ പുകഴ്ത്തിപ്പോരുന്നാ ഹരികളങ്ങയെ
ഇങ്ങോട്ടു കൊണ്ടുവരുമേ, സോമമുണ്ണാൻ പുരുസ്തുത! 30

---

## സൂക്തം 33.

കണ്വഗോത്രൻ മേധ്യാതിഥി ഋഷി; ബൃഹതിയും ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

വൃത്രഹന്താവേ, പിഴിഞ്ഞ ഞങ്ങൾ ഭവാങ്കൽ, തണ്ണീരുകൾ
പോലെ (അണയുന്നു); സ്തോതാക്കളും ദർഭ മുറിച്ചു, സോമനീരരിച്ചു ഭവാ
നെ പര്യുപാസിയ്ക്കുന്നു. 1
വസോ, നേതാക്കൾ സോമം പിഴിഞ്ഞ്, അങ്ങയെ പുറപ്പെ
ടുവിയ്ക്കാൻ ഉക്ഥങ്ങൾ ഉച്ചരിയ്ക്കുന്നു: ഇന്ദ്ര, അവിടുന്നു നീരിന്നു ദാഹി

---

26. തേജോയുതൻ—തേജസ്വിയായ ഇന്ദ്രൻ. ഔർണ്ണവാഭനും അഹീശുവനും അസുരന്മാരത്രേ.

27. ഉദ്ഗാതാക്കളോട്: കീഴമർത്തുക—ശത്രുക്കളെ. അവനെ—ആ ഇന്ദ്രനെ. ദേവാപ്തം—ദേവപ്രസാദത്താൽ കിട്ടിയത്.

29. പൊൻകേസരഹരിദ്വയം=കനകക്കഞ്ചിരോമങ്ങളുള്ള രണ്ടു ഹരികൾ. കൊണ്ടുപോരട്ടേ—ഇന്ദ്രനെ. അന്നം—സോമരസം.

30. യജ്ഞപ്രിയർ—യഷ്ടാക്കൾ.

## സൂക്തം 33.

1. തണ്ണീരുകൾ താന്നേടത്തെന്നപോലെ. പര്യുപാസിയ്ക്കുന്നു=സമീപിയ്ക്കുന്നു.



Digitized By Kerala Sahitya Akademi

ച്ചുകൊണ്ട്, ഒരു മുക്രയിടുന്ന കാളപോലെ എപ്പോഠ സ്ഥാനത്തു വ
ന്നെത്തും? 2

ധൃഷ്ണോ, ഒരായിരം കൂസലില്ലാത്ത അന്നം കണ്വന്മാക്കു തരിക:
കാഴ്ച തെളിഞ്ഞ മഘവാവേ, മഞ്ഞച്ച അന്നവും ഗോക്കളെയും ഞ
ങ്ങഠ ഭവാനോടു ശീഘ്രം യാചിയ്ക്കുന്നു! 3

മേധ്യാതിഥേ, നീ സോമം കുടിയ്ക്കുക, അതിന്റെ മത്തിൽ ഇ
ന്ദ്രനെപ്പററി പാടുക: പൊന്നിൻതേരിൽ ഇരുഹരികളെ പൂട്ടുന്നവനും,
പിഴിഞ്ഞാൽ തുണയ്ക്കുന്നവനുമാണല്ലോ, ഈ വജ്രി! 4

നല്ല ഇടംവലംകൈകളുള്ളവൻ, ഈശ്വരൻ, ശോഭനപ്ര
ജ്ഞൻ, ആയിരം ചെയ്യുവൻ, ബഹുധനൻ, പുരികഠ പിളൎത്തവൻ,
സുസ്ഥിരൻ—ഇപ്രകാരമുള്ള ഇന്ദ്രനെ ഞങ്ങഠ സ്തുതിയ്ക്കുന്നു. 5

ധൃഷ്ടകൻ, എതിൎക്കപ്പെടാത്തവൻ, പടകളിൽ പയററിയവൻ,
സമ്പത്തേറിയവൻ, പിഴിയിയ്ക്കുന്നവൻ—ഇപ്രകാരമുള്ള പുരുസ്തുതൻ
കൎമ്മശക്തന്നു് ഒരു പയ്യുപോലെയാണ്! 6

പിഴിഞ്ഞാൽ ഒപ്പം കുടിയ്ക്കുന്ന തന്തിരുവടിയെ ആരറിയും?
എന്തൊരന്നം തിരുവയററിലാക്കും? നല്ല അണക്കടയുള്ള അവിടുന്നു
സോമത്തിന്റെ മത്തിൽ പുരികഠ ബലേന പിളൎത്തും! 7

മാററാനെത്തേടുന്ന മതംഗജം മദനീരെന്നപോലെ, താൻ വ
ളരെയിടങ്ങളിൽ മത്തുകൊള്ളും. അങ്ങയെ ആരും പിടിച്ചുനിൎത്തില്ല:
സോമത്തിന്നു വരിക; കെല്പോടേ ചുററിനടക്കുന്ന മഹാനാണല്ലോ,
അവിടുന്ന്! 8

---

2. നീരിന്നു ദാഹിച്ചുകൊണ്ട്—സോമനീരിൽ തൃഷ്ണയോടേ. സ്ഥാന
ത്തു—യജ്ഞസദനത്തിൽ.

3. കൂസലില്ലാത്ത—നിൎഭയമായ.

4. തന്നോടുതന്നേ പറയുന്നു:

5. ആയിരം—അസംഖ്യകൎമ്മങ്ങഠ. സുസ്ഥിരൻ—കൎമ്മങ്ങളിൽ.

6. പയ്യു പാൽ കൊടുക്കുന്നതുപോലെ, ഇന്ദ്രൻ കൎമ്മശക്തന്നു് (യഷ്ടാവി
ന്നു്) അഭീഷ്ടങ്ങഠ നല്കും.

7. ഒപ്പം—ഋത്വിക്കോടുകൂടി. എന്തൊരന്നം തിരുവയററിലാക്കും—എ
ന്തൊരന്നമായിരിയ്ക്കും, അവിടെയ്ക്കു പ്രിയം? പുരികഠ—അസുരനഗരികഠ.

8. മതംഗജം=ആന. താൻ—ഇന്ദ്രൻ. അടുത്ത വാക്യം പ്രത്യക്ഷോക്തി:

Digitized By Kerala Sahitya Akademi

യാതൊരുഗ്രൻ ദുസ്തരനായി, ഉറപ്പോടേ, പോരിന്നു കോപ്പണിയുമോ; ആ മഘവാവായ ഇന്ദ്രൻ സ്തോതാവിൻെറ വിളി കേട്ടാൽ വിട്ടുപോകില്ല, വരും! 9

ഉഗ്ര, തീച്ചയായും ഭവാൻ ഇങ്ങനെ വഷിയ്ക്കും; വൃഷാക്കളാൽ ഞങ്ങളിൽ എത്തിയ്ക്കപ്പെട്ടും. ദൂരത്തു വൃഷാവെന്നു കേൾവിപ്പെട്ടവനാണല്ലോ, ഭവാൻ; ചാരത്തും വൃഷാവെന്നു വിശ്രുതൻതന്നെ! 10

മഘവാവേ, ഭവാൻെറ കടിഞ്ഞാണുകൾ വൃഷാക്കളാണ്; പൊന്നിൻചമ്മട്ടി വൃഷാവാണ്; പള്ളിത്തേർ വൃഷാവാണ്; ഹരികൾ വൃഷാക്കളാണ്; ശതക്രതോ, ഭവാനും വൃഷാവാണ്! 11

വൃഷാവേ, അങ്ങയ്ക്കായി പിഴിയുന്നവൻ വൃഷാവായി പിഴിയട്ടെ: ഋജീഷിൻ, കൊണ്ടുവന്നാലും. ഹരികളുടെ മുന്നിൽ നില്ക്കുന്നവനേ, അങ്ങയ്ക്കായി വൃഷാവു വൃഷാവിനെ വെള്ളത്തിലിട്ടിരിയ്ക്കുന്നു! 12

ഇന്ദ്ര, മഹാബല, അങ്ങ് സോമമധു നുകരാൻ വന്നാലും: (വരാഞ്ഞാൽ)സുകർമ്മാവായ മഘവാവു സ്തുതികളും സ്തോത്രങ്ങളും ശസ്ത്രങ്ങളും നേരേ കേൾക്കില്ലല്ലോ! 13

വൃത്രഘ്ന, ശതക്രതോ, തേരിലിരിയ്ക്കുന്ന സ്വാമിയായ ഭവാനെ തേർക്കുതിരകൾ അന്യസവനങ്ങളെത്തള്ളി, ഇങ്ങോട്ടു കൊണ്ടുപോരട്ടെ! 14

മഹാമഹ, അവിടുന്നു ഞങ്ങളുടെ തുലോം അടുത്ത സ്തോത്രം ഉൾക്കൊണ്ടാലും: തിളങ്ങുന്നവനേ, സോമപായിൻ, അങ്ങയുടെ മത്തിന്നായി ഞങ്ങൾ പിഴിഞ്ഞത് ഏററവും സുഖമുളവാക്കട്ടെ! 15

ആർ നമ്മെ നയിച്ചുപോന്നുവോ, ആ വീരനു നിന്നെയോ എന്നെയോ അന്യനെയോ ശാസിയ്ക്കുന്നതു പ്രിയമല്ല! 16

---

9. പരോക്ഷോക്തി:

10. പ്രത്യക്ഷോക്തി: വഷിയ്ക്കും—അഭീഷ്ടങ്ങളെ. വൃഷാക്കൾ—യുവാശ്വങ്ങൾ.

11. എല്ലാ വൃഷശബ്ദത്തിന്നും, വഷി എന്നുതന്നെയാണർത്ഥം.

12. കൊണ്ടുവന്നാലും—ഞങ്ങൾക്കു ധനം. വൃഷാവ്—പിഴിയുന്നവൻ. വൃഷാവിനെ—സോമത്തെ.

13. രണ്ടാംവാക്യം പരോക്ഷം: ശസ്ത്രങ്ങൾ—ഉക്ഥങ്ങൾ.

15. മഹാമഹ—മഹാന്മാരിൽവെച്ചു മഹാനേ.

16. പരോക്ഷോക്തി: ശാസിയ്ക്കുന്നതു പ്രിയമല്ല—രക്ഷിയ്ക്കുന്നതേ പ്രിയമാകൂ.

Digitized By Kerala Sahitya Akademi

ഇന്ദ്രൻതന്നെ അരുളിച്ചെയ്തിരിയ്ക്കുന്നു:— 'സ്ത്രീയുടെ മനസ്സ് അടക്കിനിർത്താവുന്നതല്ല.' ബുദ്ധിയ്ക്കു കനമില്ലെന്നും പറയുകയുണ്ടായി! 17

അശ്വങ്ങളും മത്തിന്നായി നടകൊള്ളുമ്പോഠം രണ്ടെണ്ണം ചേ
ന്നാണ്, വൃഷാവിൻെറ തേർ വലിയ്ക്കുന്നത്; ഇന്ദ്രന്മേലുണ്ട്, കനം! 18

'നീ കീഴ്പ്പോട്ടു നോക്കു, മേല്പോട്ടരുത്. കാലടികഠം ചേർത്തുവെ
യ്ക്കുക. നിൻെറ കണങ്കാലുകഠം കാണപ്പെടരുത്: ഒരു ബ്രാഹ്മണനാ
യിരുന്ന നീ പെണ്ണായിപ്പോയല്ലോ!' 19

---

## സൂക്തം 34.

കണ്വഗോത്രൻ നീപാതിഥി ഋഷി; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകഠം; ഇന്ദ്രൻ ദേവത.

('താമരക്കണ്ണൻ'പോലെ)

ഇന്ദ്ര, കണ്വൻെറ നൽസ്തുതി കേഠംപ്പാൻ
വന്നാലും, ഹരിയുക്തനായ്;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 1
ഉച്ചത്തിൽ വിളിച്ചെത്തിയ്ക്കു, നിന്നെ-
യിച്ചതകല്ല സോമിയായ്;

---

17. മേധ്യാതിഥിയ്ക്കു ധനം കൊടുത്തുപോന്ന പ്രയോഗപുത്രൻ ആസംഗൻ പുരുഷത്വം വിട്ടു സ്ത്രീയായിപ്പോയി. അപ്പോഠം ഇന്ദ്രൻ പറഞ്ഞതാണ്, ഈ ഋക്കിലെ വിഷയം.

18. മത്തിന്നായി—സോമം കുടിപ്പാൻ.

19. സ്ത്രീയായിത്തീൎന്ന പ്രയോഗപുത്രനോട് ഇന്ദ്രൻ പറഞ്ഞത്. ചേർത്തുവെയ്ക്കുക—പുരുഷനെപ്പോലെ അകത്തി വെയ്ക്കരുത്. കാണപ്പെടരുത്—കണങ്കാലുകഠം മറയത്തക്കവണ്ണംവേണം, വസ്ത്രമുടുക്കുക.

### സൂക്തം 34.

1. ദീപ്തഹവ്യ—തിളങ്ങുന്ന ഹവിസ്സോടുകൂടിയവനേ. എഴുന്നള്ളുക—ഹവിസ്സു ഭക്ഷിച്ചിട്ടു, തിരിയേ പോയ്ക്കൊഠംക.

Digitized By Kerala Sahitya Akademi

വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 2
ആകമ്പിപ്പിപ്പതുണ്ടി,തിൻെറ ചു-
റ്റാ,ടിനെച്ചെന്നായ്പോലവേ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 3
അങ്ങയെ വിളിയ്ക്കുന്നു, കണ്വന്മാ-
രിങ്ങനാപ്തിയ്ക്കും, രക്ഷയ്ക്കും;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 4
വായുവിന്നൊന്നപോലേ, മുമ്പുണ്ടാ-
നായങ്ങയ്ക്കേകാം, സോമം ഞാൻ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 5
ഞങ്ങളിൽ വരികൊ,ക്കെത്താങ്ങുന്ന
വിൺകുടുംബി നീ രക്ഷിപ്പാൻ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 6
ഞങ്ങളിൽ വരികെ,ണ്ണാസ്വത്തുള്ള
തുംഗധീ ലക്ഷരക്ഷൻ നീ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 7

---

2. ചതകല്ല്—അമ്മിക്കുഴ. ചതയ്ക്കുമ്പോഴത്തെ ഒച്ചതന്നെ, വിളി. സോമി=സോമത്തോടുകൂടിയത്

3. ഇതിൻെറ, (അമ്മിക്കുഴയുടെ) ചുററ് (ചതയ്ക്കുന്ന ഭാഗം) ആകമ്പിപ്പിപ്പതുണ്ട്—സോമലതയെ ഇളക്കുന്നുണ്ട്. ആടിനെ—ചെന്നായിനെ കണ്ടാൽ ആട് ആകമ്പിയ്ക്കു(പേടിച്ചു വിറയ്ക്കു)മല്ലോ.

4. ഇങ്ങ്—യജ്ഞത്തിൽ.

5. വായുവിന്നത്രേ, യാഗത്തിൽ ആദ്യം സോമം.

6. ഒക്കെ—ജഗത്തെല്ലാം. വിൺകുടുംബി—സ്വർഗ്ഗത്തിലെ ഗൃഹസ്ഥൻ.

7. എണ്ണാസ്വത്ത്=അസംഖ്യധനം. തുംഗധീ=മഹാമതി, ലക്ഷരക്ഷൻ—വളരെ വളരെ രക്ഷകളുള്ളവൻ.

Digitized By Kerala Sahitya Akademi

മൎത്ത്യസ്ഥാപിതൻ ഹോതാവു,മ്പരിൽ
സ്തുത്യൻ വരുത്തുകങ്ങളെ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 8

എത്തിയ്ക്ക, നിന്നെദ്ദൎപ്പഘ്നാശ്വങ്ങൾ,
പത്രം പരുന്തിനെപ്പോലേ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 9

സ്വാമിൻ, സൎവ്വത്ര വന്നാലും, സ്വാഹാ
സോമം കുടിപ്പാനായ്ബ്ഭവാൻ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 10

ഇങ്ങു കൎമ്മം കേൾപ്പാൻ വന്നാലും, ഭവാ-
നെങ്ങളെത്തോഷിപ്പിച്ചാലും;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 11

ഒററമട്ടൊക്കമെശ്വങ്ങളുമായ്-
പ്പൃഷ്ഠാശ്വ, വരികെങ്ങളിൽ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 12

വന്നാലും, ഭവാൻ പൎവ്വതങ്ങളിൽ
നിന്നും വാനിങ്കൽനിന്നുമേ;

---

8. മൎത്ത്യസ്ഥാപിതൻ—മനുഷ്യരാൽ ഗൃഹത്തിൽ പ്രതിഷ്ഠിയ്ക്കപ്പെട്ടവൻ. ഉമ്പരിൽ—ദേവന്മാരിൽവെച്ച് സ്തുത്യനായ ഹോതാവ് (ദേവഹോതാവായ അഗ്നി) അങ്ങളെ ഇവിടെ വരുത്തട്ടെ.

9. ദൎപ്പഘ്നാശ്വങ്ങൾ—ശത്രുഗൎവ്വു നശിപ്പിയ്ക്കുന്ന ഹരികൾ. പത്രം=ചിറക്. ചിറകുകൾ പരുന്തിനെയെന്നപോലെ, രണ്ടു ഹരികൾ നിന്നെ എത്തിയ്ക്ക—കൊണ്ടുവരട്ടെ.

12. ഒററമട്ടൊക്കം—ഏകരൂപങ്ങളായ. പൃഷ്ഠാശ്വ—അശ്വങ്ങളെ പോററുന്നവനേ.

Digitized By Kerala Sahitya Akademi

വിൺഭരിപ്പോനേ, ദീപ്തഹവ്യ, നി
വിണ്ണിലെയ്ക്കെഴുന്നള്ളുക! 13
ആയിരമശ്വഗോക്കളെ ഞങ്ങൾ-
ക്കായരുളുക, ശൂര, നീ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നി
വിണ്ണിലെയ്ക്കെഴുന്നള്ളുക! 14
ആയിരം, പതിനായിരം, നൂറു-
മായാനയിക്ക, ഞങ്ങൾക്കായ്
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നി
വിണ്ണിലെയ്ക്കെഴുന്നള്ളുക! 15
ആയിരം വസുരോചിസ്സുകളാ-
മീയുള്ളവരുമിന്ദ്രനും
കൈക്കൊണ്ടുവല്ലോ, നാല്ക്കാലികളെ-
യൂക്കാളും തുരഗങ്ങളെ; 16
നേരേ നടന്നു പാഞ്ഞൊഴുകുമാ
മാരുതോപമവേഗികൾ
സൂരനെപ്പോലെ സംശോഭിയ്ക്കുന്നു,
പാരം പടന്ന തേജസ്സാൽ! 17
തേരുരുളിനെശ്ശീഘ്രം വലിച്ചു-
പോരുമത്തുരഗങ്ങളെ
ആരണ്യഭൂവിൽവെച്ചല്ലോ വാങ്ങി,
പാരാവതങ്കൽനിന്നു ഞാൻ! 18

---

14. അരുളുക—കല്പിച്ചുതന്നാലും.

15. ആനയിക്ക—അഭീഷ്ടവസ്തുക്കൾ കൊണ്ടുവന്നാലും.

16. വസുരോചിസ്സുകളായ, അംഗിരോഗോത്രരായ, ഈയുള്ളവർ (ഞങ്ങൾ) ആയിരംപേരും, ഞങ്ങളുടെ നേതാവായ ഇന്ദ്രനും പാരാവതങ്കൽനിന്നു തുരഗങ്ങളെ സ്വീകരിച്ചു.

17. പാഞ്ഞൊഴുകും—ജലപ്രവാഹസാദൃശ്യം ധ്വനിയ്ക്കുന്നു. ആ മാരുതോപമവേഗികൾ—കാററിന്നൊത്ത വേഗമുള്ള തുരഗങ്ങൾ. സൂരൻ=സൂര്യൻ.

18. ആരണ്യഭൂവ്=വനപ്രദേശം. പാരാവതൻ—ഒരു രാജാവ്. ഞാൻ—ഞങ്ങൾ ആയിരം പേർ.

Digitized By Kerala Sahitya Akademi

സൂക്തം 35.

അത്രിഗോത്രൻ ശ്യാവാശ്വൻ ഋഷി; ഉപരിഷ്ടാജ്ജ്യോതിസ്സും പംക്തിയും മഹാബൃഹതിയും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

അശ്വികളേ, അഗ്നി, ഇന്ദ്രൻ, വരുണൻ, വിഷ്ണു, ആദിത്യർ, രുദ്രർ, വസുക്കൾ എന്നിവരോടൊന്നിച്ച്, ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങൾ സോമം കുടിയ്ക്കുവിൻ! 1

ബലവാന്മാരായ അശ്വികളേ, എല്ലാ പ്രജകളോടും ഭുവനത്തോടും വിണ്ണിനോടും മന്നിനോടും മലകളോടുമൊന്നിച്ച്, ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങൾ സോമം കുടിയ്ക്കുവിൻ! 2

അശ്വികളേ, മുപ്പത്തിമൂന്നു ദേവകളെല്ലാവരോടും തണ്ണീരുകളോടും മരുത്തുക്കളോടും ഭൃഗുക്കളോടുമൊന്നിച്ച്, ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങൾ ഇവിടെ സോമം കുടിയ്ക്കുവിൻ! 3

അശ്വിദേവന്മാരേ, യജ്ഞത്തിൽ വരുവിൻ: എന്റെ വിളി കേൾക്കുവിൻ: ഇവിടെ എല്ലാസ്സവനങ്ങളിലും സന്നിഹിതരാകുവിൻ. ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങൾ ഞങ്ങൾക്ക് അന്നം കൊണ്ടുവരുവിൻ! 4

അശ്വിദേവന്മാരേ, നിങ്ങൾ, രണ്ടു യുവാക്കന്മാർ കന്യകമാരുടെ വിളിയെന്നപോലെ, ഇവിടെ സ്തോത്രം കേൾക്കുവിൻ: എല്ലാസ്സവനങ്ങളിലും സന്നിഹിതരാകുവിൻ; ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങൾ ഞങ്ങൾക്ക് അന്നം കൊണ്ടുവരുവിൻ! 5

അശ്വിദേവന്മാരേ, സ്തുതി കേൾക്കുവിൻ, യജ്ഞത്തിൽ വരുവിൻ. ഇവിടെ എല്ലാസ്സവനങ്ങളിലും സന്നിഹിതരാകുവിൻ: ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങൾ ഞങ്ങൾക്ക് അന്നം കൊണ്ടുവരുവിൻ! 6

അശ്വികളേ, നിങ്ങൾ വെള്ളത്തിൽ രണ്ടു ഹാരിദ്രവങ്ങൾ പോലെയും രണ്ടു പോത്തുകൾപോലെയും സോമനീരിൽ അണയാറുണ്ടല്ലോ; ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങൾ മൂന്നു വഴിയ്ക്കു വരുവിൻ! 7

---

സൂക്തം 35.

7. ഹാരിദ്രവം—ഒരുതരം പക്ഷി. മൂന്നു വഴിയ്ക്ക്—ദ്യോവ്, അന്തരിക്ഷം, ഭൂവ് എന്നീ മൂന്നുവഴികളിലൂടേ.

Digitized By Kerala Sahitya Akademi

അശ്വികളേ, നിങ്ങൾ, രണ്ടു ഹംസങ്ങൾപോലെയും രണ്ടു വഴിപോക്കർപോലെയും രണ്ടു പോത്തുകൾപോലെയും സോമനീരിൽ പറന്നണയാറുണ്ടല്ലോ; ഉഷസ്സിനോടും സൂൎയ്യനോടുംകൂടി നിങ്ങൾ മൂന്നു വഴിയ്ക്കു വരുവിൻ! 8

അശ്വികളേ, നിങ്ങൾ ഹവിർദ്ദാതാവിന്നുവേണ്ടി, രണ്ടു പരുന്തുകൾപോലെയും രണ്ടു പോത്തുകൾപോലെയും സോമനീരിൽ പറന്നണയാറുണ്ടല്ലോ; ഉഷസ്സിനോടും സൂൎയ്യനോടുംകൂടി നിങ്ങൾ മൂന്നു വഴിയ്ക്കു വരുവിൻ! 9

അശ്വികളേ, കുടിയ്ക്കുവിൻ, തൃപ്തിപ്പെടുവിൻ, വരുവിൻ. ഞങ്ങളിൽ സന്തതി നിലനിൎത്തുവിൻ, സമ്പത്തും നിലനിൎത്തുവിൻ; ഉഷസ്സിനോടും സൂൎയ്യനോടുംകൂടി നിങ്ങൾ ബലവും നിലനിൎത്തുവിൻ! 10

അശ്വികളേ, ജയിയ്ക്കുവിൻ; സ്തോതാക്കളെ രക്ഷിയ്ക്കുവിൻ. ഞങ്ങളിൽ സന്തതി നിലനിൎത്തുവിൻ, സമ്പത്തും നിലനിൎത്തുവിൻ; ഉഷസ്സിനോടും സൂൎയ്യനോടുംകൂടി നിങ്ങൾ ബലവും നിലനിൎത്തുവിൻ! 11

അശ്വികളേ, ശത്രുക്കളെ കൊല്ലുവിൻ, മിത്രങ്ങളിൽ ചെല്ലുവിൻ. ഞങ്ങളിൽ സന്തതി നിലനിൎത്തുവിൻ, സമ്പത്തും നിലനിൎത്തുവിൻ; ഉഷസ്സിനോടും സൂൎയ്യനോടുംകൂടി നിങ്ങൾ ബലവും നിലനിൎത്തുവിൻ! 12

അശ്വികളേ, നിങ്ങൾ മിത്രാവരുണന്മാരോടും ധൎമ്മത്തോടും മരുത്തുക്കളോടുമൊന്നിച്ചു സ്തോതാവിന്റെ വിളിയിൽ വരുവിൻ; ഉഷസ്സിനോടും സൂൎയ്യനോടും ആദിത്യരോടുംകൂടി വന്നെത്തുവിൻ! 13

അശ്വികളേ, നിങ്ങൾ അംഗിരസ്സുകളോടും വിഷ്ണുവിനോടും മരുത്തുക്കളോടുമൊന്നിച്ചു സ്തോതാവിന്റെ വിളിയിൽ വരുവിൻ; ഉഷസ്സിനോടും സൂൎയ്യനോടും ആദിത്യരോടുംകൂടി വന്നെത്തുവിൻ! 14

വൃഷാക്കളായ അശ്വികളേ, നിങ്ങൾ ഋഭുക്കളോടും അന്നത്തോടും മരുത്തുക്കളോടുമൊന്നിച്ചു സ്തോതാവിന്റെ വിളിയിൽ വരു

8. ഹംസങ്ങളും വഴിപോക്കരും പോത്തുകളും വെള്ളത്തിൽ ചെല്ലുന്നതുപോലെ.

9. വെള്ളത്തിൽ എന്ന പദം ഇവിടെയും അധ്യാഹരിയ്ക്കണം.

11. ജയിയ്ക്കുവിൻ—ശത്രുക്കളെ.



Digitized By Kerala Sahitya Akademi

വിൻ; ഉഷസ്സിനോടും സൂൎയ്യനോടും ആദിത്യരോടുംകൂടി വന്നെത്തുവിൻ! 15

അശ്വികളേ, ബ്രാഹ്മണനെ പ്രീതിപ്പെടുത്തുവിൻ; കൎമ്മങ്ങഠം പൂൎത്തിപ്പെടുത്തുവിൻ; അരക്കരെ ഹനിയ്ക്കുവിൻ; രോഗങ്ങഠം പോക്കുവിൻ. ഉഷസ്സിനോടും സൂൎയ്യനോടുംകൂടി നിങ്ങഠം പിഴിയുന്നവൻെറ സോമം (കുടിയ്ക്കുവിൻ)! 16

അശ്വികളേ, ക്ഷത്രിയനെ പ്രീതിപ്പെടുത്തുവിൻ; ആളുകളെയും പ്രീതിപ്പെടുത്തുവിൻ. അരക്കരെ ഹനിയ്ക്കുവിൻ; രോഗങ്ങഠം പോക്കുവിൻ. ഉഷസ്സിനോടും സൂൎയ്യനോടുംകൂടി നിങ്ങഠം പിഴിയുന്നവൻെറ സോമം (കുടിയ്ക്കുവിൻ)! 17

അശ്വികളേ, കറവപ്പൈക്കളെ പ്രീതിപ്പെടുത്തുവിൻ; വൈശ്യരെയും പ്രീതിപ്പെടുത്തുവിൻ. അരക്കരെ ഹനിയ്ക്കുവിൻ; രോഗങ്ങഠം പോക്കുവിൻ. ഉഷസ്സിനോടും സൂൎയ്യനോടുംകൂടി നിങ്ങഠം പിഴിയുന്നവൻെറ സോമം (കുടിയ്ക്കുവിൻ)! 18

അശ്വികളേ, ഗവ്ശു പോക്കുന്ന നിങ്ങഠം അത്രിയുടെയെന്നപോലെ, പിഴിയുന്ന ശ്യാവാശ്വൻെറ മികച്ച സ്തുതി കേഠംക്കുവിൻ; ഉഷസ്സിനോടും സൂൎയ്യനോടുംകൂടി, പ്രഭാതത്തിലെ (സോമം കുടിയ്ക്കുവിൻ)! 19

അശ്വികളേ, ഗവ്ശു പോക്കുന്ന നിങ്ങഠം പിഴിയുന്ന ശ്യാവാശ്വൻെറ ശോഭനസ്തുതി, ആഭരണംപോലെ അണിയുവിൻ; ഉഷസ്സിനോടും സൂൎയ്യനോടുംകൂടി പ്രഭാതത്തിലെ (സോമം കുടിയ്ക്കുവിൻ)! 20

അശ്വികളേ, ഗവ്ശു പോക്കുന്ന നിങ്ങഠം പിഴിയുന്ന ശ്യാവാശ്വൻെറ യജ്ഞം, കടിഞാണുപോലെ പിടിയ്ക്കുവിൻ; ഉഷസ്സിനോടും സൂൎയ്യനോടുംകൂടി പ്രഭാതത്തിലെ (സോമം കുടിയ്ക്കുവിൻ)! 21

അശ്വികളേ, നിങ്ങഠം പള്ളിത്തേർ ഇങ്ങോട്ടു തെളിയ്ക്കുവിൻ; സോമമധു നുകരുവിൻ. ആഗമിയ്ക്കുവിൻ—വരുവിൻ: ഞാൻ രക്ഷയ്ക്കുവേണ്ടി നിങ്ങളെ വിളിയ്ക്കുന്നു; ഹവിൎദ്ദാതാവിന്നു രത്നങ്ങളെടുക്കുവിൻ! 22

---

17. ആളുകഠം—യോദ്ധാക്കഠം.

19. ഗവ്ശു—ശത്രുക്കളുടെ. അത്രി—ശ്യാവാശ്വൻെറ മുത്തച്ഛൻ.

21. പിടിയ്ക്കുവിൻ—നിയന്ത്രിയ്ക്കുവിൻ എന്നൎത്ഥം.

22. ഹവിൎദ്ദാതാവിന്നു—ഹവിസ്സൎപ്പിയ്ക്കുന്ന എനിയ്ക്കു തരാൻ.

Digitized By Kerala Sahitya Akademi

അശ്വികളേ, നേതാക്കളായ നിങ്ങൾ ഹോമനിരതനായ എന്റെ നമസ്കാരം ചൊല്ലുന്ന യാഗത്തിൽ (സോമം) കുടിപ്പാൻ ആഗമിയ്ക്കുവിൻ—വരുവിൻ: ഞാൻ രക്ഷയ്ക്കുവേണ്ടി നിങ്ങളെ വിളിയ്ക്കുന്നു; ഹവിർദ്ദാതാവിന്നു രത്നങ്ങളെടുക്കുവിൻ! 23

അശ്വിദേവന്മാരേ, നിങ്ങൾ സ്വാഹാകൃതമായ സോമനീർ മതിയാവോളം കുടിയ്ക്കുവിൻ. ആഗമിയ്ക്കുവിൻ—വരുവിൻ: ഞാൻ രക്ഷയ്ക്കുവേണ്ടി നിങ്ങളെ വിളിയ്ക്കുന്നു; ഹവിർദ്ദാതാവിന്നു രത്നങ്ങളെടുക്കുവിൻ! 24

---

## സൂക്തം 36.

ശ്യാവാശ്വൻ ഋഷി; ശക്വരിയും മഹാപംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

പിഴിഞ്ഞു ദർഭ വിരിച്ചവന്റെ രക്ഷിതാവാണല്ലോ, ഭവാൻ: ശതക്രതോ, മത്തിന്നായി, ഭവാനു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കും കീഴമർത്ത്, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ചു കുടിച്ചാലും! 1

മഘവാവേ, അവിടുന്നു സ്തോതാവിനെ രക്ഷിയ്ക്കുക, അങ്ങയെയും രക്ഷിയ്ക്കുക: ശതക്രതോ, മത്തിന്നായി, ഭവാനു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കും കീഴമർത്ത്, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ചു കുടിച്ചാലും! 2

അന്നംകൊണ്ടു ദേവകളെയും, ഓജസ്സുകൊണ്ട് അങ്ങയെയും രക്ഷിയ്ക്കുന്നവനാണല്ലോ, ഭവാൻ: ശതക്രതോ, മത്തിന്നായി, ഭവാനു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കും കീഴമർത്ത്, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ചു കുടിച്ചാലും! 3

---

സൂക്തം 36.

1. പടകൾ—ശത്രുസേനകൾ. ഊക്ക്—അവയുടെ തള്ളിക്കേററം. അടക്കി—സ്വായത്തമാക്കി.

2. അങ്ങയെയും രക്ഷിയ്ക്കുക—സോമപാനംകൊണ്ട്.

Digitized By Kerala Sahitya Akademi

വിണ്ണുണ്ടാക്കിയവനും, മന്നുണ്ടാക്കിയവനുമാണല്ലോ, ഭവാൻ: ശതക്രതോ, മത്തിന്നായി, ഭവാനു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കം കീഴമത്തു, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ചു കുടിച്ചാലും! 4

അശ്വങ്ങളെ ഉണ്ടാക്കിയവനും, ഗോക്കളെ ഉണ്ടാക്കിയവനുമാണല്ലോ, ഭവാൻ: ശതക്രതോ, മത്തിന്നായി, ഭവാനു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കം കീഴമത്തു, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ചു കുടിച്ചാലും! 5

വജ്രപാണേ, നിന്തിരുവടി അത്രികളുടെ സ്തോത്രത്തിന്നു മഹത്ത്വം വരുത്തുക: ശതക്രതോ, മത്തിന്നായി, ഭവാനു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കം കീഴമത്തു, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ചു കുടിച്ചാലും! 6

ഇന്ദ്ര, അവിടുന്നു കർമ്മനിരതനായ അത്രിയുടെ (സ്തുതി) കേൾക്കുകയുണ്ടായല്ലോ; അപ്രകാരം, പിഴിയുന്ന ശ്യാവാശ്വൻേറതും കേൾക്കുക. അവിടുന്നു് ഓറായ്ക്കുതന്നെ യുദ്ധത്തിൽ ത്രസദസ്യുവിനെ, സ്തോത്രങ്ങൾ വളർത്തി, സംരക്ഷിച്ചുവല്ലോ! 7

---

## സൂക്തം 37.

ശ്യാവാശ്വൻ ഋഷി; അതിജഗതിയും മഹാപംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ശചീപതേ, ഇന്ദ്ര, നിന്തിരുവടി യുദ്ധങ്ങളിൽ എല്ലാ രക്ഷകൾകൊണ്ടും ഈ ബ്രാഹ്മണരെയും പിഴിയുന്നവരെയും സംരക്ഷിയ്ക്കുക; അനിന്ദ്യ, വൃത്രഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടിച്ചാലും! 1

ഉഗ്ര, ശചീപതേ, ഇന്ദ്ര, നിന്തിരുവടി എല്ലാ രക്ഷകൾകൊണ്ടും ദ്രോഹിപ്പടകളെ കീഴമത്തുക; അനിന്ദ്യ, വൃത്രഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടിച്ചാലും! 2

---

6. അത്രികളുടെ—ഞങ്ങളുടെ.

7. വളർത്തി—അഭീഷ്ടദാനംകൊണ്ടു്.

Digitized By Kerala Sahitya Akademi

ശചീപതേ, ഇന്ദ്ര, നിന്തിരുവടി എല്ലാ രക്ഷകൾകൊണ്ടും ഈ ഉലകിന്ന് ഒററപ്പെരുമാളായി വിളങ്ങുന്നു. അനിന്ദ്യ, വൃത്രഘ്ന, വജ്ര പാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടിച്ചാലും! 3

ശചീപതേ, ഇന്ദ്ര, നിന്തിരുവടി ഒററയ്ക്കാണല്ലോ, എല്ലാ രക്ഷ കൾകൊണ്ടും, ചേൎന്നിന്ന് ഇരുലോകങ്ങളെ വെവ്വേറെയാക്കിയത്. അനിന്ദ്യ, വൃത്രഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടിച്ചാലും! 4

ശചീപതേ, ഇന്ദ്ര, നിന്തിരുവടിയാണല്ലോ, എല്ലാ രക്ഷകൾ കൊണ്ടും യോഗക്ഷേമങ്ങളുടെ അധിപതി. അനിന്ദ്യ, വൃത്രഘ്ന, വജ്ര പാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടിച്ചാലും! 5

ശചീപതേ, ഇന്ദ്ര, നിന്തിരുവടി എല്ലാ രക്ഷകൾകൊണ്ടും ബലം പുലൎത്തുന്നു; രക്ഷിയ്ക്കുന്നു; രക്ഷിയ്ക്കപ്പെടുന്നില്ല. അനിന്ദ്യ, വൃത്ര ഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടി ച്ചാലും! 6

ഇന്ദ്ര, അവിടുന്നു കൎമ്മനിരതനായ അത്രിയുടെ (സ്തുതി) കേൾക്ക കയുണ്ടായല്ലോ; അപ്രകാരം, പിഴിയുന്ന ശ്യാവാശ്വന്റേതും കേൾക്കുക. അവിടുന്ന് ഒററയ്ക്കുതന്നെ യുദ്ധത്തിൽ ത്രസദസ്യുവിനെ, ബലം വള ൎത്തി, സംരക്ഷിച്ചുവല്ലോ! 7

---

സൂക്തം 38.

ശ്യാവാശ്വൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രാഗ്നികൾ ദേവത.

ഇന്ദ്രാഗ്നികളേ, യജ്ഞത്തിന്റെ ഋത്വിക്കുകളാണല്ലോ, പരി ശുദ്ധരായ നിങ്ങൾ: യുദ്ധങ്ങളിലും കൎമ്മങ്ങളിലും (സംബന്ധിയ്ക്കുന്ന) നിങ്ങൾ ഇവനെ അറിയുവിൻ! 1

---

സൂക്തം 37.

4. ഇരുലോകങ്ങളെ—വാനൂഴികളെ.

6. ബലം പുലൎത്തുന്നു—ജഗത്തിന്ന്. രക്ഷിയ്ക്കപ്പെടുന്നില്ല—ആരുടെയും രക്ഷയിലല്ല, അവിടുന്ന്.

സൂക്തം 38.

1. ഇവനെ—എന്നെ.

Digitized By Kerala Sahitya Akademi

ഇന്ദ്രാഗ്നികളേ, നിഹന്താക്കളും തേരിലെഴുന്നള്ളുന്നവരും വൃത്രസൂദനരും തോല്പ പററാത്തവരുമായ നിങ്ങൾ ഇവനെ അറിയുവിൻ! 2

ഇന്ദ്രാഗ്നികളേ, ഇതാ, നേതാക്കൾ നിങ്ങൾക്കായി, മത്തുണ്ടാക്കുന്ന മധു അമ്മികൊണ്ടു പിഴിഞ്ഞിരിയ്ക്കുന്നു: നിങ്ങൾ ഇവനെ അറിയുവിൻ! 3

ഇന്ദ്രാഗ്നികളേ, ഒപ്പം സ്തുതിയ്ക്കപ്പെടുന്ന നേതാക്കളായ നിങ്ങൾ യജ്ഞത്തിലെഴുന്നള്ളുവിൻ—യാഗത്തിന്നായി പിഴിഞ്ഞ സോമത്തിന്നു വരുവിൻ! 4

ഇന്ദ്രാഗ്നികളേ, നേതാക്കളായ നിങ്ങൾ ഹവിസ്സു സ്വീകരിച്ചുപോരുന്ന ഈ സവനങ്ങളിൽ സംബന്ധിയ്ക്കുവിൻ—വരുവിൻ! 5

ഇന്ദ്രാഗ്നികളേ, നേതാക്കളായ നിങ്ങൾ എൻെറ ഈ നല്ല ഗായത്രസ്തുതി കേൾക്കുവിൻ: വരുവിൻ! 6

സമ്പത്തടക്കുന്ന ഇന്ദ്രാഗ്നികളേ, നിങ്ങൾ പുലർകാലത്തു പോരുന്ന ദേവന്മാരോടുകൂടി, സോമം കുടിപ്പാൻ വരുവിൻ! 7

ഇന്ദ്രാഗ്നികളേ, നിങ്ങൾ പിഴിയുന്ന ശ്യാവാശ്വൻെറ ഋത്വിക്കുകളുടെ വിളി കേൾക്കുവിൻ, സോമം കുടിപ്പാൻ! 8

ഇന്ദ്രാഗ്നികളേ, രക്ഷിപ്പാനും സോമം കുടിപ്പാനുമായി നിങ്ങളെ ഞാൻ, പ്രാജ്ഞന്മാർ വിളിച്ചുപോന്നതിൻവണ്ണം വിളിച്ചുകൊള്ളുന്നു! 9

എവർക്കായി ഗായത്രം ഉച്ചരിയ്ക്കപ്പെടുന്നുവോ, ആ സ്തുതിയുക്തരായ ഇന്ദ്രാഗ്നികളോടു ഞാൻ രക്ഷ യാചിയ്ക്കുന്നു! 10

---

### സൂക്തം 39.

കണ്വഗോത്രൻ നാഭാകൻ ഋഷി; മഹാപംക്തി ഛന്ദസ്സ്; അഗ്നി ദേവത.

('താമരക്കണ്ണൻ'പോലെ)

അഗ്നിയെപ്പുകഴ്ത്തുന്നേൻ—സ്തുത്യനാ-
മഗ്നിയെ യജ്ഞേ വാഴ്ത്തുന്നോൻ:

---

2. നിഹന്താക്കൾ—ശത്രുക്കളെ കൊല്ലുന്നവർ.
3. മധു—സോമനീർ.
6. ഗായത്രസ്തുതി—ഗായത്രീച്ഛന്ദസ്സിലുള്ള സ്തുതി.
7. സമ്പത്ത്—ശത്രുക്കളുടെ.
10. പരോക്ഷോക്തി;

Digitized By Kerala Sahitya Akademi

അഗ്നിയുമ്പക്കേട്ടേ, യാഗാന്നാ:–
മപ്പുറം കാണുമദ്ദേഹം
അന്തരിക്ഷത്തിൽ ദൂതനുഷ്ഠിപ്പൂ;
വെന്തുപോകെ,തിരാളെല്ലാം! 1

പുത്തൻസ്തോത്രത്താലഗ്നേ, നീ ചുട്ടു–
കി,ത്തരക്കാർതൻ ദുർവ്വാദം.
ദാതൃവൈരികളേയും പൊള്ളിയ്ക്കു:
ബോധമററെല്ലാം ശത്രുക്കൾ
പിന്തിരിയട്ടെയൊട്ടൊഴിയാതെ;
വെന്തുപോകെ,തിരാളെല്ലാം! 2

അഗ്നേ, നിൻവായിൽ, നെയ്പോലേ സുഖി–
പ്പിയ്ക്കും സ്തോത്രം ഞാൻ ഹോമിയ്ക്കാം.
ഗീർവ്വാണമദ്ധ്യേ തേറുകബ്ബുവാൻ:
പൂർവ്വനും, സൂര്യദൂതനും,
സന്തുഷ്ടി തരുന്നോനുമല്ലോ, നീ;
വെന്തുപോകെ,തിരാളെല്ലാം! 3

അഭ്യർത്ഥിപ്പതെന്തെന്തന്നാ,മത–
തഗ്നി കല്പിച്ചുനല്കുമേ–
ദത്തഹവ്യന്മാർക്കുമേ, ശാന്തി–
കൃത്താമിഷ്ടാപ്തിസൌഖ്യത്തെ:
സ്വന്തമേ, സർവ്വദേവാഹ്വാനവും;
വെന്തുപോകെ,തിരാളെല്ലാം! 4

---

സൂക്തം 39.

1. യാഗാന്നം—നമ്മുടെ യാഗത്തിലെ ഹവിസ്സ്. അപ്പുറം കാണും=ക്രാന്തദർശിയായ. ദൂത്—ഹവിർവ്വഹനാദിദൂതകർമ്മം. എതിരാറം—നമ്മുടെ ശത്രുക്കളെല്ലാം വെന്തു(നശിച്ചു)പോകട്ടെ.

2. ഇത്തരക്കാർതൻ—ശത്രുക്കളുടെ. ദാതൃവൈരികൾ—യഷ്ടാക്കളുടെ ശത്രുക്കൾ. ബോധമററ്—അറിവില്ലാതെ.

3. ഗീർവ്വാണമദ്ധ്യേ=ദേവന്മാരുടെയിടയിൽ. പൂർവ്വൻ=പുരാതനൻ.

4. ദത്തഹവ്യന്മാർ—യജമാനന്മാർ. ശാന്തികൃത്ത്=ശാന്തിയെ ഉളവാക്കുന്നത്. സർവ്വദേവാഹ്വാനവും സ്വന്തമേ—ഏതൊരു ദേവനെ വിളിയ്ക്കലും അഗ്നിയ്ക്കുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

കീഴമർത്തുന്ന നാനാകർമ്മത്താൽ-
ക്കീർത്തിപ്പെട്ടവനീ,യഗ്നി;
ഏറെപ്പേർക്കൊരു ഹോതാവാം പശു-
വാരപരീതനദ്ദേഹം
വെല്ലേണ്ടുന്നോനെച്ചെന്നെതിർക്കമേ;
വെന്തുപോകെ,തിരാളെല്ലാം! 5

അഗ്നി വാനോർതൻ ജന്മമറിഞ്ഞോ;-
നഗ്നി മാനുഷഗുഹ്യജ്ഞൻ.
അഗ്നിയദ്ദേഹം സമ്പത്തു നല്കു-
മഗ്നി നൂതനഹവ്യത്താൽ
സന്തർപ്പിപ്പോർക്കു വാതിൽ തുറക്കും;
വെന്തുപോകെ,തിരാളെല്ലാം! 6

അഗ്നി വാനോരിൽ മേവുന്നു, യജ്ഞ-
വ്യഗ്രരാം മർത്ത്യന്മാരിലും:
ഭൂരികർമ്മത്തെ പ്രീത്യാ പോറുന്നു,
ഭൂമി വിശ്വത്തെപ്പോലവൻ.
തന്തിരുവടി യാജ്യനു,മ്പരിൽ;
വെന്തുപോകെ,തിരാളെല്ലാം! 7

സപ്തമാനുഷനഗ്നി വാഴുന്നു,
സപ്സരിത്തുക്കളിലും.
ത്രിസ്ഥാനൻ, ക്രതുമുഖ്യൻ, മാന്ധാതൃ-
വിദ്വേഷിഹന്താവഗ്നിയെ
ചിന്തയാ സമീപിയ്ക്കാവൂ, നമ്മൾ;
വെന്തുപോകെ,തിരാളെല്ലാം! 8

---

5. ഏറെപ്പേർക്ക്—വളരെദ്ദേവന്മാർക്ക്. പശുവാരപരീതൻ=പശു(ബലിമൃഗ)ക്കൂട്ടത്താൽ ചുററപ്പെട്ടവൻ. വെല്ലേണ്ടുന്നോനെ—ശത്രുവിനെ.

6. മാനുഷഗുഹ്യജ്ഞൻ=മനുഷ്യരഹസ്യമറിഞ്ഞവൻ. സന്തർപ്പിപ്പോർക്ക—തുഷ്ടിപ്പെടുത്തുന്നവർക്ക്, ഹോമിയ്ക്കുന്നവർക്ക്. വാതിൽ—ധനാഗമമാർഗ്ഗം.

7. വിശ്വത്തെ – പ്രാണികളെയെല്ലാം. യാജ്യൻ=യജിയ്ക്കപ്പെടേണ്ടവൻ.

8. സപ്തമാനുഷൻ—ഏഴു ഹോതാക്കളോടുകൂടിയവൻ. സരിത്തുക്കൾ=നദികൾ. ത്രിസ്ഥാനൻ—മൂന്നുലോകത്തും വസിയ്ക്കുന്നവൻ. മാന്ധാതൃവിദ്വേഷിഹന്താവ്—മാന്ധാതാവെന്ന രാജാവിന്റെ ശത്രുക്കളെ കൊന്നവൻ.

Digitized By Kerala Sahitya Akademi

അക്കവിയഗ്നി മേവുന്നു, മുക്കെ–
ട്ടൊക്കുന്ന മൂന്നിടങ്ങളിൽ.
മുപ്പത്തിമുവ്വൎക്കിഷ്ടിചെയ്കി,ങ്ങു
നൽപ്പണ്ടം ചാൎത്തുമട്ടൂതൻ;
സംതൃപ്തി ചേൎക്ക, നമ്മൾക്കും ധീമാൻ; 9
വെന്തുപോകെ,തിരാളെല്ലാം!

മൎത്ത്യാമൎത്ത്യരിലഗ്നേ, ഞങ്ങൾതൻ
വിത്തത്തിന്നീശൻ, നീയേകൻ:
തൻചാലുകളിലൂടെയൊഴുകും
തണ്ണീർകൾ മുമ്പനാമഗ്നേ,
നിന്തിരുവടിതന്നെച്ചൂഴുന്നു; 10
വെന്തുപോകെ,തിരാളെല്ലാം!

---

സൂക്തം 40.

നാഭാകൻ ഋഷി; മഹാപംക്തിയും ശക്വരിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രാഗ്നികൾ ദേവത.

('താമരക്കണ്ണൻ' പോലെ.)

ഇന്ദ്രാഗ്നികളേ, ഞങ്ങൾക്കു ധനം
തന്നാലും, നിങ്ങൾ, ധൃഷ്ടർ:
എന്നാലെങ്ങൾ വൻകെല്പുകളെയും
വെന്നിടുമല്ലോ, പോർകളിൽ,
ചെന്തീ കാററിനാൽക്കാടിനെപ്പോലേ; 1
വെന്തുപോകെ,തിരാളെല്ലാം!

---

9\. മുക്കെട്ട്—പൃഥിവ്യാദികളാകുന്ന മൂന്നു നിലകൾ. മുപ്പത്തിമുവ്വൎക്ക്—മുപ്പത്തിമൂന്നു ദേവന്മാൎക്ക്. ഇഷ്ടിചെയ്ക—യജ്ഞംചെയ്യട്ടെ. സംതൃപ്തി—അഭീഷ്ടലാഭത്താലുള്ള തൃപ്തി.

10\. മുമ്പൻ=പൂൎവ്വൻ.

സൂക്തം 40.

1\. വൻകെല്പുകളെയും—വലിയ ശത്രുബലങ്ങളെപ്പോലും. ചെന്തീ കാട്ടിനെയെന്നപോലെ വെന്നിടുമല്ലോ—ദഹിപ്പിയ്ക്കുമല്ലോ.



Digitized By Kerala Sahitya Akademi

നിങ്ങളോടർത്ഥിപ്പീലെങ്ങൾ, നേതൃ-
പുംഗവനാകുമിന്ദ്രനോ
അർച്ചനം ചെയ്യൂ: കൂടെക്കൂടെയി-
ങ്ങശപിയക്കെല്പൻ വന്നെത്തും,
അന്ധസ്സിദ്ധിയ്ക്കോ, യജ്ഞോപാസ്തിയ്ക്കോ;
വെന്തുപോകെ,തിരാളെല്ലാം! 2

ആയിന്ദ്രാഗ്നികൾ പോർകളിൽ നട-
ക്കായി നില്ക്കുന്നോരാണല്ലോ.
നേതാക്കന്മാരേ, ക്രാന്തകർമ്മാക്കൾ,
ബോധിതരായാലാ നിങ്ങൾ
ബന്ധുതേച്ഛുവിൻ യജ്ഞമുണ്ണുമേ;
വെന്തുപോകെ,തിരാളെല്ലാം! 3

ഇന്ദ്രാഗ്നികളെ യജ്ഞസ്തോത്രത്താ-
ലന്നഭാകൻപോലർച്ചിയ്ക്കൂ:
ഈ വിശ്വത്തിന്നു താങ്ങി,വരല്ലോ;
ദ്യോവിതും മഹാഭൂമിയും
തൻധനമിവർപക്കൽ വെയ്ക്കുന്നു;
വെന്തുപോകെ,തിരാളെല്ലാം! 4

ഇന്ദ്രാഗ്നികൾക്കായ് സ്തോത്രങ്ങളയ-
യ്ക്കുന്നു, നഭാകൻപോലിവൻ:
ദ്വാരമടച്ച സപ്തമൂലമാം
വാരിധി മൂടുന്നോരി,വർ;

---

2. അർത്ഥിപ്പീല—ധനം യാചിയ്ക്കുന്നില്ല. നേതൃപുംഗവൻ—നേതാക്കളിൽ ശ്രേഷ്ഠൻ. അർച്ചനം—യജ്ഞം. ഇങ്ങ്—ഞങ്ങളിൽ. അശപി=അശപസഹിതൻ. അന്ധസ്സിദ്ധിയ്ക്കോ—ഹവിസ്സു കിട്ടാനോ; യജ്ഞോപാസ്തിയ്ക്കോ=യജ്ഞസേവനത്തിന്നോ. വന്നേയ്ക്കാം.

3. ഉത്തരാർദ്ധം പ്രത്യക്ഷസ്തുതിതന്നെ: ബോധിതരായാൽ—അറിയിയ്ക്കപ്പെട്ടാൽ. ബന്ധുതേച്ഛുവിൻ—സഖ്യകാമനായ യജമാനന്റെ. യജ്ഞം—ഹവിസ്സ്.

4. തന്നോടുതന്നെ: യജ്ഞസ്തോത്രത്താൽ=യാഗംകൊണ്ടും സ്തുതികൊണ്ടും. അന്നഭാകൻ—ആ എന്റെ അച്ഛൻ. തൻധനം=തങ്ങളുടെ സമ്പത്ത്.

Digitized By Kerala Sahitya Akademi

മുന്തിയ കെല്പാൽത്തമ്പുരാനി,ന്ദ്രൻ;
വെന്തുപോകെ,തിരാളെല്ലാം! 5
വൃദ്ധൻ ചെടിതൻ നീഠംക്കൊമ്പുപോലേ
വെട്ടു, ദാസൻെറ കെല്പു നീ:
ഇന്ദ്രനാൽത്തൽസ്വത്തെങ്ങഠം വീതിയ്ക്കും;
വെന്തുപോകെ,തിരാളെല്ലാം! 6
ഇന്ദ്രാഗ്നികളെ സ്വത്താൽ സ്തോത്രത്താ-
ലിങ്ങു വിളിപ്പിതാ,ളുകഠം:
ഞങ്ങളെങ്ങഠംതന്നാഠംക്കാരെക്കൊണ്ടു
സംഗരോൽക്കരെത്താഴ്ത്താവൂ;
സന്തോഷം സ്തുതികാമക്കേകാവൂ;
വെന്തുപോകെ,തിരാളെല്ലാം! 7
വെൺനിറരെവർ ഭാസ്സോടേ വാനിൽ-
നിന്നു കീഴ്പ്പോട്ടിറങ്ങുമോ,
ആയിന്ദ്രാഗ്നികഠംക്കായിക്കമ്മങ്ങ-
ളാചരിയ്ക്കുന്നു, ഹവ്യവാൻ;
സിന്ധുബന്ധനമോചക,രിവർ;
വെന്തുപോകെ,തിരാളെല്ലാം! 8

---

5. ഇവൻ—നാഭാകനായ ഞാൻ. സപ്തമൂലം—ഏഴുപാതാളലോകങ്ങളോടുകൂടിയത്. മൂടുന്നോർ—തേജസ്സുകൊണ്ടു മറയ്ക്കുന്നവർ. ഇവരിൽവെച്ച്, മുന്തിയ കെല്പുകൊണ്ട് ഇന്ദ്രനത്രേ, തമ്പുരാൻ.

6. പൂർവാർദ്ധം ഇന്ദ്രനോട്: വൃദ്ധൻ—പഴക്കംവന്ന തോട്ടക്കാരൻ. നീഠംക്കൊമ്പ്—അധികം നീണ്ടകൊമ്പ്. ദാസൻ—അസുരൻ. ഇന്ദ്രനാൽ—ഇന്ദ്രസാഹായ്യത്താൽ. തൽസ്വത്ത്—ദാസൻെറ ധനം. വീതിയ്ക്കും—പകിട്ടെടുക്കും.

7. സ്വത്താൽ സ്തോത്രത്താൽ—സ്വത്തു(ഹവിസ്സ്)കൊണ്ടും, സ്തോത്രം കൊണ്ടും. സംഗരോൽക്കരെത്താഴ്ത്താവൂ—യുദ്ധതൽപരന്മാരായ ശത്രുക്കളെ അമത്തുമാറാകണം. സന്തോഷം സ്തുതികാമക്കേകാവൂ—സ്തുതിയിച്ഛിയ്ക്കുന്ന ശത്രുക്കളെ സ്തുതിച്ചു പാട്ടിലാക്കുകയുംചെയ്യാവൂ.

8. വെൺനിറർ—സത്ത്വഗുണവാന്മാരെന്നർത്ഥം; സത്ത്വഗുണത്തിൻെറ നിറം വെളുപ്പത്രേ. ഹവ്യവാൻ—യജമാനൻ. സിന്ധുബന്ധനമോചകർ—വർഷജലംകൊണ്ടു നദികളെ ഒഴുകിച്ചവർ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, വജ്രവൻ, പ്രേരക, കൃതാ-
നന്ദ, ഭാസുര, വിത്തദ,
ഒട്ടല്ല, വീരനായ നിൻ മിക;-
വൊട്ടല്ല, നിൻപ്രശസ്തിയും;
യന്ത്രിത,മസ്മച്ചേതസ്സിവയാൽ;
വെന്തുപോകെ,തിരാളെല്ലാം! 9

ഉത്തേജിപ്പിപ്പിൻ, സ്തോത്രത്താൽ നിങ്ങൾ
സ്തുത്യനാം മഘവാവിനെ:
തട്ടിയുടച്ചാനല്ലോ, ശുഷ്ണന്റെ
മുട്ടയെക്കെല്ലാലിദ്ദീപ്തൻ;
സ്വന്തമാക്കട്ടേ, ദിവ്യാംഭസ്സവൻ;
വെന്തുപോകെ,തിരാളെല്ലാം! 10

ഉത്തേജിപ്പിപ്പിൻ, സുഷ്ഠുയജ്ഞനായ്
നിത്യനാം മഘവാവിനെ:
തട്ടിയുടച്ചാനല്ലോ, ശുഷ്ണന്റെ
മുട്ടയെഗ്ഗന്താവീ യാജ്യൻ;
സ്വന്തവുമാക്കി ദിവ്യാംഭസ്സ നീ;
വെന്തുപോകെ,തിരാളെല്ലാം! 11

അച്ഛനെപ്പോലേ, മാന്ധാതാവുപോ-
ല,ംഗിരസ്സുകൾപോലെയും
ഇന്ദ്രാഗ്നികൾക്കായ്ച്ചൊന്നോൻ, ഞാൻ പുതു-
തൊന്നേവം: നിങ്ങളെങ്ങളെ

---

9. പ്രേരക—ജഗത്തിനെ വ്യാപരിപ്പിയ്ക്കുന്നവനേ. കൃതാനന്ദ—സ്തോതാക്കൾക്ക് ആനന്ദമുളവാക്കുന്നവനേ. മികവ്=ഉൽക്കർഷം. ഇവയാൽ, നിന്റെ ഉൽക്കർഷ-പ്രശസ്തികളാൽ, അസ്മച്ചേതസ്സ്, ഞങ്ങളുടെ ഹൃദയം, യന്ത്രിത(വശീകൃത)മായിരിയ്ക്കുന്നു.

10. സ്തോതാക്കളോട്: ശുഷ്ണന്റെ മുട്ടയെ—ശുഷ്ണാസുരന്റെ സന്താനങ്ങളെ. തട്ടിയുടച്ചാൻ—നശിപ്പിച്ചു. ദിവ്യാംഭസ്സ്—വർഷജലം. സ്വന്തമാക്കട്ടേ—സ്വാധീനമാക്കട്ടെ.

11. നിത്യൻ=നാശരഹിതൻ. ഗന്താവ്—യജ്ഞങ്ങളിൽ ഗമിയ്ക്കുന്നവൻ.

Digitized By Kerala Sahitya Akademi

മൂന്നിലവീടാൽക്കാക്കുവിൻ; ധന-
വൃന്ദത്തിൻ നാഥരാകെങ്ങറം! 12

---

സൂക്തം 41.

നാഭാകൻ ഋഷി; മഹാപംക്തി ഛന്ദസ്സ്; വരുണൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ)

ആ വരുണനെയും, ജ്ഞാനം
താവും മരുത്തുക്കളെയും
മാനിയ്ക്കൂ, നീ:-യിദ്ധനാഢ്യൻ
മാനുഷർതൻ മാടുകളെ
പാലിപ്പൂ, പൈക്കളെപ്പോലേ;
വെന്തുപോകെതിരാളെല്ലാം! 1

ഒത്ത വാക്കാൽ—പിതാക്കറംതൻ
നുത്യാ, നാഭാകോക്തിയാലും—
വർണ്ണിയ്ക്കാം, ഞാനാറിൻവക്കിൽ
വന്നുദിയ്ക്കുന്നോനെത്തന്നോ:
സപ്തസ്വസാവി, മധ്യമൻ;
വെന്തുപോകെ,തിരാളെല്ലാം! 2

---

12. അച്ഛൻ—നാഭാകൻ. പുതുതൊന്നേവം—ഇങ്ങനെ ഒരു നൂതനസ്തോത്രം. മൂന്നിലവീടാൽ—മൂന്നുനിലയുള്ള ഗൃഹം തന്ന്. ധനവൃന്ദത്തിൻ നാഥരാകെങ്ങറം—ഞങ്ങറം വളരെ സ്വത്തിന്റെ ഉടമസ്ഥരായിത്തീരട്ടെ.

സൂക്തം 41.

1. സ്തോതാവിനോട്: മാനിയ്ക്കൂ=പൂജിയ്ക്കുക, സ്തുതിയ്ക്കുക. ഈ ധനാഢ്യൻ—സമ്പത്തേറിയ വരുണൻ. പൈക്കളെപ്പോലേ—സ്വന്തം ഗോക്കളെ മേയ്ക്കുന്നതുപോലെ.

2. ഒത്ത വാക്കാൽ—സമാനസ്തുതികൊണ്ട്. അതിന്റെ വിവരണമാണ്, പിതാക്കറംതൻ സ്തുത്യാ (സ്തുതികൊണ്ടും) നാഭാകോക്തി(നാഭാകന്റെ സ്തോത്രം) കൊണ്ടും എന്നിവ; പിതൃസ്തുതിയും നാഭാകസ്തുതിയും ഒരുപോലെയാണ് എന്നർത്ഥം. വന്നുദിയ്ക്കുന്നോനെ—വരുണനെ. സപ്തസ്വസാവ്—നദികളാകുന്ന ഏഴു സോദരിമാരുള്ളവൻ. മധ്യമൻ—അവയുടെ നടുവിൽ നില്ക്കുന്നവൻ.

Digitized By Kerala Sahitya Akademi

ആരല്ലിനെപ്പുണരുന്നു,
പാരെവൻ നിർത്തുന്നു ധീയാൽ;
കാണേണ്ടുമാ വൃഷാവിന്നു
കർമ്മങ്ങളെത്തൽക്കാംക്ഷികൾ
പൊന്തിയ്ക്കുന്നു, മൂന്നുവട്ടം;
വെന്തുപോകെ,തിരാളെല്ലാം! 3

പൃഥ്വിയ്ക്കുമേൽ പ്രത്യക്ഷനായ്-
ക്കർത്താവവൻ ദിക്കുകളെ
നിർത്തീടുന്നു: പ്രതാം പ്രാപ്യം
തൽസ്ഥാനം വരുണൻേറതാൻ.
ത്രാതാവിവൻ, ഗോപൻപോലേ;
വെന്തുപോകെതിരാളെല്ലാം! 4

പാർ വഹിപ്പോൻ, ഗൂഢഗുഹ്യ-
ദേവരശ്മിനാമാഭിജ്ഞൻ,
ഭൂരികാവ്യങ്ങളെ, വാന-
മോരോ വടിവിനെപ്പോലെ
ബന്ധിയ്ക്കുന്നു, കവിയവൻ;
വെന്തുപോകെ,തിരാളെല്ലാം! 5

വട്ടിൽക്കുടംപോലേ കാവ്യ-
മൊട്ടുക്കിത്ത്രിതങ്കൽ നില്പു;

---

3. അല്ലിനെ—രാത്രിയുടെ അധിദേവതയാണല്ലോ, വരുണൻ. ധീയാൽ—ബുദ്ധിസാമർത്ഥ്യത്താൽ. കാണേണ്ടും—ദർശനീയനായ. തൽക്കാംക്ഷികൾ—തദ്ഭക്തരായ ആളുകൾ. മൂന്നുവട്ടം—കാലത്തും, ഉച്ചയ്ക്കും, സന്ധ്യയ്ക്കും. പൊന്തിയ്ക്കുന്നു—വളർത്തുന്നു.

4. കർത്താവ്—സ്രഷ്ടാവ്. തൽസ്ഥാനം=ആ സ്ഥാനം, സ്വർഗ്ഗം. ഗോപൻപോലെ—ഇടയൻ മാടുകൾക്കെന്നപോലെ, ഇവൻ നമുക്ക ത്രാതാ(രക്ഷിതാ)വാകുന്നു.

5. ഗൂഢഗുഹ്യദേവരശ്മിനാമാഭിജ്ഞൻ=ഗൂഢരഹസ്യങ്ങളായ ദേവാധിഷ്ഠാനരശ്മികളുടെ പേരുകൾ അറിഞ്ഞവൻ. ആകാശം നാനാരൂപങ്ങളെ എന്നപോലെ, കവിയായ അവൻ (വരുണൻ) ഭൂരികാവ്യങ്ങളെ ബന്ധിയ്ക്കുന്നു—നിർമ്മിയ്ക്കുന്നു.

6. സ്വന്തം ആളുകളോട്: വട്ട്—തേരുരുൾ. കുടം—ചക്രക്കുടം. ത്രിതങ്കൽ—മൂന്നു സ്ഥാനങ്ങളുമുള്ള വരുണങ്കൽ. സന്ധിയ്ക്കുന്നതുണ്ടശ്വങ്ങൾ—നമ്മോടു

Digitized By Kerala Sahitya Akademi

സേവിപ്പിനവരൊ ക്ഷിപ്രം:
ഗോവുകൾ തൊഴുത്തിൽപ്പോലെ
സന്ധിയ്ക്കുനാളുണ്ട്,ശപങ്ങൾ;
വെന്തുപോകെ,തിരാളെല്ലാം!
ഭൂതങ്ങൾതൻ പിറപ്പെല്ലാം
ചേതസ്സിൽവെച്ചിട്ടുണ്ടി,വൻ:
ജ്യോതിസ്സേന്തും വരുണന്റെ
ചെയ്തികളെസ്സുരരെല്ലാം
തൻതേർമുന്നിലോറുചെയ്യും;
വെന്തുപോകെ,തിരാളെല്ലാം! ൭
ആ വാരിധി, ഗൂഢൻ, ശീഘ്രൻ,
ദ്യോവിൽപ്പോലേ വിണ്ണിൽക്കേറും;
ദാനങ്ങളിങ്ങേപ്പെട്ടുത്തും;
നൂനമവൻ മായകളെ
തൻതേജസ്സാൽ നശിപ്പിയ്ക്കും;
വെന്തുപോകെ,തിരാളെല്ലാം! ൮
മീതേ മേവും വരുണന്റെ
ശ്വേതകാന്തി മേലും കീഴും
മൂടുന്നു, മുമ്മൂന്നൂഴിയെ;-
യീടുള്ളൊന്നി,വന്റെയിടം.
സിന്ധുവേഴിന്നീശന,വൻ;
വെന്തുപോകെ,തിരാളെല്ലാം! 9

---

പൊരുതാൻവരുന്ന ശത്രുക്കളുടെ കുതിരകൾ ഒത്തുകൂടുന്നുണ്ട്; ഈ ഉപദ്രവം പോക്കാൻ നിങ്ങൾ ഒക്കം വരുണനെ സേവിയ്ക്കുവിൻ.

7. ചേതസ്സിൽ വെച്ചിട്ടുണ്ട്—അറിഞ്ഞിരിയ്ക്കുന്നു. ജ്യോതിസ്സ്—തേജസ്സ്. ചെയ്തികൾ=കർമ്മങ്ങൾ. തൻതേർമുന്നിൽ—അദ്ദേഹത്തിന്റെ തേരിന്റെ മുൻവശത്ത്. ഏറുചെയ്യും—അനുസരിച്ചു ചെയ്യും.

8. ആ വാരിധി—വരുണൻ. ദ്യോവിൽപ്പോലെ—സൂര്യൻ വാനിൽ കേറുന്നതുപോലെ.

9. മീതേ—അന്തരിക്ഷത്തിൽ. ഊഴി—ലോകം. ഈടുള്ളൊന്ന്—സുസ്ഥിരമാകുന്നു. ഇടം—വാസസ്ഥാനം. സിന്ധുവേഴിന്നീശൻ—സപ്തനദീനാഥനാകുന്നു.

Digitized By Kerala Sahitya Akademi

വെള്ളയാക്കി,കറുപ്പാക്കി,
നല്ല രശ്മികളെയവൻ;
കർമ്മത്തിന്നായ്പ്പൂർവ്വസ്ഥാനം
നിർമ്മിച്ചു,നാൽ വാന്നൂഴിയെ
നിർത്തി, സൂര്യൻ ദ്യോവെപ്പോലേ;
വെന്നുപോകെ,തിരാളെല്ലാം! 10

## സൂക്തം 42.

അച്ഛനാനസ്സോ, നാഭാകനോ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; വരുണനും അശ്വികളും ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

വിണ്ണു നിർത്തി; വിശ്വധനൻ;
മന്നളന്നു, മഹാബലൻ;
പാരിന്നെല്ലാം പുരാനമായ്—
തീരാ, വരുണന്റെ ചെയ്തി! 1
ഇത്ഥം വാഴ്ത്തി വന്ദിയ്ക്കൂ, നീ-
യുത്തമനാം വരുണനെ:
നീർ കാക്കമഭധീരൻ നമു-
ക്കേകട്ടേ, മുന്നിലഗ്രഹം!
പാരേ, വിണ്ണേ, പാലിയ്ക്കുവിൻ,
ചാരേ മേവുമീയെങ്ങളെ! 2

---

10. വെള്ളയാക്കി— പകലാക്കി. കറുപ്പാക്കി—രാത്രിയാക്കി. വരുണന്റെ വെളുത്ത രശ്മികൾ പകലും, കറുത്ത രശ്മികൾ രാത്രിയുമാകുന്നു. പൂർവ്വസ്ഥാനം— അന്തരിക്ഷം. ഊന്നാൽ, ഊന്നുകൊണ്ടു, വാന്നൂഴികളെ, സൂര്യൻ ദ്യോവിനെയെന്ന പോലെ നിർത്തി—ഉറപ്പിച്ചു.

സൂക്തം 42.

1. വിശ്വധനൻ=എല്ലാദ്ധനങ്ങളോടുംകൂടിയവൻ. തീരാ—പറഞ്ഞാൽ അവസാനിയ്ക്കില്ല; വർണ്ണിയ്ക്കാവതല്ല.

2. സ്തോതാവിനോടു്; ഉത്തമൻ—മഹാൻ. നീർ കാക്കം=ജലപാലകനായ.

Digitized By Kerala Sahitya Akademi

ഇപ്രവൃത്തി ചെയ്യുമെന്റെ
കെല്ലും ധീയും വരുണ, നീ
ചെമ്മേ മൂർച്ചപ്പെടുത്തേണം:
തിന്മയെല്ലാം പിന്നിടാനായ്,
നേരേ കടത്തുമത്തോണി
കേറുമാറാകെ,ങ്ങൾ ദേവ! 3
അശ്വിനാസത്യരേ, പ്രാജ്ഞ-
രമ്മിയുമായ്സ്സോമമൂട്ടാൻ
നിങ്ങളിലുണ്ട,ണയുന്നു;
വെന്തുപോകെ,തിരാളെല്ലാം! 4
അശ്വിനാസത്യരേ, ധീമാ-
നത്രി നുത്യാ സോമമൂട്ടാൻ
നിങ്ങളെ വിളിച്ചുവല്ലോ;
വെന്തുപോകെ,തിരാളെല്ലാം! 5
സോമമൂട്ടാൻ, രക്ഷ നേടാൻ,
ധീമാന്മാർപോലശ്വികളേ,
നിങ്ങളെ വിളിപ്പൂ, ഞാനും;
വെന്തുപോകെ,തിരാളെല്ലാം! 6

---

## സൂക്തം 43.

അംഗിരോഗോത്രൻ വിരൂപൻ ഋഷി; ഗായത്രീ ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നി മേധാവി, ധാതാവു, യജ്വാവെ ദ്രോഹിയാത്തവൻ;
അവിടുത്തെയ്ക്കിതാ, സ്തോത്രമയയ്ക്കുന്നു, മനീഷികൾ! 1

---

3 പ്രവൃത്തി—കർമ്മം. ധീ=ബുദ്ധി, ജ്ഞാനം. അത്തോണി—യജ്ഞമാകുന്ന തോണി.

4. അശ്വിനാസത്യരേ=അശ്വികളായ നാസത്യന്മാരേ. പ്രാജ്ഞർ—ഋത്വിക്കുകൾ.

5. നുത്യാ=സ്തുതികൊണ്ട്. അത്രിപോലെ ഞാനും വിളിക്കുന്നു.

സൂക്തം 43.

1. ദ്രോഹിയാത്തവൻ—അയജ്വാക്കളെ ദ്രോഹിക്കും. മനീഷികൾ—ഞങ്ങളുടെ സ്തോതാക്കൾ.



Digitized By Kerala Sahitya Akademi

അല്ലയോ ജാതവേദസ്സാമഗ്നേ, നിപുണദശ്ന,
ദാതാവാമിവിടുത്തെയ്ക്കായ്ത്തീക്കുന്നേൻ, നൽസ്തവത്തെ ഞാൻ. 2
അഗ്നേ, തിഗ്മങ്ങളായുള്ള നിൻജ്വാലകൾ വനങ്ങളെ
കടിച്ചുതിന്നുന്നു, നിറം പൂണ്ട മാടുകൾപോലവേ! 3
കാററാൽപ്പടന്നു കയ്യേറും ധൂമകേതനരഗ്നികൾ
വാനിടത്തു നടന്നീടുന്നുണ്ടല്ലോ, വേറെവേറെയായ്; 4
ആയഗ്നികളിതാ, വേറെവേറെയുജ്ജ്വലിതങ്ങളായ്
കാണാകുന്നു, പുലരിതൻ കൊടിക്കാലുകൾപോലവേ! 5
ചുഴന്നുകൊണ്ടഗ്നി മഹീതലത്തിൽ നടകൊള്ളവേ
കറുത്തുയരുമേ, ജാതവേദസ്സിനുടെ കാല്പൊടി! 6
അഗ്നിയിങ്ങോഷധികളെയിരയാക്കിയശിപ്പതിൽ
അടങ്ങുകില്ല: വീണ്ടും ചെന്നെത്തും, തരുണിമാരിലും! 7
നാക്കാൽത്താൻ കുനിയിച്ചും, തൻതേജസ്സാൽക്കത്തിയാളിയും
വിശേഷേണ വിളങ്ങിടു,മഗ്നി കാട്ടുപുറങ്ങളിൽ! 8
അഗ്നേ, തണ്ണീർകളിൽപ്പൂകം ഭവാനോഷധിപംക്തിയെ
ചുഴലുന്നു; പിറക്കുന്നു, ഗർഭമായ്ത്തീന്നു പിന്നെയും! 9
അഗ്നേ, നിന്നുടെയത്തേജസ്സാജ്യാഹുതിദശാന്തരേ
സ്രുക്കിൻ മുഖത്തെ നക്കിക്കൊണ്ടുയന്നു വിലസീടുമേ! 10
സോമം പൃഷ്ഠത്തൊലിപ്പോനായ്, വൃഷഭുക്കായ്, വസാന്നനായ്,
വേധസ്സാമഗ്നിയെ സ്തോത്രം പാടിപ്പരിചരിയ്ക്കു, നാം! 11

---

2. നിപുണദശ്ന—സമത്ഥമായ കാഴ്ചയുള്ളവനേ.

3. നിറം—ശോഭ.

4. കയ്യേറം—ഓരോന്നിനെയും കടന്നുപിടിയ്ക്കുന്ന.

6. ചുഴന്നുകൊണ്ട്—ഉണക്കമരങ്ങളെ. കാല്പൊടി—പുക.

7. തരുണിമാർ—തഴച്ച ഓഷധികൾ.

8. നാക്കാൽത്താൻ—ജ്വാലകൊണ്ടുതന്നെ. കുനിയിച്ചും—വൃക്ഷങ്ങളെ.

9. ഗർഭമായ്ത്തീന്നു—ഓഷധികളുടെ ഉള്ളിൽക്കടന്ന്. പിന്നെയും പിറക്കുന്നു—വെളിപ്പെടുന്നു.

10. ആജ്യാഹുതിദശാന്തരേ=നെയ്യു ഹോമിയ്ക്കുന്ന സമയത്ത്.

11. പൃഷ്ഠത്ത്=മുതുകിൽ. വൃഷഭുക്ക്=ഹോമിയ്ക്കപ്പെട്ട കാളയെ തിന്നുന്നവൻ. വസാന്നൻ—പശുവിൻെറ വസ (കൊഴുപ്പ്) തിന്നുന്നവൻ. വേധസ്സ്—അഭീഷ്ടകർത്താവ്.

Digitized By Kerala Sahitya Akademi

അത്രയല്ല, വിളിപ്പോനേ, വരേണ്യമതിവൈഭവ,
അഗ്നേ, സമിത്താലന്നത്താൽച്ചെയ്യൂ, ഞങ്ങളപേക്ഷയും. 12
അഗ്നേ, വിളിയ്ക്കയുംചെയ്യൂ, ഞങ്ങൾ നിന്നെശ്ശുചേ, ഹുത,
ഭൃഗുവും മനുവും പോലെയംഗിരസ്സുകൾപോലെയും. 13
ജ്വലിപ്പിയ്ക്കപ്പെട്ടവതുണ്ടല്ലോ, വേണ്ടതുപോലവേ
ധീമാൻ തോഴൻ ഭവാനഗ്നേ, ധീമാനാം തോഴനഗ്നിയാൽ! 14
ധീമാനാം ഹവ്യദനാ നീയായിരം ദ്രവിണത്തെയും,
അന്നത്തെയും കൊടുത്താലു,മഗ്നേ, വീരജനത്തെയും! 15
രോഹിതാശ്വ, ഭവാനഗ്നേ, ബലോദിത, ശുചിവ്രത,
ഭ്രാതാവേ, കേട്ടുകൊണ്ടാലു,മെൻറയീ സ്തവനങ്ങളെ! 16
എന്നല്ല, നിങ്കലെത്തുന്നുണ്ടഗ്നേ, ഞാൻ ചൊല്ലുമിസ്തുതി,
കൊതിച്ചമ്പയിടും കുട്ടിയ്ക്കായ്പ്പയ്യാലയിലാംവിധം! 17
അംഗിരശ്ശ്രേഷ്ഠ, നിങ്കൽത്താനസ്സുപ്രജകളൊക്കയും
ഒതുങ്ങിനില്പു വെവ്വേറെയഗ്നേ, കാമാർജ്ജനത്തിനായ്! 18
മനസ്സിനെ നിയന്ത്രിച്ച മതിശാലികൾ സൂരികൾ
അഗ്നിയെക്കനിയിയ്ക്കുന്നു, കർമ്മത്താൽക്കൊററു കിട്ടുവാൻ! 19
അഗ്നേ, പുകഴ്ത്തിപ്പോരുന്നു, യജ്ഞമില്ലുത്തു ചെയ്യുവോർ
ഹോതാവായ്, വഹ്നിയായ് വൻകെല്പുടയോനാകുമങ്ങയെ. 20
പ്രായേണ സമമായ്ക്കാണ്മോനല്ലോ, നാട്ടാരെയൊക്കെ നീ;
അതിനാൽ, പ്രഭുവാം നിന്നെ വിളിപ്പൂ, ഞങ്ങൾ പോർകളിൽ. 21

---

12. വിളിപ്പോനേ—ദേവന്മാരെ. സമിത്താലന്നത്താൽ—ചമതയും ഹവിസ്സും അർപ്പിച്ച്: അപേക്ഷ=യാചനം.

13. ഹുത=ഹോമിയ്ക്കപ്പെട്ടവനേ.

14. അഗ്നിയാൽ—ഭൌമാഗ്നിയാൽ.

15. വീരജനത്തെയും—പുത്രാദികളെയും.

16. ബലോദിത—അരണിമഥനബലത്തിൽനിന്നുണ്ടായവനേ.

17. കുട്ടിയ്ക്കായ്—കുട്ടിയ്ക്കു മുലകൊടുപ്പാൻ.

18. സുപ്രജകൾ=നല്ല ആളുകൾ. കാമാർജ്ജനം=അഭീഷ്ടസമ്പാദനം.

21. നാട്ടാർ=പ്രജകൾ. പോർകളിൽ—യുദ്ധങ്ങളിൽ സഹായിപ്പാൻ,

Digitized By Kerala Sahitya Akademi

നൈ കലത്തിയ ഹോമത്തിലാർ വിശേഷാൽ വിളങ്ങിടും,
നാമീ വിളിപ്പതാർ കേൾക്കും, വാഴ്ത്തുകാ,യഗ്നിയെബ്ഭവാൻ! 22
ഞങ്ങളഗ്നേ, വിളിയ്ക്കുന്നു, തൃച്ചെവിക്കൊള്ളുമങ്ങയെ,
ജാതവേദസ്സിനെ, ദ്വേഷകാരിവർഗ്ഗവിമർദ്ദിയെ. 23
മഹാൻ, നാട്ടാർക്കു പെരുമാളു,ധ്യക്ഷൻ ക്രിയകൾക്കെവൻ,
ആയഗ്നിയെ സ്തുതിയ്ക്കുന്നോൻ: കേൾക്കട്ടെ,യവിടുന്നുതാൻ! 24
എങ്ങും ചെല്ലുന്ന ബലവാൻ, മർത്ത്യൻപോലിഷ്ടനഗ്നിയെ
ഞങ്ങൾ ശക്തിപ്പെടുത്തുന്നു, തുരഗത്തെക്കണക്കിനേ! 25
ദ്രോഹിയ്ക്കും മാററരെക്കൊന്നു,മനാരതമരക്കരെ
ചുട്ടെരിച്ചും ഭവാനഗ്നേ, കത്തിയാളുക തീവ്രമായ്! 26
മനുപോലുജ്ജ്വലിപ്പിയ്ക്കുന്നുണ്ടല്ലോ, നിന്നെയാളുകൾ;
ആ നീയഗ്നേ, ധരിച്ചാലു,മംഗിരശ്രേഷ്ഠ, മൽസ്തവം! 27
അഗ്നേ, വാനിൽപ്പിറന്നോനും, ജയത്തിലുപജാതനും,
ബലോദിതനുമാം നിന്നെ വിളിപ്പൂ, ഞങ്ങൾ ഗാഥയാൽ! 28
അവിടെയ്ക്കിപ്രജകളു,മജ്ജനങ്ങളുമൊക്കവേ
അമരേത്തിന്നയയ്ക്കുന്നു, വേറെവേറേ ഹവിസ്സുകൾ! 29
അഗ്നേ, തിരുവടിയ്ക്കായ്ത്താൻ സൽക്കർമ്മങ്ങൾ ദിനേ ദിനേ
ചെയ്തു, കാഴ്ച ലഭിച്ചെങ്ങൾ കടക്കാവൂ, സുദുർഗ്ഗമം! 30
ഇമ്പപ്പെടുത്തുന്ന പുരുപ്രിയനായ്,പ്പാവനാഭനായ്
ശയിയ്ക്കുമഗ്നിയോടെങ്ങളർത്ഥിപ്പൂ, ഹൃദ്യഗാഥയാൽ! 31

---

22. സ്തോതാവിനോട്.

23. ദ്വേഷകാരിവർഗ്ഗവിമർദ്ദീ=വിദ്വേഷിവർഗ്ഗത്തെ മർദ്ദിയ്ക്കുന്നവൻ.

25. എങ്ങും ചെല്ലുന്ന ബലവാൻ—ചെല്ലു സർവ്വത്ര വ്യാപിച്ച ബലവാൻ.

27. ധരിച്ചാലും—അറിഞ്ഞാലും, സശ്രദ്ധം കേട്ടാലും. മൽസ്തവം=എന്റെ സ്തുതി.

28. ഉപജാതൻ=ജനിച്ചവൻ. ഗാഥ—സ്തുതിഗീതി.

29. അജ്ജനങ്ങളും—മററാളുകളും.

30. സുദുർഗ്ഗമം—ദുർഗ്ഗമപ്രദേശങ്ങൾ.

31. ശയിയ്ക്കും—യജ്ഞങ്ങളിൽ പള്ളികൊള്ളുന്ന. അർത്ഥിപ്പൂ—ധനം യാചിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ആ വിഭാവസു നീയഗ്നേ, പകലോൻപോലുദിതനായ്,
കരുത്തോന്തി മുടിയ്ക്കുന്നു കതിർച്ചാർത്താലിരുട്ടിനെ! 32
അഗ്നേ, ക്ഷയിയ്ക്കാത്ത ധനമുണ്ടല്ലോ, നിങ്കലൂർജ്ജിത;
ഭവാങ്കൽനിന്നാപേക്ഷിപ്പൂ, ഞങ്ങളക്കാമ്യദാനമേ! 33

---

സൂക്തം 44.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ശുശ്രൂഷിപ്പിൻ, ചമതയാൽ; നിങ്ങൾ നെയ്യാലുണർത്തുവിൻ;
ഹോമിപ്പിനീ,യതിഥിയാമഗ്നിയിങ്കലവിസ്സുകൾ! 1
അഗ്നേ, ശ്രവിയ്ക്കുകെ,ൻസ്തോത്രം: വായ്ക്കുകീ, സ്തുതിയാൽബ്ബൃവാൻ;
താൽപര്യംകൊൾകയുംചെയ്ക, ഞങ്ങൾതൻസൂനൃതങ്ങളിൽ! 2
പുരസ്കരിപ്പൂ, ഞാൻ ഹവ്യവാഹനാമഗ്നിദൂതനെ;
ചൊല്ലുന്നോൻ, സ്തോത്രവു;-മവനിങ്ങെത്തിയ്ക്കട്ടെ,യുമ്പരെ! 3
കൈവളത്തപ്പെട്ടംനേരത്തഗ്നേ, സുരുചിരാകൃതേ,
കത്തിജ്ജ്വലിച്ചു പൊങ്ങുന്നൂ, ഭവാൻെറയുരുരശ്മികൾ! 4
അഗ്നേ, നെയ്യോലുമെൻസ്രുക്കു, കാമിയ്ക്കുന്ന ഭവാനുടെ
ചാരത്തെത്തട്ടെ; കൈക്കൊള്ളുക,സ്മദീയഹവിസ്സു നീ! 5
ഹോതാ,വൃതഥിക്കി,ബമേകം ചിത്രഭാനു, വിഭാവസു—
ഈയഗ്നിയെ സ്തുതിയ്ക്കുന്നോൻ: കേൾക്കട്ടെ,യവിടുന്നുതാൻ! 6

---

32. ഉദിതനായ്=ഉദിച്ച്.

33. ഊർജ്ജിത=ബലവാനേ. അക്കാമ്യദാനമേ=ആ സ്പൃഹണീയദാനം തന്നെ.

സൂക്തം 44.

1. ഋത്വിക്കുകളോട്:
2. സൂനൃതങ്ങൾ=സൂക്തങ്ങൾ.
3. പുരസ്കരിപ്പൂ—പൂജിയ്ക്കുന്നു. അഗ്നിദൂതനെ=അഗ്നിയാകുന്ന ദൂതനെ.
5. സ്രുക്ക്—സ്രുക്കാകുന്ന യുവതി.
6. ഈ—ഇപ്രകാരമുള്ള.

Digitized By Kerala Sahitya Akademi

ക്രാന്തകർമ്മാവു, ഹോതാവു, നതിയോഗ്യൻ, പ്രസാദവാൻ,
യജ്ഞങ്ങളിലെഴുന്നള്ളിനില്പോന,ഗ്നി പുരാതനൻ! 7
അംഗിരശ്ശ്രേഷ്ഠ, കൈക്കൊള്ളുകീ, ഹവ്യങ്ങൾ നിരന്തരം:
അഗ്നേ, നടത്തിയ്ക്കു, ഭവാനധ്വരത്തെയൃതുക്കളിൽ! 8
കൈവളർത്തപ്പെട്ടപ്പോൾത്താനെഴുന്നള്ളുന്നവൻ ഭവാൻ
അറിഞ്ഞു കൊണ്ടുവരികി,ങ്ങമർത്ത്യരെയുരുദ്യുതേ! 9
ഹോതാവ,ഹിംസകൻ, ധൂമധ്വജൻ, ധീമാൻ, വിഭാവസു—
ആ യജ്ഞക്കൊടിയോടത്രേ, ഞങ്ങൾ ചെയ്യുന്നു യാചനം! 10
ദ്രോഹിപ്പവനിൽനിന്നഗ്നേ, ദേവ, രക്ഷിയ്ക്കുകെ,ങ്ങളെ:
പിളർക്ക, വിദ്വേഷികളെബ്ബലോൽപാടിതനാം ഭവാൻ! 11
പുരാതനസ്തവംകൊണ്ടു, തിരുമെ വിലസുംവിധം
വളർത്തപ്പെട്ടു, കവിയാമഗ്നി മേധാസമേതനാൽ! 12
വിളിയ്ക്കുന്നേൻ, ബലജനാം പാവനപ്രഭനഗ്നിയെ,
ഭംഗപ്പെട്ടുത്താനാവാത്തതാമീ യജ്ഞത്തിൽവെച്ചു ഞാൻ. 13
ആ നീയഗ്നേ, സുഹൃൽപൂജ്യ, സമുജ്ജ്വലമരീചിയായ്
ദേവന്മാരൊത്തിരുന്നാലു,-മിയെങ്ങളുടെ ദർഭയിൽ! 14
ആരില്ലത്തഗ്നിയെസ്സമ്പത്തിന്നായ്പ്പരിചരിയ്ക്കുമോ,
ആ മാനുഷന്നേ കല്പിച്ചുനല്കു ദേവൻ ധനങ്ങളെ! 15
വിണ്ണിൻകൊടിമരം, മൂർദ്ധാവിയഗ്നി, ധരണീശ്വരൻ
പ്രീതിപ്പെടുത്തിപ്പോരുന്നൂ, തണ്ണീരിൻെറ കിടാങ്ങളെ! 16
അഗ്നേ, ഭവാൻെറ തൂവെണ്മ പൂണ്ടു കത്തുന്ന കാന്തികൾ
ഉയരത്തെയ്ക്കുയയ്ക്കുന്നു, ഭവാനുടെ മഹസ്സിനെ! 17

---

7. നതിയോഗ്യൻ=സ്തുത്യർഹൻ.
8. ഋതുക്കളിൽ—യഥാകാലം.
9. എഴുന്നള്ളുന്നവൻ—യജ്ഞങ്ങളിൽ വരുന്നവൻ.
10. ആ യജ്ഞക്കൊടിയോട്—അപ്രകാരമുള്ള അഗ്നിയോട്.
12. മേധാസമേതനാൽ—മേധയുള്ള സ്തോതാവിനാൽ.
14. സമുജ്ജ്വലമരീചിയായ്—കത്തുന്ന തേജസ്സോടേ.
16. മൂർദ്ധാവ്—ദേവന്മാരിൽ തലവൻ. തണ്ണീരിൻെറ കിടാങ്ങൾ—സ്ഥാവരജംഗമങ്ങൾ.
17. മഹസ്സ്=തേജസ്സ്.

Digitized By Kerala Sahitya Akademi

കാമ്യമാം സ്വത്തിനുടമയല്ലോ, വിൺപെരുമാൾ ഭവാൻ;
അഗ്നേ, പുകഴ്ത്തുമാറാക, സുഖാപ്തിയ്ക്കു ഭവാനെ ഞാൻ! 18
നിന്നെ സ്തുതിപ്പൂ, കർമ്മത്താൽത്തോഷിപ്പിപ്പൂ, മനീഷികൾ;
അഗ്നേ, നിന്നെ വളർത്തട്ടേ, ഞങ്ങൾതൻ സ്തുതിഗാഥകൾ! 19
അഹിംസിതൻ, ബലയുതൻ, ദ്യുതനഗ്നി പുകഴ്ത്തുവോൻ;
അദ്ദേഹത്തിന്റെ സഖ്യത്തെ വരിപ്പൂ, ഞങ്ങളെപ്പൊഴും. 20
ശുചി ധീമാൻ, ശുചി കവി,യതിമാത്രശ്ശുചിവ്രതൻ;
ശുചിയായ്ത്തന്നെ വിലസു,-മഗ്നിയാഹുതിവേളയിൽ! 21
നിന്നെസ്സദാ വളർത്തട്ടേ, സ്തുതിയും മമ കർമ്മവും;
അഗ്നേ, ഭവാനെങ്ങളുടെ സഖ്യത്തെയറിയേണമേ! 22
നീയായ്‌വരേണമഗ്നേ, ഞാൻ; നീയോ ഞാനായ്ബ്ഭവിയ്ക്കണം;
എങ്കിലേ ശരിയായ്ത്തീരൂ, ഭവാന്റെ നിനവൊക്കയും! 23
വസുവും, വസുരാജാവും, വിഭാവസുവുമാണു നീ;
അഗ്നേ, നിൻനന്മനസ്സിങ്കലെത്തിച്ചേരണ,മെങ്ങളും! 24
അഗ്നേ, നദികൾ വാരാശിയിങ്കലെയ്ക്കുന്നപോലവേ,
കർമ്മിയാം നിങ്കലെയ്ക്കാർത്തുംകൊണ്ടു പായുന്നു, ഗാഥകൾ! 25
യുവാവായൊക്കെയുണ്ണോനായ്ക്കവിയായ്പ്പുരുചര്യനായ്
പ്രജേശനാമഗ്നിയെ ഞാനണിയിപ്പൻ, സ്തവങ്ങളാൽ. 26
യജ്ഞങ്ങളുടെ നേതാവായ്,ക്കൂർത്ത പല്ലുടയോനുമായ്
കെല്പനാമഗ്നിയെപ്പറ്റി സ്തോത്രം ചൊല്ലാൻ കൊതിയ്ക്കു, നാം! 27

---

20. പുകഴ്ത്തുവോൻ—ദേവന്മാരെ സ്തുതിയ്ക്കുന്നവൻ.

21. ആഹുതിവേള=ഹോമാവസരം.

22. അറിയേണമേ—ഞങ്ങൾ സഖാക്കളാണെന്ന്, സ്തോതാക്കളാണെന്ന്.

23. നീയായ്‌വരേണം—ഭവാനെപ്പോലെ ധനാഢ്യനാകണം. ഞാനായ്ബ്ഭവിയ്ക്കണം—എന്നെപ്പോലെ ദരിദ്രനായിത്തീരണം. നിനവ്—ഞാൻ ധനതൃപ്തനാകണമെന്ന ആശംസ. ഭവാന്റെ സകലസമ്പത്തും എനിയ്ക്കു തരുമാറാകണം!

24. വസുരാജാവ്=ധനപതി. നിൻനന്മനസ്സിങ്കലെത്തിച്ചേരണം—ഭവാന്റെ പ്രസാദത്തിന്നു വിഷയമാകണം.

25. ആർത്തുംകൊണ്ട്—ഉച്ചശബ്ദത്തോടേ. ഗാഥകൾ—സ്തുതിഗീതികൾ.

26. ഒക്കെ—ഹവിസ്സെല്ലാം. പുരുചര്യൻ=ബഹുകർമ്മാവ്.

27. പല്ല്—ജ്വാലകൾ.

Digitized By Kerala Sahitya Akademi

അഗ്നേ, ഭവാങ്കലിവരും സ്തുതി ചൊല്ലട്ടെ, പാവക;
സേവ്യനാം നിന്തിരുവടിയവൎക്കേകണമേ, സുഖം! 28
ധീരനും, ഹവ്യവാൻ പ്രാജ്ഞൻപോലവേ ജാഗരൂകനും,
അഗ്നേ, വാനത്തു വിലസുന്നോനുമല്ലോ, സദാ ഭവാൻ! 29
പാപം പെടുന്നതിൻമുന്നേ, ശത്രുപീഡയ്ക്കുമുന്നമേ
അഗ്നേ, വസോ, കവേ, ഞങ്ങൾക്കായുസ്സേററം വളൎക്ക, നീ! 30

---

സൂക്തം 45.

കണ്വഗോത്രൻ ത്രിശോകൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

യുവാവിന്ദ്രൻ സഖാവേവൎക്കെ,വരാസ്ഥയൊടഗ്നിയെ
ജ്വലിപ്പിയ്ക്കും; പതിവുവെച്ചവർ ദൎഭ വിരിയ്ക്കുമേ! 1
യുവാവിന്ദ്രൻ സഖാവേവൎക്ക,വൎക്കേറും, സമിത്തുകൾ;
സ്തോത്രങ്ങൾ വായ്ക്കും; പെരുതായ്ത്തീരും, മരനുറുങ്ങുമേ! 2
യുവാവിന്ദ്രൻ സഖാവേവൎക്ക,ക്കൂട്ടരിലയോധനും
ചുണച്ചു പൊരുതിക്കൊല്ലാൽക്കനിയിയ്ക്കും, പരീതനെ! 3
പിറന്നപോതേ ശരമൊന്നെടുത്തീ വൃത്രസൂദനൻ
ചോദിച്ചാനമ്മയോടേ,വരുഗ്രന്മാരേവർ വിശ്രുതർ? 4

---

28. ഇവരും—ഞങ്ങളുടെ ആളുകളും.

29. ഹവ്യവാൻ പ്രാജ്ഞൻ—യജമാനനായ പ്രാജ്ഞൻ സദാ ജാഗരൂകനായിരിയ്ക്കുമല്ലോ.

സൂക്തം 45.

1. ഇന്ദ്രന്റെ സഖ്യം ലഭിച്ചവരും, അഗ്നിയെ ജ്വലിപ്പിയ്ക്കുന്നവരും ദൎഭ വിരിയ്ക്കുമേ—യാഗം കഴിപ്പാൻ അൎഹരാകും. ഈ ഋക്കിന്ന് അഗ്നിയും ദേവതയാണ്.

2. ഏററം—ധാരാളം കിട്ടും. മരനുറുങ്ങ്—യൂപം നിൎമ്മിപ്പാൻ വെട്ടുന്ന മരത്തിന്മേൽനിന്ന് ആദ്യം തെറിച്ച കഷ്ണം: അവർ വീണ്ടും വീണ്ടും യൂപം നിൎമ്മിപ്പിയ്ക്കും; പലവുരു യാഗംചെയ്യും.

3. അയോധനും—മുമ്പു യുദ്ധംചെയ്തിട്ടില്ലാത്തവൻപോലും. ചുണച്ച്—ഉശിരോടേ. പരീതനെ—സേനാപരിവൃതനായ ശത്രുവിനെ.

4. അമ്മ—അദിതി.

Digitized By Kerala Sahitya Akademi

ബലിഷ്ഠയുത്തരം നിന്നോടുരച്ചാളാ,'നപോലവേ
മലയ്ക്കുമേൽ മല്ലിടുമേ, നിൻവൈരിത്വം കൊതിപ്പവൻ!' 5
കേൾക്ക, നീ: നിങ്കൽനിന്നിച്ഛിപ്പതു കൊണ്ടുവരും ഭവാൻ;
മഘവൻ, നീയുറപ്പേതിന്നുണ്ടാക്ക,മതുറപ്പിലാം! 6
യോദ്ധാവാമിന്ദ്രനൊരു നല്ലശ്വത്തിന്നടർ പൂകിയാൽ,
തേരാളികളിൽവെച്ചുററപ്പെട്ട തേരാളിയായ് വരും! 7
വജ്രിൻ, ചിന്നിയ്ക്കു, വഴിപോലെതിരാളരെയൊക്കെ നീ;
കല്പിച്ചുതരികെ,ങ്ങൾക്ക വളരെശ്ശോഭനാന്നവും! 8
ദ്രോഹിവ്രജത്താൽ ദ്രോഹിയ്ക്കപ്പെടാതുള്ളോരു നല്ല തേർ
ഇന്ദ്രൻ മുന്നിലണയ്ക്കട്ടേ, നമുക്കിഷ്ടങ്ങൾ നേടുവാൻ! 9
ഇന്ദ്ര, ത്വദ്ദ്വേഷികളിൽനിന്നൊഴിയും, ഞങ്ങൾ കേവലം;
ഗോയുക്തനാം ഭവാന്നേകാൻ പോന്നോനിൽശ്ശക്ര, ചെല്ലുമേ! 10
മെല്ലേ നടക്കുന്നവരും, സാശ്വരും, പുരുവിത്തരും,
നിബ്ബാധരും, ചുമതലക്കാരുമാകെ,ങ്ങൾ വജ്രവൻ! 11
നൂറുമായിരവും ശ്രേഷ്ഠസാധനങ്ങൾ ദിനേ ദിനേ
നല്കപ്പെടുന്നതുണ്ടല്ലോ, നിന്നെ വാഴ്ത്തുന്നവക്കിഹ! 12
കെല്പുററവയെയും തല്ലിപ്പൊളിയ്ക്കുന്ന ധനഞ്ജയൻ,
ഇന്ദ്ര, നീ വീടുപോലുള്ളോനെന്നെങ്ങൾക്കറിയാം, ദൃഢം! 13

---

5. പ്രത്യക്ഷോക്തി: ബലിഷ്ഠ—ബലവതിയായ അമ്മ. കൊതിപ്പവൻ—ശുഷ്ണാസുരൻ: അവനാണ്, ഉഗ്രനും, വിശ്രുതനും.

6. കേൾക്ക—എൻെറ സ്തോത്രം. ഇച്ഛിപ്പതു—സ്തോതാവു കാംക്ഷിയ്ക്കുന്നത്.

7. അശ്വത്തിന്ന്—കുതിരയെ കിട്ടാൻ. തേരാളിമാരെയെല്ലാം ജയിയ്ക്കുമെന്ന്, ഉത്തരാർദ്ധത്തിൻെറ താൽപര്യം.

10. അങ്ങയെ ദ്വേഷിയ്ക്കുന്നവരുടെ അടുക്കൽ ഞങ്ങൾ യാചിപ്പാൻ ചെല്ലില്ല; ഭവാന്നേകാൻ, (ഹവിസ്സു തരാൻ) കഴിവുള്ളവങ്കലേ ചെല്ലൂ.

11. സാശ്വർ=അശ്വയുക്തർ.

12. നല്കപ്പെടുന്നതുണ്ടല്ലോ—യജമാനനാൽ.

13. കെല്പുററവയെയും—ഉറപ്പേറിയ ശത്രുനഗരങ്ങളെപ്പോലും. ധനഞ്ജയൻ—സമ്പത്തടക്കുന്നവൻ. വീടുപോലുള്ളോൻ—ഉപദ്രവങ്ങളിൽനിന്നു രക്ഷിയ്ക്കുന്നവൻ.



Digitized By Kerala Sahitya Akademi

കൈമാററക്കാരനാം നിന്നോടെങ്ങളർത്ഥനചെയ്യവേ,
കവേ, ധൃഷ്ണോ, പോന്ന നിന്നെ മത്തനാക്കട്ടെ സോമവും! 14
ലുബ്ധാൽ, നിൻധനദാനത്തിൽക്കശ്ശുമ്പേവനു തോന്നുമോ;
ഞങ്ങൾക്ക കൊണ്ടുവന്നാലു,മപ്പണപ്പുള്ളിതൻ മുതൽ! 15
ഇതാ, സോമം പിഴിഞ്ഞിന്ദ്ര, നിന്നെ നോക്കുന്നു, നിർഭരം,
തീൻ കൂട്ടിയോർ പശുവിനെയെന്നപോലെ സുഹൃത്തുകൾ! 16
ചെവികേൾക്കുന്ന—ചെകിടനല്ലാത്ത—തിരുമേനിയെ
ദൂരാൽ വിളിച്ചുകൊള്ളുന്നു, ഞങ്ങളിങ്ങവനത്തിനായ്! 17
കേൾക്ക,മീ വിളി നീയെങ്കിൽത്തരണം, തീവ്രമാം ബലം;
ഞങ്ങൾക്കുറ്റപ്പമുള്ളോരു ചാർച്ചക്കാരനുമാകണം! 18
നിന്നെ സ്തുതിപ്പതുണ്ടല്ലോ, ഞങ്ങൾ നൊന്തു നടക്കവേ;
ഇന്ദ്ര, ഗോക്കളെ ഞങ്ങൾക്ക തരാൻതന്നെയുറയ്ക്കൂ, നീ! 19
വൃദ്ധന്മാർ വടിപോലൂന്നിപ്പിടിപ്പൂ, ഞങ്ങളങ്ങയെ;
വന്നാൽക്കൊള്ളാം, ക്രതുവിൽ നീയെന്നുമുണ്ടു, ബലാധിപ! 20
ആരെത്തടുക്കില്ല,ടരിലാരു;മപ്പുരുവിത്തനെ,
ഇന്ദ്രനെ,ദ്ദാനപരനെപ്പററി സ്തോത്രങ്ങൾ പാടുവിൻ! 21
സോമം പിഴിഞ്ഞയയ്ക്കുന്നേ,നവിടെയ്ക്കു കുടിയ്ക്കുവാൻ:
ഭുജിയ്ക്കൂ, മതിയാവോളം വൃഷാവേ, മാദകം ഭവാൻ! 22

---

14. കൈമാററക്കാരൻ—ഹവിസ്സു വാങ്ങി, അഭീഷ്ടം കൊടുക്കുന്നവൻ. പോന്ന—ഉന്നതനായ.

15. ഭവാൻ സ്തോതാക്കൾക്ക ധനം കൊടുക്കുമ്പോൾ, തന്റെ പിശുക്ക മൂലം അസൂയ തോന്നുന്ന പണപ്പുള്ളിയുടെ (മുതല്ക്കാരന്റെ) ധനം കൊണ്ടുവന്നു ഞങ്ങൾക്ക തന്നാലും.

16. സുഹൃത്തുകൾ=സഖാക്കൾ, സ്തോതാക്കൾ. നിന്നെ നിർഭരം നോക്കുന്നു. തീൻ (പുല്ലും മററും) കൂട്ടിയവർ പശുവിനെ (മാടെവിടെ എന്നു) നോക്കുന്നതുപോലെ.

17. ചെകിടൻ=ബധിരൻ. അവനം=രക്ഷണം.

18. തീവ്രമാം—ശത്രുക്കൾക്ക ദുസ്സഹമായ.

19. നൊന്തു—ദാരിദ്ര്യവേദനയോടേ.

20. എന്നുമുണ്ടു—എന്ന ആഗ്രഹവുമുണ്ട്. ബലാധിപ=ബലപതേ.

21. സ്തോതാക്കളോട്:

22. മാദകം—ലഹരിപിടിപ്പിയ്ക്കുന്ന സോമം.

Digitized By Kerala Sahitya Akademi

മൃഢർങ്ങളെ രക്ഷാൎത്ഥം ദ്രോഹിയ്ക്കൊല്ലു, ഹസിയ്ക്കൊലാ:
ബ്രഹ്മദ്വേഷിപ്പരിഷയിലെഴുന്നള്ളരുതേ, ഭവാൻ! 23
മഹത്താം സ്വത്തിനായ് മത്തുപിടിപ്പിയ്ക്കട്ടെ,യങ്ങയെ:
ഗൌരമാൻ പൊയ്കനീർപോല,ഗ്ഗവ്യസോമം കുടിയ്ക്ക, നീ! 24
വൃത്രഹന്താവു പുത്തും സനാതനവുമാം ധനം
ദൂരാലയയ്ക്കുന്നതിനെപ്പുകഴ്ത്തുന്നു, സദസ്യകൾ! 25
നുകൎന്നരുളിനാ,നിന്ദ്രൻ കൃദ്രുതന്നുടെ സോമനീർ;
സഹസ്രബാഹുവിന്നായി പ്രകാശിപ്പിച്ചു, വീൎയ്യവും! 26
യദുതുൎവശർതൻ കൎമ്മമതു നേരെന്നു കാങ്കയാൽ
അടരിങ്കലെഴുന്നള്ളിച്ചെറുത്താ,നഹ്നവായ്യനെ! 27
തരും, ഗോക്കളെയും കൊററും; കടത്തും, യുഷ്മദീയരെ—
അശ്ശത്രുമൎദ്ദനനെ ഞാൻ പതിവായി സ്തുതിയ്ക്കുവൻ! 28
തണ്ണീർ തഴപ്പിച്ച മഹാനാകുമിന്ദ്രന്നു സാമ്പ്രതം
സോമം പിഴിഞ്ഞുവെച്ചു,ക്ഥം ചൊല്ലുന്നോൻ, ധനകാംക്ഷി ഞാൻ! 29
ത്രിശോകനായ്ജ്ജലം ചോക്കാൻ വന്മേഘത്തെപ്പിളൎത്തിനാൻ;
വഴിയും വെട്ടിനാനല്ലോ, വെള്ളങ്ങൾക്കൊഴുകാനിവൻ! 30

---

23. രക്ഷാൎത്ഥം—അവരുടെ രക്ഷയ്ക്ക്.

24. സ്വത്തിനായ്—സ്വത്തു കിട്ടാൻ. ആളുകൾ അങ്ങയെ സോമംകൊണ്ടു മത്തുപിടിപ്പിയ്ക്കട്ടെ. ഗവ്യസോമം—ഗോരസങ്ങൾ ചേൎത്ത സോമനീർ.

25. സദസ്യകൾ—യജ്ഞസഭകളിലെ ആളുകൾ.

26. കൃദ്രു—ഒരൃഷി. സഹസ്രബാഹുവിന്നായി—സഹസ്രബാഹു എന്ന രാജാവിനെ രക്ഷിപ്പാൻ. വീൎയ്യവും പ്രകാശിപ്പിച്ചു—അദ്ദേഹത്തിന്റെ ശത്രുക്കളെ കൊല്ലുകയും ചെയ്തു.

27. കൎമ്മമതു=ആ കൎമ്മം. നേര്—നിൎവ്യാജം. അഹ്നവായ്യൻ—അവരുടെ ഒരു ശത്രു.

28. സ്വന്തം ആളുകളോട്: യുഷ്മദീയരെ (നിങ്ങളുടെ പുത്രാദികളെ) കടത്തും—ആപത്തിന്റെ മറുകരയിലെത്തിയ്ക്കും. അശ്ശത്രുമൎദ്ദനനെ—അപ്രകാരമുള്ള ശത്രുമൎദ്ദനനെ, ഇന്ദ്രനെ.

29. തണ്ണീർ—മഴവെള്ളം.

30. ത്രിശോകനായ്—ത്രിശോകനെന്ന ഋഷിയ്ക്കുവേണ്ടി. ചോക്കാൻ—ഭൂമിയിലെയ്ക്കു വീഴ്ത്താൻ. ഇവൻ—ഇന്ദ്രൻ.

Digitized By Kerala Sahitya Akademi

മോദിച്ചാലേതു കൈക്കൊള്ളുമാദരിയ്ക്കും, കൊടുത്തിടും;
അതിലെന്തൊന്നു നീ ചെയ്തീലി?-ന്ദ്ര, നല്കുക, സൌഖ്യവും! 31
ഇന്ദ്ര, നിന്മട്ടിലുള്ളോന്റെ ചെറുതാം ചെയ്തിതന്നെയും
പാരിൽ പ്രസിദ്ധമാമല്ലോ: വന്നെത്തട്ടെ, ഭവന്മനം! 32
അവിടുന്നിന്ദ്ര, ഞങ്ങൾക്കു സുഖം കല്പിച്ചു നല്കിയാൽ,
അതിൻപ്രശസ്തിയും നല്ല യശസ്സുമവിടെയ്ക്കുതാൻ! 33
കുററമൊന്നോ, പരം രണ്ടോ മൂന്നോ, വളരെയെണ്ണമോ
ഞങ്ങൾ ചെയ്യുകിലും, ശിക്ഷ കല്പിയ്ക്കരുതു, ശൂര, നീ! 34
നേരേ കേറിയടിപ്പോനാ,യുഗ്രനായ്,പ്പാപഹാരിയായ്,
സഹിഷ്ണുവാം ഭവാനെപ്പോലുള്ളോനിൽപ്പേടിയുണ്ടു, മേ! 35
തോഴനുതാൻ, മകനുതാനഭിവൃദ്ധി മഹാവസോ,
ഉണർത്തിപ്പീല ഞാൻ: പേർത്തും പേർത്തും പതിക, നിന്മനം! 36
'ആർ മർത്ത്യരേ, നിലവിളിയ്ക്കുന്നു? ഞങ്ങളിൽനിന്നെവൻ
പായുന്നു? കൊന്നു, ഞാനാരെ?'ത്തോഴൻ തോഴനൊടോതിനാൻ! 37
പിഴിഞ്ഞൊരേവാരനിൽ നീ വൃഷാവേ, പെയ്തവേളയിൽ
തലചായ്ച്ചേവരും പോയാരൊ,രു ചൂതാടിപോലവേ! 38

---

31. അതിൽ—ആ നന്മയിൽ. എന്തൊന്നു ചെയ്തീല—എല്ലാം ഞങ്ങൾക്കു ചെയ്തിരിയ്ക്കുന്നു. ഇനി, സൌഖ്യവും നല്കുക.

32. ഭവന്മനം=ഭവാന്റെ മനസ്സ്. വന്നെത്തട്ടെ—എങ്കൽ, പതിയട്ടെ.

35. അടിപ്പോനായ്—ശത്രുക്കളെ. സഹിഷ്ണു—ശത്രുപീഡയെ ക്ഷമിക്കാത്തവൻ.

36. തോഴനുതാൻ മകനുതാൻ=സഖാവിന്നോ, പുത്രന്നോ. മഹാവസോ=മഹത്തായ ധനമുള്ളവനേ. ഉണർത്തിപ്പീല—കൊടുക്കേണമെന്നറിയിയ്ക്കുന്നില്ല; നിന്മനം ഞങ്ങളിൽ പതിഞ്ഞാൽ മതി.

37. ഞങ്ങളിൽനിന്ന്—ഞങ്ങളെ പേടിച്ച്. ഞാൻ ആരെ കൊന്നു—ഒരപരാധരഹിതനെയും ഞാൻ കൊന്നിട്ടില്ല. ഇതൊക്കെ പറയാൻ ഇന്ദ്രൻമാത്രമേ ഉള്ളു. ഇന്ദ്രൻ ഇവിടെ വന്നുചേർന്നിരിയ്ക്കാം എന്നു തോഴൻ തോഴനോടു പറഞ്ഞു.

38. സോമം പിഴിഞ്ഞ ഏവാരനെന്ന ആൾക്കു ഭവാൻ ധനം പെയ്തുകൊടുത്തുവല്ലോ; അപ്പോൾ ഏവരും (ദേവന്മാരെല്ലാം) ഒരു ചൂതാടി (ചൂതുകളിയിൽ പണമൊക്കെപ്പോയവൻ)പോലെ തല താഴ്ത്തി നടകൊണ്ടു. ഇന്ദ്രന്റെ ഈ ധനവർഷണത്താൽ സ്വർഗ്ഗത്തിലെ സമ്പത്താകെ തീർന്നുപോയി എന്ന വിചാരത്താലായിരിയ്ക്കാം, ദേവന്മാർ തല ചായ്ച്ചു മിണ്ടാതെ പോയത്!

Digitized By Kerala Sahitya Akademi

നിൻനൽത്തേരശ്വയുഗ്മത്തെ മന്ത്രത്താൽപ്പൂട്ടി ഞാനിതാ,
വലിയ്ക്കുന്നേൻ: ധനം നല്ക്കുന്നോനല്ലോ, ബ്രാഹ്മണർക്ക നീ! 39
വിദ്വേഷികളെ മുച്ചൂടും പിളക്ക; രണബാധകറം
നിർത്തിയ്ക്കുക; ഭവാൻ കൊണ്ടുവരികാ,ക്കാമ്യമാം ധനം! 40
യാതൊന്നുറപ്പിലും, ശൈലത്തിലു,മിന്ദ്ര, തുറസ്സിലും
വെച്ചിരിയ്ക്കുന്നു നീ, കൊണ്ടുവരികാ,ക്കാമ്യമാം ധനം! 41
പെരുത്ത യാതൊന്നു ഭവദ്ദത്തമെന്നോതുമർത്ത്യനും
അറിഞ്ഞിട്ടുന്നുവോ; കൊണ്ടുവരികാ,ക്കാമ്യമാം ധനം! 42

മൂന്നാമദ്ധ്യായം സമാപ്തം.

## നാലാമധ്യായം.

### സൂക്തം 46.

അശ്വപുത്രൻ വശൻ ഋഷി; പാദനിചൃത്തും ഗായത്രിയും കകുപ്പും ബൃഹതിയും അനുഷ്ടുപ്പും സതോബൃഹതിയും ദ്വിപദാജഗതിയും പിപീലികമധ്യാബൃഹതിയും കകുമ്ന്യങ്കുശിരയും വിരാട്ടും ജഗതിയും ഉപരിഷ്ടാദ്ബൃഹതിയും പംക്തിയും ഉഷ്ണിക്കും ഛന്ദസ്സുകറം; ഇന്ദ്രനും വായുവും ദേവത.

ബഹുധന, മികച്ച നേതാവേ, ഹരിസ്ഥിത, ഇന്ദ്ര, നിന്തിരുവടിയുടെയാകുന്നു, ഞങ്ങറം! 1

വജ്രിൻ, നിന്തിരുവടി തിച്ചയായും അന്നദാതാവാണെന്നു ഞങ്ങറംക്കറിയാം; ധനദാതാവാണെന്നും ഞങ്ങറംക്കറിയാം! 2

---

39. നൽത്തേരശ്വയുഗ്മത്തെ—നല്ല തേരിന്റെ രണ്ടു കുതിരകളെ, ഹരികളെ. വലിയ്ക്കുന്നേൻ—ഞങ്ങളുടെ അടുക്കലേയ്ക്ക്.

40. രണബാധകറം=യുദ്ധോപദ്രവങ്ങറം.

42. വളരെദ്ധനം ഒരാളിൽ കണ്ടാൽ, അതു ഭവാൻ കൊടുത്തതാണെന്ന് എല്ലാ മനുഷ്യരും അറിയും.

സൂക്തം 46.

1. ഹരിസ്ഥിത—ഹരികളെന്ന അശ്വങ്ങളിലിരിയ്ക്കുന്നവനേ.

Digitized By Kerala Sahitya Akademi

ശതരക്ഷ, ശതക്രതോ, നിന്തിരുവടിയുടെ മഹിമാവിനെ പാ
ടിപ്പുകഴ്ത്തുന്നുണ്ടല്ലോ, സ്തോതാക്കൾ! 3

ആരെ അദ്രോഹികളായ മരുത്തുക്കൾ, ആരെ അര്യമാവ്,
ആരെ മിത്രൻ രക്ഷിയ്ക്കുമോ, ആ മനുഷ്യൻ സുയജ്ഞനാകുമല്ലോ! 4

ആദിത്യരാൽ അനുഗ്രഹിയ്ക്കപ്പെട്ടവന്നു ഗോക്കളും അശ്വങ്ങ
ളും സുവീര്യരും ഉണ്ടായിവരും; അവൻ ബഹുകാമ്യമായ സമ്പത്തി
നാൽ സദാ വദ്ധിയ്ക്കും! 5

ഭയമെന്നിയേ ബലം പ്രയോഗിയ്ക്കുന്ന ആ ഇന്ദ്രനോടു ഞങ്ങൾ
ധനം യാചിയ്ക്കുന്നു—സ്വാമിയോടു സമ്പത്തു യാചിയ്ക്കുന്നു. 6

തന്റെ കൂടെയുണ്ടല്ലോ, നിർഭയകളായ രക്ഷകളെല്ലാം: ആ
ബഹുധനനെ മത്തുപിടിപ്പിയ്ക്കാൻ, ഹരികളെന്ന കുതിരകൾ സോമ
ത്തിലെയ്ക്കു കൊണ്ടുവരട്ടെ! 7

ഇന്ദ്ര, വരണീയവും, ശത്രുക്കളെ തുലോം ഹനിയ്ക്കുന്നതും, അ
വരിൽനിന്നു സ്വത്തടക്കുന്നതും, യുദ്ധങ്ങളിൽ ദുസ്തരവുമാണല്ലോ, അ
ങ്ങയുടെ മത്ത്! 8

വിശ്വവരണീയ, മഹാബല, വസോ, യുദ്ധങ്ങളിൽ ദുസ്തരനും,
മറുകരയണയ്ക്കുന്നവനും, സ്തുത്യനുമായ നിന്തിരുവടി ഞങ്ങളുടെ സവ
നങ്ങളിൽ എഴുന്നള്ളിയാലും: ഞങ്ങൾക്ക് ഒരു പൈത്തൊഴുത്തു കിട്ടുമാ
റാകട്ടെ! 9

മഹാധന, അങ്ങ് മുമ്പേത്തെപ്പോലെ ഞങ്ങൾക്കു ഗോക്കളെ
യും അശ്വങ്ങളെയും തേരുകളും തരാൻ വന്നുചേർന്നാലും! 10

ശൂര, അങ്ങയുടെ ധനത്തിന്റെ അററം സത്യമായും ഞാൻ
കണ്ടെത്തിയിട്ടില്ല: മഘവാവേ, വജ്രിൻ, അവിടുന്ന് ഇപ്പോൾത്ത
ന്നെ തരിക; ഞങ്ങളുടെ കർമ്മങ്ങൾ അന്നംകൊണ്ടു രക്ഷിച്ചാലും! 11

സഖാക്കളാൽ കേൾപ്പിയ്ക്കപ്പെടുന്ന, പുരുസ്തുതനായ യാതൊരു
ദർശനീയൻ എല്ലാപ്പിറവികളും അറിയുന്നുവോ; ആ ബലവാനായ ഇ
ന്ദ്രനെ മനുഷ്യയുഗങ്ങളിൽ എല്ലാവരും സ്രുക്കെടുത്തു വിളിയ്ക്കുന്നു! 12

---

3. ശതരക്ഷ—വളരെ രക്ഷകളുള്ളവനേ.

5. സുവീര്യർ—നല്ല വീര്യമുള്ള പുത്രന്മാർ.

11. തരിക—ധനം.

12. സഖാക്കൾ—ഋത്വിക്കുകൾ. കേൾപ്പിയ്ക്കു—കീർത്തിയ്ക്കു. എല്ലാപ്പിറ
വികളും—പ്രാണികളുടെയെല്ലാം ഉൽപത്തി. മനുഷ്യയുഗങ്ങളിൽ—എല്ലാക്കാല
ത്തും. സ്രുക്കെടുത്തു—ഹവിസ്സു ഹോമിപ്പാൻ.

Digitized By Kerala Sahitya Akademi

ആ ബഹുധനനായ, മഘവാവായ വൃത്രഹന്താവു യുദ്ധങ്ങ
ളിൽ നമ്മെ രക്ഷിപ്പാൻ മുമ്പിൽ നില്ക്കട്ടെ! 13

സോമലഹരിയിൽ വീരനായി കമ്പിടുവിയ്ക്കുന്ന, വിശിഷ്ടപ്ര
ജ്ഞനായ, സ്തോതവ്യനായ, ശക്തനായ ഇന്ദ്രനെക്കുറിച്ചു നിങ്ങൾ തോ
ന്നലിനൊത്തു വലിയ സ്തുതി പാടുവിൻ! 14

പുരുഹൂത, അവിടുന്ന് ഇപ്പോൾത്തന്നേ പൊറുപ്പാൻ മുതൽ
തരിക; സ്വത്തു തരിക; യുദ്ധങ്ങളിൽ അന്നവും തരിക! 15

സർവസമ്പത്തുകളുടെയും സ്വാമിയാണ്, ഭവാൻ; ഈ തടുത്തു
പൊരുതുന്നവനെ കീഴമർത്തുക. ഇനിയും (സ്വത്തുതരിക)! 16

മഹാനായ നിന്തിരുവടിയുടെ ആഗമനം ഞാനിച്ഛിയ്ക്കുന്നു:
ഗമനശീലനായ പൂർണ്ണഗമനനായ വൃഷാവിനെ ഞങ്ങൾ യജിച്ചു സ്തുതി
യ്ക്കുന്നു. സർവമനുഷ്യരാലും യജിയ്ക്കപ്പെടുന്നവനാണല്ലോ, മരുത്ത്വാനായ
ഭവാൻ; അങ്ങയെ ഞാൻ വണങ്ങി വാഴ്ത്തിപ്പാടുന്നു. 17

യാവചിലർ ബലകരമായ മേഘജലത്തോടുകൂടി പറക്കുന്നുവോ,
ആ ഗഭീരനിനദന്മാരെ ഞങ്ങൾ യജിയ്ക്കുന്നു—ആ ചീററിയിരമ്പുന്നവ
ർക്ക ഞങ്ങൾ യജ്ഞത്തിൽ ഹവിസ്സൊരുക്കുന്നു. 18

ദുഷ്ടമർദ്ദന, ബലവാനേ, ഇന്ദ്ര, നിന്തിരുവടി ഞങ്ങൾക്ക തക്ക
തു കൊണ്ടുവന്നാലും: ഉദാരമതേ, ഉദാരമതേ, മികച്ച ധനം! 19

വീതിയ്ക്കുന്നവനേ, വഴിപോലെ വീതിയ്ക്കുന്നവനേ, ഉഗ്ര, പൂജ
നീയ, മികച്ച ജ്ഞാനദാതാവേ, സത്യാത്മൻ, കീഴമർത്തുന്നവനേ, ചക്ര
വർത്തിൻ, അവിടുന്നു യുദ്ധങ്ങളിൽ ചെറുക്കാനും പൊറുക്കാനും പോന്ന
പ്രധാനധനം (കൊണ്ടുവന്നാലും)! 20

'ഒരു ദേവനല്ലാത്ത വശൻ തികഞ്ഞ ജംഗമസ്വത്തു വാങ്ങിയ
ല്ലോ—കനീതപുത്രനായ പൃഥുശ്രവസ്സിങ്കൽനിന്ന് ഇന്നു കാലത്തു വാ
ങ്ങിയല്ലോ; ആ അശ്വപുത്രൻ വന്നെത്തട്ടെ! 21

---

14. ഉദ്ഗാതാക്കളോട്:

18. ഗഭീരനിനദന്മാരെ—മരുത്തുക്കളെ.

19. തക്കത് എന്താണ്? മികച്ച ധനം. ഉദാരമതേ എന്ന ആവൃത്തി ആ
ദരാധിക്യത്താലാകുന്നു.

20. പൊറുക്കാനും—നാൾ കഴിപ്പാനും. പോന്ന—മതിയാവുന്ന.

21. കനീതപുത്രനായ പൃഥുശ്രവസ്സെന്ന രാജാവിങ്കൽനിന്നു ജംഗമ (ഗോ
ക്കളും മററുമാകുന്ന) സ്വത്തു കിട്ടിയ അശ്വപുത്രൻ വശൻ വന്നെത്തട്ടെ എന്നു ബ
ന്ധുക്കൾ ആശംസിയ്ക്കുന്നു: ദേവനല്ലാത്തതുകൊണ്ടു പ്രത്യക്ഷനായിത്തന്നേ വന്നെ
ത്തട്ടെ.

Digitized By Kerala Sahitya Akademi

'എഴുപതിനായിരം കുതിരകൾ, രണ്ടായിരം ഒട്ടകങ്ങൾ, ആയിരം കറുത്ത പെൺകുതിരകൾ, ഒരുലക്ഷം മൂന്നിടം മിന്നുന്ന പൈക്കൾ എന്നിവ എനിയ്ക്കു കിട്ടി! 22

ഊക്കിൽപ്പായുന്ന, കരുത്തുള്ള, മെതിയ്ക്കുന്ന പത്തു കരിംകുതിരകൾ തേർവട്ടുരുട്ടുന്നു! 23

ശോഭനധനനായ കനീതപുത്രൻ പൃഥുശ്രവസ്സിന്റെ ദാനമാണിതൊക്കെ: ഒരു കനകത്തേരും തന്നു്, ആ പെരിയ ദാതാവായ പ്രാജ്ഞൻ വളരെക്കീർത്തി നേടിയിരിയ്ക്കുന്നു! 24

വായോ, അങ്ങു് മഹത്തായ സ്വത്തും മഹനീയമായ കരുത്തും തരാൻ ഞങ്ങളിൽ വന്നാലും: വളരെക്കൊടുക്കുന്ന, വലുതു കൊടുക്കുന്ന മഘോനെ ഞങ്ങൾ ഉടനടി പൂജിയ്ക്കുമല്ലോ! 25

ആർ കുതിരകളാലും ആയിരത്തിനാന്ദുറെഴുപതു ഗോക്കളാലും വഹിയ്ക്കപ്പെട്ടുന്നുവോ; അദ്ദേഹം ഇതാ, സോമം പിഴിയുന്നവരോടുകൂടി, സോമം കുടിയ്ക്കുന്നവനേ,—അരിച്ചതിളങ്ങുന്ന സോമം കുടിയ്ക്കുന്നവനേ,—സോമം തരാൻ തുടങ്ങുന്നു! 26

ആർ എനിയ്ക്കു് ഈ വിവിധദാനം ചെയ്യുന്നതിൽ സ്വയം ഇമ്പപ്പെട്ടുവോ; ആ സുയജ്ഞൻ സുകൃതത്തിനായി അരട്വനോടും അക്ഷനോടും നഹുഷനോടും കല്പിച്ചു! 27

വായോ, ഉചത്ഥ്യനെക്കാളും വപുസ്സിനെക്കാളും മീതെയാണു്, ഈ നെയ്യുപോലെ പരിശുദ്ധനായ രാജാവു്. ഇതാ, കുതിരകളും ഒട്ടകങ്ങളും നായ്ക്കളും ചുമന്നു കൊണ്ടുവന്ന ആ അന്നം! 28

---

22. ആ വശൻ തിരിച്ചുവന്നു പറയുന്നു: മൂന്നിടം—പൂഞ്ഞ, പുറം, വാരിഭാഗം.

23. മെതിയ്ക്കുന്ന—എതിരാളികളെ മട്ടിയ്ക്കുന്ന. തേർവട്ടുരുട്ടുന്നു—തേർ വലിയ്ക്കുന്നു.

25. ഉടനടി—വന്നാലുടപ്പാൾ.

26. അദ്ദേഹം—പൃഥുശ്രവസ്സ്. സോമം കുടിയ്ക്കുന്നവനേ—സോമപായിയായ വായോ. തരാൻ—ഞങ്ങൾക്കു്.

27. ആ സുയജ്ഞൻ—പൃഥുശ്രവസ്സ്. അരട്വൻ, അക്ഷൻ, നഹുഷൻ എന്നിവർ സചിവന്മാരാകുന്നു. കല്പിച്ചു—'വശഷിയ്ക്കു കൊടുക്കാൻ ഗോക്കളെയും മറ്റും വരുത്തുവിൻ' എന്നു്.

28. ഉചത്ഥ്യനും, വപുസ്സും രണ്ടു രാജാക്കന്മാരത്രേ. ആ—പൃഥുശ്രവസ്സു തന്നെ.

Digitized By Kerala Sahitya Akademi

ആ പ്രദാതാവിന്നു പ്രിയപ്പെട്ട അറുപതിനായിരം കതിരകളെ പ്പോലെ, വിത്തുകാളകളെയും എനിയ്ക്കു കിട്ടി! 29

ഗോക്കൾ കൂട്ടത്തിലെന്നപോലെ, ഉഴുതുമൂരികളും എങ്കലെത്തി—ഉഴുതുമൂരികളും എങ്കലെത്തി! 30

മേച്ചിൽക്കൂട്ടത്തിലെ നൂറൊട്ടകങ്ങൾ, രണ്ടായിരം വെള്ളപ്പൈക്കൾ എന്നിവയും വരുത്തപ്പെട്ടു! 31

വളരെയെണ്ണത്തെ പ്രാജ്ഞനായ ഞാൻ അധികൃതനായ ബല്ബൂഥനെന്ന ദാസങ്കൽനിന്നു വാങ്ങി. വായോ, അങ്ങയുടെ ആ ആളുകൾ ഇതാ, ഇന്ദ്രരക്ഷിതരായി ഇമ്പംകൊള്ളുന്നു—ദേവരക്ഷിതരായി ഇമ്പംകൊള്ളുന്നു! 32

ആ മംഹതിയായ മങ്കയെയും പൊൻപണ്ടങ്ങളണിയിച്ച്, അശ്വപുത്രനായ വശന്റെ മുമ്പിലെയ്ക്കു കൊണ്ടുവരുന്നുണ്ട്! 33

---

## സൂക്തം 47.

ആപ്ത്യൻ ത്രിതൻ ഋഷി; മഹാപംക്തി ഛന്ദസ്സ്; ആദിത്യരും ഉഷസ്സും ദേവത.

വരുണ, മിത്ര, വലിയവരായ നിങ്ങൾ ഹവിർദ്ദാതാവിന്നു ചെയ്യുന്ന രക്ഷ വലുതാണ്: ആദിത്യരേ, നിങ്ങൾ ആരെ ദ്രോഹിയിങ്കൽനിന്നു രക്ഷപ്പെടുത്തുമോ, അവനെ പാപം തീണ്ടില്ല. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 1

---

30. പൃഥുശ്രവസ്സ് ഉഴുതുമൂരികളെയും വശന്നു കൊടുത്തു എന്ന്:
31. വരുത്തപ്പെട്ടു—എനിയ്ക്കു തരാൻ.
32. അധികൃതൻ—മാടുവകുപ്പിന്റെ മേലാൾ. ദാസൻ—എനിയ്ക്കു തരാൻ രാജാവിനാൽ ആജ്ഞാപിയ്ക്കപ്പെട്ടവൻ. ഈ സമ്പത്തൊക്കെ കിട്ടിയതു വായുവിന്റെ അനുഗ്രഹത്താലാണെന്ന്: അങ്ങയുടെ ആ ആളുകൾ—അങ്ങയെ സ്തുതിച്ച ഞങ്ങൾ.
33. പൃഥുശ്രവസ്സ് ഒരുത്തമസ്ത്രീയെയും വശന്നു കൊടുത്തു എന്ന്: വശന്റെ—എന്റെ.

സൂക്തം 47.

1. വരുണ, മിത്ര എന്നിവരിൽ അര്യമാവും ഉൾപ്പെട്ടിരിയ്ക്കുന്നു.



Digitized By Kerala Sahitya Akademi

ആദിത്യദേവന്മാരേ, നിങ്ങൾക്കറിയാം, ദുഃഖപരിഹാരം: പക്ഷികൾ ചിറകെന്നപോലെ, നിങ്ങൾ സുഖം ഞങ്ങളുടെ മീതേ വെയ്ക്കുവിൻ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 2

പക്ഷികൾ ചിറകെന്നപോലെ, നിങ്ങൾ ആ സുഖം ഞങ്ങളിൽ ഉറപ്പിയ്ക്കുവിൻ. സർവ്വധനന്മാരേ, ഞങ്ങൾ ഗൃഹത്തിന്നു വേണ്ടതൊക്കെ യാചിയ്ക്കുന്നു. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു. 3

പ്രകൃഷ്ടമതികളായ ആദിത്യന്മാർ ആൎക്ക ഗൃഹവും അന്നവും നല്കുമോ, അവന്നുവേണ്ടി ഇവർ എല്ലാ മനുഷ്യരുടെയും സ്വത്തടക്കും. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 4

ഞങ്ങളെ ദുരിതങ്ങൾ, ദുൎഗ്ഗങ്ങളെ തേരാളികളെന്നപോലെ ഒഴിഞ്ഞുവെയ്ക്കട്ടെ. ഞങ്ങൾ ഇന്ദ്രന്റെ രക്ഷയിലാകണം; ആദിത്യരുടെയും രക്ഷയിലാകണം. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 5

കഷ്ടപ്പെട്ടാലേ, ജീവനുള്ള മനുഷ്യൎക്ക നിങ്ങളിൽനിന്നു(ധനം) കിട്ടൂ; ആദിത്യദേവന്മാരേ, ശീഘ്രഗമനരായ നിങ്ങൾ ആരിൽ ചെല്ലുമോ, അവന്നു ധാരാളം കിട്ടും. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 6

ആദിത്യരേ, ഒരേ പ്രസിദ്ധിയുള്ള നിങ്ങൾ യാതൊരുവന്നു സുഖം നല്കിയോ, തീക്ഷ്ണനായിച്ചമഞ്ഞ അവനെ ആയുധം തീണ്ടില്ല; അവന്നു കനത്ത (ദുഃഖം) വരില്ല. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 7

ദേവന്മാരേ, പോരാളികൾ ചട്ടകളിലെന്നപോലെ, ഞങ്ങൾ നിങ്ങളിൽ ഉൾപ്പൂകട്ടെയോ! നിങ്ങൾ ഞങ്ങളെ വലിയ പാപത്തിൽ

---

2. പക്ഷികൾ കുഞ്ഞുങ്ങളെ രക്ഷിയ്ക്കായി ചിറകുകൾകൊണ്ടു മൂടുമല്ലോ
3. വേണ്ടതൊക്കെ—ധനം.
5. ദുൎഗ്ഗങ്ങൾ—ദുൎഗ്ഗമമാൎഗ്ഗങ്ങൾ.
6. കഷ്ടപ്പെട്ടാലേ—തപോനിയമാദിയാൽ.
7. ആയുധം—ശത്രുവിന്റെ.

Digitized By Kerala Sahitya Akademi

നിന്നും, നിങ്ങഠം ചെറിയ പാപത്തിൽനിന്നും രക്ഷിയ്ക്കുവിൻ. നിങ്ങളുടെ രക്ഷകഠം നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകഠം നല്ല രക്ഷകളാകുന്നു! 8

മിത്രന്റെയും, ധനവാനായ അൎയ്യമാവിന്റെയും, വരുണന്റെയും അമ്മയായ അദിതി ഞങ്ങളെ രക്ഷിയ്ക്കട്ടെ; അദിതി സുഖം തരട്ടെ. നിങ്ങളുടെ രക്ഷകഠം നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകഠം നല്ല രക്ഷകളാകുന്നു! 9

ദേവന്മാരേ, ശരണീയം, ഭജനീയം, രോഗരഹിതം, ഈ മൂന്നു ഗുണമുള്ളതും ഗൃഹത്തിന്നു വേണ്ടതുമായ സുഖം ഞങ്ങഠംക്കു തരുവിൻ. നിങ്ങളുടെ രക്ഷകഠം നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകഠം നല്ല രക്ഷകളാകുന്നു! 10

ആദിത്യന്മാരേ, ഒരു തീരസ്ഥിതനെന്നപോലെ, നിങ്ങഠം കീഴ്പോട്ടു നോക്കുവിൻ: അവൻ കുതിരകളെ നല്ല കടവിലെയ്ക്കെന്നപോലെ, നിങ്ങഠം ഞങ്ങളെ സന്മാൎഗ്ഗത്തിലെയ്ക്കു നടത്തുവിൻ. നിങ്ങളുടെ രക്ഷകഠം നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകഠം നല്ല രക്ഷകളാകുന്നു! 11

ഇവിടെ അരക്കന്നു നന്മയുണ്ടാകരുത്, ദ്രോഹിയ്ക്കുണ്ടാകരുത്, എതിൎക്കുന്നവന്നുണ്ടാകരുത്; മാടിന്നും, കറവപ്പയ്യിന്നും, അന്നേഷ്ടവായ വീരന്നും നന്മ വരട്ടെ. നിങ്ങളുടെ രക്ഷകഠം നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകഠം നല്ല രക്ഷകളാകുന്നു! 12

ദേവന്മാരേ, വെളിവിലും ഒളിവിലുമുണ്ടല്ലോ, ദുഷ്കൃതം; അതു രണ്ടും ആപ്ത്യനായ ത്രിതന്നു പററരുത്—ഞങ്ങളിൽനിന്നകററുവിൻ. നിങ്ങളുടെ രക്ഷകഠം നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകഠം നല്ല രക്ഷകളാകുന്നു! 13

വിണ്ണിന്മകളേ, വിഭാവരി, കന്നുകാലികഠംക്കും ഞങ്ങഠംക്കും ആപത്തു സൂചിപ്പിയ്ക്കുന്ന ദുസ്സ്വപ്നം യാതൊന്നോ, അത് ആപ്ത്യനായ

---

11. ഒരു തീരസ്ഥിതനെന്നപോലെ—പുഴയുടെ കരയിൽ നില്ക്കുന്നവൻ വെള്ളം എവിടെ എന്നറിയാൻ കീഴ്പോട്ടു നോക്കുന്നതുപോലെ.

12. വീരൻ—ഞങ്ങളുടെ പുത്രൻ.

13. ആപ്ത്യൻ=ജലജാതൻ. ത്രിതന്ന്—എനിയ്ക്ക്.

Digitized By Kerala Sahitya Akademi

ത്രിതന്നുണ്ടാകാതാക്കിയാലും. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകു
ന്നു—നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 14

വിണ്ണിന്മകളേ, പൊൻപണിക്കാരന്നും മാലാകാരന്നും യാ
തൊരു ദുസ്സ്വപ്നം ഉണ്ടാകുമോ, അതു രണ്ടും ആപ്ത്യനായ ത്രിതനെ
ബാധിയ്ക്കരുത്. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളു
ടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 15

ഉഷസ്സേ, അതേ ഭോജനം, അതേ കർമ്മം—അങ്ങനെ ആ ഭാ
ഗമനുഭവിയ്ക്കുന്ന ത്രിതങ്കൽനിന്നും ദ്വിതങ്കൽനിന്നും ദുസ്സ്വപ്നം ഭവതി
പോക്കിയാലും. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളു
ടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 16

കരളും കുളമ്പും കടവും ഞങ്ങൾ നീക്കിവെയ്ക്കാറുണ്ടല്ലോ; അ
തിൻവണ്ണം ത്രിതങ്കലെ ദുസ്സ്വപ്നമെല്ലാം ഞങ്ങൾ നീക്കമാറാകണം.
നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷകൾ നല്ല
രക്ഷകളാകുന്നു! 17

ഉഷസ്സേ, ഞങ്ങൾ ജയിയ്ക്കണം; നേടണം, അനപരാധരാക
ണം. ഞങ്ങൾ യാതൊന്നിനെ പേടിയ്ക്കുന്നുവോ, ആ ദുസ്സ്വപ്നം നീങ്ങി
പ്പോകട്ടെ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു—നിങ്ങളുടെ രക്ഷ
കൾ നല്ല രക്ഷകളാകുന്നു! 18

---

## സൂക്തം 48.

കണ്വഗോത്രൻ പ്രഗാഥൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ;
സോമം ദേവത.

(കാകളി.)

തേനിതെന്നോതിനെ ശ്ലാഘിച്ചണയുന്നു,
വാനവന്മാരും മനുഷ്യരുമൊക്കവേ;

---

14. ഉഷസ്സിനോട്: ഇതുമുതൽ അഞ്ച് ഋക്കുകൾ ദുസ്സ്വപ്നഹരങ്ങളത്രേ.

16. അതേ—ജാഗ്രദവസ്ഥയിലേതായ. ദ്വിതൻ—ത്രിതന്റെ ജ്യേഷ്ഠൻ

17. കരളും, കുളമ്പും—കൊല്ലപ്പെട്ട പശുവിന്റെ. കടം=ഋണം.

Digitized By Kerala Sahitya Akademi

അപ്പുരുപൂജിതസ്വാദ്വന്നമുണ്ണാവു,
സുപ്രജ്ഞനും ശുഭകർമ്മാവുമായ ഞാൻ! 1
ഉള്ളിൽക്കടക്കുന്നു, സോമമേ, നീ;-യഴൽ-
ക്കൊള്ളാതെ പോക്കുന്നു, ദേവകോപത്തെയും;
ഇന്ദ്രനു തോഴനാം നീ,യൊരശ്വം ചുമ-
ടെന്നവിധം കൊണ്ടുപോകും, ധനത്തിനായ്! 2
സോമം കുടിച്ചു മൃതിഹീനരാകേണ്ടാം;
ധാമം ഗമിച്ചറിയാവൂ, നിലിമ്പരെ!
എന്തിഹ ചെയ്യു,മെതിരാളി ഞങ്ങളി;-
ലെന്തൊന്നു ചെയ്യു,മമൃതേ, നൃഹിംസകൻ? 3
താതൻ സുതനും, സഖാവു സഖാവിനും
പ്രീതി ചേർക്കുംവിധം, ചൊല്ക്കൊണ്ട സോമമേ,
സേവിച്ച ഞങ്ങൾക്കു നല്കു, നീയുൾസ്സുഖം;
കൈവളൾക്കാ,യുസ്സമിന്ദോ, മനീഷി നീ! 4
ആണി തേരേപ്പിനെപ്പോലേ മുറുക്കുകി,
ത്രാണകീർത്തിപ്രദം പാനമെന്നേപ്പിനെ;
കാക്കട്ടെ,യെന്നൊത്തൊഴിലഴവേല്ക്കാതെ;
നീക്കട്ടെ, രോഗത്തിൽനിന്നുമസ്സോമനീർ! 5

---

സൂക്തം 48.

1. തേൻ—തേൻപോലെ മധുരം. അപ്പുരുപൂജിതസ്വാദ്വന്നം—അപ്പുരുപൂജിതവും സ്വാദു(ആസ്വാദ്യ)വുമായ അന്നം, സോമം.

2. ഉള്ളിൽ—ഹൃദയത്തിൽ, അഥവാ യാഗശാലയിൽ. അഴൽക്കൊള്ളാതെ—അക്ലേശമായി. ധനത്തിനായ്—ഞങ്ങൾക്കു ധനം കിട്ടാൻ. കൊണ്ടുപോകും—ഞങ്ങളെ.

3. മൃതിഹീനർ=മരണരഹിതർ. ധാമം—തേജോമയമായ സ്വർഗ്ഗം. ഇഹ=ഇപ്പോൾ. അമൃതേ—അമൃതുപോലുള്ള സോമമേ. നൃഹിംസകൻ—മനുഷ്യനായ എന്നെ ദ്രോഹിക്കുന്നവൻ. എന്തൊന്നു ചെയ്യും—ഞാൻ ദേവതാമടയുമല്ലോ.

4. ഇന്ദോ—സോമമേ. മനീഷി=ബുദ്ധിശാലി.

5. ത്രാണകീർത്തിപ്രദം=രക്ഷയെയും കീർത്തിയെയും നല്കുന്നത് പാനം—സോമപാനം. എന്നേപ്പിനെ മുറുക്കുക—എന്റെ അംഗസന്ധികളുറപ്പു വരുത്തട്ടെ. തൊഴിലഴവ്=കർമ്മശൈഥില്യം.

Digitized By Kerala Sahitya Akademi

കത്തിയ്ക്കുകെന്നെ, മഥിതാഗ്നിയെപ്പോലെ;
വിത്തവും കാഴ്ചയും കൂട്ടുകെ,ഞങ്ങൾക്ക നീ;
മത്തിനായ് നിന്നെ സ്തുതിയ്ക്കുന്നു, സോമ, ഞാൻ:
സ്വത്തുകാരൻപോലെ പോററിവളൎക്ക, നീ! 6

ശ്രദ്ധയുൾക്കൊണ്ടു പിഴിഞ്ഞ നിന്നെ,പ്പിതൃ-
സ്വത്തിനെപ്പോലെങ്ങളുണ്ണാവൂ, സോമമേ!
മിത്രൻ പുരാനേ, പൊറുക്കാൻ പകൽപോലെ-
യത്രയും നീട്ടുകാ,യുസ്സു ഞങ്ങൾക്ക നീ! 7

നിത്യതയ്ക്കിന്ദോ, സുഖിപ്പിയ്ക്കു, ഞങ്ങളെ:-
സ്സുവ്രതരെങ്ങൾ നിൻസ്വന്തമെന്നോൎക്ക, നീ.
എത്തുന്നു, ക്രൂരൻ പുരാനേ, രുഷാ, സോമ:
ശത്രുവിന്നിച്ഛപോലേകൊലാ ഞങ്ങളെ! 8

ഞങ്ങൾതൻമെയ് കാത്തുവാഴ്കിതല്ലോ; ഭവാ-
നംഗത്തിലംഗത്തിലിന്ദോ, നൃദർശിയായ്:
ദേവ, നിൻകൎമ്മമുടയ്ക്കിലും, സന്മിത്ര-
ഭാവാൽസ്സുഖിപ്പിയ്ക്കു, മുഖ്യരാമെങ്ങളെ! 9

ചെല്ലാവൂ, ഞാൻ വയൎക്കിഷ്ടനാം തോഴങ്കഃ-
ലല്ലൽ വരില്ലി,തു സേവിയ്ക്കിലിന്ദു, മേ;

---

6. കത്തിയ്ക്കുക—ഉജ്ജ്വലനാക്കുക. മഥിതാഗ്നി—കടഞ്ഞുണ്ടാക്കിയ അഗ്നി. കൂട്ടുക=വൎദ്ധിപ്പിയ്ക്കുക. സ്വത്തുകാരൻപോലെ—ഒരു ധനികൻ കുടുംബത്തെ എന്നപോലെ, നീ ഞങ്ങളെ പോററിവളൎക്കുക.

7. ഉണ്ണാവൂ—അനുഭവിയ്ക്കാവൂ. പുരാനേ—തമ്പുരാനായ സോമമേ. മിത്രൻ=സൂൎയ്യൻ. പൊറുക്കാൻ—ലോകത്തിന്നു ജീവിപ്പാൻ. പകൽപോലെ—പകൽ നീട്ടുന്നതുപോലെ.

8. നിത്യത=അനശ്വരത്വം. ക്രൂരൻ—തടിയനായ ശത്രു. എത്തുന്നു—എതിരിടുന്നു. ഏകൊലാ—വിട്ടുകൊടുക്കരുത്.

9. അംഗത്തിലംഗത്തിൽ—ഓരോ അവയവത്തിലും. വാഴ്കിതല്ലോ=വസിയ്ക്കുന്നുണ്ടല്ലോ. നൃദർശിയായ്—കൎമ്മനേതാക്കളെ നോക്കിക്കൊണ്ട്. ഉടയ്ക്കിലും—ഞങ്ങൾ നശിപ്പിച്ചാലും. സന്മിത്രഭാവാൽ—നല്ല സഖാവായിനിന്ന്.

10. ഇഷ്ടനാം—പ്രിയപ്പെട്ട. തോഴൻ—സോമം. എങ്ങളിലാക്കിവെ

Digitized By Kerala Sahitya Akademi

ഈയെങ്ങളിലാക്കിവെച്ച സോമത്തിനു-
ച്ചായുസ്സിരക്കുന്നു, ഹര്യ്യശ്വനോടു ഞാൻ! 10
ഓടട്ടെ, നീക്കാവതല്ലാത്ത, കെല്പിനാൽ-
പ്പേടിപ്പെടുത്തി വിറപ്പിച്ച പീഡകൾ:
കേറിയല്ലോ, പെരും സോമനീർ നമ്മളിൽ;-
ച്ചേരുക,ായുസ്സു വളർത്തുമതിങ്കൽ നാം! 11
ഉൾപ്പുക്കുവല്ലോ, പിതാക്കളേ, നിത്യമാ-
മിപ്പീതസോമനീർ മർത്ത്യരാം നമ്മളിൽ;
ആയിന്ദുവിനെ ഹവിസ്സാൽബ്ഭജിയ്ക്ക, നാം;-
മാളട്ടെ, നമ്മളിൽത്തത്സുഖാനുഗ്രഹം! 12
ഇന്ദോ, പിതാക്കളോയ്ച്ചേൎന്നു ഭവാൻ പര-
ത്തുന്നതുണ്ടു, മുറയ്ക്കുഴിവാനങ്ങളെ;
ഞങ്ങളാ നിന്നെ ഹവിസ്സാൽബ്ഭജിയ്ക്കാവു;
ഞങ്ങൾ ധനാധിപരാകാവൂ, സോമമേ! 13
ഞങ്ങളെക്കൂട്ടിക്കഥിപ്പിന,മർത്ത്യരേ;
ഞങ്ങളിൽക്കേറൊല്ല,റക്കവും നിന്ദയും;
ഞങ്ങൾ സോമപ്രിയരാകാവൂ, സർവ്വദാ;
ഞങ്ങൾ സുവീരരായ് വാഴ്ത്താവു, നാഥരേ! 14
അന്നദനെ,ങ്ങുമെങ്ങൾക്കു നീ സോമമേ;
വിണ്ണേറുവോൻ, നീ; കടക്ക, സ്വർദർശി നീ;

---

ച്ച—ഞങ്ങളുടെ വയാറിൽ പകൎന്ന. ഉച്ചായുസ്സു—ദീൎഘായുസ്സ്. ഈ സോമം ഞങ്ങളുടെ വയററിൽ നീണാൾ വാഴട്ടെ!

11. ഓടട്ടെ—പാഞ്ഞുപോകട്ടെ. നമ്മളിൽ—നമ്മുടെ വയററിൽ. അതിങ്കൽ—സോമനീരിൽ.

12. പിതാക്കളോട്: നിത്യം=അനശ്വരം. പീതം=കുടിയ്ക്കപ്പെട്ടത്. തത്സുഖാനുഗ്രഹം—സോമത്തിൻെറ സുഖവും അനുഗ്രഹവും നമ്മളിൽ ആളട്ടെ, സ്ഥിതിചെയ്യട്ടെ.

13. മുറയ്ക്ക്—ക്രമേണ.

14. ദേവന്മാരോട്: കൂട്ടിക്കഥിപ്പിൻ—ശ്ലാഘിയ്ക്കുവിൻ. ഉറക്കവും, ശത്രുവിൻെറ നിന്ദയും ഞങ്ങളിൽക്കേറൊല്ല—ഞങ്ങളെ അടിപെടുത്തരുത്. സുവീരരായ്—നല്ല പുത്രന്മാരോടുകൂടി നിങ്ങളെ വാഴ്ത്താവൂ. നാഥരേ—രക്ഷിതാക്കളേ.

Digitized By Kerala Sahitya Akademi

ഇന്ദോ, ഭവാൻ മരുത്തുക്കളൊത്തെങ്ങളെ
നന്ദിച്ചു രക്ഷിയ്ക്കു, പിന്നിലും മുന്നിലും! 15

---

സൂക്തം 49.

ബാലഖില്യസൂക്തം 1.

കണ്വപുത്രൻ പ്രസ്കണ്വൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

നീ ശോഭനധനനായ നിങ്ങളുടെ ഇന്ദ്രനെ, ഒരു ഗുരുവിനെയെന്നപോലേ പൂജിയ്ക്കുക: ഈ പുരുവസുവായ മഘവാവ് ആയിരക്കണക്കിലാണല്ലോ, സ്തോതാക്കൾക്കു കൊടുക്കുന്നത്! 1

ഈ ധൃഷ്ടകൻ നൂറുപടകളിൽ കേറും; ഹവിർദ്ദാതാവിന്റെ പാപം പോക്കും. ഈ ബഹുരക്ഷകന്റെ ധനങ്ങൾ, മേഘത്തിന്റെ തണ്ണീരുകൾപോലെ തുലോം പ്രീതികരങ്ങളാകുന്നു! 2

ഇന്ദ്ര, സ്തുതിസേവ്യ, വജ്രിൻ, ശൂര, പിഴിഞ്ഞ മദകരമായ സോമം ധനത്തിന്നായി, ചേരേണ്ടുന്നവനായ അങ്ങയെ, ജലം സരസ്സിനെയെന്നപോലെ നിറയ്ക്കുന്നു! 3

പാപരഹിതവും വർദ്ധകവും അതിസ്തുത്യവും മധുവിനെക്കാൾ മധുരവുമായ ഇതു ഭവാൻ കുടിച്ചാലും: മത്തുപിടിച്ചാൽ, പ്രധൃഷ്ടകനായ

---

15. അന്നദൻ—അന്നദാതാവാകുന്നു. വിണ്ണേറുവോൻ—സ്വർഗ്ഗപ്രാപകൻ. കടക്ക—ഞങ്ങളുടെ വയററിൽ പ്രവേശിച്ചാലും. നൃദർശി=മനുഷ്യദ്രഷ്ടാവ്.

സൂക്തം 49.

ബാലഖില്യസൂക്തം 1.

ഈ ബാലഖില്യസൂക്തം ഇടക്കാലത്ത് ആരോ എഴുതിച്ചേർത്തതാണെന്നേ ഊഹിച്ചുകൂടൂ: സായണാചാര്യർ ഇതിന്നു ഭാഷ്യം ചമച്ചിട്ടില്ലപോൽ. മൂലപുസ്തകത്തിൽ ചേർക്കപ്പെട്ടവ എന്ന ഗൌരവത്താൽമാത്രമാണ്, മുക്കാലും ശുഷ്കങ്ങളായ ഈ സൂക്തങ്ങൾ തർജ്ജമചെയ്തത്.

1. ഋഷി, തന്നോടുതന്നേ പറയുന്നു: നിങ്ങളുടെ—നിന്റെയും പുത്രാദികളുടെയും. പുരുവസു=വളരെധനമുള്ളവൻ. കൊടുക്കുന്നത്—ധനാദി.

3. ധനത്തിന്നായി—യഷ്ടാവിന്നു ധനം കിട്ടാൻ.

Digitized By Kerala Sahitya Akademi

അവിടുന്നു സ്വയം പാവങ്ങൾക്കെന്നപോലെ, ഞങ്ങൾക്കു ഫലം വിത
റുമല്ലോ! 4

അന്നവാനായ ഇന്ദ്ര, അവിടുന്നു ഞങ്ങളുടെ സോതാക്കളുടെ
സ്തോത്രത്തിലെയ്ക്കു്, ഒരു തെളിയ്ക്കപ്പെടുന്ന കുതിരപോലെ വന്നാലും:
കണ്വരുടെ തൃപ്തിജനകങ്ങളായ ദാനങ്ങളെ ഭവാൻ ആസ്വദിയ്ക്കാറു
ണ്ടല്ലോ! 5

വിവിധൈശ്വര്യനായ, അക്ഷയധനനായ വീരനെ ഞങ്ങൾ,
ഒരു മഹാബലനെയെന്നപോലെ വണങ്ങിക്കൊണ്ടു സമീപിയ്ക്കുന്നു:
വജ്രിൻ, ഇന്ദ്ര, വൃഷാവായ അവിടെയ്ക്കായി കൈവിരലുകൾ കിണർ
വെള്ളമെന്നപോലെ, (സോമനീർ) ഒഴുക്കുന്നു! 6

പൂജാപര, പുരുബലനായ അവിടുന്നു് ഇപ്പോൾ എവിടെയോ
ഏതു യജ്ഞത്തിലോ ഏതു മന്നിടത്തിലോ ആയിരിയ്ക്കുമോ, അവിടെ
നിന്നു കരുത്തേറിയ കുതിരകളിലൂടേ ഞങ്ങളുടെ യാഗത്തിൽ എഴുന്ന
ള്ളിയാലും! 7

തട്ടിനീക്കുന്നവയും, തമ്മിലിണങ്ങുന്നവയും, കാററുപോലെ പാ
യുന്നവയുമാണല്ലോ, അങ്ങയുടെ കുതിരകൾ: അവയിലൂടെയാണല്ലോ,
ഭവാൻ മനുഷ്യരിലണയുന്നതു്; അവയിലൂടെയാണല്ലോ, സ്വർഗ്ഗമെല്ലാം
തൃക്കൺപാർക്കുന്നതു്! 8

ഇന്ദ്ര, മഘവാവേ, അങ്ങു് മേധാതിഥിയെയും നീപാതിഥി
യെയും ധനംകൊണ്ടു രക്ഷിച്ചുവല്ലോ; അത്രത്തോളമേ, ഭവാൻെറ ഗോ
സമേതമായ സുഖം ഞങ്ങൾ യാചിയ്ക്കുന്നുള്ളു! 9

ഇന്ദ്ര, മഘവാവേ, നിന്തിരുവടി കണ്വനും, ത്രസദസ്യുവിന്നും
പക്ഥന്നും, ദശവ്രജന്നും, ഗോശര്യന്നും, ഋജിശ്വാവിന്നും മാടുകളെയും
പൊന്നും നല്കുകയുണ്ടായല്ലോ! 10

---

4. ഇതു—സോമം.

5. സോതാക്കൾ—സോമം പിഴിയുന്നവർ. ദാനങ്ങൾ—ഹവിസ്സുകൾ.

6. വീരനെ—ഇന്ദ്രനെ. മഹാബലനെയെന്നപോലെ—വലഞ്ഞവർ ഒരു വലിയ ആളുടെ അടുക്കൽ ചെല്ലുന്നതുപോലെ. കൈവിരലുകൾ—ഞങ്ങളുടെ.

8. തട്ടിനീക്കുന്ന—ശത്രുക്കളെ. തൃക്കൺപാർക്കുന്നതു്—തൃക്കൺപാർക്കാൻ സഞ്ചരിയ്ക്കുന്നതു്.

10. കണ്വൻ—എൻെറ അച്ഛൻ. ത്രസദസ്യു, പക്ഥൻ, ദശവ്രജൻ, ഗോശര്യൻ, ഋജിശ്വാവ് എന്നിവർ രാജാക്കന്മാരാകുന്നു.



Digitized By Kerala Sahitya Akademi

## സൂക്തം 50.

### ബാലഖില്യസൂക്തം 2.

കണ്വപുത്രൻ പുഷ്ടിഗു ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

നീ അഭീഷ്ടസിദ്ധിയ്ക്കു, വിളിപ്പെട്ട വിശിഷ്ടധനനായ ശക്രനെ പൂജിയ്ക്കുക: പിഴിയുന്നവന്നും പുകഴ്ത്തുന്നവന്നും സ്പൃഹണീയമായ സമ്പത്ത് ആയിരക്കണക്കിൽ നല്കുന്നവനാണല്ലോ, അവിടുന്ന്! 1

സോമരസം ലഹരിപിടിപ്പിച്ചാൽ, ഈ ഇന്ദ്രന്റെ ദുസ്തരങ്ങളായ മഹായുധങ്ങൾ — നൂറു വായ്ത്തലകളോടും നല്ല അന്നത്തോടും കൂടിയവ — പാലകമായ മേഘംപോലെ ഹവിർദ്ധനന്മാരെ പ്രീതിപ്പെടുത്തും! 2

വസോ, പിഴിഞ്ഞ സോമം ഈ അരുമപ്പെട്ട ഭവാനെ ലഹരി പിടിപ്പിയ്ക്കുന്നതെപ്പൊഴോ; അപ്പോൾ ഹവിർദ്ദാതാവിന്നു യജ്ഞം, തണ്ണീരുകൾപോലെയും, കറവപ്പൈക്കൾപോലെയും, സഫലീകരിയ്ക്കപ്പെടും! 3

നിങ്ങളുടെ കൈവിരലുകൾ രക്ഷാർത്ഥം ആ സ്തൂയമാനനായ അധൃഷ്യനായിട്ടാണല്ലോ, മധു പിഴിയുന്നത് വസോ, പുകഴ്ത്തപ്പെടുന്ന സോമം സ്തുതിപ്പാൻവേണ്ടി ഭവാനെ ചാരേ മുമ്പിൽ ഇരുത്തിയിരിയ്ക്കുന്നു! 4

നമ്മുടെ ശോഭനയജ്ഞത്തിൽ സോമം കുടിപ്പാൻ ഒരശ്വംപോലെ വരുന്ന തന്തിരുവടി (ശത്രുക്കളെ) നിഹനിയ്ക്കും. ഹേ ആസ്വാദനകുശല, സ്തോത്രങ്ങളെ ഭവാൻ ആസ്വദിയ്ക്കും. പൌരസ്തുതികളെ ഇച്ഛിയ്ക്കുന്നവനാണല്ലോ, അവിടുന്ന്! 5

---

## സൂക്തം 50.

### ബാലഖില്യസൂക്തം 2.

1. തന്നോടുതന്നെ പറയുന്നു:

2. നല്ല അന്നത്തോടും കൂടിയവ — ശോഭനാന്നപ്രദങ്ങളെന്നർത്ഥം. പ്രീതിപ്പെടുത്തും — ശത്രുക്കളെക്കൊന്ന്, അവരുടെ ധനം, മേഘം മഴപോലെ ചൊരിഞ്ഞുകൊടുത്തു സന്തോഷിപ്പിയ്ക്കും.

3. സഫലീകരിയ്ക്കപ്പെടും — ഭവാനാൽ.

4. പൂർവാർദ്ധം ഋത്വിക്കുകളോട്:

5. ഉത്തരാർദ്ധം ഇന്ദ്രനോട്:

Digitized By Kerala Sahitya Akademi

ഉഗ്രനും വേർതിരിയ്ക്കുന്നവനും ധനദാതാവും വിവിധൈശ്വര്യ
നമായ വീരനോടു ഞാൻ വലിയ മുതൽ യാചിയ്ക്കുന്നു: വജ്രിൻ, വെള്ള
മുള്ള കിണർപോലെ, ഹവിർദ്ദാതാവിനെ സദാ സമ്പത്തു നല്കി സമൃ
ദ്ധിപ്പെടുത്തുമല്ലോ, അവിടുന്ന്! 6

പൂജാപര, ഇന്ദ്ര, ഭവാൻ ഇപ്പോൾ ഏതു ദൂരത്തോ, ഏതു മന്നി
ലോ, വിണ്ണിലോ ആയിരിയ്ക്കുമോ; അവിടെനിന്നു, പെരിയ ഭവാൻ
പെരിയ ഹരികളെ പൂട്ടി വന്നുചേർന്നാലും! 7

ഭവാൻ ഏവയാൽ മനുഷ്യദ്രോഹിയെ നിലവിളിപ്പിയ്ക്കുമോ,
ഏവയാൽ സ്വർഗ്ഗത്തിലെങ്ങും സഞ്ചരിയ്ക്കുമോ; അങ്ങയുടെ ആ നിസ്സ
പത്നങ്ങളായ രഥാശ്വങ്ങൾ കാററിൻെറ കരുത്തു നേടിയവയാണല്ലോ! 8

വസോ, ശൂര, അവിടുന്നു കർത്തവ്യധനത്തിന്നായി ഏതശനെ
യും, പതിററണിയിൽ വശനെയും പരിരക്ഷിച്ചുവല്ലോ; ഇപ്രകാരമുള്ള
നിന്തിരുവടി സ്തുത്യനാണെന്നു ഞങ്ങൾക്കറിയാം! 9

മഘവാവേ, അവിടുന്ന് അഹിംസമായ യജ്ഞത്തിൽ ദീൎഘ
പ്രാപണനും ദാനപാനുമായ കണ്വനും ഗോശര്യനും കളിർവിഭവ
മുള്ള മേഘത്തെ കൊടുത്തുവല്ലോ; വജ്രിൻ, അപ്രകാരം എനിയ്ക്കും
തരിക! 10

---

## സൂക്തം 51.

### ബാലഖില്യസൂക്തം 3.

കണ്വപുത്രൻ ശ്രുഷ്ടിഗു ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, സംവരണപുത്രനായ മനുവിൻെറ പിഴിഞ്ഞ സോമം
ഭവാൻ നുകൎന്നുവല്ലോ; മഘവാവേ, അപ്രകാരം നീപാതിഥിയുടെയും

---

6. പൂൎവാൎദ്ധം പരോക്ഷം: വേർതിരിയ്ക്കുന്നവരും—പുണ്യപാപങ്ങളെ.
വീരൻ— ഇന്ദ്രൻ.

9. ഏതശൻ—ഋഷി. പതിററണി—പത്തു ശത്രുക്കളെമായുള്ള യുദ്ധം.
വശൻ—ഋഷി.

10. ദീൎഘപ്രാപണൻ—നീണ്ട (സ്വർഗ്ഗംവരെ) പ്രാപണത്തോടു(ഹവിസ്സെ
ത്തിയ്ക്കലോടു)കൂടിയവൻ, ഹവിസ്സു സ്വർഗ്ഗത്തിലെത്തിയ്ക്കുന്നവൻ. കളിർവിഭവം—
തണുപ്പിയ്ക്കുന്ന സമ്പത്ത്, വെള്ളം.

Digitized By Kerala Sahitya Akademi

മേധ്യാതിഥിയുടെയും പുഷ്ടിഗുവിൻെറയും ശ്രുഷ്ടിഗുവിൻെറയും സോമം ഒന്നിച്ച് (നുകൎന്നാലും)! 1

മുകളിൽ കിടന്നുറങ്ങിയിരുന്ന കിഴവനായ പ്രസ്കണ്വനെ പാഷ്ദ്വാണൻ ഉപദ്രവിച്ചു; അപ്പോഠം അങ്ങു രക്ഷിച്ചതിനാൽ, ആ ഋഷിദ്രോഹിയെ അരിഞ്ഞ് ആയിരമായിരം ഗോക്കളെ കൈക്കലാക്കിയല്ലോ! 2

ഇപ്പോഠം ഉക്ഥമോതുന്നവൻെറ ജ്ഞാനം ആർ അഭിനന്ദിയ്ക്കുന്നുവോ, ആർ ഋഷികളെ പ്രവൎത്തിപ്പിയ്ക്കുന്നുവോ; ആ ഇന്ദ്രനെക്കുറിച്ചു നീ, രക്ഷയ്ക്കായി ഒരു പ്രഭുവിനെക്കുറിച്ചെന്നപോലെ, ഒരതിനൂതനസ്തവം ചൊല്ലുക! 3

സപ്തകിരണനായി, ത്രിലോകപോഷകനായി, അത്യുൽകൃഷ്ടസ്ഥാനത്തു വൎത്തിയ്ക്കുന്ന സൂൎയ്യനെ (ആളുകഠം) ആൎക്കായി പൂജിച്ചുപോരുന്നുവോ, അദ്ദേഹം ജഗത്തുകളോടെല്ലാം ഗൎജ്ജിയ്ക്കും; ഉടൻതന്നെ കരുത്തും കാട്ടും! 4

നമുക്കു ധനം തരാൻ ഇന്ദ്രനെ നാം വിളിയ്ക്കുക: നമുക്കറിയാമല്ലോ, തൻെറ അതിനൂതനമായ നന്മനസ്സ്. നാം പൈത്തൊഴുത്തു നേടുമാറാകട്ടെ! 5

വസോ, ഇന്ദ്ര, ആരോടു ധനദാനം അവിടുന്നു കല്പിയ്ക്കുമോ, അവന്നു സമ്പത്തു വൎദ്ധിച്ചുവരും. അതിനാൽ, സ്തുതിസേവ്യനായ മഘവാവേ, ഞങ്ങഠം സോമം പിഴിഞ്ഞ്, അങ്ങയെ വിളിയ്ക്കുന്നു. 6

---

സൂക്തം 51.

ബാലഖില്യസൂക്തം 3.

2. പാഷ്ദ്വാണൻ—ശത്രുവിൻെറ പേർ. അരിഞ്ഞ്—ഹനിച്ച്.

3. തന്നോടുതന്നെ: പ്രഭുവിനെക്കുറിച്ചെന്നപോലെ—ഒരു ദരിദ്രൻ ധനികനെക്കുറിച്ചെന്നപോലെ.

4. അദ്ദേഹം—ഇന്ദ്രൻ. ഗൎജ്ജിയ്ക്കും—ഇടിമുഴക്കും, ഹിതമുപദേശിയ്ക്കും; കേഠക്കാഞ്ഞാൽ കരുത്തും കാട്ടും—ആളുകളെ ദാരിദ്ര്യാദിയാൽ ശിക്ഷിയ്ക്കുകയും ചെയ്യും.

5. തൻെറ—അദ്ദേഹത്തിൻെറ. അതിനൂതനം—അസാധാരണമെന്നൎത്ഥം.

6. അങ്ങ് ആരെക്കൊണ്ടു ധനദാനം ചെയ്യിയ്ക്കുമോ, അവന്ന് ആ ദാനത്താൽ സമ്പത്തു വൎദ്ധിച്ചുവരും.

Digitized By Kerala Sahitya Akademi

ഇന്ദ്ര, മഘവാവേ, ദാനം തീർച്ചയായും വെക്കം വർദ്ധിച്ചു, ദേവനായ ഭവാന്റെ സന്നിധിയിൽ വന്നുചേരും: ഹവിസ്സാതാവിനോടു ഭവാൻ ഒരിയ്ക്കലും പിണങ്ങില്ല; ഇണങ്ങുകയേ ചെയ്യൂ! 7

ശുഷ്ണൻ വലുപ്പംവെച്ച് ആ വിണ്ണിനെ വീർപ്പുമുട്ടിയ്ക്കുകയും, അതിനാൽ തീ പുറപ്പെടുകയും ചെയ്തതെപ്പോഴോ, അപ്പോഠം അവിടുന്ന് അവനെ ബലേന ആയുധങ്ങഠംകൊണ്ടരിഞ്ഞു നിലവിളിപ്പിച്ചു, നീളെ വിളിപ്പെട്ടു! 8

ഈ മുടിയ്ക്കുന്ന, നിധികഠം കാക്കുന്ന അസുരക്കൂട്ടം തന്റെ ശത്രുവാകുന്നു: ആ കെട്ടവർഗ്ഗത്തിനുനേരേ, അവിടുന്നു മറഞ്ഞുനിന്നു ചക്രമെറിയും. അങ്ങയ്ക്കുതന്നെ, ആ ധനം! 9

മഴ പൊഴിയ്ക്കുന്ന മധുമാനായ പൂജനീയനെ മേധാവികഠം തെരുതെരെ പൂജിയ്ക്കുന്നു: 'ഞങ്ങഠംക്കു സമ്പത്തു വർദ്ധിയ്ക്കട്ടെ; സന്താനോല്പാദനശക്തിയുണ്ടാകട്ടെ; ഞങ്ങഠം സോമം പിഴിയുമാറാകട്ടെ!' 10

---

### സൂക്തം 52.

### ബാലഖില്യസൂക്തം 4.

കണ്വപുത്രൻ ആയുമൃഷി; ഛന്ദോദേവതകഠം മുമ്പേത്തവ.

ശക്ര, നിന്തിരുവടി എപ്രകാരം വൈവസ്വതമനുവിങ്കൽ സോമനീർ നുകർന്നുവോ, എപ്രകാരം ത്രിതങ്കൽ അരുമറ കൈക്കൊള്ളുന്നുവോ; അപ്രകാരം ആയുവിങ്കലും ഒപ്പം ഇമ്പപ്പെടുത്തുന്നു! 1

---

7. ദാനം—ഹവിരപ്പണം.

8. അതിനാൽ—വീർപ്പുമുട്ടിച്ചതിനാൽ.

9. അന്തിമവാക്യം പ്രത്യക്ഷം: ആ ധനം—അസുരന്മാർ കാത്ത നിധികഠം. അവരൊക്കെ ചക്രത്താൽ വധിയ്ക്കപ്പെട്ടുമല്ലോ.

10. മധുമാൻ—അമൃതോടുകൂടിയവൻ. ഞങ്ങഠംക്ക് എന്നു തുടങ്ങിയ വാക്യങ്ങഠം മേധാവികളുടെ പ്രാർത്ഥനകളാകുന്നു.

സൂക്തം 52.

ബാലഖില്യസൂക്തം 4.

1. മനുവിങ്കൽ—മനുവിന്റെ അടുക്കൽ. അരുമറ=വേദം. ആയുവിങ്കലും—എന്റെ അടുക്കലും, സോമനീർ നുകർന്നും, അരുമറ കൈക്കൊണ്ടും, എന്നെയും അങ്ങയെയും ഒപ്പം ഇമ്പപ്പെടുത്തുന്നു.

Digitized By Kerala Sahitya Akademi

ഇന്ദ്ര, നിന്തിരുവടി സോമം പിഴിഞ്ഞ വൃഷധ്രുകലും, മേധ്യ കലും, മാതരിശ്വാവികലും, ദശശിപ്രകലും, ദശോണ്യകലും, സ്യൂമരശ്മിയികലും, ഋജ്ജ്രാനസ്സികലും ഉമ്പപ്പെട്ടകയുണ്ടായല്ലോ! 2

സ്വകീയങ്ങളായ ഉക്ഥങ്ങൾ കേൾക്കകയും, കീഴമത്തു സോമം കുടിയ്ക്കുകയും ചെയ്യുമല്ലോ, അവിടുന്ന്; അവിടെയ്ക്കുവേണ്ടിയാണല്ലോ, വിഷ്ണു മിത്രധമ്മോപേതനായിട്ട മൂന്നടികൊണ്ടളന്നത്! 3

ഇന്ദ്ര, ബലവാനേ, ശതക്രതോ, അവിടുന്നു യഷ്ടാവിൻെറ സ്തോത്രത്താലും അന്നത്താലും സംതൃപ്തനാകുമല്ലോ; ആ അങ്ങയ്ക്ക് അന്നേച്ഛുക്കളായ ഞങ്ങൾ, ഒരു പയ്യിന്നു കറവുകാർപോലെ, ഹവിസ്സർപ്പിയ്ക്കുന്നു. 4

കരുത്തനും ഐശ്വൎയ്യകരനും മഹാനുമായ മഘവാവു നമുക്കു സ്വത്തു തരുന്ന ഒരച്ഛനാണ്; ദൃഷ്ടകൽ ഉഗ്രനായ ഒരു പുരുധനൻ നമുക്കു ഗോക്കളെയും അശ്വങ്ങളെയും തന്നരുളട്ടെ! 5

വസോ, ഭവാൻ ആൎക്കു ദാതവ്യം നല്കുമോ, അവനു സമ്പത്തു വൎദ്ധിച്ചുവരും. അതിനാൽ, ധനകാമരായ ഞങ്ങൾ ധനപാലകനായ ശതക്രതുവിനെ, ഇന്ദ്രനെ, സ്തോത്രങ്ങൾകൊണ്ടു വിളിയ്ക്കുന്നു. 6

അങ്ങയ്ക്കു പ്രമാദം പാററില്ല; രണ്ടു ജന്മം അവിടുന്നു പാലിയ്ക്കുന്നു. ആദിത്യ, തുരീയ, നിന്തിരുവടിയുടെ ഐന്ദ്രമണ്ഡലം അനശ്വരമായി വാനത്തു വൎത്തിയ്ക്കുന്നു! 7

ഇന്ദ്ര, മഘവാവേ, സ്തുതിസേവ്യ, ശാസിതാവേ, വസോ, നിന്തിരുവടി യാതൊരു ഹവിൎദ്ദാതാവിന്നു കല്പിച്ചുകൊടുക്കുമോ, അദ്ദേഹത്തിൻെറ ഞങ്ങളുടെ നല്ല സ്തുതി, അവിടുന്നു കണ്വൻെറ വിളി കേട്ടതുപോലെ കേട്ടാലും! 8

---

2. വൃഷധ്രുാദികൾ ഋഷിമാരത്രേ.

3. കീഴമത്തു—ശത്രുക്കളെ. മിത്രധമ്മോപേതനായിട്ട്—മിത്രൻെറ, സൂൎയ്യൻെറ, ധൎമ്മങ്ങളോടേ, ഉദയാസ്തമയവ്യാപാരങ്ങളോടേ. അളന്നത്—മൂവുലകം.

4. പയ്യിന്നു കറവുകാർ തീററ കൊടുക്കുന്നതുപോലെ, അങ്ങയ്ക്കു ഞങ്ങൾ ഹവിസ്സർപ്പിയ്ക്കുന്നു.

6. ദാതവ്യം=ദേയം, ധനാദി. ഉത്തരാൎദ്ധം പരോക്ഷം:

7. ഇന്ദ്രൻെറ സൂൎയ്യരൂപത്വം: രണ്ടു ജന്മം—അദിതിയിൽനിന്ന് ഇന്ദ്രനായും, ബ്രഹ്മവിദ്യയിൽനിന്നു ജഗദാത്മാവായുമുള്ള ജനനങ്ങൾ. തുരീയ—മൂന്നവസ്ഥകളുടെയും മീതെ മേവുന്ന പ്രത്യഗാത്മാവേ.

8. കൊടുക്കുമോ—അഭീഷ്ടം. അദ്ദേഹത്തിൻെറ—തദീയരായ,

Digitized By Kerala Sahitya Akademi

മുമ്പു ചൊല്ലപ്പെട്ടിരുന്ന മനനീയമായ സ്തോത്രം നിങ്ങൾ ഇന്ദ്രന്നായി പാടുവിൻ: ഇന്ദ്രന്റെ വളരെ മഹാരൂപങ്ങളെ സ്തുതിച്ചവരും, സ്തോതാവിന്നു മേധയുണ്ടാക്കിയവരുമാണല്ലോ, നിങ്ങൾ. 9

ഇന്ദ്രൻ വമ്പിച്ച സമ്പത്തുളവാക്കി; ദ്യാവാപൃഥിവികളെ ശരിയ്ക്കു നിർമ്മിച്ചു; സൂര്യനെ പ്രകാശിപ്പിച്ചു. തന്തിരുവടിയെ വിളങ്ങുന്ന തെളിതണ്ണീരുകൾ മത്തുപിടിപ്പിച്ചു—പാൽ പകന്ന സോമനീർ മത്തുപിടിപ്പിച്ചു! 10

സൂക്തം 53.

ബാലഖില്യസൂക്തം. 5.

കണ്വപുത്രൻ മേധ്യൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ധനവാന്മാർക്കുപമാനഭൂതൻ, വൃഷാക്കളിൽ ശ്രേഷ്ഠൻ, പുരികൾ പെരികെപ്പിളൎത്ത ഗോക്കളെ കിട്ടിച്ചവൻ—ഇങ്ങനെയുള്ള ഈ ശൂരനായ ഭവാനോടു മഘവാവേ, ഇന്ദ്ര, ഞങ്ങൾ സമ്പത്തു യാചിയ്ക്കുന്നു. 1

നാളിൽ നാളിൽ വളരുന്ന നിന്തിരുവടി ആയുവിനെയും കുത്സനെയും അതിഥിഗ്വനെയും വലയ്ക്കുകയാണല്ലോ; ആ ഹര്യശ്വനായ, ശതക്രതുവായ നിന്തിരുവടിയെ അന്നകാമരായ ഞങ്ങൾ വിളിച്ചുകൊള്ളുന്നു. 2

ദൂരത്തുള്ളവയും ചാരത്തുള്ളവയും ആളുകളുടെ ഇടയിൽ പിഴിയപ്പെട്ടുവല്ലോ; ആ മാമലയിൽപ്പിറന്നവയായ നമ്മുടെയെല്ലാം സോമങ്ങൾ മധുരരസം ഒഴുക്കട്ടെ! 3

---

9. ഋത്വിക്കുകളോട്: മഹാരൂപങ്ങൾ—ഗുണാവതാരങ്ങൾ. സ്തോതാവിന്ന്—എനിയ്ക്ക്.

10. തണ്ണീരുകൾ—സോമത്തിൽ ചേർക്കുന്ന ഇരുതരം ജലങ്ങൾ; വസതീവരി, ഏകധനം, എന്നത്രേ അവയുടെ പേരുകൾ.

സൂക്തം 53.

ബാലഖില്യസൂക്തം 5.

2. വളരുന്ന—സ്തുതികൊണ്ട് വലയ്ക്കുക—അവർ 'മതി, മതി' എന്നു വിലക്കിയാലും, വീണ്ടും അഭീഷ്ടങ്ങൾ നല്കി നല്കി ക്ലേശിപ്പിയ്ക്കുക.

3. പരോക്ഷം: ആളുകൾ—യജമാനർ. ഒഴുക്കട്ടെ—ഇന്ദ്രന്നായി.

Digitized By Kerala Sahitya Akademi

നിന്തിരുവടി ദ്രോഹികളെയെല്ലാം ആട്ടിപ്പായിയ്ക്കുക; രക്ഷി
യ്ക്കുക; പുകൾപ്പെടുത്തുക. എല്ലാവരും തരട്ടേ, പണം! ആരുടെ സോ
മത്താൽ അങ്ങ് സംതൃപ്തിയടയുന്നുവോ, ആ സജ്ജനങ്ങളുടെ സോമ
രസം അങ്ങയെത്തന്നെ മത്തുപിടിപ്പിയ്ക്കട്ടെ! 4
ഇന്ദ്ര, ശോഭനബന്ധോ, സുഖപ്രദാതാവേ, ശോഭനബന്ധു
ക്കളായ, സുഖപ്രദങ്ങളായ, അനുഗ്രഹാന്വിതങ്ങളായ പ്രിയരക്ഷകളോ
ടേ നിന്തിരുവടി ഞങ്ങളുടെ അരികിൽ എഴുന്നള്ളിയാലും! 5
പോരിൽജ്ജയിയ്ക്കുന്ന, ആളുകളെയെല്ലാം കീഴിൽ നിർത്തുന്ന,
ശിഷ്ടരെ പാലിയ്ക്കുന്ന ധനം നിന്തിരുവടി കിടാങ്ങൾക്കരുളിയാലും:
യാവചിലർ അങ്ങയ്ക്കായി സ്തുതിച്ചുകൊണ്ടു കർമ്മം ഇടവിടാതെ അനു
ഷ്ഠിയ്ക്കുന്നുവോ, അവരെ കല്പിച്ചുവളർത്തിയാലും! 6
അങ്ങ് കാത്തരുളുമെന്നാറ്റപ്പുള്ള ഞങ്ങൾ യുദ്ധങ്ങളിൽ ഭവദീ
യരായിത്തീരണം! ഹവിഷ്മാന്മാരായ ഞങ്ങൾ ദേവന്മാരെ വിളിയ്ക്കുന്ന
സ്തോത്രങ്ങൾകൊണ്ടു വിളിച്ചുകൊള്ളുന്നു 7
ഹര്യശ്വ, എന്നും അങ്ങയുടെ രക്ഷകളോടുകൂടിയാണല്ലോ,
അന്നകാമനായ ഞാൻ അന്നത്തിന്നായി യുദ്ധത്തിലിറങ്ങാറുള്ളത്;
ഗോക്കളെയും അശ്വങ്ങളെയും കൊതിയ്ക്കുന്ന ഞാൻ മർത്ത്യരുടെ മുമ്പിൽ
അങ്ങയോടുതന്നേ ചേർന്നുനില്ക്കും! 8

---

## സൂക്തം 54.

### ബാലഖില്യസൂക്തം 6.

കണ്വപുത്രൻ മാതരിശ്വാവ് ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, അങ്ങയുടെ വീര്യം യാവചില സ്തുതികാരന്മാർ പുകഴ്ത്തി
പ്പാടുമോ, ആ സ്തോതാക്കൾക്ക് അന്നം കിട്ടും; ആ പൌരന്മാർ കൈ
വിരലുകൾകൊണ്ടു പൈക്കളെയും മറവും കറക്കും! 1

---

4. ദ്രോഹികളെ—ഞങ്ങളെ ദ്രോഹിയ്ക്കുന്നവരെ. തരട്ടേ—ഞങ്ങൾക്ക്.
5. ശോഭനബന്ധുക്കൾ—നല്ല ബന്ധുക്കളോടുകൂടിയവ.
6. കിടാങ്ങൾ—ഞങ്ങളുടെ കുഞ്ഞുങ്ങൾ. അവരെ—ഞങ്ങളെ.
7. വിളിച്ചുകൊള്ളുന്നു—അങ്ങയെ.
8. മർത്ത്യരുടെ മുമ്പിൽ—ശത്രുക്കൾ പീഡിപ്പിയ്ക്കുമ്പോൾ എന്നർത്ഥം.

സൂക്തം 54.

ബാലഖില്യസൂക്തം 6.

1. ആ പൌരന്മാർക്കു കറവുപൈക്കളെയും മറവും കിട്ടും.

Digitized By Kerala Sahitya Akademi

അവിടുന്നു യാവചിലരുടെ സോമനീരിനാൽ ലഹരിക്കൊള്ളുന്നുവോ, ആ സൽക്കർമ്മികൾ രക്ഷയ്ക്കു് ഇന്ദ്രനായ ഭവാങ്കലണയുന്നു. ഇന്ദ്ര, സംവർത്തങ്കലും കൃശങ്കലും ഭവാൻ ലഹരിക്കൊണ്ടുവല്ലോ; അതുപോലെ ഞങ്ങളിലും ലഹരിക്കൊള്ളുക! 2

ദേവകളെല്ലാം ഒന്നിച്ചു ഞങ്ങളുടെ അടുക്കൽ എഴുന്നള്ളട്ടെ; വസുക്കളും രുദ്രന്മാരും ഞങ്ങളെ രക്ഷിപ്പാൻ വന്നെത്തട്ടെ; മരുത്തുക്കൾ വിളി കേൾക്കട്ടെ! 3

പൂഷാവും വിഷ്ണുവും സരസ്വതിയും എന്റെ വിളി ചെവിക്കൊള്ളട്ടെ; ഏഴുനദികൾ, ജലദേവതകൾ, വായു, ഗിരികൾ, വനസ്പതികൾ, പൃഥിവി എന്നിവരും വിളി കേൾക്കട്ടെ! 4

ഇന്ദ്ര, മഘവത്തമ, അങ്ങയ്ക്കുണ്ടല്ലോ, മഘവാവിന്റേതായ ധനം; വൃത്രഹന്താവേ, അതു ഞങ്ങൾക്കു തന്നു സമൃദ്ധി വരുത്തുവാൻ, ഒപ്പം മത്തുപിടിപ്പിയ്ക്കേണ്ടുന്ന ഭജനീയനായ ഭവാൻ മനസ്സുവെച്ചാലും! 5

യുദ്ധപതേ, നേതൃപതേ, സുകർമ്മാവേ, സ്തുതിയോടൊപ്പം അമരേത്തു കഴിയ്ക്കുന്ന തിരുമേനിതന്നെയാണല്ലോ, ഞങ്ങളെ പടയ്ക്കിറക്കുന്നത്. ദേവന്മാരെ ഊട്ടുന്നതിനാലാണ്, ഹവിഷ്മാന്മാർ കേൾവിപ്പെടുന്നത്! 6

സ്വാമിയായ ഇന്ദ്രങ്കലാണല്ലോ, ആളുകൾ ഹവിസ്സർപ്പിയ്ക്കുന്നത്: മഘവാവേ, ഞങ്ങളുടെ അരികിൽ വരിക; രക്ഷയ്ക്കായി ധാരാളം അന്നം തരിക! 7

ഇന്ദ്ര, ഞങ്ങൾ അങ്ങയുടെയും അങ്ങ് ഞങ്ങളുടെയുമാകുന്നു: ശതക്രതോ, ഞങ്ങൾ സ്തോത്രങ്ങൾകൊണ്ടു പരിചരിയ്ക്കാം. നിന്തിരുവടി കണ്വപുത്രന്നു മഹത്തും ബൃഹത്തും ഉപഭോഗ്യവും ലജ്ജിയ്ക്കേണ്ടാത്തതുമായ ധനം തന്നുകൊണ്ടിരുന്നാലും! 8

---

2. സംവർത്തനും, കൃശനും, രണ്ടു് ഋഷിമാർ. ലഹരിക്കൊണ്ടു—സോമം കുടിച്ചു്.

5. മഘവത്തമ=അതിധനവാനേ.

6. നേതൃപതേ—സൈനികപാലക. അമരേത്തു്—ഹവിർഭോജനം.

7. ഒന്നാംവാക്യം പരോക്ഷം:

8. കണ്വപുത്രന്നു്—എനിയ്ക്കു്. ലജ്ജിയ്ക്കേണ്ടാത്തതു്—ന്യായലബ്ധം.



Digitized By Kerala Sahitya Akademi

## സൂക്തം 55.

### ബാലഖില്യസൂക്തം 7.

കണ്വപുത്രൻ കൃശൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; പ്രസ്കണ്വദാനം ദേവത.

ശക്രന്റെ വീര്യം വളർന്നതന്നെ ചുററും വ്യാപിയ്ക്കുന്നുണ്ടെന്നു ഞാൻ അറിഞ്ഞിരിയ്ക്കുന്നു. ശത്രുകർത്തന, ഭവാന്റെ ധനം ദസ്യുനിധനത്തിന്നുതകട്ടെ! 1

നൂറു വെള്ളക്കാളകൾ വാനത്തു നക്ഷത്രങ്ങൾപോലെ തിളങ്ങുന്നു; മഹത്ത്വത്താൽ ദ്യോവിങ്കലെന്നപോലെ വ്യാപിയ്ക്കുന്നു! 2

നൂറോടമുള, നൂറു നായ്ക്കൾ, നൂറു മിനുസത്തോലുകൾ, നൂററുദർഭപ്പുല്ലുകൾ, നാനൂറു പൈക്കൾ എന്നിവ എനിയ്ക്കു (നല്കപ്പെട്ടു). 3

കണ്വഗോത്രക്കാരേ, നിങ്ങൾ പക്ഷികൾപോലെ പാറുന്ന നല്ല ദേവന്മാരായിരിയ്ക്കുന്നു; അശ്വങ്ങൾപോലെ ചുററിനടക്കുവിൻ! 4

ഉടൻതന്നേ, അത്യുന്നതനായ സാപ്തന്റെ പെരിയ യശസ്സ് അപ്രാപ്യമായിച്ചമഞ്ഞു: മാർഗ്ഗഭ്രഷ്ടൻ കരുമ്പിപ്പൈക്കളെ ഒന്നു നോക്കാൻപോലും ആളാകില്ല! 5

---

## സൂക്തം 55.

### ബാലഖില്യസൂക്തം 7.

1. ശക്രന്റെ—പ്രസ്കണ്വന്റെ. രണ്ടാംവാക്യം പ്രത്യക്ഷം: ശത്രുകർത്തന—ശത്രുക്കളെ അരിയുന്ന പ്രസ്കണ്വ.

2. കാളകൾ—ഭവാൻ എനിയ്ക്കു തന്നവ. ദ്യോവിങ്കലെന്നപോലെ—നക്ഷത്രങ്ങൾ ആകാശത്തെന്നപോലെ, ഇവ ഭൂമിയിൽ വ്യാപിയ്ക്കുന്നു.

3. മിനുസത്തോലുകൾ—ഊറയ്ക്കിട്ട ആട്ടിൻതോലും മററും. ആററുദർഭ—ഒരുതരം പുല്ല്. നല്കപ്പെട്ടു—പ്രസ്കണ്വനാൽ.

5. സാപ്തൻ—കണ്വഗോത്രത്തിലെ ഒരൃഷി. അപ്രാപ്യം—മററാർക്കും കിട്ടാത്തത്. മാർഗ്ഗഭ്രഷ്ടൻ—ധർമ്മത്തിൽനിന്നധഃപതിച്ചവൻ. ധർമ്മനിരതന്നേ കരുമ്പിപ്പൈക്കളെ കിട്ടൂ.

Digitized By Kerala Sahitya Akademi

സൂക്തം 56.

ബാലഖില്യസൂക്തം 8.

കണ്വപുത്രൻ പൃഷധ്രൻ ഋഷി; ഗായത്രിയും പംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രനും അഗ്നിസൂര്യന്മാരും ദേവതകൾ.

അരികളെ അരിയുന്നവനേ, ഭവാന്റെ പ്രഗല്ഭമായ ധനം കൊള്ളക്കാരനിണങ്ങാത്തതായിട്ടേ കണ്ടിട്ടുള്ളു: വിണ്ണുപോലെ വിശാലമാണ്, ഭവാന്റെ ബലം! 1

അദിതിപുത്ര, അനശ്വരനായ അവിടുന്ന് എനിയ്ക്കുവേണ്ടി പതിനായിരം കൊള്ളക്കാരെ അരിഞ്ഞുവല്ലോ; അവർ ധനം (എനിയ്ക്കു) വിട്ടുതന്നു— 2

നൂറു കഴുതകൾ; നൂറു ചെമ്മരിയാടുകൾ; നൂറു ദാസന്മാർ; മികച്ച മാലകൾ. 3

ഒരശ്വക്കൂട്ടത്തെ വിവിധഗമനൻ അവിടെ അദിതിയ്ക്കും കൊണ്ടുകൊടുത്തു. 4

സ്വയം സഞ്ചരിയ്ക്കുന്ന ഹവ്യവാഹനായ അഗ്നി യഷ്ടാവിനെ അറിയുന്നു: ആ മഹാൻ തെളിഞ്ഞ തേജസ്സോടേ പ്രേരകനായി (രാത്രിയിൽ ഭൂവിൽ) വിളങ്ങുന്നു; (പകൽ) സൂര്യൻ ദ്യോവിൽ വിളങ്ങുന്നു. 5

---

സൂക്തം 56.

ബാലഖില്യസൂക്തം 8.

1. പ്രഗല്ഭം—ശത്രുവധത്തിൽ പ്രഗല്ഭം. ഇണങ്ങാത്തത്—തട്ടിയെടുത്താലും, ഉപകാരപ്പെടാത്തത്.

2. വിട്ടുതന്നു—അങ്ങയെപ്പേടിച്ച്.

3. എന്തൊക്കെ വിട്ടുതന്നു എന്ന്:

4. വിവിധഗമനൻ—നാനാദേശസഞ്ചാരിയായ ഇന്ദ്രൻ. അവിടെ—സ്വർഗ്ഗത്തിൽ.

5. പ്രേരകനായി—ലോകത്തെ വ്യാപരിപ്പിച്ചുകൊണ്ട്.

Digitized By Kerala Sahitya Akademi

## സൂക്തം 57.

### ബാലഖില്യസൂക്തം 9.

കണ്വപുത്രൻ മേധ്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

യജനീയരായ ദേവന്മാരേ, മുമ്പു കനിഞ്ഞ നിങ്ങൾക്കുണ്ടല്ലോ, കരുത്തുള്ള തേർക്കുതിരകൾ: നാസത്യരേ, നിങ്ങൾ അനുഗ്രഹിപ്പാൻ ഈ മൂന്നാം സവനത്തിൽ വരുവിൻ, കുടിയ്ക്കുവിൻ! 1

അശ്വികളേ, സത്യരായ നിങ്ങളെയും, മുപ്പത്തിമൂന്നു ദേവന്മാരെയും ശരിയ്ക്ക യജ്ഞത്തിന്റെ മുമ്പിൽ കാണാം. അതിനാൽ, ജരാഗ്നി കത്തുന്ന നിങ്ങൾ ഞങ്ങളുടെ സവനത്തിലെഴുന്നള്ളി, സോമം കുടിച്ചാലും! 2

അശ്വികളേ, സ്തുത്യംതന്നെ, നിങ്ങൾ ചെയ്തുവെച്ചത്: വാനിൽനിന്നു മന്നിലെയ്ക്കു വെള്ളം വർഷിയ്ക്കപ്പെടുന്നുണ്ടല്ലോ. ഗോക്കളെ തിരയാൻ ഒരായിരം യജ്ഞങ്ങൾ (ആരംഭിച്ചു); അവയിലെല്ലാററിലും നിങ്ങൾ വന്നിരുന്നു, പാനത്തിന്ന്! 3

യജനീയരേ, നാസത്യരേ, ഇതാ, നിങ്ങൾക്കുള്ള ഭാഗം വെച്ചിരിയ്ക്കുന്നു: ഈ സ്തോത്രങ്ങളിൽ വന്നുചേരുവിൻ; മധുരമായ സോമം നുകരുവിൻ; ഞങ്ങളുടെ ഹവിർദ്ദാതാവിനെ ഇഷ്ടദാനങ്ങൾകൊണ്ടു രക്ഷിയ്ക്കുവിൻ! 4

---

## സൂക്തം 57.

### ബാലഖില്യസൂക്തം 9.

1. കുടിയ്ക്കുവിൻ—സോമം.

2. സത്യർ=യഥാർത്ഥഭൂതർ.

3. വർഷിയ്ക്കപ്പെടുന്നുണ്ടല്ലോ—നിങ്ങളുടെ അച്ഛനായ സൂര്യനാൽ. ആരംഭിച്ചു—അംഗിരസ്സുകൾ. പാനത്തിന്ന്—സോമം കുടിപ്പാൻ.

4. ഭാഗം—സോമാംശം. ഹവിർദ്ദാതാവിനെ—യജമാനനെ,

Digitized By Kerala Sahitya Akademi

## സൂക്തം 58.

### ബാലഖില്യസൂക്തം 10.

ഋഷിച്ഛന്ദസ്സുകരം മുമ്പേത്തവ; വിശേദേവകരം ദേവത.

സമാനപ്രജ്ഞരായ ഋത്വിക്കുകളാണല്ലോ, ഈ യജ്ഞം പല പ്രകാരത്തിലേപ്പെട്ടത്തി നടത്തുന്നത്: അനൂചാനനായ ബ്രാഹ്മണൻ മനസ്സിരുത്തുമ്പോരം, യഷ്ടാവിന്നെന്തുള്ളു, നിരൂപിപ്പാൻ? 1

ഒരഗ്നി ബഹുപ്രകാരേണ സമുജ്ജ്വലിയ്ക്കുന്നു; ഒരു സൂര്യൻ ഉലകിലെങ്ങും ഉരംപ്പുക്കടിയ്ക്കുന്നു; ഒരുഷസ്സ് ഇതിനെയൊക്കെ പ്രകാശിപ്പിയ്ക്കുന്നു. ഒന്നുതന്നെയാണ്, ഇതൊക്കെയുമായിച്ചമഞ്ഞത്! 2

തേജസ്വിയും, പ്രജ്ഞായുക്തനും, ത്രിലോകസഞ്ചാരിയും, ഗമനശീലനും, സുഖാത്മകനും, സ്വത്രുപസ്ഥിതനുമായി, നിങ്ങളെക്കാരം മീതെയായ ആ സവ്വവരേണ്യനെ പാനത്തിന്നു ഞാൻ വിളിയ്ക്കുന്നു: തന്തിരുവടിയുമായിച്ചേന്നാലാണല്ലോ, വിചിത്രധനയായ (ലക്ഷ്മി) വെളിപ്പെട്ടുക! 3

---

## സൂക്തം 59.

### ബാലഖില്യസൂക്തം 11.

കണ്വഗോത്രൻ സുപണ്ണൻ ഋഷി; ജഗതി ഛന്ദസ്സ്; ഇന്ദ്രാവരുണന്മാർ ദേവത.

ഇന്ദ്രാവരുണന്മാരേ, ഈ പക്വകരം നിങ്ങളിലെത്താൻ കൊതിയ്ക്കുന്നു. അതിനാൽ ഞാൻ സോമം പിഴിഞ്ഞു നിങ്ങളെ പൂജിയ്ക്കുന്നു:

---

**സൂക്തം 58.**

**ബാലഖില്യസൂക്തം 10.**

1. അനൂചാനൻ—വേദ-വേദാംഗങ്ങരം പഠിച്ചവൻ. എന്തുള്ളു—ബ്രാഹ്മണൻ (ഋത്വിക്ക്) എല്ലാം ശരിയ്ക്കു നടത്തിക്കൊള്ളും.

2. ഒന്നു—ബ്രഹ്മം.

3. പ്രത്യക്ഷോക്തി: നിങ്ങരം—വിശേദേവകരം. ആ സവ്വവരേണ്യനെ—പരമാത്മാവിനെ. പാനത്തിന്നു—സോമം കുടിപ്പാൻ.

Digitized By Kerala Sahitya Akademi

നിങ്ങൾ യജ്ഞത്തിൽ യജ്ഞത്തിൽ സവനങ്ങൾക്കു വരാറുണ്ടല്ലോ;
പിഴിഞ്ഞ യഷ്ടാവിന്നു നല്ലാറുമുണ്ടല്ലോ! 1

ഇന്ദ്രാവരുണന്മാരേ, നിങ്ങളുടെ ഏർപ്പാടാലാണ്, അതിശോഭനങ്ങളായ സസ്യങ്ങളും ജലങ്ങളും പെരുമ നേടുന്നത്. നിങ്ങൾ അന്തരിക്ഷപഥത്തിന്റെ അപ്പുറത്തു സഞ്ചരിയ്ക്കുന്നു; ഒരസുരനുമുണ്ടെന്നു തോന്നുന്നില്ല, നിങ്ങളെ എതിക്കാൻ! 2

ഇന്ദ്രാവരുണന്മാരേ, നിങ്ങളെ സപ്തവാണികൾ കൃശന്റെ മധുരരസത്താൽ സംതൃപ്തരാക്കി എന്നതു സത്യമാണല്ലോ. അവകൊണ്ടുതന്നെ, ഉദകപാലകരായ നിങ്ങൾ ഹവിർദ്ദാതാവിനെ രക്ഷിയ്ക്കുവിൻ: ഇദ്ദേഹം അഹിംസിതനായിട്ടു, നിങ്ങളെ സശ്രദ്ധം ശുശ്രൂഷിയ്ക്കുന്നുണ്ടല്ലോ! 3

ഇന്ദ്രാവരുണന്മാരേ, സോമരസമൊഴുക്കുന്ന സോമാംശകളായ, ക്ഷിപ്രപ്രദാനകളായ ഏഴുവാണികളുണ്ടല്ലോ, യാഗശാലയിൽ: ഇവ നിങ്ങൾക്കു നൈ തൂകുന്നു; അതിനാൽ, നിങ്ങൾ യഷ്ടാവിനെ പുലർത്തുവിൻ, കൊടുക്കുവിൻ! 4

ഇന്ദ്രാവരുണന്മാരേ, തേജസ്വികളായ നിങ്ങളുടെ സത്യവും ഈ ശരീരദ്യോതകവുമായ മഹിമാവിനെ ഞങ്ങൾ വലിയ സൌഭാഗ്യത്തിന്നായി വർണ്ണിയ്ക്കാം: സോമനീരൊഴുക്കുന്ന ഞങ്ങളെ ഉദകപാലകരായ നിങ്ങൾ മൂന്നു കുതിരക്കൂട്ടത്തെക്കൊണ്ടു സംരക്ഷിച്ചാലും! 5

ഇന്ദ്രാവരുണന്മാരേ, യാവചിലർ യജ്ഞമനുഷ്ഠിച്ചു മനശ്ശുദ്ധി നേടി, മുമ്പേത്തെ ഗൃഹാദികൾ ത്യജിച്ചുവോ, ആ ഋഷിമാർ നിങ്ങൾ മനീഷയും വാക്കുകളും മനനവും ശാസ്ത്രവും കല്പിച്ചുകൊടുത്തതു ഞാൻ തപസ്സാൽ കണ്ടിരിയ്ക്കുന്നു! 6

---

സൂക്തം 59.

ബാലഖില്യസൂക്തം 11.

1. പങ്കകൾ—സോമാംശങ്ങൾ. നല്ലാറുമുണ്ടല്ലോ—അഭീഷ്ടം.

3. സപ്തവാണികൾ—ഏഴു സ്തുതികൾ. കൃശൻ—ഋഷി. മധുരരസം—സോമനീർ. അവകൊണ്ടു—സപ്തവാണികൾ കേട്ടു, കനിഞ്ഞ്.

4. കൊടുക്കുവിൻ—അഭീഷ്ടം.

6. ത്യജിച്ചു—സന്ന്യസിച്ചു എന്നർത്ഥം. മനീഷ—ജഡാജഡവിവേചനബുദ്ധി. വാക്കുകൾ—ഉപനിഷത്തുകൾ. തപസ്സാൽ—ജ്ഞാനദൃഷ്ടിയാൽ.

Digitized By Kerala Sahitya Akademi

ഇന്ദ്രാവരുണന്മാരേ, നിങ്ങൾ യജമാനന്നു മനഃപ്രസാദവും, ഊററംതോന്നാത്ത ധനസമൃദ്ധിയും കല്പിച്ചുകൊടുക്കുവിൻ; ഞങ്ങൾക്കു സന്തതി-സമ്പൽ-പുഷ്ടികൾ തരുവിൻ; ഞങ്ങൾക്കു വളരെക്കാലം ജീവിച്ചിരിപ്പാൻ ആയുസ്സു വൎദ്ധിപ്പിയ്ക്കുവിൻ! 7

ബാലഖില്യസൂക്തം സമാപ്തം.

---

## സൂക്തം 60.

പ്രഗാഥപുത്രൻ ഭൎഗ്ഗൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, അഗ്നികളോടൊന്നിച്ചു വരിക: ഹോതാവായ ഭവാനെ ഞങ്ങൾ വരിയ്ക്കുന്നു. പിടിയ്ക്കപ്പെട്ട സ്രുക്ക് മികച്ച യജ്വാവായ ഭവാനെ ദൎഭയിലിരുത്തി നെയ്യു തേപ്പിയ്ക്കട്ടെ! 1

ബലപുത്ര, അംഗിരസ്സേ, യാഗത്തിൽ സ്രുക്കുകൾ അങ്ങയുടെ മുമ്പിലെയ്ക്കു വരുന്നുണ്ടല്ലോ: മിന്നുന്ന തലമുടിയുള്ള അന്നപാലകനെ—പുരാതനനായ അഗ്നിയെ—ഞാൻ യജ്ഞങ്ങളിൽ സ്തുതിയ്ക്കുന്നു. 2

അഗ്നേ, കവിയായ ഭവാൻ വിധാതാവാകുന്നു; പാവക, ഹോതാവായ ഭവാൻ യജനീയനാകുന്നു? ഉജ്ജ്വല, മത്തുപിടിപ്പിയ്ക്കേണ്ടുന്ന മഹായഷ്ടാവായ ഭവാൻ യാഗങ്ങളിൽ മേധാവികൾക്കു മന്ത്രങ്ങൾകൊണ്ടു സ്തുതിയ്ക്കപ്പെടേണ്ടവനാകുന്നു! 3

അതിയുവാവേ, അനശ്വര, അവിടുന്ന് അദ്രോഹിയുടെ അടുക്കലെയ്ക്കു, കൊതിയുള്ള ദേവകളെ അമരേത്തിന്നു കൊണ്ടുവന്നാലും. വസോ, ഭവാൻ നേരേ വെയ്ക്കപ്പെട്ടിട്ടുള്ള അന്നങ്ങളിലെയ്ക്കു വരിക; ഇരുത്തപ്പെട്ട സ്തുതികളാൽ മത്തുകൊള്ളുക! 4

---

സൂക്തം 60.

1. തേപ്പിയ്ക്കട്ടെ—ധാരാളം ഹോമിയ്ക്കട്ടെ എന്നൎത്ഥം.
2. ഉത്തരാൎദ്ധം പരോക്ഷം: തലമുടി—ജ്വാല.
3. വിധാതാവ്—ഫലകൎത്താവ്.
4. അദ്രോഹിയുടെ—ദ്രോഹിയല്ലാത്ത എന്റെ. ഇരുത്തപ്പെട്ട—ഞങ്ങളാൽ.

Digitized By Kerala Sahitya Akademi

അഗ്നേ, രക്ഷക, സത്യരൂപനെന്നും കവിയെന്നും സൎവ്വത്ര പ്രഥിതനാണ് ഭവാൻ. കത്തിജ്ജ്വലിയ്ക്കുന്നവനേ, അങ്ങയെ മേധാവികൾ സ്തുതിച്ചുകൊണ്ടു പരിചരിയ്ക്കുന്നു! 5

ത്രിലോകം പ്രകാശിപ്പിയ്ക്കുന്നവനേ, അങ്ങ് കത്തുക, ജ്വലിയ്ക്കുക. സ്തുതിയ്ക്കുന്ന മനുഷ്യന്നു സുഖം നല്കുക. എന്റെ സ്തോതാക്കൾ ദേവന്മാരുടെ സുഖത്തിലെത്തട്ടെ: ശത്രുക്കളെ കീഴമൎത്തട്ടെ; അഗ്നിയെ പരിചരിയ്ക്കട്ടെ! 6

അനുകൂലതേജസ്സനായ അവിടുന്നു ഭൂമിയിൽ ഉണക്കവിറക് എരിയ്ക്കാറുണ്ടല്ലോ; അതുപോലെ, ഞങ്ങളെ ദ്രോഹിയ്ക്കുന്നവനെയും ദ്രോഹിപ്പാൻ നോക്കുന്ന ദുരാത്മാവിനെയും ചുട്ടെരിച്ചാലും! 7

ഹേ യുവതമ, അവിടുന്നു ഞങ്ങളെ ശത്രുമൎത്ത്യന്നും, കുത്തന്നും കുററം പറയുന്നവന്നും കീഴ്പെടുത്തരുത്: വലയ്ക്കാതെ മറുകരയണയ്ക്കുന്ന സുഖകരങ്ങളായ രക്ഷകൾകൊണ്ടു കാത്തരുളിയാലും! 8

അഗ്നേ, നിന്തിരുവടി ഞങ്ങളെ ഒരു ഋക്കുകൊണ്ടു രക്ഷിച്ചാലും; രണ്ടുകൊണ്ടു രക്ഷിച്ചാലും; അന്നാധിപതേ, മൂന്നുകൊണ്ടു രക്ഷിച്ചാലും; വസോ, നാലുകൊണ്ടു രക്ഷിച്ചാലും! 9

പിശുക്കനായ അരക്കനിൽനിന്നെല്ലാം രക്ഷിച്ചാലും; ഞങ്ങളെ യുദ്ധങ്ങളിൽ കാത്തരുളിയാലും. യജ്ഞസിദ്ധിയ്ക്കും അഭിവൃദ്ധിയ്ക്കും ഞങ്ങൾ അങ്ങയെത്തന്നെയാണല്ലോ, അടുത്ത ബന്ധുവാക്കിയിരിയ്ക്കുന്നത്! 10

അഗ്നേ, പാവക, അവിടുന്നു ഞങ്ങൾക്ക് അന്നവൎദ്ധകമായ ശ്ലാഘ്യസംപത്തു കൊണ്ടുവരിക: അരികിൽവെച്ചെണ്ണുന്നവനേ, വഴിപോലെ കൊണ്ടുനടക്കുന്നതിനാൽ പുരുകാമ്യവും പുകളേറിയതുമായ (ധനം) ഞങ്ങൾക്കു തരികയുംചെയ്യുക: 11

എന്നാൽ, ഞങ്ങൾക്കു, യുദ്ധങ്ങളിൽ പാഞ്ഞണഞ്ഞെതിൎക്കുന്ന പററലരെ പിന്നിട്ടു വധിയ്ക്കാമല്ലോ! കൎമ്മധന, ആ നിന്തിരുവടി ഞ

---

11. അരികിൽവെച്ചെണ്ണുന്നവനേ—ഞങ്ങളുടെ അടുക്കൽവെച്ച് എണ്ണിനോക്കിയിട്ട് എന്നൎത്ഥം.

Digitized By Kerala Sahitya Akademi

ങ്ങളെ വൎദ്ധിപ്പിച്ചാലും; ഹവിസ്സുകൊണ്ടു ധനം കൈവരുത്തുന്ന കൎമ്മങ്ങൾ നിറവേററിയാലും! 12

അഗ്നി, കൊമ്പണയ്ക്കുന്ന ഒരു കാളപോലെ തല കുടയുന്നു: നല്ല പല്ലുകളുള്ള ഈ ബലപുത്രന്റെ അണക്കടകൾക്കൊത്ത ജ്വാലകൾ അധൃഷ്യങ്ങളാകുന്നു! 13

അഗ്നേ, വൃഷാവേ, അധൃഷ്യങ്ങളാണല്ലോ, അങ്ങയുടെ പല്ലുകൾ; അങ്ങു കത്തിപ്പടരുന്നു. ഹോതാവേ, ആ നിന്തിരുവടി ഞങ്ങളുടെ ഹവിസ്സിന്നു നന്മ വരുത്തിയാലും; ഞങ്ങൾക്കു വേണ്ടതു ധാരാളം തന്നാലും! 14

അവിടുന്നു കാട്ടിൽ ഇരുമാതാക്കളിലിരിയ്ക്കുന്നു; അങ്ങയെ മനുഷ്യർ വളൎത്തുന്നു. ഭവാൻ മടിയ്ക്കാതേ ഹവ്യകാരന്റെ ഹവിസ്സുകൾ വഹിയ്ക്കുന്നു; ഉടൻതന്നേ ദേവന്മാരുടെ ഇടയിൽ വിളങ്ങുന്നു! 15

അഗ്നേ, നല്ല ദാതാവും അക്ഷീണനുമായ ഭവാനെ ഏഴു ഹോതാക്കൾ സ്തുതിയ്ക്കുന്നു. അങ്ങ് ചുട്ടുതേജസ്സുകൊണ്ടു മേഘത്തെ പിളൎത്തുന്നു. അഗ്നേ, അവിടുന്ന് ആളുകളെ പിന്നിട്ടു നടകൊണ്ടാലും! 16

വിട്ടുപോകാത്ത അഗ്നിയെ, അഗ്നിയെ, ദൎഭമുറിച്ചു ഞങ്ങൾ നിങ്ങൾക്കുവേണ്ടി വിളിയ്ക്കാം — വളരെയിടങ്ങളിൽ വാഴുന്ന ഹോതാവായ അഗ്നിയെ ഹവിസ്സൊരുക്കിയ ഞങ്ങൾ മനുഷ്യൎക്കുവേണ്ടി വിളിയ്ക്കാം. 17

അഗ്നേ, സാമം പാടുന്ന ധാമത്തിൽ എഴുന്നള്ളിയ നിന്തിരുവടിയെ വിദ്വജ്ജനങ്ങൾ സ്തുതിയ്ക്കുന്നു: അവിടുന്നു ഞങ്ങൾക്ക്, അരികേ വൎത്തിയ്ക്കുന്ന വിവിധാന്നം രക്ഷയ്ക്കായി കനിഞ്ഞു കൊണ്ടുവന്നാലും! 18

---

12. എയ്യുന്ന — ആയുധം പ്രയോഗിയ്ക്കുന്ന.

14. നന്മ — അവിടുന്നു സ്വീകരിച്ചാലേ ഹവിസ്സു നന്നാകൂ. വേണ്ടതു — ധനം.

15. ഇരുമാതാക്കളിൽ — രണ്ടരണികളിൽ. ഹവ്യകാരൻ — യജമാനൻ.

16. അക്ഷീണൻ — പ്രവൃദ്ധൻ. നടകൊണ്ടാലും — ഹവിസ്സെടുത്തു, ദേവന്മാരുടെ അടുക്കലെയ്ക്ക്.

17. വിട്ടുപോകാത്ത — സദാ നമ്മുടെ ഗൃഹത്തിൽ വസിയ്ക്കുന്ന. അഗ്നി ദ്വിരാവൃത്തി ആദരാതിശയത്താലാകുന്നു.

18. ധാമം — യജ്ഞസദനം.



Digitized By Kerala Sahitya Akademi

ന്സ്തുത്യനായ അഗ്നേ, ദേവ, പ്രജാപാലകനും, അരക്കരെ എരി
യ്ക്കുന്നവനും, വിട്ടുപോകാത്ത ഗൃഹപതിയും സ്വര്‍ഗ്ഗരക്ഷകനും, യാഗശാ
ലയിലെഴുന്നള്ളുന്നവനും, മഹാനുമാണ്, വിടുന്ന്! 19

ദീപ്തിധന, അഗ്നേ, അരക്കനും രാക്ഷസപീഡയും ഞങ്ങളില്‍
കടക്കരുത്; വറുതി, വിശപ്പ്, കരുത്തേറിയ രക്ഷസ്സുകള്‍ എന്നിവയെ
അങ്ങ് രണ്ടുനാഴികയപ്പുറത്തെയ്ക്കു നീക്കിയാലും! 20

—

## സൂക്തം 61.

ഋഷിച്ഛന്ദസ്സുകള്‍ മുമ്പേത്തവ; ഇന്ദ്രന്‍ ദേവത.

നമ്മുടെ ഈ മൊഴി രണ്ടും ഇന്ദ്രന്‍ അഭിമുഖനായി കേട്ടരുളട്ടെ;
ഒരേനിനവോടെ, മഹാബലനായ മഘവാവു സോമം കുടിപ്പാന്‍ വരി
കയുംചെയ്യട്ടെ! 1

ആ സ്വയംപ്രഭനെയാണല്ലോ, വാനാഴികള്‍ വര്‍ഷകനും ഓജ
സ്സുരനുമാക്കിയിരിയ്ക്കുന്നത്; അതിനാല്‍ അവിടുന്ന് ഉപമാനഭൂതരില്‍
ഒന്നാമനായി ഇരുന്നരുളുന്നു: സോമേച്ഛുവാണല്ലോ, അങ്ങയുടെ മനസ്സ്. 2

ബഹുധന, ഇന്ദ്ര, അവിടുന്നു സോമനീര്‍ (തിരുവയററില്‍) പ
കന്നാലും: ഹരിയുക്ത, ഞങ്ങള്‍ക്കറിയാം, അവിടുന്നു പടകളില്‍ കീ
ഴമര്‍ത്തുന്നവനും, അധൃഷ്യനായ ധര്‍ഷകനുമാണ്! 3

അഭഗ്നസത്യനായ മഘവാവേ, അങ്ങനെതന്നെയാണ്: ഇന്ദ്ര,
അവിടുന്നു കര്‍മ്മംകൊണ്ടു തല്‍പരനായിത്തീരും. നല്ല അണക്കെട്ടുകളു

---

20. ദീപ്തിധന—ദീപ്തി(പ്രകാശം)യാകുന്ന ധനത്തോടുകൂടിയവനേ. രണ്ടു നാഴികയപ്പുറത്തെയ്ക്ക്—അതിദൂരത്തെയ്ക്ക് എന്നു ഹൃദയം.

സൂക്തം 61.

1. ഈ മൊഴി രണ്ടും—സ്തോത്രവും ശസ്ത്രവും. ഒരേ—നമ്മുടെ നിനവിനൊത്ത.

2. ആദ്യഭാഗം പരോക്ഷോക്തി: ഉപമാനഭൂതരില്‍—മററു ദേവന്മാരില്‍. അന്ത്യവാക്യം പ്രത്യക്ഷം:

Digitized By Kerala Sahitya Akademi

ള്ളോവേ, വജ്രധര, ചിക്കെന്നു ചെല്ലുന്ന ഞങ്ങഠം ഭവദ്രക്ഷണത്താൽ അന്നം നേടുമാറാകണം! 4

ശചീപതേ, ഇന്ദ്ര, ഭവാൻ മരുത്തുക്കളോടെല്ലാമൊന്നിച്ചു തന്നാലും: ശൂര, ഞങ്ങഠം ഭാഗ്യമെന്നപോലെ പുകഴ്ന്നു, ധനം കിട്ടിയ്ക്കുന്ന ഭവാനെ ഭജിയ്ക്കുമാറാകണം! 5

ദേവ, അവിടുന്നു് അശ്വങ്ങളെ നിറയ്ക്കും; ഗോക്കളെ വളരെ കൊടുക്കും. ഒരു പൊന്നിൻനീരുറവാണ്, വിടുന്നു്: അങ്ങയുടെ ദാനം ആരും ഭഞ്ജിയ്ക്കില്ല; ഞാൻ യാചിയ്ക്കുന്നതൊക്കെ കൊണ്ടുവന്നാലും! 6

ഇന്ദ്ര, ഭവാൻ വന്നാലും. ആരാധകന്നു കൊടുപ്പാൻ ധനമെടുത്താലും: മഘവാവേ, ഗോവിനെ തേടുന്നവന്നു ഗോവിനെയും, അശ്വത്തെ തേടുന്നവന്നു് അശ്വത്തെയും കല്പിച്ചുനല്കുക! 7

നിന്തിരുവടി വളരെ ആയിരവും നൂറും ഗോഗണത്തെ ഹവിർദ്ദാതാവിന്നു നല്കാറുണ്ടു്: പുരന്ദരനായ ഇന്ദ്രനെ ഞങ്ങഠം രക്ഷയ്ക്കായി പലതരത്തിൽ പുകഴ്ത്തിപ്പാടി, ഇങ്ങോട്ടു വരുത്തുന്നു! 8

ഇന്ദ്ര, ശതക്രതോ, ക്രോധത്തിന്നു തടവില്ലാത്തവനേ, തന്റെ മഹത്ത്വം കാട്ടുന്നവനേ, ബുദ്ധിഹീനനോ ബുദ്ധിമാനോ ആയ യാവനൊരുത്തൻ ഭവാനെ സ്തുതിയ്ക്കുമോ, അവൻ ഭവദ്ഭക്തിയാൽ തുലോം ആനന്ദിയ്ക്കും! 9

കൈകഠം തടിച്ചുരുണ്ട നിഹന്താവായ പുരന്ദരൻ എന്റെ വിളി കേഠംക്കുമെങ്കിൽ, ധനകാമരായ ഞങ്ങഠം ധനപതിയും ശതക്രതുവുമായ ഇന്ദ്രനെ സ്തോത്രങ്ങഠംകൊണ്ടു വിളിച്ചുകൊള്ളുന്നു! 10

പുണ്യം ചെയ്യാതെയല്ല, വട്ടം കൂട്ടാതെയല്ല, അഗ്നിയെക്കൂടാതെയല്ല, ഞങ്ങഠം സ്തുതിയ്ക്കുന്നതു് ഇപ്പോഠം ഒത്തൊരുമിച്ചു സോമം പിഴിഞ്ഞുവെച്ചാണു്, ഞങ്ങഠം വൃഷാവായ ഇന്ദ്രനെ സഖാവാക്കുന്നതു്! 11

---

4. കീഴമർത്തുന്നവനും—ശത്രുക്കളെ. ചെല്ലുന്ന—യുദ്ധത്തിന്നു്. അന്നം—തോല്പിയ്ക്കപ്പെട്ട ശത്രുക്കളുടെ.

6. നിറയ്ക്കും—സ്തോതാക്കഠംക്കു്.

7. തേടുന്നവന്നു—ഇച്ഛിയ്ക്കുന്ന എനിയ്ക്കു്.

8. ഒടുവിലെ വാക്യം പരോക്ഷം:

10. നിഹന്താവു്—ശത്രുക്കളെ കൊല്ലുന്നവൻ.

11. വട്ടം—ഹവിസ്സും മററും.

Digitized By Kerala Sahitya Akademi

നടമിടുക്കുള്ള കുതിരയെ കണ്ടറിഞ്ഞ് ഒരു മികച്ച തേരാളി സമീപിയ്ക്കുന്നതുപോലെ, ആർ ഹവിഷ്മാങ്കലണയുമോ; ആ ബലിഷ്ഠനെ, പടകളിൽ കീഴമർത്തുന്നവനെ, സ്തുതിപ്പാൻ കടപ്പെട്ടത്തിയവനെ, അധൃഷ്യനെ നാം കൂട്ടിയിണക്കുക! 12

ഇന്ദ്ര, ഞങ്ങൾ ആരെപ്പേടിയ്ക്കുന്നുവോ, അവനിൽനിന്നു ഞങ്ങൾക്ക് അഭയം തന്നാലും: മഘവാവേ, ശേഷിയുണ്ടല്ലോ, അങ്ങയ്ക്ക്. അങ്ങ് രക്ഷകരെക്കൊണ്ടു, ഞങ്ങളെ ദ്രോഹിയ്ക്കുന്നവരെ—പീഡിപ്പിയ്ക്കുന്നവരെ—ആട്ടിപ്പായിച്ചാലും! 13

ധനപതേ, ആരാധകന്നു ധനവും ഗൃഹവും വർദ്ധിപ്പിയ്ക്കുന്നവനാണല്ലോ, അങ്ങ് ഇന്ദ്ര, മഘവാവേ, സ്തുതിസേവ്യ, ആ അങ്ങയെ ഞങ്ങൾ സോമം പിഴിഞ്ഞുവെച്ചു വിളിയ്ക്കുന്നു. 14

ജ്ഞാതാവും പരത്രാതാവും വൃത്രജേതാവുമായ ഇന്ദ്രൻ നമുക്കു വരേണ്യനാകുന്നു. തന്തിരുവടി നമ്മുടെ ആദിയിലും നടുവിലും ഒടുവിലുമുള്ളവനെ രക്ഷിയ്ക്കട്ടെ; തന്തിരുവടി നമ്മെ പിന്നിൽ കാത്തരുളട്ടെ; തന്തിരുവടി മുന്നിൽ കാത്തരുളട്ടെ! 15

ഇന്ദ്ര, നിന്തിരുവടി ഞങ്ങളെ പടിഞ്ഞാറുനിന്നും കിഴക്കുനിന്നും ചുവട്ടിൽനിന്നും മുകളിൽനിന്നും—എല്ലാടത്തുനിന്നും—രക്ഷിച്ചാലും: ഞങ്ങളിൽനിന്നു ദേവഭയം അകറ്റുക; അസുരായുധങ്ങളും അകറ്റുക! 16

ഇന്ദ്ര, അവിടുന്ന് ഇന്നുമിന്നും, നാളെയും നാളെയും മററന്നാളും ഞങ്ങളെ കാത്തരുളണം: സൽപതേ, സ്തുതിയ്ക്കുന്ന ഞങ്ങളെ എല്ലാ നാളിലും പകലിരവു പാലിച്ചാലും! 17

തച്ചുടയ്ക്കുന്ന ശൂരനും, ബഹുധനനും, വീര്യത്തിന്നായി വഴിപോലെ കൂട്ടിച്ചേർക്കുന്നവനുമാകുന്നു, മഘവാവ്. ശതക്രതോ, ഭവാന്റെ വജ്രം വഹിച്ച തൃക്കൈരണ്ടും (അഭീഷ്ടങ്ങളെ) വർഷിയ്ക്കും! 18

---

12. കീഴമർത്തുന്നവനെ—ശത്രുക്കളെ. സ്തുതിപ്പാൻ കടപ്പെട്ടത്തിയവനെ—മനുഷ്യരുടെ കടമയാണ്, ഇന്ദ്രനെ സ്തുതിയ്ക്കൽ. അധൃഷ്യനെ—ഇന്ദ്രനെ.

13. രക്ഷകർ—സ്വന്തം ആൾക്കാർ.

15. പരത്രാതാവ്=മററുള്ളവരെ രക്ഷിയ്ക്കുന്നവൻ. ഉള്ളവനെ—പുത്രനെ.

16. ദേവഭയം—ദേവന്മാരിൽനിന്നുള്ള ആപത്ത്.

18. തച്ചുടയ്ക്കുന്ന—വൈരിനഗരങ്ങളെ. വീര്യത്തിന്നായി—യുദ്ധത്തിൽ വിക്രമിപ്പാൻ.

Digitized By Kerala Sahitya Akademi

സൂക്തം 62.

കണ്വപുത്രൻ പ്രഗാഥൻ ഋഷി; പഞ്ചപദാപംക്തിയും ബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്രൻ കേൾക്കുമെങ്കിൽ, നിങ്ങൾ ചെന്നു കേമമായി സ്തുതിയ്ക്കുവിൻ. സോമവാന്മാർ തന്തിരുവടിയ്ക്കുള്ള മഹത്തായ അന്നം ഉക്ഥങ്ങൾകൊണ്ടു വർദ്ധിപ്പിയ്ക്കുന്നു: സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 1

നേതാക്കളിൽ മുഖ്യനും നിസ്തുല്യനും അക്ഷയ്യനുമായ തന്തിരുവടി മററുള്ള, പണ്ടും ഇന്നുമുള്ള പ്രജകളെയെല്ലാം ബലത്താൽ അതിലംഘിച്ചു വളർന്നിരിയ്ക്കുന്നു. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 2

ഈ ക്ഷിപ്രപ്രദാനൻ, കുതിരയെത്തെളിയ്ക്കാതെയാണ്, യാത്ര ചെയ്യുക: ഇന്ദ്ര, അതിനാൽ വർണ്ണനീയംതന്നെ, ഭവാന്റെ ആ വീര്യപ്രകടനം. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 3

ഇന്ദ്ര, വന്നാലും. അങ്ങയെക്കുറിച്ചു ഞങ്ങൾ ഉന്മേഷകരങ്ങളായ സ്തോത്രങ്ങൾ ചൊല്ലാം: ബലിഷ്ഠ, അവയാലാണല്ലോ, ഭവാൻ ഇവിടെ അന്നകാമന്നു നന്മ വരുത്താനൊരുങ്ങുന്നത് സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 4

ഇന്ദ്ര, ഭവാൻ മനസ്സിനെ ധൃഷ്ടാൽധൃഷ്ടമാക്കും. കടുംസോമംകൊണ്ടു പൂജിയ്ക്കുകയും, നമസ്കാരം ചാർത്തിയ്ക്കുകയും ചെയ്യുന്നവന്റെയാണ്, ഭവാൻ. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 5

സ്തുതിയ്ക്കപ്പെട്ടാൽ അവിടുന്നു, മനുഷ്യൻ കിണറുകളെയെന്നപോലെ, തൃക്കൺപാർക്കും; പ്രസാദിച്ചാൽ പ്രവൃദ്ധനായ സോമവാന്റെ

---

സൂക്തം 62.

1. ഋത്വിക്കുകളോട്: സോമവാന്മാർ—യജമാനന്മാർ. അന്നം—ഹവിസ്സ്.

2. നേതാക്കൾ—ദേവന്മാർ.

3. ക്ഷിപ്രപ്രദാനൻ—അഭീഷ്ടം വേഗത്തിൽ കൊടുക്കുന്നവൻ, ഇന്ദ്രൻ തെളിയ്ക്കാതെ—കുതിര ഉദ്ദിഷ്ടസ്ഥലത്തെയ്ക്കു സ്വയം നടന്നുകൊള്ളും.

5. ചെയ്യുന്നവന്റെ—യജമാനന്റെ.

Digitized By Kerala Sahitya Akademi

സഖാവായിച്ചേരുകയുംചെയ്യും. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 6

ഇന്ദ്ര, അങ്ങയെ അനുസരിയ്ക്കുയാലാണ്, ദേവന്മാക്കെല്ലാം വീൎയ്യവും പ്രജ്ഞയുമുണ്ടായത്: ബഹുസ്തുത, അവിടുന്നാണ്, സൎവ്വഗോക്കളുടെയും ഉടമ. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 7

ഇന്ദ്ര, ഞാൻ അങ്ങയുടെ ആ ബലം അരികേ കണ്ടു, യജ്ഞത്തിന്നായി പാടിപ്പുകഴ്ത്തുന്നു: ശചീപതേ, അങ്ങ് വൃത്രനെ കെല്പാൽ കൊന്നുവല്ലോ. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 8

ഒരു വേശ്യ ആലിംഗനേച്ഛുക്കൾക്കെന്നപോലെ, ഇന്ദ്രൻ മനുഷ്യൎക്കു കാലഘട്ടങ്ങൾ കിട്ടിച്ചിരിയ്ക്കുന്നു: ഈ അടയാളത്താൽ അവിടുന്നു വിശ്രുതനായിത്തീൎന്നു. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 9

ഇന്ദ്ര, പശുക്കൾ ധാരാളമുള്ള മഘവാവേ, ഭവാന്റെ സുഖത്തിലിരിയ്ക്കുന്നവർ ഭവാന്റെ ബലത്തെയും, ഭവാനെയും, ഭവാന്റെ തിരുവുള്ളത്തെയും ത്രിലോകം വളൎത്തിപ്പോരുന്നു. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 10

വൃത്രഹന്താവേ, ഞാനും അവിടുന്നും കൂടിച്ചേരുക, നേട്ടമുണ്ടാകുംവരെ: വജ്രിൻ, ശൂര, നാമിരുവരും ഒന്നിച്ചാൽ, അല്പിഷ്ഠന്മാരും കൊണ്ടാടിക്കൊള്ളും. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 11

സത്യമായിത്തന്നെയാണ്, അസത്യമായിട്ടല്ല, ആ ഇന്ദ്രനെ ഞങ്ങൾ സ്തുതിയ്ക്കുന്നത്: സോമം പിഴിയാത്തവനെ നിഗ്രഹിയ്ക്കും; ധാരാളം പിഴിയുന്നവനെ അനുഗ്രഹിയ്ക്കും; രണ്ടും മഹത്തായിരിയ്ക്കും. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 12

---

6. മനുഷ്യൻ—ദാഹം പൂണ്ട ആൾ. തൃക്കൺപാൎക്കും—സോമത്തെ. പ്രസാദിച്ചാൽ—സോമപാനത്താൽ.

9. വേശ്യ ഓരോ പുരുഷന്നും സമയം കുറിച്ചുകൊടുക്കുമല്ലോ.

11. നേട്ടം—ധനലാഭം. കൊണ്ടാടിക്കൊള്ളും—അങ്ങയുടെ ധനദാനത്തെ.

12. നിഗ്രഹിയ്ക്കും—ഇന്ദ്രൻ. രണ്ടും—നിഗ്രഹവും, അനുഗ്രഹവും.

Digitized By Kerala Sahitya Akademi

## സൂക്തം 63.

പ്രഗാഥൻ ഋഷി; അനുഷ്ടുപ്പും ഗായത്രിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രനും ദേവന്മാരും ദേവത.

('ദ്വാരകമന്ദിരം' പോലെ.)

ആരിൽച്ചെല്ലാൻ മറ്റു ദേവ-
ന്മാരിലച്ഛൻ ചെയ്വൂ, യജ്ഞം;
അമ്മഹാനിങ്ങായ്വരുടെ
കർമ്മം കാംക്ഷിച്ചെഴുന്നള്ളും! 1

സ്വർല്ലോകം തീർത്തോനെ,സ്സോമ-
വല്ലി ചതയ്ക്കുമർമ്മികൾ
തള്ളിക്കൂടാ: സ്തോത്രങ്ങളും
ചൊല്ലിടേണം,മുക്ഥങ്ങളും! 2

ഇന്ദ്രനംഗിരസ്സുകൾക്കായ്,-
ത്തൻനയത്താൽഗ്ഗോയൂഥത്തെ
പേർത്തും വെളിയ്ക്കാക്കിയല്ലോ!
വാഴ്ത്തുന്നേ,നത്തദ്വീയ്യം ഞാൻ. 3

സൂരിപ്രവർദ്ധകൻ, സ്തുതി-
കാരക്ക താങ്ങിന്ദ്രൻ, ശിവൻ
മുന്മട്ടിൽത്താൻ വന്നെത്തട്ടേ,
നമ്മെക്കാക്കാനന്നഹോമേ! 4

---

## സൂക്തം 63.

1. ദേവന്മാരിൽ—ദേവന്മാരുടെയിടയിൽ. അച്ഛൻ—രക്ഷിതാവ്; മനുവിന്റെ വിശേഷണം. അമ്മഹാൻ—ഇന്ദ്രൻ. ആയ്വർ—യഷ്ടാക്കൾ.

2. സ്വർല്ലോകം നിർമ്മിച്ച ഇന്ദ്രന്നായി സോമം പിഴിയുകയും സ്തുതിക്കുകയും ചെയ്യുക അത്യാവശ്യം.

3. തദ്വീയ്യം=അവന്റെ വീര്യം.

4. സൂരിപ്രവർദ്ധകൻ=സ്തോതാക്കളെ വർദ്ധിപ്പിക്കുന്നവൻ. ശിവൻ=സുഖകരൻ. മുന്മട്ടിൽത്താൻ—പതിവുപോലെ അന്നഹോമേ—സോമം ഹോമിക്കുന്ന അവസരത്തിൽ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, നിൻകർമ്മത്തെ ക്രമാ–
ലിന്നു ശീഘ്രം പുകഴ്ത്തുന്നു,
സ്വാഹാധീശാർച്ചകർ രതി–
വ്യൂഹകാരർ ധനാപ്തിയ്ക്കായ്! 5
ആരെയഹിംസകനെന്നു
തേറുന്നുവോ, സ്തോതാക്കന്മാർ;
ആയിരങ്ങളുണ്ടു, കരു–
ത്താകമാനം, കർമ്മങ്ങളും! 6
പഞ്ചജനസ്തുതിഘോഷം
തഞ്ചുമ്പോളാർ കൊല്ലും, താനേ;
ആയിരനാണു,ൽപ്രജ്ഞനാ–
മിയെൻപൂജയ്ക്കിരിപ്പിടം! 7
പ്രീതിദമിസ്തവം ഭവാ–
ൻേറതാണ:–പ്പൌരുഷങ്ങളെ
കാട്ടിയല്ലോ, തിരുമേനി;
കാത്തുവല്ലോ, രഥമാർഗ്ഗം! 8
ഈ വൃഷാവിൻ വിവിധാന്നം
കൈവന്നവർ ജീവിതത്തിൽ
കാലു വെയ്ക്കും; യവം ഗോക്കൾ–
പോലെ ഭുജിയ്ക്കുയും ചെയ്യും! 9
നിങ്ങളൊത്തു, രക്ഷാകാമ–
രെങ്ങളിതു ചൊല്ലിക്കൊണ്ടേ
അന്നാധീശരായ്ത്തീരാവൂ,
വിണ്ണോർകോനെ യജിയ്ക്കുവാൻ! 10

---

5. സ്വാഹാധീശാർച്ചകർ=സ്വാഹാഭർത്താവിനെ, അഗ്നിയെ, യജിയ്ക്കുന്നവർ. രതിവ്യൂഹകാരർ=സ്തോത്രഗണം നിർമ്മിയ്ക്കുന്നവർ, സ്തോതാക്കൾ.

6. കരുത്ത്—ത്രാണി.

7. കൊല്ലും—ശത്രുക്കളെ താനേ—പരസാഹായ്യം കൂടാതെ.

8. കാത്തുവല്ലോ—ഞങ്ങളുടെ യജ്ഞത്തിൽ വരാൻ, തേർവഴിയിൽ രാക്ഷസബാധയില്ലാതാക്കിയല്ലോ.

10. ഋത്വിക്കുകളോട്: ഇതു—സ്തോത്രം.

Digitized By Kerala Sahitya Akademi

കാലേ വെളിപ്പെട്ട തേജ-
സ്സാളും നിന്നെയൃക്കാൽശ്ശൂര,
നേരായ് വാഴ്ത്തുമെങ്ങൾ ജയം
നേടുകിന്രു, നിൻതുണയാൽ! 11

ശസ്ത്രസ്തോത്രകാരക്കേവൻ
സത്വരനാംമായിന്ദ്രനും,
വൃത്രവധപ്പോർവിളിയി-
ലൊത്തുചേൎന്ന ദേവന്മാരും,
രുദ്രർ, മഴക്കാറുകളു-
മത്ര രക്ഷിയ്ക്കട്ടെ, നമ്മെ! 12

---

സൂക്തം 64.

പ്രഗാഥൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

സ്തോത്രങ്ങളവിടുത്തെയ്ക്കു മത്തേയത്തട്ടെ, വജ്രവൻ:
അന്നം തരൂ; നശിപ്പിയ്ക്കൂ, ബ്രഹ്മദ്വേഷികളെബ്ഭവാൻ! 1

തൃക്കാൽകൊണ്ടു മെതിച്ചാലും, യജ്ഞം ചെയ്യാത്ത ലുബ്ധരെ:
മഹാനല്ലോ, തിരുവടിയില്ല,ങ്ങയ്ക്കെതിരായൊരാൾ! 2

പിഴിഞ്ഞതിന്നധീശൻ നീ; പിഴിയാത്തതിനും, ഭവാൻ;
ഒരേറ തമ്പുരാനല്ലോ, ജനങ്ങൾക്കൊക്കയും ഭവാൻ! 3

നരക്കായ് വരികാ;പ്പിട്ടു വിൺകൊട്ടാരത്തിലെയ്ക്കുതാൻ
പോയ്ക്കൊൾക, വാന്മുഴികളെ നിറയ്ക്കുന്നവനാം ഭവാൻ! 4

---

11. കാലേ—യാഗകാലത്ത്. ഋക്ക്—മന്ത്രം. നേടുക—നേടാറു്.

12. സത്വരനാം—അഭീഷ്ടം കൊടുപ്പാൻ വെമ്പൽക്കൊള്ളും.

സൂക്തം 64.

പിഴിയാത്തതിനും—ലതാരൂപേണ നില്ക്കുന്ന സോമത്തിനും.

4. നരക്കായ്—ഹവിസ്സു സ്വീകരിച്ചു, മനുഷ്യരെ അനുഗ്രഹിപ്പാൻ. ആപ്പിട്ടു—ഹവിസ്സിനെ ഉച്ചത്തിൽ ശ്ലാഘിച്ചുകൊണ്ട്. നിറയ്ക്കുന്നവൻ—തന്റെ തേജസ്സുകൊണ്ടോ, മഴകൊണ്ടോ.



Digitized By Kerala Sahitya Akademi

നൂറുമായിരവും പെയ്യക്കൂട്ടം കാർമുകിലട്ടിയെ,
പുകഴ്ത്തുന്ന ജനങ്ങൾക്കായ്പ്പിളർത്തരുളണം, ഭവാൻ! 5
പിഴിഞ്ഞു പകൽനേരത്തു വിളിപ്പൂ, ഞങ്ങളങ്ങയെ;
വിളിപ്പൂ, ഞങ്ങളിരവി,ലെങ്ങൾക്കിഷ്ടം പൊഴിയ്ക്കു, നീ! 6
എങ്ങാ,ത്തലകുനിയ്ക്കാത്ത യുവാവു, പൃഥുകന്ധരൻ?
ആ വൃഷാവിനെയാരുള്ളൂ, സ്തുതിച്ചർച്ചിച്ചുകൊള്ളുവാൻ? 7
ആർതൻ യാഗത്തിനാണാവോ, പോയിരിപ്പതു സാമ്പ്രതം?
നേക്കറിഞ്ഞവനാരുള്ളൂ, മഴപെയ്യിയ്ക്കുമിന്ദ്രനെ? 8
ആരിലെത്തുന്നു ദാനങ്ങൾ: കെല്പേറും ശസ്ത്രസൂക്തികൾ
ആരിലെത്തുന്നു, വൃത്രഘ്ന? പോരിലാർ കൂടെനിന്നിടും? 9
ഇസ്സോമമവിടെയ്ക്കല്ലോ പിഴിവൂ, പെരുതാളുകൾ:
അതിങ്കലെയ്ക്കെഴുന്നള്ളുകൊ,ന്നോട്ടുക കുടിയ്ക്കു, നീ! 10
നല്കുമല്ലോ, ഭവാന്നിന്നു,മാർജ്ജീകീയസുഷോമയിൽ
ശര്യണാവത്തിലുണ്ടാകും പ്രിയമാമിതു നിർഭരം! 11
ഉന്നു, ധർഷകമാം മത്തിനാ,ഭിരാമമിതിന്ദ്ര, നീ
കുടിയ്ക്കു, വരികൊ,ന്നോട്ടുകി,ങ്ങനല്പധനം തരാൻ! 12

---

## സൂക്തം 65.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മുമ്പോ പിമ്പോ വിളിയ്ക്കുന്നുണ്ടല്ലോ, നേതാക്കളെങ്ങയെ;
വിരവോടിന്ദ്ര വന്നാലും, തുരഗങ്ങളിലൂടെ നീ! 1

---

5. കാർമുകിലട്ടിയെ—കരിമേഘക്കൂമ്പാരത്തെ.

7. പൃഥുകന്ധരൻ=കഴുത്തു തടിച്ചവൻ. ആരുള്ളൂ—ആരും ആളാകില്ല.

9. യജമാനന്മാരുടെ ദാനങ്ങളും (ഹവിസ്സുകളും) ശസ്ത്രസൂക്തി(സ്തുതി)കളും ഭവാങ്കലല്ലാതെ ആരിൽ എത്തിച്ചേരുന്നു? ഭവാങ്കൽത്തന്നെ എത്തുന്നു. ഭവാൻ മാത്രമേ, പോരിൽ സഹായിപ്പാൻ ഒരുമിച്ചുനില്ക്കൂ.

11. ആർജ്ജീകീയമെന്ന പ്രദേശത്തിലെ സുഷോമാനദിയുടെ സമീപത്തു ശര്യണാവത്തെന്ന സരസ്സിലുണ്ടാകുന്ന ഇതു (സോമം) ഭവാന്നു നിർഭരം (ഉലോം) ഇമ്പം നല്കുമല്ലോ.

12. ഇത്—സോമം.

Digitized By Kerala Sahitya Akademi

രമിയ്ക്കയാവാം, വിണ്ണിങ്കലമ്മതോലുമിടത്തിൽ നീ
ഒരു യജ്ഞത്തിലോ തണ്ണീരീട്ടംകൂട്ടം പരപ്പിലോ; 2

ആ വളൎന്ന മഹാനായ നിന്നെസ്സോമം കുടിയ്ക്കുവാൻ
സ്തുതിച്ചിന്ദ്ര, വിളിയ്ക്കുന്നേൻ, തിന്നാൻ പയ്യിനെയാംവിധം! 3

ഇന്ദ്ര, നിന്റെ മഹത്ത്വത്തെ, നിൻതേജസ്സിനെയും രഥേ
വഹിച്ചുകൊണ്ടു ഹരികളിങ്ങു വന്നണയേണമേ! 4

ഇന്ദ്ര, ചൊല്ലുന്നു, വാഴ്ത്തുന്നു, മഹാനാം നിന്നെയാളുകൾ:
വന്നുണ്ണുകെ,ങ്ങൾതൻ സോമമുഗ്രനൈശ്വര്യകാരി നീ! 5

വിളിയ്ക്കുന്നു, പിഴിഞ്ഞന്നായുതരായ് ഞങ്ങളങ്ങയെ:
എഴുന്നള്ളിയിരുന്നാലു,മീ ഞങ്ങളുടെ ദൎഭയിൽ! 6

ഒട്ടേറെയാളുകൾക്കൊന്നുപോലല്ലോ, നിയതം ഭവാൻ;
അതിനാലിന്ദ്ര, മുല്പാടു വിളിപ്പൂ, ഞങ്ങളങ്ങയെ. 7

ഇതാ, പിഴിഞ്ഞു, സോമത്തേനങ്ങയ്ക്കാളുകളമ്മിയാൽ;
ഇതാസ്വദിച്ചുകൊണ്ടാലു,മിന്ദ്ര സംപ്രീതനായ്ബ്ഭവാൻ! 8

കവിച്ചുകാണ്കെ, നാഥൻ നീ വിബുധന്മാരെയൊക്കയും:
വെക്കം വരിക; വമ്പിച്ച കെല്പണയ്ക്കുക ഞങ്ങളിൽ! 9

തമ്പുരാൻ തന്നരുൾക, മേ പൊന്നാണിത്തുരഗങ്ങളെ:
കഷ്ടപ്പാടുളവാകൊല്ലാ, മഘവാവിന്നമൎത്ത്യരേ! 10

---

സൂക്തം 65.

1. നേതാക്കൾ—ഞങ്ങളുടെ അധ്വൎയ്യുപ്രഭൃതികൾ.

2. പരപ്പിലോ—അന്തരിക്ഷത്തിലോ.

5. ചൊല്ലുന്നു—ഇന്നതു തരിക, ഇന്നതു ചെയ്യുക എന്ന് ഉദ്ബോധിപ്പിയ്ക്കുന്നു, ആളുകൾ—കൎമ്മികൾ. ഉഗ്രൻ—ബലിഷ്ഠൻ.

6. പിഴിഞ്ഞ്—സോമം. അന്നായുതരായ്—പുരോഡാശാദികളും ഒരുക്കി.

7. മുല്പാടു—മുൻകൂട്ടി.

8. ആളുകൾ—ഞങ്ങളുടെ അധ്വൎയ്യുപ്രഭൃതികൾ.

9. കവിച്ചുകാണ്ക—കൂടുതൽ ഗണിച്ചാലും. വിബുധന്മാർ—സ്തോതാക്കൾ.

10. കഷ്ടപ്പാടുളവാകൊല്ലാ—മഘവാവിന്നു മംഗളം!

Digitized By Kerala Sahitya Akademi

ഇമ്പമേകുന്ന മാറോറും വൻപെരുംകനകത്തെയും,
രണ്ടായിരം പൈക്കളെയും മമ തന്നരുളേണമേ! 11
അനാഥനായ് വലഞ്ഞോനാമെൻറയാളുകൾ നേടിനാർ,
ഒരായിരം നന്മുതലുമന്നവും ദേവതുഷ്ടിയാൽ! 12

---

### സൂക്തം 66.

പ്രഗാഥപുത്രൻ കലി ഋഷി; ബൃഹതിയും സതോബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(കാകളി.)

ഓടിവന്നു ധനം കാട്ടുമിന്ദ്രന്നു,ഞൽ-
പ്പാടാന്നു നിങ്ങൾ ബൃഹത്തു രക്ഷാത്ഥമായ്
പാടുവിൻ, സോമയാഗത്തിൽ: വിളിയ്ക്കുവൻ,
വീട്ടു പുലത്തും ഹിതനെയെന്നാവിധം! 1
നൽത്തൊപ്പി ചൂട്ടുമെവനെത്തടുത്തിടാ,
മർത്ത്യരോ, ദേവരോ, മായാനിഗൂഢരോ;
ഉക്ഥകാരനും പുകഴ്ത്തിപ്പിഴിവോന്നു-
മത്ഥം കൊടുക്കുന്നു, സോമമത്തിനൊവൻ; 2
കെല്പൻ, നനച്ച തുരംഗമംപോലെവൻ;-
നദ്ഭുതജവാവു, വൃത്രഹന്താവെവൻ;

---

11. വൻപെരും—വലുതും വിശാലവുമായ.

12. ദേവതുഷ്ടിയാൽ—ഇന്ദ്രൻെറ പ്രീതിയാൽ.

സൂക്തം 66.

1. ഋത്വിക്കുകളോട്: കാട്ടും—തരുന്ന എന്നത്ഥം. ബൃഹത്ത്—സാമം. വീട്ടു പുലത്തുന്ന ഹിതകാരിയെ ആവശ്യത്തിനു വിളിയ്ക്കുന്നതുപോലെ, ആ ഇന്ദ്രനെ ഞാൻ വിളിയ്ക്കാം.

2. മായാനിഗൂഢർ—അസുരാദികൾ. ഉക്ഥകാരൻ—ഉക്ഥം ചൊല്ലുന്നവൻ. അത്ഥം=ധനം. സോമമത്തിന്ന്—സോമം കുടിച്ചു ലഹരിക്കൊള്ളാൻ വേണ്ടി.

Digitized By Kerala Sahitya Akademi

ഭൂരിഗോശാലക്കതകു വിറപ്പിച്ചു-
പോരുന്നു, പെരുന്നൊളിഗാത്രനിന്ദ്രനവൻ! 3
നേടിനേടിക്കഴിച്ചിട്ട ധനോച്ചയം-
കൂടിയെടുത്തവൻ യഷ്ടാവിനേകുമോ;
ആ വജ്രി, ഹര്യശ്വനിന്ദ്രൻ സ്പൃഹനുതാ-
നീവക ചെയ്വു, മഖത്താൽ യഥേഷ്ടമേ! 4
ഇന്ദ്ര, വിക്രാന്ത, നീ മുമ്പു നേതാക്കളിൽ-
നിന്നു യാതൊന്നിനെക്കാംക്ഷിച്ചുപോന്നുവോ,
ഞങ്ങളാ ഹവ്യവുമുക്ഥമാം സ്തോത്രവു-
മങ്ങയ്ക്കൊരുക്കുന്നു, വെക്കം പുരുസ്തുത! 5
മത്തിനാണയ്ക്കുക, സോമത്തിൽ വജ്രി നി-
യൃദ്വൃദ്ധ്രതേ, പുരുഹൂത, സോമാശന:
വാഴ്ത്തുവോനും പിഴിയുന്നാവനും ഭവാൻ
പ്രാർത്ഥനീയം ധനം നല്കുമല്ലോ, തുലോം! 6
ഇന്നലത്തെപ്പോലെയിന്നുമിവിടെ നാം
നന്നായ്സ്സുഖിപ്പിയ്ക്കുകീ വജ്രപാണിയെ:
ഒത്തൊരുമിച്ചവിടെയ്ക്കു പിഴിഞ്ഞതി-
ങ്ങെത്തിയ്ക്കുവിൻ; വിളി കേട്ടാലുടൻ വരും! 7
ചെന്നാധ്വഗരെത്തടുത്തു തട്ടിപ്പറി-
യ്ക്കുന്നോനുമാർതൻ വഴിയിൽ വഴങ്ങുമോ;
അബ്ഭവാനിസ്തവത്തിങ്കലെഴുന്നള്ളു-
കുമാ,പ്രീതിപൂണ്ടിന്ദ്ര, ചിത്രകർമ്മത്തിനാൽ! 8

---

3. നനച്ച—നനയ്ക്കപ്പെട്ടാൽ കുതിരയ്ക്കു കെല്പു കൂടുമല്ലോ. ഭൂരിഗോശാലക്കതക്—വളരെപ്പൈക്കളുള്ള തൊഴുത്തിന്റെ വാതിൽ. വിറപ്പിച്ചുപോരുന്നു—തുറപ്പിയ്ക്കുമെന്നർത്ഥം.

5. വിക്രാന്ത=ശൂര. നേതാക്കൾ—യജ്ഞപ്രവർത്തകർ.

6. ഉദ്വൃദ്ധ്രതേ=ശോഭയുള്ളവനേ. സോമാശന=സോമം അശി (കുടി)യ്ക്കുന്നവനേ.

7. അധ്വര്യുക്കളോട്: സുഖിപ്പിയ്ക്കുക—സോമംകൊണ്ടു സന്തൃപ്തനാക്കുക. അവിടെയ്ക്കു=അദ്ദേഹത്തിനായിത്തന്നേ. വരും—അദ്ദേഹം.

8. അധ്വഗർ=വഴിപോക്കർ. ചിത്രകർമ്മം—വിവിധസ്തുതി.

Digitized By Kerala Sahitya Akademi

ഏതൊരു പൌരുഷമുള്ളൂ, വെളിപ്പെടു-
ത്താതെ വൃത്രാന്തകനിന്ദ്രൻതിരുവടി?
സുശ്രവമാകുമേതൊന്നാലവിടുന്നു
വിശ്രുതനായീല, ജന്മം മുതല്ക്കുതാൻ? 9

എന്നാക്രമിച്ചീലിവൻറെ മഹാബലി?-
മെന്നുവാൻ കൊല്ലാതിരുന്നു, വൃത്രാന്തകൻ;
ഇന്ദ്രനടിച്ചമർത്തിടുന്നു, മുച്ചൂടു-
മൊന്നിനെ രണ്ടാക്കുമന്ധരാം ലുബ്ധരെ! 10

ഇന്ദ്ര, പെരുത്തുപേരീ ഞങ്ങൾ വൃത്രനെ-
ക്കൊന്നവനേ, പുരുഹൂത, വജ്രധര,
വൻനവസ്തോത്രങ്ങളുണ്ടയ്ക്കാരുക്കിവെ-
യ്ക്കുന്നു, തൊഴിൽക്കൂലിയെന്നപോലേ തരാൻ! 11

ഇന്ദ്ര, വളരെ വരങ്ങളും, രക്ഷയും
നിന്നിലുണ്ടല്ലോ: വിളിയ്ക്കപ്പെടുന്നു, നീ.
ശത്രുക്കളെത്തള്ളി യജ്ഞേ വരിക, നീ;
ശക്ത, ശതക്രതോ, കേൾക്കെൻവിളി വസോ! 12

ഇന്ദ്ര, ഭവാൻറയാണെങ്ങൾ മേധാവികൾ:
നിന്നുകൊള്ളാവൂ, ഭവാൻറ വശത്തുതാൻ;
ഇല്ലയല്ലോ, പുരുഹൂത, തിരുമേനി-
യല്ലാതൊരാളും മാഴവൻ, സുഖം തരാൻ! 13

ഇപ്പഞ്ഞവും പശിപ്പാടും പഴികളു-
മപ്പുറത്താക്കുക, ഞങ്ങളിൽനിന്നുടൻ;

---

9. എല്ലാപ്പൌരുഷവും ഇന്ദ്രൻ കാട്ടിയിരിയ്ക്കുന്നു. സുശ്രവം=സുഖേന കേൾക്കാവുന്നത്. എല്ലാംകൊണ്ടും, ജനനംമുതല്ക്കേ വിശ്രുതനായിരിയ്ക്കുന്നു.

10. ആക്രമിച്ചീല—ശത്രുക്കളെ. കൊല്ലാതിരുന്നു—വധ്യരെ. ഒന്നിനെ രണ്ടാക്കും—ഒരു പണം കടമായി കൊടുക്കുക, രണ്ടു പണം തിരിച്ചുവാങ്ങുക എന്ന പതിവുകാരായ. അന്ധരാം—പാരലൌകികദൃഷ്ടിയില്ലാത്ത. ലുബ്ധർ—ധനലോഭികൾ.

12. അവ കിട്ടണമെന്നിച്ഛിയ്ക്കുന്ന ആളുകളാൽ നീ വിളിയ്ക്കപ്പെടുന്നു. യജ്ഞേ—ഞങ്ങളുടെ യാഗത്തിൽ. ശക്ത=ബലിഷ്ഠ.

Digitized By Kerala Sahitya Akademi

കല്പിച്ചുനല്കു, വിചിത്രമാം രക്ഷയാൽ-
ക്കെല്പേനേ, ഞങ്ങൾക്ക മാൎഗ്ഗജ്ഞനാം ഭവാൻ! 14
നിങ്ങൾ സോമത്തെപ്പിഴികയേ ചെയ്യുവിൻ—
നിങ്ങൾക്ക പേടി തോന്നേണ്ടാ, കലികളേ:
ഇദ്ധ്വംസകാരികൾ വിട്ടുപോയ്ക്കൊള്ളുമേ—
ഇത്തരക്കാർ സ്വയം വിട്ടുപോയ്ക്കൊള്ളുമേ! 15

---

## സൂക്തം 67.

സമ്മദപുത്രനായ മത്സ്യമോ, മിത്രാവരുണപുത്രൻ മാന്യനോ ഋഷി; ഗായത്രി ഛന്ദസ്സ്; ആദിത്യന്മാർ ദേവത.

ഞങ്ങളാ ക്ഷത്രിയന്മാരാമാദിത്യരൊടു രക്ഷണം
യാചിയ്ക്കുന്നു, സുഖകരന്മാരോടിഷ്ടാഗമത്തിനായ്. 1
അൎയ്യമാ, വരുണൻ, മിത്രനെന്നീയാദിത്യർ നമ്മളെ
ദുഃഖം കടത്തട്ടെ,യവരറിയുന്നതുപോലവേ! 2
ആയാദിത്യരിലുണ്ടല്ലോ, വിചിത്രം സ്തുത്യമാം ധനം,
വേണ്ടോളം ചെയ്യുവോനായ ഹവ്യദന്നു കൊടുക്കുവാൻ! 3
മഹത്തല്ലോ, മഹാന്മാരാം ഭവാന്മാരുടെ രക്ഷണം:
അൎയ്യമൻ, മിത്ര, വരുണ, ഞങ്ങളൎത്ഥിപ്പൂ, രക്ഷകൾ! 4

---

14. ഞങ്ങൾക്ക കല്പിച്ചുനല്കു—അഭീഷ്ടം. മാൎഗ്ഗജ്ഞൻ—ഉപായജ്ഞൻ.

15. സ്വഗോത്രക്കാരോട്: കലികളേ—എന്റെ ജ്ഞാതികളേ. ധ്വംസകാരികൾ=നാശം വരുത്തുന്നവർ, രാക്ഷസാദികൾ. വിട്ടുപോയ്ക്കൊള്ളുമേ—ഇന്ദ്രപ്രഭാവത്താൽ.

### സൂക്തം 67.

1. സമ്മദമെന്ന പെരുമീനിന്റെ മകനായ മത്സ്യവും കൂട്ടുകാരും മീൻപിടുത്തക്കാരുടെ വലയിൽക്കുടുങ്ങിപ്പോയി. അവർ മോചനത്തിന്നായി ആദിത്യന്മാരെ സ്തുതിയ്ക്കുന്നു. അഥവാ മിത്രാവരുണപുത്രൻ മാന്യൻ ദുഃഖമുക്തിയ്ക്കായി സ്തുതിയ്ക്കുന്നു. ക്ഷത്രിയജാതിക്കാരത്രേ, ആദിത്യന്മാർ. ഇഷ്ടാഗമത്തിനായ്—ഇഷ്ടപ്രാപ്തിയ്ക്ക്.

2. അവരറിയുന്നതുപോലവേ—അവൎക്കറിയാം, ദുഃഖം കടത്തിവിടാൻ.

3. ഹവ്യദൻ—യജമാനൻ.

Digitized By Kerala Sahitya Akademi

പാഞ്ഞെത്തുവിൻ, ചാകുവതിന്മുമ്പുയിർക്കൊള്ളുമെങ്ങളിൽ:
വിളികേൾപ്പുവരേ, നിങ്ങളെങ്ങുവാനാദിതേയരേ? 5
തളൎന്ന പിഴിവോനേകാനില്ലം, സ്വത്തിവ നിങ്ങളിൽ
ഉണ്ടല്ലോ: നിങ്ങളവയാൽക്കേററിപ്പറവിനെ,ങ്ങളെ! 6
ഹിംസകന്നു മഹാപാപം, നിഷ്പാതകന്നു രത്നവും,
കാമിന്നേവരെപ്പററാത്തവരാമാദിതേയരേ! 7
കുടുങ്ങൊല്ലെങ്ങൾ വലയിൽ:-പ്പെരുംവേലയ്ക്കു ഞങ്ങളെ,
വിളിപ്പെട്ട വശീകൎത്താവിന്ദ്രൻതാൻ വേർപെടുത്തണം! 8
വലയ്ക്കും വൈരികളുടെ കൊല ഞങ്ങളിലേശൊലാ:
രക്ഷാനിരതരാം ദേവന്മാരേ, നിങ്ങൾ വിടുർത്തുവിൻ! 9
അദിതേ, ദേവി, മഹതി, സവിധേ വാഴ്ത്തിടുന്നു, ഞാൻ
വഴിപോലെ സുഖം നല്കും നിന്നെയിഷ്ടാഗമത്തിനായ്. 10
ദീനരക്ഷിണി, നീ:-യുഗ്രമക്കളുള്ളലയാഴിയിൽ
കൊലചെയ്യുന്നവൻ കൊന്നീടൊല്ലെങ്ങളുടെ കുട്ടിയെ! 11
വിശാലഗമനേ, നീതാൻ കുററമില്ലാത്ത ഞങ്ങളെ
ദൂരത്തെയ്ക്കു നടത്തിയ്ക്കുകു,ണ്ണിയെക്കാത്തുകൊള്ളുവാൻ! 12
മനുഷ്യരെ വലയ്ക്കാത്തോർ തലയാളർ യശസ്വികൾ
കൎമ്മങ്ങൾ കാത്തുരക്ഷിപ്പൂ, ദ്രോഹമാചരിയാതെവർ; 13

---

6. തളൎന്ന—കൎമ്മാനുഷ്ഠാനത്താൽ ക്ഷീണിച്ച. പിഴിവോന്ന്—സോമം പിഴിയുന്നവന്ന്. അവയാൽ—ഇല്ലവും സ്വത്തും തന്ന്. കേററിപ്പറവിൻ—ശ്ലാഘിപ്പിൻ.

7. നിഷ്പാതകൻ=പാപരഹിതൻ. ഞങ്ങളെ നിഷ്പാപരാക്കി രത്നം, ശ്രേയസ്സ്, തരുവിൻ എന്നു ഹൃദയം.

8. പെരുംവേലയ്ക്കു—മഹത്തായ കൎമ്മമനുഷ്ഠിപ്പാൻ. വശീകൎത്താവ്—ഭുവനത്തെയെല്ലാം വശത്താക്കുന്നവൻ. വേർപെടുത്തണം—വലക്കെട്ടുകളിൽനിന്ന്;

9. വലയ്ക്കും=ഉപദ്രവിയ്ക്കുന്ന. വിടുർത്തുവിൻ—വലയിൽനിന്നു മോചിപ്പിയ്ക്കുവിൻ.

10. സവിധേ—അരികിൽ വന്ന്.

11. നീ ദീനരക്ഷിണിയാണല്ലോ: ഉഗ്രമക്കൾ—ദ്രോഹാർത്ഥാദസ്യുക്കൾ.

12. വിശാലഗമനേ—ഭൂമിതന്നെയത്രേ, അദിതി.

Digitized By Kerala Sahitya Akademi

ആ നിങ്ങൾ ചെന്നായ്വക്ത്രത്തിൽനിന്നൊങ്ങളെ വിടുത്തുവിൻ,
ബദ്ധനാം ചോരനെപ്പോലെയദിതേ, ആദിതേയരേ! 14
ആദിത്യരേ, കെണിയിതു ഞങ്ങളെക്കൊന്നിടാതെതാൻ
അകന്നുപോകട്ടെ, ദുരാശയുമെങ്ങളിൽനിന്നുടൻ! 15
ആദിത്യരേ, ഞങ്ങൾ ഭവദ്രക്ഷകൊണ്ടു സുദാനരേ,
മുമ്പെട്ടനുഭവിയ്ക്കുന്നുണ്ടല്ലോ, വളരെയിപ്പൊഴും! 16
വളരെപ്പാപികൾ കടന്നെതിർത്താലുമകററുവിൻ,
ഞങ്ങളെക്കാക്കുവാൻ തുംഗചിത്തർ നിങ്ങളമർത്ത്യരേ! 17
ബദ്ധനെക്കെട്ടിൽനിന്നെന്നപോലെങ്ങളെ വിടുക്കയാൽ
സ്തോതവ്യമായ്ത്തീരുകി,തിങ്ങദിതേ, ആദിതേയരേ! 18
അത്രയ്ക്കൊത്രുക്ക ഞങ്ങൾക്കില്ലല്ലോ, വിടുതി നേടുവാൻ:
അതു തന്നരുൾകെ,ങ്ങൾക്കു ഭവാന്മാരാദിതേയരേ! 19
ഉണ്ടാക്കപ്പെട്ട കെണിയാമന്തകായുധമെങ്ങളെ
വധിയ്ക്കൊലാ, ജര പെടുന്നതിന്മുമ്പാദിതേയരേ! 20
ആദിത്യരേ, ദ്രോഹിയെയും, ബന്ധത്തെയു,മഘത്തെയും,
ദുരിതത്തെയുമെമ്പാടും മുരടോടേ മുടിയ്ക്കുവിൻ! 21

നാലാമദ്ധ്യായം സമാപ്തം.

---

14. ചെന്നായ്ക്കൾ—ഹിംസകർ. ബദ്ധനാം ചോരനെപ്പോലെ—കുററം തെളിയാഞ്ഞാൽ, ചോരനെ തടവിൽനിന്നു വിടുന്നതുപോലെ, ഞങ്ങളെ വിടുത്തുവിൻ.

16. വളരെ—വളരെസ്സുഖം.

17. തുംഗചിത്തർ=ഉൽകൃഷ്ടമനസ്സർ.

18. ഇത്—ബന്ധനം. ഇങ്ങ്—ഞങ്ങൾക്ക്. ഭവദനുഗ്രഹത്താൽ വിടുതി കിട്ടിയാൽ ഈ ബന്ധനം ഞങ്ങൾക്കു സ്തുത്യമായിത്തീരുമല്ലോ.

20. ഉണ്ടാക്കപ്പെട്ട—കൃത്രിമമായ. അന്തകായുധം—യമന്റെ ഒരായുധം തന്നെയാണ്, ഈ വല! ജര പെടുന്നതിനുമുമ്പ്—വാർദ്ധക്യത്തിൽ, വധിയ്ക്കപ്പെടുക അത്ര ദുഃഖകരമല്ലല്ലോ.

21. ബന്ധം—വലയിൽപ്പെടുൽ. അഘം=പാപം.



Digitized By Kerala Sahitya Akademi

## അഞ്ചാമദ്ധ്യായം.

### സൂക്തം 68.

അംഗിരോഗോത്രൻ പ്രിയമേധൻ ഋഷി; അനുഷ്ടുപ്പും ഗായത്രിയും
ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

ഇന്ദ്ര, ബഹുകർമ്മവാനേ,
വെന്നമർത്ത്വോനാം നിന്നെ
സാരവാനേ, സതാംപതേ,
തേരിനെയെന്നതുപോലേ
നേക്കു തിരിയ്ക്കാവൂ, ഞങ്ങൾ
സൌഖ്യത്തിന്നും രക്ഷയ്ക്കുമായ്! 1

ആരാദ്ധ്യനേ, കരുത്തനേ,
ഭൂരിപ്രജ്ഞ, കർമ്മവാനേ,
നീളേ നിറഞ്ഞിരിയ്ക്കുന്നു,
നീളുമാന്ന നിന്മഹത്ത്വം! 2

ഉൽകൃഷ്ടനാം ഭവാനുടെ
തൃക്കയ്യുകൾ മഹത്ത്വത്താൽ
ചേലിൽ വഹിയ്ക്കുന്നുണ്ടല്ലോ,
നീളെച്ചെല്ലും പൊൻവജ്രത്തെ! 3

ഏറ്റമ്പാടും ചെന്നെതിക്കന്നേ
കമ്പിടാത്ത കരുത്തിൻെറ
നാഥനായോനെയും, സേനാ-
ഭൃതരായ നിങ്ങളുടെ

---

സൂക്തം 68.

1. സാരവാൻ—ബലവാൻ. നേക്കു തിരിയ്ക്കാവൂ—തേരിനെ വേണ്ടേടത്തെയ്ക്കു തിരിയ്ക്കുന്നതുപോലെ, നിന്നെ ഇങ്ങോട്ടു തിരിയ്ക്കാവൂ, കൊണ്ടുവരാവൂ.

3. നീളെ—ജഗത്തിലെങ്ങും.

Digitized By Kerala Sahitya Akademi

ത്തേരോട്ടത്തെയും, രക്ഷാ_
കൃത്യത്തെയും വിളിയ്ക്കുന്നോൻ: 4
യുദ്ധങ്ങളിൽ നേതാക്കളീ
നിത്യപ്രവൃദ്ധനെയല്ലോ,
നാനാമട്ടിൽ വിളിയ്ക്കുന്നു,
ത്രാണത്തിനുമിഷ്ടാപ്തിയ്ക്കും! 5
അപ്പുറത്തിരിപ്പോൻ, സ്തുതി_
യ്ക്കൊപ്പം വെളിപ്പെട്ടനവൻ,
അത്യോജസ്വി, ശുഭധനൻ,
സ്വത്തിനുടയവനി,ന്ദ്രൻ! 6
ആയിന്ദ്രനോ സ്തവം ചൊല്ലു_
നായതസ്വത്തേകാനുണ്മാൻ;
നേതാവിവൻ പ്രജകൾതൻ
സാധുസ്തുതിയ്ക്കീശനല്ലോ! 7
പുഷ്ടബല, മനുഷ്യനു
കിട്ടില്ലല്ലോ, തവ സഖ്യം;
ഇങ്ങൊരുവൻ നേടിയിട്ടി_
ല്ല,ങ്ങയുടെ ബലത്തെയും! 8
നിന്നാൽപ്പാലിതരായെങ്ങൾ
നിൻതുണയാൽപ്പോരിൽ വജ്രിൻ,
ഭൂരിസമ്പത്തടക്കാവൂ,
നീരിനും സൂര്യനുംവേണ്ടി! 9

---

4. മരുത്തുക്കളോട്: നാഥൻ—ഇന്ദ്രൻ. സേനാഭൃതർ—ഇന്ദ്രന്റെ സൈനികർ.

5. ഈ നിത്യപ്രവൃദ്ധൻ—ഇന്ദ്രൻ.

6. അപ്പുറത്തിരിപ്പോൻ—അതിദൂരസ്ഥിതൻ, അജ്ഞേയൻ. സ്തുതിയ്ക്കൊപ്പം—എത്ര സ്തുതിച്ചുവോ, അത്രയ്ക്ക്.

7. ആയിന്ദ്രനോ—ആ ഇന്ദ്രനെക്കുറിച്ചുതന്നെ. ആയതസ്വത്ത്—നീണ്ട, വലിയ, ധനം. ഉണ്മാൻ—സോമം കുടിപ്പാൻ. സാധുസ്തുതി=വഴിപോലെയുള്ള സ്തുതി. ഈശൻ—ഉടമസ്ഥൻ.

9. നീരിനും—സ്നാനാദികൾക്കു വെള്ളം കിട്ടാനും. സൂര്യനും—സൂര്യനുദിച്ചാൽ വേലകൾ ചെയ്യാനും. ഭൂരിസമ്പത്തടക്കാവൂ—ശത്രുക്കളുടെ ബഹുധനം കൈവശപ്പെടുത്തുമാറാകണം.

Digitized By Kerala Sahitya Akademi

ആ നിന്നോടൎത്ഥിപ്പൂ, യജി,-
ച്ചാ നിന്നോടേ സ്തുതിച്ചെങ്ങൾ:
ഇന്ദ്ര, ഭവാനടർകളി-
ലുന്നതപ്രജ്ഞനാമെന്നെ
കാത്തരുളിയല്ലോ, പാരം
സ്തോത്രസേവ്യനായുള്ളോവേ! 10
ആസ്വാദ്യ,മാ നിന്റെ സഖ്യ;-
മാസ്വാദ്യം, നിൻകൊണ്ടുവരൽ;
വിസ്തരിയ്ക്കപ്പെടേണ്ടുവൊ-
ന്നധ്വരം തേ തുലോം വജ്രിൻ! 11
ഏററം നല്ലൂ,ങ്ങൾതൻ പുത്ര-
നോററം പൌത്രനി,ല്ലത്തിന്നും;
ഞങ്ങൾക്കേററം തന്നരുളു-
കി,ങ്ങു ജീവിച്ചിരിയ്ക്കുവാൻ! 12
ഏററമാൾക്കാക്കേ,ററം ഗോക്കൾ-
ക്കേ,ററം രഥമാൎഗ്ഗങ്ങൾക്കും,
ദേവന്മാർതന്നമരേത്തും
കേവലമൎത്ഥിപ്പൂ, ഞങ്ങൾ! 13
സോമം കുടിച്ചിമ്പമുൾക്കൊ-
ണ്ടാ മനവന്മാരാറുപേർ
രണ്ടുരണ്ടായ് വന്നു ദാനം-
കൊണ്ടു സുഖിപ്പിച്ചാരെന്നെ: 14

---

10. അൎത്ഥിപ്പൂ(=യാചിയ്ക്കുന്നു) എന്ന ക്രിയാപദം രണ്ടാംപാദത്തിലും ചേൎക്കണം. ഉന്നതപ്രജ്ഞൻ— വളരെ സ്തുതിച്ചവൻ എന്നൎത്ഥം.

11. കൊണ്ടുവരൽ—ധനാദ്യാനയനം. തേ അധ്വരം=അങ്ങയ്ക്കുള്ള യാഗം. തുലോം വിസ്തരിയ്ക്കപ്പെടേണ്ടുന്നതാകുന്നു.

12. ഏററം—വളരെദ്ധനം.

13. ഏററം—വളരെ നന്മയും. ദേവന്മാർതന്നമരേത്തും—യാഗവും.

14. ഇതുമുതൽ ആറു പദ്യങ്ങൾ ആറു രാജാക്കന്മാരുടെ ദാനത്തെ സ്തുതിയ്ക്കുന്നവയാകുന്നു: രണ്ടുരണ്ടായ്—അച്ഛൻ, മകൻ, എന്ന് ഈരണ്ടുപേരായി.

Digitized By Kerala Sahitya Akademi

തന്നാനി,ത്തുരംഗത്തെ-
യിന്ദ്രോതൻ;-ഋക്ഷാത്മജനോ,
രണ്ടുഹരികളെ; രണ്ടു
ശോണാശ്വത്തെയാശ്വമേധൻ. 15

കന്നാംതരം രഥ്യങ്ങളെ-
യിന്ദ്രോതൻ;ഋക്ഷാത്മജനോ,
നല്ക്കടിഞ്ഞാണിട്ടവയെ;-
ബ്ഭൂഷിതരെയാശ്വമേധൻ. 16

പൂതകർമ്മാവിന്ദ്രോതനാ-
മാതിഥിഗ്വനതോടൊപ്പം
തന്നൂ മമ ബഡബക-
ളൊന്നിച്ചാറുഹയങ്ങളെ. 17

ഈക്കുതിരകളിൽവെച്ചു
വിഖ്യാത,യൊരശ്വപ്പേട—
നല്ക്കടിഞ്ഞാണിട്ടൊളി പൂ-
ണ്ടൂർഗ്ഗ്വാൻ വൃഷണ്വതി! 18

നിന്ദനത്തിലുത്സുകനാ-
കുന്നവനുമൊരു ദോഷം
ആരോപിക്കുകില്ല, ഭവാ-
ന്മാരിലന്നദാതാക്കളേ! 19

---

15. ഓരോ രാജാവിന്റെയും ദാനം വിവരിക്കുന്നു: ഇന്ദ്രോതൻ—അതിഥിഗ്വപുത്രൻ. ഋക്ഷാത്മജൻ=ഋക്ഷരാജാവിന്റെ പുത്രൻ. ഹരികൾ=പച്ചക്കുതിരകൾ. ആശ്വമേധൻ=അശ്വമേധന്റെ പുത്രൻ.

16. രഥ്യങ്ങൾ—തേരിന്നു പൂട്ടിയ കുതിരകൾ. ഭൂഷിതർ—കോപ്പണിയിച്ച കുതിരകൾ. തന്നാൻ എന്ന പദം അധ്യാഹരിക്കുക.

17. ആതിഥിഗ്വൻ=അതിഥിഗ്വന്റെ പുത്രൻ. ബഡബകൾ=പെൺകുതിരകൾ.

18. ഇവയിൽവെച്ചു വിഖ്യാത (വിളിപ്പെട്ടവൾ), ഒരശ്വപ്പേട(പെൺകുതിര)യാകുന്നു. ഊർഗ്ഗ്വ്—ചുണ. വൃഷണ്വതി—യുവാശ്വോപേത; ഇതു് ആ ബഡബയുടെ പേരായിരിക്കാം.

19. ആ രാജാക്കന്മാരോട്; നിന്ദനത്തിൽ—പരനിന്ദയിൽ.

Digitized By Kerala Sahitya Akademi

സൂക്തം 69.

പ്രിയമേധൻ ഋഷി; അനുഷ്ടുപ്പും ഉഷ്ണിക്കും ഗായത്രിയും പംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രനും വിശ്വേദേവകളും വരുണനും ദേവത.

വീരന്മാരെ ഇമ്പപ്പെടുത്തുന്ന ഇന്ദ്രനു നിങ്ങൾ മൂന്നുതരത്തിൽ സ്തുതിച്ചുകൊണ്ട് അന്നം ഒരുക്കുവിൻ: അവിടുന്നു നിങ്ങളെ യജ്ഞസിദ്ധിയ്ക്കു ഉലോം മനസ്സുവെച്ചു കൊണ്ടാടും! 1

ഞാൻ നിങ്ങൾക്കായി, ഉഷസ്സുകളെ ഉൽപാദിപ്പിച്ചവനെ, നദികളെ ഇരമ്പിച്ചവനെ, നിങ്ങൾക്കായി ഗോപതിയെ (വിളിയ്ക്കാം): കറവപ്പൈക്കൾക്കു തീററ തേടുകയാണല്ലോ, ഭവാൻ. 2

ദേവകൾ പിറന്നേടത്തു—വിളങ്ങുന്ന വിണ്ണിൽ—വർത്തിയ്ക്കുന്ന, കിണറുപോലെ ചുരത്തുന്ന ആ വിചിത്രധേനുക്കൾ തന്തിരുവടിയ്ക്കു മൂന്നു സവനങ്ങളിലും സോമം കൂട്ടുന്നു! 3

സത്യത്തിന്റെ മകനും, സൽപതിയും, ഗോപതിയുമായ ഇന്ദ്രനെ നീ കല്പിച്ചറിയുമാറു സ്തുതിയ്ക്കുക! 4

തിളങ്ങുന്ന പച്ചക്കുതിരകൾ, നാം സ്തുതിയ്ക്കുന്നേടത്തു, ദർഭയിൽ വന്നെത്തട്ടെ! 5

വജ്രപാണിയായ ഇന്ദ്രനു പൈക്കൾ, അവിടുന്ന് അരികേ സോമം കൈക്കൊള്ളുമ്പോൾ, കൂട്ടുപാൽ ചുരത്തുന്നു! 6

---

സൂക്തം 69.

1. അധ്വര്യുക്കളോട്: മൂന്നുതരത്തിൽ—ഋഗ്യജുസ്സാമങ്ങളാൽ.

2. ഒടുവിലെ വാക്യം യജമാനനോട്:

3. വിണ്ണിൽ—യജ്ഞത്തിന്നുപയോഗിയ്ക്കപ്പെട്ട ഗോക്കൾക്കു സ്വർഗ്ഗം കിട്ടുമല്ലോ. സോമം കൂട്ടുന്നു—സോമത്തിൽ പാൽ ചേർക്കുന്നു.

4. തന്നോടുതന്നെ: സത്യത്തിന്റെ മകൻ—സത്യസ്നേഹി എന്നു സാരം. കല്പിച്ചറിയുമാറ്—അവിടുന്നു നിന്നെ അറിയത്തക്കവണ്ണം.

5. നാം സ്തുതിയ്ക്കുന്നേടത്ത്—ഇന്ദ്രനെ.

6. കൂട്ടുപാൽ—സോമനീരിൽ പകരാനുള്ള പാൽ.

Digitized By Kerala Sahitya Akademi

ഇന്ദ്രനും ഞാനും സൂൎയ്യന്റെ പാൎപ്പിടത്തിൽ ചെന്നാൽ, ഞ
ങ്ങൾ ഒപ്പം മധു കുടിച്ചു, സഖാവിന്റെ ഇരുപത്തൊന്നാം സ്ഥാനത്തു
നിവസിയ്ക്കും! 7

നിങ്ങൾ അൎച്ചിയ്ക്കുവിൻ—മികവിൽ അൎച്ചിയ്ക്കുവിൻ! പ്രിയമേ
ധഗോത്രരേ, നിങ്ങൾ അൎച്ചിയ്ക്കുവിൻ: പുത്രന്മാരും അൎച്ചിയ്ക്കട്ടെ—ഒരു
ധൃഷ്ടകമായ പുരത്തെ എന്നപോലെ അൎച്ചിയ്ക്കുവിൻ! 8

ഇതാ, ചെല്ലരിപ്പാ മുഴങ്ങുന്നു; ചുററും കൎയ്യാ മുരളുന്നു; വിൽ
ഞാൺ അലയടിയ്ക്കുന്നു. അതിനാൽ ഇന്ദ്രന്നു മികച്ച സ്തോത്രം ഉച്ച
രിയ്ക്കുവിൻ! 9

വെളുത്തു തടിച്ച കറവപ്പൈക്കൾ വരുന്നതെപ്പോഴോ, അ
പ്പോൾ നിങ്ങൾ ഇന്ദ്രന്നു കുടിപ്പാൻ ധാരാളം സോമമൊരുക്കുവിൻ! 10

ഇന്ദ്രൻ കുടിച്ചു; അഗ്നി കുടിച്ചു; ദേവകൾക്കെല്ലാം വയർ നി
റഞ്ഞു. വരുണനും ഇവിടെ വസിയ്ക്കട്ടെ: തന്തിരുവടിയെക്കുറിച്ചു ത
ണ്ണീരുകൾ, കുട്ടിയോടു ചേൎന്ന പൈക്കൾപോലെ, ഇരമ്പുമല്ലോ! 11

വരുണ, ഒരു നല്ല ദേവനാണ്,വിടുന്നു്: അങ്ങയുടെ അണ്ണാക്കി
ലേയ്ക്കു്, ഒരു ലോഹപ്രതിമയുടെ പഴുതിലെയ്ക്കെന്നപോലെ ഒഴുകുന്നു
ണ്ടല്ലോ, സപ്തനദികൾ! 12

ആർ ഹവിൎദ്ദാതാവിന്നു വിചിത്രഗതികളായ തേൎക്കുതിരകളെ
അയയ്ക്കുമോ, ആ ഗമനശീലനായ, ഉപമാനഭൂതനായ നേതാവ് അ
പ്പോൾത്തന്നെ തടവു വിട്ടു മഴ പൊഴിയ്ക്കുന്നു! 13

ശക്രനായ ഇന്ദ്രൻ പിന്നിട്ടെഴുന്നള്ളും—പാറലരെയെല്ലാം
പിന്നിടും. മീതേ മേവുന്ന ആ കമനീയൻ മിന്നൽപ്പിണരിന്റെ ത
ല്ലേല്ക്കുന്ന മേഘത്തെ പിളൎത്തും! 14

---

7 മധു—മധുരസോമം. സഖാവിന്റെ—സൂൎയ്യന്റെ. ഇരുപത്തൊന്നാം—ദേവലോകത്തിൽ ഇരുപത്തൊന്നാമത്തതത്രേ, സൂൎയ്യന്റെ ഇരിപ്പിടം.

8. സ്വജനങ്ങളോട്: അൎച്ചിയ്ക്കുവിൻ—ഇന്ദ്രനെ സ്തുതിയ്ക്കുവിൻ.

9. ചെല്ലരിപ്പാ—ഒരുതരം പടഹം. അതിനാൽ—യുദ്ധം സമീപിച്ചിരിയ്ക്കയാൽ.

12. അണ്ണാക്ക്—സമുദ്രം.

13. ഗമനശീലൻ—യാഗങ്ങളിലൊക്കെ ചെല്ലുന്നവൻ. നേതാവ്—ഇന്ദ്രൻ. തടവു വിട്ടു—വൃഷ്ടിനിവാരകരിൽനിന്നു വിമുക്തനായിട്ട്.

14. മീതേ—മേഘോപരി.

Digitized By Kerala Sahitya Akademi

തന്തിരുവടി, ഒരു കൊച്ചുകുട്ടിയെപ്പോലെ, സ്തുത്യമായ രഥത്തി
ലിരിയ്ക്കും; അച്ഛനമ്മമാർക്കുവേണ്ടി, പാഞ്ഞുനടക്കുന്ന പുരുകർമ്മാവായ
പെരുംകാററിനെ വഴിപ്പെടുത്തും! 15

നല്ല അണക്കടകളുള്ള സ്വാമിൻ, അവിടുന്ന് ആയിരം വട്ടം
നടമിടുക്കും ചേററ, നിരംഘമായ, മിന്നിത്തിളങ്ങുന്ന പൊന്നിൻതേരിൽ
കേറുക; ഏന്നിട്ട്, നമുക്കിരുവക്കും ഒരുമിയ്ക്കാം! 16

ആ സ്വയം വിളങ്ങുന്നവനെ (ആളുകൾ) ഇങ്ങനെ സ്തുതിച്ചു
സേവിയ്ക്കുന്നു; ഹവിസ്സിന്നായി കുതിരകൾ കൊണ്ടുവരുമ്പോൾ, തന്തി
രുവടിയുടെ ഈടുവെപ്പിൽനിന്നു ധനവും (നേടുന്നു)! 17

മികച്ച പ്രദാനത്തിന്നായി ദർഭ വിരിച്ചു ഹവിസ്സൊരുക്കിയ പ്രി
യമേധന്മാർ ഇവരുടെ പുരാതനസ്ഥാനം പ്രാപിച്ചിരിയ്ക്കുന്നു! 18

---

## സൂക്തം 70.

അംഗിരോഗോത്രൻ പുരുഹന്മാവ് ഋഷി; ബൃഹതിയും സതോബൃഹതിയും
ഉഷ്ണിക്കും അനുഷ്ടുപ്പും പുരഉഷ്ണിക്കും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

മനുഷ്യക്കു തമ്പുരാൻ, തേരിലെഴുന്നള്ളുന്നവൻ, അജ്ഞാതഗ
മനൻ, പടകളെയെല്ലാം മറുകരയണയ്ക്കുന്നവൻ, വൃത്രനെ കൊന്നവൻ
—ഇങ്ങനെയുള്ള ഉന്നതനെ ഞാൻ സ്തുതിയ്ക്കുന്നു. 1

രണ്ടു ഭാവം ആക്കുണ്ടോ; ആരുടെ കയ്യിൽ മഹത്തായ വജ്രം,
അഹസ്സിൽ സൂര്യനെന്നപോലെ കാണപ്പെടുമോ; നിനക്കു താങ്ങായ
ആ ഇന്ദ്രനെ പുരുഹന്മാവേ, നീ രക്ഷയ്ക്കായി ചമയിയ്ക്കുക! 2

---

15. അച്ഛനമ്മമാർ—ദ്യാവാപൃഥിവികൾ. വഴിപ്പെടുത്തും—മഴ പെയ്യാൻ.

16. വട്ടം—ചക്രം. കേറുക—ഹവിസ്സു സ്വീകരിച്ചിട്ട്, തിരികെ പോകാൻ. ഒരുമിയ്ക്കാം—അവിടുന്നു കേറിയതിന്നുശേഷം ഞാനും കേറാം.

17. കൊണ്ടുവരുമ്പോൾ—തന്തിരുവടിയെ.

18. പ്രദാനം—ഹവിരപ്പണം. ഇവരുടെ—ഇന്ദ്രാദിദേവന്മാരുടെ.

സൂക്തം 70.

1. ഉന്നതൻ—ഗുണാധികൻ, ഇന്ദ്രൻ.

2. തന്നോടുതന്നെ: രണ്ടുഭാവം—നിൻെറ ശത്രുക്കളെ നിഗ്രഹിയ്ക്കുന്നതിൽ ക്രൂരത; നിന്നെ അനുഗ്രഹിയ്ക്കുന്നതിൽ സൌമ്യത. ചമയിയ്ക്കുക—ഹവിർദ്ദാനാദിയാലണിയിയ്ക്കുക.

Digitized By Kerala Sahitya Akademi

നിത്യവർദ്ധകനും, വിശസ്തുത്യനും, മഹാനും, അധൃഷ്യനും, ധ
ഷ്കബലനുമായ ഇന്ദ്രനെ ആർ യജിയ്ക്കുമോ, അവനെ ആരും എതി
ക്കില്ല! 3

ആർ ജനിച്ചപ്പോഠം വലിയ പൈക്കഠം പറഞ്ഞതണഞ്ഞു വഴി
പോലെ സ്തുതിച്ചുവോ, വിൺമനാകളും സ്തുതിച്ചുവോ, ആ അവിഷഹ്യ
നെ—പടകളിൽ അടിപെടുത്തുന്ന ഉദഗ്രബലനെ— (ഞാൻ സ്തുതി
യ്ക്കുന്നു). 4

ഇന്ദ്ര, അവിടെയ്ക്കു പകരംനില്പാൻ നൂറു വിണ്ണുകളോ നൂറു മന്നു
കളോ പോരാ. വജ്രിൻ, ആയിരം സൂര്യന്മാരും അങ്ങയെ വെളിപ്പെ
ടുത്തില്ല. ജനിച്ചതൊന്നും—വാനൂഴികളും—കിടനില്ക്കില്ല! 5

ബലിഷ്ഠനായ വൃഷാവേ, അങ്ങ് അനല്പമായ കെല്പുകൊണ്ട്
എല്ലാ ബലങ്ങളെയും നിറയ്ക്കാറുണ്ടല്ലോ. വജ്രിൻ, മഘവാവേ, നി
ന്തിരുവടി ഞങ്ങളെ പൈത്തൊഴുത്തിന്നായി, വിവിധരക്ഷകളാൽ
പാലിച്ചാലും! 6

ആർ എഴുന്നള്ളാൻ നാനാവർണ്ണാശ്വങ്ങളെ പൂട്ടുമോ, രണ്ടു ഹ
രികളെ പൂട്ടുമോ, ആ ദീർഘായുസ്സായ ഇന്ദ്രനെ സേവിയ്ക്കാത്ത മനു
ഷ്യന്നു യാതൊരന്നവും കിട്ടില്ല! 7

ആരെ വെള്ളത്തിൽ, ആരെ കരയിൽ വിളിയ്ക്കേണമോ; ആ
രെ യുദ്ധത്തിൽ വിളിയ്ക്കേണമോ; ആ പൂജനീയനായ ഇന്ദ്രനെ മഹാ
ന്മാരായ നിങ്ങഠം നേട്ടത്തിന്നായി സേവിയ്ക്കുവിൻ! 8

---

3. എതിക്കില്ല—പീഡിപ്പിയ്ക്കാൻ ശക്തനാകില്ല.

4. അടിപെടുത്തുന്ന—എതിരാളികളെ.

6. ബലങ്ങഠം—ശത്രുബലങ്ങഠം. കെല്പുകൊണ്ടു നിറയ്ക്കുക—സ്വബലം ശത്രുബലങ്ങളിലെങ്ങും വ്യാപിപ്പിച്ച്, അവയെ അടിപെടുത്തുക എന്നർത്ഥം. പൈത്തൊഴുത്തിന്നായി—ശത്രുക്കളുടെ ഗോശാല പിടിച്ചടക്കാൻ.

7. എഴുന്നള്ളാൻ—യാഗങ്ങളിൽ പോകാൻ. ദീർഘായുസ്സ്—മരണരഹിതൻ.

8. ഋത്വിക്കുകളോട്: നേട്ടം—ധനലാഭം.



Digitized By Kerala Sahitya Akademi

വസോ, ശൂര, അവിടുന്നു ഞങ്ങളെ വലിയ അന്നത്തിന്നായി ഉയൎത്തിയാലും; മഘവാവേ, വലിയ ധനദാനത്തിന്നായി ഉയൎത്തിയാലും; ഇന്ദ്ര, വലിയ യശസ്സിന്നായി ഉയൎത്തിയാലും! 9

ഇന്ദ്ര, യജ്ഞകാമനായ ഭവാൻ ഞങ്ങളെ അയഷ്ടാവിന്റെ ധനംകൊണ്ടു സംതൃപ്തരാക്കണം; ബഹുധന, ത്രുത്തുടകളുടെ ഇടയിൽ നിൎത്തണം; ദ്രോഹിയെ ആയുധംകൊണ്ടു കൊല്ലണം! 10

അന്യകൎമ്മാവിനെ, മനുഷ്യക്പ്രിയനെ, അയഷ്ടാവിനെ, അദേവകാമനെ, സഖാവായ പൎവതൻ സ്വൎഗ്ഗത്തിൽനിന്നു വീഴ്ത്തും; പൎവതൻ പാപിയെ മൃത്യുവിന്നയയ്ക്കും! 11

ഇന്ദ്ര, ബലവാനേ, അസ്മൽകാമനായ അവിടുന്നു ഞങ്ങൾക്കു തരാൻ പൈക്കളെ, പൊരിയവിൽപോലെ കയ്യിൽ പിടിച്ചാലും; അസ്മൽകാമനായിട്ടു രണ്ടാമതും പിടിച്ചാലും! 12

സഖാക്കളേ, യജ്ഞത്തിന്നൊരുങ്ങുവിൻ: നിഹന്താവിനെ നാം എങ്ങനെ സ്തുതിയ്ക്കേണ്ടൂ? ഊട്ടുന്നവനും, പുറപ്പെട്ടുവിയ്ക്കുന്നവനും, തലകുനിയ്ക്കാത്തവനുമാണല്ലോ, അദ്ദേഹം! 13

സ്വാരാധ്യ, യജമാനരായ വളരെ ഋഷിമാർ അങ്ങയെ സ്തുതിയ്ക്കുന്നുണ്ട്. നിഹന്താവേ, അവിടുന്ന് ഇങ്ങനെ ഒന്നൊന്നായി പൈക്കിടാങ്ങളെ കല്പിച്ചുകൊടുക്കുന്നു! 14

---

10. സന്തൃപ്തരാക്കണം—യജ്ഞരഹിതന്റെ സമ്പത്തു കൈലാക്കി, ഞങ്ങൾക്കു തരണം; എന്നാൽ ഞങ്ങൾ യജ്ഞംചെയ്തുകൊണ്ടിരിയ്ക്കുമെന്നു ധ്വനി. നിൎത്തണം—അപായം വരാതിരിപ്പാൻ.

11. സഖാവായ പൎവതൻ—ഇന്ദ്രന്റെ സഖാവായിബ്ഭവിച്ച പൎവതനെന്ന ഋഷി. മറ്റു ദേവനെ യജിച്ചു സ്വൎഗ്ഗത്തിൽച്ചെന്നവനെയും പൎവതൻ പിടിച്ചു തള്ളും!

13. ഋത്വിക്കുകളോട്: നിഹന്താവ്—ശത്രുക്കളെ കൊല്ലുന്നവൻ, ഇന്ദ്രൻ. ഊട്ടുന്നവൻ—അന്നദാതാവ്. പുറപ്പെട്ടുവിയ്ക്കുന്നവൻ—പ്രാണികളെ വ്യാപരിപ്പിയ്ക്കുന്നവൻ.

14. നിഹന്താവേ—രിപുഘ്ന. പൈക്കിടാങ്ങളെ എന്നതിൽ പൈക്കളും ഉൾപ്പെട്ടിരിയ്ക്കുന്നു. കൊടുക്കുന്നു—സ്തോതാക്കൾക്ക്.

Digitized By Kerala Sahitya Akademi

മഘവാവു മൂന്നു ശൂരയോദ്ധാക്കളുടെ പൈക്കളെയും കിടാവിനെയും, ഇടയൻ കാക്കാൻ പെണ്ണാടിനെയെന്നപോലെ, ചെവിമേൽ പിടിച്ചു നമുക്കായി കൊണ്ടുവരട്ടെ! 15

---

## സൂക്തം 71.

സുദീതിയോ പുരുമീള്ഹനോ ഋഷി; ഗായത്രിയും ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകരം; അഗ്നി ദേവത.

അഗ്നേ, തേജോയുക്തനായ നിന്തിരുവടി ഞങ്ങളെ എല്ലാപ്പിശുക്കരിൽനിന്നും, ദ്രോഹിക്കുന്ന മനുഷ്യരിൽനിന്നും രക്ഷിക്കണം! 1

പ്രിയജന്മാവേ, ആണിന്റേതായ അങ്ങയുടെ അരിശം കുറയില്ല; ഭവാന്റേതന്നെയാണല്ലോ, രാത്രി! 2

ബലപുത്ര, സ്തുത്യപ്രകാശ, ആ നിന്തിരുവടി എല്ലാദ്ദേവന്മാരോടുംകൂടി, ഞങ്ങൾക്കു വിശ്വവരേണ്യമായ ധനം കല്പിച്ചുതന്നാലും! 3

അഗ്നേ, യാതൊരു ഹവിർദ്ദാതാവിനെ അങ്ങ് രക്ഷിക്കുമോ, ആ മനുഷ്യനെ പിശുക്കന്മാർ സമ്പത്തിൽനിന്നു വേർപെടുത്തില്ല! 4

മേധാവിൻ, അഗ്നേ, നിന്തിരുവടി യാതൊരുവനെ യജ്ഞാനുഷ്ഠാനത്തിലിറക്കുമോ, അവൻ ധനലബ്ധിയ്ക്ക്, അങ്ങയുടെ രക്ഷയാൽ ഗോസമേതനായിത്തീരും! 5

അഗ്നേ, ഹവിസ്സർപ്പിക്കുന്ന മനുഷ്യന്നു വളരെ വീരന്മാരെയും സമ്പത്തും നിന്തിരുവടി നല്കാറുണ്ടല്ലോ; ഞങ്ങൾക്കും ധനം കൊണ്ടുവരിക! 6

---

15. മൂന്നു—ഒരു ശൂരയോദ്ധാവിന്റേതു പോരാ.

സൂക്തം 71.

2. അരിശം—ഔജ്ജ്വല്യം. കുറയില്ല—ഞങ്ങൾ രക്ഷിക്കുന്നതിനാൽ, പകൽനേരത്തും മങ്ങില്ല. രാത്രിയാകട്ടേ, ഭവാന്റേതന്നെയാണല്ലോ: രാത്രിയിൽ ഏറെ ജ്വലിക്കും.

4. പിശുക്കന്മാർ—ലുബ്ധരായ ശത്രുക്കൾ.

6. വീരന്മാർ—പുത്രാദികൾ.

Digitized By Kerala Sahitya Akademi

ജാതവേദസ്സേ, അവിടുന്നു ഞങ്ങളെ രക്ഷിയ്ക്കണം: ദ്രോഹിയ്ക്കാൻ നോക്കുന്ന ദുരാശനായ മനുഷ്യന്നു വിട്ടുകൊടുക്കരുത്! 7

അഗ്നേ, ദേവനായ ഭവാന്റെ ദാനം ഒരദേവൻ വേർപെടുത്തരുത്; ധനങ്ങളുടെ അധിപതിയാണല്ലോ, അവിടുന്ന്! 8

സഖേ, ബലപുത്ര, വസോ, ആ നിന്തിരുവടി സ്തോതാക്കളായ ഞങ്ങൾക്കു വമ്പിച്ച ധനം കിട്ടിയ്ക്കാറുണ്ടല്ലോ! 9

കിടക്കുന്ന ജ്വാലകളുള്ള ദർശനീയങ്ങൾ, പുരുധനങ്ങൾ, പുരുസ്തുതങ്ങൾ ചെന്നെത്തട്ടേ, നമ്മുടെ സ്തുതികളും യജ്ഞങ്ങളും ഹവിസ്സുകളും രക്ഷയ്ക്ക്— 10

ബലപുത്രങ്കൽ, ജാതവേദസ്സിങ്കൽ, അഗ്നിയിങ്കൽ ചെന്നെത്തട്ടേ, വേണ്ടതൊക്കെ കിട്ടാൻ: അമർത്ത്യൻ, മർത്ത്യരിൽ ചേർന്നവൻ, എന്നീ രണ്ടവസ്ഥയുണ്ട്,വിടെയ്ക്ക്: അവിടുന്നു പ്രജകളിൽ ഹോതാവായിട്ട്, അത്യന്തം ആഹ്ലാദിപ്പിയ്ക്കുന്നുണ്ടല്ലോ! 11

നിങ്ങളുടെ ദേവയജനത്തിന്നു ഞാൻ അഗ്നിയെ, യാഗം തുടങ്ങുമ്പോൾ അഗ്നിയെ, കർമ്മങ്ങളിൽ മുമ്പേ അഗ്നിയെ, വിഘ്നം വന്നാൽ അഗ്നിയെ, വയൽ കിട്ടാൻ അഗ്നിയെ (സ്തുതിയ്ക്കാം). 12

അഗ്നി സഖാവായ എനിയ്ക്ക് അന്നം തരട്ടെ: സ്വത്തുകളുടെ അധിപതിയാണല്ലോ, അവിടുന്ന് ഞങ്ങൾ അഗ്നിയോടു—വസുവായി വർത്തിയ്ക്കുന്ന തനൂനപാത്തിനോടു—പുത്രന്നും പൌത്രന്നുംവേണ്ടി വളരെ (ധനം) യാചിയ്ക്കുന്നു. 13

പുരുമീള്ഹ, നീ രക്ഷയ്ക്കു, കിടക്കുന്ന ജ്വാലകളുള്ള അഗ്നിയെ, നീ ധനത്തിന്ന് അഗ്നിയെ, പാടിസ്തുതിയ്ക്കുക; നേതാക്കളാൽ പുകഴ്ത്തപ്പെടുന്ന അഗ്നിയോടു സുദീതിയ്ക്കായി ഗൃഹം യാചിയ്ക്കുക. 14

---

8. അദേവൻ—ദേവനല്ലാത്തവൻ, മനുഷ്യനും മററും.

11. പ്രജകളിൽ—യാഗംചെയ്യുന്ന ആളുകളിൽ.

12. യജമാനരോട്:

13. തനൂനപാത്ത്=ദേഹരക്ഷകൻ; അഗ്നിയുടെ ഒരു പര്യായമാണിത്.

14. പുരുമീള്ഹനും, സുദീതിയും, ഈ സൂക്തത്തിന്റെ ഋഷിമാർ.

Digitized By Kerala Sahitya Akademi

നാം, നമ്മുടെ ശത്രുക്കളെ അകററാൻ അഗ്നിയെ, സുഖം തരാനം അഗ്നിയെ സ്തുതിയ്ക്കുക: പ്രജകൾക്കെല്ലാം രാജാവെന്നപോലെ, ഋഷികൾക്ക വാസയിതാവും ആഹ്ലാദവ്യനമായിബ്ഭവിയ്ക്കട്ടെ, അവിടുന്ന്! 15

---

## സൂക്തം 72.

പ്രഗാഥപുത്രൻ ഹര്യതൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

ഇങ്ങെഴുന്നള്ളിനാനല്ലോ—ഹവിസ്സുണ്ടാക്കിവെയ്ക്കുവിൻ:
ഇതേകാൻ പോരുമധ്വര്യു പേർത്തും പരിചരിയ്ക്കയായ്! 1
ഹോതാവിരുത്തുന്നു, കടുംതേജസ്സിയലുമഗ്നിയെ,
ഇദ്ദേഹത്തിൻെറ ചങ്ങാതം മനുഷ്യന്നു വരുത്തുവാൻ. 2
നരന്നുവേണ്ടി മുൻഭാഗത്തിരുത്താനായ് മനീഷികൾ
ചെന്നൊട്ടുക്കുന്നു, നാക്കാലാപ്പള്ളികൊള്ളുന്ന രുദ്രനെ. 3
സർവ്വോപരിസ്ഥമാം വാനം ചുടുവിയ്ക്കുന്നു, നിർഭരം;
നാക്കാൽക്കല്ലുമുടയ്ക്കുന്നു, വനത്തിൽക്കേറിയന്നദൻ! 4
നിത്തപ്പെട്ടില്ലി,ങ്ങാരാലുമോട്ടം കാളക്കിടാവിവൻ;
സ്തുതിയ്ക്കുവോനെയോ, വാഴ്ത്താൻ കൊതിയ്ക്കുന്നു, സിതപ്രഭൻ! 5

---

15. ഋഷികൾക്ക്—നമുക്ക്.

## സൂക്തം 72.

1. ഹവിഷ്കർത്താക്കളോട്: എഴുന്നള്ളിനാൻ—അഗ്നി. പോരും—ത്രാണിയുള്ള.

2. മനുഷ്യന്ന്—യജമാനന്ന്.

3. നരൻ—യജമാനൻ. നാക്കാൽ—ജിഹ്വാജനിതമായ സ്തുതിയാൽ; ഇവിടെ സ്തുതികളെ കൈവിരലുകളാക്കിക്കല്പിച്ചിരിയ്ക്കുന്നു. പള്ളികൊള്ളുന്ന—ഉറങ്ങി(കത്താതെ)ക്കിടക്കുന്ന. രുദ്രനെ—ദുഃഖനാശനനായ അഗ്നിയെ.

4. നാക്കാൽ—ജ്വാലകൾകൊണ്ട്. അന്നദൻ—അന്നദാതാവ്, അഗ്നി.

5. ഓട്ടം—അങ്ങിങ്ങു പായുന്ന. കാളക്കിടാവ്—തത്തുല്യൻ. ഇവൻ—അഗ്നി. എന്നാൽ, സ്തുതിയ്ക്കുന്നവനെ വാഴ്ത്താൻ (കൊണ്ടാടാൻ) കൊതിയ്ക്കുന്നു—സ്തോതാവിൻെറ പിടിയിൽനില്ക്കും എന്നർത്ഥം. സിതപ്രഭൻ=ധവളവർണ്ണൻ.

Digitized By Kerala Sahitya Akademi

ചിക്കെന്നിവന്റെ തേരിന്നു ചീർത്ത വൻതുരഗങ്ങളെ
പൂട്ടുന്നതും, തൂക്കടിഞ്ഞാൺചാർത്തും കാണായ്വരുംവിധൌ 6
കറക്കമൊന്നിനെ മുറയ്ക്കേഴുപേ;–രങ്ങു രണ്ടുപേർ
ഐവരെപ്പേർത്തേർപ്പെടുത്തുമൊലിക്കൊണ്ടു നദീതടേ! 7
പരിചര്യാപരനുടെ പത്തെണ്ണംമൂലമുമ്പർകോൻ
വാനിൻപെട്ടി തുറക്കുന്നു, മുമ്മട്ടാകിയ രശ്മിയാൽ! 8
നവീനമാം ജ്വാലയുമായ്, മുന്നിറം പൂണ്ടു വേഗവാൻ
യാഗത്തിലെത്തവേ തൂനെ തേപ്പിപ്പൂ, ഹോമകാരികൾ! 9
വായ്‌മീതെ, വട്ടു മുകളിലിമ്മട്ടാക്കിത്തിരിച്ചിവർ
സശേഷമീടുറ്റ കലം കുനിയിയ്ക്കുന്നു തൂകുവാൻ. 10
നേരേ ചെന്നാസ്ഥയൊടവരേറെയുള്ള ഹവിസ്സിനെ
പുഷ്കരത്തിലൊഴിയ്ക്കുന്നു, മൺകലം താഴെ വെയ്ക്കുവാൻ. 11
യജ്ഞേ മന്ത്രത്തൊടു കറക്കേണ്ടും നല്ലിരുപാലിനായ്
പൊൻകാതു രണ്ടുള്ള കലം പ്രാപിപ്പിൻ, നിങ്ങൾ പൈക്കളേ! 12

---

6 പ്രവർഗ്ഗ്യയജ്ഞത്തെപ്പററി: ചീർത്ത=തടിച്ച.

7. ഒന്നിനെ—ഒരു പയ്യിനെ. ഏഴുപേർ—ഏഴ് ഋത്വിക്കുകൾ. അങ്ങു—അവരിൽവെച്ച് രണ്ടുപേർ—അധ്വര്യുവും പ്രസ്ഥാതാവും. ഐവരെ—യജമാനൻ, ബ്രഹ്മാവ്, ഹോതാവ്, ആഗ്നീധ്രൻ, പ്രസ്തോതാവ് എന്നിവരെ. ഏർപ്പെടുത്തും—അതതുകർമ്മത്തിന്ന്. ഒലിക്കൊണ്ടു—ജനഘോഷമുയൻ. നദീതടേ—യജ്ഞയോഗ്യമായ നദീതീരത്ത്.

8. പരിചര്യാപരനുടെ പത്തെണ്ണംമൂലം—യജമാനൻ പത്തുവിരലുകൾ കൊണ്ടു തൊഴുതു യാചിച്ചതിനാൽ. ഉമ്പർകോൻ—ഇന്ദ്രനോ, അഗ്നിയോ, സൂര്യനോ. വാനിൻപെട്ടി—മേഘം. തുറക്കുന്നു—മഴപെയ്യിയ്ക്കുന്നു. മുമ്മട്ടാകിയ—ചുവപ്പും വെളുപ്പും, കറുപ്പും ചേൎന്ന.

10. വായ് (ദ്വാരം) ചുവട്ടിലും, വട്ടു മുകളിലുമാക്കിത്തിരിച്ച്—വട്ടം ചുററിച്ച്. ഇവർ—ഹോതാക്കൾ. സശേഷം—ഹവ്യാവശിഷ്ടത്തോടുകൂടിയത്. കലം—മഹാവീരം. തൂകുവാൻ—അഗ്നിയിൽ പകരാൻ. മഹാവീരംകൊണ്ടത്രേ, ആഹവനീയാഗ്നിയിൽ ഹോമം.

11. പുഷ്കരം—ഉപയമനീപാത്രം. മൺകലം—മഹാവീരം.

12. പൈക്കളെയും പെണ്ണാടുകളെയും കറക്കാൻ വിളിയ്ക്കുന്നു: മന്ത്രത്തൊടു—മന്ത്രംചൊല്ലിക്കൊണ്ട്. പൊൻകാതു രണ്ടുള്ള—എന്നാൽ ഒരു കാതു സ്വർണ്ണവും, മററതു വെള്ളിയുമത്രേ. കലം പ്രാപിപ്പിൻ—മഹാവീരത്തിന്നടുക്കൽ വരുവിൻ.

Digitized By Kerala Sahitya Akademi

കറന്നതിൽപ്പകരുവി,–റൂഴിവാനിൽത്തഴച്ച പാൽ;
എന്നിട്ടു നിങ്ങളസ്സത്തിൽ വൃഷാവിനെയിരുത്തുവിൻ. 13
സ്വാവാസമറിയും ബന്ധുയുതമാരായ ഗോവുകൾ
വെവ്വേറെ ചേൎന്നിട്ടുകയായ്, കന്നു തള്ളയൊടാംവിധം. 14
വാനത്തതിൻകിറികളിൽത്തൂകി, ജീവനമൂട്ടുവാൻ—
അന്നമൊക്കയുമിന്ദ്രനുമഗ്നിയ്ക്കും തൂകിനാരവർ. 15
ചുററിമേയുന്ന ഗോവിങ്കൽനിന്നോഴുരവിരശ്മിയാൽ
കറന്നരുളിനാൻ, വായു പോഷകാന്നരസങ്ങളെ. 16
സോമം കൈക്കൊണ്ടുപോരുന്നത,ക്കൻെറയുദയത്തിലാം;
അതു മിത്രാവരുണരേ, രോഗിയ്ക്കോരു മരുന്നുതാൻ! 17
യാതൊന്നോ, ദാനപരനാമിവൻ വെയ്ക്കുന്നതാമിടം;
അതിങ്കൽ വാണു വാനത്തെ നക്കിനാനഗ്നി നാക്കിനാൽ! 18

---

സൂക്തം 73.

അത്രിഗോത്രൻ ഗോപവനനോ, സപ്തവധ്രിയോ ഋഷി; ഗായത്രി ഛന്ദസ്സ്;
അശ്വികൾ ദേവത.

('ദാരകാമന്ദിരം' പോലെ.)

യജ്ഞത്താൽക്കനുവേണ്ടിയെഴു–
ന്നേററീടുവിനശ്വികളേ;

---

13. അധ്വൎയ്യുക്കളോട്: കറന്നതിൽ—കറന്ന പശുവിൻപാലിൽ. ഊഴിവാനിൽത്തഴച്ച പാൽ—അത്രയ്ക്കു തിളച്ചുപൊങ്ങിയ ആട്ടിൻപാൽ. അസ്സത്തിൽ—ആട്ടിൻപാലിൽ. വൃഷാവിനെ—അഗ്നിയെ.

14. സ്വാവാസമറിയും—തങ്ങൾ മഹാവീരത്തിന്നടുക്കൽ നില്ക്കണമെന്നറിയുന്ന. ബന്ധുയുതമാർ—രക്ഷകരോടുകൂടിയവർ. ചേൎന്നിട്ടുകയാൽ—മഹാവീരത്തിന്നടുക്കൽ.

15. അതിൻ—മഹാവീരത്തിൻെറ. കിറികൾ=കടവായ്കൾ. ജീവനം—അന്നം, പാൽ. ഊട്ടുവാൻ—അഗ്നിയെയും ഇന്ദ്രനെയും. ഇത് ഉത്തരാൎദ്ധത്തിൽ എടുത്തു പറയുന്നു: അന്നമൊക്കയും—പശുവിൻപാലും ആട്ടിൻപാലും മുഴുവൻ. അവർ—അധ്വൎയ്യുക്കൾ.

16. ഗോവ്—മാധ്യമികവാക്ക് (ഇടിയൊച്ച) ആകുന്ന പയ്യ്. മഴപെയ്യിച്ചു എന്നു സാരം.

17. മിത്രാവരുണരോട്: സോമയാഗം രോഗശാന്തി വരുത്തും.

18. ഇവൻ—ഞാൻ. വെയ്ക്കുന്നതാം—ഹവിസ്സുകൾ വെയ്ക്കുന്നതായ. വാനത്തെ നക്കിനാൻ—ഉജ്ജ്വലിച്ചുയൎന്നു. നാക്ക്—ജ്വാല.

Digitized By Kerala Sahitya Akademi

നിങ്ങൾ പൂട്ടീടുവിൻ, തേരും.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 1
ഏകനിമിഷത്തെക്കാളും
വേഗമുള്ള തേരിലൂടേ
നിങ്ങൾ വരികശ്വികളേ.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 2
അത്രിയ്ക്കായിട്ടശ്വികളേ,
നൽത്തണ്ണീരുകൊണ്ടു നിങ്ങൾ
അക്കട്ടുംതീ കെടുത്തല്ലോ
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 3
എങ്ങിരിപ്പൂ, പോവതെങ്ങോ-
ട്ടെ,ങ്ങു പരുന്തുകൾപോലേ
വെക്കം പറക്കുന്നു, നിങ്ങൾ?
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 4
ഇപ്പൊഴുതിലെങ്ങായാലു,-
മെപ്പൊഴുതായാലും നിങ്ങൾ
കേൾക്കുകീ,യെങ്ങൾതൻ വിളി.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 5
നേരത്താഹ്വാതൃവരശ്വി-
മാരെയും തന്മൈത്രിയെയും
ഉൾക്കൊണ്ടണയുന്നോനിവൻ.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 6

---

സൂക്തം 73.

1. യജ്ഞോൽക്കന്നു—യാഗേച്ഛുവായ എനിയ്ക്ക്. ഭവദ്രക്ഷ=നിങ്ങളുടെ രക്ഷ. ചാരേ നില്ക്കൂ—ഞങ്ങളുടെ അരികിൽ നില്ക്കുമാറാകട്ടെ.

3. അത്രിയ്ക്കായിട്ട്—അസുരന്മാരാൽ തീയിലിടപ്പെട്ട അത്രിമഹർഷിയെ രക്ഷിപ്പാൻ.

4. നിങ്ങൾ എവിടെയാണെന്ന് എനിയ്ക്കറിഞ്ഞുകൂടാ; സദയം ഇങ്ങോട്ടു വരുവിൻ.

6. തന്മൈത്രി=അവരുടെ ബന്ധുത്വം.

Digitized By Kerala Sahitya Akademi

അത്രിയെസ്സംരക്ഷിയ്ക്കുവാ-
നൊത്തോരില്ലമശ്വികളേ,
നിർമ്മിച്ചേകിയല്ലോ, നിങ്ങൾ;
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 7

നല്ലമട്ടിൽ സ്തവങ്ങളെ-
ച്ചൊല്ലുമത്രിയ്ക്കുടൻ നിങ്ങൾ
അഗ്നിച്ചൂടു നീക്കിയല്ലോ.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 8

ക്ലിപ്തമായ നതിമൂലം
സപ്തവധ്രി തീമഴയെ
ഉൾക്കൊള്ളിച്ചുറക്കിയല്ലോ.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 9

നന്നായ്ദ്ധനം പൊഴിപ്പോരേ,
വന്നെത്തുവിനി,ങ്ങു നിങ്ങൾ;
കേൾക്കുവിനി,യെന്റെ വിളി.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 10

എന്തിതു: വൃദ്ധരായ്ച്ചേര
പൊന്തിയ രണ്ടാൾപോലല്ലോ,
നിങ്ങൾ വിളിയ്ക്കപ്പെടുന്നു?
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 11

ഒന്നോ, നിങ്ങളുടെ ജാതി;-
യൊന്നുതന്നെ,യിണങ്ങനും;
ഇക്കണ്ണക്കള്ളശ്വികളേ,
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 12

ലോകത്തും വാനൂഴിയിലു-
മാകെച്ചരിയ്ക്കുവൊന്നല്ലോ,

---

9. ക്ലിപ്തം=ചെയ്യപ്പെട്ട. നതി—അശ്വിസ്തുതി. ഉൾക്കൊള്ളിച്ചുറക്കി—പെട്ടിയിലാക്കി, കെടുത്തു. ഇക്കഥ അഞ്ചാംമണ്ഡലത്തിലുണ്ട്.

11. ചേര=ജര. എത്ര വിളിച്ചാലും വരില്ലല്ലോ, കിഴവന്മാർ.

12. ഇണങ്ങനും, ചാർച്ചക്കാരനും, ഒന്നു(ഞാൻ)തന്നെ!



Digitized By Kerala Sahitya Akademi

നിങ്ങൾതൻ തേരശ്വികളേ.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 13
നൂറുനൂറശ്വങ്ങളോടും,
നൂറുനൂറുഗോക്കളോടും
നിങ്ങൾ വന്നെത്തുകെ,ങ്ങളിൽ.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 14
നൂറുനൂറശ്വങ്ങളെയും
നൂറുനൂറുഗോക്കളെയും
നിങ്ങൾ വിലക്കൊല്ലെ,ങ്ങൾക്കു;
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 15
ശുഭ്രമായ നിറം പൂണ്ട
സത്യവതിയുഷസ്സിതാ,
നൽക്കാന്തിയെപ്പരത്തുന്നു.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 16
അശ്വികളേ, മഴക്കാരൻ
വൃക്ഷത്തെപ്പോല,ത്യുജ്ജ്വലൻ
ഒക്കെ വെട്ടിമുറിക്കുന്നു.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 17
ധൃഷ്ണു, കരിംപെട്ടിയ്ക്കുള്ളിൽ-
പ്പെട്ട ഭവാൻ, പുരിപോലെ
ക്കൊക്കെത്തല്ലിപ്പൊളിച്ചാലും.
നില്ക്കൂ, ഭവദ്രക്ഷ ചാരേ! 18

13. ആ തേരിലൂടെ വെക്കം വരുവിൻ.

15. വിലക്കൊല്ല—തരാതിരിക്കരുത്.

16. ശുഭ്രം=സ്വച്ഛം. പുലർകാലത്താണല്ലോ, അശ്വികളെ യജിക്കുക.

17. അത്യുജ്ജ്വലൻ—സൂര്യനോ, അഗ്നിയോ. ഒക്കെ—ഇരുട്ടിനെയെല്ലാം.

18. ഋഷി, തന്നോടുതന്നെ പറയുന്നു: ധൃഷ്ണു—ധർഷകനായ സപ്തവധ്രേ, ഒരു ശത്രുപുരി തല്ലിപ്പൊളിക്കുന്നതുപോലെ, നീ കരിംപെട്ടിയിൽനിന്നു പുറത്തുപോന്ന്, അതൊക്കെത്തല്ലിപ്പൊളിച്ചാലും.

Digitized By Kerala Sahitya Akademi

## സൂക്തം 74.

ഗോപവനൻ ഋഷി; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അന്നം കാംക്ഷിയ്ക്കുന്ന നിങ്ങൾ മനുഷ്യനും മനുഷ്യന് അതിഥിയും ബഹുപ്രിയനുമായ അഗ്നിയെ (പരിചരിയ്ക്കുവിൻ); ഞാനും നിങ്ങൾക്കുവേണ്ടി സുഖത്തിന്നു രഹസ്യമന്ത്രങ്ങൾകൊണ്ടു സ്തുതിയ്ക്കാം. 1

നെയ്യു ഹോമിയ്ക്കപ്പെടുന്ന തിരുവടിയെ, ആളുകൾ ഹവിസ്സേകി, ഒരു മിത്രത്തെയെന്നപോലെ വാഴ്ത്തി സ്തുതിയ്ക്കുന്നു. 2

കൊണ്ടാടുന്ന ജാതവേദസ്സിനെ (ഞാൻ സ്തുതിയ്ക്കുന്നു): അവിടുന്നാണല്ലോ, യജ്ഞത്തിലെ ഹവിസ്സുകൾ സ്വർഗ്ഗത്തിലെയ്ക്കയയ്ക്കുന്നത്! 3

ഞങ്ങൾ പാപങ്ങളെ പെരികെ നശിപ്പിയ്ക്കുന്നവനും, മികച്ചവനും, മനുഷ്യഹിതനുമായ അഗ്നിയെ പ്രാപിയ്ക്കുന്നു: തന്റെ ജ്വാലാഗണത്തിലാണല്ലോ, മഹാനായ ഋക്ഷപുത്രൻ ശ്രുതർവ്വാവു വളരുന്നത്! 4

മരണരഹിതനും, തമോനാശനനും, നെയ്യു ഹോമിയ്ക്കപ്പെടുന്നവനും, സ്തുത്യനുമാണല്ലോ, ജാതവേദസ്സ്! 5

ആ അഗ്നിയെ ഇതാ, യാഗത്തിന്നു സ്രുവമെടുത്ത ആളുകൾ ഹവിസ്സോടേ ഊന്നിയൂന്നി സ്തുതിയ്ക്കുന്നു! 6

അഗ്നേ, മോദിയ്ക്കുന്നവനേ, സുജന്മാവേ, സുകർമ്മാവേ, വിദ്വാൻ, ദർശനീയ, അതിഥേ, ഇതാ, അങ്ങയ്ക്കു് ഒരതിനൂതനസ്തവം ഞങ്ങൾ എടുത്തിരിയ്ക്കുന്നു. 7

അഗ്നേ, അതു് അവിടെയ്ക്കു തുലോം സുഖകരവും അന്നസമൃദ്ധവും പ്രിയവുമായി ഭവിയ്ക്കട്ടെ: ഭവാൻ അതുകൊണ്ടു വഴിപോലെ സ്തുതിയ്ക്കപ്പെട്ടു വളർന്നാലും! 8

---

സൂക്തം 74.

1. ഋത്വിഗ്യജമാനരോടു്: സുഖത്തിന്നു്—സുഖം കിട്ടാൻ.

3. കൊണ്ടാടുന്ന—യജമാനന്റെ സ്തുതിയെ ശ്ലാഘിയ്ക്കുന്ന.

4. ശ്രുതർവ്വാവു് എന്ന രാജാവിന്റെ അടുക്കൽ ഭിക്ഷയ്ക്കു ചെന്ന ഋഷി, ഗോപവനൻ അഗ്നിയെ സ്തുതിയ്ക്കുന്നു: തന്റെ—അഗ്നിയുടെ. വളരുന്നതു്—കർമ്മമനുഷ്ഠിയ്ക്കുന്നതെന്നർത്ഥം.

7. എടുത്തിരിയ്ക്കുന്നു—ചൊല്ലാൻ തുടങ്ങുന്നു.

Digitized By Kerala Sahitya Akademi

അത്ര തിളങ്ങുന്ന അന്നങ്ങളോടുകൂടി, യുദ്ധത്തിൽവെച്ച്, അ
ന്നത്തിന്മേൽ വലിയ അന്നം ചാൎത്തിയ്ക്കട്ടെ! 9

ഒരശ്വമെന്നപോലെ നടക്കുന്ന, തേരുകളെ നിറയ്ക്കുന്ന ഉജ്ജ്വ
ലനെ നിങ്ങൾ സൽപതിയായ ഇന്ദ്രനെയെന്നപോലെ (പരിചരിയ്ക്കു
വിൻ): ആളുകളേ, അവിടുത്തെക്കൊണ്ടാണല്ലോ, നിങ്ങൾ (ശത്രുക്ക
ളുടെ) അന്നങ്ങളും മററു ശ്ലാഘ്യവസ്തുക്കളും നശിപ്പിയ്ക്കുന്നത്! 10

അഗ്നേ, അങ്ങയെ ഗോപവനൻ സ്തുതികൊണ്ടു തുലോം അന്ന
ദാതാവാക്കിയല്ലോ; അംഗിരസ്സേ, പാവക, അതിനാൽ അവിടുന്നു വി
ളി കേട്ടാലും! 11

അങ്ങയെ ആളുകൾ അന്നാലബ്ധിയ്ക്കായി ഊന്നിയൂന്നി സ്തുതി
യ്ക്കുന്നുണ്ടല്ലോ; അതിനാൽ അങ്ങ് യുദ്ധത്തിന്നുണൎന്നാലും! 12

കുറുമ്പുകാറുന്ന ഋക്ഷപുത്രനായ ശ്രുതൎവാവിനാൽ ക്ഷണിയ്ക്ക
പ്പെട്ട ഞാൻ കുറിയാട്ടിൻരോമങ്ങൾപോലെ, നാലെണ്ണത്തിന്റെ തല
കൾ കൈകൊണ്ടു തലോടുകയായി: 13

അന്നസമൃദ്ധന്റെ നടമിടുക്കുള്ള നാലു ശോഭനരഥാശ്വങ്ങൾ
എന്നെ അന്നത്തിലെയ്ക്കു, തോണികൾ ഭുജ്യുവിനെയെന്നപോലെ കൊ
ണ്ടുനടക്കുകയായി! 14

ഹേ മഹാനദിയായ പരുഷ്ണി, നിന്നോടു നേരുതന്നെ ഞാൻ
പറയാം: ജലമേ, ഈ ബലിഷ്ഠനെക്കാൾ മീതെ, അശ്വദാതാവായ ഒരു
മനുഷ്യനില്ല! 15

---

9. അത്ര—സ്തുതി. അന്നത്തിന്മേൽ—മുമ്പുള്ളതിന്മേൽ വീണ്ടും.

10. കൂട്ടുകാരോട്: തേരുകളെ നിറയ്ക്കുന്ന—നമ്മുടെ രഥങ്ങളെ ധന
ങ്ങൾകൊണ്ടു നിറയ്ക്കുന്ന. ഉജ്ജ്വലൻ—അഗ്നി.

12. യുദ്ധത്തിന്ന്—പൊരുതി ശത്രുക്കളുടെ അന്നം കൈക്കലാക്കാൻ.

13. കുറുമ്പ്—ശത്രുക്കളുടെ ഗൎവ്. ക്ഷണിയ്ക്കപ്പെട്ട—യാഗത്തിന്ന് നാ
ലെണ്ണത്തിന്റെ—ശ്രുതൎവാവു തന്ന നാലു കുതിരകളുടെ. തലകൾ—കുഞ്ചിരോമ
ങ്ങളെന്നൎത്ഥം.

14. അന്നസമൃദ്ധന്റെ—വലിയ ധനവാനായ ശ്രുതൎവാവിനാൽ നല്ക
പ്പെട്ട. ശോഭനരഥാശ്വങ്ങൾ—നല്ല തേരിന്നു പൂട്ടിയ കുതിരകൾ. തോണികൾ—
അശ്വികളയച്ച നാലു തോണികൾ.

15. പരുഷ്ണീനദിയുടെ തീരത്തായിരുന്നു, ശ്രുതൎവാവിന്റെ യാഗം. ജല
മേ—ഹേ നദി. ഈ ബലിഷ്ഠൻ—ശ്രുതൎവാവ്.

Digitized By Kerala Sahitya Akademi

## സൂക്തം 75.

അംഗിരോഗോത്രൻ വിരൂപൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

('ദ്വാരകാമന്ദിരം'പോലെ.)

അഗ്നേ, ദേവാഹ്വാതാക്കളാ-
മശ്വങ്ങളെ രഥിപോലേ
പൂട്ടി, ഹോതാവായ ഭവാൻ
ശ്രേഷ്ഠസ്ഥാനത്തിരുന്നാലും! 1

ദേവ, വിദ്വദ്വരൻ ഭവാൻ
ദേവന്മാരിൽച്ചൊല്ലേ,ങ്ങളെ;
സത്യമാക്കുകയുംചെയ്യു,-
കർത്ഥനീയമഖിലവും! 2

സർവത്ര ഹോമിയ്ക്കപ്പെട്ടും
സദ്വ്യവാവേ, ബലസൂനോ,
സത്യസമ്പന്നനും യജ്ഞ-
കൃത്യാർഹനമല്ലോ, ഭവാൻ! 3

നൂറുമായിരവുമന്ന-
പൂരത്തിനും ധനങ്ങൾക്കും
നാഥനും, ശിരസ്സായോനും,
മേധാവിയുമാണീ,യഗ്നി! 4

അംഗിരസ്സേ, സഹാഹ്വാന-
സംഘമോടൊത്തധ്വരത്തെ

---

സൂക്തം 75.

1. ദേവാഹ്വാതാക്കൾ=ദേവന്മാരെ വിളിയ്ക്കുന്നവ. രഥി=തേരാളി.

2. എങ്ങളെ ദേവന്മാരിൽച്ചൊല്ലു—ഞങ്ങളുടെ യാഗം നന്നായി എന്നു ദേവന്മാരുടെയടുക്കൽ പറഞ്ഞാലും. അർത്ഥനീയമഖിലവും—ദേവകളുടേതായ ധനമെല്ലാം. സത്യമാക്കുകയുംചെയ്യുക—ഞങ്ങൾക്കു തരുവിയ്ക്കുക എന്നു താൽപര്യം.

3. യജ്ഞകൃത്യാർഹൻ=യജനീയൻ.

4. പൂരം—സമൂഹം. ശിരസ്സായോൻ—ഉന്നതൻ, ശ്രേഷ്ഠൻ.

Digitized By Kerala Sahitya Akademi

ചാരത്തെയ്ക്കുടപ്പിയ്ക്കു, നീ,
തേരിനെയൃഭുക്കൾപോലെ! 5

ഹേ വിദ്വാന്, ഭവാനിപ്പോ-
ളാ വൃഷാവാം തേജസ്വിയെ
ഹൃദ്യമായി സ്തുതിച്ചാലും,
കൃത്രിമമല്ലാത്ത വാക്കാൽ! *6

അസ്തോകപ്രകാശനാമീ-
യഗ്നിയുടെ ത്തുപ്പടയാൽ,
ഏതൊരു പിശുക്കനെ നാം
ഗോതതിയ്ക്കായ് വധിയ്ക്കേണ്ടൂ! 7

ദേവർതനാൾക്കാരാം നമ്മെ,-
പ്പാൽ വഷിയ്ക്കും ഗോവെപ്പോലെ
കൈവിടായ്ക,ത്തിരുവടി,
ഗോവുകൾ കുഞ്ഞിനെപ്പോലെ! 8

വിദ്വേഷിയാമേതു ദുഷ്ട-
ചിത്തന്റെയുമുപദ്രവം
തഞ്ചിയ്ക്കൊല്ലാ, മാലെങ്ങൾക്ക,
വഞ്ചിയ്ക്കാഴിത്തിരപോലെ! 9

അഗ്നേ, ദേവ, നരർ കെല്പി-
നാണയ്ക്കായി നമസ്കാരം
പാടുന്നുണ്ടു: ഭവാൻ ബലാൽ-
പ്പീഡിപ്പിയ്ക്കു, ക്രൂടലരെ! 10

---

5. സഹാഹ്വാനസംഘം—ഒപ്പം വിളിയ്ക്കപ്പെടുന്നവരുടെ, ദേവന്മാരുടെ, ഗണം. തേരിനെ—ഋഭുക്കളുടെ രഥകാരത്വം ഓക്കുക.

6. തന്നോടുതന്നെ: കൃത്രിമമല്ലാത്ത വാക്കാൽ—മന്ത്രംകൊണ്ട്.

7. ത്തുപ്പട—ജ്വാലാവലി. ഗോതതിയ്ക്കായ്—അവന്റെ ഗോവൃന്ദത്തെ മകൈക്കലാക്കാൻ.

8. ഗോവെപ്പോലേ—പാൽ ധാരാളമുള്ള പൈക്കളെ ആരും കൈവിടില്ലല്ലോ; പൈക്കൾ കുട്ടിയെയും ത്യജിയ്ക്കാറില്ല.

10. കെല്പിന്ന്—ബലം കിട്ടാൻ.

Digitized By Kerala Sahitya Akademi

അഗ്നേ, ഗോകാമരാമെങ്ങൾ–
ക്കൎത്ഥം തുലോമെത്തിയ്ക്കു, നീ:
ഏറെച്ചെയ്യുന്നവരാംകെ,ങ്ങളി,–
ലേറെച്ചെയ്യുവോനാം ഭവാൻ! 11

യുദ്ധമിതി,ലൊരു ഭാര–
ഭൃത്തു ചുമടിനെപ്പോലേ
ഇട്ടെറിയൊല്ലേ,ങ്ങളെ നീ;
വെട്ടിപ്പിടിയ്ക്കുക, ധനം! 12

നിന്നൎദ്ദനം ഞങ്ങളിൽനി–
ന്നന്യനെച്ചെന്നഞ്ചിയ്ക്കട്ടേ;
വൎദ്ധിപ്പിയ്ക്കു, ഞങ്ങൾക്ക നീ
ശക്തിയുമൊത്തുക്കമഗ്നേ! 13

യാതൊരു സന്നതൻേറയോ
പൂതയജ്ഞൻേറയോ കൎമ്മം
കൊണ്ടാടിനാ,നവങ്കലേ
മണ്ടിച്ചെല്ലും, ശരിയ്ക്കഗ്നി! 14

അപ്പരാനീകത്തിൽനിന്നു
ദുൎബ്ബലരെക്കരേററുക—
പാലിച്ചരുൾകെ,ന്നുടെ കി–
ഴാളുകളെത്തിരുമേനി! 15

---

11. അൎത്ഥം—ധനം.

12. ഒരു ഭാരഭൃത്ത് (ചുമട്ടുകാരൻ) ചുമടിനെ ഇട്ടെറിയുന്നതുപോലെ, യുദ്ധമിതിൽ (ഈ യുദ്ധത്തിൽ) ഞങ്ങളെ ത്യജിയ്ക്കരുത്; നേരേമറിച്ചു, ധനം (ശത്രുസമ്പത്തു) വെട്ടിപ്പിടിയ്ക്കുക, ഞങ്ങൾക്ക തരാൻ.

13. അൎദ്ദനം=പീഡനം. അഞ്ചിയ്ക്കട്ടെ—നടുങ്ങിയ്ക്കട്ടേ; ഞങ്ങളെ നടുങ്ങിയ്ക്കരുത്.

14. സന്നതൻ=നമസ്കരിച്ചവൻ. നമ്മൾ നമസ്കാരശീലരും പൂതയജ്ഞന്മാരുമാകണമെന്നു ധ്വനി.

15. പരാനീകം—ശത്രുസൈന്യം. ദുൎബ്ബലരെ—ബലഹീനരായ എന്റെ ആളുകളെ. എടുത്തുപറയുകയാണ്, ഉത്തരാൎദ്ധത്തിൽ.

Digitized By Kerala Sahitya Akademi

അച്ഛൻപോലെയല്ലോ മുമ്പു
രക്ഷിച്ചു, ഞങ്ങളെബ്ഭവാൻ;
ഇന്നുമമ്മട്ടെങ്ങൾ യാചി-
ക്കുന്നു, ഭവത്സുഖമഗ്നേ! 16

---

സൂക്തം 76

കണ്വഗോത്രൻ കുരുസുതി ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം'പോലെ.)

കൊന്നൊടുക്കാൻ വിളിയ്ക്കുന്നേ-
നിന്നേരം ഞാൻ മരുത്ത്വാനെ,
കെല്പാൽപ്പെരുമാളാകിയ
സുപ്രജ്ഞനാമീയിന്ദ്രനെ. 1

വൃത്രന്റെ തല മരു-
ത്മിത്രനാമീയിന്ദ്രൻ ചെമ്മേ
വെട്ടിയിട്ടാനല്ലോ, നൂറു
മൊട്ടിണങ്ങും വജ്രത്തിനാൽ! 2

പെരുത്തും വളർന്ന മരു-
ത്മിത്രനിന്ദ്രൻ മുകിലിനെ
കുത്തിക്കീറിയല്ലോ, വിയ-
ദ്വൃത്തിയായ ജലം തൂകാൻ! 3

ആ മരുത്തുക്കളോടൊത്തു,
സോമനീര നുകരാനായ്

---

16. ഭവത്സുഖം—ഭവാന്റെ പക്കലുള്ള സുഖം.

സൂക്തം 76.

1. കൊന്നൊടുക്കാൻ—ശത്രുക്കളെ.
2. മരുത്മിത്രൻ=മരുത്തുക്കളാകുന്ന സഖാക്കളോടുകൂടിയവൻ.
3. വിയദ്വൃത്തി=അന്തരിക്ഷസ്ഥം. തൂകാൻ—വർഷിപ്പാൻ.

Digitized By Kerala Sahitya Akademi

ഇന്നാകമണ്ഡലമെല്ലാം
വെന്നടക്കിയോനാണി,ന്ദ്രൻ! 4

ഉന്നതനും, മരുത്തുക്ക-
ളൊന്നിച്ചോനും,മൃജീഷിയും,
അത്യോജസ്സമാമിന്ദ്രനെ
സ്തുത്യാ വിളിയ്ക്കുന്നു, ഞങ്ങൾ. 5
ആ മരുത്ത്വാനാമിന്ദ്രനെ-
സ്സോമമിതു കുടിപ്പാനായ്,
പണ്ടേത്തതാമൊരു സൂക്തം-
കൊണ്ടു വിളിയ്ക്കുന്നു, ഞങ്ങൾ. 6

ഇന്ദ്ര, പുരുസ്തുത, വൃഷ്ടി-
സന്ദായക, ശതക്രതോ,
നീ മരുത്തുക്കളോടൊത്തു
സോമമുണ്ണുകീ, യജ്ഞത്തിൽ! 7
സോമം പിഴിഞ്ഞതു മരുൽ-
സ്തോമവാനാം ഭവാനുതാൻ
ഉക്ഥം ചൊല്ലി ഹോമിയ്ക്കുന്നു,
ഭക്തജനമിന്ദ്ര, വജ്രിൻ. 8

ഇന്ദ്ര, ഭവാൻ മരുത്തുക്ക-
ളൊന്നിച്ചുഷഃകാലങ്ങളിൽ
കല്പിച്ചശിയ്ക്കുക, സോമം;
കെല്പാലണയ്ക്കുക, വജ്രം! 9
രണ്ടുപലകയാൽ വാറി-
ക്കൊണ്ട സോമം കുടിച്ചിന്ദ്ര,

---

4. നാകമണ്ഡലം=സ്വർഗ്ഗരാജ്യം.
5. ഉന്നതൻ—മഹാൻ. സ്തുത്യാ=സ്തുതികൊണ്ട്.
6. സൂക്തം—സ്തോത്രം.
7. വൃഷ്ടിസന്ദായക—മഴ തരുന്നവനേ.
8. മരുൽസ്തോമവാൻ=മരുദ്ഗണോപേതൻ.
9. അണയ്ക്കുക—ശത്രുവധത്തിന്നു മുതിർപ്പെടുത്തുക.



Digitized By Kerala Sahitya Akademi

## സൂക്തം 78.

കരുസുതി ഋഷി; ഗായത്രിയും ബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, ശൂര, അവിടുന്നു ഞങ്ങളുടെ പുരോഡാശം ഭക്ഷിച്ച്,
ആയിരവും നൂറും ഗോക്കളെ കൊണ്ടുവന്നാലും! 1

അവിടുന്നു ഞങ്ങൾക്കു കറിയും എണ്ണയും ഗോവിനെയും അശ്വ
ത്തെയും കൊണ്ടുവന്നാലും; ഒപ്പം കാമ്യങ്ങളായ കനകോപകരണ
ങ്ങളും! 2

ധൃഷ്ണക, ഞങ്ങൾക്കു വളരെ കർണ്ണാഭരണങ്ങളും കൊണ്ടുവരിക:
വസോ, പുകൾപ്പെട്ടവനാണല്ലോ, അവിടുന്ന്! 3

ഇന്ദ്ര, ശൂര, അവിടുന്നല്ലാതെ ഒരു വർദ്ധകനില്ല, ഒരു സുസ്ഥി
തനില്ല, ഒരു ശോഭനദാനനില്ല, ഒരു ഭൃത്യനില്ല! 4

ഇന്ദ്രനുകൾ മുഷ്ടു പാറില്ല; ശക്രനെ തോല്പിയ്ക്കവയ്യാ; താൻ
എല്ലാം കേൾക്കുന്നു, കാണുന്നു! 5

അദ്ദേഹം മനുഷ്യന്റെ അരിശത്തിന്ന്, അഹിംസിതനായിട്ടു
പകരം ചെയ്യും; നിന്ദനത്തിന്നു മുമ്പുതന്നെ പകരം ചെയ്യും! 6

വെമ്പലോടേ സോമം കുടിയ്ക്കുന്ന വൃത്രഹന്താവിന്റെ തിരു
വയർ പരിചാരകന്റെ കർമ്മംകൊണ്ടേ നിറയുകയുള്ളു! 7

സോമവാനേ, ഭവാങ്കൽ ചേർന്നുനില്ക്കുന്നു, സമ്പത്തുകളും സർവ്
സൌഭാഗ്യങ്ങളും, നിർവ്യാജങ്ങളായ ശോഭനദാനങ്ങളും! 8

എന്റെ അഭിലാഷം യവത്തിന്നും ഗോവിന്നും പൊന്നിന്നും
അങ്ങയെ തേടുന്നു; അശ്വത്തിന്നും അങ്ങയെത്തന്നെ! 9

---

### സൂക്തം 78.

1. കൊണ്ടുവന്നാലും—ഞങ്ങൾക്ക്.
3. പുകൾപ്പെട്ടവൻ—ദാനശീലനെന്ന്.
4. സുസ്ഥിതൻ—യുദ്ധത്തിലും മററും വഴിപോലെ വർത്തിയ്ക്കുന്നവൻ.
7. സോമംകൊണ്ടുമാത്രം ഇന്ദ്രൻ തൃപ്തനാകില്ല; യഥാവിധി പരിചരണ
വും വേണം.
8. സോമവാനേ—ഇന്ദ്ര.
9. എന്റെ അഭിലാഷം നിറവേററാൻ അവിടുന്നേ ഉള്ളൂ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, അങ്ങയോടുതന്നേ നേൻകൊണ്ടു ഞാൻ അരിവാളും കയ്യിലെടുക്കണനു; മഘവാവേ, കൊയ്യതോ കൂട്ടിയതോ ആയ യവത്തിൻെറ ഒരു മുടികൊണ്ടു പൂത്തിപ്പെടുത്തിയാലും! 10

---

## സൂക്തം 79.

ഭൃഗുഗോത്രൻ കൃത്നു ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകറ; സോമം ദേവത.

കത്താവും, പിടിയിൽപ്പെടാത്തതും, വിശ്വജിത്തും, ഉദ്ഭിത്തും, ജ്ഞാനിയും, മേധാവിയും, സ്തുത്യവുമാണ്, ഈ സോമം! 1

ഇതു നഗ്നത്തെ പുതപ്പിയ്ക്കും; എല്ലാ രോഗിയെയും ചികിത്സിയ്ക്കും. കണ്ണില്ലെങ്കിലും കാണും; കാലില്ലെങ്കിലും നടക്കും! 2

സോമമേ, നീ മാററാൻെറ മെലിയിയ്ക്കുന്ന മാട്ടുകളിൽനിന്നു മഹത്തായ രക്ഷ നല്കും! 3

ഋജീഷിൻ, നീ നിൻെറ ബുദ്ധികൊണ്ടും ശക്തികൊണ്ടും ദ്രോഹിയുടെ മാട്ടിനെ വാനിൽനിന്നും മന്നിൽനിന്നും തട്ടിനീക്കിയാലും! 4

അത്ഥികറ ധനത്തിന്നായി ചെല്ലും; ദാതാവിൻെറ ദാനവും നേടും; (നീ അനുഗ്രഹിച്ചാൽ) യാചകൻെറ അഭിലാഷം നിറവേറും! 5

മുമ്പു പോയതു കിട്ടിയാൽ, അതവനെ യജ്ഞത്തിന്നു പ്രേരിപ്പിയ്ക്കും; യജ്ഞം തുടങ്ങിയവന്ന് ആയുസ്സും വദ്ധിയ്ക്കും! 6

സോമമേ, സുസുഖമായ—സുഖകരമായ—നീ ഞങ്ങളുടെ ഹൃദയത്തിൽ ബുദ്ധിപ്രമാദമെന്നിയേ ഇളകാതെനിന്നു സുഖം കിട്ടിച്ചാലും! 7

---

10. മുടി—ഒരു കൈപ്പിടിയിലൊതുങ്ങുന്ന കററ. പൂത്തിപ്പെടുത്തിയാലും—നേച്ച്.

### സൂക്തം 79.

1. വിശ്വജിത്തും, ഉദ്ഭിത്തും—ഇവ സോമയാഗങ്ങളാകുന്നു; ഇവയെ നിഷ്പാദിപ്പിയ്ക്കുന്നത്.

3. മാട്ടുകറ—ആഭിചാരപ്രയോഗങ്ങറ.

4. ഋജീഷിൻ—സോമമേ.

6. പോയതു—പോയ ധനം.

Digitized By Kerala Sahitya Akademi

സോമമേ, അവിടുന്നു ഞങ്ങൾക്കു മൈവിറയുണ്ടാക്കരുത്; രാജാവേ, ഭീതി വരുത്തരുത്; കത്തൽകൊണ്ടു ഞങ്ങളുടെ കരൾ വേവിയ്ക്കരുത്! 8

രാജാവേ, ഞാൻ സ്വന്തം പാപ്പിടത്തിൽ ദേവകളുടെ ദുർബ്ബുദ്ധി കാണുന്നതെപ്പോഴോ, അപ്പോൾ അവിടുന്നു ദ്രോഹികളെ തട്ടിനീക്കണം—വർഷക, ഹിംസകരെ തട്ടിനീക്കണം! 9

---

## സൂക്തം 80.

നോധസ്സിന്റെ പുത്രൻ ഏകദ്യൂവ് ഋഷി; ഗായത്രിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രനും ദേവന്മാരും ദേവത.

ശതക്രതോ, സത്യം: മറ്റൊരു സുഖപ്രദനെ ഞാൻ കണ്ടിട്ടില്ല; ഇന്ദ്ര, അങ്ങ് ഞങ്ങളെ സുഖിപ്പിയ്ക്കുക! 1

ഭവാൻ മുമ്പു ഞങ്ങളെ കഷ്ടപ്പെടുത്താതെ അന്നം തന്നു രക്ഷിച്ചുപോന്നുവല്ലോ; ഇന്ദ്ര, അതുപോലെ എന്നും ഞങ്ങളെ സുഖിപ്പിയ്ക്കുക! 2

ഹേ ഇന്ദ്ര, ആരാധകനെ പ്രേരിപ്പിയ്ക്കുന്ന നിന്തിരുവടിതന്നെയാണ്, പിഴിയുന്നവന്നു രക്ഷിതാവ്; അതിനാൽ ഞങ്ങളിൽ ത്രാണി കാണിച്ചാലും! 3

ഇന്ദ്ര, വജ്രിൻ, ഞങ്ങളുടെ രഥം അവിടുന്നു രക്ഷിയ്ക്കണം: എന്റെ തേർ പിന്നിലായിപ്പോയാലും, അവിടുന്നു മുന്നിലാക്കണം! 4

ഹേ, അവിടുന്നു മിണ്ടാതിരിയ്ക്കുന്നതെന്താണ്? ഞങ്ങളുടെ രഥം ഒന്നാമത്തതാക്കുക: ഇതാ, ആഹാരകാംക്ഷിയായ അന്നം(അങ്ങയുടെ) അരികിൽ! 5

---

8. ചന്ദ്രപര്യായമായ രാജശബ്ദം സോമത്തിന്റെയും പര്യായംതന്നെ.

9. ദുർബുദ്ധി—ദ്വേഷപ്രസക്തി.

സൂക്തം 80.

3. പിഴിയുന്നവന്ന്—സോമം. ത്രാണി—രക്ഷണശക്തി.

4. രക്ഷിയ്ക്കണം—യുദ്ധത്തിൽ.

5. ആഹാരകാംക്ഷിയായ അന്നം—ഞങ്ങൾക്കാഹാരം കിട്ടണമെന്നു കാംക്ഷിയ്ക്കുന്ന ഞങ്ങളുടെ ഹവിസ്സ്.

Digitized By Kerala Sahitya Akademi

ഞങ്ങളുടെ ആഹാരകാംക്ഷിയായ രഥം നിന്തിരുവടി രക്ഷിയ്ക്കണം: എങ്ങും എന്നും, സുകരമാണല്ലോ, അവിടെയ്ക്ക്; ഞങ്ങളെ നന്നായി ജയിപ്പിച്ചാലും! 6

ഇന്ദ്ര, ഭവാൻ ഉറച്ചുനില്ക്കുക: ഒരു പുരിയാണ്,വിടുന്ന്. പകരം, ഇതാ, നല്ല യഥാകാലകർമ്മം ഭവാങ്കലണയുന്നു! 7

(ഞങ്ങൾക്ക്) ഒരേടത്തും തിന്മ പാറരുത്. അപ്പുറത്തു പരപ്പിൽ വെയ്ക്കപ്പെട്ടിട്ടുണ്ട്, ധനം; ശത്രുക്കൾ തിരിഞ്ഞോടട്ടെ! 8

അവിടുന്നു യജ്ഞസംബന്ധിയായ നാലാമത്തെപ്പേർ വഹിയ്ക്കണമെന്നു ഞങ്ങൾ ആഗ്രഹിയ്ക്കുന്നതെപ്പൊഴോ, അപ്പോൾത്തന്നേ, രക്ഷിതാവായ നിന്തിരുവടി ഞങ്ങൾക്കു കിട്ടിയ്ക്കാറുണ്ട്! 9

മരണമില്ലാത്ത ദേവന്മാരേ, നിങ്ങളെയും ദേവിമാരെയും ഏകദ്യൂവ് വൎദ്ധിപ്പിയ്ക്കുന്നു, തൃപ്തിപ്പെടുത്തുന്നു; അവന്നു നിങ്ങൾ സമ്പത്തു പെരുപ്പിയ്ക്കുവിൻ! കർമ്മധനൻ പ്രഭാതത്തിൽ വെക്കം വന്നെത്തട്ടെ! 10

---

## സൂക്തം 81.

കണ്വപുത്രൻ കുസീദി ഋഷി, ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, നിന്തിരുവടി ഉടൻതന്നെ ഞങ്ങൾക്കായി, സ്തുത്യവും മഹനീയവുമായ ഗ്രാഹ്യം വലിയ വലത്തുകയ്യിലെടുത്താലും! 1

---

7. നില്ക്കുക—യുദ്ധത്തിൽ. പുരി—പുരിപോലെ നിശ്ചലൻ. കർമ്മം—ഞങ്ങളുടെ.

8. ധനം—ശത്രുക്കളുടെ; അവരെ ഓടിച്ച്, അതു ഞങ്ങൾക്കു തന്നാലും.

9. നാലാമത്തെപ്പേര്—സോമയാജി എന്നത്. കിട്ടിയ്ക്കാറുണ്ട്—സോമയാജിത്വം.

10. ഏകദ്യൂവ്—ഞാൻ. വൎദ്ധിപ്പിയ്ക്കുന്നു—സ്തുതികൊണ്ട്. തൃപ്തിപ്പെടുത്തുന്നു—സോമംകൊണ്ട്. കർമ്മധനൻ—ഇന്ദ്രൻ.

### സൂക്തം 81.

1. ഗ്രാഹ്യം—ധനമെന്നർത്ഥം.

Digitized By Kerala Sahitya Akademi

ഞങ്ങൾക്കറിയാം: അവിടെയ്ക്കു വളരെ കർമ്മമുണ്ട്, വളരെ പ്രദേയമുണ്ട്, വളരെ ധനമുണ്ട്, വളരെ വലുപ്പമുണ്ട്, രക്ഷകളുണ്ട്! 2

ശൂര, ദാനോദ്യതനായ അങ്ങയെ, ഒരു ഭയങ്കരവൃഷഭത്തെയെന്നപോലെ, ദേവന്മാരോ മനുഷ്യരോ തടുക്കുകയില്ല! 3

നിങ്ങൾ വേഗം വരുവിൻ: നാം ധനാധിപതിയായി വിണ്ണിൽ വിളങ്ങുന്ന ഇന്ദ്രനെ സ്തുതിയ്ക്കുക; ഒരു ധനവാൻ നമ്മെ എതിർക്കരുത്! 4

കൊണ്ടാടട്ടെ, ഏററുപാടട്ടെ; സാമഗാനം ശ്രവിയ്ക്കട്ടെ. ധനയുക്തനായി (നമ്മെ) സ്വീകരിയ്ക്കട്ടെ! 5

ഇന്ദ്ര, ഭവാൻ ഞങ്ങൾക്കു കൊണ്ടുവരിക; വലംകൈകൊണ്ടും ഇടംകൈകൊണ്ടും തരിക. ഞങ്ങൾക്കു സമ്പത്തിൽ ഇടിവു വരുത്തരുത്! 6

ധൃഷ്ക, ഭവാൻ ഒരുങ്ങുക: ആളുകളിൽ അറുപിശുക്കൻ ആരോ, അവന്റെ മുതൽ ക്ലേശിക്കാതെ കൊണ്ടുവരിക! 7

ഇന്ദ്ര, മേധാവികളാൽ സേവനീയമായ അന്നമുണ്ടല്ലോ, ഭവാന്റെപക്കൽ; അതു ഞങ്ങൾക്കു തന്നരുളുക! 8

അങ്ങയുടെ സ്വാഹ്ലാദകങ്ങളായ അന്നങ്ങൾ ഇപ്പോൾത്തന്നെ ഞങ്ങളിലെത്തട്ടെ: ഇച്ഛയേറിയവർ വേഗം സ്തുതിയ്ക്കുന്നുണ്ട്! 9

അഞ്ചാമധ്യായം സമാപ്തം.

---

2. പ്രദേയം — വിഭവം.

3. ഒരു കൂററൻകാള തീററയ്ക്കിറങ്ങിയാൽ, അതിനെ ആർ തടുക്കും?

4. സ്വജനങ്ങളോട്: എതിർക്കരുത് — ധനവാന്മാരിൽ മീതെയാകണം, നാം.

5. ഇന്ദ്രൻ എന്നധ്യാഹരിയ്ക്കണം. കൊണ്ടാടട്ടെ — നമ്മുടെ സ്തുതിയെ. ധനയുക്തനായി — നമുക്കു തരാൻ ധനം കയ്യിലെടുത്ത്.

6. കൊണ്ടുവരിക — ധനം.

7. ഒരുങ്ങുക — ധനം കൈവശപ്പെടുത്താൻ.

9. ഇച്ഛയേറിയവർ — ഞങ്ങളുടെ ആളുകൾ.

Digitized By Kerala Sahitya Akademi

## ആറാമധ്യായം.

### സൂക്തം 82.

കുസീദി ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

വൃത്രഹന്താവേ, അവിടുന്നു യജ്ഞത്തിലെ സോമത്തിന്നു, ദൂരത്തുനിന്നോ ചാരത്തുനിന്നോ പാഞ്ഞുവന്നാലും! 1

വരിക: മത്തുപിടിപ്പിയ്ക്കുന്ന കടുംസോമം പിഴിഞ്ഞിരിയ്ക്കുന്നു; കല്പിച്ചു നുകർന്നാലും. മിടുക്കോടേ എടുക്കാറുണ്ടല്ലോ, അവിടുന്ന്! 2

ഇന്ദ്ര, ഭവാൻ അന്നംകൊണ്ടാഹ്ലാദിച്ചാലും: അപ്പോളുടനുടൻ, അങ്ങയുടെ മികച്ച അരിശം; തിരുമനസ്സിൽ സുഖവും ഉളവാകട്ടേ! 3

നിസ്സപത്ന, ഭവാൻ സ്വർഗ്ഗത്തിൽനിന്നു വെക്കം വന്നാലും: അങ്ങയെ തിളങ്ങുന്ന യജ്ഞത്തിലെ ഉക്ഥങ്ങൾ വിളിയ്ക്കുന്നുണ്ട്! 4

ഇന്ദ്ര, ഇതാ, അമ്മികൊണ്ടു പിഴിഞ്ഞു ഗവ്യം പകർന്ന സോമം അങ്ങയുടെ മത്തിന്നായി സുഖേന ഹോമിയ്ക്കപ്പെടുന്നു. 5

ഇന്ദ്ര, അവിടുന്ന് എന്റെ വിളി നന്നായി കേൾക്കുക: ഞങ്ങൾ പിഴിഞ്ഞു ഗവ്യം ചേർത്തു മതിയാവോളം കുടിച്ചാലും! 6

ഇന്ദ്ര, ഇതാ അങ്ങയ്ക്കായി ചമസങ്ങളിലും ചമൂക്കളിലുമെല്ലാം
പിഴിഞ്ഞുവെച്ചിരിയ്ക്കുന്നു: ഈ സോമം കുടിച്ചാലും; അവിടുന്നാണ
ല്ലോ, ഇതിന്റെ ഉടമസ്ഥൻ! 7

യാതൊന്നു, ചന്ദ്രൻ വെള്ളത്തിലെന്നപോലെ ചമൂവിൽ കാ
ണപ്പെടുന്നുവോ; ആ സോമം കുടിച്ചാലും; അവിടുന്നാണല്ലോ, ഇതി
ന്റെ ഉടമസ്ഥൻ! 8

---

### സൂക്തം 82.

2. എടുക്കാറുണ്ടല്ലോ—സോമം.

3. അന്നം—സോമം. ഉളവാകട്ടേ—സോമപാനത്താൽ.

4. ഉക്ഥങ്ങൾ—ശസ്ത്രസ്തോത്രങ്ങൾ കേൾപ്പാൻ വിളിയ്ക്കുന്നുണ്ട്—സ്തോതാക്കൾ.

6. ചേർത്തു—ചേർത്ത സോമം.

7. ചമൂക്കൾ—പാത്രവിശേഷങ്ങൾ.



Digitized By Kerala Sahitya Akademi

ശത്രുക്കൾ തീണ്ടിയിട്ടില്ലാത്ത യാതൊന്നിനെ, പരുന്ത് അ
ങ്ങയ്ക്കായി ആൾക്കാരെ തട്ടിനീക്കി റാഞ്ചി കൊണ്ടുപോന്നുവോ; അതു
കുടിച്ചാലും. അവിടുന്നാണല്ലോ, ഇതിന്റെ ഉടമസ്ഥൻ! 9

---

## സൂക്തം 83.

കുസീദി ഋഷി; ഗായത്രി ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

വൃഷാക്കളായ ദേവന്മാരുടെ മഹത്തായ രക്ഷ യാതൊന്നോ,
അതിനെത്തന്നെ ഞങ്ങൾ, ഞങ്ങളെ കാത്തരുളാൻ വരിച്ചുകൊള്ളുന്നു. 1

ആ പ്രകൃഷ്ടജ്ഞാനന്മാരായ വരുണനും മിത്രനും അൎയ്യമാവും
ഞങ്ങളെ സദാ തുണയ്ക്കട്ടെ; വളൎത്തുകയുംചെയ്യട്ടെ! 2

യജ്ഞത്തിന്റെ തേരാളികളേ, നിങ്ങൾ ഞങ്ങളെ, തോണി
കൊണ്ടു വെള്ളത്തിന്റെയെന്നപോലെ, ബഹുകൎമ്മങ്ങളുടെ മറുകരയി
ലണയ്ക്കുവിൻ! 3

അൎയ്യമാവേ, ഞങ്ങൾക്കു ധനം കൈവരട്ടെ: വരുണ, സ്തുത്യ
മായ ധനം കൈവരട്ടെ: ധനം യാചിയ്ക്കുന്നുണ്ടല്ലോ, ഞങ്ങൾ! 4

പ്രകൃഷ്ടജ്ഞാനന്മാരേ, വിദ്വേഷികളെ തട്ടിനീക്കുന്ന നിങ്ങൾ
തന്നെയാണല്ലോ, ധനത്തിന്റെ അധിപതികൾ; ആദിതേയരേ,
പാപത്തിന്റെ പണം ഇവന്നു വേണ്ടാ! 5

ശോഭനദാനരായ ദേവന്മാരേ, ഗൃഹസ്ഥരായ ഞങ്ങൾ, വഴി
യിൽ നടക്കുമ്പോഴും, നിങ്ങളെത്തന്നെ, അഭിവൃദ്ധിയ്ക്കായി വിളിയ്ക്കുന്നു! 6

ഹേ ഇന്ദ്ര, വിഷ്ണോ, മരുത്തുക്കളേ, അശ്വികളേ, നിങ്ങൾ
ഞങ്ങളെ, ഈ സജാതീയരിൽവെച്ചു, സമീപിച്ചാലും! 7

---

9. ആൾക്കാരെ—കാവല്ക്കാരായ ഗന്ധൎവ്വന്മാരെ. പരുന്തിന്റെ സോമാഹരണം മുമ്പു പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ട്: പക്ഷിരൂപംധരിച്ച ഗായത്രിയത്രേ, ഈ പരുന്ത്.

സൂക്തം 83.

5. പാപത്തിന്റെ പണം—ദുഷ്ടമാൎജ്ജിതമായ ധനം. ഇവന്നു—എനിയ്ക്കു.

7. സജാതീയർ—ഭ്രാതൃമിത്രാദികൾ.

Digitized By Kerala Sahitya Akademi

ശോഭനദാനന്മാരേ, സാമാന്യമായും ഈരണ്ടായും മാതൃഗർ
ത്തിൽ ഭവിച്ച (നിങ്ങളുടെ) ഭ്രാതൃത്വത്തെ ഞങ്ങൾ വെളിപ്പെടുത്തുന്നു! 8
ശോഭനദാനന്മാരേ, തേജസ്സു പൂണ്ട നിങ്ങൾ ഇന്ദ്രനെപ്പിൻതു
ടൎന്നു വന്നെത്താറുണ്ടല്ലോ; ഉടനേ ഞാൻ പേൎത്തുപേൎത്തു സ്തുതിയ്ക്കും! 9

---

സൂക്തം 84.

കവിപുത്രൻ ഉശനസ്സ് ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

('ദ്വാരകാമന്ദിരം'പോലെ.)

വാഴ്ത്തുന്നേൻ, ഭവാന്മാൎക്കായ് ഞാൻ-
പ്രേഷ്ഠാതിഥിയാമഗ്നിയെ,
മിത്രംപോലൻപണപ്പോനെ,
നൽത്തേർപോലെ ലാഭദനെ. 1

വിദ്യോദാരകവിയെപ്പോ-
ലി,ദ്ദേഹത്തെയമരന്മാർ
രണ്ടുമട്ടിൽ നിയമിച്ചു-
കൊണ്ടാർ, മൎത്ത്യപ്പരിഷയിൽ:

സത്താരുണ്യ, രക്ഷിയ്ക്കു, നീ
ദത്താന്നരാം നേതാക്കളെ;

---

3. സാമാന്യമായും ഈരണ്ടാലും—ആദ്യംസാമാന്യമായിട്ട്, പിന്നെ ഈരണ്ടായിട്ട്. ദേവന്മാർ ഇരട്ടയിരട്ടയായിട്ടത്രേ, മാതൃ (അദിതി)ഗൎഭത്തിൽനിന്നു ജനിച്ചത്.

സൂക്തം 84.

1. യജമാനരോട്: പ്രേഷ്ഠാതിഥി=ഏററവും പ്രിയനായ അതിഥി. നൽത്തേർപോലെ—തേർ ധനലാഭമുണ്ടാക്കുമല്ലോ.

2. വിദ്യോദാരകവിയെ—ഉൽകൃഷ്ടജ്ഞാനനായ ഒരു ക്രാന്തകൎമ്മാവിനെ ഇരുകാൎയ്യങ്ങളിൽ ഏൎപ്പെടുത്താറല്ലോ. അതുപോലെ അഗ്നിയെ രണ്ടുമട്ടിൽ—ഗാൎഹപത്യൻ, ആഹവനീയൻ എന്ന നിലകളിൽ—നിയമിച്ചു.

Digitized By Kerala Sahitya Akademi

ശ്രദ്ധയാ കേൾ, നതി; താൻതാൻ
പുത്രനെയും പാലിയ്ക്കു, നീ! 3

എങ്ങനെ പുകഴ്ത്തേണ്ടു, ഞാ-
നംഗിരസ്സാമഗ്നേ, ദേവ,
അന്നപുത്ര, വരേണ്യനും
പിന്നിട്ടുന്നോനുമാം നിന്നെ? 4

ഏതൊരു യഷ്ടാവിനുടെ
ചേതസ്സോടേ തരേണ്ടു ഞാൻ?
എന്നാളിൽ ഞാനി,ത്താ, നമ-
സ്സേന്നോതേണ്ടു, ബലസൂനോ? 5

അങ്ങനുതാനരുളേണം,
ഞങ്ങൾതൻസ്തവത്തിന്നെല്ലാം
ധന്യമായ ഗൃഹത്തെയു,-
മന്നത്തെയും ധനത്തെയും! 6

ആർതൻ പുരുകർമ്മങ്ങൾക്കാം
പ്രീതി ചേപ്പൂതി,പ്പോൾബ്ഭവാൻ?
ഗോതതിയുണ്ടാമല്ലോ, നിൻ
സ്തോതാവിനു ഗൃഹപതേ! 7

---

3. സത്താരുണ്യ=നല്ല യൌവനത്തോടുകൂടിയവനേ. ദത്താന്നരാം നേതാക്കളെ—ഹവിസ്സർപ്പിച്ച യജമാനരെ. പുത്രൻ—ഞങ്ങളുടെ മകൻ.

4. അന്നപുത്ര—അന്നം (ഹവിസ്സ)കൊണ്ടു വളരുന്നവനാകയാലാണ്, അന്നപുത്രത്വം കല്പിച്ചിരിയ്ക്കുന്നത്. പിന്നിട്ടുന്നോനും—ശത്രുക്കളെ.

5. തരേണ്ടു—ഹവിസ്സ് ഞാൻ എങ്ങനെ യജിയ്ക്കും, എന്നു വണങ്ങി സ്തുതിയ്ക്കും?

6. സ്തുതിയ്ക്കുന്ന ഞങ്ങൾക്കു നല്ല ഗൃഹവും അന്നവും ധനവും അരുളണം (തരണം) എന്നർത്ഥം.

7. പ്രീതി ചേപ്പൂത്—അഗ്നി സന്നിഹിതനായാൽ, കർമ്മങ്ങൾക്കു പ്രീതിയായി. ഭവാൻ ഇപ്പോൾ ഏതൊരു കർത്താവിന്റെ അടുക്കലായിരിയ്ക്കാം? നിന്നെ സ്തുതിച്ചാൽ ഗോക്കളെ കിട്ടുമല്ലോ; ഞങ്ങളും സ്തുതിയ്ക്കുന്നു. ഗൃഹപതേ—ഗാർഹപത്യരൂപിൻ.

Digitized By Kerala Sahitya Akademi

പോരിൽ മുന്നിൽച്ചെല്ലും ബലോ-
ദാരനാമസ്സുപ്രജ്ഞനെ
പാരം മോടിപ്പെടുത്തുന്നു,
(ധീരർ) നിജഗൃഹങ്ങളിൽ! 8

സാരക്ഷേമം വാഴ്ച,മവ്യ-
നാരും കൊല്ലില്ല,വൻ കൊല്ലും;
പാരം വളരുമേ, നല്ല
വീരന്മാരൊത്തവനഗ്നേ! 9

---

## സൂക്തം 85.

അംഗിരോഗോത്രൻ കൃഷ്ണൻ ഋഷി; ഗായത്രി ഛന്ദസ്സ്; അശ്വികൾ ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

അശ്വികളേ, മമ വിളി
(ത്തുച്ചെവിക്കൊണ്ടി)രുവരും
ആഗമിപ്പിൻ, നാസത്യരേ,
സോമമധു കുടിയ്ക്കുവാൻ. 1

എന്നുടെയിസ്തുതിയെയു,-
മെന്നുടെയീ വിളിയെയും
ആകർണ്ണിപ്പിന,ശ്വികളേ,
സോമമധു കുടിയ്ക്കുവാൻ. 2

അന്നധനസമേതരാ-
മശ്വികളേ, കൃഷ്ണനിതാ,
നിങ്ങളെ വിളിച്ചിടുന്നു,
സോമമധു കുടിയ്ക്കുവാൻ. 3

---

8. സുപ്രജ്ഞനെ—അഗ്നിയെ. മോടിപ്പെടുത്തുന്നു—പരിചരിയ്ക്കുന്നു. ധീരർ—ധീമാന്മാർ, യജമാനന്മാർ.

9. അവൻ—ആർ അങ്ങയെ സ്തുതിയ്ക്കുമോ, അവൻ. സാരക്ഷേമം—പ്രബലമായ ക്ഷേമത്തോടേ. കൊല്ലും—ശത്രുക്കളെ. വീരന്മാർ—പുത്രാദികൾ.

സൂക്തം 85.

3. അന്നധനസമേതർ=അന്നത്തോടും ധനത്തോടുംകൂടിയവർ. കൃഷ്ണൻ—ഞാൻ.

Digitized By Kerala Sahitya Akademi

നേതാക്കളേ, നുതി ചൊല്ലും
സ്തോതാവായ കൃഷ്ണനുടെ
ആഹ്വാനം കേൾക്കുവിൻ, നിങ്ങൾ
സോമമധു കുടിക്കുവാൻ! 4
മേധാവിയാം സ്തോതാവിനു,
ബാധയേശാത്തൊരു ഗൃഹം
നേതാക്കളേ, തന്നരുളുവിൻ,
സോമമധു കുടിക്കുവാൻ! 5
ഇപ്രകാരം സ്തുതിപ്പോനാ-
മപ്പകന്റെ ഗൃഹത്തിങ്കൽ
ആഗമിപ്പി,നശ്വികളേ,
സോമമധു കുടിക്കുവാൻ! 6
വിത്തവർഷികളേ, നിങ്ങ-
ളുത്രുക്കുറപ്പൊത്ത തേരിൽ
രാസഭത്തെപ്പൂട്ടിയാലും,
സോമമധു കുടിക്കുവാൻ! 7
മുമ്മറകൾ, മൂന്നുകത്ത-
ണ്ടി—മ്മട്ടൊത്ത തേരിലൂടേ
ആഗമിപ്പിന,ശ്വികളേ,
സോമമധു കുടിക്കുവാൻ! 8
അശ്വികളേ, നാസത്യരേ,
തൽക്ഷണമെൻനുതികളെ
ക്ഷേമപ്പെടുത്തുവിൻ, നിങ്ങൾ
സോമമധു കുടിക്കുവാൻ! 9

---

4. ആഹ്വാനം—വിളി.

5. സോമമധു കുടിക്കുവാൻ—എനിക്കു ഗൃഹം തന്നാൽ, ഞാൻ നിങ്ങൾക്കു സോമം നിവേദിക്കും.

6. അപ്പകൻ—ഹവിർദ്ദാതാവ്

7. രാസഭം—അശ്വത്തിന്റെ പേര്

8. മൂന്നു മറകളും, മൂന്നു നുകത്തണ്ടുകളുമുള്ള.

9. ക്ഷേമപ്പെടുത്തുവിൻ—സ്വീകരിക്കുവിൻ എന്നു സാരം.

Digitized By Kerala Sahitya Akademi

സൂക്തം 86.

കൃഷ്ണപുത്രൻ വിശ്വകനോ, കൃഷ്ണൻതന്നെയോ ഋഷി; ജഗതി ഛന്ദസ്സ്;
അശ്വികൾ ദേവത.

ദസ്രരേ, സുഖമുളവാക്കുന്ന വൈദ്യന്മാരായ നിങ്ങളിരുവരും ദക്ഷന്റെ സ്തുതിയിൽ സംബന്ധിച്ചവരല്ലോ; ആ നിങ്ങളെ വിശ്വകൻ പുത്രലാഭത്തിന്നായി വിളിയ്ക്കുന്നു. നമ്മുടെ സഖ്യം നിങ്ങൾ വിടുത്തരുത്; (കടിഞ്ഞാണ)ഴയ്ക്കുവിൻ! 1

എങ്ങനെയായിരിയ്ക്കാം, നിങ്ങളെ പണ്ടു വിമനസ്സ സ്തുതിച്ചത്? മികച്ച ധനം നേടാൻ ബുദ്ധികൊടുത്തുവല്ലോ, നിങ്ങൾ. ആ നിങ്ങളെ വിശ്വകൻ പുത്രലാഭത്തിന്നായി വിളിയ്ക്കുന്നു. നമ്മുടെ സഖ്യം നിങ്ങൾ വിടുത്തരുത്; കടിഞ്ഞാണഴയ്ക്കുവിൻ! 2

വളരെയാളുകളെ ഊട്ടുന്നവരേ, നിങ്ങൾതന്നെയാണല്ലോ, വിഷ്ണാപൂവിന്നു മികച്ച ധനം നേടാൻ ഈ വളർച്ചയുണ്ടാക്കിയത്; ആ നിങ്ങളെ വിശ്വകൻ പുത്രലാഭത്തിന്നായി വിളിയ്ക്കുന്നു. നമ്മുടെ സഖ്യം നിങ്ങൾ വിടുത്തരുത്; കടിഞ്ഞാണഴയ്ക്കുവിൻ! 3

ആ ദൂരത്തുതന്നെ മേവുന്ന വീരനെ, സമാർജ്ജിതധനനെ, ഋജീഷിയെ ഞങ്ങൾ രക്ഷയ്ക്കായി വിളിയ്ക്കുന്നു: അവന്റെ നല്ല സ്തുതി, അച്ഛന്റേതുപോലെ മധുരതരമാണല്ലോ. നമ്മുടെ സഖ്യം നിങ്ങൾ വിടുത്തരുത്; കടിഞ്ഞാണഴയ്ക്കുവിൻ! 4

സവിതാവായ ദേവൻ സത്യംകൊണ്ടടങ്ങുന്നു; സത്യത്തിന്റെ കൊമ്പുമുടിയെ വിശാലമാംവണ്ണം പരത്തുന്നു. യുദ്ധോദ്യതന്റെ കനത്ത

---

സൂക്തം 86.

1. ദക്ഷൻ — ദക്ഷപ്രജാപതി. സഖ്യം — സേവ്യസേവകത്വജനിതമായ മൈത്രി. കടിഞ്ഞാണഴയ്ക്കുവിൻ — ഇങ്ങോട്ടു പോരാൻ തേരിൽക്കേറി, കുതിരകളുടെ കടിഞ്ഞാൺ (അവ വേഗത്തിലോടാൻ) അഴച്ചുപിടിയ്ക്കുവിൻ.

2. വിമനസ്സ് — ഒരൃഷി. കൊടുത്തുവല്ലോ — വിമനസ്സിന്ന്.

3. വിഷ്ണാപൂവ് — വിശ്വകന്റെ പുത്രൻ.

4. വീരനെ — വിഷ്ണാപൂവിനെ.

Digitized By Kerala Sahitya Akademi

ബലത്തെയും സത്യം കീഴമർത്തുന്നു. നമ്മുടെ സഖ്യം നിങ്ങൾ വിടുത്ത
രുത്; കടിഞ്ഞാണൊഴയ്ക്കുവിൻ! 5

---

സൂക്തം 87.

വസിഷ്ഠപുത്രൻ ദ്യുമ്നീകനോ, അംഗിരോഗോത്രൻ പ്രിയമേധനോ, കൃഷ്ണൻതന്നെയോ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

അശ്വികളേ, നിങ്ങളെ സ്തുതിക്കുന്നതിനാൽ ദ്യുമ്നീകൻ, മഴ
യാൽ കിണറുപോലെ(വളരും) നിങ്ങൾ സോമനീരിന്നെഴുന്നള്ളുവിൻ:
അവൻ യജ്ഞത്തിൽ അരിമപ്പെട്ടു. നേതാക്കളേ, നിങ്ങൾ, ജലാശ
യത്തിൽ രണ്ടു ഗൌരമൃഗങ്ങൾപോലെ പാനംചെയ്യുവിൻ! 1

അശ്വികളേ, മഹാവീരത്തിലെ മധു കുടിക്കുവിൻ; നേതാക്ക
ളേ, ദർഭയിലിരിക്കുവിൻ. ആ നിങ്ങൾ മനുഷ്യന്റെ ഗൃഹത്തിൽ മ
ത്തു പൂണ്ടു, ധനവും ആയുസ്സും രക്ഷിച്ചരുളുവിൻ! 2

നിങ്ങളെയും എല്ലാ രക്ഷകളെയും പ്രിയമേധൻ വിളിച്ചുവല്ലോ;
അതിനാൽ നിങ്ങൾ ദർഭ മുറിച്ചവന്റെ തികഞ്ഞ ഹവിസ്സിന്നായി
പുലർകാലത്തു ഗൃഹത്തിലെഴുന്നള്ളുവിൻ! 3

അശ്വികളേ, നിങ്ങൾ സോമമധു നുകരുവിൻ; അഴകോടേ
ദർഭയിലിരിക്കുവിൻ. അങ്ങനെ വളച്ചുകൊള്ളുന്ന നിങ്ങൾ സ്വർഗ്ഗത്തിൽ
നിന്നു ശോഭനസ്തുതിയിലെയ്ക്കു, രണ്ടു ഗൌരമൃഗങ്ങൾ ജലാശയത്തിലെ
യ്ക്കെന്നപോലെ വരുവിൻ! 4

---

5. അടങ്ങുന്നു—സായംകാലത്തു ശാന്തകിരണനായ്ത്തീരുന്നു പരത്തുന്നു—പ്രാതഃകാലത്ത് ഇതു മഹത്തായ സത്യത്തെ നിങ്ങളും അനുവർത്തിക്കണം—സേവ്യൻ സേവകന്റെ സഖാവായിനില്ക്കണം.

സൂക്തം 87.

1. അവൻ (ദ്യുമ്നീകൻ) അരിമപ്പെട്ടു—സ്തോത്രംചൊന്നതാൽ നിങ്ങൾക്കു പ്രിയനായിവരും. പാനംചെയ്യുവിൻ—സോമം.

2. മധു—പാലും സോമവും. ധനവും ആയുസ്സും—അവന്റെ.

3. ദർഭ മുറിച്ചവന്റെ—യജമാനന്റെ.

Digitized By Kerala Sahitya Akademi

അശ്വികളേ, നിങ്ങൾ ഉടനേ ദേഹത്തിൽ എണ്ണയിഴകിയ കതിരകളിലൂടേ വന്നെത്തുവിൻ: ദസ്രരേ, പൊന്നിൻതേരുള്ളവരേ, ഉദകരക്ഷികളേ, സത്യവർദ്ധകരേ, സോമം കുടിയ്ക്കുവിൻ! 5

അശ്വികളേ, സ്തുതിയ്ക്കുന്ന മേധാവികളായ ഞങ്ങൾ അന്നം കിട്ടാൻ നിങ്ങളെത്തന്നെ വിളിച്ചുകൊള്ളുന്നു: ദസ്രരേ, മിടുക്കോടേ നടക്കുന്നവരും ബഹുകർമ്മാക്കളുമായ നിങ്ങൾ സ്തുതി കേട്ടു വെക്കം വന്നെത്തുവിൻ! 6

---

സൂക്തം 88.

ഗോതമഗോത്രൻ നോധസ്സ് ഋഷി; പ്രഗാഥം ഛന്ദസ്സ്: ഇന്ദ്രൻ ദേവത.

പാത്രത്തിലെ സോമംകൊണ്ടു മത്തുപിടിയ്ക്കുന്നവനും, അമിത്രരെ അമർത്തുന്നവനും, ദർശനീയനുമായ നിങ്ങളുടെ ആ ഇന്ദ്രനെ ഞങ്ങൾ അഹസ്സുകളിൽ, പൈക്കൾ കുട്ടിയെയെന്നപോലെ, നോക്കി സ്തുതിച്ചുകൊള്ളുന്നു. 1

ബലങ്ങളാൽച്ചൂഴപ്പെട്ട മലപോലിരിയ്ക്കുന്നവനും, വളരെയാളുകളാൽ ഊട്ടപ്പെടേണ്ടവനും, വിണ്ണിൽ വാഴുന്നവനുമായ ശോഭനദാനനോടു ഞങ്ങൾ ഒച്ചപ്പെട്ടു, നൂറായിരം ധനത്തോടും ഗോക്കളോടും കൂടിയ അന്നം ചിക്കെന്നു യാചിയ്ക്കുന്നു. 2

ഇന്ദ്ര, നിന്തിരുവടിയെ ഉറപ്പുററ പെരുമലകൾപോലും തടുക്കുകയില്ല—അങ്ങ് എന്നെപ്പോലെയുള്ള ഒരു സ്തോതാവിന്നു കൊടുക്കാൻ നിശ്ചയിച്ചാൽ, ആ ധനം ആരും തട്ടിക്കളയില്ല! 3

ഭവാൻ പാടിപ്പും കെല്പുമുള്ള ഒരു പടയാളിയാണ്: നിലവിളിപ്പിയ്ക്കുന്ന വിക്രമംകൊണ്ടു സകലരെയും കീഴമർത്തും. ഗോതമരാൽ ആ

---

5. ദേഹത്തിൽ എണ്ണയിഴകിയ—സ്നിഗ്ദ്ധപൃഷ്ഠകളായ.

സൂക്തം 88.

1. ഋത്വിഗ്യജമാനരോട്: പൈക്കൾ കുട്ടിയെ എന്നപോലെ—പെററ പൈക്കൾ തൊഴുത്തിൽ കുട്ടിയെനോക്കി ഉമ്പയിടുന്നതുപോലെ.

2. ഊട്ടപ്പെടേണ്ടവൻ—ഹവിസ്സൂട്ടിയ്ക്കപ്പെടേണ്ടവൻ.



Digitized By Kerala Sahitya Akademi

വിഷ്ഠതനായ ആ നിന്തിരുവടിയെ ഈ സ്തോതാവ് രക്ഷയ്ക്കായി ഇങ്ങോ
ട്ടു തിരിയിക്കുന്നു! 4

ഇന്ദ്ര, അവിടുന്ന് ഓജസ്സുകൊണ്ടു സ്വർഗ്ഗത്തിന്റെ ചുറ്റളവി
നെക്കാൾ കവിഞ്ഞിരിക്കുന്നു; ഭൂലോകവും അങ്ങയോടൊക്കില്ല. ആ
നിന്തിരുവടി അന്നം തരാനുറച്ചാലും! 5

മഘവാവേ, അവിടുന്നു ഹവിർദ്ദാതാവിന്നു കല്പിച്ചുകൊടുക്കു
മ്പോൾ, അങ്ങയുടെ ആ ധനത്തെ ആരും വിലക്കില്ല. അയച്ചുകൊ
ടുക്കുന്ന അത്യുദാരനായ ഭവാൻ, ഞങ്ങളുടെ സ്തുതി അന്നം കിട്ടാനാ
ണെന്നറിഞ്ഞാലും! 6

---

## സൂക്തം 89.

അംഗിരോഗോത്രരായ നൃമേധനും പുരുമേധനും ഋഷികൾ; പ്രഗാഥവും
ആനുഷ്ടുപ്പും ബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

മിതസ്വരന്മാരേ, ത്തുലോം പാപനാശനമായ ബൃഹത്സാമം നി
ങ്ങൾ ഇന്ദ്രനായി പാടുവിൻ: ഇതുകൊണ്ടാണല്ലോ, യജ്ഞവർദ്ധകന്മാർ
ദേവനുവേണ്ടി, ഉണർവേകി വിളങ്ങുന്ന ജ്യോതിസ്സിനെ ആവിർഭവി
പ്പിച്ചത്! 1

അസ്തോതാക്കളെ ഹനിക്കുന്ന ഇന്ദ്രൻ ശത്രുബാധകൾ പോക്കി
തിളങ്ങുന്ന പുകൾ നേടിയിരിക്കുന്നു. ഇന്ദ്ര, തേജസ്സേറിയവനേ, മരു
ത്ത്വാനേ, ദേവന്മാർ സഖ്യത്തിന് അങ്ങയെ പിടിച്ചുനിർത്തുന്നു! 2

---

4. ഗോതമർ—ഗോതമഗോത്രക്കാർ. ആവിഷ്ഠതനായ—യജ്ഞത്തിൽ പ്രത്യക്ഷനാക്കപ്പെട്ട. ഈ സ്തോതാവ്—ഞാൻ.

6. അയച്ചുകൊടുക്കുന്ന—സ്തോതാക്കൾക്കു ധനം.

സൂക്തം 89.

1. സ്തോതാക്കളോട്: യജ്ഞവർദ്ധകന്മാർ—ദേവന്മാർ. ദേവൻ—ഇന്ദ്രൻ. ജ്യോതിസ്സിനെ—സൂര്യനെ.

2. ഉത്തരാർദ്ധം പ്രത്യക്ഷം.

Digitized By Kerala Sahitya Akademi

മിത്രസഹചരന്മാരേ, നിങ്ങളുടെ മഹാനായ ഇന്ദ്രന്നു നിങ്ങൾ ബൃ
ഹത്തു ചൊല്ലുവിൻ: ആ പാപനാശനനായ ശതക്രതു നൂറുമൊട്ടുള്ള
വജ്രംകൊണ്ടു വൃത്രനെ വധിയ്ക്കട്ടെ! 3

കീഴമത്തലിൽ മനസ്സുപതിഞ്ഞവനേ, വളരെ അന്നമുണ്ടല്ലോ,
ഭവാന്റെപക്കൽ; അതു ക്ലേശമാതെ കൊണ്ടുവന്നാലും. അമ്മമാരായ
തണ്ണീരുകൾ വേഗത്തിൽ ഊറ്റിവരട്ടെ: ഭവാൻ മേഘത്തെ പിളർ
ത്തുക; സകലത്തെയും ജയിയ്ക്കുക! 4

ഒന്നാമനായ മഘവാവേ, വൃത്രവധത്തിന്നാണല്ലോ, ഭവാൻ
പിറന്നത്; അതോടേ, മന്നിനെ ഉറപ്പിച്ചു; വിണ്ണിന്നൂന്നും കൊടുത്തു! 5

അതോടെ യജ്ഞം പിറന്നു; മന്ത്രവും പുഞ്ചിരിയിട്ടു. ജനിച്ച
തും, ജനിപ്പാനിരിയ്ക്കുന്നതുമായ ജഗത്തെല്ലാം അവിടുന്നു കീഴടക്കി! 6

നിന്തിരുവടി ഇളംപൈക്കളിൽ കൊഴുത്ത പാൽ വെച്ചു. സൂര്യ
നെ വാനിൽ കേററി. നിങ്ങൾ (ഇന്ദ്രനെ) നല്ല സ്തുതികൾകൊണ്ടു, സാ
മങ്ങൾകൊണ്ടു മഹാവീരത്തെയെന്നപോലെ ചൂട്ടുപിടിപ്പിയ്ക്കുവിൻ—
സ്തുതിസേവ്യനായി ബൃഹത്തു (പാടുവിൻ)! 7

---

സൂക്തം 90.

നൃമേധനും പുരുമേധനും ഋഷികൾ; ബൃഹതിയും സതോബൃഹതിയും
ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

അരാത്തവിൽ ഞാണുള്ളവൻ, സ്തുതികൊണ്ട് അഭിമുഖനാക്ക
പ്പെടേണ്ടവൻ, ആഹവങ്ങളിലെല്ലാം ആഹ്വാതവ്യൻ—ഇങ്ങനെയുള്ള

---

3 സ്തോതാക്കളോട്: ബൃഹത്ത്—ബൃഹത്സാമം.

1. കീഴമത്തലിൽ—ശത്രുക്കളെ കീഴമർത്തുന്നതിൽ. അമ്മമാർ—പോററി
വളർത്തുന്നവ.

6. പുഞ്ചിരിയിട്ടു—സന്തോഷിച്ചു.

7. സൂര്യനെ വാനിൽ കേററി—അസുരന്മാർ ഗോക്കളെ ഒളിപ്പിച്ച, ഇ
രുളടഞ്ഞ സ്ഥലം കണ്ടുപിടിപ്പാൻ. ഉത്തരാർദ്ധം സ്തോതാക്കളോട്: ചൂട്ടുപിടിപ്പി
യ്ക്കുവിൻ—ഉശിർപിടിപ്പിയ്ക്കുവിൻ.

Digitized By Kerala Sahitya Akademi

വൃത്രഘ്നനായ ഇന്ദ്രൻ നമ്മുടെ സ്തോത്രങ്ങളെയും സവനങ്ങളെയും സമാസ്വദിയ്ക്കട്ടെ! 1

ഒന്നാമനായ ധനദാതാവാണ്, നിന്തിരുവടി; ഐശ്വര്യം നല്കുന്ന സത്യകർമ്മാവുമാണ്: അതിനാൽ, ബഹുധനനും ബഹുസുതനുമായ മഹാനോടു ഞങ്ങൾ തക്കവ യാചിച്ചുകൊള്ളുന്നു. 2

ഇന്ദ്ര, സ്തുതികൊണ്ടു വശീകരിയ്ക്കപ്പെടേണ്ടവനേ, അങ്ങയെക്കുറിച്ച് അത്യുക്തിയില്ലാത്ത സ്തോത്രം ചമയ്ക്കപ്പെട്ടിരിയ്ക്കുന്നു: ഇന്ദ്ര, അങ്ങയ്ക്കു യോഗ്യമായ അതു ഞങ്ങൾ ചൊല്ലാം; ഹര്യശ്വ, കേട്ടാലും! 3

മഘവാവേ, തലകുനിയ്ക്കാത്ത സത്യകർമ്മാവായ ഭവാൻ വളരെ രക്ഷസ്സുകളെ കുമ്പിടുവിച്ചിരിയ്ക്കുന്നുവല്ലോ; ബലിഷ്ഠ, വജ്രപാണേ, ആ നിന്തിരുവടി ഹവിർദ്ദാതാവിന്നു ധനം ഇങ്ങോട്ടയച്ചാലും! 4

ഇന്ദ്ര, ബലപാലക, ഋജീഷവാനായ ഭവാൻ പുകൾപ്പെട്ടിരിയ്ക്കുന്നു: അടക്കാൻ വയ്യാത്ത, എതിരില്ലാത്ത രക്ഷസ്സുകളെ അവിടുന്നു തനിയേ മനുഷ്യരക്ഷിയായ (വജ്രംകൊണ്ടു) വധിച്ചുവല്ലോ! 5

ബലവാനേ, പ്രകൃഷ്ടജ്ഞാനനായ നിന്തിരുവടിയോടു ഞങ്ങൾ, ഭാഗമെന്നപോലെ ധനം യാചിയ്ക്കുന്നു. ഇന്ദ്ര, വലിയ യശസ്സുപോലെ ഗൃഹവുമുണ്ടല്ലോ, അങ്ങയ്ക്ക്; അങ്ങയുടെ ആ സുഖങ്ങളും ഞങ്ങളിലെത്തട്ടെ! 6

---

## സൂക്തം 91.

അത്രിപുത്രി അപാല ഋഷി; പംക്തിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രൻ ദേവത.

വെള്ളത്തിന്നുപോയ സ്ത്രീയ്ക്കു വഴിയിൽവെച്ച് ഒരു സോമലത കിട്ടി; അതു ഗൃഹത്തിലെയ്ക്കു കൊണ്ടുപോരുമ്പോൾ അവൾ പറഞ്ഞു:–

---

സൂക്തം 90.

2. പ്രത്യക്ഷോക്തി: തക്കവ—ധനങ്ങൾ.

6. ഭാഗമെന്നപോലെ—മക്കൾ അച്ഛന്റെ സ്വത്തിൽ തങ്ങൾക്കുള്ള പങ്ക് അപേക്ഷിയ്ക്കുന്നതുപോലെ.

Digitized By Kerala Sahitya Akademi

'നിന്നെ ഞാൻ ഇന്ദ്രനായി പിഴിയാം—നിന്നെ ഞാൻ ശക്രനായി പിഴിയാം!' 1

വീരനായി വിളങ്ങുന്ന ഭവാൻ ഗൃഹത്തിൽ ഗൃഹത്തിൽ ചെല്ലാറുണ്ടല്ലോ; ആ ഭവാൻ, പല്ലുകൾകൊണ്ടു പിഴിഞ്ഞു സ്തോത്രം ചൊല്ലപ്പെട്ട ഇഉ പൊരിയവിലിനോടും മലർപ്പൊടിയോടും അപ്പങ്ങളോടുംകൂടി കടിച്ചാലും! 2

ഞങ്ങൾക്ക് അങ്ങയെ അറിയേണമെന്നുണ്ട്: അങ്ങ് ആരാണെന്നു മനസ്സിലായില്ല. 'സോമമേ, നീ ഇന്ദ്രനായി പതുക്കെയും വേഗത്തിലും നിരൊഴുകുക!' 3

ഇന്ദ്രൻ ഞങ്ങളെ വളരെയുരു ശക്തിപ്പെടുത്തട്ടെ—വളരെ ചെയ്യട്ടെ; വളരെയുരു ധനികരാക്കട്ടെ. വളരെയുരു, ഭർത്താവു ദ്വേഷിച്ചതിനാൽ വിട്ടുപോന്ന ഞങ്ങൾ ഇന്ദ്രനോടു ചേരമാറാകണം! 4

---

സൂക്തം 91.

1. ഒരു ത്വഗ്രോഗം ബാധിച്ചതിനാൽ ഭർത്തൃപരിത്യക്തയായ അപാല അച്ഛന്റെ (അത്രിയുടെ) ആശ്രമത്തിൽ വസിച്ച് ഇന്ദ്രനെ തപസ്സുചെയ്യുകയായി. അന്നൊരിയ്ക്കൽ പുഴയിൽ കുളിപ്പാൻ പോന്ന അവൾക്ക് ഒരു സോമലത കിട്ടി; അത് അവൾ വഴിയിൽവെച്ചുതന്നേ കടിച്ചുതിന്നാൻ തുടങ്ങി. കടിയ്ക്കുമ്പോഴത്തെ പല്ലൊച്ച കേട്ടിട്ട്, അമ്മിമേൽ സോമലത ചതയ്ക്കയാണെന്നു വിചാരിച്ച് ഇന്ദ്രൻ വന്നെത്തി, 'ഇവിടെ സോമം പിഴിയുന്നുണ്ടോ' എന്നു ചോദിച്ചു. അപാല പറഞ്ഞു:—'ഇല്ല; ഒരു സ്ത്രീ സോമലത തിന്നുന്നുണ്ട്; അതിന്റെ ശബ്ദമാണിത്.' ഇതു കേട്ട് ഇന്ദ്രൻ മടങ്ങി. അതു കണ്ട് അവൾ വീണ്ടും പറഞ്ഞു:—'പോകേണ്ട: എന്റെ ഗൃഹത്തിലെയ്ക്കു പോന്നാൽ ഞാൻ സൽക്കരിയ്ക്കാം.' ഇന്ദ്രനാകട്ടെ, കൊതിമൂലം അപാലയുടെ വായിൽനിന്നുതന്നേ സോമനീർ കുടിച്ചു; സംതൃപ്തിയടഞ്ഞു! എന്നിട്ടദ്ദേഹം, 'നിനക്കെന്തുവരം വേണം?' എന്നു ചോദിച്ചു. അവൾ സ്വാഭീഷ്ടം അറിയിച്ചു; ഇന്ദ്രൻ അവളെ ദുഃഖവിമുക്തയുമാക്കി.

2. പല്ലൊച്ച കേട്ടു വന്നണഞ്ഞ ഇന്ദ്രനോട് അപാല പറയുന്നു: ചെല്ലാറുണ്ടല്ലോ—സോമം കുടിപ്പാൻ. ഇതു—സോമനീർ. അവൾ സോമനീരോടുകൂടി പൊരിയവിൽ മുതലായവയും നിവേദിച്ചു, സ്തുതിച്ചു എന്നർത്ഥം.

3. പതുക്കെയും വേഗത്തിലും—യാഗത്തിൽ അമ്മിക്കുഴകൊണ്ടു ചതയ്ക്കുമ്പോളെന്നപോലെ

4. ഞങ്ങളെ—എന്നെ. വളരെചെയ്യട്ടെ—വളരെ ഗുണം വരുത്തട്ടെ. ഞങ്ങൾ—ഞാൻ.

Digitized By Kerala Sahitya Akademi

'ഇന്ദ്ര, ഇതാ, മൂന്നു സ്ഥാനങ്ങൾ: അച്ഛന്റെ തല, തരിശു
നിലം, എന്റെ ഗുഹ്യാംഗം; അവയിൽ ഭവാൻ മുളപ്പിച്ചാലും— 5
ഞങ്ങളുടെ ഈ തരിശുനിലം, എന്റെ ഈ അവയവം, അച്ഛ
ന്റെ തല ഇവയിലെല്ലാം രോമം മുളപ്പിച്ചാലും! 6
ഇന്ദ്ര, ശതക്രതോ, അവിടുന്ന് അപാലയെ തേരിന്റെ ദ്വാര
യിലും അച്ചുതണ്ടിന്റെ ദ്വാരയിലും, നുകത്തിന്റെ ദ്വാരയിലും മൂന്നുപ്രാ
വശ്യം ഇട്ടു വലിച്ചു, സൂര്യവർണ്ണയാക്കിത്തീർത്തു! 7

---

സൂക്തം 92.

അംഗിരോഗോത്രൻ ശ്രുതകക്ഷനോ, സുകക്ഷനോ, ഋഷി; അനുഷ്ടുപ്പും
ഗായത്രിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

നിങ്ങളുടെ സോമം കുടിക്കുന്ന ഇന്ദ്രനെക്കുറിച്ചു—സകലരെ
യും കീഴമർത്തുന്നവനും, മനുഷ്യർക്കു ധാരാളം കൊടുക്കുന്നവനുമായ ശത
ക്രതുവിനെക്കുറിച്ചു—നിങ്ങൾ കേമമായി പാടുവിൻ! 1
പുരുഹൂതൻ, പുരുസ്തുതൻ, പാടിവാഴ്ത്തപ്പെടേണ്ടവൻ, പണ്ടേ
പുകൾപ്പെട്ടവൻ—ഇങ്ങനെയുള്ള ആൾ, ഇന്ദ്രനാണെന്നു നിങ്ങൾ
കീർത്തിക്കുവിൻ! 2
മന്തിയ അന്നങ്ങൾ നല്കുന്ന, നൃത്തംചവുട്ടിക്കുന്ന, മഹാനായ
ഇന്ദ്രൻതന്നേ നമുക്കു മുട്ടിനുനേരേ നിന്നു തന്നരുളട്ടെ!
തൊപ്പിയണിഞ്ഞ ഇന്ദ്രൻ കേമമായി ഹോമിക്കുന്ന സുദക്ഷ
ന്റെ യവമിട്ടു കുറുക്കിയ സോമരസം കുടിച്ചുവല്ലോ; 4

---

'നിനക്കെന്തു വരം വേണ?'മെന്നു ചോദിച്ച ഇന്ദ്രനോടു്: തല—ക
ഷണ്ടിത്തല.

6 തലഗ്രോഗംമൂലമാണു്, ഗുഹ്യാംഗം രോമവർജ്ജിതമായതു്

7. ത്വഗ്ദോഷശമനമത്രേ, ഈ സൂക്തം.

സൂക്തം 92.

1. ഋത്വിക്കുകളോടു്:

3. നൃത്തംചവുട്ടിക്കുന്ന—പ്രാണികളെ ചേഷ്ടിപ്പിക്കുന്ന. മുട്ടിനുനേരേ
നിന്നു്—മുൻഭാഗത്തു വർത്തിച്ചു്. തന്നരുളട്ടെ—ധനം.

4. സുദക്ഷൻ—ഒരു ഋഷി.

Digitized By Kerala Sahitya Akademi

ആ ഇന്ദ്രനെത്തന്നേ സോമപാനത്തിന്നു നിങ്ങഠം സ്തുതിയ്ക്കു വിൻ: അതു തന്തിരുവടിയെ തടിപ്പിയ്ക്കുമല്ലോ! 5

ഈ തിളങ്ങുന്ന മധു കുടിച്ചിട്ടാണല്ലോ, ദേവൻ കെല്പുകൊണ്ട് ഉലകൊക്കെ കീഴടക്കിയത്! 6

ചെന്നു കീഴമൎത്തുന്നാവനും, നിങ്ങളുടെ എല്ലാ സ്തുതികളിലും വ്യാപിച്ചവനുമായ തന്തിരുവടിയെത്തന്നേ ഭവാൻ രക്ഷയ്ക്കായി ഇങ്ങോട്ടിറക്കുക— 7

എതിരററ അഹിംസിതനായ പടയാളിയെ, സോമപായിയെ, അനിവാൎയ്യകൎമ്മാവിനെ, നേതാവിനെ! 8

ഇന്ദ്ര, സൎവസംപ്രാപ്യ, വിദ്വാനായ നിന്തിരുവടി ഞങ്ങഠംക്കു വളരെദ്ധനം തന്നാലും—ശത്രുസമ്പത്തുകൊണ്ടു ഞങ്ങളെ രക്ഷിച്ചാലും!9

ഇന്ദ്ര, ഭവാൻ അവിടെനിന്നുതന്നേ, നൂറുമായിരവും കരുത്തിയന്ന അന്നരസത്തോടുകൂടി ഞങ്ങളിൽ എഴുന്നള്ളിയാലും! 10

ശക്ര, പൎവതങ്ങളെപ്പിളൎത്തവനേ, വജ്രിൻ, കൎമ്മികളായ ഞങ്ങഠം കൎമ്മമനുഷ്ഠിയ്ക്കുകയും, യുദ്ധങ്ങളിൽ അശ്വങ്ങളെക്കൊണ്ടു ജയിയ്ക്കുകയുംചെയ്യുമാറാകണം! 11

ശതക്രതോ, ഞങ്ങഠം അങ്ങയെത്തന്നേ, മാടുകളെ പുല്ലുകൊണ്ടെന്നപോലെ, സ്തോത്രംകൊണ്ടു രമിപ്പിയ്ക്കുന്നു. 12

ശതക്രതോ, എല്ലാ മനുഷ്യരുടെയും സ്വഭാവമാണല്ലോ, ആഗ്രഹിയ്ക്കൽ; വജ്രിൻ, ഞങ്ങളും ആശകളുഠംക്കൊള്ളുന്നു! 13

ബലപുത്ര, ഭവാങ്കലാണ്, അഭിലാഷശംസികഠം നില്ക്കുന്നത്: ഇന്ദ്ര, അങ്ങയ്ക്കുമീതേ ആരുമില്ല! 14

---

5. അതു—സോമപാനം.

6. മധു—മദകരമായ സോമം. ദേവൻ—ഇന്ദ്രൻ.

7. സ്തോതാവിനോട്:

8. മുൻ ഋക്കിലെ തന്തിരുവടിയെ എന്നതിന്റെ വിശേഷണങ്ങഠം.

10. അവിടെനിന്നു—സ്വൎഗ്ഗത്തിൽനിന്നു.

14. അഭിലാഷശംസികഠം=അഭിലാഷങ്ങഠം പറഞ്ഞുകൊണ്ടിരിയ്ക്കുന്നവർ. മററാരെ അറിയിയ്ക്കും, ഞങ്ങളുടെ അഭിലാഷങ്ങഠം?

Digitized By Kerala Sahitya Akademi

വൃഷാവേ, ആ നിന്തിരുവടി അത്യുദാരവും, പോഷകവും, ഘോരവും, പായിയ്ക്കുന്നതുമായ കർമ്മംകൊണ്ടു ഞങ്ങളെ കാത്തരുളണം! 15

ഇന്ദ്ര, ശതക്രതോ, ഇതാ, മുമ്പേത്തെപ്പോലെ, ഭവാന്നു മിന്നിത്തിളങ്ങുന്ന മധു; ഇപ്പോഴും ഭവാൻ ഇതുകൊണ്ട് ഇമ്പംപൂണ്ടു (ഞങ്ങളെ) ഇമ്പപ്പെടുത്തുക: 16

ഇന്ദ്ര, ഏറ്റവും വിചിത്രകീർത്തിയുള്ളതും, ഏറ്റവും പാപനാശനവും, ഏറ്റവും ബലകരവുമാണല്ലോ, ഈ മധു! 17

വജ്രവൻ, സത്യകർമ്മാവേ, സോമപായിൻ, ദർശനീയ, ഞങ്ങൾക്കറിയാം, അവിടുന്ന് ആളുകൾക്കെല്ലാം കല്പിച്ചുകൊടുത്തിട്ടുള്ളത്! 18

മത്തടിച്ചുപോരുന്ന ഇന്ദ്രനായി പിഴിഞ്ഞതിനെ നമ്മുടെ സ്തുതികൾ ചുഴലട്ടെ; പൂജനീയനെ സ്തോതാക്കൾ പൂജിയ്ക്കട്ടെ! 19

എല്ലാശ്ലോഭയും ആരിലോ എന്നു; സപ്തഹോതാക്കൾ ആരെ സ്തുതിയ്ക്കുന്നുവോ; ആ ഇന്ദ്രനെ ഞങ്ങൾ പിഴിഞ്ഞുവെച്ചു വിളിയ്ക്കുന്നു. 20

ദേവന്മാർ യാതൊരു ജ്ഞാനസാധനത്തെ ത്രികദ്രുകങ്ങളിൽ വിപുലീകരിച്ചുവോ; ആ യജ്ഞത്തെത്തന്നേ നമ്മുടെ സ്തുതികൾ വർദ്ധിപ്പിയ്ക്കട്ടെ! 21

ഇന്ദ്ര, നദികൾ സമുദ്രത്തിലെന്നപോലെ, സോമരസങ്ങൾ ഭവാനിൽ കടക്കട്ടെ: ആരുമില്ല, അങ്ങയ്ക്കു മീതെ! 22

ഇന്ദ്ര, വൃഷാവേ, ഉണർവുററവനേ, അങ്ങയുടെ വയററിൽ യാതൊന്നോ, ആ സോമം കുടിപ്പാൻ അവിടുന്നു മഹത്ത്വത്താൽ എങ്ങും വ്യാപിച്ചിരിയ്ക്കുന്നു! 23

ഇന്ദ്ര, വൃത്രഹന്താവേ, സോമം തിരുവയററിന്നു തികയട്ടെ—സോമനീർ അങ്ങയുടെ ശരീരങ്ങൾക്കു തികയട്ടെ! 24

---

15. പായിയ്ക്കുന്നതും—ശത്രുക്കളെ ധാരാളം ധനം തന്നും, ശത്രുക്കളെ പേടിപ്പിച്ചോടിച്ചും ഞങ്ങളെ രക്ഷിയ്ക്കണം.

18. ആളുകൾ—യഷ്ടാക്കൾ. കൊടുത്തിട്ടുള്ളത്—ധനം.

19. പിഴിഞ്ഞിട്ടുള്ളതിനെ—സോമത്തെ.

21. ത്രികദ്രുകങ്ങൾ—കർമ്മവിശേഷങ്ങൾ.

24. സോമം—ഞങ്ങളുടെ. ശരീരങ്ങൾക്ക്—ബഹുരൂപനാണല്ലോ, ഇന്ദ്രൻ.

Digitized By Kerala Sahitya Akademi

ശ്രുതകക്ഷൻ അശ്വലാഭത്തിന്നു മതിയാവോളം, ഗോലാഭത്തിന്നു മതിയാവോളം, ഗൃഹലാഭത്തിന്നു മതിയാവോളം ഇന്ദ്രനെപ്പാറിപ്പാടുന്നു. 25

ഇന്ദ്ര, ഞങ്ങൾ പിഴിഞ്ഞ സോമങ്ങൾക്ക് അവിടുന്നുതന്നെ, പോന്നാവൻ; ശക്ര, ദാതാവായ ഭവാന്നു തികയട്ടെ! 26

വജ്രിൻ, ഞങ്ങളുടെ സ്തുതികൾ അതിദൂരത്തുനിന്നുതന്നെയും ഭവാങ്കലെത്തട്ടെ: അപ്പോൾ, ഭവാങ്കൽനിന്നു മതിയാവോളം കിട്ടുമല്ലോ, ഞങ്ങൾക്ക്! 27

വീരന്മാരെ തേടുന്നവനും, ശൂരനും, സ്ഥിരനുമാണല്ലോ, അവിടുന്ന്; അങ്ങയുടെ മനസ്സ് ആരാധനീയംതന്നെ! 28

ബഹുധന, ഇന്ദ്ര, എല്ലാക്കർമ്മികൾക്കും അവിടുന്നു കൊടുത്തുപോരുന്നുണ്ടല്ലോ; എന്നെയും സഹായിയ്ക്കുക! 29

ബലപതേ, അവിടുന്ന് ഒരു മടിയനായ ബ്രാഹ്മണനെപ്പോലെയാകരുത്; ഗവ്യമിശ്രിതമായ സോമംകൊണ്ടു മത്തുപൂണ്ടാലും! 30

ഇന്ദ്ര, രാത്രികളിൽ രക്ഷസ്സുകൾ ആയുധം ചാട്ടിക്കൊണ്ടു ഞങ്ങളെ എതിക്കരുത്; അവരെ അങ്ങയുടെ തുണയാൽ ഞങ്ങൾ ഹനിയ്ക്കുമാറാകണം! 31

ഇന്ദ്ര, അങ്ങയുടെ തുണയാൽത്തന്നെ, ഞങ്ങൾ മാററലരോടു മറുപടി പറയുമാറാകണം: അങ്ങ് ഞങ്ങളുടെയാണ്; ഞങ്ങൾ അങ്ങയുടെയാണ്! 32

ഇന്ദ്ര, ഭവൽക്കാമന്മാരായി പോറ്റും പോറ്റും സ്തുതിയ്ക്കുന്ന സഖാക്കളായ സ്തോതാക്കൾ അങ്ങയെത്തന്നേ പരിചരിയ്ക്കുമാറാകട്ടെ! 33

---

26. സോമങ്ങൾക്ക്—സോമം മുഴുവൻ കുടിപ്പാൻ.

27. കിട്ടുമല്ലോ—ധനം.

28. തേടുന്നവനും—പൊരുതിജ്ജയിപ്പാൻ. സ്ഥിരൻ—യുദ്ധത്തിൽ ഉറച്ചുനില്ക്കുന്നവൻ. മനസ്സ്—ശത്രുവധോത്സാഹവും ധീരതയും മററും.

30. മടിയനായ—യാതൊരു വേലയും ചെയ്യാത്ത.



Digitized By Kerala Sahitya Akademi

സൂക്തം 93.

സുകക്ഷൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

സൂര്യ്യ,നായുള്ളോവേ, നിന്തിരുവടിതന്നെയാണല്ലോ, വിശ്രുതധനനും വൃഷാവും മനുഷ്യഹിതകമ്മാവും, അത്യുദാരനുമായി ഉദിയ്ക്കുന്നത്! 1

യാതൊരുവൻ കൈക്കരുത്തുകൊണ്ടു തൊണ്ണൂറെറാമ്പതു പുരികളെ പൊളിച്ചുവോ, ആ വൃത്രഘ്നൻ മേഘത്തെയും പിളർത്തി! 2

ആ സുമംഗളനും സഖാവുമായ ഇന്ദ്രൻ നമുക്കു കുതിരകളെയും മാടുകളെയും യവത്തെയും, ഒരു പാലൊഴുക്കുന്ന പയ്യുപോലെ ചുരത്തിത്തരട്ടെ! 3

വൃത്രഹന്താവായ സൂര്യ്യ, ഭവാൻ ഇന്ന് എന്തെന്തിന്നായി ഉദിച്ചുവോ; ഇന്ദ്ര, അതൊക്കെ അങ്ങയുടെ വരുതിയിൽത്തന്നെ! 4

വദ്ധിച്ചിയങ്ങുന്നവനേ, സൽപതേ, നിന്തിരുവടി, 'ഞാൻ മരിയ്ക്കില്ലെ'ന്നു വിചാരിച്ചാൽ, അതും യഥാൎത്ഥംതന്നെ! 5

ഇന്ദ്ര, ദൂരത്തും അകലത്തും, ദൂരത്തും അരികത്തും യാവചില സോമങ്ങൾ പിഴിയപ്പെട്ടുമോ, അവയിലെല്ലാം അവിടുന്നു ചെന്നെത്തും! 6

ക്രൂരനായ വൃത്രനെക്കൊല്ലാൻ ആ ഇന്ദ്രനെ നാം ബലപ്പെടുത്തുക: ആ വൃഷാവു ചൊരിഞ്ഞുതരട്ടെ! 7

ആ ഇന്ദ്രൻ ദാനത്തിന്നു സൃഷ്ടിയ്ക്കപ്പെട്ടവനാണ്; ആ ബലിഷ്ഠൻ മധുവിന്നു നിയമിയ്ക്കപ്പെട്ടവനാണ്; യശസ്വിയും സ്തുതനും സോമാഹനുമാണ,വിടുന്ന്! 8

---

സൂക്തം 93.

1. ഉദിയ്ക്കുന്നത്—യജ്ഞത്തിൽ ആവിർഭവിയ്ക്കുന്നത്.
3. പയ്യുപോലെ—പയ്യു കുട്ടിയ്ക്കു പാലെന്നപോലെ.
4. അതൊക്കെ—ജഗത്തെല്ലാം.
5. സൽപതേ=നക്ഷത്രാധിപ. യഥാൎത്ഥംതന്നെ—അവിടെയ്ക്കു മരണമില്ലല്ലോ.
7. ചൊരിഞ്ഞുതരട്ടെ—ധനം.
8. സൃഷ്ടിയ്ക്കപ്പെട്ടവനാണ്—പ്രജാപതിയാൽ. മധു—മാദകമായ സോമം.

Digitized By Kerala Sahitya Akademi

വജ്രമെന്നപോലെ സ്തുതികൊണ്ടു മൂർച്ചകൂട്ടപ്പെട്ട ബലവാനും, അധഷിതനും, അഹിംസിതനും, കൊണ്ടുവരാനിച്ഛിയ്ക്കുന്നവനുമാണ്, ആ മഹാൻ! 9

ഇന്ദ്ര, സ്തോത്രസേവ്യ, സ്തുതിയ്ക്കപ്പെടുന്ന ഭവാൻ ഞങ്ങൾക്കു ദുർഗ്ഗമവും സുഗമമാക്കുക; മഘവാവേ, മനസ്സുംവെയ്ക്കുക! 10

നിന്തിരുവടിയുടെ ആജ്ഞയെയും സ്വാരാജ്യത്തെയും ഒരു ദേവനോ, അജ്ഞാതഗമനനോ, മനുഷ്യനോ അന്നും ഇന്നും ലംഘിച്ചിട്ടില്ല! 11

നല്ല തൊപ്പിയിട്ടവനേ, ദ്യാവാപൃഥിവികളാകുന്ന ഇരുദേവിമാരും അങ്ങയുടെ അനിരോധ്യമായ ബലത്തെ ആരാധിച്ചുപോരുന്നു: 12

അവിടുന്നാണല്ലോ, കറുത്ത പൈക്കളിലും ചെമന്ന പൈക്കളിലും ഈ വെളുത്ത പാൽ വെച്ചത്! 13

വൃത്രന്റെ ചെന്തീക്കുക്കത്താൽ ദേവകളെല്ലാം അലഞ്ഞുനടക്കുകയുണ്ടായല്ലോ: ആ മൃഗരൂപന്റെ ബലം അവരെ ആക്രമിച്ചുമിരുന്നു. 14

അനന്തരം എന്റെ (ഇന്ദ്രൻ) വൃത്രനെ തട്ടത്തു കൊന്നു; ബലം ഉറപ്പിച്ചു; നിസ്സപത്നനും അഹിംസിതനുമായിത്തീർന്നു! 15

ഇലോം വൃത്രഹന്താവായ പുകൾപ്പെട്ട ബലവാനെക്കൊണ്ടു ഞാൻ മനുഷ്യരായ നിങ്ങൾക്കു വമ്പിച്ച സമ്പത്തു തരുവിയ്ക്കാം! 16

ബഹുനാമാവേ, ബഹുസ്തുത, അവിടുന്നു സോമത്തിൽ സോമത്തിൽ സംബന്ധിയ്ക്കുമല്ലോ; അപ്പോൾ ഞങ്ങൾക്കു ഗോകാംക്ഷ നിറവേറുമാറാകട്ടെ! 17

വളരെയെണ്ണം ഹോമിയ്ക്കപ്പെടുന്ന വൃത്രഘ്നൻ നമ്മുടെ മനസ്സറിയട്ടെ; ശക്രൻ സ്തോത്രം ശ്രവിയ്ക്കട്ടെ! 18

---

9. കൊണ്ടുവരാൻ—സ്തോതാക്കൾക്കു ധനവും മററും.

10. മനസ്സുംവെയ്ക്കുക—ഞങ്ങളിൽ താൽപര്യവും കൊള്ളുക.

11. അജ്ഞാതഗമനൻ—യുദ്ധത്തിൽ സഞ്ചരനായ വീരൻ എന്നു നിഷ്കൃഷ്ടാർത്ഥം.

14. ചെന്തീക്കുക്കം—തീ പാറുന്ന ക്രൂക്കംവലി. ആ മൃഗരൂപന്റെ—ദേവന്മാരെ പേടിപ്പിയ്ക്കാൻ മൃഗരൂപം ധരിച്ച വൃത്രന്റെ.

16. ഋത്വിഗ്യജമാനരോട്:

18. ഋത്വിക്കുകളോട്;

Digitized By Kerala Sahitya Akademi

വൃഷാവേ, അവിടുന്നു് ഏതൊരാഗമനംകൊണ്ടു ഞങ്ങളെ ആ
ഹ്ലാദിപ്പിയ്ക്കും? എപ്പോഴ് സ്തോതാക്കൾക്കു കൊണ്ടുവരും? 19

വർഷകനായ വൃഷാവ്, നിയുത്തുക്കളോടുകൂടിയ വൃത്രഹന്താവ്,
ആരുടെ യജ്ഞത്തിലായിരിയ്ക്കാം, സോമപാനത്തിന്നു വിളയാടുന്നത്? 20

നിന്തിരുവടി ഇമ്പം പൂണ്ടു ഞങ്ങൾക്കു് ഒരായിരം ധനംകൊ
ണ്ടുവന്നാലും: അവിടുന്നു യഷ്ടാവിന്നു ദാതാവാണെന്നോർത്താലും! 21

ഇതാ, വെള്ളം കൂട്ടിപ്പിഴിഞ്ഞതു് അമരേത്താശിച്ചു ചെല്ലുന്നു;
ചണ്ടി ജലത്തിലെയ്ക്കും പോകുന്നു. 22

അധ്വരത്തിൽ വളർത്തിക്കൊണ്ടു യജിയ്ക്കുന്ന ഹോത്രകന്മാർ
തേജസ്സു പൂണ്ടു്, ഇന്ദ്രനെ അവഭൃഥത്തിൽ തിരിച്ചയയ്ക്കുന്നു. 23

ഒപ്പം മത്താടുന്ന ആ പൊൻകുഞ്ചിരോമങ്ങളുള്ള ഹരികൾ
ഇവിടെ വെയ്ക്കപ്പെട്ടിട്ടുള്ള അന്നത്തിന്റെ അടുക്കലെയ്ക്കു കൊണ്ടുവരട്ടെ! 24

വിഭാവസോ, ഇതാ, അങ്ങയ്ക്കായി സോമം പിഴിഞ്ഞിരിയ്ക്കുന്നു;
ദർഭയും വിരിച്ചിരിയ്ക്കുന്നു. ഭവാൻ സ്തോതാക്കൾക്കായി ഇന്ദ്രനെ കൊ
ണ്ടുവന്നാലും! 25

ഹവിസ്സു നല്കുന്ന ഭവാന്നു് ഇന്ദ്രൻ തിളങ്ങുന്ന ബലവും രത്ന
ങ്ങളും കല്പിച്ചുതരും; സ്തോതാക്കളേ, പൂജിച്ചുകൊള്ളുവിൻ! 26

---

19. സ്തോതാക്കൾക്ക—സ്തുതിയ്ക്കുന്ന ഞങ്ങൾക്ക ധനം കൊണ്ടുവരും.

20. വൃഷാവ്=ഇന്ദ്രൻ. നിയുത്തുക്കളോടുകൂടിയ—വായു, തന്റെ കുതിരകളായ നിയുത്തുക്കളെ ഒരു യുദ്ധത്തിൽ സഹായിപ്പാൻ ഇന്ദ്രന്നു കൊടുക്കുകയുണ്ടായി.

21. ഇമ്പം പൂണ്ടു്—ഞങ്ങളുടെ സോമം കുടിച്ചു്.

22. പിഴിഞ്ഞതു്—സോമം. അമരേത്താശിച്ചു—ഇന്ദ്രൻ കുടിയ്ക്കട്ടേ എന്നിച്ഛിച്ചു്. ചെല്ലുന്നു—ഇന്ദ്രന്റെ അടുക്കൽ. ചണ്ടി—ഋജീഷം; ഇതു വെള്ളത്തിലെറികയാണത്രേ, പതിവ്

23. അവഭൃഥം (യാഗാന്തസ്നാനം) വരെ ഇന്ദ്രനെ യജിയ്ക്കുമെന്നർത്ഥം. തേജസ്സ്—യജ്ഞാനുഷ്ഠാനജനിതമായ തേജസ്സ്.

24. ഒപ്പം—ഇന്ദ്രനോടുകൂടി. അന്നം—ഹവിസ്സ് കൊണ്ടുവരട്ടെ—ഇന്ദ്രനെ.

25. വിഭാവസോ—അഗ്നേ.

26. യഷ്ടാവിനോടും മററും: സ്തോതാക്കളേ—നിങ്ങൾക്കും തരുമെന്നർത്ഥം,

Digitized By Kerala Sahitya Akademi

ശതക്രതോ, ഞാൻ നിന്തിരുവടിയ്ക്കു വിശ്വവത്തായ (സോമവും), എല്ലാ സ്തോത്രങ്ങളും ഒരുക്കനു; ഇന്ദ്ര, സ്തോതാക്കളെ സുഖിപ്പിയ്ക്കുക! 27

ശതക്രതോ, ഇന്ദ്ര, അവിടുന്നു ഞങ്ങളെ സുഖിപ്പിയ്ക്കുമെങ്കിൽ, ഞങ്ങൾക്കു നല്ല നല്ല (ധനവും) ബലവത്തായ അന്നവും കൊണ്ടുവന്നാലും! 28

ശതക്രതോ, ഇന്ദ്ര, അവിടുന്നു ഞങ്ങളെ സുഖിപ്പിയ്ക്കുമെങ്കിൽ, ഞങ്ങൾക്ക് എല്ലാ അഭ്യുദയങ്ങളും കൊണ്ടുവന്നാലും! 29

മികച്ച വൃത്രഹന്താവേ, ഇന്ദ്ര, അവിടുന്നു ഞങ്ങളെ സുഖിപ്പിയ്ക്കുമെങ്കിൽ, ഞങ്ങൾ സോമം പിഴിഞ്ഞ് അങ്ങയെത്തന്നെ വിളിയ്ക്കാം. 30

സോമങ്ങളുടെ രാജാവേ, അവിടുന്നു ഹരികളോടുകൂടി ഞങ്ങളുടെ സോമത്തിന്നു—ഹരികളോടുകൂടി ഞങ്ങളുടെ സോമത്തിന്നു—വന്നാലും! 31

രണ്ടുതരത്തിൽ അറിയപ്പെട്ടവനാണല്ലോ, മികച്ച വൃത്രഹന്താവും ശതക്രതുവുമായ ഇന്ദ്രൻ; ആ നിന്തിരുവടി ഹരികളോടുകൂടി ഞങ്ങളുടെ സോമത്തിന്നു വന്നാലും! 32

വൃത്രഹന്താവേ, ഈ സോമങ്ങൾ നുകരുന്നവനാണല്ലോ, അങ്ങ്; ഹരികളോടുകൂടി ഞങ്ങളുടെ സോമത്തിന്നു വന്നാലും! 33

മഹാനും ദാതാവുമായ ഋഭുവിനെ ഇന്ദ്രൻ നമുക്ക് അന്നത്തിന്നായി തരട്ടെ; വാജനെയും ബലവാൻ തരട്ടെ! 34

---

സൂക്തം 94.

അംഗിരോഗോത്രൻ ബിന്ദുവോ, പൂതദക്ഷനോ ഋഷി; ഗായത്രി ഛന്ദസ്സ്; മരുത്തുക്കൾ ദേവത.

('താമരക്കണ്ണൻ' പോലെ.)

ശ്രീ തഴച്ച മരുത്തുക്കളുടെ
മാതാവാം ഗോവന്നത്തിന്നായ്

---

32. പൂർവാർദ്ധം പരോക്ഷം: രണ്ടുതരത്തിൽ—വൃത്രവധാദിയിൽ ഉഗ്രനായും, വിശ്വരക്ഷണത്തിൽ സൌമ്യനായും.

34. ഋഭുക്കൾ മൂന്നുപേരിൽ ജ്യേഷ്ഠന്റെയും ഇളയവന്റെയും പേരുകളേ ഇതിലുള്ളു; എന്നാൽ മധ്യമനായ വിഭ്വാവിനെയും ഗ്രഹിച്ചുകൊള്ളണം. അന്നത്തിന്നായി—അന്നം കിട്ടാൻ.

Digitized By Kerala Sahitya Akademi

പാൽ കുടിപ്പിച്ചീടുന്നു; സംപൂജ്യ
തേർകളും നടത്തിയ്ക്കുന്നു. 1

തത്സമീപത്തനുഷ്ഠിച്ചീടുന്നു,
വിശ്വദേവന്മാർ കർമ്മങ്ങൾ;
സത്സുഖത്തോടേ മേവുന്നു, കാഴ്ച-
യ്ക്കിസ്സൂര്യചന്ദ്രന്മാർകളും. 2

ഞങ്ങൾതൻ സ്തോത്രകാരരെപ്പേരു-
മങ്ങിങ്ങു നടന്നെപ്പോഴും
പാടിവാഴ്ത്തുന്നുണ്ടി,ന്ദുനീർ നുക-
ന്നിടാനാ മരുത്തുക്കളെ. 3

സോമം പിഴിഞ്ഞിട്ടുണ്ടിതാ: നിജ-
ശ്രീ മിന്നും മരുത്തുക്കളും,
ആവിധംതന്നെയശ്വികളുമി-
താസ്വദിച്ചരുൾവോരല്ലോ! 4

മിത്രവരുണാര്യമാവുമേ,
സ്തുത്യർഹജനയുക്തമായ്
നേക്കരിച്ചഥ മൂന്നുപാത്രത്തി-
ലാക്കിയതാസ്വദിയ്ക്കുമേ! 5

---

സൂക്തം 94.

1. ശ്രീ=സമ്പത്ത്. പാൽ കുടിപ്പിച്ചീടുന്നു—സ്വപുത്രരായ മരുത്തുക്കളെ. സംപൂജ്യ=പൂജനീയ; ഗോവിന്റെ വിശേഷണം. തേർകളും—മരുത്തുക്കളുടെ രഥങ്ങളും.

2. തത്സമീപത്ത്—ഗോവിന്റെ അടുക്കൽ. വിശ്വദേവന്മാർ—എല്ലാദേവന്മാരും, കാഴ്ചയ്ക്ക്—ജഗൽപ്രകാശനത്തിന്ന്.

3. ഇന്ദുനീർ=സോമരസം.

4. നിജശ്രീ മിന്നും—സ്വയം വിളങ്ങുന്ന.

5. സ്തുത്യർഹജനയുക്തം=സ്തുത്യരായ ആളുകളോടു, കർമ്മികളോടു, കൂടിയത്. മൂന്നുപാത്രം—ദ്രോണകലശം, ആധവനീയം, പൂതഭൃത്ത്. ആക്കിയത്—പകർന്നുവെച്ച സോമം.

Digitized By Kerala Sahitya Akademi

അത്രതന്നെയല്ലി,ന്ദ്രനും ഗവ്യ-
യുക്തമിസ്സോമമഞ്ജസാ
പ്രാതഃകാലത്തു പാനംചെയ്യുവാൻ
ഹോതാവുപോലേ കാംക്ഷിപ്പൂ! 6

തണ്ണീർപോലേ വിലങ്ങത്തിൽപ്പാഞ്ഞോ,-
പ്പണ്ഡിതന്മാരാം ശോഷകർ
എന്നുദ്ഭാസിയ്ക്കും, വാനിങ്ക?-ലെന്നു
വന്നെത്തും, ശുദ്ധൌജസ്സുകൾ? 7

ജാതൈ്യവ ദർശനീയതേജസ്സു
ചാർത്തിയ ദേവന്മാരായി,
ഉന്നതരായ നിങ്ങൾതൻ ത്രാണ-
മെന്നെനിയ്ക്കിഹ കൈവരും? 8

മന്നിൻേറതെല്ലാമാർ പരത്തിയോ,
വിണ്ണിലെ ജ്യോതിർവൃന്ദവും;
ആ മരുത്തുക്കൾ (വന്നൊത്തേണമേ,)
സോമനീരാസ്വദിയ്ക്കുവാൻ! 9

പുണ്യമാകിയൊരോജസ്സു പൂണ്ട
വിണ്ണോരാം മരുത്തുക്കളേ,
തിണ്ണമബ്ഭുവാന്മാരെയിസ്സോമ-
മുണ്ണാനായ് വിളിയ്ക്കുന്നേൻ ഞാൻ. 10

ഏവരംബരമേദിനികളെ-
ക്കേവലമുറപ്പിച്ചുവോ,

---

6. ഹോതാവുപോലേ—ഹോതാവു പ്രാതഃകാലത്തു ദേവന്മാരെ സ്തുതിപ്പാൻ കാംക്ഷിയ്ക്കുന്നതുപോലെ.

7. ശോഷകർ— ശത്രുക്കളെ ശോഷിപ്പിയ്ക്കുന്ന (നശിപ്പിയ്ക്കുന്ന) മരുത്തുക്കൾ. ഉദ്ഭാസിയ്ക്കും—കാണായിവരും എന്നർത്ഥം. വന്നെത്തും—നമ്മുടെ യജ്ഞത്തിൽ. ശുദ്ധൌജസ്സുകൾ=വിശുദ്ധബലന്മാർ.

8. ജാതൈ്യവ=പ്രകൃത്യാതന്നെ, മോടികൂട്ടാതെതന്നെ. ഉന്നതർ—മഹാന്മാർ. ത്രാണം=രക്ഷ.

9. മന്നിൻേറത്—ഭൂമിയിലെ ഭൂതജാലം.

10. പുണ്യം=പരിശുദ്ധം. തിണ്ണം=ശീഘ്രം.

Digitized By Kerala Sahitya Akademi

അമ്മാരുതരെത്തിന്നമിസ്സോമ-
മുണ്മാനായ് വിളിയ്ക്കുന്നോൻ, ഞാൻ. 11

വറമ്പലകളിൽ വാണരുളുവോ,-
രംബുവർഷകന്മാരെ,വർ;
അമ്മാരുതരെത്തിന്നമിസ്സോമ-
മുണ്മാനായ് വിളിയ്ക്കുന്നോൻ, ഞാൻ. 12

---

സൂക്തം 95.

അംഗിരോഗോത്രൻ നിരശ്വീ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

(പാന.)

നീരൊരുക്കിയപോതിന്ദ്ര, ഗാഥകൾ
തേരുകാർപോലെ നിങ്കലെയ്ക്കോടുന്നു;
സന്നുതിസേവ്യ, നിൻനേർക്കൊലിക്കൊൾവൂ,
കന്നിനെപ്പാർത്ത തള്ളകൾപോലവേ! 1

ഇന്ദ്ര, നിന്നുടെ ചാരത്തണയട്ടേ,
സന്നുതിസേവ്യ, സോമം പിഴിഞ്ഞ നീർ:
സ്വച്ഛമീയന്നമിന്ദ്ര, ഭുജിയ്ക്ക, നീ;
വെച്ചിരിയ്ക്കും, നിനക്കിതെല്ലാടവും! 2

---

11. അംബരമേദിനികളെ—വാനൂഴികളെ. കേവലം=ഏററവും. മാരുതർ=മരുത്തുക്കൾ.

12. അംബുവർഷകർ—മഴപെയ്യുന്നവർ.

സൂക്തം 95.

1. നീരൊരുക്കിയപോത്—സോമം പിഴിഞ്ഞപ്പോൾ. ഗാഥകൾ—സ്തുതികൾ. തേരുകാർപോലെ—തേരിൽക്കേറിയവർ സ്വാഭീഷ്ടപ്രദേശത്തെയ്ക്കെന്നപോലെ. കന്ന്=പൈക്കുട്ടി ഒലിക്കൊൾവൂ—ശബ്ദിയ്ക്കുന്നു, സ്തുതിയ്ക്കുന്നു.

2. അന്നം—സോമം. വെച്ചിരിയ്ക്കും—വെച്ചിട്ടുണ്ടാവും; എന്നാലും, അങ്ങ് ഞങ്ങളുടെ സോമംതന്നെ ഭുജിയ്ക്കുക.

Digitized By Kerala Sahitya Akademi

ഉണ്ണുകിന്ദ്ര മദത്തിനായ്സ്സോമനീർ,
വിണ്ണിൽനിന്നു പരുന്തിനാലാഹൃതം:
നിന്തിരുവടിയല്ലോ, ബഹുജന–
സന്തതിക്കധിനാഥനാം തമ്പുരാൻ! 3

ഇന്ദ്ര, കേൾക്ക നീ, നിന്നെപ്പരിചരി–
ക്കുന്നവനാം തിരശ്ചീയുടെ വിളി:
ഉത്തമവീര്യഗോയുക്തസമ്പത്താൽ–
ത്തൃപ്തി നല്കുക; മീതെയല്ലോ ഭവാൻ! 4

മത്തവിടെയ്ക്കിയററുവാനെത്രയും
പുത്തനാം സ്തവം നിർമ്മിച്ചവന്നിന്ദ്ര,
സിദ്ധമാക്കുക,തീന്ദ്രിയദർശകം
സത്യപുഷ്ടം സനാതനജ്ഞാനം നീ! 5

സ്തോത്രശസ്ത്രങ്ങളാരെ വളർത്തിയോ,
വാഴ്ത്തുക, നമ്മളായിന്ദ്രനെത്തന്നെ;
ആയവന്റെയനേകമാം വിക്രമ–
മാസാദിപ്പാൻ ഭജിക്കുകയുംചെയ്ക, നാം. 6

വിദ്രുതമാഗമിപ്പിൻ: സ്തുതിക്ക, നാം
ശുദ്ധസാമവിശുദ്ധനാമിന്ദ്രനെ;
ശുദ്ധശസ്ത്രങ്ങൾകൊണ്ടും വളർന്നോനു
ശുദ്ധമാം കൂട്ടുനീരിമ്പമേകട്ടേ! 7

---

3. ആഹൃതം=കൊണ്ടുവരപ്പെട്ടത്; ആഹൃതമായ സോമനീർ. സന്തതി=സമൂഹം.

4. തിരശ്ചീയുടെ—എന്റെ. നല്കുക—ഞങ്ങൾക്ക്. മീതെ—ദേവകളിൽവെച്ചു ശ്രേഷ്ഠൻ.

5. അതീന്ദ്രിയദർശകം=ഇന്ദ്രിയവിഷയമല്ലാത്തതിനെയും ദർശിക്കുന്നത്. സത്യപുഷ്ടം=സത്യംകൊണ്ടു വർദ്ധിച്ചത്.

6. ഋഷിമാർ തമ്മിൽ പറയുന്നു:

7. ഇന്ദ്രനെ വൃത്രാദിവധംമൂലം ബ്രഹ്മഹത്യ ബാധിച്ചു; അതിൽനിന്നദ്ദേഹം വിമുക്തനായതും, യജ്ഞാർഹനായിത്തീർന്നതും ഋഷിമാരുടെ പരിപാവനസാമശസ്ത്രങ്ങൾകൊണ്ടത്രേ. ഈ ഇതിഹാസാംശമാണ്, ശുദ്ധസാമവിശുദ്ധനെന്ന വിശേഷണത്താൽ സൂചിപ്പിക്കുന്നത്. വളർന്നോനു—പാപം തീർന്ന ഇന്ദ്രന്ന്. കൂട്ടുനീർ—പാലും മററുംകൂട്ടിയ സോമം.



Digitized By Kerala Sahitya Akademi

ശുദ്ധിയാൽശ്ശുദ്ധനായ നീ വന്നാലും,
ശുദ്ധരാം മരുത്തുക്കളൊത്തെങ്ങളിൽ:
ശുദ്ധനാം ഭവാൻ നല്കിലും, വിത്തവും;
ശുദ്ധനാം ഭവാൻ മോദിയ്ക്ക, സോമത്താൽ! 8
ശുദ്ധനാം ഭവാൻ സ്വത്തു നല്ലേങ്ങൾക്കു,
ശുദ്ധനാം ഭവാൻ രത്നങ്ങൾ കമ്മിയ്ക്കും;
ശുദ്ധനാം ഭവാൻ മാറ്റാരെക്കൊല്ലുമേ;
ശുദ്ധനാം ഭവാൻ കിട്ടിയ്ക്കുമന്നവും! 9

---

സൂക്തം 96.

മരുൽപുത്രൻ ദ്യുതാനനോ, തിരശ്ചീയോ ഋഷി; ത്രിഷ്ടുപ്പും വിരാട്ടും ഛന്ദസ്സുകൾ; ഇന്ദ്രനും മരുത്തുക്കളും ബൃഹസ്പതിയും ദേവത.

ഈ ഇന്ദ്രനുവേണ്ടി ഉഷസ്സുകൾ നിത്യം വന്നുതുടങ്ങി; രാത്രി
കൾ ഒടുവിൽ നല്ല ശബ്ദം പുറപ്പെടുവിച്ചു; അവിടെയ്ക്കുവേണ്ടി, വിശാ
ലകളായ ഏഴു നദീമാതാക്കൾ മനുഷ്യർക്കു സുഖേന കടക്കാവുന്നവയായി
നിന്നു! 1

കൂടിച്ചേൎന്ന ഇരുപത്തൊന്നു പൎവ്വതസാനുക്കളെ തനിയെ വജ്രം
കൊണ്ട് അങ്ങോളം പിളൎത്തി: ആ വളൎന്ന വൃഷഭൻ ചെയ്തവ ഒരു ദേ
വനോ മനുഷ്യനോ സാധിയ്ക്കില്ല! 2

ഇന്ദ്രന്റെ മുറുകെപ്പിടിച്ച വജ്രം ഇരിമ്പാണ്; ഇന്ദ്രന്റെ കൈ
കൾക്കു വളരെയുണ്ട്, ബലം. ഇന്ദ്രൻ പുറപ്പെടുമ്പോൾ തലയും വാ
യും ജോലി ചെയ്യും; കേൾപ്പാൻ (ആൾക്കാർ) അരികത്തുനില്ക്കും! 3

---

8. പ്രത്യുക്ഷോക്തി: ശുദ്ധിയാൽ—ഞങ്ങളുടെ ശുദ്ധികമ്മംമൂലം.

സൂക്തം 96.

1. ഒടുവിൽ—അന്തിമയാമത്തിൽ. നല്ല ശബ്ദം—മനുഷ്യാദികളുടെ. ഇതൊക്കെ ഇന്ദ്രശാസനത്താലാണെന്നത്ഥം.

2. വൃഷഭൻ=വൃഷാവ്.

3. പുറപ്പെടുമ്പോൾ—യുദ്ധത്തിന്ന്. തലയുടെ ജോലി—തൊപ്പിവെയ്ക്കലും മററും. വായയുടെ ജോലി—ആജ്ഞ നല്കൽ. കേൾപ്പാൻ—ആജ്ഞ കേട്ടനുഷ്ഠിപ്പാൻ.

Digitized By Kerala Sahitya Akademi

എനിയ്ക്കറിയാം: യജ്ഞാർഹരിൽവെച്ച യജ്ഞാർഹനാണ്, വിടുന്ന്; എനിയ്ക്കറിയാം: വീഴാത്തവരെയും വീഴിയ്ക്കുന്നവനാണ്, വിടുന്ന്; എനിയ്ക്കറിയാം: ഇന്ദ്ര, സേവകൎക്ക് ഒരു കൊടിമരമാണ്, വിടുന്ന്; എനിയ്ക്കറിയാം: മനുഷ്യൎക്ക് അഭീഷ്ടവർഷിയാണ്, വിടുന്ന്! 4

ഇന്ദ്ര, നിന്തിരുവടി അഹിയെ ഹനിപ്പാൻ, കരമ്പകാറുന്ന വജ്രം തൃക്കയ്യിലെടുത്തപ്പോൾ, മേഘങ്ങളും ജലങ്ങളും ഇരമ്പി; ബ്രാഹ്മണർ ഇന്ദ്രന്റെ ചുററും കൂടി. 5

ഇവയെ ഉൽപാദിപ്പിച്ച ഇന്ദ്രനെത്തന്നെ നാം സ്തുതിയ്ക്കുക: ജഗത്തെല്ലാം, തനിയ്ക്കു താഴെയാണ് നമുക്കു സ്തുതികളാൽ അവിടുത്തോടു സഖ്യം ചെയ്യാം; നമസ്സുകളാൽ വൃഷാവിനെ ആഭിമുഖ്യപ്പെടുത്താം! 6

ഇന്ദ്ര, സഖാക്കളായിരുന്ന ദേവന്മാരെല്ലാം വൃത്രന്റെ ക്ലേശം മൂലം പാഞ്ഞ്, അങ്ങയെ വെടിഞ്ഞുവല്ലോ; എന്നാൽ, അങ്ങയ്ക്കു മരുത്തുക്കളോടു സഖ്യമുണ്ടാകട്ടെ. അതോടേ, ഈ സൈന്യത്തെ മുഴുവൻ അവിടുന്നു ജയിയ്ക്കും! 7

അറുപത്തിമൂന്നു മരുത്തുക്കൾ അങ്ങയെ കൂട്ടമിട്ട ഗോക്കൾ പോലെ ശക്തിപ്പെടുത്തിയതിനാൽ യജ്ഞാർഹരായിത്തീൎന്നു; ഞങ്ങൾ ആ ഭവാങ്കലണയുന്നു. ഞങ്ങൾക്കു ധനം തരിക: ഞങ്ങളും ഈ ഹവിസ്സുകൊണ്ടു ഭവാനു ബലമുണ്ടാക്കാം! 8

ഇന്ദ്ര, ഭവാന്റെ തിളങ്ങുന്ന വില്ലിനെയും മരുത്സംഘത്തെയും വജ്രത്തെയും ആരെതിൎക്കും? ഋജീഷിൻ, ആയുധമില്ലാത്ത ദേവദ്വേഷികളായ അസുരന്മാരെ നിന്തിരുവടി ചക്രംകൊണ്ട് ആട്ടിപ്പായിച്ചാലും! 9

---

4. വീഴാത്തവരെയും—സ്ഥിരപ്രതിഷ്ഠരായ വീരന്മാരെപ്പോലും. സേവകൎക്ക്—ഭടന്മാൎക്ക്.

5. അഹി—അസുരൻ. കരമ്പകാറുന്ന—ശത്രുക്കളുടെ. ഒടുവിലെ വാക്യം പരോക്ഷം: ചുററും കൂടി—പരിചരിച്ചു.

6. സ്തോതാക്കൾ തന്നിൽ: ഇവ—ചരാചരങ്ങൾ. നമസ്സുകൾ=നമസ്കാരങ്ങൾ, ഹവിസ്സുകൾ.

7. പാഞ്ഞ്—പേടിച്ചോടി. ഈ സൈന്യത്തെ—ശത്രുസേനയെ.

9. ചക്രം—ചക്രരൂപമായ വജ്രം.

Digitized By Kerala Sahitya Akademi

മഹാനും ഉഗ്രനും പ്രവൃദ്ധനുമായ സുമംഗളനെപ്പററി ഭവാൻ ഗോവിന്നുവേണ്ടി നല്ല സ്തുതി ചൊല്ലുക—സ്തോത്രവാഹ്യനായ ഇന്ദ്രന്നു വളരെ സ്തവങ്ങഠം രചിയ്ക്കുക: വെക്കം പുത്രന്നു ധാരാളം കിട്ടിയ്ക്കട്ടെ! 10

ഉക്ഥവാഹ്യനായ വിദ്വാന്നു ഭവാൻ, തോണികൊണ്ടു പുഴ കടത്തുന്നതുപോലെ, സ്തുതിയയച്ചാലും; ഇക്കാലം പ്രീതിപ്പെടുത്തുന്ന വിശ്രുതന്റെ (ധനം) കമ്മത്താൽ പുത്രന്നായി കൈവരുത്തിയാലും. വെക്കം ധാരാളം കിട്ടിയ്ക്കട്ടെ! 11

ഇന്ദ്രൻ സ്വീകരിയ്ക്കുന്നതു ഭവാൻ ഒരുക്കിവെയ്ക്കുക: ശോഭനസ്തോത്രനെ ഹവിസ്സുകൊണ്ടു പരിചരിയ്ക്കുക. സ്തോതാവേ, ഭവാൻ അണിഞ്ഞുകൊഠംക—കരയേണ്ടാ: സ്തുതി കേഠംപ്പിയ്ക്കു; വെക്കം ധാരാളം കിട്ടിയ്ക്കട്ടെ! 12

ദ്രുതസഞ്ചാരിയായ കൃഷ്ണൻ പതിനായിരമാളുകളോടുകൂടി അംശുമതീതീരത്തു പാത്തിരുന്നു: അതറിഞ്ഞു മനുഷ്യസ്നേഹിയായ ഇന്ദ്രൻ അട്ടഹാസമിടുന്ന അവനുകൽ ചെന്നെത്തി, കൊലപടകളെ കൊന്നൊടുക്കി! 13

'അംശുമതീനദിയുടെ ഒരു വിപുലമായ നിഗൂഢസ്ഥലത്ത്, ആകാശത്തെന്നപോലെ, നിവസിയ്ക്കുന്ന ദ്രുതസഞ്ചാരിയായ കൃഷ്ണനെ ഞാൻ കണ്ടെത്തി: വൃഷാക്കളേ, ഞാൻ നിങ്ങളെ തേടുകയായിരുന്നു; നിങ്ങഠം പോരിൽ പൊരുതുവിൻ.' 14

---

10. സ്തോതാവിനോട്: സുമംഗളൻ—ഇന്ദ്രൻ. ഗോവിന്നുവേണ്ടി—ഇരുകാൽ–നാല്ക്കാലിനന്മയ്ക്കായി. വളരെ—ബഹുധ. കിട്ടിയ്ക്കട്ടെ—ഇന്ദ്രൻ.

11. കടത്തുന്നതുപോലെ—നാവികൻ പഥികനെ കടത്തിയയയ്ക്കുന്നതുപോലെ. കമ്മം—സ്തുതി.

12. ഋത്വിക്കിനോട്: അണിഞ്ഞുകൊഠംക—ആഭരണങ്ങഠം. കരയേണ്ടാ—സ്വന്തം ദാരിദ്ര്യമോത്തു ദുഃഖിയ്ക്കേണ്ടാ. കേഠംപ്പിയ്ക്കു—ഇന്ദ്രനെ.

13. കൃഷ്ണൻ—ഒരസുരൻ. അംശുമതി—ഒരു നദി. കൊലപടകഠം—കൃഷ്ണന്റെ ഹിംസകസൈന്യങ്ങഠം.

14. ഇന്ദ്രൻ മരുത്തുക്കളോട്: വൃഷാക്കളേ—മരുത്തുക്കളേ. പൊരുതുവിൻ—കൃഷ്ണനോട്

Digitized By Kerala Sahitya Akademi

ദ്രുതസഞ്ചാരി അംശുമതീസമീപത്തു മിന്നിത്തിളങ്ങിക്കൊണ്ടു
ദേഹം തടിപ്പിച്ചുപോന്നു. ഇന്ദ്രനാകട്ടേ, ബൃഹസ്പതിയോടൊന്നിച്ച്,
എതിരെത്തിയ അസുരപ്പടകളെ നിഹനിച്ചു! 15

അതേ: നീതിരുവടി ജനിച്ചപ്പോൾത്തന്നേ, ശത്രുവില്ലാത്ത
ഏഴു ശത്രുക്കൾക്കു ശത്രുവായിത്തീർന്നുവല്ലോ! ഇന്ദ്ര, ഇരുളടഞ്ഞ വാനൂ
ഴികളെ അവിടുന്നു കണ്ടുപിടിച്ചു; വലിയ ലോകങ്ങളെ ആഹ്ലാദിപ്പിച്ചു! 16

അതേ: വജ്രിൻ, അവിടുന്നു വജ്രംകൊണ്ടു ശുഷ്ണന്റെ നിസ്തുല്യ
മായ ബലം കൂസാതെ നശിപ്പിച്ചുവല്ലോ; അവിടുന്ന് ആയുധങ്ങൾ
കൊണ്ടു കൊന്നു. ഇന്ദ്ര, അവിടുന്നു ബുദ്ധികൊണ്ടു ഗോക്കളെ നേടി! 17

അതേ: വൃഷാവേ, അവിടുന്നു മനുഷ്യർക്ക് ഉപദ്രവം പോക്കി,
വളർന്നുവല്ലോ: അവിടുന്നു നിരോധിയ്ക്കപ്പെട്ട നദികളെ ഒഴുക്കി; അവി
ടുന്നു ശത്രുക്കളുടെ കയ്വശമായിരുന്ന തണ്ണീരുകളെ വെന്നടക്കി! 18

സോമം പിഴിഞ്ഞാൽ വിളയാടുന്ന ശോഭനപ്രജ്ഞൻ, ആരോ;
അനിവാര്യക്രോധനും, അഹസ്സുപോലെ ധനവാനും, ആരോ; ആർ
ഒറ്റയ്ക്കു നേതാവിങ്കൽ കർമ്മം നടത്തുമോ; ആ വൃത്രഘ്നനെ പരാസ്കന്ദി
എന്നു പറഞ്ഞുവരുന്നു! 19

ആ വൃത്രഘ്നനായ ഇന്ദ്രൻ മനുഷ്യരെ പോററിപ്പോരുന്നു. ആ
ആഹ്വാതവ്യനെ നാം വഴിപോലെ സ്തുതിച്ചു വിളിയ്ക്കുക: ആ മഘ
വാവു നമ്മെ സംരക്ഷിയ്ക്കും; കൂട്ടിപ്പറയും; അദ്ദേഹം യശോജനകമായ
അന്നം തരും! 20

ഋഭുക്കളോടുകൂടി മേവുന്ന ആ വൃത്രഘ്നനായ ഇന്ദ്രൻ, പിറന്ന
പ്പോൾത്തന്നേ ആഹ്വാതവ്യനായിത്തീർന്നു—മനുഷ്യഹിതങ്ങളായ വ
ളരെക്കർമ്മങ്ങൾ ചെയ്യുന്നതിനാൽ, കുടിയ്ക്കപ്പെട്ട സോമംപോലെ, സ
ഖാക്കൾക്ക് ആഹ്വാതവ്യനായിത്തീർന്നു! 21

---

15. ദ്രുതസഞ്ചാരി—കൃഷ്ണാസുരൻ. തടിപ്പിച്ചുപോന്നു—പോഷകാഹാര
ങ്ങളാൽ.

16. ശത്രുവില്ലാത്ത—അത്ര പ്രബലന്മാരായ. ഏഴു ശത്രുക്കൾ—കൃഷ്ണൻ,
വൃത്രൻ മുതലായവർ.

17. കൊന്നു—ശുഷ്ണനെ.

19. പരോക്ഷം: അഹസ്സുപോലെ—പകൽസ്സമയത്താണല്ലോ, ആളു
കൾ ധനമാർജ്ജിയ്ക്കുക. പരാസ്കന്ദി—ശത്രുക്കളെ ആക്രമിയ്ക്കുന്നവൻ.

21. സോമംപോലെ—ദേവന്മാർക്ക് ആഹ്വാതവ്യമാണല്ലോ, സോമം.
സഖാക്കൾക്ക്—ഋത്വിക്കുകൾക്ക്.

Digitized By Kerala Sahitya Akademi

## സൂക്തം 97.

കശ്യപപുത്രൻ രേഭൻ ഋഷി; ബൃഹതിയും അതിജഗതിയും ഉപരിഷ്ടാൽ ബൃഹതിയും ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, വിണ്ണിൽ വാഴുന്ന ഭവാൻ അസുരന്മാരിൽനിന്നു ഭോഗ്യ
ങ്ങൾ കൊണ്ടുപോന്നിട്ടുണ്ടല്ലോ; മഘവാവേ, അവകൊണ്ടു സ്തോതാവി
നെയും, അങ്ങയ്ക്കു ദർഭ വിരിച്ചവരെയും അഭിവൃദ്ധിപ്പെടുത്തിയാലും! 1

ഇന്ദ്ര, അശ്വങ്ങളും പൈക്കളുമാകുന്ന അനശ്വരസമ്പത്ത്
അങ്ങയുടെ പക്കലുണ്ടല്ലോ; അത്, ആ പിഴിഞ്ഞു ദക്ഷിണകൊടുക്കുന്നൊ
യഷ്ടാവിങ്കൽ വെച്ചാലും—ലുബ്ധങ്കലരുത്! 2

ഇന്ദ്ര, യാതൊരുവൻ ദേവന്മാരിൽ ഭക്തിയില്ലാതെയും കർമ്മം
ചെയ്യാതെയും സ്വപ്നം കണ്ടുകൊണ്ടുറങ്ങുന്നുവോ, അവന്റെ പോഷ
ണീയമായ ധനം അവന്റെ നടപ്പുകൊണ്ടുതന്നേ നശിച്ചുപോകട്ടെ;
പിന്നീട് അവനെ നിന്തിരുവടി മറയത്തെങ്ങാനും ഇരുത്തിയാലും! 3

ശക്ര, ഭവാൻ അകലത്തായിരിയ്ക്കാം; വൃത്രഹന്താവേ, അരിക
ത്തായിരിയ്ക്കാം; ഇന്ദ്ര, അവിടെനിന്നു ഭവാനെ, സോമം പിഴിഞ്ഞ
വൻ വിണ്ണിലെയ്ക്കു പോകുന്ന, ഹരികളെപ്പോലുള്ള സ്തോത്രങ്ങളാൽ
ഇങ്ങോട്ടു കൊണ്ടുപോരുന്നു! 4

വൃത്രഹന്താവേ, നിന്തിരുവടി സ്വർഗ്ഗത്തിലെ രോചനത്തിലാ
യിരിയ്ക്കാം; സമുദ്രത്തിലൊരേടത്തായിരിയ്ക്കാം; ഭൂമിയിലെങ്ങാനുമായി
രിയ്ക്കാം; അന്തരിക്ഷത്തിലായിരിയ്ക്കാം. അവിടെനിന്ന് ഇങ്ങെഴുന്ന
ള്ളിയാലും! 5

ബലരക്ഷക, സോമം കുടിയ്ക്കുന്നവനേ, ഇന്ദ്ര, സോമം പിഴി
ഞ്ഞ ഞങ്ങളെ ആ നിന്തിരുവടി നിഷ്കപടമായ അന്നംകൊണ്ടും, വി
പുലമായ ധനംകൊണ്ടും ഇമ്പപ്പെടുത്തിയാലും! 6

---

സൂക്തം 97.

1. ദർഭ വിരിച്ചവർ—യജമാനർ.

3. നടപ്പ്—അമാർഗ്ഗസഞ്ചാരം.

4. സോമവാൻ സ്തോത്രം സ്വർഗ്ഗത്തിലെയ്ക്കയയ്ക്കുന്നു, നിന്തിരുവടി വരുന്നെത്താൻ.

Digitized By Kerala Sahitya Akademi

ഇന്ദ്ര, അവിടുന്നു ഞങ്ങളെ കൈവിടരുതേ: ഞങ്ങളുടെ ഇട
യിൽ ഒപ്പം മത്തടിയ്ക്കുക. ഇന്ദ്ര, അവിടുന്നാണ്, ഞങ്ങൾക്കു രക്ഷി
താവ്; ബന്ധുവും അവിടുന്നുതന്നെ. ഇന്ദ്ര, ഞങ്ങളെ കൈവിടരുതേ! 7

ഇന്ദ്ര, ഞങ്ങൾ ഒന്നിച്ചു പിഴിഞ്ഞതിനാൽ, അവിടുന്നു മധു
നുകരാനിരുന്നാലും; മഘവാവേ, ഇന്ദ്ര, ഞങ്ങൾ ഒന്നിച്ചു പിഴിഞ്ഞ
തിനാൽ, അവിടുന്നു സ്തോതാവിന്നു വലിയ രക്ഷ നല്കിയാലും! 8

വജ്രിൻ, അവിടുത്തോടടുക്കില്ല, ദേവകൾ—മനുഷ്യരുമില്ല:
എല്ലാജ്ജീവികളെയും അവിടുന്നു കെല്പാൽ കീഴടക്കിയിരിയ്ക്കുന്നു; അവി
ടുത്തോടടുക്കില്ല, ദേവകൾ! 9

പടകളെയെല്ലാം കീഴമർത്തുന്ന നേതാവിനെ—കർമ്മത്തിന്റെ
മികവും, കനത്ത കെല്പും, ഓജസ്സും, വളച്ചയും, വെമ്പലുമിയന്ന നി
ഹന്താവായ ഇന്ദ്രനെ—(ആളുകൾ) ധനത്തിന്ന് ഉത്തേജിപ്പിച്ചു; വെ
ളിച്ചത്തിന്നുദിപ്പിച്ചു. 10

ഇന്ദ്രനെ രേഭന്മാർ സോമപാനത്തിന്നു വഴിപോലെ സ്തുതിച്ചു:
വർദ്ധിപ്പിയ്ക്കപ്പെട്ടപ്പോൾ, കർമ്മവാനായ ഈ സ്വർഗ്ഗപ്പെരുമാൾ കരു
ത്തോടും മരുത്തുക്കളോടും ചേരുന്നു. 11

ഉരുൾച്ചുററിനെ കണ്ടാൽ നമസ്കരിയ്ക്കുന്നു: ആടിന്റെ മേധാ
വികൾ പുകഴ്ത്തുന്നു. ദ്രോഹിയ്ക്കാത്ത ശോഭനതേജസ്കരായ നിങ്ങൾ
സത്വരം തൃച്ചെവിയിൽ മന്ത്രം ചൊല്ലുവിൻ! 12

ആ ഇന്ദ്രനെ—ഉഗ്രനും, യഥാർത്ഥബലനും അനിവാര്യനുമായ
മഘവാവിനെ—ഞാൻ വീണ്ടും വീണ്ടും വിളിയ്ക്കുന്നു: പരമപൂജ്യനായ

---

10. വെമ്പൽ—ശത്രുവധത്വര. നിഹന്താവ്—വൈരിഹന്ത്രൻ. വെളി
ച്ചത്തിന്നുദിപ്പിച്ചു എന്നതു് ഇന്ദ്രന്റെ സൂര്യാത്മകത്വത്തെ വ്യഞ്ജിപ്പിയ്ക്കുന്നു.

11. രേഭന്മാർ—കശ്യപപുത്രന്മാർ. കരുത്തോടും—സ്തുതിയാൽ ബലവും
മരുത്തുക്കളാൽ രക്ഷയും നേടുന്നു എന്നു സാരം.

12. ഉരുൾച്ചുററിനെ—തേരിന്റെ ഉരുൾച്ചുററ് എയർക്കാലുകളിലെല്ലാം
വ്യാപിച്ചിരിയ്ക്കുമല്ലോ; അതുപോലെ സർവ്വവ്യാപ്തനായിരിയ്ക്കുന്ന ഇന്ദ്രനെ. ആടി
നെ—മേധാതിഥിയെ സ്വർഗ്ഗത്തിലെയ്ക്കു കൊണ്ടുപോകാൻ ആടിന്റെ രൂപം ധ
രിച്ച ഇന്ദ്രനെ. ബാക്കി സ്തോതാക്കളോടു യജമാനവാക്യം: ദ്രോഹിയ്ക്കാത്ത—ഉ
പകാരപരരായ. തൃച്ചെവിയിൽ—ഇന്ദ്രന്റെ കർണ്ണത്തിൽ.

Digitized By Kerala Sahitya Akademi

യജ്ഞാർഹൻ സ്തുതികളാൽ ഇങ്ങോട്ടു തിരിയട്ടെ; വജ്രി നമുക്കു ധന
ത്തിന്നു നല്ല വഴിയെല്ലാം വെട്ടട്ടെ! 13

ഇന്ദ്ര, കെല്പും കഴിവുമേറിയവനേ, അങ്ങയ്ക്കറിയാം, ഈ പുരി
കൾ ബലംകൊണ്ടു മുടിയ്ക്കാൻ. വജ്രിൻ, സർവ്വഭുവനങ്ങളും വാനൂഴിക
ളും ഭവാനെപ്പേടിച്ചു വിറകൊള്ളുന്നു! 14

ഇന്ദ്ര, ശൂര, നാനാരൂപ, ഭവാന്റെ ആ സത്യം എന്നെ രക്ഷി
യ്ക്കട്ടെ: വജ്രിൻ, അവിടുന്നു ബഹുപാപങ്ങൾ, പുഴപോലെ കടത്തി
യാലും. ഇന്ദ്ര, തന്പുരാനേ, അവിടുന്നു ഞങ്ങൾക്കു സ്പൃഹണീയമായ
വിവിധസമ്പത്ത് എന്നു തന്നരുളും! 15

ആറാമധ്യായം സമാപ്തം.

---

## ഏഴാമധ്യായം.

### സൂക്തം 98.

അംഗിരോഗോത്രൻ സുമേധൻ ഋഷി; ഉഷ്ണിക്കും കകപ്പും പുരഉഷ്ണിക്കും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

മേധാവിയും, മഹാനും, ധർമ്മകർത്താവും, വിദ്വാനും, സ്തോത്ര
തൽപരനുമായ ഇന്ദ്രന്നു നിങ്ങൾ ബൃഹത്സാമം പാടുവിൻ! 1

ഇന്ദ്ര, അവിടുന്നു കീഴമർത്തുന്നവനാണ്; അവിടുന്നു സൂര്യനെ
ഉദ്ഭാസിപ്പിച്ചു. വിശ്വകർമ്മാവും, വിശ്വദേവനും മഹാനുമാണ്, അവി
ടുന്ന്! 2

ഇന്ദ്ര, അവിടുന്നു തേജസ്സിനാൽ, സൂര്യപ്രകാശകമായ സ്വർഗ്ഗ
ത്തെ വിളങ്ങിച്ചുംകൊണ്ടെഴുന്നള്ളി; ദേവന്മാർ ഭവാന്റെ സഖ്യത്തി
ന്നുഴറി. 3

---

13. സ്തുതികളാൽ—നമ്മുടെ.
14. പുരികൾ—ശംബരന്റെ നഗരികൾ.

സൂക്തം 98.

1. ഉദ്ഗാതാക്കളോട്.
3. സൂര്യപ്രകാശകം=സൂര്യനെ വെളിപ്പെടുത്തുന്നത്.

Digitized By Kerala Sahitya Akademi

ഇന്ദ്ര, പ്രിയനും, മഹാന്മാരെ ജയിയ്ക്കുന്നവനും, പിടിയിൽപ്പെ
ടാത്തവനും, ഒരു പർവ്വതംപോലെ എമ്പാടും വിശാലനും, വിൺപെരു
മാളുമായ നിന്തിരുവടി ഞങ്ങളിൽ വന്നാലും! 4

സത്യസ്വരൂപ, സോമപായിൻ, അവിടുന്നു വാനാഴികൾ രണ്ടി
നെയും കീഴടക്കിയിരിയ്ക്കുന്നുവല്ലോ; ഇന്ദ്ര, ആ നിന്തിരുവടി പിഴിയുന്ന
വനെ തഴപ്പിയ്ക്കുന്നവനും, വിൺപെരുമാളുമാകുന്നു! 5

ഇന്ദ്ര, അങ്ങ് വളരെപ്പുരികൾ പിളർത്തിരിയ്ക്കുന്നുവല്ലോ; ദസ്യു
ഹന്താവും, മനുഷ്യവർദ്ധകനും, വിൺപെരുമാളുമാണ്, അവിടുന്ന്! 6

ഇന്ദ്ര, സ്തുതിസേവ്യ, ഞങ്ങൾ വലിയ സ്തോത്രങ്ങൾ ഭവാങ്കൽ
വിട്ടുന്നു: വെള്ളത്തിലൂടേ പോകുന്നവർ വെള്ളം കോരിയൂക്കുന്നതു
പോലെ. 7

വജ്രിൻ, ശൂര, വെള്ളം വേലുന്ന നിലത്തെ നദികളെന്ന
പോലെ, വളർന്നവൻതന്നെയായ ഭവാനെ സ്തോത്രങ്ങൾ നാളിൽ നാ
ളിൽ വളർത്തുന്നു! 8

ഗമനശീലനായ ഇന്ദ്രന്റെ പെരുംനുകമുള്ള പെരുംതേരിൽ,
കേവലം വാക്കുകൊണ്ടു പൂട്ടാവുന്ന രണ്ടു പള്ളിക്കുതിരകളെ (സ്തോതാ
ക്കൾ) സ്തുതിയാൽ പൂട്ടുന്നു! 9

ഇന്ദ്ര, ശതക്രതോ, ശരിയ്ക്കു കാണുന്നവനേ, പടകളെ കീഴമർത്തു
ന്ന വീരനായ നിന്തിരുവടി ഞങ്ങൾക്കു ബലവും ധനവും കൊണ്ടുവ
ന്നാലും! 10

വസോ, അങ്ങ് ഞങ്ങൾക്കച്ഛനാണ്; ശതക്രതോ, അങ്ങ്
അമ്മയുമാണ്. അതിനാൽ ഞങ്ങൾ അങ്ങയുടെ സുഖം യാചിയ്ക്കുന്നു. 11

ബലവാനേ, പുരുഹൂത, ശതക്രതോ, കെല്പിച്ചിയ്ക്കുന്ന ഭവാനെ
ഞാൻ പുകഴ്ത്തുന്നു; ഭവാൻ ഞങ്ങൾക്കു നല്ല വീര്യമുള്ള (ധനം) കല്പിച്ചു
തന്നാലും! 12

---

5. പിഴിയുന്നവനെ— സോമം പിഴിയുന്ന യജമാനനെ.

7. കോരിയൂക്കുന്നതുപോലെ— കളിയായി സമീപസ്ഥരിൽ.

12. കെല്പ് സ്തുതിജന്യമായ ബലം.



Digitized By Kerala Sahitya Akademi

## സൂക്തം 99.

നൃമേധൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(കാന)

തന്നാവല്ലോ, കുടിപ്പാൻ നിനക്കിന്നു–
മിന്നലെയുമൊരുക്കിയ നേതാക്കൾ:
ഇന്ദ്ര, കേളി,ഹ സ്തോത്രങ്ങളബ്ഭവാൻ;
വന്നുചേരുക, വജ്രവൻ, ഗേഹത്തിൽ! 1

ഇന്ദ്ര, ഹര്യശ്വ, സേവകർ നിങ്കലെ–
ത്തുന്നു; നീ മദം കൊൾകെ,ങ്ങളർത്ഥിപ്പൂ:
സ്തുത്യമാമുപമാനാന്നമാക, തേ
നത്യവാപ്യ, സുഹനോ, പിഴിഞ്ഞ നീർ! 2

അർക്കനെക്കിരണങ്ങൾപോലേ നിഷേ–
വിപ്പൂവി,നിന്ദ്രവിത്തത്തെയൊക്കയും:
ശക്തിമാൻ ജനിച്ചോർക്കും ജനിപ്പോർക്കും
വെയ്ക്കു,മർത്ഥം; ലഭിയ്ക്കു, നാം തദ്ഭാഗം. 3

വാഴ്ത്തുക, പൂതദാനനാം ശ്രീദനെ:–
ച്ചാർത്തു,മിന്ദ്രൻെറ ദാനങ്ങൾ നന്മയെ;
തട്ടുകില്ലി,സ്സപര്യാകരനുടെ–
യിഷ്ടമദ്ദാനചോദിതമാനസൻ! 4

---

### സൂക്തം 99.

1. കുടിപ്പാൻ—സോമ സ്തോത്രങ്ങൾ—ഞങ്ങളുടെ.

2. ഉപമാനാന്നമാക=ഉപമാനഭൂതമായ ആഹാരമായിബ്ഭവിയ്ക്കട്ടെ. നത്യവാപ്യ=സ്തുതിപ്രാപ്യ.

3. സ്വജനങ്ങളോട്: നിഷേവിയ്ക്കുവിൻ=ഭജിയ്ക്കുവിൻ. ശക്തിമാൻ—ഇന്ദ്രൻ. അർത്ഥം=ധനം. വെയ്ക്കും—വിഭജിച്ചുകൊടുക്കാൻ. തദ്ഭാഗം=അതിൻെറ പങ്ക്. നാം ലഭിയ്ക്കു—നേടുമാറാകണം; നമുക്ക കിട്ടട്ടെ.

4. സ്തോതാവിനോട്: ശ്രീദനെ—ധനപ്രദനായ ഇന്ദ്രനെ. നന്മയെ ചാർത്തും—ശ്രേയസ്സുളവാക്കും. തട്ടുകില്ല=തള്ളില്ല. സപര്യാകരൻ—പരിചരിയ്ക്കുന്നവൻ. ദാനചോദിതമാനസൻ=മനസ്സിനെ ദാനത്തിന്നു പ്രേരിപ്പിയ്ക്കുന്നവൻ, ദാനശീലൻ. സേവകന്ന് അഭീഷ്ടം നല്കുകതന്നെ ചെയ്യും.

Digitized By Kerala Sahitya Akademi

പോർക്കളങ്ങളിലിന്ദ്ര, രിപുഘ്ന, നീ
ബാക്കിവെയ്ക്കാതമർത്തും, പടകളെ;
നീക്ക,മുണ്ടാക്കിവെയ്ക്കു,മമംഗളം;
തീർക്കു,മാരെയും; ദ്രോഹിയെ ദ്രോഹിയ്ക്കും! 5

നിൻതരസ്സിടിയ്ക്കുന്നോനെ വാനൃഷികാൾ
പിന്തുടരുമേ, കുഞ്ഞിനെത്തായ്പോലെ;
ഇന്ദ്ര, വൃത്രനെക്കൊന്ന നിൻ ക്രോധത്തി-
ലൊന്നൊഴിയാതുഴന്നുപോം, മാററലർ! 6

നിർജ്ജരനന,ധീന,നോടിയ്ക്കുവോ,-
നുജ്ജവഗതൻ, ജേതാ,വഹിംസിതൻ—
അജ്ജലവർദ്ധനനാം രഥീന്ദ്രനെ-
സ്സജ്ജനാക്കുവിൻ, രക്ഷയ്ക്കിഹ നിങ്ങൾ! 7

സംസ്കൃതാഹിതൻ, സാധാരണൻ, സ്വയം
സംസ്കൃതൻ, ശതരക്ഷൻ, ശതക്രതു,
വന്നിധി വെച്ച വിത്തദൻ, ശക്തിജ—
നിന്ദ്രനെ ത്രാണനാർത്ഥം വിളിയ്ക്കു, നാം! 8

---

5. ദേവകൾക്ക് അമംഗളം നീക്കും; അസുരക്ക് അമംഗളം ഉണ്ടാക്കി വെയ്ക്കും. ആരെയും, ഏതൊരു ശത്രുവിനെയും തീർക്കും=നശിപ്പിയ്ക്കും.

6. തരസ്സ്=ബലം. ഇടിയ്ക്കുന്നോനെ—എതിരാളിയെ. പിന്തുടരും—പിന്നാലെ ചെന്നു ശിക്ഷിയ്ക്കും; ഉപമ പിന്തുടരലിന്നു മാത്രമാണ്.

7. സ്വജനങ്ങളോട്: അനധീനൻ—ആരുടെയും വരുതിയിലല്ലാത്തവൻ. ഓടിയ്ക്കുവോൻ—ശത്രുക്കളെ ആട്ടിപ്പായിയ്ക്കുന്നവൻ. ഉജ്ജവഗതൻ=സവേഗഗമനൻ. രഥീന്ദ്രനെ—മഹാരഥനായ ഇന്ദ്രനെ. നമ്മുടെ രക്ഷയ്ക്കു സജ്ജനാക്കുവിൻ—ഒരുങ്ങിയ്ക്കുവിൻ.

8. സംസ്കൃതാഹിതൻ=അഹിതരെ (ശത്രുക്കളെ) സംസ്കരിച്ചവൻ, കുഴിച്ചിട്ടവൻ; ശത്രുമാരകൻ. സാധാരണൻ=സർവ്വസമാനൻ. സംസ്കൃതൻ—ലബ്ധസംസ്കാരൻ. വെച്ച—മറവിൽ സൂക്ഷിച്ച. ശക്തിജൻ=ബലോൽപന്നൻ. ത്രാണനാർത്ഥം=രക്ഷയ്ക്ക്.

Digitized By Kerala Sahitya Akademi

## സൂക്തം 100.

ഭൃഗുഗോത്രൻ നേമൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും അനുഷ്ടുപ്പും
ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, ഞാനിതാ, പുത്രനോടുകൂടി ഭവാന്റെ മുമ്പിൽ നടകൊ
ള്ളുന്നു: ദേവകളൊക്കെ എന്റെ പിന്നാലെ വരും: അവിടുന്ന് എ
നിയ്ക്കു പങ്കു കരുതുന്നുണ്ടെങ്കിൽ, എന്നോടുകൂടി പൌരുഷം കാണി
ച്ചാലും! 1

അവിടെയ്ക്കുമഗ്രേത്തിന്നു മധു ഞാൻ മുമ്പേ വെയ്ക്കുന്നു: സേവ്യ
മായ പിഴിഞ്ഞ സോമം ഭവാനിൽ വെയ്ക്കപ്പെടട്ടെ. അവിടുന്നു സഖാ
വായി എന്റെ വലത്തു നില്ക്കുക: എന്നാൽ, നമുക്ക വളരെശ്ശത്രുക്ക
ളെ വധിയ്ക്കാം! 2

പടയ്ക്കു പുറപ്പെടുന്ന നിങ്ങൾ ഇന്ദ്രന്നു—സത്യമാണെങ്കിൽ—
സത്യമായ സ്തോത്രം സംഭരിയ്ക്കുവിൻ! ഇന്ദ്രനെന്നൊരാളില്ലെന്നു നേ
മൻതന്നെ വാദിയ്ക്കുന്നു: ആർ കണ്ടു, അദ്ദേഹത്തെ? ആരെ നാം
സ്തുതിയ്ക്കും? 3

'ഇതാ, ഞാനുണ്ട്: സ്തോതാവേ, ഇവിടെ എന്നെ നോക്ക.
ഞാൻ മഹത്ത്വംകൊണ്ടു ഭുവനമെല്ലാം കീഴടക്കിയിരിയ്ക്കുന്നു: യജ്ഞോ
പദേഷ്ടാക്കൾ എന്നെ വളർത്തുന്നു. ആദരവുള്ള ഞാൻ അരാതികളെ
പിളർത്തിപ്പോരുന്നു. 4

---

## സൂക്തം 100.

1. നടകൊള്ളുന്നു—ശത്രുക്കളെ ആക്രമിപ്പാൻ പോകുന്നു. പങ്കു കരുതുന്നു
ണ്ടെങ്കിൽ—ശത്രുധനത്തിൽ ഒരംശം തരാൻ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ.

2. മധു—മത്തുണ്ടാക്കുന്ന സോമം. ഭവാനിൽ—ഭവാന്റെ ഉള്ളിൽ.

3. സ്വന്തം ആളുകളോട്: സത്യമാണെങ്കിൽ—ഇന്ദ്രൻ ഉണ്ടെന്നതു നേ
രാണെങ്കിൽ. നേമൻ—ഞാൻ.

4. നേമന്റെ വാദം കേട്ടിട്ട് ഇന്ദ്രൻ തത്സമീപത്തിൽ വന്നെത്തി, പറ
യുന്നു: വളർത്തുന്നു—സ്തുതികളാൽ. ആദരവ്—ജഗദ്രക്ഷണത്തിൽ. അരാതികൾ=
ശത്രുക്കൾ.

Digitized By Kerala Sahitya Akademi

യജ്ഞകാമന്മാർ അന്തരിക്ഷത്തിന്റെ മുകളിൽ തനിയേ ഇരിയ്ക്കുന്ന എങ്കൽ കേറിയാൽ, എന്റെ മനസ്സ് ഹൃദയത്തോട്ടു പറയും:—
'കുഞ്ഞുങ്ങളോടുകൂടിയ സഖാക്കൾ നിലവിളിയ്ക്കുന്നു!'' 5

മഘവാവേ, ഇന്ദ്ര, സവനങ്ങളിൽ പിഴിഞ്ഞവനു നിന്തിരുവടി ചെയ്തിട്ടുള്ളതെല്ലാം വർണ്ണനീയമാകുന്നു: പരാവാന്റെ പെരികെ കൂട്ടിവെച്ചിരുന്ന ധനം ഭവാൻ ശരഭനെന്ന ഋഷിയ്ക്കു തുറന്നുകൊടുത്തുവല്ലോ!
6

യാവനൊരുത്തൻ കിടന്നോടിയിരുന്നുവോ, യാവനൊരുത്തൻ വിടാതെ നിങ്ങളെ വളഞ്ഞിരുന്നുവോ, ആ വൃത്രന്റെ മർമ്മത്ത് ഇന്ദ്രൻ വജ്രം ആഞ്ഞെറിഞ്ഞു!
7

ഗരുഡൻ മനോവേഗത്തിൽ നടകൊണ്ട്, ഇരിമ്പുപുരി കടന്ന്, സ്വർഗ്ഗത്തിൽ ചെന്ന്, വജ്രധരന്നു സോമം കൊണ്ടുവന്നു! 8

യാതൊന്നു സമുദ്രത്തിന്റെ അടിയിൽ ജലാവൃതമായിരുന്നുവോ, ആ വജ്രത്തിന്നു യുദ്ധത്തിലെ മുന്നണിക്കാർ ബലിയർപ്പിയ്ക്കുന്നു! 9

ദേവന്മാരെ ഇമ്പപ്പെടുത്തുന്ന ദേവിയായ വാക്ക് എന്തൊക്കെയോ പേശിക്കൊണ്ടിരുന്നു, നാലിടത്തും അന്നാജനകങ്ങളായ തണ്ണീരുകൾ ചുരന്നു; എവിടെപ്പോയി, അവളുടെ മേന്മ! 10

യാതൊരു ദേവിയായ വാക്കിനെ ദേവകൾ ഉൽപ്പാദിപ്പിച്ചുവോ, അതിനെ എല്ലാ പ്രാണികളും ചൊല്ലിപ്പോരുന്നു; ആ വാക്ക ഞങ്ങളെ ആഹ്ലാദിപ്പിച്ചുകൊണ്ട്, അന്നവും രസവും ചുരത്തുന്ന ഒരു പയ്യായി, വഴിപോലെ സ്തുതിയ്ക്കപ്പെട്ടു, ഞങ്ങളിലെത്തട്ടെ! 11

---

5. എങ്കൽ കേറിയാൽ—എന്നെ പ്രാപിച്ചാൽ. കുഞ്ഞുങ്ങളോടുകൂടിയ സഖാക്കൾ നിലവിളിയ്ക്കുന്നു, കേണപേക്ഷിയ്ക്കുന്നു, ഞാനറിയും—അവരുടെ ദുഃഖം ഞാൻ തീർക്കും.

6. ഇന്ദ്രനെ അരികത്തു കണ്ടിട്ടു സന്തുഷ്ടനായ ഋഷി ഇന്ദ്രനെ സ്തുതിയ്ക്കുന്നു: പരാവാൻ—ഒരു ശത്രു.

7. നിങ്ങളെ—ദേവന്മാരെ.

9. ബലിയർപ്പിയ്ക്കുന്നു—ഇരയായിത്തീരുന്നു.

10. ദേവിയായ=വിളങ്ങുന്ന. വാക്ക്—മാധ്യമികവാക്ക്. ഇടിവെട്ടും മഴയുമാണ്, ഈ ഋക്കിലെ പ്രതിപാദ്യം. എവിടെപ്പോയി—വർഷാനന്തരം അവളുടെ മേന്മ കാണപ്പെടുന്നില്ല.

Digitized By Kerala Sahitya Akademi

സഖേ, വിഷ്ണോ, ഭവാൻ അത്യന്തം വിക്രമിച്ചാലും; ദ്യോവേ, നീ വജ്രത്തിന്നു പായുവാൻ ഇടം കൊടുക്കുക. നമുക്കിരുവക്കംകൂടി വൃത്രനെക്കൊല്ലാം, നദികളെ വിട്ടുവിയ്ക്കാം; വിട്ടയയ്ക്കപ്പെട്ട ഇവ വരുതിയിൽ നടകൊള്ളട്ടെ! 12

---

## സൂക്തം 101.

ഭൃഗുഗോത്രൻ ജമദഗ്നി ഋഷി; ബൃഹതിയും സതോബൃഹതിയും ഗായത്രിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; മിത്രാവരുണന്മാരും ആദിത്യരും അശ്വികളും വായുവും സൂര്യനും ഉഷസ്സും പവമാനനും ഗോവും ദേവതകൾ.

ആർ ഹവിർദ്ദാതാവിന്നു ചിക്കെന്ന് അഭീഷ്ടം സാധിപ്പാൻ മിത്രാവരുണന്മാരെ അഭിമുഖീകരിയ്ക്കുമോ, ആ മനുഷ്യൻ സത്യമായും, യജ്ഞത്തിന്ന് ഇപ്രകാരം (ഹവിസ്സ്) ഒരുക്കിവെയ്ക്കും. 1

വളന്ന കെല്പും, പരന്ന കാഴ്ചയും, ഉയന്ന വിജ്ഞാനവുമുള്ള, നേതാക്കളായ ആ ഇരുതമ്പുരാന്മാർ, ഇരുകൈകളെന്നപോലെ, സൂര്യരശ്മികളോടുകൂടി കമ്മങ്ങളിലേപ്പെടുന്നു! 2

മിത്രാവരുണന്മാരേ, നിങ്ങളെ അഭിഗമിയ്ക്കുന്ന യാത്രക്കാരൻ (ദേവ) ദൂതനും, ശിരസ്സിൽപ്പൊന്നണിഞ്ഞവനും, സമ്പത്തിലെത്തുന്നവനുമായിത്തീരും! 3

ചോദിപ്പാനോ, സംസാരിപ്പാനോ, വീണ്ടും വീണ്ടും ഹോമിപ്പാനോ ആരൊരുത്തനില്ലയോ, അവന്റെ യുദ്ധത്തിൽനിന്നു ഞങ്ങളെ ഇന്നു നിങ്ങൾ രക്ഷിയ്ക്കണം — ഇരുകൈകളിൽനിന്നും ഞങ്ങളെ നിങ്ങൾ രക്ഷിയ്ക്കണം! 4

---

12. നമുക്കിരുവക്കംകൂടി — വിഷ്ണുവിന്നും ഇന്ദ്രന്നുംകൂടി.

സൂക്തം 101.

2. ഇരുതമ്പുരാന്മാർ — മിത്രാവരുണന്മാർ. ഇരുകൈകളെന്നപോലെ — കൈകൾ രണ്ടും ഒരുമിച്ചാണല്ലോ, പണിയെടുക്കുക.

3. യാത്രക്കാരൻ — യജമാനൻ.

4. യജ്ഞത്തിൽ യാതൊരു ശ്രദ്ധയുമില്ലാത്തവനിൽനിന്നു ഞങ്ങൾക്കുപദ്രവമുണ്ടാകരുത്. ഇരുകൈകളിൽനിന്നും — അവന്റെ.

Digitized By Kerala Sahitya Akademi

ഹേ യജ്ഞധന, മിത്രാവരുണാര്യമാക്കളാകുന്ന തമ്പുരാക്കന്മാ
രെക്കുറിച്ചു ഭവാൻ സേവനോചിതവും പ്രീതിജനകവുമായ സ്തോത്രം
പെരികെപ്പാടുക! 5

അവർ മൂവ്വരുടെ ഏകപുത്രനെ—അരുണവർണ്ണനായ വസുവി
നെ—ജയത്തിനായയയ്ക്കുന്നു; ആ അഹിംസിതരായ അമൃതന്മാർ മർത്ത്യരു
ടെ ഇരിപ്പിടങ്ങൾ നോക്കിക്കാണുന്നു! 6

നാസത്യന്മാരേ, നിങ്ങളിരുവരുമൊന്നിച്ച്, എന്റെ ഉജ്ജ്വ
ലസ്തോത്രങ്ങളിലും കർമ്മങ്ങളിലും വന്നെത്തുവിൻ; ഹവിസ്സുകളുണ്മാനും
വന്നെത്തുവിൻ! 7

അന്നധനന്മാരേ, ഞങ്ങൾ നിങ്ങളുടെ രക്ഷോബാധയില്ലാത്ത
ദാനത്തെ—നിങ്ങളാൽ ചെയ്യപ്പെടുന്ന ദാനത്തെ—യാചിയ്ക്കുന്നു. ജമ
ദഗ്നിയാൽ പാടിപ്പുകഴ്ത്തപ്പെടുന്ന നേതാക്കളായ നിങ്ങൾ, കിഴക്കോട്ടു
നോക്കുന്ന സ്തുതിയെ തഴപ്പിച്ചുകൊണ്ടു വന്നുചേർന്നാലും! 8

വായോ, ഭവാൻ ഞങ്ങളുടെ സ്വർഗ്ഗസ്പർശിയായ യജ്ഞത്തിൽ
വന്നാലും: നല്ല സ്തുതികളോടേ അരിപ്പയിൽ പകർന്നരിച്ച, സ്വച്ഛ
മായ ഇത് അങ്ങയ്ക്കുള്ളതാണ്! 9

നിയുത്ത്വാനേ, അധ്വര്യു നേർവഴിയിലൂടേ നടന്ന്, അമരേത്തി
ന്നു ഹവിസ്സുകൾ കൊണ്ടുവരുന്നു: അവിടുന്നു ഞങ്ങളുടെ രണ്ടുതരം—
അരിച്ചതും, ഗവ്യം പകർന്നതുമായ—സോമം നുകർന്നുകൊണ്ടാലും! 10

സൂര്യ, സത്യം, അവിടുന്നു മഹാനാണ്; ആദിത്യ, സത്യം,
അവിടുന്നു മഹാനാണ്; മഹാനായ ഭവാന്റെ മഹിമ സ്തുതിയ്ക്കപ്പെട്ടു
പോരുന്നു; ദേവ, അവിടുന്നു മഹാൻതന്നെ! 11

സൂര്യ, സത്യം, കേൾവികൊണ്ടു മഹാനാണ്, ഭവാൻ; ദേവ,
സത്യം, ദേവന്മാരിൽവെച്ചു മഹത്ത്വമേറിയവനാണ്, അസുരഹന്താ

---

6. അവർ—ദേവന്മാർ. മൂവ്വരുടെ—മൂപ്പാരുകളുടെ. അരുണവർണ്ണനായ വസുവിനെ—സൂര്യനെ. ജയത്തിന്ന്—ഇരുട്ടുകളെ ജയിപ്പാൻ, നശിപ്പിയ്ക്കാൻ.

8. ജമദഗ്നി—ഞാൻ. കിഴക്കോട്ടു നോക്കുന്ന—പുലർകാലത്തു ചെയ്യുന്ന എന്നർത്ഥം: ഉഷസ്സിലാണല്ലോ, അശ്വിയജനം.

9. ഇത്—സോമം.

Digitized By Kerala Sahitya Akademi

വാണ്, ഹിതോപദേഷ്ടാവുമാണ്, ഭവാൻ. വലുതും അഹിംസ്യവു
മാകുന്നു, (ഭവാന്റെ) തേജസ്സ്! 12

ഇതാ, പ്രകാശവതിയായി സൃഷ്ടിയ്ക്കപ്പെട്ട, താഴത്തെയ്ക്കു നോ
ക്കുന്ന, സ്തുതിയുക്തയായ സുന്ദരി ബ്രഹ്മാണ്ഡത്തിന്റെ പത്തുകൈകളി
ലും വന്നെത്തി, ഒരു ചിത്രപ്പട്ടുപോലെ കാണപ്പെടുന്നു! 13

മൂന്നുപ്രജകൾ അറുതിയടഞ്ഞു; മററവ അഗ്നിയുടെ ചുററും
കൂടി. മഹാൻ ഭുവനങ്ങളുടെ നടുവിൽ വാണരുളി; വായു ദിക്കുകളിൽ
ഉൾപ്പുകി. 14

മരുത്തുക്കളുടെ അമ്മ, വസുക്കളുടെ മകൾ, ആദിത്യരുടെ
സോദരി, പാലിന്റെ ഇരിപ്പിടം—ഇങ്ങനെയുള്ള അപാപയും അദി
നയുമായ ഗോവിനെ വധിയ്ക്കരുതേ എന്ന് അഭിജ്ഞജനങ്ങളോടു ഞാൻ
പറയുന്നു. 15

വാക്കു കിട്ടിയ്ക്കുന്ന, വാക്കു പുറപ്പെടുവിയ്ക്കുന്ന, സർവവാക്കുകളാ
ലും ഉപാസിയ്ക്കപ്പെടുന്ന, ദേവകൾക്കുവേണ്ടി എങ്കലണയുന്ന ഗോദേവി
യെ അല്പബുദ്ധിയായ മനുഷ്യൻ തള്ളിക്കളയുന്നു! 16

---

## സൂക്തം 102.

ഭൃഗുഗോത്രൻ പ്രയോഗൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.
('ദ്വാരകാമന്ദിരം' പോലെ.)

ദേവ, കവി, ഗൃഹപതി,
യൌവനവാൻ ഭവാനഗ്നേ,
കൈവരുത്തുമല്ലോ, സന്ദാ–
താവിന്നനല്പമാമന്നം! 1

---

13. സുന്ദരി—ഉഷസ്സ്, പത്തുകൈകൾ—പത്തു ദിക്കുകൾ.

14. മൂന്നുപ്രജകൾ—പ്രജാപതിയാൽ സൃഷ്ടിയ്ക്കപ്പെട്ട പക്ഷികളും ഈ
ജന്തുക്കളും പാമ്പുകളും. അറുതിയടഞ്ഞു—ആഹാരമില്ലായ്കയാൽ. മററവ—നാ
ലാമതു സൃഷ്ടിയ്ക്കപ്പെട്ടവ. ചുററുംകൂടി—അതിനാൽ അറുതിയടഞ്ഞില്ലെന്നർത്ഥം.
ഇങ്ങനെ ഒരിതിഹാസമുണ്ടത്രേ.

16. ദേവകൾക്കുവേണ്ടി—ദേവന്മാർക്കു ഹവിസ്സു നിർമ്മിയ്ക്കാൻ.

### സൂക്തം 102.

1. യൌവനവാൻ—നിത്യയുവാവ്. സന്ദാതാവ്—ഹവിസ്സു നല്കുന്ന
വൻ, യജമാനൻ.

Digitized By Kerala Sahitya Akademi

അബ്ഭൃവാനറിഞ്ഞെങ്ങടാന്ത-
ന്നഭ്യർച്ചനസ്തുതികളാൽ
ഒപ്പം കൊണ്ടുവരിക, ഭഗ,
സുപ്രകാശ, സുരന്മാരെ! 2

അത്യുദാരനായ നിന്റെ
തുത്തുണയൊന്നിനാൽത്തന്നേ
സദ്യുവാവേ, ഞങ്ങളുന്ന-
ലബ്ധിയ്ക്കായ്ക്കീഴമത്താവൂ! 3

ഔർവ്വഭൃഗുവെന്നപോലെ,-
യപ്നവാനൻപോലെയും ഞാൻ
ആഴിയിങ്കൽ വാഴും ശുചി-
യാമഗ്നിയെ വിളിയ്ക്കുന്നേൻ. 4

കാററിൻചീററം, കാറിരമ്പ-
മേററം കരുത്തിവയോടേ
ആഴിയിങ്കൽ വാഴും കവി-
യാമഗ്നിയെ വിളിയ്ക്കുന്നേൻ. 5

സാവിത്രമാം വീര്യം, ഭഗ-
ദേവഭോഗമിവപോലെ
ആഴിയിങ്കൽ വാണരുളു-
മഗ്നിയെ ഞാൻ വിളിയ്ക്കുന്നേൻ. 6

അഗ്നിയിങ്കൽച്ചെല്ലിൻ, നിങ്ങ-
ളുധാരത്തിൻ ബന്ധുവിങ്കൽ,
അത്യന്തം പടന്നവങ്കൽ,-
ക്കത്തുവോങ്കൽ, കരുത്തങ്കൽ: 7

---

3. സദ്യുവാവേ—നിത്യതരുണ. കീഴമത്താവൂ—ശത്രുക്കളെ.

4. ഔർവ്വഭൃഗുവും അപ്നവാനനും ഋഷികാർ. അഗ്നിയെ—ബഡബാഗ്നിയെ.

6. സാവിത്രം=സവിതാവിന്റേത്. ഭഗദേവഭോഗം=ഭഗനെന്ന ദേവന്റെ സുഖോപഭോഗം. ഇവ രണ്ടുംപോലെ. അത്ഥം ചിന്ത്യം.

7. ഋത്വിക്കുകളോട്:



Digitized By Kerala Sahitya Akademi

തച്ചൻപോലേ രൂപംകൊത്തി-
വെച്ചീടട്ടെ,യിവൻ നമ്മെ;
ഇദ്ദേഹത്തിൻ പ്രജ്ഞാനത്തോ-
ടൊത്തു കീർത്തിപ്പെടാവൂ, നാം! 8

ഉമ്പരിൽവെച്ചഗ്നിയല്ലോ,
സമ്പത്തെല്ലാം ഭരിക്കുന്നു;
അദ്ദേഹം നമ്മളിലന്നാ-
യുക്തനായ് വന്നണയട്ടെ! 9

ഹോതാക്കളിലെല്ലാമേറെ
ഖ്യാതിമാനും, ക്രതുക്കളിൽ
ഒന്നാമനുമാമഗ്നിയെ
നന്നായ് സ്തുതിക്കുകി,ങ്ങു നീ: 10

മുമ്പനാം, പാവനജ്വാലാ-
സമ്പന്നനും, ശാലകളിൽ
പള്ളികൊണ്ടുജ്ജ്വലിപ്പോനു-
മല്ലോ, മഹാപ്രാജ്ഞനിവൻ! 11

അശ്വംപോലേ നിഷേവ്യനും,
മിത്രംപോലേ ഹതാരിയും,
ശക്തനുമാമീയഗ്നിയെ-
ബ്ബുദ്ധിമൻ, സ്തുതിക്കൂ, ഭവാൻ. 12

സാധിതഹവ്യന്റെ നതി-
ഗാഥകളും, പെണ്ണുങ്ങൾപോലേ
നിന്നെ നിർദ്ദേശിച്ചുംകൊണ്ടു
നിന്നിടുന്നു, വായുപാർശ്വേ! 13

---

8. ആശാരി പാത്രയെയുംമററുമെന്നപോലെ, അഗ്നി നമ്മെ രൂപപ്പെടുത്തട്ടെ.

10. സ്തോതാവിനോട്: ഖ്യാതിമാൻ=കീർത്തിമാൻ.

11. ശാലകൾ—യജ്ഞസദനങ്ങൾ.

12. ഹതാരി=ശത്രുക്കളെ കൊന്നവൻ.

13. പ്രത്യക്ഷകഥനം: സാധിതഹവ്യൻ—ഹവിസ്സൊരുക്കിവെച്ചവൻ. നിന്നെ—അങ്ങയുടെ ഗുണങ്ങളെ. വായുപാർശ്വേ=വായുവിന്റെ അരികിൽ.

Digitized By Kerala Sahitya Akademi

അട്ടിമൂന്നാക്കിയ ദർഭ
കെട്ടും പൂട്ടുമില്ലാതെതാൻ
വർത്തിയ്ക്കുന്നിതു,വിടെയ്ക്കായ്;
ശുദ്ധത്തണ്ണീരും നിലകൊൾവൂ! 14
ദുർദ്ധർഷരക്ഷകളുള്ളൊ-
ന്നി,ദ്ദേവന്റെയിരിപ്പിടം;
ഭദ്രം, രവിപോലേ വർഷ-
കർത്താവിന്റെ ദൃക്കാഴ്ചയും! 15
ദേവ, നെയ്ഹോമത്താൽച്ചൂടു
കൈവളർന്ന ഭവാനഗ്നേ,
ദേവന്മാരെജ്ജ്വാലകൾകൊ-
ണ്ടാവാഹിച്ചു യജിച്ചാലും! 16
അവ്യയനായ് കവിയായി
ഹവ്യവാഹനായ നിന്നെ
അംഗിരസ്സേ, ജനിപ്പിച്ചാ-
ര,മ്മമാർപോലമരന്മാർ: 17
അഗ്നേ, കവേ, വരേണ്യനു,-
മഗ്ര്യധീയും, ഹവിർഭൃത്തും,
ദൂതനുമാം നിങ്കൽ സ്ഥിതി-
ചെയ്തുപോരുന്നിതു, സുരർ! 18
ഇല്ല, മേ പയ്യോ;രു മഴ-
വില്ല, ചമതകൾ വെട്ടാൻ;
എന്നാലിതൊക്കയുമൊരു-
ക്കുന്നതുണ്ടു, ഭവാനായ് ഞാൻ! 19

---

14. അട്ടിമൂന്നാക്കിയ—മൂന്നട്ടിയായി വെച്ച. കെട്ടും പൂട്ടുമില്ലാതെ താൻ—വിരിയ്ക്കുമ്പോൾ കെട്ടഴിയ്ക്കുമല്ലോ. അവിടെയ്ക്കായ്—ഭവാനിരിപ്പാൻ. ശുദ്ധത്തണ്ണീരും (വിശുദ്ധജലവും) അവിടെയ്ക്കായി അന്തരിക്ഷത്തിൽ നില്ക്കുന്നു.

15. ഭദ്രം—രവിപോലെ ഭജനീയമാകുന്നു.

18. ഏതാണ്ട് മുൻ ഋക്കിന്റെ ഒരു വിവരണം:

19. മേ—എനിയ്ക്ക്. പയ്യില്ല—അങ്ങയ്ക്കു ഹവിസ്സുണ്ടാക്കാൻ,

Digitized By Kerala Sahitya Akademi

നല്ല യുവാവാകുമഗ്നേ,
വല്ല വല്ല മരത്തുണ്ടും
അങ്ങയ്ക്കായ് ഞാനെടുക്കുമ്പോ–
ളുണ്ടുന്നതിലിരിയ്ക്കേണം! 20

യാതൊന്നിനെച്ചിതൽ തിന്നും;
യാതൊന്നിലെറുമ്പു കേറും;
ആയതെല്ലാമവിടുത്തേ–
യ്ക്കാജ്യമായിബ്ഭവിയ്ക്കട്ടേ! 21

സശ്രദ്ധമഗ്നിയെജ്ജ്വലി–
പ്പിച്ചു കർമ്മം ചെയ്ക, മർത്ത്യൻ:
ഋത്വിക്കുകളോടുകൂടി–
യത്രേ കത്തിപ്പതു,ഗ്നിയെ. 22

---

## സൂക്തം 103.

കണ്വപുത്രൻ സോഭരി ഋഷി; ബൃഹതിയും സതോബൃഹതിയും കകുപ്പും ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നിയും മരുത്തുക്കളും ദേവത.

കർമ്മങ്ങൾ ആരിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നുവോ, ആ മന്തിയ
മാർഗ്ഗജ്ഞന്മാർ കാണായിവന്നിരിയ്ക്കുന്നു; വഴിപോലെ വെളിപ്പെട്ട ശ്രേഷ്ഠ
വർണ്ണവർദ്ധനനായ അഗ്നിയെ പ്രാപിയ്ക്കും, നമ്മുടെ സ്തുതികൾ! 1
ദിവോദാസന്റെ അഗ്നി ദേവന്മാർക്കുവേണ്ടി, അമ്മയായ ഭൂമി
യിലെയ്ക്കു, ബലംമൂലം ഇറങ്ങിയില്ല; സ്വർഗ്ഗത്തിന്റെ മുകളിലിരുന്ന
തേ ഉള്ളു. 2

---

20. മരത്തുണ്ടും—ചമതയ്ക്ക്°.

21. ചിതൽ തിന്നതും എറുമ്പു കേറിയതുമായ വസ്തുപോലും അവിടുത്തെ യ്ക്ക് ആജ്യം (നെയ്യ്)പോലെ പ്രിയമായിച്ചമയട്ടെ!

22. ചെയ്ക—ചെയ്യണം. ഋത്വിക്കുകളോടുകൂടിവേണം, അഗ്നിയെ കത്തിയ്ക്കുക.

### സൂക്തം 103.

1. ശ്രേഷ്ഠവർണ്ണവർദ്ധനൻ—ഉത്തമജാതികളെ വളർത്തുന്നവൻ.

2. ദേവന്മാർക്കുവേണ്ടി—ഹവിസ്സുകൊണ്ടുപോകാൻ. ബലംമൂലം—ദിവോദാസൻ ബലാൽക്കാരേണ വിളിച്ചതിനാൽ. സ്വർഗ്ഗത്തിന്റെ മുകളിൽ—സ്വന്തം ഇരിപ്പിടത്തിൽ.

Digitized By Kerala Sahitya Akademi

കർത്തവ്യമനുഷ്ഠിയ്ക്കുന്നവനെ ആളുകഠം പേടിയ്ക്കുമല്ലോ; അതി നാൽ നിങ്ങഠം ആയിരം നല്കുന്ന അഗ്നിയെ സ്വയം യജ്ഞത്തിൽ കർമ്മങ്ങഠംകൊണ്ടു പരിചരിയ്ക്കുവിൻ! 3

അഗ്നേ, വസോ, ഭവാൻ ആരെ ധനത്തിന്നു കൊണ്ടുപോകു മോ, യാതൊരു മനുഷ്യൻ ഭവാനു (ഹവിസ്സു) നല്കുമോ; അവന്ന് ഉക്ഥം ചൊല്ലുന്നവനും, സ്വയം ആയിരം പേരെ പോററുന്നവനുമായ പുത്രൻ പിറക്കും! 4

സമ്പത്തേറിയവനേ, അവൻ ഉറപ്പുള്ളേടത്തിലെ അന്നവും അശ്വത്താൽ നശിപ്പിയ്ക്കും; അക്ഷീണമായ ഭോജ്യം കൈക്കലാക്കും. ദേവനായ ഭവാങ്കൽനിന്നു ഞങ്ങഠംക്കും വരണീയമെല്ലാം സദാ കിട്ടുമാറാകണം! 5

യാതൊരു ഹോതാവു പ്രീതി തോന്നിയാൽ ധനമെല്ലാം ആളു കഠംക്കു നല്കുമോ; ആ അഗ്നിയിൽച്ചെല്ലുന്നു, പ്രധാനമധുപാത്രങ്ങഠം പോലെ സ്തോത്രങ്ങഠം! 6

ദർശനീയ, പ്രജാപതേ, ശോഭനദാനന്മാരായ ദേവകാമന്മാർ (അങ്ങയെ), ഒരു തേർക്കുതിരയെയെന്നപോലെ പുകഴ്ത്തി പരിചരിയ്ക്കു ന്നുണ്ടല്ലോ; ആ നിന്തിരുവടി പുത്രനും പൌത്രനും—രണ്ടുപേൎക്കും—ധനവാന്മാരുടെ സമ്പത്തു കല്പിച്ചുതന്നാലും! 7

സ്തോതാക്കന്മാരേ, നിങ്ങഠം അതിദാതാവും, യജ്ഞവാനും, മഹാനും, ദീപ്തതേജസ്സുമായ അഗ്നിയെപ്പററി പാടുവിൻ! 8

ജ്വലിപ്പിച്ചു ഹോമിച്ചാൽ, പുകഠംപ്പെട്ട മഘവാവു വീരസമേതമായ അന്നം നല്കുമല്ലോ; അദ്ദേഹത്തിൻെറ അതിനൂതനമായ നന്മനസ്സ് അന്നങ്ങളുമായി പലവുരു നമ്മളിൽ വന്നെത്തട്ടെ! 9

---

3. ആളുകളോട്:

5. അവൻ—യജമാനൻ. ഉറപ്പുള്ളേടത്തിലെ—ശത്രുപുരത്തിലെ. അശ്വത്താൽ—കുതിരപ്പോരുകൊണ്ട്. വരണീയം—ധനം.

6. ഹോതാവ്—ദേവാഹ്വാതാവ്.

7. പ്രത്യക്ഷോക്തി:

9. മഘവാവ്=ധനവാൻ, അഗ്നി.

Digitized By Kerala Sahitya Akademi

സ്തോതാവേ, ഭവാൻ പ്രിയരിൽവെച്ച് പ്രിയതമനും, അതിഥിയും, തേർ തെളിയ്ക്കുന്നവനുമായ അഗ്നിയെ സ്തുതിച്ചാലും: 10

ഉന്നതങ്ങളും വിശ്രുതങ്ങളുമായ വിത്തങ്ങളെ കൊണ്ടുവരുന്നവനാണല്ലോ, ഈ വിപശ്ചിത്തായ യജ്ഞാർഹൻ; യുദ്ധോദ്യതനായ തന്റെ (ജ്വാലകൾ), കീഴ്പോട്ടു പായുന്ന തിരമാലകൾപോലെ ദുസ്തരങ്ങളുമാണല്ലോ! 11

അതിഥി, വസു, ബഹുജനസ്തുതൻ, നല്ല ഹോതാവ്, സുയജ്ഞൻ—ഇങ്ങനെയുള്ള അഗ്നി നമുക്കു തടയപ്പെടാതിരിയ്ക്കട്ടെ! 12

വസോ, അഗ്നേ, യാവചിലർ നേരേ സ്തുതിയ്ക്കുകയും നേരേ സുഖകരമാംവണ്ണം വരികയും ചെയ്യുന്നുവോ, അവർ ദ്രോഹിയ്ക്കപ്പെടരുത്; ഹവിസ്സർപ്പിച്ച സുയജ്ഞനായ സ്തോതാവും ദൂതിന്നായി ഭവാനെ പുകഴ്ത്തുന്നു. 13

അഗ്നേ, മരുത്തുക്കളുടെ സഖാവായ ഭവാൻ യജ്ഞത്തിൽ സോമം കുടിപ്പാൻ രുദ്രപുത്രന്മാരോടൊന്നിച്ചു വന്നാലും; സോഭരിയുടെ ശോഭനസ്തുതി കേട്ടു മത്തടിച്ചാലും! 14

എട്ടാം മണ്ഡലം സമാപ്തം.

---

11. വിപശ്ചിത്ത്=വിദ്വാൻ.

12. തടയപ്പെടാതിരിയ്ക്കട്ടെ—ആരാലും നിവാരിതനാകാതെ നമുക്ക് അഭീഷ്ടം നല്കട്ടെ.

13. ദൂതിന്നായി—ദേവകൾക്കു ഹവിസ്സുകൊണ്ടു പോകാനും മററും.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi